

പോർട്ടുഗൽ യുഗത്തിലെ ഭാരതസഭ





ഫാ. ജോൺ പുളുമരത്ത് O.S.D.

malankaralibrary.com




MALANKARA
LIBRARY

malankaralibrary.com

Personal Library
Fr. G. CHEDIATH

പോർട്ടുഗൽ യുഗത്തിലെ

ഗോതസ്ഥ



ഫാ. ജോൺ പള്ളത്ത് ഒ. സി. ഡി.

Rs. 60

Printed at : PELLISSERY PRINTERS KOTTAYAM-1.

പെല്ലിശേരി പബ്ളിക്കേഷൻസ്

കോട്ടയം-1. ഫോൺ 560037

1992.

malankaralibrary.com


ഉള്ളടക്കം

ചരിത്രരേഖകൾ സുലഭം	17
പൈതൃക രചനകൾ	25
സമുദായബോധന മാധ്യമം	31
യുഗവിധാന സംഭവങ്ങൾ	34
അഞ്ഞൂറാമാണ്ടിലേക്ക്	39
സുവർണയുഗം	49
അന്നത്തെ ഇന്ത്യ	59
രാജ്യങ്ങൾ കണ്ടെത്തൽ	70
അധിനിവേശ കേന്ദ്രങ്ങൾ	101
മിഷനറി സഭകൾ	206
മിഷനറി പ്രമുഖർ	266
മുഖ്യ വൈസ്രോയിമാർ	299
നാവിക യുദ്ധങ്ങൾ	321
ലത്തീൻ ക്രൈസ്തവ നവോത്ഥാനം	329
മാർത്തോമ്മ ക്രിസ്ത്യാനികൾ	350
ലത്തിനീകരണം	362
ഉദയംപേരൂർ സൂനഹദോസ്	373
കൂനൻകുരിശുസത്യം	389
പദ്രുവാദൊ സംവിധാനം	400
മതവിചാരണ കോടതി	410
പതനകാരണങ്ങൾ	414
സംഭാവനകൾ, സാക്ഷ്യങ്ങൾ	421
അനശ്വര നേട്ടങ്ങൾ	435
Bibliography	446



പോർട്ടുഗൽ പ്രസിഡൻറ്
ഡോ. മാരിയൊസാരസ്

malankaralibrary.com




ഗ്രന്ഥരചനയ്ക്കു അംഗീകാരം-ഡോ. മാരിയൊസ്സാരസ്
ഫസ്തദാനം നൽകി ഗ്രന്ഥകാരൻ ഫാ. പള്ളത്തിനെ അനുമോദിക്കുന്നു.
താഴെ-ഗ്രന്ഥപ്രകാശനം. കോപ്പി സ്വീകരിക്കുന്നതു് ബിഷപ്പ് ഡോ.
ഫ്രേനപ്പറമ്പിൽ



malankaralibrary.com




കേരള ലത്തീൻകത്തോലിക്കരുടെ ഇതിഹാസചിത്രീകരണം:
കൊല്ലംബിഷപ്പ്ഹൗസിലെ പദ്മവാദോ മ്യൂസിയം.



malankaralibrary.com



ബിഷപ്പ് ഡോ. ജോസഫ് കുരീത്തറ– ചരിത്രത്തിന്റെ കാവൽ ടേൻ



പ്രൊഫ. ജോൺ ഓച്ചന്തുരുത്ത്



ഫാ. ജോൺ പള്ളത്ത് ഒ.സി.ഡി.

malankaralibrary.com

ലത്തീൻ
കത്തോലിക്ക
സഭയുടെ കരുത്തുറ്റ
സാരഥികൾ.



പൈതൃക
സംരക്ഷണത്തിൽ
കാലാനുസൃതം

ആർച്ചുബിഷപ്പ് കൊർണേലിയസ്
ഇലഞ്ഞിക്കൽ വരാപ്പുഴ



ബിഷപ്പ് മാക്സ്വെൽ
നൊറോണ
കോഴിക്കോട്



ബിഷപ്പ് ഫ്രാൻസിസ്
കല്ലറക്കൽ
കോട്ടപ്പുറം



ബിഷപ്പ്
ജോസഫ് കരിത്തറ
കൊച്ചി



ബിഷപ്പ് പീറ്റർ
തുരുത്തിക്കോണം
വിജയപുരം

ഒമ്പത്
അജപാലകരുടെ
ഒത്തൊരുമിച്ചുള്ള
മുന്നേറ്റം



ബിഷപ്പ് പീറ്റർ എം.
പേനപ്പറമ്പിൽ
ആലപ്പുഴ

malankaralibrary.com



ബിഷപ്പ്
മത്യാസ് കാപ്പിൽ
പൂനലൂർ




ബിഷപ്പ് ജോസഫ്
ഫെർണാണ്ടസ്
കൊല്ലം



ബിഷപ്പ്
എം. സൂസ പാക്യം
തിരുവനന്തപുരം

കൂനൻ
കുരിശ്ശപഥം—
ഒരു
രേഖാചിത്രം




malankaralibrary.com

സെൻറ് തോമസ്

ഭാരതത്തിൽ
വിശ്വാസദീപം
കൊളുത്തിയ
പാരമ്പര്യമുള്ള
ഒന്നാമത്തെ
അപ്പസ്തോലൻ






വാസ്കൊഡഗാമ



ആൽബുക്കർക്ക്

malankaralibrary.com




സെൻറ് ഫ്രാൻസിസ് സേവ്യർ

ഭാരതമെങ്ങും
സുവിശേഷപ്രചരണം
നടത്തി സഭയെ
വേരുറപ്പിച്ച
രണ്ടാമത്തെ
അപ്പസ്തോലൻ





റോബർട്ടോ ഡി. നൊബിലി




ഡോ. സെബസ്ത്യാനി

malankaralibrary.com






സെൻറ് ഫ്രാൻസിസ് പള്ളി (ചന്തപ്പള്ളി) - ക്രൂശുകരിശ്ശ് ആസ്ഥാനം




സാന്തക്രൂസ് ബസലിക്ക – കൊച്ചിരൂപത കത്തീഡൽ

malankaralibrary.com



സെൻറ് ഫ്രാൻസിസ് അസീസി കത്തീഡ്രൽ–വരാപ്പുഴ കത്തീഡ്രൽ




പാളയംപള്ളി–
തിരുവനന്തപുരം കത്തീഡ്രൽ

അംബരചുംബികൾ


കോട്ടപ്പുറം രൂപതയുടെ ബിഷപ്പ് ഹൗസും വരാപ്പുഴ അതിരൂപതയുടെ അജപാലന കേന്ദ്രമായ ആശീർഭവനും കൊല്ലം രൂപതയുടെ കൊട്ടിയത്തെ പാസ്റ്ററൽ സെൻററും കൊച്ചിയുടെ തോപ്പുംപടി കാത്തലിക് സെൻററും സമീപകാല വാസ്തുശില്പരചനകളും, അരമനകളും കത്തീഡ്രലുകളും അജപാലനകേന്ദ്രങ്ങളും പലതും ഇപ്പോഴും നിർമ്മാണത്തിലുണ്ട്.

malankaralibrary.com

പോർട്ടുഗീസിന്ത്യയുടെ
രേഖാചിത്രം



കൊച്ചി രൂപത 1886 വരെ.



കൊച്ചിരൂപത അന്ന്

malankaralibrary.com





കരുത്തുറ്റ നേതൃത്വം കാഴ്ചവച്ച ആർച്ചു ബിഷപ്പ് ഡോ. ലെയൊനാർഡ്


ഏതദ്ദേശീയ ആർച്ചുബിഷപ്പ് ഡ്രോ. ജോസഫ് അട്ടിപ്പേറനി

കേരള ലത്തീൻക്രിസ്ത്യാനികളുടെ രചയിതാവ്

ബ്രദർ ലിയൊപൊൾഡ്




സത്യനാദകാഹളം ജനയിതാവ് ഫാ. ളയിസ് വൈപ്പിശേരി



malankaralibrary.com




ചരിത്രരചയിതാവ്
വി. എ. പാസ്ക്കൽ



മങ്ങാൻ സമുദായ ചരിത്രാചാര്യൻ
ഷെവ. എൽ. എം. പൈലി

പ്രയാത്രികൻ
ബിഷപ്പ് അച്ചാരുപറമ്പിൽ





കൊല്ലം ചരിത്ര നിയന്താവ് ബിഷപ്പ് ഉ
റോം 1992 ഫെബ്രുവരി 28-ന അന്തരീക്ഷ
ന്നതിനുമുമ്പ് ചരിത്രപണ്ഡിതൻ ഫാ. കുഴ
വിലിനു അനുഗ്രഹം ആശംസിക്കുന്നു.

malankaralibrary.com

കൊല്ലത്ത് തരിസാപ്പള്ളി ചെപ്പേട് ദാനം— വേണാട്ടരചൻ അയ്യൻ അടികൾ തിരുവടികൾ എ. ഡി. 849-ൽ കൊല്ലത്തു് പള്ളി നിർമ്മിച്ച മാർ സബ റീശോസ്സു ക്രൈസ്തവർക്ക വാണിജ്യാനുകൂല്യങ്ങളും സാമൂഹ്യ പദവികളും നൽകുന്ന ചെപ്പേട് സമ്മാനിക്കുന്നു.



മഞ്ഞുമ്മൽ ആശുപത്രി സ്ഥാപകൻ
ബ്രദർ നിക്കളൊവൂസ് വെറോവൻ



വിജയപുരം മിഷൻ സ്ഥാപകൻ
ബ്രദർ റോക്കി പാലക്കൽ



malankaralibrary.com



പൈതൃകം അറിയാൻ സമഗ്രചരിത്രംവേണം

മോൺ. അലക്സാണ്ടർ വടക്കുംതല

പോർട്ടുഗീസുകാർ ഭാരതത്തിൽ കാലുകുത്തിയപ്പോഴും അന്നുണ്ടായിരുന്ന ക്രിസ്ത്യാനികൾക്കു തങ്ങളും ക്രൈസ്തവരാണെന്നേ അറിയാമായിരുന്നുള്ളൂ. അവരെ സത്യവിശ്വാസവിജ്ഞാനത്തിനും നവകാലയോഗ്യരുമാക്കാൻ പോർട്ടുഗീസ് മിഷനറിമാർ ചെയ്ത അത്യദ്ധ്വാനം ആരറിയാൻ. സി. എം. എസ്. മിഷനറിമാരുടെ ഇംഗ്ലീഷ് വിദ്യാഭ്യാസപ്രചരണത്തിൽ പോർട്ടുഗീസ് മിഷനറിമാരുടേയും അവരുടെ അനന്തരപരമ്പരകളുടെയും ആധുനികവൽക്കരണയത്നങ്ങളും ശ്രദ്ധിക്കപ്പെടാതെപോയി. പക്ഷേ അവർക്കു അന്നയായികം നാലു ലക്ഷവും ലത്തീൻമിഷനറിമാർക്കു പത്തുലക്ഷവുമാണെന്നത് അനിഷേധ്യസത്യമല്ലേ?

കടലോരത്തും ചിലയിടങ്ങളിൽ മലയോരത്തുമുള്ള ഈ ജനസമൂഹത്തിന്റെ പൈതൃകത്തെ 1988 ഓഗസ്റ്റ് 4-ന അഭിഷിക്തനായ ബിഷപ്പ് തുരുത്തിക്കോണം അവലോകനം ചെയ്തിട്ടുള്ളതു ശ്ലാഘനീയമാണ്. പൈതൃകകലവറയുടെ താക്കോൽക്കാരനായ ബിഷപ്പ് കൂരീത്തറയുടെ വിലയിരുത്തൽ നാമോരോക്കും പ്രചോദനോത്തേജകമാണ്. പ്രൊഫ. ജോൺ ഓച്ചന്തുരുത്തിന്റെ ചരിത്രരേഖാന്വേഷണ സർവേ അവസരോചിതം തന്നെ. ഒരു ഡസൻ എഴുത്തുകാർ മുന്നു പിടിച്ചാൽ ഒരൊറ്റ വർഷത്തിനകം കേരളത്തിൻ കത്തോലിക്കരുടെ ഇതിഹാസം രചിക്കാവുന്നതേയുള്ളൂ. പൈതൃകഗവേഷണം മൗലികകാര്യമായി മിക്ക സമുദായങ്ങളും സ്വീകരിച്ചിരിക്കുന്ന ദശകത്തിൽ പുതൊരു അടിയന്തരാവശ്യം തന്നെ.

'പോർട്ടുഗൽ യുഗത്തിലെ' ഭാരതസഭ കൊച്ചി ബിഷപ്പ് ഹൗസ് ഓഡിറ്റോറിയത്തിൽ പോർട്ടുഗൽ പ്രസിഡൻറ് ഡോ. മാരിയൊ സ്വാരസ് പ്രകാശനം ചെയ്തതു 1992 ജൂൺ 29-നാണ്. പദ്രുവാദൊ മ്യൂസിയം വിശദമായി നിരീക്ഷിക്കുകയും ചരിത്ര സൂക്ഷിപ്പുകാരനായ ബിഷപ്പ് കൂരീത്തറയോടു പൈതൃകപഠന ചർച്ച നടത്തുകയും ചെയ്ത ഡോ. സ്വാരസ് ഈവക സംരംഭങ്ങൾക്കു തന്റെ രാജ്യത്തെ ചില ഫൗണ്ടേഷനുകളുടെ പ്രോത്സാഹനമുണ്ടാകുമെന്നു സൂചിപ്പിച്ചു.

ഈ വർഷത്തെ ഭാരത റിപ്പബ്ലിക്ക് ദിനത്തിലെ മുഖ്യാതിഥിയായിരുന്ന അദ്ദേഹം ഇൻഡ്യാ-പോർട്ടുഗൽ ബന്ധത്തിന്റെ സമ്മുന്നതഘടകങ്ങളും വിലയിരുത്തി. പുതിയ വാണിജ്യ-രാഷ്ട്രീയ-സാംസ്ക്കാരിക കാഴ്ചപ്പാടുകളിൽ ഇരുരാജ്യങ്ങളും സഹകരിക്കുമെന്ന അദ്ദേഹം വെളിപ്പെടുത്തിയതു ദശകങ്ങളായുള്ള തെറ്റിദ്ധാരണകളെ ദൂരീകരിച്ചു. ജനാധിപത്യരീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ പോർട്ടുഗൽ പ്രസിഡൻറാണദ്ദേഹം. പത്തുനാളത്തെ ഭാരതസന്ദർശനത്തിൽ രണ്ടു ദിവസം അദ്ദേഹം കൊച്ചിയിൽ ചെലവഴിച്ചു ചരിത്രപരമായ പല സംരംഭങ്ങൾക്കും തുടക്കം കുറിച്ചു. തോപ്പുംപടിയിലെ കത്തോലിക് സെൻറർ ഉദ്ഘാടനവും പെരുമ്പടപ്പിലെ ആശുപത്രി ശിലാസ്ഥാപനവും സെൻറ് ഫ്രാൻസിസ് അസീസി ദേവാലയസന്ദർശനവും വാസ്കോഡിഗാമ സ്കൂയറിലെ മാർബിൾ ശിലാഫലകസ്ഥാപനവും മറ്റും അതിൽ പ്രമുഖം.

malankaralibrary.com

ചരിത്ര രേഖകൾ സുലഭം

ഒപ്രാഫ. ജോൺ ഓച്ചന്തുരുത്ത്
കോഴിക്കോട് സർവകലാശാല

പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ പൗരസ്ത്യദേശത്ത് ഒരു സാമ്രാജ്യം സ്ഥാപിക്കാനുള്ള അക്കാലത്തെ പ്രഥമ യൂറോപ്യൻനാവികശക്തിയായ പോർട്ടുഗലിന്റെ ശ്രമങ്ങളും പാശ്ചാത്യരും പൗരസ്ത്യരുമായ ചരിത്രകാരൻമാരുടെ സവിശേഷശ്രദ്ധയാകർഷിച്ചിട്ടുള്ള വിഷയമാണ്. പോർട്ടുഗീസ് ''എസ്റ്റാദോ ദ ഇന്ത്യ'' (ഇന്ത്യൻ സ്റ്റേറ്റ) യുടെ സ്ഥാപനം മുതൽ പോർട്ടുഗീസ് ഇന്ത്യയിലെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പ്രവർത്തനങ്ങളെ സംബന്ധിച്ച നിരവധി ഔദ്യോഗികവും അനൗദ്യോഗികവുമായ വിലപ്പെട്ട രേഖകളും പ്രമാണങ്ങളും വിവരണങ്ങളും വിവിധ യൂറോപ്യൻ ഭാഷകളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. ഈ പ്രസിദ്ധീകരണങ്ങളുടെ പ്രവാഹം അടുത്തകാലംവരെ അഭംഗുരം തുടർന്നതായി കാണാം. കഴിഞ്ഞ നാലഞ്ചു ദശകങ്ങൾക്കകം ഈ രേഖകൾ നൽകുന്ന വെളിച്ചത്തിൽ പോർട്ടുഗീസ് ഇന്ത്യയിലെ മതപരവും സാമ്പത്തികവുമായ വികാസപ്രവർത്തനങ്ങളുടെ അപഗ്രഥനാത്മകവും ശാസ്ത്രീയവുമായ ഒട്ടേറെ ശ്രദ്ധേയ പഠനങ്ങൾ അന്തർദ്ദേശീയതലത്തിൽ പ്രകാശനം ചെയ്യപ്പെട്ടു.പോർട്ടുഗീസ് യുഗത്തിലെ ഇന്ത്യാപഠനത്തിന് ഉപകരിക്കുന്ന, കഴിഞ്ഞ നൂറാണ്ടിൽ പ്രസിദ്ധീകരിക്കപ്പെട്ടതും അടുത്തകാലത്തു ന്യൂഡൽഹിയിൽനിന്നു പുന:പ്രസാധനം ചെയ്തതുമായ രണ്ടു പ്രമുഖ ഗ്രന്ഥങ്ങളാണ് എഫ്. സി. ഡാൻവേഴ്സിന്റെ ''ദ പോട്ടുഗീസ് ഇൻ ഇന്ത്യ''യും ആർ. എസ്. വൈറ്റുവേയുടെ ''ദ റൈസ് ഓഫ് ദ പോർട്ടുഗീസ് പവർ ഇൻ ഇന്ത്യ''യും.

സി. ആർ. ബോക്സറുടെ ''പോർട്ടുഗീസ് സീബോൺ എമ്പയർ'' അടക്കമുള്ള ഒട്ടേറെ ഗ്രന്ഥങ്ങളും എം. എൻ. പിയേഴ്സിന്റെ ''ദ പീപ്പിൾ ആൻറ് പോളിറ്റിക്സ് ഇൻ പോർട്ടുഗീസ് ഇന്ത്യ''യും അടുത്തകാലത്തു് ഈ രംഗത്തുണ്ടായിട്ടുള്ള വിലപ്പെട്ട സംഭാവനകളാണ്. ഇവയ്ക്കൊക്കെ പുറമെ പോർട്ടുഗീസ് ഇന്ത്യാപഠനത്തിന് അനുപേക്ഷണീയമായ അനവധി അമൂല്യരേഖകൾ പോട്ടുഗീസ് ഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ പോർട്ടുഗലിലെ ലിസ്ബൺ, ഏവ്വ, കോയിമ്പ്ര, ബ്രാഗ തുടങ്ങിയ പ്രാചീനനഗരങ്ങളിലെ ഗ്രന്ഥപ്പുരകളിൽ പല രേഖകളും പരിരക്ഷിക്കപ്പെടുന്നുണ്ട്. ഇവയുടെ പ്രാധാന്യം മധ്യശതകങ്ങളിലെ പോർട്ടുഗീസ് സമ്പർക്കത്തെക്കുറിച്ചു പഠിക്കുന്നതിനുള്ള ചരിത്രസാമഗ്രികം എന്ന നിലയ്ക്കു മാത്രമല്ല, ഗുജറാത്തും മഹാരാഷ്ട്ര, ഗോവ, കർണാടകം, കേരളം, തമിഴ്നാട് എന്നീ തീരദേശങ്ങളെ ഉരുമ്മിക്കിടക്കുന്ന സംസ്ഥാന

malankaralibrary.com

ങ്ങളിലെ സാമൂഹ്യ-സാമ്പത്തിക പരിണാമത്തിന്റെ ചരിത്രം പഠിക്കുന്നതിനു അത്യന്താപേക്ഷിതമായ ആധാരങ്ങളും എന്നു നീലയ്ക്കുണ്ട്'.

പോർട്ടുഗീസ് സാമ്രാജ്യത്വം ഇന്ത്യയെ സംബന്ധിച്ചിടത്തോളം സുദീർഘമായിരുന്നെങ്കിലും 18-ാം നൂറ്റാണ്ടുവരെ മാത്രമാണ് ആ അധീശത്വം ഇന്ത്യയിൽ അംഗീകരം നിലനിന്നതു്. എന്താണ്ടു് 1800 വരെയുള്ള മൂന്നു നൂറ്റാണ്ടുകളിൽ നിലനിന്ന നിരന്തരമായ പോർട്ടുഗീസ് സമ്പർക്കത്തിന്റെ ആ സ്മാരകം ഇന്ത്യൻ സംസ്കാരത്തിലേയ്ക്കു യൂറോപ്യൻ മാനവികതയുടെയും ലിബറലിസത്തിന്റെയും വാതായനങ്ങൾ തുറന്നിട്ടുന്നതിനു കാരണമായി. മറ്റു യൂറോപ്യൻ ശക്തികളും പോർട്ടുഗീസ് മാതൃക പിന്തുടർന്നു് അധിനിവേശപ്രവർത്തനങ്ങളിൽ വ്യാപൃതരായതോടെ മധ്യശതകങ്ങളിൽ പ്രതാപത്തോടെ ഉയർന്നുവന്ന ഈ യൂറോപ്യൻ നാവിക ശക്തി, ഇംഗ്ലീഷു് ചരിത്രകാരനായ ഗ്രൂംബു് അഭിപ്രായപ്പെട്ടതുപോലെ, ലോകരാഷ്ട്രങ്ങൾക്കിടയിൽ ഒരു പെൻഷണർ ആയി മാറി. 18-ാം നൂറ്റാണ്ടിന്റെ അവസാനം മുതൽ ഇന്ത്യയിലെ പോർട്ടുഗീസു പ്രഭാവം അസ്തമിച്ചു തുടങ്ങിയെന്നു പറയാം. പക്ഷെ 16, 17, 18 നൂറ്റാണ്ടുകളിൽ പോർട്ടുഗീസ് സമ്പർക്കഫലമായി ഉക്ഷിണ-പശ്ചിമേന്ത്യൻ തീരപ്രദേശങ്ങളിൽ സംഭവിച്ച സാമൂഹികവും ചരിത്രപ്രധാനങ്ങളുമായ മാറ്റങ്ങളും മുകളിൽപറഞ്ഞ ഒറ്റപ്പെട്ട പഠനങ്ങളുണ്ടെങ്കിലും വേണ്ടത്ര വിലയിരുത്തപ്പെട്ടിട്ടില്ല ഇതിനു പ്രധാനകാരണം, ആ കാലഘട്ടത്തിലെ രേഖകളെല്ലാംതന്നെ പോർട്ടുഗീസ് ഭാഷയിലാണ് എഴുതപ്പെട്ടിട്ടുള്ളതെന്നാണ്. മാത്രമല്ല, പോർട്ടുഗീസ് രേഖകളും പഠിച്ചു് ഇന്ത്യയിലെ പോർട്ടുഗീസ് യുഗത്തെക്കുറിച്ചു ചരിത്രക്കുറിപ്പുകൾ എഴുതിയ പലരും ബഹുവിധകാരണങ്ങളാൽ പോർട്ടുഗീസു് വിരോധം പുലർത്തുന്നവരായിരുന്നു. അവരുടെ കുറിപ്പുകളുടെ സത്യാത്മകത പുനഃപരിശോധിക്കുന്നതിനോ പോർട്ടുഗീസു രേഖകളുമായി തട്ടിച്ചു നോക്കുന്നതിനോ ബ്രിട്ടീഷു് പാരമ്പര്യത്തിൽ ഊന്നിയ നമ്മുടെ ആദ്യചരിത്രകാരൻമാർ മെനക്കെട്ടുമില്ല.

പൂർവേഷ്യയുടെ പ്രശസ്തചരിത്രകാരനായ വില്യം മാർസ്ഡൻ ''സുമാത്രയുടെ ചരിത്ര''ത്തിൽ (1782) ഇപ്രകാരം എഴുതി: ''വിജ്ഞാനികളെന്നതിനെക്കാളും മികച്ച യോദ്ധാക്കളെന്ന നിലയിലും ജനതകളുടെ സംസ്കാരത്തിലും സ്വഭാവസവിശേഷതകളിലും തല്പരരെന്നതിനെക്കാളും രാജ്യങ്ങളും പിടിച്ചടക്കുന്നതിലും തിളങ്ങുകാണിച്ച പോർട്ടുഗീസുകാർക്കു് ദോഷൈകദൃക്കോടെ നൽകുന്നതിനു സമീപിച്ച ഏതെങ്കിലും ഒരു രാജ്യത്തിന്റെ പ്രത്യേകമായതോ പൊതുവായതോ ആയ മികച്ച വിവരണം ലോകത്തിനു കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടില്ല.'' ഈ ഒരു വീക്ഷണത്തിൽ നിഴലിച്ചുനിൽക്കുന്ന മനോഭാവം തലമുറകളായി പല ചരിത്രകാരൻമാർക്കിടയിലും നിലനിൽക്കുന്നതുകാണാം. 16, 17 നൂറ്റാണ്ടുകളിൽ ഇന്ത്യൻ തീരങ്ങളിൽ ആധിപത്യം ഉറപ്പിച്ച പോർട്ടുഗീസുകാർക്കു് പ്രത്യേകപ്പെട്ട രീതിയിൽ ആളുകളെ കൊല്ലുന്നതിനു പഠിപ്പിക്കാൻ കഴിഞ്ഞതല്ലാതെ മറ്റൊന്നും നേടിക്കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്നും ബറോസു്, കസ്റ്റനേഡ, ഗാസ്പർ കൊറയ തുടങ്ങിയ പോർട്ടുഗീസു ചരിത്രകാരൻമാർ പ്രസിദ്ധീകരിച്ചിട്ടുള്ള ചരിത്ര ഗ്രന്ഥങ്ങളിലെ പ്രസ്താവങ്ങൾ കള്ളക്കഥകളാണെന്നും രേഖകളൊന്നും വേണ്ടത്ര പരിശോധിക്കാതെ എന്നാൽ പരിശോധിച്ചുവെന്ന നാട്യത്തിൽ ''മലബാറിലെ പോർട്ടുഗീസുകാരുടെ ചരിത്രം'' 1929-ൽ പ്രസിദ്ധീകരിച്ച സർദാർ കെ. എം. പണിക്കർ എഴുതിയിരിക്കുന്നതു് മാർസ്ഡൻ മനോഭാവത്തിന്റെ മറ്റൊരു പ്രകടനമാണു്.

പണിക്കരുടെ മനോഭാവത്തിൽ, മധ്യകാലകേരളത്തിൽ ഉത്തുംഗമായിനിന്ന ജാതിഘടനയുടെ അടിത്തറയിളക്കുന്നതിൽ മുഖ്യപങ്കാളിത്തം വഹിച്ച പോർട്ടുഗീസുകാരോടുള്ള അടിസ്ഥാനവിരോധവും പ്രകടമാണു്. വാസ്കോഡിഗാമയോടും പോർട്ടുഗീസു സംരക്ഷണത്തോടും വിധേയത്വം പ്രഖ്യാപിച്ച മാത്തോമ്മാ ക്രിസ്ത്യാനികളെപ്പറ്റി സർദാർ പണിക്കർ എഴുതിയിരിക്കുന്നതു നോക്കുക:

malankaralibrary.com

''ഈ ക്രിസ്ത്യാനികളെ തങ്ങളുടെ പ്രജകൾക്കിടയിൽ സ്വതന്ത്രമായും സഹാനുഭൂതിയോടെയും ജീവിക്കുവാൻ അനുവദിച്ച ഹിന്ദു നാടുവാഴികൾക്ക് അവർ നൽകിയ വഞ്ചനാത്മകമായ പ്രതിഫലം ഇതായിരുന്നു''. ഖളരെയേറെ മുൻവിധികളോടെ പണിക്കർ എഴുതിവച്ച ''മലബാറിലെ പോർട്ടുഗീസു ചരിത്രം'' സത്യത്തിൽനിന്നും എത്രയോ ദൂരയാണെന്നു് ചരിത്രരേഖകളുടെ ഉള്ളുറകൾ പരിശോധിക്കുന്നവർക്കു കാണാൻ വിഷമമില്ല. കേരളം കണ്ട ഏറ്റവും മികച്ച ചരിത്രകാരനായ കെ. പി പത്മനാഭമേനോന്റെ 'കൊച്ചിരാജ്യ ചരിത്രം' ഇതിനൊരുദാഹരണമാണു്. കേരളത്തിന്റെ പോർട്ടുഗീസു് സമ്പർക്കത്തെ ഏറെക്കുറെ സത്യസന്ധമായി വിലയിരുത്തുന്ന പത്മനാഭമേനോൻ പോർട്ടുഗീസു് ചരിത്രഗ്രന്ഥങ്ങൾ പരിശോധിക്കുന്നതിൽ നിഷ്ക്കർഷ പുലർത്തിയിട്ടുണ്ടെന്നു് അനുമാനിക്കാവുന്നതാണു്. പാശ്ചാത്യസാന്നിധ്യംകൊണ്ടു് മലബാറിലുണ്ടായ സാമൂഹ്യപരിണാമം പഠിക്കുന്നതിനു് അടിസ്ഥാന പേർട്ടുഗീസു രേഖകളും മറ്റു പ്രമാണങ്ങളും പരിശോധിച്ചു് ''കേരളപ്പഴമ'' രചിച്ച പ്രൊട്ടസ്റ്റാൻറു് ചിന്താഗതിക്കാരനായ ഡോ. ഹെർമ്മൻ ഗുണ്ടർട്ടിൽ കത്തോലിക്കരായ പോർട്ടുഗീസുകാരോടുള്ള വിരോധം പ്രകടമാണു്. പ്രൊട്ടസ്റ്റാൻറു് വിപ്ലവത്തിന്റെ പശ്ചാത്തലത്തിൽ വളർന്നു് ഇന്ത്യയിലെത്തിയ ഗുണ്ടർട്ടിന്റെ പോർട്ടുഗീസു വിരോധം ആശയപരമായ പക്ഷപാതത്തിന്റെ അഭിവ്യജ്ഞനമായിരുന്നു. കമ്പിലീത്താസഭയിലെ പ്രഗത്ഭപണ്ഡിതനായിരുന്ന പൗളീനോസുപാതിരി ലത്തീൻഭാഷയിലെഴുതിയ പൗരസ്ത്യാരോതത്തിലെ ക്രൈസ്തവമതവും ഫാ ഫെറോളിയുടെ ''ജസ്യൂട്ടസ് ഇൻ മലബാറും'' പോർട്ടുഗീസുഗ്രന്ഥത്തിലെ ഭാരതസഭയുടെ വികാസപരിണാമങ്ങളും വിശദമാക്കുന്ന പഠനങ്ങളാണെങ്കിലും ചരിത്രസത്യങ്ങളെ ഇടയ്ക്കെല്ലാം മറച്ചുവയ്ക്കുന്നതിനും ചിലപ്പോഴെല്ലാം വികലമായി വ്യാഖ്യാനിക്കുന്നതിനുമുള്ള ബദ്ധപ്പാടുകളും പ്രകടമാണു്. ചുരുക്കിപ്പറഞ്ഞാൽ പോർട്ടുഗീസു് കാലഘട്ടത്തിൽ ഇന്ത്യയിൽ പൊത്തത്തിലും കേരളത്തിൽ പ്രത്യേകമായും മുളയെടുത്ത മതപരവും സാമ്പത്തികവുമായ നവചലനങ്ങളും സാമൂഹ്യ പരിണാമവും ചരിത്രത്തിന്റെ നിശിതമായ സത്യാത്മകതയോടെ വെളിവാക്കുന്ന ആധികാരിക പഠനങ്ങളും ഇന്നുവരെ ഉണ്ടായിട്ടില്ല.

16-ാം നൂറ്റാണ്ടുമുതൽക്കുതന്നെ രേഖകളും പരിരക്ഷിക്കുന്നതിലും പൗരസ്ത്യഭാരതത്തിൽകണ്ട സാമൂഹ്യപ്രതിഭാസങ്ങളും രേഖപ്പെടുത്തിവയ്ക്കുന്നതിലും പോർട്ടുഗീസുകാർ മികവുകാട്ടിയിരുന്നുവെന്നതിനു തെളിവാണു് പോർട്ടുഗലിലെ വിഖ്യാതഗ്രന്ഥപ്പുരകളിലും (ലിസ്ബണിലെ ബിബ്ലിയോത്തിക്ക നാസ്യോണൽ, ഓവർസീസ് ആർക്കൈവ്സ് തൊറേ ദ തോംപോ, അജ്ജുദാപാലസ് ലൈബ്രറി, എവ്വയിലെ പബ്ലിക് ലൈബ്രറി, കോയിമ്പ്രയിലെ സർവകലാശാല ലൈബ്രറി, ബ്രാഗയിലെ ജില്ലാ ലൈബ്രറി എന്നിവ) ലണ്ടനിലെ ബ്രിട്ടീഷ് മ്യൂസിയം ലൈബ്രറി, ഇന്ത്യാ ഓഫീസ് ലൈബ്രറി എന്നിവിടങ്ങളിലും റോമിലെ പ്രൊപ്പഗാന്താ ലൈബ്രറി, വത്തിക്കാൻ ലൈബ്രറി, ജസ്യൂട്ട് ആർക്കൈവ്സ്, മാഡ്രിഡിലെ ജസ്യൂട്ട് ആർക്കൈവ്സ് തുടങ്ങിയ പ്രാക്രേഖാലയങ്ങളിലും സൂക്ഷിക്കപ്പെടുന്ന പോർട്ടുഗീസ് രേഖകളും. ഇന്ത്യയിൽനിന്നു പോർട്ടുഗീസ് ഉദ്യോഗസ്ഥന്മാരും ഇന്ത്യൻ നാടുവാഴികളും കത്തോലിക്കമിഷനറിമാരും അയച്ച കത്തുകളും റിപ്പോർട്ടുകളും ആ ശേഖരങ്ങളിലുണ്ടു്. ഇവയ്ക്കുപുറമെ പോർട്ടുഗീസ് ഇന്ത്യയുടെ ഔദ്യോഗികചരിത്രകാരന്മാർ തയ്യാറാക്കിയ വിപുല ചരിത്രഗ്രന്ഥങ്ങളും മധ്യകാല ഇന്ത്യാചരിത്രത്തിലേയ്ക്കുള്ള വഴികാട്ടികളാണു്. പോർട്ടുഗീസുകാരൻ എന്നതുകൊണ്ടുമാത്രം ഇന്ത്യാചരിത്രരചനയ്ക്കു് അടിസ്ഥാനമിട്ടകയും മികച്ച ചരിത്രഗ്രന്ഥങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്ത, പോർട്ടുഗലിലെ ഇന്ത്യാഓഫീസിൽ ഔദ്യോഗിക ദിനസരിക്കുറിപ്പെഴുത്തുകാരനായിരുന്ന ജോൺ ഡി ബറോസിന്റെ ശാസ്ത്രീയ ചരിത്രഗ്രന്ഥങ്ങൾ ഇന്ത്യൻ ചരിത്രകാരന്മാർ അവഗണിക്കുകയാണു പതിവു്. 1552-നും 1563-നും ഇടയ്ക്കു ബറോസ് പ്രസിദ്ധീകരിച്ച ''ദേക്കാദസ് ദ ഏഷ്യ'' എന്ന കിടയറ്റ ചരിത്രഗ്രന്ഥം ഇപ്പോഴും

malankaralibrary.com

ലിസ്ബണിൽ പുന:പ്രസാധനം ചെയ്തിട്ടുണ്ട്. റോമൻ ചരിത്രകാരനായ ലിവിയോട് താരതമ്യപ്പെടുത്തി പറയാവുള്ള ബറോസ് ആണ് വാസ്തവത്തിൽ ഇൻഡോളജിയുടെ പിതാവായി പരിഗണിക്കപ്പെടേണ്ടതു്. ഡച്ചു ചരിത്രകാരനായ റൊഥയർ, ലോകം കണ്ട ഏറ്റവും മികച്ച കൊളോണിയൽ ചരിത്രകാരൻ ബറോസാണെന്നു രേഖപ്പെടുത്തിയിരിക്കുന്നു. മലബാറിന്റെ ചരിത്രം, ആചാരങ്ങൾ, മതവിശ്വാസങ്ങൾ, രാഷ്ട്രീയസ്ഥിതി തുടങ്ങിയ വിവരങ്ങൾ ഒന്നാമത്തെ 'ഡെക്കാദ'യിലെ 9-ാം ഗ്രന്ഥത്തിൽ സമഗ്രമായി പ്രതിപാദിച്ചിരിക്കുന്നു. ഗോവയിൽ ഒരു സാധാരണ പട്ടാളക്കാരനായി ജീവിതം ആരംഭിച്ച ദിയോഗോ ഒട്ടോ ഇന്ത്യയിലെ പോർട്ടുഗീസ് രാജകീയ ഗ്രന്ഥാലയത്തിന്റെ അധിപനായിത്തീരുകയും ബറോസിന്റെ ശാസ്ത്രീയരചനാരീതി പിന്തുടരുകയും ചെയ്ത മറ്റൊരു ചരിത്രകാരനാണു്. പശ്ചിമതീരത്തെ സുദീർഘവാസവും സമകാലീന സംഭവങ്ങളുമായുള്ള ഇടപഴകലും മൂലം കൂട്ടോയുടെ ചരിത്രഗ്രന്ഥങ്ങളും (''ദ ഏഷ്യ'' 12 വാല്യങ്ങളും) 16-ാം നൂറ്റാണ്ടിലെ പശ്ചിമ ദക്ഷിണേന്ത്യയുടെ ഒരു സാംസ്കാരിക ദർപ്പണമായി കണക്കാക്കാവുന്നതാണു്. ബറോസിനെപ്പോലെ കൂട്ടോയും കൊച്ചി, കോഴിക്കോടു്, കണ്ണൂർ, മംഗലാപുരം, ഗോവ എന്നിവിടങ്ങളിലെ സാമൂഹ്യസാമ്പത്തിക ജീവിതത്തെ അപഗ്രഥനവിധേയമാക്കുന്നുണ്ടു്. 1500-നും 1516-നും ഇടയ്ക്കു കണ്ണൂരിലും കോഴിക്കോട്ടും ഉണ്ടായിരുന്ന പോർട്ടുഗീസ് പാണ്ടികശാലകളിൽ വ്യാഖ്യാതാവായും വാണിജ്യ ഏജന്റായും വർത്തിച്ച ലിസ്ബൺകാരനായ ഡുറേറ് ബർബോസയുടെ പ്രശസ്ത ഗ്രന്ഥം അക്കാലത്തെ മലബാറിലെ സാമൂഹ്യവ്യവസ്ഥിതിയെക്കുറിച്ചുള്ള ഏറ്റവും ആധികാരിക വിവരണമാണെന്നു പറയാം. പോർട്ടുഗീസ് യുഗത്തിലെ പ്രശസ്തരായ മറ്റു ചരിത്രകാരന്മാർ ഗാസ്പർ കൊറയ (''ലെന്താസ് ദ ഇന്ത്യ'') മാന്വൽ ഫരിയ ഇസൂസ (''ഏഷ്യ പോർട്ടുഗീസ'') ഫെർനാവൊ ലോപ്പസ് ദ കസ്റ്റനേഡ (''ഹിസ്റ്റോറിയ ദ ദിസ്ക്കൊബിർമെൻറൊ ഇ കോൺകിസ്റ്റ ദ ഇന്ത്യ പേലൊ പോർട്ടുഗീസസ്'') തുടങ്ങിയവരാണു്. ക്രിസ്ത്യാനികളെയും കുരുമുളകും തേടി കോഴിക്കോട്ടെത്തിയ പോർട്ടുഗീസ് നാവികരോടൊപ്പം വന്ന കത്തോലിക്ക മിഷനറിമാർ ശേഖരിച്ചു് അയച്ച വിവരങ്ങൾ സമാഹരിച്ചതാണു് അന്തോണിയോ ദ സിൽവ റീഗോയുടെ ''ഹിസ്റ്റോറിയ ദാസ് മിസ്സോയസ് ദ പദ്രവാദൊ പോർട്ടുഗീസ് ദ ഓറിയൻറ്'', ജോസഫ് വിക്കിയുടെ ''ഡോക്കുമെൻറ ഇന്തിക്ക'' എന്നീ ഗ്രന്ഥപരമ്പരകളും. പോർട്ടുഗീസ് ഇന്ത്യയുടെ യഥാർത്ഥമായ ഒരു വിവരണം ആവശ്യമുള്ളവർ ഈ അടിസ്ഥാന ഗ്രന്ഥങ്ങൾ വായിച്ചു പഠിക്കേണ്ടതാണു്. മേൽപറഞ്ഞ പോർട്ടുഗീസ് രേഖകളിലൊന്നും ചരിത്രമില്ലെന്നു വിധിയെഴുതി അമൂല്യങ്ങളായ ഈ മധ്യകാല രേഖകളെ അവഗണിക്കുന്നതു ശുദ്ധ മൗഢ്യമായിരിക്കും എന്നു പറയാതെ വയ്യാ. എത്രയോ പാശ്ചാത്യർ ഈ നാട്ടിൽ വരികയും ഇവിടത്തെ ഭാഷ പഠിച്ചു്, ചരിത്രരേഖകൾ പരിശോധിച്ചു് ചരിത്രനിർമ്മാണത്തിൽ അമൂല്യ സംഭാവനകൾ അർപ്പിച്ചിരിക്കുന്നുവെന്ന വസ്തുത യോർക്കുമ്പോൾ ചരിത്രനിർമ്മാണയജ്ഞത്തോടുള്ള നമ്മുടെ അലസമനോഭാവം ബോധ്യമാകും! വടക്കൻ പാട്ടുകളും നാടോടിക്കഥകളും മണിപ്രവാളസാഹിത്യവും ഉമിപാറി മധ്യകാലകേരളത്തെ കണ്ടെത്താൻ പാടുപെടുന്നവർ സമകാലീന പോർട്ടുഗീസു രേഖകളോടുകാട്ടുന്ന നിരങ്കുശമായ അനാഭിമുഖ്യം അസഹനീയമായ മനസ്സിന്റെ പക്ഷപാതമായിട്ടേ കണക്കാക്കാനാവൂ.

പോർട്ടുഗീസ് സമ്പർക്കത്തിന്റെ ഫലമായി രാഷ്ട്രീയതലത്തിൽ കൊച്ചിയുടെ ഉദയവും സാമൂഹ്യതലത്തിൽ റോമൻ കത്തോലിക്കാസഭയുടെ ആവിർഭാവവുമാണു്. ശ്രദ്ധേയങ്ങളായ രണ്ടു സംഭവവികാസങ്ങൾ എന്നു പോർട്ടുഗീസു രേഖകളുടെയും ചരിത്രഗ്രന്ഥങ്ങളുടെയും പഠനം വ്യക്തമാക്കുന്നു. 16-ാം നൂറ്റാണ്ടിലെ കേരളം വിവിധ നാടുവാഴി പ്രഭുക്കന്മാരുടെ അധീനതയിൽ കഴിഞ്ഞ പ്രദേശമായിരുന്നു. കണ്ണൂർ, കോഴിക്കോട്, താനൂർ, കൊടുങ്ങല്ലൂർ, കൊച്ചി, എട

malankaralibrary.com

പ്പിള്ളി, പറൂർ, ആലങ്ങാട്ട്, വടക്കുംക്കൂർ, മൂത്തേടത്തു്, പുറക്കാട് കായംകുളം, കൊല്ലം, വെൺമണി വേണാട്, തെക്കുംക്കൂർ, പുറക്കാട്, മാർത്താണ്ഡം തുടങ്ങിയ ഇടനാടുകളിലെ ദേശത്തലവന്മാരെ നാടുവാഴികൾ എന്നാണു് പോർട്ടുഗീസുരേഖകൾ വിശേഷിപ്പിക്കുന്നതു്. ഇവരിൽ ഏറ്റവും പ്രമുഖർ കോലത്തിരി (കണ്ണൂർ രാജാവു്), സാമൂതിരി (കോഴിക്കോട്ട്) തിരുവടി (കൊല്ലം രാജാവു്) എന്നിവരായിരുന്നു. സാമൂതിരിസ്ഥാനമാത്രമാണു് സ്വന്തമായ നാണ്യം ഇറക്കുന്നതിനുള്ള അധികാരം ഉണ്ടായിരുന്നതു്. പോർട്ടുഗീസുകാർ മലബാറിൽ എത്തുന്നകാലത്തു് കോഴിക്കോട്ടെ അറബികച്ചവടക്കാരുടെ സഹായത്തോടെ സാമൂതിരി വളർച്ചയുടെ പടവുകൾ ചവുട്ടികയറുകയായിരുന്നു. ''കൊച്ചി രാജാവിനു് വളരെ ചെറുതായ ഒരു ദേശത്തിന്റെ മേൽക്കോയ്മയേ ഉണ്ടായിരുന്നുള്ളു. അദ്ദേഹത്തെ ഒരു രാജാവായിട്ടു തന്നെ ആരും ഗണിച്ചിരുന്നില്ല. എന്നുകൊണ്ടെന്നാൽ കോഴിക്കോട്ടു രാജാക്കന്മാർ സ്ഥാനാരോഹണം ചെയ്താൽ ഉടൻ കൊച്ചിയ്ക്കു പുറപ്പെട്ടു് ആ വിടത്തെ രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി രാജ്യം കൈവശപ്പെടുത്തിയതിന്റെ ശേഷം വീണ്ടും ആ ആലംകൃതനെ ജീവകാലംവരെ അനുഭവിക്കാൻ രാജ്യം തിരിയെ കൊടുക്കുന്നു. ഇതു കോഴിക്കോട്ടുരാജാക്കന്മാർ ഒരു നിയമമായി നടത്തിവന്നിരുന്നു. കൊച്ചിരാജാവു് ആനകളെ കപ്പമായി കൊടുക്കും. അതുവാങ്ങി കോഴിക്കോട്ടുരാജാവു് മടങ്ങിപ്പോരുകയും ചെയ്യും. കൊച്ചിരാജാവിനു് നാണ്യം അടിപ്പിക്കുന്നതിനുള്ള അധികാരമോ കോവിലകം ഓടുമേയുന്നതിനുള്ള അവകാശമോ ഉണ്ടായിരുന്നില്ല'' എന്നാണു് ഡുറേറ്റ്ബർബോസ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതു്. സാമൂതിരിയുടെ കൽപനപ്രകാരം നാട്ടിലുണ്ടാകുന്ന കുരുമുളകു്, ചുക്കു് മുതലായ ചരക്കുകൾ കോഴിക്കോട്ടെ അറബികച്ചവടക്കാർക്കു് എത്തിക്കേണ്ടതായും വന്നിരുന്നു. പോർട്ടുഗീസുകാരുടെ ആഗമനകാലത്തു് ഏറ്റവും പ്രമുഖ കേരളരാജാവു് സാമൂതിരി ആയിരുന്നുവെന്നു് പോർട്ടുഗീസു് ചരിത്രകാരന്മാർ ഐകകണ്ഠ്യേന രേഖപ്പെടുത്തിയിട്ടുണ്ടു്. കേരളത്തിലെ പ്രസിദ്ധങ്ങളായ മലഞ്ചരക്കുകൾ കോഴിക്കോട്ടുനിന്നായിരുന്നു അക്കാലത്തു് പശ്ചിമേഷ്യയിലേയ്ക്കും മറ്റും കപ്പൽ കയറ്റിയിരുന്നതു്. ഈ വാണിജ്യകുത്തക കൈവശപ്പെടുത്തിയ അറബികളുടെയും മറ്റു മുസ്ലീംകച്ചവടക്കാരുടെയും നിർലോഭമായ പിന്തുണ സാമൂതിരിക്കുണ്ടായിരുന്നു. പ്രത്യുപകാരമായി താഴ്ന്നജാതിക്കാരിൽനിന്നു് ഇസ്ലാമിലേയ്ക്കു മതപരിവർത്തനം നടത്താൻ സാമൂതിരി കല്പന പുറപ്പെടുവിച്ചിരുന്നുവെന്നു് ലോഗൻ വ്യക്തമാക്കുന്നു.

കോഴിക്കോടിന്റെ വാണിജ്യമേധാവിത്വം അറബികളിൽനിന്നു കയ്യടക്കാനുള്ള പോർട്ടുഗീസു് ശ്രമങ്ങൾക്കു് വിജയസാദ്ധ്യത കുറയുകയും പോർട്ടുഗീസുകാർ സാമൂതിരിയിൽനിന്നു അകലുകയും ചെയ്തതോടെ സാമൂതിരിയുടെ കുതിച്ചുകയറ്റത്തിനു് വിഘാതം നേരിട്ടു. പെരുമ്പടപ്പിൽ നെടിയിരിപ്പിനോടുള്ള കടിപ്പുകണ്ടെത്തിയ പോർട്ടുഗീസുകാർ സാമൂതിരിക്കെതിരെ കൊച്ചിയെ വളർത്തുന്നതിനും ഉയർത്തുന്നതിനുമുള്ള ശ്രമങ്ങളിൽ ദത്താവധാനരായി. 1500 ഡിസംബറിൽ പെദ്രോ അൽവാരസ് കബ്രാൾ കൊച്ചിയിലെത്തുന്നതോടെ ഇതിനുള്ള പശ്ചാത്തലം സജ്ജമായി. സാമൂതിരിപ്പാടുമായി തെറ്റിപ്പിരിഞ്ഞു്, ആവശ്യത്തിനു് ചരക്കുകൾ സംഭരിക്കാതെ ഒഴിഞ്ഞ കപ്പലുകളുമായി മടങ്ങിപ്പോകേണ്ടിവരുമോ എന്ന ചിന്തയിൽ ആകുലചിത്തനായ കബ്രാളിനെ കൊച്ചഴിക്കരയിലെ കൊച്ചുകൊച്ചിരാജ്യത്തേയ്ക്കു തിരിച്ചുവിട്ടതു നാട്ടുഭാഷയിൽ പ്രാവീണ്യമുണ്ടായിരുന്ന ഗാസ്പർ എന്നയാളായിരുന്നുവെന്നു് ''ലെന്താസ്യ ദ ഇന്ത്യ''യിൽ ഗാസ്പർ കൊറയ രേഖപ്പെടുത്തിയിരിക്കുന്നു. ഗാസ്പർ ദ ഇന്ത്യ (ഇന്ത്യക്കാരൻ ഗാസ്പർ) യെന്നും ഗാസ്പർ ഡി അൽമേയ്ഡയെന്നും പോർട്ടുഗീസുരേഖകളിൽ വിവരിക്കപ്പെടുന്ന ഈ ദ്വിഭാഷി അറബികളിൽനിന്നു വാസ്കോഡിഗാമ പിടിച്ചെടുത്തു പോർട്ടുഗലിലേയ്ക്കു കൊണ്ടുപോയിരുന്ന ഒരു യുവാവായിരുന്നു. കൊച്ചിയാണു് മുഖ്യകുരുമുളകുല്പാദനകേന്ദ്രമെന്നും അവിടെനിന്നാണു് കോഴിക്കോട്ടെ അറ

malankaralibrary.com

ബികൾക്ക് ആവശ്യമായ കുരുമുളക് ലഭിക്കുന്നതെന്നും, കോഴിക്കോടിനെതിരെ നിൽക്കാമെങ്കിൽ ഒരുപക്ഷെ, കൊച്ചീരാജാവുമായി ഒരു ദീർഘകാല വാണിജ്യ ഉടമ്പടിയ്ക്കുതന്നെ സാദ്ധ്യതയുണ്ടെന്നും ഇന്ത്യാക്കാരൻ ഗാസ്പർ കബ്രാളിനെ ഉപദേശിച്ചു. അതനുസരിച്ചു കൊച്ചിയിലേയ്ക്കു തിരിച്ചു കബ്രാളിനും സംഘത്തിനും അപ്രതീക്ഷിതവും ഹർഷോന്മത്തവുമായ വരവേല്പാണ് കൊച്ചിരാജാവു നൽകിയതു്. അറബികച്ചവടക്കാരുടെ തണലിൽ ദ്രവ്യോന്മത്തനും അധികാരപ്രമത്തനുമായി വളർന്ന സാമൂതിരിപ്പാടിന്റെ ചവിട്ടടിയിൽനിന്നു് സ്വാതന്ത്ര്യം വീണ്ടെടുക്കാൻ നിശ്ചയിച്ചുറച്ച കൊച്ചി രാജാവ് ഉണ്ണിഗോദവർമ്മത്തമ്പുരാൻ കൊച്ചിയുടെ ഉയർച്ചയ്ക്കും പശ്ചിമതീരത്തെ പോർട്ടുഗീസ് ആധിപത്യത്തിനും അടിത്തറപാകി. തുടർന്നുള്ള പോർട്ടുഗീസ് യുഗചരിത്രത്തിൽ കൊച്ചിരാജാവിനു് പോർട്ടുഗീസ് രാജാവിന്റെ ''സഹോദര യോദ്ധാവു്'' എന്ന വിശേഷണമാണു് പോർട്ടുഗീസു രേഖകളിൽ നൽകിക്കാണുന്നതു്. സാമൂതിരിയുടെ ആക്രമണങ്ങളിൽനിന്നു കൊച്ചിയെ രക്ഷിക്കാനുള്ള ബാദ്ധ്യത പോർട്ടുഗീസുകാർ ഏറ്റെടുക്കുകയും കൊച്ചിതുറമുഖത്തു് ഏഷ്യയിലെ ഏറ്റവും മികച്ച കോട്ടകെട്ടി സമുദ്രവാണിജ്യത്തിന്റെ കുത്തക ഉറപ്പിക്കുകയും ചെയ്തതോടെ കൊച്ചിയുടെ ഇന്നത്തെ വളർച്ചയുടെ അടിത്തറ സ്ഥാപിതമായി. കൊച്ചിക്കെതിരേയുള്ള പിൽക്കാല യുദ്ധങ്ങളിൽ സാമൂതിരിപ്പാടിന്റെ നായർപ്പട പലപ്രാവശ്യം പരാജയം ഏറ്റുവാങ്ങുന്നതും കോഴിക്കോടിന്റെ വാണിജ്യപ്രഭാവത്തിനു അനക്രമം മങ്ങലേല്പിക്കുന്നതും പോർട്ടുഗീസു കാലഘട്ടത്തിലെ യുഗപ്പകർച്ചയുടെ ദൃഷ്ടാന്തമായി കണക്കാക്കാം.

ഇന്ത്യയിലെ ആദ്യത്തെ പോർട്ടുഗീസ് ആസ്ഥാനമായിത്തീർന്ന കൊച്ചിയിലെ പോർട്ടുഗീസ് ജനസംഖ്യ ക്രമേണ വർദ്ധിച്ചു. പോർട്ടുഗീസ് മാതൃകയിലുള്ള ആധുനിക ഗൃഹങ്ങളും നഗരസംവിധാനവും കൊച്ചിയുടെ മുഖമായ തന്നെ മാറ്റിമറിച്ചു. കൊച്ചി പ്രാന്തങ്ങളിൽ അധിവസിച്ചിരുന്ന പരമ്പരാഗതനിവാസികളും പലരും കലത്തൊഴിൽ ഉപേക്ഷിച്ചു് പോർട്ടുഗീസ് പാണ്ടികശാലകളിൽ വ്യാപാര വൃത്തിയിൽ ഏർപ്പെട്ടു. കത്തോലിക്കാസഭയുടെ ഭരണസീമയെ ആശ്ലേഷിച്ച മാർത്തോമ്മാ ക്രിസ്ത്യാനികളടക്കമുള്ള ക്രിസ്ത്യാനികൾക്കു പോർട്ടുഗീസ് സംരക്ഷണവും പുതിയ ജീവിത സൗകര്യങ്ങളും ലഭ്യമായി. ഇറലി, ജർമ്മനി, പോർട്ടുഗൽ തുടങ്ങിയ സ്ഥലങ്ങളിൽനിന്നുള്ള വിദേശീയരും നാട്ടുകാരുമായ വാണിജ്യ പ്രമുഖരുടെ സാന്നിദ്ധ്യം നിമിത്തം കൊച്ചിയിലെ ജീവിതമേഖല അഭൂതപൂർവ്വമായ വികാസമാർജ്ജിച്ചു. ജാതിയുടെ പിടിമുറുക്കത്തിൽനിന്നു് അയഞ്ഞുനിവരുന്ന കൊച്ചിയുടെ പുതിയ സാമൂഹ്യചിത്രം കസ്റ്റനേഡയും ഗാസ്പർ കൊറയയും തങ്ങളുടെ പ്രസിദ്ധ ചരിത്രഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ടു്. കൊച്ചിയിലെ ഏറ്റവും പ്രമുഖവ്യാപാരിയെന്നു ഗാസ്പർ കൊറയ വിവരിക്കുന്ന മാമ്മിമരക്കാർ അയൽനാടുകളിൽനിന്നു് അപൂർവ്വ വിഭവങ്ങൾ കൊച്ചിയിലെത്തിക്കുകയും പകരമായി കേരളത്തിലെ വിഭവങ്ങൾ സമാഹരിച്ചു് വിദേശവാണിജ്യത്തെ സമ്പുഷ്ടമാക്കുകയും ചെയ്തുന്നുണ്ടു്. ഈ സാഹചര്യത്തിലാണു് നാളികേരകൃഷിയും മലഞ്ചരക്കുല്പാദനവും കേരളത്തിൽ അഭിവൃദ്ധി പ്രാപിക്കുന്നതു്. പോർട്ടുഗീസുകാർ വരുന്നതിനുമുമ്പു് തെങ്ങു് മലബാറിലെ ഗണ്യമായ വിഭവങ്ങളിലൊന്നായിരുന്നില്ലെന്നു സർദാർ കെ. എം. പണിക്കർ 'കേരളചരിത്ര'ത്തിൽ എഴുതിയിരിക്കുന്നതു വളരെ ശരിയാണു്. കായംകുളം, കൊല്ലം തുടങ്ങിയ തുറമുഖങ്ങളിലെ വാണിജ്യം വിവരിക്കുന്ന 'ഉണ്ണിനീലിസന്ദേശം' (ഏ. ഡി. 14-ാം നൂറ്റാണ്ടു്) പല ഇനം അരി വിൽപന ചെയ്യുന്നതായി പറയുന്നുണ്ടെങ്കിലും ചരക്കിന്റെ കൂട്ടത്തിൽ ഒരിക്കൽപ്പോലും തേങ്ങ ഉൾപ്പെട്ടതായി കാണുന്നില്ല. ഏതായാലും വിപണനലക്ഷ്യത്തോടെ തെങ്ങുകൃഷി വ്യാപകമായി തുടങ്ങിയതു് പോർട്ടുഗീസ്യുഗത്തിലാണു്. മാത്രമല്ല, ഗുണവും വലിപ്പവും ഏറിയ കപ്പത്തേങ്ങ എന്നറിയപ്പെടുന്ന 'പാക്കുതേങ്ങ' പോർട്ടുഗീസുകാരാണു് കൊച്ചിയിൽ കൊണ്ടുവന്നു് കൃഷിയിറക്കിയതു്. പോർട്ടുഗീസു് സമ്പർക്കഫലമായി തുണിത്തരങ്ങൾക്കും മറ്റു വിദേശ

malankaralibrary.com

ഉൽപ്പന്നങ്ങൾക്കും ആവശ്യം വർദ്ധിച്ചതോടെ ഇവിടെ നാളികേരവും കരുമുളകും സമൃദ്ധമായി ഉൽപാദിപ്പിക്കപ്പെട്ടു. കൊച്ചിയിലെ പോർട്ടുഗീസ് വാണിജ്യത്തിനു് ഒത്താശകൾ ചെയ്തുകൊടുത്തിരുന്ന വ്യാപാരികളിൽ കോഴിക്കോട്ടെ പത്തേമരക്കാർ, താനൂരിലെ കുട്ട്യാലി, കണ്ണൂരിലെ പോക്കരാലി തുടങ്ങിയവർ ഉൾപ്പെട്ടിരുന്നതായി പോർട്ടുഗീസുരേഖകളിൽ കാണുന്നു. 1500 മുതൽ പോർട്ടുഗീസു സമ്പർക്കത്തിൽ കൊച്ചി അതിവേഗത്തിൽ ഒരു അന്തർദ്ദേശീയ വാണിജ്യകേന്ദ്രമായി വികസിക്കുന്ന ചിത്രം പോർട്ടുഗീസ് ചരിത്രകാരന്മാരുടെ വിവരണങ്ങളിൽ തെളിഞ്ഞു നിൽക്കുന്നുണ്ടു്. ദക്ഷിണ പൂർവ്വേഷ്യയിൽനിന്നും സിലോണിൽനിന്നും എല്ലാമുള്ള കയറുമതി ചരക്കുകളും കൊച്ചിയിലെത്തിയശേഷമാണു് പാശ്ചാത്യനാടുകളിലേയ്ക്കു് കപ്പലേറിയിരുന്നതു്. നാളികേരം, കൊപ്ര, കരുമുളകു്, അടക്ക, ശർക്കര എന്നീ പദാർത്ഥങ്ങൾ ആഫ്രിക്കൻ രാജ്യങ്ങളിലേയ്ക്കു് കയറ്റി അയക്കുന്നതിനു് ധാരാളം ഗുജറാത്തികളും കൊച്ചിയിൽ തമ്പടിച്ചു. പോർട്ടുഗീസുകാരോടൊപ്പം കൊച്ചിയിൽ പാർത്തിരുന്ന വിദേശികളായ ഇത്താല്യരും ജർമ്മാന്യരും യൂറോപ്യൻ വിപണിയിലേയ്ക്കുള്ള സുഗന്ധവ്യഞ്ജനചരക്കുകളും സമാഹരിക്കുന്നതിൽ വ്യാപൃതരായിരുന്നു. കൊച്ചിയിലേക്കു മുഖ്യമായി ഇറക്കുമതി ചെയ്യപ്പെട്ടിരുന്ന ലോഹം ചെമ്പാണു്. പ്രവൃദ്ധമായി വന്ന വിദേശവ്യാപാരത്തിൽ 83 ശതമാനവും പണമായി ലഭിച്ചിരുന്നതുകൊണ്ടു് കൊച്ചി പ്രദേശത്തു് പെട്ടന്നതന്നെ വ്യാപാരത്തിലൂന്നിയ ഒരു മദ്ധ്യവർത്തി സമൂഹം രൂപംകൊണ്ടു. ചുരുക്കിപ്പറഞ്ഞാൽ സാമ്പത്തിക രംഗത്തുണ്ടായ ഈദൃശങ്ങളായ വികാസങ്ങളുടെ പശ്ചാത്തലത്തിലാണു് പോർട്ടുഗീസ് മിഷനറിമാരുടെ അദ്ധ്വാനഫലമായി റോമൻ കത്തോലിക്കാസഭ കേരളത്തിൽ നാമ്പെടുത്തു് തളിരിട്ടു വളർന്നതെന്നു കാണാം.

ക്രൈസ്തവരെയും കരുമുളകും തേടിയെത്തിയ പോർട്ടുഗീസുകാർ കൊച്ചിയിൽ കണ്ടെത്തിയ ക്രൈസ്തവർ ''മാത്തോമ്മാ ക്രിസ്ത്യാനികൾ'' എന്ന പേരിലാണു് അറിയപ്പെട്ടിരുന്നതു്. റോമൻ കത്തോലിക്ക സഭയ്ക്കു പുറത്തുള്ള നെസ്തോറിയൻ പാഷണ്ഡതയിൽ ഊന്നിയ വിശ്വാസസംഹിതയാണു് പേർഷ്യയിൽനിന്നു് വല്ലപ്പോഴും ഇവിടെ എത്തിയ അവരുടെ അജപാലകർ പ്രചരിപ്പിച്ചിരുന്നതു്. വേണ്ടത്ര വേരുകളും ഇവിടെ ഇല്ലാത്ത പോർട്ടുഗീസുകാർക്കു് തങ്ങളുടെ നിലനിൽപിനു് ആവശ്യമായ പിന്തുണയും സഹകരണവും വില്ലാളിവീരന്മാരായ മലബാറിലെ ക്രിസ്ത്യൻ പ്രജകളിൽനിന്നു് അവശ്യമായിരുന്നു. കൊച്ചിയിൽ ആധിപത്യം സ്ഥാപിച്ച പോർട്ടുഗീസുകാർ മാത്തോമ്മാക്രിസ്ത്യാനികളെ അനുനയിപ്പിക്കുവാനും പോർട്ടുഗീസ് സംരക്ഷണയിൽ കൊണ്ടുവരുന്നതിനും പല പദ്ധതികളും ആവിഷ്കരിച്ചു. പേർഷ്യൻ തീരങ്ങളിൽ പോർട്ടുഗീസുകാർ കണ്ടെത്തിയ മാർ യോഹന്നാൻ ക്രിസ്ത്യാനികളെപ്പോലെ മാത്തോമ്മാക്രിസ്ത്യാനികളെയും റോമൻ സഭയുടെ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനുള്ള യത്നങ്ങളാണു് കേരളത്തിൽ സ്ഥാപിക്കപ്പെട്ട മിഷൻകേന്ദ്രങ്ങളിൽ ആദ്യമായി ഉരുത്തിരിഞ്ഞതു്.

വാസ്കോഡിഗാമയോടൊപ്പം 1498-ൽ കോഴിക്കോട്ടെത്തിയ ട്രിനിത്തേരിയൻ സന്യാസിയായ പെദ്രോ സി. കോവിൽഹം ആണു് കേരളത്തിൽ പോർട്ടുഗീസ് യുഗത്തിലെ ആദ്യത്തെ മിഷനറി പ്രവർത്തനത്തിനു് ബീജാവാപം നടത്തിയ വിദേശമിഷനറി. കോഴിക്കോട്ടവച്ചു് രക്തസാക്ഷിത്വം വഹിക്കേണ്ടിവന്ന അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു് വളരെയൊന്നും നമുക്കറിഞ്ഞുകൂടാ. 1500-ൽ കബ്രാളിനോടൊപ്പം കോഴിക്കോട്ടെത്തിയ മിഷനറിസംഘത്തിൽ, ഒരു വികാരി, എട്ടു വൈദികർ, 8 ഫ്രാൻസിസ്ക്കൻ സന്യാസികളും എന്നിവരുണ്ടായിരുന്നു. കോഴിക്കോട്ടെത്തുന്നതിനുമുമ്പുതന്നെ മംഗലാപുരത്തിനു വടക്കുള്ള അഞ്ചദ്വീപിലെ 22 പേരെ അവർ മാനസാന്തരപ്പെടുത്തിയിരുന്നു. കോഴിക്കോട്ടവച്ചു് ഈ മിഷനറിസംഘം ഒരു ബ്രാഹ്മണനെയും ഏതാനും നായന്മാരെയും ക്രൈസ്തവമതത്തിലേയ്ക്കു് ആനയിച്ചു. അറബികളുടെ ഉപദ്രവം

malankaralibrary.com

കേട്ട് കബ്രാളുമായി തെറ്റിപ്പിരിഞ്ഞ സാമൂതിരിയുടെ നായർപ്പടയുമായി ഏറ്റു മുട്ടേണ്ടിവന്ന പോർട്ടുഗീസ് സംഘത്തിനു് മൂന്നു ഫ്രാൻസിസ്ക്കൻ സന്യാസികളുടെ നിഷ്ഠൂരവധത്തിനു് സാക്ഷ്യം വഹിക്കേണ്ടിവന്നു. മാത്രമല്ല. ഫ്രാൻസിസ്ക്കൻ സഭയുടെ സുപ്പീരിയറായി സംഘത്തിലുണ്ടായിരുന്ന കോയിമ്പ്ര സ്വദേശി ഫാ. ഹെൻറിക്കു് അൽഫാമോ മാരകമായി മുറിവേല്പിക്കപ്പെടുകയും ചെയ്തു. കൊച്ചിയിലെത്തിയ ഫ്രാൻസിസ്ക്കൻ മിഷനറിമാക്കു് ദക്ഷിണ മലബാറിലും കൊച്ചിപ്രദേശത്തും, കൊല്ലത്തു് 14-ാം നൂറ്റാണ്ടിൽ ജോൺ മരിഞ്ഞോളി തുടങ്ങിവച്ച മാനസാന്തരവേല കർമ്മധീരതയോടെ മുന്നോട്ടുകൊണ്ടുപോവാൻ കൊച്ചിരാജാവു് അനുവാദം നൽകി. ഹിന്ദുജാതികളിൽനിന്നു് മാനസാന്തരപ്പെട്ടവർ കൂടാതെ കൊല്ലത്തും കൊച്ചിയിലും മലബാറിലും അധിവസിച്ചിരുന്ന 30000ത്തിൽ പരം കുടുംബങ്ങളിലെ മാർത്തോമ്മാക്രിസ്ത്യാനികളെയും റോമൻ കത്തോലിക്കാസഭയ്ക്കും പോർട്ടുഗീസ് സംരക്ഷണയിലും കൊണ്ടുവരുവാൻ മിഷനറിമാർ യുദ്ധനിശ്ചയം ചെയ്തു. 1599-ൽ ഉദയംപേരൂർ സുനഹദോസു് വിളിച്ചുകൂട്ടിക്കൊണ്ടു് അലക്സിസ് മെനേസിസ് മെത്രാപ്പോലീത്ത കേരളത്തിലെ ക്രൈസ്തവരെയെല്ലാം റോമൻ കത്തോലിക്കാ സഭയുടെ കൊടിക്കീഴിൽ കൊണ്ടുവരുന്നതിൽ വിജയിച്ചു. ഗോവയിലെ ഈ പോർട്ടുഗീസു് മെത്രാപ്പോലീത്തയുടെ സാഹസികയജ്ഞമാണു് ഇന്നത്തെ കേരള കത്തോലിക്കസഭയുടെ ആവിർഭാവത്തിനു് സുശക്തമായ അസ്ഥിവാരം പണിതതു്. പോർട്ടുഗീസു് സംരക്ഷണയിൽ യൂറോപ്യൻ സംസ്ക്കാരവുമായി പരിചയിച്ച ദേശീയ സംസ്ക്കാരത്തിൽ വേരുകളുള്ള കേരള കത്തോലിക്കർ പുതിയ സംസ്ക്കാരത്തിന്റെയും നവമാനവികതയുടെയും സന്ദേശ വാഹകരായിത്തീർന്ന ചരിത്രമാണു് പോർട്ടുഗീസ് യുഗത്തിന്റെ അന്ത്യം കാഴ്ചവയ്ക്കുന്നതു്.

ഏതാണ്ടു് ഒരു വർഷക്കാലം ഗ്രൽബങ്കായൻ സ്ക്കോളർ എന്ന നിലയിൽ പോർട്ടുഗലിലെയും മറ്റു യൂറോപ്യൻ ആർക്കൈവ്സുകളിലെയും വിലപ്പെട്ട മദ്ധ്യകാല രേഖകൾ പരിശോധിക്കാനും കുറച്ചൊക്കെ പോർട്ടുഗീസു ഭാഷ പഠിക്കുവാനും പല രേഖകളുടെയും ഫോട്ടോ കോപ്പികൾ സമ്പാദിക്കാനും കഴിഞ്ഞതു് ഒരു വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. മദ്ധ്യകാല പോർട്ടുഗീസുഭാഷ സുഗമമായി കൈകാര്യം ചെയ്യുന്നതിനു് ഇനിയും എത്രയോ കാലം മുന്നോട്ടു പോകണം. പോർട്ടുഗീസുഭാഷ പഠിക്കുന്നതിനുള്ള സംവിധാനം കേരളത്തിൽ ഉണ്ടാകണം. മദ്ധ്യകാല കേരളചരിത്രരചനയ്ക്കു അനുപേക്ഷണീയമായ പോർട്ടുഗീസുരേഖകൾ വ്യാപകമായി കേരളത്തിലെ ചരിത്ര വിദ്യാർത്ഥികൾക്കിടയിൽ പ്രചരിപ്പിക്കപ്പെടണം. പെല്ലിശ്ശേരി പബ്ലിക്കേഷൻസിന്റെ ഈ യത്നം അതിനു കളമൊരുക്കട്ടെയെന്നു് പ്രാർത്ഥിക്കുന്നു.

malankaralibrary.com

പൈതൃക രചനകൾ

ഡോ. ജോസഫ് കുരീത്തറ, കൊച്ചി ബിഷപ്പ്

സ്വാതന്ത്ര്യലബ്ധിക്കുശേഷം പൈതൃകരചന ഭാരതത്തിലും നമ്മുടെ കേരളത്തിലും ത്വരിതഗതിയിലായി. ഒരു നൂറ്റാണ്ടുമുമ്പ് ഒന്നാമത്തെ സെൻസസിൽ സമുദായംതിരിച്ചു ജനസംഖ്യാകണക്കു കിട്ടിയപ്പോഴാണു ആദ്യമായി ഈ രംഗത്തു് ഒരു കൃതിപ്പണ്ടായതു്. ഗവൺമെൻറ് സ്റ്റേറ്റുമാനുവലുകളെഴുതി രാജ്യവിവരണം തിട്ടപ്പെടുത്തി. അതിൽ അപാകതകളും കണ്ടതോടെ അന്നു സമൂഹതലത്തിൽ സംഘടിതരൂപംകൊണ്ടിരുന്ന സമുദായ സംഘടനകളും തങ്ങളുടെ പൈതൃകം രചിച്ചുകൊണ്ടു പ്രതികരിച്ചു. പത്തൊമ്പതാംശതാബ്ദത്തിൻെറ അന്ത്യപാദത്തിൽ അങ്ങനെ പൈരാർക്കികളും സമുദായ വിഭാഗങ്ങളും അവയുടെ ശാഖോപശാഖകളും ജനസംഖ്യാപട്ടികകളും വെളിപാടുപോലെ ജനജീവിതത്തിൻെറ പൊതുധാരയിലേക്കു കടന്നുവന്നു. സമൂഹത്തിൻെറ പ്രാഗ്രൂപഘട്ടങ്ങളിൽ തങ്ങളുടെ പോരാട്ടങ്ങളും സമകാലികദശയിൽ ആഴത്തിലുള്ള വേരോട്ടങ്ങളും നൽകിയ അടിത്തറയിലായി ഇരുപതാംനൂറ്റാണ്ടിലേക്കു കടക്കാനുള്ള ആസൂത്രണംമുഴുവൻ.

ഇരുപത്തൊന്നാംനൂറ്റാണ്ടിലേക്ക് കാലെടുത്തുവയ്ക്കാൻ ഒരുങ്ങുന്ന സുവിശേഷദശകത്തിൽ പൈതൃകത്തിൻെറ പുനരാഖ്യാനവും പുനർനിർമ്മാണവും മുറയ്ക്കു നടക്കുന്നു. ഓരോരുത്തരും താന്താങ്ങളുടെ പൈതൃകം ഒന്നാംതരമെന്നു് അവകാശപ്പെടുന്നു. രണ്ടാംവത്തിക്കാൻ കൗൺസിൽ കാഴ്ചവച്ച ഇളംകാറ്റിൽ ഇതിനെല്ലാം ന്യായങ്ങളും ന്യായീകരണങ്ങളും കണ്ടെത്താൻ ബുദ്ധിമുട്ടില്ല. ലത്തിനീകരണം, ഭാരതീകരണം, കൽദായീകരണം, സുവിശേഷവൽക്കരണം, മതബോധവൽക്കരണം തുടങ്ങി കരണങ്ങളുടെ കമ്പ്രദായികം ധാരാളം. ഈ പുനരന്വേഷണവ്യഗ്രതയിൽ തങ്ങൾ പിന്നിട്ട പാതകളും അനാവരണംചെയ്യുകയും വേരുകളും വേരുന്നിയ ഇടങ്ങളും അവതരിപ്പിക്കുന്നതിനു പകരം മറുള്ളവർ മുന്നിട്ട മേഖലകളെ വികൃതമാക്കി വിളംബരംചെയ്യാനാണു പലരുടെയും ശ്രമം. നിഷ്പക്ഷമായി വിലയിരുത്തിയാൽ ഇന്നു കേരളത്തിലുള്ള രണ്ടു ഡസനോളം സമുദായ ശാഖകളും വിദേശത്തുനിന്നു പറിച്ചുനട്ട വേരിൽ കിളിർത്തതാണെന്നു വ്യക്തം.

മുസ്ലീംസമുദായത്തിൻെറ ആവിർഭാവം മാലിക് ബിൻദിനാറുടെ കൊടുങ്ങല്ലൂരാഗമനവും അദ്ദേഹത്തിൻെറ അനുചരന്മാരുടെയും മക്കളുടെയും മക്കളുടെ മക്കളുടെയും കുടിയേറ്റഭൂമിയുമൂലമാണെന്നു പ്രസിദ്ധമാണല്ലൊ. ഹൈന്ദവരിൽ ഒരു ഡസനോളമുള്ള സമുദായശാഖകളിൽ പലതിനും ബന്ധം കേരളത്തിനു പുറത്താണ്. നായർവിഭാഗം നാഗാരാധനയും ആയോധനമുറകളും തൊഴിലാക്കിയ ഉത്തരേന്ത്യൻ നാഗവിഭാഗത്തോടു ബന്ധപ്പെട്ടാണു ചരിത്രത്തിൻെറ വേരുകൾ കണ്ടെത്തുന്നതു്. ഈഴവർ ചേകവരുടെ പൈതൃകം ചികഞ്ഞു് സിലോണിൽ ചെന്നെത്തുന്നു. ബ്രാഹ്മണ–നമ്പൂതിരിവിഭാഗങ്ങൾ ആര്യന്മാരുടെ കുടിയേറ്റത്തിൽ ഊരും പേരും ഉറപ്പിക്കുന്നവരാണു്. അരയരും ധീവരരും വിശ്വകർമ്മരും ആദിവാസികളും തുടങ്ങിയവരുടെ പൂർവകാല തായ്വേരുകൾ കേരളത്തിനു പുറത്തേക്കു നീണ്ടുപോയിട്ടുള്ള ഗവേഷണനിരീക്ഷണങ്ങളാണുള്ളതു്.

malankaralibrary.com

ക്രൈസ്തവസമൂഹത്തിലെ ഒരു ഡസനോളം ശക്തസമൂഹങ്ങൾ സെൻറ് തോമസിന്റെ കാലംമുതൽ പൈതൃകവും പ്രൗഢിയും അവകാശപ്പെടുന്നു. മർസലീനോസ് മെത്രാന്റെ സത്യവേദചരിത്രം പൈതൃകാന്വേഷികളുടെ ചെപ്പുതുറന്നതു സെൻസസ് സൃഷ്ടിച്ച ചേരിതിരിവുകളുടെ കാലത്താണല്ലൊ. ജി. ടി. മെക്കെൻസിയുടെ സ്റ്റേറ്റ് മാന്വൽ അധ്യായം ചരിത്രരചനകൾ അനിവാര്യമാക്കി. ഫൊറാർക്കിയും സമുദായക്കേസും സഭാപിളർപ്പും കോടതിവിചാരണകളും പൊതുധാരപിടിച്ചടക്കിയപ്പോൾ കോടതിയിലായി പലരുടെയും ചരിത്രവിചാരണ. പിന്നീടങ്ങോട്ട് ചരിത്രരേഖകളുടെ പരതലും അഖ്യാനവും പ്രത്യാഖ്യാനവുമായി. മെത്രോറിയലുകളും ഭീമഹർജികളും ഓരോരുത്തരും തയ്യാറാക്കിയിരുന്നതു് ഈ ചരിത്രപീഠങ്ങളിൽനിന്നാണ്. രാജ്യത്തെ പരമാധികാര ന്യായപീഠങ്ങളെല്ലാം ചരിത്രാന്വേഷികളായി മാറേണ്ടിവന്ന സമുദായക്കേസുകൾക്കും പള്ളിവഴക്കുകൾക്കും തീർപ്പു കൽപ്പിക്കാൻ. ആർത്താറ്റുപള്ളിയുടെയും തൃശൂർ ദേവാലയത്തിന്റെയും കോട്ടയം പഴയസെമിനാരിയുടെയും പാത്രിയർക്കീസ് മെത്രാൻ കക്ഷികളുടെയും കേസുകളും അപ്പീലുകളും മത്സരബോധത്തോടൊപ്പം ചരിത്രവിജ്ഞാനവും പകർന്നുകൊടുത്തു സാധാരണക്കാർക്കു്. ഈ കാലഘട്ടത്തിൽത്തന്നെ ഓരോ സമുദായവിഭാഗത്തിനും പൈതൃകരചനകളുണ്ടായി. മൊത്തമായും ചില്ലറയായും അവയുടെ അവതരണവും വിൽപനയും പുനർനിർമ്മാണവും ജനാധിപത്യയുഗശൈലിയിലോ ആധുനിക സാങ്കേതികരീതികളിലോ ആയിരുന്നില്ലെന്നു മാത്രം. ലത്തീൻ ക്രൈസ്തവർക്കുണ്ടായി ഏതാനും ചരിത്രഗ്രന്ഥങ്ങൾ. ഇടയലേഖനങ്ങളിലും കയ്യെഴുത്തു ഹർജികളിലും മാത്രം സ്ഥലം കണ്ടെത്തിയിരുന്ന ചരിത്രാംശങ്ങൾ ക്രോഡീകരിക്കപ്പെട്ടു. ബ്രദർ ലിയോപോൾഡും വി. എ. പാസ്ക്കലും എൽ. എം. പൈലിയും മറ്റും ഏതാനും ഗ്രന്ഥങ്ങളിലൂടെ ലത്തീൻ ക്രൈസ്തവരുടെ പൈതൃകരൂപരേഖകൾ അവതരിപ്പിച്ചവരാണ്.

എന്നാൽ സ്വാതന്ത്ര്യലബ്ധിക്കുശേഷം ക്രൈസ്തവേതര സമുദായങ്ങളിലും വത്തിക്കാൻ കൗൺസിലിനുശേഷം ക്രൈസ്തവവിഭാഗങ്ങളിലും ഗവേഷണപ്രബന്ധങ്ങളുടെയും വിജ്ഞാനകോശങ്ങളുടെയും പരമ്പരകൾതന്നെ പുറത്തുവന്നു. പാർട്ടിക്കാരുടെ ലഘുലേഖകളും ബൃഹദ്ഗ്രന്ഥങ്ങളും വേറെ. മൈതാനങ്ങളും ഓഡിറ്റോറിയങ്ങളും ചച്ചാമറികളും സെമിനാർ ഹോളുകളും പൈതൃക പ്രഘോഷണവേദികളായി മാറി. ക്രൈസ്തവക്കെല്ലാം അന്യദേശീയസ്വഭാവം നല്കിക്കിവരും. മുസ്ലീംകൾ അതൊന്നും വകവച്ചില്ല. തങ്ങൾ അധികാരത്തിലിരുന്ന ഘട്ടത്തിൽ, പ്രത്യേകിച്ച് വിദ്യാഭ്യാസവകുപ്പ് കയ്യാളിയപ്പോൾ ഗവൺമെൻറ് ഗസറിയറുകളുടെ ചട്ടംപടിയുള്ള സവർണഭാഷ്യങ്ങൾ പാഠറുകൊട്ടയിലിട്ടു. ചില ജില്ലകളുടെ ഗസറിയറുകൾ അച്ചടിച്ചുകൊണ്ടിരുന്നപ്പോൾ പ്രസിൽനിന്നെടുത്തു തിരുത്തി. ചിലതു് സമ്പൂർണമായി തിരുത്തിയെഴുതി. ടിപ്പുസുൽത്താനെയും മറ്റും പററിയുള്ള വിവരണം തങ്ങളുടെ ഭാഷ്യംപോലെയാക്കി. മലബാർ ലഹള സ്വാതന്ത്ര്യസമരമായി. എതിർത്തവരെല്ലാം തീണ്ടുകൂട്ടക്കെട്ടിൽ ഒടുവിൽ അടങ്ങിയിരുന്നു. ഇങ്ങനെ ഇരുപതാംനൂറാണ്ടിൽത്തന്നെ വെട്ടംതിരുത്തും നടത്തിയ എത്രയോ സ്റ്റേറ്റ് മാന്വലുകളും സാംസ്ക്കാരികവിഭാഗം പ്രസിദ്ധീകരണങ്ങളുമുണ്ട് കേരളത്തിൽ!

ഈ പൈതൃകവിപ്ലവത്തിനിടയിൽ ബഹുമുഖപ്രശ്നങ്ങളിൽ തലയിടേണ്ടിവന്ന ലത്തീൻ ക്രൈസ്തവസമൂഹത്തിനു ഇതിഹാസരചനകളും വില്പനകളും ഇടവന്നില്ല.അങ്ങനെയൊരു വിജ്ഞാനകോശമില്ലാത്തതുകൊണ്ടു പ്രത്യേകിച്ചൊരു തരക്കേടും വിവരക്കേടും ആരും ആരോപിച്ചില്ല.

പക്ഷേ പൗരസ്ത്യതീവ്രവാദവും പാശ്ചാത്യചിന്താധാരകളും, തനിമയുടെ രൂപഭാവങ്ങളും ഉദയമ്പേരൂർ സുനഹദോസാനന്തരമെന്നപോലെ വത്തിക്കാൻ കൗൺസിലിനുശേഷം പക്ഷപാതപരമായി ആവിഷ്കൃതമായിത്തുടങ്ങിയതു്

malankaralibrary.com

ഉത്തരവാദപ്പെട്ടവരെ ഉണർത്തി. ആദ്യം കണ്ടില്ലെന്നവച്ചും പിന്നീട് കണ്ടിട്ടും കേട്ടിട്ടില്ലെന്നവച്ചും പ്രതികരിക്കാതെ പലപ്പോഴും കഴിഞ്ഞുള്ള. എന്നാൽ ഇരുപത്തൊന്നാം നൂറ്റാണ്ടിൽ അടുത്തുവരുന്നതുകൊണ്ടും പോർട്ടുഗീസ് മിഷനറിമാരുടെ അഞ്ഞൂറാമാണ്ട് വന്നുകയറുന്നതുമൂലവും ഈ വിവരക്കേടുകളെ സംബന്ധിച്ച അൽപം വിചിന്തനം വേണ്ടിവന്നു. പോർട്ടുഗൽ മിഷനറിസമ്പ്രദായത്തെക്കുറിച്ചുള്ള അനാവരണം ചെയ്യാൻ. ആദിനാവികരോടൊപ്പംവന്ന ആദിസുവിശേഷകർ.

പോർട്ടുഗൽ മിഷനറിബന്ധം മുതലുള്ള വിവിധ രേഖകളും ക്രോഡീകരിക്കുന്ന ഒരു പഠനവാതിൽ മ്യൂസിയം കൊച്ചി ബിഷപ്സ് ഹൗസ് ഹാളിൽ ആരംഭിച്ചതിന്റെ പശ്ചാത്തലമിതാണ്. ശ്രമണം രചനയുടെ ആദ്യഘട്ടമാണല്ലോ. പോർട്ടുഗൽ യൂറോപ്പിലെ ഒരു ചെറിയ രാജ്യം. അഞ്ഞൂറുവർഷംമുമ്പുള്ള ലോകക്രമത്തിൽ മുമ്പന്മാരായിരുന്ന അവർ. സ്പെയിൻകാരൻ ക്രിസ്റ്റഫർ കൊളംബസ് പടിഞ്ഞാറ് പോയി അമേരിക്ക കണ്ടെത്തി. പോർട്ടുഗൽ കപ്പിത്താൻ വാസ്കോഡിഗാമ കിഴക്കോട്ട് പാഞ്ഞ് ഗുഡ്ഹോപ്പ് മുനമ്പു ചുറ്റിയാണെങ്കിലും കോഴിക്കോട്ടുവന്നു.

പോർട്ടുഗൽ ജനത മറ്റാരെയുംകാൾ തീക്ഷ്ണതയുള്ളവർ. ഭാരതവുമായി വാണിജ്യബന്ധം പുലർത്തുവാൻ ആഗ്രഹിച്ച അവർക്ക് അറബികളുമായി ഏറ്റുമുട്ടേണ്ടിവന്നു. ചെങ്കടലിലൂടെയുള്ള യാത്ര ദുഷ്ക്കരം. അറബികളുടെ ആക്രമണമേഖല കൂടിയാണല്ലോ. അതിനാൽ പുതിയ മാർഗം അനിവാര്യം. ആഫ്രിക്ക ചുറ്റി ഇന്ത്യയിലേക്ക പോകുക. മാർഗം പ്രയാസപൂരിതമെങ്കിലും സുരക്ഷിതം. ധൈര്യം അവലംബിച്ച ആഫ്രിക്കാവൻകര മുഴുവൻ ചുറ്റി 1498-ൽ വാസ്കോഡിഗാമയുടെ സംഘം കോഴിക്കോടിനുവടക്കുള്ള കപ്പാട് വന്നെത്തി. കോഴിക്കോട്നഗരത്തിൽ നേരിട്ട വാണിജ്യം ആരംഭിച്ചു.

അറബികളുടെ മത്സരനയവും സാമൂതിരിപ്രീണനവും മൂലം വാണിജ്യഗതി തടസ്സപ്പെട്ടു. കൊച്ചിരാജാവിന്റെ ക്ഷണപ്രകാരം കൊച്ചിയിൽ അവരുടെ സ്ഥാനം ഉറപ്പിച്ചു. 1500-ലെ ഈ ബന്ധം യൂറോപ്പിനെയും ഭാരതത്തെയും അടുപ്പിച്ചു. സാംസ്ക്കാരിക സമ്പർക്കവും മിഷനറിപ്രവർത്തനവും ആരംഭിച്ചു. കൊല്ലം കേന്ദ്രമായി നേരത്തെ ക്രിസ്ത്യാനിത്തിന്റെ അപ്പസ്തോലികമായ ഉദ്ഘാടനം നടന്നിരുന്നെങ്കിലും ശക്തവും സമഗ്രവുമായ പ്രചരണം ആരംഭിച്ചതു പോർട്ടുഗീസാഗമനത്തോടെയാണ്.

കൊച്ചിയിൽ അവർ ഫോർട്ട് എമ്മാനുവൽ എന്ന കോട്ട നിർമ്മിച്ചു. യൂറോപ്പിലെ വൻകിട നഗരങ്ങളെപ്പോലെ കൊച്ചിയിലും നഗരനിർമ്മാണം. ദേവാലയങ്ങൾ, ആസ്പത്രികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, സന്യാസിനീസന്യാസിമന്ദിരങ്ങൾ, അനാഥാലയങ്ങൾ തുടങ്ങിയവ ത്യാഗധനരായ പോർട്ടുഗീസു മിഷനറിമാരുടെ കർമ്മരംഗങ്ങളായി. ഭാരത കത്തോലിക്കസഭയുടെ പുനർജനനം.

വിശുദ്ധ തോമസ് അപ്പസ്തോലനിൽനിന്നു ക്രൈസ്തവവിശ്വാസം സ്വീകരിച്ച കേരളീയർ പിന്നീട് വന്ന ശിശുമ സാമ്രാജ്യത്വത്തിന്റെ നിയന്ത്രണത്തിലായതിനാൽ റോമിലെ മാർപാപ്പയുമായി ബന്ധമില്ലാതെ കത്തോലിക്കസഭയിൽനിന്നു അകന്നാണു കഴിഞ്ഞിരുന്നതു. പോർട്ടുഗീസ് മിഷനറിമാരുടെ ആഗമനത്തോടെ അവർ റോമാസഭയുമായി ബന്ധപ്പെട്ടു. ഗോവ ആർച്ചുബിഷപ്പ് ഉദയംപേരൂരിൽ 1599-ൽ വിളിച്ചുകൂട്ടിയ ഒന്നാമത്തെ ഭാരതസുനഹദോസിൽ വച്ചു കേരള ക്രൈസ്തവർ അറിഞ്ഞോ അറിയാതെയോ അനുഷ്ഠിച്ചു വന്ന നെസ്തോറിയൻ സമ്പ്രദായങ്ങളും പരിത്യജിച്ചു. റോമിലെ കത്തോലിക്കസഭയോടായി പൂർണമായി രമ്യപ്പെട്ടു.

പ്രസ്തുത സുനഹദോസിന്റെ നിർദ്ദേശപ്രകാരം കേരളസഭയിൽ വന്ന മാറ്റങ്ങളും മൂലം നഷ്ടമായ അധികാരങ്ങളും വീണ്ടെടുക്കാൻ ചില വ്യക്തികളും പ്രോർ

malankaralibrary.com

ട്ടുഗീസ് നിയന്ത്രണത്തിൽനിന്നു സ്വതന്ത്രരായി പഴയ നെസ്തോറിയൻ ശീശ്മയിലേക്കു തിരിച്ചു പോകാൻ അവസരം കാത്തിരുന്നു. അവരുടെ പ്രേരണമൂലം 1653-ൽ മട്ടാഞ്ചേരിയിൽവച്ചു ക്നനൻകുരിശ്ശു സത്യപ്രതിജ്ഞ നടത്തി. ആ സംഭവത്തിനുശേഷം ആലങ്ങാട്ടുവച്ചു 12 വൈദികർ ചേന്നു ഒരുത്തനെ തങ്ങളുടെ മെത്രാപ്പോലീത്തയായി പ്രഖ്യാപിച്ചു. അങ്ങനെ കേരള സുറിയാനി ക്രിസ്ത്യാനികളും വീണ്ടും ശീശ്മയിൽ പതിച്ചു. ഇവരെ കത്തോലിക്കസഭയിലേക്കു തിരിച്ചുകൊണ്ടുവരാൻ കർമ്മലീത്തമിഷനറിമാരെ അയച്ചുകൊണ്ടു വന്നിക്കാൻ ശ്രമിച്ചു. എന്നിട്ടും കുറേപേർ സഭയിലേക്കു തിരിച്ചുവരാതെ ഇതരസഭകളിലേക്കു ചിന്നിച്ചിതറിപ്പോയി. പോർട്ടുഗീസുകാരുടെ ശ്രമഫലമായി ലത്തീൻ റീത്തു് സ്വീകരിച്ച കത്തോലിക്കസഭയിൽ അംഗങ്ങളായവർ ഈവക പാഷണ്ഡതകളിലൊന്നും പെടാതെ വിശ്വസ്തരായി നിലയുറപ്പിച്ചു. റോക്കോസ്, മേലൂസ് മുതലായവർ വഴി കേരള സുറിയാനിക്രിസ്ത്യാനികളിൽ പലരും ശീശ്മയിൽ വീണ്ടും പതിച്ചു. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികരുടെ 1923-ൽ മാത്രമാണു ഒരു ഹൈരാക്കി സ്ഥാപിതമായതു്.

പോർട്ടുഗീസുകാർ കേരളത്തിൽ വന്നില്ലായിരുന്നെങ്കിൽ കത്തോലിക്കസഭ ഇന്നു ഭാരതത്തിൽ ഉണ്ടാകുമായിരുന്നൊ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. അറബികളുടെ അന്നത്തെ പ്രവർത്തനത്തെ തന്ത്രപൂർവം പോർട്ടുഗീസുകാർ തടഞ്ഞില്ലായിരുന്നെങ്കിൽ ഇന്നു തെക്കെ ഇന്ത്യയിൽ ഒരു ഭക്ഷിണപാക്കിസ്ഥാൻ ഉണ്ടാകുമായിരുന്നു എന്നുവേണം ഊഹിക്കാൻ.

കൊച്ചിയിൽ പോർട്ടുഗീസുകാർ ആരംഭിച്ച മിഷൻപ്രവർത്തനം ഭാരതത്തിന്റെ നാനാദിക്കുകളിലേക്കും വ്യാപിച്ചു. 1534-ൽ ഗോവരൂപതയും 1557-ൽ കൊച്ചിരൂപതയും സ്ഥാപിതമായി. കൊച്ചിയിൽനിന്നു മിഷനറിമാർ ആദ്യം ഗോവയിലേക്കും (1510) പിന്നീടു് സിലോൺ, മദ്രാസ്, കൽക്കട്ട, ടിബറ്റ്, ബർമ്മ, മലേഷ്യ, മക്കാവൊ, ജപ്പാൻ മുതലായ നാടുകളിലേക്കും മിഷനറിമാരെ അയച്ചുകൊണ്ടു് പ്രവർത്തനം വിപുലമാക്കി. ഭാരതീയരായ നമുക്കു് ഈ സാഹസിക സുവിശേഷവൽക്കരണത്തിൽ അവരോടു കടപ്പാടില്ലേ?

മതപരമായ കാര്യങ്ങളിൽ മാത്രമല്ല, സാമൂഹികവും സാംസ്ക്കാരികവുമായ പല രംഗങ്ങളിലും പോർട്ടുഗീസുകാർ ചെയ്ത സേവനം അവിസ്മരണീയമാണു്. പാശ്ചാത്യവും പൗരസ്ത്യവുമായ രണ്ടു സംസ്ക്കാരങ്ങളെ ഭംഗിയായി കോത്തിണക്കി പുതിയൊരു സംസ്ക്കാരംതന്നെ പോർട്ടുഗീസുകാർ നമ്മുടെ നാട്ടിൽ രൂപംനൽകി. ഈവക കാര്യങ്ങളെ വിസ്മരിച്ചു് അവരുടെ പ്രവർത്തനങ്ങളെ താറടിച്ചുകാണിക്കാൻ ചിലർ ഈയിടെ ഒരുമ്പെട്ടുണ്ടു്. അവരുടെ 'ചരിത്രസ്തംഭനം' ഇതിനായി പാകംചെയ്തെടുത്തവയാണു്. സ്ഥാപനമേധാവികളായി വിരാജിച്ചുകൊണ്ടാണു് ഈ രചനകൾ. കാർമേഘങ്ങൾക്കു സൂര്യനെ നിത്യമായി മറച്ചുവയ്ക്കുക സാധ്യമല്ലല്ലൊ. സത്യം വീണ്ടും ശോഭിക്കും.

അരസഹസ്രാബ്ദംമുമ്പു മുതലുള്ള ഈ സാംസ്ക്കാരിക സമന്വയത്തിന്റെയും സുവിശേഷവൽക്കരണത്തിന്റെയും സമീകൃതവിവരണമാണു പ്രകൃതഗ്രന്ഥത്തിലുള്ളതു്. ലത്തീൻ ക്രൈസ്തവപാരമ്പര്യത്തിന്റെ കേന്ദ്രപ്രമേയമാണു പ്രതിപാദ്യം. പൈതൃകത്തിൽ സ്പർശിച്ചുള്ള ഏതു് പരാമർശവും പ്രത്യേക ശ്രദ്ധാവിഷയമാകും. കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തു് ആദ്യകാല ഈഴവനേതാക്കൾ രാജഭരണപാദസേവകരായിരുന്നെന്ന ഒരു പാർട്ടിത്തലവന്റെ പരാമർശം വരുത്തിയ വിവാദങ്ങൾ സ്മരണീയമാണു്.

പോർട്ടുഗീസുകാർ ഇന്ത്യയിലെ ക്രൈസ്തവരാജാവിനെ തേടി പുറപ്പെട്ടതു് അന്നത്തെ ലോകക്രമത്തിലെ അവരുടെ സുവർണഘട്ടത്തിലാണു്. രാജാവ് ക്രിസ്തുമതപ്രചാരകൻ, കഠിനാദ്ധ്വാനശീലരും തീക്ഷ്ണമതികളുമായ പ്രജകൾ, കുരുമുളകുറ നാവികവ്യൂഹമുണ്ടായിരുന്നതിനാൽ രാജ്യവിപുലീകരണം ലക്ഷ്യമാ

malankaralibrary.com

ക്കി. മൂർവർഗക്കാരുടെ ആക്രമണംമൂലം അവരോടും അനുഭാവികളോടും ശത്രുത നിലനിന്നു. സ്പെയിൻ-പോർട്ടുഗൽരാജ്യം അവരിൽനിന്നു മോചിപ്പിച്ചെടുത്തതാണു്. ലോകത്രപേടത്തിൽ മുസ്ളീംങ്ങളോടു പട്ടവെട്ടിയാണു് പോർട്ടുഗൽ അഗ്രിമ സ്ഥാനമുറപ്പുവന്നതു്. പുതിയ രാജ്യങ്ങളം കണ്ടെത്തുകയും അവിടെ കോളനികളം സ്ഥാപിക്കുകയും ചെയ്യുമ്പോളം സ്വാഭാവികമായി ക്രിസ്തുമതം പ്രചരിപ്പിക്കാമെന്ന നയത്തിനു മാർപാപ്പ പ്രോത്സാഹനം നൽകി.

വാസ്ക്കോഡിഗാമയുടെ ഭാരതപ്രവേശനകാലത്തു് ഉത്തരേന്ത്യ അനൈക്യത്തിൽപെട്ടിരുന്നു. മലയാളനാട്ടിൽ കുരുമുളകും സുറിയാനിക്രിസ്ത്യാനികളും. ക്രൈസ്തവകടിയേറ്റത്തിലൂടെ സമുദായമൈത്രി അരക്കിട്ടുറപ്പിച്ചിരുന്ന നാടു്. ചെല്ലുന്നിടത്തെല്ലാം മതപരിവർത്തനം ലക്ഷ്യമാക്കിയ പോർട്ടുഗീസുകാർ നിലവിലുള്ള സഭയെ ഓർത്തഡോക്സാക്കി. മാനസാന്തരതരംഗം സൃഷ്ടിച്ചു. മുസ്ളീം സാമ്രാജ്യങ്ങളെ തോല്പിച്ചുവന്നിരുന്ന കപ്പൽവ്യൂഹങ്ങളിൽ ധാരാളം മിഷനറിമാർ. ഭാരതമാർഗം കണ്ടെത്തിയതോടെ ഫ്രാൻസിസ്ക്കൻ സന്യാസിമാർ മുമ്പോട്ടുവന്നു. യാത്രക്കുമുമ്പു് കർബാനയിൽ സംബന്ധിച്ചു് മാലാഖമാരുടെ പേരിട്ട കപ്പലിൽ ക്രൈസ്തവപതാക പറപ്പിച്ചും സ്റ്റോപ്പുകളിൽ കുരിശുനാട്ടിയുമുള്ള ആഗമനം ജൈത്രയാത്ര തന്നെ. മുസ്ളീം എതിർപ്പും സാമൂതിരി വൈരവും മൂലമാണു കൊച്ചിയിലേക്കു പോരേണ്ടിവന്നതു്. ഗാമയുടെ ആദ്യയാത്രയിലെ വാണിജ്യത്തിൽ അറുപതിരട്ടിലാഭം. മാനസാന്തരമേഖലകം അനന്തമായതിൽ യൂറോപ്പിലേക്കും ദൈവത്തിനു സ്തുതികം ഉയർന്നു. അറബിവ്യാപാരമേഖലകളിൽ ക്ഷീണതയും. സാമൂതിരി പിണങ്ങിയപ്പോൾ കോലത്തിരി-കൊച്ചിരാജാക്കന്മാർ ഇണങ്ങി. അത്യാഹിതങ്ങളും അറബാക്രമണങ്ങളും നേരിട്ടായിരുന്ന വരവും പോക്കും.

കൊച്ചിയോടു മമത കാട്ടിയ ഗാമയും കൂട്ടരും കോഴിക്കോട്ടു ക്രൂരമായി പെരുമാറി. സാഹസികപ്രവേശനത്തിൽ കുരുണക്കല്ലെല്ലാം മുൻതൂക്കം. കൊച്ചിയിൽ ഒന്നാമതായി ആധിപത്യം സ്ഥാപിച്ചു. മിഷനറിമാരുടെ കേന്ദ്രവും കൊച്ചിയായി. കൊച്ചി നഗരമാകാൻ വേണ്ട സാഹചര്യങ്ങളം. കൊടുങ്ങല്ലൂരും വൈപ്പിൻകരയും ഈ മേഖലയിൽ ഉൾപ്പെട്ടു. കോഴിക്കോടുമേഖലയിൽ തലശേരിക്കോട്ട പ്രധാനം. കണ്ണൂരാണു മറെറാരാസ്ഥാനം. കർണാടകതീരങ്ങളിലും പോർട്ടുഗീസ് പതാക പാറിക്കളിച്ചു.

ഗോവയിലും സാൽസെറ് ദ്വീപിലും തകർക്കാൻ പററാത്ത മതസഹിഷ്ണുത അരങ്ങേറി. ക്രൈസ്തവഹൈന്ദവസംഘട്ടനങ്ങളിൽ മിഷനറിമാർ രക്തസാക്ഷികളായി. ക്രിസ്ത്യാനികളെ മൃഗീയമായി വേട്ടയാടിയ പല സംഭവങ്ങളുമുണ്ടു്. ആദിമ ക്രൈസ്തവരുണ്ടായിരുന്ന കൊല്ലത്തിനു ചൈനയുമായുണ്ടായിരുന്ന സമ്പർക്കം പ്രസിദ്ധമാണല്ലോ. അപ്പസ്തോലികസഭയുടെ ആരംഭം കൊല്ലത്തായിരുന്നെങ്കിലും തുടച്ചു പാലിക്കാൻ വിധി അനുവദിച്ചില്ല. എങ്കിലും കൊല്ലംനഗരപരിഷ്ക്കരണത്തിലും കൊല്ലംരൂപതയുടെ പുന:സ്ഥാപനത്തിലും മിഷനറിമാർ മികവു് കാട്ടി.

കൊറമണ്ഡൽതീരത്തു് സെൻറ് ഫ്രാൻസിസ് സേവ്യറുടെ കഠിനപരിശ്രമത്തിൽ പ്രാബല്യംപൂണ്ട മാനസാന്തരപ്രക്രിയ ഫിഷറി കോസ്റ്റിലെങ്ങും ക്രൈസ്തവപതാക ഉയർത്തിക്കെട്ടുന്നതിനു സഹായിച്ചു. ഗോവയാകട്ടെ പോർട്ടുഗീസ് തലസ്ഥാനമായി. ഏഷ്യയിലെ റോമ. പോർട്ടുഗീസധിനിവേശക്കാലത്തു് ക്രിസ്ത്യാനികളാരും ഇല്ലാതിരുന്ന അവിടം പുതിയ തലമുറകളിലൂടെ ക്രൈസ്തവമതാധിഷ്ഠിതനഗരമായി വളർന്നതിനു പിന്നിൽ മിഷനറി രക്തസാക്ഷികളുടെ കഥയുണ്ടു്. ഡോ. അലക്സ് മെനേസിസ് ഗോവആർച്ചുബിഷപ്പായതു മുതൽ ഭാരതസഭ ആഗോളതലത്തിൽ അനനശരയശസ്സു് നേടി. ആഗോളരൂപതയായ ഗോവ ഇന്ത്യയിലെ പോർട്ടുഗീസ് കോളനികളുടെ സിരാകേന്ദ്രമായി. ബാസ്സൂ

malankaralibrary.com

യിന്നും ചാവുള്ളം കരഞ്ജയും ഡാമനും ഡിയുവും സഭാസംസ്ക്കാരത്തിന്റെ പിടിയിലമർന്നു. ബോംബെയിൽ ഈശോസഭാമിഷനറിമാർ വിദ്യാഭ്യാസരംഗത്തു് വെന്നിക്കൊടി ഉയർത്തി.

ഫ്രാൻസിസ്ക്കൻ മിഷനറിമാരാണു് ആരംഭകാലത്തു് ജ്ഞാനസ്നാനത്തിനു തുടക്കമിട്ടതു്. കൊച്ചിയിലും ശോഭയിലും അവർ ആശ്രമങ്ങളും സ്ഥാപിച്ചു. കൊച്ചി സെൻറ് ഫ്രാൻസിസ്പള്ളി, ഫ്രാൻസിസ്ക്കൻ സെമിനാരി, വേളാങ്കണ്ണിപള്ളി, സമൂഹജ്ഞാനസ്നാനം മുതലായവ ആ മിഷനറി സമൂഹത്തിന്റെ സ്മരണ ശാശ്വതമാക്കി.

ഈശോസഭാമിഷനറിമാർ താരതമ്യേന സമഗ്രമായ പ്രവർത്തനശൈലി സ്വീകരിച്ചു. സെൻറ് ഫ്രാൻസിസ് സേവ്യർ അവരുടെ ചൈതന്യവും ചാലകശക്തിയുമായി. ഫിഷറികോസ്റ്റിൽ നവോത്ഥാനത്തിന്റെ നാന്ദികുറിച്ച അദ്ദേഹം. കേരളത്തിലെ പിന്നോക്കവിഭാഗ സാമൂഹ്യപ്രവർത്തനങ്ങളുടെ ആരംഭകനും അ സാന്മാർഗികാചാരങ്ങളുടെ അന്തകനുമാണദ്ദേഹം.

ഡൊമിനിക്കൻ സന്യാസികളിൽ ഫാ. ജോൺ റൊസാരിയൊ, എഡ്വേർഡ് നൂനസ്, ഫാ. ഖാസ്കെവസ് തുടങ്ങിയവരുടെ സേവനം ഭാരതചരിത്രത്തിൽ സ്ഥാനംപിടിച്ചിട്ടുണ്ട്. ബംഗാൾ ആയിരുന്നു അവരുടെ ഒരു പ്രധാന വേദി. അഗസ്തീനിയൻ സഭക്കാരും ഗോവയിലും ബംഗാളിലും മാനസാന്തരയജ്ഞങ്ങളും നടത്തിയവരാണു്. കർമ്മലീത്തസഭക്കാരുടെ ഏറ്റവും ക്ലേശകരമായ പ്രവർത്തനപാരമ്പര്യം അവകാശപ്പെടാവുന്നതു് കേരളത്തിനാണല്ലൊ.

മിഷനറി പ്രമുഖരിൽ സെൻറ് ഫ്രാൻസിസ് സേവ്യർ ദുർബല വിഭാഗങ്ങളുടെ വിമോചകനായി വിശേഷിപ്പിക്കപ്പെടുന്നു. കൊറമണ്ഡൽ മുതൽ കൊങ്കണതീരംവരെ മാനസാന്തരതരംഗം ഉണർത്തിവിട്ട വിശുദ്ധൻ കൊച്ചിയിൽ പന്ത്രണ്ടു തവണ വന്നതും ആകെ നൂറിരുപത് ദിവസം അന്തിയുറങ്ങിയതും ഈ പ്രദേശത്തിന്റെ തിളക്കമാർന്ന സംഭവമാണു്. ഗോവയിലെ മാസ്മരപേടകത്തിൽ ആ പുണ്യശരീരം ഇന്നും അനേകായിരങ്ങൾക്കു വീരും വിശുദ്ധിയും പകരുന്നു.

ഡോ. അലക്സ് മെനേസിസ് സഭയുടെ പുനരുദ്ധാരകനും ആചാര്യശ്രേഷ്ഠനുമാണു്. ആസൂത്രണത്തിലും അതിന്റെ നിർവഹണത്തിലും അഗ്രഗാമി. അനിവാര്യമായ നവീകരണമഹാസമ്മേളനത്തിലൂടെ കാലോചിതമായ കാനോനകരം ആവിഷ്ക്കരിച്ച കരുത്തൻ. ഖാസ്റ്റോഡിഗാമ, അൽമേഡ, അൽബുക്കർക്ക് തുടങ്ങിയ വൈദ്രേസായിമാരുടെ സാഹസികോദ്യമങ്ങളും, അവരുടെ നിർണായകമായ നാവികയുദ്ധങ്ങളും, ലത്തീൻക്രൈസ്തവരുടെ നവേതരസ്ഥാനകർമ്മപരിപാടികളും, ലത്തിനീകരണമെന്ന കൃകതാനത യത്നങ്ങളും, പോർട്ടുഗൽരാജസംരക്ഷണാധികാരം തുടങ്ങിയവ ആഴത്തിൽ വിലയിരുത്തേണ്ട പ്രമേയങ്ങളും തന്നെ. സാർവജനീനവും സാർവലൗകികവും ആയ ലത്തീൻറീതിയുടെ ഈവകനീക്കങ്ങൾക്കു കേരളീയരുടെ നിർലോഭമായ സഹകരണമുണ്ടായി.

കേരളവും പോർട്ടുഗലും തമ്മിലുള്ള ഗാഢബന്ധം ഭാഗികമായെങ്കിലും ദ്യോതിപ്പിക്കുന്നതാണു് കൊച്ചിയിലെ പഴ്വാതൊ മ്യൂസിയം. ലത്തീൻ ക്രൈസ്തവസഭയുടെ ഇന്നത്തെ ഉന്നമനത്തിനു പൈതൃകമായ ഇതിഹാസം. കേരളത്തെ ഇത്ര അഗാധമായി സ്വാധീനിച്ച മറ്റൊരാൾ വിദേശരാഷ്ട്രമുണ്ടോ? നൂറൊണ്ടുകളുടെ പഴക്കമുള്ള ഇന്ത്യാ-പോർട്ടുഗൽബന്ധം ശോഭനമായ വഴിത്താരയിലൂടെ തിരിച്ചുവിടാൻ വന്ന ഇന്നത്തെ പോർട്ടുഗൽ പ്രസിഡൻറ് ഡോ. മാരിയൊ സ്വാരസിന്റെ വാക്കുകൾക്കു വൈകാരിക പ്രാധാന്യമുണ്ട്. യൂറോപ്യൻ സാമ്പത്തിക സമൂഹത്തിലേക്കു ഇന്ത്യയുടെ കവാടമാകാൻ കോളനികൾ കൈവെടിഞ്ഞ പോർട്ടുഗലിനു കഴിഞ്ഞേക്കും. 'പോർട്ടുഗൽയുഗത്തിലെ ഭാരതസഭ' പ്രകാശനംചെയ്യുന്ന സോഷ്യലിസ്റ്റ് മധ്യവർത്തിയും മികച്ച ഗ്രന്ഥകാരനുമായ ഡോ. സ്വാരസ് ചരിത്രനിയോഗചടങ്ങിനാണു കൊച്ചിയിൽ ആരംഭം കുറിക്കുന്നതു്-ഭാരതപ്രവേശനത്തിന്റെ അഞ്ഞൂറാമാണ്ടാചരണം.

malankaralibrary.com

സമുദായബോധന മാധ്യമം

ഡോ. പീറ്റർ തുരുത്തിക്കോണം, വിജയപുരം ബിഷപ്പ്

കേരളചരിത്രത്തിലെ ചുരുക്കം ചില ആണ്ടുകളെ അവാർഡ് കിട്ടിയവയാണ്. അതിലൊന്നാണ 1498. കേരളേതിഹാസത്തെ അതിനു മുൻപെന്നും പിൻപെന്നും വ്യവഹരിക്കാം. ത്യാഗോജ്വലമായ അന്വേഷണപരതയുടെയും സാഹസികയാത്രകളുടെയും കഥ ഉദ്ഘോഷിപ്പിക്കുന്ന വർഷം. മലയാളനാടിന്റെ ഭാഗധേയം വഴിത്തിരിവു സൃഷ്ടിച്ച കാലഘട്ടം. പോർട്ടുഗീസു നാവികസഞ്ചാരി വാസ്കോഡിഗാമ കോഴിക്കോട്ടെ കപ്പാടു വന്നു നവോത്ഥാനത്തിന്റെ കാൽവയ്പു നടത്തിയ മുഹൂർത്തവൽസരം. അതിനു അഞ്ചുനൂറാണ്ടു തികയുന്ന ദശകമാണിത്.

പുനരന്വേഷണവും പുനരാഖ്യാനവും പുനർനിർമ്മാണവും ജീവിതശൈലിയാക്കിയിട്ടുള്ള ഈ ദശകത്തിൽ പോർട്ടുഗൽ പ്രസിഡന്റ് ഡോ. മാരിയോ ആൽബർട്ടോ നോബർ സ്വാരസ് ദശദിനങ്ങളുടെ ഭാരതസന്ദർശനത്തിനുവന്നതു പ്രതീകാത്മകവും പ്രത്യുത്ഥാനപരവുമായ പ്രക്രിയയുടെ ഭാഗമാണ്. ഇന്ത്യയിലെ പോർട്ടുഗൽ കോളനിവാഴ്ചയുടെ പാരമ്പര്യം തുടിക്കുന്ന മിക്ക കേന്ദ്രങ്ങളും അദ്ദേഹവും കൂടെയുള്ള അൻപതംഗസംഘവും സന്ദർശിക്കുന്നുണ്ട്. മുപ്പതുവർഷം മുൻപ് ഇവിടത്തെ പോർട്ടുഗീസ് കോളനികളിൽനിന്നു നിഷ്ക്കാസിതരായതിനുശേഷം ആദ്യമായാണു ഒരു പോർട്ടുഗീസ് രാഷ്ട്രത്തലവൻ ഭാരതത്തിൽ കാലുകുത്തുന്നതു. കൊച്ചിയിൽ രണ്ടുനാളത്തെ സന്ദർശനത്തിനിടയിൽ പോർട്ടുഗൽ സംസ്ക്കാരത്തിന്റെ പിള്ളത്തൊട്ടിലുകളം അദ്ദേഹവും സംഘവും സമീക്ഷിക്കുന്നുണ്ട്.

ഈ വർഷത്തെ റിപ്പബ്ലിക്കു ദിനത്തിലെ മുഖ്യാതിഥിയായ ഈ സോഷ്യലിസ്റ്റ് പാർട്ടിനേതാവു ഭാരതരാഷ്ട്രമേധാവികളുമായി ആശയവിനിമയം നടത്തുന്നു. പോർട്ടുഗലിൽ കോളനിഭരണത്തെ എതിർത്തു ജനാധിപത്യമുറയിൽ ഭരണസാരഥ്യമേറ്റ അദ്ദേഹം ഇന്ത്യയുമായി മുൻകാല സാംസ്ക്കാരിക ബന്ധത്തിന്റെ പശ്ചാത്തലത്തിൽ ഒരു ഉറന്ന ചർച്ചക്കാണു ആഗതനാകുന്നതു. പോർട്ടുഗലിൽ ഒരു ഹിന്ദുക്ഷേത്രം നിർമ്മിക്കുന്നതിനു മുൻകൈയെടുത്ത ഈ നേതാവ് പോർട്ടുഗൽ നാവിക സഞ്ചാരങ്ങളുടെയും രാജ്യങ്ങളും കണ്ടെത്തലുകളുടെയും അഞ്ഞൂറാംവർഷദശകം കൊണ്ടാടുന്നതിനു പല ഏഷ്യൻ രാജ്യങ്ങളും സന്ദർശിച്ചുവരികയാണ്. ഇൻഡോ-പോർട്ടുഗൽ ബന്ധത്തിന്റെ സമസ്തഘടകങ്ങളും വിലയിരുത്തി പുതിയ സാംസ്കാരിക-വാണിജ്യ-രാഷ്ട്രീയ കാഴ്ചപ്പാടുകൾക്കു രൂപം കൊടുക്കുകയാണു ലക്ഷ്യം. ഇതൊരു ആഗോളപ്രതിഭാസമായി വീക്ഷിക്കുന്ന ഡോ. സ്വാരസ് ലോകത്തിലെങ്ങും പോർട്ടുഗൽ സാന്നിധ്യമുണ്ടായതിന്റെ രൂപരേഖ പഠിക്കുന്നു. തങ്ങളുടെ പൂർവികർ അന്നത്തെ വ്യവസ്ഥിതിയിലും പശ്ചാത്തലത്തിലുംചെയ്ത പ്രവർത്തനങ്ങളെ വിലയിരുത്തുന്നു. നേരത്തെ ഈവക നീക്കങ്ങളും പഠിക്കുന്നതിലേക്കും ഗവേഷണം ചെയ്യുന്നതിലേക്കും വലിയൊരുപറ്റം പണ്ഡിതരെ പോർട്ടുഗൽ ഗവൺമെൻറ് നിയോഗിച്ചിരുന്നു. മിക്ക ഏഷ്യൻ രാജ്യങ്ങളും ഈ പുനരന്വേഷണത്തിനും പുനർനിർമ്മാണത്തിനും ആത്മാർത്ഥമായി സഹകരിക്കുന്നുണ്ട്.

malankaralibrary.com

ഇന്ത്യയിലും ഈവക പുനർവിചിന്തനങ്ങളുടെ പുഷ്പിതഫലം സ്വാഗതം ചെയ്യുന്നവരാണു കൂടുതലും. അവയെ പിന്തുണയ്ക്കുകയും ശാശ്വതവൽക്കരിക്കയും ചെയ്യുന്നതിനെറ ഭാഗമായാണു പോർട്ടുഗൽ പ്രസിഡൻറിൻെറ പത്തുനാൾ ഭാരതപര്യടനം. മറെറാരു യൂറോപ്യൻ രാജ്യവും ഇത്രയേറെ പുതിയ രാജ്യങ്ങൾ കണ്ടെത്തിയിട്ടില്ല. കോളനികളുടെ സംഖ്യയിലും പോർട്ടുഗൽതന്നെ മുൻപിൽ. അഞ്ചു ദശവർഷം മുൻപു് ആഗോള മേൽക്കോയ്മകളും വൻകിടനാവികശക്തികളുമായിരുന്ന പോർട്ടുഗലും സ്പെയിനും പുതിയ രാജ്യങ്ങൾ കണ്ടെത്താൻ സാഹസികയാത്രകൾ നടത്തിയതു് ലോകചരിത്രത്തിലെ വർണരഭിതമായ അധ്യായമാണു്. സ്പെയിനിലെ ക്രിസ്റ്റഫർ കൊളംബസ് പടിഞ്ഞാറോട്ടു് പുറപ്പെട്ട അമേരിക്കയും മറും കണ്ടെത്തി. പോർട്ടുഗൽകാരനായ വാസ്കോഡിഗാമ കിഴക്കോട്ടു തുഴഞ്ഞു ഗ്രഡ് ഹോപ്പു് മുനമ്പു ചുററി കോഴിക്കോട്ടു വന്നു. ഇരുവരും പിന്നീടു് പാശ്ചാത്യ-പൗരസ്ത്യ വേർതിരിവു സൃഷ്ടിച്ച പ്രയാണങ്ങളിലൂടെ ലോകനാഗരികതയും വാണിജ്യാദിവൃത്തികളും സാഗ്രപരിവർത്തനത്തിനു വിധേയമാക്കിയതു് ചരിത്രനാൽക്കവലയിലെ ഇതിഹാസമാണു്.

കേരളത്തിലും ഇന്ത്യയിലും ഇതിൻെറ അനുരണനമുണ്ടായി. വെല്ലുവിളികളിലും, പ്രതികരണങ്ങളിലും, അന്വേഷണങ്ങളിലും, നിർമ്മാണങ്ങളിലും നമ്മുടെ പൂർവ്വികരും പങ്കാളികളായി. കിരീടങ്ങളും ചെങ്കോലുകളും തെറിക്കയും നാഗരികതകൾ കീഴ്മേൽ മറിയുകയും ചെയ്തു. കേരളത്തിൽ കുരുമുളക് കുത്തകയും കൈസ്വാധീശത്വവും സ്വന്തമാക്കിയ പോർട്ടുഗീസുകാർ പരോക്ഷമായും പ്രത്യക്ഷമായും ബന്ധപ്പെട്ടിട്ടുള്ള ഒരു ലത്തീൻസമുദായം ഇവിടെയുണ്ടു്. ഇരുപതുലക്ഷം ജനങ്ങളുടെ ധന്യമായ സമൂഹം. ഒരു നൂറാണ്ടു മുൻപു് സെൻസസ് ആരംഭിച്ചതോടെയാണു് അതു് കേരളത്തിൽ വ്യതിരിക്തമായതു്. ആ സമുദായ സാധുതാനിർണയത്തിൽ ഹൈന്ദവ-ക്രൈസ്തവ-മുസ്ലീം ജനവിഭാഗങ്ങളിലായി രണ്ടു ഡസനോളം സമുദായ-സഭാവിഭാഗങ്ങളും തനിമയുടെ രൂപഭാവങ്ങളും ഉൾക്കൊണ്ടു. ചരിത്രകാരൻമാർ ചലച്ചിത്രാവിഷ്കാരംപോലെ ആ കഥയെഴുതി. നവോത്ഥാനനേതാക്കളും അരങ്ങേറി. സമുദായസംഘടനകളും ഹൈരാർക്കികളും രൂപംകൊണ്ടു. പത്തൊൻപതാംനൂറാണ്ടിലെ അന്ത്യപാദത്തിലുണ്ടായ ഈ അംഗസംഖ്യാനിർണയപ്രക്രിയയിലെ അനന്തരഫലങ്ങളും സമുദായസാധുതയ്ക്കു അംഗീകാരം നല്കി.

അവയിൽ പിന്നോക്കമെങ്കിലും പൈതൃകത്തിൽ മുന്നോക്കംതന്നെയായ, പുതുതെങ്കിലും പുരാതനമായ ലത്തീൻ ക്രൈസ്തവർക്കു കൊല്ലംമുതൽ ഗ്രഡ്ഹോപ്പു് മുനമ്പു് ചുറാലിൻെറ കാലംമുതലുള്ള കഥയാണുള്ളതു്. അതാണു പോർട്ടുഗൽയുഗത്തിലെ ഭാരതസഭയിൽ വിന്യസിച്ചിട്ടുള്ളതു്. മൂന്നൂറാണ്ടുകളുടെ ചരിത്രം. അതിൽ പോർട്ടുഗൽരാജാവിൻെറ ആജ്ഞാപ്രകാരം മാലാഖമാരുടെ പേരിട്ട പായ്ക്കപ്പലുകളിൽ കുരിശുപതാക പറപ്പിച്ചു് പടക്കപ്പലുകളുടെ അകമ്പടിയോടെ രാജ്യാന്വേഷണസംഘം ജൈത്രയാത്ര നടത്തിയതുമുതൽ ഇന്നത്തെ പത്തുലക്ഷം ലത്തീൻ ക്രൈസ്തവർ ഒൻപതു് ശ്രുപതകളിലായി അത്രയും വൈദികാധ്യക്ഷന്മാരുടെ പതാകയിൻകീഴു് വിരാജിക്കുന്നതു് ചിത്രീകരിച്ചിരിക്കുന്നു.

കൊറമണ്ഡൽതീരം മുതൽ കൊങ്കണതീരംവരെ ഈ നാഗരികതയുടെ നാൽക്കെട്ടകം ദൃശ്യമാണു്. വാണിജ്യാർത്ഥമുള്ള കോട്ടകം, ആത്മീയോൽക്കർഷത്തിൻെറ ദേവാലയങ്ങൾ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ മന്ദിരങ്ങൾ, നാഗരികതയിൽ കൃതിപ്പുകളുയർത്തിയ കോളജുകൾ, വൈദികത്വത്തിൻെറ ഉപരിപഠനാലയങ്ങൾ, സാക്ഷരതയുടെ തപസ്സുയർത്തിയ അക്ഷരശാലകൾ, സർവോപരി പുതുയുഗത്തിനു തിരുപ്പിറവി കുറിച്ച കുടുംബലക്ഷങ്ങൾ-ഇവയെല്ലാം സന്ധ്യേളിക്കുന്ന പശ്ചിമതീരം പോർട്ടുഗീസു സ്മാരകമെന്നു വിശേഷിപ്പിക്കുമ്പോൾ പലർക്കും സ്വതസിദ്ധമായ പോർട്ടുഗൽ പ്രകോപനം ഉണ്ടായെന്നു വരും. സെൻറ് ഫ്രാൻസിസ് സേവ്യറെപ്പോലും പൈതൃകത്തിൽ ചേർക്കാത്തവരുടെ ഏകപക്ഷീ

malankaralibrary.com

യമായ ഗവേഷണപര്യാലോചനങ്ങളും ഈ സുവിശേഷവൽക്കരണ ദശകത്തിലും അരങ്ങു തകർക്കുന്നു.

വത്തിക്കാൻ കൗൺസിലിനുശേഷം വന്നണഞ്ഞ വ്യക്തിസ്വാതന്ത്ര്യം ഉപയോഗിച്ചു സഭാവിരുദ്ധരും തീവ്രവാദികളും നിരീശ്വരപ്രസ്ഥാനക്കാരും പോലും ചെയ്യാൻ മടിക്കുന്ന സഭാമലിനീകരണശ്രമമല്ലേ ഈ ദശകത്തിൽ നടമാടുന്നതു്. തങ്ങളുടെ തനിമയും പൊലിമയും ഉറപ്പിക്കാനും വിദേശരാജ്യങ്ങളിൽ നിന്നു കൂടുതൽ അനുഭവം നേടാനും മറ്റുള്ളവരുടെമേൽ പഴിചാരുന്ന ചരിത്രാവിഷ്കാരങ്ങളും മാർക്കറ്റു പിടിച്ചെടുത്തിരിക്കയാണിപ്പോഴും. ടിപ്പുസുൽത്താനെയും മറ്റും ചിലരുടെ ചരിത്രാവിഷ്കാരങ്ങളിൽ വികൃതമാക്കിയതു് ചെറുത്തു തോല്പിച്ചു് ഗവൺമെൻറു് ഗസറ്റിയറുകളും പാഠപുസ്തകങ്ങളും തിരുത്തിയെഴുതിപ്പിച്ചു മുസ്ളീം സമുദായത്തിൻെറ രാഷ്ട്രീയ സാമൂഹിക നീക്കം ഇവിടെ സ്മരണീയമാണു്. ഭരണാധികാരമുണ്ടെങ്കിൽ നടത്താവുന്ന വെട്ടും തിരുത്തും.

മുൻപറഞ്ഞതിനു കാരണക്കാർ ഹൈന്ദവ സവർണരെങ്കിൽ ലത്തീൻസമുദായ വിരോധം ആളിക്കത്തിക്കുന്നതു് ക്രൈസ്തവസവർണരാണെന്നു പറയേണ്ടിവരും. സഭൈക്യവും സുവിശേഷവൽക്കരണവും ദശകംദശകമായി കെട്ടിപ്പടുക്കുന്ന ഈ ദശകത്തിൽതന്നെയാണു സഹോദരസമുദായത്തിൻെറ നേർക്കുള്ള ഈ വീരപരാക്രമചരിത്രാവിഷ്കാരം. ഇതര സമുദായങ്ങളും ശത്രുസമൂഹങ്ങളും ഉപയോഗിക്കാൻ പാകത്തിൽ ആയുധംകൊടുക്കുന്ന ഈ സംഘടിത മുന്നേറ്റത്തിനു കൂട്ടുനിൽക്കുന്നില്ലെങ്കിലും തുറന്നു കാട്ടേണ്ടതു് ചരിത്രപരമായ കടമയാണു്. രണ്ടു മൂന്നൂറ്റാണ്ടുകളിലെ പ്രേഷിതപ്രവർത്തനങ്ങളെ അന്നത്തെ പരിതോവസ്ഥകളിൽനിന്നു പറിച്ചുമാറ്റി തങ്ങൾക്കുതകുംവിധം ഭാഷ്യം ചമച്ചുവിടുന്ന ഏർപ്പാടു്. പോർട്ടുഗലിലെ മാറിയ ഭരണകൂടവും ഭാരതത്തിലെ പരിപക്വമായ ജനാധിപത്യ ഭരണ നേതൃത്വവും പരസ്പരധാരണയിലൂടെ നീങ്ങാൻ ഒത്തുകൂടുമ്പോഴും ചരിത്രത്തിലെ പാളിച്ചകളും വാരിക്കുട്ടുകയും പോഷണശ്രമങ്ങളും വിസ്മരിക്കയും ചെയ്യുന്നതു് എത്രമാത്രം ഉചിതമെന്നു അനുവാചകരാണു തീരുമാനിക്കേണ്ടതു്.

ഇൻഡോ-പോർട്ടുഗീസു് ധാരണയുടെ ദശകത്തിൽ സന്ദർഭോചിതമായീ ഈ യുഗവും അതിലെ നീക്കങ്ങളും അവലോകനംചെയ്യാൻ ചരിത്രശാഖയിൽ പരിണതപ്രജ്ഞനായ ഫാ. ജോൺ പള്ളത്തു് മുതിർന്നതിൽ ആശ്വാസവും ആത്മസംതൃപ്തിയും തോന്നുന്നു. യുഗാന്തരങ്ങളിലെ ചരിത്രം ക്രോഡീകരിക്കുക മാത്രമല്ല, വരികൾക്കിടയിലെ സംഭവങ്ങൾക്കു സാർത്ഥകവും സാന്ത്വനപരവുമായ വിശദീകരണവും അദ്ദേഹം നൽകിയിട്ടുണ്ടു്. പൈതൃകഭ്രാന്തിൻെറയോ പക്ഷപാത തിമിരത്തിൻെറയോ അംശങ്ങളും പരതിനോക്കിയാലും കാണാത്ത പര്യാലോചനം. ഒന്നിനെയും തുറന്നടിക്കാതെയും ആരോടും പരിഭവിക്കാതെയുമുള്ള പ്രതിപാദനം. ഈ ദശകത്തിൽ ലത്തീൻ ക്രൈസ്തവസമൂഹത്തിൻെറ ആദർശാടിത്തറയിൽ വിള്ളലുണ്ടാക്കാൻ വെമ്പുന്നവർക്കു ബോധവൽക്കരണത്തിനുള്ള ഒരു മാധ്യമമായിരിക്കട്ടെ ഈ ഗ്രന്ഥം.

malankaralibrary.com

യുഗവിധാന സംഭവങ്ങൾ

1498-1998

1498: വാസ്കോഡിഗാമ മെയ് 20-ന 3 കപ്പലുകളോടും 100 നാവികരോടും കൂടി കോഴിക്കോടിനു സമീപമുള്ള 'കപ്പാട്' വന്നു. നവംബർ 20-ന മടങ്ങി.

1500: വൈസ്രോയി കബ്രാൾ 13 കപ്പലുകളും 1500 ആളുകളുമായി സെപ്റ്റംബർ 21-ന കോഴിക്കോട്ട്.

1500: മെയ് 8-ന എട്ട പോർട്ടുഗീസ് ഫ്രാൻസിസ്കൻ സന്യാസികളും കോഴിക്കോട്ട്.

1500: നവംബർ 16-ന മൂന്നു സന്യാസികളെ മുസ്ലീമുകൾ വധിച്ചു.

1500: നവംബർ 26-ന കൊച്ചിയിൽ പോർട്ടുഗീസുകാർ. കൊച്ചി മിഷന്റെ ആരംഭം.

1500: ഡിസംബർ 24-ന നാലു ഫ്രാൻസിസ്കൻ വൈദികരുമായി കബ്രാൾ കൊച്ചി സന്ദർശിച്ചു.

1502: നവംബർ 7-ന വാസ്കോഡിഗാമ 5 ഫ്രാൻസിസ്കൻ സന്യാസികളോടുകൂടി കൊച്ചിയിൽ.

1503: സാമൂതിരി കൊച്ചി ആക്രമിച്ചു. കൊച്ചിരാജാവ് വൈപ്പിൻകരയിൽ തടവുകാരൻ (മാർച്ച് 31).
സെപ്റ്റംബറിൽ അൽഫോൺസൊ അൽബുക്കർക്ക കൊച്ചിരാജാവിനെ സ്വതന്ത്രനാക്കി.
ഡൊമിനിക്കൻ സന്യാസികളും കൊച്ചിയിൽ പ്രേഷിതപ്രവർത്തനം ആരംഭിച്ചു.
സെപ്റ്റംബർ 27-ന കൊച്ചികോട്ടയ്ക്കും സാന്താക്രൂസ് ദേവാലയത്തിനും അടിസ്ഥാനമിട്ടു.
നവംബർ 1-ന കമ്പിയും മരവുംകൊണ്ടു നിർമ്മിക്കപ്പെട്ട സാന്താക്രൂസ് ഫോർട്ടുദേവാലയത്തിന്റെ ആശീർവാദം.

1505: ഫ്രാൻസിസ്കൊ ഡി അൽമേഡ ഇന്ത്യയിലെ പ്രഥമ പോർട്ടുഗീസ് വൈസ്രോയി.

1509: അൽഫോൺസൊ അൽബുക്കർക്ക രണ്ടാമത്തെ പോർട്ടുഗീസ് വൈസ്രോയി.

1511: അൽബുക്കർക്ക കൊച്ചിയിൽ പ്രഥമ പ്രൈമറി സ്കൂൾ സ്ഥാപിച്ചു.

1513: 6,000 പേരുടെ മതപരിവർത്തനം, 400 കുട്ടികളുടെ അധ്യയനം.

1514: കൊടുങ്ങല്ലൂരിൽനിന്നു യഹൂദർ കൊച്ചിയിലെ സൗദിയിൽ കുടിയേറി.

1514: പോർട്ടുഗലിലെ ഫുഞ്ചൽരൂപത ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ ഭരണമേറ്റു.

1514: വത്തിക്കാനും പോർട്ടുഗലും തമ്മിലുള്ള ഉടമ്പടിയനുസരിച്ച പോർട്ടുഗീസ് പട്ടുവാദൊയുടെ (രാജസംരക്ഷണാധികാരം) ആരംഭം.

malankaralibrary.com

1515: ലോപ്പസ് സ്വാരസ് ഗവർണർ.
1516: വി. ഫ്രാൻസിസ്ക്കൻ ദേവാലയത്തിന്റെ പുനർനിർമ്മാണം.
1518: മതപരിവർത്തനം ചെയ്തവരുടെ സംഖ്യ 10,000.
1522: ഡിയോഗൊ ലോപ്പസ് ഗവർണർ.
കൊച്ചിയിൽ ഫ്രാൻസിസ്ക്കൻ സെമിനാരി.
വാസ്ക്കോഡ്ഗാമ മൂന്നാം പ്രാവശ്യം കൊച്ചിയിൽ.
1529: പോർട്ടുഗീസ് ആസ്ഥാനം കൊച്ചിയിൽനിന്നു ഗോവയിലേക്കു മാറ്റി.
1530: ഫ്രയർ വിൻസന്റ് ലാഗോസ് കൊച്ചിയിലെ ഫ്രാൻസിസ്ക്കൻ സെമിനാരിയിൽ മാർത്തോമ്മാ ക്രിസ്ത്യൻ യുവാക്കളെ സ്വീകരിച്ചു.
1534: ഗോവരൂപതയുടെ സ്ഥാപനം.
1538: ഗാർസിയൊ ദെ നൊറൊണ ഗവർണർ.
1540: കൊടുങ്ങല്ലൂരിൽ ഫ്രയർ വിൻസന്റ് സെമിനാരി സ്ഥാപിച്ചു.
എസ്തൊവൊ ഡ ഗാമ ഗോവ ഗവർണർ.
1541: കൊച്ചിയിൽ സെന്റ് പോൾസ് കോളജ്.
1542: വി. ഫ്രാൻസിസ് സേവ്യർ ഗോവയിൽ വരുന്നു. ഒക്ടോബറിൽ കൊച്ചിയിൽ.
1542: മാർട്ടിൻ അൽഫോൺസൊ ഗവർണർ.
1548: വൈദികവിദ്യാർത്ഥികളുടെ ആദ്യത്തെ ബാച്ചിനു പൗരോഹിത്യപട്ടം.
1550: ഈശോസഭക്കാരുടെ പ്രഥമ സന്ന്യാസാശ്രമസ്ഥാപനം.
1552: കൊച്ചിയിൽ ഫ്രാൻസിസ്ക്കൻ സെമിനാരിയും കോളജും.
1553: കൊച്ചിയിൽ ഡൊമിനിക്കൻ കോളജ്.
1555: മട്ടാഞ്ചേരിയിൽ പോർട്ടുഗീസുകാർ കൊച്ചി രാജകൊട്ടാരം നിർമ്മിച്ചു.
ഫ്രാൻസിസ്ക്കൊ ബറെട്ടൊ പോർട്ടുഗീസ് ഗവർണർ.
1557: ഇന്ത്യയി (ഗോവയിൽ) ലെ ആദ്യത്തെ അച്ചടിശാല.
കൊച്ചിരൂപതയുടെ സ്ഥാപനം.
ഫെബ്രുവരി 4-നു ഫോർട്ട് ഇമ്മാനുവൽ കൊച്ചിയിൽ നിർമ്മിച്ചു.
ഗോവ അതിരൂപതയായി.
ഇൻഡ്യയിലെ ആദ്യത്തെ മുദ്രണാലയം സ്ഥാപിതമായി.
1560: ഹിന്ദുക്കളെ മതപരിവർത്തനം ചെയ്തു ക്രിസ്തുമതത്തിൽ ചേർക്കാനുള്ള അനുവാദം കൊച്ചിരാജാവ് നൽകി.
1561: ഫ്രാൻസിസ്കൊ കുട്ടിഞ്ഞൊ പോർട്ടുഗീസ് ഗവർണർ.
1563: അങ്കമാലി അതിരൂപത സ്ഥാപനം.
1565: അങ്കമാലി അതിരൂപതയാക്കി. 1601-ൽ അതു നിറുത്തലാക്കി.
1567: യഹൂദർ സൗദിയിൽനിന്നു മട്ടാഞ്ചേരിയിൽ കുടിയേറി.
1568: യഹൂദർ കൊച്ചിയിൽ യഹൂദപള്ളി നിർമ്മിച്ചു.
1570: ഈശോസഭക്കാർ കൊച്ചിയിൽ കോളജ് സ്ഥാപിച്ചു.
1571: ഡിയാഗൊ ദെ മെനേസിസ് ഗവർണർ.
1577: കേരളത്തിൽ ആദ്യത്തെ പ്രിന്റിംഗ് പ്രസ്സ്.
1577: വൈപ്പിക്കോട്ടയിൽ ഈശോസഭക്കാർ സെമിനാരി സ്ഥാപിക്കുന്നു.
1578: ''ഫോസ് സൻക്തോരും'' എന്ന പ്രഥമ തമിഴ്ഗ്രന്ഥം ബ്രദർ ജൊയെവെ ദെ ഫാറിയ അച്ചടിച്ചു.
1578: ലൂയി ദെ അറായിസ് പോർട്ടുഗീസ് ഗവർണർ.
1580: അഗസ്റ്റീനിയൻസഭക്കാർ കൊച്ചിയിൽ.

malankaralibrary.com

1591: മത്തിയാസ് ദെ അൽബുക്കർക്ക് ഗവർണർ.
1599: ഉടയംപേരൂർ സുനഹദോസ് ഡോ. അലക്സ് മെനേസിസിന്റെ അദ്ധ്യക്ഷതയിൽ (ജൂൺ 20).
1600: ഫ്രൈസ് ദാ സന്താഞ്ഞ ഗവർണർ.
1601: ഫ്രാൻസിസ് റോസ് എസ്. ജെ. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മെത്രാൻ.
1609: കൊടുങ്ങല്ലൂർരൂപതയുടെ സ്ഥാപനം (ഡിസംബർ 3).1886-ൽ അതു നിറുത്തലാക്കി.
1612: റോമിൽ പ്രൊപ്പഗാന്ത ദെ ഫീദെ സ്ഥാപിതമായി.
1616: കൊച്ചി-അങ്കമാലി രൂപതകളുടെ അതിർത്തി നിർണയിച്ചു.
1624: കടുത്തുരുത്തിയിൽ ഡൊമിനിക്കൻസെമിനാരി.
1653: കുനൻകുരിശു സത്യം (ജനുവരി 3). മെയ് 22-ന് 12 കത്തനാരന്മാർ ചേർന്നു ആർച്ചുഡീക്കനെ മെത്രാനായി വാഴിച്ചു.
1657: കർമ്മലീത്തസഭാംഗങ്ങളായ ഫാ. ജോസഫ് സെബസ്ത്യാനിയും സഹപ്രവർത്തകരും കൊച്ചിയിൽ വന്നു (ഫെബ്രുവരി 22).
1659: ഫാ. ജോസഫ് സെബസ്ത്യാനി ഒ. സി. ഡി. മലബാറിലെ വികാരി അപ്പസ്തോലിക്ക.
1662: അന്റൊണിയൊ കാസ്ത്രൊ ഗവർണർ.
1663: ഡച്ചുകാർ കൊച്ചി ആക്രമിച്ചു പോർട്ടുഗീസുകാരെ പരാജയപ്പെടുത്തി.
ഡച്ചുകാർ കൊടുങ്ങല്ലൂരിൽ പോർട്ടുഗീസുകാരെ കീഴ്പ്പെടുത്തി.
മാർ അലക്സാണ്ടർ പള്ളിവീട്ടിൽ പ്രഥമ ഏതദ്ദേശീയ മെത്രാൻ.
അന്റൊണിയൊ ദെ മെസ് കാസ്ത്രൊ ഗവർണർ.
ഡച്ചുകാർ പോർട്ടുഗീസുകാരെ ജനുവരി -3ന കൊച്ചിയിൽ പരാജയപ്പെടുത്തി, കൊച്ചി കീഴടക്കി.
ഡച്ചുകാർ പോർട്ടുഗീസുകാരെ കൊടുങ്ങല്ലൂരിൽ പരാജയപ്പെടുത്തി (ജനു. 15).
മാർ അലക്സാണ്ടർ പള്ളിവീട്ടിൽ മലബാർവികാരിയേറ്റിലെ പ്രഥമ വികാരി ജനറാൾ.
1665: യാക്കോബായസഭ കേരളത്തിൽ ആവിർഭവിച്ചു. 1911-ൽ പിളർന്നു രണ്ടായി.
1673: കർമ്മലീത്തമിഷനറിമാരുടെ ആദ്യത്തെ ദേവാലയം ചാത്യാത്ത്.
1675: വരാപ്പുഴ കർമ്മലീത്ത സെമിനാരി സ്ഥാപനം.
1682: സുറിയാനിക്കാർക്കായി മാത്രം വരാപ്പുഴയിൽ സെമിനാരി.
1773: പതിനാലാം ഗ്രിഗോറിയോസ് മാർപാപ്പ ഈശോസഭ നിർത്തലാക്കി.
1782: കരിയാറ്റിൽ മാർ ജോസഫ് കൊടുങ്ങല്ലൂർ മെത്രാപ്പോലീത്ത.
1795: ബ്രിട്ടീഷുകാർ കൊച്ചി ആക്രമിച്ചു (ഒക്ടോബർ 20).

ഡച്ചുകാരും ബ്രിട്ടീഷുകാരും തമ്മിലുള്ള ഉടമ്പടിയനുസരിച്ചു കത്തോലിക്കർ ബ്രിട്ടീഷ് സംരക്ഷണയിൽ.

1806: ബ്രിട്ടീഷുകാർ കൊച്ചിക്കോട്ടയും സാന്താക്രൂസ് കത്തീഡ്രലും നശിപ്പിച്ചു.
1808: പാലിയത്തച്ഛനും വേലുത്തമ്പിദളവയും, കൊച്ചിയിലെ ലത്തീൻ കത്തോലിക്കരുടെ നേരെ.
1814: ബ്രിട്ടീഷുകാരും കൊച്ചിരാജാവും തമ്മിലുള്ള ഉടമ്പടിയനുസരിച്ചു കത്തോലിക്കർ കൊച്ചിരാജ സംരക്ഷണയിൽ.
1817: കൊച്ചിയിൽ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ.
1818: സി.എം.എസ്. പ്രൊട്ടസ്റ്റാന്റുകാർ കേരളത്തിൽ മതപ്രചാരം ആരംഭിച്ചു
1831: മാന്നാനത്തു സുറിയാനി കമ്മലീത്തസഭ ആരംഭിച്ചു.

malankaralibrary.com

1838: കൊച്ചിരൂപതയും കൊട്ടങ്ങല്ലൂർരൂപതയും വരാപ്പുഴ വികാരിയേറ്റിൽ ലയിപ്പിച്ചു.
1853: വരാപ്പുഴ വികാരിയേറ്റ്. മംഗലാപുരം, കൊല്ലം വികാരിയേറ്റുകളും.
1857: ലത്തീൻ കർമ്മലീത്ത മൂന്നാംസഭ കൂനമ്മാവിൽ.
1864: പ്രഥമ ദിനപത്രമായ ''പശ്ചിമതാരക''യുടെ പ്രസിദ്ധീകരണം.
1866: ലത്തീൻ കർമ്മലീത്തസന്യാസിനിസഭയുടെ ആരംഭം – കേരളത്തിലെ പ്രഥമ ഏതദ്ദേശിയ സന്യാസിനിസഭ.
പുത്തൻപള്ളി സെമിനാരി ആരംഭിച്ചു.
1867: സുറിയാനി റീത്തിലെ വൈദികവിദ്യാർത്ഥികൾക്കായി മംഗലപ്പുഴ കുന്നിൽ പോർട്ടുഗീസ് മിഷനറിമാർ സെമിനാരി ആരംഭിച്ചു, 1886-ൽ അതു നിന്നുപോയി.
1876: സത്യനാദകാഹളപത്രം പ്രസിദ്ധീകരണം കൂനമ്മാവിൽ (ഒക്ടോബർ 12).
1886: കൊച്ചിരൂപതയുടെ പുനഃസ്ഥാപനം.
ലത്തീൻ ഹൈരാർക്കി സ്ഥാപനം, വരാപ്പുഴ വികാരിയേറ്റ് സെപ്റ്റംബർ 1-ന വരാപ്പുഴ അതിരൂപതയായി.
1887: സുറിയാനിക്കാർക്കായി തൃശൂർ, കോട്ടയം വികാരിയേറ്റുകൾ. നസ്രാണി ദീപിക' ആരംഭിച്ചു.
1890: കോട്ടയത്തുനിന്ന മലയാളമനോരമ പ്രസിദ്ധീകരണം.
1896: ചങ്ങനാശേരി-എറണാകുളം വികാരിയേറ്റുകൾ.
1911: കോട്ടയത്തു തെക്കുംഭാഗക്കാർക്കായി പുതിയ വികാരിയേറ്റ്.
1919: ഡോ. എയിഞ്ചൽമേരി വരാപ്പുഴ മെത്രാപ്പോലീത്ത, 1934-ൽ റിട്ടയർ ചെയ്തു.
1923: കേരളത്തിൽ സിറിയൻ ഹൈരാർക്കി.
1929: മംഗലപ്പുഴകുന്നിലെ 44 ഏക്കർ ഭൂമി പൊന്തിഫിക്കൽ സെമിനാരിക്കായി കൊച്ചി മെത്രാൻ ജോസ് ബെൻറോ മാർട്ടിൻ റിബേരോ പരി. സിംഹാസനത്തിനു നൽകി (ഒക്ടോബർ 23).
1931: ഡോ. അലോഷ്യസ് ബെൻസീഗർ കൊല്ലം മെത്രാൻ, ഡോ. ജോസഫ് അട്ടിപ്പേറ്റി വരാപ്പുഴ മെത്രാപ്പോലീത്ത.
1930: വിജയപുരം രൂപത സ്ഥാപനം (നവംബർ 9).
1932: മലങ്കര അന്തിയോക്യൻ ഹൈരാർക്കി സ്ഥാപനം.
1933: പുത്തൻപള്ളി സെമിനാരി മംഗലപ്പുഴയിലേക്കു മാറ്റി.
1936: ഡോ. വിൻസൻറ് ഡെറേരാ തിരുവനന്തപുരം മെത്രാൻ.
1937: തിരുവനന്തപുരം ലത്തീൻ രൂപതാസ്ഥാപനം.
ഡോ. ഇജറോം ഫെർണാണ്ടസ് കൊല്ലം മെത്രാൻ.
1944: ഡോ. ബോനവഞ്ചർ അരാന ഒ. സി. ഡി. വിജയപുരം മെത്രാൻ.
1947: ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ചു (ആഗസ്റ്റ് 15).
1948: ഡോ. അൽഡൊ മറിയ പത്രോനി എസ്. ജെ. കോഴിക്കോട്ടുമെത്രാൻ. 1980-ൽ റിട്ടയർ ചെയ്തു.
1949: ഡോ. അഗ്നെലോസ് അബിസോളൊ ഒ. സി. ഡി. വിജയപുരം മെത്രാൻ. 1971-ൽ റിട്ടയർ ചെയ്തു.
1950: ഇന്ത്യ റിപ്പബ്ലിക്കായി (ജനുവരി 26).
1952: ഡോ. വലേരിയൻ ഗ്രേഷ്യസ് ഇന്ത്യയിലെ പ്രഥമ കർദ്ദിനാൾ.
ആലപ്പുഴ രൂപതാസ്ഥാപനം (ജനുവരി 19).
കൊച്ചിരൂപതയിൽ പ്രഥമ ഏതദ്ദേശിയ മെത്രാൻ ഡോ. അലക്സാണ്ടർ എടേഴത്തു്.
1956: ഐക്യകേരളം (നവംബർ 1).
1964: ബോംബെ ദിവ്യകാരുണ്യ കോൺഗ്രസ് (നവംബർ 28).

malankaralibrary.com

1966: ഡോ. ബർനാർഡ് പെരേയിര തിരുവനന്തപുരം മെത്രാൻ.
1969: കേരളത്തിലെ പ്രഥമ കർദ്ദിനാൾ ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമേനി.
1971: ഡോ. ജോസഫ് കേളന്തറ വരാപ്പുഴ മെത്രാപ്പോലീത്ത. 1986-ൽ അന്തരിച്ചു.
ഡോ. കൊർണേലിയസ് ഇലഞ്ഞിക്കൽ വിജയപുരം മെത്രാൻ.
1978: ഡോ. ജോസഫ് ഫെർണാണ്ടസ് കൊല്ലംരൂപതാമെത്രാൻ (മെയ് 14).
1979: ഡോ. ജയിക്കബ് അച്ചാരുപറമ്പിൽ ഒ. എഫ്. എം. തിരുവനന്തപുരം മെത്രാൻ.
1980: ഡോ. മാക്സ്വെൽ വലൻടയിൻ നൊരോന കോഴിക്കോട് മെത്രാൻ (സെപ്റ്റംബർ 7).
1983: ഡോ. പീറ്റർ ചേനപ്പറമ്പിൽ ആലപ്പുഴ മെത്രാൻ (സെപ്റ്റംബർ 4).
1986: ഡോ. മത്യാസ് കാപ്പിൽ പുനലൂർ മെത്രാൻ (ഏപ്രിൽ 13).
1987: ഡോ. കൊർണേലിയസ് ഇലഞ്ഞിക്കൽ വരാപ്പുഴമെത്രാപ്പോലീത്ത (മാർച്ച് 19).
1988: ഡോ. ആൻറണി പടിയറ എറണാകുളം മെത്രാപ്പോലീത്ത, കേരളത്തിലെ രണ്ടാമത്തെ കർദ്ദിനാൾ.
1990; മരിയ കലിസ്റ്റസ് സൂസപാക്യം തിരുവനന്തപുരം സഹായമെത്രാൻ (ഏപ്രിൽ 17).
1992: പോർട്ടുഗൽ പ്രസിഡൻറ് ഡോ. മരിയ സ്വാരസ് ഭാരതറിപ്പബ്ലിക്ക് ദിന മുഖ്യാതിഥി, അദ്ദേഹത്തിൻെറ കൊച്ചി സന്ദർശനം (ജനു. 29, 30).
1998: പോർട്ടുഗീസാഗമനത്തിനു അരസഹസ്രാബ്ദം.

malankaralibrary.com

അഞ്ഞൂറാമാണ്ടിലേക്ക്

ചരിത്രം എന്നും വെല്ലുവിളിയും അതിനുള്ള മറുപടിയുമാണ്. ''ഹിസ്തോറിയ'' (അന്വേഷണം) എന്ന വാക്കിൽനിന്നാണ് ''ഹിസ്റ്ററി'' (ചരിത്രം) എന്ന പേര് രൂപംകൊണ്ടതു്. അന്വേഷണം സത്യസന്ധവും സമഗ്രവും ആയിരിക്കണമല്ലോ. ഇന്ത്യയിലെ പോർട്ടുഗീസുകാരുടെ ഭരണത്തെക്കുറിച്ചു പരാമർശിക്കുമ്പോഴും ചില ചരിത്രകാരൻമാർ പല യാഥാർത്ഥ്യങ്ങളുടെയും നേരെ കണ്ണടച്ചുകളയാറുണ്ടു്. കണ്ണടച്ചാൽ ഇരുട്ടാകുമെന്നതു സത്യം. അതു് അടയ്ക്കുന്നവർക്കു മാത്രമാണെന്ന വസ്തുത പലരും മറന്നു കളയുന്നു. പതിനാറാംനൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ പോർട്ടുഗീസുനാവികരും മിഷനറിമാരും മലബാറിൽവന്നു കോളനികൾ സ്ഥാപിക്കുന്നതിനും ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനും ചെയ്ത സാഹസിക യത്നങ്ങളും അവരുടെ ത്യാഗോജ്ജ്വല സേവനങ്ങളുമാണ് ഈ ഗ്രന്ഥത്തിലെ പ്രതിപാദ്യം.

ലത്തീൻസമുദായാവിർഭാവം

പതിനഞ്ചാംനൂറ്റാണ്ടിന്റെ അന്തിമഘട്ടത്തിലാണ് പോർട്ടുഗീസ്നാവികർ വാസ്കോഡിഗാമയുടെ നേതൃത്വത്തിൽ ഏഷ്യൻസമുദ്രത്തിലേക്കു കപ്പൽയാത്രചെയ്തു കടന്നുവന്നതു്. പീരങ്കി ഉണ്ടകൾ ചീറിപ്പാഞ്ഞു സകലതും തകർക്കുന്നതുപോലെ, അറബികളുടെയും മുസ്ളീമുകളുടെയും ശക്തിദുർഗങ്ങളെ പോർട്ടുഗീസുകാർ നിലംപരിശാക്കി. കുരുമുളകു കച്ചവടത്തിന്റെ കുത്തക പിടിച്ചുപറ്റി. പോർട്ടുഗീസുകാർ മലബാറിൽ പ്രബലരായി. കൊച്ചി, കൊടുങ്ങല്ലൂർ, കൊല്ലം മേഖലകളിൽ തങ്ങളുടെ ആധിപത്യത്തിന്റെ വെന്നിക്കൊടി നാട്ടിയ ചരിത്രം ആരെയും പുളകംകൊള്ളിക്കും. ഭൂലോകത്തെക്കുറിച്ചുള്ള ഭൂമിശാസ്ത്ര വിജ്ഞാനം ഏറ്റവുമധികം സംഭാവനചെയ്ത രാജ്യമാണ് പോർട്ടുഗൽ. ഒരു ശതാബ്ദക്കാലം കൊണ്ടു രാജ്യാന്വേഷണസഞ്ചാരം നടത്തി. ഭൂഗോളത്തിന്റെ മൂന്നിലൊരുഭാഗം കണ്ടുപിടിച്ച് ആധിപത്യം സ്ഥാപിച്ച ഏകരാജ്യം പോർട്ടുഗലാണ്. തങ്ങൾ കണ്ടെത്തിയ അധിനിവേശകേന്ദ്രങ്ങളിലെല്ലാം ക്രിസ്തുമതം പ്രചരിപ്പിച്ച് ക്രൈസ്തവ സാമ്രാജ്യം വികസിപ്പിക്കുന്നതിനു നിർലോഭം പണം വ്യയംചെയ്തു. കർമ്മധീരരായ മിഷനറിമാരെ പൗരസ്ത്യരാജ്യങ്ങളിലേക്കയച്ച മതപരിവർത്തനം നടത്തി. പുണ്യചരിതരും ധീരമാനസരുമായ പോർട്ടുഗീസുമിഷനറിമാർ ആപത്തുകളെ തരണം ചെയ്തും പലപ്പോഴും ജീവനെത്തന്നെ ബലികഴിച്ചും രക്തസാക്ഷിത്വം വരിച്ചും ആയിരക്കണക്കിനു അനാഗതരെ ജ്ഞാനസ്നാനപ്പെടുത്തി. ഹിന്ദുക്കളെ മതപരിവർത്തനം ചെയ്തു് ക്രിസ്ത്യാനികളാക്കി. ഇന്ത്യയുടെ നാനാഭാഗങ്ങളിൽ ലത്തീൻ കത്തോലിക്കസമുദായം ആവിർഭവിച്ചു. പ്രത്യേകിച്ചു ഗുജറാത്തു്, കേരളം, തമിഴ്നാടു് എന്നീ പ്രദേശങ്ങളിൽ. ഫിഷറികോസ്റ്റിലും ഗോവയിലുമുണ്ടായ മതപരിവർത്തനങ്ങളും ജ്ഞാനസ്നാനസ്വീകരണവും ശ്രദ്ധേയങ്ങളാണ്. കൊച്ചി, കണ്ണൂർ, മൈലാപ്പൂർ എന്നീ സ്ഥലങ്ങളിലും ആയിരക്കണക്കിനു അനാഗതരെ ക്രിസ്തുവിലേക്കു അവർ ആനയിച്ചു. പ്രശസ്ത സേവനങ്ങളനുഷ്ഠിച്ച പ്രേഷിതവര്യരെ കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ അനുസ്മരിക്കേണ്ടതാണു്.

malankaralibrary.com

കൊച്ചിയിൽ വീതിച്ച സുവിശേഷം

ഭാരതത്തിൽ ക്രിസ്തുമതത്തിന്റെ അപ്പസ്തോലികമായ ഉദ്ഘാടനം നടന്നശേഷം അതിന്റെ ശക്തമായ പ്രചാരണം ആരംഭിച്ചതു് പോർട്ടുഗീസുകാരുടെ ആഗമനത്തോടെയാണു്. അവരുടെ വ്യാപാര പ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനം കൊച്ചിയായിരുന്നതുപോലെ, വേദപ്രചാരണപ്രവർത്തനങ്ങളുടെ കേന്ദ്രം ഈ കാലഘട്ടത്തിൽ കൊച്ചിതന്നെയായിരുന്നു. മിഷനറിമാരുടെ തീക്ഷ്ണമായ സുവിശേഷ പ്രചരണംവഴി, പല നൂറ്റാണ്ടുകാലത്തെ ഭക്തിമാന്ദ്യംനിമിത്തം മരവിച്ചു കിടന്നിരുന്ന കേരളീയ ക്രൈസ്തവരുടെ വിശ്വാസത്തെ പുനർജീവിപ്പിക്കുവാൻ സാധിച്ചുവെന്നതു ഒരു പരമാർത്ഥമാണു്.

ഇന്ത്യൻ സമുദ്രത്തിലൂടെ പാശ്ചാത്യ പൗരസ്ത്യ രാജാക്കന്മാർ പരസ്പര ബന്ധം പുലർത്താൻ അതിപുരാതനകാലംമുതൽതന്നെ ആരംഭിച്ചിരുന്ന പ്രാചീന നഗരികത്വം പേരും പെരുമയും സമ്പത്തും ആർജിച്ചതു് പൂർവപ്രദേശങ്ങളുമായുള്ള വാണിജ്യബന്ധം നിമിത്തമാണു്. അതിനാൽ ഇന്ത്യയുമായി ബന്ധം സ്ഥാപിക്കുവാൻ പോർട്ടുഗീസുരാജാവിനു വലിയ മോഹമുണ്ടായിരുന്നു. പോർട്ടുഗീസു് രാജാവായ അൽഫൊൺസൊ ജയോവൊയുടെ നിർദ്ദേശമനുസരിച്ചു് ഇന്ത്യയിലേക്കു സമുദ്ര തരണംചെയ്തു ഗുഡ്ഹോപ്പു് മുനമ്പു് ചുറ്റി വഴി കണ്ടുപിടിക്കാനുള്ള ശ്രമം നടത്തിയ ഫാ. പെഡ്രൊ ദാ കൊവിൻഹായും ഇന്ത്യയിലേക്കു നാവികയാത്ര നടത്തിയ വാസ്കോഡിഗാമയുടെകൂടെയുണ്ടായിരുന്നു. അവരുടെ ലക്ഷ്യം കച്ചവടമായിരുന്നുവെങ്കിലും കണ്ടുപിടിക്കുന്ന രാജ്യങ്ങളിൽ കുരിശുകൂടി നാട്ടുന്നതിനു രാജാവിന്റെ നിർദ്ദേശമുണ്ടായിരുന്നു. തദനുസരണം വാസ്കോഡിഗാമയുടെ പ്രഥമ യാത്രയിൽത്തന്നെ ആറു സ്ഥലങ്ങളിൽ കുരിശുനാട്ടി. 1498-ൽ കോഴിക്കോടിനടുത്തുള്ള കപ്പാടിൽ ഗാമ വന്നിറങ്ങി. അങ്ങനെ പോർട്ടുഗീസ്രാജാവിന്റെ ചിരകാലപ്രതീക്ഷ പൂവണിഞ്ഞു. ലോകചരിത്രത്തിലെ നിർണായക വഴിത്തിരിവ് അന്നു ഉദ്ഘാടനം ചെയ്യപ്പെട്ടു. ഈ അവിസ്മരണീയ സംഭവം ഇന്ത്യയിൽ ക്രൈസ്തവസഭയെ ഉന്നതിയിലേക്കാനയിച്ചു.

കോഴിക്കോട്ടുണ്ടായിരുന്ന പ്രബല അറേബ്യൻ കച്ചവടക്കാർക്കു പോർട്ടുഗീസുകാരുടെ വരവ് രസിച്ചില്ല. സ്ഥലവാസികളായ നായന്മാരും മുഹമ്മദീയരും പോർട്ടുഗീസുകാരെ ക്രൂരമായി ആക്രമിച്ചു. ഗാമയുടെ അനുചരന്മാരിൽ ചിലരെ വധിച്ചു. വധിക്കപ്പെട്ടവരിൽ ഒരാൾ ഫാ. പെഡ്രൊ ദ കൊവിൻഹാ, പോർട്ടുഗീസ് മിഷനറിമാരിൽ ആദ്യമായി രക്തസാക്ഷിത്വം വരിച്ച മഹാത്മാവ്. പ്രതികൂലസാഹചര്യംനിമിത്തം ലിസ്ബണിലേക്കു മടങ്ങാൻ ഗാമ നിർബന്ധിതനായി. ഏതാനും ചരക്കുകൾമാത്രം കച്ചവടമാക്കി ഗാമ പോർട്ടുഗലിലേക്കു മടങ്ങി.

സാമൂതിരിയോടു് ഏറ്റുമുട്ടി

ഗാമയും കൂട്ടരും നാട്ടിൽ ചരക്കുകളുമായി തിരിച്ചെത്തിയപ്പോൾ കോഴിക്കോടുമായുള്ള വാണിജ്യബന്ധം ലാഭകരമാണെന്നു രാജാവിനു മനസ്സിലായി. തുടർന്നു 1500 മെയ് 8-ാം തീയതി പെദ്രോ അൽവരസ് കബ്രാളിന്റെ നേതൃത്വത്തിൽ ഇന്ത്യയിലേക്കു നാവികരെയും മിഷനറിമാരെയും അയച്ചു. 8 ഫ്രാൻസിസ്ക്കൻ മിഷനറിമാരും ഇവരുടെകൂടെ ഉണ്ടായിരുന്നു. കോഴിക്കോട്ടു വന്നെത്തിയ പോർട്ടുഗീസുകാർക്കു സാമൂതിരിയുമായി ഏറ്റുമുട്ടേണ്ടിവന്നു. സാമൂതിരിയുടെ ചതിപ്രയോഗത്തിൽ വളരെപേർ മൃതിയടഞ്ഞു. ശേഷിച്ചവർ കൊച്ചിയിലേക്കു പോന്നു. അങ്ങിനെ 1500 ഡിസംബർ 24-ാം തീയതി പോർട്ടുഗീസുകാർ കൊച്ചിയിൽ എത്തി. ഫാ. ഹെൻട്രിക്ക് ഓഫ് കൊയിംപ്രയായിരുന്നു കൂടെയുണ്ടായിരുന്ന ഫ്രാൻസിസ്കൻ മിഷനറിമാരുടെ സൂപ്പീരിയർ. പുതിയ പ്രേഷിതരംഗം സുവി

malankaralibrary.com

ശേഷ പ്രചാരണത്തിനു തികച്ചും സജ്ജമാണെന്നു മനസ്സിലാക്കിയ ഇദ്ദേഹം കൂടുതൽ സഹപ്രവർത്തകരെത്തേടി പോർട്ടുഗലിലേക്കു തിരികെപ്പോയി. ഇതിനകം കൊച്ചിരാജാവിന്റെ പ്രീതി സമ്പാദിക്കുന്നതിനു കബ്രാളിനു സാധിച്ചു.

കബ്രാളിന്റെ സംഘത്തെ സാമൂതിരി ആക്രമിച്ചു എന്നു കേട്ടതിൽ കോപാക്രാന്തനായ പോർട്ടുഗീസ് രാജാവ് ഗാമയെ 800 ഭടന്മാരോടും 15 കപ്പലുകളോടുംകൂടി കോഴിക്കോട്ടേക്കു അയച്ചു. സാമൂതിരിയെയും അറബികളെയും ആക്രമിച്ചു നല്ല പാഠം പഠിപ്പിച്ചശേഷം ഗാമ കൊച്ചിയിലേക്കു മടങ്ങി.

തിരുമുൽക്കാഴ്ച വച്ചു ചെങ്കോൽ

തദവസരത്തിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രതിനിധികളും കൊട്ടങ്ങല്ലൂരിൽ നിന്നു വന്നു, ഗാമയ്ക്കു തിരുമുൽക്കാഴ്ചകളും നൽകി. വില്ലാർവട്ടം രാജാവിന്റെ ചെങ്കോൽ കാഴ്ചവയ്ക്കയും ചെയ്തു. രാജാവിന്റെ പ്രതിനിധി എന്ന നിലയിൽ ഗാമ ഇവരുടെ ആവശ്യങ്ങളും അംഗീകരിച്ചു. ഇതിന്റെ ഫലമായി വാണിജ്യപരവും മതപരവുമായി പല ആനുകൂല്യങ്ങളും പോർട്ടുഗീസ് രാജാവിൽ നിന്നു ക്രൈസ്തവർക്കു ലഭിച്ചു. 1503-ൽ അൽഫോൺസ് അൽബുക്കർക്ക് 6 കപ്പലുകളുമായി കൊച്ചിയിലെത്തി. കൊച്ചിയിൽ ഒരു കോട്ട പണിതു. പിന്നീട് ഗോവ പിടിച്ചെടുക്കാൻ ശ്രമിച്ചു. മുസ്ലീമുകളെ പരാജയപ്പെടുത്തി. കഠിന പ്രയത്നത്തിനുശേഷം ഗോവ കീഴടക്കി. അവിടെ മിഷനറിമാരുടെ പരിശ്രമഫലമായി സമൂഹമഞ്ഞാനസ്നാനവും മറ്റു നടത്തി. ഒട്ടനേകം ഹിന്ദുക്കളെ മതപരിവർത്തനംവഴി ജ്ഞാനസ്നാനപ്പെടുത്തി. ഏതാനും വർഷങ്ങൾക്കുശേഷം ഗോവയിൽ ദേവാലയങ്ങളും, ആശ്രമങ്ങളും, കോളജുകളും വർധിച്ചുവന്നു. ''പൗരസ്ത്യദേശത്തിലെ ലിസ്ബൺ'' എന്നു വിളിക്കത്തക്കവിധം ഗോവ മഹത്തരവും പ്രശസ്തവുമായിത്തീർന്നു. പോർട്ടുഗീസുകാർ കൊട്ടങ്ങല്ലൂർ, കൊല്ലം, സാൽസെറ്റ്, ചാവൂം, ഡാമൻ, ഡിയു, ബോംബെ, നാഗപട്ടണം, ബംഗാളം, മൈലാപ്പൂർ എന്നീ സ്ഥലങ്ങളിൽ ആധിപത്യം സ്ഥാപിച്ചു. അവിടെയെല്ലാം മിഷനറിമാർ കടന്നു ചെന്നു സുവിശേഷപ്രസംഗങ്ങളും നടത്തി ആയിരക്കണക്കിനു അനാഗതരെ ജ്ഞാനസ്നാനപ്പെടുത്തി.

ക്രിസ്ത്യാനികളുടെ അന്നത്തെ സ്ഥിതി

മാർത്തോമ്മാക്രിസ്ത്യാനികളും സമർത്ഥരായ കച്ചവടക്കാരും ധനസമൃദ്ധിയുള്ളവരും രണശൂരരുമായിരുന്നു. സമൂഹത്തിലെ മേൽജാതിക്കാരായ നമ്പൂതിരിമാർക്കു മാത്രമുള്ള 72 പദവികളും മറ്റും അവർക്കും ലഭിച്ചിരുന്നു. എന്നാൽ അവരുടെ മതപരവും സന്മാർഗപരവുമായ നിലവാരവും ക്രിസ്തുമതത്തിനു ചേർന്നതായിരുന്നില്ല എന്നു അക്കാലത്തെ ചരിത്രരേഖകളിൽ നിന്നു വ്യക്തമാകുന്നുണ്ട്. വിശ്വാസം ക്ഷയോൻമുഖമായിരുന്നു, പലരും പാരമ്പര്യം അനുസരിച്ചു ക്രിസ്ത്യാനികളാണെന്നു അറിയപ്പെട്ടിരുന്നവർ. ബാബിലോണിൽനിന്നു കേരളത്തിൽ വന്ന മെത്രാൻമാരാണ് ഇവിടത്തെ ക്രൈസ്തവരെ ഭരിച്ചിരുന്നതു്. അവരിൽ പലരും നെസ്റ്റോറിയൻമാർ. അതിനാൽ കേരളസഭ നെസ്തോറിയൻ സഭയുടെ നീരാളിപിടുത്തത്തിൽ അമർന്നിരുന്നതായി ചരിത്രകാരൻമാരിൽ പ്രബലമായ അഭിപ്രായമുണ്ട്. ഇതിനു അനുകൂലമായും പ്രതികൂലമായും ധാരാളം വാദപ്രതിവാദങ്ങളും ഉന്നയിക്കപ്പെടുന്നുണ്ട്. മതപരമായും സാമൂഹ്യമായും സാംസ്കാരികമായും അവരുടെ നില അഭിലഷണീയമായിരുന്നില്ല. പല അബദ്ധാചാരങ്ങളിലും അന്ധവിശ്വാസത്തിലും അവർ അമർന്നുപോയിരുന്നു. പരസ്നേഹത്തിന്റെ പേരിൽ അവരെ മോചിപ്പിക്കണമെന്നു മിഷനറിമാർക്കു തോന്നി. അതൊരു അടിയന്തരാവശ്യമാണെന്നു അവർ കണ്ടു. അതിനുള്ള മാർഗങ്ങളും നിർദ്ദേശിച്ചതിപ്രകാരമായിരുന്നു-കേരളക്രൈസ്തവരെ ബാബിലോൺ പാത്രിയർക്കീസുമാരുടെ അ

malankaralibrary.com

ധികാരത്തിൽനിന്നു മോചിപ്പിക്കുക, റോമിന്റെ ഐക്യത്തിലേക്കു അവരെ കൊണ്ടുവരിക, റോമിന്റെ നേരിട്ടുള്ള ഭരണത്തിലാക്കുകയും ചെയ്യുക, അവർ അനുവർത്തിച്ചിരുന്ന സുറിയാനിറീത്തിലെ ആരാധനക്രമങ്ങളും ലത്തീൻറീത്തിലേക്കു മാറ്റുക, അതുവഴി ലത്തീൻറീത്തുക്രമങ്ങളും സ്വീകരിക്കാൻ പ്രേരിപ്പിക്കുക, അങ്ങനെ മതപരമായ ജീവിതത്തെ ശുദ്ധീകരിക്കുക.

ആത്മീയ നവോത്ഥാനം

ഈ ഉദ്ദേശങ്ങളും സാക്ഷാൽക്കരിക്കുന്നതിനു ശക്തമായ ആധ്യാത്മിക നവോത്ഥാനം മുന്നിൽ കണ്ടുകൊണ്ടു സെമിനാരികളും, സന്യാസാശ്രമങ്ങളും, ആതുരാലയങ്ങളും മുതലായവ സ്ഥാപിക്കുക സഹായകമാകുമെന്നു പോർട്ടുഗീസുകാർ കണ്ടു. പ്രാബല്യം, വാശ്രാനം, നിർബന്ധം എന്നിവവഴി അനേകരെ ലത്തീൻറീത്തിൽ ചേർക്കുന്നതിനു മിഷനറിമാർക്കു കഴിഞ്ഞു. റീത്തു പരിവർത്തനം നടത്തിയെന്നു ചരിത്രകാരൻമാർ സാക്ഷിക്കുന്നുണ്ടു്. പ്രമുഖ ചരിത്രകാരനായ ഷൂറാമർ അഭിപ്രായപ്പെടുന്നതു് 16-ാം നൂറ്റാണ്ടിലും അതിനുശേഷവും ഇവിടെ വന്ന പോർട്ടുഗീസു മിഷനറിമാർക്കു അഭിലഷണീയമായി തോന്നിയതു് മാർത്തോമ്മാ ക്രിസ്ത്യാനികളെ ലത്തീൻ കത്തോലിക്കറീത്തിലേക്കു നേടുക എന്നതാണു്. അതിനു അവർ അനുവർത്തിച്ച മാർഗങ്ങളും സുറിയാനി യുവാക്കളെ സെമിനാരിയിൽ ചേർത്തു പഠിപ്പിക്കുക എന്നതായിരുന്നു. അവരുടെ മെത്രാനായ മാർ യാക്കോബു് ഇതിനു അനുകൂലമായിരുന്നു. (Schurhammer: Malabar Church and Rome. pp. 19-20) മാർത്തോമ്മാ ക്രിസ്ത്യാനികളെ ലത്തീൻ റീത്തിലേക്കു പരിവർത്തനം നടത്തിയിരുന്ന പ്രധാന കേന്ദ്രങ്ങളും കൊച്ചി, കൊടുങ്ങല്ലൂർ, കൊല്ലം എന്നീ സ്ഥലങ്ങളാണു്. ഏതാണ്ടു് പൂർണ്ണമായിത്തന്നെ ലത്തീൻറീത്തു ഈ സ്ഥലങ്ങളിൽ നടപ്പിലായി. പ്രേരണകളും വാശ്രാനങ്ങളും നിർബന്ധവും ഉപദേശങ്ങളും വഴി റീത്തു പരിവർത്തനം നടത്തിയതിന്റെ ഫലമായി ഈ സ്ഥലങ്ങളിൽ സുറിയാനിറീത്തു ശോഷിച്ചുപോയതായി കേരളത്തിലെ വൈദികർ പത്താം പിയൂസു് മാർപാപ്പയ്ക്കു നിവേദനം നൽകി.

ഇങ്ങനെ 16-ാം നൂറ്റാണ്ടിലും 17-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലും പോർട്ടുഗീസു് ആധിപത്യമുണ്ടായ കാലഘട്ടത്തിൽ പ്രത്യേകിച്ചും. കൊച്ചി, കൊല്ലം, കൊടുങ്ങല്ലൂർ സ്ഥലങ്ങളിലും പരിസരപ്രദേശങ്ങളിലും റീത്തു പരിവർത്തനം നടന്നിട്ടുണ്ടെന്നുള്ളതു വ്യക്തമാണു്. കാരണം അവർ പ്രബലമായ ലത്തീൻ സമുദായമായി ഉദയം ചെയ്ത വളർന്നുവന്നു. അവരെ ''ലത്തീൻ സുറിയാനിക്കാർ'' എന്നും ''റോമാ സുറിയാനിക്കാർ'' എന്നും മറ്റും വിളിച്ചിരുന്നു എന്നു ഫ്രാൻസിസു് ഡെ എന്ന ചരിത്രകാരൻ 'ലാൻറു് ഓഫു് പെരുമാൾ' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നതായി കാണുന്നു. ''ഇനി ഒരു ഉത്തരവുണ്ടാകുന്നതുവരെ ഈ നിയമം ''ലത്തീൻ സുറിയാനിക്കാർക്കു ബാധകമല്ല'' എന്നു The Land Reform Vol. X. p. 319-ൽ പറയുന്നുണ്ടു്. 1557-ൽ കൊച്ചിരൂപത സ്ഥാപിക്കുന്നതിനു ഒരു കാരണം ലത്തീൻ റീത്തു സ്വീകരിച്ചവർ ധാരാളമായി കൊച്ചിഭാഗത്തു ഉണ്ടായിരുന്നതുകൊണ്ടാണു്.

സൂനഹദോസു് ചർച്ച

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മതപരമായ വിശ്വാസത്തിൽ ചില വൈകല്യങ്ങളും സ്ഖലിതങ്ങളും കണ്ടെത്തിയ മിഷനറിമാർ ഈ തെറ്റുകളും തിരുത്തുന്നതിനു തീരുമാനിച്ചു. അന്നത്തെ ക്രിസ്ത്യാനികളും പാപസങ്കീർത്തനമെന്ന കൂദാശ സ്വീകരിക്കാതെയും, കുട്ടികളെ ജ്ഞാനസ്നാനപ്പെടുത്താതെയും ജീവിച്ചുപോന്നതു കാരണം കൂദാശകളും പരികർമ്മം ചെയ്യുന്നതിനു, വിശിഷ്യ കുട്ടികളെ ജ്ഞാനസ്നാനപ്പെടുത്തുന്നതിനു ഭീമസംഖ്യ കൽദായ മെത്രാൻമാർ ഈടാക്കിയിരുന്നു. ഇതിനെല്ലാം പരിഹാരം കണ്ടെത്തുന്നതിനു മിഷനറിമാർ സ്വീകരിച്ച ഉപാ

malankaralibrary.com

ധി സിറിയയിൽനിന്നുള്ള മെത്രാന്മാരുടെ വരവ് അവസാനിപ്പിക്കുക, മാത്തോമ്മാക്രിസ്ത്യാനികളെ ലത്തീൻറീത്തു സ്വീകരിക്കാൻ പ്രേരിപ്പിക്കുക, മാത്തോമ്മാക്രിസ്ത്യാനികളിൽനിന്നു യുവാക്കളെ ലത്തീൻറീത്തനുസരിച്ചുള്ള സെമിനാരിയിൽ ചേർത്തു വൈദികപട്ടം നൽകുക എന്നിവയായിരുന്നു. മതതീക്ഷ്ണതയുള്ളവനും ഉജ്ജ്വലചിന്തകനും അചഞ്ചലമനസ്ക്കനുമായ ഡോ. അലക്സ് മെനേസിസ് മെത്രാപ്പോലീത്ത ഒരു ആധ്യാത്മിക നേതാവുകൂടിയായിരുന്നു. ആരെയും ഹഠാദാകർഷിക്കുന്നതിനുള്ള വ്യക്തിപ്രഭാവവും ഭരണനിപുണതയും അദ്ദേഹത്തിനു കൈമുതലായിട്ടുണ്ടായിരുന്നു. പ്രതിഭാശാലിയായ ഈ മെത്രാനാണ് ഉദയംപേരൂരിൽ പൊതു സൂനഹദോസ് വിളിച്ചുകൂട്ടുവാൻ എല്ലാ സജ്ജീകരണങ്ങളും ചെയ്തത്. 1599-ൽ ഡോ. അലക്സ് മെനേസിസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സൂനഹദോസിൽ 133 കത്തനാർമാരും 20 ഡീക്കന്മാരും 600 ഇടവക പ്രതിനിധികളും സന്നിഹിതരായിരുന്നു. സൂനഹദോസ് സുറിയാനി ഗ്രന്ഥങ്ങൾ പരിശോധിച്ചു അനാശാസ്യ ഭാഗങ്ങൾ എടുത്തുമാറ്റി. ദൈവവിരുദ്ധ ഗ്രന്ഥങ്ങൾ കത്തിച്ചു കളഞ്ഞു. മാത്തോമ്മാക്രിസ്ത്യാനികളുടെ ആരാധനക്രമത്തിലെ നെസ്തോറിയൻ അംശങ്ങൾ തുടച്ചുനീക്കുകയും ചെയ്തു.

ജനങ്ങളുടെ സദാചാരബോധം തകർന്നുപോയ കാലഘട്ടമായിരുന്നു അതു്. ജാതിയുടെയും ജന്മിസമ്പ്രദായത്തിന്റെയും ദുഷ്ടമായ സ്വാധീനശക്തിയായിരുന്നു അതിനു കാരണം. ഈ സൂനഹദോസിൽ 200-ൽപ്പരം കാനോനകൾ (തീർപ്പുകൾ) ഡോ. മെനേസിസ് തന്നെ എഴുതി ഉണ്ടാക്കി സൂനഹദോസിൽ പാസാക്കി. "പോർട്ടുഗീസ് കാലത്ത് കേരള ക്രൈസ്തവസഭയുടെ ചരിത്രത്തിലെ ഏറ്റവും പ്രധാനസംഭവമാണ് ഉദയംപേരൂർ സൂനഹദോസ്" "എന്നാണു കേരള ചരിത്രകാരൻ ശ്രീധരമേനോൻ പ്രസ്താവിച്ചിരിക്കുന്നതു്.

മാർത്തോമ്മാ ക്രിസ്ത്യാനികളിൽ ഈ സൂനഹദോസ് ചില പ്രത്യാഘാതങ്ങൾ ഉളവാക്കി. സുറിയാനിഭാഷ നിലനിറുത്തിക്കൊണ്ടു ലത്തീൻആരാധനക്രമങ്ങൾ നടപ്പിലാക്കിയതു പൊതുവെ അതൃപ്തിയുളവാക്കി. തങ്ങളുടെ "തനിമ" കളഞ്ഞുകുളിച്ചുവെന്ന ആരോപണം നടത്തി പോർട്ടുഗീസുകാരുടെ പ്രവർത്തനങ്ങളെ താറടിച്ചു വികൃതമാക്കി. 1653-ൽ ശ്നാനൻ കൂനൻശ്ശപഥത്തിനു ഈ പോർട്ടുഗീസ്വിരോധം കാരണമാക്കി.

കൊച്ചിരൂപത പുരാതനം

സംവേദനക്ഷമവും അഭിമാനാർഹവുമായ ചരിത്രമാണ് കൊച്ചി രൂപതയ്ക്കുള്ളതു്. ഇന്ത്യയിൽ ഗോവ കഴിഞ്ഞാൽ രണ്ടാമത്തെ രൂപതയും, തെക്കെ ഇന്ത്യയിലെ പ്രഥമ രൂപതയുമാണ്. ബർമ്മ, ദക്ഷിണേന്ത്യ, സിലോൺ എന്നീ സ്ഥലങ്ങളും ഈ ലത്തീൻരൂപതയുടെ കീഴിലായിരുന്നു. ഇന്ത്യയിലെ ആദ്യത്തെ സെമിനാരിയും കോളജും സന്യാസാശ്രമവും സ്ഥാപിതമായതു കൊച്ചിരൂപതയിലാണ്. പോർട്ടുഗീസ്, ബ്രിട്ടീഷ് സംസ്ക്കാരങ്ങളുടെ സംരക്ഷകയും ഈ രൂപതതന്നെ. ഇന്ത്യയിൽ ഇന്നു കാണുന്നവിധത്തിൽ മാർപാപ്പയിൽനിന്നുള്ള മെത്രാൻമാരുടെ നിയമനവും, രൂപതാസ്ഥാപനവും ക്രമവൽകൃതഭരണവും കേരളത്തിൽ ആദ്യമായുണ്ടായതു കൊച്ചിരൂപതയിലാണ്. അതിനാൽ കൊച്ചിരൂപത ദക്ഷിണേന്ത്യയിലെ കത്തോലിക്കാസഭയിലെ പിള്ളത്തൊട്ടിലാണെന്നു പറയാം. പട്ടവാദാ ഭരണത്തിൽ നാനൂറിലധികം വർഷം ഈ രൂപത പോർട്ടുഗീസ്രാജാവിന്റെ സ്നേഹസംരക്ഷണമായ സംരക്ഷണം അനുഭവിച്ചുപോന്നുവെന്നതു് യാഥാർത്ഥ്യമത്രെ. മുപ്പതിലധികം പോർട്ടുഗീസ് മെത്രാന്മാർ ഈ രൂപത ഭരിച്ചിട്ടുണ്ട്. വിവിധ സന്യാസസഭക്കാർ ഓരോ കാലഘട്ടങ്ങളിലായി മിഷൻപ്രവർത്തനങ്ങളും ആധ്യാത്മികശുശ്രൂഷകളും നടത്തിപ്പോന്നതിന്റെ ഫലമായി കൊച്ചിരൂപതയിൽ ക്രൈസ്തവചൈതന്യവും വിശ്വാസവും അഭിവൃദ്ധിപ്പെടാനിടയായി.

malankaralibrary.com

ഭാരതത്തിൽ ക്രിസ്തുമതത്തിന്റെ അപ്പസ്തോലികമായ ഉൽഘാടനം നടന്നശേഷം, അതിന്റെ സമഗ്രമായ പ്രചരണം ആരംഭിച്ചതു് പോർട്ടുഗീസുകാരുടെ ആഗമനത്തോടുകൂടിയാണു്. യൂറോപ്യൻ മിഷനറിമാരുടെ തീക്ഷ്ണമായ സുവിശേഷപ്രചാരണംവഴി പല നൂറാണ്ടുകളായി നിർജീവമായിരുന്ന ക്രൈസ്തവ വിശ്വാസത്തിനു നവചൈതന്യം ലഭിച്ചു. മൈലാപ്പൂരിൽ വി. തോമ്മാശ്ലീഹായുടെ കബറിടം തിരഞ്ഞു കണ്ടുപിടിച്ചു്, വിശുദ്ധന്റെ തിരുശേഷിപ്പുകൾ കണ്ടെത്തി. വിശുദ്ധന്റെ സ്മൃതിക്കായി ദേവാലയങ്ങളും സ്മാരകങ്ങളും നിർമ്മിച്ചു. അതുവഴി മാർത്തോമ്മാക്രിസ്ത്യാനികളുടെ നിരന്തര തീർത്ഥപ്രകടനങ്ങൾക്കും തീർത്ഥാടനങ്ങൾക്കും കരുത്തു നൽകിയതു് പോർട്ടുഗീസുകാരാണു്. ഇടയനില്ലാത്ത ആട്ടകൂട്ടം, ആത്മീയമായി പരിത്യക്തർ, സാമൂഹികമായി മർദ്ദിതർ, മതവിശ്വാസത്തിൽ വളർന്നതും ആരുമില്ലാത്ത അവസ്ഥയിൽ അനാഥരായി കഴിഞ്ഞുകൂടിയിരുന്നതുമായ സഭയ്ക്കു് ആധുനിക രൂപഭാവങ്ങൾ നൽകിയതു് പോർട്ടുഗീസുകാരാണു്. കർദ്ദിനാൾ പാറേക്കാട്ടിൽ ''ലിറ്റർജി എന്റെ ദൃഷ്ടിയിൽ'' എന്ന ഗ്രന്ഥത്തിൽ പറയുന്നതുപോലെ ''കൽദായക്കാരെ പോർട്ടുഗീസുകാർ ഗളഹസ്തം ചെയ്തു പുറത്താക്കിയില്ലായിരുന്നുവെങ്കിൽ, സീറോ മലബാർസഭയുടെ സ്ഥിതി എന്തായിരുന്നു''. നിർഭാഗ്യമെന്നു പറയട്ടെ, പോർട്ടുഗീസു് മിഷനറിമാരെക്കുറിച്ചു നല്ല വാക്കു പറഞ്ഞില്ലെങ്കിലും, ഇവരെ തള്ളിപ്പറയുന്നതു നന്ദികേടല്ലേ. ഇന്നു പല മാർത്തോമ്മാ ചരിത്രകാരന്മാരും മിഷനറിമാരുടെ പ്രവർത്തനങ്ങളെ സ്വീകരിക്കയും അംഗീകരിക്കയും ചെയ്യുന്നതിനുപകരം പോർട്ടുഗീസുകാരുടെമേൽ ചളിവാരിയെറിഞ്ഞു് അവരുടെ മഹത്തായ സേവനങ്ങളെ അവഗണിക്കയത്രെ ചെയ്യുന്നതു്.

മിഷൻസഭകളും മിഷനറിമാരും

''സുഗന്ധദ്രവ്യങ്ങളും ക്രിസ്ത്യാനികളും'' എന്ന മുദ്രാവാക്യത്തോടുകൂടിയാണു് പോർട്ടുഗീസു് നാവികർ ജലമാർഗം ഇന്ത്യയിലേക്കു വന്നതു്. നാവികരോടൊപ്പം മിഷനറിമാരെയും പോർട്ടുഗൽ രാജാവു് ഇന്ത്യയിലേക്കു അയക്കുന്നതിനു ഉൽസുകനായിരുന്നു. മിഷനറിസഭക്കാരിൽ മുൻപന്തിയിൽനിൽക്കുന്നതു് ഫ്രാൻസിസ്കൻ സഭക്കാരാണു്. രണ്ടാംസ്ഥാനം ഈശോസഭക്കാർക്കും. 1517-ൽ 12 ഫ്രാൻസിസ്കൻ മിഷനറിമാർ കൊച്ചിയിൽ ഒരു ആശ്രമം സ്ഥാപിക്കണമെന്ന ഉദ്ദേശ്യത്തോടെ ആഗതരായി. അവർ സെമിനാരികളും, ആശ്രമങ്ങളും സ്ഥാപിക്കുക മാത്രമല്ല, മിഷൻരംഗങ്ങളിൽ ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ സംഖ്യ വർദ്ധിച്ചുവരുമ്പോൾ ദേവാലയങ്ങളും വിദ്യാലയങ്ങളും നിർമ്മിച്ചു. ഗോവ, സാൽസെറ്റ് എന്നീ സ്ഥലങ്ങളിലും കൊടുങ്ങല്ലൂരും ഫ്രാൻസിസ്കൻ മിഷനറിമാർ മഹത്തായ സേവനങ്ങൾ കാഴ്ചവച്ചിട്ടുണ്ടു്.

സെന്റ് ഫ്രാൻസിസ് സേവ്യർ

വി. ഫ്രാൻസിസ് സേവ്യറിന്റെ ആഗമനത്തോടെയാണു് ഈശോസഭ ഭാരതഭൂമിയിൽ കാലുകുത്തിയതു്. 1542 മെയ്മാസം 6-ാം തീയതി ''സന്തായാഗോ'' എന്ന പായ്ക്കപ്പൽ ഗോവയിൽ നങ്കൂരമുറപ്പിച്ചപ്പോൾ പണ്ഡിതനും, പ്രഭുകുമാരനും, പേപ്പൽ പ്രതിനിധിയും സർവ്വോപരി പുണ്യശ്ലോകനുമായ ഫ്രാൻസിസ് സേവ്യർ കരയ്ക്കിറങ്ങി. ഗോവയിൽ മാത്രമല്ല, കൊച്ചി, കൊറമണ്ഡൽ സമുദ്രതീരം, ജപ്പാൻ, മലാക്ക എന്നീ വിദൂര രാജ്യങ്ങളിൽപോലും സുവിശേഷം പ്രസംഗിക്കുന്നതിനു് ഈ വിശുദ്ധൻ സുദീർഘങ്ങളായ യാത്ര ചെയ്തു. കൊച്ചിനഗരംതന്നെ 12 പ്രാവശ്യം സന്ദർശിക്കയും 120 ദിവസങ്ങൾ അവിടെ ചിലവഴിക്കുകയും ചെയ്തതായി റിപ്പോർട്ടു ചെയ്യപ്പെടുന്നു. കന്യാകുമാരി മുതൽ ടിബറുവരെ ഈശോസഭക്കാർ പ്രേഷിതപ്രവർത്തനങ്ങൾ തീക്ഷ്ണതയോടെ നടത്തിയിട്ടുണ്ടു്. സുപ്രസിദ്ധ മുഗൾചക്രവർത്തി അക്ബർ ഈശോസഭക്കാരുടെ

malankaralibrary.com

പാണ്ഡിത്യത്തിലും പരോപകാര പ്രവർത്തനങ്ങളിലും ആകൃഷ്ടനായി അവരെ തന്റെ കൊട്ടാരത്തിലേക്കു ക്ഷണിക്കയുണ്ടായി.

പുനരൈക്യശ്രമങ്ങൾ

1653-ലെ 'ക്ലനൻകരിശ്ശു കലാപ'ത്തിനും ആർച്ചുഡീക്കൻ തോമസിന്റെ അസാധുവായ മെത്രാൻ പട്ടാഭിഷേകത്തിനുംശേഷം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ അരക്ഷിതാവസ്ഥ വ്യാപിച്ചു. ഭൂരിഭാഗം പേർക്കും പോർട്ടുഗീസുകാരോടും ഈശോസഭാംഗമായ ഗാർസിയാ മെത്രാപ്പോലീത്തായോടും വിദ്വേഷമുണ്ടായി. ഭൂരിപക്ഷം പള്ളികളും മാർപാപ്പയുടെ ഐക്യത്തിൽനിന്നു വിണ്ടിച്ചു നിന്നു. എന്നാൽ പരി. സിംഹാസനവുമായി ബന്ധപ്പെടാൻ ആഗ്രഹിച്ചിരുന്നവർ കർമ്മലീത്ത സന്യാസികളെ മലബാറിലേക്കയച്ചുതരണമെന്ന് ഏഴാം അലക്സാണ്ടർ മാർപാപ്പയോട് അഭ്യർത്ഥിച്ചതിന്റെ ഫലമായി കർമ്മലീത്തസന്യാസികളുടെ രണ്ടു കമ്മീഷനുകളെ നിയമിക്കയും, കരവഴി കേരളത്തിലെത്തിയ ഫാ. ജോസഫ് സെബസ്ത്യാനിയും സഹപ്രവർത്തകരായ സന്യാസികളും ഊർജ്ജസ്വലതയോടെ അനുരഞ്ജനത്തിനായി ശ്രമിക്കയും ചെയ്തു. 1657-ലാണ് കർമ്മലീത്തർ മലബാറിലെത്തിയത്. അവരുടെ പരിശ്രമഫലമായി വളരെയധികം പള്ളിക്കാർ മാർപാപ്പയുടെ ഐക്യത്തിലേക്കു മടങ്ങിപ്പോന്നു. 1658-ൽ ഫാ. സെബസ്ത്യാനി റോമിലേക്കു മടങ്ങി. കേരള ക്രിസ്ത്യാനികളുടെ സ്ഥിതിഗതികളും മാർപാപ്പയെ അറിയിച്ചു. 1659 ഡിസംബർ 3-ാംതീയതി മാർപാപ്പ മലബാർ വികാരിയാത്തു സ്ഥാപിച്ചു. അതിന്റെ പ്രഥമവികാരി അപ്പസ്തോലിക്കയായി ഡോ. ജോസഫ് സെബസ്ത്യാനിയെ നിയമിച്ചു. 1661-ൽ കൊച്ചിയിൽ വന്നു തന്റെ അപ്പസ്തോലിക പ്രവർത്തനങ്ങളിൽ വ്യാപൃതനായി. അനുരഞ്ജനത്തിനുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്നു. 1663-ൽ ഡച്ചുകാർ കൊച്ചി നഗരം ആക്രമിച്ചു പള്ളികളും നശിപ്പിച്ചു. മിഷനറിമാർ കേരളം വിട്ടുപോകണമെന്നു ആവശ്യപ്പെട്ടതനുസരിച്ചു തന്റെ പിൻഗാമിയായി കരവിലങ്ങാട്ടെ പള്ളിവീട്ടിൽ അലക്സാണ്ടറിനെ മെത്രാനായി അഭിഷേകം ചെയ്തശേഷം ഡോ. സെബസ്ത്യാനി റോമിലേക്കു മടങ്ങിപ്പോയി. പിന്നീട് പത്തു പതിനൊന്നു കർമ്മലീത്ത മിഷനറിമാർ മലബാർ വികാരിയാത്തിലെയും വരാപ്പുഴ വികാരിയാത്തിലെയും മെത്രാന്മാരായി പ്രശസ്ത സേവനങ്ങളും അനുഷ്ഠിച്ചിട്ടുണ്ട്. 1886-ൽ ലത്തീൻ ഹൈരാർക്കി സ്ഥാപിതമായപ്പോഴും ഡോ. ലെയോനാർഡ് മെല്ലാനൊ ഒ. സി. ഡി. ആയിരുന്നു വരാപ്പുഴഅതിരൂപതയിലെ മെത്രാപ്പോലീത്ത.

പ്രമുഖ മിഷനറിമാർ

ഈശോസഭയിലെ പ്രമുഖാംഗവും ഇന്ത്യയുടെ ദ്വിതീയാപ്പോസ്തലനുമായ വി. ഫ്രാൻസിസ് സേവ്യർ 1542-ലാണ് ഗോവയിൽ വന്നിറങ്ങിയത്. ഈ വിശുദ്ധനാൽ സമാരംഭിക്കപ്പെട്ട ഈശോസഭാപ്രവർത്തനങ്ങളും, മിഷനറിവേലകളും ഗോവയിൽനിന്നു തെക്കോട്ട് കോഴിക്കോട്ട്, കൊച്ചി, കൊല്ലം, കോട്ടാർ, തൂത്തുക്കുടി, ബംഗാൾ, ജപ്പാൻ, ചൈനയുടെ പൂമുഖമായ സാൽഷിക ദ്വീപുവരെ എത്തി. വിശുദ്ധൻ അനേകായിരം ജനങ്ങളെ മതപരിവർത്തനം ചെയ്യുകയും ജ്ഞാനസ്നാനപ്പെടുത്തി. 1552-ൽ വിശുദ്ധ സേവ്യർ മരിക്കുന്നതിനു മുൻപ്, കോട്ടാർ മിഷനിൽത്തന്നെ 30,000 കത്തോലിക്കരുണ്ടായിരുന്നു. കൊച്ചി, കൊല്ലം, കൊടുങ്ങല്ലൂർ എന്നീ പുരാതനക്രിസ്ത്യൻ കേന്ദ്രങ്ങളിലും അവയുടെ സമീപപ്രദേശങ്ങളിലും വിശുദ്ധന്റെ തീക്ഷ്ണതയിൽനിന്നു നവജീവൻ സംജാതമായി.

1606-ൽ ഫാ. റോബർട്ടു ഡി നോബിലി മധുരയിൽ മിഷൻ പ്രവർത്തനം നൂതനമായ ശൈലിയിൽ നടത്തി വിജയം കൈവരിച്ചു. തമിഴ്, സംസ്കൃതം

malankaralibrary.com

മുതലായ ദേശീയഭാഷകളും പഠിച്ചു ബ്രാഹ്മണസന്യാസിയുടെ വേഷം ധരിച്ചു് മതാചാരങ്ങളും ഉപേക്ഷിച്ചുകൊണ്ടു്, ബ്രാഹ്മണരുടെ ഇടയിൽ പ്രേഷിതപ്രവർത്തനങ്ങളും നടത്തി ഹൈന്ദവാചാരങ്ങൾക്കു ക്രിസ്തീയ പരിവേഷം നൽകി അനേകം സവർണ്ണഹിന്ദുക്കളെ ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്ത മിഷനറിയാണു് ഫാ. റോബർട്ടു് ഡി നോബിലി. ഫാ. ഡി. നോബിലിയെ അനുകരിച്ചു മറ്റു ഈശോസഭാവൈദികരും ബ്രാഹ്മണ വേഷം സ്വീകരിച്ചു. ഹൈന്ദവരെപ്പോലെ വസ്ത്രം ധരിച്ചു. ഉന്നതകുലജാതരെ ക്രിസ്തുമതത്തിലേക്കാനയിച്ചു.

പ്രഗത്ഭനായ അഗസ്തീനിയൻ സന്യാസിയാണു് ഡോ. അലക്സു് മെനെസിസ്. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ നടമാടിയിരുന്ന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഉന്മൂലനം ചെയ്യുവാനും, നെസ്റ്റോറിയൻ പാഷണ്ഡതയുടെ അധീനതയിൽ നിന്നു അവരെ മോചിപ്പിക്കാനുമായി ഉദയംപേരൂരിൽ 1599-ൽ ഒരു സൂനഹദോസു് വിളിച്ചു കൂട്ടിയതു് ഡോ. മെനെസിസാണു്. ഇതിന്റെ സംഘാടകനും അദ്ധ്യക്ഷനും മെത്രാപ്പോലീത്തതന്നെ. ഈ സൂനഹദോസു് വളരെയധികം ആധ്യാത്മിക നന്മകൾ മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു കൈവരുന്നതിനു ഇടയാക്കി,

പോർട്ടുഗീസുകാരുടെ സംഭാവനകൾ

ആധുനികകാലത്തു കേരളത്തിലെ ക്രൈസ്തവജീവിതം രൂപപ്പെട്ടുന്നതിനു പോർട്ടുഗീസു് മിഷനറിമാരുടെ സംഭാവന വളരെ ഉത്തേജനകരമായിരുന്നു. പരിത്യക്തമായിരുന്ന സമുദായവിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹ്യനിലവാരം ഉയർത്തി മനുഷ്യമഹത്ത്വത്തിനു അവരെ അർഹരാക്കി തീർത്തതും, ആത്മാഭിമാനം അവരിൽ സംജാതമാക്കിയതും പോർട്ടുഗീസു് മിഷനറിമാരാണു്. ഭർത്താവിന്റെ ചിതയിൽ ചാടി ഭാര്യയും മരിച്ചുകൊള്ളണമെന്ന അതിക്രൂരമായ ''സതിസമ്പ്രദായം'' നിർത്തൽ ചെയ്തതു പോർട്ടുഗീസു് ഗവർണർമാരാണു്. ആധുനിക രീതിയിലുള്ള വിദ്യാഭ്യാസ പദ്ധതി ഏർപ്പെടുത്തി പുരോഗതിയുണ്ടാക്കിയതും മറാരുമല്ല. യൂറോപ്യൻ സംഗീതോപകരണങ്ങളും നടപ്പിലാക്കി നാടകങ്ങളും മറ്റും പ്രചരിപ്പിച്ചതും പോർട്ടുഗീസുകാരല്ലേ?

ധാരാളം മതഗ്രന്ഥങ്ങളും പോർട്ടുഗീസുഭാഷയിൽനിന്നു മലയാളത്തിലേക്കു തർജ്ജിമചെയ്തു. കേരളത്തിൽനിന്നു ഉന്നതവിദ്യാഭ്യാസത്തിനായി പോർട്ടുഗലിലെ കൊയിംപ്രയൂണിവേഴ്സിറ്റിയിൽ കേരളീയ ക്രൈസ്തവയുവാക്കളെ അയച്ചു പഠിപ്പിച്ചു് അവരെ അദ്ധ്യാപകവിദ്വാന്മാരാക്കിയതും പോർട്ടുഗീസുകാരുടെ മഹാമനസ്കതയുടെ ഒന്നുകൊണ്ടുമാത്രമാണു്. ഇന്നു് കേരളക്കരയിൽ അങ്ങോളമിങ്ങോളം കാണുന്ന ശിൽപസുന്ദരങ്ങളായ ദേവാലയങ്ങളും മണിമാളികകളും പോർട്ടുഗീസുകാരുടെ മഹത്തായ സേവനങ്ങളെ അനുസ്മരിപ്പിക്കുന്നു. മുസ്ലീമുകളുടെയും അറബികളുടെയും പ്രബലമായ മുന്നേറ്റത്തെ തടഞ്ഞുനിർത്തി അവരോടു യുദ്ധം ചെയ്തു അവസാനംവരെ പരാജയപ്പെടുത്തിയതുകൊണ്ടാണല്ലോ ഡച്ചുകാർക്കും ബ്രിട്ടീഷുകാർക്കും നിഷ്പ്രയാസം ഇന്ത്യൻ സമുദ്രത്തിൽകൂടി യാത്ര ചെയ്യുവാൻ സാധിച്ചതു്. പോർട്ടുഗീസുകാർ ഇന്ത്യയിൽവന്ന ഇപ്രകാരം അറബികളെ പലായനം ചെയ്യിച്ചില്ലായിരുന്നുവെങ്കിൽ, തെക്കേ ഇന്ത്യയുടെ പേരുതന്നെ മറ്റൊന്നാകുമായിരുന്നു. പോർട്ടുഗീസുകാരുടെ സേവനങ്ങളെ അനുസ്മരിച്ചുകൊണ്ടു സഹൃദയനായ ഫാ. സി. കെ. മറോം ഇപ്രകാരമാണു് പ്രസ്താവിച്ചിരിക്കുന്നതു്: ''ആ ശതാബ്ദങ്ങളിൽ ഉത്തമ ക്ഷേത്രം പോർട്ടുഗീസുകാരും ഈശ്വരപ്രേരിതരായ വൈദികരും ഇവിടെവന്ന ക്രിസ്തുമതം ദൃഢതരമാക്കുകയും ശക്തിപ്പെടുത്തുകയും മാതൃകകൊണ്ടും വേദപ്രചാരംകൊണ്ടും സഭയെ പരിപുഷ്ടമാക്കുകയും ചെയ്തില്ലായിരുന്നുവെങ്കിൽ, കേരളത്തിലെ ക്രൈസ്തവരുടെ ഇന്നത്തെ സ്ഥിതി ഒന്നാകുമാ

malankaralibrary.com

യിരുന്ന എന്ന സഗാഢം ചിന്തിക്കേണ്ടിയിരിക്കുന്നു''. (കത്തോലിക്കാ ജീവിതം 1952. വിശേഷാൽ പ്രതി. പേജ് 75).

അഞ്ചു നൂറ്റാണ്ടിനുശേഷം

പോർട്ടുഗീസുകാരുടെ സാമ്രാജ്യദുർമോഹത്തെ പഴിപറയുന്ന രാഷ്ട്രങ്ങളും ആധുനികയുഗത്തിലുണ്ടായിരിക്കാം. അവരുടെ വിദേശനയങ്ങളെ സ്വാർത്ഥപൂർണമെന്ന മുദ്രകുത്തുന്നവരുണ്ടാകും. അവരുടെ ഭരണഘടന നവീനലോകത്തിനു അനുയോജ്യമല്ലെന്നു വിധിക്കുന്നവരും കുറവായിരിക്കയില്ല. എന്നാൽ പോർട്ടുഗീസുകാരുടെ മതതീക്ഷ്ണത ഇതിൽനിന്നെല്ലാം വ്യത്യസ്തം.

അവർ ഭാരതമണ്ണിൽ കാലുകുത്തിയ ദിവസംമുതൽ മതജീവിതത്തിനു പുതുജീവൻ ലഭിച്ചു. അവിശ്രമപരിശ്രമംമൂലം അനേകായിരം അനാഗതരെ ക്രിസ്തുമതത്തിൽ ചേർത്തു. കൊച്ചി, കൊല്ലം, ഗോവ, കൊറമണ്ഡൽതീരങ്ങളും എന്നിവിടങ്ങളിലെ പോർട്ടുഗീസു മിഷനറിസേവനം ക്രൈസ്തവസഭയ്ക്കു സമുദ്ധാരകമായി.

അതേസമയം മാർത്തോമ്മാ ക്രിസ്ത്യാനികളെ ലത്തീൻറീത്തിൽ ചേർത്തു സുറിയാനി പൈതൃകം നശിപ്പിച്ചെന്നുപറഞ്ഞു ചില ചരിത്രകാരന്മാർ പോർട്ടുഗീസുകാരെ പഴിക്കാറുണ്ട്. എന്നാൽ പതിനാറാംനൂറ്റാണ്ടുവരെ കൽദായമെത്രാന്മാരും അവരുടെ സിൽബന്ധികളും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആധ്യാത്മികോന്നമനത്തിനായി എന്തുചെയ്തെന്നും അവരുടെ മിഷൻപ്രവർത്തനങ്ങളിൽ എത്രമാത്രം വിജയിച്ചെന്നുമുള്ള ചോദ്യങ്ങളും അവശേഷിക്കുന്നു. കർദ്ദിനാൾ പാറേക്കാട്ടിലിന്റെ മറുപടി:

'കൽദായക്കാർ തോമാശ്ലീഹയുടെ നാമവുമായി നമ്മുടെ സഭയെ ഘടിപ്പിച്ചിരുന്നതുകൊണ്ടു കേരള ക്രൈസ്തവസഭയുമായുള്ള ബന്ധം അരക്കിട്ടുറപ്പിക്കാൻ എളുപ്പമായി. പതിനഞ്ചുംനൂറ്റാണ്ടുവരെ അവരുടെ ഭരണകാലത്തു കേരള ക്രൈസ്തവസഭയ്ക്കുവേണ്ടി പ്രവർത്തിക്കയോ ക്രിസ്ത്യാനികളുടെ ആധ്യാത്മിക നിലവാരം ഉയർത്താൻ പരിശ്രമിക്കയോ ചെയ്തിട്ടില്ല. ഈ കാലഘട്ടത്തിൽ കേരളമണ്ണിന്റെ ഒരു സന്താനത്തിനുപോലും പൗരോഹിത്യത്തിന്റെ പൂർണതയുമായി മെത്രാൻപട്ടം കൊടുത്തതായി അറിവില്ല.എന്നാൽ പിന്നീടുവന്ന ലത്തീൻ കർമ്മലീത്തമിഷനറി ഡോ. ജോസഫ് സെബസ്ത്യാനി പള്ളിവീട്ടിൽ ചാണ്ടിക്കത്തനാക്ക ഈ പദവി നല്കിയെന്ന അനുസ്മരിക്കേണ്ടതാണ്' (ലിറർജി എന്റെ ദൃഷ്ടിയിൽ പേജ് 18).

പോർട്ടുഗീസുമിഷനറിമാരുടെയും തുടർന്നുള്ള സുവിശേഷപ്രഘോഷണനിരകളുടെയും മധുരഫലങ്ങളല്ലേ നാമിന്നു അനുഭവിക്കുന്നതു? കേരളത്തിലെ ഒൻപതു ശ്രുതകളുള്ള ഹൈറാർക്കിയും ഇരുപതുലക്ഷം സമുദായാംഗങ്ങളും മറ്റാരുടെ ശ്രമങ്ങളുടെ ഫലമാണ്? ഫ്രാൻസിസ്ക്കൻ, ഡൊമിനിക്കൻ, അഗസ്തീനിയൻ, ജസ്വീറ്റ് മിഷനറിമാരുടെ ത്യാഗനിർഭരമായ സുവിശേഷപ്രവർത്തനംമൂലമല്ലേ ആയിരങ്ങളും ജ്ഞാനസ്നാനം സ്വീകരിച്ചതു. മാത്തോമ്മാക്രിസ്ത്യാനികളിൽ ചിലർ ലത്തീൻറീത്ത് ആശ്ലേഷിച്ചതു നിസ്തർക്കം. അക്രൈസ്തവരായ രാജാക്കന്മാർപോലും ക്രൈസ്തവ മിഷനറിമാരോടു സഹിഷ്ണതയോടെ പെരുമാറിയ ചരിത്രമാണുള്ളതു.

സാഹസികയാത്രകളിലൂടെ ത്യാഗനിർഭരമായ മാനസാന്തരവേല സ്വന്തം ജീവനെപ്പോലും ബലികൊടുത്തു നടത്തിയതിന്റെ പശ്ചാത്തലവിവരണമാണ് ഈ ഗ്രന്ഥം. അഞ്ഞൂറുവർഷം മുൻപു കോഴിക്കോട്ടെ കപ്പാട് ഗ്രൗണ്ടിൽ മുനമ്പു ചുറ്റിവന്ന കാരെട്ടുവച്ചകാലം മുതല്ലുള്ള സംഭവപരമ്പരകളുടെ സമീകൃതവിന്യാസം. അഞ്ഞൂറ്റാണ്ടു തികയുന്ന ശുഭദശകത്തിൽ ഇൻഡോ-പോർട്ടുഗീസ് ധാരണയും ചർച്ചയും ഉരുത്തിരിയുമ്പോൾ കേരളീയർക്കു ഓർമ്മിക്കാൻ കുറേ വസ്തുതകൾ അവതരിപ്പിച്ചിരിക്കുകയാണ് ഈ ഗ്രന്ഥത്തിൽ.

malankaralibrary.com

പുനരന്വേഷണത്തിനു പ്രചോദനമേകാൻ

സത്യാന്വേഷി എന്ന നിലയിൽ വിദേശത്തും സ്വദേശത്തും പ്രസിദ്ധീകൃതമായ മിക്ക ഗ്രന്ഥങ്ങളും ലേഖനങ്ങളും ശേഖരിച്ചു പഠിച്ചിട്ടാണ് ഈ ഗ്രന്ഥമെഴുതിയതു്. പോർട്ടുഗൽ യുഗത്തിലെയും, ആ യുഗം രൂപംകൊടുത്ത പരിതഃസ്ഥിതികളിലെയും ക്രൈസ്തവസഭയുടെ സംക്ഷിപ്തപഠനം. ക്രൈസ്തവരിലും അക്രൈസ്തവരിലും പ്രത്യേകിച്ചു് പ്രബുദ്ധമായ ക്രൈസ്തവേതര സമുദായങ്ങളിലും ലത്തീൻസമുദായത്തിനുണ്ടായിട്ടുള്ള മലിനീകരണം നിർമ്മാർജ്ജനം ചെയ്യാനുള്ള യത്നംകൂടിയാണിതു്.

കയ്യെഴുത്തുപ്രതിയിലെ തെറ്റുകൂടാതെ തിരുത്തിയ കേരള ടൈംസ് പത്രാധിപർ പ്രൊഫ. പി. എം ജൂസെ, ചരിത്രപണ്ഡിതൻ കെ. എൽ. ബർണാർഡ്, ഗ്രന്ഥം ആദ്യവസാനം എഡിറ്റു ചെയ്തുതന്ന ജോൺ പെല്ലിശേരി എന്നിവർക്കു അകൈതവമായ നന്ദി. ഗ്രന്ഥത്തിനു ആദർശപശ്ചാത്തലമൊരുക്കി അവതരിപ്പിക്കുന്ന കൊച്ചിരൂപത ബിഷപ്പ് ഡോ. ജോസഫ് കരീത്തറ തിരുമേനിക്കു് ആത്മാർത്ഥമായ കൃതജ്ഞത രേഖപ്പെടുത്തുന്നു. ആശംസാലേഖനം എഴുതിയ ബിഷപ്പ് ഡോ. പീറ്റർ തുരുത്തിക്കോണത്തിനോടുള്ള കടപ്പാടു് വലുതാണു്. മുഖക്കുറിപ്പെഴുതി പ്രോൽസാഹിപ്പിച്ച മോൺ. അലക്സാണ്ടർ വടക്കുംതലക്കൽ കൃപ്പകൈ. ഇതിന്റെ മുദ്രണവും പ്രസാധനവും ഭംഗിയായി നിർവ്വഹിച്ചുതന്ന പെല്ലിശേരി പബ്ളിക്കേഷൻസ് ഭാരവാഹികളെയും മറ്റും നന്ദിപൂർവം അനുസ്മരിക്കുന്നു.

സെന്റ് ജോസഫ് നൊവിഷ്യറ്റ്
കല്ലൂർ, അന്നമനട പി. ഒ. 680741
ചാലക്കുടി
20-1-1992

ഫാ. ജോൺ പള്ളത്ത് ഒ. സി. ഡി.

malankaralibrary.com

ഒന്ന്

സുവർണയുഗം

പോർട്ടുഗീസുകാരും ഇന്ത്യയിലെ ക്രൈസ്തവസഭയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ഇന്ത്യയിലെ ക്രൈസ്തവരാജാവിനെ തേടിപ്പുറപ്പെട്ട പാശ്ചാത്യരുടെ മുന്നോടികളായിരുന്ന പോർട്ടുഗീസുകാർ. അവർ ഇന്ത്യയിൽ കച്ചവടകേന്ദ്രങ്ങളും തുറന്നതോടൊപ്പം രാഷ്ട്രീയമേൽക്കോയ്മകളുള്ള ആസ്ഥാനങ്ങളുറപ്പിക്കാനും ശ്രമിച്ചു. പക്ഷേ അവരുടെ രാഷ്ട്രീയാധിപത്യത്തിന്റെ സംവിധാനങ്ങളും ഡച്ചുകാർ തകർത്തുകളഞ്ഞു. എന്നാൽ ഡച്ചുകാർക്കും ബ്രിട്ടീഷുകാർക്കും ഇളക്കിമാറാനാകാത്തവിധം ഇന്ത്യയിലെ ക്രൈസ്തവസഭകളിലൂടെ പോർട്ടുഗീസുകാർ സ്വാധീനം ഉറപ്പിച്ചു. ബോംബെമുതൽ കന്യാകുമാരിവരെയുള്ള പശ്ചിമതീരത്തെ സുശക്തവും സുസംഘടിതവുമായ ലത്തീൻ കത്തോലിക്കസമൂഹത്തിനു രൂപംകൊടുത്തതുതന്നെ പ്രധാനം. വി. ഫ്രാൻസീസ് സേവ്യർ ഇന്ത്യയുടെ പശ്ചിമതീര ക്രൈസ്തവീകരണത്തിന്റെ മുഖ്യസൂത്രധാരകനായി. കേരളത്തിലെ ക്രൈസ്തവസഭയ്ക്ക് പോർട്ടുഗീസ് ആഗമനം ഗുണവും ദോഷവും ചെയ്തിട്ടുണ്ട്. പോർട്ടുഗീസ് മതമേധാവിത്വം സ്വീകരിച്ച് അതുവഴി കാലാന്തരത്തിൽ റോമിലെ മാർപാപ്പയുടെ ഏകശാസനത്തിനു വഴങ്ങി സ്വജാതിയിലും റീത്തിലുംനിന്നുള്ള മെത്രാന്മാരാൽ നയിക്കപ്പെടുന്ന കേരള സുറിയാനികത്തോലിക്കാസഭയുടെ പുരോഗതിക്കു വഴിതുറന്നതു പോർട്ടുഗീസ് മിഷനറിമാരാണ്. എന്നാൽ കേരളത്തിലെ സുറിയാനിസഭയിലുണ്ടായ ശിഥിലീകരണ പ്രവണതകളും പോർട്ടുഗീസ് മതമേധാവിത്വത്തിന്റെ ദുഷ്ഫലങ്ങളാണെന്നത്രെ ചില ചരിത്രകാരന്മാർ പ്രചരിപ്പിക്കുന്നതു.

ക്രിസ്തുമതപ്രചാരകരായ രാജാക്കന്മാർ

പതിനാറാംനൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിൽ, പോർട്ടുഗലിനെ പ്രഗത്ഭരും കർമ്മധീരരുമായ രാജാക്കന്മാരുടെ നിസ്വാർത്ഥസേവന

malankaralibrary.com

ത്തിന്റെയും പ്രവർത്തനങ്ങളുടെയും ഫലമായി പ്രശസ്തിയുടെ കൊടുമുടിയിലേയ്ക്കു ആനയിച്ചു. ജൊയാവൊ ഒന്നാമന്റെ പുത്രനായ ദോം ഹെൻറി, ജൊയാവൊ രാജാവു്, മാനുവൽ ഒന്നാമൻ എന്നീ രാജാക്കന്മാർ അജ്ഞാതരാജ്യങ്ങളും കണ്ടെത്തുന്നതിനും അനാഗതരെ ക്രൈസ്തവമതത്തിലേക്കു പരിവർത്തനം ചെയ്യു ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനും അക്ഷീണം പ്രയത്നിച്ചിരുന്നു. പോർട്ടുഗൽ രാജാക്കന്മാർ യഥാർത്ഥ കുരിശ്രുയുദ്ധയോദ്ധാക്കൾതന്നെ (Crusaders). ജീവനെ തൃണവൽഗണിച്ചുകൊണ്ടു പോർട്ടുഗീസുനാവികർ പൗരസ്ത്യരാജ്യങ്ങളിലേക്കും ആഫ്രിക്കൻ ഭൂഖണ്ഡത്തിലേക്കും കുരുമുളകു മുതലായ സുഗന്ധദ്രവ്യങ്ങളെയും ക്രിസ്ത്യാനികളെയും അന്വേഷിച്ചു് ഇറങ്ങിത്തിരിച്ചു. കൊടുങ്കാറ്റുപോലെ ആഞ്ഞടിച്ച മുസ്ലീംശക്തിയെ സുധീരം അവർ കീഴടക്കി. യൂറോപ്യൻ രാജ്യങ്ങളിൽ പോർട്ടുഗൽമാത്രമാണു അറബികളെ പരാജയപ്പെടുത്തിയതു്. പൗരസ്ത്യദേശങ്ങളിലെ യഥാർത്ഥ ക്രൈസ്തവ മതസംരക്ഷകർ.[1] എല്ലാം നഷ്ടപ്പെട്ടേക്കുമോ എന്ന ആകുലതയോടും ഭീതിയോടുംകൂടി കഷ്ടതകളും സഹിച്ചുകൊണ്ടു് ക്രിസ്ത്യാനികളെ അന്വേഷിച്ചു അവർ ഇന്ത്യയിൽ വന്നു. പല രാജ്യങ്ങളിലും ആധിപത്യം സ്ഥാപിച്ചു. ആയിരങ്ങളെ ക്രിസ്തുവിലേക്കു് ആനയിച്ചു. അഞ്ഞൂറു വർഷങ്ങൾക്കുമുമ്പു് പോർട്ടുഗീസുകാർ, ഭാരതത്തിൽ പല രാജ്യങ്ങളിലും ക്രിസ്തുമതസന്ദേശം നൽകി. അന്നു് അവർ ആലപിച്ച വിജയഗീതം ഇന്നും ക്രൈസ്തവനഗരങ്ങളിൽ മാറ്റൊലി കൊള്ളുന്നു.

കഠിനാദ്ധ്വാനശീലർ

പോർട്ടുഗീസു് എന്ന വാക്കു് ''പോർത്തുസു്— കാലെ'' എന്നീ രണ്ടു പദങ്ങളിൽനിന്നു നിഷ്ക്രമിച്ചതാണു്. ''പൂർത്തുഗിസു്'' എന്നതു് പോർത്തുഗലിന്റെ അപഭ്രംശരൂപം. പൂത്തുഗീസു് ആധുനിക ഉച്ചാരണമാണെങ്കിലും പ്രസിദ്ധിമൂലം പോർട്ടുഗീസു്, പോർച്ചുഗീസു് എന്നാണു് ഇപ്പോഴും പ്രയോഗിച്ചുവരുന്നതു്. ഐബേറിയൻ അർദ്ധദ്വീപിലെ ഇന്നത്തെ പോർട്ടുഗലിലുള്ള 'ദുകറാ' എന്ന നദീമുഖ ജനവാസകേന്ദ്രത്തെ ''പോത്തുസു്—കാലെ'' (portus-cale) എന്നു ലത്തീൻ ഭാഷയിൽ പറഞ്ഞുവന്നിരുന്നു. ആ പേരിൽനിന്നാണു് ''പോർത്തുകൽ'' ഉണ്ടായതു്. കാലെയിലെ തുറമുഖപട്ടണം എന്നാണു് അർത്ഥം. പോത്തുസു് എന്ന ലത്തീൻപദത്തിനു് വാതിൽ, തുറമുഖം, ചുങ്കം പിരിക്കുന്ന സ്ഥലം എന്നെല്ലാം അർത്ഥമുണ്ടു്. പിന്നീടതു് ഒരു ഭൂവിഭാഗത്തിന്റെയും രാഷ്ട്രത്തിന്റെയും ഭാഷയുടെയും പേരായി. ദുറൊ എന്ന നദീമുഖത്തിനടുത്തു് ''പോർത്തുസു് കാലെ'' എന്നൊരു റോമൻ അധിവാസ കേന്ദ്രമുണ്ടായിരുന്നു. റോമാക്കാർക്കു മുമ്പുതന്നെ അവിടെ ആളു

1 Golden Age of Portuguese India by Helencamerom Garden F. R G. S, Coimbra 1958. P. 1.

malankaralibrary.com

കും താമസിച്ചിരുന്നതായി രേഖകളുണ്ട്. റോമാക്കാർ ഐബീറിയൻ ഉപദ്വീപത്തിൽ സ്ഥാപിച്ച ഗെലേസ്യ പ്രോവിൻസിന്റെ തെക്കുഭാഗത്തായിരുന്ന പോർത്തുസ് കാലെ. എ. ഡി. 411-ൽ ജർമ്മൻവർഗക്കാരായ സുവോബികും ഗലീഡിയായെ ആക്രമിച്ചു. പോർത്തുസ് കാലെ പിടിച്ചെടുത്തു. തങ്ങളുടെ ശക്തികേന്ദ്രമാക്കി. ജർമ്മൻകാർ അതിനെ പോർത്തുകാലെ എന്നു വിളിച്ചു. പിന്നീട് പോർട്ടുഗൽ ആയി. കടലിനോടും കരയോടും മല്ലിട്ട് ജീവിക്കേണ്ടി വന്ന അവർ കഠിനാദ്ധ്വാനശീലവും സാഹസികതയുമുള്ള ജനതയായി. ആ നാടിന്റെ ഭൂപ്രകൃതിയും ദീർഘകാലം നേരിടേണ്ടിവന്ന യുദ്ധങ്ങളും അവരെ രണശൂരന്മാരും അദ്ധ്വാനശീലരുമാക്കി. [2]

പോർട്ടുഗലിന്റെ ആദ്യകാലചരിത്രത്തിൽ സ്പയിൻകൂടി ഉൾപ്പെട്ട രാജ്യമായിരുന്ന ഈ ഉപദ്വീപ്. റോമാക്കാർ ഈ ഉപദ്വീപിനെ സ്പെയിൻ അഥവാ "ഹിസ്പാനിയ" എന്നും ഹൈബെറിയ എന്നുമാണ് വിളിച്ചിരുന്നത്. ഈ ഉപദ്വീപിൽ ചരിത്രാതീതകാലത്തു ഫെനേഷ്യക്കാരാണ് അധിവസിച്ചിരുന്നത്. എ. ഡി. 1095-ൽ ദോം അൽഫോൻസൊ, ബർഗണ്ടിലെ പ്രഭു ഹെൻറിയോടുള്ള സ്നേഹാദരങ്ങളുടെ അടയാളമായി തന്റെ പുത്രി തെരാസായെ, ഹെൻറിക്ക് വിവാഹം ചെയ്തുകൊടുത്തു. വിവാഹത്തിന്റെ പേരിൽ മൂർ വർഗക്കാരിൽനിന്നും താൻ പിടിച്ചെടുത്ത ഒപ്പോട്ടൊ, കൊയിംപ്രാ പ്രവിശ്യകളുടെ പുതിയ ഭരണാധികാരിയായി ഹെൻറിയെ നിയമിച്ചു. പോത്തു-കലേസസിലെ കൗണ്ട് എന്ന പേരും സ്വീകരിച്ചുകൊണ്ട് ഹെൻറി ഡൗനൊ (Douro) യുടെ ഉത്തരഭാഗത്തുള്ള "ഗ്രയിമാരെ സയി" തന്റെ ആസ്ഥാനമാക്കി. ഇപ്പോഴത്തെ ഓപ്പോർട്ടൊയായ ഡൗനൊയുടെ സമീപമുള്ള "പോർത്തുസ് കാലെ"യുടെ വാക്കുകളിൽനിന്നാണ് അദ്ദേഹം തന്റെ സ്ഥാനപേരും സ്വീകരിച്ചതു. കാഗൊ-ഗെയിസ് എന്നാണ് ഫെനേഷ്യക്കാർ ഈ സ്ഥലത്തെ വിളിച്ചിരുന്നതു. ഫെനേഷ്യക്കാരുമായി വ്യാപാരം നടത്തുന്നതിനും സൗകര്യമുള്ള സ്ഥലംകൂടിയായിരുന്നു അതു. ഈ നഗരത്തിനു പിന്നീടു പോർട്ടുഗൽ എന്ന നാമം നൽകി. റോമാക്കാർ ഈ നഗരം കൈവശപ്പെടുത്തിയിരുന്ന കാലഘട്ടത്തിൽ അർദ്ധദ്വീപിലെ പ്രധാന പശ്ചിമതീര തുറമുഖമായിരുന്ന ഈ കാഗൊ. ഈ നഗരത്തിനാണ് പോർട്ടുഗൽ എന്ന പേരു നൽകപ്പെട്ടതു എന്നു ചരിത്രപണ്ഡിതൻ ഫ്രെഡറിക്ക ചാംസ് ഡാൻവേർസ് പ്രസ്താവിച്ചിരിക്കുന്നു. [3]

---

2. A History of India by Edward Michael, P. 120
3. The Portuguese in India by Frederic Charles Danvers Vol. I. p. 13-14

malankaralibrary.com

ലിസ്ബൺനഗരം

കൗണ്ടസ് (പ്രഭ) ഹെൻറി മൂർവർഗക്കാരെ പരാജയപ്പെടുത്തി. അദ്ദേഹം 1114-ൽ ചരമമടഞ്ഞപ്പോഴേക്കും ഭോം അൽഫോൺസൊ ഹെൻറിക്കസ് രാജ്യഭരണമേറ്റു. ഈ ഹെൻറി 1130 ജൂലൈ 25-ാം തീയതി മൂർ വർഗക്കാരെ നേരിട്ട ഓറിക്കിൽവച്ച് (Orique) നിർണായകമായ വിജയം കൈവരിച്ചു. ഓറിക്കുൽ രാജ്യം പോർട്ടുഗീസുകാർ തങ്ങളുടെ രാജസ്ഥാനത്തിന്റെ ജന്മസ്ഥലമായി പരിഗണിച്ചുവരുന്നു. 1147-ൽ ഭോം അൽഫോൺസൊ രാജാവ് ലിസ്ബണിൽനിന്ന് 64 കി. മീ. അകലെ സ്ഥിതിചെയ്യുന്ന സൻടാരോം പിടിച്ചെടുക്കുകയും ആ രാജ്യം പോർട്ടുഗൽ രാജ്യത്തിലേക്കു കൂട്ടിച്ചേർക്കുകയും ചെയ്തു. ഈ രാജ്യത്തെ അസംബ്ളിയിൽവച്ച്, ഭോം അൽഫോൺസൊയെ പോർട്ടുഗലിലെ നിയമാനുസൃതരാജാവായി കിരീടം ധരിപ്പിക്കയും സ്പെയിനുമായുള്ള ഭരണപരമായ എല്ലാ ബന്ധങ്ങളും വിഛേദിക്കയും ചെയ്തു. പിറേറവർഷം മൂർവർഗക്കാരിൽനിന്നു ലിസ്ബൺ നഗരം ആക്രമിച്ചു കീഴടക്കുന്നതിനു ശ്രമിച്ചുവെങ്കിലും ആ ഉദ്യമം വിജയിച്ചില്ല. എന്നാൽ താമസംവിനാ വിശുദ്ധനഗരത്തിലേക്ക് യാത്ര ചെയ്തിരുന്ന ഇംഗ്ളീഷ്, നൊർമൽഡ, ഫ്ളെയിങ്ങ് എന്നീ സൈന്യങ്ങളോടു പോർട്ടുഗീസു സൈന്യം ചേർന്ന് പതിനാലായിരം ഭടന്മാരോടുകൂടി മൂർസൈന്യത്തെ നേരിടുകയും ലിസ്ബൺ അനായാസം പിടിച്ചെടുക്കുകയും ചെയ്തു. ലിസ്ബണിന്റെ പുരാതന നാമമായ ഒലിസിപൊ (Olisipo) എന്ന വാക്കിന്റെ അപഭ്രംശരൂപമാണ് ലിസ്ബൊവാ. റോമാക്കാരും, ഗോത്തുസും, മുസ്ളീമും തുടർച്ചയായി ലിസ്ബണിൽ ആധിപത്യം സ്ഥാപിച്ചിരുന്നു. മുസ്ളീമുകൾ ഈ നഗരത്തിനു ലഷ്ബൂന അഥവാ ഒഫ്ബൂന എന്ന അറബിനാമമാണ് നൽകിയിരുന്നതു്.

രാജ്യവിപുലീകരണം

ലിസ്ബൺ പിടിച്ചടക്കിയതോടുകൂടി പോർട്ടുഗലിൽ സ്വന്തം ഗവൺമെൻറ് സ്ഥാപിക്കുന്നതിനുള്ള ശ്രമമായി. 1179-ൽ ഹെൻറിക്ക് പോർട്ടുഗലിനെ വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിനു് അടിയറവച്ചു. മാർപാപ്പയ്ക്കു പ്രതിവർഷം കപ്പം കൊടുക്കാമെന്നു പ്രതിജ്ഞ ചെയ്തു. അലക്സാണ്ടർ മൂന്നാമൻ മാർപാപ്പ പോർട്ടുഗലിനെ സ്വതന്ത്ര രാജ്യമായും അൽഫോൺസൊ ഫ്രെഡറിക്കിനെ അതിന്റെ പരമാധികാര രാജാവായും അംഗീകരിച്ചു. അതോടെ പോർട്ടുഗൽ രാജ്യവും രാജവംശവും യൂറോപ്പിൽ പൊതുവെ അംഗീകരിക്കപ്പെട്ടു. ഇംഗ്ളണ്ട്, ഫ്രഞ്ച്, ജർമ്മൻ എന്നീ കുരിശുയോദ്ധാക്കളുടെ (crusaders) സഹായത്തോടെ മൂർവർഗക്കാർക്കെതിരെ പല യുദ്ധങ്ങളും ചെയ്തു. ഇപ്പോഴത്തെ പോർട്ടുഗലിലുള്ള ആറു പ്രോവിൻസുകളിൽ നാലെണ്ണം കരസ്ഥമാക്കി തന്റെ രാജ്യത്തോടു ചേർത്തു. അൽഫോൻസൊ രാജാവ് 1185-ൽ അന്തരിച്ചു. അദ്ദേഹത്തിന്റെ പുത്രൻ ഭോം

malankaralibrary.com

സാൻചൊ ഒന്നാമൻ രാജാവായി വാഴിക്കപ്പെട്ടു. പ്രതാപവാനായ സാൻചോയുടെ ഭരണകാലത്തു മറ്റു പ്രോവിൻസുകളും പോർട്ടുഗലിനോടു കൂട്ടിച്ചേർത്തു. അങ്ങനെ 'രാജ്യത്തെ വീണ്ടെടുക്കുന്നവൻ' എന്ന അപരനാമത്താൽ അദ്ദേഹം അറിയപ്പെട്ടു. പോർട്ടുഗലിലെ അൽഫോൺസൊ മൂന്നാമന്റെ ചരമത്തോടുകൂടി പോർട്ടുഗൽ രാജാവായി കിരീടം ധരിക്കപ്പെട്ടതു ദോം ഡിനിസ് (Dinis) ആണ്. ഈ രാജാവ് വിജ്ഞാനതല്പരനും നയതന്ത്രനീക്കങ്ങളിൽ സമർത്ഥനുമായിരുന്നു. പോർട്ടുഗലിനെ പശ്ചിമ യൂറോപ്യൻ രാഷ്ട്രങ്ങളുമായി ബന്ധപ്പെടുത്തുന്നതിനു ഡിനീസ് രാജാവിനു സാധിച്ചു. 1290-ൽ അദ്ദേഹം കോയിമ്പ്ര സർവകലാശാല സ്ഥാപിച്ചു. 1317 മുതൽ തുറമുഖങ്ങളെ സുസജ്ജമാക്കുന്നതിനും നാവികവ്യൂഹം ശക്തിപ്പെടുത്തുന്നതിനും മുൻകൈയെടുത്തതു ഡിനീസ് രാജാവാണ്. അദ്ദേഹത്തിന്റെ ഭരണകാലത്ത് യുദ്ധങ്ങളും ആക്രമണങ്ങളും അവസാനിച്ചു. പ്രശാന്തമായ അന്തരീക്ഷത്തിൽ പോർട്ടുഗൽ വ്യവസ്ഥാപിതവും അംഗീകൃതവുമായ രാജ്യമായി ഉയർന്നുവന്നു. കൃഷിയും വ്യവസായവും അഭിവൃദ്ധിപ്പെട്ടു. മറ്റു വിദേശരാജ്യങ്ങളുമായി വാണിജ്യബന്ധം ഏർപ്പെടുത്തി.

കരുത്തുറ്റ നാവികവ്യൂഹം

ദോം ജൊയാവൊ മൂന്നാമൻ പോർട്ടുഗലിലെ രാജാവായതോടുകൂടി പോർട്ടുഗലിനു മറ്റു രാഷ്ട്രങ്ങളിൽ പ്രധാനസ്ഥാനം കൈവരിക്കാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ ഭരണകാലത്താണ് ആവിസ് (Avizi) രാജവാഴ്ചയ്ക്ക് ജന്മം നൽകിയതു. ഇരുനൂറു വർഷങ്ങളോളം ഈ രാജവാഴ്ച നീണ്ടുനിന്നു. പോർട്ടുഗൽരാജ്യത്തിന്റെ അഭിവൃദ്ധിയും മഹത്വവും പരമകാഷ്ഠയിൽ എത്തിയതു ദോം ജൊയാവൊയുടെ വാഴ്ക്കാലത്താണ്. ജൊയാവൊയുടെ പുത്രൻ ദോം ഹെൻറികുസിന്റെ ഭരണകാലത്തു വിദൂരരാജ്യങ്ങളെ കണ്ടെത്തുന്നതിനു സാഹസികസമുദ്രയാത്രകളിൽ പോർട്ടുഗീസ് നാവികർ ഉദ്യുക്തരായി[4]. അദ്ദേഹം വാനനിരീക്ഷണം, ജ്യോതിശാസ്ത്രം മുതലായവ അഭ്യസിച്ചു. സമുദ്രത്തിൽ സാഹസികമായ യാത്രകൾ നടത്തുന്നതിനു നാവികരെ പ്രേരിപ്പിച്ചു. ഇംഗ്ലണ്ടുമായി വാണിജ്യത്തിലേർപ്പെട്ടു. അതിന്റെ ഫലമായി പോർട്ടുഗൽ സാമ്പത്തികമായി വളരെ അഭിവൃദ്ധി പ്രാപിച്ചു. 1418-1420 വർഷങ്ങളിൽ പൊർട്ടൊ, സാൻത്തൊ, മഡെയ്റാവു എന്നീ ദ്വീപുകൾ കണ്ടെത്തിയതു ദോം ഹെൻറിയുടെ പരിശ്രമഫലമായിട്ടാണ്. ആഫ്രിക്കൻ പശ്ചിമതീരത്തേക്കു വർഷംതോറും രണ്ടുമൂന്നു കപ്പൽപ്പട അയച്ചുകൊണ്ടിരുന്നു. ആഫ്രിക്കയിലെ ജനങ്ങളെ ക്രൈസ്തവരാക്കാൻ ദോം ഹെൻറി തീവ്രമായി ആഗ്രഹിച്ചു. അതിനായി മിഷനറിമാരെ ആഫ്രിക്കയിലേക്ക് അയച്ചുതുടങ്ങി. തന്റെ ഈ പ്രേഷിതപ്രവ

4. The Portuguese in India-op. cit. Vol. I. pp. 14-20

malankaralibrary.com

വത്തനങ്ങൾക്കു സ്ഥിരീകരണം ലഭിക്കുന്നതിനു് രാജാവു് ബൊജാഡൊർ (Bojador) മുതൽ ഇൻഡീസു് (Indies) വരെയുള്ള സമുദ്രത്തിൽ രാജ്യങ്ങൾ കണ്ടെത്തുന്നതിനും അവിടെ ആധിപത്യം സ്ഥാപിക്കുന്നതിനും, രാജ്യങ്ങളിലും ദ്വീപുകളിലും ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനും തദ്ദേശവാസികളെ മതപരിവർത്തനംനടത്തി പോർട്ടുഗീസു് രാജവാഴ്ച നിലനിറുത്തുന്നതിനുംവേണ്ടി മാർപാപ്പയുടെ അനുവാദവും അംഗീകാരവും അപേക്ഷിക്കയുണ്ടായി. മാർപാപ്പയും കട്ടിനാൾമാരുടെ തിരുസംഘവും ഡോം ഹെൻറിയുടെ കണ്ടെത്തലുകളെ പ്രോത്സാഹിപ്പിച്ചു. അവ വിലപ്പെട്ടതാണെന്നു് ഉൽഘോഷിച്ചു് ഒരു ബൂള പ്രസിദ്ധപ്പെടുത്തി. ബൂള നിക്കളാവൂസു് നാലാമനും സ്ഥിരീകരിച്ചു.[5] 1433-ൽ ഡോം ഹെൻറിയുടെ നാവികസേന അസോരൻ (Azoran)കണ്ടെത്തി. ലുയിച്ചി കഡമൊ 1456-ൽ കേപ്പു് ദെ വെർഡെ ദ്വീപുകൾ, സെനെഗാസ (Senegas), ഗാബിയ, ഗിനിയ (Guinea) എന്നീ ദ്വീപുകളും കണ്ടുപിടിച്ചു. അവ പോർട്ടുഗീസു് അധീനതയിലാക്കി. 1460 നവംബർ 13-ാം തീയതി ഡോം ഹെൻറി കാലധർമ്മം പ്രാപിച്ചു. കമ്പ്രരനായ ഈ രാജാവിന്റെ ശവക്കല്ലറയിൽ സ്ഥാപിതമായിരിക്കുന്ന ശിലാഫലകത്തിൽ ഇപ്രകാരമാണു് രാജാവിന്റെ മുദ്രാവാക്യമായി ഉല്ലേഖനം ചെയ്തിരിക്കുന്നതു്: "Talent De Bien Faire"—കഴിവുകളെ സമർത്ഥമായി വിനിയോഗിച്ച മഹാനുഭാവൻ.

പോർട്ടുഗീസു്-മുസ്ലീം ശത്രുത

ക്രിസ്തുമതാരംഭകാലത്തു് പോർട്ടുഗലിലെ ആദിമജനത ക്രിസ്തുമതം സ്വീകരിച്ചിരുന്നു. പിൽക്കാലത്തു് വന്ന ജനവിഭാഗങ്ങളും ക്രിസ്തുമതാവലംബികളായി. ആദിമകാലം മുതൽ മതത്തിൽ ഉറച്ചുനിൽക്കുന്ന ജനതയാണു് പോർട്ടുഗീസുകാർ. എ. ഡി. 711-ൽ തീവ്രവാദികളായ മുസ്ലീങ്ങൾ (മൂർവർഗക്കാർ വടക്കുപടിഞ്ഞാറൻ ആഫ്രിക്കയിലെ ബർബർ വർഗവും അറബിവർഗവും ചേർന്നുണ്ടായ ജനത) സ്പെയിൻ-പോർട്ടുഗൽ രാജ്യം ആക്രമിച്ചു കീഴടക്കി. സ്പെയിൻ, പോർട്ടുഗൽ എന്നിവ 1095 വരെ ഒറ്റരാജ്യമായിരുന്നു. അന്നുമുതൽ 1249 വരെ അവർക്കു് ഇസ്ലാംമതത്തോടു് മല്ലിടേണ്ടിവന്നു. എ. ഡി. 929-ൽ മുസ്ലീംഭരണം അവസാനിപ്പിച്ചു. ലോകത്തു് മറെറങ്ങും സാധിച്ചിട്ടില്ലാത്ത കാര്യം. ഇതത്രെ മുസ്ലീം-പോർട്ടുഗീസു് വൈരാഗ്യത്തിനു് അടിസ്ഥാനകാരണം. ഇന്ത്യയിൽ പോർട്ടുഗീസു് കാലഘട്ടത്തെപ്പററി പ്രതിപാദിക്കുമ്പോൾ ഇക്കാര്യം പ്രത്യേകം സ്മരിക്കേണ്ടതാണു്.

എ. ഡി. 1595-ൽ പോർട്ടുഗൽ സ്വതന്ത്രരാജ്യമായെന്നു പറയാം. 1610-ൽ അതൊരു പരമാധികാര രാഷ്ട്രമായി. ഏതാണ്ടു് 150 വർഷക്കാലത്തേക്കു് ലോകശക്തിയായി നിലകൊണ്ടു. കണ്ടുപിടുത്തങ്ങളുടെ

5. The Portuguese in India-op. cit. Vol. I. p. 20-23

malankaralibrary.com

സുവർണയുഗത്തിൽ മഹത്വത്തിലേക്കുയർന്നു. ധീരന്മാരും സാഹസികരുമായ പോർട്ടുഗീസ് നാവികർ ഇറ്റലിക്കാരെപ്പോലെ കച്ചവടം ഭ്രമിഷ്ടവും അന്നോളം അചിന്ത്യവുമായിരുന്ന ലോകപര്യടനങ്ങൾ നടത്തി, പല കോളനികളും സ്ഥാപിച്ചു. ആഫ്രിക്ക, തെക്കേ അമേരിക്ക, ഈസ്റ്റിൻഡീസ്, ഇന്ത്യ എന്നിവിടങ്ങളിൽ കടൽവഴി അവർ എത്തിച്ചേർന്നു. പോർട്ടുഗീസുകാരുടെ ഭാഷയും സംസ്ക്കാരവും വിവിധരാഷ്ട്രങ്ങളിൽ അങ്ങനെ പ്രചരിപ്പിച്ചു.

ലോകഭൂപടം

ദോം ഹെൻറിയുടെ ഭാഗിനേയനായ അൽഫോൺസ് അഞ്ചാമൻ ലോകത്തിന്റെ ഭൂപടം തയ്യാറാക്കുന്നതിനു തന്റെ അമ്മാവനായ വെനേഷ്യൻകാരൻ ഫാ. മാവൂരിസിനെ ഭരമേല്പിക്കയുണ്ടായി. മൂന്നുവർഷത്തെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി അദ്ദേഹം ലോകരാഷ്ട്ര ഭൂപടം തയ്യാറാക്കി. വാസ്കോഡിഗാമ കേപ് ഓഫ് ഗുഡ്ഹോപ് മുനമ്പ് ചുറ്റിസഞ്ചരിക്കുന്നതിനു 40 വർഷങ്ങൾക്കുമുമ്പാണു ഈ ഭൂപടം പ്രസിദ്ധപ്പെടുത്തിയതു്. ആഫ്രിക്കയുടെ തെക്കേ അറ്റത്തു് ഈ ഭൂപടത്തിൽ "കാവൊ ദി ഡി കാബ" (Cavo de De Caba) എന്നാണു് രേഖപ്പെടുത്തിയതു്.ഇതിന്റെ വടക്കുകിഴക്കു് സൊഫാലയും (Soffale) സാൻജിബാറും (Xengibar) രേഖപ്പെടുത്തിയിട്ടുണ്ടു്.1461–62–ൽ അൽഫോൺസൊ അഞ്ചാമൻ രാജാവ്പെഡ്രൊ ദെ സിനി (Pedre de Cin) യുടെ നേതൃത്വത്തിൽ രണ്ടു കപ്പലുകളിൽ നാവികരെ അയച്ചു. പെഡ്രൊ ദെ സിനിയാണു് ആഫ്രിക്കൻ തീരങ്ങളും സിയെരലെയോൺ എന്ന ദ്വീപിന്റെ ഏതാണ്ടും കി.മീ. തെക്കു ഭാഗത്തായി കണ്ടെത്തിയതു്. ബുദ്ധിശാലിയായ ഈ പെഡ്രൊ ദെ സിനിയോടാണു ഏതാണ്ടും വ്യവസ്ഥകളുടെയും, നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ ചില കണ്ടുപിടിത്തങ്ങളുടെ പശ്ചാത്തലത്തിൽ മറ്റു പരീക്ഷണങ്ങളും നടത്തുന്നതിനു് അൽഫോൺസ് അഞ്ചാമൻ രാജാവു് നിർദ്ദേശങ്ങളും നൽകിയതു്. 1471–ൽ ഭൂമധ്യരേഖയെ സൂര്യൻ മറികടക്കുന്ന സമയം (ഏകവിനോക്സ് വിവരമാർട്ട്) വടക്കുനിന്നു് തെക്കോട്ടു രേഖപ്പെടുത്തിയതു് ബുദ്ധിമാനും സമർത്ഥനുമായ ഫെർനാവെ ഗോമസ് ആണു്.അദ്ദേഹം ഭൂമദ്ധ്യരേഖക്കു് രണ്ടു ഡിഗ്രി തെക്കുവരെ കേപ് ഓഫ് സെൻറ് കത്തറീന വരെയുള്ള സ്ഥലങ്ങളും ദ്വീപുകളും സമുദ്രസഞ്ചാരംവഴി കണ്ടെത്തിക്കഴിഞ്ഞിരുന്നു.

അൽഫോൺസൊ അഞ്ചാമന്റെ നിര്യാണത്തിനുശേഷം അദ്ദേഹത്തിന്റെ പുത്രൻ ജൊയാവൊ രണ്ടാമൻ സിംഹാസനാരൂഢനായി. തന്റെ മുൻഗാമികളുടെ, വിശിഷ്യാ പിതൃസഹോദരനായ ദോം ഹെൻറികുസിന്റെ നിരീക്ഷണപാടവവും രാജ്യങ്ങൾ കണ്ടെത്തുന്നതിനുള്ള അദമ്യമായ അഭിവാഞ്ഛയും കൈമുതലായിട്ടുണ്ടായിരുന്നു. 1484–ൽ ഡൈയാഗോ കായെ (Diago Caio) കോംഗൊയുടെ സമീപംവരെ നാവികയാത്ര ചെയ്തു. ഇദ്ദേഹത്തോടൊക്കുടി വിശ്രുത ശാസ്ത്രജ്ഞ

malankaralibrary.com

നായ മാർട്ടിൻ ബെ എന്നൊരാൾ യാത്ര ചെയ്തിരുന്നു. രണ്ടാമത്തെ കപ്പൽ യാത്രയിൽ ഇവർ കോംഗോ പിന്നിട്ട് 200 ലീഗ് (700 മൈൽ) യാത്ര ചെയ്തു.

രാജ്യങ്ങൾ കണ്ടെത്താൻ പോപ്പിന്റെ പ്രോത്സാഹനം

ദോം ജൊയാവൊ രണ്ടാമൻ പോർട്ടുഗലിന്റെ രാജാവായതോടുകൂടി കുരുമുളക് മുതലായ സുഗന്ധദ്രവ്യങ്ങളും വിളയുന്ന രാജ്യം കണ്ടെത്തി വാണിജ്യബന്ധം പുലർത്തുവാൻ ശ്രമിക്കുന്നതാണെന്നു ദൃഢനിശ്ചയംചെയ്തു. തൽകാര്യസാദ്ധ്യത്തിനായി ലിസ്ബൊവായിലെ ഫാ. അന്റോണിയൊയെയും പെദ്രൊ മൊണ്ഡതാറേച്ചിയെയും ഭരമേല്പിച്ചു. മാത്രമല്ല പ്രെസ്റ്റർ ജോൺ എന്ന വിശ്രുതനും ധനാഢ്യനുമായ വ്യക്തിയെ കണ്ടെത്തുന്നതിനു രാജാവ് അവരോടു് ആവശ്യപ്പെട്ടു. രാജാജ്ഞ അനുസരിച്ച് അവർ ജറുസലേമിൽ വന്നെത്തിച്ചേർന്നപ്പോൾ അറബിഭാഷയിൽ പരിജ്ഞാനമില്ലാത്തതുകൊണ്ട് ഈ ദൗത്യനിർവഹണം പരാജയപ്പെട്ടുമെന്നു് കണ്ടതിനാൽ അവർ ലിസ്ബണിലേക്കു മടങ്ങിപ്പോകയാണു ചെയ്തതു്. ഇവരുടെ മടക്കയാത്രയെപ്പറ്റി അറിഞ്ഞു് ജൊയാവൊ രാജാവു് പെരസ്ദെ കൊവിൽഹായെ (Covillahe) പ്രെസ്റ്റർ ജോണിനെ സന്ദർശിക്കാനും അദ്ദേഹത്തെപ്പറ്റിയുള്ള വിവരങ്ങൾ ശേഖരിക്കാനും നിയോഗിച്ചു. ഈ കോവിൽഹാ അറബിഭാഷയിൽ നല്ല പരിജ്ഞാനമുള്ളവനും സമർത്ഥനുമായിരുന്നു. ഖജനാവിൽനിന്നു് ആവശ്യമുള്ള പണം ശേഖരിച്ചും അൽഫോൺസൊ ദെ വെയിവായെ സഹചരനായി സ്വീകരിച്ചുംകൊണ്ട് 1487 മെയ് 7-ന ബർസലോണിയായിലേക്കു് യാത്രയായി. അവിടെനിന്നു നേപ്പിൾസിലേക്കും പിന്നീടു് ഇന്ത്യയിലേക്കും യാത്രതിരിച്ചു. ഈ കാലസന്ധിയിൽ ബർത്തൊലോമ്യാ ഡയസിന്റെ നേതൃത്വത്തിൽ രണ്ടു കപ്പലുകളും പുതിയ രാജ്യങ്ങളും കണ്ടെത്താൻ പ്രത്യേകിച്ചു് ഇന്ത്യയിലേക്കുള്ള ജലമാർഗം കണ്ടെത്തുന്നതിനു നിയമിക്കപ്പെട്ടു. 1487 ഓഗസ്റ്റു് അവസാനത്തിലാണു് ഡയസിന്റെ സാഹസികയാത്ര ആരംഭിച്ചതു്. അദ്ദേഹം യഥാർത്ഥത്തിൽ ആഫ്രിക്കയുടെ തെക്കെ അറ്റത്തുള്ള കേപ് ഓഫ് ഗ്രൂഡ് ഹോപ് വഴി കപ്പൽയാത്ര ചെയ്തു. യൂറോപ്യന്മാരിൽ ആദ്യമായി ആഫ്രിക്ക ചുറ്റിയ നാവികൻ ഡയസാണു്. ഉഗ്രൻ കൊടുങ്കാറ്റിൽപ്പെട്ട കപ്പലുകൾ നിയന്ത്രണം വിട്ട് ആഫ്രിക്കയുടെ തെക്കെ തീരത്തുകൂടി 240 നാഴിക കിഴക്കോട്ടു പോയി. ഇന്ത്യാസമുദ്രത്തിന്റെ കവാടത്തിൽ കപ്പലുകൾ ചെന്നപ്പോൾ നാവികർ ഒന്നടങ്കം പണിമുടക്കി. അവർ നാട്ടിലേക്കു് മടങ്ങണമെന്നു് നിർബന്ധം പിടിച്ചു. ഗത്യന്തരമില്ലാതെ അവർക്കു് കീഴ്പ്പെട്ടു് ഡയസ് ലിസ്ബണിലേക്കു് മടങ്ങി. 1487 ഡിസംബറിൽ ഡയസ്

malankaralibrary.com

ലിസ്ബണിൽ മടങ്ങിയെത്തി. [6] 1225 മൈൽ ദൂരം അദ്ദേഹം സമുദ്രതീരംചേർന്ന് കപ്പൽയാത്ര ചെയ്യുകയുണ്ടായി എന്നതു പ്രസ്താവാർഹമാണ്. രാജാവായ ജൊയാവൊ രണ്ടാമന്റെ ഭരണകാലത്തു നടത്തപ്പെട്ട സ്മരണാർഹമായ കണ്ടുപിടുത്തമാണ് ഡയസിന്റെ ഈ ദക്ഷിണാഫ്രിക്കൻ "കേപ് ഓഫ് ഗുഡ് ഹോപ്". ക്രിസ്റ്റഫർ കൊളംബസ് പശ്ചിമേന്ത്യ കണ്ടെത്തി എന്ന വാർത്ത യൂറോപ്പിൽ വ്യാപിച്ചിരുന്നു. ഇതുമൂലം പോർട്ടുഗൽ ആകെ അങ്കലാപ്പിലായി. പക്ഷേ, ഒരാശ്വാസമുണ്ടായിരുന്നു. കൊളംബസിന്റെ യാത്രാവിവരണങ്ങളിൽ സുഗന്ധദ്രവ്യങ്ങളുടെ വിവരണമോ കിഴക്കൻനഗരങ്ങളുടെ ശ്രുപരേഖകളോ ഉൾപ്പെട്ടിരുന്നില്ല. ഉൽസാഹഭരിതനായ പോർട്ടുഗൽ രാജാവ് മാനുവൽ ഒന്നാമൻ "ഗുഡ് ഹോപ്പി"ലൂടെ ഇന്ത്യയിലേക്കു സമുദ്രയാത്ര ചെയ്യുവാൻ ഒരു നാവികസംഘത്തെ സജ്ജമാക്കി. 1497-ൽ വാസ്കോ ഡിഗാമയുടെ നേതൃത്വത്തിൽ ലിസ്ബണിൽനിന്നു പുറപ്പെട്ട നാവികവ്യൂഹം 1498 മെയ്മാസത്തിൽ കോഴിക്കോട് ഇറങ്ങി. ഗാമ 1499-ൽ ലീസ്ബൺ തുറമുഖത്തു നങ്കൂരമിട്ടപ്പോഴേക്കും കപ്പലിൽ ഇന്ത്യയിൽനിന്നുള്ള സമ്പത്തു ധാരാളമുണ്ടായിരുന്നു. കൊളംബസ് യൂറോപ്പിൽ പറഞ്ഞുപരത്തിയ കഥകളും മിഥ്യകളായിരുന്നുവെന്നു ഗാമ തെളിയിച്ചു. കിഴക്കൻ ഏഷ്യയിലേക്കും ഇന്ത്യയിലേക്കും മുഹമ്മദീയ ആക്രമണഭീതിയില്ലാത്ത സുനിശ്ചിതമായ കപ്പൽച്ചാൽ ഗാമ തുറന്നു.

കോളനി വാഴ്ച

പതിനേഴാം നൂറ്റാണ്ടുവരെ പോർട്ടുഗീസുകാരുടെ ആധിപത്യം ഇന്ത്യയിൽ നിലനിന്നു. 17-ാം നൂറ്റാണ്ടിൽ ഡച്ചുകാർ പോർട്ടുഗലിന്റെ പൗരസ്ത്യനാട്ടുകളിലുണ്ടായിരുന്ന ആധിപത്യം തകർത്തു. ഇന്ത്യയിൽ അവക്ക്വശേഷിച്ചതു ഗോവ, ദിയു, ദാമൻ രാജ്യങ്ങളും മാത്രമാണ്. 19-ാം നൂറ്റാണ്ടിൽ ബ്രസീൽ സ്വതന്ത്രയായി. 1961-ൽ ഗോവയും ഇതര പോർട്ടുഗീസ് കോളനികളും ഇന്ത്യ വിമോചിപ്പിച്ചു. 1974-75-ൽ ആഫ്രിക്കയിലെ മൊസാംബിക്ക്, അംഗോള, ഗിനി, ബിസാവു എന്നീ രാജ്യങ്ങൾക്കു പോർട്ടുഗീസ് ഗവൺമെന്റ് സ്വാതന്ത്ര്യം നൽകി. അങ്ങനെ കോളനികളെന്ന ചരിത്രഭാരം തോളിൽനിന്നിറക്കി ആശ്വസിക്കയാണ് പോർട്ടുഗൽ. ഐബീരിയൻ ഉപദ്വീപത്തിലെ ദീർഘചതുരാകൃതിയിലുള്ള ആ കടൽത്തീരരാജ്യം പഴയപാരമ്പര്യങ്ങൾ അയവിറക്കുന്നതു അവസാനിപ്പിച്ചു ആധുനിക ക്ഷേമരാഷ്ട്രം സ്വന്തം മണ്ണിൽ പടുത്തുയർത്തുവാനുള്ള പ്രയത്നത്തിലാണിപ്പോൾ. പോർട്ടുഗലിലെ പുതിയ സംഭവവികാസങ്ങളെ ലോകരാഷ്ട്ര

---

6. The Portuguese in India. Frederic Charles Danvers Vol. I. op. cit P. 29-34.
Glasik J: The Missionary Works of the Mendicants, p. 589.

malankaralibrary.com

ങ്ങളും ജിജ്ഞാസയോടെ ഉറ്റുനോക്കിക്കൊണ്ടിരിക്കയാണ്. യൂറോപ്പിലെ ഏറ്റവും പഴക്കംചെന്ന രാജ്യങ്ങളിലൊന്നായ പോർട്ടുഗലിലെ ജനലക്ഷങ്ങളുടെ മൗലികതാല്പര്യങ്ങളും സംരക്ഷിക്കുവാൻ ഇന്നത്തെ ഭരണാധിപന്മാർ പ്രതിജ്ഞാബദ്ധരാണ്. ചരിത്രം അവർക്കു നൽകിയിരിക്കുന്ന സുവർണാവസരം അവർ പാഴാക്കാതിരിക്കട്ടെ.

malankaralibrary.com

രണ്ട്

അന്നത്തെ ഇന്ത്യ

ഭാരതസഭയിൽ മാനസാന്തരപ്രവർത്തനവും സഭാഭരണവും ഊർജസ്വലമാക്കിയത് പോർട്ടുഗീസുകാരാണ്. പതിനഞ്ചാംനൂറ്റാണ്ടിൽ ഇന്ത്യയുടെ സാംസ്ക്കാരികപാരമ്പര്യം വൈവിധ്യവും വൈരുദ്ധ്യവും നിറഞ്ഞ ജനങ്ങളുടെ ഐക്യബോധംകൊണ്ട് ലോകജനതയുടെ ശ്രദ്ധയാകർഷിച്ചു. അവിസ്മരണീയമായി അത് നിലകൊള്ളുന്നു. ഭാരതജനഹൃദയങ്ങളിൽ നിറഞ്ഞുകൂടിയിട്ടുള്ള പ്രധാന മുദ്രാവാക്യം തന്നെ 'ഒരേ ഇന്ത്യ, ഒരൊറ്റ ജനത' എന്നാണല്ലോ. വിസ്തൃത ഭാരതത്തിൽ അധിവസിക്കുന്ന ജനങ്ങളും പല മതവിഭാഗത്തിൽപ്പെട്ടവരും വിവിധസംസ്ക്കാരം അവലംബിക്കുന്നവരുമാണ്. ചരിത്രാതീതകാലം മുതലേ കുടിയേറിപ്പാർത്തവരാണ് ഇൻഡ്യയിലെ ഒരു വിഭാഗം ജനങ്ങളും. ഭാരതീയർ സങ്കരവർഗമാണെന്നു പറയാം. ഹിന്ദുക്കളും, മുസ്ലീമുകളും, ക്രൈസ്തവരും, യഹൂദരും, ബുദ്ധമതക്കാരും, ജൈനമതക്കാരുമെല്ലാം ഭാരതത്തിൽ ഒരേ കുടക്കീഴിലാണ്. വിഭിന്നസംസ്ക്കാരങ്ങളുടെ ജീവൻ തുടിക്കുന്ന ചിത്രങ്ങളും മൊസയിക്കുശില്പംപോലെ ഭാരതത്തിൽ ദൃശ്യമാണ്. വൈവിധ്യമാർന്ന ഈ സംസ്ക്കാരങ്ങളും തോളോടു തോളുരുമ്മിനില്ക്കുന്ന മനോജ്ഞമായ കാഴ്ച ഭാരതത്തിന്റെ യശസ്സ് വർദ്ധിപ്പിക്കുന്നു.

യൂറോപ്യരുടെ ഭാരതപ്രവേശനം

ഇന്ത്യയുടെ ആദ്യകാലചരിത്രം വടക്കുപടിഞ്ഞാറുനിന്നുള്ള ആക്രമണങ്ങളുടെ കഥയാണ്. ഉത്തരേന്ത്യയിൽനിന്നു ഇന്ത്യയെ വേർതിരിക്കുന്നു ഹിമാലയപർവ്വതങ്ങളും അപ്രതിരോധ്യമായ തടസ്സമായി നിലകൊള്ളുന്നുവെന്നതു യഥാർത്ഥമാണെങ്കിലും ഈ പർവ്വതനിരകളിലുള്ള മലയിടുക്കുകൾവഴി ഒട്ടുവളരെ വിദേശിയർ ഇന്ത്യയിലേക്കു പ്രവഹിക്കാറുണ്ട്. അപ്രകാരമാണ് ബി. സി. 15-ൽ ആര്യന്മാരും ബി.

malankaralibrary.com

സി. 60–ൽ പേർഷ്യക്കാരും ബി. സി. 40–ൽ ഗ്രീക്കുക്കാരും ബി. സി. 20–ൽ കുഷ്യന്മാരും, ഹൺസും, എ. ഡി. 12–ാം ശതകത്തിൽ മുസ്ലീമുകളും ഇന്ത്യയിൽ കുടിയേറിപ്പാർക്കാനിടയായതു്.

ബി. സി. 516 മുതൽ എ. ഡി. 220വരെ പാശ്ചാത്യരാജ്യങ്ങളും ഇന്ത്യയുമായി അടുത്ത സമ്പർക്കം പുലർത്തിയിരുന്നു. ഇന്ത്യയുടെ ചരിത്രത്തെ മാത്രമല്ല സംസ്കാരത്തെയും ജീവിതരീതിയെയും സാരമായി സ്വാധീനിച്ചു. ''ഈ സ്വാധീനം വാസ്തുശില്പം, ഭാഷാവിജ്ഞാനീയം, ജ്യോതിഷം മുതലായ പല ശാസ്ത്രകലകളിലും കാണാവുന്നതാണു്.'' പതിനാറു്, പതിനേഴു് നൂറ്റാണ്ടുകളിൽ ആധ്യാത്മികമൂല്യങ്ങളും ഉംക്കൊള്ളുന്ന പ്രതിമകളും, ചിത്രങ്ങളും മറ്റു യൂറോപ്യൻരാജ്യങ്ങളിൽ നിന്നു് ഇന്ത്യയിലേക്കു സംവഹിക്കപ്പെട്ടിട്ടുണ്ടു്.

പ്രശസ്ത ഗ്രീക്കു ശില്പങ്ങളും യൂറോപ്യൻസ്വാധീനത്തിൽ ഇന്ത്യയിൽ ക്രൈസ്തവീകരിക്കപ്പെട്ടതുടങ്ങി. അങ്ങനെ ആത്മീയസൗന്ദര്യം വഴിഞ്ഞൊഴുകുന്ന അനശ്വരചിത്രങ്ങളും,മാർബിളിലെ പ്രതിമകളും തിളങ്ങി. പതിനാറാംശതകത്തിലാണല്ലോ യൂറോപ്യൻ നവോത്ഥാനത്തിന്റെ ചൈതന്യവത്തായ അലകും ഒന്നൊന്നായി ഇന്ത്യയിലേക്കു പ്രത്യേകിച്ചു കേരളത്തിലേക്കു പ്രവേശിച്ചതു്. യവന–റോമൻ വാസ്തുവിദ്യയെ അനുകരിച്ചു് ദേവാലയങ്ങളും ശില്പസുന്ദരമായ ഗോത്തിക്കു് മാതൃകയിൽ ഉംവശം വളച്ച വാതിലുകളോടുകൂടിയ കത്തീഡ്രലുകളും ഡോറുകളോടുകൂടിയ ബസിലിക്കകളും കേരളത്തിൽ ഉയർന്നുവന്നു.

ക്രിസ്തുവിന്റെ ജനനത്തിനുമുൻപും പിൻപും ഇന്ത്യ റോമാക്കാരോടും ഗ്രീക്കുകാരോടും വളരെ മൈത്രിയിലായിരുന്നു. ഇന്ത്യൻ വാണിക്കുകാരും അൻറിയോക്കു്, അലക്സാണ്ട്രിയ, പാൽമീറ മുതലായ പശ്ചിമരാജ്യങ്ങളും സന്ദർശിച്ചു വ്യാപാരം നടത്തിയിരുന്നു. പാശ്ചാത്യരായ കച്ചവടക്കാർ ഇന്ത്യയിലെ പ്രധാന തുറമുഖങ്ങളും സന്ദർശിച്ചു് വ്യാപാരത്തിൽ ഏർപ്പെട്ടിരുന്നതായും കാണാം.[1]

ഉത്തരേന്ത്യയിൽ അരാജകത്വം

പോർട്ടുഗീസുകാരുടെ ആഗമനകാലത്തു് ഉത്തരേന്ത്യ, മുസ്ലീം രാജാക്കന്മാരുടെ സമ്പൂർണ ആധിപത്യത്തിലായിരുന്നു. ദക്ഷിണേന്ത്യയിൽ ഹിന്ദുരാജാക്കന്മാർ ആധിപത്യം പുലർത്തി. ഡൽഹിയിലെ സുൽത്താന്റെ ഭരണകാലത്തു് ഡൽഹിക്കു് സമീപമുണ്ടായിരുന്ന രാജ്യങ്ങളെ, ചക്രവർത്തിമാരുടെ പ്രതിനിധികളെന്നനിലയിൽ ജനറൽമാരാണു് ഭരിച്ചിരുന്നതു്. ആഭ്യന്തരകലഹങ്ങൾ നിമിത്തം ജനറൽമാരെ നിയന്ത്രിക്കുവാൻ ഡൽഹി ചക്രവർത്തിമാർക്കു പ്രായേ

1. M. Mundaden CMI. History of Christianity in India vol. I. pp. 10-13.

malankaralibrary.com

ണ സാധ്യമല്ലാതെവന്നതിനാൽ അവർ സ്വതന്ത്രരായി ഭരണം നട ത്തിപ്പോന്നു. 1398-ൽ ടൈമൂർ (Timur)ഡൽഹി ആക്രമിച്ചതോടുകൂടി ഡൽഹിയിലെ ഭരണാധിപന്മാർക്കു് രാജ്യത്തിൽ ക്രമസമാധാനം പുലർത്തുവാൻ പോലും കഴിയേണ്ടിവന്നു. തൽഫലമായി വട ക്കെ ഇന്ത്യയിൽ മുസ്ലീങ്ങളും പ്രബലമായ ഒരു വിഭാഗമായി രൂപാ ന്തരപ്പെട്ടു. ബംഗാൾ (1340-1576), ജാംപൂർ (1398-1476), ഗുജറാത്തു് (1401-1577) എന്നിവ ഈ കാലഘട്ടങ്ങളിൽ സ്വതന്ത്രരാഷ്ട്രങ്ങ ളായി.[2]

മതസംബന്ധമായി ഉത്തരേന്ത്യ തികച്ചും അസ്വസ്ഥവും അനി ശ്ചിതവുമായ സ്ഥിതിയിലായിരുന്നു. യാഥാസ്ഥിതിക ഹൈന്ദവദർ ശനങ്ങളും, ബുദ്ധമതം, ജൈനമതം തുടങ്ങിയവയുടെ സ്വാധീനതയിൽ പ്രചരിച്ച പുരോഗമനപര മതാദർശങ്ങളും തമ്മിലുള്ള സംഘട്ടനങ്ങളും പല തർക്കങ്ങളുംകൂടെ സമരങ്ങളുംകൂടെ അവസരം നൽകി. മതപരമായ ഐക്യം ചിന്തകരുടെ ഇടയിൽ അശേഷമില്ലായിരുന്നു. വി. ഫ്രാൻ സീസു് സേവ്യറിന്റെ കാലത്തു് ഉത്തരേന്ത്യയിൽ ഉണർവും നവീകര ണചിന്താഗതിയും പ്രകടമായിരുന്നു. രാഷ്ട്രീയരംഗത്തെപ്പോലെ മത കാര്യത്തിലും ദക്ഷിണേന്ത്യയുടെ സ്ഥിതി വ്യത്യസ്തമായിരുന്നു. വി. തോമസു് അപ്പോസ്തലൻ ആദിമനൂറ്റാണ്ടിൽ കൊളുത്തിയ വിശ്വാസദീപം, ഭാരതത്തിന്റെ രണ്ടാമത്തെ അപ്പോസ്തലനായ വി. ഫ്രാസീസ് സേവ്യറിനു കൂട്ടുകൾ തേജസ്സോടെ പ്രകാശിപ്പിക്കു വാനും പ്രചരിപ്പിക്കുവാനും സാധിച്ചു.[3]

മലയാളനാടു് ഉദ്യാനഭൂമി

ഭാരതത്തിന്റെ തൊട്ടുകുറിയായി പ്രശോഭിക്കുന്ന ഉദ്യാനഭൂമി യാണു് കേരളം. സൗന്ദര്യവും സൗശീല്യവും വഴിഞ്ഞൊഴുകുന്ന പുണ്യ സ്ഥലം--സഹ്യപർവതനിരകൾക്കും അറേബ്യൻകടലിനും മദ്ധ്യേ തെക്കുകിഴക്കായി പുരോഗതിയുടെ വീരശൃംഖലയുമണിഞ്ഞുകൊണ്ടു് സ്ഥിതിചെയ്യുന്ന പ്രദേശം, അതാണു് കേരളം. കേരവൃക്ഷങ്ങൾ സമൃ ദ്ധമായി വളരുന്ന നാടായതുകൊണ്ടു് കേരളം എന്ന പേരു ലഭിച്ചു എന്നു് ഒരുകൂട്ടർ അഭിപ്രായപ്പെടുന്നു. ചേരരാജാക്കന്മാർ ഭരിച്ചിരുന്ന തുകൊണ്ടു് 'ചേരളം' എന്നപേരു് നിലവിൽവന്നു എന്നും 'ചേരളം' കാലക്രമത്തിൽ കേരളമായിത്തീർന്നുവെന്നും അഭിപ്രായപ്പെടുന്നവ രുണ്ടു്. 'മലയാളം' എന്ന പേരിൽനിന്നാണു് മലബാർ എന്ന പേരു് സിദ്ധിച്ചതെന്നു് മറ്റൊരുകൂട്ടർ പറയുന്നു. മലകൾ ആളുന്നതുകൊണ്ടു മലയാഴ്മയെന്നും, മലയാഴം മലയാളമായി മാറിയതാണെന്നും, മല യുടെയും ആഴിയുടെയും ഇടയ്ക്കു കിടക്കുന്ന സ്ഥലം മലയാളമായതാ ണെന്നും കരുതുന്നവരുണ്ടു്.

2. M. Mundaden: History of Christianity in India p. 216.
3. The Clergy Monthly 1952. June. p. 26.

malankaralibrary.com

ഇന്ത്യയുടെ സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പ് കേരളം മൂന്ന് രാഷ്ട്രീയ ഖണ്ഡങ്ങളായി വിഭജിക്കപ്പെട്ടിരുന്നു. വടക്ക് ബ്രിട്ടീഷ് ഭരണത്തിലുള്ള മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായ മലബാർ ജില്ല. തെക്ക് തിരുവിതാംകൂർ മഹാരാജാവിന്റെ കീഴിലുള്ള തിരുവിതാംകൂർ. ഈ രണ്ട് ഭൂവിഭാഗങ്ങൾക്കിടയിൽ കൊച്ചിരാജാവിന്റെ കൊച്ചിരാജ്യവും. ഇന്നത്തെ കേരളം ജന്മമെടുത്തത് 1956 നവംബർ 1-ാം തീയതിയാണ്. അത് മലയാളഭാഷ സംസാരിക്കുന്ന പശ്ചിമതീരത്തെ ഭൂപ്രദേശങ്ങളും ഉൾക്കൊള്ളുന്നവയാണ്. മലബാർ ഡിസ്ട്രിക്ടിൽ ദക്ഷിണ കാനറയിലെ ഒരു ചെറിയ വിഭാഗവും തിരുവിതാംകൂറും, കൊച്ചിയും ഉൾപ്പെടുന്നു * ഡ്യുമാർട്ട് ബർബോസയുടെ വിവരണമനുസരിച്ച് വിജയനഗരരാജ്യത്തിന്റെ അതിർത്തിയായ ചന്ദ്രഗിരിനദീമുഖത്തെ കമ്പോള മുതൽ കന്യാകുമാരിവരെ—അതായത് ഏഴിമലമുതൽ കന്യാകുമാരിവരെ 455 മൈൽ നീളത്തിൽ സ്ഥിതിചെയ്യുന്ന ഭൂഖണ്ഡമാണ് മലബാർ.

വടക്കും വടക്കുകിഴക്കും മൈസൂർ, കിഴക്കും തെക്കും തമിഴ്നാട്. പടിഞ്ഞാറ് അറബിക്കടൽ. ആകെ വിസ്തീർണ്ണം 38864 കി. മീറ്റർ. ഭൂപ്രകൃതിപ്രകാരം മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി തരംതിരിക്കാം. ഭാരതത്തിലെ പഴക്കംകൂടിയ മലകളുടെ ശൃംഖലയിൽപ്പെട്ട പശ്ചിമഘട്ടം കേരളത്തിന്റെ കിഴക്കേ അതിർത്തിയിലാണ്. പടിഞ്ഞാറോട്ട് വരുംതോറും പശ്ചിമഘട്ടം പല കുന്നുകളെത്തമ്മിൽ ബന്ധിപ്പിക്കുന്നു. ഫലപുഷ്ടിയുള്ള മണ്ണ് മലനാടിന്റെ പ്രത്യേകത. സമുദ്രനിരപ്പിൽനിന്നും 3000 മോ 1000മോ അടി ഉയരമുള്ള പ്രദേശം ഇടനാട്. നെല്ല്, വാഴ മുതലായവ സമൃദ്ധിയായി വളരുന്നു. അറേബ്യൻ കടലിനോടടുത്ത പ്രദേശമാണ് തീരപ്രദേശം. നദികളും കായലുകളും ഈ പ്രദേശത്തെ സസ്യസമൃദ്ധമാക്കുന്നു.

സമുദായമൈത്രി

വിഭിന്നസമുദായത്തിൽപ്പെട്ട ജനങ്ങളാണ് അധിവസിക്കുന്നതെങ്കിലും ഐക്യത്തിന്റെയും സമാധാനത്തിന്റെയും മധുരനാടമാണ് ഇവിടെ എന്നുമുയർന്നിട്ടുള്ളതു്. സാംസ്ക്കാരികമായും കലാപരമായും ഉന്നതസ്ഥാനത്തു വിരാജിക്കുകയാണ് കേരളം. പ്രതിഭാശാലികളും

---

* 16-ാം നൂറ്റാണ്ടിലെ പോർട്ടുഗീസ് ചരിത്രകാരനാണ് ബർബോസ. ഇദ്ദേഹം മലബാറിൽ കുറെക്കൊല്ലം വസിച്ചിട്ടുണ്ട്. 1500-ലാണ് ഇന്ത്യയിൽ വന്നതു്. 16 വർഷങ്ങളോളം കേരളത്തിൽ വസിച്ചു. കൊച്ചിയിലായിരുന്നു അധികനാളും. മലയാളഭാഷ ഏതാണ്ടറിയാമായിരുന്നു. ഇന്ത്യൻ സമുദ്രതീരപ്രദേശങ്ങളെപ്പറ്റി അവയുടെ ഭൂമിശാസ്ത്രപരവും-രാഷ്ട്രീയവും-സാമൂഹ്യവുമായ സ്ഥിതികളെക്കുറിച്ചു എഴുതപ്പെട്ട അർബോസയുടെ ഈ ഗ്രന്ഥം അമൂല്യമാണ്. M. Mundaden C. M. I. History of Christianity op. cit. Vol I. P. 220.

malankaralibrary.com

ക്കും ഭാവനാസമ്പന്നരായ കവികൾക്കും സാമൂഹ്യപരിഷ്ക്കർത്താക്കളായ ആചാര്യന്മാർക്കും മറ്റും ജന്മംകൊടുത്ത പുണ്യഭൂമിയാണ് കേരളം. ഭാരതത്തിലെ ചെറിയ സംസ്ഥാനമാണെങ്കിലും രാഷ്ട്രീയസാംസ്ക്കാരികരംഗങ്ങളിൽ നാടിനൊട്ടാകെ മാതൃകയും നേതൃത്വവും നൽകിയിട്ടുണ്ട്. പ്രകൃതിവിഭവങ്ങളിൽ സമ്പന്നം. ഭാരതത്തിലേറെവും അഭ്യസ്തവിദ്യരും, പ്രവർത്തനശേഷി, കാര്യക്ഷമത, ബുദ്ധിവൈഭവം എന്നിവയിൽ മറ്റാരെയുംകാൾ മുൻപന്തിയിലുമുള്ള ജനവിഭാഗമാണ് മലയാളികൾ.

ഇവിടത്തെ ആദിവാസികൾ പ്രധാനമായും ദ്രാവിഡന്മാരായിരുന്നു. തെക്കെ ഇൻഡ്യയിലെ ജനങ്ങളിൽ പ്രമുഖസ്ഥാനം വഹിക്കുന്ന മെഡിറ്ററേനിയൻകാരാണ് ദ്രാവിഡസംസ്ക്കാരത്തിന്റെ ശില്പികൾ. ആര്യന്മാർ ഉത്തരേന്ത്യ ആക്രമിച്ചപ്പോൾ ദ്രാവിഡന്മാർ ദക്ഷിണേന്ത്യയിലേക്കു കുടിയേറിപ്പാർക്കുകയും സ്വവർഗക്കാരോട് ചേരുകയുമാണുണ്ടായത്. ഇന്നത്തെ നായന്മാരും, വെള്ളാളന്മാരും, ഈഴവരും പുരാതന ദ്രാവിഡരെന്ന ഘടകത്തെ പ്രതിനിധീകരിക്കുന്നു. അധ:കൃതവർഗത്തിൽപ്പെട്ട പറയർ, പുലയർ, കുശവന്മാർ എന്നിവരെയും ഈ ഗ്രൂപ്പിൽ ഉൾപ്പെടുത്താം. നമ്പൂതിരിമാർ കേരളത്തിൽ കുടിയേറിപ്പാർത്തവരാണ്. ബി.സി. അഞ്ചാം നൂറ്റാണ്ടിലാണ് ബുദ്ധമതവും, ജൈനമതവും കേരളത്തിൽ ആവിർഭവിച്ചത്. ക്രിസ്തുവിന്റെ വരവിനു മുന്നു നൂറ്റാണ്ടുകൾക്കുമുമ്പാണ് ദ്രാവിഡന്മാർ ഈ മതങ്ങൾ സ്വീകരിക്കയും ധാരാളം ആരാധനകേന്ദ്രങ്ങൾ നിർമ്മിക്കയും ചെയ്തത്. കേരളത്തിന്റെയും പശ്ചിമഭാരതത്തിന്റെയും സമുദ്രതീരങ്ങളിൽ അങ്ങോളമിങ്ങോളം ഈ ആരാധനാലയങ്ങൾ ഉയർന്നുനിൽക്കുന്നതായി ഇന്നും കാണാമല്ലൊ.

വൈദേശികബന്ധ സൗകര്യങ്ങൾ

വിഭവസമൃദ്ധമായ കേരളത്തിനു് അതിപുരാതനകാലം മുതൽക്കുതന്നെ വിദേശരാജ്യങ്ങളുമായി ബന്ധം സ്ഥാപിക്കുവാൻ കഴിഞ്ഞിരുന്നു. ഈ വൈദേശികബന്ധം അതിന്റെ വാണിജ്യ വികസനത്തിനും സാംസ്കാരികപുരോഗതിക്കും ഉത്തേജനം നൽകി. ബി. സി. 200-ൽ വിദേശരാജ്യങ്ങളുമായുള്ള വ്യാപാരത്തിനായി പുതിയ മാഗ്ഗങ്ങൾ തുറക്കുകയും അതോടൊടുകൂടി കൊടുങ്ങല്ലൂർ, കൊല്ലം എന്നീ നഗരങ്ങൾ ഭാരതത്തിലെ രണ്ടു് പ്രമുഖ തുറമുഖങ്ങളായിത്തീരുകയും അവയുടെ പ്രശസ്തി വിദൂരരാജ്യങ്ങളിൽ അലയടിക്കയും ചെയ്തു. [4]

---

4. P. A Saidu Mohammed: History of Kerala p. 9

malankaralibrary.com

കേരള ചക്രവർത്തിമാരുടെ ആസ്ഥാനനഗരമെന്ന നിലയിൽ മാത്രമല്ല പ്രമുഖ തുറമുഖം, വിശ്രുത വാണിജ്യകേന്ദ്രം എന്നീ നിലകളിലും കൊട്ടങ്ങല്ലൂർ പ്രശസ്തിയാർജ്ജിച്ചിരുന്നു. ക്രിസ്തുവർഷത്തിനു വളരെ മുൻപുതന്നെ ഫിനിഷ്യരും, അസീറിയക്കാരും, യവനരും, യഹൂദരും, ഈജിപ്തുകാരും, അറബികളും, ചൈനക്കാരും ഇവിടെ വന്നിരുന്നുവെന്ന് ചരിത്രം സാക്ഷിക്കുന്നു. പണ്ഡിതന്മാരും ഏതാനും റോമൻവ്യാപാരികളും കൊട്ടങ്ങല്ലൂരിൽ താമസിച്ചിരുന്നതായി കാണാം. മദ്ധ്യപൗരസ്ത്യദേശങ്ങളുമായി പുരാതന കേരളം നടത്തിക്കൊണ്ടിരുന്ന വ്യാപാരം പ്രധാനമായും കൊട്ടങ്ങല്ലൂർ തുറമുഖം വഴിയാണു്. കൊല്ലം തുറമുഖം വഴിയാണു് മലയാ, ജാവ, ഇൻഡോചൈന മുതലായ വിദൂര പൗരസ്ത്യരാജ്യങ്ങളുമായി വാണിജ്യം നടത്തിയിരുന്നതു്. കേരളവും ചൈനയും തമ്മിലുള്ള പ്രാചീന വാണിജ്യബന്ധത്തെ ഗവേഷകന്മാർ വിലയിരുത്തിയിട്ടുണ്ടു്. എ. ഡി. 9-ാം നൂറ്റാണ്ടിനടുത്ത കാലങ്ങളിൽ കൊല്ലം ചൈനക്കാരുടെ പ്രധാന പ്രവർത്തനസങ്കേതമായിരുന്നു. അവിടെ ചൈനക്കാർ സ്ഥിരതാമസം ആരംഭിച്ചിരുന്നു. ചൈനയും കേരളവുമായി അനേക നൂറ്റാണ്ടു കാലത്തെ സാംസ്കാരിക വാണിജ്യസംസർഗമുണ്ടായിരുന്നു. ചീനക്കാരുടെ വേഷവിധാനങ്ങളും ആചാരമര്യാദകളും കേരളത്തിൽ ഒരു കാലത്തു നിലനിന്നിരിക്കണം. പേർഷ്യൻകടലിലെ പ്രധാന തുറമുഖമായ 'സിറാഫി'ൽനിന്നു തിരിക്കുന്ന കപ്പലുകൾ കൊല്ലം സന്ദർശിക്കാതെ ചീനയിലേക്കുപോകാറില്ലെന്നു സുലേമാൻ പ്രസ്താവിക്കുന്നു. ചീനക്കാരുടെ പാണ്ടികശാലകളും കൊല്ലത്തായിരുന്നെന്നും പറയപ്പെടുന്നു. എ. ഡി. ഏഴാം നൂറ്റാണ്ടിനുമുൻപു് മധ്യപൗരസ്ത്യദേശങ്ങളിൽനിന്നു് വ്യാപാരത്തിനായി അറബികളും കൊല്ലത്തു വന്നുചേർന്നു. ചില അറബികൾ കൊട്ടങ്ങല്ലൂരും അധിവസിച്ചു. കൊല്ലത്തെ ഇഞ്ചികുരുമുളകു്, ഏലം എന്നീ ഉല്പന്നങ്ങൾക്കു് നല്ല മാർക്കറ്റുണ്ടായിരുന്നുവെന്നും സുപ്രസിദ്ധ ദേശസഞ്ചാരി മാക്കോപോളൊ(എ.ഡി. 1293) തന്റെ സഞ്ചാര വിവരണങ്ങളിൽ കൊല്ലംനഗരത്തെ പരാമർശിച്ചുകൊണ്ടു് പറയുന്നു. കൊല്ലം നഗരത്തിലെ വാണിജ്യസാധനങ്ങളുടെ സമൃദ്ധിയും അവയുടെ വിലക്കുറവും തന്നെ ആശ്ചര്യപ്പെടുത്തിയിരുന്നെന്നാണു് അദ്ദേഹം കുറിച്ചിട്ടുള്ളതു്. അക്കാലത്തു് കൊല്ലംനഗരത്തിൽ നീലം വലിയ തോതിൽ ഉല്പാദിപ്പിച്ചിരുന്നുവെന്നു് എ. ഡി. 1355-ൽ ഇബൻ ബത്തൂത്ത എന്ന ദേശസഞ്ചാരി രേഖപ്പെടുത്തിയിട്ടുണ്ടു്.

ക്രൈസ്തവകുടിയേറ്റം

ഏഴാം നൂറ്റാണ്ടിൽ ഇസ്ലാംമത സന്ദേശവാഹകരായിരുന്ന മാലിക്കു് ബിൻദിനാറും, സഹപ്രവർത്തകരും കേരളത്തിൽ വന്നുചേർന്നു. അദ്ദേഹം കൊല്ലത്തും കൊട്ടങ്ങല്ലൂരും ഓരോ മുസ്ലീംപള്ളി സ്ഥാപിച്ചു. അറബികളെ പിന്തുടർന്നു് എ. ഡി. 795-ൽ പേർഷ്യാ

malankaralibrary.com

ക്കാരായ ഒരു സംഘം നെസ്തോറിയൻ ക്രിസ്ത്യാനികളും കേരളത്തിലെത്തി. മതപീഡനത്തിൽനിന്നു രക്ഷപ്പെടുന്നതിനായാണോ വ്യാപാരത്തിനായാണോ അവർ വന്നതെന്നു ഖണ്ഡിതമായി പറയാൻ സാധ്യമല്ല. നെസ്തോറിയൻ പാത്രിയർക്കീസ് പേർഷ്യയിലെ മെത്രാപ്പോലീത്തായ്ക്ക് അയച്ച സന്ദേശത്തിൽ കൊല്ലം നഗരത്തെ പരാമർശിച്ചിരിക്കുന്നതുകൊണ്ട് അവരുടെ ആഗമനം ഗണനീയമായിരുന്നുവെന്ന അനുമാനിക്കാം [5]. ഈ കാലഘട്ടത്തിലായിരിക്കണം സ്ഥാണുരവി എന്ന കേരളചക്രവർത്തിയുടെ അനുമതിയോടുകൂടി ചരിത്രപ്രസിദ്ധമായ 'തരിസാപള്ളിക്കു' കുറെ ഭൂമി ദാനം ചെയ്തതു.** മാർ സാപ്പോർ, മാർ പ്രോത്ത എന്ന രണ്ടു മെത്രാൻമാരുംപ്പെടെ മറെറാരു സംഘം ക്രിസ്ത്യാനികളും എ. ഡി. 835-ൽ മധ്യപൗരസ്ത്യ ദേശങ്ങളിൽനിന്നും പുറപ്പെട്ട കൊല്ലത്തു വന്നുചേർന്നതായി രേഖയുണ്ടു. പിന്നീടു മാർ സാപ്പോർ കൊടുങ്ങല്ലൂരും മാർ പ്രോത്ത കൊല്ലത്തുമാണു തങ്ങളുടെ ആസ്ഥാനമായി തെരഞ്ഞെടുത്തതു. ഈ മെത്രാൻമാരുടെ ഭരണകാലത്തോ അതിനടുത്ത കാലഘട്ടത്തിലോ ആണു മുട്ടുചിറ, കടമറ്റം, ആലങ്ങാടു മുതലായ സ്ഥലങ്ങളിൽ കാണപ്പെടുന്ന പുരാതന കുരിശുൽകുരിശുകളും സ്ഥാപിതങ്ങളായതെന്നു ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു [6]. ഈ പുരാതന കുരിശുകളിൽ കാണപ്പെടുന്ന പഹ്ലവി (പുരാതന പേർഷ്യൻ ലിപികളും) മലങ്കരസഭയ്ക്കു പേർഷ്യൻസഭയുമായുണ്ടായിരുന്ന പുരാതനബന്ധത്തെയാണല്ലോ സൂചിപ്പിക്കുന്നതു. സ്ഥാണുരവി ചക്രവർത്തിയുടെ താമ്രശാസനത്തിൽനിന്നു കൊല്ലംനഗരത്തിലെ വാണിജ്യത്തിൽ അവിടെ അധിവസിച്ചിരുന്ന ഈ ക്രിസ്ത്യാനികൾക്കും സമുന്നതമായ സ്ഥാനമുണ്ടായിരുന്നുവെന്നു പ്രകടമാകുന്നു.

---

5. Rev. John Stuart: The Nestorian Missionary Enterprises p.118
** ദക്ഷിണേന്ത്യയിൽ നാടുവാഴികളും ചില പ്രത്യേക ആനുകൂല്യങ്ങളും, ഭൂമിയും മറ്റും ദാനംചെയ്യുമ്പോൾ അവ രേഖപ്പെടുത്തിയിരുന്നതു ചെമ്പുതകിടിലാണു (ചെപ്പേടു). പണ്ടായാലയെക്കാൾ കൂടുതൽ കാലം നിൽക്കുന്നതു ചെമ്പുതകിടുകളാണല്ലോ. തരിസാപ്പള്ളി ചെപ്പേടിൽ വേണാടിലെ ഗവർണറായ അയ്യൻ അടികൾ (Ayyan Atikal) കൊല്ലത്തെ തരിസാപ്പള്ളിക്കു (Tarisappally) നൽകിയ സഹായധനത്തിന്റെയും ആനുകൂല്യങ്ങളുടെയും വിവരണങ്ങളാണു ഉല്ലേഖനം ചെയ്തിരിക്കുന്നതു. ഈ പള്ളി നിർമ്മിച്ചതു ഒരു മറുവൻ സാബീശോ (Maruvan Sabrisho-Mar Sapriso) ആണെന്നു പറയപ്പെടുന്നു. സ്ഥാണുരവിരാജാവിന്റെ സ്ഥാനാരോഹണത്തിന്റെ അഞ്ചാംവർഷത്തിൽ (അതായതു എ. ഡി. 849-ൽ) ഈ സ്ഥാണുരവി ചോളരാജാവായ രാജകേസരി (Rajakesari) വർമ്മൻ ആദിത്യൻ ഒന്നാമന്റെ സമകാലികനാണെന്നും ടി. കെ. ജോസഫ് അഭിപ്രായപ്പെടുന്നു. M. Mundaden:History of Christianity in India Vol.I p. 167.

6. T. K. Joseph, Malabar Christians, E. R. Hambye: Medieval Christianity in India,

malankaralibrary.com

പതിനാലാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തോടുകൂടി കൊടുങ്ങല്ലൂരിന്റെയും, കൊല്ലത്തിന്റെയും പ്രതാപവും വാണിജ്യപ്രൗഢിയുമെല്ലാം നശിച്ചു. പിന്നീട് കൊച്ചി, കോഴിക്കോട് നഗരങ്ങൾ വാണിജ്യകേന്ദ്രങ്ങളായി. പോർട്ടുഗീസുകാർ ഇന്ത്യയിലേക്ക് ജലമാർഗം കണ്ടെത്തുന്ന കാലഘട്ടത്തിൽ കൊടുങ്ങല്ലൂരിന്റെയും കൊല്ലത്തിന്റെയും പ്രശസ്തിയും സമ്പൽസമൃദ്ധിയും ഈ ഇരുനഗരങ്ങളെയും വിട്ടുപിരിയുകയായിരുന്നു. എന്നിരുന്നാലും കേരളീയരുടെ സംസ്കാരത്തിനും കച്ചവടപുരോഗതിക്കും മികച്ച സംഭാവനകൾ കുറെക്കാലത്തേക്കു ഈ പട്ടണങ്ങൾ നൽകിക്കൊണ്ടിരുന്നു[7]. പോർട്ടുഗീസുകാരുടെ ആഗമനഘട്ടത്തിൽ ഈ രണ്ടു പുരാതന നഗരങ്ങളിലും അനേകം മാർത്തോമ്മാക്രിസ്ത്യാനികൾ അധിവസിച്ചിരുന്നു.[8]

പുരാതന ക്രൈസ്തവസമൂഹം

പതിനഞ്ചാം ശതകത്തിന്റെ അവസാനം പോർട്ടുഗീസുകാർ കേരളത്തിൽ കാലുകുത്തിയപ്പോൾ ഒരു ക്രൈസ്തവസമൂഹം മലബാറിൽ ഉണ്ടായിരുന്നു എന്ന വസ്തുത അഭിമാനത്തോടുകൂടി സ്മരിക്കേണ്ടതാണ്. എന്നാൽ അവർ നാമമാത്രക്രൈസ്തവരായിരുന്നു. കച്ചവടത്തിലും കൃഷിയിലും അതീവതല്പരരായ അവർ സവർണജാതിയിൽപ്പെട്ട ഹിന്ദുക്കളെപ്പോലെ ചാതുർവർണ്യത്തിൽ വിശ്വസിക്കുന്നവരും സമൂഹത്തിൽ സ്ഥാനമുള്ളവരുമായിരുന്നതൊഴികെ ക്രിസ്തീയവിശ്വാസത്തിലും ക്രൈസ്തവസന്മാർഗജീവിതത്തിലും അജ്ഞരായിരുന്നു. സിറിയായിൽനിന്നു വന്നിരുന്ന അവരുടെ ഇടയന്മാർ ആത്മപാലകന്മാർ എന്നതിനെക്കാൾ ഉപരി പണപ്പിരിവുകാരായിരുന്നു. ഈ പശ്ചാത്തലത്തിൽവേണം പോർട്ടുഗീസുകാരുടെ മിഷൻ പ്രവർത്തനങ്ങളെ വിലയിരുത്താൻ. പോർട്ടുഗീസുകാർ മലബാറിൽ എത്തുന്നതുവരെ മലബാർ ക്രൈസ്തവർ സുവിശേഷപ്രചാരണത്തിനായി എന്തെങ്കിലും പ്രവർത്തിച്ചിട്ടുള്ളതിനു തെളിവുകളില്ല. മറിച്ചാണു തെളിവുകൾ. മതമർദ്ദനമില്ലാതിരുന്നിട്ടും ക്രൈസ്തവരുടെ ജനസംഖ്യ ഗണ്യമായി വർധിച്ചില്ല. വിശ്വാസസംബന്ധമായും, ആചാരപരമായും അക്രൈസ്തവരിൽനിന്നും അവർ ഭിന്നരായിരുന്നില്ല. ഇതെല്ലാം സൂചിപ്പിക്കുന്നതു മധ്യയുഗത്തിലെ കേരളക്രൈസ്തവർ മതപ്രചാരണത്തിനു ശ്രമിച്ചിരുന്നില്ല എന്നല്ലേ?

കൊല്ലം 1291ൽ സന്ദർശിച്ച പ്രഥമമിഷനറി മൊൺതെ കൊർവിനോ ഫ്രാൻസിസ്കൻ അംഗമാണു. അദ്ദേഹം കൊല്ലത്തു 13

7. M. Mundaden C. M. I. History of Christianity in India Vol. 1 p. 103.

8. J. S. Asseman: Bibliotheca Orientalis in p. 44 E. R. Hambye S. J. Clergy Monthly 1982 November p. 387.

malankaralibrary.com

മാസം താമസിച്ചു് അനേകംപേരെ മാനസാന്തരപ്പെടുത്തി. പിന്നീടു് 1329–ൽ കൊല്ലംമെത്രാനായി നിയമിതനായ ജോർഡൻ കററലാനി എന്ന മിഷനറി 1330–ൽ കൊല്ലത്തു എത്തിച്ചേരുകയും അദ്ദേഹത്തിന്റെയും സഹചരന്മാരുടെയും പ്രയത്നഫലമായി ''പതിനായിരം പാഷണ്ഡരെ മാനസാന്തരപ്പെടുത്തുകയും ചെയ്തു.'' ഇക്കാരണത്താൽ ഇൻഡ്യയിലെ ലത്തീൻസഭയുടെ സ്ഥാപകനായി ബിഷപ്പു് ജോർഡൻ കററലാനി പരിഗണിക്കപ്പെടുന്നു. അദ്ദേഹം യാത്രാമധ്യേ ശത്രുക്കളാൽ കൊല്ലപ്പെട്ടു. അങ്ങനെ പ്രഥമ ലത്തീൻ മെത്രാനായ ജോർഡന്റെ രക്തത്തിലാണു് ഭാരതത്തിലെ ലത്തീൻസഭ ബീജാവാപം ചെയ്തതു്.

ചെല്ലുന്നിടത്തെല്ലാം മതപരിവർത്തനം

വാസ്കോഡിഗാമ 1498–ൽ കോഴിക്കോട്ടു് എത്തിയപ്പോഴും അദ്ദേഹത്തിന്റെകൂടെ ഉണ്ടായിരുന്ന ഫാ. പെദ്രോ ദി കോവിലൻ എന്ന മിഷനറിയെ സാമൂതിരിയുടെ പക്ഷക്കാരായ മുസ്ലീമുകളും വധിച്ചു. ഇദ്ദേഹമാണു് ഭാരതപ്രേഷിതരിലെ രണ്ടാമത്തെ രക്തസാക്ഷി. അതേത്തുടർന്നു് അൽവാരസ് കബ്രാളിന്റെ നേതൃത്വത്തിൽ 1500–ൽ കൊച്ചിയിലെത്തിയ രണ്ടാമത്തെ സംഘത്തിൽ 5 മിഷനറിമാർ ഉണ്ടായിരുന്നു. ഭാരതത്തിലെ യഥാർത്ഥ ലത്തീൻമിഷനറിപ്രവർത്തനം ഇവിടെനിന്നാണു് ആരംഭിക്കുന്നതു്.

പോർട്ടുഗീസു് മിഷനറിപ്രവർത്തനങ്ങൾ പ്രധാനമായും മൂന്നു ഘട്ടങ്ങളിലാണു് നടന്നതു്. ഒന്നു് പോർട്ടുഗലിന്റെ നേരിട്ടുള്ള ഭരണപ്രദേശങ്ങളായ ഗോവ, ബസിൻ (ബസായു്), താനാ, ബോംബെ, ഡാമൻ, ദിയു, ചായൽ, കൊച്ചി, കൊല്ലം, നാഗപട്ടണം, മൈലാപ്പൂർ എന്നീ പ്രദേശങ്ങൾ. രണ്ടു്, പോർട്ടുഗീസുകാരുടെ സ്വാധീനം ശക്തമായിരുന്ന മലബാർ, ചോളമണ്ഡലം തുടങ്ങിയ സ്ഥലങ്ങൾ. മൂന്നു്, അവർക്കു് സ്വാഗതം ലഭിച്ച മധുര, ആഗ്ര, വടക്കേ ഇന്ത്യ, ബംഗാൾ തുടങ്ങിയ വിദൂരദേശങ്ങൾ.

(വിശുദ്ധ ഫ്രാൻസീസു് സേവ്യറിന്റെ മരണംവരെയുള്ള കാലഘട്ടത്തിലെ പോർട്ടുഗീസു മിഷനറിപ്രവർത്തനങ്ങളെക്കുറിച്ചു മറെറാരദ്ധ്യായത്തിൽ വിവരിക്കുന്നുണ്ടു്.) 1552–നു ശേഷമുള്ള കാലഘട്ടത്തിൽ ഗോവയിൽ വ്യവസ്ഥാപിതമായ രൂപത്തിൽ മതപ്രചരണം സംഘടിപ്പിക്കപ്പെട്ടു. ഫ്രാൻസിസ്കൻ, ഈശോസഭ, ഡൊമിനിക്കൻ തുടങ്ങിയ സന്ന്യാസസഭകളെയാണു് ഗോവയിലെ മതപ്രചാരണദൗത്യം ഏല്പിച്ചതു്.

രൂപത–ഇടവക ഭരണക്രമം

ഗോവയിലും പരിസരപ്രദേശങ്ങളിലുമായി 1630–ഓടുകൂടി നൂറോളം ഇടവകകൾ അവർ സ്ഥാപിച്ചു. 1670–ൽ അവിടത്തെ ജനങ്ങളിൽ 85 ശതമാനംപേരും കത്തോലിക്കരായിത്തീർന്നിരുന്നു.

malankaralibrary.com

ഗോവ 1557-ൽ അതിരൂപതയായി. കൊച്ചിയും മലാക്കയും അതിന്റെ സാമന്തരൂപതകളായി. ഗോവ അതിരൂപതയുടെ അധികാരം ആഫ്രിക്കമുതൽ ചൈനവരെ വ്യാപിച്ചിരുന്നു. അങ്കമാലി അതിരൂപത ഗോവയുടെ കീഴിലായി പരിഗണിക്കപ്പെട്ടപോന്നു. 1606-ൽ മൈലാപ്പൂർ രൂപത സ്ഥാപിതമായി. അതും ഗോവയുടെ കീഴിലായിരുന്നു. അങ്ങനെ 17-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഭാരതംമുഴുവൻ ഗോവ അതിരൂപതയുടെയും അതിന്റെ സാമന്തരൂപതകളായ കൊച്ചി, കൊട്ടങ്ങല്ലൂർ, മൈലാപ്പൂർ രൂപതകളുടെയും കീഴിലായിരുന്നു. ഈ പശ്ചാത്തലത്തിൽ ഭാരതത്തിൽ ഗോവ അതിരൂപതയുണ്ടായിരുന്ന അതിപ്രാധാന്യം സുവിദിതമാണല്ലോ. ഗോവയുടെ സുസംഘടിതമായ പ്രേഷിത പ്രവർത്തനങ്ങളുടെ ഫലമായി പോർട്ടുഗീസു കോളനികളിലും സ്വാധീനപ്രദേശങ്ങളിലും കത്തോലിക്കരുടെ ജനസംഖ്യ അതിവേഗം വർധിച്ചു.

ഗോവ കഴിഞ്ഞാൽ പോർട്ടുഗീസു ശക്തികേന്ദ്രമായിരുന്നതു ബോംബെയുടെത്തുള്ള ബസിൻ (ബസായ്), സാൽസെറ്റ്, ബാന്ദ്രാ കരഞ്ഞ, മുംബൈ (ബോംബെ) എന്നീ ദ്വീപസമൂഹങ്ങളാണ്. അവിടെ അവർ കോട്ടകളും ഫാക്ടറികളും സ്ഥാപിച്ചു. ഒരുതരം പ്രത്യേക മാടമ്പിഭരണക്രമം നടപ്പാക്കി. അധികം താമസിയാതെ ഈശോസഭ, ഫ്രാൻസിസ്ക്കൻ തുടങ്ങിയ സന്യാസ വൈദികരുടെ പ്രേഷിതപ്രവർത്തനഫലമായി ഈ പ്രദേശങ്ങളിലെ മുഴുവൻ ജനങ്ങളും ക്രൈസ്തവരായി. 1600-ൽ സാൽസെറ്റിൽമാത്രം 21 ഇടവകകളിലായി മൊത്തം 28,379 കത്തോലിക്കർ ഉണ്ടായിരുന്നുവെന്നാണ് കണക്ക്. മുംബൈ (ബോംബെ) അന്നു വെറും മത്സ്യത്തൊഴിലാളി ദ്വീപസമൂഹമായിരുന്നു. ഫ്രാൻസിസ്ക്കൻമിഷനറിമാർ പ്രവർത്തിച്ചിരുന്ന ബോംബെയിൽമാത്രം 1630-ൽ 15000 കത്തോലിക്കരുണ്ടായിരുന്നു.

മുസൽമാന്മാരെ 1559-ൽ പരാജയപ്പെടുത്തിക്കൊണ്ട് ഡാമൻ എന്ന ദ്വീപ് പോർട്ടുഗൽ പിടിച്ചെടുത്തതോടുകൂടിയാണ് പ്രേഷിത പ്രവർത്തനങ്ങൾ അവിടെ നിർബാധം തുടങ്ങാൻ കഴിഞ്ഞതു. ഭാരത ക്രൈസ്തവസഭയെ സംബന്ധിച്ചിടത്തോളം ഈ വിജയം നിർണായകമാണ്. 1635-ൽ ഡാമനിൽമാത്രം 30,000 കത്തോലിക്കർ ഉണ്ടായിരുന്നു.

പോർട്ടുഗീസാധിപത്യ കേന്ദ്രങ്ങൾ

ചോളമണ്ഡലത്തിൽ പ്രധാനമായും പോർട്ടുഗീസുകാക്ക് ശക്തി ഉണ്ടായിരുന്നതു മൈലാപ്പൂരിലും നാഗപട്ടണത്തിലുമാണ്. മൈലാപ്പൂരിൽ ഗോൽക്കൊണ്ട സൈന്യം ആക്രമണം നടത്തിയതിന്റെ ഫലമായി അവിടത്തെ ക്രിസ്ത്യാനികൾക്കു അവിടംവിട്ട് ഓടിപ്പോകേണ്ടതായിവന്നു. നാഗപട്ടണം 1658-ൽ ഡച്ചുകാർ പിടിച്ചടക്കി.

malankaralibrary.com

വേളാങ്കണ്ണിയിൽ താമസിക്കാൻ ഒരു ഫ്രാൻസിസ്കൻമിഷനറിയെ മാത്രം അവർ അനുവദിച്ചു.

ആഗ്രയിലുള്ള കൊട്ടാരത്തിലും പോർട്ടുഗീസുമിഷനറിമാർ പ്രേഷിതപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ദൽഹി, ആഗ്ര, പാറ്റ്ന തുടങ്ങിയ ഉത്തരേന്ത്യൻനഗരങ്ങളിൽ പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽതന്നെ പോർട്ടുഗീസുകാർ പ്രേഷിതപ്രവർത്തനങ്ങൾക്ക് ആരംഭമിട്ടു. പോർട്ടുഗീസുകാരുടെ ശ്രമഫലമായി ഗോവ, ബസിൻ, കൊച്ചി, തിരുവിതാംകൂർ, തൂത്തുക്കുടി, മൈലാപ്പൂർ എന്നീ പ്രദേശങ്ങളിൽ പതിനായിരക്കണക്കിന് അംഗസംഖ്യയുള്ള സുശക്തമായ ക്രൈസ്തവസമൂഹങ്ങൾ ആവിർഭവിച്ചു. ഭാരതത്തിലെ ലത്തീൻ കത്തോലിക്കസഭയുടെ ബലിഷ്ഠമായ അടിത്തറ അവർ പാകിക്കഴിഞ്ഞിരുന്നു. ഇന്നു ഭാരതത്തിലെ കത്തോലിക്കസഭയുടെ അംഗസംഖ്യയും ഓജസ്സിനും മുഖ്യ ഉത്തരവാദികൾ പാവപ്പെട്ടവരാണെങ്കിലും വിശ്വാസസ്ഥിരതയും ആധ്യാത്മികദൃഢതയുമുള്ള ഈ ഏതദ്ദേശീയ ക്രൈസ്തവസമൂഹങ്ങളാണ്.

സഭയെ ഓജസുറ്റതാക്കി

പോർട്ടുഗീസുകാർ മലബാർതീരത്തു വന്നിറങ്ങിയപ്പോൾ, തദ്ദേശവാസികളായ പുരാതന തോമസ് ക്രിസ്ത്യാനികൾ ആത്മീയമായും, ഭരണപരമായും, സാമുദായികമായും വളരെ താഴ്ന്ന നിലയിലായിരുന്നു. തന്മൂലം അവർ വാസ്കോഡിഗാമയെ സമീപിച്ചു പോർട്ടുഗൽരാജാവിന്റെ സംരക്ഷണം യാചിച്ചു (1505). ഈ അവസരത്തിൽ തങ്ങൾക്ക് മാർപാപ്പയിൽനിന്ന് ലഭിച്ച പാദ്രോവാദോ അവകാശത്തിന്റെ അടിസ്ഥാനത്തിൽ പോർട്ടുഗൽ ആദ്യം ഫുങ്കലിലും (1514) പിന്നീട് ഗോവയിലും (1557) കൊച്ചിയിലും (1557) മൈലാപ്പൂരിലും (1606) രൂപതകൾ സ്ഥാപിച്ചു. അന്നു മാർ യാക്കോബ് എന്ന പേർഷ്യൻ മെത്രാൻ ഇവിടെ ഉണ്ടായിരുന്നു. പോർട്ടുഗീസുകാർ അദ്ദേഹത്തെ തങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ലത്തീൻറീത്തിൽ ഉൾപ്പെടുത്തുകയും ചെയ്തു. പിന്നീട് വന്ന പൗരസ്ത്യമെത്രാന്മാർ നെസ്തോറിയന്മാരും ജനങ്ങളെ തങ്ങൾക്കെതിരായി തിരിച്ചുവിടുന്നവരും ആയതുകൊണ്ട് 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസിനുശേഷം ആ വർഷം നവംബറിൽ പോർട്ടുഗീസുകാരനായ ഫ്രാൻസിസ് റോസ് എസ്. ജെ. യെ അങ്കമാലിരൂപതയുടെ മെത്രാനാക്കി. 1600-ൽ ആർച്ച്ബിഷപ്പ് റോസിന്റെ ആസ്ഥാനമായ കൊടുങ്ങല്ലൂരിനെ അതിരൂപതയായി ഉയർത്തി. പോർട്ടുഗീസ് അധികാരികളുടെ നിർദ്ദേശപ്രകാരം റോം ഈ നടപടി എടുത്തതുമൂലം അന്നുവരെ മലബാറിൽ അവ്യക്തമായിരുന്ന സഭാഭരണരീതി വ്യക്തവും വ്യവസ്ഥാപിതവുമായി.

malankaralibrary.com

മൂന്ന്

രാജ്യങ്ങൾ കണ്ടെത്തൽ

കണ്ടെത്തുന്ന രാജ്യങ്ങളിലെല്ലാം സുവിശേഷപ്രചരണം നടത്തുക അന്നത്തെ നിലയിൽ ഹർഷോന്മാദമായ മതശൈലിയായിരുന്നു. മാർപാപ്പപോലും അതിനു കൂട്ടുനിന്നു. ചെറിയ ഐബീരിയൻ രാഷ്ട്രമായ പോർട്ടുഗൽ പതിനാറാംനൂറ്റാണ്ടിൽ യൂറോപ്പ് മുഴുവന്റെയും അസൂയാപത്രമായി. തെക്കേ അമേരിക്കയുടെ മുന്നിൽ രണ്ടു ഭാഗമായിരുന്ന ബ്രസീലും, ആഫ്രിക്കയുടെ മുക്കാൽഭാഗവും, ദക്ഷിണേഷ്യയിലെ ഏറെ പ്രദേശങ്ങളും പോർട്ടുഗലിന്റെ കൈവശമായിരുന്നു. അമൂല്യ ചരക്കുകളും നിറച്ച കപ്പലുകളും പൂർവേഷ്യൻ തീരങ്ങളിൽനിന്നു കടലുകളും കടന്ന് ലിസ്ബൺതുറമുഖത്തു് നിരന്തരം അടുത്തുകൊണ്ടിരുന്നു.

ഐബീരിയൻ വൻകരയെ അടച്ചുവാണിരുന്ന മുഹമ്മദീയരിൽനിന്നും മാതൃരാജ്യത്തെ മോചിപ്പിച്ചു. ആഫ്രിക്കയിൽ അവക്കുണ്ടായിരുന്ന ശക്തിദുർഗങ്ങളെ കടന്നാക്രമിക്കാൻ പോർട്ടുഗലും സ്പെയിനും ഒരുമ്പെട്ടു. സ്പെയിൻ ആഭ്യന്തരഏകീകരണത്തിന്റെ പ്രശ്നങ്ങളിൽ മുഴുകിയിരുന്നു. അതിനാൽ പ്രസ്തുത അഭിലാഷങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കാൻ സാധിച്ചില്ല. പോർട്ടുഗൽമാത്രം എല്ലാവിധ ഒരുക്കങ്ങളോടും സന്നാഹത്തോടുംകൂടി എടുത്തുചാടി. പല ലക്ഷ്യങ്ങളാണ് ഈ സാഹസോദ്യമങ്ങൾക്കുണ്ടായിരുന്നതു്. മുഹമ്മദീയ സ്വാധീനം തകർക്കുക പ്രഥമലക്ഷ്യം. ആഫ്രിക്കയിലെ മുഹമ്മദീയശക്തി തകർത്താൽ യൂറോപ്പിലേക്കുള്ള അവരുടെ കുതിച്ചുചാട്ടത്തിനു് അറുതി വരുത്തുവാൻ കഴിയുമല്ലോ. രണ്ടാമത്തെ ലക്ഷ്യം വാണിജ്യമായിരുന്നു. സുഗന്ധദ്രവ്യങ്ങളും, പട്ടുതുണികളും, വിശിഷ്ടരത്നങ്ങളും പൂർവേഷ്യയിൽനിന്നാണ് യൂറോപ്യൻ കമ്പോളങ്ങളിൽ എത്തിയിരുന്നതു്. ഏഷ്യയിൽനിന്നു് യൂറോപ്പിലേക്കുള്ള എല്ലാ വ്യാപാരമാർഗങ്ങളും

malankaralibrary.com

മുസ്ലീം സാമ്രാജ്യങ്ങളിലൂടെയായിരുന്നു. കച്ചവടകുത്തക മുസ്ലീമുകൾ കൈയടക്കിവച്ചിരുന്നു. അതിനാൽ കരയിലൂടെയും, കടലിലൂടെയും യൂറോപ്പിലെ ക്രൈസ്തവരാജ്യങ്ങൾക്ക് ഏഷ്യയുമായി സ്വതന്ത്രവ്യാപാരം നടത്തുവാൻ ക്ലേശിക്കേണ്ടിവന്നു. ഇതിനു പ്രതിവിധി കാണേണ്ടതു് അത്യാവശ്യമായിരുന്നു. പുതിയ വാണിജ്യമാർഗങ്ങൾ കണ്ടെത്തേണ്ടതു് അനുപേക്ഷണീയമായി.

മുസ്ലീംസാമ്രാജ്യങ്ങളെ എതിരിടാൻ

ആരുടെയും മേൽക്കോയ്മയില്ലാത്ത മഹാസമുദ്രങ്ങളിലൂടെ പുതിയ വഴികൾ കണ്ടെത്താൻ പോർട്ടുഗീസുകാർ മുന്നോട്ടിറങ്ങി. അറബികളെ സമുദ്രത്തിൽ വച്ചു് പല നാവികയുദ്ധങ്ങൾ ചെയ്തു് പരാജയപ്പെടുത്തി. പോർട്ടുഗീസുനാവികർ വിജയത്തിന്റെ വെന്നിക്കൊടി നാട്ടി. ഏഷ്യയിലുണ്ടെന്നു് യൂറോപ്പിലെ ക്രൈസ്തവരാജാക്കന്മാർ വിശ്വസിച്ചിരുന്ന ക്രിസ്തീയരാജാവു് "പ്രെസ്റ്ററർ ജോണിനെ" കണ്ടെത്തുക വേറൊരു ലക്ഷ്യം. മുസ്ലീം സാമ്രാജ്യശക്തികളുടെ വികസനം തടയുന്നതിനു നടത്തിയ കുരിശുയുദ്ധങ്ങൾ (Crusades) മൂലം ക്രൈസ്തവയൂറോപ്പിന്റെ സമരശക്തി ക്ഷയിച്ചുതുടങ്ങിയിരുന്ന കാലഘട്ടം. മദ്ധ്യേഷ്യ മിക്കവാറും മുഹമ്മദീയരുടെ അധീനതയിലും. മുസ്ലീമുകൾ അജയ്യരാണെന്ന ധാരണ യൂറോപ്പിലെ ക്രൈസ്തവരാജാക്കളിൽ ഭീതിയുളവാക്കി. ഇന്ത്യയിലെ "പ്രെസ്റ്ററർ ജോൺ" ഒരു ഇതിഹാസരാജാവാണു്. ചരിത്രപരമായി ഇനിയും ഉത്തരം കിട്ടാത്ത ഐതിഹ്യം. പല ഗ്രന്ഥകാരൻമാരും പ്രസ്താവിക്കുന്നതു് ഏതോപ്യയിലാണു് പ്രെസ്റ്ററർ ജോണിന്റെ ആസ്ഥാനമെന്നാണു്. പതിമൂന്നു്, പതിനാലു് നൂറ്റാണ്ടുകളിൽ പ്രെസ്റ്ററർ ജോണിനെ കണ്ടെത്താൻ പല ശ്രമങ്ങളും നടത്തി. പ്രെസ്റ്ററർ ജോണിന്റെ അധീനതയിലുള്ള സാമ്രാജ്യത്തെപ്പറ്റി അന്വേഷിക്കാൻ പോർട്ടുഗൽരാജാവു് ജോൺ രണ്ടാമൻ ജെയോവൊ പെരസ് കൊവിലനെ അയച്ചു. [1]

മിഷനറിമാർ എല്ലാ കപ്പലിലും

ഏഷ്യയിൽ ഉണ്ടെന്നു പറയപ്പെടുന്ന ക്രൈസ്തവരാജാവു് പ്രെസ്റ്റർ ജോണുമായി സഖ്യത്തിലേർപ്പെടേണ്ടതു് യൂറോപ്പിന്റെ ഒരാവശ്യമായി ക്രൈസ്തവരാജാക്കന്മാർ കരുതി. കിഴക്കുള്ള പ്രെസ്റ്റർ ജോൺ സൈന്യവും, പടിഞ്ഞാറുള്ള യൂറോപ്യൻ രാജ്യശക്തിയും സംയോജിപ്പിച്ചു് ഇരുവശആക്രമണത്തിലൂടെ മദ്ധ്യേഷ്യയിലെ മുഹമ്മദീയശക്തി തകർക്കാം. ഈ സമീപനത്തിന്റെ പ്രധാന വക്താവു് പോർട്ടുഗലിലെ നാവികൻ ഹെൻറി രാജാവു് (Henry-the Navigator). ക്രൈസ്തവമതം പൗരസ്ത്യനാടുകളിൽ പ്രചരിപ്പിക്കുക എന്നതും പോർട്ടുഗൽ

1. History of Christianity in India - M. Mundaden CMI Vol. I p. 235, footnote No. 43.

malankaralibrary.com

രാജാവിന്റെ പ്രധാനലക്ഷ്യം. മിഷനറി വൈദികരില്ലാതെ ഒരു കപ്പലും പോർട്ടുഗലിൽനിന്നു പൂർവേഷ്യയിലേക്കു പുറപ്പെട്ടിരുന്നില്ല. [2]

ആസൂത്രിതമായ ഒരു പദ്ധതി പോർട്ടുഗൽ ആവിഷ്ക്കരിച്ചു. സമുദ്രാന്തരപര്യടനം. നേതൃത്വം ഹെൻട്രിക്കായിരുന്നു. യൂറോപ്പിലെ പ്രമുഖ ഭൂമിശാസ്ത്രജ്ഞന്മാരുടെയും സമുദ്രയാത്രാപണ്ഡിതന്മാരുടെയും ആഭിമുഖ്യത്തിൽ സമുദ്രപര്യടനം നടത്തുന്നതിനുവേണ്ട ഒരുക്കങ്ങൾ അദ്ദേഹം ചെയ്തു.

ബർത്തലോമ്യോ ഡയസ്

പതിനഞ്ചാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽത്തന്നെ പോർട്ടുഗീസുകാർ ഇന്ത്യയിലേക്കുള്ള ജലമാർഗം കണ്ടെത്താൻ പല യത്നങ്ങളും നടത്തി. 1419 മുതൽ ഒന്നിനു പുറകെ ഒന്നായി പല കപ്പൽയാത്രകൾ നടത്തി. ഈ സംരംഭത്തിൽ പങ്കെടുത്ത പ്രമുഖ നാവികനേതാവ് ബർത്തലോമ്യൊ ഡയസാണ്. 1486-ൽ പോർട്ടുഗീസ് രാജാവ് ജെയോവൊ രണ്ടാമൻ അജ്ഞാത സമുദ്രങ്ങളിൽ സഞ്ചരിച്ചു ഇന്ത്യയിലേക്കുള്ള കടൽമാർഗം കണ്ടെത്താൻ ബർത്തലോമ്യൊ ഡയസിനെ നിയോഗിച്ചു. ധീരനും നാവികയാത്രാവിദഗ്ദ്ധനുമായ ഡയസിന്റെ നേതൃത്വത്തിൽ 1488-ൽ ഏതാനും നാവികർ മൂന്നു കപ്പലുകളിൽ യാത്രതിരിച്ചു. [3] ഭൂമദ്ധ്യരേഖയ്ക്ക് 5 ഡിഗ്രി വടക്കായി ഡയസ് കിഴക്കോട്ടു തിരിച്ചു. തുടർച്ചയായ പേമാരിയും കൊടുങ്കാറ്റും നിമിത്തം കപ്പലുകളെ തെക്ക്-കിഴക്കൻ ദിശയിലേക്ക് പായിച്ചു. കപ്പലുകൾ മുന്നോട്ടു നീങ്ങിയപ്പോൾ പലയിടത്തും നാവികർ കരിങ്കൽത്തൂണുകൾ നാട്ടി.

ഭാരത മാർഗം

ഒരുഗ്രൻ കൊടുങ്കാറ്റ് കപ്പലുകളെ നിയന്ത്രണാതീതമാക്കി. നാവികർ അറിയാതെതന്നെ കപ്പലുകൾ ആഫ്രിക്കയുടെ തെക്കുവശത്തു കൂടി 240 മൈലോളം കിഴക്കോട്ടുപോയി. ഇത് ഇന്ത്യയിലേക്കുള്ള വഴിതന്നെ ആയിരിക്കുമെന്ന് ഡയസ് വിചാരിച്ചു. ഇന്ത്യാസമുദ്രകവാടത്തിൽ കപ്പലുകൾ അടുത്തപ്പോൾ നാവികർ ഒന്നടങ്കം പണിമുടക്കി. പോർട്ടുഗലിലേക്കു തിരികെപോകണമെന്നു നിർബന്ധം പിടിച്ചു. തുടർച്ചയായ കാറ്റും കോളും നിമിത്തം ഭക്ഷണസാധനങ്ങൾ കയറ്റിയിരുന്ന കപ്പൽ നഷ്ടപ്പെട്ടു. മറ്റു രണ്ടു കപ്പലുകൾ പ്രക്ഷുബ്ധമായ തിരമാലകളിലും കൊടുങ്കാറ്റിലുംപെട്ടു. നാട്ടിലേക്കു മടങ്ങി

---

2. ലോകരാഷ്ട്രങ്ങൾ-സ്പെയിനും പോർട്ടുഗലും: ജെ. പി. തോട്ടിൽ പേജ് 125-126.

3. R. S. Whiteway: Rise of Portuguese Power in India p. 2.

malankaralibrary.com

പ്പോകണമെന്ന കപ്പൽജോലിക്കാർക്ക നിർബന്ധം. ലഭിക്കുവാനി രുന്ന പ്രശസ്തി നഷ്ടപ്പെടുമല്ലോ എന്നോർത്തു ഡയസ് ഉൽക്കണ്ഠാ കുലനായി. ഗത്യന്തരമില്ലാതെ ജോലിക്കാർക്ക കീഴ്പ്പെട്ടു. ഡയസ് മടക്കയാത്ര ആരംഭിച്ചു. പിൻതിരിഞ്ഞുപോരുന്ന വേളയിൽ "കൊട്ടുകാറാറിന്റെ മുനമ്പ്" എന്നു താൻ നാമകരണംചെയ്ത മുനമ്പിനടുത്തു് ഒരു സ്തൂപംകൂടി നാട്ടി. അപ്രത്യക്ഷമായ ചരക്കുകപ്പൽ വീണ്ടും ദൃശ്യമായി. ഈ വഴിക്കുതന്നെയാണു് ഇന്ത്യയിലേക്ക യാത്രചെയ്യേണ്ടതെന്ന ഡയസിനു് മനസ്സിലായി. പ്രതീക്ഷകളുടെ തരംഗങ്ങൾ മനസ്സിൽ അലതല്ലി. കൊട്ടുകാറാറിന്റെ മുനമ്പിനെ "സുപ്രതീക്ഷയുടെ മുനമ്പു" (കേപ്പ് ഓഫ് ഗുഡ് ഹോപ്പ്) എന്ന നാമകരണം ചെയ്തു.[4] ഹതചിത്തനും ദുഃഖിതനുമായ ഡയസ് ലിസ്ബണിലേക്ക മടങ്ങി. വിവരമെല്ലാം ജെയോവ രാജാവിനെ അറിയിച്ചു. നാവികരെയെല്ലാം തടവിലാക്കി. വീണ്ടുമൊരു യാത്രയ്ക്കൊരുങ്ങുവാനും മറ്റു നാവികർക്ക പരിശീലനം നൽകുവാനും രാജാവ് നിർദ്ദേശിച്ചു. ഡയസിനെത്തന്നെ ഇക്കാര്യങ്ങൾ നിർവ്വഹിക്കാൻ രാജാവു് നിയോഗിച്ചു.

കടൽസഞ്ചാര വിദഗ്ധർ

പോർട്ടുഗീസ് രാജാക്കന്മാർക്ക വിദേശരാജ്യങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിനു് പ്രചോദനം നൽകിയത് ചരിത്രകാരന്മാർ കൂടിയായ സമുദ്രസഞ്ചാരികളാണ്. കേരളവും കുരുമുളകുമായി ബന്ധപ്പെട്ട പല സമുദ്രസഞ്ചാരികളും ഇതിനകം പോർട്ടുഗലിൽ രംഗത്തുവന്നു. അവരിൽ പ്രമുഖൻ ചരിത്രകാരനായ നിക്കോളൊ കോണ്ടി[5]. ഇരുപത്തഞ്ചു സംവത്സരങ്ങളോളം ലോകസഞ്ചാരം നടത്തി പ്രസിദ്ധിയാർജിച്ച ഇദ്ദേഹം വെനീസുകാരനാണ്. അറിയപ്പെടാത്ത പൗരസ്ത്യ രാജ്യങ്ങളെപ്പറ്റി യൂറോപ്പിലുള്ളവർക്ക് അറിവു നൽകുവാൻ സമഗ്ര ചരിത്രഗ്രന്ഥമെഴുതുകയായിരുന്ന അദ്ദേഹത്തിന്റെ യാത്രാലക്ഷ്യം. 1419-ൽ ഇറ്റലിയിൽനിന്ന വെനീസിലേക്കും, അവിടെനിന്ന ഡമാസ്കസ്, മെസൊപ്പൊട്ടോമിയാ രാജ്യങ്ങൾ കടന്നു് ബാഗ്ദാദ്, ബാബിലോണിയാ സംസ്ക്കാരവും ചരിത്രവും പഠിച്ചു കപ്പൽ മാർഗം ടൈഗ്രിസിലൂടെ ഓർമസിൽ ഇറങ്ങി വർത്തകരുമായി പരിചയപ്പെട്ട ഒരു മാസം കഴിഞ്ഞു ബോംബായ്ക്കു വടക്കുള്ള കെസെയിൽ അദ്ദേഹം വന്നുചേർന്നു. അറബികപ്പലിൽ യാത്രചെയ്ത കണ്ണൂരിലെത്തി വാണിജ്യവിളകളെപ്പറ്റി പഠിച്ചശേഷം കോഴിക്കോട്, കൊച്ചി നഗരങ്ങൾ സന്ദർശിച്ചു. തുറമുഖ വ്യാപാരത്തെപ്പറ്റി പലതും ഗ്രഹിച്ചശേഷം അറബി വ്യാപാരസംഘത്തോടുകൂടി അറേബ്യയിലേക്ക തിരിച്ചു. സുമാട്രാ, പെഗു, മലയാ, ജാവാ മുതലായ സ്ഥലങ്ങൾ സന്ദർശിച്ചു. ജാവായിൽനിന്ന കപ്പൽകയറി കൊല്ലത്തു വന്നിറങ്ങി. കൊച്ചി

4. R. S. Whiteway: Rise of Portuguese Power in India p. 16
5. M. Mundaden C. M. I : Christianity in India Vol. I p. 249

malankaralibrary.com

യിലും കോഴിക്കോട്ടും ഏതാനും ദിവസം വസിച്ചതിനുശേഷം ചെങ്കടലിനടുത്തുള്ള സൊക്കൊടെയിലെത്തി. പോർട്ടുഗീസുകാർ കേരളത്തിൽ എത്തുന്നതിനു 60 വർഷങ്ങൾക്കുമുൻപു കേരളം കണ്ടതും കേരളചരിത്രം കുറിച്ചെടുത്തതും ഈ നിക്കോളൊ കോണ്ടിയാണ്.

നിക്കോളോ കോണ്ടി

ഇരുപത്തഞ്ചു സംവത്സരത്തെ ദേശസഞ്ചാരത്തിനുശേഷം 1444-ൽ നിക്കോളൊ വെനീസിൽ തിരിച്ചെത്തി. മാർപാപ്പ യൂജീനിയസ് നാലാമൻ അദ്ദേഹത്തെ റോമിലേക്കു ക്ഷണിച്ചു. സഞ്ചാരവേളയിൽ നേരിട്ടുകണ്ടതും പറഞ്ഞുകേട്ടതും സെക്രട്ടറി പൊഗ്നിയോടു സത്യസന്ധതയോടെ വിവരിച്ചു പറയണമെന്നു മാർപാപ്പ ആവശ്യപ്പെട്ടു. അങ്ങനെ പ്രസിദ്ധീകൃതമായ നിക്കോളൊ കോണ്ടിയുടെ സമുദ്രസഞ്ചാരചരിത്രം പോർട്ടുഗീസുനാവികർക്കും മറ്റും മാർഗദർശകമായി. പ്രോൽസാഹജനകവും.

കുരുമുളകു വിളയുന്ന കേരളപ്രദേശത്തേയ്ക്കു കരയാത്ര അപകടകരമായതുകൊണ്ടു പോർട്ടുഗീസുരാജാവു ജെയോവൊ രണ്ടാമൻ ബർത്തലോമ്യൊ ഡയസിനെ കപ്പൽവഴി ആഫ്രിക്ക ചുറ്റി സഞ്ചരിക്കാൻ അയച്ചു. മദ്ധ്യധരണ്യാഴിയിൽക്കൂടി യാത്രചെയ്യാൻ മറ്റു രണ്ടു പേരോടു നിർദ്ദേശിച്ചു. വിദേശസഞ്ചാരത്തിൽ പരിചയസമ്പന്നരും ബുദ്ധിമാന്മാരും അറബിഭാഷാപരിജ്ഞാനമുള്ളവരുമായ പെരെ കോവിലൻ, അൽഫോൺസൊ പൈവ എന്നിവർ. 1487-ൽ കോവിലനും പൈവയും [6] സ്പെയിനിലെ ബാർസൊണലെയിൽനിന്നു കപ്പൽകയറി നേപ്പിൾസിലേക്കും അവിടെനിന്നു അറബിവേഷധാരികളായി, മൊറോക്കദേശവാസികളായി പ്രച്ഛന്നവേഷത്തിൽ യാത്രചെയ്തു പലതും പഠിച്ചും രഹസ്യങ്ങൾ ചോർത്തിയെടുത്തും മറ്റു വർഗക്കാരുടെ കപ്പലിൽ ഏഡനിൽ വന്നു. അവിടെ കോവിലനും പൈവയും തമ്മിൽ പിരിഞ്ഞു.

കോവിലനും പൈവയും

കോവിലൻ ഇന്ത്യയിലേക്കു പോകുവാൻ തയ്യാറായിനിന്ന അറബിക്കപ്പലിൽ കയറി കണ്ണൂരിലെത്തി. ഇന്ത്യയിൽ ഇദംപ്രഥമമായി കാലുകുത്തിയ പോർട്ടുഗീസുകാരൻ. അറബികൾ നടത്തിയിരുന്ന വ്യാപാരങ്ങളുടെ ഏകദേശരൂപം ഗ്രഹിച്ചശേഷം കരവഴി കോഴിക്കോട്ടും അവിടെനിന്നും ഗോവയിലും എത്തിച്ചേർന്നു. ഗോവയിൽനിന്നു സമുദ്രമാർഗം പേർഷ്യയുടെ പ്രധാനകേന്ദ്രമായ ഓർമ്മസിൽ വന്നുചേർന്നു. [7] ഈ നഗരം പിടിച്ചടക്കിയാൽ അറബികളുടെ വ്യാപാരം തട

6. Frederic Charles Danvers: The Portuguese Power in India Vol. II. p. 29-32

7. Whiteway: Rise of Portuguese Power in India op. cit p.54

malankaralibrary.com

യാൻ സാധിക്കുമെന്നു് മനസ്സിലാക്കി. പിന്നീടു് ആഫ്രിക്കയുടെ പശ്ചിമതീരത്തേക്കു പുറപ്പെട്ടു. ആഫ്രിക്ക ചുറ്റി പൂർവ്വതീരത്തു വന്നെത്തിയാൽ ഇന്ത്യയിലേക്കുള്ള മാർഗം സുഗമമായി എന്നദ്ദേഹം കണ്ടെത്തി. ഈ വിവരങ്ങളൊക്കെ ജെയോവൊ രാജാവിനെ അറിയിച്ചു.

ബർത്തലോമ്യൊ ഡയസിന്റെ യാത്ര നിഷ്ഫലമായതിലെ ദുഃഖവും കോവിലനെപ്പറ്റി വിവരം ലഭിക്കാത്തതിലുള്ള ഹൃദയവ്യഥയും മറ്റും രാജാവിനെ ആകുലനാക്കി. കോവിലനെ കണ്ടെത്താൻ രണ്ടു യഹൂദരെ പോർട്ടുഗീസു് രാജാവു് നിയോഗിച്ചു. അവർ ഭാഗ്യത്തിനു് കെയ്റോവിൽ കോവിലനെ കണ്ടുമുട്ടി. പെരസു് മരിച്ചുപോയതിനാൽ പ്രബലനായ "പ്രെസ്റ്റർ ജോണിന്റെ" നാട്ടിലേക്കു് തിരിക്കണമെന്നും അവിടത്തെ വിശദവിവരങ്ങൾ ശേഖരിച്ചു പോർട്ടുഗലിലേക്കു് മടങ്ങണമെന്നും ഉള്ള രാജാവിന്റെ നിർദ്ദേശങ്ങൾ കോവിലനു കൈമാറി.

സഞ്ചാരക്കുറിപ്പുകൾ മികച്ച മാർഗരേഖ

തന്റെ സഞ്ചാരക്കുറിപ്പുകൾ ആ യഹൂദന്മാരെ ഏല്പിച്ചു. ഇന്ത്യയിലേക്കു കപ്പൽമാർഗം, അതായതു് തെക്കെ ആഫ്രിക്കയുടെ മുനമ്പു ചുറ്റി വടക്കുകിഴക്കൻ ദിശയിൽ കപ്പൽ വിട്ടാൽ കോഴിക്കോട്ടു് ചെന്നുചേരും എന്നും മൂർവർഗക്കാരിൽനിന്നും കച്ചവടക്കുത്തക പിടിച്ചടക്കണമെങ്കിൽ സൈന്യവും പീരങ്കികളും തോക്കും വേണമെന്നും അവരെ ധരിപ്പിച്ചു. പ്രെസ്റ്ററർ ജോണിന്റെ നാടിനെ ലക്ഷ്യമായി കോവിലൻ യാത്രതിരിച്ചു. 1493-ൽ മെക്കയിലേക്കും മെദീനയിലേക്കും യാത്രയായി. 1498-ൽ എത്തിയോപ്യയിൽ പ്രവേശിച്ചു. അതോടെ യാത്ര അവസാനിപ്പിച്ചു. 30 വർഷംകൂടി കോവിലൻ ജീവിച്ചിരുന്നു. 1520-ൽ പോർട്ടുഗീസു് രാജാവിന്റെ അമ്പാസിഡറായ റൊഡ്യഗൊ ലിവു് ആ രാജ്യത്തു ചെന്നപ്പോഴും കോവിലനെ കണ്ടുമുട്ടി. അദ്ദേഹത്തിന്റെ സഞ്ചാരചരിത്രത്തിന്റെ രണ്ടാംഭാഗം എഴുതിയിരിക്കുന്നതു കണ്ടു. കോവിലന്റെ യാത്രാവിവരങ്ങൾ ലിസ്ബണിൽ എത്തിച്ചേർന്നപ്പോഴും ഇന്ത്യയിലേക്കുള്ള യാത്രാഒരുക്കങ്ങൾ പോർട്ടുഗീസു രാജാവു് ആരംഭിച്ചിരുന്നു. കോവിലന്റെ യാത്രാവിവരണങ്ങളാണു് വാസ്കൊഡിഗാമയുടെ നേതൃത്വത്തിൽ ഒരു സംഘം നാവികരെ ഇന്ത്യയിലേക്കയക്കാൻ പോർട്ടുഗീസു രാജാവിനു പ്രചോദനം നൽകിയതു്.

പോർട്ടുഗലും സ്പെയിനും യൂറോപ്യൻശക്തികൾ

എ. ഡി. 1095 മുതൽ പോർട്ടുഗൽ സ്വതന്ത്രരാജ്യമായി. 1410-ൽ പരമാധികാര രാഷ്ട്രമായി. 150 വർഷക്കാലത്തേക്കു് പോർട്ടുഗൽ യൂറോപ്പു ഭൂഖണ്ഡത്തിലെ ശക്തിയായി. കണ്ടെത്തലുകളുടെ സുവർണയുഗമായ 15-ാം നൂറ്റാണ്ടിൽ അതു മഹത്വത്തിലേക്കുയർന്നു. ധീരന്മാരും സാഹസികരുമായ പോർട്ടുഗീസു് നാവികർ ക്ലേശഭൂയിഷ്ഠവും, അ

malankaralibrary.com

കാലഘട്ടംവരെ അചിന്ത്യവുമായ ലോകപര്യടനങ്ങളും നടത്തി. പല കോളനികളും സ്ഥാപിച്ചു. ആഫ്രിക്ക,തെക്കെ അമേരിക്ക, ഈസ്റ്റ് ഇൻഡീസ്, ഇൻഡ്യാ എന്നീ രാജ്യങ്ങളിൽ സമുദ്രമാർഗം പോർട്ടുഗീസുകാർ എത്തി. രാജ്യങ്ങളും ആക്രമിച്ചു കീഴടക്കിക്കൊണ്ടിരുന്ന ഇസ്ലാമിന്റെ ശക്തിയെപ്പറ്റിയുള്ള ഉൽക്കണ്ഠ, ക്രിസ്തുമതം പ്രചരിപ്പിക്കുവാനുള്ള അഭിവാഞ്ഛ എന്നിവ പോർട്ടുഗീസുകാരെ അജ്ഞാതമായ സമുദ്രങ്ങളിലേക്കു തള്ളിവിട്ടു [8]. ഇന്ത്യയുമായി കുരുമുളകു്, ഏലം മുതലായ സുഗന്ധദ്രവ്യങ്ങളുടെ കച്ചവടം നടത്തുക ലക്ഷ്യം. പോർട്ടുഗീസുരാജാക്കൻമാർക്കു പൂർവദേശങ്ങളിലേയ്ക്കുള്ള കപ്പൽ ജലമാർഗം കണ്ടെത്തുന്നതും പ്രചോദനാത്മകമായി. വിശ്രുതസ്ഥലങ്ങളെ കയ്യടക്കിയിരുന്ന തുർക്കികളെ തുരത്തി അവ വീണ്ടെടുക്കുക, ക്രിസ്തുമതം പ്രചരിപ്പിച്ചു് രാജ്യമെങ്ങും കുരിശു് നാട്ടുക, കിഴക്കും പടിഞ്ഞാറുമായുള്ള ക്രൈസ്തവരാജ്യങ്ങളെ തമ്മിൽ സംയോജിപ്പിക്കുക എന്നിവകൂടി നാവികപര്യടനങ്ങളുടെ പിന്നിൽ ശക്തമായി പ്രവർത്തിച്ചിരുന്നു. [9]

മുസ്ലീംകളെ തുരത്താൻ

ഏഴാം നൂറ്റാണ്ടിൽ അറബികളും മറ്റു പല ജനതകളും ഇസ്ലാം മതാനുയായികളാകുന്നതിനു മുൻപു് ലോകവ്യാപാരം മതാടിസ്ഥാനത്തിലായിരുന്നില്ല. ഏഷ്യയുമായുള്ള വ്യാപാരത്തിൽ എല്ലാ ജനവിഭാഗങ്ങളും എല്ലാ രാജ്യക്കാരും പങ്കെടുത്തിരുന്നു. ഏഴാംനൂറ്റാണ്ടുമുതൽ മദ്ധ്യ പൂർവേഷ്യ കീഴടക്കിയ മുസ്ലീങ്ങളും യഹൂദരെയും ക്രിസ്ത്യാനികളെയും വ്യാപാരമണ്ഡലങ്ങളിൽനിന്നു തുരത്തി. മുസ്ലീങ്ങളും വ്യാപാരമാർഗങ്ങളും കയ്യടക്കി. പാശ്ചാത്യ ക്രൈസ്തവർക്കു കിഴക്കൻ രാജ്യങ്ങളുമായി ബന്ധപ്പെടാൻ സാധ്യമല്ലാതായി. യൂറോപ്പിലെ സാമ്പത്തിക വ്യവസ്ഥിതിയിൽ നിർണായകപങ്കുള്ള സുഗന്ധദ്രവ്യങ്ങളുടെ കച്ചവടം മുസ്ലീങ്ങളും കുത്തകയാക്കി. കരവഴിക്കുള്ള വ്യാപാരം അസാധ്യമായി. തന്മൂലം പാശ്ചാത്യ ക്രൈസ്തവരാജ്യങ്ങൾക്കു പൗരസ്ത്യദേശങ്ങളിലേക്കു പ്രത്യേകിച്ചു് ഇന്ത്യയിലേക്കു പുതിയ മാർഗം അന്വേഷിക്കേണ്ടി വന്നു. ഇസ്ലാം മതം കെട്ടിപ്പൊക്കിയ മതിലാണു പോർട്ടുഗീസുകാരെ സമുദ്രത്തിലൂടെ ജീവൻപോലും പണയംവച്ചു് ലോകംചുറ്റാൻ നിർബന്ധിച്ചതു്. അതു് അവരുടെ അസ്തിത്വപ്രശ്നമായിരുന്നു. ഇന്ത്യയിൽ വ്യാപാരം കൈയടക്കിയിരുന്ന മുസ്ലീങ്ങളോടാണു് പോർട്ടുഗീസുകാർക്കു യുദ്ധം ചെയ്യേണ്ടിവന്നതു്. മലബാറിൽ കോഴിക്കോട്ടു് മുസ്ലീമുകളും തങ്ങളുടെ ശക്തിയും രാജകൊട്ടാരത്തിലുള്ള സ്വാധീനവുംകൊണ്ടു പോർട്ടുഗീസുകാരെ എതിർത്തു പരാജയപ്പെടുത്തി. രാജ്യങ്ങളും പിടിച്ചെടുക്കുക, മുസ്ലീങ്ങൾക്കു ക്രൈസ്തവരോടുള്ള ശത്രുത

8. Eduard Michael: History of India p. 131.

9. ശ്രീധരമേനോൻ: കേരളചരിത്രം, കോട്ടയം. പേജ് 108.

malankaralibrary.com

നേരിട്ടുക, ക്രിസ്തുമതം പ്രചരിപ്പിക്കുക എന്നീ ഉദ്ദേശങ്ങളോടെയാണ് പോർട്ടുഗീസുകാർ ഇന്ത്യയിൽ വന്നതു്. കുരുമുളകു സംഭരിക്കുക, ക്രിസ്തുമതം പ്രചരിപ്പിക്കുക എന്നിവ ഇന്ത്യായാത്രയുടെ പ്രമുഖ ഉദ്ദേശങ്ങൾ. ഒന്നാമത്തെ ഉദ്ദേശം സഫലമാക്കുന്നതിനു് ഉത്തരാജ്യങ്ങൾ പിടിച്ചെടുക്കുന്നതിനെക്കാൾ പ്രധാനം കടലോരമുള്ള പ്രദേശങ്ങൾ സ്വാധീനപ്പെടുത്തുകയായിരുന്നു. അവരുടെ ഔന്നത്യത്തിന്റെ മദ്ധ്യകാലഘട്ടത്തിൽ ഓർമ്മസു്, കൊളംബോ, ബംഗാൾ, ജാവാ, ഇന്ത്യാ, മലാക്കാ സു്പൈസസു് ദ്വീപുകൾ (Spice Lands) ഇങ്ങനെ അർദ്ധചന്ദ്രാകൃതിയിൽ ഉദ്ദേശം 5000 നാഴികയിലധികം തങ്ങളുടെ ആധിപത്യത്തിലായിരുന്നു. [10]

പോപ്പിന്റെ പിന്തുണയോടെ

ഇന്ത്യയിലെയും മറ്റു പൗരസു്ത്യരാജ്യങ്ങളിലെയും ക്രിസു്ത്യാനികളുടെ സ്ഥിതിഗതികൾ മാർപാപ്പ പഠിച്ചുകൊണ്ടിരുന്നു. മലബാർ ക്രൈസു്തവസഭ സെലൂഷ്യൻസഭയുമായി ബന്ധപ്പെട്ടിരുന്നുവെന്നു് റോമിനറിയാമായിരുന്നു. ഇവരെപ്പറ്റി കൂടുതൽ വിവരങ്ങൾ ശേഖരിക്കുന്നതിനു ഫ്രാൻസിസു്ക്കൻ സന്യാസിമാരെ മാർപാപ്പ ഇന്ത്യയിലേക്കയച്ചു. അങ്ങനെയാണു് ജോർഡാനസു് കറലാനി, മരിഞ്ഞൊളി മുതലായവർ വന്നതു്. വാണിജ്യവും സുവിശേഷപ്രചരണവും ഒരുപോലെ നടത്തുവാൻ കഴിവുള്ള രാഷ്ട്രത്തിനു മാത്രമേ പൗരസു്ത്യരാജ്യങ്ങളിൽ മതം പ്രചരിപ്പിക്കുന്നതിൽ വിജയം വരിക്കാൻ സാധിക്കയുള്ളുവെന്നു കണ്ടു. ഇതിന്റെ വെളിച്ചത്തിലാണു് സ്പെയിൻ പോർട്ടുഗൽ സമുദ്രയാത്രകളെ മാർപാപ്പമാർ പ്രോത്സാഹിപ്പിച്ചതു്.

പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ യൂറോപ്യൻ ശക്തിരാഷ്ട്രങ്ങൾ സു്പെയിനും പോർട്ടുഗലുമായിരുന്നു. കത്തോലിക്കാരാജ്യങ്ങളായ ഇവ രണ്ടും തമ്മിലുണ്ടാകാവുന്ന മത്സരങ്ങൾ ഒഴിവാക്കാൻ മാർപാപ്പമാർ പലപ്പോഴും രാഷ്ട്രീയതക്കങ്ങളിൽ മാധ്യസ്ഥ്യം വഹിക്കാറുണ്ടു്.

കണ്ടെത്തുന്ന രാജ്യങ്ങളിൽ സുവിശേഷവൽക്കരണം

1454 ജനുവരി 8–നു് നിക്കോളാവുസു് അഞ്ചാമൻ മാർപാപ്പ, ആഫ്രിക്കയിലെ പശ്ചിമതീരത്തുള്ള കേപ്പ് നോനി (Noni) നു് ഇന്ത്യാഭൂഖണ്ഡത്തിനു മധ്യേയുള്ള ഏതെങ്കിലും രാജ്യങ്ങൾ പോർട്ടുഗീസു പ്രജകൾ കണ്ടെത്തിയാൽ പ്രസ്തുത രാജ്യങ്ങളിൽ പോർട്ടുഗീസു് രാജാവിനു ക്രിസ്തുമതം പ്രചരിപ്പിക്കാനുള്ള അധികാരാവകാശം അനുവദിച്ചു. ക്രിസ്റ്റഫർ കൊളംബസിന്റെ പ്രഥമ യാത്രയിൽ ഹിസു്പനിയോളയും ഹൈത്തി (Haiti) യും കണ്ടുപിടിച്ചതോടെ ആരഗോണി

10 Frederick Charles Danvers The Portuguese in India Vol. I P. 83.

malankaralibrary.com

ലെ രാജാവ് ഫെർഡിനാൻറും കസ്തീലിയയിലെ രാജ്ഞി ഇസബെല്ലായും തങ്ങളുടെ നാവികസേന കണ്ടെത്തുന്ന എല്ലാ രാജ്യങ്ങളുടെമേലും തങ്ങൾക്ക് അധികാരാവകാശം വേണമെന്നു മാർപാപ്പയോട അപേക്ഷിച്ചു. മാർപാപ്പ അലക്സാണ്ടർ ആറാമൻ, ജനനംകൊണ്ടു ഫെർഡിനാൻറ് രാജാവിന്റെ പ്രജകളിലൊരുവനായിരുന്നു. അദ്ദേഹം രാജാവിന്റെ അഭീഷ്ടം സാധിച്ചുകൊടുക്കുന്നതിനു സന്നദ്ധനായി. 1493 മെയ് 4-നു അലക്സാണ്ടർ ആറാമൻ മാർപാപ്പ ഒരു ബൂളാ വഴി തന്നിൽ നിക്ഷിപ്തമായ അപ്പസ്തോലികവും ഇടയനടത്തത്തുമായ അധികാരം ഉപയോഗിച്ചു പോർട്ടുഗീസുകാർ കണ്ടെത്തിയ ആഫ്രിക്കൻ രാജ്യങ്ങളുടെ തെക്കും പടിഞ്ഞാറുമായിവരുന്ന സ്ഥലങ്ങളിൽ സ്പാനിഷ് രാജാവിന്റെ നാവികപടയാളികൾ പിടിച്ചെടുക്കുന്ന രാജ്യങ്ങളിൽ ഫെർഡിനാൻറിനും ഇസബെല്ലാക്കും അധികാരാവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണെന്നു പ്രഖ്യാപിച്ചു. അവിടങ്ങളിൽ ക്രിസ്തീയ വിശ്വാസം പ്രചരിപ്പിക്കുന്നതിനുള്ള പ്രത്യേക അവകാശവും അവർക്കു നൽകി. ഭാവിയിൽ ഈ രണ്ടു വൻശക്തികൾ തമ്മിൽ തങ്ങളുടെ അധീനതയിൽ ഉൾപ്പെടുത്താൻ സാധ്യതയുള്ള രാജ്യങ്ങളുടെമേലുള്ള അധികാരാവകാശങ്ങളെ തടയുവാൻ സാങ്കല്പികമായ അതിർത്തിരേഖ നിർദ്ദേശിച്ചു. ഇതു ഇരുരാജ്യക്കാരുടെയും അവകാശവാദങ്ങളെ നിയന്ത്രിച്ചു. ഈ സങ്കല്പരേഖ അസോരസിനും വേർഡെ ദ്വീപുകളുടെ മുനമ്പിനും 350 മൈൽ പടിഞ്ഞാറായി ദക്ഷിണധ്രുവത്തിൽനിന്നു ഉത്തരധ്രുവത്തിലേക്കുള്ളതായിരുന്നു.

പോർട്ടുഗൽ-സ്പെയിൻ സങ്കല്പരേഖ

ഈ സങ്കല്പരേഖയുടെ പടിഞ്ഞാറുള്ള സ്ഥലങ്ങളിൽ തലേവർഷത്തെ ക്രിസ്തുസിനു മുൻപ് കണ്ടുപിടിച്ച എല്ലാരാജ്യങ്ങളിലും ആധിപത്യം സ്ഥാപിച്ചിട്ടില്ലെങ്കിൽ അതു ഫെർഡിനാൻറ് രാജാവിന്റെയും ഇസബെല്ലാ രാജ്ഞിയുടെയും അവരുടെ പിൻഗാമികളുടെയും അധീനതയിലായിരിക്കുമെന്നു ഉറപ്പുവരുത്തി. കിഴക്കുഭാഗത്തുള്ള രാജ്യങ്ങളെല്ലാം പോർട്ടുഗൽ രാജാവിന്റെ അധീനതയിലും. ഈ തീരുമാനം പല കുഴപ്പങ്ങൾക്കും വഴിതെളിച്ചു. മാർപാപ്പ നിർദ്ദേശിച്ചിരിക്കുന്ന സങ്കല്പരേഖ ആഫ്രിക്കൻ ഭൂഖണ്ഡത്തിനു തൊട്ടടുത്തായിപ്പോയി എന്നു പോർട്ടുഗീസു രാജാവ് ആവലാതിപ്പെട്ടു. തങ്ങൾ പുതുതായി കണ്ടെത്തുന്ന ഭൂഖണ്ഡത്തിനു സമീപമുള്ള രാജ്യങ്ങളെ കണ്ടെത്താനും അധീനപ്പെടുത്താനും സാധ്യതയില്ലാത്തവിധം സങ്കല്പരേഖ വളരെ അടുത്തു വഴിമുട്ടിനിൽക്കുന്നു എന്നു അവർ പരാതിപ്പെട്ടു. അതിന്റെ ഫലമായി അലക്സാണ്ടർ ആറാമൻ മാർപാപ്പ നിശ്ചയിച്ചുകൊടുത്തിരുന്ന സങ്കല്പരേഖയിൽനിന്നു 935 മൈൽ പടിഞ്ഞാറു ഭാഗത്തുള്ളവ അഥവാ ദെ വെർഡെ ദ്വീപുകളിൽനിന്നും വിദൂരത്തുള്ള ഭാഗങ്ങൾക്കു സ്പെയിൻ രാജാധികാരികൾക്കും അവിടെനിന്നു കിഴക്കോട്ടുള്ള വിഭാഗങ്ങൾ പോർട്ടുഗൽ രാജാവിനും അവകാശപ്പെട്ടതാ

malankaralibrary.com

ണെന്നു തീരുമാനമുണ്ടായി. 1494-ൽ ടൊർഡെ സില്ലായിലെ ഇരു കൂട്ടരുടെയും സമ്മേളനത്തിൽവച്ചാണു് ഈ തീരുമാനം ഉണ്ടായതു്. 1506 ജൂൺ 24-നു ബൂളവഴി മാർപാപ്പ ഇതു് അംഗീകരിച്ചു. 1495-ൽ ജെയോവൊ രണ്ടാമൻ ചരമമടഞ്ഞു. മാനുവൽരാജാവു് പോർട്ടുഗീസു് ഭരണാധികാരിയായി. പുതിയ രാജ്യങ്ങളും കണ്ടെത്താനുള്ള യത്നം ഊർജ്ജസ്വലതയോടെ ആരംഭിച്ചു.[11]

ഗാമയുടെ ഒന്നാമത്തെ ഇന്ത്യായാത്ര

ബർത്തലോമ്യൊ ഡയസിന്റെ തിരിച്ചുവരവു് പോർട്ടുഗീസു് രാജാവു് ജെയോവോ രണ്ടാമനെ വേദനിപ്പിച്ചു. എന്നാൽ ക്രിസ്റ്റഫർ കൊളംബസിന്റെ വിജയകരമായ ദൗത്യനിർവഹണവും അമേരിക്കയുടെ സമീപസ്ഥദ്വീപുകളുടെ കണ്ടെത്തലും ലിസ്ബൺ തുറമുഖത്തു് പ്രത്യാശയുടെ കിരണങ്ങൽ വീശി.

പോർട്ടുഗീസുരാജാവു് ഭോം മാനുവൽ പൂർവികരെപ്പോലെ നാവികർക്കു് ദീർഘകാല യാത്രയ്ക്കുവേണ്ട പരിശീലനം നൽകി. ഡയസിന്റെ മേൽനോട്ടത്തിൽ ഇതിനകം മൂന്നു കപ്പലുകളും അദ്ദേഹം പണികഴിപ്പിച്ചു. മൂന്നിനും ദൈവദൂതൻമാരായ സാവൊ ഗബ്രിയേൽ, സാവൊ റാഫേൽ, സാവൊ മിഖായേൽ എന്നീ പേരുകളും നൽകി. നാവികരുടെ മതപരമായ കർമ്മാനുഷ്ഠാനത്തിനു് രണ്ടു ഫ്രാൻസിസ്ക്കൻ വൈദികരെയും കപ്പലിൽ ഏർപ്പാടുചെയ്തു. കപ്പലുകളിൽ നാവികരോടൊപ്പം ഭിഷഗ്വരന്മാരെയും ധീരന്മാരായ ഉദ്യോഗസ്ഥരെയും നിയമിച്ചു. കപ്പലുകളുടെ ക്യാപ്റ്റനായി പ്രഗത്ഭനായ ഡയസിനെ തെരഞ്ഞെടുക്കുന്നതിനുപകരം അന്ത്യനിമിഷത്തിൽ അരമന വിചാരിപ്പുകാരനായ അൽഫോൺസിന്റെയും എസ്തോറിബായുടെയും പുത്രനും അപ്രസിദ്ധനുമായ വാസ്ക്കോഡിഗാമയെ നിയോഗിച്ചു. വാസ്കോഡിഗാമയുടെ സഹോദരനായ പാവുളൊ ഗാമയും അദ്ദേഹത്തെ അനുഗമിച്ചു. 120 ടൺ കേവുഭാരമുള്ള ഓരോ കപ്പലിലും നൂറമ്പതിലേറെ നാവികരുണ്ടായിരുന്നു.

ലിസ്ബൺ വീണ്ടും ഒരുങ്ങുന്നു

ചരിത്രപഠിതാക്കളെ ചിന്താക്കുഴപ്പത്തിലേക്കു തള്ളിവിടുന്ന ഒരു പ്രശ്നം ഇവിടെയുണ്ടു്. ഡയസു് നാവികയാത്ര കഴിഞ്ഞു് അപ്രതീക്ഷിതമായി തിരിച്ചെത്തിയതു് 1489-ലാണു്. ഏഴുവർഷത്തെ വിനാവിളംബത്തിനുശേഷമാണു് 1497-ൽ ഗാമയും കൂട്ടരും ലിസ്ബണിൽ നിന്നു് ഇന്ത്യയിലേക്കു് യാത്ര ആരംഭിക്കുന്നതു്. ജോയോവൊ രണ്ടാമൻ രാജാവു മാർപാപ്പയെ 1489-ൽ യൂറോപ്പു മുഴുവൻ ഇന്ത്യയുടെ കവാടത്തിൽ എത്തിച്ചേർന്നിരിക്കുന്നുവെന്നു് അറിയിച്ചിരുന്നു. ഇതുമായും

---

11. Frederic Charles Danvers op. cit pp. 39-41.

malankaralibrary.com

സുദീർഘമായ കാലവിളംബത്തിനു കാരണമായി പല അഭ്യൂഹങ്ങളും കേൾക്കാറുണ്ട്. 1487–88 വർഷങ്ങളിൽ പോർട്ടുഗീസുകാർ മൊറോക്കൊയിൽ സൈനികപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. ഇതുമൂലം പല പ്രശ്നങ്ങളും കൈകാര്യം ചെയ്യേണ്ടിവന്നു. ഇതിനകം 1495–ൽ ജെയോവൊ രണ്ടാമൻ മൃതിയടഞ്ഞു. ദോം മാനുവൽ സ്ഥാനാരോഹണം ചെയ്തു. ദോം മാനുവലിന്റെ പുത്രിയുടെ വിവാഹം സംബന്ധിച്ചുള്ള ആഘോഷപരിപാടികളും, യഹൂദരെ പോർട്ടുഗലിൽനിന്നു ബഹിഷ്ക്കരിക്കാനുള്ള ഉദ്യമത്തിൽ നേരിട്ട കാലതാമസവും ഈ കാലവിളംബത്തിനു കാരണമായി. ഇന്ത്യാസമുദ്രത്തിൽ യാത്രചെയ്യുന്നതിനു പോർട്ടുഗീസു കപ്പലുകളും തീരെ അപര്യാപ്തമാണെന്നു ചിലർ അഭിപ്രായപ്പെട്ടു. അതിനാൽ ഈ സംരംഭംതന്നെ നിർത്തിവയ്ക്കണമെന്ന വിദഗ്ധാഭിപ്രായം പോർട്ടുഗൽ ഗവൺമെൻറിന്റെ ചർച്ചാവിഷയമായിത്തീർന്നു.

യാത്രക്കുമുമ്പ് കുർബാന

ആറ്റാദകരമായ ഒരു വാർത്തയോടെ 1497 ജൂലൈ 8–ാം തീയതിയിലെ പ്രഭാതം പൊട്ടിവിടർന്നു. വാസ്കോഡിഗാമയുടെ നേതൃത്വത്തിൽ നാലു നാവികകപ്പലുകളും ഇന്ത്യൻ സമുദ്രത്തിലേക്കു യാത്ര ആരംഭിക്കുമെന്നു വെളിപ്പെടുത്തപ്പെട്ടു. ദീർഘകാലയാത്രയ്ക്കുള്ള സജ്ജീകരണങ്ങളും തയ്യാറായി. നാവികയാത്രക്കാർ എല്ലാവരും രാവിലെ ദേവാലയത്തിൽപോയി ദിവ്യബലിയിൽ സംബന്ധിച്ചശേഷം കപ്പലിൽ കയറി. ചരിത്രപ്രസിദ്ധമായ ആ യാത്ര ആരംഭിച്ചു. ആഫ്രിക്കൻതീരങ്ങളിൽ ചില പ്രധാനസ്ഥാനങ്ങളിൽ ഡയസ് സ്ഥാപിച്ച കരിങ്കൽകുറ്റികളും നാവികരുടെ കണ്ണിൽപ്പെട്ടപ്പോൾ അവർ ഉന്മേഷഭരിതരായി. ഉത്തരായനരേഖ കഴിഞ്ഞപ്പോൾ ചൂടു വർദ്ധിച്ചുവന്നു. നാവികർക്കു അതു വളരെ അസഹ്യമായി അനുഭവപ്പെട്ടു. കപ്പലുകളും ഭ്രമദ്ധ്യരേഖയ്ക്കടുത്ത അവസരത്തിൽ കാറ്റും കോളും തുടർച്ചയായ മഴയും തുടങ്ങി. കപ്പൽയാത്രക്കാരിൽ ചിലർ പിറുപിറുത്തു. ഗാമാ അവരെ കഠിനമായി ശാസിച്ചു. എല്ലാവരും തൽക്കാലം ശാന്തരായി. ഏതാനും ദിവസങ്ങൾക്കുടി കഴിഞ്ഞപ്പോൾ വീണ്ടും കൊടുങ്കാറ്റ്. കപ്പലുകൾ ഇവ നേരിടാൻ ദുർബലമാണെന്നു കാണപ്പെട്ടു. നാവികർ പ്രതിഷേധിച്ചുകൊണ്ടു ലിസ്ബണിലേക്കു മടങ്ങാൻ തുനിഞ്ഞു. ഗാമ ഉഗ്രശാസന നൽകി ഭീഷണിപ്പെടുത്തി.

നാവികരുടെ മുറുമുറുപ്പ്

മൂന്നുമാസം കഴിഞ്ഞു അവർ ഗ്രഡ്ഹോപ്പു മുനമ്പിലെത്തി. രണ്ടുദിവസങ്ങളിലെ നീണ്ട കാറ്റും കോളും കഴിഞ്ഞു കപ്പൽ ശാന്തമായി കരസ്പർശിച്ചു. വിജയം ആഘോഷിക്കാൻ തീരുമാനിച്ചു. എല്ലാവരും കരസ്പർശിച്ചു നാട്ടുകാരായ നീഗ്രോകളും ഓടിക്കൂടി. അവർക്കു മധുരപലഹാരങ്ങളും. ബിസ്ക്കറ്റും എന്നിവ കൊടുത്തു. പോർട്ടുഗീസു പതാക

malankaralibrary.com

അവിടെ നാട്ടി. ആ പ്രദേശത്തിനു 'നത്താലം' എന്നപേരും കൊടുത്തു**. ആ സ്ഥലം ഇന്നും അങ്ങനെയാണു് അറിയപ്പെടുന്നതു്.കപ്പലുകളും അവിടെനിന്നു മുന്നോട്ടുനീങ്ങി. അപ്രതീക്ഷിതമായി ശക്തമായ കാറ്റിലും പേമാരിയിലുംപെട്ടു് കപ്പലുകളും മുങ്ങുമെന്നനിലയിലായി. നാവികർ വീണ്ടും മുറുമുറുപ്പു് തുടങ്ങിയെങ്കിലും നാട്ടിൽ മടങ്ങിച്ചെന്നാൽ കിട്ടാവുന്ന ബഹുമതികളും മറ്റും ഓർമ്മിപ്പിച്ചു് ഗാമ അവരെ ശാന്തരാക്കി.[12]

പിന്നീടു് കപ്പലുകൾ കരയ്ക്കടുത്തതു് മൊസാംബിക്കിലാണു്. അവിടെ മുസ്ലീങ്ങളാണു വസിച്ചിരുന്നതു്. വിദേശയാത്രക്കാർ ക്രിസ്ത്യാനികളാണെന്നു തെറ്റിദ്ധരിച്ചു മുസ്ലീമുകൾ കപ്പലുകൾ പിടിച്ചെടുക്കാൻ വിഫലശ്രമം നടത്തി. തൽക്ഷണം ഗാമ പീരങ്കി നിറ ഒഴിച്ചു തുടങ്ങിയതോടെ അക്രമികൾ പലായനംചെയ്തു. വടക്കോട്ടു് യാത്രചെയ്തു് സാൻസിബാർ ദ്വീപു കടന്നു് മൊസാംബിക്കിലെത്തിച്ചേർന്നു. 1498 ഈസ്റ്റർ ദിനത്തിൽ മാലി തുറമുഖപട്ടണത്തിൽ കഴിച്ചുകൂട്ടി. അവിടത്തെ ജനങ്ങൾ മുഹമ്മദീയരായിരുന്നുവെങ്കിലും സ്വാഗതമരുളി. അവരുടെ സുൽത്താൻ അകമ്പടിയോടെ സാവൊ ഗാബ്രിയേൽ എന്ന കപ്പലിൽ കയറി പോർട്ടുഗീസുകാരെ അഭിവാദ്യംചെയ്തു. ഇവിടെ ഇബൽമജീദ് എന്ന ഒരാളിന്റെ സേവനം ഗാമയ്ക്കു് ലഭിച്ചു.ഈ ഗൈഡിന്റെ സഹായത്തോടെ അവിടെനിന്നു ഏപ്രിൽ 24-ാം തീയതി മെലിന്തയിൽനിന്നു തിരിച്ച കപ്പലുകൾ 1498 മെയ് 20-ാം തീയതി 346 ദിവസത്തെ യാത്രയ്ക്കുശേഷം കോഴിക്കോടിനടുത്തുള്ള 'കാപ്പാട്ടു്' (കപ്പൽക്കാടു്) എന്ന സ്ഥലത്തു് നങ്കൂരമിട്ടു. അങ്ങനെ പോർട്ടുഗീസു രാജാവിന്റെ ചിരകാലപ്രതീക്ഷകൾ പ്രഫുല്ലമായി. ലോകചരിത്രത്തിലെ നിർണ്ണായകമായ വഴിത്തിരിവു് അന്നു് ഗാമ ഉദ്ഘാടനം ചെയ്തു.[13]

കോഴിക്കോട്ടു് എത്തിയപ്പോൾ

കോഴിക്കോടു് ഇന്ത്യയിലെ പ്രശസ്ത നഗരങ്ങളിലൊന്നായിരുന്നു. ഇവിടെ കുരുമുളകു്, ഇഞ്ചി, ഗ്രാമ്പൂ, ചന്ദനം മുതലായവ സുലഭം. അവ അന്വേഷിച്ചുകണ്ടെത്താൻ പറ്റിയ സ്ഥലം. 600 വർഷങ്ങൾക്കു മുൻപു അറബികൾ ഇവിടത്തെ പ്രധാനകച്ചവടക്കാർ. സാമൂതിരിയുടെ നാവികപ്പടയിൽ ഭൂരിപക്ഷവും മുസ്ലീമുകൾ.അങ്ങനെ കുഞ്ഞാലിമാർ മരയ്ക്കാരായിത്തീർന്നിരുന്നു. അതായതു നാവികവിഭാഗം മുഹമ്മദീയർ കൈവശമാക്കി. പോർട്ടുഗീസുകാർക്കു തിക്താനുഭവങ്ങളാണു്

** പോർട്ടുഗീസ് ഭാഷയിലെ 'നത്താലം' എന്ന വാക്കിനു ഉണ്ണീശോയുടെ പിറവിതിരുനാൾ-ക്രിസ്തുമസ് എന്നാണർത്ഥം.

12. Frederick Charles Danvers: Portuguese in India op. cit. p. 45.
13. Foundation of Portuguese Empire op. cit p. 220.

malankaralibrary.com

കോഴിക്കോട്ട് ഉണ്ടായത്. കുരുമുളകു കച്ചവടത്തിന്റെ കുത്തകാവകാശം കൈയടക്കിയിരുന്ന മുസ്ലീങ്ങളും യൂറോപ്യന്മാരോട്ട് ശത്രുത പുലർത്തി. സംഘട്ടനങ്ങളും സംഘർഷവും അനിവാര്യമായി. വാസ്കോഡിഗാമ കോഴിക്കോട്ട് വന്നിറങ്ങിയപ്പോഴും ആദ്യമായി കണ്ടുമുട്ടിയത് ടൃണിഷ്യായിലെ തുറമുഖപട്ടണത്തുണ്ടായിരുന്ന മൂർവർഗത്തിൽപ്പെട്ട രണ്ട് മുസ്ലീങ്ങളെയാണ്. ഗാമയുടെ സഹയാത്രികരായ അവരെ ഇവിടെവച്ചു കണ്ടത് യാദൃച്ഛികം. പോർട്ടുഗീസു നാവികരെ കണ്ട ക്ഷണത്തിൽ ഈ രണ്ടു മുസ്ളീമുകളും ക്ഷോഭിച്ചു പറഞ്ഞു: ''നിങ്ങളെ ചെകുത്താൻ പിടിക്കട്ടെ.'' തുടർന്ന് അവർ ചോദിച്ചു: എന്തിനു വേണ്ടിയാണ് ഇവിടെ വന്നത്? ഞങ്ങളെ ക്രിസ്ത്യാനികളാണ്. സുഗന്ധദ്രവ്യങ്ങളും അന്വേഷിച്ചാണ് വരവു്. ** ഈ സംഭാഷണത്തിൽ രണ്ടു വസ്തുതകളും ഉരുത്തിരിഞ്ഞു. മുസ്ളീമുകളും പോർട്ടുഗീസുകാരുടെ ആഗമനത്തെ ശത്രുമനോഭാവത്തോടെ വീക്ഷിക്കുന്നു. പോർട്ടുഗീസുകാരുടെ ആഗമന ഉദ്ദേശ്യം എന്തെന്ന് ആത്മാർത്ഥതയോടെ വെളിപ്പെടുത്തുകയും തൽക്കാര്യസാദ്ധ്യത്തിനായി എന്തു ത്യാഗവും സഹിക്കാൻ അവർ സന്നദ്ധരാണെന്നും വ്യക്തമാക്കയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിൽവേണം വാസ്കോഡിഗാമയുടെയും സഹപ്രവർത്തകരുടെയും കോഴിക്കോട്ട ഭരണത്തലവനായ സാമൂതിരിയുമായുള്ള വാണിജ്യ ബന്ധം വിലയിരുത്താൻ.

സാമൂതിരിക്കു ആദ്യം സന്തോഷം

ആ കാലസന്ധിയിൽ സാമൂതിരി പൊന്നാനിയിലാണു താമസിച്ചിരുന്നത്. പോർട്ടുഗീസുകാരുടെ ആഗമനവാർത്തയറിഞ്ഞ് സാമൂതിരി സൗഹാർദ്ദപൂർവം അവരെ സ്വാഗതം ചെയ്തു. കാലവർഷാരംഭമായതിനാൽ കപ്പലുകളുടെ സുരക്ഷിതത്വത്തിനുവേണ്ടി അവയെ പന്തലായിനി തുറമുഖത്തേയ്ക്കു കൊണ്ടുപോകുന്നതിനു ഉപദേശിച്ചു. പന്തലായിനിൽനിന്നു് വഞ്ചികളിലും പല്ലക്കുകളിലുമായി ഗാമയും ഏതാനും അനുയായികളും സാമൂതിരിയെ സന്ദർശിക്കാൻവന്നു. സാമൂതിരി പ്രത്യേക ഡർബാറിൽ അവരെ സ്വീകരിച്ചു. ദ്വിഭാഷിവഴി തന്റെ ദൗത്യം ഗാമ അറിയിച്ചു. ഇവയെല്ലാം കേട്ട് സാമൂതിരി സന്തോഷിച്ചു. കാരണം പോർട്ടുഗീസുകാർ കൂടിയവിലയ്ക്കു സുഗന്ധവ്യഞ്ജനങ്ങളും വാങ്ങുമെന്നു് സാമൂതിരി വ്യാമോഹിച്ചു.

എന്നാൽ മുഹമ്മദീയ കച്ചവടക്കാർ മറ്റു കച്ചവടക്കാരോട്ട് രഹസ്യമായി ഉപദേശിച്ചു പോർട്ടുഗീസുകാർക്കു് ചരക്കുകളും കൊടുക്കരുതെന്നു്. അവരെ ബോയ്ക്കോട്ട ചെയ്യുന്നതിനും അവർ മടിച്ചില്ല. സാമൂതിരി പോർട്ടുഗീസുകാരെ സഹായിക്കാൻ ശ്രമിച്ചുവെ

**പ്രസ്തുത മുസ്ളിമുകൾക്കു് സ്പെയിനിലെ പുരാതന ഭാഷയായ ''കാസ്റിയുസും'' ഇറ്റലിയിലെ ജനോവ എന്ന സ്ഥലത്തെ ''ഗെനെസ'' ഭാഷയും അറിയാമായിരുന്നു.

malankaralibrary.com

ങ്കിലും നിസ്സഹായനായി. ചരക്കു ലഭിക്കാതെ വന്നപ്പോൾ ഗാമ ക്ഷുഭിതനായി. ന്യായമായി കച്ചവടം നടത്താൻ അനുവദിക്കാത്ത അറബികളെ തുരത്താതെ വാണിജ്യം നടത്താൻ സാധ്യമല്ലെന്നു ഗാമയ്ക്കു മനസ്സിലായി. മൂന്നുമാസംവരെ കോഴിക്കോട്ട് പോർട്ടുഗീസുകാർ താമസിച്ചു. വേണ്ടത്ര ചരക്കുകളും കിട്ടിയില്ല. ഗാമ കണ്ണൂരിലേക്കു രഹസ്യദൂതന്മാരെ അയച്ചു കോലത്തിരി രാജാവുമായി കുരുമുളകു കച്ചവടം നടത്തുവാൻ ഏർപ്പാടു ചെയ്തു.

മുസ്ലീംഭീഷണി

ഗാമ യൂറോപ്പിലേക്കു മടങ്ങുമ്പോൾ കൊളംബസ് ഇൻഡീസിൽനിന്നു ആറ് റെഡ്ഇൻഡ്യാക്കാരെ പിടിച്ചുകൊണ്ടു വന്നിരുന്നു. അദ്ദേഹം ഇൻഡീസിൽപോയി എന്നതിനു് ഇതു് തെളിവായി. യഥാർത്ഥ ഇൻഡ്യയെയാണു് താൻ കണ്ടെത്തിയതെന്നു തെളിയിക്കുവാൻ കപ്പൽ കാണാൻവന്ന 18 മുക്കുവരെ കയറ്റിയാണു ഗാമ കപ്പലുകളും മൂന്നും കണ്ണൂരിലേയ്ക്കു തിരിച്ചതു്. അവിടെ മുസ്ലീം കച്ചവടക്കാർ പോർട്ടുഗീസുകാരുമായി വ്യാപാരം നടത്തും. സാമൂതിരി കോലത്തിരി രാജാവിനെ ഇതിൽനിന്നു പിന്തിരിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും ഉദ്യമം വിഫലമായി. കോലത്തിരി ഗാമയെ കണ്ണൂരിലേക്കു ക്ഷണിച്ചു വരുത്തിയതുകൊണ്ടു പോർട്ടുഗീസ് കപ്പലുകൾക്കുവേണ്ട എല്ലാ സാധനങ്ങളും കൊടുത്തു. ഇവിടെനിന്നു കയറ്റിക്കൊണ്ടുപോയ പലവ്യഞ്ജനങ്ങൾ യൂറോപ്പിൽ വിറ്റപ്പോൾ ആകെ ചെലവായതിന്റെ അറുപതിരട്ടി ലാഭം.

കോലത്തിരിയുടെ സ്വാഗതം

ഗാമയുടെ ഇൻഡ്യായാത്രയെക്കുറിച്ചു സാമാന്യമായ വിവരങ്ങൾ ''Diario Da Viagem Gama'' എന്ന ഗ്രന്ഥത്തിൽനിന്നു സൂക്ഷ്മമായും ലഭിക്കുന്നു. കണ്ണൂരിലെ കോലത്തിരി രാജാവു് പോർട്ടുഗീസുകാരുമായി ഉടമ്പടിയിൽ ഒപ്പുവച്ചു. സ്വർണ്ണ ഇലയും വിലയേറിയ മറ്റു സമ്മാനങ്ങളും അദ്ദേഹം പോർട്ടുഗീസു രാജാവിനു നൽകി. പ്രത്യുപകാരമായി ഗാമ കോലത്തിരിക്കു് ദോം മാനുവൽ രാജാവിന്റെ പ്രതിനിധി എന്ന നിലയിൽ മനോഹരമായ വാൾ സമ്മാനിച്ചു. രാജാവിന്റെ മന്ത്രിപുംഗവൻമാർക്കും സമ്മാനങ്ങൾ വിതരണം ചെയ്തശേഷം ഗാമയും അനുചരന്മാരും 1498 നവംബർ 20-നു് കണ്ണൂരിൽനിന്നു് മടക്കയാത്ര ആരംഭിച്ചു. ഗാമയുടെ ഉദ്ദേശ്യം മെലിൻഡയിലേക്കു് നേരിട്ടു കപ്പൽ ഓടിക്കണമെന്നായിരുന്നു. കാറ്റ് പ്രതികൂലമായിരുന്നതിനാൽ കപ്പലുകൾ അൽജെ ദ്വീപിൽ * നങ്കൂരമിട്ടു. ഏതാനും ദിവസങ്ങൾ അവിടെ ചെലവഴിക്കേണ്ടിവന്നു. തിമോജയിൽ കടൽക്കൊള്ളക്കാർ

---

* വടക്കെ കാനറ സമുദ്രതീരത്തുള്ള ഒരു രാജ്യമാണ് അൽജെദ്വീപ്.

malankaralibrary.com

ഗാമയുടെ കപ്പലുകളും ആക്രമിക്കുന്നതിനു ഉദ്യമിച്ചു. അപ്പോൾ ഗാമ പീരങ്കി നിറ ഒഴിച്ചു അവരെ തുരത്തി [14]. ഗോവയിലെ രാജാവു് സാബാകൊ (Sabago) പോർട്ടുഗീസുകാരുടെ ആഗമനത്തെക്കുറിച്ചറിയാൻ സമുദ്ര ക്യാപ്റ്റൻ മേജറായ ഒരു യഹൂദനെ ഗാമയെ സന്ദർശിക്കാൻ നിയോഗിച്ചു. സാധിക്കുമെങ്കിൽ പോർട്ടുഗീസുകാരെ ഗോവയിലേക്കു ക്ഷണിക്കുക എന്നതായിരുന്നു രാജാവിന്റെ ഉദ്ദേശ്യം. ഏതാനും ബോട്ടുകളുമായി ഗാമയുടെ കപ്പലുകളെ സമീപിച്ചപ്പോൾ ചില മത്സ്യംപിടുത്തക്കാരിൽനിന്നു ലഭിച്ച അറിവനുസരിച്ചു ആ യഹൂദനെയും ബോട്ടിലുണ്ടായിരുന്നവരെയും പിടിച്ചു ബന്ധനസ്ഥരാക്കി. ഏതാനും പേരെ വധിച്ചു. ഈ യഹൂദനെ കപ്പലിൽകയറി ലിസ്ബണിലേക്കു കൊണ്ടുപോയി പിന്നീടു് അയാളെ കത്തോലിക്കാമതം സ്വീകരിച്ചു. 'ഗാസ്പർ ദിഗാമ' എന്ന പേരു സ്വീകരിച്ചു [15] അവർ പിന്നീടു് മെലിന്ത്യയിൽ കപ്പലുകൾ അടുപ്പിച്ചു. സ്ഥലത്തെ മുസ്ലീം രാജാവു് അഹമ്മദു് ഉസ്മാൻ കടൽത്തീരത്തുവന്ന പോർട്ടുഗീസുകാരെ അഭിവാദനം ചെയ്തു. സമ്മാനങ്ങളും കൈമാറി. സൗഹാർദ്ദപുരസ്സരം അവിടെ വസിച്ചശേഷം 1499 ജനുവരി 20-നു മെലിന്താ രാജാവിന്റെ അംബാസഡറെയും കപ്പലിൽ കയറ്റി ലിസ്ബണിലേക്കു യാത്രയായി. തൊണ്ണൂറ്റുദിവസത്തിനുശേഷം കേപ്പു് വെർഡയിൽവച്ചു് കടൽപ്രക്ഷുബ്ധമായി ശക്തമായ അടിയൊഴുക്കുനിമിത്തം കപ്പൽ കരയിൽനിന്നു 90 ദിവസങ്ങളോളം അപ്രത്യക്ഷമായി. കേപ്പു് ഓഫു് ഗുഡു് ഹോപ്പു് കടക്കുന്ന കാലഘട്ടത്തിൽ പല നാവികർക്കും രോഗം പിടികൂടി. വാസ്കോഡിഗാമയുടെ സഹോദരൻ പാവുളോഗാമ രോഗം മൂർച്ഛിച്ചു മരണമടഞ്ഞു. അദ്ദേഹത്തിന്റെ മൃതദേഹം അടുത്തുള്ള ദ്വീപിൽ വി. ഫ്രാൻസീസിന്റെ ദേവാലയത്തിൽ സംസ്ക്കരിച്ചു [16]. ഗാമയുടെ കപ്പലുകൾ ടെർസെയിറയിലെത്തിച്ചേർന്നപ്പോൾ അവിടെനിന്നു ബോട്ടുകളിൽ പല നാവികരും യാത്രചെയ്തു ലിസ്ബണിൽ ചെന്നു ഗാമ വിജയിയായി തിരിച്ചുവരുന്ന സന്തോഷവാർത്ത അറിയിക്കാൻ ശ്രമിച്ചു. അവരിൽ പ്രമുഖൻ ആത്തർ റൊഡ്രിഗ്വസ്.

ഗാമയുടെ വിജയത്തിൽ ദൈവത്തിനു സ്തുതി

പോർട്ടുഗീസ് രാജാവു് അപ്പോൾ സിന്ത്രയിലായിരുന്നു. റൊഡ്രിഗ്വസ് തൽക്ഷണം അങ്ങോട്ടുചെന്നു.വെള്ളപ്പിനു് ഒരുമണിക്കു രാജാവിനെ ഈ സദ്വാർത്തയറിയിച്ചു. രാജാവു് സന്തോഷത്താൽ പുളകിതനായി. റൊഡ്രിഗ്വസിനു് 100 ക്രൂസാദോസ് സമ്മാനിച്ചു. പിറ്റെദിവസം രാജാവു് ലിസ്ബണിലേക്കു് യാത്രയായി.പാവുളോഗാമ ചരമമട

14. Portuguese in India Op. cit. Frederick Charles Danvers p. 61.
15. Foundation of Portuguese Empire. op. cit vol I. p. 125.
16. Portuguese in India op. cit. p. 62.

malankaralibrary.com

ഞവിവിവരവും കപ്പൽ ജോലിക്കാരിൽ പലർക്കും രോഗം പിടിപെട്ട വിശേഷവും രാജാവിനെ അസ്വസ്ഥനാക്കി. 1499 സെപ്റ്റംബർ 18-ന് ഗാമ ലിസ്ബണിൽ എത്തിച്ചേർന്നു. രണ്ടു വർഷവും രണ്ടു മാസവുംകഴിഞ്ഞു തിരിച്ചെത്തിയ ഗാമയ്ക്കും സംഘത്തിനുമായ സ്വീകരണം നൽകി. പിറ്റേദിവസം ഗാമയ്ക്ക് 'ദോം' എന്ന സ്ഥാനബഹുമതി നൽകി. അടുത്തദിവസം ദിവ്യബലിയിൽ പങ്കുകൊണ്ടശേഷം ഗാമ കണ്ണൂർരാജാവു നൽകിയതും മുസ്ലീംരാജാവിൽനിന്നു ലഭിച്ചതുമായ അമൂല്യങ്ങളായ സമ്മാനങ്ങൾ രാജാവിനു സമർപ്പിച്ചു. രാജാവു ഗാമയ്ക്ക് 20,000 സ്വർണക്രൂസ്ദോസ് പാരിതോഷികം നൽകി. സഹപ്രവർത്തകർക്കും ഉദ്യോഗസ്ഥന്മാർക്കും വിലയേറിയ സമ്മാനങ്ങൾ നൽകപ്പെട്ടു. ബലിമിലെ ആശ്രമവാസികൾക്കും മറ്റ് ആശ്രമങ്ങൾക്കും വിലയേറിയ സമ്മാനങ്ങൾ നൽകി അവരുടെ തീക്ഷ്ണതയേറിയ പ്രാർത്ഥനകൾക്കു നന്ദി പ്രകടിപ്പിച്ചു. രാജാവും രാജ്ഞിയും രാജകൊട്ടാരത്തിലെ മറ്റ് അംഗങ്ങളും പ്രഭുക്കന്മാരും ഒന്നുചേർന്ന് സാഘോഷം പ്രദക്ഷിണം നടത്തി സാവെ ദൊമിനിക്കോ കത്തീഡ്രലിൽ ദൈവത്തിനു സ്തുതിഗീതങ്ങൾ ആലപിച്ചു. ഫാദർ കാൽക്കഡിൽഹ (Calcadilh) ഇന്ത്യയുടെ മഹത്വത്തെ ആദരിച്ചും ഗാമയുടെ അത്ഭുതകരമായ യാത്രയെക്കുറിച്ചും പ്രൗഢമായി പ്രസംഗിച്ചു.

വാസ്കോഡിഗാമയുടെ ഇന്ത്യയിലേയ്ക്കുള്ള ജൈത്രയാത്ര യൂറോപ്പിൽ വലിയ ചലനംതന്നെ സൃഷ്ടിച്ചു. പോർട്ടുഗലിന്റെ മഹത്വം ദിഗന്തവ്യാപിയായി. മാത്രമല്ല പോർട്ടുഗീസുകാരുടെ കണ്ടുപിടുത്തങ്ങളുടെ വീരനായകൻ, നാവികരുടെ പ്രേഷ്ഠൻ, എത്തിയോപ്യ, അറേബ്യ, പേർഷ്യ, ചൈന എന്നീ രാജ്യങ്ങളുമായുള്ള വ്യാപാരബന്ധങ്ങളുടെ പരമാധികാരി എന്നു രാജാവു സ്വയം പ്രഖ്യാപിച്ചു [17].

ക്യാപ്റ്റൻ കബ്രാൾ

വാസ്കോഡിഗാമയുടെ വിജയകരമായ ഇന്ത്യാ സമുദ്രയാത്ര രണ്ടാമതൊരു നാവികയാത്രയ്ക്ക് പ്രോത്സാഹനം നൽകി. പൗരസ്ത്യ ദേശങ്ങളുമായി വാണിജ്യബന്ധം പുലർത്തുന്നതിനും സാമൂതിരിയുടെ അപ്രീതിയും നീരസവും നയതന്ത്രപരമായി നേരിടുന്നതിനും പോർട്ടുഗീസു നാവികസേനയുടെ പ്രാബല്യവും കാര്യക്ഷമതയും പ്രകടിപ്പിക്കുന്നതിനുമുള്ള ഒരവസരമായി പോർട്ടുഗലിലെ രാജാവ് ഇമ്മാനുവൽ ഒന്നാമൻ ഈ യാത്ര വിനിയോഗിക്കാൻ തീരുമാനിച്ചു. പീരങ്കികളും ഘടിപ്പിച്ച 13 കപ്പലുകളും 1500 ഭടന്മാരോടുകൂടി വിനാവിളംബം ലിസ്ബണിൽനിന്നു പുറപ്പെടാൻ ഉത്തരവായി. നാവികസേനാ ക്യാപ്റ്റൻ ജനറലായി വിദ്യാഭ്യാസവും സംസ്കാരവും സാമർത്ഥ്യവുമു

17. The Portuguese in India: Frederick Charles Danvers. pp.62-64.

malankaralibrary.com

ള്ള പെഡ്രൊ അൽവരസ് കബ്രാളിനെ രാജാവ് നിശ്ചയിച്ചു [18]. കപ്പലുകളിൽ എട്ടു ഫ്രാൻസിസ്ക്കൻ സന്ന്യാസികളും 8 ചാപ്ലെയിൻമാരും ഒരു മേജർ ചാപ്ലെയിനും അനുയാത്ര ചെയ്തു. കപ്പൽ ക്യാപ്റന്മാരായ സാൻ ജൊവാഒ തൊയാർ, ബർത്തലോമ്യൊ ഡയസ്, സഹോദരൻ പെദ്രൊ ഡയസ്, പെഡ്രൊ ദെ അടൈഡയസ്, ഗാസ്പർ ദെലെ മോസ മുതലായ പ്രഗത്ഭ നാവികർ നേതൃത്വം നൽകി. ബലൊം (Belum) തുറമുഖത്തുനിന്നു 1500 മാർച്ച് 9-നു് അവർ യാത്ര ആരംഭിച്ചു. അതിനുമുൻപായി വൈസൻ (Vison) തൃപത മെത്രാൻ ആശീർവദിച്ച രാജകീയപതാക കബ്രാളിനു നൽകി. മാർപാപ്പയുടെ ശ്ലൈഹികാശീർവാദം ഉറപ്പാക്കുള്ളതു പേടകവും. ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിച്ചുകൊണ്ടായിരുന്നു നാവികസേനാ യാത്ര [19]. 'ഗ്രഡ് ഹോപ് മുനമ്പ്' ചുറ്റിവരുന്നതിനു ആവശ്യമായ അനുകൂലകാറ്റിന്റെ ഗതി പ്രതീക്ഷിച്ചുകൊണ്ടാണ് കബ്രാളം അസോരി (Azore) നെ ലക്ഷ്യമാക്കി പശ്ചിമഭാഗത്തുകൂടി കപ്പലുകളെ നയിച്ചതു്. ജൊയാവൊ, ബഗോസ, ജെറോനിമൊ ഒസൊറിയൊ മുതലായ ചരിത്രകാരന്മാർ സാക്ഷിക്കുന്നതുപോലെ കബ്രാളിന്റെ സംഘം കേപ്പ് ദെ വേർഡെ ദ്വീപുകളം കടന്നു് മുന്നോട്ടു നീങ്ങിയപ്പോൾ കൊടുങ്കാറ്റും കടലിലെ ശക്തമായ അടിയൊഴുക്കും നിമിത്തം ഉദ്ദേശിച്ചിടത്തേക്കല്ല കപ്പലുകളം നീങ്ങിയതു്. ഏപ്രിൽ 21-നു മറെറാരു ദ്വീപിൽ കപ്പലുകളം അടുത്തു. ദുഃഖാഴ്ചയും ഉയിർപ്പുഞായറാഴ്ചയും അവിടെ ആചരിച്ചു. ആ ദ്വീപിനു 'മൊൺതെ പാസ്ക്കൽ' എന്നു പേരും നൽകി. മെയ് 2-നും പൊൺടൈഗ്രൊ വിട്ടതിനുശേഷം മെയ് 24-നും കപ്പലുകളം വീണ്ടും കൊടുങ്കാറ്റിൽപെട്ടു. 6 ദിവസങ്ങളോളം കപ്പലുകളം വിദൂരസ്ഥലങ്ങളിലേക്കു ഒഴുകിപ്പോയി. ചില കപ്പലുകളം നിശ്ശേഷം നശിച്ചു. ഏതാനും ഭടന്മാരും നാവികരും മൃതിയടഞ്ഞു. അവസാനം സൊഫാല (Sofal) യിൽ ആദ്യ കപ്പലുകളംമാത്രം ജൂലായ് 16 - നു നങ്കൂരമിട്ടു. മെലിന്തെയിലെ രാജാവു് കബ്രാളിന്റെ അനുചരന്മാരെ സ്നേഹത്തോടെ സ്വീകരിച്ചു. ജൂലൈ 20-നു കൊചായോളയിൽ (Quelo) എത്തി. അവിടത്തെ രാജാവിനു സമ്മാനങ്ങളും പോർട്ടുഗൽ രാജാവിനു എഴുത്തും നൽകി. ആഗസ്റ്റ് 2-നു കോഴിക്കോട്ടു് ലക്ഷ്യമായി യാത്ര തിരിച്ചു. കയ്യംസെ, അൽജെഡിവ മുതലായ ദ്വീപുകളംകടന്നു് ആഗസ്റ്റ് 30-നു ലിസ്ബണിൽനിന്നു പുറപ്പെട്ടിട്ടു് ആറാംമാസംകൊണ്ടു കോഴിക്കോടു് വന്നെത്തി. ലോകസഞ്ചാരി അല്ലെങ്കിൽ വ്യാപാരി എന്ന നിലയിലല്ല, ജേതാവു് എന്ന പദവിയിലായിരുന്നു കബ്രാളിന്റെ സമുദ്രയാത്ര. പോർട്ടുഗൽ രാജാവു് കബ്രാളിനു ചില നിർദ്ദേശ

18. Lende De India : Gasper Correa vol. I p. 148. Imperes De combrimento Portuguese vol. 1. p. 431.

19. Portuguese in India op. cit. : Frederick Charles Danvers. vol. I. p. 66.

malankaralibrary.com

ങ്ങൾ നൽകിയിരുന്നു. കച്ചവട കേന്ദ്രങ്ങൾ സ്ഥാപിക്കുക. കപ്പലുകൾ ക്കുവേണ്ട വിഭവങ്ങൾ ലഭിക്കുന്നില്ലെങ്കിൽ സാമൂതിരിയോട് യുദ്ധം ചെയ്യു. അറബികൾ കച്ചവടകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനെ തടസ്സപ്പെടുത്തുക, അവരെ തുരത്തുക ഇവയായിരുന്നു നിർദ്ദേശങ്ങൾ. [20]

സാമൂതിരിസഹകരണം

പോർട്ടുഗീസുകാരുടെ ആഗമനം അറിഞ്ഞ സാമൂതിരി ഡപ്യൂട്ടേഷനു് തന്റെ പ്രതിനിധികളെ കപ്പലിലേക്കയച്ചു. കബ്രാൾ ഒരു യൂറോപ്യനെയും വാസ്കോഡിഗാമ കോഴിക്കോട്ടനിന്നു കയറ്റി ക്കൊണ്ടുപോയ നാട്ടുകാരിലെ നാലുപേരെയും ഡപ്യൂട്ടേഷനായി സാമൂതിരിരാജാവിന്റെ പക്കലേക്കയച്ചു. പിറ്റെ ദിവസം പതിമൂന്നു് ഓഫീസർമാരോടും സഹപ്രവർത്തകരോടുംകൂടി കബ്രാൾ സാമൂതിരിയുമായി കൂടിക്കാഴ്ച നടത്തി. വിലയേറിയ സമ്മാനങ്ങൾ നൽകി. സൗഹാർദ്ദ ഉടമ്പടിയിൽ ഇരുകൂട്ടരും ഒപ്പുവച്ചു. പുതിയ ഫാക്ടറി തുറക്കാൻ അനുവാദമായി. ഫാക്ടറി സംരക്ഷണത്തിനു കബ്രാൾ 70 പേരടങ്ങുന്ന സംഘത്തെ പീരങ്കികളും പടക്കോപ്പുകളുമായി നിയോഗിച്ചു. കടലിൽ യാത്രചെയ്തിരുന്ന അറബികളുടെ കപ്പലുകൾ ആക്രമിച്ചു കീഴടക്കി. രണ്ടു മാസത്തോളം ചരക്കുകൾ ശേഖരിച്ചു. സുഗന്ധവ്യഞ്ജനങ്ങൾ വാങ്ങാൻ അറബികൾ തടസ്സമുണ്ടാക്കി. ഇക്കാര്യത്തെപ്പറ്റി കബ്രാൾ സാമൂതിരിയോട് ആവലാതിപ്പെട്ടു. ഫലമുണ്ടായില്ല. പ്രബലനായ മറ്റൊരു കച്ചവടക്കാരൻവഴി കബ്രാളിനെ സഹായിക്കാൻ സാമൂതിരി ശ്രമിച്ചു. എങ്കിലും അതും നിഷ്ഫലമായി. ഇതിൽ അമർഷംപൂണ്ട കബ്രാൾ തുറമുഖത്തു് നങ്കൂരമിട്ടിരുന്ന മുസ്ളീമുകളുടെ ഒരു കപ്പൽ പിടിച്ചെടുത്തു.

മുസ്ളീംകളോടു് പ്രതികാരം

ആ വാർത്ത കാട്ടുതീപോലെ കോഴിക്കോട്ടു് പടർന്നു. മുസ്ളീങ്ങൾ പരിഭ്രാന്തരായി. തുടർന്നുള്ള പോരാട്ടത്തിൽ പോർട്ടുഗീസ് ഫാക്റ്ററി നശിപ്പിച്ചു. ഫാക്റ്ററിയിലെ 50 പോർട്ടുഗീസുകാർ കൊല്ലപ്പെട്ടു. ശേഷിച്ചവർ നീന്തി കപ്പൽകയറി രക്ഷപ്പെട്ടു. പ്രതികാരത്തിനായി കബ്രാൾ മുസ്ളീംകളുടെ തുറമുഖത്തുണ്ടായിരുന്ന പത്തു കപ്പലുകൾ പിടിച്ചെടുത്തു. അവയിലെ ചരക്കുകളെല്ലാം കൊള്ളയടിച്ചു. തീകൊളുത്തി. നിരവധി ആളുകൾ ഈ ആക്രമത്തിൽ കൊല്ലപ്പെട്ടു. ലഹളയിൽ കൊറയും മറ്റു 50 പോർട്ടുഗീസുകാരും കൊല്ലപ്പെട്ടു. അടുത്ത ദിവസം കബ്രാൾ മുസ്ളീങ്ങളുടെ പത്തു കപ്പലുകൾ ആക്രമിച്ചു. അതിലുണ്ടായിരുന്നവരെ വധിച്ചുകളഞ്ഞു. പട്ടണത്തിനുനേരെ

20. Portuguese in India : Frederick Charles Danvers op. cit. pp. 67-69.

malankaralibrary.com

വെടിവച്ചു. നാശനഷ്ടങ്ങൾ വരുത്തി. പത്തു കപ്പലുകൾക്കും രാത്രി തീകൊടുത്തു നശിപ്പിച്ചു. [21] ഈ യുദ്ധത്തിൽ വെനീസിലെ കച്ചവടക്കാർ അറബികളെ സഹായിച്ചു. കാരണം പോർട്ടുഗീസുകാരുടെ കോഴിക്കോട്ടുള്ള വിജയം കെയ്റോയുമായുള്ള തങ്ങളുടെ വാണിജ്യബന്ധത്തിനു ഉലച്ചിൽ വരുത്തുമെന്നു വെനീസുകാർക്കറിയാമായിരുന്നു. മൈക്കിൾ ജോഗ് (Jogue) ** എന്ന ക്രിസ്ത്യാനിയുടെ ഉപദേശപ്രകാരം പന്തലായനിയിൽ എത്തിയ കബ്രാൾ തെക്കോട്ടു കപ്പലുകൾ തിരിച്ചുവിട്ടു. 1500 ഡിസംബർ 24-ാം തീയതി കൊച്ചിയിൽ എത്തി. കൊച്ചിരാജാവു താമസിച്ചിരുന്നതു് കൊച്ചി തുറമുഖത്തിലേക്കൊഴുകുന്ന കൽവത്തിതോടിന്റെ വലതുവശത്തെ കൊട്ടാരത്തിലാണ്. 1341-ൽ കൊച്ചിത്തുറമുഖം ഉടലെടുത്ത കാലംമുതൽ മൈനാക്കാരുടെ കപ്പലുകൾ കോഴിക്കോട്ടുനിന്നും കൊച്ചിയിലെത്തി കച്ചവടം നടത്തുമായിരുന്നു.

അറബിവ്യാമോഹങ്ങൾ

മൈനാക്കാരെ കണ്ണൂരിൽനിന്നും കൊച്ചിയിൽനിന്നും കൊല്ലത്തുനിന്നും തുരത്തിയതു അറബികളാണ്. അതുപോലെ പോർട്ടുഗീസുകാരെ മലബാറിൽനിന്നും പലായനംചെയ്യിക്കാമെന്നു് അറബികൾ വ്യാമോഹിച്ചു. ലോഗൻ മലബാർ മാന്വലിൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ടു്. പോർട്ടുഗീസുകാരുടെ നാവികസേന കൊച്ചിയെ സമീപിക്കുന്നതു ദൃഷ്ടിയിൽപെട്ടപ്പോൾ കൊച്ചിരാജാവു് അതൊരു ഭാഗ്യമായി കരുതി. തന്റെ ബദ്ധശത്രുവായ സാമൂതിരിയെ തകർത്തുകൊണ്ടാണല്ലോ വരവു്. കപ്പലുകൾ കൊട്ടാരത്തിനടുത്തു വളരെ വീതിയുള്ള കൽവത്തി തോട്ടിൽ നങ്കൂരമുറപ്പിച്ചു. കപ്പലിൽനിന്നു ആദ്യമായി കരസ്പർശിച്ചതു് മൈക്കൽ ജോഗ് ആണ്. രാജാവു് ജോഗിൽനിന്നു് വിശേഷങ്ങൾ കേട്ടു് സന്തോഷിച്ചു. രാജകീയ ആഡംബരത്തോടുകൂടി കബ്രാളിനെ കൊട്ടാരത്തിലേക്കു ക്ഷണിച്ചു. രാജാവു്

---

21. The Rise of Portuguese Power in India by R. S. Whiteway p. 87.

** 'മൈക്കിൾ ജോഗ് ഡാൻവേഴ്സ്' എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ (Frederick Charles Danvers in The Portuguese in India p. 70) സിറിയൻ കത്തോലിക്കനാണ്. റോമിലേക്കു യാത്ര ചെയ്തിരുന്ന കപ്പലിൽ കയറിപ്പറ്റി റോം, വിശുദ്ധ നാടു് എന്നിവ സന്ദർശിക്കാനുള്ള ഉദ്ദേശത്തോടെ ഗാമയുടെ കപ്പലിൽ യാത്ര ചെയ്യുന്നതായിരുന്നു. ഇദ്ദേഹം പോർട്ടുഗീസു് ഭാഷ പഠിച്ചു. പിന്നീടു് വൈദികനായിത്തീർന്നു. ഒരുപക്ഷേ ഈ മൈക്കൾ ജോഗ് തന്നെയായിരിക്കാം ''ജോസഫ് ഇന്ത്യൻ'' എന്നു പറയപ്പെടുന്ന ആളും. ''കസ്റ്റൻ ഹെഡ'' (Castan Heda) എന്ന ചരിത്രകാരൻ പ്രസ്താവിക്കുന്നതു് മൈക്കൾ (Michael) ജോഗ് (Jog) ഹിന്ദുവായിരുന്നുവെന്നാണ്. കോഴിക്കോട്ടുവെച്ചു് ഇദ്ദേഹം ക്രിസ്തുമതം സ്വീകരിച്ചു. പോർട്ടുഗലിലേക്കു പോകുവാൻ ഒരുങ്ങുകയായിരുന്ന അദ്ദേഹം.

malankaralibrary.com

കബ്രാളിനു് വിലപിടിച്ച പല വസ്തുക്കളും സമ്മാനിച്ചു. ഒരുടമ്പടിയിൽ അവരിരുവരും ഒപ്പുവച്ചു.

കൊച്ചിരാജാവു് അനുകൂലി

ഇതുവഴി പോർട്ടുഗീസുകാർക്കു് കൊച്ചിയിൽ വ്യാപാരകേന്ദ്രം തുറക്കുന്നതിനുള്ള അനുവാദം ലഭിച്ചു. തെറ്റിദ്ധാരണയുണ്ടാകാതിരിക്കുന്നതിനും പരസ്പരധാരണ പുലർത്തുന്നതിനും നായർയോദ്ധാക്കളെ ജാമ്യക്കാരായി (hostage) കപ്പലുകളിൽ നിയോഗിക്കുന്നതു സമുചിതമായിരിക്കുമെന്നു കബ്രാൾ നിർദ്ദേശിച്ചു. ആസന്നഭാവിയിൽ കൊച്ചിരാജാവിനെ സാമൂതിരിയുടെ സ്ഥാനത്തു വാഴിക്കുമെന്നും കോഴിക്കോടു് കൊച്ചിരാജ്യത്തിന്റെ ഭാഗമായിരിക്കുമെന്നും കബ്രാൾ ആഹ്ളാദത്തിമിർപ്പിൽ പറഞ്ഞു [22].

കൊച്ചിരാജാവു് പോർട്ടുഗീസുകാർക്കു് ഒരു ഫാക്ടറി നടത്തുവാൻ അനുവാദം നൽകി. ഗോൺസാളൊ ജിൻബർ ബോസയായിരുന്നു ഫാക്ടറിയുടെ മേധാവി. പോർട്ടുഗീസുകാർ മാത്രമല്ല മറ്റു നാലു് ആളുകൾകൂടി കച്ചവടസാധനങ്ങൾ സംഭരിക്കുന്നതിനും കപ്പലുകളിൽ അവ കയറ്റുന്നതിനും നിയോഗിക്കപ്പെട്ടിരുന്നു. ഫാക്ടറി കാവൽക്കാരനായി നിയോഗിക്കപ്പെട്ടിരുന്ന ശിപായി കൊട്ടാരവളപ്പിൽതന്നെ താമസിക്കാൻ രാജാവു് പ്രത്യേകാനുമതി നൽകി. ഒരു രാത്രി എങ്ങനെയൊ അതു് അഗ്നിക്കിരയായി. കൊച്ചിയിലെ മൂർ വർഗക്കാരാണു് അതു തീവെച്ചതെന്നാണു് പോർട്ടുഗീസുകാരുടെ അഭ്യൂഹം.

കബ്രാൾ കൊച്ചിയിലായിരുന്നപ്പോൾ കണ്ണൂരിലെയും കൊല്ലത്തെയും ഭരണാധികാരികൾ തങ്ങളുടെ രാജ്യത്തിലേക്കു പോർട്ടുഗീസുകാർക്കു സ്വാഗതമരുളി. സൗകര്യംപോലെ തങ്ങളുടെ രാജ്യങ്ങൾ സന്ദർശിക്കാൻ പ്രതിനിധികളെ അയച്ചു ക്ഷണിച്ചു. കൊച്ചിയിൽ നിന്നു ലഭിക്കുന്ന കുരുമുളകിന്റെ വിലയേക്കാൾ കുറഞ്ഞ വിലയ്ക്കു് പലവ്യഞ്ജനങ്ങൾ നൽകാമെന്നു് വാഗ്ദാനവും ചെയ്തു. കബ്രാൾ അവരുടെ അപേക്ഷ തൽക്കാലം നിരസിച്ചു.

സാമൂതിരി കപ്പൽപ്പട

കൊച്ചിയിൽനിന്നു മടങ്ങുവാൻ കബ്രാൾ ഒരുങ്ങി. അപ്രതീക്ഷിതമായി 1501 ജനുവരി 10-ാം നു- സാമൂതിരിയുടെ കപ്പൽപ്പട 1500 യോദ്ധാക്കളുമായി കൊച്ചിമുറമുഖത്തെ സമുദ്രതീരത്തു് പ്രത്യക്ഷപ്പെട്ടു. ശത്രുക്കളുടെ ആഗമനവാർത്തയറിഞ്ഞ രാജാവു് തൽക്ഷണം പോർട്ടുഗീസുകാരെ വിവരം അറിയിച്ചു. കോഴിക്കോട്ടുനിന്നുവന്ന കപ്പൽപ്പട

22. Portuguese in India. op. cit. Danvers. p. 71.

malankaralibrary.com

പോർട്ടുഗീസ് കപ്പലുകളെ ആക്രമിച്ചില്ല. രണ്ടു കൂട്ടരും മുഖാമുഖം നിലകൊണ്ടു. പിറ്റേദിവസം കബ്രാൾ സാമൂതിരിയുടെ കപ്പൽപ്പടയെ വിരട്ടിയോടിക്കാൻ ശ്രമിച്ചു. പെട്ടെന്ന് കൊടുങ്കാറ്റ് ആഞ്ഞടിക്കയാൽ കരയിൽനിന്നു വളരെദൂരം പോർട്ടുഗീസ് കപ്പലുകൾ കടലിലേക്കു തള്ളപ്പെട്ടു. കൊച്ചിക്കരയിലേക്കു പിൻതിരിഞ്ഞു വരാൻ കബ്രാൾ പരിശ്രമിച്ചില്ല. കാറ്റ് അനുകൂലമായപ്പോൾ ശത്രുക്കളെ പിൻതുടരാതെ കണ്ണൂരിലേക്കു കപ്പലുകൾ ഓടിച്ചുപോയി. ജനുവരി 15 നു കണ്ണൂരിൽ എത്തി. കബ്രാൾ കണ്ണൂർരാജാവിന്റെ പ്രതിനിധിയെ സ്വീകരിച്ചു. പോർട്ടുഗൽ രാജാവിനു വിലയേറിയ സമ്മാനങ്ങളും മറ്റും അവർ നൽകി. കണ്ണൂരിൽ കച്ചവടത്തിനുള്ള സൗകര്യം ഏർപ്പെടുത്താമെന്നു വാഗ്ദാനവുംചെയ്തു. പിറ്റേദിവസം കൊച്ചി ഫാക്ടറിയിൽ ഉദ്യോഗസ്ഥരായിരുന്ന പോർട്ടുഗീസുകാരെ അവിടെതന്നെ വിട്ടു തന്റെകൂടെ കയറിയ നായർജാമ്യക്കാരെയുംകൊണ്ടു കബ്രാൾ പോർട്ടുഗലിലേക്കു മടങ്ങി. കൊച്ചിരാജാവു ഫാക്ടറിയിലെ പോർട്ടുഗീസുകാരെ സംരക്ഷിക്കുന്നതിനും അവരെ പോർട്ടുഗലിലേക്കു തിരികെ അയക്കുന്നതിനുംവേണ്ട ഏർപ്പാടുചെയ്തു.[23]

അത്യാഹിതങ്ങൾ

മടക്കയാത്രയിൽ ചില അത്യാഹിതങ്ങൾ കബ്രാളിനു നേരിടേണ്ടിവന്നു. മെലിന്തയിൽവച്ചു 200 ടൺ കേവുഭാരമുള്ള വലിയ കപ്പലിൽ കുരുമുളകു മുതലായ സുഗന്ധദ്രവ്യങ്ങൾ കയറ്റിയിരുന്നു. "സഞ്ചോദെ ടോർ" ആയിരുന്നു കപ്പൽനായകൻ. ഫെബ്രുവരി 12-നു കപ്പൽഛേദംനിമിത്തം അതു മുങ്ങി. നാവികരെല്ലാവരും രക്ഷപ്പെട്ടു.[24] മൊസാമ്പിക്കിൽ വന്നപ്പോൾ കപ്പലുകളുടെ കേടുപാടുകൾ തീർത്തു. അവയിൽ ഒരെണ്ണം സൊഫാലയിൽ കച്ചവടത്തിനായി ഉപയോഗിച്ചു. കേപ്പ് ദെ വെർഡയിൽ എത്തിയപ്പോൾ ശക്തമായ കാറ്റ്. ഡയസ് നയിച്ചിരുന്ന നൗകകപ്പൽവ്യൂഹത്തിൽനിന്നു വേർപെട്ടുപോയി. അദ്ദേഹത്തിനു മഗഡോറക്സ തുറമുഖത്തുവച്ചു അപകടങ്ങൾ തരണം ചെയ്യേണ്ടിവന്നു. 1501 ജൂലായ് 21-നു കബ്രാൾ ലിസ്ബണിൽ തിരിച്ചെത്തി. കാണാതായ മറ്റു മൂന്നു കപ്പലുകളും അപ്പോൾ പോർട്ടുഗലിൽ എത്തിച്ചേർന്നിരുന്നു. പോർട്ടുഗലിനുവേണ്ടി വളരെയധികം കുരുമുളകു, ഏലക്കാ, കുന്തിരിക്കം, മീറ, ചന്ദനം, കറുപ്പു മുതലായ സുഗന്ധദ്രവ്യങ്ങളും രത്നങ്ങളും രണ്ടു തരം മുത്തുകളും മറ്റു അമൂല്യവസ്തുക്കളും കൊണ്ടുവന്നു[25]. ഇവയുടെ

23. The Portuguese in India. Vol. 1. op. cit. pp. 71-72

24. The Rise of Portuguese Power in India op. cit. R. J. Whiteway p. 88.

25. The Portuguese in India op. cit. pp. 73-74.

malankaralibrary.com

വില 13 കപ്പലുകളുടെ വിലയേക്കാൾ പതിന്മടങ്ങു ഭീമം. കബ്രാളിന്റെ മടക്കയാത്രയിൽ സെൻറ് ഹെലനാ ദ്വീപ് കണ്ടെത്തി.

സാമൂതിരിയോട് പകവീട്ടാൻ

പോർട്ടുഗീസുകാരുടെ കൊച്ചിരാജാവുമായുള്ള ബന്ധം 163 സംവത്സരം സുദൃഢം. 1658-ൽ കൊച്ചിരാജകുടുംബത്തിലെ രാമവർമ്മയെ ഫോർട്ട് കൊച്ചി സെൻറ് ഫ്രാൻസിസ് പള്ളിയിൽവച്ച് പോർട്ടുഗീസ് ഗവർണർ പട്ടാഭിഷേകം ചെയ്തു [26]. കബ്രാളിന്റെ വിജയകരമായ ഇൻഡ്യൻസമുദ്രത്തിലെ നാവിക യാത്രയ്ക്കുശേഷം സാമൂതിരിയെ ഒരു പാഠം പഠിപ്പിക്കുന്നതിനും പ്രതികാരം ചെയ്യുന്നതിനും മാനുവൽ ഒന്നാമൻ രാജാവു നിശ്ചയിച്ചു. വലിയ കപ്പലുകളും പീരങ്കികളും വെടിക്കോപ്പുകളും ആയുധങ്ങളുംകൊണ്ടു നിറച്ചു വീണ്ടുമൊരു സമുദ്രയാത്ര നടത്തുന്നതിനാവശ്യമായ ഒരുക്കങ്ങളും താമസംവിനാ നടത്തുന്നതിനും അദ്ദേഹം ആജ്ഞാപിച്ചു. ഇൻഡ്യയിലെ പല രാജ്യങ്ങളിലും ക്രൈസ്തവമതം പ്രചരിപ്പിക്കുന്നതിനു ഈയവസരം വിനിയോഗിക്കാൻ രാജാവു നിശ്ചയിച്ചു. കബ്രാളിനെത്തന്നെ ഈ നാവികസേനയുടെ ജനറൽആയി നിയമിക്കാൻ അഭിലഷിച്ചുവെങ്കിലും മറ്റു ഉദ്യോഗസ്ഥന്മാരുടെ അഭിപ്രായത്തിൽ കബ്രാളിന്റെ നേതൃത്വത്തിൽ നടത്തിയ നാവികയാത്രയും സമുദ്രത്തിലുണ്ടായ അത്യാഹിതങ്ങളും മറ്റും കബ്രാളിനെ ക്യാപ്റ്റനാക്കുന്നതിൽനിന്നു പിന്തിരിപ്പിച്ചു. അവസാനം വാസ്ക്കോഡിഗാമ താൻ ഈ നാവികസേനയെ നയിച്ചുകൊള്ളാമെന്നുള്ള അപേക്ഷയുമായി മുന്നോട്ടുവന്നു. രാജാവു ഗാമയുടെ അപേക്ഷ സ്വീകരിച്ചു. അദ്ദേഹത്തെ ക്യപ്റ്റനായി നിയോഗിച്ചു. കബ്രാളിനു മറെറാരു അവസരം നൽകാമെന്നു വാഗ്ദാനം ചെയ്തു.

ഗാമ വീണ്ടും

മലബാറിൽ കബ്രാളിന്റെ അനുഭവങ്ങൾ പോർട്ടുഗീസുകാർക്കു് നല്ല നാളെയുടെ ശുഭപ്രതീക്ഷകളെ തുറന്നുകൊടുത്തു. ഇൻഡ്യയിലേക്കുള്ള സാഹസികോദ്യമങ്ങൾക്കു പുതിയ കാഴ്ചപ്പാടു് നൽകിയതു കബ്രാളിന്റെ യാത്രയാണു്. തന്റെ സുന്ദരസ്വപ്നങ്ങളും പൊൻകിനാവുകളും മോഹനപ്രതീക്ഷകളും എല്ലാം കുമ്പടഞ്ഞുപോയി എന്നു കബ്രാളിനു മനസ്സിലായി. പോർട്ടുഗീസ് ആധിപത്യം ഇൻഡ്യയിൽ സ്ഥാപിക്കുന്നതിനും ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനും ആയിരുന്നു മാനുവൽരാജാവിന്റെ യത്നം. അതിനായി കൊച്ചിയിലെയും കണ്ണൂരിലെയും രാജാക്കന്മാർക്കു കൊടുക്കാൻ മാനുവൽരാജാവു് ഗാമ

---

26. സി. അച്യുതമേനോൻ: കൊച്ചിൻ സ്റ്റേറ്റു് മാനുവൽ,

malankaralibrary.com

യെ ഓരോ എഴുത്തു ഏല്പിച്ചു. എല്ലാവിധ ആയുധസാമഗ്രികളുമടങ്ങിയ പടക്കപ്പലുകളും കോഴിക്കോട്ടേക്കു അയച്ചുകൊടുത്തു[27].

യാത്രയുള്ള ഒരുക്കങ്ങളെ തയ്യാറായപ്പോൾ ഗാമയുടെ നിർദ്ദേശപ്രകാരം നാവികസേനയിലെ പത്തു കപ്പലുകൾക്കു പുറമെ മൂന്നെണ്ണത്തിൽകൂടി പടക്കോപ്പുകളും വെടിമരുന്നും നിറക്കാൻ ആവശ്യപ്പെട്ടു. അദ്ദേഹത്തിന്റെ സഹോദരനായ എസ്റ്റാവോ (Eastavo) ഡി ഗാമയുടെ നേതൃത്വത്തിൽ അഞ്ചു കപ്പലുകൾകൂടി തയ്യാറാക്കാൻ രാജാവു കല്പിച്ചു. അങ്ങനെ ആകെ 20 കപ്പലുകളാണു് മലബാറിലേക്കു പുറപ്പെട്ടതു്. ഓരോ കപ്പലിനും ഓരോ ക്യാപ്റ്റനെയും വാസ്കോ ഡിഗാമ നിശ്ചയിച്ചിരുന്നു. 15 യാത്രക്കപ്പലുകളിൽ 500 സായുധയോദ്ധാക്കൾ വീതം ഉണ്ടായിരുന്നു. കൊച്ചിയിലെയും കണ്ണൂരിലെയും അമ്പാസഡർമാരും കപ്പലുകളിൽ അനുയാത്ര ചെയ്തു. എസ്റ്റോവാഗാമയുടെ നേതൃത്വത്തിലുള്ള അഞ്ചു കപ്പലുകൾ ഒഴികെ മറ്റുള്ളവ ബലെം (Belem) തുറമുഖത്തുനിന്നു് 1502 ഏപ്രിൽ 1-ന ഇന്ത്യയിലേക്കു പുറപ്പെട്ടു.

അറബിക്കപ്പൽ തീവച്ചു

ഇന്ത്യാസമുദ്രത്തിൽ എത്തിച്ചേർന്നപ്പോൾ മൻകൂട്ടി നിശ്ചയിച്ചിരുന്നതനുസരിച്ചു് അഞ്ചുദ്വീപിൽ (Anjudeep) നങ്കൂരമിട്ടു. പ്രത്യേകകാരണംകൊണ്ടാണു് ഇവിടെ യാത്ര തല്ക്കാലം നിർത്തിവച്ചതു്. ചെങ്കടലിൽ (Red Sea) വിലയേറിയ സാധനസാമഗ്രികളുമായി യാത്ര ചെയ്തിരുന്ന ഒരു അറേബ്യൻ നൗകയെ ആക്രമിക്കാൻ ഗാമ പ്ലാൻചെയ്തു. അനേകം സ്ത്രീകളും കുട്ടികളും കൂടാതെ 240 പുരുഷന്മാരും ഈ കപ്പലിൽ ഉണ്ടായിരുന്നു. കോഴിക്കോട്ടുകാരായ പത്തുപന്ത്രണ്ടു ധനാഢ്യവർത്തക പ്രമാണികളും ഇതിൽ യാത്ര ചെയ്തിരുന്നു. നൗകകളുടെ ക്യാപ്റ്റനായ ജൊയാർ അഫാൻകവി (Joar Afganqie) തങ്ങളെ നശിപ്പിക്കരുതെന്നും എല്ലാവരെയും സംരക്ഷിക്കാൻ കനിവുണ്ടാകണമെന്നും ഗാമയോടഭ്യർത്ഥിച്ചു. പ്രതിസമ്മാനമായി വലിയൊരു സംഖ്യ അദ്ദേഹം വാഗ്ദാനം ചെയ്തു. പോർട്ടുഗീസുകാർ ക്യാപ്റ്റനും അതുസമ്മതമായിരുന്നില്ല. കപ്പലിനു തീ കൊളുത്തി. ചാടിക്കാൻ മുതലായവ കപ്പലിൽനിന്നു അഴിച്ചു മാറ്റാൻ കല്പനയായി. തീകൊളുത്തി തങ്ങളെ ദ്രോഹിക്കരുതെന്നും നിരാലംബരായ തങ്ങളോടു കരുണ കാണിക്കണമെന്നുമുള്ള ക്യാപ്റ്റൻ ജോയാറിന്റെ അഭ്യർത്ഥന വനരോദനമായി മാറി. ആളിക്കത്തികൊണ്ടിരുന്ന കപ്പലിലെ തീ മുഹമ്മദീയർ വളരെ പ്രയാസപ്പെട്ടു് കെടുത്തി. കപ്പലിനു വീണ്ടും തീ കൊളുത്താൻ ആഗതരായ പോർട്ടുഗീസുകാരെ മുഹമ്മദീയർ ആക്രമിച്ചു. തങ്ങളുടെ ജീവനെ

27. M. Mundaden: History of Christianity in India vol. I. op. cit. p. 263.

malankaralibrary.com

രക്ഷിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടു സ്വർണാഭരണങ്ങളും രത്നങ്ങളും തങ്ങളുടെ കുഞ്ഞുങ്ങളെയും കരങ്ങളിൽ വഹിച്ചുകൊണ്ടു സ്ത്രീകളും കരുണയ്ക്കായി കേണപേക്ഷിച്ചു. ഗാമ കപ്പലിന്റെ ചെറിയ കവാടത്തിലൂടെ ഇവയെല്ലാം നോക്കി കാണുന്നുണ്ടായിരുന്നു. അനുഭവത്തിന്റെയോ കരുണയുടെയോ കണികപോലും അദ്ദേഹം കാണിച്ചില്ല [28].

മുസ്ലീംകളുടെ ദാരുണമരണം

ഒക്ടോബർ 3-നു മുഹമ്മദീയരുടെ കപ്പൽ പിടിച്ചടക്കാൻ ക്യാപ്റ്റൻ ജൊയൊറെ വ്യൂവോന ഗാസിയോടു് ഗാമ വീണ്ടും ആവശ്യപ്പെട്ടു. ഈ സംഭവത്തെക്കുറിച്ചു് ലോപ്പസു്: "എന്റെ ജീവിതത്തിൽ ഒരിക്കലും വിസ്മരിക്കാൻ വഹിയ്ക്കാത്ത ശോകമൂകമായ ദിവസം." മുഹമ്മദീയരും കപ്പലിലുണ്ടായിരുന്നവരും രക്ഷപ്രാപിക്കാൻ പലതും ചെയ്തു. കപ്പലിന്റെ ഇരുഭാഗങ്ങളും വളരെ ഉയരംകൂടിയതായതിനാൽ ഇഴഞ്ഞുവലിഞ്ഞുകയറി പുറത്തുകടക്കാൻ ശ്രമിച്ചുനോക്കി. ആ യത്നം പരാജയപ്പെട്ടു. പുറമേനിന്നു കല്ലുകളെറിഞ്ഞു മുസ്ലീങ്ങളെ അവശരായി. കപ്പലിലെ ജനലുകളുടെ സാക്ഷ ഊരി ചില മുസ്ലീങ്ങളെ പോർട്ടുഗീസുകാരുടെ നേരെ എറിഞ്ഞു. മരിച്ചാലും വേണ്ടില്ല എന്ന ദൃഢനിശ്ചയത്തിൽ കൈയിൽ കിട്ടിയ ആയുധങ്ങളും തങ്ങളുടെ ശരീരത്തിൽ കയറിയ അമ്പുകളും വലിച്ചൂരി പോർട്ടുഗീസുകാരെ ആക്രമിച്ചു. പോർട്ടുഗീസു് ക്യാപ്റ്റനും മുസ്ലീങ്ങളുടെ ആക്രമണഫലമായി മുറിവേറ്റു. തലയിൽ ധരിച്ചിരുന്ന ഇരുമ്പുതൊപ്പി തല്ലിത്തകർത്തു. ഏതാനും നാവികരെ പിടികൂടി. ചിലർ കടലിലേക്കു ചാടി. ഇതിലും വലിയ നാശവും അപായവും പോർട്ടുഗീസുകാർക്കുണ്ടാകുമായിരുന്നു. ജോയിയാ (Joia) എന്ന മറ്റൊരു പോർട്ടുഗീസു കപ്പൽ വിദൂരത്തിൽ കണ്ടതോടെ മുസ്ലീംകളും പോർട്ടുഗീസുകപ്പൽ വിട്ടു് തങ്ങളുടെ കപ്പൽ അതിവേഗം മുന്നോട്ടു നയിച്ചു. മൂന്നു നാലു ദിവസങ്ങളും പോർട്ടുഗീസുകാർ ഈ മുസ്ലീംനൗകയെ പിൻതുടർന്നു വെടിയുണ്ടകളും വർഷിച്ചു. മുസ്ലീംകപ്പലിനെ ആക്രമിച്ചു ക്ഷീണിച്ചു പി�ൻതിരിയാൻ തീരുമാനിച്ചപ്പോഴും രാജ്യദ്രോഹിയും വഞ്ചകനുമായ ഒരാളും പോർട്ടുഗീസുകാരെ സമീപിച്ചു് തന്റെ ജീവൻ രക്ഷിക്കാമെന്നു ഉറപ്പു നല്കുന്നപക്ഷം മുസ്ലീം കപ്പലിനെ പിൻതുടർന്നു് തീപിടിച്ചു നശിപ്പിക്കാൻ സന്നദ്ധനാണെന്നു് അറിയിച്ചു. വഞ്ചകന്റെ വാക്കു സ്വീകരിച്ചു സമ്മാനങ്ങളും നൽകാമെന്നു വാഗ്ദാനംചെയ്തു. ആ രാജ്യദ്രോഹി മുസ്ലീംകപ്പൽ നശിപ്പിക്കാൻ ഒരു

---

28. The Rise of Portuguese Power in India R. S. Whiteway. op. cit. pp. 90-91.

malankaralibrary.com

ബെട്ട [29], കപ്പലിനു തീകൊളുത്തി. എതാനും കട്ടികളൊഴികെ മറ്റുള്ള വരെല്ലാവരും കടലിൽ ചാടി നശിച്ചു. *

മുസ്ലീംകളെ കോഴിക്കോട്ടുനിന്നു തുരത്താൻ

ഗാമ ഒക്ടോബറിൽ കണ്ണൂരിൽ എത്തി. ഇന്ത്യൻ സമുദ്രത്തിൽ പോർട്ടുഗീസാധിപത്യം സ്ഥാപിക്കാൻ മുസ്ലീങ്ങളുടെ എല്ലാ കപ്പലുകളും നശിപ്പിക്കാൻ നിശ്ചയിച്ച കാര്യം കോലത്തിരി രാജാവിനെ ധരിപ്പിച്ചു. ഈ വാർത്ത സാമൂതിരിയും കേട്ടു. അതിനാൽ ദൂതന്മാരെ കണ്ണൂരിലയച്ചു സമാധാനമുടമ്പടി ചെയ്യുന്നതിനു സാമൂതിരി അഭ്യർത്ഥിച്ചു. ഒക്ടോബർ 29-നു കോഴിക്കോട് സന്ദർശിക്കാമെന്നും സാമൂതിരിയെ അറിയിച്ചു. മുസ്ലീങ്ങളെ കോഴിക്കോട്ടുനിന്നു തുരത്താൻ തന്നെ നിശ്ചയിച്ചിരിക്കുന്നതായും സാമൂതിരിയുമായി യാതൊരേർപ്പാടിനും സന്നദ്ധമല്ലെന്നും പിന്നീട് ഗാമ അറിയിച്ചു. അറബികളെ കോഴിക്കോട്ടുനിന്നു പറഞ്ഞയയ്ക്കാൻ സാമൂതിരി സന്നദ്ധനല്ലായിരുന്നു. വിശ്വസ്തതയോടെ ഒട്ടുവളരെ നാളുകൾ സാമൂതിരിയെ സേവിച്ചു വരുന്നതിനാൽ ഒരിക്കലും അവരെ തിരസ്ക്കരിക്കുന്നതല്ല എന്നു് ഖണ്ഡിതമായി സാമൂതിരി പ്രഖ്യാപിച്ചു.[30]

ഗാമയുടെ ക്രൂരകൃത്യങ്ങൾ

ഒക്ടോബർ 29-നു ഗാമയും അനുചരന്മാരും കോഴിക്കോട് എത്തി. സ്വതന്ത്ര തുറമുഖം. ആർക്കും ഇവിടെ കച്ചവടം നടത്താം. മുസ്ലീങ്ങളെ കോഴിക്കോട്ടുനിന്നു നിഷ്ക്കാസനം ചെയ്യുന്നതല്ല എന്നു് സാമൂതിരി പറഞ്ഞതിനാൽ കോഴിക്കോട് വിട്ട കൊച്ചിയിലേക്കു പോകാൻ ഗാമ നിശ്ചയിച്ചു. കടലിൽ മീൻപിടുത്തത്തിലേർപ്പെട്ടിരുന്ന ഏതാനും മുക്കുവരെ ഗാമ പിടിക്കുടി. അരി കയറ്റിയിറക്കുന്ന കപ്പലിലെ ജോലിക്കാരെയും പിടിച്ചു. 800 ബന്ധിതരേയുംകൊണ്ട് നവംബർ 1-നു കോഴിക്കോട്ട വിട്ടു. അതിനുമുൻപായി കോഴിക്കോടുനഗരത്തിൽ പീരങ്കിവെടിയുണ്ടകളും തുടരെത്തുടരെവർഷിച്ചു നാശോന്മുഖമാക്കി. കപ്പലിൽനിന്നു ബലമായി പിടിച്ചും ബന്ധന

---

29. The Rise of Portuguese Power in India op. cit. R. S. Whiteway p. 92.

** കൊറയ എന്ന ചരിത്രകാരൻ രേഖപ്പെടുത്തിയിരിക്കുന്ന 20 കട്ടികളും രക്ഷപ്പെട്ട എന്നു്. അതിൽ ക്ലനുള്ള ഒരു മനുഷ്യൻ രക്ഷപ്പെടുകയും കടലിൽ ഉണ്ടായ സംഭവങ്ങളും സാമൂതിരിയെ അറിയിക്കയും ചെയ്തു (The Rise of Portuguese Power in India op. cit. R. S. Whiteway p. 91).

30. M.Mundaden: 'History of Christianity in India op. cit. vol. I. p. 64.

malankaralibrary.com

സ്ഥനാക്കിയുമുള്ള ക്രൂരപ്രവൃത്തികളും ഗാമയ്ക്കു കളങ്കംചാർത്തുന്നവ തന്നെ. നാവികരെ തീയിൽ കെട്ടിത്തൂക്കിക്കൊന്നു. ഏതാനുംപേരുടെ തലയും കൈകളും ഛേദിച്ചു. ഇപ്രകാരം മൃഗീയമായി ദ്രോഹിക്കപ്പെട്ടവരെ വള്ളത്തിൽ കയറ്റി കരയിൽ എത്തിച്ചു. ആ രാത്രിമുഴുവൻ സമുദ്രതീരത്ത് ആളുകളുടെ നിലവിളികൾ കേൾക്കാമായിരുന്നു. കൊല്ലപ്പെട്ട സ്നേഹിതരുടെ മൃതദേഹങ്ങൾ അന്വേഷിച്ചുവന്ന മുസ്ലീങ്ങളെ[31]. നവംബർ 2-ാം തീയതി കോഴിക്കോട്ട് നഗരത്തിൽ പീരങ്കികൾ വീണ്ടും ഗർജ്ജിച്ചു. 400 വെടിയുണ്ടകൾ പട്ടണത്തിൽ പതിച്ചു.

കൊച്ചിയോടു മമത

നവംബർ 3-ാം തീയതി ഗാമ കൊച്ചിയിലേക്കു യാത്രതിരിച്ചു. തന്റെ രാജ്യത്തുനിന്ന് ജാമ്യക്കാരായിനിന്ന നായന്മാരെയും പോർട്ടുഗലിലേക്കു പെട്ടെന്നു കടത്തിക്കളഞ്ഞതുകൊണ്ടു ദുഃഖാർത്തനായ കൊച്ചിരാജാവിനെ കണ്ണൂരിൽ സുഗന്ധദ്രവ്യങ്ങളുടെ വില വർദ്ധിപ്പിച്ചു സന്തോഷിപ്പിച്ചു. പോർട്ടുഗലിലെ സാധനങ്ങൾ കൊച്ചിയിൽ വിലകുറച്ചു വിറ്റിരുന്നതും രാജാവിനു സന്തോഷമായി. കൊച്ചിരാജാവിനു പോർട്ടുഗൽരാജാവു സമ്മാനിച്ചിരുന്ന സ്വർണ്ണകിരീടം, വെള്ളിപ്പാത്രങ്ങൾ, ബയിസിൻ, കൊച്ചിരാജകുമാരനു രത്നം, വജ്രം, സ്വർണ്ണം എന്നിവകൊണ്ടലങ്കരിച്ചതും നിറപ്പകിട്ടാർന്ന തുണികൊണ്ടലംകൃതവുമായ കോളർ എന്നിവ ഗാമ നൽകി. കൊച്ചിയിൽനിന്നു കച്ചവടക്കാർ സുഗന്ധദ്രവ്യങ്ങൾ കയറ്റിക്കൊണ്ടിരുന്നപ്പോൾ കൊല്ലം ഭരണാധികാരിയായ രാജ്ഞി കൊച്ചിയിലേതിനെക്കാൾ വിലകുറച്ചു അവ നൽകാമെന്നു ദൂതന്മാർമുഖേന അറിയിച്ചു. കൊച്ചിരാജാവിനു അപ്രീതി ഉണ്ടാകാതിരിക്കാൻ കൊച്ചിരാജാവ്വഴി ചരക്കുകൾ ഏർപ്പാടുചെയ്യാൻ ഗാമ രാജ്ഞിയുടെ ദൂതന്മാരോടാവശ്യപ്പെട്ടു. രാജാവു വിഘ്നങ്ങൾ ഉന്നയിക്കുന്നില്ലെങ്കിൽ ഗാമ നേരിട്ടുതന്നെ ചരക്കുകൾ വാങ്ങിച്ചുകൊള്ളാമെന്നും പറഞ്ഞു.[32] കൊല്ലത്തുനിന്നു കുരുമുളകു വാങ്ങുന്നപക്ഷം തന്റെ വരുമാനം കുറഞ്ഞുപോകുമെന്നു കണ്ടതിനാൽ കുറച്ചു സുഗന്ധദ്രവ്യങ്ങൾ വാങ്ങാനേ രാജാവു സമ്മതിച്ചുള്ളൂ. ഫാക്ടറി കൊല്ലത്തു സ്ഥാപിക്കുന്നകാര്യം തൽക്കാലം വേണ്ടെന്നുവച്ചു. രണ്ടു കപ്പലുകൾ നിറയെ ചരക്കുകൾ വാങ്ങാൻ ഗാമ സമ്മതിച്ചു. ഈ ആനുകൂല്യം അനുവദിച്ചതിനു വിലയേറിയ പട്ടുവസ്ത്രങ്ങൾ ഗാമ കൊച്ചി രാജാവിനു സമ്മാനിച്ചു.

---

31. The Rise of Portuguese Power in India op. cit. R. S. Whiteway. pp. 92-93.

32. The Portuguese in India op. cit. Frederick Charles Danvers. vol. 1. p. 89.

malankaralibrary.com

മുസ്ലീം മർദ്ദനത്തിൽനിന്നു രക്ഷിക്കാൻ

കൊട്ടങ്ങല്ലൂരിൽ അധിവസിച്ചിരുന്ന മാർത്തോമ്മാക്രിസ്ത്യാനികളും മുഹമ്മദീയരിൽനിന്നു പലവിധത്തിലുള്ള ഞെരുക്കങ്ങളും അനുഭവിച്ചിരുന്നു. തങ്ങളുടെ പ്രയത്നഫലമായി ഉണ്ടാകുന്ന കുരുമുളകിനും പലവ്യഞ്ജനങ്ങൾക്കും ചുരുങ്ങിയ വിലയേ അറബികൾ നൽകിയിരുന്നുള്ളൂ. മറ്റു പലവിധത്തിലുള്ള ഞെരുക്കങ്ങളും അനുഭവിച്ചിരുന്ന മാർത്തോമ്മാക്രിസ്ത്യാനികൾ പോർട്ടുഗീസുകാർ കൊച്ചിയിൽ വന്നിട്ടുണ്ടെന്നറിഞ്ഞു. അവരിലെ ഒരു സംഘം ഗാമയെ സന്ദർശിച്ചു. കത്താവിന്റെ പങ്കപ്പാടുകളെ ഓർത്തു ഈ മുസ്ലീങ്ങളുടെ ഉപദ്രവങ്ങളിൽനിന്നു തങ്ങളെ രക്ഷിക്കണമെന്നു അപേക്ഷിച്ചു. 1502 നവംബർ 19-നായിരുന്നു ഇതു്. ഈ സംഭവത്തെക്കുറിച്ചു വാസ്കൊഡിഗാമയോടടുത്തുണ്ടായിരുന്ന ബാറോസ് (BARROS) ഇപ്രകാരമാണു വിവരിച്ചിരിക്കുന്നതു്: "കൊട്ടങ്ങല്ലൂരിൽ വസിച്ചിരുന്ന 30000 വരുന്ന മാർത്തോമ്മാക്രിസ്ത്യാനികളുടെ പ്രതിനിധികൾ ഗാമയെ സമീപിച്ചു് ഇപ്രകാരം അപേക്ഷിച്ചു: "മുഹമ്മദീയരിൽനിന്നും ഹിന്ദുക്കളിൽനിന്നും തങ്ങളെ രക്ഷിക്കണം." കത്താവിന്റെ പങ്കപ്പാടുകളുടെ നാമത്തിൽ തങ്ങളെ രക്ഷിക്കണം എന്നതെ ബാറോസ് രേഖപ്പെടുത്തിയിരിക്കുന്നതു്. അവരുടെ രാജാവിന്റെ[33] ചെങ്കോൽ ചുവന്ന വടിയാണു്. അതും അവർ കൊണ്ടുവന്നിരുന്ന കാഴ്ചവസ്തുക്കളും ഗാമയ്ക്കു സമർപ്പിച്ചു[34]. വാസ്കോഡിഗാമ ഈ ക്രൈസ്തവരുടെ ആവലാതിയും സങ്കടവും സ്നേഹത്തോടും കരുണാപൂർവവും ശ്രവിച്ചു. അവരെ സഹായിച്ചുകൊള്ളാമെന്നുപറഞ്ഞു് ആശ്വസിപ്പിച്ചു.

പോർട്ടുഗീസുവ്യാപാരികൾ 1502 മുതൽ മാർത്തോമ്മാ ക്രിസ്ത്യാനികളിൽനിന്നു കുരുമുളകും മറ്റും വാങ്ങാൻ തുടങ്ങിയ കാലംമുതൽ അവർ സാമ്പത്തികമായി അഭിവൃദ്ധി പ്രാപിച്ചുവന്നു. മതപരമായും മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു പല ആനുകൂല്യങ്ങളും ലഭിച്ചിരുന്നു. ഹിന്ദുക്ഷേത്ര മാതൃകയിൽ പണി കഴിപ്പിച്ച പുരാതന ദേവാലയങ്ങളുടെ സ്ഥാനത്തു് പോർട്ടുഗീസുകാർ പാശ്ചാത്യ മാതൃകയിൽ പള്ളികൾ പടുത്തുയർത്തി. വൈദികർക്കു് പോർട്ടുഗീസ് രാജാവു കൂർബാനധർമ്മമായി (Stipend) പണം അയച്ചിരുന്നു.

നൂറ്റാണ്ടുപതു് സംവത്സരത്തോളം പോർട്ടുഗീസുകാർ മുഹമ്മദീയരോടു് സന്ധിയില്ലാത്ത സമരം നടത്തി. വളരെയധികം പോർട്ടുഗീസ് കപ്പലുകളും നാവികരും നശിച്ചു. സമരങ്ങളെല്ലാം സ്വന്തംതാല്പര്യങ്ങൾക്കുവേണ്ടി ആയിരിക്കാം. 1502 നവംബർ മുതൽ മാർത്തോമ്മാക്രിസ്ത്യാനികൾക്കു് പോർട്ടുഗീസുകാർ കൊടുത്ത ഉറപ്പു് അങ്ങേയറ്റം പാലിച്ചുവെന്ന വസ്തുത അവിസ്മരണീയം.

33, M. Mundaden History of Christianity in India. Vol-1. P. 266.
34. Barros—JOAO DE Asia Decade pp. 62-64.

malankaralibrary.com

വൈസ്രോയി ഫ്രാൻസിസ്കോ അൽമെയഡാ

പോർട്ടുഗലിനു ഇന്ത്യയിൽനിന്നു കൊണ്ടുപോയ സുഗന്ധദ്രവ്യങ്ങൾ 60 ഇരട്ടി ലാഭത്തിൽ വിറ്റഴിക്കാൻ കഴിഞ്ഞു. ഇന്ത്യയുമായുള്ള പോർട്ടുഗലിന്റെ ബന്ധം മെച്ചപ്പെട്ടതോടെ മൂന്നുവർഷത്തേക്കു വൈസ്രോയിയെ നിയമിക്കാൻ രാജാവ് നിശ്ചയിച്ചു. പ്രഥമ വൈസ്രോയിയായി തെരഞ്ഞെടുക്കപ്പെട്ടതു് ട്രിസ്റ്റാവൊ ദെ ക്കുഞ്ഞാ (Tristao da Cunha). അദ്ദേഹത്തിനു പെട്ടെന്നു് അസുഖം ബാധിച്ചതിനാൽ ഡി. ഫ്രാൻസിസ്കോ അൽമെയ്ഡാ തൽസ്ഥാനത്തേക്കു നിയമിതനായി. അദ്ദേഹം 1504-ൽ ആയിരത്തഞ്ഞൂറോളമാക്കളടങ്ങിയ വലിയ കപ്പൽ വ്യൂഹത്തോടെ ഇന്ത്യയിലേക്കു പുറപ്പെട്ടു. യാത്രാമദ്ധ്യേ ആഫ്രിക്കയിലെയും കിഴക്കൻരാജ്യങ്ങളിലെയും മുസ്ലീംപട്ടണങ്ങൾ പിടിച്ചടക്കി. അവിടെ കോട്ടകൾ കെട്ടി. നത്താൽ, മൊസാംബിക്ക്, സാൻസിബാർ മേഖലകളിൽ കോളനികൾ സ്ഥാപിച്ചു. 1508 ജനുവരിയിൽ ചാവുൾ പ്രദേശത്തെ യുദ്ധം പ്രധാനം. യുദ്ധത്തിൽ അൽമെയ്ഡായുടെ പുത്രനെ മുസ്ലീമുകൾ കൊന്നു. തന്റെ പുത്രനെ വധിച്ച ശത്രുസമൂഹത്തെ ഒരു കൊല്ലത്തിനകം നശിപ്പിക്കുന്നതാണെന്നു് അൽമെയ്ഡാ ശപഥം ചെയ്തു. തദനുസരണം 1508 ഡിസംബർ 12-നു 1500 സൈനികരും, 19 കപ്പലുകളുമായി വൈസ്രോയി അൽമെയ്ഡ ദിയുവെന്ന ദ്വീപിനു സമീപം ശത്രുക്കളോടു നേരിട്ടു. ഈ സമയത്തു പുതിയ വൈസ്രോയി അൽഫൊൺസൊ അൽബുക്കർക്കു് കണ്ണൂരിൽ വന്നെത്തി. നവാഗതനെ കണ്ണൂരിൽ വീട്ടുതടങ്കലിലാക്കി. പോർട്ടുഗൽ രാജാവു അൽബുക്കർക്കിനെത്തന്നെ വൈസ്രോയിയായി നിയമിച്ചുവെന്ന വാർത്തയുടെ സ്ഥിരീകരണം ലഭിച്ചതോടെ അൽമെയ്ഡ നിരാശനായി പോർട്ടുഗലിലേക്കു മടങ്ങി.[35]

അൽഫോൺസൊ അൽബുക്കർക്കു്

കൊച്ചിയിലെ രണ്ടാമത്തെ വൈസ്രോയി. അൽബുക്കർക്കിന്റെ ആഗ്രഹം കിഴക്കൻ രാജ്യങ്ങളിലെ തീരപ്രദേശത്തു വലിയ സാമ്രാജ്യം കെട്ടിപ്പടുക്കണമെന്നായിരുന്നു. 1510-ൽ ഗോവാ പിടിച്ചെടുക്കാൻ ശ്രമിച്ചു.നാവികപ്പടയോടുകൂടി ഗോവആക്രമിച്ചു.കൊച്ചിക്കാരായമാർത്തോമ്മാ ക്രിസ്ത്യാനികളും പോരാടി ശത്രുക്കളെ പരാജയപ്പെടുത്തിയതു് പോർട്ടുഗലിനെ വിജയത്തിലേക്കു് ആനയിച്ചു. ഗോവ പിടിച്ചടക്കുന്നതിനു 40 ഹിന്ദു പടത്തലവൻമാരും സഹായിച്ചു. മലബാറുകാരായ ആയിരത്തോളം കാലാൾപടയും ചില വില്ലാളികളും പങ്കെടുത്തു.[36]

---

35. The Rise of Portuguese Power in India R. J. Whiteway op. cit pp. 124–126.

36. ഇന്ത്യാ പോർട്ടുഗീസ് ചരിത്രം-സ്രോതസ്സുകളും പ്രശ്നങ്ങളും പേജ് 169.

malankaralibrary.com

അറബികേന്ദ്രമായിരുന്ന മലാക്ക 1511-ൽ അൽബുക്കർക്ക് പിടിച്ചെടുത്തു. ചെങ്കടലിലെ നാവികസൈന്യവുമായി ഏഡൻ കൈവശപ്പെടുത്തുവാൻ ശ്രമിച്ചുവെങ്കിലും സാധിച്ചില്ല. നിരാശനാകാതെ ഓർമസ്സിൽ കോട്ട ഭദ്രമാക്കിയശേഷം പേർഷ്യൻ ഉൾക്കടലിൽ കൂടി ടൈഗ്രീസ്നദിവഴി ബസ്രാവരെ യാത്രചെയ്തു ഗോവയിലേക്കു മടങ്ങി. ഇവിടെ അൽബുക്കർക്ക് രോഗഗ്രസ്തനായി. 1515 ഡിസംബർ 16-ന 75-ാമത്തെ വയസ്സിൽ അദ്ദേഹം മരണമടഞ്ഞു. ഗോവ മുഴുവനും നിശ്ശബ്ദവിലാപത്തിൽ മുങ്ങി.

അൽബുക്കർക്കിന്റെ പിൻഗാമി വൈസ്രോയി ലോപ്പെ സ്വാരസ്.ഗവർണക്കു ആവശ്യമായ സൽഗുണങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നില്ല. 1516 ഏപ്രിൽ 17-നു 1500 പടയാളികളോടും 15 കപ്പലുകളോടുംകൂടി അദ്ദേഹം ഇന്ത്യയിലേക്കു പുറപ്പെട്ടു. 1516-ൽ ഈജിപ്റ്റിൽവച്ചു 37 പടക്കപ്പലുകളോടും 2000 പടയാളികളോടും 600 പോർട്ടുഗീസു നാവികരോടുംകൂടി ഈജിപ്റ്റ് സൈന്യത്തെ നേരിട്ടു. സ്വാരസിനു പരാജയമാണുണ്ടായത്. ലോപ്പൊ സ്വാരസിനെ പിൻതുടർന്നു ഡിയഗോ ലോപ്പൊസും, പിൻഗാമിയായി. ഡി. ഡ്വാർട്ടെ ഡെ മെനേസിസും ഗവർണർമാരായി. ഇവരുടെ ഭരണം പരാജയമായിരുന്നു. അഴിമതികളും അക്രമങ്ങളും പോർട്ടുഗീസു കോളനികളിൽ വർദ്ധിച്ചുവന്നു. 1524-ൽ വാസ്കോഡിഗാമയെത്തന്നെ രാജാവു ഗവർണരായി നിയമിച്ചു.

ഗാമയുടെ മൂന്നാമത്തെ യാത്ര

ഗവർണർ ദോം ഡ്വാർട്ടെ മെനേസിസിന്റെ ഭരണം പരാജയമായിരുന്നു. ധനാസക്തി ആയിരുന്നു ഇതിന്റെ മുഖ്യകാരണം. സ്വന്തം കീശ വീർപ്പിക്കുക, അഴിമതിയും അട്ടിമറിയുംവഴി ധാരാളം പണം സമ്പാദിക്കുക എന്നിവയിലായിരുന്നു ഡ്വാർട്ടിന്റെ ശ്രദ്ധ. ഇന്ത്യയിലെ പോർട്ടുഗീസ് കോട്ടകളെ സംരക്ഷിക്കുന്നതിലോ അതിലെ ജീവനക്കാരെയും അന്തേവാസികളെയും നിയന്ത്രിക്കുന്നതിലോ ഇദ്ദേഹം ഒന്നുംതന്നെ ചെയ്തിരുന്നില്ല. തൽഫലമായി അനീതിയും അക്രമങ്ങളും വർദ്ധിച്ചുവന്നു. ഡ്വാർട്ടിന്റെ ഭരണം ഇന്ത്യാക്കാരുടെ ദൃഷ്ടിയിൽ അപമാനകരമായി. പ്രക്ഷുബ്ധമായ ഈ പരിതസ്ഥിതിയിൽ മാനുവൽ രാജാവ് ദോം വാസ്കോഡിഗാമയെത്തന്നെ വൈസ്രോയി ആയി നിയമിച്ചു. 1524-ഏപ്രിൽ 9-നു ലിസ്ബണിൽനിന്നു 14 കപ്പലുകളടങ്ങിയ നാവികപ്പടയുമായി വാസ്കോഡിഗാമ പുറപ്പെട്ടു. ഗാമ യാത്ര ചെയ്തത് സാൻക്ത കത്തറിനാ ഡെ മൊൺതെ സിനെയൊ എന്ന കപ്പലിലാണ്. അദ്ദേഹത്തിന്റെകൂടെ രണ്ടു പുത്രന്മാരും ദോം എസ്തെവാ ഡി ഗാമയും, ദോം പാവുളൊഡി ഗാമയും** യാത്ര

** ദോം എസ്തെവൊ നാവികസേനയുടെ ക്യാപ്റ്റൻ ആയിരുന്നു. പ്രശസ്ത സേവനം അനുഷ്ഠിച്ച അദ്ദേഹം പിന്നീട് ഇന്ത്യയിൽ ഗവർണറായി. ദോം പാവുള മലാക്കയിൽ ശത്രുക്കളാൽ കൊല്ലപ്പെട്ടു.

malankaralibrary.com

ചെയ്തു. കൂടാതെ 30 ടേന്മാരും മാടമ്പിമാരും ഉദ്യോഗസ്ഥന്മാരും മറ്റു നാവികരും അടങ്ങിയ 300 പേർ ഗാമയോടുകൂടി ഇന്ത്യയിലേക്കു പുറപ്പെട്ടു. ഓഗസ്റ്റ് 14-ന കപ്പൽ വ്യൂഹം മൊസാംബിക്ക് ദ്വീപിൽ എത്തിച്ചേർന്നു. അവിടെ ഏതാനും ദിവസങ്ങൾ താമസിച്ചതിനുശേഷം മെലിന്തയിൽ എത്തി. അവിടെനിന്നു് ഇന്ത്യൻസമുദ്രത്തിലേക്ക് പുറപ്പെട്ടു. യാത്രാമദ്ധ്യേ മൂന്നു കപ്പലുകൾ കൊടുങ്കാറ്റിൽപെട്ട് നഷ്ടപ്പെട്ടു. മറ്റു കപ്പലുകൾ സെപ്റ്റംബർ 5-ന ചാവുളിൽ വന്നെത്തി. ചാവുളിലെ കോട്ടയുടെ ക്യാപ്റ്റനായി ക്രൈസ്റ്റാവൊ ദെ സൂസായെ വൈസ്രോയിയായി നിയമിച്ചുകൊണ്ടു ഗാമ പറഞ്ഞു: 'മുൻ ഗവർണർ ദോം ഡ്വാർട്ടെ തന്റെ നിയമനത്തെ ചോദ്യംചെയ്യുന്നുവെങ്കിൽ അതേപ്പറ്റി ഗൗനിക്കേണ്ട', ചാവുളിലെ സ്ഥിതിഗതികളെല്ലാം ശരിപ്പെടുത്തിയശേഷം സെപ്റ്റംബർ 23-ന വൈസ്രോയി ഗോവയിൽ വന്നു. ഗാമ ആദ്യംതന്നെ മറുള്ളവരെ ദ്രോഹിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തിരുന്നു. ഗോവൻ കോട്ടകളുടെ ക്യാപ്റ്റൻ ഫ്രൻസിസ്കൊ പെരേരായെ തൽസ്ഥാനത്തുനിന്നു മാറ്റി ദോം ഹെൻറി ദെ മെൻഡോസായെ നിയമിച്ചു.[37]

ഫ്രാൻസിസ്കൊ പെരേരയ്ക്ക് എതിരായി. ശിക്ഷണനടപടിയെടുത്തു. ഉന്നയിക്കപ്പെട്ട ആരോപണങ്ങളെപ്പറ്റി അന്വേഷിച്ചവർ പെരേര കുറക്കാരനാണെന്നു് കണ്ടെത്തി. അന്യായമായി പിരിച്ചെടുത്ത പണവും സമ്പാദിച്ച സ്വത്തും എല്ലാം തിരികെ ഏല്പിക്കുന്നതിനു് ഗാമ അദ്ദേഹത്തെ അനുശാസിച്ചു.

കപ്പലിൽ സ്ത്രീകൾക്ക് വിലക്ക്

ലിസ്ബണിൽനിന്നു ഇന്ത്യയിലേക്കുള്ള കപ്പലിൽ ഏതാനും പോർട്ടുഗീസ് സ്ത്രീകളെ ഒളിച്ചു കടത്തിക്കൊണ്ടുപോരുക പതിവുണ്ടു്. സ്ത്രീസാന്നിധ്യം പലപ്പോഴും ഉദ്യോഗസ്ഥന്മാക്ക് ഇടർച്ചക്കു കാരണമായി. ബലെം തുറമുഖത്തുനിന്നു് കപ്പൽ പുറപ്പെടുന്നതിനുമുമ്പു് ഗാമ ഇപ്രകാരം പ്രഖ്യാപിച്ചിരുന്നു: 'സ്ത്രീകൾ ആരെങ്കിലും കപ്പലിൽ കയറിയിട്ടുണ്ടെങ്കിൽ, അവരുടെ ഭർത്താക്കന്മാർ കപ്പലുകളിൽ യാത്ര ചെയ്യുന്നുണ്ടെങ്കിൽതന്നെയും തൽക്ഷണം തങ്ങളുടെ കുറങ്ങൾ ചങ്ങലകൾകൊണ്ടു ബന്ധിച്ചു് അടിമയെപ്പോലെ പോർട്ടുഗലിലേക്കു മടങ്ങിപ്പോകണം. ഏതെങ്കിലും കപ്പലിന്റെ ക്യാപ്റ്റൻ സ്ത്രീകൾ യാത്ര ചെയ്യുന്നതായി കണ്ടാൽ അവളെ ഉടൻതന്നെ ഇറക്കിവിടാതെ സംരക്ഷണം നൽകിയാൽ അദ്ദേഹത്തെ സ്ഥാനഭ്രഷ്ടൻ ആക്കും.' ഇത്രയെല്ലാം താക്കീതും മുൻകരുതലുകളും ശിക്ഷണനടപടികളും ഉണ്ടായിട്ടും മൂന്നു സ്ത്രീകൾ കപ്പലുകളിൽ യാത്ര ചെയ്തതായി കണ്ടെത്തി. അവരെ തടവിലാക്കി. ഗോവയിൽ കപ്പലുകൾ അടുത്തപ്പോൾ കഠിനമായി

37. Portuguese in India op. cit. pp. 359-360.

malankaralibrary.com

ചമ്മട്ടികൊണ്ടു അടിച്ചു. [38] നിരോധനാജ്ഞ ഉണ്ടായിട്ടും അതിനെ മറി കടന്നു് നീതിനായകനെ അവഗണിച്ചു് ഇന്ത്യയിലേക്കു കടന്നതിനു നമ്മുടെ രാജാവിന്റെ നീതി ഇവരെ ഇപ്രകാരം ശിക്ഷിക്കണമെന്നു് ആവശ്യപ്പെട്ടു എന്നു് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.** കുറ്റക്കാരായ സ്ത്രീകൾക്കു് ഇത്തവണ മാപ്പു കൊടുക്കണമെന്നു് മറ്റു് ഉദ്യോഗസ്ഥപ്രമുഖർ ഗാമയോടു കേണപേക്ഷിച്ചു. ഗാമ അതു സ്വീകരിച്ചില്ല. സന്മാർഗത്തിനും രാജ്യത്തിനും എതിരായി ആരുനിന്നാലും തെറ്റു ചെയ്ത കുറ്റവാളികളെ കഠിനമായി ശിക്ഷിക്കണമെന്നു് താക്കീതു നൽകി. [39]

38. Portuguese in India: Frederic Charles Danvers Vol. I. op. cit. pp. 367-368.

** ഈ മൂന്നു സ്ത്രീകൾക്കും ഒരു ലക്ഷം റിയ വീതം തന്റെ മരണശേഷം സ്ത്രീധനമായി നൽകുന്നതിനു് ഗാമ ഏർപ്പാടു ചെയ്തിരുന്നു.

39. Portuguese in India: Frederic Charles Danvers op. cit. p.369.

malankaralibrary.com

നാലു

അധിനിവേശ കേന്ദ്രങ്ങൾ

ലോകശക്തിരാഷ്ട്രങ്ങളായ പോർട്ടുഗലും സ്പെയിനും രാജ്യങ്ങളും കണ്ടെത്തുന്നതിനിടയിൽ ചെല്ലുന്നിടത്തെല്ലാം മിഷനറി പ്രവർത്തനവും മാനസാന്തര ജോലിയും നിർവ്വഹിച്ചുപോന്നു. ദൈവദൂതന്മാരുടെ പേരിട്ടകപ്പലുകളും കുരിശുമുദ്രിതമായ പതാകകളുമായുള്ള അവരുടെ അന്നത്തെ ജൈത്രയാത്രകളും ഇന്നത്തെ തോതുവച്ച് വിലയിരുത്തുമ്പോൾ ഏകാഭിപ്രായമുണ്ടായെന്നു വരില്ല. പക്ഷേ, അവരുടെ ആ തീവ്ര മാനസാന്തരപരിപാടിമൂലം ലോകത്തിലെ എത്രയോ രാഷ്ട്രങ്ങളാണ് സുവിശേഷവൽക്കരണ പ്രക്രിയയിൽ ഉൾപ്പെട്ടതു! പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിലെ സാമൂഹ്യ രാഷ്ട്രീയ പശ്ചാത്തലത്തിൽ വേണമല്ലോ ഈവക അധിനിവേശ ശ്രമങ്ങളും വിലയിരുത്താൻ. ഭ്രമിശാസ്ത്രപരമായ പ്രാതികൂല്യങ്ങളും മുഹമ്മദീയരുടെ മാർഗതടസ്സങ്ങളും ശത്രുനിരകളുടെ കൊടുംക്രൂരതകളും നേരിട്ടുകൊണ്ടുള്ള പോർട്ടുഗീസ് നാവികപ്പടയുടെയും മിഷനറി പ്രമുഖരുടെയും സാഹസികയത്നങ്ങളും ഇനിയും വിലയിരുത്തപ്പെടാനിരിക്കുന്നതേയുള്ളൂ. ദക്ഷിണ പൂർവ്വേഷ്യയെയും യൂറോപ്പിനെയും തമ്മിൽ വേർപെടുത്തുന്ന ഒരു മഹാകോട്ടപോലെ ഇസ്ലാംമതം നിലകൊണ്ട കാര്യം ഇതിൽ സർവ പ്രധാനമാണ്.

സാഹസികപ്രവേശനം

പോർട്ടുഗീസുകാരുടെ പൗരസ്ത്യദേശ പ്രവേശനം വമ്പിച്ച പരിവർത്തനങ്ങളും വരുത്തിവച്ചതോടൊപ്പം വ്യാപകമായ പ്രതിഷേധകോലാഹങ്ങളും വിളിച്ചുവരുത്തിയതിൽ അത്ഭുതപ്പെടാനില്ല. മറേറതൊരു കൊളോണിയൽ പ്രസ്ഥാനത്തെക്കാളുപരി പോർട്ടുഗീസ് മുന്നേറ്റം ചെന്നുപറ്റിയ രാജ്യങ്ങളിലെല്ലാം കോളിളക്കം സൃഷ്ടിച്ചു. കടലിലും കരയിലും ഇസ്ലാംമതം ഉറപ്പിച്ച വേലിക്കെട്ടുകളെ പോർട്ട

malankaralibrary.com

ഗൽശക്തി തകർത്തു. ഇന്ത്യയിലെ ജനങ്ങളും പാശ്ചാത്യ ലത്തീൻ ക്രൈസ്തവരുമായി പരിചയപ്പെട്ടു, താദാത്മ്യപ്പെട്ടു. ആധിപത്യത്തിന്റെ സ്പോടകമായ സ്വഭാവം ഉണ്ടായിരുന്നുവെങ്കിലും ഇരുകൂട്ടരും അഭേദ്യമായി ബന്ധപ്പെട്ടു. ഉടമ്പടികളും യുദ്ധങ്ങളും, പോർവിളികളും പോരാട്ടങ്ങളും, പീരങ്കികളും പടനീക്കങ്ങളും ഭാരതത്തിന്റെ കടലോര മേഖലയിൽ പ്രകമ്പനങ്ങളും സൃഷ്ടിച്ച കാലഘട്ടം.

ബലതന്ത്രങ്ങളും ഉപയോഗിച്ചാണെങ്കിലും പോർട്ടുഗൽ ഭരണകർത്താക്കളുടെ പ്രതിനിധികളും മതപരിവർത്തനം തങ്ങളുടെ പ്രധാന ഇനം പ്രവർത്തനമാക്കി. കോളനികളിലും നഗരങ്ങളിലും ആയിരങ്ങളെ സമൂഹജ്ഞാനസ്നാനം വഴിയും സമൂഹവിവാഹങ്ങളും വഴിയും മതപരിവർത്തനം ചെയ്തു. അങ്ങനെ അംഗത്വം നേടിയവരെല്ലാം ലത്തീൻ ക്രൈസ്തവ സമൂഹത്തിലാണ് ചേർക്കപ്പെട്ടതു്. ഉപരിപ്ലവ സമീപനം ആയിരുന്നില്ല അത്. ക്രൈസ്തവനാഗരികതയുടെ ജീവൽ പ്രശ്നങ്ങളെ അഗാധമായി സ്പർശിക്കത്തക്കതായിരുന്ന പോർട്ടുഗൽ മിഷനറിമാരുടെ മാർമ്മികസമീപനം. ദക്ഷിണേന്ത്യയിൽ പോർട്ടുഗലിനു് അറ്റു പോകാത്ത വാണിജ്യബന്ധവും അഭിവൃദ്ധിയും കൈവരുത്തി. യൂറോപ്പിലെ നവോത്ഥാനം സാംസ്ക്കാരികമായും മതപരമായും ഇന്ത്യയിലും പ്രചുരമായ പ്രതികരണം ഉളവാക്കി. സാഹസികോദ്യുക്തരും സർവ്വോൽക്കഷ്കാംക്ഷികളുമായ പോർട്ടുഗീസു് അണികളുടെ അമരത്തു നിന്നവർ ഇന്ത്യൻ രാജാധികാരികളുടെ ആരോപണങ്ങളും തുരുതുരാ ഉണത്തിവിട്ടെങ്കിലും അവരുടെ ജനപദങ്ങളിലേക്കു് ആഴത്തിൽ ഇറങ്ങിച്ചെല്ലാൻ കഴിഞ്ഞു എന്നതു് ഒരു യാഥാർത്ഥ്യമാണു്. ആ ഇടപെടൽ സംഗതമോ അസംഗതമോ എന്നതു് വിവാദവിഷയമാകാം. സ്പെയിൻകാരുടെ അമേരിക്ക കണ്ടെത്തൽപോലെ ഇതു് തുലനംചെയ്യാൻ നിവൃത്തിയില്ല.

മാനസാന്തരപ്രവർത്തനം

നേരത്തെ ഇസ്ലാംവിരുദ്ധ മനസ്ഥിതിയോടെ കുരുക്കളം നീക്കിയ പോർട്ടുഗീസുകാർ മുസ്ലീം ശക്തികളെ നിർദ്ദാക്ഷിണ്യം ഒതുക്കി നിർത്തുന്നതിൽ ദൃഢനിശ്ചയം ചെയ്തിട്ടായിരുന്നു പുറപ്പാടു്. വാണിജ്യകുത്തക പിടിച്ചെടുക്കാനും മതസമ്പർക്കം വിപുലീകരിക്കാനും ക്രിസ്തുവിന്റെ പതാക അവർ ടെയിഡു മാർക്കായി ഉപയോഗിച്ചു എന്നതു് ചരിത്രത്തിൽ മങ്ങാതെ നിൽക്കുന്ന ഒരു സത്യമാണു്. കിഴക്കിനെയും പടിഞ്ഞാറിനെയും മതപരമായും രാഷ്ട്രീയമായും വാണിജ്യപരമായും ബന്ധിപ്പിക്കാൻ പല പാലങ്ങളും അവക്കു നിർമ്മിക്കേണ്ടിവന്നു. ഒട്ടേറെ പേരുടെ രക്തസാക്ഷിത്വത്തിലൂടെയും നിരവധി സാഹസിക സംരംഭങ്ങളിലൂടെയും ആധിപത്യം കാലുറപ്പിച്ച തീവ്രപ്രവർത്തനം പ്രധാനമായും മൂന്നു ഘട്ടങ്ങളിലായാണു് നടന്നതു്. ഒന്നു്, പോർട്ടുഗലിന്റെ നേരിട്ടുള്ള ഭരണപ്രദേശങ്ങളായ ഗോവ, ബസായിൻ, താന, ബോംബെ, ഡാമൻ, ഡിയു, ചായൽ, കൊച്ചി, കൊല്ലം, നാഗപട്ടണം,

malankaralibrary.com

മൈലാപ്പൂർ തുടങ്ങിയ പ്രദേശങ്ങൾ. രണ്ട്, പോർട്ടുഗീസുകാരുടെ സ്വാധീനം ശക്തമായിരുന്ന മലബാർ, ചോളമണ്ഡലം തുടങ്ങിയ സ്ഥലങ്ങൾ. മൂന്ന്, അവർക്ക് സ്വാഗതം ലഭിച്ച മധുര, ആഗ്ര, വടക്കെ ഇന്ത്യ, ബംഗാൾ തുടങ്ങിയ വിദൂരദേശങ്ങൾ. ഈവക പ്രദേശങ്ങളിൽ പോർട്ടുഗീസുകാരുടെ വേരുകൾ ഉറപ്പിച്ചത് ഏതു വിധമായിരുന്നു, ഏതേതു പ്രതിസന്ധികളിലൂടെയായിരുന്നു, എന്തു വില അതിനു കൊടുക്കേണ്ടിവന്നു, അതിന്റെയെല്ലാം പ്രത്യാഘാതങ്ങൾ പ്രതികരണങ്ങൾ എന്തെല്ലാം? തുടങ്ങിയ കാര്യങ്ങളാണു ഇവിടെ പരിഗണിക്കാനുള്ളത്.

കൊച്ചി

പോർട്ടുഗീസുകാർ ഒന്നാമതായി ആധിപത്യം സ്ഥാപിച്ചതു കൊച്ചിയിലാണ്. വി. ഫ്രാൻസിസ് സേവ്യറിന്റെ ആഗമനത്തിനു മുൻപ് സുവിശേഷ പ്രവർത്തനം വ്യവസ്ഥാപിതമായ രീതിയിൽ സമാരംഭിച്ചതും ഇവിടെത്തന്നെ. യൂറോപ്യൻ മിഷനറിമാരുടെ പ്രഥമ കേന്ദ്രവും പോർട്ടുഗീസ് ഗവൺമെന്റിന്റെ ഇന്ത്യയിലെ പ്രഥമ തല സ്ഥാനനഗരവും കൊച്ചി തന്നെയായിരുന്നു.

ക്രിസ്തുവിനു വളരെക്കാലംമുൻപ് പാശ്ചാത്യരാജ്യങ്ങളുമായി വാണിജ്യബന്ധം പുലർത്തിയിരുന്ന കേരളത്തിലെ കേന്ദ്രങ്ങളിൽ പ്രധാനം കൊച്ചി. ക്രിസ്തുവർഷത്തിന്റെ ആരംഭദശയിൽ വാണിജ്യകേന്ദ്രമെന്നതിനെക്കാൾ കൂടുതലായി കൊച്ചി അറിയപ്പെട്ടിരുന്നതു "പെരുമ്പടപ്പു സ്വരൂപം"[1] എന്ന അപരനാമമുള്ള കൊച്ചിരാജാക്കൻമാരുടെ ആസ്ഥാനമായാണു. ഇന്ത്യയിൽ യൂറോപ്യൻ ഭരണാധിപൻമാർ ആദ്യമായി ആധിപത്യം സ്ഥാപിച്ച രാജ്യവും കൊച്ചിയാണല്ലൊ. ഇവിടത്തെ ഓരോ ഇഞ്ചു ഭൂമിയിലും ചരിത്രത്തിന്റെ മായാത്ത മുദ്രകളുണ്ട്.

ഇന്ത്യയിൽ ഗോവ കഴിഞ്ഞാൽ രണ്ടാമത്തെ രൂപതയും, തെക്കെ ഇന്ത്യ, സിലോൺ, ബർമ്മ എന്നിവിടങ്ങളിലെ ലത്തീൻരൂപതകളുടെ മാതാവും വിദേശമിഷനറി വരേണ്യരുടെ പ്രവർത്തനരംഗവും കൊച്ചിയാണ്. ഇന്ത്യയിലെ ആദ്യസെമിനാരികളുടെയും ആശ്രമങ്ങളുടെയും

---

1. പൊന്നാനി താലൂക്കിലെ ചെറിയ ഗ്രാമ വില്ലേജാണ് പെരുമ്പടപ്പ്. കൊച്ചിയിൽനിന്നു 10 കിലോമീറ്റർ തെക്ക് പള്ളുരുത്തിക്കു സമീപമുള്ള പെരുമ്പടപ്പ് അല്ല ഇതു. 'സ്വരൂപം' എന്നു പറയുന്നതിന്റെ അർത്ഥം, പൂർണ അധികാരത്തോടുകൂടിയ രാജ്യം ഭരിക്കുന്നവൻ, സ്വതന്ത്രനായ രാജാധിപൻ എന്നാണ്. എട്ടാം നൂറ്റാണ്ടിൽ ചേരമാൻ പെരുമാളിന്റെ ഭരണം അവസാനിച്ചപ്പോൾ പെരുമ്പടപ്പിൽനിന്നും കൊച്ചിയിലേക്കു രാജാവിന്റെ ആസ്ഥാനം മാറി. Velayudhan P. S.: History of Kerala Vol. I. Page. 355.

malankaralibrary.com

കോളജുകളുടെയും സ്ഥാപകയും പോർട്ടുഗീസ് സംസ്കാരത്തിന്റെ സംരക്ഷകയുമാണ കൊച്ചിരുപത. 435 വർഷത്തെ പാരമ്പര്യമുള്ള ഇതിനു ഭാരതസ്ത്രീചരിത്രത്തിൽ ഇന്നു കാര്യമായ സ്ഥാനമില്ലെന്നതു വിരോധാഭാസമാണു, സംഭവബഹുലവും അഭിമാനാർഹവുമായ ചരിത്രത്തിന്റെ ഉടമ.

പൂർവചരിത്രം

യൂറോപ്യൻ ഭൂഖണ്ഡത്തിന്റെ ഇതിഹാസം മലബാറിലെ കുരുമുളകു വാണിജ്യത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. കുരുമുളകു, പലവ്യഞ്ജനങ്ങൾ എന്നിവയുടെ വ്യാപാരത്തിനു കൊച്ചിക്കു അപ്രധാനമല്ലാത്ത സ്ഥാനമാണുള്ളതു [2]. പതിനാലാം നൂറ്റാണ്ടിന്റെ മധ്യംവരെ ഈ പേരിൽ അല്ല കൊച്ചി അറിയപ്പെട്ടിരുന്നതു. പുരാതന വിദേശയാത്രക്കാരായ പ്ളീനി (എ ഡി. 77) ടോളമി (എ. ഡി. 126) മാർക്കോപ്പോളൊ (എ. ഡി. 1293–95) മുതലായവർ 'കൊച്ചി' എന്ന നാമം പറയാതെ "മുസ്സരീസ്" [3] കൊച്ചിരാജ്യത്തിലെ കൊടുങ്ങല്ലൂർ ആണെന്നു പറഞ്ഞിട്ടുണ്ടു. വാണിജ്യകേന്ദ്രമായിരുന്ന ഈ സ്ഥലത്തെക്കുറിച്ചു ചരിത്രകാരൻമാർ പലപ്പോഴും സ്തുതിച്ചു എഴുതാറുണ്ടു. 1000–ലും 1341–ലും ഉണ്ടായ വെള്ളപ്പൊക്കവും ഭൂകമ്പവും നിമിത്തം കൊച്ചിക്കു വൈപ്പിനമിടുക്കു കായലിനേയും കടലിനേയും ബന്ധിച്ചിരുന്ന "കൊച്ചഴി" വിശാലപ്പെടുകയും ഇന്നത്തെ തുറമുഖമായി തീരുകയുംചെയ്തു.

കൊടുങ്ങല്ലൂരും, കൊല്ലവും കേരളത്തിലെ രണ്ടു പ്രമുഖ തുറമുഖങ്ങൾ. കൊച്ചി തുറമുഖത്തിന്റെ പ്രാധാന്യത്തിനും വളർച്ചക്കും ഈ രണ്ടും വഴിമാറിക്കൊടുത്തു. കൊച്ചി (Cochi) യെ വിവിധഭാഷകളിൽ കൊച്ചിൻ (Cochin), കൊച്ചിം(Cochim),കൊച്ചിയം (Cochym), കൊസിം (Cocym), കൊച്ചി (Kochi) –എന്നിങ്ങനെ പറഞ്ഞിരുന്നു. "കൊച്ചി" എന്നവാക്കു ഒന്നാമതായി തങ്ങളുടെ ലിഖിതങ്ങളിൽ എഴുതിയതു ചൈനാക്കാരനായ മാഹുവാൻ (Mahuvan) എന്ന മുസ്ലീമാണത്രെ [4]. 1409–ൽ അദ്ദേഹം കൊച്ചി സന്ദർശിച്ചപ്പോൾ ഇപ്രകാരം എഴുതി: ഞാൻ വിവരിക്കാൻ ഉദ്ദേശിക്കുന്ന കൊച്ചി എന്ന ഒന്നാമത്തെ

2. Koder S. S: Glimpses of old Cochin in Fort Cochin–Municipal Centenary Souvenir; Cochin–1966. p. 43.

3. ബി. സി. 1000 മുമ്പുതന്നെ ഈ മുസ്സിരീ പാശ്ചാത്യരാജ്യങ്ങളിൽ പ്രസിദ്ധമായിരുന്നവത്രെ. സോളമൻ രാജാവു മുസ്സരിസ്സിൽനിന്നു കപ്പൽമാർഗ്ഗം കുരുമുളകും സുഗന്ധദ്രവ്യങ്ങളും കൊണ്ടുപോയിരുന്നു എന്നു ചരിത്രകാരന്മാർ പറയുന്നു. വേലായുധൻ പി. എസ്. 'History of Kerala P. 157

4. Menon K. P. K.: "The Port of Cochin" in Fort Cochin Municipal Centenary Souvenir 1966. P.60.

malankaralibrary.com

തുറമുഖത്തേക്ക് കൊല്ലത്തുനിന്ന് ഒരു രാത്രിയും പകലും യാത്രാ ദൂരമേയുള്ളൂ.'' 1415 നും 1438-നും മദ്ധ്യേ ഇന്ത്യ പല പ്രാവശ്യം സന്ദർശിച്ച വെനീസ് (ഇറ്റാലിയൻ)കാരനായ നിക്കൊളകോന്തി(Niccolo Konti) എന്ന വിദേശസഞ്ചാരിയാണ് കൊച്ചിയെപ്പറ്റി പിന്നീട് എഴുതിക്കാണുന്നത് [5]. 1405 മുതൽ കൊച്ചിരാജാവിന്റെ ആസ്ഥാനം മട്ടാഞ്ചേരി കൽവത്തി കനാലിന്റെ കിഴക്കുഭാഗത്തുള്ള കൊട്ടാരമായിരുന്നു [6].മട്ടാഞ്ചേരിയിൽ മാത്രമല്ല, പള്ളുരുത്തിയിലും, തുപ്പുണിത്തുറയിലും,ഉദയംപേരൂരിലും, ചൊവ്വരയിലും,ഞാറക്കലും, വെള്ളാരപ്പള്ളിയിലും,രാജാവിന്റെ കൊട്ടാരങ്ങൾ ഉണ്ടായിരുന്നു.ഭരണംനടത്തുന്ന രാജാവിന്റെ ഇംഗിതമനുസരിച്ച് ഓരോ സ്ഥലത്തുമുള്ള കൊട്ടാരത്തിൽ വസിച്ചിരുന്നുവത്രേ!

കൊച്ചിരാജാക്കന്മാർ

കൊച്ചിരാജാക്കന്മാർ സൂര്യവംശത്തിൽപ്പെട്ട നായർസമുദായത്തിലെ ഹിന്ദുക്കളായിരുന്നു. കൊച്ചിരാജ്യത്തിൽ നായൻമാർ, ബ്രാഹ്മണർ, ചെട്ടികൾ, ഈഴവർ, മുക്കുവർ, പുലയർ, പറയർ, ചൊക്കിസുകൾ, മുസ്ളീമുകൾ, യഹൂദർ, ക്രിസ്ത്യാനികൾ എന്നീ വിവിധ ജാതികളിൽപ്പെട്ട പൗരന്മാർ അധിവസിച്ചിരുന്നു. യഹൂദർ എ. ഡി. 68-ൽ കൊടുങ്ങല്ലൂരിൽ കുടിയേറി പാർത്തു. എന്നാൽ കൊച്ചിയിൽ അവർക്കു ഒരു സിനഗോഗ് (യഹൂദപ്പള്ളി) ഉണ്ടായതു 1565-ൽ മാത്രമാണ് [7].

ചൈനാക്കാരായ വത്തക പ്രമാണികളെ കൊച്ചി രാജാവ് കൽവത്തിയിലുള്ള കൊട്ടാരത്തിന്റെ സമീപത്തു താമസിക്കുന്നതിനു അനുവദിച്ചിരുന്നു. ചീനക്കാരായ ഈ കച്ചവടക്കാർ വഴിയാണ് നമ്മുടെ നാട്ടിൽ പ്രചാരത്തിലിരിക്കുന്ന ചീനവല, ചീനഭരണി, ചീന ഓട്,ചീനക്കടലാസ്സ്, ചൈനച്ചട്ടി എന്നിവ ലഭ്യമായതു [8].മുസ്ലീങ്ങളുടെയും പോർട്ടുഗീസുകാരുടെയും ആക്രമണങ്ങളുടെ ഫലമായി യഹൂദർ കൊടുങ്ങല്ലൂരിൽനിന്നും കൊച്ചിയിലേക്കു പലായനംചെയ്തു. 1568-ൽ മട്ടാഞ്ചേരി നഗരത്തിന്റെ മധ്യത്തിലായി യഹൂദർ നിർമ്മിച്ച പള്ളി (സിനഗോഗ്) ഇന്നും ഉണ്ടല്ലൊ.

ഒൻപതാം നൂറ്റാണ്ടിന്റെ മദ്ധ്യഘട്ടത്തോടുകൂടി കൊടുങ്ങല്ലൂരിൽ ഉണ്ടായ ഒരു സംഘട്ടനത്തെ തുടർന്ന് മുഹമ്മദീയർ കൊടുങ്ങല്ലൂർ പട്ടണത്തിനു തീ വച്ചു. തന്നിമിത്തം അവിടെനിന്നു ക്രിസ്ത്യാനികളും

---

5. Koder S. S.: Glimpses of Cochin. op. cit. P.62.
6. ഇന്ന് ഈ സ്ഥലത്തു സ്റ്റോറുബ്രാങ്ക് ഓഫ് ഇന്ത്യ സ്ഥിതിചെയ്യുന്നു.
7. Koder S. S.: Glimpses of Old Cochin. op. cit. P. 44.
8. History of Cochin-Diocese. Gervasis Mulakara P. 17.

malankaralibrary.com

യഹൂദരും അയൽപ്രദേശങ്ങളിലേക്ക് പലായനംചെയ്തു[9]. വാണിജ്യകേന്ദ്രമെന്ന നിലയിൽ പ്രശസ്തിയാർജിച്ചിരുന്ന കൊച്ചിയിലും അതിന്റെ അയൽപ്രദേശങ്ങളായ മട്ടാഞ്ചേരി, സൗദി, മാനാശേരി എന്നീ സ്ഥലങ്ങളിലും ക്രിസ്ത്യാനികൾ അഭയംപ്രാപിച്ചു. അവരുടെ ആധ്യാത്മിക ആവശ്യങ്ങൾ സാധിക്കുന്നതിനു ദേവാലയങ്ങളും ക്രമേണ നിർമ്മിക്കപ്പെട്ടു. മട്ടാഞ്ചേരിപ്പള്ളി, വി. തോമ്മായുടെ പള്ളി, പള്ളരുത്തിപ്പള്ളി, [10] ഉറുമിച്ചിപ്പള്ളി (Church of Hormizdas) മുതലായവ.

കൊച്ചി തുറമുഖം 1341-ൽ ആവിർഭവിച്ചതോടുകൂടി കൊച്ചിരാജാവിന്റെ ആസ്ഥാനം 1405-ൽ കൊച്ചിയിൽ സ്ഥാപിതമായി. തന്നിമിത്തം കൊച്ചി നഗരം വളരെയധികം പുരോഗതി പ്രാപിച്ചു. കോഴിക്കോട്, കൊടുങ്ങല്ലൂർ, പുറക്കാട് എന്നീ തുറമുഖങ്ങളുടെ പ്രാധാന്യം കുറഞ്ഞുവന്നു. കൊച്ചിയുടെ പ്രശസ്തി വർദ്ധിച്ചുവന്നു. ആദ്യകാലഘട്ടത്തിൽ കൊച്ചിയെപ്പറ്റിയുള്ള പരാമർശനത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചിയും സമീപ ക്രൈസ്തവ കേന്ദ്രങ്ങളായ വൈപ്പിൻ, മട്ടാഞ്ചേരി, പള്ളരുത്തി മുതലായ സ്ഥലങ്ങളുമാണ് പോർട്ടുഗീസുകാരുടെ ആസ്ഥാനങ്ങൾ എന്നു തെളിയുന്നു.

കോഴിക്കോട് എതിർപ്പ്

1497 മാർച്ച് 25-നു 170 പേരോടുകൂടി ലിസ്ബണിൽനിന്നും കപ്പൽകയറിയ വാസ്കോഡിഗാമ പിറ്റെവർഷം കോഴിക്കോട് വന്നെത്തി. അവരുടെ പ്രധാനലക്ഷ്യം കച്ചവടമായിരുന്നുവെങ്കിലും യുക്തമെന്നു തോന്നുന്നിടത്തെല്ലാം രക്ഷയുടെ അടയാളമായ കുരിശ് സ്ഥാപിക്കണമെന്ന പോർട്ടുഗീസ് രാജാവിന്റെ കൽപനയുമായിട്ടാണ് അവർ പുറപ്പെട്ടത്[11]. കോഴിക്കോട്ടുള്ള പ്രബലരായ അറേ

---

9. പോർട്ടുഗീസുകാർ ഒരു കൈയിൽ കുരിശും മറേറ കൈയിൽ വാളുമായിട്ടാണു് മലബാറിലേക്കു വന്നതെന്നും അവർ ഒട്ടുവളരെ യഹൂദരെ കൊല്ലുകയുണ്ടായെന്നും ചരിത്രകാരനായ കോഡർ പ്രസ്താവിക്കുന്നു.
(Koder S. S: The Jesuits in History of Kerala. Vol. 1. pp. 1052-59.

10. മുണ്ടംവേലിപ്പള്ളിയുടെ കുരിശുപള്ളിയായി 1568-ൽ കടപ്പുറത്തു സ്ഥാപിതമായ സന്ത്യാഗൊ പള്ളിയുടെ പടിഞ്ഞാറു് ഇപ്പോഴും കടലായിരിക്കുന്ന ഭാഗത്തായിരുന്ന പ്രഥമ പള്ളരുത്തിപ്പള്ളി. പരിശുദ്ധ കന്യകമറിയത്തിന്റെ നാമത്തിൽ പ്രതിഷ്ഠിതമായിരുന്ന ഈ ദേവാലയം പോർട്ടുഗീസുകാരുടെ ആഗമനത്തിനുശേഷമാണ് കടലെടുത്തുപോയതു്. ഉർമിച്ചിപ്പള്ളി മട്ടാഞ്ചേരിയിലുള്ള ചരിത്രപ്രസിദ്ധമായ കൂനൻകുരിശിന്റെ പിൻഭാഗത്താണു് സ്ഥിതി ചെയ്തിരുന്നതു്.

11. ഈ പ്രഥമയാത്രയിൽ 6 സ്ഥലത്തു് ഇവർ കുരിശുകൾ സ്ഥാപിച്ചു (കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ: ബ്രദർ ലിയോപോൾഡ്. ടി. ഒ. സി. ഡി. പേജ്. 40).

malankaralibrary.com

ബ്യൻ കച്ചവടക്കാരായ മുഹമ്മദീയർക്കു പോർട്ടുഗീസുകാരുടെ ആഗമനം അത്ര രസിച്ചില്ല. സാമൂതിരിയിൽനിന്നും കാര്യമായ പ്രോൽസാഹനമൊന്നും വാസ്കോഡിഗാമയ്ക്കു് ലഭിച്ചില്ല. ഏതാനും കുറെ ചരക്കുകൾ കച്ചവടമാക്കി അവർ പോർട്ടുഗലിലേക്കു് മടങ്ങി. 1500 ഡിസംബർ 24-ന പോർട്ടുഗീസ് ക്യാപ്റ്റൻ കബ്രാളിന്റെ നേതൃത്വത്തിൽ 1200 പേരെ ഇൻഡ്യയിലേക്കയച്ചു. 8 ഫ്രാൻസിസ്കൻ മിഷനറിമാരും ഇവരുടെകൂടെ ഉണ്ടായിരുന്നു. കോഴിക്കോട്ടെത്തിയ പോർട്ടുഗീസുകാർക്കു് സാമൂതിരിയോടും മുഹമ്മദീയരോടും ഏറ്റുമുട്ടേണ്ടിവന്നു. സാമൂതിരിയുടെ ചതിയിൽ അകപ്പെട്ട് വളരെപ്പേർ മൃതിയടഞ്ഞു. ശേഷിച്ചവർ സ്വരക്ഷക്കായി കബ്രാളിന്റെകൂടെ കൊച്ചിയിലേക്കു പോന്നു. ഇങ്ങനെ ഇദംപ്രഥമമായി പോർട്ടുഗീസുകാർ കൊച്ചിയിൽ കാലുകുത്തി. ഫാദർ ഹെൻട്രിക്ക് ഓഫ് കോയിബ്രയായിരുന്നു കൂടെയുണ്ടായിരുന്ന ഫ്രാൻസിസ്കൻ മിഷനറി സുപ്പീരിയർ. പുതിയ പ്രേഷിത കേന്ദ്രങ്ങളിൽ മിഷൻ പ്രവർത്തനം നടത്താൻ സാദ്ധ്യതയുണ്ടെന്നു് മനസ്സിലാക്കിയ ഇദ്ദേഹം കൂടുതൽ സഹപ്രവർത്തകരെ തേടി പോർട്ടുഗലിലേക്കു് തിരികെ പോയി. 1502 ജനുവരി 7-ന വാസ്കോഡിഗാമ രണ്ടാമതും കൊച്ചിയിലെത്തി. അദ്ദേഹത്തിന്റെകൂടെ ആറ് ഫ്രാൻസിസ്കൻ മിഷനറിമാരും ഉണ്ടായിരുന്നു. കൊച്ചി രാജാവിനു് വാസ്കോഡിഗാമയുടെ ആഗമനം വളരെ ആശ്വാസം നൽകി. കാരണം, സാമൂതിരിയുമായി കൊച്ചിരാജാവ് ശത്രുതയിലായിരുന്നു. സ്വന്തം മതത്തിൽപ്പെട്ടവരെന്ന പ്രത്യേകബന്ധം വഴി നാട്ടുക്രിസ്ത്യാനികളും പോർട്ടുഗീസുകാരും തമ്മിൽ സുഹൃദ്ബന്ധം പുലർത്തി. തദ്ഫാരാ പോർട്ടുഗീസുകാർക്കു് കച്ചവട സൗകര്യവും മിഷനറിമാർക്കു പ്രേഷിത പ്രവർത്തനസൗകര്യവും ലഭിച്ചു. നാട്ടുകാരായ ക്രിസ്ത്യാനികൾക്കു് സ്ഥാനമാനങ്ങളും പദവികളും പോർട്ടുഗീസുകാരിൽനിന്നു് കിട്ടി[12]. കൊച്ചി രാജാവിനു് സാമൂതിരിശത്രുതയിൽനിന്നും സംരക്ഷണം ലഭിച്ചതിനാൽ പൊതുവേ എല്ലാ വിഭാഗക്കാരും പരസ്പരൈക്യത്തിലും സഹകരണത്തിലും ആണു് വർത്തിച്ചിരുന്നതു്. ഇതിൽ സ്വാഭാവികമായും സാമൂതിരിക്കു് നീരസം ഉണ്ടായി.

---

12. നാട്ടുക്രിസ്ത്യാനികളിൽ പ്രമുഖർ തങ്ങളുടെ സൈന്യത്തിൽ സേവനമനുഷ്ഠിച്ചുകൊണ്ടിരുന്നവരിൽ അസാധാരണ സാമർത്ഥ്യവും ധീരതയും പ്രകടിപ്പിച്ചിരുന്നവർക്കു് ''കമുദേന്തി, കപ്പിത്താൻ, അൽഫേരസ്, അരാഫ്ര എന്നിങ്ങനെ ചില ബഹുമതികളും സൈനിക സ്ഥാനങ്ങളും പോർട്ടുഗൽ ഗവൺമെന്റ് നൽകിയിരുന്നു. ഇവയിൽ അത്യുന്നത ബഹുമതിയായ Knight of Military Order of Christ-നു് അർഹനായ ഏക വ്യക്തി കൊച്ചി രൂപതക്കാരനും കമ്പളങ്ങി സ്വദേശിയുമായ അന്തോണി ഫെർണാണ്ടസ് ചാലി (ചാലവീട്ടിൽ) ആയിരുന്നു (Kerala Latin Association Souvenir) 1975 കൊച്ചി രൂപത. ഫാ. ഗീവർഗീസ് മുള്ളക്കര പേജ് 70).

malankaralibrary.com

അൽഫോൻസ് അൽബുക്കർക്ക്

ദോം അൽഫോൻസ് ദെ അൽബുക്കർക്ക് എന്ന പോർട്ടുഗീസ് സേനാനായകൻ ആദ്യം 1503-ലും പിന്നീട് 1507 സെപ്റ്റംബർ 8-ാം തീയതിയും കപ്പലുകളുമായി കൊച്ചിയിൽ വന്നെത്തി. ഏതാനും മിഷനറിമാർ ഇദ്ദേഹത്തിന്റെകൂടെ ഉണ്ടായിരുന്നു. കൊച്ചി രാജാവിന്റെ ശത്രുക്കളെ നിഗ്രഹിച്ചു പരാജയപ്പെടുത്തിയശേഷം രാജാവിനെ സന്ദർശിച്ച അൽബുക്കർക്ക് പോർട്ടുഗീസുകാരുടെ സംരക്ഷണത്തിനായി കൊച്ചിയിൽ ഒരു കോട്ട പണിയുവാൻ അനുവാദം ചോദിച്ചു. രാജാവാകട്ടെ അനുവാദത്തോടൊപ്പം കോട്ട പണിക്കാവശ്യമായ സ്ഥലവും സാമഗ്രികളും ആളുകളെയും നൽകാമെന്നു സമ്മതിച്ചു. കോട്ടയുടെ നടുവിൽ ദേവാലയം അദ്ദേഹം സ്ഥാപിച്ചു. 1508-നവംബർ 1-ാം തു കപ്പിത്താൻ വി. ശ്രുദ്ധ കുരിശു വഹിച്ചുകൊണ്ടു കോട്ടയ്ക്കു ചുറ്റും സാഘോഷം പ്രദക്ഷിണം നടത്തി. തുടർന്നു വെഞ്ചരിപ്പുകർമ്മവും ദിവ്യപൂജയും നിർവഹിച്ചു. ഒന്നാമത്തെ പോർട്ടുഗീസ് വൈസ്രോയി ദോം ഫ്രാൻസിസ്കോ ഡി. അൽമേഡ കല്ലും കുമ്മായവുംകൊണ്ടു കോട്ടയും ദേവാലയവും പണിയുന്നതിനു കൊച്ചി രാജാവിൽനിന്നു അനുവാദം വാങ്ങി. 1506 മെയ് 3-ാം തു അത്യാഡംബരപൂർവം ശിലാസ്ഥാപനം നടത്തി. അന്നു വി. ശ്രുദ്ധ കുരിശിനായി പ്രതിഷ്ഠിതമായ ദിവസമായതുകൊണ്ടു കോട്ടയ്ക്കും ദേവാലയത്തിനും വി. കുരിശിന്റെ (സാൻറക്രൂസ്) പേരാണു നല്കിയതു്. കൊച്ചിയിലെത്തിയ ഫ്രാൻസിസ്കൻ മിഷനറിമാർ കോട്ടയ്ക്കു വെളിയിലുണ്ടായിരുന്ന സെൻറ് ജോൺ കൊബ്രാദൊ ദേവാലയത്തോടനുബന്ധിച്ചാണ് ആദ്യം പ്രവർത്തനമാരംഭിച്ചതു്. ''സാന്തു അന്തോണിയോ'' എന്ന പേരിൽ ഒരു ഫ്രാൻസിസ്കൻ ആശ്രമം 1518-ൽ കൊച്ചിയിൽ സ്ഥാപിച്ചു. നാട്ടുകാരായ ക്രിസ്ത്യാനികളുടെ വിശ്വാസത്തിൽ നെസ്റോറിയൻ അബദ്ധസിദ്ധാന്തങ്ങൾ അടങ്ങിയിരിക്കുന്നു എന്ന സത്യം ആദ്യമായി മനസ്സിലാക്കിയതു് ഈ മിഷനറിമാരാണു്. വിശ്വാസ ശുദ്ധീകരണത്തിൽ തികഞ്ഞ ആത്മാർത്ഥതയോടെ മിഷനറിമാർ പ്രവർത്തിച്ചു.

കോളജും ദേവാലയവും

1514-ൽ 6000 കത്തോലിക്കർ കൊച്ചിയിലുണ്ടായിരുന്നു എന്നറിയുമ്പോൾ ഇവരുടെ പ്രേഷിത പ്രവർത്തനത്തിന്റെ തീക്ഷ്ണത ഊഹിക്കാവുന്നതാണു[13] ഫ്രാൻസിസ്കൻ മിഷനറിമാരെ അനുകരിച്ചു ഈശോസഭക്കാരും കൊച്ചിയിൽ വന്നു. 1542 മെയ് 8-ാം തു ഗോവയിൽ കപ്പലിറങ്ങിയ വി. ഫ്രാൻസീസ് സേവ്യർ ഏതാനും

13. The Clergy Monthly—June 1950 p. 172.

malankaralibrary.com

മാസങ്ങൾക്കകം കൊച്ചിയിലും വന്നെത്തി[14]. ഇവരുടെയും ഒരാശ്രമം ബസത്താസർ ദാഗോയുടെ പ്രത്യേക പരിശ്രമത്തിന്റെ ഫലമായി 1552-ൽ കൊച്ചിയിൽ സ്ഥാപിതമായി. മാത്രമല്ല 1560-ൽ ഒരു കോളജും 1562-ൽ നൊവിഷ്യേറ്റ് ഭവനവും ഈശോസഭക്കാർ കൊച്ചിയിൽ സ്ഥാപിച്ചു.

1553-ൽ കൊച്ചിയിൽ വന്ന ഡൊമിനിക്കൻ മിഷനറിമാർ അതേവർഷം തങ്ങളുടെ ഒരു കോളജും ആശ്രമവും കൊച്ചിയിൽ നിർമ്മിച്ചു. പിന്നീട് ഒരു ദേവാലയവും. ഏറെ താമസിയാതെ അഗസ്റ്റീനിയൻ സഭക്കാരും കർമ്മലീത്തരും പ്രേഷിത പ്രവർത്തനങ്ങൾക്കായി കൊച്ചിയിലെത്തി. വിവിധ സന്യാസ സഭകളുടെ മത്സരിച്ചുള്ള സുവിശേഷ പ്രവർത്തനങ്ങളാൽ ആദ്ധ്യാത്മിക-സാമൂഹ്യമണ്ഡലങ്ങളിൽ വളരെ വേഗം പുരോഗമിക്കാൻ കൊച്ചിക്കു കഴിഞ്ഞു. വിശ്വാസികളുടെ എണ്ണം വർദ്ധിച്ചതോടൊപ്പം ദേവാലയങ്ങളും വിദ്യാലയങ്ങളും മറ്റു മതസ്ഥാപനങ്ങളും കൂട്ടത്തലായി പ്രവർത്തിച്ചു തുടങ്ങി. മാതൃകാ ക്രൈസ്തവസമൂഹംതന്നെ ഇവിടെ ക്രമേണ രൂപംകൊണ്ടു. അരശതാബ്ദത്തിനകം കൊച്ചിയിലുണ്ടായ ഈ ആധ്യാത്മിക മുന്നേറ്റമാണ് രൂപതാ സ്ഥാപനത്തിനു 1557-ൽ മാർപാപ്പയ്ക്കു പ്രചോദനം നൽകിയത്[15].

കൊച്ചിരൂപത

1515-ൽ ലിയോ 10-ാമൻ മാർപാപ്പ ഫുഞ്ചൽ രൂപത സ്ഥാപിച്ചു പൗരസ്ത്യരാജ്യങ്ങളെയെല്ലാം അതിന്റെ കീഴിലാക്കി. 1535-ൽ ക്ലമൻറ് 7-ാമൻ മാർപാപ്പ ഫുഞ്ചലിനെ അതിരൂപതയാക്കി. അതിനോടൊപ്പം ഗോവ ഒരു രൂപതയാക്കുന്നതിനു രേഖ തയ്യാറാക്കിയെങ്കിലും അത് ഒപ്പുവയ്ക്കുന്നതിനുമുൻപ് മാർപാപ്പ ദിവംഗതനായി. അദ്ദേഹത്തിന്റെ പിൻഗാമിക്കാണ് ഇന്ത്യയിലെ ഒന്നാമത്തെ രൂപത സ്ഥാപിക്കാനുള്ള ഭാഗ്യം കൈവന്നതു്. 1534-ഡിസംബർ 3-നു പൗലോസ് 3-ാമൻ മാർപാപ്പ "എക്വും റെപ്പുത്താമുസ്" (Aequum Reputamus) എന്ന ഡിക്രി വഴി ഫുഞ്ചലിന്റെ സാമന്തരൂപതയായി ഗോവ രൂപത സ്ഥാപിച്ചു. തെക്കെ ഇന്ത്യ, ആഫ്രിക്കയിലെ കേപ് ഓഫ് ഗുഡ് ഹോപ്പ്, പൂർവ്വേഷ്യയിലെ ചൈന എന്നിവ ഗോവാ രൂപതയിൽ ഉൾപ്പെട്ടിരുന്നു. ഏതാനും വർഷങ്ങൾക്കുശേഷം 1557 ഫെബ്രുവരി 4-ാംനു പോർട്ടുഗൽ രാജാവു ദോം സെബസ്ത്യാന്റെ അപേക്ഷ

---

14. 'കൊച്ചിരൂപത' ഫാ. ഗർവാസീസ് മുളക്കര (പേജ് 70) പിന്നീട് ഈ വിശ്വാസികൾ 12 പ്രാവശ്യം കൊച്ചി സന്ദർശിച്ചിട്ടുള്ളതായും ലന്തപ്പള്ളിയിൽ ദിവ്യബലി അർപ്പിച്ചിട്ടുള്ളതായും ചരിത്രരേഖകളുണ്ട്.
(Kerala Latin Catholic Association Souvenir) 1975 p. 71.

15. Christian Heritage of Kerala—Diocese of Cochin, Msgr. Thomas Puthenveetil, p. 456.

malankaralibrary.com

പ്രകാരം പൗലോസ് നാലാമൻ മാർപാപ്പ ഏത്തുസി സാൻക്ത ഏത്തു ഇമ്മാകുലാത്ത (Et si Sancta et Immaculata) എന്ന തിരുവെഴുത്തുവഴി ഗോവയുടെ സാമന്ത രൂപതയായി കൊച്ചിരൂപത സ്ഥാപിച്ചു. ഇന്നത്തെ കേരളത്തിനു പുറമെ തമിഴ്നാട്, ഇന്ത്യൻപൂർവതീര പ്രദേശങ്ങളും, സിലോൺ എന്നിവിടങ്ങളിലും അന്നത്തെ കൊച്ചി രൂപതയ്ക്കു ഭരണാധികാരം ഉണ്ടായിരുന്നു. അങ്ങനെ തെക്കെ ഇന്ത്യയിലെ പ്രഥമ രൂപതയെന്ന ബഹുമതിയും കൊച്ചി രൂപതയ്ക്കുണ്ട് [16]. ഡൊമിനിക്കൻ സഭാംഗമായ ദോം ജോർജ് തെമുദോ ആയിരുന്നു കൊച്ചിരൂപതയുടെ പ്രഥമ മെത്രാൻ. രൂപതാസ്ഥാപനം മുതൽ 1838-വരെയുള്ള പ്രഥമഘട്ടത്തിൽ 24 പേർ മെത്രാന്മാരായി നിയമിക്കപ്പെട്ടുവെങ്കിലും എല്ലാവരും തൽസ്ഥാനം സ്വീകരിച്ചില്ല. പ്രായാധിക്യവും പ്രശ്നസങ്കീർണ്ണമായ അന്നത്തെ സാഹചര്യവുമായിരുന്നു ഇതിനു കാരണം. നിയമനം സ്വീകരിച്ചവരിൽത്തന്നെ ചിലർ ഭരണമേല്ക്കാതെ പിന്മാറുകയോ മരണപ്പെടുകയോ ചെയ്തു. കൊച്ചി രൂപതയിൽ രൂപതാദ്ധ്യക്ഷന്മാരായി പ്രഥമഘട്ടത്തിൽ 24 മെത്രാന്മാർ. ഡൊമിനിക്കൻ, അഗസ്റ്റീനിയൻ, ഫ്രാൻസിസ്കൻ, ജസ്വീറ്റ്, കർമ്മലീത്താ എന്നീ സന്യാസസഭയിൽപ്പെട്ടവരായിരുന്നു. പോർട്ടുഗൽ രാജാവായ സെബസ്ത്യാനോയുടെ ആവശ്യപ്രകാരം 1557-ൽ കൊച്ചിയിലെ സാന്താക്രൂസ് ദേവാലയം ബൂളവഴി കത്തീഡ്രൽ ദേവാലയമാക്കി.

പോർട്ടുഗൽ രാജ്യത്തിന്റെ പ്രതാപം കൊടുകുത്തി വാണിരുന്ന നാളുകളിൽ കൊച്ചി പട്ടണമായിരുന്നു പോർട്ടുഗൽ രാജാവിന്റെ ഇന്ത്യൻസ്ഥാനപതിയുടെ ആസ്ഥാനം. 1609-ൽ പോപ്പ് അഞ്ചാമൻ മാർപാപ്പ കൊച്ചി രൂപതയുടെ അതിർത്തി നിർണയിച്ചു. കൊച്ചി അഭ്ദീപിൽ അഞ്ചിക്കൈമളും ** വെണ്ടുരുത്തി മുതൽ തെക്കോട്ടുള്ള ഭാഗങ്ങളും സമുദ്രതീരത്തുനിന്നു പുഴയുടെ അതിർത്തിയിലൂടെ ഒരു ലെവുക്ക (3 കിലോമീറ്റർ) ദൂരം ഉൾഭാഗത്തുള്ള പ്രദേശങ്ങളും കൊച്ചി മെത്രാന്റെ അധികാരസീമയിൽ ഉൾപ്പെട്ടതായിരിക്കുമെന്നു കൽപന വഴി നിർണ്ണയിച്ചു. കൊച്ചിരൂപതയുടെ പരിധി കൊച്ചി പട്ടണംതുടങ്ങി കന്യാകുമാരി മുനമ്പുവരെയുള്ള തീരപ്രദേശങ്ങളും, ഫിഷറികോസ്റ്റുമുതൽ നാഗപട്ടണംവരെയുള്ള കോറമണ്ഡലവും ഉൾപ്പെട്ട വിസ്തൃതപ്രദേശമായിരുന്നു. ഈ രൂപതയിലെ ദേവാലയങ്ങളും എണ്ണിയാൽ

16. 1329-ആഗസ്റ്റ് ഒന്നാം തീയതി 22-ാം ജോൺ മാർപാപ്പ (അവിഞ്ഞോൺ) 'കൊളുമ്പം' എന്ന പേരിൽ കൊല്ലം കേന്ദ്രമാക്കി ഒരു ലത്തീൻ രൂപത സ്ഥാപിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിക്കുകയും മെത്രാനായി ഡൊമിനിക്കൻ സഭാംഗമായ ജൊർദ്ദാനസ് കത്തലാനിയെ നിയമിക്കുകയും ചെയ്തുവെങ്കിലും ഇങ്ങനെയൊരു രൂപത നിലവിൽ വരികയുണ്ടായില്ല. Kerala Latin Catholic Association Souvenir, 1975 p. 72.

** എറണാകുളം വടക്ക് സ്ഥിതിചെയ്യുന്ന ചാത്യാത്തു്.

malankaralibrary.com

തീരാത്തവണ്ണം നിരവധിയാണെന്നു പറയാം [17]. കൊച്ചിയിൽതന്നെ 18 ദേവാലയങ്ങളും സന്ന്യാസാശ്രമങ്ങളും ഗംഭീരമായ സെൻറ്പോൾസ് കോളജുമുണ്ടായിരുന്നു. മൂന്നു നിലകളുള്ള ഈ കോളജിൻെറ വിശാലമായ 24 മുറികളും ഉയരമേറിയ മണിമാളികയും അക്കാലത്തെ ദേശസഞ്ചാരികളുടെ ശ്രദ്ധപിടിച്ചുപറ്റി.

ഡച്ചുകാർ കൊച്ചി നശിപ്പിക്കുന്നു

1662 ജനുവരി 15-നു ഡച്ചു സൈന്യാധിപനായ വാൻഗോയൻ സിൻെറ നേതൃത്വത്തിൽ ഡച്ചുകാർ കൊടുങ്ങല്ലൂർ പട്ടണം പിടിച്ചു. ഒരു കൊല്ലം തികയുന്നതിനുമുൻപ് 1663 ജനുവരി 6-നു കൊച്ചിയും ഡച്ചുകാർ കൈവശമാക്കി. പ്രോട്ടസ്റൻറുകാരായ ഇവർ കത്തോലിക്കാ ദേവാലയങ്ങളും സ്ഥാപനങ്ങളും തകർത്തു [18]. 1503-ൽ സ്ഥാപിതമായ സാൻറാക്രൂസ് ദേവാലയം (കോട്ടപ്പള്ളി) ഡച്ചുകാരുടെ ആയുധപ്പുരയാക്കി. മിഷനറിമാരെ നാടുകടത്തി. കത്തോലിക്കാമതാനുഷ്ഠാനങ്ങൾ നിശ്ശേഷം നിരോധിക്കപ്പെട്ടു. പക്ഷേ നാട്ടുക്രിസ്ത്യാനികളോടുള്ള ഏറ്റവുമുട്ടലിൽ ഡച്ചുകാർ പരാജയപ്പെട്ടു. അവരെ മതപരിവർത്തനം ചെയ്യുന്ന പരിശ്രമം വിഫലമായി. ഒടുവിൽ വ്യാപാരത്തിൽമാത്രം ശ്രദ്ധാലുക്കളായി ഡച്ചുകാർ ഒത്തുതീർപ്പിലെത്തി.

ഡച്ചുകാരുടെ ആക്രമണത്തെത്തുടർന്ന് കൊച്ചി മെത്രാൻ കൊല്ലത്തു താമസിച്ചുകൊണ്ടാണ് ശ്രുപതാകാര്യങ്ങൾ നടത്തിയിരുന്നതു്. അതു് സുഖകരമായ ഭരണസംവിധാനമായിരുന്നില്ല. തന്നിമിത്തം 1709 മുതൽ ഇവിടത്തെ ആധ്യാത്മികകാര്യങ്ങൾ നോക്കുന്നതിനു തൊട്ടടുത്തുണ്ടായിരുന്ന മലബാർ വികാരിയാത്തിലെ കർമ്മലീത്താ സന്ന്യാസിമാരെ കൊച്ചി മെത്രാന്മാർ ആശ്രയിക്കേണ്ടിവന്നു. കർമ്മലീത്താക്കാരുടെ ഇടപെടൽ ക്രമേണ ഭരണപരമായ കാര്യങ്ങളിൽ തർക്കങ്ങൾക്കു കാരണമായി. ഇതും സ്വാഗതാർഹമായ ഭരണരീതി ആയിരുന്നില്ല. അതിനാൽ 1838 ഏപ്രിൽ 24-നു ഗ്രിഗറി 16-ാമൻ മാർപാപ്പ "മുംത്താ പ്രൈക്ളാരാ (Multa praeclara) എന്ന തിരുവെഴുത്തുവഴി കൊച്ചി ശ്രുപതയെ വരാപ്പുഴ വികാരിയാത്തിലേയ്ക്കു താൽക്കാലികമായി ലയിപ്പിച്ചു. അങ്ങിനെ കൊച്ചി ശ്രുപത കുറച്ചുകാലത്തേയ്ക്കു ചരിത്രത്തിൽനിന്നു അന്തർധാനം ചെയ്തു. പോർട്ടുഗീസുകാർ ഈ കൽപന സ്വാഗതം ചെയ്തില്ല. കാരണം പദ്രുവാദോയുടെ കീഴിലായിരുന്ന കൊച്ചിശ്രുപതയെ നിറുത്തൽ ചെയ്തതു പോർട്ടുഗീസ്

---

17. പൗരസ്ത്യ ഭാരതത്തിലെ ക്രിസ്ത്യമതം: ഫാ. ജോൺ പള്ളത്തു് പേജ് 227-28.

18. പോർട്ടുകൊച്ചിയിലെ സെൻറ്ഫ്രാൻസിസ് ദേവാലയം സ്വന്തം പ്രോട്ടസറാൻറ് തിരുക്കർമ്മങ്ങൾക്കായി ഡച്ചുകാർ മാററിവച്ചതുകൊണ്ട് അതുമാത്രം നശിപ്പിക്കപ്പെട്ടില്ല.

malankaralibrary.com

ഗവൺമെൻറ് വഴിയല്ല എന്നതാണ് കാരണം. വൈദികരോടുചേർന്ന് ജനങ്ങളും ഗ്രൂപ്പുതിരിഞ്ഞ് ഒരേ രീതിയിലുള്ള പള്ളികൾ നിർമ്മിച്ചു തുടങ്ങി.

രൂപത പുന:സ്ഥാപനം

1886 ജൂൺ 6-ന അന്നത്തെ പോർട്ടുഗീസ് രാജാവ് ലൂയിസു ഒന്നാമനും മാർപാപ്പയും ചേർന്ന ഒരു ഉടമ്പടിയിൽ ഒപ്പുവച്ചു. അതനു സരിച്ച് സെപ്റ്റംബർ ഒന്നിന ലിയൊ 13-ാം മാർപാപ്പ "ഹമാ നെ സലുത്തിസ് ആവുക്തോർ (Humanae Salutis Auctor) എന്ന തിരുവെഴുത്തുവഴി കൊച്ചി രൂപതയെ വരാപ്പുഴ വികാരിയേത്തിൽനി ന്നുവേർപെടുത്തി ഗോവയുടെ സാമന്ത രൂപതയാക്കി. കൊച്ചി രൂപത യ്ക്ക രണ്ട ഭാഗങ്ങളുണ്ടായിരുന്നു. 50 മൈൽ നീളമുള്ള ഒന്നാമത്തെ ഭാഗ ത്തിൻെറ അതിർത്തികൾ: വടക്ക വൈപ്പിൻ, തെക്ക പുറക്കാട്, പടി ഞ്ഞാറ് അറബിക്കടൽ, കിഴക്ക വേമ്പനാട്ടുകായൽ. രണ്ടാമത്തെ ഭാഗ ത്തിനു 30 മൈലാണ് നീളം. വടക്ക പള്ളിത്തുറ, തുമ്പ എന്നീ ഗ്രാമ ങ്ങളും, തെക്ക പടിഞ്ഞാറു ഇൻഡ്യാമഹാസമുദ്രവും, തെക്കുകിഴക്ക് പാറനം നദീശാഖയും, കിഴക്ക പള്ളിത്തുറയിൽനിന്നു കടവുപാലം വരെയുള്ള ഗവൺമെൻറു കനാലുമാകുന്നു. കൊച്ചി രൂപതയിൽപെട്ട പള്ളികളെക്കുറിച്ച ചില തർക്കങ്ങൾ ഉയർന്നപ്പോൾ ഇതിനു റോമിൽ നിന്നു പ്രത്യേകം നിയുക്തനായ ആളും അന്നത്തെ അപ്പസ്തോലിക സെ ക്രട്ടറിയുമായിരുന്ന മോൺ. ലഡിസ്ലാവുസ് സലേസ്ക്കി 1893 ജൂലായ് 18-ന പ്രത്യേക ഡിക്രി വഴി പള്ളികൾ കൃത്യമായി നിശ്ച യിച്ചു ഉത്തരവിട്ടു.

ഇതനുസരിച്ച കൊച്ചി രൂപതയിലെ പള്ളികളുടെ എണ്ണം 50 ആയി കുറഞ്ഞുവെങ്കിലും 1836-ൽ വരാപ്പുഴയിലേക്ക ലയിക്കപ്പെട്ട വൈപ്പിൻ,മട്ടാഞ്ചേരി, മാനാശേരി, ഇടക്കൊച്ചി, അത്തുങ്കൽ(സെൻറു ആൻഡ്രൂ)എന്നീ പുരാതന പള്ളികൾ കൊച്ചി രൂപതക്ക കിട്ടി.പുന: സ്ഥാപിതമായ കൊച്ചി രൂപതയുടെ പ്രഥമ മെത്രാനായി അഭിഷി ക്തനായത്ത ദൊം ജോൺ ഗോമസ് ഫെറെയ്റോ. ഇന്നത്തെ സാൻറാ ക്രൂസ് കത്തീഡ്രൽ ദേവാലയത്തിൻെറ പണി ആരംഭിച്ചതു ഈ മെ ത്രാനാണ്. നിർഭാഗ്യവശാൽ ആദ്യം പണിതുയർത്തിയ കെട്ടിടം 1897-ൽ ഇടിഞ്ഞുവീണുപോയി. ഹൃദയഭേദകമായ ഈ അത്യാഹിത ത്തിൻെറ ദുരിതനിവാരണത്തിനായി മെത്രാൻ പള്ളിപണിക്ക ഫണ്ട ശേഖരിക്കുവാൻ യൂറോപ്പിലേക്ക പുറപ്പെട്ടു. അദ്ദേഹം ഗോവയ്ക്കുത്തു കപ്പലിൽ ചരമമടഞ്ഞു.രണ്ടാമത്തെ മെത്രാനായി ദൊം മത്തെവൂസ്ദെ ഒല്യൂവേരൊ സേവ്യർ നിയമിതനായി. 1908 വരെ അദ്ദേഹം കൊച്ചി രൂപതയുടെ മെത്രാനായി ഭരണം നടത്തി. കത്തീഡ്രൽ പള്ളിയുടെ പണിപൂർത്തിയാക്കിയതു ഈ മെത്രാനാണ്.ലോകവ്യാപകമായ"മരി യൻ സൊഡാലിറ്റി" എന്ന ഭരണസംഘടനയുടെ കൊച്ചി രൂപത

malankaralibrary.com

യിലെ പ്രഥമ യൂണിറ്റ 1901 ഡിസംബർ 8-ന വൈപ്പിൻ ഇടവക യിൽ ഉൽഘാടനം ചെയ്തതും മത്തെവൂസ് തിരുമേനി തന്നെ.

രാജകുടുംബാംഗമായ ഒം ജൊസെസ്റ്റൊ മാർട്ടിൻ റിബെയിര യാണ് പിന്നീട് കൊച്ചി മെത്രാനായി നിയമിക്കപ്പെട്ടത്. ധനാഢ്യ നെങ്കിലും കരുണാമസൃണനായ മെത്രാനായിരുന്ന അദ്ദേഹം. ഇന്നു കൊച്ചി രൂപതയ്ക്കുള്ള മൂലധനമെല്ലാം ഇദ്ദേഹത്തിന്റെ ഔദാര്യഫല മാണ്. കൊച്ചി മെത്രാന്മാരുടെ സമ്മർവില്ലയായിത്തീർന്ന "മൗണ്ട് ഫോർമോസ"" (മംഗലപ്പുഴക്കുന്ന്) മംഗലപ്പുഴ സെമിനാരിക്ക ദാനം ചെയ്തതു റിബെയിര തിരുമേനിയാണ്. രൂപതയിലെ ആധ്യാത്മി ക നവോത്ഥാനത്തിനു ഉത്തരീയക്ഷേത്രിയും തിരുഹൃദയക്ഷേത്രിയും പ്രച രിപ്പിക്കുന്നതിൽ അദ്ദേഹം പ്രത്യേക താൽപര്യം കാണിച്ചിരുന്നു.

മംഗലപ്പുഴക്കുന്ന്

പോർട്ടുഗീസുകാരും പിന്നീട് ഡച്ചുകാരും തങ്ങളുടെ സാനിട്ടോ റിയംപോലെ കരുതിപ്പോന്ന ഒരു സ്ഥലം ആലുവാപ്പുഴത്തുള്ള പെരി യാറിന്റെ തീരത്തുണ്ട് "മോൺസ് ഫൊർമോസ" (മനോഹരമായ കുന്ന്) അഥവാ "മംഗലപ്പുഴ". 44 ഏക്കർ വിസ്തീർണമുള്ളതും, ഒരു ഇരുനില ബംഗ്ലാവും, ജാതി മുതലായ ഫലവൃക്ഷങ്ങളുമുള്ള ഈ സ്ഥലം 1862-ൽ പോർട്ടു കൊച്ചിയിൽ താമസിച്ചിരുന്ന എപ്പ്. ഇ. ഷൊട്ടലിയാർ (H. E. Sehoetlier) എന്ന യൂറോപ്യന്റെ കൈവശത്തി ലായിരുന്നു. ഇദ്ദേഹത്തിന്റെ പക്കൽനിന്നു സെമിനാരി സ്ഥാപിക്ക ണമെന്ന ഉദ്ദേശത്തോടെ സുറിയാനി സമുദായത്തിലെ അന്നത്തെ പ്ര മുഖ നേതാവ് പാറായി അവിരാവർക്കി തരകൻ വസ്തു തീറെഴുതി വാങ്ങി. 1866 ജൂലൈ 25-നു ഈ സ്ഥലം രജിസ്റ്റർ ചെയ്തു.3500 രൂപ സ്ഥലവിലയും, 500 രൂപ ആധാരചിലവും. സ്ഥലവും കെട്ടിടവും ഗോവ മെത്രാപ്പോലീത്താവഴി പോർട്ടുഗീസു പദ്രുവാദോസ്തു പിന്നീട് തീറെഴുതിക്കൊടുത്തു. (ഡോ. തോമസ് പുതിയാകുന്നേൽ: കേരളത്തി ലെ സെമിനാരികളും പേജ് 27-37. സത്യദീപം, 1966 ജൂലൈ 6. ഡോ. പി. ജെ. തോമസ്).

പദ്രുവാദോ സെമിനാരി 1878-ൽ ഈ മംഗലപ്പുഴക്കുന്നിൽ സ്ഥാ പിച്ചു. കൊട്ടങ്ങല്ലൂർ രൂപതയിലെ സുറിയാനി റീത്തിൽപ്പെട്ട വൈ ദിക വിദ്യാത്ഥികളെ ഉദ്ദേശിച്ചാണു സെമിനാരി സ്ഥാപിതമായതു. സെമിനാരി 8 വർഷത്തോളം ഊർജിതമായി പ്രവർത്തിച്ചുപോന്നു. 1886-ൽ ഇന്ത്യയിൽ ലത്തീൻ ഹൈരാർക്കി സ്ഥാപിതമായതോടെ കൊട്ടങ്ങല്ലൂർ രൂപത നിർത്തലാക്കി. സെമിനാരിയും നിന്നുപോയി.

കൊച്ചിമെത്രാനും മംഗലപ്പുഴക്കുന്നും

മംഗലപ്പുഴക്കുന്നു തീറായി കൊടുത്തശേഷം പ്രസ്തുത സ്ഥലം ഗോ വ മെത്രാപ്പോലീത്തായുടെ പേരിലാക്കി. പോർട്ടുഗീസുരാജാവിനു,

malankaralibrary.com

മേലിൽ ഭാതാക്കന്മാർ യാതൊരു അവകാശവും ഇല്ലാത്ത വിധത്തിൽ തീറെഴുതി കാണിയ്ക്കുയായി കൊടുത്തു. പരി. സിംഹാസനത്തിനല്ല പോട്ടുഗീസു രാജാവിനാണു സ്ഥലം കൊടുത്തത്. പോർട്ടുഗീസു രാജാവാകട്ടെ 1867 മെയ് 7-ന പുറപ്പെടുവിച്ച ഒരു കൽപനയിൽ ഈ കാണിക്ക സ്വീകരിച്ചു, ഇതിനു ഉപോൽബലകമായ രേഖ കൊച്ചി മെത്രാസന കച്ചേരിയിൽ പോർട്ടുഗീസ് ഭാഷയിലുണ്ട്. അതിന്റെ മലയാള പരിഭാഷ താഴെ ചേർക്കുന്നു:

കൊട്ടങ്ങല്ലൂർ അതിരൂപതയിൽപ്പെട്ട ഏതാനും കൽദായ സുറിയാനിക്കാർ വലിയ തൊവാലത്തു്എന്ന വില്ലേജിൽ മംഗലപോം കുന്നു വിലയ്ക്കു വാങ്ങുകയുണ്ടായി. പ്രസ്തുത സ്ഥലം രൂപതാ സെമിനാരി സ്ഥാപിക്കുന്നതിനും അതിരൂപതയിലെ മെത്രാപ്പോലീത്തായ്ക്കു് അരമനപണിയുന്നതിനുമായി ദാനമായി നൽകുകയുണ്ടായി. ഈ സ്ഥലത്തിൽനിന്നു് ലഭിക്കുന്ന ആദായംകൊണ്ടു് സെമിനാരി കെട്ടിടം സംരക്ഷിക്കുന്നതിനുവേണ്ടി പ്രസ്തുതസ്ഥലം പൂർവദേശത്തെ പാത്രിയർക്കീസായ ഗോവാ മെത്രാപ്പോലീത്തായെ ഭരമേല്പിച്ചു.

കൗൺസിലറിന്റെയും, പ്രൊക്കുറേറർ ജനറലിന്റെയും നാവിക സേനാ മേധാവികളുടെയും അഭിപ്രായങ്ങളെ ആദരിച്ചു, ഇന്ത്യയിലെ പള്ളികളുടെ സംരക്ഷണാധികാരി എന്ന നിലയിൽ മേൽപ്പറഞ്ഞ സ്ഥലം ഏതൊരു ഉദ്ദേശത്തോടുകൂടി ദാനം ചെയ്തിരിക്കുന്നുവോ അവയെ ആദരിക്കുന്നതാണു്. ഈ പ്രവൃത്തിവഴി തങ്ങളുടെ മതവികാരങ്ങളെ പ്രകടമാക്കുകയും പൗരന്ധ്യ ദേശത്തു് പോർട്ടുഗീസുകാർക്കുള്ള മേൽക്കോയ്മയെ അംഗീകരിക്കയുമാണു് ചെയ്തിരിക്കുന്നതു്.

മംഗലപ്പുഴക്കുന്നിന്റെ മേലുള്ള ഉടമസ്ഥാവകാശം ഗോവ മെത്രാപ്പോലീത്തായെ തുടർന്നു പോർട്ടുഗീസു രാജാവിന്റെ പേരിൽ കൊച്ചിരൂപത നിർവ്വഹിച്ചു പോന്നു. പദ്രുവാദോയുടെ കീഴിലുള്ള ഈ സ്ഥലത്തിന്റെ കാര്യം അന്വേഷിക്കുന്നതിനു് ഗോവയിൽനിന്നും കൊച്ചി മെത്രാനു് അധികാരം നൽകപ്പെട്ടിരുന്നതുകൊണ്ടു് തൽക്കാലത്തേക്കു് സെമിനാരി കെട്ടിടവും മംഗലപ്പുഴ വസ്തുക്കളും അതിനായുള്ള ആധാരം മുതലായ രേഖകളും കൊച്ചി മെത്രാനെ ഏല്പിച്ചു കൊടുത്തു. ഇങ്ങനെയാണു് മംഗലപ്പുഴക്കുന്നു കൊച്ചി മെത്രാന്റെ അധീനതയിൽ വന്നുചേർന്നതു് (കേരളത്തിലെ സെമിനാരികൾ പേജ്. 34-35). കൊച്ചി മെത്രാനായിരുന്ന ദോം മത്തേവൂസ് ദെ ഒലിവേരെ സേവ്യർ, 44 ഏക്കർ വിസ്തീർണ്ണമുള്ള ഇവയുടെ പട്ടയം 1/1 എന്ന നമ്പറിൽ 647-ാമത്തെ സർവ്വെ നമ്പറായി സമ്പാദിച്ചു. മാത്രമല്ല ഈ വസ്തുവകകൾക്കു് സർക്കാരിനു കരം കൊടുക്കുകയും ബംഗ്ലാവിന്റെ കേടുപാടുകൾ പോക്കുകയും ചെയ്തുപോന്നു. കൊച്ചി മെത്രാൻ തന്റെ ഒരു വേനൽക്കാലവസതിയായി (Summer Villa) ഇതുപയോഗിച്ചുകൊണ്ടിരുന്നു. ഈ സെമിനാരി കെട്ടിടത്തിന്റെ ചില ഭാഗങ്ങൾ യൂണിയൻ ക്രിസ്ത്യൻ കോളജിനു് 100 രൂപ പാട്ടത്തിനു് കൊടുത്തിട്ടുണ്ടായിരുന്നു.

malankaralibrary.com

ഇ. ജയിക്കബ് ജോണാണ് 1921-മുതൽ വാടക ഇനത്തിൽ പണം കൊടുത്തുപോന്നത്. തിരുവിതാംകൂർ ഗവൺമെൻറ് അധികാരികളും മുഖേന ഈ സ്ഥലത്തിൻെറ ഒരു ഭാഗം സ്വന്തമാക്കാൻ ശ്രമിച്ചപ്പോഴും വളരെ ബുദ്ധിമുട്ടിയും പണം ചിലവാക്കിയും കൊച്ചി മെത്രാൻ അതെല്ലാം വീണ്ടെടുക്കയാണുണ്ടായത് (കേരളടൈംസ് 1966 ജൂലായ് 6).

മംഗലപ്പുഴയിൽ പുതിയ സെമിനാരി

പുത്തൻപള്ളിയിൽ സ്ഥലപരിമിതി നിമിത്തം കൂടുതൽ വൈദികവിദ്യാർത്ഥികളെ സ്വീകരിക്കുന്നതിനും സാദ്ധ്യമല്ലാതായി. അനാരോഗ്യപരമായ കാലാവസ്ഥയും നിലനിന്നിരുന്നു. അതിനാൽ പുതിയ സെമിനാരി സ്ഥാപിക്കുന്നതിനുള്ള സ്ഥലം പുത്തൻപള്ളി സെമിനാരി അധികൃതർ അന്വേഷിച്ചു തുടങ്ങി. കോട്ടയം, തൃക്കാക്കര, മാഞ്ഞാലി എന്നീ സ്ഥലങ്ങളും സെമിനാരിക്കുവേണ്ടി നിർദ്ദേശിക്കപ്പെട്ട വിവരം അറിഞ്ഞ കൊച്ചിമെത്രാൻ റൈറ്റ് റവ. ഡോ. ജോസ് ബനേറ മാർട്ടിൻ റിബെയറ, ആലുവായിലുള്ള മംഗലപ്പുഴയിൽ സെമിനാരി സ്ഥാപിക്കുന്നതിനും തനിക്കും സമ്മതമാണെന്നും കാണിച്ചു. ദലഗാദ അപ്പസ്തോലിക്കയായ ഡോ. എഡ്വേർഡ് മൂണിസ്സും കത്തയച്ചു. അതിൻെറ മലയാള പരിഭാഷ ഇപ്രകാരം സംഗ്രഹിക്കാം: ''ഏതാനും വർഷങ്ങളായി എൻെറ രൂപതയിൽപ്പെട്ട വൈദിക വിദ്യാർത്ഥികളെ പുത്തൻപള്ളി സെമിനാരിയിലാണ് അയച്ചുകൊണ്ടിരുന്നത്. കുറച്ചു കൊല്ലങ്ങൾക്കു മുൻപു റവ. ഫാ. റെക്ടർ എന്നെ അറിയിച്ചു, സെമിനാരിയിൽ സ്ഥലസൗകര്യമില്ലാത്തതിനാൽ ഇനി മേലിൽ വൈദികവിദ്യാർത്ഥികളെ സ്വീകരിക്കുന്നതല്ലെന്നും. സാഹചര്യങ്ങളുടെ സമ്മർദ്ദം നിമിത്തം ഒരു മേജർ സെമിനാരി സ്ഥാപിക്കുവാൻ ഞാൻ നിർബന്ധിതനായി. എന്നാൽ നാലുവർഷത്തെ അനുഭവങ്ങളിൽനിന്നു എനിക്ക് മനസ്സിലായി. രൂപതയുടെ നന്മയ്ക്ക് ഈ സെമിനാരി തുടർന്നു കൊണ്ടുപോകുന്നതു് ഉചിതമല്ലെന്നും. ഉത്തമരായ പ്രൊഫസർമാരെ കിട്ടുകയെന്നതും ശ്രമകരമായ ഒന്നാണും. സെമിനാരി നടത്തിപ്പിലേയ്ക്കു വലിയ സംഖ്യ ചിലവഴിക്കേണ്ടിയും വരും.

മലബാറിനു പുറത്തുള്ള മറ്റ് രാജ്യങ്ങളിലുള്ള വിവിധ സെമിനാരികളിലേക്ക് വൈദികവിദ്യാർത്ഥികളെ അയക്കാമെന്നു വച്ചാൽത്തന്നെ, അതിനേറെതായ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നേരിടേണ്ടതായിട്ടുണ്ട്. പുത്തൻപള്ളിയിലെ സെമിനാരി വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യതയും കാണുന്നില്ല. ഇത്തരുണത്തിൽ ഒരു പുതിയ സെമിനാരി മെച്ചപ്പെട്ട സ്ഥലത്തു് സ്ഥാപിക്കുന്നതായിരിക്കും അഭിലഷണീയമായിട്ടുള്ളതു്. ആലുവായിൽ കൈവശമുള്ള ഏറ്റം ഉത്തമമായ സ്ഥലം ഒരു സെൻട്രൽ സെമിനാരി സ്ഥാപിക്കുന്നതിനു് നല്ലാൻ ഞാൻ സന്നദ്ധനാണും. ഈ സ്ഥലം പോർട്ടുഗീസു ഗവൺമെൻറു വകയാണും. എന്നാൽ എൻെറ വൈദിക വിദ്യാർത്ഥികളുടെയും കഴിയുമെ

malankaralibrary.com

ങ്കിൽ മൈലാപ്പൂർ രൂപതയിലെ വൈദികവിദ്യാർത്ഥികളുടെയും ഉപരി നന്മയ്ക്കായതുകൊണ്ട് ഈ സ്ഥലം പരി. സിംഹാസനത്തിനു ദാനമായി നൽകുന്നതിനു ഗവൺമെൻറ് തടസ്സം പറയുകയില്ലെന്ന് എനിക്കു റപ്പുണ്ട്.

എന്റെ വിനീതമായ ഈ ആഗ്രഹം തിരുമേനി അംഗീകരിച്ചു പരി. സിംഹാസനത്തെ ഈ കാര്യം ഉണർത്തിക്കുകയാണെങ്കിൽ ഞാൻ അതീവ കൃതാർത്ഥനായിരിക്കും. ഇതിനകം ഗവൺമെൻറിനെക്കൊണ്ട് ഈ നിർദ്ദേശം അംഗീകരിപ്പിക്കുന്നതിനു ആവശ്യമായ നടപടികളും ഞാനും സ്വീകരിക്കുന്നതായിരിക്കും (കൊച്ചി മെത്രാസന അരമനയിൽ സൂക്ഷിച്ചിരിക്കുന്ന രേഖകളുടെ തർജ്ജിമ). ഗോവയുടെ മെത്രാപ്പോലീത്തയും ഈസ്റ്റ് ഇൻഡീസിന്റെ പാത്രിയർക്കീസും കൊടുങ്ങല്ലൂർ രൂപതയുടെ സ്ഥാനിക മെത്രാപ്പോലീത്തയുമായ ഡോ. മാത്യു പോർട്ടുഗലിന്റെ കോളനികളുടെ മിനിസ്റ്ററിനോടു ഈ മംഗലപ്പുഴക്കുന്നിൽ പുതിയ സെമിനാരി സ്ഥാപിക്കുന്നതിനുള്ള അനുവാദം ചോദിക്കുകയും അതിനു അനുകൂലമായ മറുപടി 1929 മാർച്ച് 22-ാംതീയതി ലഭിക്കയുമുണ്ടായി.

നിയമാനുസൃതമായ നടപടികളെല്ലാം പൂർത്തിയായപ്പോൾ താഴെ കൊടുത്തിരിക്കുന്ന ഇഷ്ടദാനത്തിൽ പുത്തൻപള്ളി സെമിനാരി റെക്ടർ റവ. ഫാ. ജോൺ ജോസഫ് ഒ. സി. ഡി. വഴി മംഗലപ്പുഴക്കുന്നിനെയും കെട്ടിടങ്ങളുടെയും മേലുള്ള ഉടമസ്ഥാവകാശവും അനുഭോവകാശവുമെല്ലാം പരി. സിംഹാസനത്തിനു 1929 ഒക്ടോബറിൽ ലഭിച്ചു.

പ. സിംഹാസനത്തിന്റെ പ്രതിനിധിയായ ഫാ. ജോൺ ജോസഫിനു ഈ വസ്തുവകകളും തീറു എഴുതി കൊടുത്തതിപ്രകാരമായിരുന്നു. ഗോവയുടെ പാത്രിയർക്കീസും, അഡ്മിനിസ്ട്രേറ്ററും, കൊച്ചി അരമനയിൽ താമസിക്കും, യൂറോപ്യനും 70 വയസ്സു പ്രായമുള്ളവനുമായ കൊച്ചി മെത്രാൻ ജോസ് ബനേറ മാർട്ടിൻ, യൂറോപ്യനും, ആചാര്യനും 53 വയസ്സു പ്രായമുള്ളവനും പുത്തൻ പള്ളി സെമിനാരി റെക്ടറും പരി. സിംഹാസനത്തെ പ്രതിനിധാനം ചെയ്യുന്നവനുമായ റവ. ഫാ. ജോൺ ജോസഫ് ഒ. സി. ഡി. കു എഴുതിക്കൊടുത്ത തീറാധാരം:

ഒരു പേപ്പൽ സെമിനാരി സ്ഥാപിക്കുന്നതിനു എന്റെ പിൻഗാമിയുടെ നാമത്തിലുള്ളതും താഴെ പറയുന്ന 2,000-രൂപ വില വരുന്നതുമായ സ്ഥലം അതിലെ വൃക്ഷങ്ങളും മറ്റു ജംഗമ വസ്തുക്കളും സാമഗ്രികളും, ഇതേപ്പറ്റി വേണ്ടവിധം ആലോചിച്ച ശേഷം സ്വന്തം ഭ്രദാനമായി മുൻ പ്രസ്താവിച്ചിരിക്കുന്ന ഫാ. ജോൺ ജോസഫ് ഒ. സി. ഡി. വഴി പരി. സിംഹാസനത്തിനു ഞാൻ നൽകുന്ന 617-ാം പട്ടയനമ്പറായും 1/1 സർവ്വെ നമ്പറായും 44 ഏക്കറോളം വരുന്നതും ഇപ്പോൾ എന്റെ കൈവശത്തിലിരിക്കുന്നതും പിൻതുടർച്ചാവകാശ

malankaralibrary.com

ത്തോടെ അനുഭവിച്ചു പോരുന്നതും സർക്കാരിനു നികുതി കൊടുത്തു പോരുന്നതുമാണ് ഈ സ്ഥലം.

കൊച്ചി രൂപതയിലെയും മറ്റു രൂപതകളിലെയും വൈദിക വിദ്യാർത്ഥികളുടെ പഠനത്തിനായി ഒരു സെൻട്രൽ അപ്പസ്തോലിക്ക് സെമിനാരി സ്ഥാപിക്കുന്നതിനുവേണ്ടി പരി. സിംഹാസനം അംഗീകരിച്ചിട്ടുള്ള നിയമങ്ങൾക്കനുസൃതമായോ, മേലിൽ അംഗീകരിക്കപ്പെടാവുന്ന നിബന്ധനകൾക്കനുസരണമായോ പരി. സിംഹാസനത്തിന്റെ പൂർണ വിനിയോഗത്തിനായി ഈ സ്ഥലം ഏല്പിച്ചു കൊടുക്കുന്നു. മാത്രമല്ല പരി. സിംഹാസനത്തിന്റെ അഭീഷ്ടംപോലെ മറ്റു കാര്യങ്ങൾക്കായും ഈ സ്ഥലം ഉപയോഗിക്കാവുന്നതാണ്. ഞാനോ, എന്റെ പിൻഗാമികളോ ഈ വസ്തുവിനെ സംബന്ധിച്ച് യാതൊരു അവകാശവാദങ്ങളും മേലിൽ ഉന്നയിക്കുന്നതല്ല. കൊച്ചി മെത്രാൻ.

(മംഗലപ്പുഴ സെമിനാരിയിൽ സൂക്ഷിക്കുന്ന ഫയലിൽനിന്ന്)

കൊച്ചി രൂപതയിൽ ഏറെ ക്രിയാത്മകമായി പ്രവർത്തിച്ചിട്ടുള്ള ഡൊം അബീലിയോസ് അഗ്രസ്തൊവെസ് ഡാസ്നെവാസ് ആണ് പിന്നീട് രൂപതാഭരണം ഏറ്റത്. 1934 മുതൽ 1939 വരെ ഇദ്ദേഹം കൊച്ചി രൂപതാഭരണം നടത്തി. ധീഷണാശാലിയും കർമ്മകുശലനും പരിചയ സമ്പന്നനും സേവനസന്നദ്ധനുമായിരുന്ന അബീലിയൊ തിരുമേനി രൂപതയുടെ ബഹുമുഖമായ പുരോഗതിക്കുവേണ്ടി പല നല്ല പ്രവർത്തനങ്ങൾക്ക് പ്രചോദനവും നേതൃത്വവും നൽകി. കത്തോലിക്കാ പ്രവർത്തനം, ഏകാന്തധ്യാനപ്രസ്ഥാനം, തൊഴിലാളി സംഘടന, സെൻറ് വിൻസൻറ് ഡി പോൾ സംഘം എന്നിവയെല്ലാം രൂപതയിൽ സ്ഥാപിക്കുന്നതിലും അവ പ്രവർത്തനസജ്ജമാക്കുന്നതിലും അദ്ദേഹം കഠിനാദ്ധ്വാനം ചെയ്തു.

രൂപതയുടെ ഭരണപരമായ കെട്ടുറപ്പിനും, അജഗണങ്ങളുടെ അഭ്യുന്നതിക്കുംവേണ്ടി അഹോരാത്രം ബുദ്ധിമുട്ടി. ഇന്നു രൂപതയിൽ നിലവിലുള്ള ഭരണസംവിധാനത്തിന്റെ ശിൽപി അബീലിയൊ തിരുമേനിയാണെന്നു പറയാം. കൊച്ചി രൂപതയിലെ ഏറ്റവും ഒടുവിലത്തെ വൈദേശിക മെത്രാൻ ഡൊം ജൊസെ വിയെരാ അൽവെർണാസ്. 1942 മുതൽ 1951 വരെ ഭരണം നടത്തി. ഉന്നതബിരുദങ്ങളുടെ ഉടമയും, തികഞ്ഞ പണ്ഡിതനും, സർവോപരി ലളിതജീവിതത്തിനു പ്രശസ്തിയാർജ്ജിച്ചവനുമായിരുന്നു ഇദ്ദേഹം. സെൻറ് ജോൺ ബ്രിറ്റോ സ്കൂൾ സ്ഥാപിച്ചതും, ലീജിയൻ ഓഫ് മേരി ആദ്യമായി കൊച്ചി രൂപതയിൽ സ്ഥാപിച്ചതും ഈ മെത്രാനാണ്. അൽവർണസ് തിരുമേനി 1950-ൽ ഗോവ സഹായമെത്രാനായി സ്ഥലംമാറ്റപ്പെട്ടപ്പോൾ മോൺ. ഫ്രാൻസിസ് ഫിഗ്രേദൊ അഡ്മിനിസ്ട്രേറ്ററായി.

malankaralibrary.com

ഇന്നത്തെ കൊച്ചി രൂപത

ഭാരതസഭയെ സംബന്ധിച്ചിടത്തോളം വളരെ ചരിത്ര പ്രാധാന്യമുള്ള സംഭവമായിരുന്നു 1950 ജൂലായ് 18-ാം തീയതിയിലേതു്. റോമും പോർട്ടുഗലുമായിട്ടുണ്ടായിരുന്ന 400 വർഷത്തെ പഴക്കമുള്ള ഉടമ്പടി റദ്ദാക്കിയതു് ആ ദിവസമാണു്.1557-ൽ ആരംഭിച്ച പദ്ധവാദൊഭരണത്തിനു എന്നന്നേക്കുമായി തിരശ്ശീല വീണു. ഏതദ്ദേശിയ വൈദികരിലേക്കു രൂപതാഭരണം കൈമാറുന്നതിനുള്ള നീക്കം. 1950 ജൂൺ 19-നു 12-ാം പീയൂസ് മാർപാപ്പ "ഏയ റെഡംപ്തോരിസ് വേർബാ" (Ea Redemptoris Verba) എന്ന തിരുവെഴുത്തുവഴി കൊച്ചി രൂപതയെ മൂന്നായി ഭാഗിച്ചു. 1886-ൽ പുനഃസ്ഥാപിക്കപ്പെട്ട രൂപതയുടെ രണ്ടാമത്തെ ഭാഗമായ കൊല്ലം രൂപതയുടെ തെക്കുഭാഗത്തായിരുന്ന കടലോരപ്രദേശം ഈ പുതിയ ഡിക്രിവഴി തിരുവനന്തപുരം ലത്തീൻ രൂപതയിൽ ലയിച്ചു. ശേഷിച്ച വടക്കുഭാഗം കുത്തിയതോടു അതിർത്തിയായി വീണ്ടും രണ്ടായി വിഭജിച്ചു് തെക്കുഭാഗത്തു് ആലപ്പുഴ കേന്ദ്രമാക്കി ഒരു പുതിയ രൂപത മാർപാപ്പ സൃഷ്ടിച്ചു. ഈ വിഭജനംവഴി കൊച്ചി രൂപത കേരളത്തിലെന്നല്ല, ഇന്ത്യയിലെതന്നെ ഏറ്റവും ചെറിയ രൂപതയായി മാറി. 235.69 ച. കിലോമീറ്ററാണു് ഈ രൂപതയുടെ വിസ്തീർണ്ണം. വിഭജനശേഷം 89800 കത്തോലിക്കരും 18 ഇടവകകളുമാണു് കൊച്ചി രൂപതയിലുണ്ടായിരുന്നതു്.

രൂപത വിഭജിച്ച അതേദിവസംതന്നെ പരി. പിതാവു് മറെറാരു ഡിക്രി വഴി കൊച്ചി രൂപതയുടെ പ്രഥമ ഏതദ്ദേശിയ മെത്രാനായി ഡോ. അലക്സാണ്ടർ ഏടേഴത്തിനെ നിയമിച്ചത്തരവായി. പുതിയ മെത്രാൻ 1952 ഡിസംബർ 7-നു ഗോവയിൽവച്ചു അഭിഷിക്തനാകുകയും ഡിസംബർ 10-നു രൂപതാധികാരിയായി ഭരണമേൽക്കുകയും ചെയ്തു. ഡോ. ഏടേഴത്തു് 1952 മുതൽ 1975 വരെ 23 വർഷം സ്തുത്യർഹമായി രൂപതാഭരണം നടത്തി. അദ്ദേഹം രൂപതയെ ആധുനികവൽക്കരിക്കുന്നതിനും, പുതിയ സാമ്പത്തിക അടിത്തറയിൽ ഉറപ്പിക്കുന്നതിനും പരിശ്രമിച്ചു. വൈദികർക്കു ആധുനികപരിശീലനം നൽകുന്നതിനും രൂപതയെ പ്രേഷിത ചൈതന്യമുള്ളതാക്കുന്നതിനും പുതിയ ഇടവകകളും പള്ളികളും സ്ഥാപിക്കുന്നതിനും നിസ്തുലം പരിശ്രമിച്ചുപോന്നു. അനാരോഗ്യം നിമിത്തം 1975-ൽ ഡോ. ഏടേഴത്തു റിട്ടയർ ചെയ്തു. പിൻഗാമിയായി 1975 ഡിസംബർ 22-നു റൈറ്റ് റവ. ഡോ. ജോസഫ് കുരീത്തറ രൂപതയുടെ ഭരണഭാരം ഏറെറടുത്തു. കൊച്ചി നഗരത്തിന്റെ ഭൂരിഭാഗവും സ്ഥിതിചെയ്യുന്ന പൗരാണികുമായ ഈ രൂപതയെ ആധുനികവൽക്കരിക്കുന്നതിനും ശക്തമാക്കുന്നതിനും അദ്ദേഹം അവിശ്രമം പരിശ്രമിച്ചുകൊണ്ടിരിക്കയാണു്, നവോത്ഥാനത്തിന്റെ സുവർണ്ണപതാകയുമായി, നിത്യജ്യോതിസ്സായ ക്രിസ്തുവിന്റെ സ്നേഹവലയത്തിലേക്കു സകലരെയും കൊണ്ടുവരുന്നതിനു അക്ഷീണം പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. കർമ്മധീരതയോടും ശുഭോപ്തി

malankaralibrary.com

വിശ്വാസത്തോടും കൂടിയാണ് രൂപതാഭരണകാര്യം നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ഇക്കഴിഞ്ഞ 16 വഷ്ങ്ങൾക്കിടയിൽ 18 കപ്പേളകളും 8 ദേവാലയങ്ങളും നിർമ്മിച്ചതിനാൽ വേണ്ടത്ര ആരാധനാ സൗകര്യങ്ങൾ ഇല്ലാതിരുന്ന രൂപതയിലെ വിശ്വാസികൾക്ക് ആശ്വാസം ലഭിച്ചു. ഇതിനകം യൂറോപ്യൻ സന്യാസിനിസഭകളുടെ 28 കോൺവെൻറുകളും ഏഷ്യൻ സഭക്കാരുടെ 8 കോൺവെൻറുകളും പുതിയ രണ്ട് സന്യാസസഭകളുടെ ആറു ആശ്രമങ്ങളും നിലവിൽവന്നു.

ചരിത്ര മ്യൂസിയം

കാലത്തിൻെറ കുത്തിയൊഴുക്കിൽ വിസ്മൃതമായി പോകാവുന്ന കൊച്ചി രൂപതയുടെ ചരിത്രത്തെ വർത്തമാനകാലവുമായി ബന്ധിച്ച് ഭാവിയിൽ ഒരു ഉൾക്കാഴ്ച നേടാനുള്ള ശ്രമത്തിനു കൊച്ചി ബിഷപ്പ് മെത്രാസന അരമനയിൽ ''ചരിത്ര മ്യൂസിയം'' സ്ഥാപിച്ചിട്ടുണ്ട്. 1989-ൽ ഇന്ത്യയിലെ പോർട്ടുഗീസ് അമ്പാസഡറാണ് ഈ മ്യൂസിയം ഉദ്ഘാടനം ചെയ്തത്. വിലപ്പെട്ട ചരിത്ര രേഖകളും അമൂല്യങ്ങളായ ദാരുശിൽപങ്ങളും തിരുസ്വരൂപങ്ങളും ഇവിടത്തെ അമൂല്യ നിക്ഷേപങ്ങളാണ്. കൊച്ചി രൂപത മെത്രാസന മന്ദിരത്തിലേക്ക് കയറി ചെല്ലുന്ന ഏതൊരു സന്ദർശകനെയും ആകർഷിക്കുന്ന ഒന്നാണ് സന്ദർശക ഹാളിൻെറ ഇരുഭിത്തികളിലായി ഉല്ലേഖനം ചെയ്തിരിക്കുന്ന ചരിത്ര സംഭവങ്ങളും അവിടെ പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്ന ഭൂപടങ്ങളും. കൊച്ചി രൂപതയുടെ 400 വർഷത്തെ ചരിത്രവും 30 ഇടവകകളുടെ സംക്ഷിപ്തചരിത്രവും രൂപതയിൽ പ്രവർത്തിക്കുന്ന സാമൂഹ്യസംഘടനകളുടെയും ആനുകാലികളുടെയും വിവരങ്ങളുമടങ്ങുന്ന 550 പേജുകളുള്ള കൊച്ചി രൂപതയുടെ ചരിത്രം ഇംഗ്ലീഷിൽ 1985-ൽ ''Diocese of Cochin'' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

തെക്കെ ഇന്ത്യയിലെ പ്രഥമ ലത്തീൻരൂപത, വി. ഫ്രാൻസിസ് സേവ്യറിൻെറ പ്രേഷിതരംഗം, വാസ്കോഡിഗാമയുടെ അന്തിമവിശ്രമകേന്ദ്രം, പ്രഥമ പോർട്ടുഗീസ് വൈസ്രോയിയുടെ ആസ്ഥാനം, നിരവധി സ്മാരകങ്ങളുടെയും സ്മാരകശിലകളുടെയും ലിഖിതങ്ങളുടെയും സംരക്ഷക, പോർട്ടുഗീസ് സംസ്കാരത്തിൻെറ സംവാഹിക എന്നിങ്ങനെ എണ്ണമറ്റ ബഹുമതികളാണ് കൊച്ചി രൂപതക്കുള്ളത്. കൊച്ചി രൂപതയുടെ പ്രഥമ ഭരണഘട്ടത്തിലെയും പുന:സ്ഥാപിത രൂപതകളുടെയും ഇന്നത്തെ കൊച്ചി രൂപതയുടെയും നേട്ടങ്ങൾ തികച്ചും അഭിമാനാഹ്ലങ്ങളാണ്. പ്രത്യേകിച്ചും പോർട്ടുഗീസുകാർ 1663-ൽ കൊച്ചിയോട് വിടപറഞ്ഞു പോകുവാൻ നിർബന്ധിതമായ കാലസന്ധി കൊച്ചിരൂപതയുടെ സുവർണകാലഘട്ടമായിരുന്നു.

കൊട്ടുങ്ങല്ലൂർ

പെരിയാറിൻെറയും അറബിക്കടലിൻെറയും സംഗമസ്ഥാനത്ത് കൊച്ചിനഗരത്തിൽനിന്നും 30 കിലോമീറ്റർ വടക്കായുള്ള മനോഹര

malankaralibrary.com

പ്രദേശം. കേരളത്തിന്റെ ഗ്രാമസൗഭഗം അതിന്റെ പൂർണതയിൽ ആവാഹിച്ചെടുത്ത ഇവിടെ നദികളും, കായലുകളും തെങ്ങിൻതോപ്പുകളും നിറഞ്ഞ ഭൂപ്രകൃതി. സുദീർഘവും സമ്പന്നവുമായ ചരിത്രത്തിന്റെ മുദ്രകളുമുണ്ട്.

ആഷ്സംസ്ക്കാരത്തിന്റെ തേരുതെളിക്കാൻ ക്രിസ്തുശിഷ്യനായ വി. തോമസിന്റെ പാദസ്പർശത്താൽ ധന്യമാക്കപ്പെട്ട പുണ്യഭൂമി. ഓർമ്മയിൽ സൂക്ഷിക്കാൻ എത്രയെത്ര ചരിത്രസത്യങ്ങളാണ് അതിനുള്ളത്. പുരാതനകാലത്തു കുരുമുളകും സുഗന്ധദ്രവ്യങ്ങളും പ്രശസ്തമാക്കിയ മുസീർ തുറമുഖപട്ടണം, ചേരമാൻ പെരുമാക്കൻമാരുടെ വീര സാഹസികതകൾ,ചിലപ്പതികാരത്തിലെ കണ്ണകിയുടെ നിലക്കാത്ത ചിലമ്പൊലി, അകത്തളങ്ങളിൽ പച്ചപിടിച്ചുനിൽക്കുന്ന കലകളുടെയും കവിതകളുടെയും മണികിലുക്കം, വ്യത്യസ്തസംസ്ക്കാരങ്ങളുടെ സംഗമഭൂമിയിൽ മുസൽമാനും, ക്രൈസ്തവനും, യഹൂദനും മതസൗഹാർദ്ദത്തിനു മാനം നല്കിയ നാട്, പള്ളികളും മോസ്ക്കുകളും ക്ഷേത്രങ്ങളും തലയുയർത്തി നിൽക്കുന്ന സാംസ്ക്കാരിക സമന്വയങ്ങളുടെ ഭൂഭാഗം,

തുറമുഖ നഗരാഭിവ്യദ്ധി

കൊടുങ്ങല്ലൂരിന്റെ ചരിത്രപ്രസിദ്ധിക്കു മുഖ്യനിദാനം തുറമുഖപട്ടണമായിരുന്ന മുസിരീസ് (മുച്ചിരി) ആണ്. പശ്ചിമേഷ്യയിലെ സുപ്രസിദ്ധരാജാവു സോളമൻ (ബി. സി. 972) മുച്ചിരിയുമായി വ്യാപാരബന്ധം പുലർത്തി. ചന്ദനം, ആനക്കൊമ്പു തുടങ്ങിയവ കയറ്റിക്കൊണ്ടു പോയിരുന്നതു ഈ തുറമുഖം വഴി. [19]

കൊടും കൊംഗുരു, കോടും കലിയൂർ, കൊടും കാളിയൂർ,കൊടുംകൊലയൂർ എന്നിങ്ങനെ പല പേരുകളുണ്ട്. ഈ പ്രദേശത്തിന്റെ സഹസ്രാബ്ദങ്ങളുടെ ചരിത്രത്തിനു ഓരോ കാലഘട്ടത്തിൽ കൈവന്ന പ്രത്യേക അർത്ഥത്തിനും പ്രസക്തിക്കും രൂപപ്പെട്ടവന്ന പേരുകൾ. "കൊടും കോംഗുരു" എന്ന പേരുതന്നെ ഉദാഹരണം. "കോട" എന്ന വാക്കിനു പുഴവക്ക് എന്നാണർത്ഥം. കോളുകൊണ്ട പുഴവക്കിന്റെ നാട് അഥവാ തുറമുഖനഗരമായ കൊടും കോംഗുരു കൊടുങ്ങല്ലൂരായി പരിണമിച്ചതെന്നു അഭിപ്രായപ്പെടുന്ന പണ്ഡിതൻമാരുണ്ട്. അതിനു ചരിത്രത്തിന്റെ പിൻബലവും ഉണ്ട്. മുച്ചിരി കോട (യവനൻമാരുടെ മുസീരിസ്) എന്ന പേരിലും "കോട" എന്ന വിശേഷണം ശ്രദ്ധിക്കുക. ജൈനക്ഷേത്രങ്ങളെ പൊതുവെ "കല്ല" എന്നറിയപ്പെട്ടിരുന്ന അതിപുരാതനകാലത്ത് ഈ പ്രദേശം ജൈനബുദ്ധസംസ്ക്കാരത്തിന്റെകേന്ദ്രം.വലിയൊരു ജൈനക്ഷേത്രമുള്ള തുറമുഖനഗര

19. പി. കെ. ഗോപാലകൃഷ്ണൻ: കൊടുങ്ങല്ലൂരിന്റെ സാംസ്ക്കാരിക ചരിത്രം സെന്റ്മൈക്കിൾസ് കത്തീഡ്രൽ ശതാബ്ദിസുരണിക പേജ്. 7.

malankaralibrary.com

മെന്നാണ് 'കൊട്ടം കല്ല് ഊർ' എന്ന പേരിലെ പൊരുൾ. പുരാതന കാലംമുതൽക്കുതന്നെ വിദേശരാജ്യങ്ങളുമായുള്ള വ്യാപാരത്തിൽ കൊട്ടങ്ങല്ലൂർ ഏർപ്പെട്ടിരുന്നു. ഇതിന്റെ പ്രശസ്തി വിദൂരരാജ്യങ്ങളിൽപോലും അലയടിച്ചു. [20].

തുറമുഖവാണിജ്യകേന്ദ്രമെന്നനിലയിൽ മാത്രമല്ല, കേരള ചക്രവർത്തിയുടെ ആസ്ഥാനമെന്ന നിലയിലും ദീർഘകാലം പ്രശസ്തിയോടെ പരിലസിച്ചിരുന്ന ഇവിടം. ഫിനീഷ്യരും, അസീറിയക്കാരും, യവനൻമാരും, റോമാക്കാരും, സിറിയക്കാരും, യഹൂദന്മാരും, ചീനക്കാരും അറബികളും ക്രിസ്തുവിനു വളരെക്കൊല്ലങ്ങൾക്കു മുമ്പുതന്നെ എത്തിച്ചേർന്നു [21]. പ്രസിദ്ധ ഭൂമിശാസ്ത്രജ്ഞനായ ടോളമിയുടെ "യൂസറിസും" ഗ്രീക്കുകാരുടെ "മെഥ്റിലിയും" റോമക്കാരുടെ "ഓഫീറും" കൊട്ടങ്ങല്ലൂരാണെന്നാണു പണ്ഡിതാഭിപ്രായം*. എ. ഡി. 49-ൽ തമിഴ്കവി കൊട്ടങ്ങല്ലൂരിനെക്കുറിച്ചു വിവരിച്ചിരിക്കുന്നതു ഇപ്രകാരമാണു: "ചേരരാജ്യത്തിൽപെട്ട ചേരളയിലെ (കേരളം)സമുദ്രത്തിൽ ഉയരുന്ന തിരമാലകളെ വെട്ടിമുറിച്ചുകൊണ്ടു, സ്വർണ്ണവുംപേറി യവനന്മാരുടെ സുന്ദര കപ്പലുകളും വരികയും, കറുത്ത പൊന്നു (കുരുമുളക്) വഹിച്ചുകൊണ്ടു പിന്തിരിഞ്ഞുപോകയും കൺകുളിർക്കെ കണ്ടാനന്ദിക്കുന്ന മുച്ചിറി! പ്രതാപത്തോടെ നീ വാണാലും" [22], തമിഴ് സാഹിത്യത്തിലെ കിടയറ ഒരു മഹാകാവ്യമാണ് "ചിലപ്പതികാരം". ഇതിന്റെ കർത്താവു് ഇളംകോവടികളം. അദ്ദേഹം ജൈനസന്യാസിയായിരുന്നുവെന്നും ആസ്ഥാനം കൊട്ടങ്ങല്ലൂരിന്റെ വടക്കുള്ള തൃക്കണാമതിലകമായിരുന്നുവെന്നും കരുതപ്പെടുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ പുരാവസ്തുവകുപ്പ് അതിന്റെ ഗവേഷണ ഉൽഘാടനം മതിലകത്ത് നടത്തിയപ്പോഴാണ് അർദ്ധവൃത്താകൃതിയിലുള്ള ഒരു എടുപ്പിന്റെ അടിത്തറ കണ്ടെത്തി. അർദ്ധവൃത്താകൃതിയിലാണല്ലോ ജൈനന്മാർ ക്ഷേത്രത്തിനു് അടിത്തറ പണിതിരുന്നതു [23].

കുടിയേറ്റ താവളങ്ങൾ

ലോകചരിത്രത്തിൽ മായാത്ത മുദ്ര പതിപ്പിച്ചിട്ടുള്ള ഈ നഗരത്തിൽ ആദ്യമായി കുടിയേറിപ്പാർത്ത വൈദേശികർ യഹൂദന്മാരാ

---

20. ഇഗ്നേഷ്യസ് ഗോൺസാൽവസ്, സെൻറ് ഫ്രാൻസിസ് സേവ്യർ ദേവാലയ സ്മരണിക. കോട്ടപ്പുറം രൂപത-പേജ് 32.

21. എൻ. ജെ. ജോസഫ്, ദീപാർച്ചന പേജ് 2.

* "ഓഫീർ" എന്ന സ്ഥലത്തുനിന്നു സോളമന്റെ കപ്പലുകൾ ചന്ദനം, ആനക്കൊമ്പു, സ്വർണം, വെള്ളി, കുരങ്ങു, മയിൽ മുതലായവ കൊണ്ടുപോയിരുന്നു (രാജാക്കന്മാർ I. 9:28, 10:11:22)

22. K. P. Padmanabha Menon: History of Kerala Vol. II. p. 337.

23. കൊട്ടങ്ങല്ലൂരിന്റെ സാംസ്കാരിക ചരിത്രം. പേജ് 13.

malankaralibrary.com

ണു്. അവരുടെ കുടിയേറ്റ സ്ഥലം ''അഞ്ചുവണ്ണം'' എന്നു് വിളിക്കപ്പെട്ടപോന്നു. ഹീബ്രുഭാഷയിൽ ആ പ്രദേശം ''ഷിംഗ്ലി'' എന്ന പേരിൽ അറിയപ്പെട്ട. * അവരുടെ സാന്നിധ്യമായിരിക്കാം വി. തോമസു് അപ്പസ്തോലനെ കേരളത്തിലേക്കു് ആകർഷിച്ചതെന്നു് അനുമാനിക്കുന്നതിൽ തെറ്റില്ല. വി. തോമസു് കൊട്ടങ്ങല്ലൂരിനടുത്തുള്ള മാല്യങ്കരയിൽ എ. ഡി. 52-ൽ വന്നുവെന്നും ഏതാനും യഹൂദന്മാരെയും ഹിന്ദുക്കളെയും ജ്ഞാനസ്നാനപ്പെടുത്തിയെന്നും പിന്നീടു് 7 പള്ളികളും കേരളത്തിൽ സ്ഥാപിച്ചുവെന്നുമാണു് പാരമ്പര്യവിശ്വാസം. കൊട്ടങ്ങല്ലൂരിൽ ക്രൈസ്തവസമൂഹത്തിനു് രൂപം കൊടുത്തതു് വി. തോമ്മാശ്ലീഹായാണു്. പരമ്പരാഗതവും പുരാതനവുമായ ഈ വിശ്വാസം യുക്തിസഹമാണു്. ക്രിസ്ത്യാനികളും വസിച്ചിരുന്ന പ്രദേശത്തെ ''മണിഗ്രാമം'' എന്നു വിളിച്ചുപോന്നു **.

കു്നായിത്തൊമ്മൻ

ധനാഢ്യനും വർത്തകപ്രമാണിയുമായ കു്നായിത്തൊമ്മൻ (Thoms Cana) 72 സുറിയാനി കുടുംബങ്ങളോടുകൂടി എ. ഡി. 345-ൽ കൊട്ടങ്ങല്ലൂരിൽ വന്നു് താമസിച്ചു. വാണിജ്യപ്രതാപവും സ്വാധീനശക്തിയും നിമിത്തം അദ്ദേഹത്തിനും മറ്റു കുടുംബങ്ങൾക്കുമായി അക്കാലത്തെ ഭരണാധികാരിയായിരുന്ന ചേരമാൻ പെരുമാൾ സ്ഥലം അനുവദിച്ചുകൊടുത്തതിനുപുറമെ ചില ആനുകൂല്യങ്ങളും സ്ഥാനമാനങ്ങളും നൽകി. അവയെല്ലാം ചെപ്പേടിൽ (താമ്രശാസനത്തിൽ) രേഖപ്പെടുത്തിയാണു് നൽകിയതു്. ഇതു നഷ്ടപ്പെട്ട പോയെങ്കിലും ഒരു തനിപ്പകർപ്പു് ലണ്ടൻ മ്യൂസിയത്തിൽ ഉണ്ടു്. [24]

അറബി ആസ്ഥാനം

ചേരമാൻ പെരുമാൾ 'താമൂരിപ്പടെ' എന്ന പേരിലും അറിയപ്പെട്ടിരുന്നു. തമിഴകം അഥവാ മധുരയുടെയും കൊങ്കം രാജ്യത്തിന്റെയും രാജാവു് എന്നാണു് പദത്തിന്റെ അർത്ഥം. ഈ ചേരമാൻ പെരുമാൾ കണ്ണൂർ, കോഴിക്കോടു്, കൊട്ടങ്ങല്ലൂർ മുതലായ പട്ടണങ്ങളിൽ മാറിമാറി താമസിച്ചു. കൊട്ടങ്ങല്ലൂരിലായിരുന്നപ്പോൾ ക്രിസ്ത്യാനികൾക്കും യഹൂദർക്കും അനവധി ആനുകൂല്യങ്ങൾ അനുവദിച്ചു. ചേരമാൻ

---

* ''ചിങ്ങള അഴി'' എന്നായിരുന്ന നദീമുഖത്തിന്റെ പേരു്. അതു് ലോപിച്ചു് ഇന്നു് അഴിയായി അറിയപ്പെടുന്നു. ചിങ്ങള അഴിയാണു് ''ഷിംഗ്ലി'' ആയതു്. ഇതായിരുന്നു ജൂത സങ്കേതം.

** അഞ്ചുവണ്ണവും മണിക്കിരാമവും വർത്തകസംഘങ്ങൾ നൽകിയിരുന്ന പേരുകളാണു്. അഞ്ചുവണ്ണം യഹൂദരുടേതും, മണിക്കിരാമം ക്രിസ്ത്യാനികളുടേതുമാണു്. (M. G. S. Narayanan: Cultural Symposium in Kerala p 30)

24 M. Mundaden: History of Christianity in India Vol. I. PP. 166-170.

malankaralibrary.com

പെരുമാൾ അറബികളോട് സ്നേഹത്തോടെ പെരുമാറി. അവരെ സഹായിച്ചു. കോഴിക്കോട്ട് അവക്കായി അനവധി ഭവനങ്ങൾ നിർമ്മിച്ചു. മലബാറിൽ അറബികൾ പ്രാബല്യത്തിൽ വരുന്നതിനു കാരണം ഈ രാജവംശമാണ്. ഒൻപതാംനൂറ്റാണ്ടിൽ കൊടുങ്ങല്ലൂർ പ്രദേശങ്ങളിൽ വസിച്ചിരുന്ന മുസ്ലീമുകൾ അവിടെയുള്ള യഹൂദരെയും ക്രിസ്ത്യാനികളെയും ആക്രമിച്ചതിന്റെ ഫലമായി അവരിൽ അനേകം പേർ കൊച്ചി, ചേന്ദമംഗലം, തുരുത്തിപ്പുറം പ്രദേശങ്ങളിലേക്ക് പലായനം ചെയ്തു. *കൊടുങ്ങല്ലൂരിൽ ക്രൈസ്തവർ ഉൽക്കർഷം പ്രാപിച്ചു വന്നതോടെ പേർഷ്യയിൽനിന്നും മറ്റുംമെത്രാന്മാർവന്ന് ഇവിടെതാമസമാക്കി. 14-ാം നൂറ്റാണ്ടിന്റെ മധ്യം വരെ ഈ വാണിജ്യകേന്ദ്രം ക്രൈസ്തവരുടെ ആസ്ഥാനമായിരുന്നു. 1341-ൽ ഉണ്ടായ വലിയ വെള്ളപ്പൊക്കം നിമിത്തം പേണി വീണ് ചിങ്ങള അഴി അടഞ്ഞുപോയി.

വെള്ളപ്പൊക്കഫലങ്ങൾ

വൈപ്പിൻചിറ പൊട്ടി കെട്ടിനിന്നിരുന്ന വെള്ളം ശക്തിയായി കടലിലേക്ക് ഒഴുകി. അതിന്റെ ഫലമായി ആവിർഭവിച്ച അഴി കൊടുങ്ങല്ലൂരിലെ ചിങ്ങള അഴിയെക്കാളും വലുതായിരുന്നതുകൊണ്ട് അതിനു 'കൊച്ചഴി' എന്നപേർ സിദ്ധിച്ചു. അതാണ് ഇന്നത്തെ കൊച്ചി. കൊടുങ്ങല്ലൂർ തുറമുഖം ഉപയോഗശൂന്യമായി. കച്ചവടക്കാർ കൊച്ചിയിലേക്കു നീങ്ങി. മാത്തോമ്മാ ക്രിസ്ത്യാനികളും കച്ചവടവുമായി ബന്ധപ്പെട്ടിരുന്നതിനാൽ അവരിൽ ഭൂരിഭാഗംപേർ കൊച്ചിയിലും മട്ടാഞ്ചേരിയിലും കുടിയേറി. കൊടുങ്ങല്ലൂരിന്റെ പ്രതാപവും പ്രശസ്തിയും നാശോന്മുഖമായി. ശക്തിയേറിയ കൊടുങ്കാറ്റും ദാക്ഷിണ്യമില്ലാത്ത കാലവർഷ കെടുതിയും കൊടുങ്ങല്ലൂരിന്റെ പുറം കോട്ടകളെപ്പോലും തകർത്തു. കച്ചവടം മന്ദഗതിയിലായതോടെ കൊടുങ്ങല്ലൂരിലെ ക്രൈസ്തവ സമൂഹത്തിന്റെ പ്രശസ്തിക്കും മങ്ങലേറ്റു. റോമൻ തിരുസിംഹാസനവുമായി ഒട്ടുംതന്നെ ബന്ധമില്ലാത്തതിനാലും പ്രഗത്ഭരായ നേതാക്കളെ മലബാർ ക്രിസ്ത്യൻ സമൂഹത്തിൽ വിരളമായതിനാലും വളരെ വർഷങ്ങളോളം ഇവിടത്തെ ക്രൈസ്തവ സമൂഹം അധ:പതനാവസ്ഥയിൽ കഴിഞ്ഞിരുന്നു. ഈ അവസരത്തിലാണ് പോർട്ടുഗീസുകാരുടെ ആഗമനം. രണ്ടാമത്തെ അപ്പസ്തോലനായ വി. ഫ്രാൻസീസ് സേവ്യറിന്റെ സന്ദർശനം ക്രൈസ്തവരെ വിശ്വാസ ചൈതന്യമുള്ളവരും ഭക്തി തീക്ഷ്ണതയുള്ളവരുമാക്കി.

പോർട്ടുഗീസ് സംരക്ഷണം

കൊച്ചിയിൽ ആസ്ഥാനം ഉറപ്പിച്ചു കഴിഞ്ഞശേഷം കൊടുങ്ങല്ലൂരിൽ മേധാവിത്വം സ്ഥാപിക്കുവാനായിരുന്നു പോർട്ടുഗീസ് ശ്രമം.

---

* ''ചേരമാൻ പെരുമാൾ'' രാജാവിന്റെ പേരല്ല.രാജവംശത്തിന്റെ പേരാണ്. അവർ വളരെക്കാലം രാജ്യം ഭരിച്ചു.

malankaralibrary.com

ചുറ്റും മതിൽകെട്ടി ഭദ്രമാക്കി കോട്ടകൊത്തളം നിർമ്മിച്ചു. തുറമുഖത്തിരുന്നു പോർട്ടുഗീസുകാർ, തൊപ്പാസുകാരും, മാത്തോമ്മാ ക്രിസ്ത്യാനികളും, ഹിന്ദുക്കളും എന്നിവരും മറ്റു പല മതവിഭാഗത്തിൽപ്പെട്ടവരും ഉൾപ്പെടെ ഒരു ജനസമൂഹം വളർന്നുവന്നു [25]. കൊച്ചി കഴിഞ്ഞാൽ മതസ്ഥാപനങ്ങളുടെയും, വിദ്യാഭ്യാസത്തിന്റെയും പ്രധാന കേന്ദ്രം കൊടുങ്ങല്ലൂർ ആക്കുന്നതിനു പോർട്ടുഗീസുകാർ പരിശ്രമിച്ചു. മാത്തോമ്മാ ക്രിസ്ത്യാനികളെ ലത്തീൻറീത്തിലേക്കു പരിവർത്തനം ചെയ്യുന്ന പ്രക്രിയയ്ക്കു മിഷനറിമാർ നോട്ടമിട്ടു[26] .1502-ൽ വാസ്കോഡിഗാമ കൊച്ചിയിലെത്തിയപ്പോൾ കൊടുങ്ങല്ലൂരിലെ മാർത്തോമ്മാക്രിസ്ത്യാനികളുടെ ഒരു പ്രതിനിധിസംഘം അദ്ദേഹത്തെ സന്ദർശിച്ചു സഹായസംരക്ഷണം അഭ്യർത്ഥിച്ചു [27]. പോർട്ടുഗീസ് രാജാവിന്റെ പ്രതിനിധി എന്നനിലയിൽ ഗാമ ഇവിടത്തെ പുരാതനനസ്രാണികളുടെ സംരക്ഷണം ഏറ്റെടുത്തു. മാത്തോമ്മാ ക്രിസ്ത്യാനികളുടെ ആധ്യാത്മികനേതാവ് മാർ ജയിക്കബ് പോർട്ടുഗീസ് രാജാവിനയച്ച എഴുത്തിൽ നിന്നു ഇതു വ്യക്തം. ഈ ക്രിസ്ത്യാനികളെല്ലാം അങ്ങയുടെ സേവനത്തിനായി ഒരുക്കിയെടുത്തിരിക്കുന്നതുകൊണ്ട് ആവശ്യംവരുമ്പോൾ ഇരുപതിനായിരത്തിൽപ്പരം യോദ്ധാക്കളെ അവരിൽനിന്നും അങ്ങേയ്ക്കു ലഭിക്കുന്നതാണു **. സാമൂതിരിയുടെ ഭരണസീമയിൽപ്പെട്ട രാജ്യമായിരുന്ന കൊടുങ്ങല്ലൂർ. സാമൂതിരിയും പോർട്ടുഗീസുകാരും തമ്മിൽ 1504-ൽ ഉണ്ടായ യുദ്ധത്തിൽ പോർട്ടുഗീസുകാർ കൊടുങ്ങല്ലൂർ പിടിച്ചടക്കി. ഗോപുരത്തിനു ചുറ്റും മതിൽകെട്ടി ഭദ്രമാക്കി. ഒരു കോട്ട നിർമ്മിച്ചു. പോർട്ടുഗീസ് രാജാവായ എമ്മാനുവേലിന്റെ പേരാണ് അതിനു നൽകിയതു. അതിന്റെ പരിസരപ്രദേശം പിന്നീടു കോട്ടപ്പുറം എന്നറിയപ്പെട്ടു. പോർട്ടുഗീസാക്രമണത്തിൽ കോട്ടപ്പുറത്തുണ്ടായിരുന്ന പള്ളി മിക്കവാറും നശിച്ചുപോയതിനാൽ അതു പുതുക്കിപ്പണിയുന്നതിനു പോർട്ടുഗീസ് സൈന്യാധിപൻ ആൽബുക്കർക്ക് ധനസഹായം നൽകി. ഫ്രാൻസിസ്കൻ മിഷനറിമാർ കൊടുങ്ങല്ലൂരിൽ സെമിനാരി സ്ഥാപിച്ചു. മാർത്തോമ്മാ ക്രിസ്ത്യാനിയുവാക്കൾക്കു വൈദികപഠനം നൽകുക ലക്ഷ്യം. പഠനക്രമം പാശ്ചാത്യരീ

---

25. സി. അച്യുതമേനോൻ: കൊച്ചി സ്റ്റേറ്റ് മാന്വൽ പേജ് 81-82.

26. L. M. Pylee: St. Thomas Christians And Archdiocese of Verapoly P. 105.

27. Day Francis: The Land of Perumauls 1868 P. 217.

** കൊടുങ്ങല്ലൂർ കൊച്ചിരാജാവിന്റെ ഭരണസീമയിൽപ്പെട്ട പ്രദേശമായിരുന്നു. അതുകൊണ്ടാണു സാമൂതിരി അതിനെ ആക്രമിച്ചു കീഴടക്കുവാൻ ശ്രമിച്ചതു. അതുകൊണ്ടുതന്നെയാണു ഡച്ചുകാർ കൊടുങ്ങല്ലൂർകോട്ട ആക്രമിച്ചപ്പോൾ പാലിയത്തച്ചന്റെ കീഴിൽ നായർപട്ടാളം പോർട്ടുഗീസുകാരുടെ സഹായത്തിനെത്തിയതു.

malankaralibrary.com

തിയിലും, അദ്ധ്യയനഭാഷ ലാറ്റിനുമായിരുന്നതിനാൽ വൈദിക വിദ്യാർത്ഥികൾ പൗരോഹിത്യപട്ടം സ്വീകരിച്ചുകഴിയുമ്പോൾ ലത്തീൻ റീത്തിൽപ്പെട്ടവരെപ്പോലെ പ്രവർത്തിച്ചിരുന്നു. ഇതു മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ അതൃപ്തി ജനിപ്പിച്ചു. എങ്കിലും ഏറെക്കാലം ഈ സെമിനാരി നിലനിന്നു. കൊടുങ്ങല്ലൂരിനു തെക്കുഭാഗത്തായി ചേന്ദമംഗലത്തെ കോട്ടയിൽ ഈശോസഭക്കാർ മറെറാരു സെമിനാരി സ്ഥാപിച്ചു. അവിടെ വൈദിക വിദ്യാർത്ഥികളുടെ ഇഷ്ടാനുസരണം ലത്തീൻറീത്തോ സുറിയാനിറീത്തോ തെരഞ്ഞെടുക്കാൻ സ്വാതന്ത്ര്യം നൽകിയിരുന്നു. സെമിനാരി റെക്ടർ ലത്തീൻറീത്തിൽപെട്ട ജസ്വീറ്റു വൈദികനായിരുന്നതിനാൽ ലത്തീൻ റീത്തിനായിരുന്നു പ്രമുഖസ്ഥാനം [28].

മതപഠനാലയങ്ങൾ

കൊടുങ്ങല്ലൂരിന്റെ ദക്ഷിണഭാഗം 1503-ലാണു പോർട്ടുഗീസുകാർ സാമൂതിരിയിൽനിന്നു പിടിച്ചെടുത്തതു്. അവിടെ കോട്ടയ്ക്കകത്തു് സെൻറ് തോമസിന്റെയും സെൻറ് ജെയിംസിന്റെയും രണ്ടു് ദേവാലയങ്ങൾ നിർമ്മിച്ചു. 1541-ൽ സെൻറു് ജയിംസ്പള്ളിയുടെ സമീപത്തു് കൊടുങ്ങല്ലൂർ സെമിനാരി സ്ഥാപിച്ചു. അതിനോടു് ചേർന്നുണ്ടായിരുന്ന വൈദികമന്ദിരത്തിലാണു് പോർട്ടുഗീസുകാരുടെ ആഗമനാനന്തരം കൽദായമെത്രാൻ മാർ ജയിക്കബ് താമസിച്ചിരുന്നതു്. ലത്തീൻറീത്തു സ്വീകരിച്ച ഇദ്ദേഹം ജീവിതസായാഹ്നത്തിലെ ഏഴു് കൊല്ലം കഴിച്ചുകൂട്ടിയതു കൊച്ചിയിലെ സെൻറ് ആൻറണീസ് ആശ്രമത്തിലാണു്. അവിടെ 1549-ൽ ചരമമടഞ്ഞു. അദ്ദേഹത്തിന്റെ അഭിലാഷമനുസരിച്ചു് മൃതദേഹം കൊടുങ്ങല്ലൂരിലെ സെൻറ് ജയിംസ് ദേവാലയത്തിനകത്തു് സംസ്ക്കരിച്ചു [29].

കോട്ടയും കോട്ട ഉൾക്കൊണ്ടിരുന്ന നഗരവും ഡച്ചുകാർ 1662-ൽ പിടിച്ചെടുത്തു. 1789-ൽ അതു് തിരുവിതാംകൂർ രാജാവു ഡച്ചുകാരിൽ നിന്നും വിലയ്ക്കുവാങ്ങി. പിന്നീടു 1791-ൽ മൈസൂറിലെ ഭരണാധികാരി ടിപ്പു സുൽത്താൻ ആ കോട്ടയും പട്ടണവും ആക്രമിച്ചു് തന്റെ ആധിപത്യത്തിൻ കീഴിലാക്കി. മൈസൂർ സൈന്യത്തിന്റെ നായകനായ എം. ലാലി (M. Lally) യുടെ കൽപനയനുസരിച്ചു്, കോട്ടയും കോട്ട ഉൾക്കൊണ്ടിരുന്ന എല്ലാ സ്ഥാപനങ്ങളും നിശ്ശേഷം നശിപ്പിച്ചു [30].

---

28. St. Thomas Christians and Archdiocese of Verapoly, op. cit: P. 108.
29. Rev. G. Kurian and Rev. K. Kuruvilla: Ballard Prize Essay. Publications from Kottayam. 1877.
30. എൻ. ജെ. ജോസഫ്: സെൻറ്തോമസ് ശതാബ്ദിസ്മാരകഗ്രന്ഥം 1972 പുരാതന കൊടുങ്ങല്ലൂർ, പേജ്, 10.

malankaralibrary.com

കൊടുങ്ങല്ലൂർ അതിരൂപത

ഉദയംപേരൂർ സൂനഹദോസിനുശേഷം അങ്കമാലി കുറെവർഷത്തേക്കു് അതിരൂപതയായി തുടർന്നു. ഈശോസഭാംഗമായ ഡോ. റോസ് അതിന്റെ മെത്രാൻ. ലത്തീൻ റീത്തുകാരൻ. എന്നാൽ 1609-ലെ ബൂള അനുസരിച്ചു അങ്കമാലി അതിരൂപത നിറുത്തലാക്കപ്പെട്ടു. അങ്ങനെ കൊടുങ്ങല്ലൂർ വീണ്ടും ലത്തീൻറീത്തിലെ മെത്രാപ്പോലീത്തായുടെ ആസ്ഥാനമായി. സുറിയാനി അതിരൂപതയായിരുന്ന കൊടുങ്ങല്ലൂരിൽ പോർട്ടുഗീസ് മെത്രാന്മാരുടെ ഭരണം. ഈ ഭരണം കൂനൻകുരിശുസത്യത്തിൽ ചെന്നവസാനിച്ചു. ഡച്ചുകാർ കൊച്ചിയും കൊടുങ്ങല്ലൂരും പിടിച്ചെടുക്കുകയും എല്ലാ മിഷനറിമാരെയും വൈദിക മേലദ്ധ്യക്ഷന്മാരെയും നാടുകടത്തുകയും ചെയ്തു. തന്മൂലം കൊച്ചി, കൊടുങ്ങല്ലൂർ രൂപതകളിലെ മെത്രാന്മാർക്കു് ആദ്ധ്യാത്മികവും തിരുസഭാപരവുമായ കാര്യങ്ങൾ നിർവഹിക്കാൻ സാധിക്കാതെ വന്നു. തുടർന്നു ഈ രണ്ടു രൂപതകളും "മുംത്താ പ്രെക്കാര" (Multa Praeclara) തിരുവെഴുത്തുവഴി 1838-ൽ നിറുത്തലാക്കി മലബാർ വികാരിയേറ്റിലേക്കു് കൂട്ടിച്ചേർത്തു. അങ്ങനെ കൊടുങ്ങല്ലൂർ രൂപത ഇല്ലാതായി. "ആരുമാരും പരിപോഷിപ്പിക്കാനില്ലാതെ ആരാലും ബഹുമാനിക്കപ്പെടാതെ, ആരാലും ശോകഗാനങ്ങൾ ആലപിക്കപ്പെടാതെ ചരിത്രത്തിന്റെ അധോലോകത്തിൽ കൊടുങ്ങല്ലൂർ രൂപത അസ്തമിച്ചു. [31].

മെത്രാപ്പോലീത്താമാർ

കറേലാനി സ്വദേശിയും ഈശോസഭാംഗവുമായ ഡോ. ഫ്രാൻസീസ് റോസ് ആയിരുന്നു ഈ രൂപതയുടെ പ്രഥമ മെത്രാപ്പോലീത്താ. ഡോ. മെനേസിസിന്റെ സഹായിയും കൽദായ സുറിയാനി ഭാഷാ പ്രവീണനുമായിരുന്ന അദ്ദേഹം.1601-ൽ ക്ലമന്റ് എട്ടാമൻ മാർപാപ്പ അദ്ദേഹത്തെ അങ്കമാലി ഭദ്രാസനത്തിന്റെ മെത്രാനായി അവരോധിച്ചു.

അങ്കമാലി അതിരൂപത

അതേ വർഷം ഡിസംബർ 20-നു ക്ലമന്റ് എട്ടാമൻ മാർപാപ്പ പുനർനാമകരണമായ അങ്കമാലി അതിരൂപതയെ സാധാരണ രൂപതയാക്കി. ഗോവഅതിരൂപതയുടെ സാമന്തരൂപതയായി പ്രഖ്യാപിച്ചു. 1600-ൽ ഈ രൂപതയെ പദ്രുവാദായിൽ ഉൾപ്പെടുത്തി. അങ്ങനെ മലബാർസഭ ലത്തീൻസഭയ്ക്കു വിധേയമായി. പുരാതന അതിരൂപതയായ അങ്കമാലിയെ തരം താഴ്ത്തിയതിന്റെ പേരിൽ പ്രതിഷേധം ഉയർന്നു. പല അപേക്ഷകളും റോമിലേക്കു്. 1608-ൽ അഞ്ചാം

---

31. St. Thomas Christians and Archdiocese of Verapoly op. cit. P. 260.

malankaralibrary.com

പൗലോസ് പാപ്പ അങ്കമാലി അതിരൂപതയുടെ പദവി പുനരുദ്ധരിച്ചു. 1609-ൽ അതിന്റെ ആസ്ഥാനവും പദവിയും കൊടുങ്ങല്ലൂരിലേക്ക് മാറ്റി. 1624 ഫെബ്രുവരി 16-ന് റോസു മെത്രാൻ മരണമടഞ്ഞപ്പോൾ സെപ്റ്റംബർ 24-ന് സ്റ്റീഫൻ ബ്രിട്ടൊ എസ്. ജെ. യെ ആർച്ചുബിഷപ്പാക്കി. ആർച്ചുഡീക്കൻ ജോർജും മെത്രാപ്പോലീത്തായും തമ്മിൽ രൂക്ഷമായ വിയോജിപ്പുണ്ടായിരുന്നുവെങ്കിലും 1635-ൽ ഈശോസഭക്കാരുടെ പ്രൊവിൻഷ്യാളിന്റെ ശ്രമഫലമായി അവർതമ്മിൽ രമ്യതയിലായി. അവർ ഐക്യത്തോടെ ജീവിച്ചു. സ്റ്റീഫൻ ബ്രിട്ടൊ മെത്രാപ്പോലീത്തായുടെ മരണശേഷം 1636-ൽ ബ്രിട്ടോയുടെ സഹായമെത്രാനും പിൻഗാമിയുമായി നിയമിതനായ ഫ്രാൻസിസ് ഗാർസിയ എസ്. ജെ. 1641-ൽ കൊടുങ്ങല്ലൂർ അതിരൂപതയുടെ പ്രമുഖനായിരുന്നു. ഈ മെത്രാപ്പോലീത്തയുടെ ഭരണകാലത്തു 1653-ൽ മാർത്തോമാക്രിസ്ത്യാനികളുടെയിടയിൽ ദൗർഭാഗ്യകരമായ ഛിദ്രം പൊട്ടിപ്പുറപ്പെട്ടു. കത്തോലിക്ക വിശ്വാസത്തിനു കോട്ടം തട്ടി, സഭയുടെ ഐക്യം ഛിന്നഭിന്നമായി[32]. ഗാർസ്യസ്സിന്റെ ശേഷം 12 മെത്രാപ്പോലീത്തമാർ കൊടുങ്ങല്ലൂർ അതിരൂപതയെ ഭരിച്ചിട്ടുണ്ട്. ദോം ജോൺ റിബേരൊ എസ്. ജെ. വിജ്ഞാനിയായ മെത്രാപ്പോലീത്താ എന്നറിയപ്പെട്ടിരുന്നു. ദോം ആന്റണി പിമെന്റൽ എസ്. ജെ. പുണ്യശ്ലോകൻ, ദോം സാംബദോർ റെജിബൂസ്,ഡോ. ജോസഫ് കരിയാറ്റിൽ എന്നിവർ ഈ അതിരൂപതയിലെ മെത്രാപ്പോലീത്തമാരായിരുന്നു. ഡോ. ജോസഫ് കരിയാറ്റിൽ മലബാർ സ്വദേശി. അദ്ദേഹം പ്രൊപ്പഗാന്ത കോളജിൽ പഠിച്ചു. 1782-ൽ ലിസ്ബണിൽ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. 1789 മെയ് 7-ന് ഗോവയിൽ എത്തിച്ചേർന്നു. അതേ വർഷം സെപ്റ്റംബർ 7-ന് നിര്യാതനായി[33]. ഇറലിയിൽ കർമ്മലീത്താസഭാംഗമായ ഡോ. ജോസഫ് സെബസ്ത്യാനി 1662-ൽ കൊടുങ്ങല്ലൂർ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി. 1663-ൽ മലബാറിലെ പോർട്ടുഗീസ് മേധാവിത്വത്തിനു തിരശ്ശീല വീണു. 1663 ജനുവരി 7-ന് ഡച്ചുകാർ കൊച്ചി കൈവശപ്പെടുത്തി. ഉടൻതന്നെ കൊച്ചിവിടാൻ വൈദികരോടും സന്യാസികളോടും ആജ്ഞാപിച്ചു. ഡോ. സെബസ്ത്യാനി മലബാർ വിട്ടുന്നതിനു മുൻപായി ഒരു പ്രാദേശിക പുരോഹിതനെ മെത്രാനായി അവരോധിക്കാൻ നിശ്ചയിച്ചു. തദനുസരണം 1663 ഫെബ്രുവരി ഒന്നിനു കടുത്തുരുത്തിയിൽവച്ച് വൻപിച്ച ജനസഞ്ചയത്തിന്റെ സാന്നിദ്ധ്യത്തിൽ, മലബാറിന്റെ അപ്പസ്തോലിക്ക് വികാരിയായിരുന്ന പള്ളിവീട്ടിൽ അലക്സാണ്ടർ വൈദികനെ ഡോ. സെബസ്ത്യാനി അഭിഷേകം ചെയ്തു. ഈ ഏതദ്ദേശീയ മെത്രാന്റെ തെരഞ്ഞെടുപ്പ് മലബാർസഭയുടെ ചരിത്രത്തിലെ രജതരേഖ. അദ്ദേഹത്തിന്റെ നിയമനവാഴ്ചയുടെ ആദ്യ

32. പൗരസ്ത്യ ഭാരതത്തിലെ ക്രിസ്തുമതം. പേജ്. 69.

33. പൗരസ്ത്യ ഭാരതത്തിലെ ക്രിസ്തുമതം. പേജ്. 70

malankaralibrary.com

ഘട്ടത്തിൽ താരതമ്യേന ശാന്തമായ അന്തരീക്ഷം. ഡച്ചുകാർ കൊട്ടങ്ങല്ലൂർ പിടിച്ചെടുത്തതോടെ മിഷനറിമാരും മെത്രാന്മാരും അവിടം വിട്ടു പോകേണ്ടിവന്നു. അങ്ങനെ ആധ്യാത്മിക കാര്യങ്ങളും നിർവഹിക്കുവാൻ സാധിക്കാതെ വന്നപ്പോഴാണു് "മുംത്ത പ്രൊക്കുറാര" തിരുവെഴുത്തു മുഖേന കൊട്ടങ്ങല്ലൂർ അതിരൂപത നിറുത്തലാക്കിയതു്. അതിനെ ഡാമനിലെ (Daman) പോർട്ടുഗീസു് പദ്രുവാദോ മെത്രാന്റെ പദവിയോടു ചേർത്തു. ഡാമൻ നിറുത്തലാക്കപ്പെട്ടപ്പോഴും ഈ പദവി ഗോവയിലെ പോർട്ടുഗീസു് പദ്രുവാദൊ ആർച്ചുബിഷപ്പിനു നൽകി. പിന്നീടു പദ്രുവാദൊ അധികാരികളുടെ എതിർപ്പുകളെ വകവയ്ക്കാതെ കൊട്ടങ്ങല്ലൂർ അതിരൂപതയിൽപ്പെട്ട പള്ളികളെയും വിശ്വാസികളെയും വികാരി അപ്പസ്തോലിക്ക ബിഷപ്പു് ഫ്രാൻസിസു് സേവ്യർ തന്റെ സഹായ മെത്രാനായ മൊൺ ലൂയിസു് മാർട്ടിനിയുടെ സഹായത്തോടെ മലബാർ വികാരിയേറ്റിന്റെ കീഴിലാക്കി [34].

പുതുതെങ്കിലും പുരാതനം

ചരിത്രത്തിന്റെ ആവർത്തനമെന്നോണം പുരാതന ക്രൈസ്തവ സഭ പിറന്നുവളർന്ന നടുമുറ്റത്തു് ഇപ്പോഴും കോട്ടപ്പുറം രൂപത ജന്മമെടുത്തിരിക്കുന്നു. 1987 ഒക്ടോബർ 4-നു് കൊട്ടങ്ങല്ലൂരിന്റെ ക്രൈസ്തവ ചരിത്രത്തിൽ ഒരു നാഴികക്കല്ലാണിതു്. ആസ്ഥാനം ചരിത്രപ്രസിദ്ധമായ ഈ മണ്ണിൽതന്നെ. വരാപ്പുഴ അതിരൂപതയുടെ അവികസിത വടക്കൻ മേഖലകളുൾക്കൊള്ളുന്ന സാംസ്ക്കാരിക സമന്വയങ്ങളുടെ ഗ്രാമങ്ങൾക്കു ചരിത്രകാരൻ നൽകിയ വിശേഷണം ആലോചനാമൃതം തന്നെ. പുതുതെങ്കിലും പുരാതനം. ഈ നവജാതരൂപതയുടെ ഭരണസാരഥി ഡോ. ഫ്രാൻസിസു് കല്ലറക്കൽ. രൂപതയുടെ ആദ്ധ്യാത്മികവും വിദ്യാഭ്യാസപരവും സാമൂഹ്യസാംസ്ക്കാരികവുമായ പുരോഗതിക്കുവേണ്ടി ഈ വന്ദ്യപിതാവു് അവിശ്രമം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

കോഴിക്കോടു്

മലബാർ തീരത്തിലെ പ്രമുഖവും പ്രബലവുമായ തുറമുഖമായിരുന്ന കോഴിക്കോടു്. "കേരളോൽപ്പത്തി"യനുസരിച്ചു് കോഴിക്കുകിയാൽ കേരംക്കാൻമാത്രം വിസ്തീർണമുള്ള രാജ്യം. [35] മറെറാരു ഐതിഹ്യമനുസരിച്ചു ചേരമാൻ പെരുമാനും, സാമൂതിരിക്കു് ഒരു ചെറിയ അമ്പലവും. കോഴിക്കുകിയാൽ കേരംക്കത്തക്ക വിസ്തീർണമുള്ള സ്ഥല

34. L. M. Pylee: St. Thomas Christians and Archdiocese of Verapoly. p. 251.

35. Madras District Gazetteer Vol. I (1915) P. 384.

malankaralibrary.com

വും, തന്റെ വാളും കൊടുത്തവരത്രെ! [39]. 36 മൈൽ വിസ്തീർണമുള്ള ഈ ചെറിയരാജ്യം പ്രസിദ്ധ വാണിജ്യകേന്ദ്രമായിരുന്നു. ധനാഢ്യരായ മുസ്ലീമുകളും ഇവിടെ അധിവസിച്ചു കുരുമുളകു വ്യാപാരം നടത്തിയിരുന്നു. കാലക്രമേണ ഇവിടം സമുദ്രതീരത്തിലെ പ്രധാന കച്ചവടകേന്ദ്രമായി.

പോർട്ടുഗീസുകാരുടെ ആഗമനത്തിനു മുൻപു കോഴിക്കോട്ടു ക്രിസ്ത്യാനികളും ഉണ്ടായിരുന്നോ എന്നു നിശ്ചയമില്ല. വാസ്കോഡിഗാമ ഇവിടെ ക്രിസ്ത്യാനികളെ കണ്ടതായി പറയുന്നുണ്ടു. അവർ യഥാർത്ഥക്രൈസ്തവർതന്നെ ആയിരുന്നോ എന്നു സംശയിക്കണമെന്നാണു ഡോ. മത്തിയാസു മുണ്ടാടൻ പ്രസ്താവിക്കുന്നതു[40]. അക്കാലഘട്ടത്തിൽ പൊന്നാനിക്കു വടക്കായി നിശ്ചയമായും ക്രൈസ്തവർ വസിക്കുന്നുണ്ടായിരുന്നു. മംഗലാപുരത്തു അവർ ഒരു സംഘം മീൻപിടുത്തക്കാർ. മംഗലാപുരം തീരത്തു മത്സ്യംപിടിക്കുന്നതിനിടയിൽ വിശ്രുത നാട്ടിൽനിന്നുള്ള തിരുശേഷിപ്പു അടക്കംചെയ്ത ഒരു കുരിശു 1493-ൽ അവർ കണ്ടെത്തി. മംഗലാപുരത്തു 1496-നു മുമ്പു ആയിരിക്കണക്കിനു ക്രിസ്ത്യാനികളും താമസിച്ചിരുന്നുവെന്നു ടി.കെ. ജോസഫു അഭിപ്രായപ്പെടുന്നു[41]. മുസ്ലീമുകളുടെ ഉപദ്രവംനിമിത്തം സാമൂതിരിയുടെ രാജ്യം (കോഴിക്കോട്ടു) വിട്ടുകൊച്ചിയിൽ അവർ കുടിയേറിപ്പാർക്കുകയും "ബലിയാർട്ടു" എന്ന ക്രിസ്ത്യൻ രാജാവിനെ സ്വീകരിക്കയും ചെയ്തതായി ഡ്വാർട്ടെ ബോറോസ സമർത്ഥിക്കുന്നു. 1498-ൽ വാസ്കോഡിഗാമ കോഴിക്കോട്ടു വന്നശേഷമാണു മതപരിവർത്തനത്തിനുള്ള സംഘടിത പ്രവർത്തനങ്ങൾ നടന്നതു[42]. വാസ്കോഡിഗാമയോടുകൂടി രണ്ടു ട്രിനിറ്റേറിയൻ സന്യാസികളും കപ്പലിൽ ചാപ്പലെയിൻമാരായി യാത്രചെയ്തിരുന്നു. അവരിൽ ഫാ. റൊഡ്രിഗെ നൂനസു ആഫ്രിക്കയിലെ മൊസാംബിക്കിൽ അന്തരിച്ചു. അപരൻ ഫാ. പെദ്രോ ദെ കൊവിൽഹാം കോഴിക്കോട്ടു മതപ്രസംഗം നടത്തുന്ന അവസരത്തിൽ 1498-ൽ മൂർ ജാതിക്കാരാൽ വധിക്കപ്പെട്ടു[43]. പിന്നീടു പോർട്ടുഗലിൽനിന്നു വന്ന പെദ്രോ ആൽവരസു കബ്രാളിന്റെ കൂടെ ഫ്രാൻസിസ്കൻ സന്യാസിമാരുണ്ടായിരുന്നു. അവർ കൊയിംബ്രയിലെ ഫ്രയർ ഹെൻറിയുടെ നേതൃത്വത്തിൽ കോഴിക്കോട്ടു മതപ്രസംഗങ്ങൾ ചെയ്തു. ചെറിയ ദേവാലയം നിർ

---

39. Maxwell Valentine Noronha: Diocese of Calicut: Christian Heritage of Kerala P. 392

40. A. M. Mundaden: St. Thomas Christians 1967 Vol. 1. P. 75.

41. T.K. Joseph, Journal of Indian History Vol. III. 1948.P. 305.

42. Journal of Indian History op. cit. P. 305.

43. Fr. Ferroli S. J: The Jesuits in Malabar. Vol. I. P. 869.

malankaralibrary.com

മ്മിച്ചു. ഇതാണു പോർട്ടുഗീസുകാരാൽ സ്ഥാപിക്കപ്പെട്ട ഇന്ത്യയിലെ പ്രഥമ ദേവാലയം[44].

നായൻമാരുടെ മാനസാന്തരം

ഈ മിഷനറിമാർ ഒരു ബ്രാഹ്മണനെ ജ്ഞാനസ്നാനപ്പെടുത്തി. "മൈക്കിയം ദെ സാൻക്ത മരിയ" എന്നു പേർ നൽകി[45]. പല നായന്മാരെയും ക്രൈസ്തവരാക്കി. പോർട്ടുഗീസുകാരാൽ മതപരിവർത്തനം ചെയ്യപ്പെട്ട പ്രഥമ ക്രൈസ്തവസമൂഹം. പിന്നീടു കോഴിക്കോട്ടു പ്രേഷിതപ്രവർത്തനങ്ങളും അധികമൊന്നും നടത്താൻ സാധിച്ചില്ല. രാഷ്ട്രീയപ്രശ്നങ്ങളും സാമൂതിരിയുമായുള്ള പോർട്ടുഗീസുകാരുടെ ഏറ്റുമുട്ടലും നിമിത്തം മിഷനറിമാർ കോഴിക്കോടു വിട്ടു കണ്ണൂരിലേക്കു തിരിച്ചു. അൽഫോൺസൊ അൽബുക്കർക്കു സാമൂതിരിയുമായി രമ്യപ്പെട്ടുകൊണ്ടു സമാധാനഉടമ്പടി നടത്തിയതിന്റെ ഫലമായി കോഴിക്കോട്ടു കോട്ട പണിയുന്നതിനു സാധിച്ചു. ഈ കോട്ടയും ഒരു കപ്പേളയും അമലോത്ഭവ മാതാവിനു പ്രതിഷ്ഠിതമായി[46]. 1532-ൽ താനൂരിലെ രാജാവിന്റെ സഹായത്തോടെ കോഴിക്കോടിനു സമീപമുള്ള ചാലിയാമിൽ (CHALIYAM) പോർട്ടുഗീസുകാർ പുതിയ കോട്ട നിർമ്മിച്ചു. അവിടെ 120 പേർക്കു താമസിക്കാനുള്ള വസതികളും ദേവാലയവുമുണ്ടായിരുന്നു. 1549-ൽ വി. ഫ്രാൻസീസു സേവ്യർ ഈ ദേവാലയം സന്ദർശിച്ചു[47]. 1549-ൽ താനൂർ രാജാവു കത്തോലിക്കാമതം സ്വീകരിച്ചു. ഏതാനും നായന്മാരും ക്രൈസ്തവമതം സ്വീകരിക്കാൻ തന്റെ മതപരിവർത്തനം പ്രസിദ്ധപ്പെടുത്തുന്നതായിരിക്കുമെന്നു ഈ വെട്ടത്തുരാജാവു പ്രതിജ്ഞ ചെയ്തിരുന്നുവെങ്കിലും വാക്കു പാലിച്ചില്ല. സാമൂതിരിയുടെ സാമന്ത രാജാവായി രാജ്യം ഭരിച്ചിരുന്ന ഇദ്ദേഹം.

സാമൂതിരിനാട്ടിൽ പള്ളികൾ

ഇന്ത്യാക്കാരനായ ദോം ജയോവെ തീക്ഷ്ണതയുള്ള മിഷനറി. ചെട്ടി ജാതിയിൽപെട്ട ഇദ്ദേഹം മതപരിവർത്തനത്തിനുമുമ്പു സാമൂതിരിയുടെ അംബാസിഡറായി 1512-ൽ ലിസ്ബണിലേക്കു നിയുക്തനായി. 1516-ൽ ലിസ്ബണിൽ നിന്നു ക്രിസ്തുമതം സ്വീകരിച്ചു തിരിച്ചുവന്നു. അദ്ദേഹത്തിന്റെ പരിശ്രമഫലമായി കോഴിക്കോട്ടു നഗരത്തിൽ ഒരു ദേവാലയം നിർമ്മിച്ചു. 800 ക്രൂസാദോസു ചെലവഴിച്ചു

---

44. Fr. Ferroli S J. op. cit. Vol I P. 92.
45. Fr. Ferroli op. cit. Vol. I. p.93.
46. Fr. Ferroli op cit. Vol. I. p. 93
47 Corea Alfonso, S. J. :Jesuit Letters and Indian History. Part II. pp. 329-336 (1542-1773)

malankaralibrary.com

ക്രിസ്തുവിന്റെ പീഡാനുഭവചിത്രം വരപ്പിച്ചു. "ഓർഡർ ഓഫ് ക്രൈസ്റ്റ്" സഭാംഗങ്ങളുടെ ഉപയോഗത്തിനുവേണ്ടി മറെറാരു ദേവാലയവും 3000 ക്രൂസാദോസ് ചെലവഴിച്ചു് നിർമ്മിക്കാൻ സന്നദ്ധനായി. 12 മാർബിളും സ്ലാബുകളും 3 അംശത്താരകല്ലുകളും 4 ദിവ്യപൂജാപുസ്തകങ്ങളും പുതിയ പള്ളിക്കു സംഭാവന നൽകുന്നതിനു അദ്ദേഹം രാജാവിനോടു് അപേക്ഷിച്ചു. ഗവർണർ അൽബുക്കർക്കു കോഴിക്കോടു മാനസാന്തരവേല നിരോധിച്ചതിനാൽ, ഭഗ്നാശയനായ ദോം ജയോവെ ക്രൂസ് ഈ സംരംഭങ്ങളിൽനിന്നു പിൻമാറി. 1516-ൽ കോഴിക്കോട്ടെ വികാരി ഫാ. ഡിയോഗൊ ദെ മൊറായിസ്, ഗവർണർ ലോപ്പൊ സൊരസിനോടു് അഭ്യർത്ഥിച്ചതിന്റെ ഫലമായി ഉന്നതകുലത്തിൽപ്പെട്ടവരെമാത്രം മതപരിവർത്തനം നടത്താൻ അനുവാദം ലഭിച്ചു. പിന്നോക്കജാതിയിൽപെട്ടവർക്കു അനുവാദമില്ലായിരുന്നു [48]. ലോപ്പൊസാരസിന്റെ ഭരണകാലത്തു കോഴിക്കോടു് നഗരത്തിൽ മതപരിവർത്തനം ത്വരിതപ്പെട്ടു. സാമൂതിരിയും അനുകൂലിച്ചു. ഡ്യൂയിലെ മെത്രാനായ ഡ്വാർട്ടു് നൂനസ് 1522-ൽ കോഴിക്കോടു് സന്ദർശിച്ചപ്പോൾ 200 പേർക്കു് സ്ഥൈര്യലേപനക്രമം നൽകി. കല്ലെനദീതീരത്തു നിർമ്മിക്കപ്പെട്ടിരുന്ന കോട്ട 1525-ൽ സാമൂതിരിയുടെ ആക്രമണംനിമിത്തം നശിപ്പിക്കപ്പെട്ടു [49]. മതപരിവർത്തനം കോഴിക്കോടു് നിരോധിക്കപ്പെട്ടുവെങ്കിലും സാമൂതിരിയുടെ പോർട്ടുഗൽ അംബാസിഡർ ജയോവെ ക്രൂസിന്റെ തീക്ഷ്ണ പരിശ്രമത്താൽ ഫിഷറികോസ്റ്റിൽ അനേകം പരവരെ മാനസാന്തരപ്പെടുത്തി. 1536-ൽ 20,000 പരവന്മാർ ക്രിസ്തുമതം സ്വീകരിച്ചു [50].

തലശേരിയിൽ കോട്ട

സാമൂതിരി 1597-ൽ പോർട്ടുഗീസുകാരുമായി ഉടമ്പടി ഉണ്ടാക്കി. സുവിശേഷം പ്രസംഗിക്കുന്നതിനും ദേവാലയങ്ങൾ നിർമ്മിക്കുന്നതിനും അനുവദിക്കപ്പെട്ടു. രാജാവിന്റെ ചിലവിൽത്തന്നെ പള്ളികൾ നിർമ്മിക്കുന്നതിനുള്ള മഹാമനസ്കത പ്രകടമാക്കി. ഈശോസഭാ വൈദികരോടു് രാജാവു് സൗഹൃദം പുലർത്തി. തൽഫലമായി 1601-ൽ ഈശോസഭക്കാരുടെ പ്രോവിൻസ്തന്നെ കോഴിക്കോട്ടു് ശ്രീപീകരിക്കുന്നതിനു കഴിഞ്ഞു. കോഴിക്കോട്ടെ അപ്പസ്തോലൻ എന്നറിയപ്പെടുന്ന പാദ്രെ ജിയോക്കോമൊ ഫെനീഷ്യന്റെ മേൽനോട്ടത്തിൽ മിഷൻപ്രവർത്തനങ്ങൾ പുരോഗമിച്ചു. 1616-ൽ അഞ്ചാം പോപ്പ് മാർപാപ്പ കോഴിക്കോട്ടു് താന്നൂരും കൊട്ടങ്ങല്ലൂർ രൂപതയുടെ കീഴിലാക്കി. 1708-ൽ ഇംഗ്ലീഷുകാർ തലശേരിയിൽ കോട്ട നിർമ്മി

48. Antonio De Silva Rego: Letter of Dioge Morais to the King of Calicut 18th January 1516.
49. Historia Das Missioes do Oriente India Vol I. p. 277.
50. Fr. Ferroli S. J. :Jesuits in Malabar. Vol I. p. 117.

malankaralibrary.com

ച്ചു.കൊടുങ്ങല്ലൂർ മെത്രാപ്പോലീത്ത ഡോ. റിബെയിരോയുടെ കീഴിൽ ഈശോസഭക്കാർ തലശേരിയിൽ ദേവാലയം നിർമ്മിച്ചു.

കോഴിക്കോട് രൂപത

പതിനൊന്നാം പീയൂസ് മാർപാപ്പയുടെ തിരുവെഴുത്തനുസരിച്ചു 1923-ൽ കോഴിക്കോട് രൂപത സ്ഥാപിതമായി. ഡോ. പോത്തം പെരീസി എസ്. ജെ. പ്രഥമമെത്രാൻ. കോഴിക്കോട്, തലശേരി, കണ്ണൂർ, വൈത്തിരി പ്രദേശങ്ങളിലായി അന്നു 8000 കത്തോലിക്കർ. അഭിനവ രൂപതയിൽ ഈശോസഭക്കാരായ 12 വൈദികർ,അപ്പസ്തോലിക് കാർമ്മൽസഭയിലെ 50 സിസ്റ്റേഴ്സ് കോഴിക്കോട്, തലശേരി, കണ്ണൂർ സ്ഥലങ്ങളിലായി വിദ്യാലയങ്ങൾ സ്ഥാപിച്ചിരുന്നു. ഡോ. പെരീസിയാണ് ''കോലയാഡ്'' എന്ന സ്ഥലത്തു് ആദ്യമിഷൻ ഇടവക ആരംഭിച്ചതു [51]. കോഴിക്കോട്, മേരിക്കുന്ന്, പെരിങ്കുമന എന്നിവിടങ്ങളിൽ മിഷൻ സ്റ്റേഷനുകൾ സ്ഥാപിച്ചു. മോൺ. നെസീനി എസ്. ജെ യുടെ പരിശ്രമഫലമായി മൂന്നു് ഹൈസ്കൂളുകളും. 1937-ൽ ഡോ. ലെയൊ പ്രൊസേപ്പിയർ എസ്. ജെ. കോഴിക്കോട് രൂപതയുടെ മെത്രാനായി. അദ്ദേഹത്തിന്റെ ശ്രേയസ്കരമായ ഭരണകാലത്തു് പല ദേവാലയങ്ങളും നിർമ്മിച്ചു.15 ഹൈസ്കൂളും 11 മിഡിൽ സ്കൂളും 13 ഹയർ എലമെന്ററി സ്കൂളും രൂപതയിൽ ഉണ്ടായിരുന്നു. മലാപ്പറമ്പിൽനിന്നു് മെത്രാസനമന്ദിരം കോഴിക്കോട് നഗരത്തിലേക്കു മാറ്റി. 1948 ജൂണിൽ ഡോ.അൽഡോ മരിയ പത്രൊനി എസ്. ജെ. മെത്രാനായി. രൂപതയുടെ സർവതോന്മുഖമായ വളർച്ചയ്ക്കുവേണ്ടി 32 വർഷം കോഴിക്കോട് രൂപതയെ അദ്ദേഹം ഭരിച്ചു. പോണ്ടിച്ചേരി അതിരൂപതയിൽപ്പെട്ട മാഹി 1949-ൽ കോഴിക്കോട് രൂപതയോടു ചേർത്തു.

കുടിയേറ്റക്കാർക്കു വികാരി ജനറൽ

സീറൊ മലബാർ റീത്തിൽപ്പെട്ട കത്തോലിക്കർ 1923 മുതൽ വടക്കെ മലബാറിലേക്കു കുടിയേറിപ്പാർത്തു തുടങ്ങി. 1948-ൽ അവരുടെ സംഖ്യ 60,000. ഇവരുടെ ആധ്യാത്മിക കാര്യങ്ങൾ അന്വേഷിക്കുന്നതിനു ഫാ. ജോസഫ് എടമരം എസ്. ജെ. വികാരിജനറാളായി നിയമിക്കപ്പെട്ടു. 30 ഇടവകകൾതന്നെ ഇവർക്കായി സ്ഥാപിച്ചു. സി. എം. ഐ. സന്ന്യാസവൈദികർ പല ഇടവകകളിൽ വികാരിമാരായി. 1933-ൽ സീറൊ മലബാർ കത്തോലിക്കർക്കായി തലശേരി രൂപത. ഡോ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പുതിയ രൂപതയുടെ മെത്രാൻ. 1960-ൽ മംഗലാപുരം രൂപതയിൽപെട്ടതും മലയാളികളായ കത്തോലിക്കരധികമുള്ളതുമായ ആറു മിഷൻ സ്റ്റേഷനുകൾ കോഴി

51. ഈ മിഷൻ 1954-ൽ മഞ്ഞുമ്മൽ കർമ്മലീത്താസഭയെ ഭരമേല്പിച്ചു.

malankaralibrary.com

ക്കോട്ട് രൂപതയോട്ട് ചേർത്തു. ആകെ 28 ഇടവകകളും കോഴിക്കോട്ട് രൂപതയിൽ ഉൾപ്പെട്ടു. നാലു് ആസ്പത്രികളും 17 അനാഥമന്ദിരങ്ങളും 5 സന്ന്യാസസഭകളും ഇവിടെ പ്രവർത്തിച്ചുവന്നു. അച്ചടിശാല സ്ഥാപിച്ചു് "സന്ദേശം" മാസിക പ്രസിദ്ധീകരിച്ചു. ലത്തീൻ റീത്തിലെ ആരാധനക്രമം പരിഷ്ക്കരിക്കുന്നതിൽ മെത്രാൻ ദത്താവശ്രദ്ധനായി. ഇറ്റാലിയൻ സ്വദേശിയാണെങ്കിലും അദ്ദേഹം മലയാളഭാഷയിൽ അവഗാഹം നേടി. കുർബാനക്രമവും ആരാധനക്രമ പുസ്തകങ്ങളും മലയാളഭാഷയിലേക്കു് പരിഭാഷപ്പെടുത്തി. ആരാധനക്രമങ്ങൾ പരിപുഷ്ടിപ്പെടുത്താൻ പരിശ്രമിച്ച ഡോ. അൽഡൊ മരിയ പത്രോനി അഭിനന്ദനമർഹിക്കുന്നു. പരിക്ഷീണിതനായ ഇദ്ദേഹം 1980-ൽ രൂപതാഭരണത്തിൽനിന്നു് വിരമിച്ചു. അതേ വർഷം ഡോ. മാക്സ്വൽ വലൻറീൻ നൊറോന പുതിയ മെത്രാനായി. 15 മെത്രാൻമാരുടെയും അനേകം വൈദികരുടെയും കന്യാസ്ത്രികളുടെയും പതിനായിരത്തോളം വരുന്ന നാനാജാതി മതസ്ഥരടങ്ങുന്ന ജനാവലിയുടെയും സാന്നിദ്ധ്യത്തിൽ മാനാഞ്ചിറ മൈതാനത്തു് നൊറോന മെത്രാൻറെ അഭിഷേകം. ഡോ. മാക്സ്വൽ നൊറോന മെത്രാൻറെ സാരഥ്യത്തിൽ കോഴിക്കോട്ട രൂപത അഭിവൃദ്ധി പ്രാപിച്ചുവരുന്നു.

കണ്ണൂർ പോർട്ടുഗീസ് ആസ്ഥാനം

കോലത്തിരി രാജാവിൻറെ അധീനതയിലുണ്ടായിരുന്ന രാജ്യം. കാസർകോട്ട മുതൽ കോഴിക്കോടിൻറെ തെക്കെ അതിർത്തിവരെയുള്ള തീരപ്രദേശമാണിതു[52]. കണ്ണൂർ പോർട്ടുഗീസു്-ഇന്ത്യയുടെ പ്രാരംഭഘട്ടചരിത്രത്തിൽ പ്രധാന രാജ്യം. സാമ്രാധിപതി സാമൂതിരിയുടെ പ്രതിഷേധങ്ങളെയും ആക്രമണങ്ങളെയും തടഞ്ഞുനിറുത്തി പോർട്ടുഗീസുകാരോടു് കോലത്തിരി രാജാവു് സഖ്യത്തിലേർപ്പെട്ടു. പല സംവത്സരങ്ങളോളം കണ്ണൂരിൽ താമസിച്ചിരുന്ന ഡാർട്ടെ ബാർബോസ പ്രസ്താവിച്ചിരിക്കുന്നതു് കണ്ണൂരിൽ ധാരാളം മൂർവർഗ്ഗക്കാരും മറ്റു അനാഥരും ഉണ്ടായിരുന്നുവെന്നാണു്. വലുതും ചെറുതുമായ കപ്പലുകളുടെ ഉടമസ്ഥരും സമർത്ഥരുമായ വണിക്കുകളും ഇവിടെ നിന്നു ഗാമ്പിയ, ഓർമ്മസ്, കോറമണ്ഡൽ, ദാബൂം, ചാവും, ബാൻങ്ങ, ഗോവ, സെയിലാം, മാൽദീവ ദ്വീപുകളും എന്നീ രാജ്യങ്ങളുമായി കുരുമുളകു് മുതലായ വ്യഞ്ജനങ്ങളും ക്രയവിക്രയംചെയ്തുപോന്നു. പോർട്ടുഗീസുകാർ ഇവിടെ ഒരു കോട്ട നിർമ്മിച്ചു. 1505-ൽ കോട്ട പണിയാരംഭിച്ചുവെങ്കിലും 1507 വരെ അതു് പൂർത്തിയാക്കുവാൻ സാധിച്ചില്ല[53].

---

52. A. M. Mundaden: History of Christianity in India-Cannanore pp-377-385.

53. A. M. Mundaden: History of Christianity in India Vol.1. p. 228,

malankaralibrary.com

കോലത്തിരിയുടെ കൃഷ്ണം

കോഴിക്കോട്ട് 1498–മെയ് മാസത്തിൽ കുരുമുളകു കച്ചവടത്തിനായി വന്ന വാസ്കോഡിഗാമ സാമൂതിരിയുമായി തെറ്റിപ്പിരിഞ്ഞു. അറബികളുടെ മേധാവിത്വം സാമൂതിരിയെ ബലഹീനനാക്കി. സാമൂതിരിനാവികപ്പടയിൽ ഭൂരിപക്ഷം യോദ്ധാക്കളും മുസ്ലീമുകളും. പോർട്ടുഗീസുകാരെ സാമൂതിരി ആദ്യം സൗഹാർദ്ദപൂർവ്വം സ്വീകരിച്ചുവെങ്കിലും കച്ചവടസംരംഭത്തെ സഹായിച്ചില്ല. കുരുമുളകു വിപണിയിൽ ആധിപത്യം പുലർത്തിയിരുന്ന അറബികളും പോർട്ടുഗീസുകാർക്കു ചരക്കുകളും ലഭ്യമാകാതിരിക്കുന്നവിധം മറ്റു വ്യാപാരികളെ തടയുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. ക്ഷുഭിതനായ വാസ്കോഡിഗാമ സാമൂതിരിയുമായി പിണങ്ങി. ഇതിനകം കണ്ണൂരിലെ രാജാവു് കോലത്തിരി രഹസ്യമായി ദൂതന്മാരെ അയച്ചു് ഗാമയ്ക്കു കുരുമുളകു മതിയാവോളം നൽകാമെന്നു് അറിയിച്ചു. ഗാമ കോഴിക്കോടു് വിട്ടു് കണ്ണൂരിലേക്കു യാത്ര തിരിച്ചു. ഇവിടത്തെ മുസ്ലീം കച്ചവടക്കാർ പോർട്ടുഗീസുകാരുമായി വ്യാപാരം നടത്തുന്നതിൽനിന്നു കോലത്തിരി രാജാവിനെയും പിന്തിരിപ്പിക്കാൻ ശ്രമം നടത്തി. എങ്കിലും ഗാമയെയും കൂട്ടരേയും കണ്ണൂരിലേക്കു ക്ഷണിച്ചുവരുത്തിയതുകൊണ്ടു് പോർട്ടുഗീസു കപ്പലുകൾക്കു് ആവശ്യമായ എല്ലാ സാധനങ്ങളും പല വ്യഞ്ജനങ്ങളും കൊടുത്തു. കോലത്തിരി സമാധാനത്തിന്റെയും സൗഹൃദത്തിന്റെയും ഉടമ്പടിയും ഉണ്ടാക്കി. 1506–ൽ കണ്ണൂരിൽ ഒരു കോട്ട കെട്ടുവാനുള്ള അനുമതി ഗവർണർ ഫ്രാൻസിസ്കൊ അൽമേഡ കോലത്തിരി രാജാവിൽനിന്നു സമ്പാദിച്ചു. ഒരു വർഷത്തിനകം ഗംഭീരമായ ദുർഗം നിർമ്മിച്ചു, സെൻറ് ''ആഞ്ചലോ കോട്ട''. കോട്ടയുടെ സംരക്ഷണത്തിനായി ക്യാപ്റ്റൻ ബ്രിട്ടോയുടെ മേൽനോട്ടത്തിൽ 2 പടക്കപ്പലുകളും 150 സൈനികരും കാവൽനിന്നു.

കൊച്ചിയിൽനിന്നു് ഗോവയിലേക്കു യാത്രചെയ്യുന്ന കപ്പൽ ഈ കോട്ടയ്ക്കു് സമീപം നങ്കൂരമിട്ടു വെള്ളവും മറ്റു ഭക്ഷണസാധനങ്ങളും സംഭരിക്കുക പതിവാണു്. പോർട്ടുഗീസുകാരും കണ്ണൂരിലെ രാജാവുമായുള്ള മൈത്രീബന്ധം നാൾക്കുനാൾ വർദ്ധിച്ചുവന്നു. രാജാവിന്റെ സൗഹാർദ്ദപരമായ പെരുമാറ്റവും മഹാമനസ്കതയും പോർട്ടുഗീസുകാർക്കു പ്രിയങ്കരമായി. രാജാവിനെക്കുറിച്ചു മതിപ്പും [54].

കണ്ണൂർ ക്രൈസ്തവസഭ

കണ്ണൂരിൽ ആദ്യമായി ഇരുപതു കുട്ടികളാണു് ജ്ഞാനസ്നാനപ്പെട്ടതു്. 1502–ൽ വാസ്കോഡിഗാമ ഈജിപ്റ്റിലെ സുൽത്താൻ മാരിയുടെ പ്രസിദ്ധ കപ്പൽ പിടിച്ചെടുത്തപ്പോഴും ഈ ഇരുപതു് കുട്ടികളും ഒഴികെ മറ്റെല്ലാവരെയും വധിച്ചു. രക്ഷിക്കപ്പെട്ട കുട്ടികളെ ജ്ഞാന

54. G. Schurhammer: Francis Xavier-His Life, His Time P. 288.

malankaralibrary.com

സ്നാനപ്പെടുത്തുവാൻ നിശ്ചയിച്ചു. മാന്വൽ ദെഫാരിയാ വൈസോ സാ അഭിപ്രായപ്പെട്ടതുപോലെ, ഏതാനും പോർട്ടുഗീസുകാരെ ബല മായി പിടിച്ചു മെക്കയിൽ കൊണ്ടുപോയി മുസ്ലീമുകളാക്കിയ ക്രൂരകൃ ത്യത്തിനു പകരം വീട്ടാനെന്നോണമാണു മുസ്ലീം കുട്ടികളെ ജ്ഞാന സ്നാനപ്പെടുത്തിയതു[55]. കണ്ണൂരിലെ ഹിന്ദുക്കളെയൊ മുസ്ലീമുകളെയൊ ക്രിസ്ത്യാനിജാതിയിൽപ്പെട്ടവരെയൊ രാജാവിന്റെ സേവകൻമാരെയൊ അടിമകളെയൊ മതപരിവർത്തനം ചെയ്യുക എളുപ്പമായിരുന്നില്ല. അന്നത്തെ സാമൂഹ്യ വ്യവസ്ഥിതിക്കും, പോർട്ടുഗീസുകാരും രാജാവും തമ്മിലുള്ള സുഹൃദ്ബന്ധത്തിനും ഉലച്ചിൽ തട്ടുന്നതിനു് ഇതു് ഹേതു വാകും. ഇവയെല്ലാം അവഗണിച്ചു് മിഷനറിമാർ പിന്നോക്ക വിഭാഗക്കാരെയും ഏതാനും നായൻമാരെയും ജ്ഞാനസ്നാനപ്പെടുത്തി.

മാനസാന്തര വിരുദ്ധനിലപാട്

ഇതു് രാജാവിനു് ഇഷ്ടപ്പെട്ടില്ല. രാജാവുതന്നെ പോർട്ടുഗലിലെ ഭരണാധികാരികൾക്കു് ഇപ്രകാരം എഴുതി: 'ഞാനും എന്റെ നായൻമാരും, അടിമകളായി പരിഗണിക്കുന്ന പിന്നോക്കവിഭാഗക്കാരായ തീയന്മാരെയും മുക്കുവരെയും ക്രിസ്തുമതത്തിലേക്കു് പരിവർത്തനം ചെയ്യുന്നതു ആശാസ്യമല്ല. അതുപോലെ നായന്മാരെയും ബ്രാഹ്മണരെയും ആരും മതപരിവർത്തനം നടത്തരുതെന്നു നാം അനുശാസിക്കുന്നു. ഇവയെല്ലാം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണു്. മതപരിവർത്തനം പല കുഴപ്പങ്ങൾക്കും കലാപങ്ങൾക്കും വഴിതെളിക്കും'[56]. നായന്മാരുടെയും ബ്രാഹ്മണരുടെയും മതപരിവർത്തനം സാമ്പത്തികവും സാമൂഹ്യവും മതപരവുമായ പല പ്രശ്നങ്ങൾക്കും കാരണമാകുമെന്നു!

മതപരിവർത്തന തടസവാദങ്ങൾ

പോർട്ടുഗീസുകാർ 1512-ൽ ഒരു അമ്പലം കത്തിച്ചു. ഏതാനും അടിമകളെ ജ്ഞാനസ്നാനപ്പെടുത്തി. അടിമകളും രാജാവിനു് നൽകേണ്ട നികുതി കൊടുക്കാതെയായപ്പോൾ രാജാവു് ഈ മതപരിവർത്തന പ്രക്രിയ നിരോധിച്ചു. മതപരിവർത്തനം അർഹിക്കുന്ന പ്രാധാന്യത്തെയും ഗൗരവത്തെയും പരിഗണിച്ചുകൊണ്ടുതന്നെ ഇപ്രകാരം അനുശാസിച്ചു: "പോർട്ടുഗീസുകാർ പോർട്ടുഗൽരാജാവിന്റെ പ്രജകളായിരിക്കുന്നതുപോലെ കണ്ണൂരിലെ ജനങ്ങളും, അവർ ക്രിസ്തുമതം സ്വീകരിച്ചവരായാലും അല്ലെങ്കിലും എന്റെ പ്രജകളാണു്. അതിനാൽ മതപരിവർത്തനം ചെയ്യപ്പെട്ട ക്രിസ്ത്യാനികളും മറ്റുള്ളവരെപ്പോലെ തന്നെ രാജാവിനു് നൽകേണ്ട നികുതി കൊടുക്കുവാൻ നിർബന്ധിത

55. Manuel De Faria Y Souza: Asia Portuguese. I. P. 538.

56. A. De Silva Rego: Letter of the Raja to the Portuguese King Cannanore, December 1507. P. 61.

malankaralibrary.com

രാണു'''. രാജാവിൽനിന്നുള്ള ഈ തടസ്സവാദങ്ങൾക്കു പരിഹാരമായി താഴ്ന്നജാതിയിൽപ്പെട്ട ഹിന്ദുക്കളെ മതപരിവർത്തനം ചെയ്തു പോർട്ടുഗീസുകാരുടെ ആധിപത്യത്തിനും നിയമങ്ങൾക്കും കീഴ്പ്പെട്ടത്തി സമത്വമുള്ളവരായി സ്വീകരിക്കുവാൻ ആലോചിച്ചു. എന്നാൽ ഗവർണർ അൽബുർക്കു ഹിന്ദുക്കളും മുസ്ലീമുകളുമായ അടിമകളെ മതപരിവർത്തനം നടത്തേണ്ടതില്ലെന്നു കല്പിച്ചു. താഴ്ന്നജാതിയിൽപ്പെട്ടവർ ജ്ഞാനസ്നാനം സ്വീകരിക്കുന്നതു മിക്കവാറും ഭൗതികസഹായം പ്രതീക്ഷിച്ചുകൊണ്ടായിരിക്കും [57]. അൽബുക്കർക്കിന്റെ ഈ വിലക്കുകളെ അവഗണിച്ചുകൊണ്ടു കണ്ണൂരിൽ മതപരിവർത്തനം തുടർന്നുകൊണ്ടിരുന്നു.

അൽബുക്കർക്കിന്റെ വിലക്കു

കണ്ണൂരിൽ 1504-ൽ വന്ന പോർട്ടുഗീസുകാരോടുകൂടി രണ്ടുവർഷം താമസിച്ച നാലു പൗരസ്ത്യ സിറിയൻ മെത്രാന്മാരുടെ കത്തിൽ കണ്ണൂരിലെ പൂർവകാല ക്രൈസ്തവസഭയെപ്പറ്റി പരാമർശിച്ചിട്ടുണ്ടു്. അതിൽ ഏതാണ്ടു ക്ലേരികളടക്കം 20 ക്രിസ്ത്യാനികളുള്ള ക്രൈസ്തവസമൂഹം ഇവിടെയുണ്ടായിരുന്നുവെന്നു പറയുന്നു[58]. 1512-ൽ നൂറു "പോർട്ടുഗീസു കാസഡാകളു"ണ്ടായിരുന്നു.* 1514-ൽ ഇവിടെ 344 ക്രൈസ്തവർ വസിച്ചിരുന്നു. കണ്ണൂർ വികാരി ഫാ. വെൽഹൊയുടെ അഭിപ്രായത്തിൽ ഹിന്ദുക്കളെയും മുസ്ലീമുകളെയും അടിമകളെയും ജ്ഞാനസ്നാനപ്പെടുത്തരുതെന്ന അൽബുക്കർക്കിന്റെ വിലക്കു ഇല്ലായിരുന്നുവെങ്കിൽ കണ്ണൂരിൽ വളരെയേറെ മാനസാന്തരങ്ങൾ നടന്നേനെ. അതേസമയം, ഇമ്മാനുവൽ രാജാവു നായന്മാരുടെയും മറ്റു ഉന്നതകുലജാതരുടെയും മതപരിവർത്തനകാര്യത്തിൽ കൂടുതൽ താൽപര്യം കാണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു പലപ്പോഴും ഇന്ത്യയിലേക്കു കത്തുകൾ അയക്കുമായിരുന്നു.

കണ്ണൂരിൽ 1523-ൽ 200 പോർട്ടുഗീസുകാരും 700 ഇന്ത്യാക്കാരായ ക്രൈസ്തവരും ഉണ്ടായിരുന്നുവെന്നതിനു രേഖകളുണ്ടു്. വാസ്കോ ഡിഗാമയുടെ സഹോദരനായ ദോം അയറസ് (Aires)ഗാമയുടെ 1519-ലെ പ്രസ്താവനയനുസരിച്ചു കോട്ടയ്ക്കുള്ളിൽ വസിക്കുന്നവരുടെ എണ്ണം വർദ്ധമാനമായി.

---

57. A. De Silva Rego: Documenetecao Para a Historia das Missioes India I. pp. 241-246.

58. A.M.Mundaden: "Arrival of Portuguese in India and StThomas Christians under Mar Jacob. p. 69. suppl. p 271.

* ഇന്ത്യാക്കാരായ സ്ത്രീകളെ വിവാഹം കഴിച്ചു ജീവിക്കുന്ന പോർട്ടുഗീസ് പുരുഷന്മാർക്കു ജനിക്കുന്ന കുട്ടികൾ.

malankaralibrary.com

യുദ്ധക്കളത്തിൽ ദേവാലയം

കണ്ണൂരിൽ 1542-ൽ മുൻപുതന്നെ ദേവാലയങ്ങൾ സ്ഥാപിക്കപ്പെട്ടിരുന്നു. ഒരു ഫ്രാൻസിസ്കൻ ആശ്രമവും. 1500-ലാണ് ആദ്യത്തെ ആരാധനാലയം പെദ്രോ അൽവാരെസ് കബ്രാളിനാൽ സ്ഥാപിക്കപ്പെട്ടതു്. ഈ കപ്പേളയിൽ 1504-ൽ 4 പേർഷ്യൻ മെത്രാന്മാർ പൗരസ്ത്യ റീത്തിൽ തിരുക്കർമ്മങ്ങൾ അർപ്പിച്ചു [59]. വൈസ്രോയി അംമേഡയുടെ ആജ്ഞയനുസരിച്ചു് കണ്ണൂരിൽ 1505-ൽ ഒരു ആസ്പത്രിയും സ്ഥാപിതമായി. ആരോഗ്യപ്രദമായ സ്ഥലവും ആസ്പത്രിയിലെ അന്തേവാസികളുടെ ശ്രദ്ധാപൂർവ്വമായ ശുശ്രൂഷയും പരിചരണവും നിമിത്തം ഇതു പ്രസിദ്ധമായി. കണ്ണൂരിലെ പ്രഥമ കപ്പേള സ്ഥാപിക്കപ്പെട്ടിരുന്ന സ്ഥലത്തു വൈസ്രോയി ദോം ഫ്രാൻസിസ്കൊ അംമേഡയുടെ ഭരണകാലത്തു കല്ലും കുമ്മായവുംകൊണ്ടു് മനോഹരമായ പുതിയ ദേവാലയം നിർമ്മിച്ചു. ഗവർണർക്കു വി. ജയിംസ് അപ്പസ്തോലനോടു് കൂടുതൽ ഭക്ത്യാദരവുണ്ടായിരുന്നതിനാൽ "അമലോത്ഭവമാതാ ദേവാലയം" എന്ന പേരു മാറ്റി അതു് വി. ജയിംസിന്റെ നാമത്തിലുള്ള പള്ളിയാക്കി. കണ്ണൂരിലെ പ്രസിദ്ധിയാർജിച്ച കോട്ടയുടെ മുൻപിൽവച്ചു വൈസ്രോയിയുടെ പുത്രനായ ദോം ലോറൻസൊ ദി അൽമേഡ മുഹമ്മദീയരുടെ നാവികസേനയെ തകർത്തു് മഹത്തായ വിജയം കൈവരിച്ചു. ഇവിടെയുള്ള കോട്ടയുടെ ഒരു അറ്റത്തുള്ള പാറക്കൂട്ടങ്ങളുടെ ഏറ്റവും ഉയർന്ന ശൃംഗത്തിൽനിന്നു പീരങ്കി ഉണ്ടകളെ തുടർച്ചയായി വർഷിക്കപ്പെട്ടതിന്റെ ഫലമായാണ് നിർണ്ണായക വിജയം സിദ്ധിച്ചതു്. ദോം ലോറൻസോസ്സു കൈവന്ന അദ്ഭുതപൂർവമായ വിജയത്തിന്റെ സ്മരണയ്ക്കായി 1506 മാർച്ചുമാസത്തിൽ പീരങ്കി ഉണ്ടകളെ വർഷിച്ച സ്ഥലത്തു വിജയമാതാവിന്റെ നാമത്തിൽ പ്രാർത്ഥനാലയം നിർമ്മിച്ചു [60].

പോർട്ടുഗീസ് വീരുദ്ധമുന്നണി

കണ്ണൂരിൽ 1513-ൽ ഒരു പോർട്ടുഗീസുകാരൻ ഒരു നായരുമായി കലഹിക്കാനിടയായി. തദവസരത്തിൽ ക്രിസ്തുമതം സ്വീകരിച്ച മറ്റൊരു നായർ താഴ്ന്ന ജാതിയിൽപെട്ട ഹൈന്ദവനെ സഹായിക്കാൻ ഓടിയെത്തി. വാക്കുതർക്കം മൂത്തു് അവസാനം പോർട്ടുഗീസുകാരൻ ഹിന്ദുവിനെ വധിച്ചശേഷം കോട്ട ദേവാലയത്തിലെ മദ്ബഹായിൽ * അഭയംപ്രാപിച്ചു. ഈ ക്രൂരകൃത്യത്തിൽ രാജാവു് പ്രതിഷേധം പ്രകടിപ്പിച്ചു. ഗവർണർ അൽബുക്കർക്ക് ഘാതകനായ പോർട്ടുഗീ

---

59. A.M. Mundaden: The Arrival of Portuguese in India op. cit. p. 69
60. Antonio De Silva Rego: Historia Missioes do Oriente India. p. 331.

* ദേവാലയത്തിലെ ഏറ്റവും പരിശുദ്ധമായ സ്ഥലം.

malankaralibrary.com

സുകാരനെ ദേവാലയത്തിൽനിന്നു പിടിച്ചു് രാജസന്നിധിയിൽ ഹാജരാക്കി. കുറവാളിക്കു് മാപ്പു് നല്കുന്നതിനുമുമ്പു് പോർട്ടുഗീസുകാരന്റെ കൈ വെട്ടിമാറ്റാൻ രാജാവു് ആജ്ഞാപിച്ചു. അതിനുശേഷം കുറപ്പുള്ളിയുടെ ജീവനെ രക്ഷിക്കാമെന്നായിരുന്നു കല്പന. അധികാരികളുടെ പക്ഷപാതപരമായ ഈ പ്രവൃത്തിയിൽ പ്രതിഷേധിച്ചുകൊണ്ടു പള്ളി പൂട്ടിയിട്ടു. തിരുക്കർമ്മങ്ങളും അനുഷ്ഠിക്കുന്നതു് നിരോധിച്ചു. ഈ പള്ളി വിലക്കു് നിരോധിച്ച വികാരിക്കു് കണ്ണൂരിലെ ക്യാപ്റ്റൻ 400 ക്രൂസാദോസു് പിഴയായി വിധിച്ചതിനുശേഷമാണു് വിലക്കുകളും റദ്ദാക്കിയതു്[61].

കണ്ണൂരിൽ 1500-ൽ പ്രേഷിതപ്രവർത്തനങ്ങൾക്കായിവന്ന ഫ്രാൻസിസ്കൻ മിഷനറിമാർക്കു ഒരാശ്രമം സ്ഥാപിക്കാൻ ഇമ്മാനുവൽ രാജാവു് ആവശ്യപ്പെട്ടിരുന്നു. വളരെ നാളത്തേക്കു് അതു് സ്ഥാപിതമായില്ല. 1542-ൽ ഗവർണർ മാർട്ടിൻ അൽഫോൺസൊ ദെ സൂസ ലിസ്ബണിലേക്കു അയച്ച എഴുത്തിൽ ഫ്രാൻസിസ്കൻ സഭക്കാർക്കുവേണ്ടി ആശ്രമം നിർമ്മിക്കപ്പെട്ടുവെന്നു പറയുന്നുണ്ടു്. മീർസുമാനിന്റെ അഭിപ്രായമനുസരിച്ചു് ഫ്രാൻസിസ്കൻ മിഷനറി പോർട്ടുഗീസുകാരുടെ സഹായത്തിനുവേണ്ടി കാത്തിരിക്കാതെ, സ്വന്തമായിത്തന്നെ കണ്ണൂരിൽ സ്ഥലം വാങ്ങി ആശ്രമം നിർമ്മിക്കുകയാണുണ്ടായതു്[62].

കാനറാ തീരങ്ങളിൽ

പതിനാറാംനൂറ്റാണ്ടിന്റെ മധ്യത്തിൽ പോർട്ടുഗീസുകാർ കാനറാ തീരത്തു ആധിപത്യം സ്ഥാപിച്ചു. 1568-ലും 1569-ലും അവർ മംഗലാപുരം, ഹൊനാവർ, കുണ്ടാപ്പൂർ എന്നീ സ്ഥലങ്ങളിൽ കച്ചവടസംരക്ഷണത്തിനുവേണ്ടി കോട്ടകളും നിർമ്മിച്ചിരുന്നു. വെൻകാടപ്പാനായിക്കു്, ഈ സ്ഥലങ്ങളെല്ലാം ആക്രമിച്ചു കീഴടക്കിയതോടെ പോർട്ടുഗീസുകാർക്കു് കനത്ത തിരിച്ചടി. 1615-ൽ ഉള്ളാലിലെ ബുക്കാദേവി രാജ്ഞിക്കെതിരായി ബിൻഗർ രാജാവിനെ പോർട്ടുഗീസുകാർ സഹായിച്ച അവസരത്തിലും വെൻകാടപ്പാ നായിക്കു് പോർട്ടുഗീസുകാരെ യുദ്ധത്തിൽ പരാജയപ്പെടുത്തി കാനറായിലെ സർവാധിപതിയായി.[63] നായിക്കന്മാരിൽ പ്രമുഖനായ സിവപ്പനായക്കു്, ബിജാപ്പൂർ രാജാവു് കൈയടക്കിയിരുന്ന സ്ഥലങ്ങളെല്ലാം യുദ്ധം

---

61. A Letter of Albuquerque to the King dated Dec: 1513.

61. A. De Silva Rego: Documentecao Para A Historia Das Missioes India I. p. 191.

62. A. Meersman: The Ancient Franciscan Provinces in India p 256.

63. K. D. Swaminathan: The Nayaks of Ikkeu (1957) pp. 142-143.

malankaralibrary.com

ചെയ്ത തിരികെ പിടിച്ചെടുത്തു. 1652-ലും 1654-ലും പോർട്ടുഗീസുകാർക്ക് കാനറ സമുദ്രതീരത്തുണ്ടായിരുന്ന എല്ലാ കോട്ടകളും അദ്ദേഹം യുദ്ധം ചെയ്ത കരസ്ഥമാക്കി. 1670-ൽ സോമശേഖരനായിക്ക് ഒന്നാമൻ കാനറാ രാജ്യവുമായി വാണിജ്യത്തിലേർപ്പെട്ടിരുന്ന എല്ലാ യൂറോപ്യൻമാരുമായി സൗഹൃദം പുലർത്തി. ഹൊനാവർ, കുണ്ഡാപ്പൂർ, മംഗലാപുരം സ്ഥലങ്ങളിൽ ഫാക്ടറികൾ സ്ഥാപിക്കുന്നതിന് അനുവദിച്ചു. സമാധാന ഉടമ്പടിയും ഉണ്ടാക്കി. ഫാക്ടറികളുടെ ചുറ്റും ഇരട്ടമതിലുകൾ പണിയരുതെന്നും, കിടങ്ങുകൾ കുഴിക്കരുതെന്നും ബലം പ്രയോഗിച്ച് ആരെയും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം നടത്തരുതെന്നുമുള്ള വ്യവസ്ഥകളുണ്ടായിരുന്നു. അതേസമയം ബ്രാഹ്മണർ അമ്പലങ്ങളിലേക്ക് അവരുടെ പെരുന്നാൾദിനങ്ങളിൽ ക്രിസ്ത്യാനികളെ നിർബന്ധിച്ച് കൂടെകൊണ്ടുപോകാതിരിക്കാൻ ശ്രദ്ധിച്ചു കൊള്ളാമെന്നു രാജാവും ഉറപ്പു നൽകി.

കർണാടക ക്രൈസ്തവസഭ

ലൊപ്പൊവാസ് ദെ സാംപിയൊ പോർട്ടുഗീസ് ഗവർണരായിരുന്ന കാലത്ത് ഫ്രാൻസിസ്കൻ മിഷനറിമാരുടെ പരിശ്രമഫലമായി ക്രിസ്തുമതത്തിലേക്ക് ഹിന്ദുക്കളെ പരിവർത്തനം ചെയ്തു. അവർക്ക് മംഗലാപുരത്തും, ഉള്ളാലിലും, ഹരാൻജിവെറാറിലുമായി മൂന്നു ദേവാലയങ്ങളും സ്ഥാപിക്കുവാൻ സാധിച്ചു [64] പോർട്ടുഗീസ് വൈസ്രോയി അനാട്ടായെ ദെ നെറോഞ്ഞ മംഗലാപുരത്തു കോട്ട നിർമ്മിക്കാൻ നിശ്ചയിച്ചു. ഈ കാര്യസാധ്യത്തിനായി ഉള്ളാൽ രാജ്യത്തിലെ രാജ്ഞി ബൂക്കാദേവി കൻറാരയെ സമീപിച്ചു. വൈസ്രോയിയുടെ അംബാസിഡറെ രാജ്ഞി ഉപചാരപൂർവം സ്വീകരിക്കയോ, കോട്ട പണിയാൻ അനുവദിക്കയോ ചെയ്തില്ല. അതിനാൽ വൈസ്രോയി മംഗലാപുരം നഗരം യുദ്ധംചെയ്ത പിടിച്ചടക്കുകയും 1568 ജനുവരി 5-ന അവിടെ കോട്ട പണിയുകയും ചെയ്തു[65].

മംഗലാപുരത്തു വിലങ്ങുതടികൾ

കോട്ട നിർമ്മിക്കപ്പെട്ടശേഷം മംഗലാപുരത്ത് മിഷൻ പ്രവർത്തനം നടത്തിയതു ഡൊമിനിക്കൻ സഭാംഗമായ ഫാ. തോമസ് ദെ കോവയാണു. ജപമാലരാജ്ഞിയുടെ നാമത്തിലുള്ള ദേവാലയം അദ്ദേഹം സ്ഥാപിച്ചു. മംഗലാപുരത്തു സ്ഥിരതാമസമുള്ള വൈദികൻ ഇല്ലായിരുന്നു. ഗോവയിലെ സെൻറ് പോൾസ് കോളജിൽനിന്നു

64. J. Moore:History of theDiocese of Mangalore. pp.16-19. Joseph Thekkedeth: History of Christianity in India. pp. 276, 280-283.

65. Achilles Meersman: ''Catholic Beginnings on the Canara Coast'', pp. 294-296.

malankaralibrary.com

രണ്ട് ഈശോസഭാവൈദികർ മംഗലാപുരത്ത് മതകർമ്മങ്ങളനുഷ്ഠിക്കാനും കൂദാശ പരികർമ്മം ചെയ്യുവാനും രണ്ടു മാസക്കാലം ഇവിടെ താമസിച്ചിരുന്നു. 300 ക്രൈസ്തവർ തദവസരത്തിൽ പാപസങ്കീർത്തനം നടത്തി. സഭയുടെ നിയമത്തിനെതിരായി അസാന്മാർഗികമായി ജീവിച്ചിരുന്ന പതിനേഴുപേരുടെ വിവാഹം സഭയുടെ പ്രമാണമനുസരിച്ച് ഈ വൈദികർ ക്രമീകരിച്ചു. ഇരുപതു ഹിന്ദുക്കളെ ജ്ഞാനസ്നാനപ്പെടുത്തി. ഈശോസഭാ പ്രോവിൻഷ്യാൾ മറ്റു രണ്ടു വൈദികരെക്കൂടി ഹൊനാവർ, കുണ്ഡാപ്പൂർ, മംഗലാപുരം എന്നീ സ്ഥലങ്ങളിൽ മിഷൻപ്രവർത്തനത്തിനായി അയച്ചു. 1628-ൽ മംഗലാപുരം സന്ദർശിച്ച പിയെട്രൊ ദെല്ലവാല്ലെ രേഖപ്പെടുത്തിയിരിക്കുന്നതു് അക്കാലത്തു് ജപമാലരാജ്ഞിയുടെ നാമത്തിലുള്ള ഒരു ദേവാലയവും സെൻറ് ഫ്രാൻസീസിന്റെ നാമത്തിലുള്ള "കരുണാലയവും" (മിസെറികോർദിയ) മാത്രമേ അവിടെ സ്ഥാപിതമായിരുന്നുള്ളുവെന്നാണു്. മൂന്നു വൈദികർ നഗരത്തിലുണ്ടായിരുന്നു. അവരിൽ രണ്ടുപേർ ഫ്രാൻസിസ്കൻ അംഗങ്ങളും ഒരാൾ ത്രുപതാവികാരിയുമായിരുന്നു. മംഗലാപുരത്തിനു വടക്കുള്ള ഹൊനാവർ എന്ന സ്ഥലം, ജെർസൊപ്പാ ഭരണാധികാരിയുടെ അധീനതയിലായിരുന്നു. ഈ രാജ്യം പോർട്ടുഗീസുകാർ 1569-ൽ പിടിച്ചടക്കി. ശത്രു സൈന്യം പോർട്ടുഗീസുകാരെ പലപ്പോഴും ഉപദ്രവിക്കയും ആക്രമിക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ ഈ സ്ഥലത്തു നടത്തിയ മിഷൻപ്രവർത്തനം അത്ര വിജയിച്ചില്ല. 1580-ലെ റിപ്പോർട്ടനുസരിച്ച് ഏതാനും പോർട്ടുഗീസുകാരും വളരെ കുറച്ചു ഇന്ത്യൻ ക്രൈസ്തവരുമേ ഹൊനാവറിലും കുണ്ഡാപ്പൂരിലും ഉണ്ടായിരുന്നുള്ളു. പിയെട്രൊ ദെല്ലവാല്ലെ എന്ന മിഷനറി രണ്ടു ദേവാലയങ്ങളും ഈ സ്ഥലത്തു താമസിച്ചിരുന്ന അവസരത്തിൽ നിർമ്മിച്ചു [66].

കുണ്ഡാപ്പൂർ 1569 ഡിസംബർ 13-നു പോർട്ടുഗീസുകാർ പിടിച്ചടക്കി. മംഗലാപുരത്തു വളരെ കൊല്ലങ്ങളോളം സ്ഥിരതാമസക്കാരായ വൈദികരില്ലായിരുന്നു. അതുപോലെതന്നെ കുണ്ഡാപ്പൂരിലെയും സ്ഥിതി [67]. 1584-ലും ഒരു വൈദികൻ സ്ഥിരമായി അവിടെ വികാരിയായിട്ടില്ലായിരുന്നു. ഈശോസഭാ വൈദികരാണു് ഏതാനും മാസങ്ങൾ അവിടെ ദിവ്യകർമ്മങ്ങൾ നടത്തിയിരുന്നതു് [68].

വിജയിക്കാഞ്ഞ മിഷൻ

പതിനാറാം നൂറ്റാണ്ടിൽ പോർട്ടുഗീസുകാരുടെ അധികാരത്തിലുണ്ടായിരുന്ന മൂന്നു സ്ഥലങ്ങളിലല്ലാതെ മംഗലാപുരത്തു മറ്റു ദേവാ

66. Achilles Meersman: Catholic Beginnings on the Canara coast pp. 299-300.
67. Achilles Meersman: Catholic Beginnings. op: cit. pp. 306-307.
68. Letter of Fr. J. Rodrigues on January 1570. Joseph Wickie: Documenta Indica, p. 902.

malankaralibrary.com

ലയങ്ങളും നിർമ്മിക്കപ്പെട്ടില്ല. കാനറായിൽ തദ്ദേശവാസികളും വളരെ വിരളമായേ ക്രിസ്തുമതം സ്വീകരിച്ചിരുന്നുള്ളൂ. കാനറാ സമുദ്രതീരത്തും വളരെക്കുറച്ച് ക്രിസ്ത്യാനികളും മാത്രം. ഭൂരിപക്ഷം ജനങ്ങളും നായന്മാരും മൂർ ജാതിയിൽപ്പെട്ടവരുമായിരുന്നു. അവരെ മതപരിവർത്തനം ചെയ്യുക ശ്രമകരം എന്നതുതന്നെ പാവുളൊ ദെ ട്രിനാസ് 1635-ൽ എഴുതിയ കത്തിൽ പറയുന്നതു്, കാനറാസമുദ്രതീരത്തു തദ്ദേശക്രിസ്ത്യാനികൾക്കായി ഒരു ദേവാലയംപോലും സ്ഥാപിക്കാൻ പ്രയാസമായിരുന്നു. ഫാ. സിനാമി എസ്. ജെ. ഈ സ്ഥലത്തു് കുറെ വർഷങ്ങളോളം പ്രേഷിതപ്രവർത്തനങ്ങൾ നടത്തിയെങ്കിലും ഗണ്യമായ നേട്ടമുണ്ടായില്ല. അതിനാൽ ഫാ. റോബർട്ട് ഡി. നൊബിലിയുടെ പ്രേഷിതപ്രവർത്തനശൈലിയും രീതിയും അവലംബിച്ചുകൊണ്ടു് മൈസൂരിൽ അദ്ദേഹം മിഷൻ പ്രവർത്തനം നിർവഹിച്ചതിന്റെ ഫലമായി വളരെപ്പേർ ക്രിസ്തുമതത്തിലേക്കു് പരിവർത്തനം ചെയ്തു. ഈ മിഷൻ അഭിവൃദ്ധി പ്രാപിച്ചുവരുന്നു [69].

ഗോവയിൽനിന്നു കുടിയേറ്റം

കാനറായിലെ ക്രൈസ്തവരിൽ ഭൂരിഭാഗവും ഗോവയിൽനിന്നു കുടിയേറിപ്പാർത്തവരാണു്. ഗോവയുടെ 1722-ലെ സ്ഥിതിവിവരക്കണക്കനുസരിച്ചു കാനറായിൽ 2400 കത്തോലിക്കരുണ്ടായിരുന്നു. അവരിൽ ഭൂരിഭാഗവും ഗോവയിൽനിന്നുള്ളവരും കുറെപേർ തദ്ദേശവാസികളുമായിരുന്നു.

പതിനേഴാംനൂറ്റാണ്ടിൽ മാത്രമല്ല 16-ാം നൂറ്റാണ്ടിലും ഇതുപോലെ ഗോവയിൽനിന്നു ക്രിസ്ത്യാനികൾ മംഗലാപുരം മുതലായ സ്ഥലങ്ങളിൽ കുടിയേറിപ്പാർത്തു. രൂക്ഷ ക്ഷാമം, കോളറ മുതലായ പകർച്ചവ്യാധികൾ ഉണ്ടാകുമ്പോഴും ബീജാപ്പൂർ, മറാത്ത മുതലായ രാജ്യങ്ങളിൽനിന്നു്, ആക്രമണങ്ങൾ ഉണ്ടായ അവസരത്തിലും ജനങ്ങൾ കുടിയേറിപ്പാർത്തിരുന്നു. ഡച്ചുകാരുടെ ആക്രമണങ്ങൾ ഗോവയുടെ പ്രൗഢിയെ തകർത്തുകളഞ്ഞു. അക്കാരണത്താലും ഗോവയിൽനിന്നും ഒട്ടനേകംപേർ മറ്റു പല സ്ഥലങ്ങളിൽ അഭയംതേടി. ഇതര സ്ഥലങ്ങളിലേക്കും ആയിരങ്ങളായി കുടിയേറിയിരുന്നു [70]. ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ട ഹിന്ദുക്കൾ അവരുടെ പുരാതന ആചാരങ്ങളും ചില ഹൈന്ദവ മുറകളും പരിത്യജിക്കാൻ സന്നദ്ധരായിരുന്നില്ല. ഗോവയിൽവച്ചു ക്രിസ്തുമതം സ്വീകരിച്ചവർ ഇപ്രകാരമുള്ള ഹൈന്ദവസമുദായ ആചാരങ്ങൾ അനുഷ്ഠിച്ചിരുന്നതിനാൽ അവരെ "മതവിരുദ്ധ വിചാരണ കോടതിയിൽ" (Inquisition)വിസ്തരിക്കുകയും ശിക്ഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഇപ്രകാരമുള്ള ശിക്ഷകളെ വി

69. J. Ferroli S. J: The Jesuits in Mysore pp. 4-5.
70. George M.Moraes: Mangalore A Historical Sketch. pp. 58-60.

malankaralibrary.com

ട്ടൊഴിയാനായി ഡക്കാൻ, കാനറാ മുതലായ സ്ഥലങ്ങളിലേക്കു് ക്രിസ്തുമതം സ്വീകരിച്ച ഹൈന്ദവർ കുടിയേറിയിരുന്നു. എന്നാൽ അവർ ക്രിസ്ത്യാനികളായിത്തന്നെ ജീവിച്ചുപോന്നു [71].

കാനറതീരത്തു് തിരിച്ചടികൾ

1658–ൽ കാനറാതീരം സന്ദർശിച്ച കർമ്മലീത്താ വൈദികനായ ഫാ. വിൻസന്റു് മേരി പറയുന്നതു് കാനറായിലെ വിവിധ സ്ഥലങ്ങളിൽ അഞ്ഞോളമിങ്ങോളം 6,000 ക്രിസ്ത്യാനികളും അധിവസിച്ചിരുന്നുവെന്നാണു്. ഇവരിൽ കുറെപ്പേർ 15–ാം നൂറ്റാണ്ടിൽ ക്രൈസ്തവമതം സ്വീകരിച്ചവർ [72]. 1652–54–ലെ കോറയിലെ ഏറ്റവും പ്രബലനായ നായിക്കു് കാനറാ സമുദ്രതീരത്തുണ്ടായിരുന്നു. പോർട്ടുഗീസുകാരുടെ എല്ലാ കോട്ടകളും അദ്ദേഹം ആക്രമിച്ചു പിടിച്ചെടുത്തു. ഇവിടെ ജോലിചെയ്തിരുന്ന വൈദികർ ഗോവയിലേക്കു മടങ്ങിപ്പോയി. ക്രൈസ്തവരുടെ ആത്മീയകാര്യങ്ങളും സാധിച്ചുകൊടുക്കുന്നതിനു് കുറെ നാളത്തേക്കു് ആരും ഉണ്ടായിരുന്നില്ല. ഫാ. വിൻസന്റു് മേരി സാക്ഷ്യപ്പെടുത്തുന്നു: "കാനറായിലെ കത്തോലിക്കർ വൈദികരില്ലാതെയും ക്രമാശകളും സ്വീകരിക്കാതെയും, യാതൊരു മതബോധവും ലഭിക്കാതെയും ജീവിച്ചിരുന്നു" [73]. ഡച്ചു ആക്രമണം നിമിത്തം കേരളത്തിൽനിന്നു ഇറ്റലിയിലേക്കു് കർമ്മലീത്താ മിഷനറിമാർ മടങ്ങിപ്പോയപ്പോഴും കാനറായിലെ ക്രൈസ്തവരുടെ ദയനീയസ്ഥിതി പ്രൊപ്പഗാന്ത തിരുസംഘത്തെ അറിയിച്ചു. തദനുസരണം ഫാ. തോമസ് ദെ കാസ്ട്രോയെ കാനറായിലെ വികാരി അപ്പസ്തോലിക്കയായി 1674–ൽ റോമിൽനിന്നു് അയച്ചു. മൂന്നു വർഷങ്ങൾക്കുശേഷം മാത്രമാണു് അദ്ദേഹം കാനറായിൽ വന്നെത്തിയതു് [74]. 1671–ൽ കാനറായിലെ സ്ഥിതിഗതികൾക്കു വലിയ മാറ്റമുണ്ടായി. 1678–ലെ ഒരു ഉടമ്പടിമൂലം പോർട്ടുഗീസുകാർക്കു് നഷ്ടപ്പെട്ട പല ആനുകൂല്യങ്ങളും അവകാശങ്ങളും തിരികെ കിട്ടി. മംഗലാപുരത്തു് ഫാക്ടറികളും സ്ഥാപിക്കുവാനും ഇക്കേരിയിലെ ഭരണാധികാരികളും അനുമതി നൽകി. ഹൊനാവറിലും, കല്ല്യാണപുരിയിലും മിർജാനിലും ദേവാലയങ്ങളും സ്ഥാപിക്കുവാനും അനുവദിച്ചിരുന്നു.

---

71. Achilles Meersman: Some Eighteenth Century Statistics p. 105-foot note 13.

72. Ferroli S. J.: Jesuits in Malabar I. p. 31-Where he quotes Vincent Mary O. C. D.

73. D. Ferroli: Jesuits in Malabar op. cit. p. 12

74. D. Ferroli: Jesuits in Malabar, J. Moore op. cit. p. 12. History of the Diocese of Mangalore p. 29.

malankaralibrary.com

ഗോവൻ അധികാരികളുടെ നിരോധനാജ്ഞ

ഗോവയിലെ കത്തീഡ്രൽ ഭരണാധികാരികളും 1681-ൽ തീക്ഷ്ണതയുള്ള ഒരു ഗോവൻ യുവവൈദികനെ കാനറായിലേക്കു മിഷൻ പ്രവർത്തനത്തിനായി അയച്ചു. ഫാ. ജോസഫ് വാസ്. പിന്നീട് ഈ വൈദികൻ സിലോണിന്റെ അപ്പസ്തോലനായി. (ദൈവദാസനായ ഫാ. ജോസഫ് വാസിനെ വാഴ്ത്തപ്പെട്ടവൻ എന്നു നാമകരണം ചെയ്യാനുള്ള നടപടികളും റോമിൽ പുരോഗമിച്ചുവരുന്നു). ഫാ. ജോസഫ് വാസ് കാനറയിൽ വന്നപ്പോഴും അവിടത്തെ ക്രൈസ്തവസഭയുടെ സ്ഥിതി പ്രശ്ന സങ്കുലിതം. ഡോ. ദെ കാസ്ത്രൊ മെത്രാൻ പ്രൊപ്പഗാന്തയിൽനിന്നു വികാരി അപ്പസ്തോലിക്കയായി 1674-ൽ നിയമിക്കപ്പെട്ടിരുന്നു. കാനറാ, പദ്രുവാദൊ അധികാരസീമയിൽപെട്ട സ്ഥലമായതുകൊണ്ട് അദ്ദേഹം ഗോവൻ ക്രൈസ്തവസഭയുടെ അധികാരികൾക്ക് സ്വീകാര്യനായിരുന്നില്ല. ഡോ. കാസ്ത്രൊ തന്റെ നിയമനപത്രിക ഔപചാരികമായി സാക്ഷ്യപ്പെടുത്താത്തിടത്തോളം കാലം ആരും അദ്ദേഹത്തോട് യാതൊരു കാര്യത്തിലും ഏർപ്പെടരുതെന്നു ഗോവാ അധികാരികളും മഹരോൻ ശിക്ഷയിൻകീഴ് കല്പിച്ചിരുന്നു.

സഭയിൽ കലഹം, കേസ്

ഡോ. കാസ്ത്രൊയുടെ പക്കലുള്ള മാർപാപ്പായുടെ തീട്ടൂരം വ്യാജനിർമ്മിതമാണന്നത്രെ ഗോവൻ അധികാരികളും ധരിച്ചിരുന്നതു. അതേസമയം മാർപാപ്പയുടെ തീട്ടൂരത്തെ അവഗണിക്കുന്നവർക്കും താൻ അംഗീകരിക്കാത്ത വൈദികരിൽനിന്നു തന്റെ അനുമതി ഇല്ലാതെ ക്ഷദ്രാശകളും സ്വീകരിക്കുന്നവർക്കും അദ്ദേഹം മഹരോൻ ശിക്ഷ നൽകിയിരുന്നു. ഇരുകൂട്ടരുടെ പ്രസ്താവനകളും ഭീഷണിപ്പെടുത്തലുകളും വിശ്വാസികളുടെയിടയിൽ ചിന്താക്കുഴപ്പം സൃഷ്ടിച്ചു. പലർക്കും അതു ഉത്പന്ന കാരണമായി. കത്തോലിക്കസഭയിൽ ഭിന്നത പൊട്ടിപ്പുറപ്പെട്ടിരിക്കുന്നുവെന്ന പലരും ആക്ഷേപിച്ചു. സഭാധികാരികളും പരസ്പരം കലഹിക്കുന്നതിനാൽ സഭയെത്തന്നെ പലരും വെറുക്കുകയും അവജ്ഞയോടെ വീക്ഷിക്കുകയും ചെയ്തുതുടങ്ങി[75]. ഫാ. ജോസഫ് വാസ് വികാരി അപ്പസ്തോലിക്കയെ നേരിട്ടുകണ്ട് മാർപാപ്പയിൽനിന്നു ലഭിച്ച തീട്ടൂരവും അധികാരപത്രവും എല്ലാം പരിശോധിച്ചു. ഡോ. കാസ്ത്രൊയുടെ വാദം സ്വീകരിക്കുന്നതിനും വികാരി അപ്പസ്തോലിക്കയുടെ ഡെലഗേറായി തന്നെ നിയമിക്കുന്നതിനും ആവശ്യപ്പെടാനായി ഫാ. ജോസഫ് വാസ് ഗോവയിലേക്കു യാത്രയായി. അവിടെ മേലധികാരികളെ കാര്യങ്ങളും ശരിയായവിധം ഗ്രഹിപ്പിക്കുന്നതിനു അദ്ദേഹം ഉത്സാഹിച്ചു. കാനറായുടെ വിവിധസ്ഥല

75. Fr. Ferroli S. J. op. cit. p. 192.

malankaralibrary.com

ങ്ങളിൽ സഞ്ചരിച്ച് ക്രിസ്തുമതപ്രചാരകരെ പരിശീലിപ്പിക്കുന്നതിനും പ്രസംഗങ്ങൾ നടത്തിയും, സഭയിൽനിന്നു പിരിഞ്ഞുപോയ പലരെയും സഭൈക്യത്തിലേക്ക് തിരികെ കൊണ്ടുവന്നു. അങ്ങിനെ സഭയിൽ ഐക്യവും സമാധാനവും അദ്ദേഹം പുനഃസ്ഥാപിച്ചു[76].

ദൈവദാസൻ ഫാ. ജോസഫ് വാസ്

വിശ്വാസികളുടെ ആത്മീയാവശ്യങ്ങൾ സാധിച്ചുകൊടുക്കുവാൻ വേണ്ട വൈദികർ ഇല്ലാത്തതിനാൽ ഫാ. വാസ് പല സ്ഥലങ്ങളിലായി കപ്പേളകൾ സ്ഥാപിച്ചു. അവിടെ ജനങ്ങൾ സമ്മേളിച്ചു പ്രാർത്ഥിക്കുന്നതിനു നിർദ്ദേശിച്ചു. ഓരോരോ കപ്പേളകൾ സന്ദർശിച്ചു ഫാ. വാസ് ദിവ്യബലി അർപ്പിക്കയും പെരുന്നാളുകൾ ആഡംബരപൂർവം ആഘോഷിക്കയും ചെയ്തുപോന്നു. അങ്ങിനെ ക്രൈസ്തവരുടെ വിശ്വാസം സജീവമാക്കുന്നതിനു അദ്ദേഹം തീക്ഷ്ണതപൂർവം യത്നിച്ചു. ദോം മനോയൽ ദെസോസ മെനെസസ് ഗോവയിലെ പുതിയ മെത്രാപ്പോലീത്തായായി ചാർജെടുത്തു. അദ്ദേഹം ഡോ. കാസ്ത്രോയുടെ അധികാരത്തെയും നിയമനത്തെയും അംഗീകരിച്ചിരുന്നില്ല. എങ്കിലും ഫാ. ജോസഫ് വാസ് കാനറായിൽ ഫൊറോന വികാരിയായി തുടരാൻ അനുവദിച്ചു. മൂന്നു വൈദികരെക്കൂടി കാനറായിലേക്ക് അയച്ചു. 1684-ൽ ഗോവയിലെ മെത്രാപ്പോലീത്താ അന്തരിച്ചപ്പോൾ ഫാ. ജോസഫ് വാസിനെ കാനറായിൽനിന്നു ഗോവയിലേക്കു മടങ്ങുവാൻ ഗോവയിലെ കത്തീഡ്രൽ ചാപ്റ്റർ അനുവദിച്ചു. പകരം ഫാ. നിക്കളാവൂസ് ശാംബോയെ കാനറായിൽ ഫൊറോന വികാരിയായി നിയമിച്ചു. 1684-ൽ ബിഷപ്പ് കാസ്ത്രോ ചരമമടഞ്ഞതോടുകൂടി കാനറായിലെ കഴഞ്ഞ പ്രശ്നങ്ങൾക്കു തിരശീല വീണു. ഡോ. കാസ്ത്രോയ്ക്ക് ഒരു പിൻഗാമിയെ പ്രൊപ്പഗാന്ത തിരുസംഘം നിയമിക്കാഞ്ഞതുകൊണ്ട് കാനറാ മുഴുവനും വീണ്ടും പദ്രുവാദൊ ഭരണത്തിൻ കീഴിലായി.[77]

സഭക്കു ഉൽക്കർഷം

1683-ൽ മറാത്താ രാജാവായ സാംബാജി, ബാർഡെസിനെ ആക്രമിച്ചപ്പോൾ വളരെയധികം ക്രിസ്ത്യാനികൾ കാനറായിൽ അഭയം പ്രാപിച്ചു. ഹാനൊവറിലും ആ കാലഘട്ടത്തിൽ ധാരാളം ക്രൈസ്തവർ അധിവസിച്ചിരുന്നു [78].

ഗോവയിൽനിന്നു ധാരാളം ക്രൈസ്തവർ ഇക്കേറിയയിൽ കുടിയേറിപാർത്തു. ഏതാനും ക്രൈസ്തവർ സോണ്ഡായിൽ താമസിച്ചിരുന്നു.

---

76. Fr. Ferroli op. cit. pp. 185-187.
77. Fr. Ferrli: Jesuits in Malabar II. pp. 191-192.
78. Severino Silva: History of Christianity in Canara p. 72.

malankaralibrary.com

ഗോവയിൽനിന്നും വൈദികർ പലപ്പോഴും സോൺഡാമിഷൻ സന്ദർശിച്ചു ദിവ്യബലി അർപ്പിക്കയും ക്ലാശകം പരികർമ്മം ചെയ്യുകയും പതിവായിരുന്നു. സോൺഡായിൽ ദേവാലയങ്ങൾ നിർമ്മിക്കപ്പെട്ടിട്ടില്ലായിരുന്നു. 17-ാം നൂറ്റാണ്ടിലെ അന്ത്യത്തിൽ സോൺഡായിലെ ഭരണാധികാരികൾ പോർട്ടുഗീസുകാരുമായി ഉടമ്പടി ചെയ്യുകയും അതനുസരിച്ചു സോൺഡായിൽ മതസ്വാതന്ത്ര്യം അനുവദിക്കയും ചെയ്തു. പള്ളി പണിയാനും അനുവദിച്ചു. രാജാവിനു് ഒരു കോട്ടയും കൊട്ടാരവും ഉണ്ടായിരുന്നു. ഷിവെഷ്വാറിലാണു ദേവാലയം സ്ഥാപിക്കാൻ അനുവദിച്ചതു്. ഈശോസഭാവൈദികർ ഇവിടെ പ്രേഷിതപ്രവർത്തനങ്ങൾ വിജയപൂർവം നടത്തിവന്നു. അവർ സോൺഡായിൽ ഒരു ആശ്രമം സ്ഥാപിച്ചു് സ്ഥിരതാമസം തുടങ്ങി. അങ്ങിനെ സോൺഡായിലും ക്രൈസ്തവസഭ ഉൽക്കർഷം പ്രാപിച്ചുതുടങ്ങി [79].

സാൽസെറ് ഉപദ്വീപ്

ഗോവ ദ്വീപുകളുടെ ദക്ഷിണഭാഗത്തുള്ള ഉപദ്വീപ്. ബീജാപൂരിലെ സുൽത്താൻ ഇബ്രാഹിം അഡിൽഷാ ഒന്നാമൻ 1543-ൽ സാൽസെറു പോർട്ടുഗീസുകാർക്കു കൈമാറി. തന്റെ ശത്രുവും അമ്മാവനുമായ "മിരാസി" അഥവാ അബുള്ളയെ പോർട്ടുഗീസുകാർ ഒരു കാരണത്താലും സഹായിക്കാതിരിക്കാനും ബീജാപൂർ സിംഹാസനം സ്വന്തമായി കരസ്ഥമാക്കാനും വേണ്ടി. മിരാസി തദവസരത്തിൽ ഗോവയിൽ അഭയംപ്രാപിച്ചിരുന്നതിനാൽ അദ്ദേഹം പോർട്ടുഗീസുകാരുടെ സംരക്ഷണയിലായിരുന്നു. അങ്ങനെ അക്കാലഘട്ടത്തിൽ തന്നെ ബാർഡസും, സാൽസെറും പോർട്ടുഗലിന്റെ അധീനതയിലായി. 16, 17 നൂറ്റാണ്ടുകളിൽ ബീജാപൂർ രാജാവു് സാൽസെറു് തിരികെ പിടിച്ചെടുക്കുന്നതിനു് ശ്രമിച്ചുവെങ്കിലും വിജയിച്ചില്ല [80].

തകർക്കാൻ പറ്റാത്ത മതതീക്ഷ്ണത

സാൽസെറിൽ പ്രേഷിതപ്രവർത്തനങ്ങൾ നടത്താൻ 1554-ൽ ഈശോസഭക്കാർ വന്നു. അവരിലെ രണ്ടു വൈദികർ അവിടെ താമസിച്ചു സുവിശേഷം പ്രസംഗിച്ചു. പലർക്കും ജ്ഞാനസ്നാനം നൽകി. സാൽസെറിൽ ജനറൽ അസംബ്ലിയിലെ സെക്രട്ടറിയായ ബ്രാഹ്മണൻ "പെദ്രൊ മസ്ക്കരിനാസ്" എന്ന നാമം സ്വീകരിച്ചു. 1560-ൽ നൂറിലധികംപേരെ ക്രൈസ്തവമതത്തിൽ ചേർത്തു. അമ്പതിനായിരം ജനങ്ങളുള്ള സാൽസെറിൽ, ആയിരത്തിലധികംപേർ ക്രൈസ്തവർ. 1568-ൽ രണ്ടു ദേവാലയങ്ങൾ അവിടെ സ്ഥാപിച്ചു. 1570-ൽ അനേകംപേരെ ക്രൈസ്തവരാക്കി. സാൽസെറിലെ പല വില്ലേജുകളി

79. Achilles Meersman: An Ancient Sunda Mission in India p. 16.
80. M. J. Gabriel de Saldanha: "Historia de Goa II. pp. 66, 67,78.

malankaralibrary.com

ലുമായി രണ്ടായിരംപേർക്ക് ജ്ഞാനസ്നാനം നൽകി. 1570-ൽ ക്രൈസ്തവരുടെ സംഖ്യ 8000. 1570-ൽ മലബാറിലെ മുസ്ലീംനാവികർ സാൽസെറ്റിലെ ഒരു ക്രൈസ്തവനെ ബലമായി ഇസ്ലാംമതത്തിൽ ചേർക്കാൻ ഉദ്യമിച്ചു. അയാൾ വഴങ്ങിയില്ല. പലവിധത്തിലുള്ള ഉപദ്രവങ്ങൾ ചെയ്തു. മട്ടനമേല്പിച്ചു. എന്നിട്ടും ക്രൈസ്തവവിശ്വാസത്തിൽ അചഞ്ചലനായി നിലകൊണ്ടു. ഈ സംഭവം സാക്ഷിക്കുന്നതു സാൽസെറ്റിലെ ക്രൈസ്തവർ പൊതുവെ മതതീക്ഷ്ണതയുള്ളവരും സുദൃഢമായി വിശ്വാസസത്യം പാലിക്കുന്നവരുമായിരുന്നുവെന്നാണ്[81].

വൈദികമർദ്ദനം

ഒരു ഈശോസഭാവൈദികനെ 1564-ൽ വില്ലേജിലെ ഏതാനും ഹിന്ദുക്കൾ ദേഹോപദ്രവം ചെയ്തു[82]. ആക്രമണത്തിൽ കൃപിതരായ ക്രിസ്ത്യാനികൾ പല അമ്പലങ്ങളും തല്ലിത്തകർത്തു. മറെറാരു വില്ലേജിൽ ഈശോസഭയിൽപെട്ട ഒരു സന്യാസസഹോദരനെ ആക്രമിച്ചപ്പോൾ സാൽസെറ്റിലെ വൈസ്രോയി ഡിയാഗൊ ഫെർണാണ്ടസ് ആ വില്ലേജിലെ അമ്പലങ്ങൾ എല്ലാംതന്നെ നശിപ്പിച്ചുകളയുവാൻ ഉത്തരവിട്ടു[83]. വളരെ പുരാതനവും ഹിന്ദുക്കൾ പൂജ്യമായി കരുതിവന്നതും വേർനക്കട്ടുള്ളതും മഹാലസദേവിയുടെ നാമത്തിലുള്ളതുമായ അമ്പലവും നശിപ്പിച്ചു. ദേവദാസികൾ വസിച്ചിരുന്ന ഒരു മന്ദിരവും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. രണ്ടു മുസ്ലീംപള്ളികളും നശിപ്പിക്കപ്പെട്ടതിൽ ഉൾപ്പെടുന്നു. അമ്പലങ്ങളിലെ ആദായം ക്രൈസ്തവദേവാലയങ്ങൾക്കു വീതിച്ചു[84].

ക്രൈസ്തവ-ഹൈന്ദവസംഘട്ടനങ്ങൾ

സാൽസെറ്റിൽ 1569-ൽ അനേകംപേരെ മിഷനറിമാർ ജ്ഞാനസ്നാനപ്പെടുത്തി. നിർഭാഗ്യമെന്നു പറയട്ടെ 1576-ൽ സാൽസെറ്റിൽ പോർട്ടുഗീസുകാരും ഇതര ഇന്ത്യൻ ഭരണാധികാരികളും തമ്മിൽ യുദ്ധമുണ്ടായി. തദ്ദേശവാസികളായ ഹിന്ദുക്കൾ ബീജാപ്പൂരിൽ നിന്നു വന്നെത്തിയ സൈന്യത്തോടുകൂടിച്ചേർന്നു സാൽസെറ്റിലെ പല പള്ളികളും ഈശോസഭക്കാരുടെ പല സ്ഥാപനങ്ങളും നശിപ്പിച്ചു പകവീട്ടി. വൈദികരും ക്രൈസ്തവരും പലായനംചെയ്തു. 1571-ൽ സമാധാനം പുനഃസ്ഥാപിക്കപ്പെട്ടപ്പോൾ ഈശോസഭക്കാർ വീണ്ടും

81. Wicki S. J : Documenta Indica p. 356 (1948 onwards).
82. Joseph Thekkedath: History of Christianity in India. Vol II. pp. 331-340.
83. Joseph Wicki: "Documenta Indica" op. cit. p. 358.
84. Joseph Wicki: "Documenta Indica" op. cit. VIII pp. 4-6.

malankaralibrary.com

സാൽസെറ്റിൽ വന്ന മിഷൻപ്രവർത്തനങ്ങളിൽ ഉദ്യുക്തരായി [85] നശിപ്പിക്കപ്പെട്ട പള്ളികളുടെ സ്ഥാനത്തു് പുതിയ ദേവാലയങ്ങളും നിർമ്മിച്ചു. പലായനം ചെയ്ത ക്രൈസ്തവരും സാൽസെറ്റിലേക്കു് തിരിച്ചെത്തി. സാൽസെറ്റിലെ വിവിധ വില്ലേജുകളിലായി 1573-ൽ രണ്ടായിരംപേർ ജ്ഞാനസ്നാനം സ്വീകരിച്ചു. ബ്രാഹ്മണരും ഇക്കൂട്ടത്തിൽപ്പെടുന്നു. 1575-ൽ ക്രിസ്ത്യാനികളുടെ എണ്ണം എണ്ണായിരമായി. പിറ്റെക്കൊല്ലം രണ്ടായിരം പേർക്കു് ജ്ഞാനസ്നാനം നൽകി. ഇതിനകം ബീജാപൂരിലെ അംബാസ്ഡർ സതീരബെഗ് പോർട്ടുഗൽരാജാവിനെ സന്ദർശിച്ചു് ഇവിടെ അമ്പലങ്ങളും പുനഃസ്ഥാപിക്കുന്നതിനുള്ള അനുവാദം വാങ്ങി. തങ്ങളുടെ അഭിലാഷം നിറവേറ്റുന്നതിൽ ഗവൺമെൻറു് അനുകൂലിക്കാഞ്ഞതിനാൽ കോപാക്രാന്തരായ ഹിന്ദുക്കളും ക്രിസ്ത്യാനികളെ ദ്രോഹിക്കുവാനും അവരുടെ വസ്തുവകകളും കണ്ടുകെട്ടുവാനും തുടങ്ങി. ഒട്ടുവളരെ ക്രൈസ്തവർ സാൽസെറ്റിൽനിന്നു് ഓടി രക്ഷപ്പെട്ടു. ഏഴു മാസങ്ങളോളം ഈ ആക്രമങ്ങളും ഉപദ്രവങ്ങളും നീണ്ടുനിന്നു. ഗോവയിൽനിന്നു് അയച്ച ഭടന്മാർ ലഹളക്കാരെ അടിച്ചമർത്തിയതോടെ സാൽസെറ്റിൽ സമാധാനം പുനഃസ്ഥാപിതമായി. 1578-ൽ വീണ്ടും ബീജാപ്പൂർ രാജാവു് പോർട്ടുഗീസുകാരോടു യുദ്ധം പ്രഖ്യാപിച്ചു. സാൽസെറ്റിനെ ആക്രമിച്ചു. വിപ്ലവകാരികളായ ഹിന്ദുക്കളും ശത്രുസൈന്യത്തോടുചേർന്നു പള്ളികളെല്ലാം തീവച്ചു നശിപ്പിച്ചു. ശത്രുക്കളെ ഭയന്നു ക്രിസ്ത്യാനികളും ഗോവയിൽ അഭയംപ്രാപിച്ചു. മുസ്ലീമുകളും ഏതാനും ക്രൈസ്തവരെ വധിച്ചുകളഞ്ഞു. ഏതാനുംപേരെ മുഹമ്മദുമതം ആശ്ലേഷിക്കാൻ നിർബന്ധിച്ചു. ക്രൈസ്തവർ അതിനു വഴിപ്പെട്ടില്ല. മറ്റുള്ളവർ പണംകൊടുത്തു ബന്ധനസ്ഥരായവരെ മുസ്ലീമുകളിൽനിന്നും മോചിപ്പിച്ചു [86]. 1579-ൽ ക്രിസ്ത്യാനികളും മിഷനറിമാരും സാൽസെറ്റിലേക്കു മടങ്ങി. 1581-ൽ കല്ലും കുമ്മായവും ഉപയോഗിച്ചു അതിമനോഹരമായ ദേവാലയം നിർമ്മിച്ചു. പിറ്റെക്കൊല്ലം ഓടുമേഞ്ഞ മേൽക്കൂരയോടുകൂടിയ നാലു പള്ളികൂടി മിഷനറിമാർ പണിതു. 1552-ൽ 600 പേർക്കു് ജ്ഞാനസ്നാനം നൽകി. വിപ്ലവകാരികളിൽനിന്നു് സാൽസെറ്റിലെ ക്രൈസ്തവർക്കു് പലപ്പോഴും ഉപദ്രവങ്ങളും നേരിടുകൊണ്ടിരുന്നു. വി. മൈക്കിൾ മാലാഖയുടെ തിരുനാൾആഘോഷം കൊണ്ടാടുവാനും 150 പേർക്കു് ജ്ഞാനസ്നാനം നൽകുവാനും ക്രിസ്ത്യാനികളും ഒരുങ്ങുന്നുവെന്നു വിപ്ലവകാരികളും അറിഞ്ഞപ്പോളും അവർ ഈ ദേവാലയം അഗ്നിക്കിരയാക്കി. മിഷനറിമാർ വി. മൈക്കിളിന്റെ നാമത്തിൽത്തന്നെ വീണ്ടും ദേവാലയം നിർമ്മിച്ചു. തിരുനാളും ആഡംബരപൂർവ്വം ആഘോഷിച്ചു.

---

85. Joseph Thekkedath: History of Christianity in India Vol II. Territory of Goa. pp. 333-36.

86. Joseph Wicki: Documenta Indica XI pp. 261-264.

malankaralibrary.com

വാഴ്ത്തപ്പെട്ട രക്തസാക്ഷികൾ

1583 ജൂലായ് 15-ന ഫാ. ഗ്വോൾഫ് അകവവീവായുടെ നേതൃത്വത്തിൽ അഞ്ച് ഈശോസഭക്കാർ സാൽസെറ്റിൽ മിഷൻപ്രവർത്തനത്തിനായി വന്നു [87]. അവരോടൊന്നിച്ച 2 പോർട്ടുഗീസുകാരുംകൂടി തദ്ദേശവാസികളായ ഏതാനും ക്രിസ്ത്യാനികളുടെ സഹകരണത്തോടെ പുതിയ ദേവാലയം [88] നിർമ്മിക്കുന്നതിനു സ്ഥലം കണ്ടെത്താൻ ഉദ്യമിക്കുമ്പോഴും വിപ്ലവകാരികളും ഇവരെ ആക്രമിച്ചു. അഞ്ച് ഈശോസഭക്കാരായ വൈദികരെയും അവരോടുകൂടിയുണ്ടായിരുന്ന ഏതാനും ക്രിസ്ത്യാനികളെയും മൃഗീയമായി വെട്ടിയും കുത്തിയും കൊലപ്പെടുത്തി. ഫാ. അകവവീവ, ഫാ. പച്ചേക്കൊ, ഫാ. പീറർ ബർണാ, അൻട്രോണിയോ, ഫാ. ഫ്രാൻസിസ്കൊ, ബ്രദർ ഫ്രാൻസിസ്കൊ അരാനാ എന്നിവരാണു വധിക്കപ്പെട്ട മിഷനറിമാർ [89]. കൊലപാതകികളായ വിപ്ലവകാരികളെ ശിക്ഷിക്കുന്നതിനു വൈസ്രോയിക്കു സാധിച്ചില്ല. അവരെല്ലാവരുംതന്നെ ബീജാപൂർ രാജ്യത്തിലേക്കു കടന്നുകളഞ്ഞിരുന്നു. പിന്നീടൊക്കെയും അവരെ പിടികൂടുകയും അവരുടെ വസ്തുക്കളെല്ലാം നശിപ്പിക്കയും നേതാക്കളെ കൊന്നുകളയുകയും ചെയ്തു [90]. വേദസാക്ഷികളുടെ രക്തം മതപ്രചരണത്തിനുള്ള വളമാണല്ലൊ. മിഷനറിമാരുടെ രക്തസാക്ഷിത്വംനിമിത്തം സാൽസെറ്റിലെ ക്രിസ്തുമതം വളർച്ചപ്രാപിച്ചുവന്നു. അവിടെയുണ്ടായിരുന്ന 67 ഗ്രാമങ്ങളും ക്രിസ്തുമതം സ്വീകരിച്ചു. കൊല നടത്തിയവർപോലും പിന്നീട് ഭക്തരായ ക്രിസ്ത്യാനികളായി. ലിയോ പതിമൂന്നാമൻ മാർപാപ്പ ഈ അഞ്ചു വേദസാക്ഷികളെയും വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചു. അവരുടെ തിരുനാൾ ആഘോഷിക്കുന്നതു ജൂലായ് 27-ാം തീയതിയാണ് [91].

കൊല്ലം

കൊല്ലം രൂപതയുടെ സ്ഥാനവും സ്ഥാപനവും പ്രാചീനവാണിജ്യചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. രാജകീയനഗരമാണ്, ക്രൈസ്തവസഭയുടെ പിള്ളത്തൊട്ടിലും. പ്രകൃതിദത്തമായ പൊയ്ക (ലഗൂൺ) പോലെയുള്ള കൊല്ലം പ്രാചീനതുറമുഖം. ഇതാണ് ഈ പട്ടണത്തിന്റെ ഉയർച്ചയ്ക്കു നിദാനം. വിശ്വവിഖ്യാത ദേശസഞ്ചാരികൾക്കൊപോളൊ കൊല്ലം രണ്ടുപ്രാവശ്യം സന്ദർശിച്ചു. "മലബാറിന്റെ പടിഞ്ഞാറുതീരത്തുള്ള പ്രധാനപട്ടണമാണ് കൊല്ലം. കറുപ്പു

87. Joseph Wicki: Documenta Indica XII pp. 920-922.
88. Francisco Desouza: Oriente Conquistado II pp. 112-113.
89. Francisco Desouza op. cit. pp. 118-119.
90. Joseph Wicki: Documenta Indica XII p. 777
91. Francisco Desouza: Oriente Conquistado pp. 115-116.

malankaralibrary.com

ക്രിസ്ത്യാനികളും സ്വന്തംഭാഷയുള്ള യഹൂദൻമാരും അവിടെയുണ്ട്. കുരുമുളക്, പപ്പടങ്ങ, നാളികേരം, ആനക്കൊമ്പ്, വലിയ മയിൽപ്പേടകം, വിവിധവർണ തത്തകൾ ഇവയെല്ലാം നിറഞ്ഞതാണ് കൊല്ലം. കുമരി എന്ന സ്ഥലത്തെ കുരങ്ങുകൾ മനുഷ്യസാദൃശ്യം വഹിക്കുന്നു. ''സ്വർഗത്തിലെ ആപ്പിൾപഴം'' എന്നുവിളിക്കുന്ന സ്വാദുള്ള അതിവിശിഷ്ടമായ ഒരുതരം പഴം ഇവിടെ കിട്ടുന്നു. ഈ പഴങ്ങളുണ്ടാകുന്ന ചെടിയുടെ വലിയ ഇലകളിലാണ് (വാഴയില) നാട്ടുകാർ ഭക്ഷണം കഴിക്കുന്നത്. ഈ നാട്ടിലെ ചിലർ 150 വർഷം ജീവിച്ചിരിക്കുമത്രെ. മൃതദേഹം തീയിലിട്ട് ദഹിപ്പിക്കുന്നു''[92].

ആദിമ ക്രൈസ്തവർ

തോമ്മാശ്ലീഹാ എ. ഡി. 52-ൽ കൊടുങ്ങല്ലൂരിൽ വന്നുവെന്നും 54-ൽ കൊല്ലത്ത താമസിച്ചുവെന്നും ആയിരത്തിലധികംപേരെ കൊല്ലം ദേശത്ത് ജ്ഞാനസ്നാനപ്പെടുത്തിയെന്നുമാണ് പൗരസ്ത്യവിശ്വാസം. മാമ്മോദീസാ സ്വീകരിച്ചവരിൽ ഭൂരിപക്ഷവും ശൈവ വെള്ളാള സമുദായത്തിൽപെട്ടവരായിരുന്നു- ''മാപ്പിളമാർ.'' ജ്ഞാനസ്നാനം സ്വീകരിച്ച ഇവർ ''കേരളനസ്രാണികൾ'' അഥവാ ''നസ്രാണി മാപ്പിള'' എന്ന് അറിയപ്പെട്ടു. തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴ് പള്ളികളിൽ രണ്ടാമത്തെ ദേവാലയം കൊല്ലത്ത് എ. ഡി. 54-ൽ സ്ഥാപിച്ചുവെന്നാണ് പാരമ്പര്യം. കൊല്ലത്തിനു കിഴക്ക് നിലക്കൽ പള്ളി പാണ്ഡ്യൻ രാജാവിന്റെ ആക്രമണം നിമിത്തം നശിക്കപ്പെട്ടുവെന്നും ക്രിസ്ത്യാനികൾ പടിഞ്ഞാറൻ പ്രദേശങ്ങളായ കടമ്പനാട്ട്, കുമ്പഴ എന്നീ സ്ഥലങ്ങളിലേക്ക് പലായനംചെയ്തുവെന്നും പറയപ്പെടുന്നു[93]. 293-ൽ കാവേരി പട്ടണത്തിലെ ക്രൈസ്തവമതാവലംബികളായ വെള്ളാളന്മാരിൽ 72 കുടുംബങ്ങൾ മതപീഡനം നിമിത്തം വള്ളങ്ങളിൽകയറി കൊല്ലം ദേശത്ത് മടങ്ങിവന്നു സ്ഥിരതാമസമാക്കിയെന്നു ഐതിഹ്യമുണ്ട്.

എ. ഡി. 486-ൽ പൗരസ്ത്യരാജ്യങ്ങളിലെ നെസ്തോറിയൻ പാഷണ്ഡത ബാബിലോണിയൻ പാത്രീയർക്കീസുവഴി മലബാറിലും പ്രചരിച്ചു. കൊല്ലത്തെ ആദിമ ക്രൈസ്തവസമൂഹത്തിന്റെ ആവിർഭാവത്തെക്കുറിച്ച് പല അഭിപ്രായങ്ങളുണ്ട്. മാർത്തോമ്മാശ്ലീഹായിൽനിന്നു നേരിട്ട് ജ്ഞാനസ്നാനപ്പെട്ടവരും, കുനായിത്തോമ്മന്റെ വംശപാരമ്പര്യത്തിൽപ്പെട്ടവരും മതപീഡനം നിമിത്തം മറ്റു സ്ഥലങ്ങളിൽനിന്നു കുടിയേറിപ്പാർത്ത മാർത്തോമ്മാക്രിസ്ത്യാനി

92. പി. ജെ. പുരുഷോത്തമൻപിള്ള: മാർക്കോപോളായുടെ സഞ്ചാരകഥകൾ വിവ: 1957

93. Dr. Jerome Fernandez: Diocese of Quilon- Christian Heritage of Kerala, p. 382.

malankaralibrary.com

കളുമാണ്. കൊല്ലം ക്രൈസ്തവസമൂഹത്തിന്റെ കേന്ദ്രബിന്ദു എന്നു ഏതാനും ചരിത്രകാരന്മാർ സമർത്ഥിക്കുന്നു. കാലാകാലങ്ങളിൽ പേർഷ്യയിൽനിന്നു വന്ന മെത്രാൻമാരുടെ പ്രവർത്തനഫലമായി ഈ സമൂഹം പരിപുഷ്ടി പ്രാപിച്ചു. ഒൻപതാംനൂറ്റാണ്ടിൽ പേർഷ്യയിൽനിന്നുള്ള കുടിയേറ്റ ക്രൈസ്തവരും കൊല്ലത്താണ് ആസ്ഥാനമുറപ്പിച്ചതു്. മെത്രാന്മാരായ മാർ സാപോറും, മാർ പ്രോത്തും സെവറിയയും പ്രൊത്താസിയയും ഏതാനും ക്രൈസ്തവരോടുകൂടി കൊല്ലത്തുവന്നു താമസിച്ചു. അന്നത്തെ വേണാട് ഭരണാധികാരിയായ അയ്യൻഅടികൾ ക്രൈസ്തവരോട് സ്നേഹപൂർവം വർത്തിച്ചു. മതസ്വാതന്ത്ര്യം അനുവദിച്ചു. ക്രൈസ്തവർക്ക് 72 ആനുകൂല്യങ്ങൾ നല്കി[94].

ലത്തീൻമിഷൻ

പതിമൂന്നാംനൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ മാർപാപ്പ നിയമിച്ച ജോർഡാൻ കത്തലാനി സെവറക്ക് എന്ന ലത്തീൻ ബിഷപ്പ് കൊല്ലത്തു് എത്തി. കൊല്ലം യവന നാവികൻമാരുടെയിടയിൽ ചെമ്മല (Red Mountain) എന്നാണറിയപ്പെടുന്നതു [95]. തങ്കശേരികടൽക്കരയിൽ കാണുന്ന കിഴക്കാംതൂക്കായ പാറക്കെട്ടുകളിൽനിന്നാണ് ഈ സംജ്ഞ. അതിനാൽ പാശ്ചാത്യ ചരിത്രകാരന്മാർ അതിനു റെഡ് ക്ളിഫ്സ് (Red Cliffs) എന്നു പേരിട്ടു [96].

മധ്യഘട്ടത്തിൽ യൂറോപ്പിലെ ക്രൈസ്തവസഭയും കേരള ക്രൈസ്തവസഭയുമായി ബന്ധം ആരംഭിച്ചിരുന്നു. മിഷനറിമാരാണ് ബന്ധം പുലർത്തിയിരുന്നതു്. ഫ്രാൻസിസ്ക്കൻ, ഡൊമിനിക്കൻ സഭാംഗങ്ങളെ ഉത്പ്പെടുത്തി നാലാം ഇന്നസെന്റ് മാർപാപ്പ ക്രിസ്തുവിനുവേണ്ടിയുള്ള തീർത്ഥാടകരുടെ സൊസൈറ്റി (Society of Pilgrims for Christ) സ്ഥാപിച്ചു. സൊസൈറ്റിയിലെ സന്യാസികളും ശുഭാപ്തിവിശ്വാസത്തോടെ ഇന്ത്യയിലേക്ക് സാഹസികയാത്ര നടത്തി [97]. തീർത്ഥാടന സൊസൈറ്റി അംഗവും പ്രശസ്ത പ്രേഷിതപ്രവർത്തകനുമായ ജോൺ ഓഫ് മോന്തെ കോർവിനൊയുടെ സന്ദർശനത്തോടെ കൊല്ലം ക്രിസ്ത്യീയസഭയുടെ കേന്ദ്രമായി. ഇന്ത്യവഴി ചൈനയിലേക്കു പോയ ഈ ഫ്രാൻസിസ്ക്കൻസന്യാസി, നിക്കളാവൂസ് എന്ന ഡൊമിനിക്കൻ മിഷനറിയോടുകൂടിയാണ് യാത്രചെയ്തതു്. അദ്ദേഹം 1291-ൽ കൊല്ലം സന്ദർശിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം മൈ

94. Diocese of Quilon op. cit. P. 383.
95. Periplus of Eritrean Sea. Translated By G. W. D. Hutting Ford (1980) p. 53.
96. Johnson: Yule, Hobson pp. 751-753.
97. Christianity in India: Hambye S. J. 1972. p. 58.

malankaralibrary.com

3

ലാപ്പൂരിലേക്ക് യാത്ര തിരിച്ചു[98]. അവിടെ 15 മാസക്കാലം പ്രേഷിത പ്രവർത്തനം നടത്തി. നൂറോളംപേരെ ജ്ഞാനസ്നാനപ്പെടുത്തി. അദ്ദേഹം കൊല്ലത്തെ മാർത്തോമ്മാ ക്രിസ്ത്യാനികളെ കണ്ടുമുട്ടിയെന്നും കൂട്ടികാഴ്ചക്ക് ജ്ഞാനസ്നാനം നൽകുവാൻ അവർ ആവശ്യപ്പെട്ടുവെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ഇവരും അദ്ദേഹം പുതിയതായി ക്രിസ്തുമതത്തിലേക്ക് ചേർത്തവരും ഉൾപ്പെടെ ക്രൈസ്തവസമൂഹം വളർന്നു.

ചൈനാ സമ്പർക്കം

കൊല്ലവും ചൈനയും തമ്മിൽ പ്രാചീനകാലംമുതൽ വാണിജ്യ ബന്ധമുണ്ടായിരുന്നതായി ഗവേഷകൻ പി. കെ. ബാലകൃഷ്ണൻ പറയുന്നു: "എ. ഡി. 9-ാം നൂറ്റാണ്ടിനടുത്ത കാലങ്ങളിൽ കൊല്ലം ചൈനാക്കാരുടെ പ്രധാന വർത്തക സങ്കേതമായിരുന്നു. അവിടെ പരിഗണനാർഹമായ ചൈനീസ് സെറ്റിൽമെന്റ് നിലനിന്നിരുന്നു.[99]. മൈലാപ്പൂരിൽ 15 മാസക്കാലം വസിച്ച ജോൺ ദെ മൊൻതെ കൊർവിനൊ ചൈനയിലേക്ക് പോയി. അവിടെ പ്രേഷിതപ്രവർത്തനം നടത്തി. പിന്നീട് ഹക്കിനിലെ മെത്രാപ്പോലീത്തയായി. കൊല്ലവും ചൈനയിലെ രാജാവായ കുബ്ലഖാനുമായി (Kumbalae Khan) ബന്ധമുണ്ടായിരുന്നതുകൊണ്ട് ഇതു വിശ്വസനീയമാണ്." 1293-ൽ കൊല്ലം സന്ദർശിച്ച മാക്കോപോളൊ ഈ നഗരത്തിനു ചൈനയുമായുള്ള ബന്ധം പരാമർശിക്കുന്നു. ഫ്രാൻസിസ്ക്കനും ഡൊമിനിക്കനും ചൈനയിലും, കൊല്ലത്തും പ്രേഷിതപ്രവർത്തനങ്ങൾ നടത്തിയിരുന്ന വസ്തുത ഇത്തരുണത്തിൽ സ്മർത്തവ്യമത്രെ.[100] ജോർഡാൻ കത്തലാനി എന്ന ഡൊമിനിക്കൻ സന്ന്യാസിയും നാലു ഫ്രാൻസിസ്ക്കൻ സന്ന്യാസികളും 1320-ൽ ചൈനയിലേക്ക യാത്ര ചെയ്തിരുന്നു. കൊല്ലത്തു എത്തിച്ചേരാൻ.

മാർഗമധ്യേ അവർ ബോംബെയ്ക്കടുത്തുള്ള താനായിൽ (Thana) എത്തി. അവിടെ ജോർഡാൻ ഒഴികെയുള്ള മറ്റു നാലുപേരും മുസ്ലീമുകളാൽ വധിക്കപ്പെട്ടു. 1326-ൽ ജോർഡാൻ നെസ്തോറിയൻമാരുടെയും അക്രൈസ്തവരുടെയും ഇടയിൽ സുവിശേഷം പ്രസംഗിച്ചു. പതിനായിരത്തിൽപ്പരം അർത്ഥികൾക്ക് ജ്ഞാനസ്നാനം നൽകി.

ജോർഡാനസും മരിഞ്ഞോളിയും

ഭാരത പ്രേഷിതപ്രവർത്തനങ്ങൾ ഫലപ്രദമാണെന്നു മനസ്സിലാക്കിയ ജോർഡാൻ, ഫ്രാൻസിലെ അവിഞ്ഞോണിലെത്തി ജോൺ

---

98. ഡോ. സേവ്യർ കൂടപ്പുഴ; ഭാരതസഭാചരിത്രം പേജ്. 143-144.
99. "കൊല്ലവും ചീനയും" ചരിത്രസുരഭികൾ-ഉദ്ധൃതഗ്രന്ഥം പേജ്. 22
100. Diocese of Quilon: Christian Heritage of Kerala op: cit. p. 384.

malankaralibrary.com

22-ാമൻ മാർപാപ്പയുടെ പക്കൽ ഭാരത മാനസാന്തരത്തിനുവേണ്ടി യുള്ള പദ്ധതി സമർപ്പിച്ചു. മാർപാപ്പ കൊല്ലം ആസ്ഥാനമാക്കി ശ്ലൈഹ സ്ഥാപിച്ചു. ജോർഡാനിനെ ശ്ലൈഹാ മെത്രാനായി നിയമിച്ച് ഇന്ത്യയിലേക്കയച്ചു. 1330 ഏപ്രിൽ 9-ന സ്ഥാപിതമായ കൊല്ലം ശ്ലൈഹ ഇന്ത്യയിലെ ആദ്യത്തെ ലത്തീൻ ശ്ലൈഹ [101]. 1330-ൽ കൂട്ടത്തിൽ മിഷനറിമാരോടുകൂടി കൊല്ലത്തേയ്ക്ക് അഭിനവ മെത്രാൻ യാത്ര തിരിച്ചു. അദ്ദേഹം അവിടെ എത്തിച്ചേർന്നില്ല. ഡൽഹി ചക്രവർത്തിക്കും കൊല്ലത്തെ രാജാവിനും നാട്ടുകാരായ ക്രിസ്ത്യാനികൾക്കും, വെവ്വേറെ കത്തുകളുമായാണ് ഇന്ത്യയിലേക്ക് പുറപ്പെട്ടത്. ഈ മെത്രാൻ ചരിത്രത്തിൽനിന്നും പെട്ടെന്ന് അപ്രത്യക്ഷനായി. ശ്ലൈഹയിൽ എത്തിച്ചേർന്നില്ലെങ്കിലും ഡോ. ജോർഡാനാണ് ഭാരതത്തിലെ പ്രഥമ മെത്രാൻ. [102] ഈ മെത്രാന്റെ ദുരൂഹമായ അന്തർധാനത്തിനു ശേഷം 1348-ൽ ജോൺ മരിഞ്ഞോളി മെത്രാൻ കൊല്ലം സന്ദർശിച്ചു.

ചൈനയിലെ മെത്രാനായിരുന്ന അദ്ദേഹം യൂറോപ്പിലേയ്ക്കുള്ള മടക്കയാത്രയിൽ കൊല്ലത്തെത്തിയതാണ്. അദ്ദേഹത്തെ ക്രിസ്ത്യാനികളുടെ നേതാവ് മുതലിയാരും അനുയായികളുംകൂടി അത്യാഡംബരപൂർവം സ്വീകരിച്ചു. 16 മാസം ഇദ്ദേഹം അവിടെ താമസിച്ചു. 1348-ലെ ഹോശാന ഞായറാഴ്ച കൊല്ലത്തു വന്നുചേർന്ന ജോൺ മരിഞ്ഞോളി ലത്തീൻകാരുടെ വികയായി സെൻറ് ജോർജിന്റെ നാമത്തിൽ ദേവാലയം ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്[103] കൊല്ലം നഗരം സന്ദർശിച്ചതിന്റെ ശേഷം ദക്ഷിണകേരളവും സന്ദർശിച്ചു. ഇതിന്റെ സ്മാരകമായി മാർപാപ്പയുടെയും മരിഞ്ഞോളി മെത്രാന്റെയും കുലചിഹ്നങ്ങളും കൊത്തിയിട്ടുള്ള കരിങ്കൽ കുരിശു ശിൽപം മാർബിളിൽ സ്തൂപത്തിൽ കന്യാകുമാരിയിൽ സിലോണിനു അഭിമുഖമായി സ്ഥാപിച്ചു [104]. ഇന്ത്യൻ ഭാഷയിലും ലാറ്റിൻ ഭാഷയിലും ഏതാനും വാക്യങ്ങളും ഈ കരിങ്കൽകുരിശിൽ കൊത്തിയിട്ടുണ്ടായിരുന്നു. ഈ കുരിശു വിശുദ്ധതൈലംകൊണ്ട് ലേപനം ചെയ്യുക, മാർബിളിൽ സ്തൂപം ആഘോഷമായി സ്ഥാപിക്കുക എന്നീ കർമ്മങ്ങളും അത്യാഡംബരപൂർവമാണ് നിർവഹിച്ചത്. വൻപിച്ച ജനസമൂഹത്തിന്റെ സാന്നിധ്യത്തിൽ. തദവസരത്തിൽ സോളമൻ രാജാവിനെ പല്ലക്കിൽ ആഘോഷമായി സംവഹിച്ചതുപോലെ മരിഞ്ഞോളി മെത്രാനെ വിശ്വാസികളും പട്ടുവസ്ത്രങ്ങൾകൊണ്ട് അലങ്കരിച്ച പല്ലക്കിൽ ഇരുത്തി വാദ്യമേളങ്ങളോടെ സംവഹിച്ചു [105]

101. Jordanus-Mirabilia Scripta. London (1863) p. 56.
102. ഫാ. ജോർജ് വെളിപ്പറമ്പിൽ: വരാപ്പുഴ അതിരൂപത ശതാബ്ദി സ്മരണിക-കേരളത്തിലെ ലത്തീൻ സഭ. പേജ്. 91.
103. ഡോ.സേവ്യർ കൂടപ്പുഴ: ഭാരതസഭ- ഉദ്ഭൂതഗ്രന്ഥം പേജ്. 175.
104. A.M. Mundaden: Christianity in Kerala Vol. I p. 140
105 Diocese of Quilon: Christian Heritage of Kerala op cit. p, 380

malankaralibrary.com

കുരുമുളക് വ്യാപാരത്തിന്റെ കുത്തകാവകാശമുണ്ടായിരുന്ന മാർത്തോമാ ക്രിസ്ത്യാനികൾ ഡോ. മരിഞ്ഞോളി കൊല്ലത്തു താമസിച്ചിരുന്ന കാലത്തു് മാസംതോറും 1100 സ്വർണ പണം പേപ്പൽ ഡലഗേറ്റ് എന്ന നിലയിൽ അദ്ദേഹത്തിന്റെ കൃത്യനിർവഹണത്തിനും ചിലവിനും നൽകിയിരുന്നു[106]. ഡോ. മരിഞ്ഞോളി കൊല്ലം ശ്രുപതയോട് വിടപറഞ്ഞു് പോയതിനുശേഷം കൊല്ലത്തെ ലത്തീൻ റീത്തിനെപ്പറ്റിയൊ, മാർത്തോമ ക്രിസ്ത്യാനികളെപ്പറ്റിയൊ ഒന്നുംതന്നെ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടില്ല. ശ്രുപത മെത്രാനില്ലാതെ ഒഴിഞ്ഞു കിടന്നു. സെൻറ് ജോർജ് പള്ളിയെപ്പറ്റി മരിഞ്ഞോളി മെത്രാന്റെ സന്ദർശനത്തിനുശേഷം പോർട്ടുഗീസുകാരുടെ ആഗമനം വരെ ചരിത്രം മൗനം അവലംബിക്കുന്നതേയുള്ളൂ.

കൊല്ലം നഗരപരിഷ്കരണം

പതിനാറാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ പോർട്ടുഗീസുകാർ മലബാർ തീരത്തെത്തിയപ്പോഴേ അവരുടെ ശ്രദ്ധ കൊല്ലം നഗരത്തിലേയ്ക്കു തിരിഞ്ഞു. പ്രധാന കാരണം കൊല്ലം തുറമുഖമാണു്. കുരുമുളക് കച്ചവടത്തിനു പറ്റിയ കേന്ദ്രം. കൊല്ലവുമായി പോർട്ടുഗീസുകാർ വാണിജ്യബന്ധത്തിലേർപ്പെട്ടു. 1510-ൽ കൊല്ലത്തെ രാജ്ഞിയുമായി ഉടമ്പടി ഉണ്ടാക്കി. കച്ചവടം നടത്താനുള്ള പല ആനുകൂല്യങ്ങളും ലഭിച്ചു. 1519-ൽ പോർട്ടുഗീസു് നേതാവു് ഹെമിട്ടർ റൊഡ്രിഗ്വസ് (Heymiter Rodrigues) തങ്കശേരിയിലെ ഫാക്ടറി റിപ്പയർ ചെയ്യാനെന്ന വ്യാജേന അവിടെ കോട്ട പണിതു. ഡച്ചുകാർ ഈ പട്ടണം പിടിച്ചടക്കുന്നതുവരെ 1661-വരെ അതു് പോർട്ടുഗീസുകാരുടെ കൈവശമായിരുന്നു. പോർട്ടുഗീസുകാർ കൊല്ലം കേരളത്തിലെ പ്രധാന ആസ്ഥാനങ്ങളിലൊന്നാക്കി. മനോഹരനഗരമായി ശ്രുപാന്തരപ്പെടുത്തി. സമുദ്രതീരത്തു് പോർട്ടുഗീസു് ഉദ്യോഗസ്ഥ വസതികളും നിർമ്മിച്ചു. കടൽത്തീരം നയനാനന്ദകരവും ആകർഷണീയവുമാക്കി. ഗവൺമെൻറു് മന്ദിരങ്ങളുടെ മധ്യേ കടൽത്തീരത്തു് അവർ നിർമ്മിച്ച ഉന്നതദീപസ്തംഭം എല്ലാവരുടെയും ശ്രദ്ധ പിടിച്ചു പറ്റി. പാശ്ചാത്യനാഗരികതയുടെ തനിപ്പകർപ്പായി അതു് കൊല്ലം നഗരത്തിൽ ഉയർന്നു.[107]

സെമിനാരി, അച്ചടിശാല

ഫ്രാൻസിസ്കൻ മിഷനറിമാർ 1502-ൽ പോർട്ടുഗീസുകാരോടൊപ്പം കൊല്ലം നഗരത്തിൽ താമസമാക്കി. ക്രൈസ്തവജനതയുടെ പുതിയയുഗം. 1553 കൊല്ലം ഗോവശ്രുപതയുടെ ഭാഗമായി. ഇന്ത്യയുടെ

106. Diocese of Quilon op. cit. page 384.
107. L. M. Pylee: St. Thomas Christians and Arch-Diocese of Verapoly pp. 115-117.

malankaralibrary.com

രണ്ടാമത്തെ അപ്പസ്തോലൻ വി. ഫ്രാൻസിസ് സേവ്യർ രണ്ടു പ്രാവശ്യം കൊല്ലം സന്ദർശിച്ചു. 1543-ലും 1549 - ലും. പാരമ്പര്യ വിശ്വാസമനുസരിച്ച് വി. ഫ്രാൻസീസ് സേവ്യർ പ്രഥമ സന്ദർശന വേളയിൽ മരിച്ചപോയ ഒരു യുവാവിനെ അത്ഭുതകരമായി ഉയിർപ്പിച്ചു. ഈ സംഭവം അനേകരെ ക്രൈസ്തവവിശ്വാസം സ്വീകരിക്കാൻ ഇടയാക്കി. വിശ്വാസത്തിന്റെ രണ്ടാമത്തെ സന്ദർശനത്തിന്റെ ലക്ഷ്യം സെമിനാരി ആരംഭിക്കുകയായിരുന്നു. രൂപതയുടെ ആവശ്യത്തിനുവേണ്ടി യുവാക്കളെ പരിശീലിപ്പിക്കുക, പൗരോഹിത്യത്തിലേക്കുള്ള ദൈവവിളി വർദ്ധിപ്പിക്കുക, ഉത്തമരായ വൈദികരെ പരിശീലിപ്പിക്കുക എന്നിവ സെമിനാരിയുടെ ഉദ്ദേശ്യം. ഇതിനുവേണ്ടി പോർട്ടുഗീസ് രാജാവിനോടും, ഗോവയിലെ വൈസ്രോയിയോടും സഹായാഭ്യർത്ഥന നടത്തി. നിക്കൊളാസ് ലാൻസലോട്ടിനെ (Nicolas Lansalot) സെമിനാരിയുടെ ഭരണഭാരം ഏൽപ്പിച്ചു. വി. ഫ്രാൻസീസ് സേവ്യറും സഹപ്രവർത്തകരായ ഈശോ സഭാംഗങ്ങളും രൂപതയുടെ അഭിവൃദ്ധിക്കുവേണ്ടി നിസ്തുലസംഭാവനകളും നൽകി.[108] ഇന്ത്യാക്കാരിൽനിന്നു ആദ്യമായി ഈശോസഭയിൽ ചേർന്നതു കൊല്ലം രൂപതയിൽപ്പെട്ട വൈദികരാണ്. ഈശോസഭക്കാർ കൊല്ലത്തു തങ്ങളുടെ ഒന്നാമത്തെ അച്ചടിയന്ത്രം സ്ഥാപിച്ചു. അവിടെനിന്നു 1578 - ൽ വി. ഫ്രാൻസിസ് സേവ്യർ രചിച്ച തമിഴിലുള്ള വേദപാഠപുസ്തകം പ്രസിദ്ധീകരിച്ചു. ഇന്ത്യയിലെ പ്രാദേശികഭാഷയിലുള്ള ഒന്നാമത്തെ അച്ചടിശാല[109].

അഭിനവ കൊല്ലംരൂപത

പമ്പാ നദിമുതൽ കന്യാകുമാരി മുനമ്പുവരെ അതിർത്തി. സ്പെയിനിലെ ഫിലിപ്പു ദ്വിതീയൻ രാജാവിന്റെ കൊട്ടാരത്തിലെ അംഗീകൃത പ്രാസംഗികനായിരുന്ന ഡോ. അലക്സ് മെനേസിസ് 1593-ൽ ഗോവയിലെ മെത്രാപ്പോലീത്തയായി. അദ്ദേഹം 1599-ൽ ഉദയംപേരൂർ സൂനഹദോസ് വിജയപ്രദമായി വിളിച്ചുകൂട്ടി. പ്രധാന ക്രൈസ്തവ കേന്ദ്രങ്ങളും സന്ദർശിച്ചുവേളയിൽ കൊല്ലവും അദ്ദേഹം സന്ദർശിച്ചു[110].

ഗോവ 1557-ൽ അതിരൂപതയായി. കൊച്ചി ഗോവയുടെ കീഴിലുള്ള രൂപതയും, കൊല്ലം കൊച്ചിരൂപതയുടെ അധീനതയിലുമായി 280 വർഷക്കാലം. കൊച്ചിരൂപത 1838-ൽ നിറുത്തലാക്കി. അതു മലബാർ വികാരിയേറ്റിൽ ലയിച്ചു. കൊച്ചിരൂപതയും മലബാർ വികാരിയേറ്റിന്റെ ഭാഗമായി.

---

108. Diocese of Quilon op. cit. p. 386.
109. Diocese of Quilon op. cit. p 387.
110. Diocese of Quilon op. cit. p. 187.

malankaralibrary.com

1661 കൊല്ലംനഗരവാസികളായ ക്രൈസ്തവർക്ക് ശനിദശയായിരുന്നു. ആ വർഷം ഡിസംബർ മാസാരംഭത്തിൽ ഡച്ചുകാർ കൊല്ലം പട്ടണം പിടിച്ചടക്കി. റോമൻ കത്തോലിക്കരുടെ നേരെ ഉയർന്നുവന്ന വിദ്വേഷാഗ്നി കൊല്ലത്തും ആളിക്കത്തി. ദേവാലയങ്ങളും സ്ഥാപനങ്ങളും നശിപ്പിച്ചു. കലാസുന്ദരമായ സെൻറ് ജോസഫ് ദേവാലയവും കെട്ടിടങ്ങളും ഓഫീസ് കെട്ടിടമാക്കിമാറ്റി. ഡച്ചു ആക്രമണത്തോടെ ലത്തീൻ ക്രിസ്ത്യാനികളുടെ പ്രൗഢി നശിച്ചുപോയെങ്കിലും പിന്നീടു സഭ കുതിച്ചു വളർന്നു [111].

രൂപതയുടെ പുനഃസ്ഥാപനം

വരാപ്പുഴ, മംഗലാപുരം, കൊല്ലം എന്നീ മൂന്നു വികാരിയേറ്റുകളും 1845-ൽ നിലവിൽവന്നു. കൊല്ലത്തെ ഭരമേല്പിച്ചതു ബൽജിയം നിഷ്പാദുക കർമ്മലീത്തസന്ന്യാസികളെയാണ്. ഡോ. ബർണഡിൻ ബച്ചിനെല്ലി ശ്രുപതയുടെ പ്രൊ. വികാർ അപ്പസ്തോലിക. 1886-ൽ വരാപ്പുഴ വികാരിയേറ്റ് അതിശ്രുപതയായി ഉയർത്തപ്പെട്ടപ്പോൾ കൊല്ലം വരാപ്പുഴയുടെ കീഴിലായി. മോൺ. ഫെർഡിനാൻറ് ഓസ്സി ഒ. സി. ഡി. ശ്രുപതയുടെ മെത്രാനായി. 1900 നവംബർ 18-ന മോൺ. അലോഷ്യസ് ബൻസിഗർ സഹായമെത്രാനായി. ഫെർഡിനാൻറ് മെത്രാന്റെ നിര്യാണശേഷം 1905-ൽ ഡോ. അലോഷ്യസ് ബൻസിഗർ കൊല്ലം ശ്രുപതാധിപനായി. 1930-ൽ കൊല്ലംശ്രുപതയുടെ ദക്ഷിണഭാഗം വേർതിരിച്ചു കോട്ടാർശ്രുപത സ്ഥാപിച്ചു. 1931-ൽ ഡോ. ബൻസിഗർ റിട്ടയർചെയ്തപ്പോൾ ഡോ. വിൻസൻറ് ഡെരേര പിൻഗാമി. 1930-ൽകൊല്ലം ശ്രുപത വീണ്ടും വിഭജിക്കപ്പെട്ടു. തെക്കുഭാഗം തിരുവനന്തപുരം ശ്രുപതയായി. ഡോ. ഡെരേര തിരുവനന്തപുരം മെത്രാൻ. കൊല്ല ശ്രുപതയിൽ ഏതദ്ദേശീയ മെത്രാനായി ഡോ. ജറോം ഫെർണാണ്ടസിനെ നിയമിച്ചു. അദ്ദേഹം 1978-ൽ റിട്ടയർ ചെയ്തപ്പോൾ മെയ് 14-ന ഡോ. ജോസഫ് ഫെർണാണ്ടസ് കൊല്ലം ശ്രുപതാമെത്രാനായി.

കൊറോമണ്ഡൽ തീരം

ഇന്ത്യയുടെ കിഴക്കെതീരത്തു കന്യാകുമാരിമുതൽ വേമ്പനാർവരെ പൊടിമണൽവിരിച്ച ഒരു പ്രദേശമുണ്ട്. പ്രാചീനകാലം മുതൽ അവിടത്തെ നിവാസികളും കടലിൽനിന്നും മുത്തുകളും ശേഖരിച്ചുപോന്നു. മീൻപിടുത്തവും മുത്തുവാരലും തൊഴിലായിട്ടുള്ള ഭരതജാതിക്കാരാണ് അവിടത്തെ നിവാസികളും. അധ:സ്ഥിതരുടെ ആവാസദേശമായ ഈ തീരഭൂമി "കൊറമണ്ഡൽ സമുദ്രതീരം" എന്നാണ് ചരിത്രത്തിൽ അറിയപ്പെടുന്നതു.

111. L. M. Pylee: St.Thomas Christians and Archdiocese of Verapoly p. 171.

malankaralibrary.com

ഈ കടൽതീരത്തെ പതിനാറാം നൂറ്റാണ്ടിലെ സ്ഥിതി എന്തായിരുന്നു? 1552 ഒക്ടോബറിൽ രാജ്യകാര്യങ്ങളും കുഴഞ്ഞു മറിഞ്ഞിരുന്നു. ഭൂജപരാക്രമി വേണാട്ടുചൻ അധികാരപരിധി വ്യാപിപ്പിച്ചു. താമസിയാതെ മധുരാധിപതി പാണ്ഡ്യരാജാവ് ദക്ഷിണ കേരളത്തിൽ തിരുവനന്തപുരംവരെ തന്റെ മേൽക്കോയ്മ സ്ഥാപിച്ചു. പില്ലാലന്തു പാണ്ഡ്യരാജാക്കന്മാർ വിജയനഗർ ചക്രവർത്തിയുടെ സാമന്തൻമാരായി അധ:പതിച്ചു. ദിഗ്വിജയികളായ മുസൽമാൻ പരാക്രമികളും വടക്കുനിന്നു അവരുടെ വിജയപതാകകന്യാകുമാരിവരെ ഉയർത്തി.

ഭരതജാതിക്കാർ

മുസൽമാൻമാർ പാവപ്പെട്ടവരോടുചെയ്ത അനീതികൾക്കു അതിരില്ലായിരുന്നു. മർദ്ദനത്തിന്റെ തീച്ചൂളയിൽ പാണ്ഡ്യനായിക്കൻമാരാലും വേണാട്ട് ഭൂപതികളാലും കടൽതീരത്തെ ജനങ്ങളും പരിത്യക്തരായി കഴിഞ്ഞിരുന്നു. ആ ഭരത ജനതയ്ക്ക് ഏകശരണം പോർട്ടുഗീസുകാരായിരുന്നു[112].

പരവൻമാർ 1532-ൽ കൊച്ചിയിലെ പോർട്ടുഗീസുകാരുടെ സഹായം അഭ്യർത്ഥിച്ചു. അവർ സഹായിക്കയുംചെയ്തു. ആയിരക്കണക്കിനു പരവൻമാർ ജ്ഞാനസ്നാനം സ്വീകരിച്ചു. ക്രിസ്തുമതത്തെയും വിശ്വാസവിഷയത്തെയുംകുറിച്ചു ശരിയായ ജ്ഞാനമോ പരിചരണമോ അവർക്കു ലഭിച്ചിരുന്നില്ല.

1536-മുതൽ 17-ാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടത്തിനിടയിൽ 20,000 പേർ ക്രിസ്തുമതം സ്വീകരിച്ചിരുന്നു. പതിനഞ്ചാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ കന്യാകുമാരിയിൽ മാർത്തോമ്മാക്രിസ്ത്യാനികളും ഉണ്ടായിരുന്നുവെന്നു ഊഹിക്കുന്നതിൽ തെറ്റില്ല. 1438-ൽ കൊച്ചിമുതൽ കന്യാകുമാരിവരെ ക്രിസ്ത്യാനികളെ കാണാൻ കഴിഞ്ഞുവെന്നു ജി. റ്റി. മെക്കെൻസി രേഖപ്പെടുത്തിയിട്ടുണ്ട്.[113]

ഗോവയിൽനിന്നുവന്നപോർട്ടുഗീസുമിഷനറിമാർക്കു മുത്തുകടൽതീരത്തെ മുക്കുവരെ ക്രിസ്തുമതത്തിൽ ചേർത്തു എന്നല്ലാതെ അവരെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തി നിർത്തുന്നതിനു സാധിച്ചില്ല. അതുകണ്ടു വിഷമമായിരുന്നു അവരുടെ സ്ഥിതിയും ഭാഷയും, മറ്റു സാഹചര്യങ്ങളും.

സെൻറ് ഫ്രാൻസിസ് സേവ്യർ

മിഷനറിമാർ മടങ്ങിപ്പോയതിനാൽ പരവൻമാർ പുതിയവിശ്വാസസത്യങ്ങളും ക്രമേണ വിസ്മരിച്ചു. വി. ഫ്രാൻസിസ് സേവ്യർ

---

112. Clergy Monthly: 1952 June p. 3.
113. Nagaiya: Travancore State Manuel. Trivandrum Vol. II. 1972. p. 145.

malankaralibrary.com

1542-ൽ മണപ്പാഡിൽ വന്നിറങ്ങുകയും ഈ ജനതകളുടെ ഇടയിൽ പ്രേഷിതപ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തുകയും ചെയ്തു. ക്രിസ്തുമതത്തെക്കുറിച്ച് ഈ നാട്ടിലെ ജനങ്ങൾക്ക് ഒരറിവുമില്ലെന്ന് വിശ്വസ്തനം എളുപ്പം ഗ്രഹിക്കുവാൻ കഴിഞ്ഞു. അവർക്ക് ക്രിസ്തീയനാമങ്ങളും പോർട്ടുഗീസ് ഇരട്ടപേരുകളും ഉണ്ടായിരുന്നുവെന്നുമാത്രം. ദേവാലയങ്ങൾ ഒന്നുംതന്നെ ഇല്ലായിരുന്നു. വിശ്വാസപ്രമാണം പഠിപ്പിക്കാൻ ആരുംതന്നെ ഉണ്ടായിരുന്നില്ല. 1536-നു ശേഷം ജനിച്ച കുട്ടികളെ ഫ്രാൻസീസ് സേവ്യർ ജ്ഞാനസ്നാനപ്പെടുത്തി. മറ്റു ക്രിസ്ത്യാനികളെ മതകാര്യങ്ങൾ പഠിപ്പിച്ചു. അവരെ പ്രാർത്ഥനകൾ ചൊല്ലാൻ അഭ്യസിപ്പിച്ചു. വിശ്വസ്തൻ ഗ്രാമങ്ങൾതോറും ചുറ്റിസഞ്ചരിച്ചു. തുത്തുക്കുടിയിൽ 4 മാസക്കാലം താമസിച്ചു. അതിൽ മൂന്നുമാസം വേദപാഠം തമിഴിലേക്കു പരിഭാഷപ്പെടുത്തുന്നതിൽ വ്യാപൃതനായി. ഗോവയിൽനിന്നും കൂടെവന്നിരുന്ന സെമിനാരി വിദ്യാർത്ഥികൾ ഫ്രാൻസീസ് സേവ്യരെ സഹായിച്ചു. പ്രസംഗങ്ങൾ തമിഴിലേക്ക് തർജ്ജിമചെയ്തു. ഞായറാഴ്ചദിവസം എല്ലാവരെയും ഒരുമിച്ചുകൂട്ടി പ്രാർത്ഥനകൾ പഠിപ്പിച്ചു. അവരുടെ പാപസങ്കീർത്തനംകേട്ടു. വിശ്വാസപ്രമാണത്തിന്റെ ഒരോ വകുപ്പും വിവരിച്ചതിനുശേഷം ദിവ്യബലി അർപ്പിച്ചിരുന്നു. മാർച്ച്, ഏപ്രിൽ മാസങ്ങൾ പരവർ ഒന്നടങ്കം മുത്തു് ശേഖരിക്കാൻ പോയിരുന്ന കാലഘട്ടമായിരുന്നു. രാത്രികാലങ്ങളിൽ വീടുകളുടെ വരാന്തകളിൽ വിശ്വസ്തൻ കുട്ടികളെ വേദപാഠം പഠിപ്പിച്ചുപോന്നു. മുത്തുകളുടെ നാടിനോടു് ഫ്രാൻസീസ് സേവ്യർ വിടപറഞ്ഞപ്പോഴും പ്രേഷിതപ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകുന്നതിനു് മൂന്നു വൈദികരെ നിയമിച്ചിരുന്നു. മാർസിഗ്ലിസ് എന്ന ഈശോസഭാ വൈദികനെയും സ്പാനിഷ് വൈദികൻ ജവാൻദെലിസ്സായെയും ഈ ക്രിസ്ത്യാനികളെ ഭരമേൽപ്പിച്ചു. പോർട്ടുഗീസുരാജ്ഞിയുടെ പക്കൽനിന്നു സുവിശേഷപ്രചരണത്തിനു് ലഭിച്ച 4000 സ്വർണനാണയം മിഷനറിമാരുടെ ഉപദേശിമാർക്കു് ജീവസന്ധാരണത്തിനും ദേവാലയനിർമ്മാണത്തിനും ചെലവഴിക്കുവാൻ നിർദ്ദേശിച്ചിരുന്നു.

ഫിഷറി കോസ്റ്റ്

ഫിഷറി കോസ്റ്റിനോടു ഫ്രാൻസീസ് സേവ്യർ വിടപറഞ്ഞു. മലാക്കയിലേക്കു് പോയെങ്കിലും സമർത്ഥരും പ്രഗത്ഭരുമായ പ്രേഷിതവര്യരെ മുത്തുകളുടെ നാടിനു് ആവശ്യമാണെന്ന അദ്ദേഹത്തിനു് അറിയാമായിരുന്നു. തീക്ഷ്ണതയുള്ള മിഷനറി ഫാ. ആൻറണി ക്രിമിനാലിയെ (Antony Criminale) ഫിഷറി കോസ്റ്റിലെ ക്രൈസ്തവസഭയെ ഭരിക്കുവാനും നയിക്കുവാനും വിശ്വസ്തൻ ഏല്പിച്ചു. തമിഴ്ഭാഷ വായിക്കുവാനും എഴുതുവാനും പഠിച്ച ആദ്യത്തെ മിഷനറി. ഒരു വർഷത്തിനുശേഷം ഫാദർ ഹെൻറിക്വസ് സഹായത്തിനെത്തി. ഒരു വർഷം കഴിഞ്ഞു് ഫ്രാൻസിസ് സേവ്യർ വീണ്ടും ഫിഷറികോസ്റ്റ് സന്ദർശിച്ചു. ഫാ. ആൻറണി ക്രിമിനാലിയെ മിഷൻ സൂപ്പീരിയറാക്കി,

malankaralibrary.com

ഫാദർ ഹെൻറിക്കസിനോട്ടു് തമിഴ പഠിച്ചു തമിഴു് വ്യാകരണം രചിക്കാൻ ആവശ്യപ്പെട്ടു. ഫാ. ക്രിമിനാലിൽ 1549–ൽ യാട്ടിച്ചിക്കമായി സൈനികോപരോധത്തിൽ കൊല്ലപ്പെട്ടു. ഫാ. ഹെൻറികുസു് മിഷൻ സുപ്പീരിയറായി. ഒരു ലിഖിതം മുഖേന വി. ഫ്രാൻസീസു് സേവ്യർ ഈ നിയമനം അംഗീകരിച്ചു. യുവജനങ്ങളുടെ മതകാര്യങ്ങളിലും ആധ്യാത്മികാവശ്യങ്ങളിലും ഫാ. ഹെൻറികുസു് ശ്രദ്ധാലുവായി. 1551–ൽ 30 ദേവാലയങ്ങളും നിർമ്മിച്ചു. 1581–ൽ മണപ്പാഡിൽ കലാസുന്ദരമായ ദേവാലയം വിശുദ്ധ കുരിശിന്റെ നാമത്തിൽ നിർമ്മിച്ചു. മണപ്പാടു്, വേമ്പാർ എന്നീ സ്ഥലങ്ങളിലെ ക്രൈസ്തവർ ക്രിസ്തീയചൈതന്യവും മതകാര്യങ്ങളിൽ തീക്ഷ്ണതയുമുള്ളവരുമായിത്തീർന്നു.[114] 1552–ൽ 40,000 ക്രൈസ്തവർ ഫിഷറി കോസ്റ്റിൽ ഉണ്ടായിരുന്നതായി ഫാ. ഇഗ്നേഷ്യസു് ലെയോളക്കു് അയച്ച എഴുത്തിൽ ഫാ. ഹെൻറികുസു് പ്രസ്താവിക്കുന്നു. 1553മുതൽ 10 വർഷത്തേക്കു് അസ്വസ്ഥതകളും കലാപങ്ങളും നിറഞ്ഞ നാളുകളായിരുന്നു. 1553–മുതൽ ടർക്കികളുടെ നാവികസേന ഫിഷറി കോസ്റ്റിനെ ആക്രമിച്ചു. അവർ 17 ബോട്ട പിടിച്ചെടുത്തു. വിജയനഗറിലെ വൈസ്രോയിയുടെ സഹായത്തോടെ മുസ്ളീമുകളും ടർക്കിസേനയോടു് ചേന്നു് യുദ്ധം ചെയ്തു. ഫാ. ഹെൻറികുസു് കൊല്ലപ്പെട്ടു. 50 പോർട്ടുഗീസു് ഭടന്മാരും ക്യാപ്റ്റൻ കൊട്ടിഞ്ഞനും കുടുംബവും തടവുകാരായി പിടിക്കപ്പെട്ടു. പള്ളികളും പുന്നയ്ക്കായലിലെ ആസ്പത്രിയും പല ഗ്രാമങ്ങളും അഗ്നിക്കിരയായി. കൊച്ചിയിൽനിന്നു വന്നുചേന്ന പോർട്ടുഗീസു് നാവികസേന ശത്രുക്കളെ പരാജയപ്പെടുത്തി. തടവുകാരെ വെറുതെ വിടുന്നതിനു് വിജയനഗറിലെ രാമരായരോടു് അഭ്യർത്ഥിച്ചു. എല്ലാവരും വിട്ടയയ്ക്കപ്പെട്ടു.[115]

തമിഴ്ഭാഷയിലൂടെ

ഈശോസഭക്കാരായ ആറു വൈദികർ 1565–ൽ ഇവിടെ സുവിശേഷവേലയിൽ ഉത്സുകരായി. 1566–ൽ കൊച്ചി മെത്രാൻ ഡോ. ജോർജു് തെമുഡെ ഫിഷറി കോസ്റ്റു് സന്ദർശിച്ചു. ഒട്ടനേകം പേക്കു് സ്ഥൈര്യലേപനം നൽകി. 1600–ൽ കൊല്ലപ്പെട്ട ഹെൻറികുസിന്റെ 50 വർഷത്തെ കഠിനാദ്ധ്വാനത്തിന്റെയും ത്യാഗപൂർണമായ പ്രേഷിത ജീവിതത്തിന്റെയും പ്രതിഫലമായി ഫിഷറി കോസ്റ്റിറു് ക്രൈസ്തവസമൂഹം ആധ്യാത്മിക പുരോഗതി നേടി. തമിഴവ്യാകരണവും ശബ്ദകോശവും അദ്ദേഹം എഴുതി പ്രസിദ്ധീകരിച്ചു. മുസ്ളീംകളും ഹിന്ദുക്കളും ഈ വന്ദ്യപുരോഹിതനോടു്

---

114. Henricus S. J.:Studio Missionalia XIII p. 113.

115 A. Krishna Swami: Tamil Country under Vijayanagar pp. 240-242.

malankaralibrary.com

ആദരവും ബഹുമാനവും പ്രകടിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഹൈന്ദവർ അനുശോചിച്ചു രണ്ടു ദിവസം ഉപവസിച്ചു[116]. ഈ മിഷനിൽ 1600-ൽ 22 ഈശോസഭക്കാർ പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്നു. 22 പള്ളികളും അനുബന്ധമായിരുന്നു. 1587-ൽ തൂത്തുക്കുടിയിൽ കോളജ് സ്ഥാപിച്ചു. തമിഴ്, ലാറിൻ ദേവാലയ ഗാനങ്ങൾ, സന്മാർഗശാസ്ത്രം എന്നിവ ഇവിടെ അഭ്യസിച്ചിരുന്നു[117].

നായക്കൻമാർ

ഈശോസഭാപ്രോവിൻഷ്യാളായ ഫാ. ഇഗ്നേഷ്യസ് ബ്രൂണൊ 1648-ൽ തൂത്തുക്കുടിയിൽ മരിയസഖ്യം സ്ഥാപിച്ചു. മറ്റ് സ്ഥലങ്ങളിലും വളരെപ്പേർ മരിയസഖ്യത്തിൽ ചേർന്നു. 1658-ൽ പോർട്ടുഗീസുകാരെ തൂത്തുക്കുടിയിൽനിന്നു പുറത്താക്കി. ഫിഷറി കോസ്റ്റിലെ മറ്റു സ്ഥലങ്ങളിൽനിന്നും അവർ നിഷ്ക്കാസിതരായി. മധുരയിലെ നായക്കന്മാർ (Nayak) ഈശോസഭക്കാരെ മുത്തുകളുടെ നാട്ടിൽനിന്നു ബഹിഷ്ക്കരിച്ചെങ്കിലും രണ്ടുവർഷങ്ങൾക്കുശേഷം പരവൻമാരുടെ പരിശ്രമഫലമായി ഈശോസഭക്കാരെ തിരികെ വിളിപ്പിച്ചു. ഡച്ചുകാരായ പ്രോട്ടസ്റ്റാന്റു പുരോഹിതന്മാർ പരവന്മാരെ വശീകരിച്ചു നോക്കി. കത്തോലിക്കവിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അവർ പ്രോട്ടസ്റ്റാന്റ് മിഷനറിമാരുടെ സകല സംരംഭങ്ങളെയും പരാജയപ്പെടുത്തി. തങ്ങളുടെ മതപ്രചരണങ്ങൾക്കു വിലങ്ങുതടിയായിരിക്കുന്നതു ജസ്വീറ് വൈദികരാണെന്നു കരുതിയതിനാൽ പ്രോട്ടസ്റ്റന്റുകാർ നായിക്കന്മാരുടെ സഹായത്തോടെ ഈശോസഭക്കാരെ ബഹിഷ്ക്കരിക്കാൻ തീവ്രശ്രമം നടത്തി. പതിനേഴാംനൂറ്റാണ്ടിന്റെ അവസാനം ഡച്ചുകാർ കത്തോലിക്കപരവൻമാർക്കു സകലസ്വാതന്ത്ര്യങ്ങളും നൽകി. ഈശോസഭക്കാരായ 25 വൈദികരേ ഈ കടൽത്തീരത്തു ആധ്യാത്മിക സേവനത്തിനുണ്ടായിരുന്നുള്ളൂ.

ഗോവ

കൊങ്കൺ രാജ്യ പ്രദേശത്തുള്ള ദ്വീപസമൂഹം. ഇന്ത്യൻ പശ്ചിമതീരത്തിന്റെ ഉത്തരഭാഗം മുഴുവൻ ഉൾക്കൊള്ളുന്ന രാജ്യം. "ഗോവ" എന്ന ഹിന്ദു ദേവത നാമത്തിൽനിന്നാണ് ഗോവ എന്ന വാക്കു നിഷ്ക്രമിച്ചതെന്നും, "ഗോവാ പുരി" യെന്ന ഈ പട്ടണം പുരാണങ്ങളിൽ അറിയപ്പെട്ടിരുന്നുവെന്നും പറയുന്നു. 1800 ച. മൈൽ വിസ്തീർണ്ണമുള്ള ഇതിന്റെ തലസ്ഥാനം ഈ പട്ടണംതന്നെ. ഗോവയും, ബോംബയ്ക്കു വടക്കുള്ള ഡാമനും, കത്തിയവാറിന്റെ തെക്കേ അറ്റത്തെ ഡ്യൂയും പോർട്ടുഗീ

116. Fr. Wickie S. J.: The Confraternity of Charity of Fr. Henriques: Indian Church History Review 1967 pp. 3-8.

117. Leon Blasse: La Mission Du Madurai pp.398-402.

malankaralibrary.com

സുകാരുടെ വകയായിരുന്നു. ഗോവയിലെ "പഞ്ചിമി"ൽതാമസിക്കുന്ന ഗവർണർ ജനറൽ ഈ മൂന്നു രാജ്യങ്ങളുടെയും ഭരണാധിപൻ. അതിർത്തികളും വടക്ക് അരപുണ്ടാനദി, കിഴക്ക് പശ്ചിമഘട്ടം, തെക്കു കാനറ, പടിഞ്ഞാറ് അറേബ്യൻ കടൽ. "മർമ്മ ഗോവക്കും ഗോവക്കും മധ്യേ ഒരു തീവണ്ടിപ്പാത നിർമ്മിച്ചിട്ടുണ്ട്. ഹിന്ദുക്കളും ക്രിസ്ത്യാനികളും ഈ ദേശത്തു അധിവസിക്കുന്നു. മാതൃഭാഷ കൊങ്കിണിയാണെങ്കിലും പോർട്ടുഗീസു ഭാഷയും നടപ്പിലുണ്ട്. പതിനാലാം ശതകംവരെ കദംബാ രാജവംശം ഇവിടെ ഭരിച്ചിരുന്നു. ഡെക്കാൻകാരായ മുഹമ്മദീയരും കുറെക്കാലം ഭരണം നടത്തി. അനന്തരം വിജയനഗരം രാജ്യത്തോടു ചേർത്തു. 1440-ൽ ഗോവപട്ടണം സ്ഥാപിതമായി. 1482-ൽ ബീജാപ്പൂർ രാജാവ് ഇതു കൈവശപ്പെടുത്തി [118].

പോർട്ടുഗീസ് തലസ്ഥാനം

ഇന്ത്യയിലെ വാണിജ്യം മിക്കവാറും മുസ്ളീമുകളാണ് കൈയടക്കിയിരുന്നതു്. യൂറോപ്പിലും അവർ മാർക്കറ്റ് നിലവാരം നിയന്ത്രിച്ചുപോന്നു. ഈ കുത്തകാവകാശത്തിനും ഇസ്ളാംമതപ്രചരണത്തിനും വിരാമമിടാൻ പോർട്ടുഗീസുകാർ ദൃഢനിശ്ചയം ചെയ്തു. പലപ്പോഴും മുസ്ളീമുകളുമായി അവർ ഏറ്റുമുട്ടി. പോർട്ടുഗീസ് കമാൻണ്ടർ അൽഫോൺസൊ അൽബുക്കർക്ക് ഗോവയുടെ പരിത:സ്ഥിതികളും സാഹചര്യങ്ങളും കൂലങ്കുഷമായി പഠിച്ചശേഷം അവിടം ആക്രമിച്ചു് അധീനപ്പെടുത്തി തങ്ങളുടെ പ്രവർത്തനകേന്ദ്രമാക്കാൻ നിശ്ചയിച്ചു.

അൽഫോൺസൊ ഡി അൽബുക്കർക്ക് 1510-ലാണു ഗോവ ആക്രമിച്ചു കൈവശപ്പെടുത്തിയതു" [119]. മുസ്ലീംഭരണകാലത്തു ദുരിതമനുഭവിച്ചു ജീവിച്ചുപോന്ന ഹിന്ദുക്കൾ അൽബുക്കർക്കിനെ വിമോചകനായി പരിഗണിച്ചു് സ്വാഗതംചെയ്തു. ഹൊനാവർ യുദ്ധക്കപ്പലിന്റെ അഡ്മിറലായിരുന്ന അൽബുക്കർക്കിനു പല വിധത്തിലുള്ള സഹായം ലഭിച്ചു. ഗോവാ മുസ്ലീമുകൾ യാതൊരു പ്രതിരോധത്തിനും മുടക്കാലസന്ധിക്കും തയ്യാറായില്ല. മൂന്നുമാസങ്ങൾക്കുശേഷം യൂസഫ് അഡിസഷായുടെ ഇളയ പുത്രൻ ഇസ്മയേൽ അഡിസഷായുടെ നേതൃത്വത്തിൽ ഗോവയെ ആക്രമിച്ചു. ഗോവയിൽ സ്ഥിരതാമസമാക്കിയ ഹിന്ദുക്കൾ, മുസ്ലീമുങ്ങളോടുചേർന്നു യുദ്ധം ചെയ്തതിനാൽ പോർട്ടുഗീസുകാർ ആരംഭഘട്ടത്തിൽ ഗോവയിൽനിന്നു പിൻതിരിയുവാൻ നിർബന്ധിതരായി. 1510 നവംബർ മാസത്തിൽ അൽബുക്കർക്കും അദ്ദേഹ

118. Old Goa: Mariano Dias published in India: Seminar on Indo-Portuguese History 1978 p. 9.

119. M. Mundadan: History of Christianity in India Vol. I. pp.430–432.

malankaralibrary.com

ത്തിന്റെ സഖ്യകക്ഷികളും കൂടി ഗോവ പട്ടണം ആക്രമിച്ചു. ഈ ആക്രമണത്തിൽ ഹിന്ദുക്കളെ രക്ഷിച്ചു. മുസ്ലീമുങ്ങളെ ആബാലവൃദ്ധം കൊന്നൊടുക്കി. യാതൊരു ദാക്ഷിണ്യവും കാട്ടാതെ സ്ത്രീകളെയും കുട്ടികളെയും കൊന്നുകളഞ്ഞു. ആറായിരം മുസ്ളീമുകൾ മൃതിയടഞ്ഞു. രണ്ടു വർഷങ്ങൾക്കുശേഷം ഗോവ വീണ്ടെടുക്കുന്നതിനു ബീജാപ്പൂർരാജാവു് ശ്രമിച്ചു. ഇതു പോർട്ടുഗീസുകാർ പരാജയപ്പെടുത്തി. അവർ ധൈര്യപൂർവം സകലഎതിർപ്പുകളും വിഫലമാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു[120].

ഗോവയെ 1510-ൽ പോർട്ടുഗീസുകാർ പിടിച്ചടക്കിയെങ്കിലും കുറെ കൊല്ലങ്ങളോളം കൊച്ചിതന്നെയായിരുന്നു പോർട്ടുഗീസധീനതയിലെ രാജ്യങ്ങളുടെ തലസ്ഥാനം. 1530-ൽ ന്യൂനൊ ദെക്കുഞ്ഞ ഗോവയെ തലസ്ഥാനമാക്കി. കേന്ദ്രഗവൺമെന്റിന്റെ ആസ്ഥാനം, ട്രഷറി, ചീഫു് ജുഡീഷറി മുതലായവയും ഗോവയിലേക്കു് മാറ്റി. "1294-ൽ അല്പാവുദീൻ ഡെക്കാൻ ആക്രമിച്ചതോടുകൂടി അവരുടെ (ഗോവാ കൊങ്ങിണികളുടെ) ക്ഷേത്രങ്ങളും ഭവനങ്ങളും കൊള്ള ചെയ്യപ്പെട്ടു. ഒരു നൂറാണ്ടുകഴിഞ്ഞപ്പോഴും മാധവ് മന്ത്രി എന്ന പേരായ സാരസ്വതബ്രാഹ്മണൻ വിജയനഗരരാജാവു് ശ്രീഹരിഹരൻ രണ്ടാമനുമായി ചേർന്നുകൊണ്ടു് മുസ്ളീങ്ങളെ ഗോവയിൽ നിന്നോടിച്ചു.

ഗോവയിൽ 1294 മുതൽ നൂറുവർഷത്തേക്കു് മുസ്ളീം ഭരണം ആയിരുന്നെന്നും ഹിന്ദുക്കൾ ദുരിതമനുഭവിച്ചിരുന്നെന്നും മനസ്സിലാക്കാം. മല്ലയ്യ പറയുന്നു: "1470-ൽ ഭാമിനി സുൽത്താൻ മുഹമ്മദു് ഷാ മൂന്നാമൻ ഗോവയിൽ കൊള്ളയും നശീകരണപ്രവൃത്തികളും നടത്തി. 40 വർഷം കഴിഞ്ഞപ്പോൾ 1510-ൽ പോർട്ടുഗീസുകാർ ഗോവ പിടിച്ചടക്കി. സാരസ്വതബ്രാഹ്മണർ ക്രിസ്തുമതം സ്വീകരിച്ചില്ലെങ്കിൽ രാജ്യം വിട്ടുപോകണമെന്നു കൽപ്പിച്ചു."

പോർട്ടുഗീസുകാരാണു് കൊങ്ങിണികളെ ഗോവയിൽനിന്നു ഓടിച്ചുതെന്നു് തെളിയിക്കുവാനാണു് മല്ലയ്യയുടെ ശ്രമം. ഒടുവിൽ കൊച്ചിയിൽ വന്നെത്തിയ ഗാഡസാരസ്വത ബ്രാഹ്മണരെ പോർട്ടുഗീസുകാർ അവരുടെ കോട്ടയ്ക്കു സമീപമുള്ള അമരാവതി, ചെർളായ് സ്ഥലങ്ങളിൽ താമസിപ്പിച്ചു. അവരെ വ്യാപാരദല്ലാളന്മാരാക്കി. അവരിൽ നിന്നു കരം പിരിച്ചിരുന്നില്ല[121].

ക്രിസ്തുമത പ്രചാരണരീതി

ഗോവയിൽ ക്രിസ്തുമതം പ്രചരിക്കുന്നതിനു രണ്ടുപാധികളാണുണ്ടായിരുന്നതു്. ഒന്നാമത്തേതു് അക്കൈസ്തവരോടു് ക്രിസ്ത്യാനികളുമായി വിവാഹബന്ധം സ്ഥാപിക്കുക. പോർട്ടുഗീസു് രാജാവു് ഇപ്രകാര

120. R. S. Whiteway: Rise of Portuguese Power in India pp. 129-130.
121. എൻ. പുരോഷത്തമൻ മല്ലയ്യ: കേരളചരിത്രം-കൊങ്കിണികളും pp. 1150.

malankaralibrary.com

മുള്ള ബന്ധം പ്രോൽസാഹിപ്പിച്ചു. ഗോവയിലെ ആദ്യത്തെ തലമുറ ഈ തരത്തിലുള്ളതത്രെ. രണ്ടാമത്തേതു് പോർട്ടുഗീസു് ഭടന്മാരും അവരുടെ നാവിക ജോലിക്കാരും, മെക്കാനിക്കുകളും, സഹായികളും മറ്റും അടിമകളായി പിടിക്കപ്പെട്ട മുസ്ലീംയുവതികളെ ജ്ഞാനസ്നാനപ്പെട്ടത്തി അവരെ വിവാഹം കഴിച്ചു ജീവിക്കുക. അൽബുക്കക്കു് പോർട്ടുഗീസു് രാജാവിനു ഇപ്രകാരം എഴുതി: ''ഗോവ ആക്രമിച്ചു കീഴടക്കിയ അവസരത്തിൽ അടിമകളായി പിടിച്ച സുന്ദരികളായ മുസ്ലീംയുവതികൾക്കു് സമ്മാനങ്ങളായി കുതിരകളെയും, കന്നുകാലികളെയും മാത്രമല്ല ഭൂമിയും, ധനവും നൽകി, നമ്മുടെ നാവികജോലിക്കാർക്കും യോദ്ധാക്കൾക്കും അവരെ ഭാര്യമാരായി നിയോഗിച്ചു. ഇന്ത്യയിൽ പോർട്ടുഗീസുകാർ സ്ഥിരതാമസക്കാരാകുവാൻ ഇതേ പോംവഴിയുള്ളൂ. ഇന്ത്യൻ സ്ത്രീകളെ വിവാഹം കഴിക്കുന്ന പോർട്ടുഗീസുകാരുടെ സന്താനങ്ങളെ ഗോവയെ തങ്ങളുടെ മാതൃരാജ്യമായി പരിഗണിക്കയും സംരക്ഷിക്കയും ചെയ്യുകൊള്ളും''. അൽബുക്കർക്കിന്റെ ഈ പദ്ധതിക്കെതിരായി പല വിമർശനങ്ങളും പരാതികളുമുണ്ടായി[122]. ക്രൈസ്തവമതപ്രചരണം ഇമ്മാനുവൽ രാജാവിന്റെയും ഗവൺമെൻറിന്റെയും പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായിരുന്നതിനാൽ അൽബുക്കർക്കിന്റെ മിശ്രവിവാഹത്തെയും, ഹിന്ദുക്കളെ, യഹൂദർ എന്നിവരുടെ മതപരിവർത്തനപ്രക്രിയയെയും പ്രോൽസാഹിപ്പിച്ചിരുന്നു.

കാസഡോസുമാർ

അൽബുക്കക്കു് 1515-ൽ ചരമമടഞ്ഞപ്പോഴേക്കും ഗോവനഗരത്തിൽ 200-ലധികം കാസഡോസുകളുണ്ടായിരുന്നു *. വർഷംതോറും കാസഡോസുകളുടെ എണ്ണം വർദ്ധിച്ചുവന്നു. 1524-ൽ 450 കാസഡോസുകളും 1529-ൽ 800 ഉം. അവരിൽനിന്നു് ജനിച്ച കുട്ടികളും ആയിരത്തിലധികമായി **.

പോർട്ടുഗീസുകാർ ഗോവ പിടിച്ചെടുത്തപ്പോഴേക്കും ഗോവയിൽ ക്രിസ്ത്യാനികളുണ്ടായിരുന്നില്ല. 1517-ൽ ഫാ. ആൻറണി ദെ ലൊറൊവോയുടെ നേതൃത്വത്തിൽ ഒരു സംഘം ഫ്രാൻസിസ്കൻ സന്യാസിമാർ ഗോവയിലെത്തി. അവർ താൽക്കാലിക ഷെഡ്ഡുകളിൽ വസിച്ചുകൊണ്ടു് ഹിന്ദുക്കളെ മാനസാന്തരപ്പെടുത്താൻ തുടങ്ങി. പ്രസംഗത്തിന്റെയും മറ്റും ഫലമായി ചുരുങ്ങിയ കാലംകൊണ്ടു് ഗ്രസവുസിഗ്രാമം മുഴുവൻ ക്രൈസ്തവമതം സ്വീകരിച്ചു. ഗവർമെൻറുദ്യോഗത്തിലുള്ളവർ ആണ്ടു കുമ്പസാരം കഴിച്ചില്ലെങ്കിൽ ശമ്പളം കൊടുക്കരുതെന്നു് ഗവർ

122. D. Silva Rego: Historia das Missoes do Oriente India Vol. I. p. 184.

*. ഇന്ത്യൻ സ്ത്രീകളെ വിവാഹം ചെയ്ത പോർട്ടുഗീസുകാരുടെ ജനിക്കുന്നവരെ കാസഡോസു് എന്നാണു് വിളിച്ചിരുന്നതു്.

**. Schurhammer: Quellam nos 113-124.

malankaralibrary.com

ണർ ഗോവയിലെ ക്യാപ്റ്റൻ ശാസനമയച്ചു. മതപരിവർത്തനത്തിനു പല പ്രതിബന്ധങ്ങളും മിഷനറിമാർക്കു തരണം ചെയ്യേണ്ടതുണ്ടായിരുന്നു. മാനസാന്തരപ്പെട്ടവരും അക്രൈസ്തവരും തമ്മിലുള്ള ക്രമരഹിതമായ ബന്ധമായിരുന്നു അതിലൊന്നു്. മാനസാന്തരപ്പെട്ട പുതുക്രൈസ്തവരോടു് പോർട്ടുഗീസുകാരുടെ സമീപനം അധികാരപ്രമത്തതയോടുകൂടിയതുമായിരുന്നു.

പുതിയ തലമുറ വളർന്നു

അതിനാൽ ഫാ. ആൻറണി ദെ ലൊറൊവോ പുതുക്രിസ്ത്യാനികളെ ഹൈന്ദവരായ ബന്ധുക്കളിൽനിന്നും അയൽക്കാരിൽനിന്നും അകറ്റി അന്യസ്ഥലങ്ങളിൽ മാറ്റി താമസിപ്പിക്കാൻ ആവശ്യപ്പെട്ടു. 1527-ൽ വികാരി ജനറൽ പുതുക്രിസ്ത്യാനികളെ പ്രത്യേക താൽപര്യത്തോടെ പരിരക്ഷിക്കണമെന്നു നിർദ്ദേശിച്ചു. അവരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി കൊച്ചിയിലെന്നപോലെ ഗോവയിലും വിദ്യാലയം സ്ഥാപിച്ചു. 1521-ൽ കൊച്ചിയിൽനിന്നു ജോറൊസാരിയൊ എന്നൊരധ്യാപകനെ ഗോവയിലെ സ്കൂളിൽ പഠിപ്പിക്കാനായി നിയോഗിച്ചു.

പോർട്ടുഗീസുകാർ 1503-ലാണല്ലൊ ഗോവയിൽ വന്നുചേർന്നതു്. ഗോവ പിടിച്ചടക്കിയശേഷം ഈ നഗരത്തിൽ തിരുക്കർമ്മങ്ങളും അനുഷ്ഠിച്ചിരുന്നതു് വിശുദ്ധ ഫ്രാൻസിസിന്റെയും വി. ഡൊമിനിക്കിന്റെയും സഭാംഗങ്ങളാണു്. അവരുടെ പ്രേഷിതപ്രവർത്തനങ്ങളുടെ ഫലമായി ഗോവയിൽ വിശ്വാസികളുടെ സംഖ്യ വർദ്ധിച്ചു. രക്തസാക്ഷിണി വി. കാതറൈന്റെ നാമധേയത്തിൽ ഒരു ദേവാലയം നിർമ്മിച്ചു. ഏതാനും വൈദികർ ഒരു പുരോഹിതശ്രേഷ്ഠന്റെ കീഴിൽ ഈ ഇടവക ഭരിച്ചു. അന്നു ഈ ദേവാലയം മഡേയിത ദ്വീപിലെ ഫുൽഞ്ചലിന്റെ കീഴിലായിരുന്നു.

അധിഷ്ഠിത ജീവിതത്തിനുവേണ്ടി

ഗോവ പോർട്ടുഗീസു് ആധിപത്യത്തിലായ കാലഘട്ടത്തിൽ ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനം വിരളം. ജനസ്വാധീനമുള്ള ബ്രാഹ്മണരും മറ്റു ഹൈന്ദവ ഗവൺമെൻറു് ഓഫീസർമാരും മതപരിവർത്തനത്തിനു എതിരായി. ഹിന്ദു ക്രിസ്തുമതം സ്വീകരിച്ചാൽ കുടുംബത്തിൽനിന്നു് ഭ്രഷ്ടനാക്കപ്പെട്ടും. സ്വന്തം ജാതിയിൽനിന്നു് പുറംതള്ളപ്പെടും. സ്വത്തുക്കൾക്കുള്ള ന്യായമായ അവകാശംപോലും നഷ്ടപ്പെടും. 1541-ൽ വിശ്വാസതിരുസംഘം ഗോവയിൽ സ്ഥാപിതമായതോടുകൂടി ക്രിസ്തുമതം സ്വീകരിക്കുന്നവരെ സഹായിക്കാനും സംരക്ഷിക്കാനും ക്രൈസ്തവമതത്തിലെ ഉന്നതവ്യക്തികളും മുന്നോട്ടുവന്നു. ഈ സംഘടന പണപ്പിരിവു നടത്തി ഗോവയിൽ സ്കൂളുകളും കോളജുകളും സ്ഥാപിക്കുന്നതിനു പരിശ്രമിച്ചു. പൗരോഹിത്യത്തിലേക്കുള്ള ദൈവ

malankaralibrary.com

വിളിയും പ്രോത്സാഹിപ്പിച്ചു[123]. വി. ഫ്രാൻസിസ് സേവ്യർ ഗോവയിൽ സെൻറ് പോൾസ് കോളജ് പണിതുകൊണ്ടിരുന്ന കാലഘട്ടമായിരുന്നു. അദ്ദേഹം സെപ്റ്റംബർ അവസാനംവരെ, (വർഷകാലം അവസാനിക്കുന്ന മാസം വരെ) ഗോവയിൽ താമസിച്ചു. ക്രിസ്ത്യാനികളുടെ മതകാര്യങ്ങളിലുള്ള അജ്ഞതയും, അസന്മാർഗജീവിതവും അവസാനിപ്പിച്ചു സന്മാർഗനിരതരാകാൻ ഉത്തേജനം നൽകി. അൽഫോൺസോ അൽബുക്കർക്കിൻറെ കാലം മുതൽ 1,800 പോർട്ടുഗീസുകാർ ഗോവയിലുണ്ടായിരുന്നു. ക്രിസ്തുമതം സ്വീകരിച്ച അടിമകളും സ്ത്രീകളും വേറെ. അവരെ മതകാര്യങ്ങളും പഠിപ്പിക്കുന്നതിന് ആരുമില്ലായിരുന്നു. പോർട്ടുഗീസുകാർതന്നെ മൂന്നും നാലും ഭാര്യമാരോടുകൂടി വസിച്ചുപോന്നു. ചിലർ പരസ്യമായി വേശ്യാജീവിതം നയിച്ചു. ഈ രീതി ഉച്ചാടനം ചെയ്ത് ഉത്തമ ക്രൈസ്തവരാക്കുന്നതിനു വി. ഫ്രാൻസിസ് സേവ്യർ അക്ഷീണം ശ്രമിച്ചു. കുട്ടികളെ വേദപാഠം പഠിപ്പിക്കുക, ആസ്പത്രികളും സന്ദർശിക്കുക, അടിമകളെ ക്രിസ്തീയതത്വങ്ങളും പഠിപ്പിക്കുക എന്നിങ്ങനെ പല പ്രേഷിതപ്രവൃത്തികളിലും വിശ്രുതൻ വ്യാപൃതനായി.

900 ക്രിസ്ത്യാനികളും മാത്രമേ 1548-ൽ ഗോവയിൽ ഉണ്ടായിരുന്നുള്ളൂ. ആ വർഷം 12,000 ഹിന്ദുക്കളും മതപരിവർത്തനം ചെയ്തു. ക്രിസ്തുമതം സ്വീകരിക്കുന്നതിനു വിലക്കുകയും എതിർക്കുകയും ചെയ്തിരുന്ന ലോക്കു-Loku (ഉന്നതകുലജാതനും കാർഷിക ഉൽപ്പന്നങ്ങളുടെ നികുതി പിരിവുകാരനും) ക്രിസ്തുമതം സ്വീകരിച്ചു. ഇതോടുകൂടി ഹിന്ദുക്കളുടെ ക്രിസ്തുമത സമീപനത്തിൽ വലിയ വ്യത്യാസമുണ്ടായി. "പിതാവ് ക്രിസ്ത്യാനിയെങ്കിൽ, എന്തുകൊണ്ട് മക്കളും ക്രിസ്തുമതം സ്വീകരിച്ചുകൂടാ" എന്നു അവർ പരസ്പരം ചോദിച്ചു തുടങ്ങി[124].

സമൂഹ ജ്ഞാനസ്നാനം

ദൊം പെദ്രൊ മസ്ക്രൻഹാൻ ഗോവ വൈദ്രോയി ആയിരുന്നപ്പോൾ (1554) മിഷനറി പ്രവർത്തനങ്ങളും വിവിധ സന്യാസ സഭകളുംകൊയി നിശ്ചയിച്ചു കൊടുത്തു. ഫലപ്രദമായ സുവിശേഷവൽക്കരണത്തിനു ഈ വിഭജനം സഹായകമാകുമെന്നു വൈദ്രോയി മനസ്സിലാക്കി. ഡൊമിനിക്കൻ സന്യാസികളെ തിസ്വാഡിലെ 15 ഗ്രാമങ്ങളും ഏല്പിച്ചു. ശേഷമുള്ള ഗ്രാമങ്ങളും സാൽസെറ്റ്, ദീവാർ എന്നീ ദ്വീപുകളും ഈശോസഭക്കാരെയാണു ഏൽപ്പിച്ചതു്. ബാർഡെസ, ആൻഡ്രദ്വീപു് ഫ്രാൻസിസ്ക്കൻ മിഷനറിമാർക്കു നൽകി.

---

123. G. Schurhammer: Francis Xavier His Life, His Times pp 36-40.

124. Joseph Wicki: Documenta Indica I p. 401.

malankaralibrary.com

പ്രേഷിതപ്രവർത്തനങ്ങൾ 1557–മുതൽ ഊർജ്ജിതമായി. ക്രിസ്തുമത സ്വീകരണം ത്വരിതഗതിയിലാക്കിയതു് ഈശോസഭക്കാരാണു്. 1563–ൽ ഗോവയിലെ മിക്ക ജനങ്ങളും ക്രിസ്തുമതാവലംബികളായി. 70,000 ജനങ്ങളുള്ള ഗോവ നൂറു വർഷങ്ങൾക്കകം ക്രൈസ്തവരാജ്യമായി [125]. 1556–ൽ ജ്ഞാനസ്നാനസംഖ്യ 42 മാത്രം. സെൻറ് പോൾസ് കോളജിൽ 1558– ൽ ജ്ഞാനസ്നാനം 1,916. പോർട്ടുഗീസ് ഗവൺമെൻറിൻെറ സമ്മർദ്ദവും ഹിന്ദുക്കൾക്കെതിരെയുള്ള നിയമങ്ങളുടെ പ്രസിദ്ധീകരണങ്ങളും ജ്ഞാനസ്നാനം ത്വരിതപ്പെടുത്തി. ഹിന്ദുക്കളെ പരസ്യമായി മതകാര്യങ്ങളനുഷ്ഠിക്കാനോ, ആചാരാനുഷ്ഠാനങ്ങൾ നിർവഹിക്കാനോ അനുവദിച്ചിരുന്നില്ല. പെരുനാൾ ദിവസങ്ങളിലും, വിശേഷസന്ദർഭങ്ങളിലും സമൂഹജ്ഞാനസ്നാനം പള്ളികളിൽ ആഡംബരപൂർവം നിർവഹിച്ചു. ഇതിനെ കൂടുതൽ ആകർഷകവും ആഡംബരപൂർവവുമാക്കാൻ ഗോവ വൈസ്രോയിയും മെത്രാൻമാരും പോർട്ടുഗീസ് ഉദ്യോഗസ്ഥരും മറ്റും സന്നിഹിതരായിരുന്നു.

മതരാഷ്ട്രവീകർഷണം

ബ്രാഹ്മണരെല്ലാവരും എല്ലാ ഞായറാഴ്ചകളിലും ഉച്ചകഴിഞ്ഞു് 3–4 മണി വരെ ഡൊമിനിക്കൻ, ഫ്രാൻസിസ്ക്കൻ, ജസ്വീറ്റ് എന്നീ സഭക്കാർ നടത്തുന്ന പ്രസംഗപരിപാടിയിൽ സംബന്ധിച്ചു കൊള്ളണമെന്നു ഗോവ ഗവർണർ ജനറൽ 1559–ൽ കല്പന പുറപ്പെടുവിച്ചു. 1560–ൽ 20,000 പേർ ഗോവയിൽ ജ്ഞാനസ്നാനപ്പെട്ടു. ഇവരിൽ 12,742 പേരെ ഈശോസഭക്കാരാണു് ഒരുക്കിയതു്. 1563–ൽ വൈസ്രോയി "കുട്ടിഞ്ഞോ" മറെറാരു കൽപ്പന പുറപ്പെടുവിച്ചു. ജ്ഞാനസ്നാനത്തിനു വിഘ്നമായി നിൽക്കുന്ന എല്ലാ ബ്രാഹ്മണരും മറ്റു ഹിന്ദുക്കളും ഗോവ വിട്ടു് പൊയ്ക്കൊള്ളണമെന്നു്. 1573–ലെ റിപ്പോർട്ടിനുശേഷം ഗോവയിൽ മതപരിവർത്തനം ഒന്നും തന്നെ നടത്തിയിരുന്നില്ല. കാരണം ഹിന്ദുക്കൾ എല്ലാവരും ക്രിസ്തുമതം സ്വീകരിച്ചിരുന്നു. ഉന്നതകുലജാതരായ ബ്രാഹ്മണരും, മുസ്ലീമുകളും കൂടി ഗോവയിൽ ഇരുപതിനായിരത്തിലധികമില്ലായിരുന്നു. ഫ്രാൻസിസ്ക്കൻ, ഡൊമിനിക്കൻ, ജസ്വിറ്റ്, ഇടവക വൈദികർ എന്നിവരുടെ അക്ഷീണ പരിശ്രമഫലമായി ഇതിനകം ഗോവ ക്രൈസ്തവരാജ്യമായി [126].

---

125. Wicki: "Documenta Indica op: cit. pp. 741–742. Joseph Thekkedeth History of Christianity in IndiaVol. II. pp. 310–320.

126. Wicki: "Documenta Indica" op. cit. X pp. 84-85.465.

malankaralibrary.com

വിശാല രൂപത

ലിയൊ പത്താമൻ മാർപാപ്പ 1514 ജൂൺ 12-ന "പ്രേ എക്കുച്ച ലേന്തി എമിനെൻസിയാ" തിരുവെഴുത്തുവഴി ഫുഞ്ചൽ രൂപത സ്ഥാപിച്ചു. പൗരസ്ത്യരാജ്യങ്ങളെല്ലാം അതിന്റെ കീഴിലായി. ഗോവയും കൊച്ചിയും ഈ പുതിയ രൂപതയുടെ ഭാഗമായിരിക്കുമെന്നു മാർപാപ്പ പ്രത്യേകം എടുത്തു പറഞ്ഞു. 1558-ൽ ക്ലമൻറ് 7-ാമൻ മാർപാപ്പ ഫുഞ്ചിലിനെ അതിരൂപതയാക്കി. ഗോവ കേന്ദ്രമാക്കി രൂപത സ്ഥാപിക്കുവാനുള്ള രേഖയും അപ്പോഴേ തയ്യാറാക്കിയെങ്കിലും അതിൽ ഒപ്പുവയ്ക്കുന്നതിനു മുൻപു മാർപാപ്പ ചരമമടഞ്ഞു. പിൻഗാമി പോപ്പ് 8-ാമനാണു ഇന്ത്യയിലെ പ്രഥമ രൂപത സ്ഥാപിക്കുന്നതിനുള്ള ഭാഗ്യം കൈവന്നതു. 1545 നവംബർ 1-നു "ഏക്കവും റൊപ്പുത്താമൂസ്" തിരുവെഴുത്തുവഴി പരിശുദ്ധ പിതാവു ഗോവ രൂപതാ സ്ഥാപിച്ചു. തെക്കെ ആഫ്രിക്കയിലെ കേപ്പു ഓഫ് ഗുഡ് ഹോപ്പ് മുതൽ പൂർവേഷ്യയിൽ ചൈന വരെയുള്ള എല്ലാ രാജ്യങ്ങളും ഗോവ രൂപതയിൽ ഉൾപ്പെട്ടു.

ഗോവ 1557-ൽ അതിരൂപതയായി. ഇതിന്റെ പ്രഥമ സാമന്ത രൂപതകളും കൊച്ചിയും മലാക്കയുമായിരുന്നു. 1606-ൽ അങ്കമാലി രൂപത ഗോവയുടെ സാമന്ത രൂപതയായി. 1606-ൽ മൈലാപ്പൂർ രൂപതയും. ചൈനയിലെ മക്കാഹെ (1570) യും ജപ്പാനിലെ ഫുനായിയും (1585) ഗോവയുടെ സാമന്ത രൂപതകളായിരുന്നു. പ്രസ്തുത രൂപതകളിലും ഗോവ അതിരൂപതയിലും മെത്രാന്മാരെ നാമനിർദ്ദേശം ചെയ്യാനുള്ള പദ്രുവാദൊ അവകാശം പോർട്ടുഗൽ രാജാവിനായിരുന്നു.

പന്ത്രണ്ടാം ഗ്രിഗോറിയോസ് മാർപാപ്പ 1572 മാർച്ച് 15-ന ഗോവ മെത്രാപ്പോലീത്തായെ പൗരസ്ത്യദേശത്തിലെ പ്രൈമേറായി നിയമിച്ചു, 13-ാം ലിയൊ മാർപാപ്പ ഗോവയിലെ പ്രൈമേററിനെ ഈസ്റ്റ് ഇൻഡീസിലെ പാത്രിയർക്കീസാക്കി. 1928 ഏപ്രിൽ 28-ന റോമാ തിരുസിംഹാസനവും പോർട്ടുഗൽ ഗവൺമെൻറും തമ്മിലുള്ള ഉടമ്പടിപ്രകാരം ഡാമൻ രൂപത നിർത്തലാക്കി. അതിനെ ഗോവയിലേക്കു കൂട്ടിച്ചേർത്തു. അന്നുമുതൽ "ഗോവ-ഡാമൻ" അതിരൂപത എന്നറിയപ്പെട്ടു. [127].

മെത്രാപ്പോലീത്താമാരും സൂനഹദോസുകളും

വി. കത്രീനയുടെ പള്ളി, കത്തീഡ്രൽ ദേവാലയമായി ഉയർത്തപ്പെട്ടതിനു മുൻപു ഇമ്മാനുവേൽ രാജാവു ഡൊമിനിക്കൻ സഭാംഗവും ലെയോദീസായുടെ മെത്രാനുമായ ഡോ. എഡ്വേർഡ് ന്യൂനസിനെ പൗരസ്ത്യ ഇന്ത്യയിലേക്കു ഗോവ ആർച്ചുബിഷപ്പായി 1500-ൽ

127. Catholic Directory: Goa and Daman-1990 page. 309.

malankaralibrary.com

അയച്ചു. അദ്ദേഹം 1528-ൽ അസെട്ടായിൽ (Azeitao) ദിവംഗതനായി.

ഫ്രാൻസിസ്ക്കൻ സഭാംഗവും പിയത്താത്തീസ് പ്രോവിൻസിലെ അംഗവുമായ ഡോ. ജോൺ അൽബുക്കർക്ക് 1537 ഏപ്രിൽ 11-ന ഗോവ മെത്രാനായി. 1553 ഫെബ്രുവരി 28-ന ഗോവയിൽ ദിവംഗതനായി.

സെബാസ്റ്റ്യൻ രാജാവിന്റെ അപേക്ഷയനുസരിച്ച് 1557-ൽ പോപ്പ് നാലാമൻ മാർപാപ്പ, ഗോവാ കത്തീഡ്രലിനെ അഖില പൂർവ്വ ദേശത്തിന്റെയും പ്രധാന ഭദ്രാസന ദേവാലയമാക്കി. അവകാശങ്ങളും നഷ്ടപ്പെട്ടിരുന്ന ഫുഞ്ചലിലെ പ്രധാന ദേവാലയത്തിന്റെ അനന്തരാവകാശിയുമാക്കി. പ്രസ്തുത ദേവാലയം ഗോവാ ഭദ്രാസനത്തിന്റെ അധീനതയിലായി. പോപ്പ് നാലാമൻ മാർപാപ്പയുടെ കൽപനപ്രകാരം, മുൻ സൂചിപ്പിച്ച, സെബാസ്റ്റ്യൻ രാജാവിന്റെ അനുമതിയോടെ ഈ ഗോവാ രൂപതയെ ലിസ്ബണിലെ മെത്രാപ്പോലീത്ത ഫെർഡിനാൻഡ് മെനെസിയോ ഡെവാസ് കോൺസെല്ലസ് മുന്നായി വിഭജിച്ചു. ഇതു സംബന്ധിച്ച് പോപ്പ് മൂന്നാമൻ മാർപാപ്പയുടെ "ഏക്വും റെപുത്താമുസ്"(Aequum Reputamus)എന്ന തിരുവെഴുത്ത് 1707-ൽ ലിസ്ബണിൽവച്ചാണ് പ്രസിദ്ധീകരിക്കപ്പെട്ടത്.

എബൊറാനസ് കാനൻ ആയ ഡോ. ഗാസ്പർ ഓഫ് ലിയോ പെരേര 1560-ൽ പ്രഥമ ഗോവാ മെത്രാപ്പോലീത്തായായും അതേ സ്ഥലത്തെ മൂന്നാമത്തെ മെത്രാനുമായി ഭരണമേറ്റു. 1567-ൽ പ്രഥമ ഗോവാ സൂനഹദോസ് വിളിച്ചുകൂട്ടി. ഗോവാ മെത്രാപ്പോലീത്താസ്ഥാനം ഉപേക്ഷിച്ച ഗാസ്പർ പെരേരയുടെ പകരം ഡൊമിനിക്കൻ സഭാംഗവും കൊച്ചി രൂപതാദ്ധ്യക്ഷനുമായിരുന്ന ഡോ. ജോർജ് തെമുഡോയാണ് സൂനഹദോസിൽ ആധ്യക്ഷ്യം വഹിച്ചത് (റവ. ഫാ. ഫ്രാൻസിസ് ഡി. ബോസ് 1708-ൽ ലിസ്ബണിൽ പ്രസിദ്ധീകരിച്ച ഒറിയന്തെ കോൺകിസ്താദോ എന്ന പുസ്തകം കാണുക). സെറ (Serrae) മെത്രാപ്പോലീത്തയായ മാർ. ജോസഫിനെയും സൂനഹദോസിൽ പങ്കെടുക്കാൻ ക്ഷണിച്ചിരുന്നു.

കൊച്ചിരൂപതയുടെ മെത്രാനും ഡൊമിനിക്കൻ സഭാംഗവുമായ ഡോ. ജോർജ് തെമുഡൊ 1568-ൽ ഗോവാ മെത്രാപ്പോലീത്തയായി. 1571-ൽ അദ്ദേഹം മരണമടഞ്ഞു. വിശുദ്ധ ജീവിതത്തിന്റെ ഉടമയും സുവിശേഷ പ്രചാരണത്തിൽ പ്രഗൽഭനുമായിരുന്ന ഇദ്ദേഹം.

ഡോ. അലക്സ് മെനെസിസ്

ഡൊമിനിക്കൻ സഭാംഗമായ ഡോ. ഹെൻറിക്കസ് തവോരെ കൊച്ചി മെത്രാൻസ്ഥാനത്തുനിന്നു ഗോവാ മെത്രാപ്പോലീത്തയായി. 1578 ഡിസംബർ 26-ന അദ്ദേഹം സ്ഥാനാരോഹണം ചെയ്തു. സ്തുത്യ

malankaralibrary.com

ഹ്രമായ സേവനത്തിനിടയിൽ 1581 മെയ് 17-ന അദ്ദേഹം നിര്യാതനായി.

ക്രിസ്തുവിന്റെ സൈന്യസഭോംഗവും കൊച്ചി രൂപതയുടെ മെത്രാനുമായിരുന്ന ഡോ. മത്തേവൂസ് ആ മെഡീന ഗോവ മെത്രാപ്പോലീത്തയായി. 1580 നവംബർ 20-ന പ്രൊക്കുറേറർ മുഖേന സ്ഥാനമേറ്റു വിശുദ്ധ ജീവിതത്തിൽ പ്രകീർത്തിതനായ അദ്ദേഹം 1593 ജൂലൈ 29-ന ദിവംഗതനായി. ഈ മെത്രാപ്പോലീത്തയെക്കുറിച്ച് ''ഹജിയോളജി ലുസിത്താനം'' പോർട്ടുഗലിലെ വിശുദ്ധന്മാർ എന്ന ഗ്രന്ഥം നാലാം അധ്യായത്തിൽ പരാമർശിക്കുന്നുണ്ട്.

വി. അഗസ്റ്റിന്റെ താപസ സഭയിലെ (ഹെർമൈറ് സഭ) അംഗമായ ഡോ. അലക്സ് മെനേസിസ് 1595-ൽ ഇന്ത്യയിലെത്തി. ഗോവയിലെ മെത്രാപ്പോലീത്തയായി. 1611 ജൂൺ 22-ന പോർട്ടുഗലിലെ പ്രൈമറായി സ്ഥാനം സ്വീകരിച്ച ലിസ്ബണിലേക്കു പോയി. അനന്യസാധാരണമായ ബുദ്ധിശക്തിയും, കർമ്മശേഷിയും ഒത്തിണങ്ങിയ ഈ അഗസ്റ്റീനിയൻ സന്യാസി സമർത്ഥനും പ്രഗൽഭനുമായ മഹാത്മാവ്. അദ്ദേഹത്തിന്റെ ബഹുമുഖ പ്രവർത്തനങ്ങളെക്കുറിച്ചും മാർത്തോമ്മാ ക്രിസ്ത്യാനികളെ വിശ്വാസ ഐക്യത്തിലേക്ക് കൊണ്ടുവരുന്നതിനു ചെയ്ത പരിശ്രമങ്ങളെക്കുറിച്ചും, 1599 ജൂൺ 26-ന ഉദയംപേരൂർവച്ച് ക്ലമൻറ് 8-ാമൻ പാപ്പയുടെ അംഗീകാരത്തോടെ വിജയകരമായി പൂർത്തിയാക്കിയ സുനഹദോസിനെക്കുറിച്ചും, മറ്റും അഗസ്റ്റീനിയൻ സഭാംഗം ജോൺ ഫക്കണ്ട് റൗലിൻ ചെസരൗ ഗ്രസ്താനി വിവരിക്കുന്നുണ്ട്.

പൗരസ്ത്യദേശ സഭയുടെ പരമാദ്ധ്യക്ഷനായ ഗോവാ മത്രാപ്പോലീത്തായുടെ കീഴിൽത്തന്നെ കൊച്ചി, മൈലാപ്പൂർ അഥവാ കൊറൊമണ്ഡൽ സമുദ്രതീരങ്ങളിലെ മാർത്തോമ്മായുടെ നാമത്തിലുള്ള രൂപതകളുടെ മെത്രാൻമാരും, മലാക്ക ദ്വീപിലെ മെത്രാൻ, ഓർമസ് (Ormus) നഗരത്തിലെ വികാരിയേറ്റ്, മൊസാംബിക് നഗരം, ആഫ്രിക്കൻ പടിഞ്ഞാറെ സമുദ്രത്തിലെ സൊഫാല്ല എന്നിവിടങ്ങളിലെ സഭയും, കൊടുങ്ങല്ലൂർ അതിരൂപതയിൽ ഉൾപ്പെടുത്തി. അങ്കമാലി രൂപത നിർത്തലാക്കി. അങ്കമാലി മെത്രാനെ അഞ്ചാം പോൾ മാർപാപ്പ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയാക്കി. ഈ പുതിയ നിയമനത്താലും അവകാശത്താലും ഈ മെത്രാപ്പോലീത്തായും ഗോവ മെത്രാപ്പോലീത്തായുടെ കീഴിലായി. പൗരസ്ത്യസഭയിലെ മെത്രാൻമാരും ചൈനസ്സുടുത്തുള്ള മക്കാവോ ദ്വീപിലെ മെത്രാനും ഗോവയുടെ സാമന്ത മെത്രാൻമാരായി.

ഗോവ ആഗോളരൂപത

(പോൾ 5-ാമൻ മാർപാപ്പയുടെ സാന്നിധ്യത്തിൽ 1605 ജനുവരി 9-ന സമ്മേളിച്ച തിരുസംഘ യോഗത്തിന്റെ നടപടികൾ കാണുക)

malankaralibrary.com

8-ാം ക്ലെമൻറ് മാർപാപ്പ തന്റെ പാപ്പസ്ഥാനത്തിന്റെ 9-ാം വർഷം 1600 ഓഗസ്റ്റ് 4-ന പ്രസിദ്ധീകരിച്ച "ഇൻ സുപ്രേമോ മിലിത്താന്തിസ് എക്ലേസിയേ" എന്ന ബൂളയും മുൻപു പ്രസ്താവിച്ച മെത്രാന്മാരുടെ നിയമനാവസരങ്ങളിൽ പ്രസിദ്ധീകൃതമായ ബൂളകളും, പ്രത്യേകിച്ച് 1707-ൽ ലിസ്ബണിൽ പ്രസിദ്ധീകൃതമായ "ബുള്ളാരും കൊളെക്ടിയോ" (ബൂളകളുടെ സമാഹാരം) എന്ന മുദ്രണം ചെയ്യപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളും കാണുക. മേൽപ്പറഞ്ഞ ഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിട്ടുള്ള ദേവാലയങ്ങളും എല്ലാം നിയമാനുസൃതമായി ഗോവ മെത്രാപ്പോലീത്തായുടെ കീഴിലുള്ളവയായിരുന്നു.

യൂറോപ്പിലെ സർവ പാത്രിയർക്കീസുമാരുടെയും അധീനതയിലുള്ള ശ്രേഷ്ഠകേന്ദ്രം ഒരുമിച്ചു കൂട്ടിയാലെന്നതിനെക്കാളും വിപുലമാണു ഗോവ മെത്രാപ്പോലീത്തായുടെ മേഖലകളെന്ന വ്യക്തം. ഭൂഗോളത്തിലെ ഭൂരിഭാഗവും ഇതിലുൾപ്പെട്ടതായിരുന്നു. യൂറോപ്പ് അതിന്റെ ഏറ്റവും കൂടിയ വിസ്തീർണ്ണം രേഖാംശത്തിൽ 1100 ലെവുക്ക നീളവും അക്ഷാംശത്തിൽ 90 ലെവുക്ക വീതിയുമുണ്ടാകും. എന്നാൽ ഇന്ത്യയ്ക്കുതന്നെ കന്യാകുമാരിമുനമ്പു മുതൽ വടക്കോട്ടു നീണ്ടുകിടക്കുന്ന മലകളും, കാൻഡഹാർ, ടിബിറ്റ്മൈനർ എന്നിവ ഉൾപ്പെടെ 655 ചതുരശ്ര ലെവുക്ക വിസ്തീർണമുണ്ട്. അതുതന്നെ ഒരുപക്ഷേ, അതിലുപരി സിന്ധുനദീതടം മുതൽ കിഴക്കോട്ടു നീങ്ങി ആവയും അർക്കാനയും മുതൽപ്പെടെ ഗംഗാ വരെ ഇന്ത്യ നീണ്ടുകിടക്കുന്നു. ഈ സ്ഥലങ്ങളെല്ലാം ഗോവ മെത്രാപ്പോലീത്തായുടെയും അദ്ദേഹത്തിന്റെ ആശ്രിതരായ രണ്ടു സാമന്തമെത്രാന്മാരുടെയും കീഴിലായിരുന്നു. ദക്ഷിണാഫ്രിക്കയിലെ തീരപ്രദേശങ്ങളും ഇതിലുൾപ്പെട്ടിരുന്നു.

"പോർട്ടുഗീസ് സൈന്യംവഴി കത്തോലിക്ക വിശ്വാസം പ്രചരിപ്പിക്കാൻ ഇടയായതിനും ഗോവ, കാനറ, മലബാർ പ്രദേശങ്ങളിലും സാൽസെറ്റ്, സലിക്കാ ദ്വീപുകളിലും പ്രഗത്ഭരും, പ്രതിഭാശാലികളുമായ മെത്രാന്മാർ വഴി വിശ്വാസം ആഴത്തിൽ വേരുന്നിയതിനും ദൈവത്തിനു സ്തുതിയും മഹത്വവും ഉണ്ടായിരിക്കട്ടെ. വികാരി അപ്പസ്തോലിക്കമാർക്കും അവരുടെ മിഷനറിമാർക്കുമെതിരായി ഉന്നയിച്ചിരിക്കുന്ന അപവാദ പ്രചാരണങ്ങളും വ്യവഹാരങ്ങളും പീഡനങ്ങളും അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. അവർ അധീശഭാവത്തിൽ ദുർമ്മോഹികളിൽനിന്നും മുൻവിധികളിൽനിന്നുമെല്ലാം വിമുക്തരായി വികാരി അപ്പസ്തോലിക്കമാരുമായി യോജിച്ച് ദൈവത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടി പ്രയത്നിക്കട്ടെ."

ഏഷ്യയിലെ റോമ

ഗോവയിൽ വൈദിക ആലോചനാ സംഘമുണ്ട്. ധാരാളം ഇടവകകളുമുണ്ട്.അഗസ്റ്റീനിയരുടെ ഒരാശ്രമവും, ഫ്രാൻസിസ്ക്കൻ സഭക്കാരുടെ രണ്ട് ആശ്രമങ്ങളും വി. ഫ്രാൻസീസിന്റെ ഒബ്സർവേറ്റ

malankaralibrary.com

സഭയുടെ രണ്ടു ഭവനങ്ങളും വി. ഫിലിപ്പ് നേരിയുടെ റെഗുലർ ക്ലെരിക്കൽ കോൺഗ്രിഗേഷന്റെ ഒരു ഭവനവും, തദ്ദേശീയരായ കന്മലീത്താ മൂന്നാംസഭക്കാരുടെ ഒരു ആശ്രമവും, സാന്തമോനിക്ക എന്ന പേരിൽ കന്യാസ്ത്രീകളുടെ ഒരു മഠവും, രണ്ടായിരത്തോളം വൈദികരുമുണ്ട്. അവരിൽ പലരും ധനമോഹികളും ഭൗതികസുഖങ്ങളിൽ ഉൽസുകരും ആയിരുന്നെന്നു ഖേദപൂർവ്വം പറഞ്ഞുകൊള്ളട്ടെ. ഈ ദുർനടപടികളെ ഉന്മൂലനം ചെയ്യുന്നതിന് 1658 ജനുവരി 18-ന അലക്സാണ്ടർ 7-ാമൻ മാർപാപ്പ ബ്രീഫുവഴി ശ്രമിക്കയുണ്ടായി. ഇതേ ദുർഗ്രഹണങ്ങൾക്കു എതിരായി 1669 സെപ്റ്റംബർ 13-ാം തീയതിയിലെ ഒരു ബ്രീഫുവഴി വീണ്ടും പരിശ്രമിച്ചു. 9-ാം ക്ലെമൻറ് മാർപാപ്പ പ്രസ്തുത ബ്രീഫുകളെ സ്ഥിരീകരിച്ചു[128].

ആധ്യാത്മികമായും സാംസ്ക്കാരികമായും ഗോവയ്ക്കു കൈവന്ന മഹത്വത്തെ പ്രകീർത്തിച്ചുകൊണ്ടു ഗോവയെ "ഏഷ്യയിലെ റോമ" എന്നും, പൗരസ്ത്യ ലിസ്ബൺ എന്നും വിളിച്ചു. "ഗോൾഡൻ ഗോവ" സ്വർണാഭമായ ഗോവ എന്ന നാമം അനവദ്യമാക്കുമാറ് പ്രകൃതി വളരെയേറെ ഈ രാജ്യത്തെ അനുഗ്രഹിച്ചിരുന്ന കാലമുണ്ടായിരുന്നു. ഈ പ്രതാപമെല്ലാം നഷ്ടപ്പെട്ടു സ്വതന്ത്ര ഇന്ത്യൻ യൂണിയന്റെ ഭാഗമായി തീർന്നിരിക്കയാണു. ബോം ജീസസ്സു ബസിലിക്കയിൽ സംപൂജ്യമായി സൂക്ഷിക്കപ്പെടുന്ന വി. ഫ്രാൻസിസ് സേവ്യറിന്റെ തിരുശേഷിപ്പും ഏതാനും ദേവാലയങ്ങളും, സാൻക്ത മോനിക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പിരിച്വാലിറ്റി ഇവ ഒഴികെ ഗോവയ്ക്കു ഇന്ത്യയിൽത്തന്നെ പ്രാധാന്യമില്ലാത്ത അവസ്ഥ. പ്രൗഢിയും പ്രതാപവുമെല്ലാം ഇന്നു നഷ്ടപ്പെട്ടിരിക്കുന്നു.

സാൽസെറ് ദ്വീപ്

ഫ്രാൻസിസ്ക്കൻ മിഷനറിമാരായ അന്റോണിയൊ ദേ പോർട്ടോയും, ജൊയാവെ ദെ ഗോവായായും 1540-ലാണു സാൽസെറയിൽ പ്രേഷിതപ്രവർത്തനം സമാരംഭിച്ചതു്. രണ്ടുവർഷങ്ങൾക്കകം ക്രിസ്ത്യാനികളുടെ സംഖ്യ 400 ആയി. ഫാ. അന്റോണിയോ മൗണ്ടു പൊയിൻസീറിൽ ഒരു ദേവാലയം നിർമ്മിച്ചു. ഏതാനും വർഷങ്ങൾക്കകം ഫ്രാൻസിസ്ക്കൻ മിഷനറിമാർ സാൽസെറയിൽ പല ദേവാലയങ്ങളും ആശ്രമങ്ങളും പണിതു. പോയിൻസീറിൽ ഒരു വിദ്യാലയം സ്ഥാപിച്ചു. ഫാ. പാവുളൊ ടെനിഡാഡൊ സാൽസെറയിൽ മിഷൻപ്രവർത്തനം നടത്തിയിരുന്നപ്പോഴേ 1500 ക്രിസ്ത്യാനികളുണ്ടായിരുന്നു. പാരെ എന്ന സ്ഥലത്തു് 1700 ക്രിസ്ത്യാനികളും തൊ

128. പൗളിനോസ് പാതിരി: പൗരസ്ത്യ ഭാരതത്തിലെ ക്രൈസ്തവസഭ, പേജ് 89-95.

malankaralibrary.com

സെയിൽ 976 ക്രൈസ്തവരും ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട് [129].

ക്രൈസ്തവകോളനികൾ

താനാ നഗരത്തിൽ ഈശോസഭക്കാർ ഇക്കാലത്തു് പ്രേഷിത വേല നടത്തിയിരുന്നു. രണ്ടു വർഷങ്ങൾക്കകം 400 പേരെ അവർ ജ്ഞാനസ്നാനപ്പെടുത്തി. 1560-ൽ താനായിൽ ക്രൈസ്തവരുടെ സംഖ്യ രണ്ടായിരത്തോളമായി. ഈശോസഭക്കാർ താനായിൽ ഒരു വിദ്യാലയം സ്ഥാപിച്ചു.130 കുട്ടികൾ അവിടെ പഠിച്ചിരുന്നു. താനായിൽനിന്നും നാലുമൈൽ തെക്കുപടിഞ്ഞാറുള്ള ഫലഭൂയിഷ്ഠമായ ഗ്രാമത്തിൽ ത്രിമൂർത്തിക്കു പ്രതിഷ്ഠിക്കപ്പെട്ട ഒരമ്പലമുണ്ടു്. വൈഹാർ തടാകം ഈ അമ്പലത്തിനു സമീപം. ഇവിടെ ക്രിസ്ത്യാനികളുടെ കോളനി സ്ഥാപിച്ചു. ഈശോസഭക്കാരാണു് ഇതിന്റെ മേൽനോട്ടം വഹിച്ചതു്. മറാത്തിഭാഷാപരിജ്ഞാനമുണ്ടായിരുന്ന ബ്രദർ മാനുവൽ ഗോമസായിരുന്നു കോളനിയുടെ സംരക്ഷകൻ.ത്രിമൂർത്തി അമ്പലം ഈശോസഭക്കാർ പിന്നീടു് ദേവാലയമാക്കി.

ഇരുനൂറു കുടുംബങ്ങളിൽ ആയിരം ക്രൈസ്തവർ ഈ കോളനിയിൽ വസിച്ചിരുന്നു. അക്രൈസ്തവരും വേദപാഠക്ലാസുകളിൽ സംബന്ധിച്ചു. ക്രൈസ്തവരുടെ തിരുനാളും ആഘോഷങ്ങളിൽ അവർ പങ്കെടുത്തു. 1565-ൽ 175 പേർ ജ്ഞാനസ്നാനം സ്വീകരിച്ചു. 1573-ൽ സൂപ്പീരിയർ ജനറലിന്റെ നിർദ്ദേശമനുസരിച്ചു് ഈ മിഷൻ ഗോവ അതിരൂപതയെ ഏൽപ്പിച്ചു.രൂപതാവൈദികർ ക്രിസ്ത്യാനികളുടെ ആധ്യാത്മികകാര്യങ്ങളും നടത്തിപ്പോന്നു. 1576-ൽ ഈശോസഭക്കാർ തന്നെ വീണ്ടും ഈ മിഷൻ ഏറ്റെടുത്തു. തുടർന്നു ധാരാളം മതപരിവർത്തനങ്ങളും നടന്നു. 1578-ൽ 4000 ക്രൈസ്തവർ താനായിലും പരിസരങ്ങളിലുമുണ്ടായിരുന്നു. ഉന്നതകുല ഹൈന്ദവരും ജ്ഞാനസ്നാനം സ്വീകരിച്ചു. 1580-ൽ കാൽലക്ഷം ക്രിസ്ത്യാനികളും തൃനിദായിലും പരിസരങ്ങളിലും വസിച്ചിരുന്നു. തൃനിദായിലെ എല്ലാ ജനങ്ങളും ക്രിസ്ത്യാനികളും [130]. തൃനിദായിൽ താമസിച്ച സമീപസ്ഥലമായ കൊൺഗോറയിൽ ഈശോസഭാ മിഷനറിമാർ പ്രേഷിതപ്രവർത്തനം നടത്തിയതുമൂലം 1578-ൽ 5000 പേർ ജ്ഞാനസ്നാനം സ്വീകരിച്ചു. അതേവർഷം മനോഹരമായ ദേവാലയവും അവർ നിർമ്മിച്ചു. 1669-ലെ കണക്കനുസരിച്ചു കോൺഗോറയിൽ 16 ഗ്രാമങ്ങളിലായി 3027 ക്രിസ്ത്യാനികളുണ്ടായിരുന്നു [131].

---

129. The Ancient Franciscan Provinces in India: Achilles Meersman pp. 193-196

130. Joseph Wickie: Documenta Indica II. p. 426.

131. Archivum Romanum Societatis Jesu Vol. 35. p. 85.

malankaralibrary.com

മാനസാന്തരഗതി

സാൽസെറ്റിന്റെ ഉത്തരഭാഗങ്ങളും ഫ്രാൻസിസ്കൻ മിഷനറിമാരുടെ മേൽനോട്ടത്തിലായിരുന്നു. അവർ 1575-ൽ ബയാണ്ടറിൽ ഒരു ഇടവക സ്ഥാപിച്ചു. തദ്ദേശവാസി ബന്തത്താസർ ഗോമസ്, അബോജ മർഗട്ടാനാ എന്നീ സ്ഥലങ്ങളിൽ 1565-നും 1589-നും ഇടയിൽ പ്രേഷിതപ്രവർത്തനം നടത്തിയതിന്റെ ഫലമായി ആയിരത്തിലധികം ക്രിസ്ത്യാനികളും ഈ രണ്ടു ഇടവകകളിലുംകൂടി ഉണ്ടായിരുന്നു. സാൽസെറ്റ് ദ്വീപിന്റെ ദക്ഷിണഭാഗത്തു "ക്വർല" ഗ്രാമത്തിൽ ഈശോസഭക്കാരാണ് മിഷൻപ്രവർത്തനങ്ങളും നടത്തിയതു്. 1669-ൽ രണ്ടായിരത്തോളം ഇടവകക്കാർ ഇവിടെ ഉണ്ടായിരുന്നു. അകത്തോലിക്കരായി ആരുംതന്നെ ഉണ്ടായിരുന്നില്ലത്രെ [132]. 1621-ലെ റിപ്പോർട്ടനുസരിച്ചു സാൽസെറ്റ് ദ്വീപിൽ 30000 ക്രിസ്ത്യാനികളും ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ടു്. ഫ്രാൻസിസ്കൻ മിഷനറിമാർ സാൽസെറ്റ് ദ്വീപിലുള്ള 114 ഗ്രാമങ്ങളിൽ 54-ലും മിഷൻപ്രവർത്തനം വിജയകരമായി നടത്തി 59 വില്ലേജുകളും ഈശോസഭക്കാരുടെ സംരക്ഷണയിലായിരുന്നു. അഗസ്റ്റീനിയൻ സഭക്കാരും, ഭൂപതാ വൈദികരും 10 ഇടവകകളിൽ പ്രേഷിതപ്രവർത്തനങ്ങളും നടത്തിയിരുന്നു. പതിനേഴാം നൂറ്റാണ്ടിലെ അന്ത്യദശകത്തിൽ പോർട്ടുഗീസുകാരുടെ അധഃപതനത്തോടുകൂടി പല ഇടവകകളിലും ക്രിസ്ത്യാനികളുടെ സംഖ്യ കുറഞ്ഞു.

സാൽസെറ്റ് ഉപദ്വീപ്

ഗോവയുടെ ഭാഗമായ സാൽസെറ്റ് ഉപദ്വീപിൽ 1558-ൽ ഈശോസഭക്കാരാണു പ്രേഷിതപ്രവർത്തനം നടത്തിയിരുന്നതു്. 1560 മുതൽ രണ്ടു് ഈശോസഭാവൈദികർ ഇവിടെ സ്ഥിരതാമസമാക്കി. അയ്യായിരം ജനങ്ങളുള്ള ഇവിടെ ആയിരത്തോളം ക്രിസ്ത്യാനികളേ ഉണ്ടായിരുന്നുള്ളൂ. മിഷൻപ്രവർത്തനഫലമായി 1561-ൽ ഒരു ബ്രാഹ്മണൻ ഉൾപ്പെടെ നൂറുപേരെ ജ്ഞാനസ്നാനപ്പെടുത്തി. മാർഗോവായിൽ ദേവാലയം പണികഴിപ്പിച്ചു. ഹിന്ദുക്കളെ ഒരു ഈശോസഭാ വൈദികനെ ദ്രോഹിച്ചതിനു ശിക്ഷയായി സാൽസെറ്റിലെ 80 അമ്പലങ്ങളും നശിപ്പിച്ചു. പുതിയ അമ്പലങ്ങളും നിർമ്മിക്കുന്നതു് നിരോധിച്ചു. മഹാൻദാ ദേവിയുടെ നാമത്തിലുള്ള അമ്പലങ്ങളും നശിപ്പിച്ചു.

ഈശോസഭക്കാർ 1568-ൽ അഞ്ചു ദേവാലയങ്ങളും ഇവിടെ നിർമ്മിച്ചു ഒരു ആസ്പത്രിയും. സാൽസെറ്റ് ഉപദ്വീപിൽ പല ഗ്രാമങ്ങളിലായി 1573-ൽ 2000 പേർ ജ്ഞാനസ്നാനം സ്വീകരിച്ചു.

ഈശോസഭാവിരുദ്ധർ

സാൽസെറ്റ് ഉപദ്വീപിൽ 1575-ൽ എണ്ണായിരം ക്രൈസ്തവർ ഉണ്ടായിരുന്നു. 1583 ജൂലൈ 15-നു കൊൺകോളിയിൽ മിഷനറിമാ

132. Archivum Romanum Societatis Jesu Vol. I pp 80-81

malankaralibrary.com

രായ ഫാ. റുഡോൾഫ് അക്വിവിവായെയും മറ്റു നാലു ഈശോസഭാ വൈദികരെയും ക്രൈസ്തവവിരോധികളായ വിപ്ലവകാരികൾ നിഷ്കരുണം കൊലപ്പെടുത്തി. വിപ്ലവകാരികളെ ശിക്ഷിയ്ക്കുവാൻ വൈസ്രോയിക്കു സാധിച്ചില്ല. അവരെല്ലാവരും അന്യരാജ്യങ്ങളിലേയ്ക്ക് പലായനം ചെയ്തു. ഇവരുടെ കൃഷിസ്ഥലങ്ങൾ ക്രിസ്ത്യാനികൾ നശിപ്പിച്ചുകളഞ്ഞു. പിറ്റേവർഷം ഘാതകരെ പിടികൂടി ശിക്ഷിച്ചു[133]. 1583-ൽ പുതിയ ദേവാലയം അവിടെ നിർമ്മിച്ചു. 1588-ൽ രണ്ടായിരത്തോളം ക്രിസ്ത്യാനികൾ അഞ്ചു വില്ലേജുകളിലായി ഇവിടെ ഉണ്ടായിരുന്നു. ബ്രാഹ്മണഗ്രാമത്തിൽ വസിച്ചിരുന്നവർ ഒന്നടങ്കം 1575-ൽ ജ്ഞാനസ്നാനം സ്വീകരിച്ചു. സാൽസെറ്റ് ഉപദ്വീപിൽ വിശ്വാസികളുടെ സംഖ്യ വർദ്ധിച്ചുവന്നതോടെ പുതിയ ദേവാലയങ്ങൾ നിർമ്മിച്ചു. പിറ്റേക്കൊല്ലം 1500 പേർ ജ്ഞാനസ്നാനം സ്വീകരിച്ചു. 1590-ൽ ഒൻപതു ഗ്രാമങ്ങളിൽ എല്ലാവരുംതന്നെ ക്രിസ്തുമതം സ്വീകരിച്ചു. 1594-ലെ കണക്കനുസരിച്ചു സാൽസെറ്റിൽ 28473 ക്രൈസ്തവരുണ്ടായിരുന്നു[134].

മിഷനറിമാരുടെ കഠിനപരിശ്രമം 1601-ൽ പല ഇടവകകളിലും വൈദികർ ഇല്ലാതെവന്നു. ജനങ്ങളെ മതകാര്യങ്ങൾ പഠിപ്പിക്കുന്നതിനു് ആരുംതന്നെ ഉണ്ടായിരുന്നില്ല. ഈ അവസരത്തിൽ ഫാ. സ്റ്റീഫൻ എസ്. ജെ യുടെ അഭ്യർത്ഥനപ്രകാരം 20 ഈശോസഭാവൈദികർ സാൽസെറ്റിൽ വന്നു. അവർ 15 ഇടവകകളിൽ തീക്ഷ്ണതയോടെ പ്രേഷിതവേല നടത്തി. 1621-ൽ, അഞ്ചുവർഷത്തിനകം 28000 ക്രിസ്ത്യാനികൾ സാൽസെറ്റിലുണ്ടായി. 1697-ൽ ക്രിസ്ത്യാനികളുടെ സംഖ്യ 80000 ആയി. 24 ഇടവകകളിലും ഓരോ വിദ്യാലയവും. ഈശോസഭക്കാരായ മിഷനറിമാരുടെ അവിശ്രമ പരിശ്രമം നിമിത്തം സാൽസെറ്റ് ഉപദ്വീപിലും ക്രൈസ്തവസഭ ഉൽക്കർഷം നേടി.

ബാസയിൻ (ബസായി)

പോർട്ടുഗീസു ചരിത്രകാരൻമാർ ബാസയിന്റെ ഭൂപ്രകൃതിയെക്കുറിച്ച് നൽകിയിരിക്കുന്ന വിവരണം ഇപ്രകാരമാണ്: അഗാഷി (Agashi) ഉൾക്കടലിൽനിന്നു കരഞ്ജ ദ്വീപിന്റെ അഗ്രംവരെ 64 മൈൽ വിസ്തീർണത്തിൽ നീണ്ടു കിടക്കുന്ന സമുദ്രതീരം. പോർട്ടുഗീസുകാർ "കുത്തകദ്വീപ്" എന്നു പറഞ്ഞിരുന്നു. പശ്ചിമഘട്ടിൽനിന്നു് പാഞ്ഞൊഴുകുന്ന നദീജലം പല കൈവഴികളായി ഒഴുകി ഈ ഭൂവിഭാഗത്തെ ചെറുദ്വീപുകളായി മാറിയിരുന്നു. ഈ ദ്വീപ് ഗുജറാറ് ഗവൺമെന്റിന്റെ അധീനതയിലും. ഗുജറാറ് മുഗൾസാമ്രാജ്യത്തിന്റെ ഭാ

133. Franscico D' Souza: Oriente Conquistado pp. 115-116
134. Archivum Societatis Jesu-Goa Vol 24 p. 204

malankaralibrary.com

ഗം. ഇതിന്റെ ഭരണാധികാരിക്കു ഗവർണരുടെ സ്ഥാനമേ അന്നുണ്ടായിരുന്നുള്ളു. ഹുമയൂണിന്റെ ഭരണകാലത്തു ഡൽഹിഭരണത്തിൽനിന്നു വിമുക്തി നേടി ഗുജറാത്തിലെ ബഹദൂർഷാ സ്വയം സ്വതന്ത്ര രാജാവായി പ്രഖ്യാപിച്ചു[135]. പോർട്ടുഗീസു് ആഗമനത്തെ ബസായിലെ ഭരണാധിപൻമാർ സ്വാഗതം ചെയ്തില്ല. അവരോടു് വിദ്വേഷം പ്രകടിപ്പിച്ചു. ഈജിപ്റ്റിലെ സുൽത്താൻ മാമ്മെലെക്കിനോടും കോഴിക്കോട്ടെ സാമൂതിരിയോടും സൗഹാർദ്ദം പുലർത്തിയിരുന്നു. ചാവുകടൽ സമുദ്രത്തിൽ 1508-ൽ ലോറെൻസൊ അൽമേഡക്കും നാവിക സൈന്യത്തിനും ഉണ്ടായ ദയനീയപരാജയത്തിനു കാരണം ഈ ത്രിമൂർത്തികളുടെ സംഘടിത ആക്രമണമാണു്. കാബെയിലൊ, ഡ്യൂയിലൊ നാവിക താവളം സ്ഥാപിക്കുന്നതിനു് പോർട്ടുഗീസുകാർ ശ്രമിക്കുന്നുണ്ടായിരുന്നു.

പോർട്ടുഗീസു് കോട്ട

ഈ സ്ഥലങ്ങളിൽ തങ്ങളുടെ ആധിപത്യം സ്ഥാപിച്ചാൽ വടക്കെ ഇന്ത്യ, ഓർമസു്, ഏഡൻ, ആഫ്രിക്കൻ തീരങ്ങളം, കൊങ്കല, കേരളം എന്നീ രാജ്യങ്ങളുമായി അറബികടൽ നടത്തുന്ന വ്യാപാരം തടയാൻ എളുപ്പം സാധിക്കുമെന്നു് പോർട്ടുഗീസുകാർ കരുതി. ഇന്ത്യയിൽ നാവിക താവളം ഉറപ്പിച്ചാൽ ഇന്ത്യയുടെ പശ്ചിമതീരംമുതൽ കന്യാകുമാരി മുനമ്പുവരെയുള്ള കപ്പൽ സഞ്ചാരം നിയന്ത്രിക്കാൻ എളുപ്പമാകും. ഈ ലക്ഷ്യംവച്ചുകൊണ്ടു സമുദ്രത്തിൽ തങ്ങളുടെ ആധിപത്യം സ്ഥാപിക്കുന്നതിനു് ഗുജറാറിന്റെ സമുദ്രതീരം പലപ്പോഴും തന്ത്രപരമായി പോർട്ടുഗീസുകാർ ആക്രമിച്ചുകൊണ്ടിരുന്നു. 1529-ൽ ഗവർണർ ആംബ്രൊ ദാ ക്രൂഞ്ഞയുടെ ആക്രമണത്തോടെ ഈ കടന്നാക്രമണം ത്വരിതപ്പെടുത്തി. ഡ്യൂയെ ആക്രമിച്ചു കീഴടക്കാൻ സർവകഴിവും പ്രയോഗിക്കണമെന്ന നിർദ്ദേശം ലിസ്ബണിൽനിന്നു് കിട്ടിയിരുന്നു[136]. ഡൽഹിയിൽ നിന്നുള്ള ആജ്ഞയനുസരിച്ചു് തന്റെ രാജ്യം വികസിപ്പിക്കുന്ന ശ്രമത്തിലായിരുന്നു ബഹദൂർഷാ. അവസാനം ബസായി രാജ്യം മുഴുവൻ പോർട്ടുഗീസുകാർക്കു വിട്ടുകൊടുക്കുവാൻ ഷാ നിശ്ചയിച്ചു. അതനുസരിച്ചു് ബഹദൂർഷായും പോർട്ടുഗീസു ഗവർണർ ആംബ്രൊ ദാ ക്രൂഞ്ഞയും തമ്മിൽ 1534-ൽ ഒരു ഉടമ്പടി ഉണ്ടാക്കി. ഇങ്ങനെയാണു് ബസായി മുതൽ കരൻജ, കൈനെറി വരെയുള്ള ദ്വീപുകളെല്ലാം പോർട്ടുഗീസു് അധീനതയിലായതു്[137]. പിന്നീടു് ഹുമയൂൺ ചക്രവർ

135. G. M. Morais: "History of Christianity in India from Early Times" (52-1552) pp. 166 167.

136. A de Silva Rego: Documenta de Para Historia Das Missoes India, p. 464.

137. Correa Afonso Jobin S. J.: "Jesuits Letters and Indian History" (1542-1773) III. pp. 450-464.

malankaralibrary.com

ത്തിയും ബഹദൂർഷായും തമ്മിലുള്ള ബന്ധത്തിനു് ഉലച്ചിൽ തട്ടി. ഡൽഹിയിൽ നിന്നു് വന്ന സൈന്യം ഗുജറാത്തിനെ ആക്രമിച്ചു് കീഴടക്കി. പരാജിതർ ഷാഡയിലേക്കു് പലായനം ചെയ്തു. മുഗൾചക്രവർത്തിയുടെ ആക്രമണങ്ങളിൽനിന്നു് രക്ഷപ്പെടാൻ പോർട്ടുഗീസുകാരുടെ സഹായം തേടി. തന്നെ സഹായിക്കുന്നതായാൽ പോർട്ടുഗീസുകാർക്കിഷ്ടമുള്ള സ്ഥലത്തു് കോട്ട പണിയുന്നതിനുള്ള അനുവാദം നൽകാമെന്നു ഷാ സമ്മതിച്ചു. 1535-ൽ ചെയ്ത കരാർപ്രകാരം ഈ വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്നു് ഷാ പറഞ്ഞു. പോർട്ടുഗീസുകാർ പിറ്റെവർഷം കോട്ടപണി പൂർത്തിയാക്കി. ചിരപ്രതീക്ഷിതമായ ആഗ്രഹം സഫലമായതിൽ പോർട്ടുഗീസുകാർ സന്തോഷിച്ചു. ഡിയൊഗൊ ബൊത്തെല്ലോ ഈ ശുഭവാർത്തയുമായി പോർട്ടുഗലിലേക്കു് പോയി. പോർട്ടുഗീസു് രാജാവു് ഈ കാര്യങ്ങൾ കേട്ടു് ആനന്ദത്തിൽ ആറാടി[138].

ക്രൈസ്തവസഭ വളരുന്നു

പോർട്ടുഗീസുകാർ ബസായിൽ ആധിപത്യം സ്ഥാപിച്ചതോടെ ഗോവയിലും മറ്റു സ്ഥലങ്ങളിലുംനിന്നു പല ക്രൈസ്തവ കുടുംബങ്ങളും വന്നു താമസം തുടങ്ങി. ചുരുങ്ങിയ നാൾക്കകം ക്രൈസ്തവ കുടുംബാംഗങ്ങളുടെ മാതൃകാജീവിതംമൂലം ബസായിൽ വമ്പിച്ച മാറ്റമുണ്ടായി. വാണിജ്യം അഭിവൃദ്ധിപ്രാപിച്ചു. സ്ഥലവാസികളും ധനവാൻമാരായി. ഉത്തുംഗകെട്ടിടങ്ങളും മനോഹരദേവാലയങ്ങളും ഗവൺമെൻറ് മന്ദിരങ്ങളും ഉയർന്നുവന്നു. കത്തീഡ്രൽ ദേവാലയത്തിനുപുറമെ മൂന്നു് ദേവാലയങ്ങളും, അഞ്ചു് കോൺവൻറുകളും സ്ഥാപിതമായി. ഒരു കരുണാലയവും [139]. ഫാ. അൻറോണിയൊ ഒ പോർട്ടൊയുടെ നേതൃത്വത്തിൽ ഫ്രാൻസിസ്കൻ മിഷനറിമാർ പ്രേഷിതപ്രവർത്തനം നടത്തിയെന്നു സിൽവാറേഗെ പറയുന്നു. ഇതു അടിസ്ഥാനരഹിതമാണെന്നു മീർസ്മാൻ അഭിപ്രായപ്പെടുന്നു[140]. ബസായി വികാരി ജനറാലും ഫാ. മിഗ്വൽ വാസു് 1545-ൽ പോർട്ടുഗീസു രാജാവിനു് എഴുതിയ കത്തിൽ ബസായിൽ ഒറ്റ ദേവാലയം നിർമ്മിച്ചിട്ടില്ല, വിഗ്രഹാരാധന നടമാടുന്നു, ഇസ്ലാംമതം ക്രൈസ്തവവിശ്വാസത്തെ ക്ഷയിപ്പിക്കുന്നു. ക്രൈസ്തവരിലെ ദുഷ്പ്രവണതകളെയും അസാന്മാർഗികനടപടികളെയും തിരുത്തി വിശ്വാസം ശുദ്ധമൂലമാക്കാൻ മതബോധനം നൽകണം, അതിനായി ഇവിടെ ആരുംതന്നെയില്ല

138. A. M. Mundaden: "History of Church, Early India" pp. 471-474.
M. J. Gabriel de Saldanha: "Historia de Goa" I. p. 66.
139. G. M. Morais: op. cit. p. 168.
140. M. Meersman: op. cit. p. 271.

malankaralibrary.com

എന്നും മറ്റും പറഞ്ഞിരിക്കുന്നു[141]. ബസായിൽ പോർട്ടുഗീസുകാർ പത്തുവർഷത്തിനകംപോലും ഒരു ദേവാലയം നിർമ്മിച്ചില്ല എന്നതാണു് സത്യം. അനേകം പോർട്ടുഗീസു കുടുംബങ്ങൾ ഉണ്ടായിരുന്നെങ്കിലും മതസ്ഥാപനം ഇല്ലായിരുന്നു. 1530–ൽ ശേഷം ബസായിൽ സ്ഥാപിതമായ ദേവാലയം ഒരുപക്ഷേ, നശിപ്പിക്കപ്പെട്ടിട്ടുണ്ടോവാം. അതിനാലായിരിക്കാം 1545–ൽ ക്രൈസ്തവ ദേവാലയങ്ങൾ ഇവിടെ ഇല്ലാതിരുന്നതു്. 1536–ൽ ഒരു വികാരിയും ആറു് വൈദികവിദ്യാർത്ഥികളും ഇവിടെ കോട്ടയിൽ സേവനമനുഷ്ഠിക്കാൻ നിയുക്തരായി.

കോട്ടയിലെ പള്ളി

മൂന്നു് ഈശോസഭക്കാർ ചേന്നു 1549–ൽ ഇവിടെ ഒരു പള്ളി പണിതു. 1566–ൽ ഒരു റസിഡൻസും കപ്പേളയും. ഈ വൈദികർ 150 പേരെ ജ്ഞാനസ്നാനപ്പെടുത്തി. ആറുവർഷത്തിനകം 1500 ക്രൈസ്തവർ ബസായിൽ വസിക്കുന്നുണ്ടായിരുന്നു. മതപരിവർത്തനം ചെയ്തവരിൽ മൂന്നു ബ്രാഹ്മണരും ഉൾപ്പെട്ടിരുന്നു. പണ്ഡിതനും ശ്രേഷ്ഠകുലജാതനുമായ ഒരു ബ്രാഹ്മണൻ 1565–ൽ ജ്ഞാനസ്നാനം സ്വീകരിച്ചതു് ഹൈന്ദവസമുദായത്തെ പരിഭ്രാന്തരാക്കി.

പിന്നീടു് മതപരിവർത്തന സംരംഭത്തിൽ വിഘാതം നേരിട്ടു. 1570–ൽ സുൽത്താൻ അഹമ്മദനഗർ, ചാവുളം ബസായിയും കൈവശപ്പെടുത്തുന്നതിനു് സൈന്യത്തെ അയച്ചു. പടയാളികളും വില്ലേജുകളും നഗരങ്ങളും ആക്രമിച്ചു. ഒട്ടുവളരെ ക്രൈസ്തവരെ വധിച്ചു. മതത്യാഗം ചെയ്യാൻ വിസമ്മതിച്ചവരെ നിഷ്ഠൂരമായി കൊന്നുകളഞ്ഞു.

മൂന്നു ഇടവകകളിലായി 1573–ൽ ആയിരത്തോളം ക്രിസ്ത്യാനികളേ ബസായിൽ ഉണ്ടായിരുന്നുള്ളൂ. ഈശോസഭക്കാരായ രണ്ടു മിഷനറിമാർ ഇവരുടെ ആത്മീയകാര്യങ്ങളും നിർവഹിച്ചുപോന്നു.[142]

ചാവുളം

പതിനാറാംനൂറ്റാണ്ടിലെ ഉത്തരാർദ്ധത്തിൽ ചാവുളം പോർട്ടുഗീസു് കോട്ടകളും നിറഞ്ഞ ശക്തികേന്ദ്രമായിരുന്നു. കോട്ടകളിൽ വളരെയധികം ക്രിസ്ത്യാനികളും. മതപരിവർത്തനത്തിനുള്ള സാധ്യത വളരെ പരിമിതം. ഈ സ്ഥലം മുസ്ലീമുകളുടെ അധീനതയിൽപെട്ടതായിരുന്നല്ലൊ. ഡൊമിനിക്കൻ സഭക്കാർക്കും ഫ്രാൻസിസ്ക്കൻ സഭക്കാർക്കും ചാവുളിൽ ആശ്രമങ്ങളുണ്ടായിരുന്നു.[143] 1549–ൽ ഒരു ഡൊ

141. G. M. Morais: op. cit. p. 169.
142. Franciscan History by Paulo da Trinidad p. 451.
143. Fr. Joseph Thekkedeth: 'History of Christianity in India' Vol. II pp. 384–385.
Joseph Wickie: Documenta indica p. 172.
Fr. Valegnano S. J.: Report of August 1580.

malankaralibrary.com

മിനിക്കൻ ഫ്രയറി സ്ഥാപിച്ചു. വളരെയധികം മിഷനറിമാരും വൈദികരുമുണ്ടായിരുന്നിട്ടും കുട്ടികളുടെ മതപഠനകാര്യത്തിൽ ശ്രദ്ധിച്ചിരുന്നില്ല. കുട്ടികൾക്ക പഠിക്കുവാൻ വിദ്യാലയങ്ങളുണ്ടായിരുന്നില്ല. ഈശോസഭാവൈദികനായ പലിജ്ഞാനൊ പ്രസ്താവിച്ചിരിക്കുന്നതു് അവിടെ 1580 – ൽ ഈശോസഭക്കാർ ഒരു റസിഡൻറ് സ്കൂൾ സ്ഥാപിച്ചുവെന്നാണ്. സ്കൂളിൽ 300 കുട്ടികൾ. 1621 – ൽ ചാവുളിൽ മാത്രം 10,600 ക്രിസ്ത്യാനികൾ വസിച്ചിരുന്നു[144].

കരഞ്ജ

കരഞ്ജ ദ്വീപു് പോർട്ടുഗീസ് അധീനതയിലായതു് 1534–ലാണു്. ഫ്രാൻസിസ്ക്കൻ മിഷനറിമാർ ഇവിടെ ആദ്യമായി പ്രേഷിതവേല ചെയ്തു. ഫാ. പാവുളൊ ടെനിഡാഡിൻെറ പ്രസ്താവനയനുസരിച്ചു് ചുരുങ്ങിയ ദിവസങ്ങൾക്കകം 1,509 പേരെ അവർ ജ്ഞാനസ്നാനപ്പെടുത്തി. ഹൈന്ദവരായ അനാഥകുട്ടികൾക്കായി ഒരു വിദ്യാലയം നടത്തിപ്പോന്നു. രണ്ടു് ഇടവകപള്ളികളുണ്ടായിരുന്നു. 1630–ൽ ദ്വീപിലെ എല്ലാ ജനങ്ങളും ക്രൈസ്തവരായി.[145] കാലക്രമേണ ക്രിസ്ത്യാനികളുടെ സംഖ്യ കുറഞ്ഞുപോയി. 1736–ൽ 1,400 ക്രൈസ്തവർമാത്രം. ഫ്രാൻസിസ്ക്കൻ മിഷനറിമാരാണു് കരഞ്ജക്കു സമീപമുള്ള എലഫൻറ്, ബുച്ചേഴ്സ്, ഹോഗ് ദ്വീപുകളിൽ പ്രേഷിതപ്രവർത്തനം നടത്തിയതു്. എലഫൻറയിലെ എല്ലാ ജനങ്ങളും ക്രിസ്തുമതത്തിൽ ചേർന്നു. 1625–ൽ കരഞ്ജയിലെ റെക്ടർ ബുച്ചേഴ്സ് ദ്വീപിലും ഹോഗ് ദ്വീപിലും ചെന്നു് അമ്പലങ്ങളും നശിപ്പിച്ചശേഷം തൽസ്ഥാനങ്ങളിൽ കുരിശുകളും നാട്ടി. കരഞ്ജയിലെ ക്രിസ്ത്യാനികളും ഹൈന്ദവാചാരങ്ങളിലേക്കു പിന്തിരിയുമെന്ന ഭയാശങ്കയായിരിക്കാം ഇതു് ചെയ്യുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതു്[146]

സമ്പാജി (Sambaji) 1683–ൽ കരഞ്ജയെ ആക്രമിച്ചു. പോർട്ടുഗീസുകാർ, അക്രമികളെ പ്രയാസപ്പെട്ടാണെങ്കിലും പരാജയപ്പെടുത്തി. കരഞ്ജയെ സംരക്ഷിച്ചു.

ഡാമൻ

പ്രസിദ്ധ ഡാമൻദ്വീപു് 1559–ലാണു് പോർട്ടുഗീസുകാർ കീഴടക്കിയതു്. പിടിച്ചടക്കിയ സ്ഥലങ്ങളും തദ്ദേശവാസികളിലെ ഏതാ

144. Achilles Meersman: The Ancient Franciscan Provinces in India, Bombay p. 223.

145 Fr. Achilles Meersman: The Ancient Franciscan Provinces in India pp. 235-236. Fr. Joseph Thekkedeth: "History of Christianity in India" Vol. II. pp. 383-384.

146. Achilles Meersman: op. cit. p. 236.

malankaralibrary.com

നും വ്യക്തികൾക്കും പോർട്ടുഗീസുകാർക്കും ജന്മികുടിയാൻ വ്യവസ്ഥയിൽ വീതിച്ചുകൊടുത്തു. വീതിച്ചുകിട്ടിയവരുടെ സ്ഥലങ്ങൾ കൃഷി ചെയ്തിരുന്നതു പാവപ്പെട്ട ഹിന്ദുക്കളാണു്. ഇവരുടെ ഇടയിലായിരുന്നു മിഷനറിമാരുടെ പ്രേഷിതപ്രവർത്തനം. തീക്ഷ്ണമായ മിഷൻപ്രവർത്തനംമൂലം കുറെ പേർ ജ്ഞാനസ്നാനം സ്വീകരിച്ചു. ഏതാനും ഹിന്ദുക്കളെ ക്രിസ്ത്യാനികളാകാൻ മിഷനറിമാർ നിർബന്ധിച്ചു. അവർ വിസമ്മതിച്ചു. നൂറിനുപ്പുതിലേറെ ഹൈന്ദവർ ഈ ദ്വീപ് വിട്ട് അന്യരാജ്യങ്ങളിൽപോയി. കൃഷിചെയ്യുന്നതിനു് ഹിന്ദുക്കളെ ലഭ്യമാകാതെ വന്നു. ജന്മികും മാനസാന്തരജോലികാർക്കു് വിഘ്നം വരുത്തി. മതപരിവർത്തനം ഇവർ നിരോധിച്ചു [147].

വൈസ്രോയിയുടെ കൂടാശവിളംബരം

ഈശോസഭാ മിഷനറിമാർ ഈ ദ്വീപിലെ നഗരപ്രദേശത്തു് 500 ക്രൈസ്തവരുടെ ആത്മീയകാര്യങ്ങൾ നടത്തിപ്പോന്നു. ഡാമനിൽ ഫ്രാൻസിസ്ക്കന്മാരും ഈശോസഭക്കാരും, ഡൊമിനിക്കൻ സഭക്കാരും ആശ്രമങ്ങൾ സ്ഥാപിച്ചു. ജ്ഞാനസ്നാനം സ്വീകരിക്കാൻ അധികം പേർ സന്നദ്ധരായിരുന്നില്ല. തദ്ദേശവാസികളിൽ ഭൂരിപക്ഷവും ദരിദ്രരായതുകൊണ്ടാണു് അതെന്നു ഫാ. വലിഞ്ഞാനൊ പറയുന്നു. ആത്മാവിനെയോ നിത്യരക്ഷയെയോകുറിച്ചു ചിന്തിക്കാൻ അവർക്കു് അവസരം കിട്ടിയിരുന്നില്ല. വർഷം അൻപതോ അറുപതോ മതപരിവർത്തനംമാത്രം. 1621-ൽ 35000 ക്രൈസ്തവർ മാത്രം [148]. ക്രൈസ്തവരുടെ ആത്മീയകാര്യങ്ങൾ നിർവഹിക്കാൻ മിഷനറിമാരും കാര്യമായി ശ്രദ്ധിച്ചിരുന്നില്ല. 1619-ൽ വൈസ്രോയി ജൊയാവെ കൂട്ടിഞ്ഞ സന്യാസസഭാശ്രേഷ്ഠന്മാർ തങ്ങളുടെ മിഷനറിമാരോടു വർഷത്തിൽ നാലു പ്രാവശ്യമെങ്കിലും ഡാമൻ ദ്വീപിലെ ഗ്രാമപ്രദേശങ്ങൾ സന്ദർശിച്ചു വിശ്വാസികൾക്കു കുദാശകൾ പരികർമ്മം ചെയ്യുന്നതിനും ദിവ്യബലി അർപ്പിക്കുന്നതിനും ആജ്ഞാപിക്കണമെന്നു അഭ്യർത്ഥിച്ചു. പല ഗ്രാമങ്ങളിലും ദേവാലയങ്ങളോ, കപ്പേളകളോ ഉണ്ടായിരുന്നില്ല. 1736-ൽ ഡാമനിൽ 2,200 ക്രിസ്ത്യാനികൾ മാത്രം [149].

ഡിയു

പോർട്ടുഗീസുകാർ ഇന്ത്യയിൽ വന്നതു പ്രധാനമായും വിദേശസാമ്രാജ്യം സ്ഥാപിക്കാനായിരുന്നില്ല. ആദായകരമായ വാണിജ്യമേഖ

147. Thekkedeth: History of Christianity in India Vol. II. pp. 385-386.
Achilles Meersman: The Ancient Franciscan Provinces in India p. 464.
148. Achilles Meersman: Franciscans in Bombay p. 224.
149. Achilles Meersman: op. cit. p. 226.

malankaralibrary.com

ലകം അധീനത്തിലാക്കുക മുഖ്യ ലക്ഷ്യം. ഇന്ത്യയുമായുള്ള കച്ചവടത്തിന്റെ മേൽക്കോയ്മ ഉറപ്പിക്കാൻ ഏതാനും പ്രമുഖ തുറമുഖരാജ്യങ്ങളും തങ്ങളുടെ സർവാധിപത്യത്തിൽ കൊണ്ടുവരേണ്ടതു് ആവശ്യമായിരുന്നു. ഗവർണർ അൽബുക്കർക്കിനു് ഇതു് അനിവാര്യമെന്ന ദൃഢബോധമുണ്ടായിരുന്നു. ഇന്ത്യയിലെ മുഖ്യപ്രധാനമായ ഏതാനും രാജ്യങ്ങളും ദ്വീപുകളും ആക്രമിച്ചു കീഴടക്കാൻ അദ്ദേഹം തീരുമാനിച്ചു[150]. അക്കാരണത്താലാണു് ഗോവ, മലാക്കാ, ഓർമസ്, ചാവുകം, ഡാമൻ, ഡിയു മുതലായ രാജ്യങ്ങളും ദ്വീപുകളുംഅവർ കൈവശപ്പെടുത്തിയതു്. ഗോവ മാത്രമേ പോർട്ടുഗീസുകാരുടെ പ്രധാന ആസ്ഥാനമായി നിലനിന്നുള്ളൂ.

അൽമേഡയുടെ പ്രതികാരവാഞ്ഛ

അൻപതിനായിരം ജനങ്ങളുള്ളതും സുപ്രധാന തുറമുഖമുള്ളതുമായ ദ്വീപാണു് ഡിയു. തുണിനെയ്ത്തും തുണിത്തരങ്ങൾക്കു് ചായംമുക്കലും തദ്ദേശവാസികളുടെ പ്രധാന കൈത്തൊഴിൽ. പോർട്ടുഗീസുകാർ ഇന്ത്യയിൽ വന്നപ്പോഴും ഡിയു ദ്വീപിന്റെ തന്ത്രപ്രാധാന്യം മനസ്സിലാക്കി. ഇവിടെനിന്നു കപ്പലുകളെ സൂക്ഷ്മനിരീക്ഷണം ചെയ്യുവാനും, ചെങ്കടലും പേർഷ്യൻ ഉൾക്കടലുംകടന്നു ഇന്ത്യയിൽ സമുദ്രയാത്രകൾ നടത്തുന്നതിനാൽ മുസ്ലീമുകളുടെ നാവികതീരങ്ങളെ നിയന്ത്രിക്കാനും എളുപ്പം സാധിക്കുമെന്നു് പോർട്ടുഗീസുകാർക്കു് അറിയാമായിരുന്നു[151]. ഗുജറാത്തിലെ സുൽത്താന്റെ കപ്പൽപ്പട ഫ്രാൻസിസ്കൊ ഡി അൽമേഡയുടെ പുത്രൻ ലോറൻസിനെ ഡിയു ദ്വീപിൽവച്ചു നടന്ന കടൽയുദ്ധത്തിൽ വധിച്ചതിനാൽ ഫ്രാൻസിസ്കൊ ഡി അൽമേഡ പകരം വീട്ടാൻ സന്ദർഭം കാത്തിരിക്കയായിരുന്നു. കൊച്ചിയിൽനിന്നു 1,500 സൈനികരും 192 കപ്പലുകളും കൊണ്ടു് വൈസ്രോയി ഫ്രാൻസിസ്കൊ ഡി. അൽമേഡ 1508 ഡിസംബർ 12-ന ശത്രുക്കളെ തേടി പുറപ്പെട്ടു. സാമൂതിരിയുടെ കപ്പൽപ്പട ഈജിപ്ഷ്യൻ യുദ്ധനൗകയോടുകൂടി ഗുജറാത്തിലെ സുൽത്താൻ മാലിഖ് ആകാസിന്റെ സൈന്യത്തോടുചേർന്നു് ഡിയുവിനു സമീപം പോർട്ടുഗീസ് പടയെ നേരിടാൻ സന്നദ്ധമായി നിന്നു. 1509-ൽ ഫെബ്രുവരി 8-ന ഏതാനും മണിക്കൂർമാത്രം നീണ്ടുനിന്ന ഡിയു യുദ്ധത്തിൽ പോർട്ടുഗീസുകാരുടെ പീരങ്കി ശത്രുകപ്പലുകളെ ശിഥിലമാക്കി. ഈജിപ്ഷ്യൻ കപ്പലുകളും

---

150. A. M. Mundaden: History of Christianity in India Vol. I. p. 432.
Schurhammer: Francis Xavier-His Life, His Times Vol. II. p. 179.

151. K. N. Menon New Delhi: Portuguese Pockets in India-1953. p. 35.
Thekkedeth: History of Christianity in India Vol. II. p. 387.

malankaralibrary.com

പലതും മുങ്ങി. ശേഷിച്ചതു് ചെങ്കടലിലേക്കു പലായനം ചെയ്തു. ഫ്രാൻസിസ്ക്കാ അൽമേഡ വമ്പിച്ച വിജയം കൊയ്തു.

ഗുജറാത്തിലെ ബഹദൂർഷാ 1534-ൽ പോർട്ടുഗീസുകാരുമായി ഉണ്ടാക്കിയ ഉടമ്പടിമൂലം ഡിയു പോർട്ടുഗീസധീനതയിലായി. മുഗൾ ചക്രവർത്തി ഹുമയൂൺ ബഹദൂർഷായെ യുദ്ധത്തിൽ തോല്പിച്ചു. മുഗൾ ചക്രവർത്തിക്കെതിരെ യുദ്ധം ചെയ്യുന്നതിനു് പോർട്ടുഗീസുകാരുടെ സഹായം അനിവാര്യമായി. അവസരോചിതമായ സൈന്യസഹായം ലഭിക്കുന്നതിനു ഡിയു പോർട്ടുഗീസുകാക്കു് വിട്ടുകൊടുക്കുവാൻ ഷാ നിർബന്ധിതനായി.

വർഷംതോറും മാനസാന്തരം

പോർട്ടുഗീസുകാരുമായി ബഹദൂർഷാ ഉടമ്പടി ഉണ്ടാക്കിയപ്പോൾ മുസ്ലീമുകളിൽ ആരെയും ക്രിസ്തുമതത്തിലേക്കു് പരിവർത്തനം ചെയ്യരുതെന്ന വ്യവസ്ഥയുണ്ടായിരുന്നു. ഫാ. വലിജ്ഞായുടെ 1580-ലെ റിപ്പോർട്ടനുസരിച്ചു് ഡിയുവിൽ ധാരാളം ഹിന്ദുക്കൾ ഉണ്ടായിരുന്നുവെങ്കിലും ഡിയു മുസ്ലിംരാജകുമാരന്റെ അധീനതയിലായിരുന്നതുകൊണ്ടു് അവിടത്തെ ഹിന്ദുക്കളെ മതപരിവർത്തനം ചെയ്യിക്കുവാൻ മിഷനറിമാർ ഉത്സാഹിച്ചില്ല. ഡിയുവിൽ കത്തോലിക്കരുടെ സംഖ്യ വർഷംതോറും വർധമാനമായി. ജോലി പ്രമാണിച്ചു ഡിയുവിൽ വന്നു താമസിച്ചിരുന്ന ഹിന്ദുക്കളെ സൈന്യത്തിൽ ചേർത്തുതുടങ്ങി. പട്ടാളക്കാരും ക്രിസ്ത്യാനികളും തമ്മിലുള്ള സമ്പർക്കം നിമിത്തം പലരും ഹൈന്ദവമതം ഉപേക്ഷിച്ചു ക്രിസ്തുമതം സ്വീകരിച്ചു. വർഷംതോറും 500 ഹിന്ദുക്കൾ വീതം ജ്ഞാനസ്നാനം സ്വീകരിച്ചതായി റിപ്പോർട്ടുണ്ടു്. 1621-ൽ ഡിയുവിൽ 550 ക്രിസ്ത്യാനികൾ മാത്രം [152]. പിന്നീടു് നാലായിരം ക്രിസ്ത്യാനികൾ പ്രധാന ഇടവകയിൽതന്നെ ഉണ്ടായി. അതിൽ പോർട്ടുഗീസുകാരും സൈനികരും അവരുടെ ആശ്രിതരും ഉൾപ്പെടുന്നു. സെൻറ് തോമസ് ഇടവകയിൽ 1,500 ക്രൈസ്തവർ ഉണ്ടായിരുന്നത്രെ [153].

പതിനേഴാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ക്രൈസ്തവസഭ ഈ ദ്വീപിൽ അധ:പതിച്ചു. 1669-ൽ മസ്ക്കറ്റിൽനിന്നു വന്ന അറബികൾ ഡിയുവിനെ ആക്രമിച്ചു കീഴടക്കിയിരുന്നു. 1722-ൽ 429 ക്രൈസ്തവരേ ഡിയുവിൽ ഉണ്ടായിരുന്നുള്ളൂ [154].

---

152. Achilles Meersman: Ancient Franciscan Provinces in India p. 472.
153. Achilles Meersman: Franciscans in Bombay p. 224.
154. Achilles Meersman: op. cit. p. 472.

malankaralibrary.com

ബോംബെ

ഗുജറാത്തിലെ സുൽത്താൻ ബഹദൂർ മുംബൈദ്വീപു 1534 – ൽ പോർട്ടുഗീസുകാർക്കു് നൽകി. ബോംബെ നഗരത്തിന്റെ മൂന്നാംഘട്ടം ചരിത്രം ഇതോടെ ആരംഭിക്കുന്നു. ഉത്തരകൊങ്കം പോർട്ടുഗീസുകാരുടെ ശക്തികേന്ദ്രമായിരുന്നു. ഏതാണ്ടു പോർട്ടുഗീസുകാർ അവിടെ നിന്നു മുംബൈദ്വീപു് സന്ദർശിച്ചു.

പോർട്ടുഗീസുകാരുമായി സുൽത്താൻ ബഹദൂർഷാ 1534–ൽ ഒരു ഉടമ്പടിയുണ്ടാക്കി. ഇതുവഴി ബസായിദ്വീപും അനുബന്ധ സ്ഥലങ്ങളും ദ്വീപിൽനിന്നു ലഭിക്കുന്ന വരുമാനവും സുൽത്താനു നൽകേണ്ടിയിരുന്നു. വൈസ്രോയി നുന ദെ ക്യൂഞ്ഞാ ആ വർഷം ഡിസംബർ 23–നു ഉടമ്പടിയിൽ ഒപ്പുവച്ചു. ഉടമ്പടി 1535 ഒക്ടോബറിൽ സ്ഥിരീകരിക്കപ്പെട്ടു. ഇതുവഴി ഡിയുവിൽ ഒരു കോട്ട പണിയാൻ പോർട്ടുഗീസുകാർക്കു് അനുമതി ലഭിച്ചു. തുടർന്നുള്ള പത്തുവർഷങ്ങളോളം ഗുജറാത്തിലെ സുൽത്താൻ അഡൽവാനോടും കോഴിക്കോട്ടെ സാമൂതിരിയോടും പലപ്പോഴും യുദ്ധം ചെയ്യേണ്ടി വന്നു. മലാക്കയെയും ഡിയുവിനെയും കെയ്റോയിലെ ഗവർണരായ സുൽത്താൻ സൊളിമാൻ ബഹദൂർഷാ ആക്രമിച്ചു. ഈ ആക്രമണങ്ങളും മറ്റും ചെറുത്തുനിന്നപ്പോൾ പോർട്ടുഗീസുകാരുടെ സൈനികശക്തി ക്രമേണ ക്ഷയിച്ചുതുടങ്ങി. മുംബൈ മിക്കവാറും വിജനപ്രദേശമായി കാണപ്പെട്ടിരുന്നു. പോർട്ടുഗീസുകാർ കാലക്രമത്തിൽ ദ്വീപിനെ തുറമുഖപട്ടണമാക്കി. നല്ല ഉൾക്കടലായതുകൊണ്ടും ഈ സ്ഥലത്തുനിന്നു് സ്വാദിഷ്ടമായ ഭക്ഷണ പദാർത്ഥങ്ങളും മറ്റു ഭൗതികസുഖസൗകര്യങ്ങളും നിർലോഭമായി ലഭിച്ചിരുന്നതുകൊണ്ടും "സുഖജീവിതപ്രദായക ദ്വീപ" (Ilha de boa vida) എന്നവർ വിളിച്ചു. ബോം ബാഹി (Good bay) നല്ല ഉൾക്കടൽ എന്ന പേർ പോർട്ടുഗീസുകാർ ഈ ദ്വീപിനു് നൽകി.[155]

മൽസ്യബന്ധനം അവിടെയും

ബോംബെയിൽ നേരത്തെ ഫ്രാൻസിസ്ക്കൻമിഷനറിമാരാണു് മിഷൻ പ്രവർത്തനങ്ങളും നടത്തിയിരുന്നതു്. ഇവിടത്തെ പ്രഥമ മിഷനറി സമൂഹം. 1565–ൽ ഇവർ തങ്ങളുടെ ആശ്രമം സ്ഥാപിച്ചു. പ്രതീക്ഷയുടെ മാതാവു് (Esperanca) എന്ന നാമത്തിൽ ദേവാലയം നിർമ്മിച്ചു. 1630–ൽ 1,050 ക്രിസ്ത്യാനികളും ബോംബെയിലുണ്ടായിരുന്നു. ഭൂരിഭാഗവും മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്നവർ. ബോംബെയിലെ മാഹിയിലും മസഗോണിലും, ഓദറിലും ദേവാലയങ്ങളും സ്ഥാപിച്ചിരുന്നു.[156] 1630–ൽ മാസഗോണിലെ ഗ്ലോറിയ ഇടവകയിൽ 2,130

155. Edited by K. K. Chandran: Portuguese Maharashtra State Gazetteers, Greater Bombay Vol. I. p. 11.

156. Thekkedeth History of Christianity in India Vol. II. pp 381-383.

malankaralibrary.com

ക്രിസ്ത്യാനികളുണ്ടായിരുന്നതായി രേഖകളുണ്ട്. ഈ ഗ്രാമത്തിലെ എല്ലാ ജനങ്ങളെയും ഫ്രാൻസിസ്ക്കൻ മിഷനറിമാർ സമൂഹജ്ഞാനസ്നാനകർമ്മം നടത്തി കത്തോലിക്കസഭയിൽ ചേർത്തു. ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ പ്ലേഗ് ബാധ പടർന്നുപിടിച്ചതിന്റെ ഫലമായി വളരെപേർ മൃതിയടഞ്ഞു. 1610-ൽ ഫ്രാൻസിസ്ക്കൻ സഭക്കാർ ഈ ഇടവകയെ ശ്രുപതാ വൈദികരെ ഏല്പിച്ചു [157].

ഡച്ചുകാരുടെയും ബ്രിട്ടീഷുകാരുടെയും കപ്പൽപ്പട 1626-ൽ സംയുക്തമായി ബോംബയെ ആക്രമിച്ചു. 300 പടയാളികളും ഇവിടെ കരസ്സിറങ്ങി. കെട്ടിടങ്ങളും വൈക്കോൽ മേഞ്ഞ വീടുകളും കത്തിച്ചുകളഞ്ഞു. മാതാവിന്റെ നാമത്തിലുള്ള ദേവാലയം അശുദ്ധമാക്കി.

ബോംബെ പാട്ടഭൂമി

ബോംബെയിൽ 1630-ൽ 5,220 കത്തോലിക്കർ. 1665-ൽ ബോംബെ ഇംഗ്ലീഷുകാർക്കു കൈമാറിയതോടെ ക്രൈസ്തവരുടെ എണ്ണം വർദ്ധിച്ചുവന്നു. 1713-ൽ 11,000 കത്തോലിക്കർ [158]. ഫ്രാൻസിസ്ക്കൻ സഭക്കാരുടെ സെൻറ് മൈക്കിൾസ് ദേവാലയം ഇന്നുമുണ്ട്. 1661-ൽ പോർട്ടുഗീസു രാജാവിന്റെ പുത്രി കാതറൈയിൻ ബ്രഗാനയെ ഇംഗ്ലണ്ടിലെ രണ്ടാം ചാൾസ് രാജാവ് വിവാഹം കഴിച്ചപ്പോൾ സ്ത്രീധനമായി ബോംബെ ചാൾസിനു ലഭിച്ചു. രണ്ടാം ചാൾസ് രാജാവ് ബോംബെ ഈസ്റ്റ്ഇന്ത്യാകമ്പനിക്കു 10 ലക്ഷം പവൻ പാട്ടത്തിനു നല്കി. ചാൾസ് രാജാവിന്റെ വിവാഹ ഉടമ്പടിയിൽ ബോംബെ ദ്വീപിലെ കത്തോലിക്കർക്ക് മുൻപുണ്ടായിരുന്നതുപോലെ സ്വതന്ത്രമായി മതാനുഷ്ഠാനം നടത്തുന്നതിനു അനുവാദമുണ്ടായിരിക്കുമെന്നു വ്യവസ്ഥ ചെയ്തിരുന്നു. കത്തോലിക്കാമതം ബോംബെയിലെ സംസ്ഥാനമതമായി പോർട്ടുഗീസുകാർ അംഗീകരിച്ചിരുന്നു. ഈ അവകാശം ഇംഗ്ലീഷുകാർ അനുവദിച്ചുകൊടുത്തില്ല.

ഇംഗ്ലീഷുകാരുടെ കത്തോലിക്കവിരോധം

കത്തോലിക്കർക്ക് തങ്ങളുടെ മതകർമ്മങ്ങൾ അനുഷ്ഠിക്കാൻ സ്വാതന്ത്ര്യം ഉണ്ടാകുമെന്നു മാത്രമേ ഈ സംഖ്യം അനുശാസിച്ചിരുന്നുള്ളൂ. ഇംഗ്ലീഷുകാരായ പടയാളികൾക്കു കത്തോലിക്കരായ സ്ത്രീകളിൽനിന്നു ജനിക്കുന്ന കുട്ടികളെ പ്രോട്ടസ്റ്റാൻറ് മതത്തിൽ ജ്ഞാനസ്നാനം നൽകണമെന്നു അവർ ശഠിച്ചു. പല കത്തോലിക്കരെയും പ്രോട്ടസ്റ്റാൻറ് മതത്തിലേക്കു പരിവർത്തനം ചെയ്യുവാനും തുടങ്ങി. ആ കാലഘട്ടത്തിലാണു ഫാ. ജൊയാവൊ ദെ ഗ്ലോറിയ ഒ. എഫ്. എം. നത്താ

157. Achilles Meersman: The Ancient Franciscan Provinces in India pp. 221-222.

158. Achilles Meersman: op. cit. pp. 232-233

malankaralibrary.com

നൽ തോർപ്പ് എന്ന ആംഗ്ലിക്കനെ കത്തോലിക്കാസഭയിലേക്ക് ചേർത്തു [159].

ബോംബെയിലെ ഇംഗ്ലീഷ് രാഷ്ട്രീയാധികാരികൾ ഇതു് രാജ്യദ്രോഹമായി കുറ്റപ്പെടുത്തി. ഫാ. ജൊയാവൊയെ ജയിലിലടച്ചു. കത്തോലിക്കാ സഭയിലേക്ക് ചേർത്തതിന്റെ പേരിൽ വധശിക്ഷയ്ക്കു് വിധിച്ചു. പോർട്ടുഗീസ് ജനറൽ ഇതറിഞ്ഞപ്പോൾ ബോംബെ നഗരത്തെ ആക്രമിക്കുമെന്നു് ഭീഷണിപ്പെടുത്തി. ആക്രമണം ഒഴിവാക്കാൻ കുഴപ്പത്തിനു കാരണക്കാരായ രണ്ടു പേരെയും ബോംബെയിൽനിന്നു് മറ്റൊരു രാജ്യത്തേക്കു് രഹസ്യമായി കൊണ്ടുപോകാൻ ഏർപ്പാടു ചെയ്തു ഭാവിയിൽ ഫ്രാൻസിസ്ക്കൻ മിഷനറിമാർ ബോംബെയിൽ പ്രവേശിച്ചു കൂടെന്നു നിരോധനാജ്ഞയും നൽകി [160].

മിഷനറി ബഹിഷ്ക്കരണം

ബോംബെയിൽ ഫ്രാൻസിസ്ക്കൻ മിഷനറിമാരെ ബഹിഷ്കരിച്ചശേഷം ഗ്രേറ്റ് മുഗളിലെ വികാരി അപ്പസ്തോലിക്കയായ കർമ്മലീത്താ വൈദികരാണു് പരിശുദ്ധ സിംഹാസനത്തിന്റെ അനുവാദത്തോടെ ബോംബെ കത്തോലിക്കരുടെ ആധ്യാത്മിക കാര്യങ്ങൾ നടത്തിപ്പോന്നതു് [161]. തുടർന്നു് പല തർക്കങ്ങളും വഴക്കുകളും ബോംബെയിലുണ്ടായി. ഒരേസമയത്തു രണ്ടു് സഭാധികാരികൾ. ബ്രിട്ടീഷ് ഗവൺമെൻറിന്റെ നിർബന്ധപൂർവമായ ഇടപെടൽ നിമിത്തം, ബോംബെ വികാരി അപ്പസ്തോലിക്കയുടെയും ഗോവ മെത്രാപ്പോലീത്തായുടെയും അധീനതയിൽപ്പെടാത്തവിധം ബോംബെ വികാരിയേറ്റ് രണ്ടായി വിഭജിക്കപ്പെട്ടു [162]. ഫ്രാൻസിസ്ക്കൻ മിഷനറിമാർക്കശേഷം ബോംബെയിൽ പ്രേഷിതപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിവന്നതു ഈശോസഭക്കാരാണു്.

ഈശോസഭക്കാരുടെ വിദ്യാഭ്യാസസേവനം

ഈശോസഭക്കാർ 1548-ലാണു ബോംബെയിൽ വന്നതു്. പോർട്ടുഗീസുകാർ അധിവസിച്ചിരുന്ന നഗരങ്ങൾ അവർ സന്ദർശിച്ചു. പള്ളികൾ പണിയിച്ചു. അസയത്തിൻ "നൊസ സെഞ്ഞോര ദെ ബോംബെ" എന്ന പേരിൽ പ്രാർത്ഥനാലയം സ്ഥാപിച്ചു. ബോബെയിൽ കോളജ് സ്ഥാപിച്ചു. പ്രൊട്ടസ്തവിജയം കൈവരിക്കുന്ന വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കു് ബിരുദം നൽകി. 1689-ൽ ജാൽജീരയിലെ "സാദിസു

159. Achilles Meersman: op. cit. pp. 223-227.
160. Antonio de Silva Rego: Documentecao Para Das Missoes Padroado De Oriente pp. 457-458.
161. Catholic Directory of India 1990-Bombay p. 139.
162. Catholic Directory of India 1990-Bombay p. 140.

malankaralibrary.com

കർ''മിസഗണ, മാഹി, ഒസെയൺ എന്നീ സ്ഥലങ്ങളും കൈവശപ്പെടുത്തി. ബോംബയെ ആക്രമിക്കുന്നതിനു് ഈശോസഭക്കാരാണു് സിദിസു് വിപ്ലവകാരികളെ പ്രേരിപ്പിച്ചതെന്നു് ബ്രിട്ടീഷുകാർ കുറ്റപ്പെടുത്തി. ഈശോസഭക്കാരുടെ കൈവശത്തിലിരുന്ന സ്വത്തുക്കളും വസ്തുവകകളും ബ്രിട്ടീഷുകാർ കണ്ടുകെട്ടി. പാരെയിലുണ്ടായിരുന്ന ദേവാലയം ഗവൺമെൻറു് കെട്ടിടമായി രൂപാന്തരപ്പെടുത്തി. മിസഗോൺ കമ്പിൽ സ്ഥിതിചെയ്തിരുന്ന പള്ളി കമ്പനി ഉദ്യോഗസ്ഥൻമാർക്കു് അധിവസിക്കുവാനുള്ള വാസസ്ഥലമായും രൂപാന്തരപ്പെടുത്തി [163].

ബോംബെ വികാരിയേറ്റിലെ പ്രഥമ വികാരി അപ്പസ്തോലിക്കാ കർമ്മലീത്ത സഭാംഗമായ മൗറീഷ്യസു് ഓഫു് സെൻറു് തെരേസ ഒ. സി. ഡി. യാണു്. ഇദ്ദേഹം മൂന്നുവർഷം ബോംബെ ഭരിച്ചു. 1850 വരെ 11 കർമ്മലീത്താ വികാരി അപ്പസ്തോലിക്കമാർ ബോംബെ വികാരിയേറ്റു് ഭരിച്ചിട്ടുണ്ടു്. 1886–ൽ ബോംബെ അതിരൂപതയായി [164]. ദ്രുതഗതിയിൽ വളർന്ന ഈ അതിരൂപതയിലാണു് കർദ്ദിനാൾ വലേരിയൻ ഗ്രേഷ്യസു് മൂന്നുശാബ്ദം സജ്ജീവമികവുറ്റ നേതൃത്വം നൽകിയതു്. 1953–ൽ കർദ്ദിനാളായ ഗ്രേഷ്യസു് തിരുമേനി സഭയെ ദേശീയധാരയിൽ പിടിച്ചുനിർത്തി. ബോംബെ അതിരൂപതയിലെ രണ്ടാമത്തെ കർദ്ദിനാളാണു് ആർച്ച് ബിഷപ്പ് ഡോ. സൈമൺ പിമെന്റാ.

നാഗപട്ടണം

അഭിവൃദ്ധിപ്രാപിച്ചു വരുന്ന വാണിജ്യ കേന്ദ്രം. വിജയനഗറിലെ ഒരു അധികാരി ഈ പട്ടണം ഭരിച്ചുകൊണ്ടിരുന്നു. ഈ രാജ്യത്തെ തുറമുഖം കൊറമണ്ഡൽ തീരത്തിലെ ഏറ്റവും പ്രശസ്തം. പശ്ചിമ തീരത്തിലേയ്ക്കു നെല്ലു ധാരാളമായി ഇവിടെനിന്നു് കയറ്റി അയച്ചിരുന്നു. പുരാതനകാലം മുതൽ വിദൂരസ്ഥമായ പൗരസ്ത്യ ദേശങ്ങളുമായി നാഗപട്ടണം കച്ചവടം നടത്തിയിരുന്നു. ചൈനയിൽനിന്നു കൊണ്ടുവന്ന ഇഷ്ടികകൊണ്ടു് നിർമ്മിക്കപ്പെട്ട അമ്പലങ്ങളും (പഗോഡ) 15–ാം നൂറ്റാണ്ടുവരെ ചൈനയുമായി നാഗപട്ടണം ക്രയവിക്രയം നടത്തിയിരുന്നുവെന്നതിനു് തെളിവാണു്. പോർട്ടുഗീസുകാർ ഇവിടെകച്ചവടത്തിനായി വന്നപ്പോഴും മുസ്ലീമുകളാണു് വാണിജ്യം കയ്യടക്കിയിരുന്നതു്. 15–ാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിൽ പോർട്ടുഗീസുകാർ നാഗപട്ടണത്തിൽ ആധിപത്യം സ്ഥാപിച്ചു [165] നൂറു പോർട്ടുഗീസുകാർ ഈ കാലഘട്ടത്തിൽ നാഗപട്ടണത്തിൽ അധിവസിക്കുന്നുണ്ടായിരുന്നു.

163. Achilles Meersman op cit. p 228-229
164. Catholic Directory of India 1990-Bombay p. 140
165. Neelakantha Sastri: A History of South India p. 227.

malankaralibrary.com

ദേവാലയനിർമ്മാണം മുടക്കി

പോർട്ടുഗീസുകാരോടുകൂടി ഫ്രാൻസിസ്കൻ മിഷനറിമാർ നാഗപട്ടണത്തിൽ വന്നു പ്രേഷിതപ്രവർത്തനങ്ങൾ നടത്തി. 1549-ൽ തന്നെ ഒരു ആശ്രമം സ്ഥാപിച്ചു. രണ്ടു ദേവാലയങ്ങൾ നിർമ്മിച്ചു. 3,000 പേരെ ജ്ഞാനസ്നാനപ്പെടുത്തി. ഫ്രാൻസിസ്കൻ ചരിത്രകാരന്റെ ഈ പ്രസ്താവനയ്ക്കു പ്രമാണരേഖകളില്ല[166] പതിനാറാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടത്തിൽ ഫ്രാൻസിസ്കൻമിഷനറിമാർ നാഗപട്ടണംനിവാസികളെ മതപരിവർത്തനം ചെയ്യുന്നതിനു തീക്ഷ്ണതയോടെ പ്രവർത്തിച്ചിരുന്നു എന്നതു നേരാണു്. ജോലി പ്രമാണിച്ചു് നഗരത്തിൽ വന്നിരുന്ന പലരെയും മിഷനറിമാർ ക്രൈസ്തവസഭയിൽ ചേർത്തു[167].

തഞ്ചാവൂരിലെ അച്ചുതനായക്കു് 1557-ൽ സൈന്യവുമായി വന്നു് പോർട്ടുഗീസുകാരുടെ അധിവാസസ്ഥലം കൈയടക്കി നശിപ്പിച്ചുകളയാൻ ഉദ്യമിച്ചു. ഈ രാജ്യത്തു് ക്രൈസ്തവ ദേവാലയങ്ങൾ നിർമ്മിക്കരുതെന്നും നായിക്കമാർ ആജ്ഞാപിച്ചു. ഈ പ്രതികൂല സാഹചര്യത്തിൽ പ്രേഷിതവേല നടത്തുക എളുപ്പമായിരുന്നില്ല[168]. 16-ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടംവരെ ഫ്രാൻസിസ്കൻ സഭക്കാർ മാത്രമാണു് നാഗപട്ടണത്തിൽ മിഷൻപ്രവർത്തനങ്ങൾക്കായി വന്നിരുന്നതു്.

നായിക്കൻമാരുടെ ക്രിസ്തുമതപീഡനം

ഈശോസഭക്കാർ 1597-ൽ നാഗപട്ടണത്തിൽ വന്നു. 1604-ൽ ഡൊമിനിക്കൻ സന്ന്യാസികളും 1625-ൽ അഗസ്റ്റീനിയൻ മിഷനറിമാരും പ്രേഷിതവേലക്കായി എത്തി. അക്കാലത്തു് പ്രധാന ദേവാലയങ്ങൾ ശ്രുതാവൈദികരുടെ മേൽനോട്ടത്തിലായിരുന്നു[169]. 1577-ൽ തഞ്ചാവൂരിലെ നായിക്കൻമാർ പോർട്ടുഗീസുകാരെ ആക്രമിച്ചപ്പോൾ അവർ നാഗപട്ടണത്തിൽനിന്നു് ഓടി രക്ഷപ്രാപിക്കുവാൻ ശ്രമിച്ചു. വാഹനങ്ങൾ തക്കസമയത്തു കിട്ടായ്കയാൽ ഒട്ടുവളരെ ക്രിസ്ത്യാനികൾക്കു രക്ഷ പ്രാപിക്കുവാൻ സാധിച്ചില്ല. ഇപ്രകാരം കൈനിയിൽപ്പെട്ടവരിൽ 60 പോർട്ടുഗീസുകാരും 300 യൂറോപ്യന്മാരും 3,000 ഇന്ത്യൻ ക്രൈസ്തവരും ഉൾപ്പെട്ടിരുന്നു. ഇതിൽനിന്നു് നാഗപട്ട

---

166. G Schurhammer: Francis Xavier p. 552.
167. Achilles Meersman: Ancient Fransiscan Provinces in India pp. 385-386.
168. Joseph Thekkedeth: History of Christianity in India Vol. II. pp. 195-197.
169. Achilles Meersman: "The Franciscans in Tamilnadu" pp. 56-57.

malankaralibrary.com

ണത്തിൽ വളരെയധികം ക്രൈസ്തവരുണ്ടായിരുന്നുവെന്നു ഊഹിക്കാം. വേളാങ്കണ്ണിയിൽ ഫ്രാൻസിസ്ക്കൻ മിഷനറിമാർ മീൻപിടുത്തക്കാരിൽ പലരെയും ജ്ഞാനസ്നാനപ്പെടുത്തി [170].

ഗോവയിലെ വൈസ്രോയിക്ക് നാഗപട്ടണം പൗരാവലി 1642-ൽ അയച്ച കത്തിൽ നാഗപട്ടണത്തിൽ ഏഴു വയസ്സു കഴിഞ്ഞ ഏഴായിരം ക്രിസ്ത്യാനികളുണ്ടെന്നു രേഖപ്പെടുത്തിയിരുന്നു. നാല് ഇടവകകളിലായി ഈ ക്രൈസ്തവസമൂഹം വളർന്നു. നാലു ദേവാലയങ്ങളും രണ്ടു കപ്പേളയും, പാവപ്പെട്ടവരെയും രോഗികളെയും ശുശ്രൂഷിക്കുന്ന ഒരു കരുണാലയവും (മിസരികോർദിയ) നാലു സന്ന്യാസാശ്രമങ്ങളും ഇവിടെ ഉണ്ടായിരുന്നു [171].

ദേവാലയങ്ങളെ ഓഫീസുകളാക്കിയ ഡച്ചുകാർ

ഡച്ചുകാർ 1658-ൽ നാഗപട്ടണം കീഴടക്കി. തഞ്ചാവൂരിലെ നായിക്ക് ഡച്ചുകാക്ക് അവകാശപ്രമാണവും സമീപത്തുള്ള പത്ത് ഗ്രാമങ്ങളും കൊടുത്തു സന്തുഷ്ടരാക്കി. ഡച്ചുകാർ ഈ നഗരം കരസ്ഥമാക്കിയശേഷം ആദ്യം ചെയ്തത് എല്ലാ കത്തോലിക്ക പുരോഹിതന്മാരെയും സന്ന്യാസികളെയും നാട്ടിൽനിന്നു ബഹിഷ്ക്കരിക്കുകയാണു്. വേളാങ്കണ്ണിയിലെ ഫ്രാൻസിസ്ക്കൻ സന്ന്യാസികളെമാത്രം പുറത്താക്കിയില്ല. നഗരത്തിനു പുറത്തുള്ള ഗ്രാമങ്ങളിൽ ജോലി ചെയ്യുന്ന മിഷനറിമാരെ ബഹിഷ്ക്കരിക്കുന്നതു, ഒരുപക്ഷേ നായിക്കന്മാരുടെ അപ്രീതിക്കു കാരണമായേക്കുമെന്നു ഡച്ചുകാർ കരുതിയിരിക്കണം [172]. വൈദികരെ ബഹിഷ്ക്കരിച്ച ശേഷം ഡച്ചുകാർ ദേവാലയങ്ങളും ഓഫീസു കെട്ടിടങ്ങളാക്കി മാറ്റി. പിന്നീടു പ്രോട്ടസ്റ്റാൻറ് മതപ്രചാരണത്തിനു പരിശ്രമിച്ചു. 1670-ൽ കത്തോലിക്കരോടുള്ള വിരോധത്തിനു അല്പം കുറവുണ്ടായി. ഒരു ഫ്രാൻസിസ്ക്കൻ മിഷനറിയെ എണ്ണായിരം കത്തോലിക്കരുടെ ആധ്യാത്മികകാര്യങ്ങളും നിർവഹിക്കാൻ അനുവദിച്ചു. ഇത്രയേറെ പേരുടെ ആത്മീയാവശ്യങ്ങളും സാധിച്ചു കൊടുക്കുക ഏറെ ശ്രമകരമാണല്ലൊ [173].

മൈലാപ്പൂർ

"മയിലാപ്പുരിയു"ടെ അപഭ്രംശ രൂപമാണ് മൈലാപ്പൂർ. മയിൽ പക്ഷിക്കു ലത്തീൻഭാഷയിൽ "പാവോ" (Pavo) എന്നാണ് പറയു

170. Achilles Meersman: Franciscans in Tamilnadu op. cit. pp. 58-59.

171. Achilles Meersman: op. cit. p. 60.

172. Achilles Meersman: Indian Ecclesiastical Studies n-I. pp. 66-67.

173. Philip Baldeus: A True and Exact Description of East India Coasts of Malabar p. 567.

malankaralibrary.com

ക. പുരിക്ക പട്ടണം, നഗരം എന്നൊക്കെ അത്ഥമുണ്ട്. മയിലാപ്പുരിക്ക് അങ്ങനെ "മയിലുകളുടെ പട്ടണം" എന്നത്ഥം. ഒരു കാലത്തു് ഇവിടെ ധാരാളം മയിലുകൾ ഉണ്ടായിരുന്നിരിക്കാം. മദ്രാസിൽനിന്നു മൂന്നു കിലോമീറ്റർ തെക്കു് ടോളമി പരാമർശിക്കുന്ന "മയിലാപ്പൂർ" ഈ പട്ടണം തന്നെയാണെന്നു് പൗളിനൂസ് പാതിരി [174] അഭിപ്രായപ്പെടുന്നു. ഫാ. ഫിഗ്രോദോ രചിച്ച "പൊടിയിൽനിന്നുള്ള ശബ്ദം (Voice from the Dust) എന്ന ഗ്രന്ഥത്തിൽ പറയുന്നതു് ചോഴ മണ്ഡലം, മൈലായി (Mylai), മൈലാപ്പൂർ എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നുവെന്നാണു്. റോമൻ വണിക്കുകൾക്കു് ഈ സ്ഥലം സുപരിചിതം. 1662-ൽ ഡച്ചുകാരുടെ സഹായത്തോടെ മുഹമ്മദീയർ ഈ സ്ഥലങ്ങളെല്ലാം കൈയടക്കി. അങ്ങനെ പോർട്ടുഗീസുകാക്കു് തങ്ങളുടെ സ്ഥാപനങ്ങൾ നഷ്ടപ്പെട്ടു.[175]

സെൻറ് തോമസ് കബറിടം

പതിനഞ്ചാംനൂറ്റാണ്ടിന്റെ അവസാനം വന്ന പോർട്ടുഗീസുകാക്കു് വി. തോമസ് അപ്പസ്തോലന്റെ ഇന്ത്യയിലെ പ്രേഷിതവൃത്തിയെക്കുറിച്ചു് അവ്യക്തമായെങ്കിലും ഒരു അവബോധം ഉണ്ടായിരുന്നിരിക്കണം. ഇന്ത്യയുടെ തെക്കുകിഴക്കു തീരത്തുള്ള ചോഴ മണ്ഡലത്തു മൈലാപ്പൂരിൽ മാർത്തോമ്മായുടെ ശവകുടീരം ഉള്ളതായി അവർക്കു് അറിവു് കാണും. ആദ്യത്തെ രണ്ടു് ദശകങ്ങളിൽ പോർട്ടുഗീസുകാരുടെ ശ്രദ്ധ മുഴുവൻ മലബാർ തീരത്തും ഗോവയിലുമായി തങ്ങി. അതുകൊണ്ടു് മൈലാപ്പൂരിലെ കാര്യങ്ങൾ അവരുടെ ശ്രദ്ധയിൽ വിഷയീഭവിച്ചില്ല. 16-ാം നൂറ്റാണ്ടിന്റെ 3-ാം ദശകത്തിൽ മാത്രമാണു് വി. തോമ്മാശ്ലീഹായുടെ ശവകുടീരവും മറ്റും അവരുടെ ഗവേഷണവിഷയമായതു്. 1517-ൽ പോർട്ടുഗീസുകാർ മൈലാപ്പൂർ നേരിട്ടു് സന്ദർശിച്ചു.

പോർട്ടുഗീസുരാജാവു് ഇമ്മാനുവലിനു്, ഇന്ത്യയിൽനിന്നു് വി. തോമ്മാശ്ലീഹായുടെ കഴിമാടത്തെപ്പറ്റി അനവധി നിവേദനങ്ങളും അഭ്യർത്ഥനകളും ലഭിച്ചു. വിശുദ്ധന്റെ കഴിമാടം കണ്ടെത്താൻ ഗവേഷണങ്ങൾ നടത്തണമെന്നും, ആ ക്രിസ്തുശിഷ്യന്റെ പാവനസ്മരണ നിലനിറുത്തുവാൻ വേണ്ടതു ചെയ്യണമെന്നും രാജാവു്, പോർട്ടുഗൽ ഗവർണർമാരോടും ആവശ്യപ്പെട്ടുകൊണ്ടിരുന്നു.[176]

---

174. പൗളിനൂസ് പാതിരി: പൗരസ്ത്യ ഭാരതത്തിലെ ക്രൈസ്തവ മതം. പേജ്. 139.

175. എം. മുണ്ടാടൻ: സെൻറ് തോമസ് ചരമശതാബ്ദി സ്മാരകം 1972. മൈലാപ്പൂർ. പേജ്. 103.

176. M: Mundadan: Traditions of Indian Apostolate of St. Thomas and the Tomb of Mylapore: Christian Heritage of Kerala. p. 27.

malankaralibrary.com

മാർത്തോമ്മാ കബറിടം

പോർട്ടുഗീസുകാർക്കു വി. തോമ്മാശ്ലീഹായെപ്പറ്റിയോ,വിശ്വാസത്തിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ചോ സുവ്യക്തമായ ധാരണകളില്ലായിരുന്നു. മൈലാപ്പൂരിലോ, ചോഴമണ്ഡലത്തിലെ തീരപ്രദേശങ്ങളിലെവിടെയോ വി. തോമസ് അപ്പസ്തോലന്റെ കല്ലറ ഉള്ളതായി അവർ കേട്ടിരുന്നു. ഇരുപതിലേറെ വർഷങ്ങൾക്കുശേഷമാണ് ഈ കാര്യത്തെപ്പറ്റി അവർ കൂടുതൽ ചിന്തിച്ചതു്.1517-നു ശേഷം പോർട്ടുഗീസുകാർ വിവിധ സംഘങ്ങളായി മൈലാപ്പൂർ സന്ദർശിച്ചു.

ഗോവൻ ഗവർണർ ഡ്വാർട്ടെ ഡെ മെനേസസ് 1521-ലും 1522-ലും ഓരോ കമ്മീഷനെ മൈലാപ്പൂരിലേയ്ക്കയച്ചു് വി. തോമസ് അപ്പസ്തോലന്റെ കബറിടത്തെക്കുറിച്ചു് പര്യാന്വേഷണം നടത്താൻ ആവശ്യപ്പെട്ടു. പ്രഗത്ഭനായ ഫാ. സാൽവാറൊഷന്റെ ഡിയാഗൊ ആയിരുന്നു കമ്മീഷനുകളുടെ ഒരംഗം.അദ്ദേഹം മൈലാപ്പൂരിൽ വിശ്വാസത്തെ സംസ്ഥാപിച്ചിരിക്കുന്ന സ്ഥലം സന്ദർശിച്ചു് ദേവാലയവും പരിസരവും പുനരുദ്ധരിച്ചു് സ്ഥലം സമാകർഷകമാക്കാൻ മാസ്റ്റർപ്ലാൻ തയ്യാറാക്കി. ഈ പദ്ധതി നടപ്പാക്കുന്നതിനു് പോർട്ടുഗീസധികൃതർ വിസമ്മതിച്ചു. വലിയ ധനവ്യയമുള്ള പദ്ധതിയായതുകൊണ്ടു് തല്ക്കാലം അതു ഉപേക്ഷിച്ചു.പിന്നീടു് ഫാ. അന്റോണിയൊ ഗില്ലിനെ പ്രധാനകപ്പേളയും അതിനോടനുബന്ധിച്ച മതിലുകളും മറ്റും കേടുപാടുകൾ പോക്കി കമനീയമാക്കുന്നതിനു് ഭരമേൽപ്പിച്ചു.

കുഴിച്ചപ്പോൾ അസ്ഥിപഞ്ജരം

പിന്നീടു് കുഴിമാടം കുഴിച്ചെടുക്കുന്നതിനുതന്നെ തീരുമാനിച്ചു.തദനുസരണം 1523 ജൂണിലെ ഒരു ശനിയാഴ്ച കബറിടഭാഗം അഞ്ചടിയോളം ഭൂമി താഴ്ത്തിയപ്പോൾ കോൺക്രീറിനുതാഴെ അടിയിൽ പണിയായുധം മുട്ടി. മൂന്നു വ്യത്യസ്തമായ അട്ടിയായി കോൺക്രീറും മണ്ണും ഉള്ളതായി കാണപ്പെട്ടു. ഈ മൂന്നു് കോൺക്രീറുതട്ടുകളും പൊളിച്ചു മാറ്റിയപ്പോൾ അതിന്റെ കീഴു് മണ്ണും കുമ്മായവും കൂടിക്കുഴഞ്ഞ മറ്റൊരു അട്ടികൂടി ദൃശ്യമായി.ഈ മണ്ണും കുമ്മായവും മാറ്റി പരിശോധിച്ചപ്പോൾ വളരെ ദ്രവിച്ചുപഴകിയ ഏതാനും എല്ലുകളും ഒരു ഇരുമ്പുകഷണവും കണ്ടുകിട്ടി. ഇവ വി. തോമാശ്ലീഹായെ കുത്തിക്കൊല്ലാനായി ശത്രുക്കൾ ഉപയോഗിച്ച കുന്തത്തിന്റെ അവശിഷ്ടങ്ങളായിരിക്കാമെന്നു് പോർട്ടുഗീസുകാർ വിചാരിച്ചിരിക്കണം. കൂടാതെ ഒരു മൺകലശവും കണ്ടെത്തി [177]. ഈ സാഹസോദ്യമത്തെക്കുറിച്ചു് ചില പോർട്ടുഗീസ് ചരിത്രകാരന്മാരുടെ വിവരണത്തിൽനിന്നു് മനസ്സിലാകുന്നതു് അവർ വി. തോമ്മാശ്ലീഹായുടെ അസ്ഥിപഞ്ജരം മുഴുവനായി അന്നു് കണ്ടെത്തി എന്നാണു്.അതു് സത്യവിരുദ്ധമായ പ്രസ്താവന

177. Correa G: Lendas da India. Lisbon(1858) pp. 787-789.

malankaralibrary.com

യാണ് എന്നാണ് ഫാ. മത്തിയാസ് മുണ്ടാടന്റെ അഭിപ്രായം. കാരണം അസ്ഥികളും വളരെ ജീർണിച്ചതും ദ്രവിച്ചു തുടങ്ങിയവയുമായിരുന്നു. അവർ കണ്ടുകിട്ടിയെന്നു പറയുന്ന പെട്ടിക്ക് ഒരു മുഴം നീളവും അരമുഴം ഉയരവും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഈ ചെറിയ പെട്ടിയിൽ വിശുദ്ധന്റെ അസ്ഥികളെല്ലാം എങ്ങിനെ അടക്കംചെയ്യാൻ കഴിയും [178].

ശവകുടീരാസ്ഥാനം

തെക്കുകിഴക്കെതീരത്തു ചോഴമണ്ഡലത്തിലാണ് മൈലാപ്പൂർ. കൊറമണ്ഡൽ ചോഴമണ്ഡലത്തിന്റെ അപഭ്രംശരൂപമാണ്. പന്ത്രണ്ടും പതിനാലും നൂറ്റാണ്ടുകളിൽ മുഹമ്മദീയർ ഈ സ്ഥലത്തെ മാബൽ (Mabal)എന്നു പറഞ്ഞിരുന്നു. കുട്ടികിടക്കുന്ന സ്ഥാനം എന്നാണ് ഈ അറബിവാക്കിന്റെ അർത്ഥം. ഇപ്പോഴത്തെ മദ്രാസിന്റെ പ്രാന്തപ്രദേശത്താണ് മൈലാപ്പൂർ. വളരെ പുരാതനമായ പട്ടണം.വി. തോമസ് അപ്പസ്തോലന്റെ ശവകുടീരം ഇന്ത്യയിൽതന്നെയാണ് എന്നതിനു് എല്ലാ നൂറ്റാണ്ടുകളിലും ഒന്നോ അതിലധികമോ സാക്ഷ്യങ്ങളുണ്ടായിട്ടുണ്ട്. വി. ജോൺ ക്രിസോസ്റ്റമിന്റെ കാലത്തു നമ്മുടെ അപ്പസ്തോലൻ ഇന്ത്യയിൽത്തന്നെയാണ് പ്രേഷിതവൃത്തി നടത്തിയതെന്നും വേദസാക്ഷി മകുടംചൂടി അവിടെത്തന്നെയാണ് സംസ്ക്കരിക്കപ്പെട്ടതെന്നും അറിഞ്ഞിരുന്നു. അതിനുശേഷമുള്ള നൂറ്റാണ്ടുകളിലും തെളിവുകൾ കാണാം. ഏഴാംനൂറ്റാണ്ടിലെ സാക്ഷ്യപ്രകാരം വി. തോമസ് അപ്പസ്തോലനെ കബറടക്കം ചെയ്തതു് ഇന്ത്യയിലെ "ഖലിമായ" അല്ലെങ്കിൽ "കലാമിന" എന്ന സ്ഥലത്താണെന്നു് വിശ്വസിച്ചിരുന്നു. 14–ാം നൂറ്റാണ്ടിൽ കലാമിന, അല്ലെങ്കിൽ മേയ്ലാപൊ എന്ന സ്ഥലത്താണെന്നു് ഊഹിച്ചിരുന്നു. അതിനുശേഷമുള്ള നൂറ്റാണ്ടുകളിലെ രേഖകളിലാകട്ടെ വി. തോമസിന്റെ ശവകുടീരം മൈലാപ്പൂരാണെന്നു പ്രസ്താവിക്കുന്നുണ്ട്.പോർട്ടുഗീസുകാരല്ല വിശുദ്ധന്റെ ശവകുടീരം മൈലാപ്പൂരിൽത്തന്നെയാണെന്നു് തെളിയിച്ചതു്. അവർക്കു മുൻപേതന്നെ വളരെപ്പേർ വിശുദ്ധന്റെ ശവകുടീരമായി അതിനെ പരിഗണിച്ചിരുന്നുവെന്നു് ബാറോസ് എഴുതിയിരിക്കുന്നു. "1598–ൽ പോർട്ടുഗീസുകാർ ഇന്ത്യയിൽ വരുമ്പോഴും മൈലാപ്പൂരിൽ അഥവാ സാൻതോമിൽ രണശൂരന്മാരായ പോർട്ടുഗീസു നേതാക്കന്മാർ രമ്യഹർമ്യങ്ങളിൽ വസിച്ചിരുന്നു. അഭിവൃദ്ധിപ്പെട്ടുവന്ന വാണിജ്യംനിമിത്തം സമ്പാദിച്ച പണംകൊണ്ടു് അവർ കെട്ടിടങ്ങളും നിർമ്മിച്ചു. സമ്പൽസമൃദ്ധമായ ജീവിതം അവർ നയിച്ചുപോന്നു." 1545 ഏപ്രിൽ

178. A. M. Mundadan: Traditions of Indian Apostolate of St. Thomas and the Tomb of Mylapore op. cit. pp 27, 28.

malankaralibrary.com

മാസത്തിൽ വി. ഫ്രാൻസിസ് സേവ്യർ മൈലാപ്പൂരു് ഒരു തീർത്ഥാടകനെന്നനിലയിൽ സന്ദർശിച്ചു [179].

പുണ്യശരീരമല്ലാതെ മറെറാരു നന്മയുമില്ല

അക്കാലത്തു മൈലാപ്പൂരിലെ ക്രൈസ്തവരുടെ ജീവിതം സാന്മാർഗികമായി അധ:പതിച്ചതായിരുന്നു. അത്യാഗ്രഹവും വഷളായ ജീവിതവും നിമിത്തം തിമിരം ബാധിച്ചവർ. ഈ ക്രൈസ്തവരുടെ ആധ്യാത്മിക ഉന്നമനം ലക്ഷ്യമാക്കിയാണ് വി. ഫ്രാൻസിസ് സേവ്യർ പ്രേഷിതപ്രവർത്തനങ്ങൾ ആരംഭിച്ചതു്. 1548–ൽ ഈശോസഭക്കാർ സാൻതോമിൽ[180] ഒരു ജസ്വീറ്റ് മിഷൻ സ്റ്റേഷൻ ആരംഭിച്ചു. ഫാ. അൽഫൊൻസ് സുപ്രിയൻ ഈ മിഷന്റെ ആദ്യ സുപ്പീരിയർ. ഏതാനും പോർട്ടുഗീസുകാരുടെ അസന്മാർഗജീവിതം ക്രിസ്തുമതത്തോടു വെറുപ്പും അവജ്ഞയും ഉളവാക്കി. അതിനാൽ ഹൈന്ദവരെ ക്രിസ്തുമതത്തിലേക്കു് മാനസാന്തരപ്പെടുത്തുന്നതിനു സാധ്യത കുറവായിരുന്നു. ഇക്കാരണത്താൽ ഈശോസഭക്കാർക്കു സാൻതോമിൽ മിഷൻപ്രവർത്തനം നടത്താൻ താല്പര്യമില്ലായിരുന്നു. ബ്രദർ ജൊയാവൊ ലോപ്പസ് അഭിപ്രായപ്പെട്ടതു് സാൻതോമിൽ തോമസ് അപ്പോസ്തലന്റെ പുണ്യശരീരമല്ലാതെ മറു യാതൊരു നന്മയും ഉണ്ടായിരുന്നില്ല എന്നത്രെ[181]. വി. തോമ്മാശ്ലീഹായുടെ കബറിടസ്ഥലത്തേക്കു് ധാരാളം വിശ്വാസികളും തീർത്ഥാടനം നടത്തിയിരുന്നു. അതൊരു തീർത്ഥാടന കേന്ദ്രമാക്കിയതും പുതിയപള്ളി നിർമ്മിച്ചതും മറും പോർട്ടുഗീസുകാരാണു് എന്നു പൗളീനൂസ് പാതിരി എഴുതിയിരിക്കുന്നു.[182].

1606 ജനുവരി 9–ാം തീയതി പോപ്പ് അഞ്ചാമൻ മാർപാപ്പ മൈലാപ്പൂർ പള്ളി ഭദ്രാസനദേവാലയമായി ഉയർത്തി. കൊറമണ്ഡൽ തീരത്തു നാഗപട്ടണംമുതൽ വടക്കോട്ടുള്ള ഒറീസ, പെഗു, ബംഗാൾ എന്നീ സ്ഥലങ്ങൾ മൈലാപ്പൂരിലെ തോമ്മാശ്ലീഹായുടെ ഭദ്രാസനത്തിനു കീഴിൽ പോർട്ടുഗീസ് പദ്രുവാദോ അധികാരത്തിനു വിധേയമായി.

രൂപതാസ്ഥാപനം, മെത്രാന്മാർ

മൈലാപ്പൂർ 1606–ൽ രൂപതയായിത്തീരുന്നതിനുമുമ്പു് ആദ്യം ഗോവയുടെ കീഴിലായിരുന്നു. 1558 മുതൽ കൊച്ചിരൂപതയുടെ അധീനതയിലായി. 1893 മുതൽ 1896 വരെയുള്ള മൂന്നുവർഷംകൊണ്ടാണു്

179. Shurhammer G.: St.Francis Xavier P. 555.
180. Shurhammer G:St. Francis Xavier. p. 558.
181. Gervasis Mulakara: History of the Diocese of Cochin Vol. I. p. 90.
182. പൗരസ്ത്യഭാരതത്തിലെ ക്രൈസ്തവസഭ പേജ് 150

malankaralibrary.com

ഇപ്പോഴത്തെ ഗോത്തിക്ക കത്തീഡ്രൽ സ്ഥാപിതമായതു്. 1606-ൽ വിശുദ്ധ അഗസ്റ്റിന്റെ സഭാംഗമായ ഡോ. സെബാസ്റ്റ്യൻ ആ സാൻക്തോ പെത്രോ പോഥം അഞ്ചാമൻ മാർപാപ്പയാൽ മെത്രാനായി നിയമിക്കപ്പെട്ടു. 20 മെത്രാൻമാർ ഈ രൂപതയെ ഭരിച്ചിട്ടുണ്ടു്. 1950-ൽ ഇതു് മദ്രാസ് അതിരൂപതയോടുചേർത്തു. സലേഷ്യൻ സഭാംഗമായ ഡോം മാനുവൽ ലൂയിസ് മത്തിയാസ് ആയിരുന്നു ഒടുവിലെ മെത്രാൻ.

രാജസംരക്ഷണാധികാര മെത്രാന്മാർ

വിശുദ്ധ അഗസ്റ്റിന്റെ താപസസഭാംഗമായ ഡോ.സെബാസ്റ്റ്യൻ ആ സാൻക്തോ പെത്രോ മെത്രാനെ 1615-ൽ കൊച്ചിയിലേയ്ക്കും പിന്നീടു് ഗോവയിലേയ്ക്കും സ്ഥലംമാറ്റി.വി. അഗസ്റ്റിന്റെ താപസ സഭാംഗമായ ഡോ. ലൂഡവിക്കസ് ദെ ബ്രിട്ടൊ 1615-ൽ മെത്രാനായി. 1624-ൽ അദ്ദേഹം കൊച്ചിയിലേക്ക സ്ഥലം മാറി. ഫ്രാൻസിസ്ക്കൻ സഭാംഗവും ലിസ്ബൺ സ്വദേശിയുമായ പോഥം ദെ സൗറെല്ല 1638-ൽ അന്തരിച്ചു. വി. അഗസ്റ്റിന്റെ താപസസഭാംഗമായ ഡോ. ലൂഡവിക്കസ് ദെമെല്ലോ 1639-ൽ മെത്രാനായി. ഈ നിയമനത്തിനു് അംഗീകാരം ലഭിച്ചില്ല. പ. ത്രിത്വത്തിന്റെ സഭാംഗമായ ഡോ. ദിദാക്കാസ് ദെ മെസഡോസ്മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടുവെങ്കിലും സ്ഥാനത്യാഗംചെയ്തു. 1630-ൽ നിഷ്പാദുക കർമ്മലീത്താ സഭാംഗമായ ഡോ. സെബാസ്റ്റ്യൻ ആ കൺസെപ്സിയോനെ 1656-ൽ മെത്രാനാക്കി. അഗസ്തീനിയൻ സഭാംഗമായ ഡോ. ഏമ്മാനുവൽ ആ യേശു 1746-ൽ ഗോവയിലാണു ജനിച്ചതു്.1782 ജനുവരി 29-ാം തീയതി മൈലാപ്പൂർ ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്തു.

മൈലാപ്പൂരിലെ മെത്രാന്മാക്കു് ഭരണസമതിയോ, വികാരി ജനറൽമാരോ, ഔദ്യോഗികസ്ഥാനമുള്ള മറ്റാരെങ്കിലുമോ സഹായത്തിനില്ലായിരുന്നു. രൂപതയിൽ സെമിനാരിയോ പോർട്ടുഗീസുരാജാവിന്റെ സഹായത്തോടെ നടത്തപ്പെട്ടുന്ന പബ്ലിക് സ്കൂളുകളോ ഉണ്ടായിരുന്നില്ല. മാർപാപ്പ അനുവദിച്ച പദ്ധവാദൊ അധികാരം മെത്രാൻമാർ യഥേഷ്ടം കൈകാര്യം ചെയ്തിരുന്നു[183].

ബംഗാൾ

പതിനാറാംനൂറ്റാണ്ടിൽ ഇന്ത്യയുമായി പ്രധാന ബന്ധം പുലർത്തിയിരുന്ന യൂറോപ്യൻ രാജ്യം പോർട്ടുഗലാണു്. ക്രിസ്തുമതം പ്രചരിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണല്ലോ പോർട്ടുഗീസുരാജാക്കന്മാർ പൗരസ്ത്യദേശത്തിലേക്ക നാവികയാത്ര സംഘടിപ്പിച്ചിരുന്നതു്[184].

183. പൗരസ്ത്യഭാരതത്തിലെ ക്രൈസ്തവസഭ പേജു് 159-160.

184. Thekkedeth: History of Christianity in India Vol. II. pp. 2-5.

malankaralibrary.com

അതുകൊണ്ട് പതിനാറ്, പതിനേഴ് നൂറ്റാണ്ടുകളിൽ ക്രിസ്തുമതപ്രചരണവിഷയത്തിൽ പോർട്ടുഗീസു മിഷനറിമാർ അത്യുത്സുകരായി. 17-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഡച്ചുകാരും ഇംഗ്ലീഷുകാരും ഇന്ത്യൻ സമുദ്രത്തിലെ പോർട്ടുഗീസു നാവിക ബലത്തെ വെല്ലുവിളിച്ചതോടുകൂടി പോർട്ടുഗീസു ശക്തി ക്ഷയോന്മുഖമായി. ദക്ഷിണേന്ത്യയിലെ പല പോർട്ടുഗീസു കോട്ടകളും 1663-നും 1667-നുമിടയിൽ ഡച്ചുകാർ പിടിച്ചെടുത്തു. ആ പ്രദേശങ്ങളിൽനിന്നു പോർട്ടുഗീസുകാരെ തുരത്തി. അതോടെ കത്തോലിക്ക മതപ്രചരണത്തിനും കോട്ടം തട്ടി.

പതിനാറാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ബംഗാളിലും ഒറീസ്സയിലും പോർട്ടുഗീസു സാഹസികർ സ്ഥലങ്ങൾ കൈയടക്കുന്നതിനു പ്രശമിച്ചിരുന്നു. ബംഗാളിൽ പോർട്ടുഗീസു മിഷനറിമാർ പ്രേഷിതപ്രവർത്തനങ്ങൾ ആരംഭിച്ചകാലത്തു് ഈ പ്രോവിൻസിന്റെ ഭരണഭോഗവും മുസ്ലീങ്ങളുടെ അധീനതയിലായിരുന്നു. 1518-ൽ ഈ രാജ്യം ഭരിച്ചിരുന്ന ഗിയാസ് ഉദ്ദിൻ മുഹമ്മദ് ഷായെ, ഷേർഖാൻ സൂർ യുദ്ധത്തിൽ പരാജയപ്പെടുത്തി. ഹുമയൂണിനെ തോല്പിച്ചു. 1540-ൽ അദ്ദേഹം ഡൽഹിയിലെ സുൽത്താനായി. അങ്ങനെ ബംഗാൾ വീണ്ടും ഡൽഹി സാമ്രാജ്യത്തിന്റെ സാമന്തരാജ്യമായി. എട്ടു വർഷങ്ങൾക്കുശേഷം ബംഗാൾ വീണ്ടും സ്വതന്ത്രമായി. 1575-ൽ അക്ബർ ചക്രവർത്തി ദാവൂദ് ഖാനിയെ ടുക്കറോയിയിൽവച്ചു് പരാജയപ്പെടുത്തി. ബംഗാൾ വീണ്ടും ഡൽഹിയുടെ അധീനത്തിലായി[185].

പോർട്ടുഗീസ് ആസ്ഥാനങ്ങൾ

1517-ൽ തന്നെ ബംഗാളിലെ പ്രധാന തുറമുഖമായ ചിറ്റഗോങ്ങിൽ കച്ചവടം നടത്താൻ ഒരു ഫാക്ടറി സ്ഥാപിക്കുന്നതിനു പോർട്ടുഗീസുകാർ പരിശ്രമിച്ചുകൊണ്ടിരുന്നു[186]. രണ്ടു ദശാബ്ദക്കാലം അവർ അതിനായി പരിശ്രമം നടത്തി. പെട്ടെന്നാണ് രാഷ്ട്രീയ അനിഷ്ടസംഭവങ്ങൾ നിമിത്തം ചില പരിവർത്തനങ്ങൾ ബംഗാളിലുണ്ടായതു്. ഷേർഖാൻസൂർ ബംഗാളിനെ ആക്രമിച്ചു. ബംഗാളിലെ സുൽത്താൻ മുഹമ്മദ് ഷാ തന്റെ ശക്തനായ ഏതിരാളിയെ തുരത്തുവാൻ പോർട്ടുഗീസുകാരുമായി സഖ്യത്തിലേർപ്പെട്ടു. ഫാക്ടറികൾ നിർമ്മിക്കുന്നതിനും ചിറ്റഗോങ്ങിലും സാറഗോണിലുമുള്ള പ്രമുഖ തുറമുഖങ്ങളിൽ കുരുപ്പുരകൾ സ്ഥാപിക്കുന്നതിനും പോർട്ടുഗീസുകാർക്ക് അനുമതി നൽകി. പൂർവ്വബംഗാളിൽ പോർട്ടുഗീസുകാരുടെ പ്രഥമ ആസ്ഥാനങ്ങളായിരുന്ന ചിറ്റഗോങ്ങും, സാറഗോണും. 1559-ൽ ബംഗാൾ

185. Jadunath Sarkar: The History of Bengal (Muslim Period 1973) p. 188.

186. Thekkedath: History of Christianity in India Vol. II.pp.452-57.

malankaralibrary.com

രാജാവു ഇന്ത്യയിലെ പോർട്ടുഗീസ് വൈസ്രോയി ഡോ. കോൺസ്റ്റന്റിനോ ബ്രഗാൻസായുമായി ഉടമ്പടി ചെയ്തു. തദ്ദേശരാജാവിനോടു യുദ്ധത്തിനു വരുന്നവരെ നേരിടേണ്ടിവരുമ്പോൾ അദ്ദേഹത്തെ സഹായിച്ചുകൊള്ളാമെന്നു വാഗ്ദാനംചെയ്തിരുന്നു.

അക്ബർ ചക്രവർത്തി ബംഗാളിനെ ആക്രമിച്ചു പിടിച്ചെടുത്തശേഷം പോർട്ടുഗീസു ക്യാപ്റ്റനായ പെഡ്രോ ടാവരസിനു ഹൂഗ്ളിയിൽ ഒരു നഗരം സ്ഥാപിക്കുന്നതിനു ചക്രവർത്തിയിൽ നിന്നുതന്നെ അനുമതി ലഭിച്ചു. ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനും ദേവാലയങ്ങൾ നിർമ്മിക്കുന്നതിനുമുള്ള അനുമതിയും നേടി. 1580-ൽ ടാവരസ് ഹൂഗ്ളിയിൽ ഒരു നഗരം സ്ഥാപിച്ചു. ഏതാണ്ടു വർഷങ്ങൾകൊണ്ടു അതു ബംഗാളിലെ ഏറ്റവും വലിയ വാണിജ്യ കേന്ദ്രമായി.[187]

വാണിജ്യകേന്ദ്രം വളരുന്നു

പതിനാറാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ബംഗാളിന്റെ വിദേശ രാജ്യങ്ങളുമായുള്ള വാണിജ്യം പോർട്ടുഗീസുകാരുടെ അധീനതയിലായി. ആദ്യകാലങ്ങളിൽ കൈവശമുണ്ടായിരുന്ന ഹൂഗ്ളി, സാറഗോണാ, ചിറ്റഗോങ്ങ് തുറമുഖങ്ങളോടു ഹിജിലി, പിപ്ലേലി, ബാൻജാ, ടമുറംകു, ഡക്കാ മുതലായവകൂടി ചേർത്തു. കാലക്രമത്തിൽ ഹൂഗ്ളിയിലെ പോർട്ടുഗീസുകാർ മുഗൾചക്രവർത്തിമാരിൽ നിന്നു വേർപിരിഞ്ഞു സ്വതന്ത്രമായി വ്യാപരിച്ചുതുടങ്ങി. നാമമാത്രമായ കപ്പംകൊടുത്തും. മുഗൾഗവർണർമാരുടെ പ്രതിഷേധങ്ങളെ അവഗണിച്ചുകൊണ്ടും പോർട്ടുഗീസുകാർ ഉടമ്പടി ലംഘിച്ചുകൊണ്ടിരുന്നു.[188]

ഹൂഗ്ളിയിൽ ആധിപത്യവും വാണിജ്യവും ഉൽക്കർഷം പ്രാപിച്ചതോടെ പശ്ചിമബംഗാളിന്റെ പൂർവദേശത്തും പല കച്ചവടകേന്ദ്രങ്ങളും പോർട്ടുഗീസുകാർ സ്ഥാപിച്ചു. പോർട്ടുഗീസ് നാവികരുടെ തൊഴിൽപരമായുള്ള സാമർത്ഥ്യവും പ്രതാപവും നിമിത്തം സ്വതന്ത്രരായ ചതോക്കയിലെ പ്രതാപഡിയാറ, ശ്രീപൂരിലെ ചാന്ദ്രായി, ബക്ളയിലെ രാമചന്ദ്രൻ, കത്രാബെയിലെ ഭരണാധികാരികളും എന്നിവരുടെ സ്നേഹാദരങ്ങളും വിശ്വാസവും ആർജ്ജിക്കുവാൻ അവർക്കു കഴിഞ്ഞു. 1610-ൽ സെബാസ്റ്റ്യൻ ഗോൺസാൽവസ് ടിബോ എന്ന സാഹസികൻ കാൺസാൻഡ്വിപ്പ് എന്ന ദ്വീപിലെ ഭരണാധികാരിയായി സ്വയം പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ അ

187. Campos J. J. A: History of the Portuguese in Bengal op. cit. pp. 26-43.

188. Campos J. J. A: "History of the Church of our Lady, Calcutta, 1992. p. 6.

malankaralibrary.com

ധികാരം ദീർഘനാളം നീണ്ടുനിന്നില്ല. 1616 – ൽ ആരക്കാനിലെ രാജാവു ഈ ദ്വീപ് ആക്രമിച്ചു കീഴടക്കി, ഗോൺസാംവസിന്റെ കാലഘട്ടം മുതൽ പോർട്ടുഗീസുകാരുടെ കുത്തഴിഞ്ഞതും അനിയന്ത്രിതവുമായ പരാക്രമങ്ങളായിരുന്ന പൂർവബംഗാളിൽ. മറ്റു രാജ്യക്കാരെ ആക്രമിച്ച് കൊള്ളചെയ്തു ഉപജീവനം നടത്തിപ്പോന്ന. ഈ പോർട്ടുഗീസു കടൽകള്ളന്മാർ സാധാരണ ജനങ്ങൾക്ക് പേടിസ്വപ്നമായി. അക്കാരായിലെ രാജാവു ഇവരെയെല്ലാം ആക്രമിച്ചു കസ്റ്റഡിയിലെടുത്തതോടുകൂടി ജനങ്ങൾക്ക സമാധാനം കൈവന്ന. പിന്നീട അവരെ ചിറ്റഗോങിലും റെഡയാൻഗയിലും കുടിയേറിപാർക്കാൻ അനുവദിച്ചു. എന്നാൽ അദ്ദേഹം പോർട്ടുഗീസുകടൽക്കള്ളന്മാരുടെ പിൻബലത്തോടെ മുഗൾരാജ്യത്തെ കൊള്ളയടിച്ചു. സ്ത്രീകളെയും പുരുഷന്മാരെയും അടിമകളായി പിടിച്ചുകൊണ്ടുപോയി. കൈവശപ്പെടുത്താൻ കഴിയാത്തവയെല്ലാം അഗ്നിക്കിരയാക്കി. 1666 വരെ ഈ ഭീകരപ്രവൃത്തി നീണ്ടുനിന്ന. ഷയിസ്റ്റഖാൻ ചിറ്റഗോങ്ങ് ആക്രമിച്ചു കീഴടക്കിയതോടെ പോർട്ടുഗീസുകാരുടെ ശക്തി ക്ഷയിച്ചുതുടങ്ങി[189]. ഒരുവർഷത്തിനകം പോർട്ടുഗീസുകാർക്ക ഹുഗ്ലിയിൽ അധിവസിക്കുന്നതിനും വ്യാപാരസ്വാതന്ത്ര്യം വീണ്ടെടുക്കുന്നതിനും കഴിഞ്ഞു. പൂർവപ്രതാപവും രാഷ്ട്രീയസ്വാധീനവും ലഭിച്ചില്ല. അപ്പോഴേക്കും ഡച്ചുകാരും ബ്രിട്ടീഷുകാരും പോർട്ടുഗീസുകാരുടെ വാണിജ്യകേന്ദ്രങ്ങളുടെ കുത്തകാവകാശം കൈവശപ്പെടുത്തിയിരുന്ന.

ഏറ്റവും ഫലപുഷ്ടിയുള്ള പ്രദേശം

യൂറോപ്യൻ സഞ്ചാരികളായ മൻറിക്കും (Manrique) ബർനിയും ബംഗാളിന്റെ ഫലപുഷ്ടിയെപ്പറ്റി പ്രകീർത്തിക്കുന്നുണ്ട്. ലോകത്തിലെ ഏറ്റവും ഫലപുഷ്ടിയുള്ള രാജ്യം ഈജിപ്റ്റാണെന്നാണ് പൊതുധാരണ. ബംഗാളിനാണ് ഈ ബഹുമതി നൽകേണ്ടതു് എന്നു ബർനി അഭിപ്രായപ്പെടുന്ന. നെല്ലും കരിമ്പും സമൃദ്ധിയായി ഇവിടെ കൃഷിചെയ്യുന്ന. വിദേശവ്യാപാരികളെ ആകർഷിക്കത്തക്കവിധം പഞ്ചസാരയും തുണിത്തരങ്ങളും പട്ടുവസ്ത്രങ്ങളും മെഴുകും ഇവിടെ സുലഭം.

ബംഗാളിലെ ക്രിസ്തുമതപ്രചരണത്തെക്കുറിച്ചു 1574–ലെ ഫാ. ജോർജ് കാസ്റ്റ്രോ എസ്. ജെ യുടെ കുറിപ്പുകളിൽനിന്നു വിവരം ലഭിക്കുന്ന. ബംഗാളിലേക്കും പെഗ്രുവിലേക്കും വന്നിരുന്ന പോർട്ടുഗീസുകാരോടുകൂടി ആദ്യകാലഘട്ടങ്ങളിൽ ക്രൂപതാവൈദികർ സുവിശേഷപ്രചരണത്തിനു മുൻകൈയെടുത്തു. അവർ പലർക്കും ജ്ഞാനസ്നാനം നൽകി. തുടർന്ന് കൊച്ചിരൂപതയിൽപ്പെട്ട ഫാ. ജിൽ ഈനസ് പെരേര 1578–ൽ സാർഗോണിലെ വികാരിയായി[190].

---

189. J. J. A. Campos: History of Portuguese in Bengal pp. 154-168.

190. അക്കാലത്തു കൊച്ചിരൂപതയുടെ കീഴിലായിരുന്ന ബംഗാളിലെ ക്രിസ്ത്യാനികരം.

malankaralibrary.com

രാജാക്കൻമാരുടെ എതിർപ്പ്

ഈശോസഭക്കാർ 1568–ലും 1569–ലും ബംഗാളിൽ പ്രേഷിത പ്രവർത്തനത്തിനു വന്നു. ഹുഗ്ളിയിൽ അവർ സ്കൂളും ആസ്പത്രിയും സ്ഥാപിച്ചു. അവിടെനിന്നു ജെസ്സൂറിലെ തലസ്ഥാനമായ ചന്ദെക്കറി ലേയ്ക്കു പോയി. അവിടെ ഈശോസഭക്കാരായ മിഷനറിമാരെ ജെസ്സൂ റിലെ രാജപുത്രനും പോർട്ടുഗീസുകാരും ഹൃദ്യമായി സ്വീകരിച്ചു. ചന്ദെ ക്കറിൽ ഈശോസഭക്കാർ ദേവാലയം നിർമ്മിച്ചു. ശ്രീപ്പൂരിലും ബക്ലാ യിലും മിഷൻപ്രവർത്തനം ആരംഭിച്ചു. ചിറഗോങ്ങിലും ഡൈമാൻ ഗായിലും പ്രേഷിതപ്രവർത്തനങ്ങൾ നടത്തി. 1605–ൽ പോർട്ടുഗീസു കാരും അരക്കാനിലെ രാജാവും തമ്മിൽ ശത്രുതയിലായി. ഏതാനും ഈശോസഭാമിഷനറിമാരെ രാജാവു തടവിലാക്കി. ക്രിസ്ത്യാനി കളെ പീഡിപ്പിച്ചു. ചന്ദെക്കറിലെ രാജാവും ക്രിസ്ത്യനികളെ ദ്രോ ഹിച്ചുതുടങ്ങി. രാജാക്കൻമാർ നിർദ്ദാക്ഷിണ്യമായി വർത്തിച്ചതിനാൽ മിഷനറിമാർ ബംഗാൾ വിട്ടു പെഗുവിലേയ്ക്കു കടന്നു. കുറെപ്പേർ കൊ ച്ചിയിലേയ്ക്കും തിരിച്ചു[191].

ഈശോസഭക്കാരുടെ മാനസാന്തരയജ്ഞം

ആറു ഈശോസഭാവൈദികർ 1616–ൽ ബംഗാളിന്റെ വിവിധ ഭാഗങ്ങളിൽ പ്രേഷിതപ്രവർത്തനം പുനരാരംഭിച്ചു. ഒരു മിഷനറി ശ്രീ പൂരിൽ താമസിച്ചു സുവിശേഷവേല ചെയ്തു. അവിടെ ആയിരം ക്രി സ്ത്യാനികളും അഭയാർത്ഥികളായിട്ടുണ്ടായിരുന്നു. മറൊരു ഈശോ സഭാവൈദികൻ ഡക്കായിലെ പ്രേഷിതമേഖലയിൽ വ്യാപൃതനായി. ഹുഗ്ലിയിലും പിപ്ലിയിലും നാലു ഈശോസഭാവൈദികർ താമസി ച്ചു പ്രേഷിതപ്രവർത്തനങ്ങൾ നടത്തിപ്പോന്നു. ഹുഗ്ലിയിൽ ഈശോ സഭക്കാർ കോളജ് സ്ഥാപിച്ചു. കുട്ടികളെ എഴുതുവാനും വായിക്കുവാ നും അഭ്യസിപ്പിച്ചു. 1625–ൽ അവിടെ പ്ളേഗുബാധ. രോഗബാധി തരായവരെ മിഷനറിമാർ ശുശ്രൂഷിച്ചു. നാലു ഈശോസഭക്കാരും രണ്ടു അഗസ്റ്റീനിയൻ സഭാവൈദികരും മരണമടഞ്ഞു.

അഗസ്റ്റീനിയൻ സഭക്കാർ ബംഗാളിലും ഒറീസ്സയിലും 1599–ലാ ണു പ്രേഷിതപ്രവർത്തനത്തിനായി വന്നതു. അഗസ്റ്റീനിയൻ സഭാം ഗമായ ഡോ. അലക്സു മെനേസിസാണു ഈ സഭാംഗങ്ങളെ ബംഗാളി ലേക്കയച്ചതു. കൊച്ചി മെത്രാന്റെ ഭരണസീമയിൽപ്പെട്ട സ്ഥലമായി രുന്നു ബംഗാൾ. അദ്ദേഹം അഗസ്റ്റീനിയൻ മിഷനറിമാരെ അങ്ങോട്ടയയ്ക്കുന്നതിനാവശ്യമായ അനുമതി നൽകിയിരുന്നു. അവരുടെ സുപ്പീരി യറിനെ തന്റെ വികാരി ജനറലായി നിയമിക്കയും ചെയ്തു[192].

---

191. H. Josson: La Mission du Bengale Orient al on Archdiocese of Calcutta Vol. I. pp. 12-17.

192. H. Josson: La Mission du Bengale Oriental pp. 79-80

malankaralibrary.com

ഹൂഗ്ലിയിലും അഗസ്റ്റീനിയൻ മിഷനറിമാർ പ്രേഷിതപ്രവർത്തനം നടത്തി. അവിടെ വി. നിക്കളാവൂസിന്റെ നാമത്തിൽ ഒരാശ്രമം സ്ഥാപിച്ചു. ജപമാല രാജ്ഞിയുടെ നാമത്തിൽ മറെറാരു ദേവാലയവും. ഹിജിലി, പിപ്ളബാംഗ എന്നീ തുറമുഖങ്ങളിലും ക്രിസ്തുമതം പ്രചരിപ്പിച്ചുപോന്നു. 1612-ൽ ചിറഗോങ്ങിലും പ്രേഷിതപ്രവർത്തനങ്ങൾ തുടങ്ങി.

അഗസ്റ്റീനിയൻ, ഈശോസഭക്കാർ എന്നിവരെക്കൂടാതെ ഡൊമിനിക്കൻ സഭക്കാരും 1601-ൽ ബംഗാളിൽ സുവിശേഷപ്രചരണാർത്ഥം വന്നു. പോർട്ടുഗീസുകാരുടെ അഭ്യർത്ഥനയനുസരിച്ച് രണ്ടു ഡൊമിനിക്കൻ മിഷനറിമാർ ഡെയംഗയിൽ വന്നു ആശ്രമവും ദേവാലയവും സ്ഥാപിച്ചു.1602-ൽ ജപമാലരാജ്ഞിയുടെ തിരുനാളാഘോഷത്തിൽ 500 പേർ ദിവ്യകാരുണ്യം സ്വീകരിച്ചു. അറാഖാൻ രാജാവും പോർട്ടുഗീസുകാരും തമ്മിൽ യുദ്ധമുണ്ടായതിനെ തുടർന്നു ആ വർഷാവസാനം ദേവാലയം നശിപ്പിക്കപ്പെട്ടു. സമാധാനം പുനഃസ്ഥാപിക്കപ്പെട്ടപ്പോൾ ഡൊമിനിക്കൻ മിഷനറിമാർ അവിടെ സുവിശേഷവേല തുടരാൻ രാജാവു അനുമതി നൽകി. രാജാവിന്റെ ചെലവിൽ ദേവാലയവും ആശ്രമവും പണികഴിപ്പിച്ചു. സമാധാനപരമായ അന്തരീക്ഷം അവിടെ അധികംനാൾ നീണ്ടുനിന്നില്ല. ഡൊമിനിക്കൻ മിഷനറിമാർ ഗോവയിലെ തങ്ങളുടെ സുപ്പീരിയറിന്റെ ആജ്ഞയനുസരിച്ച് ഡെയംഗയിൽനിന്നു മടങ്ങിപ്പോന്നു [193]. അവർ വിടപറഞ്ഞതിനു ശേഷം രണ്ട് ഫ്രാൻസിസ്ക്കൻ മിഷനറിമാർ ചിറഗോങ്ങിൽ 1605-ൽ പ്രേഷിതപ്രവർത്തനം നടത്തി. കലാപം പൊട്ടിപ്പുറപ്പെട്ടതിനാൽ അവിടെനിന്നു അവർക്കു മടങ്ങിപ്പോരേണ്ടിവന്നു. ഏതാനും ശ്രുപതാവൈദികർ ചിറഗോങ്ങിലും ഹൂഗ്ളിയിലും ക്രിസ്ത്യാനികളുടെ ആത്മീയകാര്യങ്ങളും നിർവഹിച്ചുപോന്നു.

ആസാമിൽ

ഭാരതത്തിലെ ഏറെറം വിഷമംപിടിച്ച മിഷൻ മേഖലയായിരുന്നു ആസാം. കസെലു, കബ്രാൽ എന്നീ രണ്ടു പോർട്ടുഗീസ് ഈശോസഭക്കാരാണ് ആസാമിൽ ആദ്യം കാലുകുത്തിയതു്. മലബാർ പ്രോവിൻസിൽനിന്നു തിബത്തിലേക്കുള്ള യാത്രക്കിടയിൽ 1626 സെപ്റ്റംബർ 26-നു അവർ ബ്രഹ്മപുത്രാതടത്തിലെത്തി. അഞ്ചുമാസക്കാലം അവിടെ താമസിച്ചശേഷം അവർ യാത്ര തുടർന്നു. പോർട്ടുഗീസുകാരും മുഗൾരാജാക്കന്മാരുമായുള്ള സമ്പർക്കത്തിലായിരിക്കണം ആസാമിലെ തങ്കുനി ഗ്രാമത്തിൽ 7000 ത്തോളം വരുന്ന സജീവ ക്രൈസ്തവസമൂഹം നിലവിൽ വന്നതു്. അന്നു മൈലാപ്പൂർ ശ്രുപതയുടെ

193. H. Hostor; The Dominicans of Chittagong-Bengal Past and Present (1601-1603) IX p. 1-5.

malankaralibrary.com

കീഴിലായിരുന്ന ആസാം. ഫ്രാൻസിസ്‌ലയിനസ് എന്ന ഈശോ സഭാ മെത്രാൻ ദുർഘടമായ യാത്രചെയ്ത 1716-ൽ അവരെ സന്ദർശിച്ചു. ആയിരത്തോളംപേർക്ക് സ്ഥൈര്യലേപനം നൽകി [194].

മുഗൾ കൊട്ടാരത്തിൽ

പോർട്ടുഗീസ് മിഷനറിമാർ മുഗൾസാമ്രാജ്യത്തിന്റെ തലസ്ഥാനനഗരിയിൽ നാനൂറുവർഷം മുൻപ് സ്ഥാനം പിടിച്ചു. വിൻസന്റ് സ്മിത്ത് തന്റെ ഇന്ത്യാചരിത്രത്തിൽ പോർട്ടുഗീസുകാരും അക്ബർചക്രവർത്തിയും തമ്മിലുള്ള ബന്ധം വിവരിച്ചിട്ടുണ്ട്. 1572-ൽ കംപെയിൽവച്ചാണ് അക്ബർ പോർട്ടുഗീസുകാരുമായി ബന്ധപ്പെട്ടന്നത്. ഗോവ വൈസ്രോയിയുടെ പ്രതിപുരുഷൻ അൻടോണിയോ കബ്രാളുമായി ചക്രവർത്തി സൂററിൽ സമാധാന ഉടമ്പടിയിൽ ഒപ്പുവച്ചു. ബംഗാളിലെ വികാരി ജനറൽ ഫാ. ജൂലിയൻ പെരേരായിൽ നിന്നും അക്ബർ ക്രിസ്ത്യാനികളെപ്പററി ചില അറിവുകളും സമ്പാദിച്ചു.

ചക്രവർത്തിയായി 1586-ൽ സിംഹാസനാരോഹണം ചെയ്തപ്പോൾ പശ്ചിമേന്ത്യയിലും പൂർവേന്ത്യയിലും പോർട്ടുഗീസുകാർക്കുള്ള ആധിപത്യത്തെക്കുറിച്ച് അക്ബർ തികച്ചും ബോധവാനായിരുന്നു. 1509-ൽ ഡിയുവിലെ നാവികയുദ്ധത്തിൽ സാമൂതിരിയുടെയും ഗുജറാത്തിലെയും ഈജിപ്ററിലെയും സുൽത്താന്മാരുടെ നൂറിലധികം വരുന്ന കപ്പൽപ്പടയെ കൊച്ചിയിൽനിന്നുവന്ന പോർട്ടുഗീസ് നാവികസേന പരാജയപ്പെടുത്തി.

അക്ബർ ചക്രവർത്തി

ചെങ്കടലിൽവച്ച് 1514-ൽ സൊക്കൊട്രായെ ആക്രമിച്ചു പിടിച്ചെടുത്തതും ഓർമസ്സിലെ ഏററവും പ്രധാന പേർഷ്യൻ തുറമുഖം കൈവശപ്പെടുത്തി അവിടെ കോട്ട നിർമ്മിച്ചതും മറും ചക്രവർത്തിക്കറിയാമായിരുന്നു. സൂററിലെ ഹൂഗ്ളിയിലുള്ള പോർട്ടുഗീസ് കേന്ദ്രങ്ങൾ വഴി പോർട്ടുഗലിൽനിന്നും പീരങ്കികളും മറു യുദ്ധസാമഗ്രികളും മുഗൾസാമ്രാജ്യം കരസ്ഥമാക്കി. ഈ കാരണങ്ങളാൽ അക്ബർ ചക്രവർത്തി പോർട്ടുഗീസുകാരുമായി രമ്യതയിലും സൗഹാർദ്ദത്തിലും കഴിഞ്ഞുകൂടുവാൻ ആഗ്രഹിച്ചു [195]. ബംഗാളിലെ വികാരി ജനറൽ ഫാ. പെരേരയെ രാജകൊട്ടാരത്തിലേക്ക് അക്ബർ ചക്രവർത്തി ക്ഷണിച്ചു. കടൽരാജാക്കന്മാരും പോർട്ടുഗീസുകാരുമായി മൈത്രിയിൽ കഴിയുക, അവരുമായി സഹവർത്തിത്വം പുലർത്തുക എന്നതാണ് ചക്രവർത്തിയുടെ മുഖ്യോദ്ദേശ്യമെന്നു ഫാ. പെരേരയ്ക്കു

194. ടി.വി. ജോൺ എസ്. ജെ.: മിസൊറാം, സത്യദീപം 1964 ഒക്ടോബർ 17.
195. അക്കാലത്തു ബംഗാൾ കൊച്ചിരൂപതയിൽ പെട്ടിരുന്നു

malankaralibrary.com

അറിയാമായിരുന്നു. അക്ബറിനെയും രാജകുടുംബത്തെയും ക്രിസ്തുമതത്തിൽ ചേർക്കാൻ അദ്ദേഹത്തിനു മോഹമില്ലാതിരുന്നില്ല. ഫാ. പെരേരയ്ക്കു പേർഷ്യൻ ഭാഷ അറിവില്ലാതിരുന്നതിനാൽ ചക്രവർത്തിയെ ക്രിസ്തുമതസംബന്ധമായ കാര്യങ്ങളും പഠിപ്പിക്കുന്നതിനായി രണ്ടു ജ്ഞാനികളായ വൈദികരെ അയയ്ക്കുന്നതിനും വൈസ്രോയിയോടു ആവശ്യപ്പെടുന്നതിനും തന്റെ അസിസ്റ്റന്റിനെ ഗോവയിലേക്കയച്ചു. മുൻപു കൊച്ചിയിലെ ജസ്വീറ്റ് കോളജിൽ പഠിപ്പിച്ചിരുന്നവരും ഗോവയിൽ സെന്റ്പോൾസ് കോളജിലെ അദ്ധ്യാപകരും ദൈവശാസ്ത്രപണ്ഡിതരുമായ ഈശോസഭക്കാരായ മൂന്നു വൈദികരും, ഒരു ബഹുഭാഷാ പണ്ഡിതനും ഡൽഹിയിൽ ആഗതരായി. ഫാ. റുഡൊൾഫ് അക്വാവീവായും, അന്തോണിയോ മൊൻസറേറ്റും ഫ്രാൻസീസ് ഹെൻറിക്വസും ആയിരുന്നു വൈദികർ.

സർവമതസമ്മേളനം

രാജാവിനെയും രാജകുടുംബത്തെയും ക്രിസ്തുമതത്തിലേയ്ക്കു പരിവർത്തനം ചെയ്തുകഴിഞ്ഞാൽ ഡൽഹിയിലെ മറ്റു മതത്തിൽപെട്ടവർ ക്രിസ്തുമതം സ്വീകരിക്കാൻ ഇടവരുമെന്നു അവർ ആശിച്ചു [196]. പോർട്ടുഗീസുകാരായ ഈ രണ്ടു ഈശോസഭാവൈദികർക്കു ഫാത്തേപൂർ സിക്രിയിൽ (Fatepur Sikri) 1580 ഫെബ്രുവരി 28-നു ഹൃദ്യസ്വീകരണം നല്കി. ഇബാദ്ഖാന (IBA-DAT KHANA) യിൽവച്ചു സർവമതസമ്മേളനവും നടത്തി. അതിൽ ഷിയ, സുന്നി വിഭാഗത്തിൽപെട്ട മുസ്ലീംങ്ങളും ഹൈന്ദവശാസ്ത്രികളും ജയിൻ പണ്ഡിതന്മാരും, പാർസി പുരോഹിതന്മാരും, യഹൂദരും, സിക്കുകാരും, രണ്ടു ഈശോസഭാവൈദികരും സംബന്ധിച്ചിരുന്നു [197]. ഫാ. വിക്കി (Wicki) പ്രസ്തുത സമ്മേളനത്തെക്കുറിച്ചു: "സമ്മേളനത്തിന്റെ ആരംഭംമുതൽക്കുതന്നെ ഈശോസഭാവൈദികരും മുസ്ലീങ്ങളും തമ്മിൽ വാദപ്രതിവാദം നടന്നിരുന്നു. അക്ബർ ചക്രവർത്തിയും മന്ത്രിയായ അബ്ദും ഫാസിയും ക്രൈസ്തവ പുരോഹിതരുടെ വാദമുഖങ്ങളോടാണ് അനുഭാവം കാണിച്ചതു" [198].

ആദ്യത്തെ വാദപ്രതിവാദത്തിനുശേഷം അക്ബർ ചക്രവർത്തി ഈശോസഭാ വൈദികരെ അല്പം അകലെ നിർത്തി ഇസ്ലാംമതത്തെ അത്ര നിശിതമായി ഖണ്ഡിക്കാതിരിക്കാൻ ശ്രമിക്കണമെന്നു പറഞ്ഞു

196. Joseph Thekkedeth: History of Christianity in India Vol. II p. 428.

197. Documenta Indica pp. 43-46.

198. ഫാ. വിൻസന്റ് സ്മിത്ത് 'ഇന്ത്യാചരിത്രം' പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽനിന്നാണ് അക്ബർ ചക്രവർത്തി വിളിച്ചുകൂട്ടിയ സർവമതസമ്മേളനത്തെപ്പറ്റി വിവരം ലഭിച്ചതു.

malankaralibrary.com

മിഷനറിമാരെ, ഈ മതഭ്രാന്തന്മാർ ഉപദ്രവിക്കുന്നതിനു ഇടയാക്കരുതെന്നും അറിയിച്ചു [199].

ചക്രവർത്തി ഈശോസഭക്കാർക്കു ഹൃദ്യസ്വീകരണം നല്കി. സൗഹാർദ്ദമായി അവരോട് ചക്രവർത്തി സംസാരിച്ചു. ഈ സുഹൃത്സമ്പർക്കം ചക്രവർത്തിയുടെ ഭരണത്തിൽ കടന്നുകൂടിയ ഏതാനും വീഴ്ചകളെയും തെറ്റുകളെയും ചൂണ്ടിക്കാണിക്കാൻ വൈദികർക്ക് പ്രചോദനം നൽകി. ചക്രവർത്തി സതിയോടു കാണിക്കുന്ന സഹിഷ്ണത, ബഹുഭാര്യാത്വം, വിശ്രുദ്ധകാര്യങ്ങൾ ഗ്രഹിക്കുന്നതിൽ കാണിക്കുന്ന നിസ്സംഗത തുടങ്ങിയവ അവർ പരാമർശിച്ചു. ചക്രവർത്തി ഈ സാരോപദേശങ്ങളും, നിർദ്ദേശങ്ങളും, കുറ്റാരോപണങ്ങളും സൗമ്യമായി സ്വീകരിച്ചു [200].

ചക്രവർത്തിയുടെ വിശ്വാസവ്യവസ്ഥകൾ

തന്റെ രാജ്യത്തു ക്രിസ്തുമതം പ്രസംഗിക്കുന്നതിനും മതപരിവർത്തനം നടത്തുന്നതിനും അക്ബർ അദ്ദേഹത്തിനു അനുമതി നൽകിയിരുന്നു. പരിശുദ്ധ മെത്രാനെക്കുറിച്ചുള്ള സഭയുടെ സിദ്ധാന്തങ്ങളും, ദൈവത്തിന്റെ മനുഷ്യാവതാരവും താൻ ക്രിസ്തുമതം സ്വീകരിക്കുന്നതിനു പ്രതിബന്ധമായി നിലകൊള്ളുന്നുവെന്നു അദ്ദേഹം തുറന്ന മനസ്സോടെ അറിയിച്ചു. ചക്രവർത്തിയുടെ മാനസാന്തരത്തിനു മറ്റു മൂന്നു വിഘ്നങ്ങൾകൂടി ഉണ്ടെന്നു ഫാ. അകപവീവ ചൂണ്ടിക്കാട്ടുന്നു. ചക്രവർത്തി ശ്രദ്ധാപൂർവം കാര്യങ്ങൾ വീക്ഷിച്ചിരുന്നില്ല. തനിക്കുണ്ടായിരുന്ന ബഹുഭാര്യമാരെ ഉപേക്ഷിക്കാൻ സന്നദ്ധനായിരുന്നില്ല. ക്രിസ്തുമതം സ്വീകരിക്കണമെങ്കിൽ ഒരത്ഭുതം പ്രവർത്തിച്ചു കാണിക്കണം. അതായതു ക്രിസ്തുമതം യഥാർത്ഥത്തിൽ ദൈവത്താൽ സ്ഥാപിക്കപ്പെട്ട മതമാണോ അല്ലയോ എന്നറിയാൻ ഒരു ഈശോസഭാ വൈദികനും, ഒരു മുള്ളായും തങ്ങളുടെ വേദപുസ്തകം കൈയിൽപിടിച്ചുകൊണ്ടു അഗ്നികുണ്ഡത്തിൽ ചാടുക. യാതൊരു ക്ഷതവും പൊള്ളലുമേൽക്കാതെ പുറത്തുവരുന്നവന്റെ മതം ദൈവത്താൽ വെളിപ്പെടുത്തപ്പെട്ടതാണെന്നു വിശ്വസിക്കാമെന്നാണ് ചക്രവർത്തി ശഠിക്കുന്നതു [201]. ഇസ്ലാംമതത്തെ അദ്ദേഹം അപമാനിച്ചു എന്ന സഹോദരന്റെ കുറ്റാരോപണവും വിദ്വേഷവും 1508-ൽ അതിന്റെ മൂർദ്ധന്യാവസ്ഥയിലെത്തിയിരുന്നു. ഈശോസഭാവൈദികരോടു മുസ്ലീമുകൾക്കു വിദ്വേഷം വർദ്ധിച്ചുവന്നു, ഏതാനും ദിവസങ്ങൾ കഴിഞ്ഞ് അക്ബർ ചക്രവർത്തിയിൽ മാറ്റം വന്നു. ക്രിസ്തുമതതത്വങ്ങളെക്കുറിച്ചു കൂടുതൽ ഗ്രഹിക്കുന്നതിനു ചക്രവ

199. John Correa Afonso:Letters from the Mughal Court,Bombay pp. 7.
200. Joseph Wicki: Documenta Indica XII pp. 35-37.John Correia Afonso op. cit. pp. 42-47.
201. John Correia: Afonso op. cit. pp. 96-97.
Joseph Thekkedeth: History of Christianity in India Vol. II. pp 426-27.

malankaralibrary.com

വത്തി ആഗ്രഹം പ്രകടിപ്പിച്ചു. ഇസ്ലാംമതത്തോടുള്ള അനുഭാവംകാരണം ഇസ്ലാംമതത്തിലെ ഏതാനും നടപടികളെ ഉപേക്ഷിച്ചു. അതേസമയം ഹിന്ദുക്കളുടെയും പാർസികളുടെയും ചില ആചാരാനുഷ്ഠാനങ്ങളും സ്വീകരിച്ചു. വേദപുസ്തകത്തെക്കുറിച്ചുള്ള മതിപ്പ് ചക്രവത്തിയിൽ ഇല്ലാതായി. ഇതെല്ലാം ഈശോസഭാ വൈദികരെ നിരാശരാക്കി. ഈ സംരംഭം നിർത്തി ഗോവയിലേക്കു മടങ്ങിപ്പോകാൻ അവർ തീരുമാനിച്ചു. ഫാ. അക്വാവീവ ഒഴികെ മറ്റു രണ്ടുപേരും സ്ഥലംവിട്ടു. ചക്രവത്തി ഫാ.അക്വാവീവയോട് സ്നേഹവാത്സല്യമുള്ളവനായിരുന്നു. അതിനാൽ ഫാ അക്വാവീവ സ്ഥലംവിടുന്നകാര്യം ചക്രവർത്തിക്കു വളരെ വിഷമമുണ്ടാക്കി. 1583 ഫെബ്രുവരി അവസാനം ഫാ. അക്വാവീവ രാജധാനിവിട്ട് ഗോവയിലേക്കു യാത്രയായി. സാധിക്കുമെങ്കിൽ ഫാ. അക്വാവീവ വീണ്ടും വരണമെന്നു ആവശ്യപ്പെട്ടു [202]. ജഹാംഗീർ ചക്രവർത്തിയുടെ ധനസഹായം

ജഹാംഗീർ കത്തോലിക്കാവൈദികരോട് അക്ബറിനെക്കാൾ കൂടുതൽ ബഹുമാനംകാട്ടി. ചക്രവർത്തി കാബൂളിലേക്കു പോയ അവസരത്തിൽ പോർട്ടുഗീസ് വൈദികനിൽനിന്നു പേർഷ്യൻഭാഷയിലുള്ള സുവിശേഷത്തിന്റെ ഒരു കോപ്പി അദ്ദേഹം സ്വീകരിച്ചു.പള്ളി നടത്തിപ്പിന്റെ ചെലവിലേക്കു ഖജനാവിൽനിന്നും പണം കൊടുത്തു കൊട്ടാരത്തിലെ പ്രധാന ഹാളുകളും മുറികളും ക്രിസ്തീയചൈതന്യം തുളുമ്പുന്ന ചിത്രങ്ങളാൽ അലംകൃതമാക്കി. സൂററിലും ബോംബെയിലും പാണ്ടികശാലകളുംമറ്റും നിർമ്മിക്കുന്നതിനു പോർട്ടുഗീസ് രാജാവിനു ജഹാംഗീർ ചക്രവർത്തി അനുമതി നൽകി. അക്ബർ ചക്രവത്തിയിൽനിന്നും ഇതിനു പോർട്ടുഗീസുകാർക്ക് അനുമതിലഭിച്ചിട്ടുണ്ടായിരുന്നു. വിജനപ്രദേശമായിരുന്ന ബോംബെ പോർട്ടുഗീസുകാർ തുറമുഖപട്ടണമാക്കി.നല്ല ഉൾക്കടലായതുകൊണ്ട് അവർ അതിനെ ബോം ബാഹിയ (goodbay) നല്ല ഉൾക്കടൽ എന്നു പേരു കൊടുത്തു. അങ്ങിനെ അത് ബോംബെയായി.

അക്ബർപത്നിമാരുടെ ശത്രുത

അക്ബർ ചക്രവർത്തി രോഗബാധിതനായപ്പോൾ ക്രിസ്തീയ തത്വങ്ങളെയും വിശ്വാസസത്യങ്ങളെയുംകുറിച്ചു സാമാന്യജ്ഞാനം നൽകി ചക്രവർത്തിയെ ക്രൈസ്തവമതത്തിലേക്കു പരിവർത്തനം ചെയ്യുന്നതിനു ഈശോസഭക്കാർ ഉദ്യമിച്ചു. ആദ്യമായി ഒരു ഭാര്യയെമാത്രം സ്വീകരിച്ചുകൊണ്ട് മറ്റുള്ളവരെ ഉപേക്ഷിക്കാൻ നിർദ്ദേശിച്ചു. മതകാര്യങ്ങളിലേക്കുറിച്ചു സ്വതന്ത്രമായി സംസാരിക്കാൻ ചക്രവർത്തിയുടെ മറ്റു രാജ്ഞിമാരുടെ സാന്നിദ്ധ്യം വിഘാതമായി. ഈശോ

202 John Correa: op. cit. pp. 93-99.
Eduard Maclagan: The Jesuits and Great Mughal p. 36.

malankaralibrary.com

സഭക്കാരുടെ ഉദ്ദേശ്യമെന്തെന്നു് മനസ്സിലാക്കിയ രാജ്ഞിമാർ അവരെ രാജകൊട്ടാരത്തിൽ പ്രവേശിക്കാൻ അനുവദിക്കാതെയായി[203]. അക്ബർ ചക്രവർത്തി ക്രിസ്തീയ വിശ്വാസത്തിലല്ല മരണം പ്രാപിച്ചതു്.

ചക്രവർത്തിയുടെ നിര്യാണത്തിനുശേഷം ഗോവയിലേക്കു് മടങ്ങുന്നതിനു് ഈശോസഭക്കാർ ആഗ്രഹിച്ചെങ്കിലും രാജപുത്രൻ മുരാർഡും രാജ്യാവകാശി ജഹാംഗീറും ക്രൈസ്തവമതത്തോടു് കൂടുതൽ അനുഭാവവും പ്രതിപത്തിയും പ്രദർശിപ്പിച്ചിരുന്നു. അതിനാൽ ഡൽഹിയിൽത്തന്നെ അവർ വസിച്ചു. ആഗ്രയിലെ രാജകൊട്ടാരത്തിൽ ജഹാംഗീർ മാർപാപ്പയുടെയും പോർട്ടുഗീസു രാജാവിന്റെയും സ്പാനിഷ് രാജാക്കന്മാരുടെയും ചിത്രങ്ങളും പൂജരാജാക്കന്മാരുടെയും ബേദ്ലഹേമിലെ ഉണ്ണിഈശോയുടെയും പടങ്ങളും ആട്ടുഗാലറിയിൽ പ്രധാന സ്ഥാനത്തുതന്നെ സൂക്ഷിച്ചിരുന്നു.

മൂന്നു രാജപുത്രൻമാരുടെ ജ്ഞാനസ്നാനം

പോർട്ടുഗീസ് വൈദികരിൽനിന്നു് ക്രിസ്തീയ തത്വങ്ങൾ ഹൃദിസ്ഥമാക്കിയെന്നു് ചിലപ്പോഴൊക്കെ ജഹാംഗീർ സാഭിമാനം പറയാറുണ്ടായിരുന്നു. രാജകീയ ലിഖിതങ്ങളും, ആധാരങ്ങളും മറ്റും ക്രിസ്തുവിന്റെയും പരി. ജനനിയുടെയും രൂപങ്ങൾ ഉള്ള സീൽകൊണ്ടു് മുദ്ര വയ്ക്കാറുണ്ടായിരുന്നു[204]. തൂർജഹാനെമാത്രം ഭാര്യയായി സ്വീകരിച്ച മറ്റുള്ള പത്നിമാരെ ഉപേക്ഷിക്കാൻ വൈദികർ ജഹാംഗീറിനെ ഉപദേശിച്ചുവെങ്കിലും ജഡിക സന്തോഷാസക്തിയുള്ള ചക്രവർത്തി അതു് ചെവിക്കൊണ്ടില്ല. എന്നിരുന്നാലും അവർ തന്റെ അന്തരിച്ച സഹോദരൻ ദാനിയേലിന്റെ മൂന്നു പുത്രന്മാരെ ജ്ഞാനസ്നാനം നൽകി ക്രിസ്തുമതത്തിൽ ചേർക്കുന്നതിനു അനുവദിച്ചു. ആഗ്രയിലെ ദേവാലയത്തിൽ ഈശോസഭാവൈദികർ സാഘോഷം ജ്ഞാനസ്നാനകർമ്മങ്ങൾ നടത്തി. പിൻഹിറോ ഗോവയിലെ മുഖ്യ അംബാസിഡറായി നിയമിക്കപ്പെട്ടു[205].

ജഹാംഗീർ ചക്രവർത്തിയുടെ മനസ്സു 1613-ൽ മാറി. ജ്ഞാനസ്നാനം സ്വീകരിച്ച മൂന്നു രാജപുത്രന്മാരോടും ക്രൈസ്തവമതം ത്യജിക്കാൻ ആവശ്യപ്പെട്ടു. വർഷാവസാനം പോർട്ടുഗീസുകാരുമായി തെറ്റിപ്പിരിഞ്ഞു. ഈശോസഭക്കാരെ പലവിധത്തിൽ പീഡിപ്പിച്ചു. ആഗ്രയിലും ലാഹോറിലുമുള്ള ദേവാലയങ്ങളും പൂട്ടിയിടാൻ ചക്രവർത്തി ആജ്ഞാപിച്ചു. വൈദികർക്കു മാസംതോറും നൽകിയിരുന്ന

203. Jerome Xavier S. J.: Muslims of the Mugal Empire pp. 4-7. Maclagan p. 50.

204. Maclagan pp. 69-71.

205. Maclagan pp. 72-78.

malankaralibrary.com

ബത്തയും സഹായവും നിർത്തി. ജീവിതാവശ്യങ്ങൾക്കായി സ്വർണ്ണവും വെള്ളിയുംകൊണ്ടു നിർമ്മിക്കപ്പെട്ടിരുന്ന കാസ–തിരിക്കാലുകളും മുതലായ പൂജ്യവസ്തുക്കളും വിൽക്കുന്നതിനുപോലും അവർ നിർബന്ധിതരായി. ലാഹോറിലെ ക്രൈസ്തവർക്കു പലവിധത്തിലുള്ള ഞെരുക്കങ്ങളും അനുഭവിക്കേണ്ടിവന്നു. ആഗ്രയിൽ അവർ അഭയം പ്രാപിച്ചു [206]. 1615–ൽ ചക്രവർത്തി വീണ്ടും ഈശോസഭാവൈദികരുമായി മൈത്രിയിലും സൗഹാർദ്ദത്തിലും പെരുമാറിത്തുടങ്ങി.

സാംഹാറിൽ 1623–ൽ രണ്ടു ഫ്രാൻസിസ്കൻ മിഷനറിമാർ ജഹാംഗീർ ചക്രവർത്തിയെ സന്ദർശിച്ചു. ഒരു ഈശോസഭാവൈദികൻ ദിഭാഷിയായി സന്ദർശനഹാളിൽ ഹാജരുണ്ടായിരുന്നു. പോർട്ടുഗീസുഭാഷയിൽ തയ്യാറാക്കിയിരുന്ന പ്രസംഗം ഫ്രാൻസിസ്കൻ മിഷനറി വായിച്ചു. അതു പദ്യവാദൈ കാസ്ത്രൊ പേർഷ്യൻഭാഷയിൽ പരിഭാഷപ്പെടുത്തി. പ്രസംഗത്തിൽ മുഹമ്മദുനബിയെ വ്യാജപ്രവാചകനായി ചിത്രീകരിച്ചിരുന്നു. തന്റെ ആത്മാവിനെ രക്ഷിക്കാൻ ആഗ്രഹിക്കുന്നവർക്കിൽ ക്രിസ്തുമതം ചക്രവർത്തി സ്വീകരിക്കാൻ സന്നദ്ധനാകണമെന്നും മറ്റും പറഞ്ഞതു രാജകൊട്ടാരത്തിലെ മുസ്ലീമുകളെ പ്രകോപിപ്പിച്ചു. അവർ മിഷനറിമാരെ ദ്രോഹോപദ്രവം ചെയ്യുന്നതിനു തുനിഞ്ഞപ്പോഴും ചക്രവർത്തിതന്നെ ഇടപെട്ടു രക്ഷിച്ചു. [207]

രാജകുമാരൻ മുരാർഡ് വൈദികസംരക്ഷണയിൽ

അക്ബർ ചക്രവർത്തിയുടെ രണ്ടാമത്തെ പുത്രനായ മുരാർഡ് രാജകുമാരനെ ഈശോസഭാവൈദികരുടെ സംരക്ഷണയിലും മേൽനോട്ടത്തിലും വളർത്തുവാൻ ഏർപ്പാടു ചെയ്തു. പോർട്ടുഗീസു ഭാഷയും ക്രിസ്തുമത തത്വങ്ങളും പഠിപ്പിക്കുകയായിരുന്നു ലക്ഷ്യം. ചക്രവർത്തിക്കു ദിവ്യജനനിയുടെ ചിത്രത്തോടു വണക്കവും ബഹുമാനവുമുണ്ടായിരുന്നു. വേദപുസ്തകത്തിലെ പുതിയനിയമവും പലപ്പോഴും വായിക്കുകപതിവായിരുന്നു. കുരിശു മുതലായ ക്രിസ്തീയ സ്മാരകങ്ങളോടു ബഹുമാനവും ആദരവും പ്രകടിപ്പിച്ചിരുന്നു. ഫാ. അക്വീവ ഗോവയിലേക്കു മടങ്ങിപ്പോയതോടെ ആദ്യത്തെ ജസ്വീറ്റ് മിഷൻ 1583–ൽ അവസാനിച്ചു. കൂടുതൽ വിജ്ഞരും സമർത്ഥരുമായ ജസ്വീറ്റ് വൈദികരെ അയക്കുവാൻ ചക്രവർത്തി ആവശ്യപ്പെട്ടപ്പോൾ വൈസ്രോയി ഫാ. ജെറോം സേവ്യരേയും, ഫാ. ഇമ്മാനുവൽ പിൻഹിരോയേയും എത്താനും യുവ ഈശോസഭാംഗങ്ങളെയും അകമ്പടിയോടെ ലാഹോറിലെ രാജകൊട്ടാരത്തിലേയ്ക്കയച്ചു. അവിടെ ജനങ്ങളെ മനഃപരിവർത്തനം ചെയ്യുന്നതിനുള്ള അനുവാദം ചക്രവർത്തിയിൽനിന്നു ഈ

206. Maclagan pp. 79-83.

207. Achilles Meersman: The Ancient Franciscan Provinces in India p. 109.

malankaralibrary.com

ശോസഭാംഗങ്ങൾ സമ്പാദിച്ചു. ലാഹോറിൽ മനോഹരവും വിസ്തൃതവുമായ ദേവാലയം നിർമ്മിച്ചു. വൈദികർക്കുവേണ്ടി ഒരു മന്ദിരം ചക്രവർത്തി ലാഹോറിൽ നിർമ്മിച്ചു. അവരുടെ പ്രവർത്തനഫലമായി 1608-ൽ 20 പേർക്ക് ജ്ഞാനസ്നാനം നൽകി.

ജഹാംഗീറിന്റെ അന്തിമരംഗം

ഈശോസഭാംഗങ്ങൾ ജഹാംഗീർ ചക്രവർത്തിയുമായി വലിയ മൈത്രിയിലായിരുന്നതുകൊണ്ടാണ് 1627-ൽ ചക്രവർത്തിക്കു രോഗം പിടിപെട്ടപ്പോൾ ഫാ. കാസ്ത്രോയെ വിളിപ്പിച്ച് ക്രിസ്തുവിനോടു തനിക്കുവേണ്ടി പ്രാർത്ഥിക്കാനും തന്നെ ക്രിസ്ത്യാനാക്കാനും ഉടമപ്പെട്ടത്താനും അഭ്യർത്ഥിച്ചത്. രോഗത്തിൽനിന്നു സൗഖ്യംപ്രാപിക്കുന്നതായാൽ ക്രിസ്തുമതം സ്വീകരിക്കാൻ സന്നദ്ധനാണെന്നു ചക്രവർത്തി വാഗ്ദാനം ചെയ്തതായി ഫാ. കാസ്ത്രോ ധരിച്ചിരുന്നു. രോഗവിമുക്തനായപ്പോൾ ചക്രവർത്തി ക്രിസ്തുമതം സ്വീകരിക്കാനാഗ്രഹിച്ചുവത്രെ. ചക്രവർത്തി തന്റെ വാഗ്ദാനം പാലിക്കാൻ കടപ്പെട്ടവനല്ല എന്നു ഫാ. കാസ്ത്രോ അഭിപ്രായപ്പെട്ടു. ശില്പകലാസുന്ദരമായ കാൽവരിയുടെ ചിത്രം കലാസൗന്ദര്യത്തോടെ നിർമ്മിച്ചതു ജഹാംഗീർ ചക്രവർത്തി ഈശോസഭാവൈദികനു സമ്മാനിച്ചു. ഏതാനും ആഴ്ചകൾക്കുശേഷം ജഹാംഗീർ കാശ്മീരിൽനിന്നു ലാഹോറിലേയ്ക്കു യാത്രചെയ്തു. ആസ്തമരോഗം നിമിത്തം മൃതിയടഞ്ഞു[208].

ഷാജഹാൻ ചക്രവർത്തി ക്രിസ്ത്യാനികളോട് ആദ്യം ക്രൂരമായി പ്രവർത്തിച്ചു. സ്വന്തം പുത്രൻ ഔറംഗസീബ് ഷാജഹാനെ തടവിലാക്കി ആഗ്രയിൽ താമസിപ്പിച്ചു. ഈ അവസരത്തിൽ ഫാ. ബ്രെസ്സെ എസ്. ജെ. യുമായിപരിചയപ്പെടാനും സൗഹൃദബന്ധം പുലർത്താനും ചക്രവർത്തിക്കു സാധിച്ചു. ബന്ധനസ്ഥനായ ഷാജഹാൻ തന്റെ അന്ത്യനാളുകളിൽ ക്രിസ്തുമതം സ്വീകരിച്ചേക്കുമെന്നു ഫാ. ബ്രെസ്സെ പ്രതീക്ഷിച്ചിരുന്നു. എന്നാൽ അവരുടെ ശ്രമം ഫലിച്ചില്ല.[209]

ഔറംഗസീബിന്റെ ആനുകൂല്യങ്ങൾ

ഈ ചക്രവർത്തി നൂറുശതമാനവും മുസ്ലീമായിരുന്നു. അമുസ്ലീമുകളോടു വളരെ ക്രൂരമായി പെരുമാറി. മുസ്ലീമല്ലാത്തവരുടെ മേൽ ചുമത്തിയിരുന്ന നികുതി ഔറംഗസീബ് വീണ്ടും നടപ്പിലാക്കി. നിർദ്ധനരായ ക്രിസ്ത്യാനികൾക്കു നികുതി കൊടുക്കുവാൻ നിർവാഹമുണ്ടായില്ല. അതിനാൽ ഗോവയിലെ പോർട്ടുഗീസ് ഗവർണർ ഈ നികുതിയിൽ

208. Arnult Camps Jerome Xavier S. J: The Muslims of Mughal Empire pp. 71-72.
209 Maclagan pp. 113-117.

malankaralibrary.com

നിന്നു് ക്രിസ്ത്യാനികളെഒഴിവാക്കണമെന്നു് ഔറംഗസീബിനോടു് അഭ്യർത്ഥിച്ചു. തദനുസരണം ക്രൈസ്തവർക്കു് ഈ ആനുകൂല്യം അനുവദിച്ചു. 1679-ൽ ഒരു ദേവാലയം നിർമ്മിക്കുന്നതിനു് അനുമതി നൽകി. ചക്രവർത്തിയുടെ സീമന്തപുത്രനായ മുവ്വാസ്സാം രാജകുമാരൻ ക്രിസ്ത്യാനികളുമായി സൗഹാർദ്ദത്തിലായിരുന്ന സമയത്തിൽ ജോലി നോക്കിയിരുന്ന പോർട്ടുഗീസുവനിത ഡോണ ജൂലിയാനയോടുള്ള മൈത്രീബന്ധവും അവരുടെ പ്രേരണയുമത്രെ ഈ സൗഹാർദ്ദത്തിനു കാരണം[210].

പ്രഗൽഭനായ അക്ബർചക്രവർത്തി മുതൽ ഔറംഗസീബ് വരെയുള്ള മുഗൾ ചക്രവർത്തിമാരുടെ ഭരണകാലത്തു് പോർട്ടുഗീസ് മിഷനറിമാർ ഉൽകൃഷ്ടകൃത്യങ്ങളിലും ജാതിയിലുംപെട്ട പലരെയും ക്രിസ്തുമതത്തിലേക്കു് പരിവർത്തനം ചെയ്യുന്നതിനു് അനുസ്യൂതവും അക്ഷീണവുമായ ശ്രമങ്ങളും നടത്തി. അന്നു് മുഗൾ സാമ്രാജ്യത്തു് ഈ മിഷനറിമാർ കൊളുത്തിയ വിശ്വാസദീപം ഇന്നു് നാലു നൂറ്റാണ്ടുകൾക്കുശേഷവും പ്രോജ്വലിച്ചുകൊണ്ടു് ഒട്ടുവളരെ കേരള മിഷനറിമാരെ ഡൽഹിയിലേക്കു് ആകർഷിക്കുന്നു[211].

പോർട്ടുഗീസുകാരുടെ നേരെ കുറ്റപത്രം

ഷാജഹാൻ 1627-ൽ സിംഹാസനാരൂഢനായി. തന്റെ പിതാവു ജഹാംഗീറിനു് ക്രൈസ്തവരോടുണ്ടായിരുന്ന സ്നേഹദരങ്ങൾ ഷാജഹാനെ ഉൽക്കണ്ഠാകുലനാക്കി. ക്രൈസ്തവവിദ്വേഷമാണ് ഈ സ്നേഹബന്ധം ഷാജഹാനിൽ ഉളവാക്കിയതു്. പോർട്ടുഗീസുകാർക്കെതിരായി ചില കുറ്റാരോപണങ്ങളും ഈ കാലത്തു് ഉയർന്നുവന്നു. ബംഗാളിലെ ഏതാനും മുസ്ലീം യുവാക്കളെയും ഹിന്ദുക്കളെയും പോർട്ടുഗീസു മിഷനറിമാർ അടിമകളാക്കി ക്രിസ്തുമതത്തിലേക്കു് പരിവർത്തനം ചെയ്തു. മുംതാസ് മഹാറാണിയുടെ രണ്ടു് അടിമകളെ ഹുഗ്ലിയിൽവച്ചു പിടിച്ചു കാരാഗൃഹത്തിലടച്ചു. ജഹാംഗീറിന്റെ മാതാവിന്റെ നാലു മുഗളകപ്പലുകളും പിടിച്ചെടുത്തു. അതിലെ മൂന്നുലക്ഷം രൂപ വിലവരുന്ന സാധനസാമഗ്രികളോടുകൂടി കപ്പൽ അഗ്നിക്കിരയാക്കി. ഈ ക്രൂരകൃത്യത്തിനു് ഉടനെ പ്രത്യാഘാതമുണ്ടായി. ദർബനിലുണ്ടായ പോർട്ടുഗീസ് അധിവാസ കേന്ദ്രങ്ങളും, മുഗൾ യോദ്ധാക്കളും ആക്രമിച്ചു് കൊള്ളയടിച്ചു. പോർട്ടുഗീസുകാരെ ഹുഗ്ലിയിൽനിന്നു നിഷ്കാസനം ചെയ്യുന്നതിനു് ബംഗാളം ഗവർണർക്കു് ഷാജഹാൻ ചക്രവർത്തി ആജ്ഞ നൽകി. അക്ബർചക്രവർത്തിയാണു് പോർട്ടുഗീസുകാർക്കു് ഹുഗ്ലിയിൽ വാണിജ്യകേന്ദ്രം സ്ഥാപിക്കുവാൻ അനുമതി നൽകിയതു്.

---

210. Maclagan pp. 129-130.

211. K L. Bernard: The Portuguese and Mugal Empire Fifth International Seminar on Indo-Portuguese History. pp. 43-45.

malankaralibrary.com

കൽക്കട്ട നഗരം വളരുന്നു

ഹുഗ്ളി അധികം താമസിയാതെ ബംഗാളിലെ പ്രധാന തുറമുഖമായി. അങ്ങിനെയാണ് കൽക്കട്ട നഗരമായത്. കൽക്കട്ട ഇന്ത്യയിലെ ഏറ്റവും വലിയ വാണിജ്യകേന്ദ്രവും പട്ടണവുമായി തീർന്നിരിക്കുന്നു. ഹൂഗ്ളി തുറമുഖത്തിനു സമീപം ഏകദേശം 500 പോർട്ടുഗീസുകാരും 600 ഇന്ത്യൻ ക്രിസ്ത്യാനികളും വസിച്ചിരുന്നു. ഈ തുറമുഖവും നഗരവും ഒരു ലക്ഷത്തിയമ്പതിനായിരം മുഗളും പടയാളികളും വളഞ്ഞു. പീരങ്കിയുണ്ടകൊണ്ടു ഈ ശത്രുസൈന്യത്തെ പരാജയപ്പെടുത്തുവാൻ സാദ്ധ്യമാകയില്ലെന്നു പോർട്ടുഗീസുകാർക്കറിയാമായിരുന്നു. മൂന്നുമാസക്കാലം മുഗൾസൈന്യം ഈ നഗരത്തെ വളഞ്ഞു ആക്രമിച്ചുകൊണ്ടിരുന്നു. പലരും പട്ടിണിനിമിത്തം മൃതിയടഞ്ഞു. നഗരത്തിൽനിന്നു രക്ഷപ്പെടുവാൻ ഉദ്യമിച്ചവരെ വെടിവച്ചു വീഴ്ത്തി. മുസ്ലീമല്ലാത്ത എല്ലാവരോടും, പ്രത്യേകിച്ചു ഹിന്ദുക്കളോടും ക്രിസ്ത്യാനികളോടും വിരോധമനോഭാവം വഹിച്ചു. ബംഗാളിലെ ഹിന്ദുക്കളുടെ 76 ക്ഷേത്രങ്ങളും നശിപ്പിച്ചു.

ക്രിസ്തുമതാനുയായികളോടുള്ള വിരോധം നീണ്ടുനിന്ന ഹുഗ്ളിയിൽ നടത്തിയ ക്രൂരകൃത്യം ഷാജഹാനെ വേദനിപ്പിച്ചു. ഔറംഗസീബ് രാജസ്ഥാനമേറ്റയുടനെതന്നെ ആഗ്രയിലെ കൊട്ടാരതടങ്കലിൽ ഷാജഹാനെ പാർപ്പിച്ചു. സ്വപുത്രനിൽനിന്നു അനുഭവിക്കേണ്ടിവന്ന ജീവപര്യന്ത തടവുശിക്ഷ. പോർട്ടുഗീസ് വൈദികർ ഷാജഹാനുമായി സ്നേഹബന്ധത്തിൽ കഴിഞ്ഞു. ഷാജഹാനെ ക്രിസ്തുമതത്തിൽ ചേർക്കാനുള്ള വിഫലശ്രമം നാം കണ്ടുകഴിഞ്ഞ വസ്തുതയാണ്. ഔറംഗസീബ് തന്റെ പിതാവിന്റെ മതംമാറ്റം അനുവദിച്ചില്ല. ഇന്ത്യയിലെ പ്രധാന തുറമുഖപട്ടണങ്ങളായ ബോംബെ, കൽക്കട്ട എന്നിവയ്ക്കു അടിസ്ഥാനമിട്ടുകൊണ്ടു പോർട്ടുഗീസ് മിഷനറിമാർ ഉത്തരേന്ത്യയിൽനിന്നു പിന്മാറി.

malankaralibrary.com

അഞ്ച്

മിഷനറി സഭകൾ

പതിനാറാംനൂറ്റാണ്ടിന്റെ പിറവിയിൽ ഭാരതചക്രവാളത്തിൽ പോർട്ടുഗീസ് മിഷനറിമാർ ക്രൈസ്തവദീപം കൊളുത്തി. അതിന്റെ വർണനാളങ്ങൾ കൊച്ചി, കൊടുങ്ങല്ലൂർ, ഗോവ, മൈലാപ്പൂർ, കൊല്ലം പ്രദേശങ്ങളെയും പ്രകാശമാനമാക്കി. ആധ്യാത്മികവും വിദ്യാഭ്യാസപരവുമായ രംഗങ്ങളിൽ ചൂടും വെളിച്ചവും നൽകിയ മിഷനറിമാരുടെ മഹത്തായ സേവനങ്ങൾ ശ്ലാഘനീയമാണ്. ഫ്രാൻസിസ്ക്കൻ, ജസ്വീറ്റ്, ഡൊമിനിക്കൻ, അഗസ്റ്റീനിയൻ, കാർമ്മലൈറ്റ് എന്നീ സഭക്കാരാണ് പ്രധാനമായും പോർട്ടുഗീസു ഭരണകാലത്ത് ഇവിടെ പ്രേഷിതപ്രവർത്തനങ്ങൾ നടത്തിയത്. മിഷനറി ആഗമനത്തിന്റെ അഞ്ഞൂറ്റാണ്ട് പിന്നിടുകയാണ് ഇപ്പോൾ.

സ്പാനിഷ് നാവിക മേധാവികൾ 1495-ൽ ക്രിസ്റ്റഫർ കൊളംബസിന്റെ നേതൃത്വത്തിൽ സുഗന്ധദ്രവ്യങ്ങളും മറ്റു കച്ചവടസാധനങ്ങളും സംഭരിക്കാൻ പടിഞ്ഞാറോട്ടു പുറപ്പെട്ടു. പോർട്ടുഗീസുകാർ വാസ്കോഡിഗാമയുടെ നേതൃത്വത്തിൽ പൂർവദേശം ലക്ഷ്യമാക്കി ഇതേ ഉദ്ദേശ്യത്തോടെ ഐതിഹാസികമായ കപ്പൽയാത്ര ചെയ്തു.

രക്തസാക്ഷികൾ കെട്ടിപ്പടുത്ത സമുദായം

ഗാമയോടുകൂടി ട്രിനിറ്റേറിയൻ സഭാംഗങ്ങളായ വൈദികരും യാത്ര ചെയ്തിരുന്നു. അവരിൽ ഒരാൾ മൊസാംബിക്കിൽവച്ച് കൊല്ലപ്പെട്ടു. രണ്ടാമത്തെ മിഷനറി വൈദികൻ കോഴിക്കോട്ടു സുവിശേഷപ്രചരണം നടത്തിയപ്പോൾ വധിക്കപ്പെട്ടു. രണ്ടു വർഷങ്ങൾക്കുശേഷം അഡ്മിറൽ കബ്രാൾ കോഴിക്കോട്ട് വന്നിറങ്ങിയപ്പോൾ അദ്ദേഹത്തിന്റെകൂടെ എട്ട് ഫ്രാൻസിസ്ക്കൻ സന്യാസവൈദികർ ഉണ്ടായിരുന്നു. കോഴിക്കോട്ടു വച്ചുതന്നെ അവരിൽ മൂന്നുപേർ മൃഗീയ

malankaralibrary.com

മായി കൊല്ലപ്പെട്ടു. ശേഷിച്ച അഞ്ചുപേർ കൊച്ചിയിൽ വന്നെത്തി. ഗവർണർ അൽമേഡയോടുകൂടി കൊച്ചിയിലെത്തിയ സന്ന്യാസവൈദികരും ഇവരും ചേർന്ന ഇന്ത്യയിൽ പദുവാദോയുടെ കീഴിൽ കത്തോലിക്കസഭയ്ക്ക് അടിസ്ഥാനമുറപ്പിച്ചു. അവർ കൊച്ചിയിൽ രണ്ടു വലിയ ദേവാലയങ്ങളും നിർമ്മിച്ചു. സാന്താക്രൂസ് ദേവാലയവും വി. ഫ്രാൻസിസ് അസീസി ദേവാലയവും. ഇവയുടെ നിർമ്മാണത്തോടുകൂടി ആസ്പത്രികളും ആതുരാലയങ്ങളും ഏതാനും ഫാക്ടറികളും പോർട്ടുഗീസുകാർ സ്ഥാപിച്ചു.

ചരിത്രവസ്തുതകളും അപഗ്രഥിച്ചു പഠിക്കുന്ന ഏതൊരുവനും കേരളത്തിൽ പോർട്ടുഗീസു മിഷനറിമാർ സൃഷ്ടിച്ച നവീകരണത്തിന്റെയും ഉത്തേജനങ്ങളുടെയും ഫലമായി സാമൂഹ്യവീക്ഷണവും നവോത്ഥാനവും കരുത്താർജിച്ചെന്നു സമ്മതിക്കും. പാശ്ചാത്യ നവീകരണത്തിന്റെ ചലനാത്മകതയും തീവ്രതയും ഉൾക്കൊണ്ടു വിജ്ഞാനകുതുകികളും കർമ്മധീരരുമായ പോർട്ടുഗീസുകാരോടൊപ്പം മിഷനറിമാരും കേരളത്തിലെത്തിയല്ലോ. പ്രാകൃതവും പരമ്പരാഗതവുമായ അന്ധവിശ്വാസങ്ങളും ആചാരങ്ങളുംമൂലം സാമൂഹികാഭിവൃദ്ധി സ്തംഭിച്ചിരുന്ന കാലഘട്ടത്തിലാണ മിഷനറിമാരുടെ രംഗപ്രവേശം. ക്രൈസ്തവ നവീകരണത്തിന്റെ സന്ദേശംകൊണ്ട അവർ പുരോഗതിയുടെ വഴി തെളിച്ചു. ഇപ്രകാരം കരുത്ത നവീകരണത്തിന്റെ മുളകളാണ് പിന്നീടുള്ള ശതകങ്ങളിൽ വിളകളം പുറപ്പെടുവിച്ചതു്. ഇതു് ദേശീയ നവോത്ഥാന ധാരയിൽ ശീതളമായ പരത്തി. പതിനാറാംനൂറാണ്ടിൽത്തന്നെ ക്രൈസ്തവ നവീകരണത്തിന്റെ വർഷപാതം കേരള സമൂഹത്തെ കുതിർത്തു നനച്ചു.

സൈന്യാധിപർ യുദ്ധംചെയ്തു് പിടിച്ചെടുത്ത പ്രദേശങ്ങളെ തങ്ങളുടെ രാജ്യത്തിന്റെ ഭാഗമായി പോർട്ടുഗീസ് രാജാക്കന്മാർ കരുതി. മിഷനറിമാർ തങ്ങളുടെ ജീവിത മാതൃകയാലും ഉപദേശത്താലും പ്രബോധനത്താലും ജനങ്ങളെ സത്യവിശ്വാസത്തിൽ ഉറപ്പിക്കുന്നതിനു് സഹായിച്ചു പോന്നു. കത്തോലിക്കസഭയുടെ മാതൃസഹജമായ പരിലാളനയിൽ വളരുവാൻ പ്രേരിപ്പിക്കയും അവർക്കാവശ്യമായ ദേവാലയങ്ങളും ആശ്രമങ്ങളും ഇതരസ്ഥാപനങ്ങളും നിർമ്മിച്ചു കൊടുക്കുകയും ചെയ്തുവന്നു. ഈ കാരണങ്ങളാൽ കത്തോലിക്കവിശ്വാസം ആ പ്രദേശങ്ങളിൽ വളരെ വേഗം വളർന്നു. അവരെ വിശ്വാസത്തിൽ ഉറപ്പിച്ചു നിർത്താൻ പുതിയ മെത്രാന്മാരുടെ സാന്നിധ്യം ആവശ്യമായി. നാവികയാത്രക്കാരോടുകൂടി വിവിധ സഭകളിലെ സന്ന്യാസികളും പ്രേഷിതപ്രവർത്തനത്തിനു് ആഗതരായല്ലൊ. അവരിൽ പ്രഥമഗണനീയർ ഫ്രാൻസിസ്കൻ സഭക്കാരാണു്.

ഫ്രാൻസിസ്കൻ മിഷനറിമാർ

പോർട്ടുഗലിൽ ഫ്രാൻസിസ്കൻ സഭയുടെ ആരംഭം 1368-ലാണു്. ഇന്ത്യ പോർട്ടുഗീസ് പദുവാദോയുടെ കീഴിലായപ്പോഴും അഞ്ചു

malankaralibrary.com

ഫ്രാൻസിസ്കൻ മിഷനറിമാർ കബ്രാളിന്റെ നാവികരോടുകൂടി കൊച്ചിയിൽ വന്നെത്തി. ഫ്രയർമാരായ ഫ്രാൻസിസ്കൊ ദെ ക്രൂസ്, സൈമൺ ദെ ഗ്രയിമാറെൻ, ലൂയിസ് ദെ സാൽവദോർ എന്നിവരായിരുന്നു അവരുടെ സഹപ്രവർത്തകർ. ഈ സംഘത്തിന്റെ സുപ്പീരിയർ ഫ്രയർ ഹെൻറിക്ക് 1501-ൽ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് സമർപ്പിക്കാൻ പോർട്ടുഗലിലേക്കു പോയി. മടങ്ങിവരാൻ സാധിച്ചില്ല. അദ്ദേഹത്തെ 1532-ൽ എവോറയിലെ മെത്രാപ്പോലീത്തയാക്കി. ഫാ. ലൂയിസ് ദെ സാൽവദോർ കൊച്ചിയിൽ നിന്നു കണ്ണൂർപോയി മിഷനറിപ്രവർത്തനങ്ങൾ നിർവ്വഹിച്ചുപോന്നു. വിജയനഗറിലെ ഹിന്ദുരാജാവിനെ സന്ദർശിച്ചു പോർട്ടുഗീസുകാരുമായി ഒരു സഖ്യമുണ്ടാക്കി അദ്ദേഹം. ഈ മിഷനറിയെ മുസ്ലീമുകൾ വധിച്ചു. ഫ്രയർ സൈമൺ ഗ്രയിമറെനാണ മാർത്തോമാ ക്രിസ്ത്യാനികളുടെ ഇടയിൽ സുവിശേഷം പ്രചരിപ്പിച്ചത്. ഫ്രാൻസിസ്കൊ ദെ ക്രൂസ് അക്രൈസ്തവരുടെ ഇടയിലും.

സാമൂതിരിയും പോർട്ടുഗീസുകാരും തമ്മിലുള്ള 1504-ലെ യുദ്ധത്തിന്റെ ദൃക്സാക്ഷി വിവരണം ഫ്രയർ കാസ്റ്റൊ നൽകുന്നു. കൊച്ചി രാജാവ് ഫ്രാൻസിസ്കൻ മിഷനറിമാരോടു സൗഹാർദ്ദബന്ധം പുലർത്തി. പക്ഷെ മിഷനറിമാരുടെ മാനസാന്തരപ്രവർത്തനങ്ങളെ അനുകൂലിച്ചിരുന്നില്ല. ചില നിബന്ധനകളും രാജാവ് ഏർപ്പെടുത്തി. ഏതാനും വിഭാഗത്തിൽപ്പെട്ട ഹിന്ദുക്കളുടെ മാനസാന്തരം വിലക്കി. താഴ്ന്ന ജാതിക്കാരിൽനിന്നുള്ളവരുടെ മതപരിവർത്തനം തുടർന്നുകൊണ്ടിരുന്നതിനാൽ മാനസാന്തരങ്ങൾ വർധിച്ചു. 1513-ൽ ആറായിരവും 1515-ൽ എണ്ണായിരവും ജ്ഞാനസ്നാനമുണ്ടായി[1].

സെൻറ് ആൻറണീസ് ഫ്രയറി

ഇന്ത്യയിൽ മൂന്നു ഫ്രാൻസിസ്കൻ ആശ്രമങ്ങൾ (ഫ്രയറി) സ്ഥാപിക്കുന്നതിനുള്ള പ്രത്യേക ഔത്യവുമായി ഫ്രയർ അൻറോണിയൊ ദെ ലൗറേയ്റോ ആഗതനായി. ഒന്ന് കൊച്ചിയിലും രണ്ടാമത്തേത് ഗോവയിലും മൂന്നാമത്തേത് പിന്നീട് നിശ്ചയിക്കപ്പെടുന്ന സ്ഥലത്തും. 1518-ൽ വൈസ്രോയി ഡികൊസ്ത ലോപസിനോടൊത്തു മൂന്നു ഫ്രാൻസിസ്കൻ സന്യാസികൾ കൊച്ചിയിൽ വന്നു. ആശ്രമം സ്ഥാപിക്കുവാനൊരുമ്പെട്ടു. മീർസ്മാന്റെ അഭിപ്രായമനുസരിച്ച് ആശ്രമത്തിന്റെ പണി 1520-ൽ തീർന്നു. ഫാ. ഷുർഹാമരുടെ പ്രസ്താവനയിൽ സെൻറ് ഫ്രാൻസിസ് അസീസിക്കു പ്രതിഷ്ഠിക്കപ്പെട്ട ദേവാലയത്തോടുകൂടി സെൻറ് ആൻറണീസ് മൊണാസ്റ്ററി നിർമ്മിച്ചത് 1518-നും 1522-നും ഇടയിലാണ്.[2] 1527-ൽ 5 വൈദി

1. Meersman: Ancient Franciscan Provinces p. 308.
2. G. Schurhammer S. J.; St. Francis Xavier p. 405.

malankaralibrary.com

കരും 3 വൈദികവിദ്യാർത്ഥികളും 4 തുണസഹോദരന്മാരും കൊച്ചി ഫ്രയറിൽ ഉണ്ടായിരുന്നു. വി. ഫ്രാൻസിസ് സേവ്യർ കൊച്ചിയിൽ വന്നപ്പോഴും ഈ ഫ്രയറി സന്ദർശിച്ചു. ദേവാലയത്തിൽ ദിവ്യബലി അർപ്പിച്ചു[3].

ആറാമത്തെ വൈസ്രോയി ആയി മൂന്നാം പ്രാവശ്യം കേരളത്തിൽ വന്ന വാസ്കോഡിഗാമ 1524 ഡിസംബർ 24-ന ചരമമടഞ്ഞു. ഈ വീരനാവികന്റെ മൃതദേഹം വി. ഫ്രാൻസീസിന്റെ ദേവാലയത്തിലാണ് സംസ്കരിച്ചതു[4]. മറ്റു പല സ്മാരകഫലകങ്ങളും ഈ ദേവാലയത്തിലുണ്ട്. ഏറ്റവും പുരാതനം 1546-ലേതാണ്. വാസ്കോഡിഗാമയുടെ ഭൗതികാവശിഷ്ടം 1538-ൽലിസ്ബണിലേക്കു കൊണ്ടുപോയി. അവിടെ സെൻറ് ജറോം ആശ്രമത്തിലെ കബറിടത്തിലാണ് അതിപ്പോഴും.

സെൻറ് ഫ്രാൻസീസ്പള്ളി (ലന്തപ്പള്ളി)

പള്ളി ഇപ്പോഴും പുരാവസ്തുവകുപ്പ് സംരക്ഷണയിലെ ദേശീയ സ്മാരകമാണ്. സി. എസ്. ഐ. വിഭാഗത്തിനു ആരാധനകർമ്മങ്ങൾ നടത്താൻ അനുവദിച്ചിട്ടുണ്ട്. പള്ളിയുടെ മുൻവശത്തു വാസ്കോഡിഗാമയുടെ കബറിടം. ഒരു ഫർലോംഗ് വടക്ക് വാസ്കോഡിഗാമയുടെ സ്ക്വയർ. പള്ളിമുറ്റത്തു നാട്ടിയിട്ടുള്ള ബോർഡിലെ വിവരണം:

'ഏറ്റവും പഴക്കമുള്ള യൂറോപ്യൻ നിവാസകേന്ദ്രമായ ഫോർട്ടുകൊച്ചിയിലാണ് ഇന്ത്യയിൽ ആദ്യമായി സ്ഥാപിച്ച പാശ്ചാത്യദേവാലയമായ സെൻറ് ഫ്രാൻസിസ്പള്ളി. ക്രിസ്തുവർഷം 1500-ൽ പോർട്ടുഗീസ് കച്ചവടസംഘത്തിനെറ കൂടെ വന്ന ഫ്രാൻസിസ്കൻ പാതിരിമാർ നിർമ്മിച്ചതാണ് ഇതു.

ആരംഭത്തിൽ മുഴുവനും മരംകൊണ്ടു പണിയിച്ചതാണെങ്കിലും 1516-ൽ കല്ലുകൊണ്ടു പണിതു മേൽക്കൂരക്കു ഓടിട്ടു സെൻറ് ആൻറണിയുടെ പേരിൽ ദേവാലയം പുനഃപ്രതിഷ്ഠ ചെയ്തു. 1663-വരെ ഇതു ഫ്രാൻസിസ്കൻ സഭയുടെ കീഴിൽ വർത്തിച്ചു, 1663-നു ശേഷം കൊച്ചി ഡച്ചുകാരുടെ അധീനത്തിലായി. പള്ളി പുതുക്കിപണിതു പ്രൊട്ടസ്റ്റൻറ് ദേവാലയമാക്കി മാറ്റി. പള്ളിമുഖപ്പിലുള്ള ശിലാഫലകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതനുസരിച്ചു 1779-ൽ വീണ്ടും പുതുക്കിപ്പണിതു. 1795-ൽ കൊച്ചി ബ്രിട്ടീഷ് അധീനതയിലായെങ്കിലും 1804-വരെ പള്ളി ഡച്ചുകാരുടെ കൈവശമായിരുന്നു. പതൊമ്പതാംശതകത്തിന്റെ അന്ത്യപാദത്തിൽ പള്ളി രക്ഷക പുണ്യവാളന്റെ നാമധേയത്തിലായി. ഇന്ന് ഇതു ദക്ഷിണേന്ത്യ സഭയുടെ കീഴിലാണ്.

മട്ടുച്ചുവരുള്ള മുഖപ്പിനു മകുടംചൂടി നിൽക്കുന്ന മണിഗോപുരത്തോടുകൂടി പടിഞ്ഞാട്ട് ദർശനമായി ഇരുപാർശ്വങ്ങളിലും ഉത്തുംഗമായ സ്തൂപങ്ങളും കമാനാകൃതിയിലുള്ള വാതിലുകളും ജനാലകളും ഉള്ള പള്ളിയുടെ മുഖപ്രസാദം കാഴ്ചയ്ക്കു ഗംഭീരമാണ്.

---

3. Schurhammer: St. Francis Xavier Vol. II p. 805.
4. Wicki S. J. Documenta Indica I. p. 177.

malankaralibrary.com

ഇന്ത്യയിൽ കാലുകുത്തിയ ആദ്യത്തെ യൂറോപ്യൻ നാവികമേധാവി വാസ്കോഡിഗാമയുടെ ഭൗതികാവശിഷ്ടം 1524-ൽ ഈ പള്ളിയിൽ അടക്കം ചെയ്തു. 1538-ൽ ഭൗതികാവശിഷ്ടങ്ങൾ പോർട്ടുഗലിലേക്കു കൊണ്ടുപോയി.

[പള്ളിക്കകത്തെ വിശാലശാലയിൽ മറവുചെയ്തിരുന്ന പോർട്ടുഗീസുകാരുടെയും ഡച്ചുകാരുടെയും ശവസംസ്ക്കാര സ്മാരകശിലകൾ ഇളക്കിയെടുത്തു വടക്കെ ഭിത്തിയിലും തെക്കെ ഭിത്തിയിലും ക്രമത്തിൽ വച്ചിരിക്കുകയാണിപ്പോൾ. ഏറെറം കാലപ്പഴക്കമുള്ള പോർട്ടുഗീസ് സ്മാരകശില 1562- ലേതും, ഡച്ചുകാരുടേതു് 1664-ലേതുമാണു്.

ഇവയിൽ ചില സ്മാരകശിലകളിലെ വംശസൂചകങ്ങളായ ആലേഖ്യങ്ങളും പദവികളെ സൂചിപ്പിക്കുന്ന ചിഹ്നങ്ങളും ശില്പസൗന്ദര്യം പ്രകാശിപ്പിക്കുന്നവയാണു്. ദേവാലയത്തിൽ സേവനം അനുഷ്ഠിച്ചവരിൽ പ്രമുഖരുടെ വിവരങ്ങളും അടങ്ങിയ വെങ്കലത്തിലും മാർബിളിലുമുള്ള ഫലകങ്ങളും ആധുനികകാലത്തു് നിർമ്മിച്ചവയാണു്. ഇവ പള്ളിയുടെ ഭിത്തികളെ അലങ്കരിക്കുന്നു.']

ഫ്രാൻസിസ്ക്കൻ സെമിനാരി

സെൻറ് ആൻറണീസ് ഫ്രയറിനോടനുബന്ധിച്ചു് വൈദികവിദ്യാർത്ഥികൾക്കു പരിശീലനം നൽകാൻ 1567-ൽ സെമിനാരി സ്ഥാപിച്ചു. ആരംഭത്തിൽ മുന്നു വൈദികവിദ്യാർത്ഥികളും മാത്രം. 1580-ൽ സംഖ്യ വർധിച്ചു. പോർട്ടുഗീസു ഗവൺമെൻറാണു് സെമിനാരി പണിയിച്ചതു്. ഇന്ത്യൻ സ്ത്രീകളെ പോർട്ടുഗീസുകാർ വിവാഹംചെയ്തു ജനിക്കുന്ന സന്താനങ്ങൾക്കു് (മെസ്റ്റിക്കോസ്) വൈദികപട്ടം നൽകിയതൊഴികെ 50 വർഷക്കാലത്തേക്കു സെമിനാരിയെക്കുറിച്ചു ശ്രദ്ധാർഹമായ പരാമർശങ്ങളൊന്നും കാണുന്നില്ല. വൈദികവിദ്യാർത്ഥികളുടെ സംഖ്യ വർധിച്ചുവന്നതിനാൽ സെമിനാരി കെട്ടിടം വിപുലീകരിച്ചു. പദ്രുവാദോയുടെ സഹായം സെമിനാരിക്കു ലഭിച്ചിരുന്നു. പിന്നീടു പോർട്ടുഗീസു ഗവർണർമാർ സെമിനാരി നടത്തിപ്പിനു വേണ്ട പണം നൽകിപ്പോന്നു. 1530-ൽ വൈസ്രോയിയുടെ ആസ്ഥാനം കൊച്ചിയിൽനിന്നും ഗോവയിലേക്കു് മാറിയല്ലൊ. കൊച്ചി ഉപേക്ഷിക്കപ്പെട്ട അനാഥനഗരംപോലെയായി. എങ്കിലും പുതിയ സന്യാസസമൂഹങ്ങൾ കൊച്ചിയിൽ വന്നിരുന്നു. പുതിയ ആശ്രമങ്ങൾ സ്ഥാപിക്കയും ചെയ്തു. 1542-ൽ ഈശോസഭക്കാരും 1551-ൽ ഡൊമിനിക്കൻ സഭക്കാരും 1579-ൽ അഗസ്റ്റീനിയൻ സഭക്കാരും കൊച്ചിയിൽ ആശ്രമങ്ങൾ സ്ഥാപിച്ചു. ക്രമേണ ഫ്രാൻസിസ്ക്കൻ സന്യാസികൾ പുറന്തള്ളപ്പെട്ടു. പോർട്ടുഗീസു ഗവൺമെൻറിൽനിന്നു് അവർക്കു് സഹായം ലഭിക്കാതെയായി. 1565-ൽ ഫ്രാൻസിസ്ക്കൻ ഫ്രയറിയിൽ 12 വൈദികരും 4 ക്ലേരികളും 3 നൊവീസുമാരും ഒരു തുണസഹോദരനുമുണ്ടായിരുന്നതായി രേഖകളുണ്ടു്.

വൈപ്പിൻകരയിൽ ഒരു ഫ്രാൻസിസ്ക്കൻ ദേവാലയവും ഫ്രയറിയും സ്ഥാപിച്ചിരുന്നു. അവർ ലേഡി ഓഫ് ഹോപ് എന്ന നാമത്തിൽ 1560-ലാണു് ഇതു സ്ഥാപിച്ചതെന്നു ടിനിഡാഡ് പ്രസ്താവി

malankaralibrary.com

ക്കുന്നു [5]. കൊടുങ്ങല്ലൂരിൽ സെൻറ് ജെയിംസ് സെമിനാരി 1541-ൽ നിലവിൽവന്നു. ഫ്രാൻസിസ്ക്കൻ ഫാ. വിൻസൻറാണ് ഇതിൻെറ സ്ഥാപകൻ. സെമിനാരിയിൽ മാർത്തോമ്മാ ക്രിസ്ത്യാനി യുവാക്കൾക്കു പൗരോഹിത്യ പഠനം നടത്തുന്നതിനെ മാർ ജെയിക്കബ് പ്രോത്സാഹിപ്പിച്ചു. 1545-ൽ ഫ്രയർ വിൻസൻറിന് ഒരു സഹപ്രവർത്തകനെക്കൂടി ലഭിച്ചു. മാർത്തോമ്മാ ക്രിസ്ത്യാനികളിൽപ്പെട്ട ജോർജ് ഓഫ് സെൻറ് പീറർ ഒ. എഫ്. എം. അദ്ദേഹം പോർട്ടുഗലിൽ പോയി ഉന്നതവിദ്യാഭ്യാസംചെയ്ത വ്യക്തിയാണ്. വി. ഫ്രാൻസിസ് സേവ്യർ ഈ സെമിനാരിയെക്കുറിച്ചു നല്ല അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. ഫ്രയർ വിൻസൻറിൻെറ കാലശേഷം സെമിനാരി ഈശോസഭക്കാരെ ഏൽപ്പിക്കാൻ ആഗ്രഹിക്കുന്നതായി അദ്ദേഹം വി. ഇഗ്നേഷ്യസിനെ അറിയിച്ചിരുന്നു.

ഫ്രയർ വിൻസൻറ് ലാഗോസിൻെറ നിര്യാണശേഷം 1582-ൽ വൈസ് റെക്ടർ പി. എ. ജോർജ് ഓഫ് സെൻറ് പീറർ റെക്ടറായി. ഈശോസഭക്കാർ സെമിനാരി കൈവശമാക്കാൻ ജോൺ മൂന്നാമൻ രാജാവിൻെറ പിന്തുണയോടെ ശ്രമിച്ചുകൊണ്ടിരുന്നു. ഫ്രാൻസിസ്ക്കൻ മിഷനറിമാർ ഫ്രയർ ഫെർഡിനാൻറ് ദെ പാസിനെ റെക്ടറായി നിയമിച്ചു കഴിഞ്ഞിരുന്നു. എങ്കിലും 1582-ൽ വി. ഇഗ്നേഷ്യസിനെ ഈ സെമിനാരി കൈവശമാക്കാൻ പ്രേരണചെലുത്തിക്കൊണ്ടിരുന്നു. ഗോവ ആർച്ചുബിഷപ്പ് ആരംഭിക്കയും കൊച്ചി മെത്രാൻെറ മേൽനോട്ടത്തിൽ നടത്തപ്പെടുകയും ചെയ്തിരുന്നതിനാൽ മാർത്തോമാ ക്രിസ്ത്യാനികളിൽനിന്ന് ഈ സെമിനാരിയിൽ പഠിച്ച വൈദികർക്ക് ലത്തീൻ സമ്പ്രദായങ്ങൾ സ്വീകാര്യമല്ലായിരുന്നുവെന്നു മാർത്തോമ്മാ ക്രിസ്ത്യാനികളിലെ ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട് [6].

കൊച്ചിയിലെ പ്രഥമവിദ്യാലയം

കൊച്ചിയിലെ പ്രഥമ വിദ്യാലയം ഫ്രാൻസിസ്കൻ മിഷനറിമാരാണ് ആരംഭിച്ചതെന്നു ചരിത്രകാരനായ മാൻ സാക്ഷിക്കുന്നു [7]. ഈ സ്കൂൾ 1514-ൽ പ്രവർത്തനരഹിതമായി. കൊച്ചിയിലെ രണ്ടാമത്തെ വൈസ്രോയി അൽഫോൺസൊ അൽബുക്കർക്ക് 1515-ൽ ആദ്യത്തെ സ്കൂൾ ആരംഭിച്ചുവെന്നു ഫാ. ഷൂർഹാമർ പറയുന്നു. കുട്ടികളുടെ മതപഠനത്തിനായി അൽബുക്കർക്കുതന്നെ ഒരു ടീച്ചറെ നിയമിച്ചുവത്രെ.

---

5. Paulo de Trinidade: Conquista Experitual de Oriente II p. 227.
6. Koodapuzha: Indian Church History p. 179.
7. The Ancient Franciscan Provinces p. 315.

malankaralibrary.com

സെൻറ് ജയിംസ് സെമിനാരി

മാർത്തോമ്മാ ക്രിസ്ത്യാനികളും വാസ്കോഡിഗാമയെ കൊച്ചിയിൽ വന്നു കണ്ടുവെന്നു മിക്ക ചരിത്രകാരൻമാരും സമ്മതിക്കുന്നു. ഗാമയുടെ രണ്ടാമത്തെ നാവികയാത്രയിലാണ് ഈ സമാഗമം. തങ്ങളെ ശത്രുക്കളിൽനിന്നു രക്ഷിക്കണമെന്നു നസ്രാണി പ്രതിനിധികളും ഗാമയോടു അഭ്യർത്ഥിച്ചു. 1502 നവംബർ 19–നാണു ചരിത്രപ്രസിദ്ധമായ ഈ സംഗമം. ഗാമ അവർക്കു സംരക്ഷണം നൽകാമെന്നു ഉറപ്പുകൊടുത്തു[8]. ജി. ടി. മെക്കെൻസി പ്രസ്താവിച്ചിരിക്കുന്നതുപോലെ പോർട്ടുഗീസുരാജാക്കന്മാരുടെ ഈ സംരക്ഷണം 160 വർഷം നീണ്ടുനിന്നു[9].

പോർട്ടുഗീസുകാരും മാർത്തോമ്മാ ക്രിസ്ത്യാനികളും തമ്മിലുള്ള സൗഹാർദ്ദം വളരെ നാളം നീണ്ടുനിന്നു. ഫ്രാൻസിസ്കൻ മിഷനറി മാർ മലബാർ ക്രൈസ്തവസഭയുടെ മെത്രാൻ മാർ ജയിക്കബിനു നെസ്തോറിയൻ പാഷണ്ഡതയിൽ അന്തർലീനമായിരുന്ന തെറ്റുകളെ ചൂണ്ടിക്കാണിച്ചുകൊടുത്തു. തെറ്റുകളും മനസ്സിലാക്കി അതു തിരുത്തുന്നതിനു ശ്രമിച്ച അദ്ദേഹം ലത്തീൻ റീത്തു സ്വീകരിച്ചു. ഫാ. വിൻസൻറ് ലാഗോസ് കൊടുങ്ങല്ലൂരിൽ 1541–ൽ ലാറിൻ സെമിനാരി ആരംഭിച്ചപ്പോഴും അബുന യാക്കോബ് സെമിനാരി നടത്തിപ്പിനു സഹകരണം നൽകി. അവസാനത്തെ ഏഴു വർഷങ്ങളോളം മാർ അബുന യാക്കോബ് കൊച്ചിയിലെ ഫ്രാൻസിസ്കൻ ആശ്രമമായ സെൻറ് ആൻറണിയിൽ താമസിച്ചു. അവിടെവച്ചാണു അന്തരിച്ചതു്. മൃതശരീരം കൊടുങ്ങല്ലൂരിൽ കൊണ്ടുപോയി സംസ്കരിച്ചു.

ഫാ. വിൻസൻറ് ലാഗോസിന്റെ സെമിനാരിയിൽ 1549–ൽ ആറു വൈദിക വിദ്യാർത്ഥികളും ഉണ്ടായിരുന്നതായി വി. ഫ്രാൻസിസ് സേവ്യർ സാക്ഷിക്കുന്നു. ഉൽകൃഷ്ടജാതരായ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സന്താനങ്ങളായിരുന്ന ഇവരിൽ ഭൂരിഭാഗവും. സെമിനാരി പ്രശസ്തമായ നിലയിൽ നടത്തപ്പെട്ടു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സന്താനങ്ങളും ലത്തീൻഭാഷയിൽ അഭ്യസനം നടത്തി. പാശ്ചാത്യരീതിയിലുള്ള വൈദികപരിശീലനവും നേടി. ഇതിൽ മാർത്തോമ്മാ ക്രിസ്ത്യാനികളും അതൃപ്തരായി. ഫ്രാൻസിസ്കൻ മിഷനറിമാരെ അപലപിക്കാൻ തുടങ്ങി. ഫാ. വിൻസൻറ് ലാഗോസിനു ആരോ വിഷം കൊടുത്തുവത്രെ. ദുരൂഹമായ സാഹചര്യത്തിലാണു അദ്ദേഹം മൃതിയടഞ്ഞതു്[10].

---

8. കളത്തിൽ വർഗീസ്: കേരളചരിത്രം–ക്രിസ്ത്യാനികൾ.
9. G. T. Mackanzie: Christianity in Travancore p. 52.
10. L. M. Paylee: St. Thomas Christians നിഡാ...chdiocese of Verapoly p. 106.

malankaralibrary.com

കൊച്ചിയിൽ 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സ്ഥാപിതമായ സെന്റ് ആന്റണീസ് ഫ്രയറിയിൽ ഫ്രാൻസിസ്കൻ സഭയിലെ വൈദികവിദ്യാർത്ഥികളാണ് പഠിച്ചിരുന്നത്. അവരുടെ എണ്ണം വർദ്ധിച്ചതോടെ 1580-ൽ പുതിയ കെട്ടിടം നിർമ്മിച്ചു. 1618-ൽ ഗോവയിൽ സെന്റ് ബൊനവഞ്ചർകോളജ് സ്ഥാപിതമായപ്പോൾ ഫ്രാൻസിസ്കൻ വൈദിക വിദ്യാർത്ഥികൾ കൊച്ചിയിൽനിന്ന് ഗോവയിലേക്ക് പോയി. ഭോം ആൻഡ്രൂ ദെ സാൻക്ത മരിയ ഒ. എഫ്. എം. 1588-ൽ കൊച്ചി മെത്രാനായി നിയമിക്കപ്പെട്ടപ്പോൾ കൊച്ചിയിൽ കോളജ് സ്ഥാപിച്ചു. ഫ്രാൻസിസ്കൻ വൈദികർ അവിടെ തത്വശാസ്ത്രം, ദൈവശാസ്ത്രം, ദേവാലയഗാനങ്ങൾ എന്നിവ പഠിപ്പിച്ചിരുന്നു. ഈ കോളജിലാണ് ശ്രീലങ്കാവൈദികവിദ്യാർത്ഥികളും അദ്ധ്യയനം നടത്തിയിരുന്നത്.

സാൽസെറ്റ് ദ്വീപിൽ

ഇവിടെ സുവിശേഷപ്രചരണം ആരംഭിച്ചത് ഫ്രാൻസിസ്കൻ മിഷനറിമാരായ ഫാ. ആൻറണി ദെ പോറേറായും, ഫാ. ജയോവെ ദെ ഗാമയുമാണ്. 1547-ലാണ് ആരംഭം. 1548-ൽ വളരെ പേർ ക്രിസ്തുമതം സ്വീകരിച്ചു. രണ്ടുവർഷം കഴിഞ്ഞപ്പോൾ ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ സംഖ്യ നാനൂറായി. ഫാ. ആൻറണി ഹൈന്ദവരുടെ ഒരു അമ്പലം പള്ളിയാക്കി [11]. പിന്നീട് പല ദേവാലയങ്ങളും ഫ്രാൻസിസ്കൻ ആശ്രമങ്ങളും അവിടെ സ്ഥാപിച്ചു.

ഫാ. പാവ്വളൊ ദെ ട്രനാഡൊ 1630-ൽ അവിടെ മിഷൻ പ്രവർത്തനം നടത്തി. അപ്പോൾ 1500 ക്രിസ്ത്യാനികളുണ്ടായിരുന്നു. ഗോൾഗണ്ടയിലും ത്രൊംപോയിലും ഫ്രാൻസിസ്കൻ ആശ്രമങ്ങൾ സ്ഥാപിച്ചു. സാൽസെറ്റ് ദ്വീപിന്റെ ഉത്തരഭാഗത്ത് 1575-ൽ ഫ്രാൻസിസ്കൻ മിഷനറിമാർ ഒരു ഇടവക സ്ഥാപിച്ചു. അവിടെ ബൽത്താസർ ഗോമസിന്റെ ഉദാരമായ സംഭാവനകൊണ്ട് ദേവാലയം നിർമ്മിച്ചു. അദ്ദേഹത്തിന്റെ പുത്രൻ ഫാ. അൻടോണിയോ ദെ നസ്രത്ത് ഈ ഇടവകയിൽ ദീർഘനാൾ സേവനമനുഷ്ഠിച്ചു. 1630-ൽ ഈ ഇടവകയിൽ 1100 ക്രിസ്ത്യാനികൾ. 1585-നും 1589-നും ഇടയിൽ അമ്പോളിയായിലും മഗട്ടാനയിലും ഫ്രാൻസിസ്കൻ മിഷനറിമാർ ഇടവകകൾ സ്ഥാപിച്ചു. 1603-ൽ ആയിരത്തിലധികം പേർ ജ്ഞാനസ്നാനം സ്വീകരിച്ചു. 30 വർഷങ്ങൾക്കുശേഷം വിശ്വാസികളുടെ സംഖ്യ രണ്ടായിരത്തോളമായി. ഗോറാൻ, കാഷി എന്നീ സ്ഥലങ്ങളിലും ഫ്രാൻസിസ്കൻ മിഷനറിമാർ സ്തുത്യർഹമായി പ്രേഷിതപ്ര

11. A. Meersman: The Ancient Franciscan Provinces in India pp. 191-193.

malankaralibrary.com

വത്തനങ്ങളും നടത്തി ഇടവകകളും സ്ഥാപിച്ചു.[12] ഇവരുടെ സംരക്ഷണയിൽ നാലായിരം ക്രൈസ്തവർ 15 ഇടവകകളിലായി വസിച്ചുപോന്നു. സാൽസെറ്റിൽ ആകെയുള്ള 114 വില്ലേജുകളിൽ 55 ഉം ഫ്രാൻസിസ്ക്കൻ മിഷനറിമാരുടെ മേൽനോട്ടത്തിലായിരുന്നു. താനായിലെ 11 ഇടവകകളിലും ഈ മിഷനറിമാർ സുവിശേഷം പ്രചരിപ്പിച്ചിരുന്നു.

വേളാങ്കണ്ണി മാതാവ്

ബോംബെയിലുള്ള എലഫന്റ് ദ്വീപിലും പരിസര പ്രദേശങ്ങളിലും ഫ്രാൻസിസ്ക്കൻ മിഷനറിമാരാണ് സുവിശേഷവല്ക്കരണം നടത്തിയിരുന്നതു്. അവിടെ എല്ലാ ജനങ്ങളെയും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തു. പല ഗ്രാമങ്ങളും ദേവാലയങ്ങളാക്കി. 1625-ൽ ഫ്രാൻസിസ്ക്കൻ റെക്കൂർ കരഞ്ജ ഡവയോൺ, നെവൻ എന്നീ ദ്വീപുകളിൽ കടന്നുചെന്ന ഹൈന്ദവരുടെ എല്ലാ ക്ഷേത്രങ്ങളും നശിപ്പിച്ചു. തൽസ്ഥാനങ്ങളിൽ കുരിശുനാട്ടി. ക്രിസ്ത്യാനികളും മതം ഉപേക്ഷിച്ചു വീണ്ടും ഹൈന്ദവാചാരങ്ങളും ആശ്ലേഷിച്ചേക്കുമെന്നു് അദ്ദേഹം ഭയപ്പെട്ടിരുന്നു.

ഫ്രാൻസിസ്ക്കൻ മിഷനറിമാർ 1540-ൽ നാഗപ്പട്ടണം ആസ്ഥാനമാക്കി. അവിടത്തെ പോർട്ടുഗീസുകാരോടു് സഹകരിച്ചു മതപരിവർത്തനം നടത്തി. വളരെപേർ ജ്ഞാനസ്നാനം സ്വീകരിച്ചു. വേളാങ്കണ്ണിയിൽ ഏതാനും മീൻപിടുത്തക്കാരെയും ജ്ഞാനസ്നാനപ്പെടുത്തി. കടൽയാത്രയിൽ പോർട്ടുഗീസുകാർ ബംഗാൾ ഉൾക്കടലിൽ കപ്പലപകടത്തിൽപ്പെട്ടപ്പോൾ സമുദ്രാണിയായ പരി. മറിയത്തോടു് കരളുരുകി പ്രാർത്ഥിച്ചതിന്റെ ഫലമായി അത്ഭുതകരമായി രക്ഷപ്പെട്ടു. ഇതിനു നന്ദിയായി അവർ പണിത ചെറിയ മരിയൻ ദേവാലയമാണു് വേളാങ്കണ്ണിതീർത്ഥകേന്ദ്രമായതു്[13]. മൈലാപ്പൂരിലും 1550-ൽ ഫ്രാൻസിസ്കൻ മിഷനറിമാർ സുവിശേഷവേല നടത്തി അനേകരെ മാനസാന്തരപ്പെടുത്തി. പാരീസിലെ മിഷനറിമാരും ഈശോസഭക്കാരും യൂറോപ്പിൽനിന്നെത്തിയ കപ്പൂച്ചിൻ സന്യാസവൈദികരും നാട്ടുകാരായ ക്രിസ്ത്യാനികളും ക്ലേശപരികർമ്മം ചെയ്തിരുന്നു. ഫ്രാൻസിസ്കൻ സഭാംഗവും ലിസ്ബൺ സ്വദേശിയുമായ പോഡെ സ്റ്റെല്ല 1638 ൽ മൈലാപ്പൂർ രൂപതയുടെ മെത്രാനായി. 1638 ജൂലായ് 25-നു അദ്ദേഹം അന്തരിച്ചു.

---

12. Meersman: The Ancient Franciscan Provinces op. cit. p. 201.
13. ഡോ. ജേക്കബ് കട്ടയ്ക്കൽ: സത്യദീപം 1984 മെയ് 16.

malankaralibrary.com

ജ്ഞാനസ്നാനചടങ്ങിൽ പ്രശസ്തരായവർ

ഫ്രാൻസിസ്കൻ മിഷനറിമാർ 1550-ൽ കാനറാതീരത്തു സുവിശേഷ ജോലി നടത്തിയിരുന്നപ്പോഴും പോർട്ടുഗീസുകാരുടെ കോട്ടകളോ, ഫാക്ടറികളോ ഒന്നും അവിടെ ഇല്ലായിരുന്നു. എങ്കിലും ഫ്രാൻസിസ്കൻ സന്യാസികൾ വിജയകരമായിത്തന്നെ മിഷൻപ്രവർത്തനം നടത്തിപ്പോന്നു. ബാർഡെൻസ് അർധദ്വീപിൽ ഫ്രാൻസിസ്കൻ മിഷനറിമാർ മെച്ചപ്പെട്ട സേവനം കാഴ്ചവച്ചു. ഒരാശ്രമവും നാല് ഇടവകകളും സ്ഥാപിച്ചു. പത്തുവർഷങ്ങൾക്കു ശേഷം ഇടവകകൾ 11 ആയി. മിഷനറി പ്രവർത്തനങ്ങൾ നിർബാധം നടത്തുന്നതിന് ഗവണ്മെൻറ് സഹായം ലഭിച്ചിരുന്നു. ഹിന്ദുക്കളുടെ പരസ്യമായ മതപ്രകടനങ്ങൾ നിരോധിച്ചു. അമ്പലങ്ങളിൽ നിന്നുള്ള ആദായം കാരുണ്യപ്രവർത്തനങ്ങൾക്കും ആസ്പത്രി നടത്തിപ്പിനും, സ്കൂളുകൾ സ്ഥാപിക്കുന്നതിനും ഫ്രാൻസിസ്കൻ മിഷനറിമാർക്ക് ലഭിച്ചിരുന്നു. 1557 ഓഗസ്റ്റ് ഒന്നിന് 243 പേർക്ക് ആഘോഷമായ സമൂഹജ്ഞാനസ്നാനം നൽകി. ഫാ. പാവ്വളൊ ട്രിനിഡാഡ് ഫ്രാൻസിസ്കൻ മിഷനറിമാരുടെ മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ വിവരണങ്ങൾ നൽകുന്നു. 1563-നും 1602-നും ഇടയിൽ സമൂഹജ്ഞാനസ്നാനം അഞ്ചു പ്രാവശ്യം നൽകി. സിനോളിൽ ഉന്നതകുലജാതനായ ഗണേശ ഗവുഡോയെയും രണ്ട് സഹോദരന്മാരെയും മാനസാന്തരപ്പെടുത്തി[14]. ചപ്പോറ (Chapora) തുറമുഖത്തിനു സമീപത്തുവച്ചുണ്ടായ കപ്പലപകടത്തിൽ രക്ഷപ്പെട്ട പോർട്ടുഗീസുകാരൻ സെൻറ് ആൻറണിയുടെ നാമത്തിൽ ഒരു ദേവാലയം അവിടെ നിർമ്മിച്ചു. പെസൂർപായിസിൽ ഫ്രാൻസിസ്കൻ മൂന്നാം സഭാംഗമായ ലൂയിസാ ഡൊ മറ്റെ ദെവുസിന്റെ സഹായത്താൽ ഒരു ദേവാലയവും സ്കൂളും, അനാഥശാലയും ഈ മിഷനറിമാർ സ്ഥാപിച്ചു. 1597-ൽ പെറയിമാഗോവിൽ നടത്തിയ സമൂഹജ്ഞാനസ്നാന കർമ്മങ്ങളിൽ ഡോ. അലക്സ് മെനേസിസും, വൈസ്രോയി ഫ്രാൻസിസ്കൊ ദെ ഗാമയും സംബന്ധിച്ചിരുന്നു.

ഇന്ത്യയിൽ ഫ്രാൻസിസ്കൻ മിഷനറിമാർ കാര്യമാത്ര പ്രസക്തമായ പ്രേഷിത പ്രവർത്തനങ്ങൾ നടത്തുന്നില്ലെന്നു റോമിൽ ആരോ പരാതിപ്പെട്ടു. ഈ തെറ്റിദ്ധാരണ നീക്കാൻ ഗോവയിൽ 1598 ജനുവരി 1-നു സമൂഹജ്ഞാനസ്നാന കർമ്മങ്ങൾ സാഘോഷം നടത്തി. അങ്ങനെ 7100 പേർ ജ്ഞാനസ്നാനം സ്വീകരിച്ചു.

മട്ടായിലെ റെക്ടർ ഫാ. മിഗ്വൽ ദെ മാത്തർ ദെ ദേവൂസ് തീക്ഷ്ണതയുള്ള മിഷനറിയായിരുന്നു. അദ്ദേഹത്തിന്റെ പരിശ്രമഫലമായി ഒരു ഹൈന്ദവന്റെ സ്ഥലം വാങ്ങി അവിടെ ബ്രഹ്മാണ്ഡമായ

14. Paulo de Trinidad: Conquista Experitual De Oriente (1952) I p. 293.

malankaralibrary.com

ദേവാലയം നിർമ്മിച്ചു. ഹൈന്ദവർ ഈ സ്ഥലം പള്ളി പണിയുന്നതിനു നൽകുവാൻ ആദ്യം വിസമ്മതിച്ചു. പിന്നീട് മനസ്സുമാറി പ്രതിഫലം വാങ്ങാതെ സ്ഥലം സൗജന്യമായി നൽകി [15]. ഈ ബാർസെയിനിൽ 1680-ൽ 46,450 ക്രൈസ്തവരുണ്ടായിരുന്നു. ഇവരിൽ ഭൂരിപക്ഷം പേരെ മതപരിവർത്തനം നടത്തിയത് ഫ്രാൻസിസ്കൻ മിഷനറിമാരാണു്.

സാഹിത്യ സേവനങ്ങൾ

ബാർസെയിനിൽ 1595-ൽ കൊങ്കിണി ഭാഷാവ്യൽപത്തി നേടിയ രണ്ടു ഫ്രാൻസിസ്കൻ മിഷനറിമാരുണ്ടായിരുന്നു. ഫാ. അമദോ ദെ സാൻക്ത അന്നായും ഫാ. ജയാവെ അ സാൻക്തൊ മത്തിയാസും. "ഫ്ലോസ്സൻക്തോരും" എന്ന പുസ്തകം ഇവർ മറാത്തിയിലേക്കു പരിഭാഷപ്പെടുത്തി. ഇതിന്റെ കൈയ്യെഴുത്തു പ്രതിയും അച്ചടിച്ച പ്രതികളും സ്പെയിനിലെ എസ്കോറിയയിൽ സൂക്ഷിക്കുന്നു. കട്ടിനാം റോബർട്ടുബെല്ലർമിന്റെ "സീബളം ഫീദെയി" എന്ന ഗ്രന്ഥം കൊങ്കിണി ഭാഷയിലേക്കു തർജ്ജിമ ചെയ്തതു് ഫാ. ജയോവയാണു്. പതിനേഴാംനൂറാണ്ടിന്റെ ആദ്യ പകുതിയിൽ പല ഫ്രാൻസിസ്കൻ മിഷനറിമാരും കൊങ്കിണിഭാഷയിൽ വ്യാകരണവും ശബ്ദകോശവും എഴുതി പ്രസിദ്ധീകരിച്ചു. 'ആത്തെ ഗ്രമാത്തിക്ക ദെ ലിംഗ്വാ കനറീന' എന്ന പുസ്തകം ഫാ. ക്രിസ്തൊവിലോ പ്രസിദ്ധീകരിച്ചതാണു്. ഗാസ്പർ ദെ സാൻക്തൊ മിഗ്വൽ കൊങ്കിണി വ്യാകരണവും ശബ്ദകോശവും എഴുതി. കൊങ്കിണി പോർട്ടുഗീസ് ശബ്ദകോശവും അദ്ദേഹം പ്രസിദ്ധീകരിച്ചു. സുപ്രസിദ്ധ സാഹിത്യകാരൻ ഫാ. ഗാസ്പർ പ്രസംഗങ്ങളും ധ്യാനപുസ്തകങ്ങളും മറ്റു വിമർശനഗ്രന്ഥങ്ങളും പ്രകാശനം ചെയ്തു. കൊങ്കിണിഭാഷയിൽ മതപഠനങ്ങളും പ്രസിദ്ധീകരിച്ചതു് ഫാ. മാനുവൽ ബാപ്റിസ്റ്റാണു്. സൂറത്തിൽ 1680-ൽ മിഷൻപ്രവർത്തനം നടത്തിയിരുന്നപ്പോൾ ഫ്രാൻസിസ് മേരി ഓഫ് ട്യൂസ് ഹിന്ദുസ്ഥാനിഭാഷയിൽ പ്രാവീണ്യം നേടി. ഹിന്ദി ശബ്ദകോശം രചിച്ചു. Thesaurus Linguae Indianae എന്ന പുസ്തകത്തിന്റെ കോപ്പി റോമിലെ പ്രൊപ്പഗാന്താ ലൈബ്രറിയിൽ സൂക്ഷിക്കുന്നു [16].

കേരളത്തിൽ ഓരോരുത്തരായും കൂട്ടമായും മിഷൻ പ്രവർത്തനത്തിനു ആദ്യംവന്നതു് ഫ്രാൻസിസ്കൻ മിഷനറിമാരാണു്. 1292-ൽജോൺ ദെ മെൻതെ കൊർവിനോയും 1500-ൽ ആദ്യത്തെ ബാച്ചു് മിഷനറിമാരും വന്നു. 1500-ൽ കബ്രാളിനോടൊപ്പം കോഴിക്കോട്ടിറങ്ങിയ

15. Conquista Expiritual De Oriente pp. 299-302.
16. Joseph Thekkedeth: History of Christianity in India Vol. II· pp. 310-371.

malankaralibrary.com

മൂന്നു് ഫ്രാൻസിസ്കൻ വൈദികരെ മൂർ ജാതിക്കാർ കൊന്നു. രക്തസാക്ഷികളായി അവർ ക്രിസ്തുവിനു് സാക്ഷ്യം വഹിച്ചു. കൊച്ചി-കൊടുങ്ങല്ലൂർ, സാൽസെറ്റ്,ഗോവ, മൈലാപ്പൂർ സ്ഥലങ്ങളിൽ പ്രശസ്തമായി ഫ്രാൻസിസ്കൻ മിഷനറിമാർ പ്രേഷിതവേല ചെയ്തു. പിന്നീടു മിഷനറിമാരുടെ കുറവും മറ്റു മിഷനറിമാരുടെ പ്രവേശനവും മൂലം ഫ്രാൻസിസ്കൻ മിഷനറിമാരുടെ പ്രവർത്തനങ്ങളും മന്ദഗതിയിലായി. എങ്കിലും പതിനാറു്, പതിനേഴു് നൂറ്റാണ്ടുകളിൽ കാനറ, സൂറത്ത്, ഗോവ പ്രദേശങ്ങളിൽ പ്രശസ്തസേവനം അനുഷ്ഠിച്ചുപോന്നു. പന്തീരായിരം പേരെ ജ്ഞാനസ്നാനപ്പെടുത്തി. ദൈവരാജ്യം പ്രചരിപ്പിക്കുന്നതിനു് തീക്ഷ്ണതയോടെ അവർ പരിശ്രമിച്ച എന്നതു് അവിസ്മരണീയം.

ഈശോസഭക്കാർ

ഈശോസഭ തിരുസഭയിൽ സ്ഥാപിതമായ കാലഘട്ടത്തിൽ കൊച്ചിയിലും ഈ സഭാംഗങ്ങളും പ്രേഷിതപ്രവർത്തനം സമാരംഭിച്ചു. സഭയുടെ സഹൃ സ്ഥാപകരിൽ ഒരാളും ഇന്ത്യയിലെ രണ്ടാമത്തെ അപ്പോസ്തോലനുമായ വി. ഫ്രാൻസീസ് സേവ്യർ കൊച്ചിയിൽ 1542-ൽ വന്നെത്തി. ജെറോം ദെ റൊസാരിയൊ സ്നേഹിതനായ ഡിയൊഗൊ ദെ ഗൊവിയസ്സു അയച്ച എഴുത്താണു് ഈശോസഭക്കാരുടെ വരവിനു കളമൊരുക്കിയതു്. തെക്കെ ഇന്ത്യയിലെ ഫിഷറികോസ്റ്റിൽ പരവർ കൂട്ടമായി ജ്ഞാനസ്നാനപ്പെടുന്നുവെന്നും അവർക്കു് മതപരമായി ശിക്ഷണം കൊടുക്കുവാനോ, സഭയെപ്പറ്റി ബോധനം നൽകുവാനോ ആരുമില്ലെന്നും കത്തിൽ വെളിപ്പെടുത്തി. 1535-36-ൽ മിഷനറിമാരെയോ മതപ്രബോധകരെയോ അയച്ചുകൊടുക്കണമെന്നു അതിൽ ഊന്നിപ്പറഞ്ഞിരുന്നു. ദിയെഗൊ ദെ ഗോവായി ഈ കത്തു് അടിയന്തരമായി എന്തെങ്കിലും ചെയ്യേ തീരൂ എന്ന നിർദ്ദേശത്തോടെ സൈമൺ റൊഡ്രിഗ്വസിനു് അയച്ചുകൊടുത്തു[17]. ഡിയൊഗൊ ദൊഗോവയി 1538 ഫെബ്രുവരി 17-നു പോർട്ടുഗൽ രാജാവു് ജോൺ മൂന്നാമനു് അയച്ച കത്തിൽ ഇന്ത്യയിലെ അനാഗതരുടെ മാനസാന്തരത്തിനായി ഫാ. ഇഗ്നേഷ്യസിനോടു് സഹപ്രവർത്തകരിൽ ആരെയെങ്കിലും അയച്ചുതരണമെന്നു് ആവശ്യപ്പെടാൻ നിർദ്ദേശിച്ചു. ഫിലിപ്പു് രാജാവു് ഈ കത്തു് കാര്യമായി ഗൗനിച്ചില്ല. ഈശോസഭയുടെ സുപ്പീരിയർ ഇഗ്നേഷ്യസ് ലൊയോലക്കു മിഷനറിമാരെ അയക്കണമെന്നു വീണ്ടും ഡിയൊഗൊ ആവശ്യപ്പെട്ടു. കത്തിനു് മറുപടിയായി ഫാ. ഗോവിയാക്കു് കിട്ടിയ കത്തിൽ ഈശോസഭാംഗങ്ങളും ഇന്ത്യയിലേക്കു് പോകുവാൻ സന്നദ്ധരാണെന്നും പരിശുദ്ധ പിതാവിന്റെ അഭീഷ്ടമനുസരിച്ചു പ്രവർത്തിക്കയുള്ളുവെന്നും ക്രിസ്തുവിന്റെ വികാരിയുടെ ആജ്ഞാ

17. Wicki Joseph: Documenta Indica Vol. I. p. 113.

malankaralibrary.com

ന്നസ്മരണം മാത്രമേ മിഷനറിമാരെ അയക്കുകയുള്ളുവെന്നും പറഞ്ഞിരുന്നു.[18].

ഈ സന്ദർഭത്തിൽ പോർട്ടുഗീസു രാജാവു് ജോൺ തൃതീയൻ റോമിലെ പോർട്ടുഗീസു് അമ്പാസിഡർക്കു് ഒരു കത്തെഴുതി. ഇന്ത്യയിലേക്കു മിഷനറിമാരെ അയയ്ക്കാനുള്ള സാധ്യതയെക്കുറിച്ചു് ആരായാൻ. ഫാ. ഇഗ്നേഷ്യസിനോടു് മാർപാപ്പയെ സമീപിച്ചു മിഷനറിമാരെ അയക്കുവാൻ അനുവദിക്കുന്നതിനുള്ള കത്തിനു, അന്വേഷണത്തിനും ചർച്ചകൾക്കും ശേഷം അമ്പാസിഡർ ദോം പീറർ മാസ്കരനാഹം ഈശോസഭക്കാർ മിഷൻ പ്രവർത്തനത്തിനു സന്നദ്ധരാണെന്നും മാർപാപ്പയ്ക്കു് ഇന്ത്യയിലേക്കു് മിഷനറിമാരെ അയക്കുവാൻ സമ്മതമാണെന്നും രാജാവിന്റെ അപേക്ഷ സാധിച്ചുതരുന്നതിനു് ഫാ. ഇഗ്നേഷ്യസു് സന്നദ്ധനാണെന്നും മറുപടി നൽകി. പോരാ തൃതീയൻ മാർപാപ്പ ആരെയൊക്കെയാണു് ഇന്ത്യയിലേക്കയക്കേണ്ടതെന്നു് നിശ്ചയിക്കുന്ന ചുമതല ഫാ. ഇഗ്നേഷ്യസിനെ ഏൽപിച്ചു. ഫാ. ഇഗ്നേഷ്യസു് ഇന്ത്യയിലേക്കു് ഉടനടി പുറപ്പെടാൻ റൊഡ്രിഗ്വസിനെയും ബൊബഡിലായെയും തെരഞ്ഞെടുത്തു. ഇറാലിയിലെ ഒരു ശ്രുപതാ വൈദികൻ മെസ്സാർ പാവോളെ (Messer Pavola de Comerino) ദെ കമ്മരീനൊ ഇവരോടുകൂടി ചേർന്നു. മൂന്നുപേരും പോർട്ടുഗലിലേക്കു് പുറപ്പെടാനായിരുന്നതിന്റെ തലേനാൾ ബൊബഡിലാ രോഗബാധിതനായി (Maltese fever). അദ്ദേഹത്തിനുപകരം ഫാ. ഇഗ്നേഷ്യസു് ഫാ. ഫ്രാൻസീസു് സേവ്യറിന്റെ പേരു് നിർദ്ദേശിച്ചു[19].

ഫാ. ഫ്രാൻസിസു് സേവ്യർ

കടൽ വഴി റൊഡ്രിഗ്വസു് മെസ്സാർ പാവുളൊയൊന്നിച്ചു ലിസുബണിലേക്കു പുറപ്പെട്ടു. ഫാ. ഫ്രാൻസിസു് സേവ്യർ 1540 മാർച്ചു് 15-നു കരമാർഗം പുറപ്പെട്ടു[20]. മൂന്നുമാസത്തെ യാത്രയ്ക്കുശേഷം ഫ്രാൻസിസു് ലിസുബണിൽ എത്തി. റൊഡ്രിഗ്വസും പാവുളൊയും ലിസുബണിൽ എത്തിയപ്പോഴേക്കും ഇന്ത്യയിലേക്കുള്ള കപ്പൽ പുറപ്പെട്ടിരുന്നു. ഒരു വർഷക്കാലം ലിസുബണിൽ താമസിക്കേണ്ടിവന്നു. ഈ കാലമത്രയും ലിസുബണിൽ വിവിധ അപ്പസുതോലിക പ്രവർത്തനങ്ങളിൽ വ്യാപൃതരായി. ഈ കാലത്തു് ഗോവയിലെ നൊസ്സാ സെഞ്ഞോറ ദാ ലൂസു് എന്നറിയപ്പെടുന്ന ദേവാലയത്തിന്റെ റെക്ടർ ഫ്രഞ്ചുകാരൻ ഗബ്രിയേൽ ഫെർമോസയെ കണ്ടുമുട്ടി. ഈ സ്നേഹം പോർട്ടുഗലിൽ തിരിച്ചുവന്നിട്ടധികനാളായില്ലായിരുന്നു. അദ്ദേഹത്തിൽ

18. Monumenta Ignatiana: Epistolae et Instructiones I. pp. 132-133.
19. Documenta Indica I. p. 70.
20. Schurhammer: Francis Xavier Vol. I. pp. 55-60.

malankaralibrary.com

നിന്നു ഇന്ത്യയിലെ ക്രിസ്ത്യാനികളുടെ ദയനീയസ്ഥിതിയെക്കുറിച്ച് മിഷനറിമാർക്ക് അറിവു കിട്ടി. ഈ കാലഘട്ടത്തിൽ സൈമൺ റൊഡ്രിഗ്വസിനെ ഇന്ത്യയിലേക്ക് അയക്കുന്നില്ലെന്നും അദ്ദേഹത്തെ പോട്ടുഗൽ കേന്ദ്രമാക്കിയുള്ള പുതിയ പ്രോവിൻസ് രൂപീകരിക്കുന്ന ചുമതല ഏല്പിച്ചുവെന്നും അറിഞ്ഞു. അദ്ദേഹത്തിന്റെ സ്ഥാനത്തു ഫ്രാൻസീസ് മാൻസില്ലാസിനെ നിയമിച്ചിരുന്നു [21]. ഫാ. ഫ്രാൻസീസ് സേവ്യറിനെ പൂർവദേശത്തു അപ്പസ്തോലിക് നൺസിയൊയായും എത്തിയോപ്യയിലെ അമ്പാസിഡറായും നിയമിച്ചുകൊണ്ടുള്ള രേഖ അദ്ദേഹത്തിനു നൽകിയിരുന്നു [22]. അതേ ദിവസം സന്ത്യാഗോ കപ്പൽ ഇന്ത്യയിലെ പുതിയ ഗവർണറായ മാർട്ടിൻ അൽഫോൺസൊ ഡെ ഡിസൊയുടെ നേതൃത്വത്തിൽ ബലെം തുറമുഖം വിട്ടു. ഇതിൽ മാർട്ടിൻ അൽഫോൺസൊയെ കൂടാതെ ഫ്രാൻസിസ് സേവ്യർ, മെസ്സാർ പാവുളൊ, ഫ്രാൻസിസ് മൻസിലാസ്, സൈമൺ റൊഡ്രിഗ്വസിന്റെ ബന്ധു ഡിയോഗൊ ഫെർണാണ്ടസ്, ഗവർണറിന്റെ ചാപ്പലിൻ ഫാ. ഗാബ്രിയേൽ ഫെർമോസൊ, കപ്പൽ ജോലിക്കാർ, പടയാളികൾ, പീരങ്കിപ്പടയാളികൾ, മറ്റ് യാത്രക്കാർ തുടങ്ങി നാന്നൂറിനും അഞ്ഞൂറിനും മദ്ധ്യേ അംഗങ്ങളുണ്ടായിരുന്നു. യാത്രാ മദ്ധ്യേ രോഗികളായ പലരെയും ഫ്രാൻസീസ് ശുശ്രൂഷിച്ചു [23]. അപകടസാദ്ധ്യത നിറഞ്ഞ യാത്രയ്ക്കുശേഷം ഇന്ത്യയിലെ പോർട്ടുഗീസ് തലസ്ഥാനമായ ഗോവയിൽ 1542 മെയ് 5-നു അവർ വന്നെത്തി.

ഫിഷറി കോസ്റ്റിലേക്ക്

ഫ്രാൻസിസ് സേവ്യറും സഹപ്രവർത്തകരും അധികം താമസിയാതെ 1541-ൽ സ്ഥാപിതമായ സെൻറ് പോൾസ് കോളജിന്റെ ചുമതലയേറ്റു. കോളജ് പിന്നീട് ഗോവയിലെ ഈശോസഭക്കാരുടെ ആസ്ഥാനവും പ്രവർത്തനകേന്ദ്രവുമായി.[24] ഗോവയിലെ പ്രേഷിതപ്രവർത്തനങ്ങളും കോളജും ഡിയൊ ഡെ ഫെർണാണ്ടസിനെ ഭരമേല്പിച്ചശേഷം ഫാ. ഫ്രാൻസിസ് സേവ്യർ ഫിഷറികോസ്റ്റിലേക്കു പുറപ്പെട്ടു. കൊച്ചിയിലെ ക്രൈസ്തവസഭയുടെ പ്രധാന ആസ്ഥാനമാണീ പ്രദേശം. കൊച്ചിയിലെ വികാരി പെദ്രോ ഗോൺസാൽവസിന്റെ നേരിട്ടുള്ള മേൽനോട്ടത്തിലൊന്നായിരുന്നു ഇവിടം. കന്യാകുമാരി മുതൽ പാണ്ഡ്യരാജ്യങ്ങളും, പരാക്രമ കുലശേഖരന്റെ പ്രദേശങ്ങളും, വെട്ടം പെരുമാൾ, മാർത്താണ്ഡ വർമ്മയുടെയും, രാമവർമ്മയുടെയും ചേരരാജ്യങ്ങളും ഉൾക്കൊള്ളുന്ന മണപ്പാട്ട്, പുത്തൻകുയൽ, തുത്തു

21. Schurhammer: Francis Xavier Vol. I. p. 718.
22. Hollis C. London: History of Jesuits 1968 p. 35.
23. G. Schurhammer: Francis Xavier Vol. II. p. 6-11.
24. G. Schurhammer: St. Francis Xavier; Documenta Indica op. cit. Vol. II p. 240.

malankaralibrary.com

ക്കടി മുതലായ ക്രൈസ്തവ കേന്ദ്രങ്ങളും ഫിഷറികോസ്റ്റിൽ ഉൾപ്പെട്ടിരുന്നു.

കൊച്ചിയിലും കണ്ണൂരിലും ഏതാനും ദിവസം ചെലവഴിച്ച ശേഷം ഫാ. ഫ്രാൻസിസ് സേവ്യർ മണപ്പാടിലേയ്ക്ക് തിരിച്ചു. അവിടെയുള്ള ക്രൈസ്തവർക്ക് സഭയെപ്പറ്റി അറിവ് ലഭിച്ചിരുന്നില്ല. ഫാ. ഫ്രാൻസിസ് സേവ്യർ, കത്തോലിക്കമതത്തിന്റെ ആദ്യ പാഠങ്ങൾ പഠിപ്പിക്കാൻ മണപ്പാടിൽനിന്നും കാൽനടയായി തൂത്തുക്കുടിയിലെത്തി. അവിടെ കൊച്ചിയിലെ വികാരി പാദ്രോ ഗോൺസാംവസ് അദ്ദേഹത്തെ സ്വീകരിച്ചു. അദ്ദേഹം 1535–36–ൽ ഒട്ടനവധി പരവന്മാർക്ക് ജ്ഞാനസ്നാനം നൽകിയിരുന്നു. ഫിഷറികോസ്റ്റിലെ പ്രേഷിതപ്രവർത്തനം മുഴുവൻ ഫാ. ഫ്രാൻസിസ് സേവ്യറിനെ ഭരമേല്പിച്ചതു് ഈ അവസരത്തിലാണ്. 1542 ഒക്ടോബർ 21–നു ഫാ. ഫ്രാൻസിസ് സേവ്യർ ഫാ. ഇഗ്നേഷ്യസിനുള്ള എഴുത്തിൽ ഗോവയിലും ഫിഷറികോസ്റ്റിലും തനിക്കുണ്ടായ അനുഭവങ്ങൾ എഴുതി അറിയിച്ചു.[25]

തമിഴ്ഭാഷയിൽ

ഏതാനും മാസങ്ങൾ ഫാ. ഫ്രാൻസിസ് സേവ്യർ തൂത്തുക്കുടിയിൽ താമസിച്ചു. 1542 ഒക്ടോബർ മുതൽ 1543 ഫെബ്രുവരി വരെ ഗസ്റ്റ്ഹൗസിന്റെ സമീപത്തുള്ള ചെറിയ ഭവനത്തിൽ വസിച്ചുകൊണ്ട് തദ്ദേശവാസികളുടെ ഭാഷ പഠിച്ചു. വേദപാഠം പഠിപ്പിക്കുന്നതിനുള്ള പ്രഥമ കാൽവയ്പായി തമിഴ് ഭാഷയും വിശ്വാസപ്രമാണം പഠിച്ചു. വേദസത്യങ്ങൾ, മൗലികതത്വങ്ങൾ, പ്രാർത്ഥന മുതലായവ തമിഴിലേക്ക് പരിഭാഷപ്പെടുത്തി. ഞായറാഴ്ച ദിവസങ്ങളിൽ ക്രൈസ്തവരെയും ഒന്നിച്ചു കൂട്ടി വിശ്വാസസത്യങ്ങളും ദൈവപ്രമാണങ്ങളും, "സ്വർഗസ്ഥനായ് ഞങ്ങളുടെ പിതാവെ" മുതലായവയും പഠിപ്പിച്ചു. വിശ്വാസപ്രമാണം പല പ്രാവശ്യം ചൊല്ലുവാൻ അഭ്യസിപ്പിക്കയും ചെയ്തിരുന്നു[26]. മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ക്രൈസ്തവർ മാന്നാറിനടുത്തുള്ള പേരം ഫിഷറിയിൽ മുത്തു ശേഖരിക്കാൻ പോകുന്നവേളയിൽ ഫാ. ഫ്രാൻസിസ് സേവ്യറും മണപ്പാട് ഗ്രാമങ്ങളും സന്ദർശിച്ചിരുന്നു. അവിടെനിന്നും കന്യാകുമാരിയിലേക്കും പോയി. സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിൽ രണ്ടു പരവൻമാരോടുകൂടി സിലോണിലെ കൊളംബോ ഇടവക സന്ദർശിക്കുക പതിവായി. ജാഫ്ന, കാൻഡി മുതലായ സ്ഥലങ്ങളും സന്ദർശിച്ചശേഷം ഗോവയിലേക്കു മടങ്ങിപ്പോയി. ഡിസംബർ 21–വരെ അവിടെ താമസിച്ചു.

---

25. Epistola Xavierii p. 410.
Documenta Indica III. p. 257.
26. G. Schurhammer: Francis Xavier Vol. II. pp. 307-311.

malankaralibrary.com

സെൻറ് ഫ്രാൻസിസ് സേവ്യർ കൊച്ചിയിൽ

ഫാ. ഫ്രാൻസിസ് സേവ്യർ 1543 ഡിസംബർ 21-ന മൻസി ലാസിനെയും രണ്ടു പരവന്മാരെയുംകൂട്ടി കൊച്ചിയിലേക്ക് പോയി. ഇന്ത്യയിലെ സെക്രട്ടറിയും മിസരികോർദിയായിലെ ഒരു മെമ്പറുമാ യ അൻറോണിയോ ഡയസും ഒരു സ്പാനിഷ് വൈദികനും ലയോസഭെ ല്സാനും ഒരു പടയാളിയും മറ്റ് രണ്ട് സഹായികളും ഇവരെ അനു ഗമിച്ചു. കൊച്ചിയിലേയ്ക്കുള്ള യാത്രയിൽ അവർ സഞ്ചരിച്ചിരുന്ന ബോട്ട് കണ്ണൂരിൽ അടുപ്പിച്ചു. ഫാ. ഫ്രാൻസിസ് ഈ സന്ദർഭത്തിൽ ഏതാനും കുടുംബങ്ങൾ സന്ദർശിച്ചു. 1544 ജനുവരി ഒന്നിന അവർ കൊച്ചിയിലെത്തി. കൊച്ചി വികാരി പെദ്രൊ ഗോൺസാലംവസി ൻെറ വസതിയിൽ താമസിച്ചു. ഈ ഭവനത്തിനു സമീപം ആയിരുന്ന സെൻറ് ഫ്രാൻസിസ് അസ്സീസിയുടെ ദേവാലയം. ഫ്രാൻസിസ്കൻ സന്യാസികളുടെ സാന്തൊ അന്തോണിയുടെ നാമത്തിലുള്ള ആശ്രമം ഫ്രാൻസിസ് സേവ്യർ സന്ദർശിച്ചു സൗഹൃദബന്ധം പുലർത്തി. പോർട്ടുഗീസു രാജാവിനും രാജ്ഞിക്കും ഫാ. ഇഗ്നേഷ്യസിനും പോർ ട്ടുഗലിലെ തൻെറ സുഹൃത്തുക്കൾക്കും എഴുത്തുകൾ അയച്ചു. ഫിഷറി കോസ്റ്റിലെ ക്രൈസ്തവർക്കു കൂടുതൽ പണസഹായം അയച്ചുതരുന്ന തിനു രാജാവിനോടു അഭ്യർത്ഥിച്ചു. ഇഗ്നേഷ്യസിനുള്ള കത്തിൽ വി വിധ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിവരണം നൽകി. ഇന്ത്യയിലെ സഹപ്രവർത്തകരോടും സുഹൃത്തുക്കളോടും ആത്മാക്കളെ യുണിവേഴ് സിറ്റി ഡിഗ്രിയേക്കാൾ വിലമതിക്കാൻ ഫ്രാൻസിസ് ഉപദേശിച്ചു.

കൊല്ലത്തും സിലോണിലും

കൊച്ചിയിൽ നിന്നു ഫ്രാൻസിസ് സേവ്യർ സഹപ്രവർത്തക രോടുകൂടി ഫിഷറി കോസ്റ്റിലേക്കു തിരിച്ചു. കൊല്ലത്തു വന്ന പ്പോൾ യാത്ര സിലോണിലേക്ക് ആക്കി. ജോൺ തൃതീയൻ രാജാ വിൻെറ പ്രത്യേക സന്ദേശം സിലോൺ രാജാവും ഭരണാധിപനുമായ ബുവനേകു ബാഹുവിനു നൽകിയിരുന്നു[27]. ഈ ദൗത്യം വിജയി ച്ചില്ല. ബുവനേകു ബാഹു രാജാവു ജ്ഞാനസ്നാനം സ്വീകരിച്ചുകൊ ള്ളാമെന്നു വാഗ്ദാനം ചെയ്തിരുന്ന വസ്തുത അദ്ദേഹം നിഷേധിച്ചു. അതിനാൽ സിലോണിൽനിന്നും ഫിഷറി കോസ്റ്റിലേക്കു തന്നെ യാത്ര തിരിച്ചു. മണപ്പാടു, പുന്നാക്കായൽ, തൂത്തുക്കുടി പ്രദേശ ങ്ങളും കേന്ദ്രീകരിച്ചു ഫിഷറി കോസ്റ്റു മൂന്നു റീജനുകളായി തിരിച്ചു. ഓരോ റീജിയനിലും പല ഗ്രാമങ്ങളും അടങ്ങിയിരുന്നു. ഗ്രാമത്തിലേയ്ക്കു ഓരോ കണക്കപ്പിള്ളയെയും ഉപദേശിമാരെയും നിയോഗിച്ചു. കണ ക്കപ്പിള്ളമാരുടെ ജോലി പ്രധാനമായി വേദപാഠം പഠിപ്പിക്കുക, കപ്യാർ ജോലി നിർവഹിക്കുക, പ്രാർത്ഥിക്കാനായി വിശ്വാസികളെ ഒന്നിച്ചു കൂട്ടുക, പ്രാർത്ഥിക്കുക, അത്യാവശ്യ സന്ദർഭങ്ങളിൽ ജ്ഞാന

27. Schurhammer: Francis Xavier II pp. 411-429.

malankaralibrary.com

സംനാനം നല്കുക, വിവാഹത്തിനുമുൻപു് കാനോനിക തടസ്സമുണ്ടോ എന്നു് അന്വേഷിക്കുക എന്നിവയായിരുന്നു. ഓരോ വില്ലേജിലും മിഷനറിമാരെ സഹായിക്കാൻ മതബോധകരെയും നിയമിച്ചിരുന്നു.

പിന്നോക്കവിഭാഗങ്ങളിൽ

ഫാ. ഫ്രാൻസിസു് സേവ്യർ ഓരോ വില്ലേജിലും ഇരുപതോ മുപ്പതോ ദിവസങ്ങളിൽ കൂടുതൽ ചെലവഴിച്ചിരുന്നില്ല. ജ്ഞാന സ്നാനാർത്ഥികളെ മതതത്വങ്ങളും പഠിപ്പിച്ചിരുന്നു. വിശ്വാസപര മായ വിഷയങ്ങളിൽ ഉൽബോധനം നടത്തിയശേഷമേ ജ്ഞാന സ്നാനപ്പെടുത്തിയിരുന്നുള്ളൂ. ഈ പദ്ധതി താഴ്ന്ന ജാതിയിൽപ്പെട്ട വരിൽ വിജയപ്രദമായി. ഉയർന്നജാതി ഹിന്ദുക്കളുടെ ഇടയിൽ വിശ്വാ ഷ്യ, ബ്രാഹ്മണരിൽ വി. ഫ്രാൻസിസിന്റെ പ്രേഷിതപ്രവർത്തന ങ്ങളും ഫലപ്രദമായില്ല[28]. കന്യാകുമാരിയിലെയും തൂത്തുക്കുടിയിലെ യും ക്രൈസ്തവരെ ബഡകന്മാർ ആക്രമിച്ചു. ജാഫ്നയിലെ ഭരണാ ധികാരിയും ക്രൈസ്തവരെ പീഡിപ്പിച്ചു. പോർട്ടുഗീസു് മേധാവി കളിൽനിന്നും പീഡനങ്ങളും സഹിക്കേണ്ടിവന്നു. അവരുടെ ധനമോ ഹവും ഉർമാർഗനടപടികളും ക്രൂരമായ പെരുമാറ്റവും ഉത്സാഹമായി.

പുന്നക്കായൽത്തീരം മുതൽ കന്യാകുമാരിവരെയുള്ള സ്ഥലങ്ങളും ഫ്രാൻസിസു് സേവ്യർ സന്ദർശിച്ചു. പൂർവതീരംവരെയുള്ള സ്ഥല ങ്ങളും പിന്നീടും. ഈ പ്രദേശങ്ങളിൽ വസിച്ചിരുന്നവർ മിക്കവാറും മുക്കുവൻമാർ. 1544 നവംബർ, ഡിസംബർ മാസങ്ങളിൽ അവരെ വേദസത്യങ്ങളും പഠിപ്പിച്ചു. ഇവരെ ആഘോഷമായും കൂട്ടമായും ജ്ഞാനസ്നാനപ്പെടുത്തുന്നതിനു് വി. ഫ്രാൻസിസു് സേവ്യറിനു് പ്രാ ത്സാഹനമായിരുന്നു. അതിനു് തിരുവിതാംകൂർ സമുദ്രതീര ക്യാപ്റനുമാ യി ആലോചിക്കുന്നതിനു് അങ്ങോട്ടുപോയി. ക്യാപ്റൻ ഡുവാർട്ടു ദെ ഗാമ വിശ്വാസത്തെ പരിപാടി അംഗീകരിച്ചു. എല്ലാ സഹായങ്ങ ളും വാഗ്ദാനംചെയ്തു. 1544 ഡിസംബർ 16-നു വീണ്ടും വിശ്വാസത്തിൻ കൊ ച്ചിയിലേക്കു മടങ്ങി.

സന്മാർഗജീവിതത്തിനുവേണ്ടി

ഫ്രാൻസിസ്കൻ സഭക്കാരുടെ ആശ്രമമായ സാന്തോ ആൻറോണി യോയിൽ വിശ്രമജീവിതം നയിച്ചിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനി കളുടെ മെത്രാൻ മാർ ജെയിക്കബിനെ വി. ഫ്രാൻസിസു് സേവ്യർ സന്ദർശിച്ചു[29]. പോർട്ടുഗീസു് ഇന്ത്യയിൽ അന്നു പ്രധാനമായി വേണ്ട കാര്യങ്ങളും മിഗ്വൽ വാസു് വഴി ഫ്രാൻസിസു് സേവ്യർ ഗ്രഹിച്ചി രുന്നു. ഇന്ത്യയുടെ കഴിഞ്ഞ കാലങ്ങളിലെ സ്ഥിതിഗതികളെക്കുറിച്ചു്

28. Schurhammer: St. Francis Xavier Vol. II. op. cit. p. 458.
29. Francis Xavier: G. Schurhammer op. cit. Vol. II. p. 494.

malankaralibrary.com

പോർട്ടുഗീസ് രാജാവിനെ അറിയിക്കാൻ മിഗ്വൽ വാസിന്റെ അപേക്ഷകളും ആവശ്യങ്ങളും സാധിതമാകുന്നതിനു ജോൺ തൃതീയനും മാർപാപ്പയ്ക്കും വി. ഫ്രാൻസിസ് സേവ്യർ കത്തെഴുതി. വി. ഇഗ്നേഷ്യസിനും ജനുവരി 21-നു കത്തയച്ചു. റൊദ്രിഗ്വസിനും റോമിലെ സഹപാഠികൾക്കും കൊടുക്കാൻ മൂന്ന് എഴുത്തുകൂടി എഴുതിച്ചിരുന്നു. വി. ഫ്രാൻസിസ് സേവ്യർ തെക്കോട്ടു യാത്രചെയ്ത് കൊല്ലത്തും കൊളംബൊയിലും ഏതാനും ദിവസങ്ങൾ താമസിച്ചശേഷം നാഗപട്ടണത്തിലേയ്ക്കുപോയി. ഈ പട്ടണം കൊറമണ്ഡൽതീരത്തെ പ്രധാന കച്ചവടനഗരം. ഇവിടെനിന്നു സെന്റ് തോമസിന്റെ ശവകുടീരമുള്ള സാൻതോമിലേക്കു പോകാനായിരുന്നു വി. ഫ്രാൻസിസ് സേവ്യറിന്റെ പ്ലാൻ. ഇവിടെത്തന്നെയാണ് കോസ്മറിലെ ക്യാപ്പറൻ താമസിച്ചിരുന്നതു്. കാലാവസ്ഥ പ്രതികൂലമായിരുന്നതിനാൽ വി. ഫ്രാൻസിസ് നാഗപട്ടണത്തുതന്നെ താമസിച്ചു.

ഫ്രാൻസിസ് സേവ്യർ 1545 ഏപ്രിലിൽ സാൻതോമിൽ എത്തിച്ചേർന്നു. വിശുദ്ധനെ സ്ഥലം വികാരി ഗാസ്പർകൊയിലൊ സ്വീകരിച്ചു. വി. തോമസ് അപ്പസ്തോലന്റെ ശവകുടീരത്തിനു് സമീപത്താണു വികാരി താമസിച്ചിരുന്നതു്. മാനസാന്തരം ആവശ്യമായിരുന്നതു അക്രൈസ്തവരിലല്ല, ക്രിസ്ത്യാനികളിലാണ്. ക്രൈസ്തവരിൽ യഥാർത്ഥ ക്രിസ്തീയജീവിതം നയിക്കുന്നവർ വിരളം. അവരുടെ ദുർമാർഗ നടപടികളും ദുരീകരിക്കാൻ വിശുദ്ധൻ ശ്രമിച്ചു.

അവരെ പാപസങ്കീർത്തനം നടത്തുന്നതിനും ദുർമ്മാർഗ്ഗജീവിതം ഉപേക്ഷിക്കുന്നതിനും പ്രേരിപ്പിച്ചു. ക്രിസ്തീയമുറപ്രകാരം വിവാഹം നടത്തിക്കൊടുത്തു. സമാധാനവും ദൈവഭയവും ക്രൈസ്തവസമൂഹത്തിൽ ഉളവാക്കി.

ഫ്രാൻസിസ് മാൻസിലാസ്

കൊച്ചിരൂപതയിലെ രണ്ടാമത്തെ മിഷനറിയാണ് ഫ്രാൻസിസ് മാൻസിലാസ്. വലിയ പഠിപ്പും പാണ്ഡിത്യവുമില്ലാത്ത വ്യക്തി. വൈദികനോ ഈശോസഭാംഗമോ അല്ല. മറ്റു സഭാംഗങ്ങളെപ്പോലെ സന്യാസജീവിത പരിശീലനം ഇല്ലായിരുന്നു. സൽസ്വഭാവമുള്ളവനും നല്ല പ്രേഷിത ചൈതന്യമുള്ളവനുമായിരുന്ന മാൻസിലാസ്. അദ്ദേഹത്തിന്റെ നിഷ്കളങ്കതയും ആത്മാർത്ഥതയും വി. ഫ്രാൻസിസ് സേവ്യറെ ആകർഷിച്ചു. വി. ഫ്രാൻസിസ് സേവ്യറിനോടുകൂടി മാൻസിലാസ് ഫിഷറി കോസ്റ്റിൽ വന്നു. ഗോവയിൽനിന്നുള്ള യാത്രാമദ്ധ്യേ കണ്ണൂർ, കൊച്ചി പ്രദേശങ്ങളിൽ താമസിച്ചു. ഫിഷറി കോസ്റ്റിൽ മിഷൻപ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. മാൻസിലാസിൽ ദുർവാശിയും അഹങ്കാരവും അനുസരണക്കേടും കണ്ടതിനാൽ വി. ഫ്രാൻസിസ് സേവ്യർ അദ്ദേഹത്തെ സഭയിൽനിന്നു പിരിച്ചുവിട്ടു. ശിഷ്ടകാലം കൊച്ചിയിൽത്തന്നെ കഴിച്ചുകൂട്ടി.

malankaralibrary.com

വി. ഫ്രാൻസിസ് സേവ്യറിന്റെ നാമകരണചടങ്ങുകളിൽ മാൻസിലാസ് സംബന്ധിച്ചു. അടുത്ത പ്രശസ്ത മിഷനറി ഫാ. നിക്കളാവൂസ് ഇന്ത്യയിൽ 1545-ൽ വന്നു. ഗോവയിലെ സെൻറ് പോൾസ് കോളജിൽ ലത്തീൻഭാഷ പഠിച്ചു. പിന്നീട് ഈ കോളജിന്റെ തന്നെ റെക്ടറായി. 1548 വരെ അതിൽ തുടർന്നു.

തിരുവിതാംകൂർ ഫിഷറി കോസ്റ്റിലെയും കൊറമണ്ഡൽ സമുദ്രതീരത്തിലെയും ജനങ്ങളുടെ ആവശ്യത്തിലേക്കായി കൊല്ലത്തു ഒരു കോളജു സ്ഥാപിക്കാൻ അദ്ദേഹത്തെ കൊച്ചിയിലേക്കു ക്ഷണിച്ചു. കൊല്ലത്തു കോളജ് യഥാകാലം സ്ഥാപിച്ചു മരണംവരെ അതിന്റെ റെക്ടറായി സേവനമനുഷ്ഠിച്ചു. ദക്ഷിണ കൊച്ചിയിൽ ജസ്വീറ് മിഷന്റെ സുപ്പീരിയർ കൂടിയായിരുന്നു. 1558 ഏപ്രിൽ 7-നു അദ്ദേഹം ചരമമടഞ്ഞു.

(ദക്ഷിണ കൊച്ചി മിഷനിൽ തിരുവിതാംകൂർ ഫിഷറികോസ്റ്റും, സാൻതോമും ഉൾപ്പെട്ടിരുന്നു).

മറ്റു ജസ്വീറ് മിഷനറിമാർ ആൻറണി ക്രിമിനാലും (1541-1549). ഹെൻറികസ് (1549-59), ഫ്രാൻസിസ് ഹെൻറികസ് (1551), അൽഫോൺസ് സുപ്രിയാൻ (1559), ഫ്രാൻസിസ് പെരസ് (1552-82), ബർത്താസർ ഗാജൊ (1550-1551), മെർക്കിറിയാർ ന്യൂനസ്ബറേട്ടൊ (1557-71), ഇമ്മാനുവൽ ദെ മൊറിയാസ് സീനിയർ (1557-1575), ആൻറണി ദെ ഹെരേഡിയ (1551-1559), എമ്മാനുവൽ ടെയ്ക്സേറിയ (1569-79). ഈശോസഭ ആദ്യമായി അംഗങ്ങളെ മിഷൻ പ്രവർത്തനത്തിനയച്ചതു ഇന്ത്യയിലേക്കാണു. മിഷനറിമാരുടെ പ്രവർത്തനങ്ങളെ സസൂക്ഷ്മം വീക്ഷിച്ചിരുന്നു. എല്ലാ വർഷവും പോർട്ടുഗലിൽനിന്നു മിഷനറിമാർ ഇന്ത്യയിലേക്കു വന്നുകൊണ്ടിരുന്നുവെങ്കിലും ഈശോസഭാംഗങ്ങൾ കുറച്ചുപേർ മാത്രമേ ഉണ്ടായിരുന്നുള്ളു. കൂടുതൽ മിഷനറിമാരെ വേണമെന്നുള്ള ഫ്രാൻസിസ് സേവ്യറിന്റെ അഭ്യർത്ഥന പരിഗണിച്ചു ഇറാലിക്കാരനായ ആൻറണി ക്രിമിനാലും പോർട്ടുഗീസുകാരനായ പീറർ ലോപ്പാസും ലിസ്ബണിൽനിന്നു 1544-ൽ പുറപ്പെട്ടു. കാറ്റ് പ്രതികൂലമായിരുന്നതിനാൽ അവർ പോർട്ടുഗലിലേക്കു തന്നെ മടങ്ങി. 1545-ൽ മാത്രമേ രണ്ടാമത്തെ സംഘം ഇന്ത്യയിലെത്തിയുള്ളു. 1546-ൽ ഒൻപതു ഈശോസഭാവൈദികർ വന്നു. 1548-ൽ 5 വൈദികരും 5 ബ്രദേഴ്സും വന്നു ചേർന്നു[30]. 1550 വരെ ഇന്ത്യയിൽ 25 ഈശോസഭാംഗങ്ങൾ. 1551-1560-ൽ പോർട്ടുഗലിൽനിന്നും സ്പെയിനിൽനിന്നും 40 പേർകൂടി വന്നുചേർന്നു.

---

30. Schurhammer: St. Francis Xavier II p. 592.

malankaralibrary.com

ഫിഷറികോസ്റ്റ് പൈതൃകം

ഇവിടെ ധാരാളം പേർ മതപരിവർത്തനം ചെയ്ത ജ്ഞാനസ്നാനം സ്വീകരിച്ചിരുന്നു. വി. ഫ്രാൻസിസ് സേവ്യറാണ് മിഷൻ ഉദ്ഘാടനം ചെയ്തത്. 1542 സെപ്റ്റംബർ മുതൽ ഒരു വർഷക്കാലം ഗോവയിൽ മിഷൻ പ്രവർത്തനം നടത്തിയശേഷം അദ്ദേഹം 1544-ൽ മാൻസിലാസിനെയും, ലിസാനെയും കൂട്ടി വന്നു. മിഷൻ മൂന്നായി വിഭജിച്ച് മണപ്പാട് മാൻസിലാസിനും പുന്നാക്കായൽ വി. ഫ്രാൻസിസ് സേവ്യറിനും, തുത്തുക്കുടി ലിസാനെനും നൽകി. മൂവരുടെയും ജോലി പിന്നീട് ഫാ. ആൻറണി ക്രിമിനാലി ഏറെറടുത്തു. അദ്ദേഹം ബന്ധഗന്മാരാൽ കൊല്ലപ്പെട്ടന്നതുവരെ സുപ്പീരിയറായിരുന്നു. പിന്നീട് ഹെൻട്രിക്കസ് ഹെൻട്രി അദ്ദേഹത്തിൻെറ പിൻഗാമിയായി. തുടർച്ചയായി 25 വർഷം അദ്ദേഹം ഈ പ്രദേശത്തു് പല പള്ളികളിൽ സുവിശേഷ ജോലി നിർവഹിച്ചു. തീരദേശങ്ങളിലെ സമർത്ഥരായ ആളുകളെ തിരഞ്ഞെടുത്തു് ഗോവയിലും കൊല്ലത്തുമുള്ള കോളജിൽ പഠിപ്പിക്കാൻ അയച്ചിരുന്നു. തമിഴ് ഭാഷ പഠിച്ച് മതപഠനത്തിനു സഹായമായ പുസ്തകം രചിച്ചു. ഈ പുസ്തകങ്ങൾ മിഷനറിമാർക്കു് ഉപകാരപ്രദമാകത്തക്കവിധം പ്രസിദ്ധീകരിച്ചു. [31]

ഡെയോഗ ഡൊസൊപെവലിൻെറ കൂടെ 1558-ൽ കൂടുതൽ മിഷനറിമാർ ഇവിടെ വന്നു. ഈശോസഭാംഗങ്ങളുടെ പ്രേഷിതപ്രവർത്തനങ്ങളുടെ ഫലമായി തീരപ്രദേശങ്ങളും ഉൾപ്രദേശത്തുള്ള വില്ലേജുകളും പുരോഗതി നേടി. ഫിഷറി കോസ്റ്റിൽ ആറു് ഈശോസഭാംഗങ്ങൾ ഉണ്ടായിരുന്നു. വി. ഫ്രാൻസിസ് സേവ്യറിൻെറ എഴുത്തുകളിൽ നിന്നു് അറിയുന്നതു 10,000 പേരെ തിരുവിതാംകൂറിൽ 1544 അവസാനത്തോടു കൂടി ജ്ഞാനസ്നാനപ്പെടുത്തിയെന്നാണ്. നാലായിരം ജ്ഞാനസ്നാനാർത്ഥികളുണ്ടായിരുന്നവത്രെ [32]. 1545 ജനുവരി 20-നുകൊച്ചിയിൽനിന്നു പോർട്ടുഗലിലെ ജോൺ തൃതീയൻ രാജാവിനു് അയച്ച കത്തിൽ തിരുവിതാംകൂറിൽ ക്രൈസ്തവരുടെ സംഖ്യ വളരെ കൂടിവരുന്നതുകൊണ്ടു് ഇന്ത്യയിലേക്കുള്ള സഹായം വർദ്ധിപ്പിക്കണമെന്നു് അപേക്ഷിച്ചിരുന്നു [33]. കൊല്ലത്തു് ജസ്വീറ് മിഷൻ സ്റ്റേഷൻ സ്ഥാപിക്കേണ്ടതിനെക്കുറിച്ചു് ഗാസ്പർ ബാർ ബേവൂസ് കൊയിംബ്രയിലെ ഈശോസഭക്കാർക്ക് എഴുതി. അതേവർഷം ആൻറണി ഗോമസ് ഗോവയിലെ കോളജ് യൂണിവേഴ്സിറ്റി പദവിയിലേക്കുയർത്താൻ അപേക്ഷിച്ചിരുന്നു. കൊച്ചിയിലും, ചോളിലും, കൊല്ലത്തും പുതിയ കോളജുകൾ സ്ഥാപിക്കണമെന്നും നിർദ്ദേശിച്ചു. കൊല്ലത്തു് കോളജ് സ്ഥാപിക്കുന്നതിനു് നിക്കളാവൂസ് ലാൻസി

31. Documenta Indica page 758.
Documenta Indica op. cit 420-509 footnote-2.
32. Epistola Xavierii II. pp. 168-169. Documenta Indica 1 page-88.
33. Epistola Xavierii III. p. 252.

malankaralibrary.com

ലോറ൯ 1549 ജനുവരിയിൽ നിയുക്തനായി.അദ്ദേഹം കോളജ് സ്ഥാപിച്ചു "സാൽവാറോറാൻ കോളജ്" എന്നു പേരിട്ടു. ജനങ്ങളുടെ സഹായസഹകരണത്താൽ ലാൻസിലോറ൯ കോളജ് വിപുലീകരിച്ചു. മനോഹരമായ ദേവാലയം കോളജിനോടനുബന്ധിച്ചു നിർമ്മിച്ചു [34]. കോളജിലെ കുട്ടികളും കൊല്ലത്തും മിഷൻകോസ്റ്റിലും നിന്നുള്ളവരായിരുന്നു. 1558–ൽ കുട്ടികളുടെ സംഖ്യ 70 ആയി.

കോളജ് സ്ഥാപനത്തോടെ കൊല്ലം നഗരത്തിന്റെ പ്രാധാന്യം വർദ്ധിച്ചു. ലാൻസിലോറ൯ ദക്ഷിണ മിഷനിലെ സുപ്പീരിയറായി. തിരുവിതാംകൂർ ഫിഷറികോസ്റ്റും കൊറൊമണ്ഡൽകോസ്റ്റും കൂടുതൽ അഭിവൃദ്ധി നേടി. 1559–ൽ ഫ്രാൻസിസ് പെരെസ് ലാൻസിലോറിന്റെ പിൻഗാമിയായി. അദ്ദേഹം ചാർജെടുത്തപ്പോഴും ബ്രദർ ലൂയിസ് ഗൊബയൊ മാത്രമേ സഹായിയായിട്ടുണ്ടായിരുന്നുള്ളു [35].

സാൻതോം നവീകരണം

വി. ഫ്രാൻസിസ് സേവ്യറിന്റെ സാൻതോം സന്ദർശനം മിഷൻ പ്രവർത്തനമെന്നതിനെക്കാളും ഒരു തീർത്ഥാടനമായിരുന്നു [36].

അവിടത്തെ ക്രൈസ്തവരുടെ അസാന്മാർഗികജീവിതം വിശ്വാസത്തെ വേദനിപ്പിച്ചു. അമിതമായ ദ്രവ്യാഗ്രഹത്തിനും ചീത്ത നടപടികൾക്കും അടിപ്പെട്ടു ജീവിച്ചിരുന്ന ഇവരുടെ ഇടയിൽ നവീകരണം ആരംഭിക്കാൻ വിശ്വാസത്തിന്റെ തീരുമാനിച്ചതോടെ ഈശോസഭക്കാരുടെ പ്രേഷിതപ്രവർത്തനങ്ങൾക്കു സാൻതോമിൽ തുടക്കമിട്ടുവെന്നു പറയാം. 1545–ൽ വിശ്വാസത്തിന്റെ മലാക്കയിലേക്കു പോയപ്പോഴും ഈശോസഭാംഗങ്ങൾ ആരുംതന്നെ സാൻതോമിൽ ഇല്ലായിരുന്നു. 1548–ൽ ഫിഷറി കോസ്റ്റിൽ പ്രേഷിതപ്രവർത്തനം നടത്തിയിരുന്ന അൽഫോൺസ് സുപ്രിയാൻ സാൻതോമിൽ ആയിരുന്നപ്പോഴാണ് ജസ്വീറ് മിഷന്റെ സുപ്പീരിയറായി നിയമിക്കപ്പെട്ടു. സഹപ്രവർത്തകനായ ബ്രദർ ജേയാവെ ലോപ്പസ് ഫാ.സുപ്രിയാന്റെ നിര്യാണശേഷം ഗോവയിലേക്കു വിളിക്കപ്പെട്ടു. സാൻതോമിലെ ക്രൈസ്തവരുടെ ഇടയിൽ, പ്രത്യേകിച്ചു പോർട്ടുഗീസുകാരുടെ ഇടയിൽ നടമാടിയിരുന്ന അസാന്മാർഗികജീവിതമാണ് ഈശോസഭക്കാരെ ഇവിടെനിന്നു അകറ്റി നിർത്തിയതു്. വി. തോമസ് അപ്പസ്തോലന്റെ തിരുശരീരമല്ലാതെ മറ്റൊരു സ്വത്തും സാൻതോമിൽ ഇല്ലായിരുന്നുവെന്നു ബ്രദർ ലോപ്പസ് അഭിപ്രായപ്പെട്ടു.

---

34. Letter of Lancelotte dated October 29 and addressed to Ignatius Loyola II. 379.
35. Documenta Indica IV op cit. p. 179.
36. G. Schurhammer: Francis Xavier Vol. II. p. 588.

malankaralibrary.com

കൊച്ചിയിലെ മാത്തർ ദെ ദേവൂസ് ദേവാലയം

വി. ഫ്രാൻസിസ് സേവ്യർ 1542-ൽ ഫിഷറി കോസ്റ്റിലേക്ക് പോകുന്നവഴി കൊച്ചി സന്ദർശിച്ചിരുന്നു. അവിടെ അന്നു 15000 ക്രൈസ്തവർ. പോർട്ടുഗീസുകാരും അവരുടെ സന്താനങ്ങളും ഉൾപ്പെടെ.

ഫ്രാൻസിസ് സേവ്യർ 1543 നവംബറിൽ വീണ്ടും കൊച്ചി സന്ദർശിച്ചു. ഇത്തവണ ഈശോസഭാംഗങ്ങളായ നിക്കളാവൂസ് ലാൻസിലോറ്റയും ലൂയിസ് മെൻഡസും ഫ്രാൻസിസ് സേവ്യറെ പ്രതീക്ഷിച്ചു കൊച്ചിയിലുണ്ടായിരുന്നു. അവർ എല്ലാവരും ചേന്ന ക്രിസ്തുമസ്കൊണ്ടോടി [37]. ഫ്രാൻസിസ് സേവ്യർ 12 തവണ കൊച്ചി സന്ദർശിച്ചിട്ടുണ്ട്.

ഫ്രാൻസിസ് സേവ്യറുടെ കൊച്ചി പ്രേഷിതപ്രവർത്തനസമ്പ്രദായങ്ങൾ ഇങ്ങനെ വിവരിച്ചിരിക്കുന്നു: രാവിലെ മണി കിലുക്കിക്കൊണ്ട് ഫ്രാൻസിസ് സേവ്യർ തെരുവീഥിയിൽ നടക്കും. അവിടെ കൂടുന്നവരെ ക്രൈസ്തവവത്വങ്ങൾ പഠിപ്പിക്കും. മത്സ്യമാർക്കറ്റിൽ പോയി ഉച്ചകഴിഞ്ഞു ഒരുമണിയാകുമ്പോൾ തിരിച്ചുവരുന്നവരെയും ഇങ്ങനെ ബോധവൽക്കരണം നടത്തും.

ഇടവകപ്പള്ളിയിലും നഗരത്തിനു പുറത്തുള്ള ചാപ്പലിലും കുട്ടികളെ വേദപാഠങ്ങൾ പഠിപ്പിച്ചിരുന്നു. വലിയ ജനക്കൂട്ടം വിശുദ്ധന്റെ വാക്കുകളെ ശ്രവിക്കുവാൻ കാത്തിരിക്കും. ഇവരിൽ 53 വയസ്സുകാരി ലൂസിവില്ലാൻ സ്വയം എന്ന ചൈനാക്കാരി ഉൾപ്പെട്ടു. 60 വർഷങ്ങൾക്കുശേഷം ഇവർ വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ കൊച്ചി പ്രേഷിതപ്രവർത്തനങ്ങളും മതാഭ്യസനങ്ങളും രേഖപ്പെടുത്തിവച്ചു. വിശുദ്ധന്റെ ക്ഷുരകൻ ഫ്രാൻസിസ് സേവ്യർ എല്ലാവരാലും വിശുദ്ധനായി കരുതപ്പെട്ടിരുന്നുവെന്നു സാക്ഷിക്കുന്നു [38]. മതപഠനങ്ങൾ ജനപ്രീതിയാർജിച്ചതോടെ ഈശോസഭക്കാരോടുള്ള മതിപ്പു വർദ്ധിച്ചു [39].

കൊച്ചിയിൽ കോളജ്

കൊച്ചിയിൽ കോളജ് സ്ഥാപിക്കണമെന്നു ഗോവയിലെ മെത്രാൻ ആൽബുക്കർക്ക് പോർട്ടുഗൽ രാജാവ് ജോൺ തൃതീയനെ അറിയിച്ചു. ഈശോസഭാംഗങ്ങൾ കോളജു സ്ഥാപനത്തിനു മുൻകയ്യെടുത്തു. കൊച്ചികോളജു സ്ഥാപനത്തെക്കുറിച്ച് ഗോൺസാംവസ് കൊച്ചി വികാരി പെദ്രോ ഗോൺസാംവസും കൊച്ചി നഗരവാസികളും വി. ഫ്രാൻസിസ് സേവ്യറിനു അപേക്ഷ നൽകി. കുട്ടികളുടെ വിദ്യാഭ്യാസത്തിനായി കൂടുതൽ ഈശോസഭാംഗങ്ങളെ അയക്കണം.

37 G. Schurhammer: Francis Xavier II. p. 568.
38. G. Schurhammer: Francis Xavier II. p. 568.
39. Documenta Indica I. p. 417.

malankaralibrary.com

ജപ്പാനിലേക്കു് വി. ഫ്രാൻസിസു് പുറപ്പെടുന്നതിനു മുൻപു് സെൻറു് പോൾസു് റെക്ടർ ഫാ. ആൻറണി ഗോമസിനോടു് ഇവരെ അയക്കണമെന്നു ആവശ്യപ്പെട്ടു. 1549-ൽ ആൻറണി ഗോമസു് ബൽത്താസർ ഗാജോയെ കൊച്ചി ഈശോസഭാംഗങ്ങളുടെ പ്രഥമ സുപ്പീരിയറായി നിയമിച്ചു. ബിഷപ്പു് അൽബുക്കർക്കിൻറെ അനുവാദത്തോടെ കൊച്ചി നഗരവാസികളും ഗാജോയെ മാത്തർ ദെ ദേവൂസു് ദേവാലയം ഏല്പിച്ചു. 1550-ൽ കൊച്ചിയിൽ കോളജു് സ്ഥാപിച്ചു. ബൽത്താസർ ഗാജോ കോളജിൻറെ സ്ഥാപകൻ. ഷൂറാമറും ഡിസൊസായും അഭിപ്രായപ്പെടുന്നതു് കോളജു് സ്ഥാപകൻ ഫ്രാൻസിസു് ഹെൻറിക്വസു് ആണെന്നാണു്.

ആൻറണി ഹെൻറിയുടെ അഭിപ്രായത്തിൽ കോളജു് സ്ഥാപകൻ ആൻറണി ഗോമസു് തന്നെ. അദ്ദേഹത്തിൻറെ പരിശ്രമത്തിലും പ്രസംഗപാടവത്തിലും ആകൃഷ്ടരായ വിശ്വാസികളും ദൈവമാതാ ദേവാലയത്തിനു് സമീപമുള്ള വലിയ കെട്ടിടം കോളജിനു നല്കി. കോളജു് സ്ഥാപനത്തിൻറെ മുഖ്യ ഉദ്ദേശ്യം ഈശോസഭാംഗങ്ങളായി ചേരുന്ന വിദ്യാർത്ഥികളെ പഠിപ്പിക്കുകയായിരുന്നു.

കോളജു് സ്ഥാപനത്തിനു 40 വർഷം മുൻപു് മാതർ ദെ ദേവൂസു് ദേവാലയം നിർമ്മിച്ചു. ആൻറണി ഗോമസിൻറെ പ്രേരണയാൽ ഈ ദേവാലയത്തിൻമേലുള്ള ചില അവകാശങ്ങളും തനിക്കായി മാറ്റിവച്ചിട്ടാണു് ബിഷപ്പു് അൽബുക്കർക്കു് ഈശോസഭക്കാരെ ഏല്പിച്ചതു്. ദേവാലയം കൊച്ചി സൊഡാലിറ്റി സംഘടനയുടെ പരിശ്രമഫലമായി പണിതതാണു്. അതിനാൽ മെത്രാൻറെ ഈ പ്രവൃത്തി സൊഡാലിറ്റി അംഗങ്ങളുടെ പ്രതിഷേധത്തിനിടവരുത്തി. ഒടുവിൽ സിറ്റി കൗൺസിലിൻറെ തീരുമാനങ്ങളും ആദരിച്ചുകൊണ്ടു് ഈശോസഭക്കാർ ദേവാലയം ജനങ്ങൾക്കു വിട്ടുകൊടുത്തു. എന്നാൽ ജനപ്രമാണികളെ ജയിലിൽ അടച്ചു് ദേവാലയം കരസ്ഥമാക്കാൻ ആൻറണി ഗോമസിൻറെ ബലം പ്രയോഗിച്ചുള്ള ശ്രമത്തെ ഫ്രാൻസിസു് സേവ്യർ നിരുത്സാഹപ്പെടുത്തി[40]. ജോൺ തൃതീയൻ രാജാവിൻറെ കല്പന യനുസരിച്ചു് ദേവാലയം ഈശോസഭക്കാർക്കുതന്നെ വിട്ടുകൊടുത്തു. 1557-ൽ ഈശോസഭയുടെ കൊച്ചി ആശ്രമത്തിൻറെ പ്രഥമ സുപ്പീരിയർ ബൽത്താസർ ഗാജോയും അദ്ദേഹത്തിൻറെ പിൻഗാമി ഫ്രാൻസിസു് ഹെൻറിക്വസും ആയിരുന്നു. 1557 മുതൽ 1560 വരെ ലെൽക്കിയർ ആനസു് സരേറൈറാ ഈ സ്ഥാപനങ്ങളുടെ റെക്ടറായി.

1658-ൽ രണ്ടോ മൂന്നോ ഈശോസഭാംഗങ്ങളേ കൊച്ചിയിലുണ്ടായിരുന്നുള്ളൂ. 300 കുട്ടികളും കോളജിൽ പഠിച്ചിരുന്നു.

---

40. Schurhammer: Francis Xavier II. P. 808.

malankaralibrary.com

ഈശോസഭക്കാരുടെ സമഗ്രസേവനം

ഇന്ത്യയിൽ 1542-ലാണല്ലോ ഈശോസഭക്കാർ ആഗതരായത്. 1584-ൽ ഇന്ത്യയിലെ ഏറെവുമധികം മിഷനറിമാരടങ്ങുന്ന പ്രോവിൻസായി അവരുടേത്. 349 ഈശോസഭാമിഷനറിമാരാണ് വിവിധ പ്രേഷിതരംഗങ്ങളിൽ വ്യാപൃതരായിരുന്നത്. 1609-ൽ 400 ഈശോസഭക്കാർ രണ്ടു പ്രോവിൻസുകളിലായി പ്രവർത്തിച്ചു[41]. ഗോവ, കൊല്ലം, ഫിഷറികോസ്റ്റ്, മൈസൂർ, മധുര, ബംഗാൾ, ഡാമൻ, ഡിയു, സാൽസെറ്റ്, മൈലാപ്പൂർ എന്നീ വിസ്തൃതമിഷൻ കേന്ദ്രങ്ങളിൽ ഈശോസഭക്കാർ തീക്ഷ്ണതയോടെ പ്രവർത്തിച്ചുപോന്നു.

ഉദയംപേരൂർ സൂനഹദോസിനു ഈശോസഭക്കാർ മഹത്തായ സംഭാവന നൽകി. വൈപ്പിൻകോട്ട സെമിനാരിയിലെ നാലു പ്രൊഫസർമാർ ഇതിൽ "ദൈവശാസ്ത്രപണ്ഡിതന്മാർ" എന്ന നിലയിൽ പങ്കെടുത്തു. അവരിൽ പ്രധാനൻ ഫാ. ഫ്രാൻസിസ് ഫ്രോസ്. പിന്നീടദ്ദേഹം അങ്കമാലിയിലെ മെത്രാനായി 1599 ഡിസംബറിൽ ചാർജെടുത്തു. ആ കാലഘട്ടങ്ങളിൽ കടുത്തുരുത്തിയിലും, ഉദയംപേരൂരിലും ഈശോസഭൈവൈദികർ മിഷൻപ്രവർത്തനങ്ങളിൽ വ്യാപൃതരായിരുന്നു. ഫാദർ ഫ്രാൻസിസ് ഗാർസിയ എസ്. ജെ. ഡോ. ബ്രിട്ടൊയുടെ പിൻതുടർച്ചാവകാശത്തോടുകൂടിയ സഹായമെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. അദ്ദേഹം പന്ത്രണ്ടു വർഷങ്ങളോളം കൊടുങ്ങല്ലൂർ അതിരൂപതയെ ഭരിച്ചു. 1653-ലെ കൂനൻകുരിശു ശപഥം അദ്ദേഹത്തിന്റെ ഭരണകാലത്തായിരുന്നു. ആർച്ചു ഡീക്കൻ തോമസ് തെ കാമ്പോയുമായി പലപ്പോഴും ഡോ. ഗാർസിയ ഏറ്റുമുട്ടി.

മധുരമിഷൻ

ആരംഭം 1606-ൽ. ഈശോസഭാംഗം ഫാദർ റോബർട്ട് ഡി നോബിലി മിഷനെ ശ്രദ്ധേയമാക്കി. ഫാ. ഗൊൺസാളൊ എസ്. ജെ. 1595-ൽ മധുര മിഷനിൽ താമസിച്ചു് പരവരുടെയും പോർട്ടുഗീസുകാരുടെയും ഇടയിൽ പ്രേഷിതപ്രവർത്തനം നടത്തിയിരുന്നു. അവർ തെ പതിനൊന്നു വർഷം ജോലി ചെയ്തിട്ടും ഒരു ഹൈന്ദവനെപോലും മതപരിവർത്തനം ചെയ്യാൻ സാധിച്ചില്ല. 1606-ൽ ഫാ. നോബിലിയുടെ പരിശ്രമംമൂലം നൂതന മിഷൻ പ്രവർത്തനശൈലിയിലൂടെ അനേകം ഉന്നതകുലജാതഹിന്ദുക്കളെ ജ്ഞാനസ്നാനപ്പെടുത്തുവാൻ കഴിഞ്ഞു. ഹിന്ദുസന്ന്യാസിയുടെ വേഷം ധരിച്ചു്, ഹൈന്ദവശാസ്ത്രങ്ങൾ പഠിച്ചു് ഹിന്ദുവിനെപ്പോലെ ജീവിച്ചു് ബ്രാഹ്മണരുമായി സമ്പർക്കത്തിലേർപ്പെട്ടു. ഹൈന്ദവജീവിതരീതി സ്വാംശീകരിച്ചു. ക്രൈസ്തവമതതത്വങ്ങൾ പ്രചരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്തു. മധുരയിലെ

41. Joseph Thekkedeth: Christianity in India Vol. II. pp. 67-68.

malankaralibrary.com

ഫാദർ ഗൊൺസാൽവസിന്റെ സ്കൂളിലെ ഒരു അദ്ധ്യാപകനാണു് ആദ്യമായി ക്രിസ്തുമതം സ്വീകരിച്ച നായിക്കൻ (Nayak). അദ്ദേഹത്തിന്റെ ജാതിയിൽപെട്ട അനേകംപേർ പിന്നീടു കത്തോലിക്കാ മതം സ്വീകരിച്ചു. ഹൈന്ദവരുടെ വിവാഹം, പെരുന്നാളുകൾ, ശവസംസ്ക്കാരംഎന്നിവയ്ക്കു് ക്രിസ്തീയ പരിവേഷം നല്കി.ഹിന്ദുക്കളെ ക്രിസ്തുമതത്തിലേയ്ക്കു് ആകർഷിക്കാൻ ഫാദർ നോബിലിയ്ക്കു സാധിച്ചതു് ഈ അനുരൂപണമാർഗങ്ങളിലൂടെയാണു്.

നോബിലി 1610-ൽ 120 ബ്രാഹ്മണരെ മാനസാന്തരപ്പെടുത്തി. സേലം, തിരുച്ചിറപ്പള്ളി പ്രദേശങ്ങളിൽ ആയിരക്കണക്കിനു് ഹൈന്ദവരെ ജ്ഞാനസ്നാനപ്പെടുത്തി. ഇദ്ദേഹത്തെ അനുകരിച്ചു് ഫാ. ബന്തത്താസർ കാസ്ത്രൊ, ഫാ. മാനുവൽ അൽവരസ് എന്നിവരും ഹൈന്ദവരെ ക്രിസ്തുമതത്തിലേയ്ക്കു് ആനയിച്ചു. തിരുച്ചിറപ്പള്ളിയിൽ 350 ഉൽകൃഷ്ടജാതഹിന്ദുക്കളെ ക്രിസ്തുമതത്തിലേയ്ക്കു സ്വീകരിച്ചു. 1644-ൽ1208 ഉന്നതകുലജാതരെയും.ആകെ 4183 ക്രിസ്ത്യാനികളും മധുര മിഷനിൽ ഉണ്ടായിരുന്നു.[42]

ഗോവയിലെ സേവനങ്ങൾ

ഗോവയിൽ മിഷൻ പ്രവർത്തന നിരതനായ പ്രഥമ ഈശോസഭാ മിഷനറി വി. ഫ്രാൻസിസ് സേവ്യറാണു്. അവിടത്തെ പോർട്ടുഗീസ്സൈനികരുടെയും മറ്റു് ഉദ്യോഗസ്ഥന്മാരുടെയും സാന്മാർഗിക നിലവാരം ഉയർത്തുന്നതിനും അവരുടെ അനാശാസ്യ നടപടികളും നിയന്ത്രിക്കുന്നതിനും വി. ഫ്രാൻസിസ് സേവ്യർ അതീവശ്രദ്ധനായി. വേദപാഠം പഠിപ്പിക്കുന്നതിനും, സുവിശേഷ പ്രഘോഷണം നടത്തുന്നതിനും, പാപസങ്കീർത്തനം കേൾക്കുന്നതിനും, ജപങ്ങളും പഠിപ്പിയ്ക്കുന്നതിനും മറ്റും തീക്ഷ്ണമായി ശ്രമിച്ചു. സെൻറ് പോൾസ് കോളജിൽ 300 കുട്ടികളെ മതകാര്യങ്ങളും പഠിപ്പിച്ചിരുന്നു. അവിടത്തെ റെക്ടർ ഫാ. ഫ്രാൻസിസ് റോഡ്രിഗ്സ്. ഇരുപതുതവണ സമൂഹജ്ഞാനസ്നാനം ആഡംബരപൂർവം നടത്തി. 1560-ൽ 12742-പേരെ മാനസാന്തരപ്പെടുത്തി[43].

രക്തസാക്ഷി വി. ജോൺ ബ്രിട്ടോ

പോർട്ടുഗീസുകാരനായ ഈശോസഭാംഗം. സഭയിൽ ചേർന്നശേഷം ഇന്ത്യയിൽ മിഷൻ പ്രവർത്തനം നടത്തുവാൻ അദ്ദേഹം 1673 സെപ്റ്റംബറിൽ കേരളത്തിൽ വന്നു. അമ്പഴക്കാട്ടുള്ള ആശ്രമത്തിൽ ഈശോസഭാ നിയമമനുസരിച്ചുള്ള ഒരു വർഷത്തെ പരിശീലനം കഴി

42. Fr. A. Lopez: Annual of 1644, p. 312.
43. Antonio De Silva Rego: Documenta Historico Das Missoes III pp. 687-826.

malankaralibrary.com

ഞ്ഞു് 1674-ൽ മധുര മിഷനിൽ ചെന്നു പ്രവർത്തിച്ചു. തഞ്ചാവൂർ ജില്ലയിലെ തത്തുവഞ്ചേരി ഫാ. ബ്രിട്ടോയുടെ പ്രധാന പ്രവർത്തന രംഗം. പിന്നീടു് ഫിഷറികോസ്റ്റിലെ മിഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതനായി. 1679-ൽ മറവായിൽ പ്രേഷിത പ്രവർത്തനാർത്ഥം പോയി. ഈ രാജ്യത്തെ പ്രഥമ മിഷനറി ഫാ. ബ്രിട്ടോ. ഒരു വർഷത്തിനകം രണ്ടായിരം പേരെ ജ്ഞാനസ്നാനപ്പെടുത്തി. ജൂലായ് 17-നു കുമാരപിള്ളയുടെ പടയാളികളും ഫാദർ ബ്രിട്ടോയെയും രണ്ടു് ഉപദേശിമാരെയും ഏതാനും ക്രിസ്ത്യാനികളെയും അറസ്റ്റു ചെയ്തു.

മരത്തിൽ കെട്ടി നിറുത്തി ഫാ. ബ്രിട്ടോയെ മൃഗീയമായി മർദ്ദിച്ചു. രാത്രി മുഴുവനും കൈകാലുകളും ബന്ധിക്കപ്പെട്ട നിലയിൽ കഴിച്ചു കൂട്ടേണ്ടി വന്നു. ഉപദേശിമാരിൽ ഒരാൾ കടുത്ത മർദ്ദനം നിമിത്തം മരണമടഞ്ഞു. 20-ാം തീയതി ഫാ. ബ്രിട്ടോയെ പാറപ്പുറത്തു കിടത്തി അടിച്ചു, തൊഴിച്ചു. വെയിലത്തു് ചുട്ടുപഴുത്ത പാറപ്പുറത്തു നഗ്നശരീരനായി കിടത്തി പീഡിപ്പിച്ചു. പിറെറ ദിവസം രാമനാട്ടിലെ തടവറയിൽ അടച്ചുപൂട്ടി. 9 ദിവസം ജയിലറയിലെ ദുരിതങ്ങൾ അനുഭവിച്ചു. രാജാവു് ഫാ. ബ്രിട്ടോയെ നിർദ്ദാക്ഷിണ്യം ശകാരിച്ചു. 'മറവാ'യിൽ ഭാവിയിൽ ഒരിക്കലും മിഷൻ പ്രവർത്തനങ്ങൾക്കായി കാലു കുത്തരുതെന്നും ആജ്ഞാപിച്ചു. ഒടുവിൽ വിട്ടയച്ചു.

ഫാദർ ബ്രിട്ടോ 1688-ൽ ലിസ്ബണിലേയ്ക്കു് യാത്രയായി. തന്റെറ മാതാവിനെ സന്ദർശിച്ചു. ലിസ്ബണിൽ വസിച്ചുകൊണ്ടു് രാജകുമാരന്മാരെ പഠിപ്പിക്കുന്നതിനും ക്രിസ്തീയ ജീവിതമാർഗങ്ങൾ അഭ്യസിപ്പിക്കുന്നതിനും രാജാവു് ആവശ്യപ്പെട്ടു. എങ്കിലും ജസ്വീറു് ജനറലിന്റെറ നിർദ്ദേശമനുസരിച്ചു് വീണ്ടും ഇന്ത്യയിലേക്കു പോന്നു.

ബ്രിട്ടോയുടെ മനക്കരുത്തു്

ഫാ. ബ്രിട്ടോ 1691-ൽ കൊച്ചിയിൽ വന്നപ്പോഴേക്കും മറു മിഷനറിമാരുടെ ആഗമനം ഡച്ചു് ഗവൺമെൻറു് നിരോധിച്ചു. അമ്പഴക്കാടു് ആശ്രമത്തിൽ കുറെ നാൾ വസിച്ചു. മലബാർ വികാരിയേറെറലെ പറമ്പിൽ അലക്സാണ്ടർ മെത്രാൻ വൃദ്ധനായിരുന്നതുകൊണ്ടു് ഫാ. ബ്രിട്ടോയെ മെത്രാനായി നിയമിച്ചു്, അഭിഷേകം ചെയ്യുവാനുള്ള നിർദ്ദേശമുണ്ടായി. എന്നാൽ മെത്രാൻ പദവി അദ്ദേഹം നിരാകരിച്ചു. അമ്പഴക്കാട്ടു നിന്നു തൊള്ളായിരത്തേക്കു് യാത്ര തിരിച്ചു. പിന്നീടു ജസ്വീറു മിഷൻ വിസിറെറഡായി.

ഫാ. ബ്രിട്ടോ വീണ്ടും 'മറവാ'യിൽ പോയി. അവിടെയുള്ള കുരുനഡാൻകുടിയിൽ പ്രേഷിതപ്രവർത്തനങ്ങളിൽ വ്യാപൃതനായി. എട്ടുമാസങ്ങൾക്കകം 8000 പേർ ജ്ഞാനസ്നാനത്തിനു തയ്യാറായി. ഇതു വലിയ ജനക്കൂട്ടം തയ്യാറായെന്ന വാർത്ത ഹൈന്ദവരെ കോപാകുലഷിതരാക്കി. ജ്ഞാനസ്നാനപ്പെട്ടവരിൽ രാജാവിന്റെറ ബന്ധുക്കളുമടങ്ങിയിരുന്നു. ക്രിസ്തുമതവിദ്വേഷികളും ഫാ. ബ്രിട്ടോയ്ക്കെതിരെ രാജാ

malankaralibrary.com

വിന്റെ പക്കൽ ആവലാതിപ്പെട്ടു. രാജാവ് മൗനം ഭജിച്ചതേയുള്ളൂ. 1693-ൽ താണ്ടവനാർ രാജകുമാരൻ ക്രിസ്തുമതം സ്വീകരിച്ചതോടെ രാജകൊട്ടാരത്തിൽ ഫാ. ബ്രിട്ടോയ്ക്കെതിരെ വിദ്വേഷാഗ്നി ആളിക്കത്തി. രാജകുമാരൻ തന്റെ ആദ്യ ഭാര്യയെ ഒഴികെ മറ്റ് എല്ലാ ഭാര്യമാരെയും ജ്ഞാനസ്നാനത്തിനു മുൻപ് ഉപേക്ഷിച്ചു. ഉപേക്ഷിക്കപ്പെട്ട ഭാര്യമാരിൽ ഏറ്റവും ഇളയവളും മറവ രാജാവിന്റെ സഹോദരീ പുത്രിയുമായ കാസലേ രാജ്ഞി താണ്ടവനാർ രാജകുമാരനുമായുള്ള വിവാഹബന്ധം വിച്ഛേദിച്ചു തന്നെ ആക്ഷേപിച്ചിരിക്കുന്നുവെന്നു കുറ്റപ്പെടുത്തി. കോടതിയിൽ കേസ് ഫയൽ ചെയ്തു.

രാജ്ഞിയുടെ വിവാഹക്കേസ്

ഇപ്രകാരം തന്നെ അധിക്ഷേപിച്ച വിദേശ സന്യാസി ഫാ. ബ്രിട്ടോയ്ക്കെതിരായി നടപടിയെടുക്കണമെന്നും ആവശ്യപ്പെട്ടു. മന്ത്രവാദവും, പിശാച് സേവയും മറ്റും പ്രയോഗിച്ചാണ് രാജകുമാരനെ സന്യാസി വശീകരിച്ചതെന്നും രാജ്ഞി പരാതിപ്പെട്ടു. പരാതിയുടെ അടിസ്ഥാനത്തിൽ ഫാ. ബ്രിട്ടോ രണ്ടു ദിവസങ്ങൾക്കകം അറസ്റ്റു ചെയ്യപ്പെട്ടു. ജനുവരി 11-ന ഫാ. ബ്രിട്ടോ രാമനാട്ടിൽ പ്രവേശിച്ചപ്പോഴേ പടയാളികൾ തടവിലാക്കി. ജനുവരി 28-ന ഫാ. ബ്രിട്ടോ മരണത്തിനു വിധിക്കപ്പെട്ടതായി രംഗനാഥാ ദേമൻ രാജാവ് പ്രഖ്യാപിച്ചു. അദ്ദേഹത്തെ തന്റെ സഹോദരന്റെ രാജ്യമായ ഓറിയേരി ലേക്കു നാടുകടത്തി.

ബ്രിട്ടോയ്ക്കു വധശിക്ഷ

1693 ഫെബ്രുവരി 3-ന ഫാ. ബ്രിട്ടോ ഓറിയേർ നദീതടത്തിലേയ്ക്ക് വന്നു. അവിടെ ഫാ. ബ്രിട്ടോയെ വധിക്കാനായിരുന്ന രാജകല്പന. കുറെ നേരം പ്രാർത്ഥിച്ചു. ഘാതകരോട് അവരുടെ ഇഷ്ടംപോലെ എന്തും തന്നോടു ചെയ്യാൻ അഭ്യർത്ഥിച്ചു. ഘാതകർ തൽക്ഷണം ഫാ. ബ്രിട്ടോയുടെ താടിയും കഴുത്തും വരിഞ്ഞുകെട്ടി. ശിരസ്സു ശരീരത്തോടു ചേർത്തുകെട്ടി. കൈക്കോടാലികൊണ്ട് ഫാ. ബ്രിട്ടോയുടെ തല ഛേദിച്ചുകളഞ്ഞു. കൈകളും, കാലുകളും വെട്ടി നീക്കി. ശേഷിച്ച ശരീരം ഫാ. ബ്രിട്ടോ പ്രാർത്ഥനയിൽ നിരതനായിനിന്ന സ്ഥലത്തു വച്ചു.

ഫാ. ബ്രിട്ടോ 1693 ഫെബ്രുവരി 4-ന വേദസാക്ഷി മകുടം അണിഞ്ഞു [44]. 160 വർഷങ്ങൾക്കുശേഷം ഫാ. ജോൺ ബ്രിട്ടോയെ 11-ാം പീയൂസ് മാർപാപ്പ വാഴ്ത്തപ്പെട്ടവനെന്ന നാമകരണം ചെയ്തു. 12-ാം പീയൂസ് മാർപാപ്പ വിശുദ്ധനെന്ന 1947 ജൂൺ 21-ന പ്രഖ്യാപിച്ചു. ആയിരക്കണക്കിനു അനാഗതരെ ജ്ഞാനസ്നാനപ്പെ

44. Fr. Ferroli S. J.: The Jesuits in Malabar.

malankaralibrary.com

ടുത്തി. സ്വന്തം ജീവനെ ക്രിസ്തുവിനുവേണ്ടി ബലി കഴിച്ചു് രക്തസാക്ഷിത്വം വരിച്ച പോർട്ടുഗീസുകാരനും ഈശോസഭാംഗ മിഷനറിയുമായ വിശുദ്ധ ജോൺ ബ്രിട്ടോ കേരള ക്രൈസ്തവരുടെ വന്ദ്യമിഷനറിയാണു്.

ബംഗാളിൽ

ബംഗാളിൽ ക്രൈസ്തവമത പ്രചാരണത്തിനായി കൊച്ചി മെത്രാന്റെ അപേക്ഷയനുസരിച്ചു് 1576-ൽ രണ്ടു് ഈശോസഭാ വൈദികർ ആഗതരായി. 1599-ൽ പ്രേഷിതപ്രവർത്തനങ്ങളും ഊർജിതപ്പെടുത്തി. സ്കൂളുകളും ആസ്പത്രികളും ദേവാലയങ്ങളും സ്ഥാപിച്ചു. 1600-ൽ മറെറാരു ദേവാലയവും. ബംഗാളിന്റെ വിവിധ ഭാഗങ്ങളിൽ ഈശോസഭാ മിഷൻ പ്രവർത്തനനിരതമായി. ഹുഗ്ളി മുതലായ സ്ഥലങ്ങളിലും സുവിശേഷവേല ഊർജിതമാക്കി. മിഷൻ പ്രവർത്തനങ്ങൾക്കു് പല പ്രതിബന്ധങ്ങളും പ്രയാസങ്ങളും അനുഭവിക്കേണ്ടിവന്നു.

നവീനരീതിയിലുള്ള മാനസാന്തര പ്രതിഭാസം, മെത്രാന്മാരിൽ നിന്നുള്ള തെറ്റിദ്ധാരണകൾ, വിലക്കുകൾ, ഹൈന്ദവരാജാക്കന്മാരിൽ നിന്നുണ്ടായ ശത്രുത, ഭീഷണികൾ എന്നിവ മിഷൻ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തി. ദൈവത്തിലുള്ള അചഞ്ചല വിശ്വാസവും ക്രിസ്തുവിനോടുള്ള അടങ്ങാത്ത സ്നേഹതീക്ഷ്ണതയും, ആത്മരക്ഷയിലുള്ള ഉജ്ജ്വലമായ ആഗ്രഹവും സകല പ്രതിബന്ധങ്ങളെയും അതിജീവിച്ചു് ഇന്ത്യയിൽ ആയിരമായിരം അനാഗതരെ ക്രിസ്തുവിലേക്കു് ആനയിക്കാനും ജ്ഞാനസ്നാനപ്പെടുത്താനും ഈശോസഭാ മിഷനറിമാർക്കു് കഴിഞ്ഞിട്ടുണ്ടു്.

ഡൊമിനിക്കൻ സന്ന്യാസികൾ

ഡൊമിനിക്കൻ സന്ന്യാസികൾ 1548-ൽ ഒരു സംഘമായി ഇന്ത്യയിലെത്തി. അതിനു മുൻപു ഇവർ പല സന്ദർഭങ്ങളിലായി ഇന്ത്യയിൽ വന്നു് സുവിശേഷപ്രഘോഷണം നടത്തിയ ഒറപ്പെട്ട സംഭവങ്ങളുണ്ടു്. 1292-ൽ ഫാ. നിക്കളാവൂസു് ഓഫു് പിസ്റ്റോളയും, 1327-ൽ ഫാ. ജോർഡാനസു് കറലാനി ഓഫു് സവറാക്കും മലബാറിൽ മിഷൻപ്രവർത്തനം നടത്തി. പോർട്ടുഗീസു നാവികസേനാനി അൽഫോൺസൊ അൽബുക്കർക്കിനോടുകൂടി ഫാ. ഡൊമിനിക്കു് ഡിസോസ, ഫാ. റൊഡ്രിക്കു് റൊസാരിയോ, ഫാ. ജോൺ ദെ റൊസാരിയോ, ഫാ. പിറെറർ അബ്രൂ, ഫാ. ആൻറണി ദെ മാറെറ, ഫ്രാൻസീസു് ദെ റോച്ച എന്നിവർ കൊച്ചിയിൽ വന്നു [45].

---

45. Almeida: Historia De Provinciae Lusitanae Lisbon: 1863. p. 300.

malankaralibrary.com

ഇവർ വ്യവസ്ഥാപിത സംഘമെന്ന നിലയിലല്ല, സ്വന്തം നിലയിലാണ സേവനം അനുഷ്ഠിച്ചതു്. അതിനാൽ ഒരു മേലധികാരിയോ ആശ്രമമോ ഇല്ലായിരുന്നു. മറ്റു ശ്രുപതാ വൈദികരെപ്പോലെ തനിച്ചുള്ള പ്രവർത്തനങ്ങളും മാത്രം [46]. ഡൊമിനിക്കു ഡി സൊസ 1503-ൽ കൊച്ചിയിൽ വന്ന ഡൊമിനിക്കൻ സന്യാസികളിൽ പ്രമുഖൻ. പീന്നീടു് അദ്ദേഹം സഭയുടെ വികാരി ജനറാളായി. ഗോവയിൽ പോർട്ടുഗീസുകാർ മുസ്ലീങ്ങളുമായി യുദ്ധം ചെയ്തപ്പോഴും ഫാ. ഡൊമിനിക്കു് ഗോവയിലുണ്ടായിരുന്നു. കയ്യിൽ ക്രൂശിതരൂപം പിടിച്ചു യുദ്ധം നയിച്ചു. 1510 നവംബറിൽ വി. കത്രീനായുടെ തിരുനാളിനത്തിൽ യുദ്ധവിജയം ആഘോഷിച്ചു. വി. കാതറീനായെ പോർട്ടുഗീസുകാർ ഗോവയുടെ പ്രത്യേക മധ്യസ്ഥയായി പരിഗണിച്ചു് വി കുരിശുയുടെ നാമത്തിൽ ആദ്യത്തെ ദേവാലയം നിർമ്മിച്ചു [47]. ഫാ. ജോൺ ദെ റൊസാരിയയോടുകൂടെ മലാക്കയുടെ ആക്രമണത്തിൽ പങ്കെടുത്തു. ഇന്ത്യയിലേക്കു് മടങ്ങിവരുമ്പോൾ അദ്ദേഹത്തെ ഇന്ത്യയിലെ മൂന്നാമത്തെ വികാരി ജനറാളായി നിയമിച്ചു. അദ്ദേഹം പോർട്ടുഗൽ രാജാവു് ഇമ്മാനുവൽ മുന്നാമനു പല എഴുത്തുകുറിപ്പുകളും അയച്ചിട്ടുണ്ടു്. ഒട്ടുവളരെ ഇന്ത്യാക്കാരെ മാനസാന്തരപ്പെടുത്തിയെന്നും എല്ലാവർഷവും പോർട്ടുഗീസുകാരുടെ അധിവാസകേന്ദ്രങ്ങളും സന്ദർശിക്കാറുണ്ടെന്നും എഴുത്തിൽ പറഞ്ഞിരുന്നു. ഗോവ, കൊച്ചി, കൊല്ലം എന്നീ സ്ഥലങ്ങളിൽ ക്രൈസ്തവരുടെ എണ്ണം, ഗോവാനഗരത്തിനു കൈവന്ന പ്രാധാന്യം, വൈദികവിദ്യാർത്ഥികളുടെ അച്ചടക്കം മുതലായവയെപ്പറ്റി സവിസ്തരം എഴുത്തുകളിൽ പ്രതിപാദിച്ചിരുന്നു.

റൊഡ്രിഗ്വസു് ഹൊമ്മേം

1503-ൽ അൽബുക്കർക്കിനോടുകൂടി വന്ന മിഷനറിമാരിൽ റൊഡ്രിഗ്വസുമുണ്ടായിരുന്നു എന്നു് അൽബുക്കർക്കു് രേഖപ്പെടുത്തിയിട്ടുണ്ടു്. ജൊയാവോ ദോസു് സാൻതോസിന്റെ അഭിപ്രായത്തിൽ ഇൻഡ്യയിൽ വന്ന ആദ്യത്തെ ഡൊമിനിക്കൻ മിഷനറി ഫാ. റൊഡ്രിഗ്വസു് ഹൊമ്മേം ആണു് [48]. 1503-ലെ കൊച്ചി ദേവാലയ നിർമ്മാണത്തിനു ശേഷം അൽബുക്കർക്കുമായി അദ്ദേഹം കൊല്ലം സന്ദർശിച്ചു. തദവസരത്തിൽ റൊഡ്രിഗ്വസിനെ കൊല്ലത്തെ പാസ്റ്ററായി നിയമിച്ചു. പിന്നീടുള്ള വിവരമൊന്നും ലഭിച്ചിട്ടില്ല [49].

---

46. Betterman B: Documenta Quaedam p. 133.
47. Historia De Provinciae Lusitanae Vol. IV. p. 301.
48. Joao Dos Sam Jos: Ethiopia Oriental II. Evora 1609, p. 27.
49. Betterman B: Die Ersten Dominkaner in Ostindien p. 185.
A. M. Mundadan: History of Christianity in India Vol. I. p. 276.

malankaralibrary.com

ഫാ. ജോൺ റൊസാരിയൊ

പോർട്ടുഗീസ് മിഷനറിമാരോടുകൂടി ഇന്ത്യയിൽ വന്ന ഡച്ചുകാരനായ ഡൊമിനിക്കൻ മിഷനറി. ജോൺ എന്നും ജോൺ അലേമാൻ എന്നും വിളിക്കാറുണ്ട് [50]. ഗോവാ ആക്രമണത്തിനുശേഷം ഫാ. ജോണിനെ യുയി ഗോമസ് ദെ കർവയിഹൊ എന്ന ആത്മീയനോടുകൂടി ഓർമസിലേക്കയച്ചു. അവിടെ അദ്ദേഹം ഒരു ആശ്രമം സ്ഥാപിച്ചു. ഓർമസിൽ നിന്നു മടങ്ങിവന്ന ഫാ. ജോൺ ഗോവയിലെ ആസ്പത്രിയുടെ ചുമതല വഹിച്ചുപോന്നു. അൽബുക്കർക്ക് അദ്ദേഹത്തെ ഏതാനും പ്രധാന കത്തുകളുമായി പോർട്ടുഗലിലേക്കു വിട്ടു. എഴുത്തുകളിൽ ഗോവ, മലാക്ക മുതലായ സ്ഥലങ്ങളും പിടിച്ചെടുക്കുന്നതിൽ ഫാ. ജോൺ റൊസാരിയൊയുടെ മഹത്തായ സേവനങ്ങളെ പ്രശംസിച്ചു എഴുതിയിരുന്നു [51].

എഡ്വേർഡ് നൂനസ്

1515-ൽ ഡൊമിനിക്കൻ സന്യാസികളുടെ സാക്ഷ്യമനുസരിച്ചു ഫാ. എഡ്വേർഡ് അപ്പസ്തോലിക്ക് ഡെലഗേറ്റായി നിയമിക്കപ്പെട്ടു. ഫുഞ്ചലിലെ മെത്രാൻ വികാരി ജനറാളായി ഫാ. എഡ്വേർഡിനെ ഇന്ത്യയിലെക്കയച്ചുവെന്നു മറ്റൊരു അഭിപ്രായമുണ്ട്. താമാരിലെ വികാരി ജനറാൾ ആയി അദ്ദേഹത്തെ അയച്ചുവെന്നും ചിലർ കരുതുന്നു. പൂർവദേശത്തിലെ ക്രൈസ്തവസഭയുടെ ആധ്യാത്മികവും ഭൗതികവുമായ പുരോഗതിയെപ്പറ്റിയുള്ള റിപ്പോർട്ട് പോർട്ടുഗൽ രാജാവിനും മാർപാപ്പയ്ക്കും അയയ്ക്കുവാൻ അദ്ദേഹത്തെ ഭരമേല്പിച്ചിരുന്നുവെന്നും അഭിപ്രായപ്പെടുന്നവരുണ്ട് [52]. ജോൺ കാർലൊ, ലൂയിസ് ദെ വിക്റ്റോറിയ, ഫാ. വിൻസന്റ് ദെ ലഗൂന എന്നിവരാണ് മറ്റു പ്രശസ്ത ഡൊമിനിക്കൻ മിഷനറിമാർ.

ഫാ. പീറ്റർ കൊയൽഹൊയുടെ ആഭിമുഖ്യത്തിൽ ഒരു സംഘം ഡൊമിനിക്കൻ മിഷനറിമാർ 1539-ൽ ഇന്ത്യയിൽ വന്നെത്തി. അദ്ദേഹം പ്രസിദ്ധ വാഗ്മിയും പണ്ഡിതനുമായിരുന്നു. ഗവർണരായ മാർട്ടിൻ അൽഫൊൺസ് ഡി സൊസായുടെ അനീതി പ്രവൃത്തികളെ നിശിതമായി ഫാ. പീറ്റർ വിമർശിച്ചു. അതിന്റെ ശിക്ഷയായി കാരാഗൃഹത്തിൽ അടക്കപ്പെട്ടു. തടവിലായിരുന്നപ്പോഴും 1544 നവംബർ ഒന്നിന അദ്ദേഹം പോർട്ടുഗൽ രാജാവിനു ഒരു നിവേദനം സമർപ്പിച്ചു. തൽഫലമായി ഫാ. പീറ്ററിനെ പോർട്ടുഗലിലേക്കു തിരികെ വിളിച്ചു. ഫാ. റിയസൊസായുടെ അഭിപ്രായമനുസരിച്ചു ഗവർണരായ ജോൺ ദെ കാസ്ത്രൊ ഫാ. പീറ്ററിനെ ജയിലിൽനിന്നു മോചിപ്പിച്ചു.

---

50. Morter A. D.: Histore Des Maritres Generaux pp. 155-157.
51. Sreit: Bibliotheca Missionum IV. p. 379.
52. Betterman B: Documenta p. 152.

malankaralibrary.com

പ്രഥമ സംഘം 1546-1548

ഡൊമിനിക്കൻ മിഷനറിമാരെ ഒരു സംഘമായി ഇന്ത്യയിലേക്കയ്ക്കാൻ സാധിച്ചതു് ഫാ. കസ്റ്റീലിയന്റെയും പ്രഥമർ പ്രാൻസിസ്കോ വാസ്കൊസിന്റെയും പരിശ്രമഫലമായാണു്. സഭയുടെ ജനറൽ പ്രഥമർ പ്രാൻസിസ്കോ റൊമെയൊ ഒരു മിഷനറിസംഘത്തെ ഇന്ത്യയിലേക്കയക്കുന്നതു സംബന്ധിച്ചു റോമിൽ വച്ചു് 1540 മാർച്ചു് മാസത്തിൽ ഫാ. പ്രാൻസിസ്കോ വാസ്കൊസിനോടു് സംസാരിച്ചു. തൽഫലമായി 1540 ഓഗസ്റ്റു് 13-ന ഫാ. വാസ്കൊസിനു ഫാ. ജനറാളയച്ച എഴുത്തിൽ പോർട്ടുഗീസ്ഇന്ത്യ, എത്യോപ്യ എന്നീ സ്ഥലങ്ങളിലേക്കു് സ്വമനസ്സാലെ സന്നദ്ധരാകുന്ന 20 ഡൊമിനിക്കൻ സന്യാസികളെ കൊണ്ടു പോകുന്നതിനും അവരെ ഏതെങ്കിലും പ്രോവിൻസിൽനിന്നും തെരഞ്ഞെടുക്കുന്നതിനും അനുവദിച്ചിരുന്നു. അവരിൽ പോർട്ടുഗലിലെ പ്രോവിൻസിൽ നിന്നു ദിയൊഗൊ ബർമുണ്ടെസും, ജോർജ് തെമുഡൊയും, ലോപ്പൊ ദെ കൊർഡിയും ഉണ്ടായിരിക്കണമെന്നു നിർദ്ദേശിച്ചിരുന്നു. മറൊരു കത്തിൽ, ഫാ. ജനറൽ ഫാ. വാസ്കൊസ് ഇന്ത്യയിലെ ഡൊമിനിക്കൻ സഭയുടെ വികാരി ആയിരിക്കണമെന്നു അനുശാസിച്ചിരുന്നു. ജനറാളിന്റെ അപേക്ഷയനുസരിച്ചു് പോപ്പ് തൃതീയൻ മാർപാപ്പ ഇന്ത്യയിൽ ഡൊമിനിക്കൻ സഭ സ്ഥാപിക്കുന്നതിനു് ഫാ. വാസ്കൊസിനു അധികാരം നല്കി[53]. വിറ്റെ് (Witte) ചാൾസ് മാർട്ടർ എന്ന ചരിത്രകാരൻ പ്രസ്താവിച്ചിരിക്കുന്നതു് [54] കൊച്ചി നഗരത്തിൽ പ്രാൻസിസ്കൻ മിഷനറിമാരും, പാശ്ചാത്യസമുദ്രതീരത്തിലും സിലോണിലും ഈശോസഭക്കാരും പ്രവർത്തിച്ചിരുന്നതിനാലായിരിക്കാം കൊറൊമണ്ഡൽ തീരം ഡൊമിനിക്കൻ സഭക്കാർക്കായി ഫാ. വാസ്കൊസ് തെരഞ്ഞെടുത്തതു് എന്നാണു്. പതിനൊന്നു കപ്പലുകളും അടങ്ങിയ നാവികസേനയാണു് ലിസ്ബണിൽനിന്നു് 1548 മാർച്ചു് 28-ന പുറപ്പെട്ടതു്. സ്പിരിത്തു സാൻകൊതൊ എന്ന കപ്പലിൽ 9 ഡൊമിനിക്കൻ മിഷനറിമാരുണ്ടായിരുന്നുവെന്നു ചരിത്രകാരൻമാർ സാക്ഷിക്കുന്നു[55]. 1551 മെയ് മാസത്തിൽ സലമാങ്കയിൽവച്ചു് സമ്മേളിച്ച ജനറൽ ചാപ്റ്റർ ഇന്ത്യയിലെ ഡൊമിനിക്കൻ സ്ഥാപനങ്ങളെ അംഗീകരിച്ചു.

---

53. Archivum Generale Ordinis Praedicatorum IV. XI. 20.
54. Qnoted by Witte: Aux origines de la Congregationis Indianae (1546-80) in Archivum Fratrum Praedicatorum, Romae, 1968. p. 466.
55. Quoted by Witte: op. cit. p. 468.

malankaralibrary.com

പുണ്യചരിതനായ ഫാ. വാസ്കൊസ്

ഫാ. വാസ്കൊസ് ഇന്ത്യയിലേക്ക പുറപ്പെട്ടതായി ചരിത്രത്തിൽ കാണുന്നില്ല. അദ്ദേഹത്തിന്റെ ദുരൂഹമായ അസാന്നിധ്യം നിമിത്തം ഡിയാ ദെ ബെർലൂഡസ് ഈ ഗ്രൂപ്പിന്റെ സുപ്പീരിയറായി. ലിസ്ബണിലെ ഡൊമിനിക്കൻ ആശ്രമത്തിൽ സുപ്പീരിയറായിരുന്ന അദ്ദേഹം. മാതൃകാപരവും സുകൃതസമ്പന്നവുമായ സന്യാസ ജീവിതമനുഷ്ഠിച്ചിരുന്ന മിഷനറി. മാർപാപ്പ വാസ്കൊസിനെ പോർട്ടുഗീസ് ഇന്ത്യയിൽ മാത്രമല്ല മറ്റു രാജ്യങ്ങളിലെയും കൊമിസറിയായി നിയമിച്ചുകൊണ്ട് വിപുലമായ അധികാരങ്ങളും അവകാശങ്ങളും അനുവദിച്ചുകൊടുത്തു. ഈ പ്രദേശങ്ങളിൽ ആശ്രമങ്ങളും കോൺവെന്റുകളും സ്ഥാപിക്കാനുള്ള അധികാരവും നല്കി. ചുരുങ്ങിയതു 6 അംഗങ്ങളും എങ്കിലും ഓരോ ആശ്രമത്തിലും ഉണ്ടായിരിക്കണമെന്നും ഈ വ്യവസ്ഥ പാലിക്കണമെന്നും നിർബന്ധമുണ്ടായിരുന്നു. ആശ്രമങ്ങളും സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങളെപ്പറ്റിയുള്ള നിർദ്ദേശങ്ങളിൽ ഇന്ത്യയിലെ കൊറൊമണ്ഡൽ പ്രദേശത്തിനു പ്രാധാന്യംകൊടുത്തിരുന്നു[56]. കൊച്ചിയിലൊ, ഗോവയിലൊ അല്ലാതെ കൊറൊമണ്ഡൽ പ്രദേശത്തു പ്രത്യേകിച്ചു മൈലാപ്പൂരിൽ ആശ്രമം സ്ഥാപിക്കാൻ നിർദ്ദേശിച്ചതിന്റെ ഒരു കാരണം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മധ്യേ പ്രവർത്തിക്കുന്നതിനായിരിക്കാം. ഉത്തമ സന്യാസശ്രേഷ്ഠനായിരുന്ന അദ്ദേഹം. ചുരുങ്ങിയ കാലംകൊണ്ടു ഇന്ത്യക്കാരുടെ ഹൃദയം അദ്ദേഹം കവർന്നെടുത്തു. ഗോവയിൽ ഒരാശ്രമം സ്ഥാപിക്കുന്നതിനു അദ്ദേഹം അവിശ്രമ പരിശ്രമം നടത്തി. ഡൊമിനിക്കൻ സഭയുടെ വികാരി ജനറാളായി 1559 വരെ സേവനംചെയ്തു. ഗോവയിലെ ആശ്രമ സ്ഥാപനത്തിനുശേഷം ബസായി, കൊച്ചി എന്നീ സ്ഥലങ്ങളിൽ ഡൊമിനിക്കൻ ആശ്രമങ്ങളും സ്ഥാപിച്ചു. 1563 ജനുവരി 8-ന ഗോവയിൽ നിര്യാതനായി. വിശുദ്ധനായി അദ്ദേഹത്തെ ജനങ്ങളും വണങ്ങിയിരുന്നു. മരണാനന്തരം ഈ വന്ദ്യ സന്യാസ ശ്രേഷ്ഠന്റെ കൈകാലുകളും ചുംബിക്കയും സന്യാസ വസ്ത്രത്തിന്റെ അംശങ്ങളും പൂജ്യവസ്തുവായി വിശ്വാസികളും ഉപയോഗിച്ചു പോരികയുംചെയ്തു.[57] ഫ്രയർ മസേദോ തത്വശാസ്ത്രവും ദൈവശാസ്ത്രവും ഗോവ സെമിനാരിയിൽ പഠിപ്പിച്ചിരുന്നു.

തീവ്രവാദികളായ മിഷനറിമാർ

അദ്ദേഹം തന്നെയായിരുന്നു നവസന്യാസികളുടെ ഗുരു. ഫ്രയർ ഇഗ്നാസിയൊ പുരിഫിക്കാവൊ പാരീസിൽ വി. ഫ്രാൻസിസ് സേവ്യറിന്റെ സതീർത്ഥ്യനായിരുന്നു. 1537-ൽ അദ്ദേഹം പാരീസിൽ നിന്നു ലിസ്ബണിലേക്ക് പോയി ഡൊമിനിക്കൻസഭയിൽചേർന്നു.

56, Schurhammer: Francis Xavier III pp. 447-448.

57. G. Schurhammer: St. Francis Xavier III p. 249. footnote 132.

malankaralibrary.com

പിന്നീട് ലിസ്ബണിൽ നവസന്ന്യാസശ്രേഷ്ഠവായി. ഗോവയിൽ മിഷനറിയായി വന്ന അദ്ദേഹം കൊച്ചിയിൽവച്ചാണ് മരണമടഞ്ഞത്. അദ്ദേഹത്തിന്റെ മൃതദേഹം ഡൊമിനിക്കൻ ദേവാലയത്തിൽ സംസ്ക്കരിക്കപ്പെട്ടു. സുപ്രസിദ്ധ വാഗ്മി ഫാ. ഇഗ്നാവീഷ്കൊ, പ്രസംഗപീഠത്തിൽ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോഴാണ് പെട്ടെന്ന് അസുഖം ബാധിച്ച് മരിച്ചു [58]. ഫാ. ബർമിസെസ്സിന്റെ ഗ്രൂപ്പിൽപ്പെട്ട തീക്ഷ്ണതയേറിയ മറ്റൊരു മിഷനറിയാണ് ഫാ. ഗാസർ ദെ ക്രൂസ്. 1548 മുതൽ 1554-വരെ അദ്ദേഹം മിഷനറി പ്രവർത്തനം അത്യുത്സാഹത്തോടെ നടത്തി. ഇന്ത്യയിൽനിന്നും മലാക്ക, കൊമ്മോഡിയ, ഓർമസ് രാജ്യങ്ങളിൽ മിഷനറി പ്രവർത്തനങ്ങളിൽ വ്യാപൃതനായി. ഡൊമിനിക്കൻ മിഷനറിമാർക്ക് കൊച്ചിയിൽ അധികമൊന്നും പ്രവർത്തിക്കാൻ സാധിച്ചില്ല. രാഷ്ട്രീയ മേധാവികളും വൈസ്രോയിയും മറ്റും ഡൊമിനിക്കൻ മിഷനറിമാരോട് അനുഭാവമുള്ളവരായിരുന്നില്ല [59].

കൊറൊമണ്ഡൽ തീരത്തു മിഷനറി പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ഡൊമിനിക്കൻ മിഷനറിമാർ നിയുക്തരായതെങ്കിലും ഗോവയിലാണ് മിഷൻപ്രവർത്തനം കാര്യക്ഷമമായി നടത്തിയത്. കൊച്ചിയിലേക്കും തങ്ങളുടെ പ്രേഷിതപ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും ഗോവയിലെ മെത്രാന്റെ ഭാഗത്തുനിന്നുണ്ടായ പ്രതിഷേധം നിമിത്തവും പദ്രുവാദൊ അധികാരികളുടെ പ്രതികൂലമനോഭാവം കാരണവും വളരെ താമസിച്ചുമാത്രമേ കൊച്ചിയിൽ ആശ്രമം സ്ഥാപിക്കുന്നതിനു ഡൊമിനിക്കൻ മിഷനറിമാർക്ക് സാധിച്ചുള്ളൂ. പുത്തായി രൂപംകൊണ്ട കൊച്ചി രൂപതയിൽ ഡൊമിനിക്കൻ സന്ന്യാസിമാരായ ദോം ജോർജ് തെവുദായും, ഹെൻറി തവോരയും മെത്രാന്മാരായിട്ടുണ്ട്. മാഹി, ഡാമൻ, ഡിയു, നാഗപട്ടണം, മൈലാപ്പൂർ, താരാപ്പൂർ എന്നിവയും ഡൊമിനിക്കൻ സന്ന്യാസിമാരുടെ പ്രേഷിതപ്രവർത്തന രംഗങ്ങളായിരുന്നു. ഡോ. ജോർജ് ദെ തെവുദൊ കൊച്ചി മെത്രാനായിരുന്നപ്പോഴാണ് 1566-ൽ മൈലാപ്പൂർ സന്ദർശിച്ചു. മൂന്നരമാസക്കാലം അവിടെ പ്രേഷിത പ്രവർത്തനങ്ങളിൽ വ്യാപൃതനായി. പരസ്യപാപികളെ കഠിനമായി ശിക്ഷിച്ചിരുന്നു. അവരെ പഴയവസ്ത്രങ്ങൾ ധരിപ്പിച്ചും അരയിൽ കയർകെട്ടിയും കൈയിൽ തിരി പിടിപ്പിച്ചുംകൊണ്ട് ദേവാലയകവാടത്തിൽ നിത്തിയിരുന്നു. അവർ ചെയ്ത കഠിനകുറ്റങ്ങൾ കടലാസിൽ എഴുതി നെറ്റിയിൽ ഒട്ടിക്കപതിവാണ്. 1606-ൽ മൈലാപ്പൂർ രൂപതയാക്കിയപ്പോൾ ഈ മെത്രാൻ ജ്ഞാനസ്നാനാർത്ഥികൾക്കുവേണ്ടി കൊച്ചിരാജാവിൽ നിന്നു ചില ആനുകൂല്യങ്ങൾ നേടി.

---

58. G. Schurhammer: Francis Xavier II pp. 249. op. cit.
59. Documenta Indica II. pp. 196-223

malankaralibrary.com

ഗോവയിലെ സേവനം

ഗോവയിൽ തിസ്വാഡിയിലെ 15 വില്ലേജുകളും ഡൊമിനിക്കൻ സന്യാസികളുടെ ചുമതലയിലായിരുന്നു. സമൂഹജ്ഞാനസ്നാനം സാഘോഷം ഈ മിഷനറിമാർ നൽകി. 1560-ൽ പതിനായിരത്തോളം അനാഗതർക്കു്, പലപ്പോഴായി ഡൊമിനിക്കൻ മിഷനറിമാരും ഫ്രാൻസിസ്ക്കൻ മിഷനറിമാരും ചേർന്നു ജ്ഞാനസ്നാനം നൽകി. കലാപൂർ, തെലേജി, ദസിരിഡിയെ എന്നീ ഇടവകകളും 1565-ൽ ഡൊമിനിക്കൻമിഷനറിമാരുടെ ചുമതലയിലായിരുന്നു.

ഡൊമിനിക്കൻ മിഷനറിമാർ ഗോവയിൽ ആരംഭകാലത്തു് വേദസത്യങ്ങളും പ്രസംഗിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു. പിന്നീടു് ലാറ്റിൻ, തത്വശാസ്ത്രം, ദൈവശാസ്ത്രം എന്നിവ അവർ പഠിപ്പിച്ചു തുടങ്ങി. 1584-ൽ പഞ്ചിമിൽ ഒരു ആശ്രമം സ്ഥാപിച്ചു. 12 വർഷങ്ങൾക്കുശേഷം പനെലിമിലേക്കു് മാറ്റി. അവിടെ സെൻറു് തോമസു് അകിനാസിന്റെ യൂണിവേഴ്സിറ്റി കോളജു് സ്ഥാപിച്ചു. ഇവിടെ ഡോക്ടർ ബിരുദവും മാസ്റ്റർ ബിരുദവും നൽകിയിരുന്നു [60].

വി. ബാർബരായുടെ നാമത്തിലുള്ള ഇടവകയിലെ മൊറുംബിയിൽ ഡൊമിനിക്കർ 1560-ൽ 400 പേർക്കു സമൂഹജ്ഞാനസ്നാനം നൽകി[61] 1560-ൽ ഗോവയിൽ ഡൊമിനിക്കൻ സഭാംഗങ്ങളും ഫ്രാൻസിസ്കൻ സഭക്കാരും, ക്രൂപതാവൈദികരും കൂടി രണ്ടായിരം പേരെ ജ്ഞാനസ്നാനപ്പെടുത്തിയതായി ഫാ. ജോസഫു് വിക്കി രേഖപ്പെടുത്തിയിട്ടുണ്ടു് [62]. ഫ്രയർ മാച്ചേഡൊയാണു് ഗോവയിലെ ഡൊമിനിക്കൻ ആശ്രമത്തിൽ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിപ്പിച്ചിരുന്നതു്.ഈ ആശ്രമത്തിലെ പ്രഥമ പ്രിയോരും നവസന്യാസഗുരുവുമായി അദ്ദേഹം സേവനമനുഷ്ഠിച്ചു.

ബംഗാളിൽ കൂടുതൽ ശ്രദ്ധ

ഗോവയിൽ മിഷൻ പ്രവർത്തനത്തിലേർപ്പെട്ടിരുന്ന ഡൊമിനിക്കൻ സന്യാസിമാരോടു് പോർട്ടുഗീസു് വൈസ്രോയി അൽഫോൺസു് ദെ നൊറോഞ്ഞക്കു അനുഭാവമുണ്ടായിരുന്നുവെങ്കിലും കൊച്ചിരൂപതയിൽ മിഷൻപ്രവർത്തനം നടത്തുന്നതിനു് സമ്മതമില്ലായിരുന്നു. ഈശോസഭാ വൈദികർ കൊച്ചിയിൽ കോളജു് സ്ഥാപിക്കുന്നതിൽ വൈസ്രോയിക്കു് താല്പര്യമുണ്ടായിരുന്നില്ല. ഫ്രാൻസിസ്ക്കൻ സഭക്കാർ ഇവിടെ വ്യവസ്ഥാപിതമായ മിഷൻപ്രവർത്തനം നടത്തിയിരുന്നല്ലൊ.

---

60. A. B. De. Braganca, Pereira pp. 370-371.
61. Joseph Wicki: Documenta Indica IV p. 319.
62 Joseph Wicki: op. cit p. 617-826.

malankaralibrary.com

ബംഗാളിലും ഡൊമിനിക്കൻ മിഷനറിമാർ മാനസാന്തര പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. 1601-ൽ പോർട്ടുഗീസുകാരുടെ അഭ്യർത്ഥനപ്രകാരം 2 ഡൊമിനിക്കൻ വൈദികർ ചിറ്റഗോങ്ങിൽ താമസിച്ചു മിഷൻജോലി നിർവഹിച്ചു. ജപമാലരാജ്ഞിയുടെ തിരുനാളിൽ അഞ്ഞൂറിലധികം പേർ പരിശുദ്ധ കുർബാന സ്വീകരിച്ചു.അരഖാനിലെ രാജാവും പോർട്ടുഗീസുകാരും തമ്മിൽ യുദ്ധം ഉണ്ടായതിനെ തുടർന്നു്, ഡൊമിനിക്കൻ സന്യാസികളും ചിറ്റഗോങ്ങിൽ നിന്നു പിന്മാറി. സമാധാനം പുന:സ്ഥാപിക്കപ്പെട്ടപ്പോൾ ഡൊമിനിക്കൻ മിഷനറിമാർ ഡൈൻഗയിൽ വീണ്ടുംവന്നു പ്രേഷിതപ്രവർത്തനങ്ങളിൽ വ്യാപൃതരായി. രാജാവിന്റെ ചെലവിൽത്തന്നെ ആശ്രമവും ദേവാലയവും നിർമ്മിച്ചു. അവിടെ സമാധാനപരമായി മിഷൻ പ്രവർത്തനം നടത്താനുള്ള സാധ്യത കുറവായതിനാൽ ഗോവയിലെ സുപ്പീരിയർ, ഡൊമിനിക്കൻ സന്യാസിമാരോട് അവിടെനിന്നു് പിൻതിരിയാൻ ആവശ്യപ്പെട്ടു [63].

ചാവൂളിലെ സുവിശേഷപ്രഘോഷണം

ചാവൂളിൽ പോർട്ടുഗീസു് ആധിപത്യം സ്ഥാപിച്ചതോടെ, മിഷനറിമാരും അവിടെയെത്തി. സുവിശേഷ പ്രഘോഷണത്തിലൂടെ മതപരിവർത്തനത്തിൽ ഏർപ്പെട്ടു. ഡൊമിനിക്കൻ മിഷനറിമാർ ചാവൂളിൽ പ്രേഷിതപ്രവർത്തനങ്ങളും തുടങ്ങി. 1649-ൽ ഒരു പ്രയറി സ്ഥാപിച്ചു. മുപ്പതോളം മിഷനറിമാർ ഈ പ്രയറിയിൽ താമസിച്ചു മിഷനറി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു.

അഗസ്തീനിയൻ സഭക്കാർ

അഗസ്തീനിയൻ മിഷനറിമാർ ഇന്ത്യയിൽ വന്നതു് 1572-ലാണു്. അവർക്കു് ഗോവ, കൊച്ചി, ബസായി, സാൽസെറ്റ്, ഡാമൻ, ഡിയു എന്നീ സ്ഥലങ്ങളിൽ ആശ്രമങ്ങളും ദേവാലയങ്ങളും ഉണ്ടായിരുന്നു. പ്രധാന പ്രവർത്തനകേന്ദ്രം ബംഗാൾതന്നെ.1572-നും 1626-നും മദ്ധ്യേ 138 അഗസ്റ്റീനിയൻ മിഷനറിമാർ ഗോവയിൽനിന്നു് ലിസ്ബണിലേയ്ക്കു് മടങ്ങിപ്പോയി [64].

മൈലാപ്പൂരിൽ അഗസ്തീനിയൻ മിഷനറിമാർ പ്രേഷിതപ്രവർത്തനങ്ങളും വിജയകരമായി നടത്തിപ്പോന്നു. 1606-ൽ മൈലാപ്പൂർ രൂപതയായപ്പോൾ അഗസ്തീനിയൻ സഭാംഗമായ ഡോം സെബാസ്റ്റ്യൻ പെട്രോയാണു് പ്രഥമ മെത്രാനായതു്. സാൻതോമിൽ അവർ

63. Joseph Wicki: The Dominican and Chitttagong (1608) Bengal Part I. p. 1-5.

64. Carlos Merces De Melu: The Recruitment and Formation of Native Clergy in India p. 96.

malankaralibrary.com

സന്യാസാശ്രമം സ്ഥാപിച്ചിരുന്നു. സാൻതോം ദേവാലയവും വിശുദ്ധ തോമാശ്ലീഹായുടെ കബറിടവും അഗസ്തീനിയൻ സന്യാസികളുടെ നിയന്ത്രണത്തിലായിരുന്നു[65].

ആന്ധ്രയിൽ 1640 മുതൽ സുവിശേഷ പ്രഘോഷണത്തിൽ അവർ വ്യാപൃതരായി. 1593-ൽ തെയാട്ടിൻ സഭാംഗമായ ഫാ. ബെർഗാമൊ ചരമമടഞ്ഞപ്പോഴും ആന്ധ്രപ്രദേശത്തെ ദേവാലയങ്ങളും അഗസ്തീനിയൻസഭക്കാരെ ഭരമേല്പിച്ചു. മസിലിപട്ടണത്ത് 1652-ൽ അവർ ദേവാലയം നിർമ്മിച്ചു.നൂറോളം ക്രൈസ്തവർ അന്നവിടെ അധിവസിയ്ക്കുന്നുണ്ടായിരുന്നു. അവരിൽ ഭൂരിഭാഗവും പോർട്ടുഗീസുകാർ. ഇവിടെനിന്നു ആറുമൈൽ അകലെയുള്ള ഇടവകയിൽ 300 ക്രൈസ്തവരായ അംഗങ്ങളും. മസിലിപട്ടണത്തിൽ 1652-ൽ അഗസ്തീനിയൻ സഭക്കാർ മറെറാരു ദേവാലയംകൂടി സ്ഥാപിച്ചു. ആന്ധ്രപ്രദേശത്ത് അഗസ്തീനിയൻ മിഷനറിമാർക്കും വിജയപ്രദമായി പ്രവർത്തിക്കാൻ സാധിച്ചില്ല.

ഗോവയിൽ അഗസ്തീനിയൻസഭക്കാർക്ക് എസ്. എൻ. ദെ പോപ്പളോ എന്ന കോളജുണ്ടായിരുന്നു. 1602-ൽ സ്ഥാപിതം. ലാററിൻ, തത്വശാസ്ത്രം, ദൈവശാസ്ത്രം എന്നിവ ഇവിടെ പഠിപ്പിച്ചിരുന്നു. ഈ സഭാംഗമായ ഡോ. അലക്സ് മെനസീസ് ഗോവ മെത്രാപ്പോലീത്തയായി പ്രശസ്ത സേവനമനുഷ്ഠിച്ചിട്ടുണ്ട്. പാവപ്പെട്ട പെൺകുട്ടികൾക്കായി ഈ മെത്രാപോലീത്ത അനാഥശാലയും സ്ത്രീകൾക്കായി പ്രത്യേക അഭയകേന്ദ്രവും സ്ഥാപിച്ചു [66].

ബംഗാൾ മേഖലയിൽ

ബംഗാളിലും, ഒറീസയിലും പ്രധാന മിഷനറിമാർ അഗസ്തീനിയൻ സഭാംഗങ്ങൾതന്നെ. ഡോ. അലക്സ് മെനേസിസാണു ഈ സഭാംഗങ്ങളെ 1599-ൽ ബംഗാളിലേക്കയച്ചത്. കൊച്ചിമെത്രാന്റെ അധികാരസീമയിൽപ്പെട്ട രാജ്യമായിരുന്നു ബംഗാൾ. അതിനാൽ കൊച്ചിമെത്രാൻ അഗസ്തീനിയൻ മിഷനറിമാരുടെ സുപ്പീരിയറെത്തന്നെ ബംഗാളിലെ തന്റെ വികാരിജനറാളായി നിയമിച്ചു. ഹൂഗ്ലി ഈ മിഷനറിമാരുടെ മറെറാരു പ്രധാന മിഷൻകേന്ദ്രം. അവിടെ ആദ്യം 2 മിഷനറിമാരും, പിന്നീട് 6 മിഷനറിമാരും തീക്ഷ്ണതയോടെ പ്രവർത്തിച്ചിരുന്നു. ഒരു ആശ്രമവും രണ്ട് ദേവാലയങ്ങളും അവർ നിർമ്മിച്ചു. ഹിജിലി, പിപ്ളി, തമ്ലൂക്ക്, ചിറഗോങ്ങ് എന്നീ ദേശങ്ങളിലും മിഷൻ പ്രവർത്തനം ആരംഭിച്ചു. പോർട്ടുഗീസുകാരും അ

65. A. M. Mundadan: The Portuguese Settlement in Mylapore p. 119.

66. Antonio De Silva Rego: Documentacao Para Historie Das Missoes p. 184.

malankaralibrary.com

റാഖാൻ രാജാവും തമ്മിൽ സമാധാന ഉടമ്പടി ഉണ്ടായതോടെ അഗസ്തീനിയൻ മിഷനറിമാർക്ക് പ്രതിബന്ധങ്ങളില്ലാതെ എളുപ്പം സുവിശേഷവേലയിൽ വിജയം കണ്ടെത്താൻ കഴിഞ്ഞു.

ബാണ്ടേലിൽ അഗസ്തീനിയൻ സഭക്കാർ 1599-ൽ മിഷൻപ്രവർത്തനങ്ങൾ ഉത്സാഹപൂർവം നടത്തിപ്പോന്നു. പോർട്ടുഗീസുകാർ ഉപ്പെടെ അയ്യായിരം ക്രൈസ്തവർ ബാണ്ടേൽ മിഷനിലുണ്ടായിരുന്നു. 1630-ൽ ക്രിസ്ത്യാനികളുടെ സംഖ്യ ഏഴായിരമായി [67]. ഇവിടെ 1666-ൽ ഒരു ആശ്രമവും മനോഹര ദേവാലയവും അവർ നിർമ്മിച്ചു. ക്രൈസ്തവമതത്തിന്റെ കേന്ദ്രമായിത്തീർന്ന ഹുഗ്ലിയും മറ്റും.

ഡാക്കയായിരുന്ന പതിനേഴാംനൂറ്റാണ്ടിൽ ബംഗാളിന്റെ തലസ്ഥാനം. 1612-ൽ അഗസ്തീനിയൻ മിഷനറിമാർക്ക് ക്രൂരമായി മർദ്ദനമേറ്റു. ഡാക്കയിൽവച്ച് ഫാദർ ബർണാഡ് ഓഫ് ജീസസ് മൃഗീയമായി മർദ്ദനമേറ്റ് മൃതിയടഞ്ഞു. മാൻസചാർ, നാരൻഡിയ, പുർഗാരി എന്നീ സ്ഥലങ്ങളിലും ക്രൈസ്തവർ അധിവസിച്ചിരുന്നതായി അഗസ്റ്റീനിയൻ സഭാംഗമായ മൻറിക്ക് പ്രസ്താവിക്കുന്നു. അവിടെ ആശ്രമങ്ങളും ദേവാലയങ്ങളും അഗസ്റ്റീനിയൻ സഭക്കാർ നിർമ്മിച്ചു. 1720-ൽ ഇവിടെ പോർട്ടുഗീസുകാർ ഉപ്പെടെ അയ്യായിരം ക്രിസ്ത്യാനികളുണ്ടായിരുന്നു [68]. അഗസ്റ്റീനിയൻ ഗ്രന്ഥശേഖരങ്ങളിൽ നിന്നു ലഭിക്കുന്ന കണക്കനുസരിച്ച് 1629-ൽ അഗസ്റ്റീനിയൻ മിഷനറിമാരുടെ പ്രവർത്തനഫലമായി ഗോവ, ബംഗാൾ, ഒറീസ മുതലായ സ്ഥലങ്ങളിൽ ഏകദേശം 13000 പേരെ ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്തിട്ടുണ്ട്. ഹുഗ്ലിയിൽ തന്നെ എണ്ണായിരം ക്രൈസ്തവർ. ബംഗാളിന്റെ മറ്റു ഭാഗങ്ങളിലായി 25000 ക്രിസ്ത്യാനികളുടെ ആത്മീയകാര്യങ്ങൾ അഗസ്റ്റീനിയൻ മിഷനറിമാർ നിറവേറ്റിവന്നു [69].

കർമ്മലീത്തർ

അൽഫോൺസൊ അൽബുക്കർക്ക് ബീജാപ്പൂർ സുൽത്താനെ 1510-ൽ ആക്രമിച്ചു ഗോവ പിടിച്ചടക്കി. കലാസാംസ്കാരസമ്പന്നവും, ധനപുഷ്ടിയും, മതതീക്ഷ്ണതയുമുള്ള പോർട്ടുഗീസ് ആസ്ഥാനം [70]. 1611-ൽ കർമ്മലീത്തരായ ഫാ. ബനിഗ്നസും, 1612-ൽ ഫാ.

67. J. J. A. Campo: History of Portuguese in Bengal p. 104.
68. Antonio Das Silva Rego: Documentacao Indica para Historie Missoes p. 198.
69. H. E. Stapleton: The Origin of Catholics in Eastern Bengal XIII p. 53.
70. Fr. Thekkedeth: History of Christianity in India Vol. II p. 363.

malankaralibrary.com

വിൻസന്റും ഗോവയിൽ വന്ന കർമ്മലീത്താശ്രമം സ്ഥാപിച്ചു. മിഷനറി പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്നു ആഗ്രഹിച്ചു. ഇതിനകം ഫ്രാൻസീസ്ക്കൻ, ജസ്വീറ്റ്, ഡൊമിനിക്കൻ, അഗസ്തീനിയൻ സഭക്കാർ പല ആശ്രമങ്ങളും സ്ഥാപിച്ചിരുന്നു. കർമ്മലീത്തസഭയിൽ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനു ദൈവവിളിയുടെ വിളനിലമായ ഗോവ വളരെ സഹായമായിത്തീരുമെന്നു അവർ പ്രതീക്ഷിച്ചു.

ഇതര മിഷൻരാജ്യങ്ങളിലുള്ള സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ട സാമ്പത്തികസഹായം ഗോവയിൽനിന്നു ലഭിക്കുമെന്നു അവർ കണക്കുകൂട്ടി. ആശ്രമം സ്ഥാപിക്കുന്നതിനു രാഷ്ട്രീയമേധാവികളുടെയും സഭാധികാരികളുടെയും അനുവാദം ലഭിക്കാൻ പരിശ്രമിച്ചു. അതു അന്നത്തെ പരിത:സ്ഥിതിയിൽ എളുപ്പമല്ലായിരുന്നു[71]. അതിനാൽ കർമ്മലീത്തസഭയുടെ ജനറൽ തന്നെ മാർപാപ്പവഴി ഗോവാ മെത്രാപ്പോലീത്തായിൽനിന്നു ആശ്രമസ്ഥാപനത്തിനുള്ള അനുവാദത്തിനായി അപേക്ഷിച്ചു. ഗോവാനഗരത്തിനു വെളിയിലെ വി. മാവുരുസിന്റെ ദേവാലയത്തിനു സമീപം കർമ്മലീത്ത വൈദികർക്കു താമസിക്കുന്നതിനു സ്ഥലം അനുവദിച്ചുകിട്ടി[72].

തിരുശേഷിപ്പു ഘോഷയാത്ര

ലിസ്ബണിലെ മെത്രാപ്പോലീത്താ മോൺ. ക്രസ്തെബോം തന്നെയായിരുന്നു അന്നത്തെ ഗോവയിലെ മെത്രാപ്പോലീത്ത. ആ നാളുകളിൽ ഗോവയിൽ പകർച്ചവ്യാധിയും മറ്റു ദുരിതങ്ങളും വർധിച്ചിരുന്നു. വിശുദ്ധൻമാരുടെ തിരുശേഷിപ്പുകൾ വഹിച്ചുകൊണ്ടു തെരുവുകളിൽ പ്രദക്ഷിണം നടത്താൻ അന്നത്തെ വൈസ്രോയി ഡോം ഫെർണാണ്ടോ ദെ അൽബുക്കർക്ക് കർമ്മലീത്താ സന്യാസി ഫാ. ലെയാൻഡ്രിനോട് ആവശ്യപ്പെട്ടു. വി. ത്രേസ്യായുടെ തിരുശേഷിപ്പ് ഗോവാ മെത്രാപ്പോലീത്തായിൽനിന്നും സ്വീകരിച്ചു വി. ത്രേസ്യായുടെ രൂപം വഹിച്ചു ഭക്തിനിർഭരമായ പ്രദക്ഷിണവും പ്രത്യേക പ്രാർത്ഥനകളും നടത്തി. ആശ്രമം സ്ഥാപിക്കാനുള്ള അനുവാദത്തിനു ഒരപേക്ഷയും വി. ത്രേസ്യയുടെ രൂപത്തിലെ കയ്യിൽ വച്ചിരുന്നു. പോർട്ടുഗീസു വൈസ്രോയി ഇതു കാണുന്നതിനും വായിക്കുന്നതിനും ഇടയായി. ഫാ. ലിയാണ്ഡറിന്റെ ഈ അപേക്ഷ സാധിതമാകുന്നതിനു അപ്രതീക്ഷിതമായ പ്രതിബന്ധങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നു. പോർട്ടുഗൽ രാജാവിന്റെ പ്രത്യേക അനുമതി ലഭിക്കാതെ പുതിയ സന്യാസസഭക്കാർക്കു ആശ്രമങ്ങൾ നിർമ്മിക്കാൻ സാധ്യമല്ലായിരുന്നു. അതിനാൽ പോർട്ടുഗീസു രാജാവിനു അവർ അപേക്ഷ സമർപ്പിച്ചു.

71. Fr. Ambrosius a. S. Theresa: A Chronicle of Carmelite Order, pp. 12–25.
72. Fr. Ambrosius a. S. Theresa: op. cit. appendix p. 1338.

malankaralibrary.com

പോർട്ടുഗൽ മേൽക്കോയ്മ

ഗോവാ മെത്രാപ്പോലീത്താ തന്റെ വേനൽക്കാല വസതിക്കു സമീപം സ്ഥലം വാങ്ങി പ്രാർത്ഥനാലയം നിർമ്മിക്കാൻ കർമ്മലീത്താ സന്യാസികൾക്കു അനുമതി നൽകി. പോർട്ടുഗീസു വൈസ്രോയിയും ഈ സംരംഭത്തിന് അനുകൂലിയായിരുന്നല്ലൊ. കപ്പേളയിൽ ദിവ്യ ബലി അർപ്പിക്കുന്നതിന് അനുവദിച്ചിരുന്നെങ്കിലും, പരസ്യാരാധനാനുഷ്ഠാനങ്ങളും, ബലി അർപ്പണവും നിരോധിച്ചിരുന്നു. മറ്റ് പ്രേഷിതപ്രവർത്തനങ്ങളിൽ തൽക്കാലം ഏർപ്പെടരുതെന്നും നിർദ്ദേശിച്ചു. അനുവാദം ലഭിക്കുന്നതിനുമുൻപ് കർമ്മലീത്ത സന്യാസികൾ മിഷനറി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നുവെന്നു രാജാവു് അറിഞ്ഞാൽ പുതിയ ആശ്രമം സ്ഥാപിക്കുന്നതിന് അതു് പ്രതിബന്ധമായിത്തീരുമെന്നതുകൊണ്ടാണ് പരസ്യ ആരാധനാനുഷ്ഠാനങ്ങൾ മെത്രാപ്പോലീത്താ നിരോധിച്ചതു്. ഗോവാ മെത്രാപ്പോലീത്താ തന്നെ പോർട്ടുഗലിലെയും സ്പെയിനിലെയും ഭരണാധികാരികൾക്ക് അപേക്ഷ അയച്ചു. ഗോവയിൽ കർമ്മലീത്തരുടെ സാന്നിധ്യം ആദ്ധ്യാത്മിക ഉന്നമനത്തിന് സഹായകരമായിരിക്കുമെന്നും അതിൽ പ്രത്യേകം സൂചിപ്പിച്ചിരുന്നു. മാർപാപ്പയ്ക്കും അപേക്ഷ അയച്ചിരുന്നു[73]. പേർഷ്യയിലെ ഓർമ്മസിലെ കർമ്മലീത്താശ്രമത്തിൽ നിന്നും ഫാ. ലെയാണ്ടർ കർമ്മലീത്ത ജനറലിനു അയച്ച എഴുത്തിൽ പോർട്ടുഗൽ രാജാവിനും ഗോവയിൽ കർമ്മലീത്താശ്രമവും ദേവാലയവും സ്ഥാപിക്കുവാനുള്ള അനുവാദത്തിനും ജനറൽതന്നെ നേരിട്ടു മാർപാപ്പയോടു അഭ്യർത്ഥിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. മാർപാപ്പ പോർട്ടുഗീസു രാജാവിനു കർമ്മലീത്തസഭക്കാരുടെ അഭ്യർത്ഥന ശുപാർശ ചെയ്തു. തൽഫലമായി കർമ്മലീത്താശ്രമവും ദേവാലയവും സ്ഥാപിക്കാൻ പോർട്ടുഗീസുരാജാവിൽനിന്നു അനുവാദം ലഭിച്ചു*[74].

ആശ്രമം സ്ഥാപിക്കുന്നു

ഗോവയിലെ നിഷ്പാദുക കർമ്മലീത്തസന്യാസികളുടെ ചരിത്രം 17-ാംനൂറ്റാണ്ടിനു മുൻപു് ആരംഭിക്കുന്നു. പഴയ ഗോവയിലെ പരിപാവനതയെ പരിപോഷിപ്പിക്കുന്നതിനു് സന്യാസികളുടെ അവിടത്തെ അധിവാസം പര്യാപ്തം. ഈ ആശ്രമത്തിന്റെ പരിശുദ്ധി പരിമളത്തിനു മാറ്റുകൂട്ടിയവരാണു് വാഴ്ത്തപ്പെട്ട ഡൈനീഷ്യസും റെഡംപ്റ്റസും.

---

73. Fr. Ambrosius a. S. Theresa: op. cit. appendix p.1338.

* മാർപാപ്പ രാജാവായ ഫിലിപ്പ് മൂന്നാമനു അയച്ച എഴുത്തിന്റെ കോപ്പി റോമിൽ കാർമ്മലൈറ്റ് ജനറലിന്റെ അർക്കീവിൽ സൂക്ഷിച്ചിട്ടുണ്ട്.

74. Fr. Ambrosius a. S. Theresa: A Chronicle of Carmelites op. cit. p 86.

malankaralibrary.com

ഫാ. ലിയാണ്ഡറിന്റെ ശ്രമഫലമായി മനോഹരമായ ദേവാലയവും ആശ്രമവും നിർമ്മിച്ചു. സ്ഥാപനങ്ങൾ പണിയുന്നതിനാവശ്യമായ ധനസഹായം ഉന്നതപദവിയിലുള്ള പോർട്ടുഗീസുകാരിൽനിന്നും ധനാഢ്യരായ മറ്റു യൂറോപ്യൻ വണിക്കുകളിൽനിന്നും ലഭിച്ചു. മറ്റു രാഷ്ട്രീയ ഭരണാധികാരികളും ഗോവയിലെ മെത്രാപ്പോലീത്തായും ഉദാരമായ സംഭാവനകൾ നൽകി. ദേവാലയവും, ആശ്രമവും കർമ്മല നാഥയുടെ നാമത്തിലാണ് പ്രതിഷ്ഠിതമായത്. 1620 ഏപ്രിൽ 20-ന് ദേവാലയ ആശീർവാദവും ആശ്രമ ഉൽഘാടനവും സാഘോഷം നടത്തി[75]. രണ്ട് കർമ്മലീത്ത വൈദികരും ഒരു ബ്രദറും ഗോവയിലെ പുതിയ ആശ്രമത്തിൽ അംഗങ്ങളായി.

കർമ്മലീത്താശ്രമം സ്ഥാപിച്ചതിന്റെ പ്രധാന ലക്ഷ്യം കൂടുതൽ യുവാക്കളെ സഭയിൽ ചേർത്തു പഠിപ്പിക്കുകയും, പേർഷ്യയിലെ മിഷൻപ്രവർത്തനത്തിനാവശ്യമായ സന്യാസികളെ ഗോവയിൽനിന്നു സ്വീകരിക്കയുമായിരുന്നു. നവസന്യാസഭവനം (Novitiate) ആരംഭിച്ചതു് അതിനാണ്.

ഡൈനേഷ്യസും റെഡംപ്റസും 1635-ൽ വ്രതവാഗ്ദാനം നടത്തി. ഫാ. ഡൈനീഷ്യസ് ഫ്രഞ്ചുകാരൻ. പോർട്ടുഗീസുരാജാവിന്റെ സേവനത്തിനു ഒരു ക്യാപ്റ്റന്റെ അധികാരാവകാശത്തോടെയാണ് ഗോവയിൽ വന്നതു്. പക്ഷേ ദൈവം കർമ്മലീത്തസഭയിലേക്കു വിളിച്ചു. സഭയിൽ ചേർന്ന ബ്രദർ റെഡംപ്റസുമായി മിഷൻ പ്രവർത്തനത്തിനു സുമാട്രയിലേക്ക് പോയി. അവിടെവച്ചു സഭാവിരോധികളാൽ വധിക്കപ്പെട്ടു. ബ്രദർ റെഡംപ്റസിന്റെ പിതാവ് ഗോവയിൽ ഡൈനീഷ്യസിനോടുകൂടി സന്യാസജീവിതം ആരംഭിച്ചിരുന്നു. സുമാട്രയിൽവച്ച് റെഡംപ്റിസും രക്തസാക്ഷിത്വം വരിച്ചു[76].

ആശ്രമങ്ങളുടെ ശൃംഖല

ഡിയുവിൽ 1628-ൽ കർമ്മലീത്തമിഷനറിമാർ ഒരാശ്രമം സ്ഥാപിച്ചു. 1630-ൽ ഗോവയിൽ മറ്റൊരാശ്രമവും. 1660-ൽ കർമ്മലീത്തസഭക്കാർക്കു ഇതരരാജ്യങ്ങളിലായി ആറു ആശ്രമങ്ങൾ. 1613-ൽ ടാറ്റായിൽ കർമ്മലീത്തർ ഒരാശ്രമം തുടങ്ങി. 1681-ൽ മതഭ്രാന്തരായ മുസ്ലീങ്ങൾ പോർട്ടുഗീസുകാരെ പരാജയപ്പെടുത്തി ടാറ്റാ കൈവശപ്പെടുത്തി. കർമ്മലീത്ത സന്യാസികൾക്കു സ്വന്തം ആശ്രമവുമുപേക്ഷിച്ചു് മറ്റു രാജ്യങ്ങളിലെ ആശ്രമങ്ങളിൽ അഭയം പ്രാപിക്കേണ്ടിവന്നു[77].

---

75. Fr. Ambrosius a. S. Theresa: A Chronicle of Carmelites op. cit. p. 86.
76. Florentinus Del Nino Jesu: La Ordine Del Carmelitane pp. 25, 26
77. Florentinus Del Nino Jesu op. cit. p. 36.

malankaralibrary.com

ഫാ. ലിയാണ്ടർ ഓഫ് അനൺസിയേഷൻ 1628-ൽ ഡാമിൽ വി. ജോസഫിന്റെ നാമത്തിൽ ഒരാശ്രമം ആരംഭിച്ചു. പോർട്ടുഗീസുകാരുടെ അധീനതയിൽപെട്ട രാജ്യമായിരുന്നുവെങ്കിലും മുസ്ലീങ്ങളായിരുന്ന ഡാമിലെ നിവാസികളിലധികവും അറബികളും ഈ ദ്വീപ് 1669-ൽ കൈവശപ്പെടുത്തിയതുവരെ ആശ്രമവും നിലനിന്നു[78].

പോർട്ടുഗീസുകാരുടെ അധീനതയിൽ നിന്ന് ബ്രിട്ടീഷുകാർ 1633-ൽ സൂററ് കൈവശപ്പെടുത്തി. പോർട്ടുഗീസ് മിഷനറിമാരെ ബ്രിട്ടീഷുകാർ സൂററിൽനിന്നു തുരത്തി. പോർട്ടുഗീസുകാരല്ലാത്ത മിഷനറിമാർ അവിടെ പ്രേഷിതപ്രവർത്തനങ്ങൾ നടത്തുന്നതിനു അനുവദിച്ചു. സൂററിൽ മിഷൻ പ്രവർത്തനങ്ങൾ നടത്തിയിരുന്ന ഫ്രാൻസിസ്കൻ സന്യാസികൾ പോർട്ടുഗീസുകാരായതിനാൽ സൂററു വിട്ടുപോകുന്നതിനു നിർബന്ധിതരായി. പകരം പോർട്ടുഗീസുകാരല്ലാത്ത കർമ്മലീത്ത സന്യാസികൾക്കു പ്രവേശനം ലഭിച്ചു. അങ്ങനെ ഫാ. സെലസ്റ്റിൻ ഓഫ് സെൻറ് ലൂഡവീന സൂററിൽ ഒരു കർമ്മലീത്താശ്രമം സ്ഥാപിച്ചു. മറ്റു കർമ്മലീത്ത മിഷനറിമാരുടെ സുപ്പീരിയറും അദ്ദേഹം തന്നെയായിരുന്നു. പതിനെട്ടാംനൂറ്റാണ്ടിലെ മദ്ധ്യഘട്ടംവരെ കർമ്മലീത്തർ സൂററിൽ മിഷൻപ്രവർത്തനങ്ങളിൽ വ്യാപൃതരായി [79].

വൈസാപൂരിൽ 1635-ൽ ഫാ. ലെയാണ്ടർ കർമ്മലീത്താശ്രമം സ്ഥാപിച്ചു. ഗോവയിലെ പോർട്ടുഗീസുവൈസ്രോയി ഫെർണാണ്ടോസ് അൽബുക്കർക്കുമായി രമ്യതയിൽ കഴിഞ്ഞ മുസ്ലീംരാജ്യമാണു വൈസാപൂർ. ഇവിടെ അനേകം പോർട്ടുഗീസു കച്ചവടക്കാരും പൗരന്മാരുമുണ്ടായിരുന്നു. ഗോവാശ്രമത്തിലെ ആഭ്യന്തര കുഴപ്പങ്ങൾ നിമിത്തം വൈസാപൂരിലെ ആശ്രമവും 1645-ൽ നിറുത്തലാക്കി [80].

ബോംബയിൽ 1720-ൽ കർമ്മലീത്ത സന്യാസികൾ മിഷൻ പ്രവർത്തനങ്ങളാരംഭിച്ചു. അങ്ങനെ ഈ നഗരം മിഷൻ പ്രവർത്തനങ്ങളുടെ കേന്ദ്രമായി. 1639-ൽ ബോംബെരൂപത സ്ഥാപിതമായി. 1770-ൽ ഫ്രാൻസിസ്കൻ മിഷനറിമാർ ബോംബെരൂപതയിൽനിന്നു പുറംതള്ളപ്പെട്ടു. 1720-ൽ ബോംബെരൂപതയിലെ മെത്രാനായി ഡോ. മൗറീഷ്യസ് ഓഫ് സെൻറ് തെരേസ ഒ. സി. ഡി. നിയമിക്കപ്പെട്ടു.

ബോംബെ രൂപത വേരുറയ്ക്കാൻ

ബോംബെരൂപതയിൽ 11 കർമ്മലീത്ത വികാരി അപ്പസ്തോലിക്കമാർഭരണം നടത്തിയിട്ടുണ്ട്. ഫാ. മൗറീഷ്യസ് (1720-1726), ഫാ.

78. Fr. Florentinus Del Nino Jesu op. cit. p. 37.
79. Fr. Florentinus Del Nino Jesu op. cit. 37.
80. Fr. Florentinus Del Nino Jesu op. cit. 27-28.

malankaralibrary.com

പീറ്റർ ഓഫ് അൽക്കാന്ത്ര (1732–1745), ഫാ. ഇന്നസെന്റ് ഓഫ് പ്രസന്റേഷൻ(1746–1755),ഫാ. സെബാസ്റ്റ്യൻ ഓഫ് സെന്റ് മാർഗരറ്റ് (1755), ഫാ. ഡൊമിനിക്ക് ഓഫ് സെന്റ് ക്ലെയർ (1755–1772), ഫാ. ചാൾസ് ഓഫ് സെന്റ് കൊൺഡ്രാട്(1775–1785), ഫാ. അഞ്ചലീനൊ ഓഫ് സെന്റ് ജോസഫ്(1786–1789), ഫാ. വിക്ടറിനസ് (1791–1794), ഫാ. പീറ്റർ അലൽക്കാന്ത്ര (1795–1840), ഫാ. അലോഷ്യസ് ഫൊർട്ടീനി (1840–1848), ഫാ. ജോൺ ഫ്രാൻസിസ് വേവ്ലാൻ (1848–1850).

കർമ്മലീത്തമിഷനറിമാർ ബോംബെരൂപതയിൽ വികാരി അപ്പസ്തോലിക്കമാരായി ഭരണം നടത്തിയ കാലഘട്ടം പ്രശ്നസങ്കുലവും വിഷമമേറിയതുമായിരുന്നു. ബോംബെനഗരം ഗോവ പട്ടുവാടോ ഭരണത്തിന്റെ അധീനതയിൽപ്പെട്ടിരുന്നതിനാൽ പ്രൊപ്പഗാന്ത തിരുസംഘം നിയമിക്കുന്ന കർമ്മലീത്ത വികാരി അപ്പസ്തോലിക്കമാർക്ക് ബോംബെയിൽ യാതൊരു അധികാരവുമില്ലെന്നു ഗോവാ മെത്രാപ്പോലീത്ത ശഠിച്ചു. തൽഫലമായി വികാരി അപ്പസ്തോലിക്കാമാർക്ക് ബോംബെരൂപതയിൽ ദിവ്യബലി അർപ്പിക്കുന്നതിനും കുമ്പസാരിപ്പിക്കുന്നതിനും,വിവാഹം ആശീർവദിക്കുന്നതിനും ഗോവ മെത്രാപ്പോലീത്തായുടെ അനുവാദം വേണ്ടിയിരുന്നു.ബോംബെ ബ്രിട്ടീഷ് ഗവൺമെന്റിന്റെ ആധിപത്യത്തിലുള്ള നഗരമായിരുന്നതിനാൽ ബോംബെഗവർണറിന്റെ സഹായവും പിൻബലവും കർമ്മലീത്ത അപ്പസ്തോലിക്കമാർക്ക് നിർലോഭം ലഭിച്ചുപോന്നു.

പോർട്ടുഗൽരാജാവ് കർമ്മലീത്തരുടെനേരെ

ബോംബെരൂപതയിൽ കത്തോലിക്കവിശ്വാസികളുടെ ആത്മീയകാര്യങ്ങളും നിർവഹിച്ചു കൊടുത്തിരുന്നതു പോർട്ടുഗീസുകാരായ ഫ്രാൻസിസ്കൻ മിഷനറിമാരാണ്. ബ്രിട്ടീഷ് ആധിപത്യത്തിലുള്ള രാജ്യത്ത് പോർട്ടുഗീസു മിഷനറിമാരുടെ സാന്നിധ്യം ബ്രിട്ടീഷ് അധികാരികൾക്കു സ്വീകാര്യമായിരുന്നില്ല. ഫ്രാൻസിസ്കൻ മിഷനറിമാരെ ഗോവയിലേക്കു പറഞ്ഞയക്കുന്നതിനുള്ള കരുക്കളും നീക്കിയിരുന്നു. ഇറ്റാലിയൻ കർമ്മലീത്തക്കാരൻ കൂടിയായ ഗ്രേറ്റ് മുഗളിലെ വികാർ അപ്പസ്തോലിക്ക ബിഷപ്പ് മൗറീഷ്യസ് ബോംബെ സന്ദർശിച്ചു. ഗോവയിൽ മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന ഇറ്റാലിയൻ കർമ്മലീത്ത മിഷനറിമാർ പോർട്ടുഗീസു രാജാവിനെ വിശ്വസ്തതയോടെ സേവിച്ചുകൊള്ളണമെന്നു ശപഥം ചെയ്യണമെന്നു പോർട്ടുഗൽ ഗവർണർ ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ചു പ്രവർത്തിക്കാൻ തങ്ങൾ സന്നദ്ധരല്ല എന്നു കർമ്മലീത്ത മിഷനറിമാർ അറിയിച്ചു. 1709–ൽ അവർ ഗോവ വിട്ട ഗ്രേറ്റ് മുഗൾ മിഷൻ പ്രവർത്തനങ്ങളിൽ വ്യാപൃതരായി. മൗറീഷ്യസ് മെത്രാനെ ബോംബെ രൂപതയിൽ വികാരി അപ്പസ്തോലിക്കയായി നിയമിക്കുന്നതിനു ബോംബെ ഗവർണർ നിർദ്ദേശിച്ചു. ബോംബെ ഗോവമെത്രാന്റെ അധീനത

malankaralibrary.com

യിൽപ്പെട്ട സ്ഥലമായതിനാൽ മാർപാപ്പയുടെ അനുമതി ഉണ്ടെങ്കിലേ ഈ ആത്മീയപാലകസ്ഥാനം ഏറ്റെടുക്കാൻ നിയമപരമായി സാധ്യമാവുകയുള്ളൂ'' എന്നു് അദ്ദേഹം അറിയിച്ചു. തദനുസരണം മാർപാപ്പയുടെ അനുവാദത്തിനായി ഗവർണറുടെ ശുപാർശയനുസരിച്ചു് കർമ്മലീത്തസഭാംഗം ഫാ. അനസ്താനിയൂസ് ഒരു ബ്രിട്ടീഷു കപ്പലിൽ 1717-ൽ ഇറ്റലിയിലേക്കു തിരിച്ചു. മാർപാപ്പയെ ഫാ. അനസ്താസിയൂസ് നേരിൽ കണ്ടു ബോംബെ പ്രശ്നങ്ങളും അറിയിച്ചു. തൽഫലമായി ഡോ. മൗറീഷ്യസിനെ ബോംബെ വികാരി അപ്പസ്തോലിക്കയായി സ്ഥിരപ്പെടുത്തി. ഈ കാര്യങ്ങളെല്ലാം ഫ്രാൻസിസ്കൻ സന്യാസിമാർ ഗോവാ മെത്രാപ്പോലീത്തായെ ധരിപ്പിച്ചു.

മെത്രാൻ മെത്രാനെതിരെ

ബോംബെ ശുപതാഭരണം കൂടുതൽ വഷളാക്കാൻ ഇതു കാരണമായി. മൗറീഷ്യസ് മെത്രാന്റെ നിയമനത്തെ ഗോവാ വൈസ്രോയിയും ഗോവാമെത്രാപ്പോലീത്തായും എതിർത്തു. ബോംബെയിലെ പുതിയ മെത്രാപ്പോലീത്തായെ തിരുസഭയിൽനിന്നു പുറത്താക്കപ്പെട്ടിരിക്കുന്നതായും അദ്ദേഹത്തിനു ദിവ്യബലി അർപ്പിക്കാനുള്ള അനുവാദം നിഷേധിക്കപ്പെട്ടിരിക്കുന്നതായും സാൽസെറ്റിലെ എല്ലാ ദേവാലയങ്ങളിലും ഞായറാഴ്ച ദിവസം ദിവ്യബലി സമയത്ത് അറിയിക്കാൻ ഗോവാമെത്രാപ്പോലീത്താ ആവശ്യപ്പെട്ടു. ഇതിനകം ഡോ. മൗറീഷ്യസ്തന്നെ ബോംബെശുപതയുടെ വികാരി അപ്പസ്തോലിക്കയായിനിയമിച്ചുകൊണ്ടുള്ള മാർപാപ്പയുടെ ബൂളയുടെ കോപ്പി ഗോവാമെത്രാപ്പോലീത്തായ്ക്കു അയച്ചുകൊടുത്തു. പോർട്ടുഗീസു രാജാവിന്റെ അംഗീകാരം ഈ നിയമനത്തിനു ഇല്ലാഞ്ഞതിനാൽ ഗോവാ മെത്രാപ്പോലീത്താ ഡോ. മൗറീഷ്യസിന്റെ നിയമനം അംഗീകരിച്ചില്ല. 1720 മെയ് 13-നു മൗറീഷ്യസ് മെത്രാനും ഫാ. പീറ്ററും ഫാ. എലിസേവൂസും ബ്രിട്ടീഷ് ഗവൺമെൻറിനു വിധേയരായിക്കൊള്ളാമെന്നും കത്തോലിക്കാവിശ്വാസികളെ പരിപാലിച്ചുകൊള്ളാമെന്നും വാഗ്ദാനം ചെയ്തു. അങ്ങനെ ബോംബെശുപതയിലെ കത്തോലിക്കരുടെ ആത്മീയപാലകരായി അവർ ഔദ്യോഗികമായി ചുമതലയേറ്റു. ഈ നിയമനത്തിനു എതിരായി ഗോവാ ഭരണാധികാരികൾ പ്രവർത്തിച്ചുതുടങ്ങി. പോർട്ടുഗീസ് രാജാവ് ഈ നിയമനത്തിൽ പ്രതിഷേധിച്ചു. ഗോവാ മെത്രാപ്പോലീത്താ നിയമിക്കുന്ന വികാരിജനറാളിനെമാത്രമേ ബോംബെ ഭരിക്കുവാൻ അനുവദിക്കാവൂ എന്നനുശാസിച്ചു. ബോബെയിലുള്ള ഗോവാക്കാരായ വൈദികരും കത്തോലിക്കാവിശ്വാസികളും പുതിയ വികാരി അപ്പസ്തോലിക്കായ്ക്കു് എതിരായി പ്രവർത്തിച്ചുതുടങ്ങി. ശീശ്മയ്ക്കു കാരണമാകാതിരിക്കാൻ വികാരി അപ്പസ്തോലിക്കാ തൽക്കാലം ബോംബെയിൽനിന്നു് റോമിലേക്കു പോയി.

malankaralibrary.com

അങ്ങനെ തന്റെ വിപ്രവാസത്തിനു തുടക്കമിട്ടുകൊണ്ട് 1722-ൽ ഡോ. മൗറിഷ്യസ് ബോംബെത്രുപതയോടു വിടവാങ്ങി.

ഒത്തുതീർപ്പു മെത്രാൻമാർ

ഫാ. പീറ്റർ അൽക്കാസ്ത്രു ഒ. സി. ഡി. യെ 1728 ഫെബ്രുവരി 3-നു ബോംബെത്രുപതയുടെ വികാരിഅപ്പോസ്തോലിക്കയായി പ്രൊപ്പഗാന്ത തിരുസംഘം നിയമിച്ചു. നാലു വർഷങ്ങൾക്കുശേഷം അദ്ദേഹം വരാപ്പുഴയിൽ മെത്രാനായി അഭിഷിക്തനായി. 1732-ൽ വികാരി അപ്പസ്തോലിക്കയായി ചാർജ്ജെടുത്തു. മെത്രാന്മാർക്കു താമസിക്കാനുള്ള അരമനയും ചാപ്പലും അദ്ദേഹം ബോംബെയിൽ നിർമ്മിച്ചു. ബോംബെത്രുപതയിൽ പ്രേഷിതപ്രവർത്തനം നടത്തിയിരുന്ന കർമ്മലീത്താ വൈദികർ ഈ പുതിയ മെത്രാനെ തങ്ങളുടെ സുപ്പീരിയറായി അംഗീകരിക്കണമോ എന്ന പ്രശ്നമുദിച്ചു. അപ്പോഴും റോമിലെ മേജർ സുപ്പീരിയർമാർ ബോംബെയിലെ വികാരി അപ്പസ്തോലിക്കയെ കർമ്മലീത്ത മിഷനറിമാരുടെ പ്രൊവിൻഷ്യാളായി പരിഗണിക്കണമെന്നു ആവശ്യപ്പെട്ടു. പീറ്റർ അൽക്കാസ്ത്രു മെത്രാൻ 1745 വരെ ഈ ത്രുപത ഭരിച്ചു. ഒട്ടേറെ പ്രതിബന്ധങ്ങളും അദ്ദേഹത്തിനു തരണം ചെയ്യേണ്ടിവന്നു. പല കുഴഞ്ഞ പ്രശ്നങ്ങളെയും അഭിമുഖീകരിക്കേണ്ടിവന്നെങ്കിലും സമാധാനപൂർവം കർത്തവ്യങ്ങളും നിർവ്വഹിച്ചു.

ഗോവയ്ക്കു ബോംബെയുടെ മേൽനോട്ടം

ഡോ. പീറ്റർ അൽക്കാസ്ത്രുയുടെ മരണശേഷം വികാരി അപ്പസ്തോലിക്കയായതു ഫാ. ഇന്നസെന്റ് ഓഫ് പ്രസെന്റേഷനാണു്. ഇദ്ദേഹം 1748-ൽ ബോംബെയിൽ വന്നു. ഗോവാ മെത്രാപ്പോലീത്തായുടെ അനുഭാവികളായ വൈദികരുടെ പ്രതിഷേധംനിമിത്തം ബോംബെയിൽ താമസിക്കാതെ ബാന്ദ്രയിൽ വസിച്ചു ഭരണം നടത്തി. 1752-ൽ അദ്ദേഹം കാർവാർ കർമ്മലീത്താശ്രമത്തിൽ പോയി. പിറ്റേവർഷം നിര്യാതനായി. തുടർന്ന് ഫാ. സെബാസ്ത്യൻ ഓഫ് സെന്റ് മാർഗരറ്റിനെ ബോംബെ വികാരി അപ്പസ്തോലിക്കയായി നിയമിച്ചുവെങ്കിലും അദ്ദേഹം ബോംബെയിൽ വന്നില്ല. അതിനാൽ 1755-ൽ ഫാ. ഡൊമിനിക് ഓഫ് സെന്റ് ക്ലെയർ എന്ന കർമ്മലീത്തവൈദികൻ വികാരി അപ്പസ്തോലിക്കയായി. 1763-ൽ ബോംബെ സന്ദർശിച്ച ജർമ്മൻകാരനായ നെയിബൂർ പറയുന്നു: "ബോംബെത്രുപതയിൽ പോർട്ടുഗീസു് അനുയായികളും വളരെ കുറച്ചു മാത്രമേയുള്ളു. പ്രോട്ടസ്റ്റന്റുകാരെക്കാളും വളരെയധികം കത്തോലിക്കർ ബോംബെയിൽ ഉണ്ടു്. ഗോവ സെമിനാരിയിൽ പഠിച്ചു് വൈദികരാവുന്നവർ ബോംബെ വികാരി അപ്പസ്തോലിക്കമാർക്കു് വിധേയരാകാൻ വിമുഖത കാണിക്കുന്നു. കർമ്മലീത്ത വികാരി അപ്പസ്തോലിക്കമാരെ ഇവിടെ ആവശ്യമില്ലെന്നു് അവർ അഭിപ്രായപ്പെടുന്നു. എന്നാൽ വിശ്വാസികളും ബോംബെ വികാരി അപ്പസ്തോലിക്കയെ

malankaralibrary.com

സ്വീകരിക്കാനും അനുസരിക്കാനും സന്മനസ്സു കാട്ടുന്നു. ഡൊമിനിക്കു് മെത്രാൻ സൂററിൽ താമസിച്ചുകൊണ്ടാണു ബോംബെത്രുപതയെ ഭരിച്ചുപോന്നതു്.''

നിയമനം കിട്ടിയാലും ചാർജ്ജെടുക്കാൻ നിവൃത്തിയില്ല

കാറും കോളുമെല്ലാം മാറിയ ശാന്തമായ അന്തരീക്ഷത്തിലാണു് 1773-ൽ ഫാ. ചാൾസു് ഓഫു് കൊൺട്രാഡു് വികാരി അപ്പസ്തോലിക്കയായതു്. അദ്ദേഹം മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടതിനു ശേഷം ബോംബെയിൽത്തന്നെ താമസം തുടങ്ങി. വികാരി അപ്പസ്തോലിക്കയോടു സഹകരിക്കുന്ന വൈദികർ ബോംബെയിൽ കൂടുതൽ ഉണ്ടാകണമെങ്കിൽ, പുതിയ സെമിനാരി ബോംബെയിൽ സ്ഥാപിക്കണമെന്നു് അദ്ദേഹത്തിനു ബോധ്യമായി. പുതിയ സെമിനാരി വിനാവിളംബം ബോംബെയിൽ ആരംഭിച്ചു. ഏതാനും വൈദികവിദ്യാർത്ഥികളെ റോമിലെ പ്രൊപ്പഗാന്ത കോളജിലേയ്ക്കും അയച്ചു. ഫാ. അന്റോണിയോ ദെ ഗോവയിയെ സെമിനാരി പ്രൊഫസറാക്കി.

ഫാ. വികാറിനസു് ഓഫു് സെൻറു് മേരി 1787-ൽ ബോംബെത്രുപതയിലെ വികാരി അപ്പസ്തോലിക്കയായി. അദ്ദേഹം 1789-ൽ വരാപ്പുഴയിൽവച്ചു് മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. അതേ വർഷം ബോംബെയിലേയ്ക്കു പുറപ്പെട്ടു. വികാറിനസു് മെത്രാൻ ബ്രിട്ടീഷു് അധികാരികളെ എല്ലാ കാര്യങ്ങളിലും അനുസരിക്കാൻ സന്നദ്ധനാണെന്നു് അറിയിച്ചു. എന്നാൽ തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന ത്രുപതയിലെ ജനങ്ങളുടെ ആധ്യാത്മിക കാര്യങ്ങളും സാധിച്ചുകൊടുക്കുന്നതിനു് സൗകര്യമുണ്ടാക്കിത്തരണമെന്നു് ബോംബെ ഗവർണറോടു അഭ്യർത്ഥിച്ചു. ഈ അപേക്ഷ ബ്രിട്ടീഷു് അധികാരികളും മെത്രാനോടും ഇതര കർമ്മലീത്ത മിഷനറിമാരോടും കൂടുതൽ സ്നേഹാദരങ്ങളും ഉള്ളവാക്കി.

ഈ കാലത്തു് ഗോവാ മെത്രാപ്പോലീത്താപ്രതിനിധി വികാരി ജനറാളും ബോംബെയിലുള്ള കർമ്മലീത്ത മിഷനറിമാരുടെ ഫോർട്ട് ചാപ്പലും ആശ്രമവും കൈവശപ്പെടുത്തി. ദിവ്യബലി അർപ്പിക്കുകമുതലായ തിരുക്കർമ്മങ്ങളും അനുഷ്ഠിച്ചു തുടങ്ങി. വികാരി ജനറൽ കൈവശപ്പെടുത്തിയ സ്ഥാപനങ്ങളും കർമ്മലീത്തസഭയുടേതാണെന്നു വികാരി അപ്പസ്തോലിക്കാ വാദിച്ചു. വിവാദപരമായ ഈ കാര്യത്തിനു് ഒരന്തിമ തീരുമാനമെടുക്കാൻ കമ്മീഷനെ നിയമിക്കുന്നതിനു ബ്രിട്ടീഷു് ഗവർണറോടു വികാറിനസു് മെത്രാൻ ആവശ്യപ്പെട്ടു. കമ്മീഷൻ വിവാദപരമായ വിഷയങ്ങളെപ്പററി ആഴത്തിൽ പഠിച്ചു.വിധി എഴുതിയതു് വികാറിനസുമെത്രാനു് അനുകൂലമായിട്ടാണു്. കമ്മീഷൻ റിപ്പോർട്ടിന്റെ കോപ്പി ഗോവാ മെത്രാപ്പോലീത്തായ്ക്കു് ബോംബെ ഗവർണർ അയച്ചുകൊടുത്തു. ഈ വിധിയുടെ അടിസ്ഥാനത്തിൽ ഗോവ വികാരി ജനറാളും ചാപ്പലും ആശ്രമവുമെല്ലാം കർമ്മലീത്തക്കാർക്കു

malankaralibrary.com

തിരികെ നൽകി. 1791 സെപ്റ്റംബർ ഒന്നിന വികറിനസ്മെത്രാനും മറ്റു കർമ്മലീത്തവൈദികരും അനേകം കത്തോലിക്കാവിശ്വാസികളുടെ അകമ്പടിയോടുകൂടി ആഡംബരപൂർവ്വം ഫോർട്ടുചാപ്പലും എസ്പെരേൻസ ദേവാലയവും (Esperansa Church) കൈവശപ്പെടുത്തി. ബോംബെരൂപതയിലെ ഭൂരിഭാഗം വൈദികരും വികാരി അപ്പസ്തോലിക്കയെ അനുകൂലിക്കാനും അദ്ദേഹത്തെ അനുസരിക്കാനും സന്നദ്ധരായി. തൽഫലമായി വികാരി അപ്പസ്തോലിക്കയ്ക്ക് സമാധാനപരമായി രൂപതാഭരണം നടത്താൻ സാധിച്ചു.

കർമ്മലീത്തർ ഗോവയോടേറ്റുമുട്ടുന്നു

വികറിനസു മെത്രാന്റെ കാലശേഷം 1796-ൽ പീറ്റർ ദെ അലക്കാസ്ത്രു ആ സാൻക്തോ അന്തോനിയോ ബോംബെ അപ്പസ്തോലിക്കാ വികാരിയായി. ഇദ്ദേഹത്തിന്റെ ഭരണകാലത്ത് ബോംബെരൂപതയിലുള്ള ദേവാലയങ്ങളുടെയും സ്ഥാപനങ്ങളുടെയും മേൽനോട്ടം വഹിച്ചിരുന്ന വൈദികർ ഇദ്ദേഹത്തെ ഉപേക്ഷിച്ച് ഗോവാ മെത്രാപ്പോലീത്തായുടെ പക്ഷം ചേർന്ന് പദ്രുവാദോയുടെ കീഴിൽ സേവനമനുഷ്ഠിച്ചു തുടങ്ങി. അവർ ഇംഗ്ലീഷ്ഭാഷ പരിജ്ഞാനമുള്ള ബോംബെയിലുള്ള കത്തോലിക്കരെ വികാരി അപ്പസ്തോലിക്കയ്ക്ക് എതിരായി തിരിച്ചുവിട്ടു. കാബൂളിലെ കത്തോലിക്ക പട്ടാളക്കാരുടെ ചാപ്ളിനായി ഒരു വൈദികനെ അയച്ചുകൊടുക്കാൻ വികാരി അപ്പസ്തോലിക്കാ വിസമ്മതിച്ചതാണ കാരണം. ഇറ്റാലിയൻ കർമ്മലീത്ത വൈദികർക്ക് ഇംഗ്ലീഷിൽ പ്രസംഗിക്കുവാനോ അനുരഞ്ജനകൂദാശ പരികർമ്മം ചെയ്യുവാനോ വേണ്ടപരിജ്ഞാനം കുറവാണ് എന്നു ആക്ഷേപമുയർന്നു. ഈ ആരോപണങ്ങളും അടിസ്ഥാനരഹിതമായിരുന്നു. ഇറ്റാലിയൻ കർമ്മലീത്തമിഷനറി ഫാ. മൗറീഷ്യസ് അ സാൻക്തോ അൽബർട്ടോ പട്ടാളക്കാരുടെ ചാപ്ളിൻ എന്ന നിലയിൽ ചെയ്തിരുന്ന സേവനങ്ങളെ വിലമതിക്കുകയും അദ്ദേഹത്തെ ആദരിക്കുകയും ചെയ്തിരുന്നു. എന്നിട്ടും ഏതാനും പോർട്ടുഗീസ് വൈദികരും അല്മായരും ഇറ്റാലിയൻ കർമ്മലീത്തമിഷനറിമാർ ഗോ ബാക്ക് (Go back) എന്നു ആക്രോശിച്ചു. പീറ്റർമെത്രാൻ പ്രൊപ്പഗാന്ത തിരുസംഘത്തോടു് ഇംഗ്ലീഷിൽ പരിജ്ഞാനമുള്ള വൈദികരെ അയച്ചുതരുവാൻ അഭ്യർത്ഥിച്ചു. തിരുസംഘം വൈദികരെ അയക്കുന്നതിനുപകരം സഹായ മെത്രാനായി ഫാ. ജോൺ ഫ്രാൻസിസ് വെലാനെ നിയമിച്ചു. പീറ്റർ അൽക്കാസ്ത്രു നാല്പതു വർഷം ബോംബെരൂപത ഭരിച്ചു. പല സന്ദർഭങ്ങളിലും ഗോവാമെത്രാപ്പോലീത്തായോടു് ഏറ്റുമുട്ടേണ്ടി വന്നു.

ഫാ. അലോഷ്യസ് ഫോർട്ടീനി 1840 - ൽ ബോംബെരൂപതയുടെ മെത്രാനായി. ഇദ്ദേഹത്തിന്റെ ഭരണകാലത്തു് സഹായമെത്രാനായ ഡോ. ജോൺ ഫ്രാൻസിസ് വെലാനും വികാരി അപ്പസ്തോലിക്കയും തമ്മിൽ പല കാര്യങ്ങളിലും അഭിപ്രായവ്യത്യാസം. പദ്രുവാദൊ പക്ഷക്കാർ ഈ സാഹചര്യം മുതലെടുത്തു. ഗോവാ മെത്രാപ്പോ

malankaralibrary.com

ലീത്ത ഡോം ജോസ്മരിയ ഈ സന്ദർഭത്തിൽ ബോംബെ സന്ദർശിച്ചു. ബോംബെ കത്തോലിക്കർ ഗംഭീരമായൊരു സ്വീകരണം അദ്ദേഹത്തിനു നൽകി. ബോംബെ വികാരി അപ്പസ്തോലിക്കയുടെ പ്രതിഷേധം കാര്യമാക്കാതെ രൂപതയിലെ പല പള്ളികളും സന്ദർശിച്ച് ബോംബെയിലെ യഥാർത്ഥ ഭരണാധികാരി താനാണെന്നു തെളിയിച്ചിട്ടേ അദ്ദേഹം ഗോവയ്ക്കു മടങ്ങിയുള്ളൂ.

ബോംബെയിൽ 135 വർഷം കർമ്മലീത്തഭരണം

ഏതാണ്ടും വർഷങ്ങളം അയർലണ്ടിൽ താമസിച്ചശേഷം സഹായമെത്രാൻ ജോൺ ഫ്രാൻസിസ് വെലാൻ തിരിച്ചുവന്നു. 1848 – ൽ വികാരി അപ്പസ്തോലിക്കയായി. ആരോപണവിധേയനായ വികാരി ജനറലിനെ മാറ്റി. പകരം ഫാ. മൈക്കിളിനെ വികാരി ജനറാളാക്കി.

മുൻ വികാരി ജനറാളം ഫാ. മൈക്കിളും ആൻറണി ഡോ. ജോൺ ഫ്രാൻസിസ് വെലാന്റെ പക്ഷപാതപരമായ പ്രവൃത്തികളെപ്പറ്റി റോമിലെ കർമ്മലീത്ത മേലധികാരികളോട് പരാതിപ്പെട്ടു. പ്രൊപ്പഗാന്ത തിരുസംഘവും ഈ വികാരി അപ്പസ്തോലിക്കയുടെ പ്രവൃത്തികളെ ചോദ്യംചെയ്തു. വരാപ്പുഴ, മംഗലാപുരം വികാരിയേറ്റിൽനിന്നു മെത്രാൻമാർ ബോംബെരൂപത സന്ദർശിച്ചു. അവർക്ക് ഉചിത സ്വീകരണം നൽകിയില്ല. ഏതാനും മാസങ്ങളം കഴിഞ്ഞപ്പോളം പാറ്റനയിലെ വികാരി അപ്പസ്തോലിക്കയും കപ്പൂച്ചിയൻ സഭാംഗവുമായ ഡോ. ഹാർട്ട്മാൻ 1849 ഡിസംബർ 13–ന ബോംബെ അപ്പസ്തോലിക്ക ജോൺ ഫ്രാൻസിസ് വെലാന് ഒരു കത്തയച്ചു. "പ്രൊപ്പഗാന്ത തിരുസംഘത്തിൽനിന്ന് എനിക്കു ലഭിച്ച എഴുത്തിൽ എന്നെ ബോംബെരൂപതയിലെ വികാരി അപ്പോസ്തോലിക്കയായി നിയമിച്ചിരിക്കുന്നു. ബോംബെരൂപതയുടെ ഭരണം ഏറ്റെടുക്കുന്നതിന് എന്നോട് ആവശ്യപ്പെട്ടിരിക്കുകയാണ്. അതിനാൽ അടുത്ത ഫെബ്രുവരി മാസത്തിൽ ഞാൻ അവിടെ വരുമ്പോൾ രൂപതയുടെ ചുമതല എന്നെ ഏൽപ്പിക്കുമല്ലോ. ഈ നിയമനംമൂലം ബോംബെ രൂപതയിൽ സമാധാനവും ഐക്യവും പുനഃസ്ഥാപിക്കപ്പെടുമെന്നു വിശ്വസിക്കുന്നു." ഡിസംബർ 13–ന ഡോ. വെലാനെ റോമിലേക്കു വിളിപ്പിച്ചു. അതനുസരിച്ച് 1850 ഫെബ്രുവരി രണ്ടിന ഡോ. ജോൺ ഫ്രാൻസിസ് വെലാൻ അയർലണ്ടിലേക്കു യാത്രതിരിച്ചു.

ബിഷപ്പ് ഹാർട്ട്മാൻ ബോംബെ വികാരി അപ്പോസ്തോലിക്കയായി 1850 മാർച്ചുമാസം ചുമതലയേറ്റു. ബോംബെരൂപതയെ രണ്ടായി വിഭജിച്ച് ഒരു ഭാഗം കർമ്മലീത്തമിഷനറിമാരെ ഭരമേല്പിക്കാൻ റോമിലെ കർമ്മലീത്ത ജനറലിന് കത്തെഴുതി. റോമിലെ കർമ്മലീത്ത സഭാധികാരികളം ഗാഢവിചിന്തനത്തിനുശേഷം ഇതിലെ നിർദ്ദേശങ്ങളം നിരാകരിച്ചു. വരാപ്പുഴ, കൊല്ലം, മംഗലാപുരം

malankaralibrary.com

വികാരിയേറുകയും കർമ്മലീത്തസഭയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നതുകൊണ്ട് അവയെ കൂട്ടത്തിൽ കാര്യക്ഷമമാക്കിത്തീർക്കാൻ പരിശ്രമിക്കുകയാണ്, അതിനാൽ പുതിയ വികാരിയേറ്റ് ഏറെറടുക്കുവാൻ ആഗ്രഹിക്കുന്നില്ല എന്നു ഡോ. ഹാർട്ടുമാനെ അറിയിച്ചു. ബോംബെയിലെ മറ്റു കർമ്മലീത്ത വൈദികരെ സിലോൺ, കൊല്ലം വികാരിയേറുകളിലേക്ക് കർമ്മലീത്ത ജനറാൾ നിയോഗിച്ചു. ഗ്രേറ്റ് മുഗളിലും (1690) ബോംബെ ശ്രുപതകളിലും (1720) കർമ്മലീത്ത ശ്രുപതാഭരണത്തിന് 1850-ൽ തിരശ്ശീല വീണു. ബോംബെശ്രുപതയിൽ നൂറിരുപ്പത്തിഅഞ്ചു വർഷം വികാരി അപ്പോസ്തോലിക്കമാരായി കർമ്മലീത്ത സന്ന്യാസിമാർ സേവനം അനുഷ്ഠിച്ചിട്ടുണ്ടെന്നുള്ളതു് ഇന്നു ചരിത്രസത്യം മാത്രം[80].

മുഗൾസാമ്രാജ്യത്തിലും സുവിശേഷ പ്രചാരണത്തിനായി കർമ്മലീത്തർ വ്യാപൃതരായിരുന്നു. ബീജാപ്പൂർ അപ്പസ്തോലിക്ക് വികാരിയേറ്റ് നിഷ്പാദുക കർമ്മലീത്ത സന്ന്യാസികളെ 1690-ൽ ഭരമേല്പിച്ചിരുന്നു. ഫാ. പീറർ പോൾ ഒ. സി. ഡി. വികാരി അപ്പസ്തോലിക്ക. ബീജാപ്പൂരും, ഗോൽഗണ്ടയും മുഗൾസാമ്രാജ്യവും കൂടി ഗ്രെയിറ്റ് അപ്പസ്തോലിക്ക വികാരിയേറ്റ് എന്ന നാമത്തിൽ അറിയപ്പെട്ടു. കർമ്മലീത്തർ ഇന്ത്യയിലെ കൊച്ചി, ഗോവ, ഡാം, ഡിയു, സാൽസെറ്റ് എന്നീ സ്ഥലങ്ങളൊഴികെ മറ്റു രാജ്യങ്ങളിൽ മിഷൻപ്രവർത്തനം നടത്തിയതു് പ്രൊപ്പഗാന്തരിസംഘത്തിന്റെ ആഭിമുഖ്യത്തിലും സംരക്ഷണയിലുമായിരുന്നു[81].

മഞ്ഞുമ്മൽപ്രോവിൻസ് ആശ്രമം സ്ഥാപിക്കുന്നു

കർമ്മലീത്ത വൈദികർ വിരമിച്ചശേഷം 125 വർഷങ്ങൾ കഴിഞ്ഞാണു 1975-ൽ പ്രേഷിതപ്രവർത്തനത്തിനായി ബോംബെ അതിശ്രുപതയിൽ വീണ്ടും അവർ ആഗതരായതു്. കർമ്മലീത്തസഭയുടെ മഞ്ഞുമ്മൽ വി. പത്താം പീയൂസ് പ്രോവിൻസിന്റെ ആഭിമുഖ്യത്തിൽ സെൻറ് തെരേസാ ഓഫ് ആവില (ഷാലിനി ഭവൻ) എന്ന ഒരാശ്രമം ബോംബെയിലെ സൈയന്നനിൽ 1976-ൽ സ്ഥാപിതമായി. കർമ്മലീത്തമിഷനറിമാരുടെ സേവനങ്ങൾ പുനരാരംഭിച്ചു.

കേരളത്തിൽ കർമ്മലീത്തർക്കു നല്ലകാലം

ഇന്ത്യയിലെ കർമ്മലീത്ത മിഷനുകളിൽ ഏറ്റവും പ്രധാനം കേരളത്തിലെ മിഷൻ. ഇരുപതാംനൂറ്റാണ്ടിന്റെ അന്തിമഘട്ടംവരെ മഹത്തായ സേവനങ്ങളിലൂടെ അതു് അഭിവൃദ്ധി നേടി.

---

80. Fr. Ambrosius a. S. Theresa: Hierarchia Carmelitana 1936 pp. 100-182.
81. Fr. Ambrosius a. S. Theresa: De Praesulis Ecclesiae Magni Mogolis Sen Bomboynensis. 1936. pp. 101-103.

malankaralibrary.com

ഗോവ ആശ്രമത്തിൽനിന്നു് കർമ്മലീത്ത മിഷനറിമാരായ എ. ജോസു് ഏലിയാസു് മറെറാരു കർമ്മലീത്ത വൈദികനുമൊരുമിച്ചു് ഒരാശ്രമം സ്ഥാപിക്കുവാനുള്ള സാദ്ധ്യതയെപ്പററി ആരായാൻ 1634-ൽ മലബാറിൽ വന്നു. അവർ കൊച്ചി ശ്രുപതയിലോ അങ്കമാലി ശ്രുപതയിലോ ആശ്രമം സ്ഥാപിക്കാൻ പരിശ്രമിച്ചുവെങ്കിലും ഈശോസഭക്കാർ എതിർത്തു[82]. ഈ കർമ്മലീത്ത സന്യാസികളും ഏതാനും ആഴ്ചകളും മലബാറിലെ ചില മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ദേവാലയങ്ങളും സന്ദർശിച്ചു. അവിടെ താമസിച്ചു. പുരാതന കുറവിലങ്ങാടു് ദേവാലയത്തിൽ കുറെ ദിവസങ്ങളുംതന്നെ ചെലവഴിച്ചു. കർമ്മലനാഥയോടുള്ള ഭക്തി പ്രചരിപ്പിച്ചു. കർമ്മലോത്തരീയ സഖ്യം സ്ഥാപിച്ചു. ഉത്തരീയസഖ്യത്തിൽ വളരെയധികം വിശ്വാസികളും അംഗങ്ങളായി. ഫാ. വിൻസൻറു് ഓഫു് സെൻറു് കാതറൈൻ കുറവിലങ്ങാടു് ദേവാലയം 1650-ൽ സന്ദർശിച്ചപ്പോളും മൂവായിരത്തിലധികം ഉത്തരീയസഖ്യാംഗങ്ങളും ഈ ഇടവകയിലുണ്ടായിരുന്നു[83].

കൂനൻകുരിശുസത്യത്തിൻെറ മുറിവുണങ്ങാൻ

മലബാറിലെ സുറിയാനി കത്തോലിക്കരുടെയിടയിൽ മെത്രാപ്പോലീത്തയും ഈശോസഭാംഗവുമായ ഡോ. ഫ്രാൻസിസു് ഗാർസിയാക്കെതിരായി 1653-ൽ ശീശ്മ ഉണ്ടായിച്ചു. സമുദായ പ്രമാണികളും ഒന്നുചേർന്നു് കർമ്മലീത്ത മിഷനറിമാരെ തങ്ങളുടെ ഇടയിലേക്കയക്കണമെന്നു് മാർപാപ്പയോടു് അഭ്യർത്ഥിച്ചു. ഏഴാം അലക്സാണ്ടർ മാർപാപ്പ ഈ അപേക്ഷ സ്വീകരിച്ചു് ഫാ. ജോസഫു് സെബസ്ത്യാനിയുടെ നേതൃത്വത്തിൽ ഫാ. വിൻസൻറു്, ഫാ. റാഫേൽ, ഫാ. ഹെർമൻ, ഫാ. ഫിലിപ്പു് എന്നീ നാലു കർമ്മലീത്ത സന്യാസികളടങ്ങിയ കമ്മീഷനെ മലബാറിലേക്കു കരവഴി അയച്ചു. അതേസമയം ഫാ. ഹൈസിന്തിൻെറ നേതൃത്വത്തിൽ ഫാ. ജോസു്, ഫാ. മാർസൽ എന്നീ കർമ്മലീത്ത വൈദികരടങ്ങിയ മറെറാരു കമ്മീഷൻ കടൽമാർഗം മലബാറിലേക്കു തിരിച്ചു. 1656 ഫെബ്രുവരി 22-നാണു ഈ രണ്ടു കമ്മീഷനുകളിലെയും അംഗങ്ങളും യാത്ര ആരംഭിച്ചതു്. നിരവധി ക്ലേശങ്ങളും സഹിച്ചു് ഒരു കൊല്ലം കഴിഞ്ഞു് 1659 മാർച്ചു് 10-നു ഫാ. ഹൈസിന്തു് കേരളത്തിലെത്തി. ഫാ. ജോസഫു് സെബസ്ത്യാനിയുടെ നേതൃത്വത്തിലുള്ള സംഘം കരമാർഗം, സിറിയ, മെസപ്പൊട്ടേമിയ മുതലായ രാജ്യങ്ങളും വഴി 1657 ഫെബ്രുവരി 22-നു മലബാറിലെത്തി. ഫാ. ജോസഫിൻെറയും സഹപ്രവർ

82. Album Grafico Descriptum De Verapoly.

83. L. M. Paylee: St. Thomas Christians and Archdiocese of Verapoly op. cit. p. 150.

malankaralibrary.com

ത്തകരുടെയും പ്രോത്സാഹജനകമായ സംഭാഷണങ്ങളും, പ്രേരണകളും, പ്രാർത്ഥനകളുംവഴി കേരളത്തിലെ ഭിന്നിച്ചുനിന്ന മാർത്തോമ്മാ ക്രിസ്ത്യാനികളിൽ ഭൂരിഭാഗം ക്രൈസ്തവരെയും മാർപാപ്പയുടെ ഐക്യത്തിലേക്കു തിരികെ കൊണ്ടുവരുന്നതിനു സാധിച്ചു. എന്നാൽ ആർച്ചുഡീക്കനും അദ്ദേഹത്തിന്റെ അനുയായികളും ഫാ. ജോസഫ് സെബസ്ത്യാനിയുടെ അനുരഞ്ജനയത്നങ്ങളെ അനുകൂലിച്ചില്ല.

കർമ്മലീത്തർ അനുരഞ്ജനശ്രമങ്ങൾ

ആർച്ചുഡീക്കന്റെ ശക്തികേന്ദ്രങ്ങളിൽ ഒന്നായ ഇടപ്പള്ളിയിൽ വച്ച് പല യോഗങ്ങളും നടത്തി കർമ്മലീത്ത സന്യാസികളുടെ സംരംഭങ്ങളെ പരാജയപ്പെടുത്താൻ ശ്രമിച്ചു. കൊച്ചി രാജാവിന്റെ സഹായവും പ്രോത്സാഹനവും ഫാ. ജോസഫ് സെബസ്ത്യാനിക്കു ലഭിച്ചിരുന്നു. കർമ്മലനാഥയുടെ പ്രത്യേക സഹായത്താൽ കർമ്മലീത്ത സന്യാസികളുടെ അനുരഞ്ജന ശ്രമങ്ങളും വിജയമകടം ചൂടി[84]. കുറവിലങ്ങാട്, മുട്ടം, കടുത്തുരുത്തി, മുട്ടുചിറ, പറവൂർ, കണ്ണൂർ, അങ്കമാലി മുതലായ 40 ഇടവകക്കാർ ആർച്ചുഡീക്കനെ ഉപേക്ഷിച്ച് ഫാ. സെബസ്ത്യാനിയെ സ്വീകരിച്ചു. 1658 ജനുവരി 8 നു ഫാ. ജോസഫ് സെബസ്ത്യാനി റോമിലേക്കു മടങ്ങി. കർമ്മലീത്ത സന്യാസികളുടെ മലബാറിലെ അനുരഞ്ജനപ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് മാർപാപ്പയ്ക്കു സമർപ്പിച്ചു. കർമ്മലീത്ത മിഷൻ പ്രവർത്തനത്തിന്റെ വിജയത്തിൽ സംതൃപ്തനായ മാർപാപ്പ 1659 ഡിസംബർ 3-നു മലബാറിൽ പുതിയ മലബാർ വികാരിയേറ്റ് സ്ഥാപിച്ചു. ഫാ. സെബസ്ത്യാനിയെ അതിന്റെ വികാരി അപ്പസ്തോലിക് ആയി നിയമിച്ചു. അദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്തു.

മോൺ. ജോസഫ് സെബസ്ത്യാനിയെ 1659ഡിസംബർ 17-നു ഇൻയുക്തിനോബിസ് ഡിവിനിത്തൂസ് (Injuncti Nobis Divinitus) എന്ന പേപ്പൽ ബൂളവഴി ഹിയരാപൊളിയിലെ സ്ഥാനികമെത്രാനും കൊടുങ്ങല്ലൂരിലെ അഡ്മിനിസ്ട്രേറ്ററും മലബാർ വികാരിയേറ്റിലെ വികാർ അപ്പസ്തോലിക്കയുമായി നിയമിച്ചു. മലബാർ വികാരിയേറ്റ് പഴുവാടൊ അധികാരത്തിൽപ്പെടുത്താതെ പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ കീഴിലുള്ളതാക്കി. 1661 മെയ് മാസത്തിൽ മോൺ. ജോസഫ് സെബസ്ത്യാനി മലബാറിൽ തിരികെ വന്നു. 20 മാസങ്ങളോളം അനുരഞ്ജനപ്രവർത്തനങ്ങളും മറ്റ് അപ്പസ്തോലിക ജോലികളും അനുഷ്ഠിച്ചു. ഫാ. ഫൈസിത്തിന്റെയും സഹപ്രവർത്തകരുടെയും പരിശ്രമഫലമായി 84 ഇടവകക്കാരെ റോമിന്റെ ഐ

84. L. M. Pylee: St. Thomas Christians and Archdiocese of Verapoly op. cit. pp. 153-155.

malankaralibrary.com

കൃത്തിലേക്കു് തിരിച്ചുകൊണ്ടുവരുന്നതിനു് സാധിച്ചു. 32 ഇടവകകളും ആർച്ചു്ഡീക്കന്റെ അധീനതയിൽ വർത്തിച്ചു [85].

പള്ളിവീട്ടിലിനു മെത്രാൻസ്ഥാനം, ആർച്ചു്ഡീക്കനു മഹറോൻ

ഡച്ചുകാർ 1663-ൽ കൊച്ചി നഗരം ആക്രമിച്ചു പള്ളികളും, ആശ്രമങ്ങളും മറ്റു സ്ഥാപനങ്ങളും നശിപ്പിക്കയും എല്ലാ യൂറോപ്യൻവൈദികരും മിഷനറിമാരും മലബാർ വിട്ടുപൊയ്ക്കൊള്ളണമെന്നു ആജ്ഞാപിക്കയുമുണ്ടായല്ലൊ. തന്മൂലം ഡോ. ജോസഫു് സെബസ്ത്യാനി, പള്ളിവീട്ടിൽ ചാണ്ടികത്തനാരെ പിൻഗാമിയായി നിയമിച്ചു. കട്ടത്തുരുത്തിയിൽവച്ചു അദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്തു. "അലക്സാണ്ടർ ദെ കാംപോ" എന്ന പേരിലാണു് ഈ പ്രഥമ എത്തദ്ദേശിയ മെത്രാൻ അറിയപ്പെട്ടന്നതു്. ആർച്ചുഡീക്കനെ സെബസ്ത്യാനി മെത്രാൻ മഹറോൻ ചൊല്ലി. ഡച്ചു ഗവർണർ റിക്ലോഫിനെ (Rickloff) സന്ദർശിച്ചു നവാഭിഷിക്തനായ മെത്രാന്റെ നിയമനം അംഗീകരിക്കണമെന്നു ഡോ. സെബസ്ത്യാനി അപേക്ഷിച്ചു. ആർച്ചു്ഡീക്കനെ മെത്രാനായി ഒരിക്കലും അംഗീകരിക്കരുതെന്നു അഭ്യർത്ഥിച്ചു. തദവസരത്തിൽ ഡച്ചുഗവർണർ നർമ്മോക്തിയിൽ പറഞ്ഞു: "തന്റെ പടയാളികളും ആർച്ചുഡീക്കൻ തോമസിനെ വിളിക്കുന്നതു ആർച്ചുഡീക്കൻ എന്നല്ല, ആർച്ചു ഡെവിൾ" എന്നാണത്രെ[86].

ഡോ. സെബസ്ത്യാനിക്കു് അറസ്റ്റ്-ഭീഷണി

മലബാർ വികാരിയേറ്റിലെ സഭാസംബന്ധമായ കാര്യങ്ങളും ക്രമപ്പെടുത്തിയശേഷം തന്നെ അറസ്റ്റു ചെയ്യുമെന്ന ഭീഷണിയെ ഭയന്നു് അദ്ദേഹം റോമിലേക്കു മടങ്ങിപ്പോയി. അറസ്റ്റുഭീഷണി ഉണ്ടായതു ഡച്ചു ഗവൺമെന്റിൽനിന്നല്ല, പോർട്ടുഗീസു് ഗവർണറിൽ നിന്നാണു്. കാരണം പദ്രുവാദൊ ഉടമ്പടിയെ ലംഘിച്ചുകൊണ്ടു് തങ്ങളുടെ അറിവും സമ്മതവുമില്ലാതെ ഒരു വൈദികനെ മെത്രാനായി അഭിഷേകം ചെയ്തതിൽ രോഷാകുലരായ പോർട്ടുഗീസു് അധികാരികളാണു് അറസ്റ്റു ഭീഷണി ഉയർത്തിയതു്. കർമ്മലീത്ത മിഷനറിമാരും മറ്റും സാമൂതിരിയുടെ രാജ്യത്തും ഉൾനാടുകളിലും അഭയം തേടി. കാലതാമസമെന്യെ ഡച്ചു ഗവർണറുടെ നിരോധനാജ്ഞ പിൻവലിക്കപ്പെട്ടു. ഡച്ചുകാർ തങ്ങളുടെ ആധിപത്യം കേരളത്തിൽ സ്ഥാപിച്ചപ്പോൾ മിഷനറിമാരോടു കടുത്ത വിദ്വേഷം പ്രകടിപ്പിച്ചിരുന്നുവെങ്കിലും പിന്നീടു സൗഹാർദ്ദപൂർവം വർത്തിക്കാൻ തുടങ്ങി.

85. L. M. Pylee St. Thomas Christians and Archdiocese of Verapoly op. cit. pp. 160-161.

86. L. M. Pylee: St. Thomas Christians and Archdiocese of Verapoly. pp. 168-170.

malankaralibrary.com

പുസ്തകരചന നൽകിയ സൗഹൃദം

അക്കാലസന്ധിയിൽ ഡച്ചുഗവർണർ ആയിരുന്ന ഹെൻറിക്ക് ആഡ്രികാൻ വാൻറീഡിനെ സ്വാധീനിക്കാൻ കലാകാരനും സസ്യശാസ്ത്രജ്ഞനും കർമ്മലീത്ത മിഷനറിയുമായ ഫാ. മത്തെവൂസിനു സാധിച്ചു. വാൻ റീഡു സസ്യശാസ്ത്ര പ്രേമിയായിരുന്നു. സസ്യശാസ്ത്രത്തെ പുരസ്ക്കരിച്ചു ഫാ. മത്തെവൂസ് ഒരു പുസ്തകം രചിച്ചു ഗവർണർക്കു സമർപ്പിച്ചു[87]. അങ്ങനെ ഫാ. മത്തേവൂസും ഗവർണരും ഉറ്റ സുഹൃത്തുക്കളായി. 1673-ൽ എറണാകുളത്തിനു സമീപമുള്ള ചാത്യാത്ത് ഒരു ദേവാലയം പണിയാനുള്ള അനുവാദം ഡച്ചുകാരിൽനിന്നു ഫാ. മത്തേവൂസിനു ലഭിച്ചു. മലബാറിലെ ആദ്യത്തെ കർമ്മലീത്ത ദേവാലയം അങ്ങനെ രൂപംകൊണ്ടു. ഇതുകൊണ്ടു ഈ മിഷനറി തൃപ്തിപ്പെട്ടില്ല. ഇതിലും വലിയൊരു ആരാധനകേന്ദ്രസ്ഥാനം ആവശ്യമായിരുന്നു. വരാപ്പുഴയിൽ 1673-ൽ മറെറാരു ദേവാലയവും 1682-ൽ ഒരു വൈദിക സെമിനാരിയും സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചു. മലബാർ വികാരിയേറെറിന്റെ കത്തീഡ്രൽപള്ളി, വികാരി അപ്പസ്തോലിക്കയുടെ ആസ്ഥാനം, കർമ്മലീത്ത മിഷനറിമാരുടെ വാസസ്ഥലം എന്നീ നിലകളിൽ വരാപ്പുഴ പ്രസിദ്ധമായി. ഫാ. മത്തെവൂസിനെക്കുറിച്ചു പൗളിനോസ് പാതിരി. ഫാ. മത്തെവൂസ് 1603-ലെ ശീശ്മസ്സുശേഷമുള്ള മലബാറിലെ കത്തോലിക്കാസഭയിലെ യഥാർത്ഥ സ്ഥാപനും കേരളത്തിലെമിഷനറിമാരിൽ അതുല്യജ്യോതിസുമായിരുന്നു. അന്യമതാലംബിയായിരുന്ന വാൻ റീഡിനെ കത്തോലിക്കരോടു അനുഭാവപൂർവ്വം വർത്തിക്കാൻ ഇടയാക്കി. 78-ാമത്തെ വയസ്സിൽ കൊച്ചിയിൽവച്ചു 1690-ൽ നിര്യാത

87. വാൻ റീഡിനു സമർപ്പിച്ച ''കേരളോദ്യാനം'' (ഹൊർത്തൂസ് മലബാറിക്കുസ്) ബൃഹത്തായ സസ്യവിജ്ഞാനീയ ഗ്രന്ഥമാണ്. 600ഓ പേജുകളും 12 വാല്യങ്ങളുമുള്ള കൃതി. ലത്തീൻ ഭാഷയിലാണ് രചിക്കപ്പെട്ടിരിക്കുന്നത്. 800-ഓളം ചിത്രങ്ങളുണ്ട്. ഓരോ ചിത്രത്തിന്റെയും അടിയിൽ നാലു ഭാഷകളിൽ അതിന്റെ പേരു രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ ഒന്നു മലയാളമത്രെ. അറബി, നാഗരി ലിപി, ലത്തീൻ ഇവയാണ് മറു ഭാഷകളും. മലയാള അക്ഷരങ്ങളും ഇതുപ്രഥമമായി അച്ചടിയിൽ പ്രത്യക്ഷപ്പെട്ടതു് ഈ കേരളോദ്യാനത്തിലാണ്. ഡച്ചുഗവർണർ വാൻറീഡാണ് ഈ പുസ്തകത്തിന്റെ ഗ്രന്ഥകർത്താവു് എന്നൊരു അഭിപ്രായവുമുണ്ട്. കേരളോദ്യാനത്തിന്റെ ഒരു സെറ്റു കോട്ടയത്തു വയസ്കരു മൂസ്സിന്റെ വസതിയിൽ ഉണ്ട്. മറെറാന്നു് തിരുവനന്തപുരത്തു് രാജകൊട്ടാരത്തിലും.

malankaralibrary.com

നായി. മൃതദേഹം വരാപ്പുഴയിൽ സംസ്കരിക്കപ്പെട്ടു[88]. ''ഹൊർത്തൂസ് മലബാറിക്കുസ്'' എന്ന പുസ്തകത്തിനും പുറമെ മറ്റു നാലു ഗ്രന്ഥങ്ങൾകൂടി ലത്തീൻ ഭാഷയിൽ രചിച്ചിട്ടുണ്ട്. 1770 മുതൽ കർമ്മലീത്ത മിഷനറിമെത്രാന്മാരുടെ ഭരണം മലബാർ വികാരിയേറ്റിൽ പുനഃസ്ഥാപിക്കപ്പെട്ടു. 1886 വരെ അതു നീണ്ടുനിന്നു. വരാപ്പുഴ അതിരൂപത 1886-ൽ സ്ഥാപിതമായപ്പോൾ കർമ്മലീത്ത മെത്രാന്മാരാണു ഈ രൂപത 1934 വരെ ഭരിച്ചിരുന്നത്.

ആലങ്ങാട്ടു മറ്റൊരു അഭിഷേകം

മലബാറിൽ 24 വർഷം പ്രേഷിതപ്രവർത്തനം നടത്തിയ കർമ്മലീത്തക്കാരനായ ഫാ. ആഞ്ചലോ ഫ്രാൻസിസിനെ 1700 ഫെബ്രുവരി 26-ാം തീയതി ഇന്നസെന്റ് 12-ാമൻ മാർപാപ്പ മലബാറിലെ വികാരി അപ്പസ്തോലിക്കയായി നിയമിച്ചു. തങ്ങളുടെ മേൽക്കോയ്മയ്ക്കു കോട്ടം തട്ടുമെന്നു കരുതി കൊച്ചിയിലെയും ഗോവയിലേയും പോർട്ടുഗീസ് മെത്രാൻമാർ ഫാ. ആഞ്ചലോ ഫ്രാൻസിസിനെ മെത്രാനായി അഭിഷേകം ചെയ്യുവാൻ വിസമ്മതിച്ചു. തദവസരത്തിൽ മലബാറിൽ ആഗതനായ പൗരസ്ത്യ മെത്രാൻ മാർ ശെമവോൻ ഫാ. ആഞ്ചലോ ഫ്രാൻസിസിനെ 1701മെയിൽ ആലങ്ങാട്ടുവച്ച് മലബാർ വികാരിയേറ്റിലെ വികാരി അപ്പസ്തോലിക്കയായി അഭിഷേകം ചെയ്തു. 49വർഷങ്ങൾക്കു മുൻപ് ആർച്ചുഡീക്കൻ തോമസിനെ അനധികൃതമായി 12 വൈദികർകൂടി മെത്രാനായി വാഴിച്ച അതേ ദേവാലയത്തിൽവച്ചായിരുന്നു ഈ അഭിഷേകകർമ്മം. 12 വർഷക്കാലം ഈ മെത്രാപ്പോലീത്ത സഭാഭരണം നടത്തി. തീക്ഷ്ണതയുള്ള മിഷനറി മെത്രാനായിരുന്നു അദ്ദേഹം. പള്ളികളും സന്ദർശിച്ചു പാഷണ്ഡതയിൽ ഉഴപ്പെട്ടിരുന്ന അനേകരെ റോമാസഭയിലേക്കു തിരികെ കൊണ്ടുവന്നു. സത്യവിശ്വാസത്തിൽ അചഞ്ചലമായും സുദൃഢമായും നില്ക്കുന്നതിനു അജഗണങ്ങളെ ഉദ്ബോധിപ്പിച്ചു. പാവപ്പെട്ടവരോടു കരുണകാണിച്ചു. മലബാർവികാരിയേറ്റു ഭരിച്ചു. പുണ്യശ്ലോകനായ ഈ മെത്രാപ്പോലീത്ത 1712-ൽ ചരമമടഞ്ഞു.

ഡോ. ആഞ്ചലോ ഫ്രാൻസിസ് വൈയാകരണനായിരുന്നു. മലയാളഭാഷയിൽ രചിക്കപ്പെട്ട ആദ്യത്തെ ഭാഷാവ്യാകരണത്തിന്റെ കർത്താവ് എന്ന നിലയിൽ മലയാളഭാഷ നിലനിൽക്കുന്നിടത്തോളം കാലം ആ നാമധേയം ഭാഷാചരിത്രത്തിന്റെ ഏടുകളിൽ സുവർണ്ണാക്ഷരങ്ങളിൽ രേഖപ്പെടുത്തുമെന്നാണ് ആർ. ഡി. നമ്പൂതിരി പ്രസ്താവിച്ചിരിക്കുന്നത്. ഭാഷാവ്യാകരണത്തിനു പുറമെ മറ്റു ഗ്രന്ഥങ്ങളും ലാറ്റിൻഭാഷയിൽ അദ്ദേഹം രചിച്ചിട്ടുണ്ട്.

---

88. പൗരസ്ത്യഭാരതത്തിലെ ക്രൈസ്തവമതം. പേജ്. 1.

malankaralibrary.com

മാർത്താണ്ഡവർമ്മയുടെ പ്രതാപകാലം

ഡോ. ജോൺ ബാപ്റ്റിസ്റ്റ് മുംടെഡി ആയിരുന്നു ഡോ. ആഞ്ചലോ ഫ്രാൻസിസിന്റെ പിൻഗാമി. ഈ മെത്രാന്റെ ഭരണകാലത്തു് തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മ (1728–1758) രാജാവു് അയൽപ്രദേശങ്ങളെ ആക്രമിച്ചു കീഴടക്കി, ഡച്ചുകാരെ യുദ്ധം ചെയ്തു പരാജയപ്പെടുത്തി. കൊച്ചിരാജാവിനെതിരായി സാമൂതിരി പല പ്രാവശ്യം യുദ്ധം ചെയ്തു. അങ്ങനെ രാഷ്ട്രീയമായി അന്നു മലബാർ പൊതുവെ അസ്വസ്ഥമായിരുന്നു. ഈ മെത്രാൻ 1750 ഏപ്രിൽ 16–ാം തീയതി വരാപ്പുഴയിൽവച്ചു ദിവംഗതനായി. മലയാള നിഘണ്ടുവിന്റെ കർത്താവാണു് ഡോ. ജോൺ മുംടെഡി. അദ്ദേഹത്തിന്റെ ''ഡിക്ഷനാരിയും മലബാറി''ക്കും, ''ഗ്രമാത്തക്കെ മലബാറിക്ക'' എന്നീ ഗ്രന്ഥങ്ങളും ശ്രദ്ധേയം.

മൃതദേഹസംസ്ക്കാര വിവാദം

ഡോ. ഫ്ളോറൻസ് ഓഫ് ജീസസ് 1751–ൽ മലബാർ വികാരിയേറ്റിന്റെ വികാരി അപ്പസ്തോലിക്കയായി. ഇദ്ദേഹത്തിന്റെ ഭരണകാലത്തു മാർത്താണ്ഡവർമ്മ രാജാവ് കൊച്ചിരാജ്യം ആക്രമിച്ചു. ചില ഭാഗങ്ങൾ കീഴടക്കി തിരുവിതാംകൂറിനോടു ചേർത്തു. 1758–ൽ മാർത്താണ്ഡവർമ്മ അന്തരിച്ചതോടുകൂടി രാജ്യത്തു സമാധാനം പുനഃസ്ഥാപിക്കപ്പെട്ടു. വരാപ്പുഴ സെമിനാരി പുനരുദ്ധരിക്കയും ജ്ഞാനസ്നാനാർത്ഥികളുടെ അധിവാസത്തിനായി പുതിയ കെട്ടിടം നിർമ്മിക്കയും ചെയ്തതു ഈ മെത്രാനാണു്. 1773 ജൂലായ് 26–ന അദ്ദേഹം ചരമമടഞ്ഞു. മൃതദേഹസംസ്ക്കാരകർമ്മത്തിനായി ദേവാലയത്തിൽനിന്നു സെമിത്തേരിയിലേക്കു ഡോ. ഫ്ളോറൻസിന്റെ മൃതദേഹം സംവഹിക്കാൻ തദ്ദേശ സിറിയൻ വൈദികർ ആവശ്യപ്പെട്ടെങ്കിലും, കർമ്മലീത്ത മിഷനറിമാർ അതു തങ്ങളുടെ അനിഷേധ്യമായ അവകാശമാണു് എന്നു പറഞ്ഞുകൊണ്ടു അവർ തന്നെ മൃതദേഹം സെമിത്തേരിയിലേക്കു എടുത്തുകൊണ്ടുപോയി. ഈ കൃത്യം സുറിയാനി സമുദായത്തോടും വൈദികഗണത്തോടും മിഷനറിമാർ കാണിച്ച അവഹേളന നടപടിയായി പരിഗണിച്ചു. അങ്കമാലിയിൽ വച്ചു എല്ലാ സുറിയാനി പള്ളികളുടെയും പ്രതിനിധികളും വൈദികരും ഈ അവഗണനയിൽ പ്രതിഷേധിച്ചു് സമ്മേളനം നടത്തി. തദവസരത്തിൽ മൂന്നു കർമ്മലീത്ത മിഷനറിമാർ അവിടെ സന്നിഹിതരായി. നയപരമായ സംഭാഷണം നടത്തി അന്തരീക്ഷത്തിനു ശ്രമിച്ചു. തൽക്കാലം എല്ലാവരും ശാന്തമായി. പിന്നീടു് ഇതേ സംഭവം പൊട്ടിത്തെറിക്കു കാരണമായി[39].

---

39. L. M. Pylee: op. cit. p. 231.

malankaralibrary.com

മെത്രാനും മിഷനറിമാരും തമ്മിൽ പിണക്കം

ഡോ. ഫ്രാൻസിസ് സാലേസ് (1732–1787) വികാരി അപ്പസ്തോലിക്ക ഭരണം നടത്തിയ കാലഘട്ടം ഉൽഭവപൂരിതവും അസ്വസ്ഥപൂർണവുമായിരുന്നു. മുൻകാലങ്ങളിലും വികാരി അപ്പസ്തോലിക്കയ്ക്കു പ്രതിസന്ധികളും യാതനകളും പീഡനങ്ങളുമൊക്കെ അനുഭവിക്കേണ്ടിവന്നിട്ടുണ്ടെന്നു വസ്തുത വിസ്മരിക്കുന്നില്ല. അവയെല്ലാംതന്നെ പുറമെനിന്നുള്ള ശത്രുക്കളിൽനിന്നായിരുന്നു. സ്വന്തം സഭയിൽപെട്ട സഹോദരങ്ങളിൽ നിന്നുണ്ടാകുന്ന തെറ്റുധാരണകളും ഉദ്ദേശ്യത്തോടുകൂടിയ പെരുമാറ്റങ്ങളും അപവാദങ്ങളും ഏറ്റു ആഴമേറിയ മുറിവുകളാണ് മെത്രാന്റെ ഹൃദയത്തിൽ ഏൽപ്പിക്കുന്നതു്. ഇദ്ദേഹത്തിന്റെമേൽ ചാർത്തിയ ആരോപണങ്ങളും അടിസ്ഥാനരഹിതങ്ങളും ഉരുപദിഷ്ടങ്ങളുമായിരുന്നുവെന്നു ഡോ. ഫ്രാൻസിസ് സാലസിന്റെ പ്രേഷിതപ്രവർത്തനങ്ങളും വ്യക്തമാക്കുന്നു. ശ്രുപതയിലെ ദേവാലയങ്ങളും സന്ദർശിച്ചു ഭരണകാര്യങ്ങളും പരിശോധിക്കുമ്പോഴും സങ്കീർത്തിയിലോ,വൈദികവസതിയിലോ താമസിക്കുക പതിവായിരുന്നു. ശീശ്മയിൽപെട്ടവരെ സഭയുടെ ഐക്യത്തിലേക്കു കൊണ്ടുവരുന്നതിനു ദിനരാത്രങ്ങളും അദ്ദേഹം ചിലവഴിച്ചിരുന്നു. 69 ശീശ്മക്കാരെ ഇപ്രകാരം സത്യസഭയിലേക്കു പ്രത്യാനയിക്കുവാൻ ഇദ്ദേഹത്തിനു സാധിച്ചു.

മെത്രാനും മിഷനറിമാരും തമ്മിൽ ഉണ്ടായ കടുത്ത അഭിപ്രായവ്യത്യാസവും, വികാരി അപ്പസ്തോലിക്കയുടെ ഭാരിച്ച ജോലിയും നിമിത്തം പരീക്ഷിണനായ ഡോ. സാലെസ് 1779–ൽ മലബാർ വിട്ടു ബോംബെയ്ക്കു പോയി. 1787–ൽ അദ്ദേഹം ദിവംഗതനായി. 9 ഗ്രന്ഥങ്ങളും ലത്തീൻഭാഷയിൽ രചിച്ചിട്ടുണ്ട്. ഡോ. ഫ്രാൻസിസ് സാലെസ് വിവിധ ഭാഷകളിൽ വ്യൽപത്തി സമ്പാദിച്ച പണ്ഡിതൻ കൂടിയായിരുന്നു. മാതൃഭാഷയായ ജർമ്മൻ കൂടാതെ ലാറ്റിൻ, ഫ്രഞ്ചു, ഇറ്റാലിയൻ, ഇംഗ്ലീഷ്, സ്പാനിഷ്, പോർട്ടുഗീസ്, മലയാളം എന്നീ ഭാഷകളിൽ അദ്ദേഹം അഗാധമായ പരിജ്ഞാനം നേടിയിരുന്നു [90].

മലബാർ വികാരിയേറ്റ്

കാറും കോളുമൊക്കെ മാറി തെളിഞ്ഞ അന്തരീക്ഷത്തിൽ 19–ാം നൂറ്റാണ്ടു് ഉദയം ചെയ്തു. ഡോ. ഫ്രാൻസിസ് സേവ്യർ മെത്രാൻ 1831–ൽ വികാരിയാത്തിന്റെ ഭരണസാരഥ്യം ഏറ്റെടുത്തു. അദ്ദേഹത്തിന്റെ ഭരണകാലത്താണ് 1838 ഏപ്രിൽ 24–നു കൊച്ചി, കൊട്ടങ്ങല്ലൂർ ശ്രുപതകളും വരാപ്പുഴ വികാരിയാത്തിനോടു കൂട്ടിച്ചേർക്കപ്പെട്ടതു്. ഡോ. ഫ്രാൻസിസ് സേവ്യർ ഇരുനീത്തിൽപെട്ടവർക്കും പള്ളി

90. ഫാ. ജോൺ പള്ളത്തു്: മിഷനറിമാരുടെ സാഹിത്യസേവനങ്ങളും, പേജ്.65

malankaralibrary.com

കർമ്മം പണിയിച്ചു. ''മഹാനായ മെത്രാൻ'' എന്ന ബഹുമതി സമ്പാദിച്ചാണ് അദ്ദേഹം വിരമിച്ചത്.

ഒമ്പതാം പീയൂസ് മാർപാപ്പ 1845-ൽ മലബാർ വികാരിയാത്തിനെ മൂന്നായി വിഭജിച്ചു. വടക്കു് മംഗലാപുരം, തെക്കു കൊല്ലം, മധ്യത്തിൽ വരാപ്പുഴ. ഈ മൂന്നു വികാരിയാത്തുകളുടെയും ഭരണകർത്താക്കൾ കർമ്മലീത്തർതന്നെ.

ഡോ. ബർണഡിനും ഡോ. ലെയൊനാർഡും

''മഹാ മിഷനറി'' എന്ന അപരനാമത്താൽ അറിയപ്പെടുന്ന ഡോ. ബർണഡിൻ ബച്ചിനെല്ലി 1859-ൽ വരാപ്പുഴ വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കയായി. അദ്ദേഹത്തിന്റെ ഭരണകാലത്തു വരാപ്പുഴ വികാരിയാത്തിനു മഹത്തായ നേട്ടങ്ങൾ കൈവന്നു. വരാപ്പുഴ വികാരിയാത്തിന്റെ സുവർണ്ണ ദശ. ഈ മെത്രാന്റെ ഭരണകാലത്താണ് മഞ്ഞുമ്മൽ കർമ്മലീത്ത മൂന്നാംസഭയും, ക്ലനമ്മാവിൽ സ്ത്രീകൾക്കായുള്ള കർമ്മലീത്ത മൂന്നാംസഭാവിഭാഗവും, 1866-ൽ പുത്തൻപള്ളി സെമിനാരിയും സമാരംഭിക്കപ്പെട്ടത്. 1868-ൽ പ്രൊഫസറും, പ്രഭാഷകനും, ബഹുഭാഷാ പ്രവീണനുമായ ഡോ. ലെയൊനാർഡു മെല്ലാനൊ വരാപ്പുഴ വികാരിയാത്തിന്റെ വികാരി അപ്പസ്തോലിക്കയായി. 1886 സെപ്റ്റംബർ ഒന്നിനു പരി. പിതാവു് 13-ാം ലെയൊ മാർപാപ്പ വരാപ്പുഴ വികാരിയാത്തിനെ വരാപ്പുഴ അതിരൂപതയാക്കി. ലത്തീൻ ഹൈരാക്കി സ്ഥാപിച്ചതു് ലെയോ മാർപാപ്പയാണ്. ഡോ. ലെയോനാർഡ് ഈ അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്താ. അദ്ദേഹം തന്റെ ആസ്ഥാനം വരാപ്പുഴയിൽനിന്നു 1871-ൽ മഞ്ഞുമ്മലേക്കുമാറ്റി. 26 വർഷങ്ങളോളം അദ്ദേഹം മഞ്ഞുമ്മൽ ആശ്രമത്തിൽ വസിച്ചു അതിരൂപത ഭരിച്ചുപോന്നു. 1874 ഏപ്രിൽ 26-നു പുതിയതായിനിർമ്മിച്ച മഞ്ഞുമ്മൽ ആശ്രമത്തിൽവച്ചു ഡോ. ലെയൊനാർഡ് മെത്രാപ്പോലീത്തായുടെ കരങ്ങളിൽനിന്നു പത്തുപേർ സഭാവസ്ത്രം സ്വീകരിച്ചു. ''നിഷ്പാദുക കർമ്മലീത്തമൂന്നാംസഭാംഗങ്ങൾ'' എന്നാണ് അവർ അറിയപ്പെട്ടിരുന്നതു്. 1897 ഓഗസ്റ്റ് 9-നു മഞ്ഞുമ്മൽ ആശ്രമത്തിൽവച്ചു ഡോ.ലെയൊനാർഡ് ദിവംഗതനായി. മൃതദേഹം വരാപ്പുഴ കത്തീഡ്രൽ ദേവാലയത്തിൽ സംസ്ക്കരിച്ചു.

ആസ്ഥാനം എറണാകുളത്ത്

ഡോ. ബർണാർഡ് അർഗ്വിൻസോനിസ് (Arguinzons) ഡോ. ലെയോനാർഡ് മെല്ലാനൊയുടെ പിൻഗാമിയായി. അദ്ദേഹം വരാപ്പുഴയിൽനിന്നു മെത്രാപ്പോലീത്തായുടെ ആസ്ഥാനം എറണാകുളത്തേക്കു മാറ്റി. വരാപ്പുഴ അതിരൂപതയിൽ ആധ്യാത്മിക നവോത്ഥാനം യാഥാർത്ഥ്യമായതു് ഇദ്ദേഹത്തിന്റെ ഭരണകാലത്താണ്.

malankaralibrary.com

വരാപ്പുഴ അതിരൂപതയുടെ അവസാനത്തെ കർമ്മലീത്ത മെത്രാൻ ഡോ. ഏയിഞ്ചൽ മേരിയാണ്. 1927-ൽ വരാപ്പുഴ അതിരൂപത വിഭജിച്ച് അതിരൂപതയുടെ തെക്കുഭാഗം വിജയപുരം രൂപതയാക്കി. അനാരോഗ്യം നിമിത്തം 1934-ൽ ഡോ. ഏയ്ഞ്ചൽ മേരി മെത്രാപ്പോലീത്താ രാജിവച്ചു. ഡോ. ജോസഫ് അട്ടിപ്പേററി ലത്തീൻ ഹൈരാർക്കിയുടെ പ്രഥമ ഏതദ്ദേശീയ മെത്രാപ്പോലീത്ത. 275 വർഷം നീണ്ടുനിന്ന കർമ്മലീത്ത യുഗത്തിനു തിരശീല വീണു. ഡോ. ജോസഫ് സെബസ്ത്യാനി മുതൽ പണ്ഡിതരും ഊർജ്ജസ്വലരും തീക്ഷ്ണമതികളുമായ 16 കർമ്മലീത്ത മിഷനറിമെത്രാന്മാർ മലബാർ വികാരിയേറ്റ്, വരാപ്പുഴ വികാരിയേറ്റ്, വരാപ്പുഴ അതിരൂപത എന്നീ ത്രിവിധ ഘട്ടങ്ങളിൽ ഭരണസാരഥ്യം വഹിച്ചു. കർമ്മധീരരായ ഒട്ടുവളരെ സന്യാസികളും മിഷനറിമാരും അതിരൂപതയുടെ ഉൽക്കർഷത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്തു[91].

വരാപ്പുഴ സെമിനാരി, പുത്തൻപള്ളി സെമിനാരി, മംഗലപ്പുഴ സെമിനാരി മുതലായവ സ്ഥാപിച്ചതും കർമ്മലീത്ത മിഷനറിമാരാണ്. മാന്നാനം അമലോത്ഭവമാതാവിന്റെ നിഷ്പാദുക കർമ്മലീത്ത മൂന്നാംസഭ (T. O. C. D), മഞ്ഞുമ്മൽ നിഷ്പാദുക കർമ്മലീത്ത മൂന്നാംസഭ, ക്നനമ്മാവിൽ സ്ത്രീകൾക്കായുള്ള വി. ത്രേസ്യായുടെ കർമ്മലീത്തസന്യാസിനിസഭ മുതലായവ ഉടലെടുത്തതും കർമ്മലീത്ത മിഷനറിമാരുടെ ശ്രമംനിമിത്തമാണ്. കേരളസഭയുടെ വളർച്ചയ്ക്കും കെട്ടുറപ്പിനും വേണ്ടി കർമ്മലീത്തമിഷനറിമാർ അഹോരാത്രം യത്നിച്ചു. ആധ്യാത്മിക - വിദ്യാഭ്യാസ പ്രസിദ്ധീകരണ പ്രേഷിത മേഖലകളിൽ അവരുടെ സേവനങ്ങൾ ആഗോളപ്രശസ്തി നേടിയിട്ടുണ്ട്.

കേരളത്തിന്റെ ജീവനാഡി

"ഈ ശീർഷകം വായിക്കുമ്പോൾ ചിലർ നെറ്റിചുളിച്ചേക്കാം. മറ്റുചിലർക്കു് ഇതു് അതിശയോക്തിപരമായി തോന്നിയേക്കാം." എന്നാണ് ഫാ. ലേത്തൂസ് സി. എം. ഐ. പ്രസ്താവിച്ചിരിക്കുന്നതു്. നിഷ്പക്ഷബുദ്ധികളായ ചരിത്ര പഠിതാക്കൾ സമ്മതിക്കുന്ന ഒരു ചരിത്രസത്യമാണിതു്. 17-ാം നൂറ്റാണ്ടിൽ കത്തോലിക്ക കേരളത്തിന്റെ രക്ഷകർത്താക്കൾ കർമ്മലീത്ത മിഷനറിമാർ തന്നെ[92]. മട്ടാഞ്ചേരിയിലെ ക്നനൻ കുരിശിൽ കേരളക്രൈസ്തവർ കെട്ടിഞാന്നു. അവരുടെ വിശ്വാസജീവന്റെ നാഡിയിടിപ്പ് ഏതാണ്ടു് നിലച്ചുപോകുന്ന മട്ടിലായി. മാർത്തോമ്മാക്രിസ്ത്യാനികളുടെ വിശ്വാസത്തിനു് ലത്തീൻസ്വർണം പൂശുവാൻ ചെയ്ത ദാരുണശ്രമമാണ് കൂനൻ കുരിശു സത്യത്തിനു് വഴിതുറന്നതെന്നു് ഫാ. ലേത്തൂസ് അഭിപ്രായപ്പെടുന്നു. കേരളത്തിൽ പോർട്ടുഗീസ് മെത്രാൻമാരായ-

---

91. മിഷനറിമാരുടെ സാഹിത്യസേവനങ്ങൾ പേജ്. 14-17

92. ഫാ. ലേത്തൂസ് സി. എം. ഐ. കാർമൽ മാസിക 1958 പേജ്. 85-87

malankaralibrary.com

തരുവിനെ നട്ട നനച്ചു വളർത്താൻ ജസ്വീറ്റ്കാർ ഗ്രീഷ്മപ്രയത്നം ചെയ്തു. ഈ ദുർഘട സന്ധിയിൽ അങ്കമാലി അതിരൂപത നിറുത്തലാക്കി. ഇരുൾനിറഞ്ഞ ഈ നൂറ്റാണ്ടിൽ മാർത്തോമ്മാ ക്രിസ്ത്യാനികളെ രക്ഷയുടെ മാർഗത്തിലേക്കാനയിച്ചതു കർമ്മശ്ലൂരന്മാരായ ഇറ്റാലിയൻ കർമ്മലീത്ത മിഷനറിമാരാണു്. 1657 ഫെബ്രുവരി 22-നാണു കർമ്മലീത്ത സങ്കേതർ ആദ്യമായി കേരളത്തിൽ കാലുകുത്തിയതു്. അന്നു മുതൽ 1957 ഫെബ്രുവരി 22 വരെ മുന്നൂറു് വർഷത്തെ കേരള ക്രൈസ്തവപാലനത്തിൽ കർമ്മലീത്ത മിഷനറിമാർ ജീവനാഡിയായി വർത്തിച്ചിരുന്നു. മോൺ. ജോസഫ് സെബസ്ത്യാനിയുടെയും സഹപ്രവർത്തകരുടെയും പരിശ്രമഫലമില്ലാതിരുന്നുവെങ്കിൽ മാർത്തോമ്മാ ക്രിസ്ത്യാനികളിൽ ഭൂരിഭാഗവും ''ശീശ്മയാകുന്ന നീർച്ചുഴിയിൽപ്പെട്ടു നശിച്ചുപോയേനെ''. ചരിത്രം ഇതിനു സാക്ഷി നിൽക്കുന്നു. അന്നു് ശീശ്മയിൽ അധ:പതിച്ച 116 ക്രൈസ്തവ ദേവാലയങ്ങളിൽ 84 ഇടവകകളും വീണ്ടെടുത്തതു് കർമ്മലീത്തമിഷനറിമാരാണു്.

കേരളത്തിലെ ക്രൈസ്തവരുടെ അസൂയാവഹമായ അഭിവൃദ്ധി കർമ്മലീത്ത സന്യാസിമാരുടെ ആഗമനത്തോടെയാണു് ആരംഭിച്ചിട്ടുള്ളതെന്ന വസ്തുത വിസ്മരിക്കാവുന്നതല്ല. രൂപതകളുടെ വിഭജനം, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ, ദേവാലയ നിർമ്മാണം, ഉത്തരീയഭക്തി, മുദ്രണാലയങ്ങളും, ക്രിസ്തീയ സാഹിത്യ പ്രചാരണം, ഏദ്ദേശീയ വൈദികരുടെ പരിശീലനം മുതലായ കാര്യങ്ങളിലെ വിസ്മയാവഹമായ പുരോഗതിക്കു കർമ്മലീത്ത മിഷനറിമാരോടാണു കടപ്പെട്ടിരിക്കുന്നതു്. മോൺ. തോമസ് മൂത്തേടന്റെ പ്രസ്താവന:''കർമ്മലീത്ത സഭയോടു കേരളം എത്രകണ്ടു കടപ്പെട്ടിരിക്കുന്നുവെന്നു കേരളത്തിൽ വന്ന ആദ്യമിഷനറിമാരുടെ കഥ നമ്മെ ബോധ്യപ്പെടുത്താതിരിക്കയില്ല. കർമ്മലീത്തമിഷനറിമാർ കേരളത്തിൽ വന്നു ഇപ്രകാരം മിഷൻപ്രവർത്തനം നടത്തിയില്ലായിരുന്നുവെങ്കിൽ സുറിയാനി കത്തോലിക്കാസമൂഹം നിശ്ശേഷം നശിച്ചു പോകുകയോ, അല്ലെങ്കിൽ അതു കേരള സഭാചരിത്രത്തിൽ അവഗണിക്കപ്പെട്ട സമൂഹമായിത്തീരുകയോ ചെയ്യുമായിരുന്നു[93].

വൈദികപരിശീലനത്തിൽ റിക്കാർഡ്സേവനം

പോർട്ടുഗീസുകാരും ക്രൈസ്തവസഭയുടെ ഉന്നമനത്തിനു ഗണ്യമായ പങ്കുവഹിച്ചിട്ടുണ്ടു്. കർമ്മലീത്തമിഷനറിമാർ പ്രേഷിതപ്രവർത്തനങ്ങളിൽ പ്രകടിപ്പിച്ച ശ്രദ്ധയും നിസ്തുലമായ ആത്മചൈതന്യവും ചൂണ്ടിക്കാണിച്ചുകൊണ്ടു കേരളസഭാചരിത്രത്തെക്കുറിച്ചു് ആധികാരികമായി സംസാരിക്കാൻ അർഹതയുള്ള കർത്താനാൽ ടിസ്സ

93. കത്തോലിക്കജീവിതം, വിശേഷാൽപ്രതി 1952. പേജ് 70.

malankaralibrary.com

രാങ്ങ്: കർമ്മലീത്താ മിഷനറിമാരുടെ പ്രേഷിതത്വം ദ്രുഘടഘട്ടത്തിലായിരുന്നു. എങ്കിലും സുറിയാനിക്കാരെ സംബന്ധിച്ച കാര്യങ്ങളിൽ അതായതു വരാപ്പുഴയിലെ സെമിനാരിയിൽ വൈദികരെ പരിശീലിപ്പിക്കുന്ന കാര്യത്തിലും നിരന്തരമായ ഇടവകസന്ദർശനം നടത്തുന്നതിലും ശ്രദ്ധാലുക്കളായിരുന്നു. അവരുടെ ദൈവശാസ്ത്രപരവും ആരാധനക്രമത്തെ സംബന്ധിക്കുന്നതുമായ പോരായ്മകളെ പരിഹരിക്കുകയും ചെയ്തു[94].

കർമ്മലീത്ത മിഷനറിമാർ വൈദിക വിദ്യാഭ്യാസരംഗങ്ങളിൽ നിന്നുകൊണ്ടു സഭയ്ക്കുചെയ്തിട്ടുള്ള സേവനങ്ങളും കൃതജ്ഞതാനിർഭരമായ കൃപൈകകളോടെ സ്മരിക്കണമെന്നു ഫാ. ലോത്തൂസ് പ്രസ്താവിച്ചിരിക്കുന്നു. കർമ്മലീത്തർ കേരളത്തിൽ കാലുകുത്തിയ നാളമുതൽ വൈദികവിദ്യാഭ്യാസവിഷയത്തിൽ ശ്രദ്ധ പതിച്ചിരുന്നു. 1682-ൽ ആരംഭിച്ച വരാപ്പുഴ സെമിനാരി തന്നെ ഉദാഹരണം. അഖിലലോകവ്യാപകമായ കർമ്മലീത്തസഭയുടെ കേരളത്തിലെ ഒ. സി. ഡി. മലയാളരാജ്യത്തിനു മംഗല്യമായി. ഏറ്റവും വലിയ വിദ്യാഭ്യാസപ്രവർത്തനം ചാർത്തിയിരിക്കുന്ന സുന്ദരമായ മംഗലപ്പുഴ സെമിനാരി അനേകശതം വൈദികവിദ്യാർത്ഥികൾക്കു പരിശീലനമരുളിക്കൊണ്ടു കേരളത്തിൽ വിജ്ഞാനം വിതറിവിലസുന്നു.

മലയാളനാട് മേരിനാട്

കേരള വൈദികർ നൂറിനു എൺപത്തിയഞ്ചുശതമാനവും കർമ്മലീത്തരുടെ ശിഷ്യഗണത്തിൽപ്പെട്ടവരാണു. "മലയാളനാട്" "മേരിനാടായിത്തീർന്നതു കർമ്മലനാഥയുടെ ഈ മക്കളുടെ ശ്രമഫലമായിട്ടാണു. "പോർട്ടുഗീസ് വാഴ്ച" യുടെ അവശേഷം കത്തോലിക്കരെപ്പോലെ വൈദിക കേരളത്തിനുവേണ്ടി അത്രയധികം പ്രയത്നിച്ചിട്ടുള്ളവരാരുമില്ല" എന്നുള്ള പേപ്പൽ പ്രതിനിധി ഡോ. സലേസ്ക്കിയുടെ വാചകം സ്മർത്തവ്യമത്രെ. പ്രാർത്ഥനയും പരസ്നേഹപ്രവർത്തനങ്ങളും ജീവിതവൃത്തിയായി സ്വീകരിച്ചുകൊണ്ടു ലത്തീൻ സുറിയാനി റീത്തുകളിലായി വിവിധ പ്രോവിൻസുകളിൽ ആയിരത്തിൽപരം കർമ്മലീത്തവൈദികരും അനേകായിരം കർമ്മലീത്തസന്ന്യാസിനിമാരും കേരളത്തിന്റെ നാനാമുഖങ്ങളായ ഉന്നമനത്തിനുവേണ്ടി ഇന്നും പരിശ്രമിച്ചുപോരുന്നു. എത്ര ലക്ഷം പ്രോഫഷണങ്ങളും ധ്യാനപ്രസംഗങ്ങളുമാണ് അവർ കേരളക്കരയിൽ നടത്തിയിട്ടുള്ളതു്. കേരളത്തിൽ ആദ്യമായി ഒരു കത്തോലിക്കാ ദിനപ്പത്രം ആരംഭിച്ചതു കർമ്മലീത്തരാണ്[95]. മലയാള പത്രലോകത്തു കാരണവസ്ഥാനം അലങ്കരിക്കുന്ന 'സത്യനാദ കാഹളം

94. കർദ്ദിനാൾ ടിസ്സ്രാങ്ങ്: ഭാരതത്തിലെ പൗരസ്ത്യക്രിസ്തുമതം പേജ് 94.

95. 'ദീപിക' മാത്രമേ ലോകത്തിൽ സന്ന്യാസിമാർ നടത്തുന്ന ദിനപ്പത്രമായിട്ടുള്ളൂ.

malankaralibrary.com

(ഇന്നത്തെ സത്യനാദ മാഗസിൻ) കർമ്മലീത്തരുടെ സംഭാവനയാണ്. ദീപിക, കാർമ്മൽ, ചെറുപുഷ്പം, കമ്മലകുസുമം, കുടുംബദീപം, സമർപ്പിത–ഇങ്ങനെ എത്രയോ പ്രസിദ്ധീകരണങ്ങളാണ് കമ്മലീത്തർ ഇപ്പോഴും നടത്തുന്നത്. കേരളത്തിന്റെ ഒരറ്റം മുതൽ മറ്റെ അറ്റംവരെ എത്രശതം കമ്മലീത്ത ആശ്രമങ്ങളും എത്രസഹസ്രം കമ്മലീത്ത സന്യാസിനീ സന്യാസിമാരും, വിദ്യാഭ്യാസസ്ഥാപനങ്ങളും, ആതുരാലയങ്ങളുമാണ് കേരളത്തിൽ പരിലസിക്കുന്നത്. റോക്കോസ് ശീശ്മയിൽനിന്നും, മേലൂസ് ശീശ്മയിൽനിന്നും കേരളസഭയെ രക്ഷിച്ചത് കർമ്മലീത്ത മിഷനറിമാരും ഏതദ്ദേശീയ സന്യാസികളുമാണ്. അദ്വിതീയ പണ്ഡിതൻമാരെയും, പുണ്യശ്ലോകൻമാരെയും, കവികളെയും, വാഗ്മികളെയും, ഗ്രന്ഥകാരൻമാരെയും കേരളത്തിലെ കർമ്മലീത്തസഭ എക്കാലത്തും പ്രദാനം ചെയ്തിട്ടുണ്ട്. കേരളസഭയുടെ വളർച്ചയ്ക്കും പുരോഗതിക്കുംവേണ്ടി കർമ്മലീത്തസന്യാസിനീ സന്യാസികളും ഗണ്യമായ സംഭാവനകളും ഇന്നും നൽകിക്കൊണ്ടിരിക്കുന്നു [96].

96. ഫാ. ലേത്തൂസ്. കാർമ്മൽ മാസിക. ഉദ്ധൃതഗ്രന്ഥം പേജ് 88.

malankaralibrary.com

ആറ്

മിഷനറി പ്രമുഖർ

"ഞാൻ ഭൂമിയിൽ തീയിടുവാൻ വന്നു. അതു പണ്ടേതന്നെ കത്തി യിരുന്നുവെങ്കിൽ കൊള്ളാമായിരുന്നു. എന്നല്ലാതെ ഞാൻ എന്തു് ഇച്ഛി ക്കുന്നു" (ലൂക്കാ 12-49). മിക്ക മിഷനറിമാരുടെയും ഹൃദയത്തിൽ ജ ലിച്ചുകൊണ്ടിരുന്ന വാക്യമാണിത്. പാശ്ചാത്യമിഷനറിമാർ ഭാരത ത്തിൽ വന്നകാലംമുതൽ ഈ പ്രേഷിതാഗ്നി അവരെ നയിച്ചു. മാന സാന്തര വേലകളെല്ലാം ഇതിന്റെ ചൂടിലും ചുവടിലുമാണു് നടന്നതു്. പോർട്ടുഗീസുമിഷനറിമാരുടെ ആഗമനത്തോടുകൂടി സംഘടിതവും വ്യവസ്ഥാപിതവുമായ ഒരു പ്രേഷിതരംഗം തുറന്നുകിട്ടി. വിപുലമായ മാ നസാന്തരാനുവേങ്ങളുടെ ഫലമായി ആയിരക്കണക്കിനു് അനാഗതരെ മതപരിവർത്തനം നടത്താൻ കഴിഞ്ഞു. ഭാരതസംസ്കാരത്തിന്റെ പ ശ്ചാത്തലത്തിലും മിഷനറിമാരുടെ തയ്യാറെടുപ്പിന്റെ പിൻബലത്തി ലും വിവിധ പ്രേഷിതശൈലികളും രൂപംകൊണ്ടു. സ്ഥലത്തിനും കാ ലത്തിനും, വെല്ലുവിളികൾക്കും പ്രതികരണങ്ങൾക്കും അനുരൂപമായ പ്രവർത്തനശൈലി.

പ്രേഷിതവരേണ്യർ

സെൻറ് ഫ്രാൻസിസ് സേവ്യർ, ഡോ. അലക്സ് മെനേസിസ്, ഫാ. റോബർട്ട് ഡി നൊബിലി, ഡോ. ജോസഫ് സെബസ്ത്യാനി തുടങ്ങിയ മിഷനറിവരേണ്യരുടെ കർമ്മരംഗങ്ങൾ വിലയിരുത്തു മ്പോൾ ഈ ശൈലിമാറ്റം പ്രകടമാണ്. ക്രൈസ്തവസന്ദേശത്തെ പ്രകാശമാ നമാക്കിയ ഇവരുടെ തീക്ഷ്ണ മാനസാന്തരപ്രവർത്തനങ്ങൾ പല ബ ഹുമതികളും അംഗീകാരങ്ങളും ഇവർക്കു നേടിക്കൊടുത്തു. സെൻറ് ഫ്രാൻ സിസ് സേവ്യർ കടലോരങ്ങളിൽ ദൈവവചനപ്രഘോഷണത്തിൽ വ്യാപൃതനായി. ഭാരതത്തിലെ രണ്ടാമത്തെ അപ്പസ്തോലൻ എന്ന അ

malankaralibrary.com

ഭിധാനത്തിൽ അദ്ദേഹം അറിയപ്പെടുന്നു.ഡോ. അലക്സ് മെനേസിസ് ഭാരതത്തിലെ പ്രത്യേകിച്ചും കേരളത്തിലെ അഗ്നിപരീക്ഷണഘട്ടത്തിലാണ് സഭാപ്രവർത്തനത്തിൽ മുഴുകിയത്. സംഘട്ടനങ്ങളും സംഘർഷങ്ങളും നിറഞ്ഞുനിന്ന കാലഘട്ടത്തിൽ സനാതന സത്യങ്ങൾക്കുവേണ്ടി പടവൊരുതിയ അദ്ദേഹം അത്ഭുതാവഹമായ വിളവെടുപ്പാണ് നടത്തിയത്. കേരളത്തിലെ ക്രൈസ്തവസഭ ഡോ. മെനേസിസിന്റെ കൈയിൽ പുതിയ രൂപഭാവങ്ങളും ഉൾക്കൊണ്ടു യുഗയുഗാന്തരങ്ങളോളം നീണ്ടുനിൽക്കുന്ന ഘടനാമാറ്റങ്ങൾക്കു വിധേയമായി. ഉന്നതകുലജാതരായ ബ്രാഹ്മണരെയും മറ്റും ക്രിസ്തുവിനായി നേടിയ ഫാ. റോബർട്ട് ഡി നൊബിലി വേഷവിധാനങ്ങളിലും ബോധനരീതികളിലും വിവിധ പരീക്ഷണങ്ങൾക്കു തുടക്കം കുറിച്ചു. ശ്രേഷ്ഠമായ എതിർപ്പുകളെ നേരിട്ടാണെങ്കിലും പ്രതിസേവനനായ അദ്ദേഹം സ്വന്തമായ പ്രേഷിതസരണികളും വെട്ടിത്തുറന്നു. ഡോ. ജോസഫ് സെബസ്ത്യനി ഒ. സി. ഡി. യുടെ കർമ്മമണ്ഡലം അകന്നുപോയ കേരളക്രൈസ്തവരെ മാർപാപ്പയോട് അടുപ്പിച്ചുകൊണ്ടു വരുന്നതിലാണ് തിളക്കം കാട്ടിയത്. മലബാർ വികാരിയേറ്റിലെ ഒന്നാമത്തെ വികാരി അപ്പസ്തോലിക്കയായി അദ്ദേഹം.

ഇവരും ഇവരുടെ അനുയായികളും ഗുണകാംക്ഷികളും സെന്റ് പേളിനെപ്പോലെ പാടുപെട്ടതിന്റെ ഫലമാണ് ഇന്നത്തെ ഭാരതസഭയുടെ ആകെത്തുക എന്ന് പറയാം. നൂറ്റാണ്ടുകളായുള്ള ഭാരതസഭയുടെ രൂപപരിണാമങ്ങൾക്ക് ഇവരുടെ പ്രേഷിതദീപം വമ്പിച്ച പ്രകാശകിരണങ്ങൾ പ്രസരിപ്പിച്ചിട്ടുണ്ട്.ത്യാഗോജ്ജ്വലമായ ജീവിതത്തിലൂടെയും ക്രൈസ്തവ മൂല്യങ്ങളുടെ സ്വാംശീകരണത്തിലൂടെയും സമൂഹത്തിൽ സഭ സാക്ഷ്യം വഹിച്ചതിന്റെ അനന്യസാധാരണമായ നേതൃത്വ രീതികളും. അതാണ് നമുക്കിപ്പോഴും പ്രതിപാദിക്കുവാനുള്ളത്.

വിശുദ്ധ ഫ്രാൻസിസ് സേവ്യർ

തന്റെ ആധ്യാത്മിക പിതാവ് ഇഗ്നേഷ്യസിന്റെ മുൻപിൽ ആജ്ഞാപ്രഭുത്വമായി ഫ്രാൻസിസ് സേവ്യർ നിലകൊള്ളുന്നു. ആ യുവസന്ന്യാസിയോട് പുത്രവാത്സല്യത്തോടും പ്രശാന്തതയോടുംകൂടി ഇഗ്നേഷ്യസ് പറഞ്ഞു: ''ഫ്രാൻസിസ്, പരിശുദ്ധപിതാവിന്റെ ആജ്ഞാനുസരണം നമ്മിൽ രണ്ടുപേർ ഇന്ത്യയിലേക്ക് പ്രേഷിതപ്രവർത്തനത്തിന് പോകേണ്ടിയിരിക്കുന്നു. അതിനായി നിയുക്തരായവരിൽ ഫാ. ഫ്രാൻസിസ് (ബൊബാഡില്യാ) രോഗം നിമിത്തം യാത്ര ചെയ്യാൻ അശക്തനാണെന്ന് അങ്ങേയ്ക്കറിയാമല്ലോ. രാജദൂതനാകട്ടെ മറുപടി പ്രതീക്ഷിച്ചുകൊണ്ട് നിൽക്കുന്നു. അതിനാൽ ഇത് അങ്ങയുടെ കാര്യമാണ്''. ''ഇതാ, ഞാൻ തന്നെയാണായിരിക്കുന്നു.'' ഫ്രാൻസിസ് സേവ്യറിന്റെ രഹസ്യമനസ്കത നിറഞ്ഞ മറുപടി.

malankaralibrary.com

ഇറലിയിൽനിന്നു പോർട്ടുഗലിലേക്കു യാത്രയ്ക്കു തയ്യാറാകുന്നതിനു രണ്ടു ദിവസങ്ങളേ ഉണ്ടായിരുന്നുള്ളു. അദ്ദേഹത്തിനു അതു് അധികമായിരുന്നു. തന്റെ നമസ്ക്കാരപുസ്തകവും കുരിശും അല്ലാതെ എടുക്കാൻ മറ്റു സാധനങ്ങളും ഇല്ലായിരുന്നു. ഉടുപ്പു് അല്പം കേടു് പോകേണ്ടിയിരുന്നു. അതിനായി അഞ്ചു മിനിട്ടതന്നെ അധികം. ''പോയി, അങ്ങയുടെ ഹൃദയത്തിൽ ജ്വലിക്കുന്ന അഗ്നിയിൽ, ലോകത്തെ മുഴുവനും ജ്വലിപ്പിക്കുക'' എന്ന യാത്രാവചനങ്ങളാണു് വിശ്വം മുഴുവൻ ക്രിസ്തുവിനെ തേടുന്നതിനു പുറപ്പെടുന്ന യുവമിഷനറിയ്ക്കു ഇഗ്നേഷ്യസു് നൽകിയതു്.

ലോകത്തെ ജ്വലിപ്പിക്കുന്ന വ്യക്തിത്വം

റോമിലെ പോർട്ടുഗീസ്അമ്പാസിഡർ ദോം മസ്ക്കറിനാസിനു 1589 ആഗസ്റ്റു് 4-നു പോർട്ടുഗൽരാജാവു് ജോൺ തൃതീയനിൽനിന്നും ഒരു എഴുത്തു കിട്ടി: ''ഈശോസഭാംഗങ്ങളിൽ രണ്ടു പേരെ മിഷൻ പ്രവർത്തനത്തിനു് ഇന്ത്യയിലേക്കയക്കാൻ ഇഗ്നേഷ്യസു് ലെയോളയോടും പോപ്പു തൃതീയൻ മാർപാപ്പയോടും അഭ്യർത്ഥിക്കുക.'' ഒട്ടു വളരെ ചർച്ചകൾക്കുശേഷം സൈമൺ റൊഡ്രിഗ്വസിനെയും ബൊബാഡില്യനെയും അയക്കാമെന്നു് ഇഗ്നേഷ്യസും മാർപാപ്പയും സമ്മതിച്ചു. പോർട്ടുഗലിലേക്കു അവർ യാത്ര ചെയ്യേണ്ടതിന്റെ തലേദിവസം ബൊബാഡില്യക്കു പനി പിടിപ്പെട്ടു. പകരം ഫ്രാൻസിസു് സേവ്യർ തെരഞ്ഞെടുക്കപ്പെട്ടു. രണ്ടു് ഈശോസഭാംഗങ്ങളെ കൂടാതെ മെസ്സർ പാവോളൊ ദെ കമറീനോ എന്ന ഇടവക വൈദികൻകൂടി അവരെ അനുഗമിക്കാൻ ഏർപ്പാടു ചെയ്തിരുന്നു. ബൊബാഡില്യാ രോഗബാധിതനായ ദിവസം സൈമൺ റൊഡ്രിഗ്വസും, മെസ്സർ പാവോളൊയും ഇറലിയിൽനിന്നു പോർട്ടുഗലിലേയ്ക്കു കടൽമാർഗം യാത്ര തിരിച്ചു. പിറെറ ദിവസം ഫ്രാൻസിസു് സേവ്യർ കരമാർഗം പോർട്ടുഗലിലേക്കും. മൂന്നുമാസംകൊണ്ടാണു് അദ്ദേഹം ലിസ്ബണിൽ എത്തിച്ചേർന്നതു്. 1540 ജൂൺമാസത്തിൽ റൊഡ്രിഗ്വസിനോടുകൂടി ഫ്രാൻസിസു് ചേന്നു. ഇന്ത്യയിലേക്കുള്ള കപ്പൽ ഇതിനകം പുറപ്പെട്ടു കഴിഞ്ഞിരുന്നു. ഒരു വർഷത്തോളം ലിസ്ബണിൽ തങ്ങി [1]. അക്കാലം മുഴുവൻ ഇതര പ്രേഷിതപ്രവർത്തനങ്ങളിൽ വ്യാപൃതരായി. 1541 ഏപ്രിൽ 1-നു ഫ്രാൻസിസു് സേവ്യറിന്റെ 35-ാമത്തെ ജന്മദിനം. അന്നു് അദ്ദേഹത്തിന്റെ ജീവിതത്തിൽ നവീനാധ്യായം സമാരംഭിച്ചു. മിഷനറിയെ അല്ല, വിശ്രുതനെ വഹിക്കുന്നതിനുള്ള ഭാഗധേയം സിദ്ധിച്ചതു് ''സന്തിയാഗൊ'' കപ്പലിനാണു് [2]. പോർട്ടുഗൽ രാജാവു്

1. Shurhammer: The Malabar Church and Rome During Early Portuguese Period Vol. 11 pp. 556-557.
2. ഫാ. ഇഗ്നേഷ്യസു് എസ്. ജെ: വിശ്വജേതാവു്, പ്രേഷിതശ്രേഷ്ഠം പേജു് 68-69.

malankaralibrary.com

ജോൺ തൃതീയൻ 1541 ഏപ്രിൽ 7-ന ഫ്രാൻസിസ് സേവ്യറെ പൂവ്വദേശത്തെ അപ്പോസ്തോലിക്ക് നൺസിയോ ആയും, എത്തിയോപ്പിയ ചക്രവർത്തിയുടെ പോർട്ടുഗീസ് അമ്പാസിഡറുമായി നിയമിച്ചു.

ദുർബലവിഭാഗങ്ങളുടെ വിമോചകൻ

പൗരസ്ത്യ ദേശങ്ങളിൽ ക്രിസ്തുവിനുവേണ്ടി ആയോധനം ചെയ്യുന്നതിനും അസംഖ്യം ഹൃദയങ്ങളെ ക്രിസ്തുനാഥനു നേടിക്കൊടുക്കുന്നതിനും ഫ്രാൻസിസ് സേവ്യർ യാത്രയാരംഭിച്ചു. ക്ലേശപൂർണമായ കപ്പൽയാത്ര. 1542 മെയ് 6-ന കപ്പൽ ഗോവയിലെത്തി. പ്രേഷിത കൊടുങ്കാറ്റ് ഒരു ദശവർഷത്തേക്കു നീണ്ടുനിന്നു. അതു ഗോവയിൽ നിന്നു പശ്ചിമതീരത്തുകൂടി ആഞ്ഞടിച്ച് കന്യാകുമാരിവരെയും, പിന്നീടു തമിഴ്നാടിന്റെ സമുദ്രതീരത്തു വ്യാപിച്ചശേഷം മലാക്കാദ്വീപുകടന്നു പല ദ്വീപ സമൂഹങ്ങളെ തഴുകി ജപ്പാന്റെ ഉള്ളം വരെ എത്തി. ചീനദേശത്തിന്റെ കവാടമായ സാഞ്ചിയൊൻ ദ്വീപിൽ അന്തരിച്ച ഫ്രാൻസിസ് സേവ്യറിന്റെ അപ്പസ്തോലജൈത്രയാത്രയെ അനുധാവനം ചെയ്യുക ചരിത്രകാരനുപോലും പ്രയാസമേറിയതാണു. അത്രകണ്ടു വേഗതയും വൈവിധ്യം നിറഞ്ഞതുമാണു വിശുദ്ധന്റെ പ്രേഷിതപ്രയാണങ്ങളും. അധ:സ്ഥിതരായ മുക്കുവൻമാരുടെയും മറ്റു താഴ്ന്നജാതിയിൽപ്പെട്ടവരുടെയും പക്കലേക്കു വിശുദ്ധൻ ഇറങ്ങിച്ചെന്നു. അവരോടുകൂടി ജീവിച്ചു. തികഞ്ഞ ആത്മാർത്ഥതയും ലളിതജീവിതവും അചഞ്ചലമായ ദൈവവിശ്വാസവും പുലർത്തി.

ഞാൻ ഭൂമിയിൽ തീയിടാൻ വന്നു. അതു പണ്ടേതന്നെ കത്തിയിരുന്നവെങ്കിൽ കൊള്ളാമായിരുന്നു. എന്നല്ലാതെ ഞാൻ എന്തു ഇച്ഛിക്കുന്നു (ലൂക്കാ 12:49) ഇതാണു വിശുദ്ധന്റെ ഹൃദയത്തിൽ ജ്വലിച്ചുകൊണ്ടിരുന്നതു. ലോകത്തെ മുഴുവൻ ദൈവസ്നേഹാഗ്നിയിൽ ജ്വലിപ്പിക്കാതെ വിശുദ്ധൻ എങ്ങനെ വിശ്രമിക്കാനാണു. തന്റെ കൃത്യാന്തര ബാഹുല്യതയിൽത്തന്നെ പ്രേഷിതാഗ്നിയിൽ എരിയുന്ന അനവധി കത്തുകളും വിവിധസ്ഥലങ്ങളിലേക്കു വിശുദ്ധൻ അയച്ചിരുന്നു. വി. ഇഗ്നേഷ്യസിനും, സഭാസഹോദരങ്ങൾക്കും പോർട്ടുഗൽ രാജാവിനും അയച്ച എഴുത്തുകളും അദ്ദേഹത്തിന്റെ പ്രേഷിതഹൃദയത്തിന്റെ തുടിപ്പുകളാണു. ഗോവയിൽ ഫ്രാൻസിസ് സേവ്യർ ആഗതനായപ്പോൾ 1541-ൽ സ്ഥാപിതമായ സെൻറ് പോൾസ് കോളജ് ഫാ. ഫ്രാൻസിസിനെ ഏല്പിച്ചു. പിന്നീട് ഈശോസഭാംഗങ്ങളുടെ പ്രേഷിതപ്രവർത്തനങ്ങളുടെയെല്ലാം കേന്ദ്രമായിത്തീർന്ന ഇവിടം. ഈശോസഭയുടെ സുപ്പീരിയർമാരുടെ ആസ്ഥാനവും[3]. ഡിയൊ ഫെർണാണ്ടസിനെ ഗോവയിലെ മിഷൻപ്രവർത്തനങ്ങളെ ഭരമേല്പിച്ചിട്ട് ഫ്രാൻസിസ്

3. Shurhammer: St. Francis Xavier p. 237.

malankaralibrary.com

സേവ്യർ ഫിഷറികോസ്റ്റിലേക്ക് തിരുത്തയച്ചു. ഇന്ത്യയിലെ പ്രേഷിതപ്രവർത്തനങ്ങളിൽ ചിരകാലസ്വപ്നങ്ങളുടെ സാക്ഷാൽക്കാരമായിരുന്നു ഫിഷറികോസ്റ്റിലെ പ്രേഷിതപ്രവർത്തനം[4]. കന്യാകുമാരി മുതൽ വടക്കു വേമ്പാർ (Vembar) വരെ നീണ്ടുകിടന്നിരുന്ന ഈ കടൽത്തീരവും പാണ്ഡ്യരാജ്യങ്ങളും ചേരരാജ്യങ്ങളും, കൊച്ചി, മണപ്പാട്, പുന്നക്കായിൽ, തൂത്തുക്കുടി തുടങ്ങിയവയും സന്ദർശിക്കാൻ സന്നദ്ധനായി അദ്ദേഹം പുറപ്പെട്ടു. 1542 ഒക്ടോബറിൽ ഫ്രാൻസിസ് സേവ്യർ മണപ്പാടിൽ വന്നപ്പോൾ ഹൃദ്യമായ സ്വീകരണം ലഭിച്ചു.

കന്യാകുമാരിമുതൽ വേമ്പാർവരെ

ആദ്യമായി ഫ്രാൻസിസ് സേവ്യർ ഫിഷറികോസ്റ്റ് മൂന്നു മേഖലയായി ഭാഗിച്ചു. ഓരോ മേഖലയും പല ഗ്രാമങ്ങളടങ്ങിയവ. ഓരോ ഗ്രാമത്തിലും വേപ്പോഴെങ്കിലും പഠിപ്പിക്കുന്നതിനു ഉപദേശിമാരെയും, വിശ്വാസികളെ പ്രാർത്ഥനയ്ക്കായി വിളിച്ചുകൂട്ടുന്നതിന് കപ്യാർമാരെയും നിയമിച്ചു. ജ്ഞാനസ്നാനത്തിനും, വിവാഹത്തിനും, മരണത്തിനും പ്രത്യേകം പ്രത്യേകം രജിസ്റ്ററുകളും എഴുതി സൂക്ഷിക്കാൻ ഏർപ്പാടാക്കുകയും ചെയ്തു. മൂന്നു മേഖലകളിൽ ഒന്നായ മണപ്പാടിൽ മാൻസിലാസിനെയും, പുന്നക്കായിൽ ലൈസാനോയിയെയും മേൽനോട്ടക്കാരായി നിയമിച്ചു. തൂത്തുക്കുടിയുടെ മേൽനോട്ടം ഫ്രാൻസിസ് സേവ്യറിനു തന്നെ. ഓരോ വില്ലേജും വിശ്വാസികൾ സന്ദർശിച്ചുകൊണ്ടിരുന്നു. ഇരുപതോ മുപ്പതോ ദിവസങ്ങളും വില്ലേജുകളിൽ താമസിച്ചുകൊണ്ടു വിശ്വാസികൾക്കു മതബോധനം നല്കി. മണക്കുടിപ്പള്ളിയുടെ കുടാതെ വിശ്വസ്തരും ഭക്തരുമായ അല്മായരെ പ്രേഷിതപ്രവർത്തക സഹായികളായി നിയമിച്ചു. കത്തുകളും മുഖേന മാൻസിലാസിനെയും, ലൈസാനോയിയെയും പ്രോത്സാഹിപ്പിച്ചിരുന്നു. താഴ്ന്നജാതിയിൽപ്പെട്ട പരവരെ (paravar) ജ്ഞാനസ്നാനപ്പെടുത്തുന്നതിനു വിശുദ്ധന്റെ പുതിയ പ്രവർത്തനശൈലി വളരെ സഹായകമായി. ഫ്രാൻസിസ് സേവ്യറിന്റെ പ്രേഷിതപ്രവർത്തനങ്ങളും തുശ്ചമാനവും വിജയകരമായിരുന്നു. ഉന്നതകുലജാതരായ ബ്രാഹ്മണരെ മാനസാന്തരപ്പെടുത്തുന്ന കാര്യത്തിൽ ഫ്രാൻസിസ് വിജയിച്ചില്ല. ഒരു വർഷം മുഴുവൻ പരിശ്രമിച്ചിട്ടും ഒരു ബ്രാഹ്മണനെമാത്രമേ ജ്ഞാനസ്നാനപ്പെടുത്തുവാൻ സാധിച്ചുള്ളൂ.

മുക്കുവരുടെ മാനസാന്തരമേധാവി

തൂത്തുക്കുടി, കന്യാകുമാരി പ്രദേശങ്ങളിലെ കൊല്ലംവരെ തെക്കുനിന്നും ജാഫ്നയിലെ ബടഗർ ആക്രമിക്കാൻ തുടങ്ങിയപ്പോൾ കാ

4. Shurhammer: St. Francis Xavier pp: 237-246.

malankaralibrary.com

രുങ്ങളും കുഴപ്പത്തിലായി. പോർട്ടുഗീസു് ഉദ്യോഗസ്ഥന്മാരിൽനിന്നു ഒട്ടുവളരെ കഷ്ടപ്പാടുകളും സഹിക്കേണ്ടിവന്നു. പോർട്ടുഗീസുകാരുടെ ദുർമ്മോഹങ്ങൾക്കും ദുഷ്പ്രവൃത്തികൾക്കും പാവപ്പെട്ട പരവൻമാർ ഇരയായിത്തീർന്നു. പുന്നക്കായിൽനിന്നു് കന്യാകുമാരിയിലേക്കു് പശ്ചിമതീരത്തുള്ള യാത്രയിൽ വിശ്വാസൻ പൂവാർവരെ വന്നു. മുക്കുവന്മാരായിരുന്ന ജനങ്ങളിലധികവും. 1544–നവംബർ, ഡിസംബർ മാസങ്ങളിൽ ഒട്ടുവളരെപ്പേരെ വിശ്വാസൻ ജ്ഞാനസ്നാനപ്പെടുത്തി. പൂവാറിൽ വളരെയധികം ജനങ്ങളും മാനസാന്തരപ്പെട്ടതിനാൽ, സമൂഹമായിത്തന്നെ അത്യാഡംബരപൂർവ്വം അവർക്കു് ജ്ഞാനസ്നാനം നൽകുവാൻ വിശ്വാസൻ തീരുമാനിച്ചു[5]. തിരുവിതാംകൂർ കോസ്റ്റിലെ ക്യാപ്റ്റൻ ഡ്യുവർട്ടെ ദാ ഗാമയുമായി ഈ കാര്യത്തെക്കുറിച്ചു് ചർച്ചചെയ്യുന്നതിനു് വിശ്വാസൻ കൊല്ലത്തേക്കു് പോയി. പൂവാറിലെ മുക്കുവരുടെ ഏറ്റവും വടക്കുള്ള ഗ്രാമത്തിൽവച്ചു ഫെർണാണ്ടസിനോടും, ആന്റോണിയോടും ചേർന്നു നവംബർ മധ്യത്തിൽ സമൂഹജ്ഞാനസ്നാനം ഉദ്ഘാടനം ചെയ്തു. 13 വില്ലേജുകളിലായി 10000 പേരെ വിശ്വാസൻ ജ്ഞാനസ്നാനപ്പെടുത്തി[6]. വിശ്വാസൻ പള്ളവില്ലേജിലായിരിക്കുമ്പോൾ, മന്നാർക്കടുക്കലായെക്കുറിച്ചുള്ള ഭീതിജനകമായ വാർത്ത കേട്ടു. ഉടനെതന്നെ പതിനാലാമത്തെ ഗ്രാമമായ മനക്കുടിയിലേയ്ക്കു പോകാതെ കൊച്ചിയിലേക്കു പിന്തിരിഞ്ഞു[7].

കൊച്ചിയിൽ പന്ത്രണ്ടുതവണ, 120 ദിവസം

വി. ഫ്രാൻസിസ് സേവ്യറും, മാൻസിലാസും 1543 ഡിസംബർ 21–നു രണ്ടു പരവന്തുരുത്തുകളിലായി ഗോവയിൽനിന്നു കൊച്ചിയിൽ വന്നു. കൊച്ചി അക്കാലഘട്ടത്തെ ക്രൈസ്തവകേന്ദ്രം. ദേവാലയങ്ങളും സ്ഥാപനങ്ങളും വൈദികരും സന്യാസികളും മറ്റുമുള്ള രാജ്യം. കുറെനാളം കൊച്ചിയിൽ താമസിച്ചു. യൂറോപ്പിലേക്കു കത്തുകളെഴുതി. പ്രത്യേകിച്ചു് പോർട്ടുഗൽ രാജാവിനും, രാജ്ഞിക്കും, വി. ഇഗ്നേഷ്യസ് ലെയോളയ്ക്കും, തന്റെ സതീർത്ഥ്യർക്കും ഇവിടത്തെ ക്രൈസ്തവരെയും അവരുടെ പരിതാപകരമായ സ്ഥിതിയെക്കുറിച്ചും[8]. "യൂണിവേഴ്സിറ്റി ഡിഗ്രി സമ്പാദിക്കുന്നതിനെക്കാളും ആത്മാക്കളുടെ രക്ഷയാണു് അഭികാമ്യമെന്നു" വിശ്വാസൻ അവരെ ഉൽബോധിപ്പിച്ചു. കൊച്ചിയിലെ ഫ്രാൻസിസ് അസീസിയുടെ നാമത്തിലുള്ള പ്രസിദ്ധദേവാലയം സന്ദർശിച്ചു് ദിവ്യബലി അർപ്പിച്ചു. മറ്റു ഫ്രാൻസിസ്കൻ സന്യാസിമാരെയും സന്ദർശിച്ചു് സൗഹാർദ്ദബന്ധം പുലർത്തി. കൊച്ചിയിൽനിന്നു ഫിഷറികോസ്റ്റിലേക്കു വീണ്ടും യാത്രയായി. പിന്നീ

5. Fr. Wicki: Documenta Indica pp. 420–421.
6. Shurhammer: St. Francis Xavier op. cit. Vol. II. p. 421.
7. Shurhammer: St. Francis Xavier op. cit. Vol. II. p. 422.
8. Shurhammer: Epistolar Xavierii Vol. I. pp. 152–157.

malankaralibrary.com

ടു് 1545 ഡിസംബർ 16-ന വീണ്ടും കൊച്ചിയിൽ വന്നു. അവിടെ ജനറാലും വിശ്വൽവാസുമായി സംഭാഷണം നടത്തി. മാന്നാറിലുണ്ടായ കുട്ടക്കൊലയെപ്പറ്റി ഗോവയിലെ ഗവർണറുമായി കൂടിയാലോചിക്കാൻ വികാരി ജനറാലും അഭിപ്രായപ്പെട്ടതിനാൽ മാൻസിലാസിനെ ഫിഷറികോസ്റ്റിലേക്കു് അയച്ചിട്ടു് ഫ്രാൻസിസു് സേവ്യർ ഗോവയിലേക്കുപോയി. ഗവർണറുമായി ഈ പ്രശ്നത്തെപ്പറ്റി ചർച്ചചെയ്തതിനുശേഷം കൊച്ചിയിലേക്കു് തിരികെ യാത്രയായി. മടക്കയാത്രയിൽ കൊട്ടങ്ങല്ലൂരിൽ ഇറങ്ങി ഫ്രാൻസിസ്കൻ സെമിനാരി സന്ദർശിച്ചു. അദ്ദേഹം അയച്ച മൂന്നു് കത്തുകളിൽ ഈ സെമിനാരിയെ പ്രശംസിച്ചു് എഴുതിയിരുന്നു. മാർത്തോമ്മാക്രിസ്ത്യാനികളുടെ ഉൽകൃഷ്ട കുടുംബങ്ങളിൽനിന്നു് നൂറിലധികം യുവാക്കൾ ഈ സെമിനാരിയിൽ പഠിക്കുന്നതു കാണാൻ സാധിച്ചുവെന്നു് വിശുദ്ധൻ എഴുതി. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ മെത്രാനായ മാർ യാക്കോബു് ഫ്രാൻസിസ്കന്റെ ആശ്രമത്തിൽ വിശ്രമജീവിതം നയിച്ചിരുന്ന വേളയിൽ വി. ഫ്രാൻസിസു് സേവ്യർ അദ്ദേഹത്തെ സന്ദർശിച്ചു [9]. കൊച്ചിയിൽ ആകെ 120 ദിവസം വിശുദ്ധൻ താമസിച്ചിരുന്നതായി കണക്കുകൂട്ടാം സൂചിപ്പിക്കുന്നു.

പരവരുടെ കുടിലിലും കടലോരവക്കിലും

കൊറമണ്ഡൽ തീരത്തു അഭിവൃദ്ധിപ്പെട്ടുവരുന്ന നഗരമായ നാഗപട്ടണം ഫ്രാൻസിസു് സേവ്യർ സന്ദർശിച്ചു. ഇവിടെ താമസിച്ചു് ഒരു മാസം പ്രേഷിതപ്രവർത്തനങ്ങളും നടത്തി. പിന്നീടു് മൈലാപ്പൂരിലേക്കു് പുറപ്പെട്ടു. വി. തോമ്മാ അപ്പസ്തോലന്റെ കബറടക്കസ്ഥലം സന്ദർശിച്ചു പ്രാർത്ഥിച്ചു. അവിടെ പ്രേഷിതപ്രവർത്തനങ്ങളിൽ വ്യാപൃതനായി. ഇവിടെ മാനസാന്തരപ്പെടുത്തേണ്ടി വന്നതു അക്രൈസ്തവരെയല്ല. ക്രിസ്ത്യാനികളെയാണു്. ക്രൈസ്തവർ സന്മാർഗപരമായി വളരെ അധഃപതിച്ചിരുന്നു. വിശ്വാസികളുടെ പാപസങ്കീർത്തനം നടത്തുക, പിശകായ വിവാഹങ്ങളും ശരിപ്പെടുത്തുക മുതലായ കാര്യങ്ങളും നിർവഹിച്ചു. ക്രൈസ്തവ സമുദായത്തിൽ സമാധാനവും ദൈവഭയവും പുനഃസ്ഥാപിക്കാൻ അക്ഷീണം യത്നിച്ചു. ലോകം കണ്ടിട്ടുള്ളവരിൽവച്ചു് ഏറ്റവും വലിയ പ്രേഷിത തീർത്ഥാടകനായിരുന്നു വി. ഫ്രാൻസിസു് സേവ്യർ. ഗോവയിലെ പ്രേഷിത ദൗത്യവും അദ്ഭുതപൂർവ്വമായി അദ്ദേഹത്തെ പ്രശസ്തനാക്കി. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി വിശുദ്ധൻ എത്രയോ സുദീർഘ യാത്രകളും കഴിച്ചു. തനിക്കു സ്ഥാപിക്കേണ്ട സാമ്രാജ്യത്തിന്റെ ഏകദേശഭൂപടം വരച്ചു കഴിഞ്ഞിരുന്നു. അതിൽ ഗോവയിൽനിന്നു് മലയായിലേക്കു് 1000 ലീഗു്, മലാക്കയിലേക്കു 500 ലീഗു്, ഓർമൂസിലേക്കു് 400

9. L. M. Pylee: St. Thomas Christians and Archdiocese of Verapoly p. 80.

malankaralibrary.com

ലീഗ്, മൊസാംബിലേക്ക 900 ലീഗ്..... ഇങ്ങനെയാണ യാത്രാ ദൈർഘ്യത്തെപ്പററി കുറിച്ചിരുന്നത്. ലിസ്ബണിൽനിന്നു പുറപ്പെട്ട് സഞ്ചിയോവിൽ വച്ച് ചരമമടയുന്നതുവരെ 11 വർഷവും 6 മാസവും അദ്ദേഹം ജീവിച്ചു. ഇതിൽ 3 വർഷവും 7 മാസവും കടലിലൂടെ ഏകദേശം 80000 കിലോമീററർ ദൂരം സഞ്ചരിച്ചിട്ടുണ്ട്. ഇന്ത്യൻ കടൽതീരങ്ങളിൽത്തന്നെ 18 മാസങ്ങൾക്കകം അദ്ദേഹം 15,000 കിലോമീററർ സഞ്ചരിച്ചു.

വിശുദ്ധ ഫ്രാൻസിസ് സേവ്യറിന്റെ ചില കത്തുകൾ വായിക്കുമ്പോൾ 3 ദിവസം അഹോരാത്രം നീണ്ടുനിന്ന കൊടുങ്കാററിനെക്കുറിച്ച് നിർഭീകനായി അദ്ദേഹം വിവരിക്കുന്നതു കാണാം. അത്തരം സന്ദർഭങ്ങളിൽ വിശുദ്ധൻ ദൈവത്തെ അനുഭവിച്ചറിഞ്ഞു.അവിടത്തെ അമാനുഷികമായ ദിവ്യശക്തി സുവ്യക്തമായി ദർശിച്ചു. ആപൽഘട്ടങ്ങളിൽ അദ്ദേഹം നിർഭയനായി കാണപ്പെട്ടു.

പ്രേഷിതപ്രവർത്തനങ്ങൾക്കായി ഗ്രാമങ്ങളിൽ വസിച്ചിരുന്നപ്പോഴും വിശുദ്ധൻ പാവപ്പെട്ടവനെപ്പോലെ കുടിലുകളിൽ വസിച്ചു. പരവന്മാരുടെകൂടെ താമസിച്ച് അവരെപ്പോലെ നിലത്തുകിടന്നുറങ്ങി. വി. പൗലോസ് ശ്ലീഹായെപ്പോലെ അദ്ദേഹം എല്ലാ മനുഷ്യർക്കും വേണ്ടി എല്ലാമായിത്തീർന്നു.

രാത്രി ധ്യാനം, പകൽ അത്യധ്വാനം

രണ്ടു വർഷങ്ങളോളം വിശുദ്ധൻ കേരളത്തിലെ അവശസമുദായങ്ങളുടെയിടയിൽ സുവിശേഷപ്രവർത്തനം നടത്തി. ചുട്ടപഴുത്ത മണലോ, തീപോലെ പൊള്ളുന്ന വെയിലോ വകവയ്ക്കാതെ അദ്ദേഹം ഗ്രാമങ്ങളും തോറും കാൽനടയായി കയറി ഇറങ്ങി ആളുകളെ പഠിപ്പിച്ചു ജ്ഞാനസ്നാനം നൽകിയും യേശുവിനെപ്പററി പ്രസംഗിച്ചു. ദിവസത്തിൽ 4 മണിക്കൂറിൽ കൂടുതൽ ഉറങ്ങാൻ കൂട്ടാക്കിയില്ല.രാത്രി അധികസമയവും വിശുദ്ധൻ പ്രാർത്ഥനയിലും ധ്യാനത്തിലും ചെലവഴിച്ചിരുന്നു. പ്രാർത്ഥനയായിരുന്നു ശക്തിയുടെ ഉറവിടം. സന്തോഷത്തിന്റെ സ്രോതസ്, അദ്ദേഹം രാത്രി ദൈവത്തിനും, പകൽമുഴുവൻ ആത്മാക്കൾക്കുംവേണ്ടി നീക്കിവച്ചു. ദിവസത്തിലെ 24 മണിക്കൂറും വിശുദ്ധൻ കർമ്മനിരതനായിരുന്നു.[10]

അതിരില്ലാത്ത മാനസാന്തരാഭിലാഷങ്ങൾ

ഫ്രാൻസിസ് സേവ്യർ 1549 മെയ് മാസത്തിൽ മലാക്കയിലേക്ക മടങ്ങിപ്പോയി. അവിടെനിന്ന് ഉദയസൂര്യന്റെ ദേശമായ ജപ്പാനിലേക്ക്. ക്രിസ്തുവിന്റെ പ്രബോധനങ്ങളെ അവിടെ പ്രഖ്യാ

10. വർക്കി കുന്നേൽ: വി. ഫ്രാൻസിസ് സേവ്യർ പേജ് 64-69,

malankaralibrary.com

പനം ചെയ്തു. തൽഫലമായി ആയിരക്കണക്കിനു ജപ്പാൻകാർ ക്രൈസ്തവമതം ആശ്ലേഷിച്ചു. ഉറങ്ങിക്കിടക്കുന്ന രാക്ഷസനെപ്പോലെ ചൈന ഫ്രാൻസിസ് സേവ്യറിന്റെ ദൃഷ്ടിയിൽപ്പെട്ടു. ചൈനയിലേക്കുള്ള പ്രവേശനം വിദേശികൾക്കു നിരോധിക്കപ്പെട്ടിരുന്നുവെങ്കിലും ഒരു വ്യാപാരിയുടെ സഹായത്തോടെ ഫ്രാൻസിസ് സേവ്യർ ചൈനയെ ലക്ഷ്യമാക്കി യാത്ര ചെയ്തു. ഹതഭാഗ്യയായ ചൈനയ്ക്ക് ഫ്രാൻസിസ് സേവ്യറിന്റെ സന്ദേശം ലഭിക്കാൻ ഭാഗ്യമുണ്ടായില്ല. അദ്ദേഹം രോഗബാധിതനായി. ഫ്രാൻസിസ് സേവ്യറിന്റെ പ്രേഷിതരംഗത്തിനു അതിരില്ലാത്തെ വിസ്തീർണമുണ്ടായിരുന്നുവെങ്കിലും പ്രേഷിതവേല ഒരിടത്തും അപൂർണമാക്കി വിട്ടില്ല. ക്രിസ്ത്യാനികളെ സംഘടിപ്പിക്കുകയും അവരെ മതസത്യങ്ങളും പഠിപ്പിക്കുകയും മതകർമ്മങ്ങളുടെ അനുഷ്ഠാനത്തിനു ആവശ്യമായവ സജ്ജമാക്കുകയും അതിനുവേണ്ട പുരോഹിതന്മാരെ സമ്പാദിക്കുകയും ചെയ്തിരുന്നു. അദ്ദേഹം ക്ലേശങ്ങളെ നവക്രിസ്ത്യാനികളെ സന്ദർശിക്കുകയും അവരുടെ മേൽനോട്ടം നിർവഹിക്കുകയും ചെയ്യുപോന്നു. പല സംഘടനകളും സ്ഥാപിച്ചു. ആ സംഘടനകളും അദ്ദേഹത്തിന്റെ പ്രതിഭയുടെ പ്രകടനങ്ങളായിരുന്നുവെന്നു പറയാം. അദ്ദേഹം രൂപംകൊടുത്ത പ്രേഷിതരംഗങ്ങളിൽ ഇന്നും സമൃദ്ധമായി വിശ്വാസ സമൂഹമുണ്ട്.

നാൽപത്താറുകാരനായ രണ്ടാമത്തെ അപ്പസ്തോലൻ

"ഇന്ത്യയുടെ രണ്ടാമത്തെ അപ്പസ്തോലൻ" എന്ന സംജ്ഞയ്ക്ക് വി. ഫ്രാൻസിസ് സേവ്യർ തികച്ചും അർഹനാണ്. 46 വർഷമേ ഈ ലോകത്തിലദ്ദേഹം ജീവിച്ചുള്ളൂ. 1552 ഡിസംബർ 2-നു സുവിശേഷപ്രചാരണത്തിനായി ചൈനയിലേക്കുള്ള യാത്രാമധ്യേ ഫ്രാൻസിസ് സേവ്യർ മാരകമായ രോഗത്തിനധീനനായി. സാഞ്ചിയോവിൽവച്ച് 1552 ഡിസംബർ 3-നു ആശീർവാദം നേടി. ഒരു കൈയിൽ മെഴുകുതിരിയും മറെ കൈയിൽ ക്രൂശിതരൂപവും പിടിച്ചുകൊണ്ട് വിശുദ്ധന്റെ പാവനാത്മാവു സ്വർഗ്ഗം പൂകി. മൃതശരീരം മലാക്കയിലെ ദേവാലയത്തിൽ സംസ്കരിച്ചു. 1552 ഡിസംബർ മാസാവസാനം വിശുദ്ധന്റെ മൃതശരീരം ഗോവയിലേക്ക് കൊണ്ടുപോന്നു. കൊച്ചിതുറമുഖത്ത് അടുത്തപ്പോഴും ഫാ. പിരീസ് വൈദികരോടും വലിയ പുരുഷാരത്തോടുംകൂടി മൃതശരീര ദർശനത്തിനു സന്നിഹിതനായി നിന്നിരുന്നു [11]. സജീവമായി തോന്നിയ മൃതശരീരം ഏറെ വലിയ നിക്ഷേപമായി ഗോവയിൽ ഇൻഫന്റ് ജീസസ് ദേവാലയത്തിൽ അക്ഷയമായി ഇന്നും കുടികൊള്ളുന്നു.

---

11. ജോൺ മയ്നാട്ട്: ഫ്രാൻസിസ് സേവ്യർ പേജ് 564-568.

malankaralibrary.com

പുണ്യശരീരം മാസ്മരപേടകം

അനേകായിരം തീർത്ഥാടകർ ഈ പുണ്യശരീരം സന്ദർശിച്ച് ഭക്ത്യാദരപൂർവ്വം ചുംബിച്ചു അനുഗ്രഹങ്ങളും കൈക്കൊള്ളുന്നു. അങ്ങനെ പോർട്ടുഗീസുകാർക്ക്, ഒരു രണ്ടാം അപ്പസ്തോലനെ ഭാരതത്തിനു പ്രദാനം ചെയ്യുവാൻ സാധിച്ചു. വി. ഫ്രാൻസിസ് സേവ്യർ എന്തു സന്ദേശമാണ് നമുക്കു നൽകുന്നത്? ബെല്ലിസോർട്ട് അദ്ദേഹത്തിന്റെ സന്ദേശം ഇപ്രകാരം സംക്ഷിപ്തമായി വിശദീകരിക്കുന്നു: അപായ മണികിലുക്കിക്കൊണ്ട് മുന്നറിയിപ്പുനൽകുന്ന ജോലിക്കാരനായ ഒരാളിനെപ്പോലെ വി. ഫ്രാൻസിസ് സേവ്യർ വിജനമായ കടൽത്തീരത്തിന്റെ ഒരറ്റംമുതൽ മറ്റെ അറ്റംവരെ തന്റെ മണികിലുക്കൽ തുടരും. ലോകത്തിന്റെ സുദീർഘമായ സീമകംവരെ അദ്ദേഹത്തിന്റെ അത്യുൽകൃഷ്ടമായ പ്രതിരൂപങ്ങൾ വഹിക്കുന്ന കർത്തവ്യം ഏറ്റെടുത്തുകൊണ്ട് ഉത്പ്രേഷിതകാഹളം വിളിക്കും. വിശ്രുതൻ ഒരിക്കലും നിറുത്താതെ അനുസ്യൂതം ഇങ്ങനെ ആവർത്തിച്ചുകൊണ്ടിരിക്കും. "എനിക്ക്, ആത്മാക്കളെ തരിക, വിധേയത്വവും വിനയവുമാണ് സർവ്വപ്രധാനം."

ഡോ. അലക്സ് മെനേസിസ്

ഗോവയിലെ മെത്രാപ്പോലീത്തായും പൗരസ്ത്യദേശത്തിലെ ഒപ്രേമേറ്റമായി പോർട്ടുഗൽ ഗവൺമെന്റ് നിയമിച്ച അഗസ്തീനിയൻ സന്യാസിയാണ് ഡോ. അലക്സ് മെനേസിസ്. 1595-ൽ അദ്ദേഹം ഇന്ത്യയിൽ എത്തിച്ചേർന്നു. "അനന്യസാധാരണമായ ബുദ്ധിശക്തിയും കർമ്മശേഷിയും ഒത്തിണങ്ങിയ ഒരു സഭാനേതാവ്, സമർത്ഥനും പ്രഗത്ഭനുമായ മഹാത്മാവ്" എന്നൊരു പൗളിനോസ് പാതിരി 'പൗരസ്ത്യഭാരതത്തിലെ ക്രിസ്തുമത'ത്തിൽ പ്രസ്താവിച്ചിരിക്കുന്നതു[12]. ലിസ്ബണിൽ നിന്നും ഇന്ത്യയിലേയ്ക്കുവന്ന മിഷനറിമാരിൽ ഏറ്റം ബുദ്ധിമാനും കാര്യശേഷിയുമുള്ള മെത്രാപ്പോലീത്ത. "രാജകീയ പ്രതാപത്തിൽ സമുല്ലസിച്ചിരുന്ന ആ മഹാപുരുഷൻ വലിയൊരു ക്ഷേത്രനും അഗാധപണ്ഡിതനും ആയിരുന്നു" വെന്നാണ് ഫാദർ ഫെറോളി എസ്. ജെ. പ്രസ്താവിച്ചിരിക്കുന്നതു[13]. മെനേസിസ് മെത്രാപ്പോലീത്തായുടെ സ്വഭാവശുദ്ധി, സേവനസന്നദ്ധത, ദീനാനുകമ്പ, അഭിപ്രായദാർഢ്യം എന്നീ ഗുണങ്ങൾ പ്രകീർത്തിച്ചിട്ടുള്ള പല മഹത്തുക്കളുമുണ്ട്[14]. "അനിതരസാധാരണമായ സമർത്ഥ്യവും, ശ്ലാഘനീയമായ ധീരതയും, അജയ്യമായ കർമ്മോത്സുകതയും, ദൃഢനിഷ്ഠയുമുള്ള വ്യക്തി എന്നൊരു സർദാർ കെ. എം. പണിക്കർ രേഖപ്പെടുത്തിയിരിക്കുന്നു

12. ജോൺ പള്ളത്ത്: പൗരസ്ത്യഭാരതത്തിലെ ക്രിസ്തുമതം പേജ് 35.
13. Ferroli S. J: The Jesuits in Malabar Vol. I. p. 181.
14. എൻ. ജെ. ജോസഫ്: ദീപാർച്ചന പേജ് 147.

malankaralibrary.com

തു[15]. അദ്ദേഹം ഗോവയിലെ മെത്രാപ്പോലീത്താ മാത്രമായിരുന്നില്ല. പോർട്ടുഗീസ് ഗവൺമെൻറിൻെറ രണ്ടാമത്തെ ഉദ്യോഗസ്ഥൻകൂടിയായിരുന്നു. വൈസ്രോയിയുടെ സ്ഥാനത്തിനു് ഒഴിവുണ്ടായാൽ അലക്സ് മെനേസിസ് മെത്രാപ്പോലീത്തയാണു് ആ സ്ഥാനം വഹിക്കേണ്ടതു്. എന്നായിരുന്നു പോർട്ടുഗീസ് ഗവൺമെൻറിൻെറ വ്യവസ്ഥ. ഏതാനും കാലത്തേയ്ക്കു് ഡോ. മെനേസിസ് വൈസ്രോയി ജോലി നിർവഹിച്ചു[16].

കേരളസഭയുടെ പുനരുദ്ധാരകൻ

പ്രശസ്ത പണ്ഡിതനും പാവനചരിതനും, അജാതശത്രുവും ആധ്യാത്മികാചാര്യനുമായിരുന്ന ഡോ. മെനേസിസ്. സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളെ സമർത്ഥമായി പരിഹരിക്കാൻ പ്രത്യേക കഴിവുണ്ടായിരുന്ന മെത്രാപ്പോലീത്താ നിർഭീകനും, വിശാല വീക്ഷണമുള്ളവനും, വശ്യവചസ്സായൊരു പ്രഭാഷകനും കൂടിയായിരുന്നു. ഉദാത്തങ്ങളായ നിരവധി വിശിഷ്ടഗുണങ്ങളുടെ വിളനിലമായ ഈ മെത്രാപ്പോലീത്തായുടെ ശ്രദ്ധ മാർത്തോമ്മാക്രിസ്ത്യാനികളുടെ ആത്മീയവും, സഭോപരവുമായ കാര്യങ്ങളിലേയ്ക്കാണു് പ്രധാനമായും പതിഞ്ഞതു്. ഇന്ത്യ ഉൾപ്പെടെയുള്ള പൂർവദേശങ്ങളും ഗോവാ മെത്രാപ്പോലീത്തായുടെ അധീനതയിലായിരുന്നു. ഡോ. അലക്സ് മെനേസിസ് 1595-ൽ ഗോവാ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടപ്പോഴും,മലബാറിലെ ദേവാലയങ്ങളുടെ മേലും അദ്ദേഹത്തിനു അധികാരമുണ്ടായിരുന്നു. ആർച്ചുബിഷപ്പ് മാർ അബ്രാഹത്തിൻെറ നിര്യാണത്തോടെ ഒഴിഞ്ഞുകിടന്ന അങ്കമാലി അതിരൂപതയുടെ ഭരണാധികാരം അപ്പസ്തോലിക തീട്ടരമനുസരിച്ച് ഡോ. മെനേസിസിനു സിദ്ധിച്ചു. അതിനാൽ മലബാറിലെ ദേവാലയങ്ങളും സന്ദർശിക്കുക, വേണ്ടിവന്നാൽ സൂനഹദോസ് വിളിച്ചുകൂട്ടുക എന്നീ പ്രവൃത്തികളും അദ്ദേഹത്തിൻെറ ന്യായമായ അധികാരസീമയിൽപെട്ട പ്രവർത്തനങ്ങളും മാത്രമായി പരിഗണിയ്ക്കപ്പെട്ടു[17]. 1599 ഫെബ്രുവരി 1-നാണു ഡോ. അലക്സ് മെനേസിസ് കൊച്ചിയിൽ ആഗതനായതു്.

ആസൂത്രണത്തിലും നിർവഹണത്തിലും അഗ്രഗാമി

കേരളകത്തോലിക്കരുടെ ഇടയിൽ നടമാടിയിരുന്ന വികലാചാരങ്ങളെയും,അന്ധവിശ്വാസങ്ങളെയും ഉൻമൂലനം ചെയ്യുന്നതിനും, നെസ്തോറിയൻ പാഷണ്ഡതയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും

---

15. കെ. എം. പണിക്കർ: ഉദയംപേരൂർ സൂനഹദോസിൻെറ കാനോനകളും അവതാരിക പേജ്-1 (1952).
16. കെ. എം. പണിക്കർ: ഉദയംപേരൂർ സൂനഹദോസ്. ഉദ്ധൃതഗ്രന്ഥം p. .3
17. G. T. Mackanzie: Christianity in Travencore p. 180.

malankaralibrary.com

അവരെ മോചിപ്പിക്കുന്നതിനും ഡോ. അലക്സ് മെനേസിസ് പരിശ്രമിച്ചു. പ്രധാനമായി മൂന്നു് ഉദ്ദേശ്യങ്ങളോടെയാണ് മലബാറിൽ വന്നതെന്നു് മെത്രാപ്പോലീത്താ പ്രഖ്യാപിച്ചു. മലബാറിലെ ക്രൈസ്തവരെ റോമൻ മാർപാപ്പയുടെ അധീനതയിലേക്കും ഐക്യത്തിലേക്കും തിരികെ കൊണ്ടുവരിക, നെസ്തോറിയൻ പാഷണ്ഡതയിൽനിന്നു കേരളസഭയെ മോചിപ്പിക്കുക, വൈദികരുടെയും, അൽമായരുടെയും സന്മാർഗജീവിതം സമുദ്ധരിക്കുക എന്നിവ. ആരാധനക്രമം സംബന്ധിച്ചു് രണ്ടുവിധത്തിലുള്ള ശുദ്ധീകരണം ആവിഷ്ക്കരിക്കപ്പെടാം എന്നു മെത്രാപ്പോലീത്താ കണ്ടു. പരിപൂർണമായും സിറിയൻ ആരാധനക്രമം പരിഷ്ക്കരിക്കുക, അതു് സാദ്ധ്യമല്ലെങ്കിൽ സിറിയൻ ഭാഷ നിലനിറുത്തിക്കൊണ്ടതന്നെ അതിലെ കർബാനക്രമവും, ക്ലദാശകളുടെ പരികർമ്മവുമെല്ലാം ലത്തീൻ രീതിയിലാക്കുക. ഈ കാര്യങ്ങളും സാധിക്കുന്നതിനു് സൂനഹദോസ് വിളിച്ചുകൂട്ടുവാൻ മെത്രാപ്പോലീത്ത തീരുമാനിച്ചു.

സൂനഹദോസ്വിരുദ്ധരുടെ ദുഷ്പ്രചരണങ്ങൾ

മാർത്തോമ്മാക്രിസ്ത്യാനികളുടെ അംഗീകാരവും, അനുഭാവവും കിട്ടുന്നതിനു എല്ലാ ഇടവകകളും അദ്ദേഹം സന്ദർശിച്ചു സൂനഹദോസിന്റെ ഉദ്ദേശ്യങ്ങളെക്കുറിച്ചു് പ്രസംഗിച്ചു. പട്ടം ലഭിക്കാതെ സെമിനാരിയിലുണ്ടായിരുന്ന 38 വൈദികവിദ്യാർത്ഥികൾക്കു് കർബാനപട്ടം നല്കി. ദേവാലയങ്ങളും സന്ദർശിച്ചുയവസരത്തിൽ ക്ലദാശകരും പരികർമ്മം ചെയ്യാനും, ദിവ്യബലി അർപ്പിക്കാനും ശ്ലൈഹികവാരത്തിൽ കടുത്തുരുത്തിപ്പള്ളിയിൽ ലത്തീൻ, സുറിയാനി രീത്തുകളിൽ ആഘോഷപൂർവമായി തിരുക്കർമ്മങ്ങളും നടത്തി. ഇതുവഴി ക്രൈസ്തവരുടെ സഹകരണവും അനുഭാവവും ആർജ്ജിക്കാൻ കഴിഞ്ഞു. ഇങ്ങനെ വളരെ തീക്ഷ്ണതയോടെ സൂനഹദോസിന്റെ നടത്തിപ്പിനുവേണ്ടി അഹോരാത്രം യത്നിച്ചു. തന്നോടു് അനുഭാവമില്ലാത്ത വൈദികരുടെയും, വിശിഷ്യ ആർച്ചുഡീക്കന്റെയും എതിർപ്പുകളും ഡോക്ടർ മെനേസിസിനു അഭിമുഖീകരിക്കേണ്ടിവന്നു. ശത്രുക്കളിൽനിന്നു രക്ഷനേടുന്നതിനും, മൂവരുടെ മ്ലേഛ പെരുമാറ്റത്തിൽനിന്നു ദുഷ്പ്രചരണത്തിൽനിന്നും വിമുക്തനാകുന്നതിനും മാത്രമാണു് അദ്ദേഹം കൊച്ചിരാജാവിന്റെ സംരക്ഷണം തേടിയതു്. ആയുധധാരികളായ മൂവായിരം യോദ്ധാക്കളുടെ പിൻബലത്തോടെ ആർച്ചുഡീക്കൻ മെനേസിസ് മെത്രാപ്പോലീത്തയെ സന്ദർശിക്കാൻവന്നു[18]. എല്ലാ വിഘ്നങ്ങളെയും സുധീരം തരണംചെയ്തുകൊണ്ടു് പ്രതിയോഗികളുടെ ഭീഷണികൾക്കു വഴങ്ങാതെ അടിയുറച്ച ആത്മധൈര്യത്തോടും, ചങ്കൂറ്റത്തോടും കൂടി സൂനഹദോസിന്റെ വിജയകരമായ നടത്തിപ്പിനുവേണ്ടി അദ്ദേഹം അക്ഷീണം പരിശ്രമിച്ചു.

18 Jonas Thaliath: Synod of Diamper p. 20-25.

malankaralibrary.com

ബഹിഷ്ക്കരണപരാജയത്തിനു പകരംവീട്ടൽ

സൂനഹദോസ് വിളിച്ചുകൂട്ടുന്നതിനു സഹായകമായ അന്തരീക്ഷം പുലർത്തുന്നതിനു്, ആർച്ച്ഡീക്കന്റെ ജോർജിനെയും, അദ്ദേഹത്തിന്റെ അനുയായികളെയും നിയന്ത്രിക്കേണ്ടിവന്നു. ഇതിനു് കൊച്ചി രാജാവിന്റെയും മറ്റു പ്രാദേശിക ഭരണകർത്താക്കളുടെയും സഹായം തേടി. ഈ പ്രവൃത്തിയെ അപലപിച്ചുകൊണ്ടു് ശത്രുക്കൾ: "ക്രൈസ്തവജനതയെ മുഴുവൻ കൊച്ചിരാജാവിന്റെ അധീനതയിലും, മേൽക്കോയ്മയിലും അടിയറവു വയ്ക്കുന്നതിനുള്ള ഉപജാപമാണു് ഈ പ്രവൃത്തി." ഡോ. മെനേസിസിനെ മലബാറിൽനിന്നു ബഹിഷ്ക്കരിക്കേണ്ടതാണെന്നുപോലും എതിരാളികൾ ആക്രോശിച്ചു. ഏതാനും ഹിന്ദുക്കളും, ക്രിസ്ത്യാനികളുംചേർന്നു് അദ്ദേഹത്തെ അപായപ്പെടുത്താനും ശ്രമിക്കാതിരുന്നില്ല [19]. ഈ സന്ദർഭങ്ങളിൽ വിവേകത്തോടും ആത്മധൈര്യത്തോടുംകൂടി പ്രവർത്തിച്ചു് എല്ലാ വിപത്തുകളെയും അദ്ദേഹം തരണം ചെയ്തു. മലബാറിലെ ക്രൈസ്തവരുടെമേൽ ഡോ. അലക്സു് മെനേസിസിനു യാതൊരു അധികാരവുമില്ലാത്തതിനാൽ പള്ളികൾ സന്ദർശിക്കുന്നതും, സൂനഹദോസ് വിളിച്ചുകൂട്ടുന്നതും ക്രമവിരുദ്ധമാണെന്നു് ചിലർ ആക്ഷേപിച്ചിരുന്നു. 1557-ൽ പോപ്പ് നാലാമൻ മാർപാപ്പ ഗോവയെ അതിരൂപതയായി ഉയർത്തിയതിനാൽ ഇന്ത്യ ഉൾപ്പെടെയുള്ള പൗരസ്ത്യരാജ്യങ്ങളും ഡോ. മെനേസിസിന്റെ അധികാരസീമയിൽ ഉൾപ്പെട്ട എന്നുള്ളതു് അനുകൂലസിദ്ധാന്തം. ഡോ. മെനേസിസ് ഗോവ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടിരിക്കുന്നതിനാൽ മലബാർസഭയും, അങ്കമാലി രൂപതയും ഈ മെത്രാപ്പോലീത്തയുടെ ഭരണാധികാരത്തിൽപ്പെടുന്നു [20].

അനിവാര്യമായ നവീകരണ മഹാസമ്മേളനം

കേരളത്തിലെ ജാതിവ്യവസ്ഥയും, അന്ധവിശ്വാസങ്ങളും, മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വിശ്വാസവൈപരീത്യത്തിനുമെതിരായി ഒരു നൂറ്റാണ്ടുകാലമായി മിഷനറിമാർ നടത്തിപ്പോന്നനവീകരണ പ്രവർത്തനങ്ങൾക്കു് നിയമപരമായ അംഗീകാരം മാത്രമാണു് കേരളത്തിലെ ക്രൈസ്തവരുടെയും വൈദികരുടെയും പ്രാതിനിധ്യമുള്ള ഉദയംപേരൂർ മഹാസമ്മേളനത്തിൽവച്ചു ലഭിച്ചതു്. സൂനഹദോസ് സംഘാടകനും, അധ്യക്ഷനും ഡോ. അലക്സ് മെനേസിസ് മെത്രാപ്പോലീത്ത തന്നെ. 1599 ജൂൺ 20 മുതൽ 26-ാം തീയതിവരെ നീണ്ടുനിന്ന ഈ സൂനഹദോസ് വമ്പിച്ച വിജയമായി. ഉദയംപേരൂർ സൂനഹദോസ്വഴി ഡോ. മെനേസിസ് മെത്രാപ്പോലീത്ത ചെയ്ത

19. L.M. Pylee: St.Thomas Christians and Archdiocese of Verapoly pp. 123-125.
20. L. M. Pylee: St. Thomas Christians and Archdiocese of Verapoly pp. 126-127.

malankaralibrary.com

സേവനങ്ങളെ മലങ്കരസഭ എല്ലാകാലങ്ങളിലും കൃതജ്ഞതാപൂർവം സ്മരിക്കേണ്ടതാണ്. അനേകം തെറ്റുകൾ തിരുത്തപ്പെടേണ്ടവയായിട്ടുണ്ടായിരുന്നു. അനേകം ആചാരങ്ങൾ നിർമ്മാർജ്ജനം ചെയ്യപ്പെടേണ്ടതായിട്ടും ഉണ്ടായിരുന്നു.''(ഡോ. ഫ്രാസിഡ്)[21].

സുന്നഹദോസിന്റെ സമാപനദിവസം മാർ അബ്രാഹമിന്റെ പിൻഗാമിയായി ഒരാളെ തെരഞ്ഞെടുക്കണമെന്നു ഡോ. മെനേസിസ് മെത്രാപ്പോലീത്ത ആവശ്യപ്പെട്ടു. അപ്പോൾ ആർച്ചുഡീക്കൻ ഉൾപ്പെടെ, മറ്റു വൈദികരും, ജനപ്രതിനിധികളും അഭികാമ്യമായ ആ സ്ഥാനത്തേയ്ക്കു ഡോ. മെനേസിസിനെതന്നെ നിയമിക്കണമെന്നു അഭ്യർത്ഥിച്ചു [22]. ഡോ. മെനേസിസിനോടുള്ള അകൈതവമായ സ്നേഹവും, ആദരവും, കൃതജ്ഞതയും സൂചിപ്പിച്ചിരുന്ന അധരങ്ങളിൽ നിന്നായിരുന്നല്ലോ ആ നിർദ്ദേശം.

ഡോ. മെനേസിസിനെത്തന്നെ അങ്കമാലിയിലെ മെത്രാപ്പോലീത്തയായി നിയമിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം റോമിൽ ലഭിച്ചുവെങ്കിലും ഡോ. മെനേസിസ് ഗോവയിലെ മെത്രാപ്പോലീത്തയായതുകൊണ്ട് മലബാർ ക്രിസ്ത്യാനികളുടെ അപേക്ഷ റോം സ്വീകരിച്ചില്ല [23].

കാനോനകൾ അന്നു കാലോചിതം

അന്ധവിശ്വാസങ്ങളെ തിരസ്കരിച്ചുകൊണ്ടും, കത്തോലിക്കവിശ്വാസവും, മാർ പാപ്പയോടുള്ള വിധേയത്വവും പ്രഖ്യാപിച്ചുകൊണ്ടും അവസാനിച്ച ഉദയംപേരൂർ സുന്നഹദോസിലെ കാനോനകൾ മലബാർ ക്രിസ്ത്യാനികളുടെമേലുള്ള റോമിന്റെ ആധിപത്യത്തിനു അടിത്തറയിട്ടു. പാഷണ്ഡതകൾ തിരുത്തുന്നതിനുള്ള ഡോ. മെനേസിസിന്റെ ആവേശത്തള്ളലിൽ പരമ്പരാഗതമായ അനേകം സാമൂഹ്യചരിത്രരേഖകൾ അഗ്നിക്കിരയായെന്നു ചില ചരിത്രകാരൻമാർ പറയുന്നു [24]. ഈ സുന്നഹദോസിന്റെ ഫലമായി സുറിയാനിക്കാർ ഇവിടെ ദീർഘകാലം ഉപയോഗിച്ചുകൊണ്ടിരുന്ന പല ഗ്രന്ഥങ്ങളും പ്രാർത്ഥനാപുസ്തകങ്ങളും നശിപ്പിക്കപ്പെട്ടു. ശേഷിച്ചവയിലെ തെറ്റുകൾ തിരുത്തപ്പെട്ടു. തിരുത്തിയ പുസ്തകങ്ങളിലുണ്ടായിരുന്ന നെസ്തോറിയസ്, തിയോഡോർ പേരുകൾ ഉച്ചരിയ്ക്കാതെ വിട്ടുകളഞ്ഞിട്ടാണു മിശ്രബലി അർപ്പിച്ചിരുന്നതു. കത്തനാരന്മാർ പിന്നീടു കുറെ കാലത്തേയ്ക്കുകൂടെ ഉപയോഗിച്ചിരുന്നു.

---

21. Fr. Placid: The Syrian Church of Malabar p. 43.
22. L. M. Pylee: The St. Thomas Christians and Archdiocese of Verapoly. p. 131.
23. G. T. Mackenzie: Christianity in Travancore.
24. ജോൺ ഓച്ചന്തുരുത്തു്: മാന്യമ്മേനി പേജ് 180.

malankaralibrary.com

ആരോപണങ്ങളും ദുരുദ്ദേശപൂർണ്ണവുമായിരുന്നു.

പുതിയ പുസ്തകങ്ങളും (തക്സു) അച്ചടിച്ചു് റോമിൽനിന്നും കൊണ്ടുവരുന്നതിൽ നേരിട്ട പ്രയാസങ്ങളും നിമിത്തമാണു് ഈ പുസ്തകങ്ങളും കുറെ കാലത്തേയ്ക്കുടി ഉപയോഗിക്കുവാൻ അനുവദിച്ചതു്. സുറിയാനിയിലും, മലയാളത്തിലും അഗാധപാണ്ഡിത്യം സമ്പാദിച്ചിരുന്ന ഫാ. റോസു് എസു്. ജെ. (പിന്നീടു് കൊടുങ്ങല്ലൂർ അതിരൂപത മെത്രാൻ) ഫാ. ജോൺ മേരി കൊംപറേവുഡ എസു്. ജെ. എന്നിവരാണു് പുസ്തകങ്ങളും ശ്രദ്ധാപൂർവം പഠിച്ചശേഷം ആവശ്യമായ ഭേദഗതികളും തിരുത്തലുകളും നിർദ്ദേശിച്ചതു്. ചിലർ ആരോപണമുന്നയിക്കുന്നതുപോലെ ഡോ. മെനേസിസു് സഹപ്രവർത്തകരോടുകൂടി പൗരസ്ത്യറീത്തുകാരുടെ ആചാരാനുഷ്ഠാനങ്ങളും, അവരുടെ യഥാർത്ഥവിശ്വാസവും തെറ്ററിദ്ധരിച്ചു് ദുരുപദിഷ്ടമായിട്ടാണു് മാറ്റങ്ങളും വരുത്തിയതു് എന്ന പ്രസ്താവന ശരിയല്ല, അവ അടിസ്ഥാനരഹിതമാണു് [25]. 1599 അന്ത്യത്തിൽ അലക്സു് മെനേസിസു് മെത്രാപ്പോലീത്ത ഗോവയിലേയ്ക്കു കപ്പൽകയറുന്നതിനുമുൻപു് കൊച്ചിയിൽവച്ചു് കേരളത്തിലെ വൈദികരും, ജനങ്ങളും ചേന്നു് അദ്ദേഹത്തിനു ഗംഭീര യാത്രയയപ്പു നൽകി. കൊച്ചിയിലെ രണ്ടു നസ്രാണി സേനാനായകരും അവരുടെ ആശ്രിതന്മാരിൽ ചിലരും ഗോവവരെ അനുയാത്ര ചെയ്തു. സൂനഹദോസിനു ശേഷം ആർച്ചു് ഡീക്കൻ ജോർജു് മാർപാപ്പയ്ക്കയച്ച സന്ദേശത്തിൽ ഡോ. മെനേസിസു് മെത്രാപ്പോലീത്ത മലങ്കരസഭയ്ക്കുവേണ്ടി നിർവഹിച്ച കാര്യങ്ങളെ മുക്തകണ്ഠം അഭിനന്ദിച്ചു [26].

റോബർട്ടു് ഡി നോബിലി

ഫാ. റോബർട്ടു് ഡി നോബിലി ഹൈന്ദവ ആചാരങ്ങളുംകൂടി കർമ്മാനുഷ്ഠാനങ്ങളുംകൂടി ക്രിസ്തീയപരിവേഷം കൊടുത്തു് സവർണഹിന്ദുക്കളെ ക്രിസ്തുമതത്തിൽ ചേർക്കുന്നതിനു് പരിശ്രമിച്ചു. സവർണഹിന്ദുക്കളെ ക്രിസ്തുവിനായി നേടുന്നതിനു് അദ്ദേഹം ഹൈന്ദവരുടെ ജീവിതരീതി സ്വീകരിച്ചുകൊണ്ടുള്ള യജ്ഞം തുടങ്ങി. വേദങ്ങളും ഉപനിഷത്തുക്കളും പഠിക്കയും ഭാരതസംസ്കാരത്തെ സ്വാംശീകരിക്കുന്നതിനു ശ്രമിക്കയും ഹൈന്ദവഗ്രന്ഥങ്ങളെ മാതൃഭാഷയിലേക്കു ഭാഷാന്തരപ്പെടുത്തി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അങ്ങനെ ഹൈന്ദവർക്കു ക്രിസ്തുമതത്തോടുണ്ടായിരുന്ന മുൻവിധികളെയും തെറ്റുധാരണകളെയും തട്ടിത്തകർത്തുകൊണ്ടു് ക്രിസ്തുമതം ഇന്ത്യൻ സംസ്കാരത്തിനു് അനുയോജ്യമായതാണെന്നു റോബർട്ടു് ഡി നോബിലി തെ

25. എൻ. ജെ. ജോസഫു്: ദീപാർച്ചന പേജു് 150-157.

26. Ferroli S. J.: The Jesuits in Malabar Vol. I p. 206.

malankaralibrary.com

ളിയിച്ചു[27]. ഈ നൂതന സുവിശേഷപ്രചാരണശൈലിയിലൂടെ ജന ഹൃദയങ്ങളിൽ റോബർട്ട് നോബിലി പ്രതിഷ്ഠ നേടി. തൽഫലമായി ആയിരങ്ങൾ ക്രിസ്തുമതം സ്വീകരിച്ചു.

ഭാരതീയ പ്രചാരണശൈലി

ടസ്ക്കനിയിലെ മോൺതെപുൽ ഡിയാന്നെയിലാണ് ഫാ. റോബർട്ട് ജനിച്ചത്. കുട്ടിനാളും വിശുദ്ധനുമായ റോബർട്ട് ബല്ലർ ബിനുമായി അടുത്തബന്ധമുണ്ടായിരുന്നു. അവർ രണ്ടുപേരും ഒരു നഗരത്തിലാണു ജനിച്ചുവളർന്നത്. റോബർട്ട് ഈശോസഭയിൽ ചേർന്ന് വൈദികനാകാൻ ഉദ്യമിച്ചപ്പോൾ സ്വന്തപ്പെട്ടവരിൽ നിന്നു പല പ്രതിബന്ധങ്ങളും തരണം ചെയ്യേണ്ടിവന്നു. ക്രിസ്തുവിനെ സേവിക്കുന്നതിനു അജ്ഞാതനായി, ആരാലും അറിയപ്പെടാതെ ജീവിക്കാൻ അദ്ദേഹം ആഗ്രഹിച്ചു. സ്വഗൃഹത്തിൽനിന്നു ഒളിച്ചോടുന്നതിനും തയ്യാറായി. പിന്നീടു ഈശോസഭയിൽ ചേർന്നു. നവസന്യാസകാലം കഴിഞ്ഞപ്പോൾ ഇന്ത്യയിൽ മിഷനറിയായി പോകുന്നതിനു അനുമതിക്കായി കാത്തുനിന്നു. ഇറാലി വിട്ട് അന്യരാജ്യങ്ങളിൽ മിഷൻപ്രവർത്തനത്തിനു പോകാനുള്ള ഉദ്യമങ്ങളെ വീട്ടുകാർ തടസ്സപ്പെടുത്തി. ദൈവത്തെ അനുസരിക്കേണ്ട സന്ദർഭമുണ്ടാകുമ്പോൾ മറ്റു യാതൊന്നും കാര്യമായി പരിഗണിക്കേണ്ടതില്ലെന്നു അദ്ദേഹം വാദിച്ചു. 1605-ൽ റോബർട്ട് ഗോവയിൽ എത്തിച്ചേർന്നു[28].

ക്രിസ്ത്യാനികളെ പോർട്ടുഗീസുകാരാക്കരുത്

ഫാ. റോബർട്ട് ഡി നോബിലി 1613-ൽ ഈശോസഭാധികാരികൾക്കു ഇവിടത്തെ മതപരിവർത്തനരീതിയെപ്പറ്റി ഇപ്രകാരമെഴുതി: ഇന്ത്യാക്കാരെ പോർട്ടുഗീസുകാർ ക്രിസ്ത്യാനികളാക്കുക മാത്രമല്ല ചെയ്യുന്നതു. ക്രിസ്ത്യാനികളെ പോർട്ടുഗീസുകാരാക്കുക കൂടി അവർ ചെയ്യുന്നു. പുതുതായി ക്രിസ്തുമതം സ്വീകരിച്ചവരെക്കൊണ്ടും മാംസം ഭക്ഷിപ്പിക്കുകയും വീഞ്ഞു കുടിപ്പിക്കുകയും ചെയ്യുക സാധാരണം. ഈ ക്രിസ്ത്യാനികൾ ഹൈന്ദവർക്കു അരോചകം ഉളവാക്കുന്ന രീതിയിലുള്ള ജീവിതരീതിയാണു അവലംബിച്ചിരിക്കുന്നത്. ജ്ഞാനസ്നാനാർത്ഥികൾ മാമ്മോദീസാ സ്വീകരിക്കുന്നതിനു മുമ്പ് സ്വന്തം ജാതി ഉപേക്ഷിക്കേണ്ടിവരുന്നു. അവർ ജാതിരഹിതരായി "കൊളമ്പുക്കോസ്" എന്നു വിളിക്കപ്പെട്ടവരുന്നു.

ബ്രാഹ്മണനാട്ടിൽ ബ്രാഹ്മണനെപ്പോലെ

മധുര ദക്ഷിണേന്ത്യയിലുള്ള ഹിന്ദുസ്ഥാന്റെ തലസ്ഥാനം. ശില്പകലാസുന്ദരങ്ങളായ അമ്പലങ്ങളും മനോഹരങ്ങളായ കെട്ടിടങ്ങളും വി

27. Ancient Mission Du Madurae p. 220.
28. Ferroli S. J.: The Jesuits in Malabar Vol. II. p. 378.

malankaralibrary.com

ജ്ഞാനകേന്ദ്രങ്ങളായ ഹൈന്ദവാശ്രമങ്ങളും മറ്റു സ്ഥാപനങ്ങളും നിറഞ്ഞുനിന്ന മഹാനഗരം. ആഢ്യ ബ്രാഹ്മണർ അധിവസിച്ചിരുന്ന നഗരം. തൊട്ടുകൂടായ്മ, തീണ്ടൽ മുതലായ ആചാരാനുഷ്ഠാനങ്ങൾക്കു വളക്കൂറുള്ള ഭൂഭാഗം.

ദൈവപുത്രൻ മനുഷ്യരെ രക്ഷിക്കുന്നതിനു മനുഷ്യജഡം സ്വീകരിച്ചു മനുഷ്യനായി ഈ ഭൂമിയിൽ ജീവിച്ചല്ലൊ. അതിനാൽ ബ്രാഹ്മണരെ ക്രിസ്തുവിനായി നേടുന്നതിനു എന്തുകൊണ്ടു ബ്രാഹ്മണവേഷം സ്വീകരിച്ചുകൂടാ. ക്രിസ്ത്യാനിയായ പോർട്ടുഗീസുകാരനെപ്പോലെയല്ല, ബ്രാഹ്മണനെപ്പോലെ വസ്ത്രങ്ങളണിഞ്ഞു അവരെപ്പോലെ ജീവിച്ചു മധുരമിഷനിൽ പ്രേഷിതപ്രവർത്തനങ്ങൾ നടത്താൻ ഫാ. നോബിലി അഭിലഷിച്ചു. സ്വയം പരിത്യജിച്ചുകൊണ്ടു ദാരിദ്ര്യത്തിന്റെയും ശുദ്ധതയുടെയും ജീവിതം നയിച്ചു ഒരു ഹിന്ദു സന്യാസിയായിത്തീരുക. മറ്റൊരു വാക്കിൽ പറഞ്ഞാൽ പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ജീവിതം അവലംബിച്ചുകൊണ്ടു സവർണ ഹിന്ദുക്കളെ ക്രിസ്തുമതത്തിലേക്കു ആനയിക്കുവാൻ ശ്രമിക്കുക. ഫാ. റോബർട്ടിന്റെ ഈ നവീനമിഷൻപ്രവർത്തനശൈലി ഈശോസഭാ പ്രൊവിൻഷ്യാളും മധുരാധിപതിയിലെ മെത്രാപ്പോലീത്തയും അംഗീകരിച്ചു. താനും ദൈവരാജ്യത്തിലെ ഒരു പൗരനാണെന്നു ഏറ്റുപറഞ്ഞുകൊണ്ടു ഹൈന്ദവമതത്തിന്റെ ഉർഗ്ഗങ്ങളിൽ പ്രവേശിച്ചു, നാലു വേദങ്ങളും ഹൃദിസ്ഥമാക്കി. ഹൈന്ദവഗുരുവിനെപ്പോലെ പ്രസംഗിക്കയും പഠിപ്പിക്കയും ഹൈന്ദവതത്ത്വങ്ങളെ സ്വാംശീകരിക്കയും ചെയ്തു. ഹൈന്ദവാചാരങ്ങൾക്കു ക്രിസ്തീയപരിവേഷം നൽകി അനേകം ബ്രാഹ്മണരെ ക്രിസ്തുമതത്തിലേക്കു നോബിലി ആകർഷിച്ചു [29].

ഭാരതീയസംസ്ക്കാരത്തോടു ആഭിമുഖ്യം

ഫാ. ഗോൻസാംസ് ഫെർണാണ്ടസ് എസ്. ജെ. 1595-ൽ മധുരയിൽ വന്നു പ്രേഷിതപ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. വളരെ ഉത്സാഹപൂർവം സുവിശേഷ പ്രസംഗങ്ങളും മറ്റും നടത്തിയിട്ടും മാനസാന്തരങ്ങൾ വളരെ വിരളം. അദ്ദേഹത്തിന്റെ പ്രേഷിതപ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നില്ല. സമുദ്രതീരങ്ങളിൽ അധിവസിച്ചിരുന്ന എഴ്താനും താഴ്ന്നജാതിക്കാരെ മാത്രമേ ജ്ഞാനസ്നാനപ്പെടുത്തുവാൻ സാധിച്ചുള്ളൂ. ക്രൈസ്തവദേവാലയങ്ങളും, മതാനുഷ്ഠാനങ്ങളും ഒന്നുംതന്നെ മധുരയിലെ ജനതയെ ആകർഷിച്ചിരുന്നില്ല. ഇത്തരുണത്തിലാണ് ഫാ. റോബർട്ട് ഡി നോബിലി ഇന്ത്യൻ സംസ്ക്കാരത്തെക്കുറിച്ചു ഒരു പഠനം നടത്തിയതു. ഇന്ത്യാക്കാർ പൂജ്യമായും ആദരവോടുംകൂടി അനുഷ്ഠിച്ചിരുന്ന പല ഉൽകൃഷ്ടങ്ങളായ ആചാരാനുഷ്ഠാനങ്ങളെ പോർട്ടുഗീസുകാർ ലംഘിച്ചിരുന്നതിനാൽ മധുരയിൽ ഉന്നതകുലത്തിൽപ്പെട്ട ഹിന്ദുക്കൾക്കു പോർട്ടുഗീസുകാരോടു അവജ്ഞ തോ

29. Ferroli S. J.: The Jesuits in Malabar op. cit. Vol.II. p.380-384.

malankaralibrary.com

ന്നിയിരുന്നു. അതിനാൽ ഹീനമായി താഴ്ന്നകുലത്തിൽപെട്ട വർഗ ക്കാരെ സംബോധന ചെയ്യുന്ന വിധത്തിൽ പോർട്ടുഗീസുകാരെ ഹിന്ദു ക്കൾ പ്രാൻഗ്വികൾ (Prangis) എന്നു് വിളിക്കുമായിരുന്നു. അതി നാൽ പോർട്ടുഗീസുകാരോടു് അടുത്തു് പെരുമാറുന്നതിനും അവരെ സമീപിക്കുന്നതിനും ഉന്നതകുലജാതിയിൽപെട്ട ഹൈന്ദവർക്കു് താൽ പര്യമില്ലായിരുന്നു. പോർട്ടുഗീസുകാർ മാംസം ഭക്ഷിക്കുകയും കീഴു് ജാതിയിൽപ്പെട്ടവരോടു് സമ്പർക്കം പുലർത്തുകയും ചെയ്യുന്നതുകൊണ്ടു് പോർട്ടുഗീസുകാർ സവർണഹിന്ദുക്കളുടെ അവജ്ഞാപാത്രമായി.

പോർട്ടുഗീസുകാരായ ഫാ. ഫെർണാണ്ടസു് താഴ്ന്നജാതിയിൽ പ്പെട്ടവരെ മാനസാന്തരപ്പെടുത്തുന്നതിൽ ജാഗരൂകനായിരുന്നതിനാൽ സവർണഹിന്ദുക്കൾക്കു് അദ്ദേഹം സ്വീകാര്യനായില്ല. പുച്ഛമനോ ഭാവത്തോടെയാണു് അദ്ദേഹത്തെ ഉന്നതകുലജാതർ വീക്ഷിച്ചിരുന്ന തു്. ഫാ. റോബർട്ടു് ഡി നോബിലിയുടെ അഭിപ്രായം സവർണ ഹിന്ദുക്കളോടു് പ്രത്യേകവിധം അടുത്തു അവരിൽ ഒരുവനെപ്പോലെ ആയിത്തീർന്നു് സുവിശേഷപ്രഘോഷണം നടത്തിയാലേ അവരെ ക്രിസ്തുവിലേക്കു് ആകർഷിക്കാൻ സാധിക്കുകയുള്ള എന്നായിരുന്നു.

കാശുരൂപം കോർത്ത പൂണൂൽ

ഫാ. റോബർട്ടിന്റെ സുപ്പീരിയർമാരും സഹപ്രവർത്തകരിൽ ഭൂരിഭാഗവും മറ്റു ഈശോസഭാംഗങ്ങളും ഈ നവീന ആചാരാനുഷ്ഠാന ത്തിനും പദ്ധതിക്കും അനുമതിനൽകി ഫാ. നോബിലിയെ പ്രോൽ സാഹിപ്പിച്ചു. ഫാ. നോബിലി ഹിന്ദു സന്യാസിയെപ്പോലെ കാ ഷായ വസ്ത്രം ധരിച്ചു കാഷ്ഠരൂപം കോർത്ത പൂണൂലും കെട്ടി നെറ്റി നിറയെ ചന്ദനവും തേച്ചു് വ്യാപരിച്ചുതുടങ്ങി. അതായതു് സർവ സംഗപരിത്യാഗിയെപ്പോലെ ജീവിച്ചു. മാംസമത്സ്യഭക്ഷ്യപേയങ്ങളും അദ്ദേഹം പാടെ ഉപേക്ഷിച്ചു. ഒരു ബ്രാഹ്മണനെ ഗുരുവായി സ്വീകരിച്ചു് സംസ്കൃതവും, മന്ത്രങ്ങളും, ഉപനിഷത്തുകളും പഠി ച്ചുതുടങ്ങി. ചോറും വെള്ളവും പച്ചക്കറികളും മാത്രം ഭക്ഷിച്ചു പോന്നു. അതും ദിവസത്തിൽ ഒരിക്കൽമാത്രം. വിദ്യാഭ്യാസമുള്ള പല സവർണ ഹിന്ദുക്കളും ഫാ. നോബിലിയോടു് സഹവസിക്കയും വേദസത്യങ്ങ ളെക്കുറിച്ചു ചർച്ച ചെയ്യുകയും അങ്ങനെ തങ്ങളുടെ സംശയനിവാര ണം വരുത്തുകയും ചെയ്തുക പതിവായി. ദൈവത്തിന്റെ ഏകത്വം, മതസ്വാതന്ത്ര്യം, പുനർജന്മം എന്നീ വിഷയങ്ങളെക്കുറിച്ചു ഹൈന്ദവ പണ്ഡിതരുമായി ഫാ. നോബിലി ചർച്ചകൾ നടത്തി. ദൈവിക തത്വങ്ങൾ ഹൃദിസ്ഥമാക്കി ക്രൈസ്തവ ജപങ്ങളും പഠിച്ചു് ഒരു ബ്രാഹ്മണൻ ജ്ഞാനസ്നാനം സ്വീകരിച്ചു. ജ്ഞാനസ്നാനപ്പെട്ട ഈ ബ്രാഹ്മണൻവഴി മറ്റു പലരും ക്രിസ്തുമതം സ്വീകരിച്ചുതുടങ്ങി. ഈ സംഭവം മതഭ്രാന്തരായ പല ഹിന്ദുക്കളുടെയും അപ്രീതിക്കു കാര ണമായതിനാൽ ഫാ. നോബിലിക്കു പല പ്രതിബന്ധങ്ങളും അഭിമു

malankaralibrary.com

ഖീകരിക്കേണ്ടിവന്നു. ഫാ.നോബിലി ഹതാശനാകാതെ സുധീരം മുന്നോട്ടു പോകുവാൻ ദൃഢനിശ്ചയം ചെയ്തു.

ഡി നോബിലിക്കെതിരേ ഭീമഹർജി

ശത്രുക്കൾ ഫാ. നോബിലിയെ അപഹസിക്കയും തടവിലാക്കുകയും, അദ്ദേഹത്തിന്റെ ജീവൻതന്നെ അപകടത്തിലാണെന്നു പറഞ്ഞു ഭീഷണിപ്പെടുത്തുകയും മറ്റും ചെയ്തു. അദ്ദേഹം തന്റെ നിശ്ചയത്തിൽ അചഞ്ചലനായി നിലകൊണ്ടു. പിന്നീട് ഫാ. എമ്മാനുവേൽ ലെയിസ്സയെ, താൻ സമാരംഭിച്ച സവർണഹിന്ദുക്കളുടെ മാനസാന്തരപ്രക്രിയ തുടർന്നുകൊണ്ടുപോകാൻ ഭരമേൽപിച്ചിട്ട് മറ്റൊരു നഗരം തന്റെ പ്രവർത്തനരംഗമായി തെരഞ്ഞെടുത്തു. ഫാ. നോബിലിയുടെ സഹപ്രവർത്തകനും പിൻഗാമിയുമായിരുന്ന ഫാ. ലെസിനയ്ക്കു പല പ്രതിബന്ധങ്ങളെയും കുറ്റാരോപണങ്ങളെയും അഭിമുഖീകരിക്കേണ്ടിവന്നു. ഫാ. നോബിലി തന്റെ പുതിയ കമ്മപദ്ധതിയിലും സുവിശേഷപ്രഘോഷണപരിപാടികളിലും വിജയം കൈവരിച്ചതിലുള്ള അസൂയനിമിത്തം അദ്ദേഹത്തിന്റെ ശത്രുക്കൾ ഫാ. പ്രൊവിൻഷ്യാളിനും, ഫാ. ജനറലിനും, ഫാ. നോബിലിയുടെ പ്രവർത്തനങ്ങളെ താറടിച്ചു കാണിച്ചുകൊണ്ടും കുറ്റങ്ങൾ ആരോപിച്ചുകൊണ്ടും നീണ്ടഹർജികൾ അയച്ചു. ജാതിയുടെ അടിസ്ഥാനത്തിൽ ഫാ. നോബിലി പ്രത്യേക സഭസ്ഥാപനം ത്വരീകരിക്കുന്നുവെന്നും, താഴ്ന്നജാതിക്കാർക്കു ഫാ. നോബിലിയുടെ ക്രൈസ്തവസമൂഹത്തിൽ അംഗത്വം നൽകിയിരുന്നില്ലെന്നും ഉള്ള ആരോപണങ്ങൾ അവർ ഉന്നയിച്ചു. ഫാ. ജനറൽ ഫാ. നോബിലിയുടെ ഈ സാഹസകൃത്യത്തിൽ പരിതപിച്ചു ഹർജിയിൽ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾക്കു മറുപടിയും വിശദീകരണങ്ങളും നൽകുവാൻ ആവശ്യപ്പെട്ടു. ഗോവയിലെ മെത്രാപ്പോലീത്ത ഫാ. നോബിലിയുടെ പ്രേഷിതപ്രവർത്തനത്തിലെ നവീനരീതിയെയും പ്രതിഭാസത്തെയും അനുകൂലിച്ചു. താൻ ആരംഭിച്ച മാനസാന്തര പ്രക്രിയയെപ്പറ്റിയുള്ള വിശദവിവരം ഫാ. നോബിലി എഴുതി റോമിലേക്കയച്ചു.

ഉടുപ്പിനുപകരം കാവിമുണ്ട്

തന്റെ പുതിയ പ്രവർത്തനങ്ങളുടെ നൂതനരീതികളും റോമിന്റെയും അംഗീകാരത്തിനു പാത്രമായി.മാത്രമല്ല ഗോവയിലെ വിചാരണകോടതിയിലെ(Inquisition) അംഗങ്ങളായ ഗോവാ മെത്രാപ്പോലീത്തായും കൊട്ടങ്ങല്ലൂർ മെത്രാപ്പോലീത്തായും ഈശോസഭയുടെ സുപ്പീരിയർ ജനറലും, ഫാ. നോബിലിയുടെ സുവിശേഷപ്രവർത്തനങ്ങളിൽ തൃപ്തിപ്രകടിപ്പിച്ചു. അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ടു എഴുത്തുകളയച്ചു. 1623 ജനുവരി 31-ന ഗ്രിഗറി മാർപ്പാപ്പ പ്രസിദ്ധീകരിച്ച ബുളവഴി, ഫാ. നോബിലി തന്റെ പ്രേഷിതപ്രവർത്തനങ്ങ

malankaralibrary.com

ളുടെ വെളിച്ചത്തിൽ നടപ്പാക്കിയ നൂതനരീതികൾക്കും പ്രക്രിയകൾക്കും അംഗീകാരം നല്കി. റോമിൽനിന്നു മറെറാരു തീരുമാനമുണ്ടാകുന്നതുവരെ അവ തുടർന്നുകൊണ്ടുപോകുവാൻ അനുവദിച്ചു. അദ്ദേഹത്തിനു മുന്നു സഹപ്രവർത്തകരെക്കൂടി ലഭിച്ചതിനാൽ തന്റെ പ്രേഷിതപ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നോട്ടുകൊണ്ടുപോകുന്നതിനു് സാധിച്ചു. മധുരയുടെ ഉൾഭാഗത്തേയ്ക്കു തന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു.

അദ്ദേഹത്തിന്റെ അവസാനത്തെ പ്രവർത്തനരംഗം സിലോണിലെ ജാഫ്നപട്ടണമായിരുന്നു. ക്രിസ്തീയപാരമ്പര്യങ്ങളെ ഉപേക്ഷിച്ചു ബ്രാഹ്മണരെപ്പോലെ മുണ്ടുടുക്കുകയും സസ്യഭോജനംമാത്രം കഴിക്കയും ചെയ്യുന്നതുകൊണ്ടു് ക്രൈസ്തവന്റെ ആന്തരികചൈതന്യം നഷ്ടപ്പെടുന്നതല്ല എന്നു് ഫാ. നോബിലി തന്റെ ജീവിതരീതിമുഖേന വ്യക്തമാക്കി. കാവിവസ്ത്രം ധരിച്ചു് നെറ്റിത്തടത്തിൽ ചന്ദനംപൂശിയും കുരിശുകെട്ടിയ പൂണൂലും ധരിച്ചുകൊണ്ടുള്ള വേഷവും ഹൈന്ദവ മതാചാര അനുഷ്ഠാനങ്ങളും പലരുടെയും വിമർശനത്തിനു പാത്രീഭൂതമായതിൽ അതിശയിക്കാനില്ല. നിശിത വിമർശനങ്ങളും, അപവാദങ്ങളും സഹപ്രവർത്തകരിൽനിന്നുപോലും അദ്ദേഹത്തിനുണ്ടായി. അവയൊന്നും അദ്ദേഹത്തെ തളർത്തിയില്ല. 1644-ൽ തന്റെ പ്രേഷിതപ്രവർത്തനങ്ങൾക്കു വിരാമമിട്ടു മധുരയിൽത്തന്നെ കുറെനാൾ വിശ്രമജീവിതം നയിച്ചു. പല ഗ്രന്ഥങ്ങളും രചിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനു് ശ്രമിച്ചുകൊണ്ടിരുന്നു. 1675-ൽ അദ്ദേഹം ശ്രീലങ്കയിലെ ജാഫ്നയിലുള്ള കോളജിൽ മൂന്നുവർഷങ്ങൾ ചെലവഴിച്ചു. അതിനുശേഷം മൈലാപ്പൂരിൽ അന്ത്യദിവസങ്ങൾ. 1650 ജനുവരി 16-നു അദ്ദേഹം ലോകത്തോടു് വിട പറഞ്ഞു [30].

ഭാരതപുത്രരായി അവതരിക്കാൻ

റോബർട്ടു് നോബിലിയുടെ നവീനവും ഭാരതീയവുമായ മാനസാന്തരവേല ഉയർന്നജാതി ഹിന്ദുക്കളെ ക്രിസ്തുമതത്തിലേക്കാകർഷിച്ചു. ഭാരതസംസ്കാരത്തിന്റെ മഹത്തായ മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടു് നാടിന്റെ പൈതൃകവുമായി ഇഴുകിച്ചേർന്നു് ആചാരങ്ങളിലൂടെയും വേഷവിധാനങ്ങളിലൂടെയും റോബർട്ടു് ഡി നോബിലി തികച്ചും ഹൈന്ദവസന്യാസിയായി മാറി. ഈ അഭിനവസുവിശേഷവൽക്കരണശൈലിയിലൂടെ ജനഹൃദയങ്ങളിൽ പ്രതിഷ്ഠനേടാൻ അദ്ദേഹത്തിനു സാധിച്ചു. തൽഫലമായി ആയിരങ്ങൾ ക്രിസ്തുവിനെ സ്വീകരിക്കാനിടയായി. വിവിധ വർഗക്കാർക്കും ജനവിഭാഗങ്ങൾക്കുമുള്ള ആധ്യാത്മിക സമ്പത്തുകളെയും വൈഭവങ്ങളെയും സമാനിക്കയും വളർത്തുകയും ചെയ്യുന്നുണ്ടല്ലോ. ചിലപ്പോഴും ആരാധനക്രമത്തിൽ

30. Leon Blesse: La Mission Du Madurae p. 204.

malankaralibrary.com

കൂടി സഭ ഈ സന്ദേശം ഉൾക്കൊള്ളിക്കുന്നു [31]. സാമുദായിക ആചാരനഷ്ടാനങ്ങളും വിഭിന്ന രാജ്യങ്ങളിൽ സുവിശേഷംപ്രസംഗിക്കുമ്പോഴും അതാതു സ്ഥലങ്ങളിലെ ജീവിതരീതിയോടും ആചാരങ്ങളോടും താദാത്മ്യംപ്രാപിക്കയോ അനുരൂപണം വരുത്തുകയോ ചെയ്താലേ ക്രിസ്തുവിനുവേണ്ടി, ആത്മാക്കളെ നേടുവാനും അനാഗതരെ ജ്ഞാനസ്നാനപ്പെടുത്തി ക്രൈസ്തവരാക്കുവാനും എളുപ്പം സാധ്യമാകയുള്ളു.

പാപത്തിൽനിന്നു മനുഷ്യനെ സമുദ്ധരിക്കാൻ ദൈവപുത്രൻ മനുഷ്യപുത്രനായിട്ടാണല്ലോ ഈ ലോകത്തിൽ അവനീർണനായതു്. വി. പൗലോസു് ശ്ലീഹാ ഇപ്രകാരമാണു് ഗലാത്തിയക്കാക്കുള്ള ലേഖനത്തിൽ സമർത്ഥിച്ചിരിക്കുന്നതു്. സമയത്തിന്റെ പൂർണത വന്നപ്പോൾ ദൈവം തന്റെ സുതനെ അയച്ചു. അവൻ സ്ത്രീയിൽനിന്നു ജാതനായി നിയമത്തിനു അധീനനായി ജനിച്ചു [32]. നിയമത്തിനധീനമായി ദൈവപുത്രൻ ജനിച്ചു മറ്റു് ഏതൊരു യഹൂദനെപ്പോലെ നിയമങ്ങളും അനുസരിച്ചു. "എല്ലാ മനുഷ്യരെയും രക്ഷിക്കുന്നതിനു് എല്ലാമായിത്തീർന്നു വി. പൗലോസു് ശ്ലീഹായുടെ ജീവിത മാതൃകയും പഠനങ്ങളും ഈ സത്യത്തിനു ഉപോൽബലകമാണു്." ലോസു് ആൻറു് ഗെയിൻ (Loss and Gain) എന്ന ഗ്രന്ഥത്തിൽ കാർഡിനൽ ന്യൂമൻ മതാചാരങ്ങളെ ഓരോ സ്ഥലത്തെ അനുഷ്ഠാനങ്ങളോടും സംസ്കാരത്തോടും അനുരൂപപ്പെടുത്തേണ്ടതിനെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ടു് [33]. ദുഃഖമാചരിക്കുമ്പോൾ ഗ്രീക്കുജനത മുടി വെട്ടിക്കളയുന്നു. റോമാക്കാർ മുടി നീട്ടിവളർത്തിക്കൊണ്ടാണു ദുഃഖമാചരിക്കുന്നതു്. ദേവാലയത്തിൽ ആരാധന നടത്താൻ ആഗതരാകുമ്പോൾ പൗരസ്ത്യർശിരസ്സു തുണികൊണ്ടു് ആച്ഛാദനം ചെയ്യുന്നു. ഗ്രീക്കു് ക്രൈസ്തവർ തലമൂടാറില്ല. ദേവാലയത്തിൽ പ്രവേശിക്കുമ്പോൾ ക്രൈസ്തവർ തലയിൽനിന്നു തൊപ്പി മാറ്റുന്നു. മുഹമ്മദീയർ തങ്ങളുടെ ചെരുപ്പുകളും അഴിച്ചുമാറ്റിയശേഷമേ പള്ളിയിൽ കയറുകയുള്ളു. യൂറോപ്പിൽ നീണ്ട മൂടുപടം അടക്കൊതുക്കത്തിന്റെ ലക്ഷണമായി കരുതുന്നു. ഏഷ്യയിൽ അതു് നിർലജ്ജതയെ സൂചിപ്പിക്കുന്നു. ഇങ്ങനെ ആചാരവൈവിധ്യം അനവധിയില്ലേ?

മദ്യവർജനം, സസ്യഭോജനം, ഉപവാസം

റോബർട്ടു് ഡി നോബിലി ഈ വസ്തുത നന്നായി ഗ്രഹിച്ചിരുന്നു. അനുരൂപപ്പെടുക, താദാത്മ്യം പ്രാപിക്കുക എന്നുവച്ചാൽ സമൂലമായ പരിവർത്തനവും പൂർണമായ മാറ്റവും വരുത്തുക എന്നതാണു്. ഭക്ഷണം, ഉടുപ്പു്, ജീവിതരീതി എന്നീ കാര്യങ്ങളിൽ ബ്രാഹ്മണ

---

31. രണ്ടാം വത്തിക്കാൻ കൗൺസിലിലെ പ്രമാണരേഖ ലിറ്റർജി പേജു്. 37.
ഗലാസിയാക്കാർക്കുള്ള ലേഖനം അദ്ധ്യായം-4, വാക്യം-4.
H. Newman: Loss and Gain London 1881 p. 276.

malankaralibrary.com

സന്യാസികളെ അനുകരിക്കുന്നതിനു അദ്ദേഹം ദൃഢനിശ്ചയംചെയ്തു. ഈശോസഭാസന്യാസി എന്ന നിലയിൽ അദ്ദേഹം വാശ്ദാനം ചെയ്ത ബ്രഹ്മചര്യം (കന്യാവ്രതം), ദാരിദ്ര്യം,അനുസരണം എന്ന വ്രതങ്ങൾക്കു പുറമെ മാംസം, മത്സ്യം, മുട്ട, വീഞ്ഞു് എന്നീ ഭക്ഷ്യ വസ്തുക്കൾ പൂർണമായി വർജിച്ചു. എല്ലാ ദിവസങ്ങളിലും അദ്ദേഹം ഉപവസിച്ചിരുന്നു. വൈകുന്നേരം 4 മണിക്കുമാത്രം ഒരുനേരം സസ്യ ഭോജനം. കിടക്കുന്നതിനും ഇരിക്കുന്നതിനും സുഖപ്രദമായ കട്ടിലോ, കസേരയോ ഒന്നുംതന്നെ ഉപയോഗിച്ചിരുന്നില്ല [34]. നോബിലി ദീർഘ യാത്ര ചെയ്യുമ്പോഴെല്ലാം ഒരു ബ്രാഹ്മണയുവാവിനെ ഭക്ഷണം പാകം ചെയ്യുവാൻ കൂടെ കൊണ്ടുപോകുക പതിവാണു്. തന്റെ പ്രോവിൻ ഷ്യാളിനെ കൊച്ചിയിൽചെന്നു് സന്ദർശിച്ചവസരത്തിലും ഗോവയി ലെ കൗൺസിലിൽ പങ്കെടുക്കാൻ പോയപ്പോഴും ഭക്ഷണം തയ്യാറാ ക്കാൻ ബ്രാഹ്മണനെ കൂടെ കൊണ്ടുപോയിരുന്നവത്രേ. തന്റെ സംസ്ക്കാരം, ഭക്ഷണം, ജീവിതരീതി എന്നിവയെ സംബന്ധിച്ചു 'ശ്രുന്യവൽക്കരണമാണു് അദ്ദേഹം അനുഷ്ഠിച്ചിരുന്നതെന്നു് പറയു ന്നതാണു് ശരി. ഗോതമ്പു മണി നിലത്തു വീണു അഴിഞ്ഞാൽ മാത്ര മേ അതു ഫലം പുറപ്പെടുവിക്കയുള്ളുവല്ലോ [35].

ഹൈന്ദവ രീതിയിലുള്ള റോബർട്ട ഡി നോബിലിയുടെ ജീവി തം ഉപേക്ഷിച്ചു് ഇതര ഈശോസഭക്കാരായ സന്യാസികളുടെ ജീവി തരീതി അനുഷ്ഠിക്കുവാൻ പല വിധത്തിലും അദ്ദേഹത്തെ നിർബന്ധി ച്ചിരുന്നു. സ്വന്തം മേലധികാരികളും സഹപ്രവർത്തകരും ഹൈന്ദവ വൽക്കരണത്തെ നിശിതമായി വിമർശിച്ചുപോന്നു. എന്നാൽ തന്റെ ദൃഢനിശ്ചയത്തിൽനിന്നു അണുപോലും വ്യതിചലിക്കാതെ എതിർപ്പു കളെയും വിമർശനങ്ങളെയും അഭിമുഖീകരിക്കുന്നതിൽ നോബിലി ഉറച്ചുനിന്നു.

ഭാരതവൽക്കരണത്തിലൂടെ സുവിശേഷവൽക്കരണം

ഭക്ഷണം, വസ്ത്രധാരണം എന്നിവയിൽ മാത്രമായിരുന്നില്ല അനു ശ്രുപണവും ഭാരതവൽക്കരണവും.ദേവാലയങ്ങളും ഇന്ത്യൻ മാതൃകയിൽ നിർമ്മിച്ചു. ഹൈന്ദവരുടെ വിവാഹം ക്രിസ്തീയ മുറപ്രകാരമാക്കി. വിവാഹ കർമ്മാനുഷ്ഠാനത്തിനുവേണ്ടി ഹൈന്ദവ ആചാരമനുസരിച്ചു പ്രാർത്ഥനകളും ഗീതകങ്ങളും അതേ താളലയങ്ങളിൽ എഴുതിയുണ്ടാ ക്കി. കോവിൽ, പൂജാപ്രസാദം എന്നീ പുതിയ വാക്കുകളും ഉപയോ ഗിച്ചു തുടങ്ങി. വിശ്രുദ്ധന്മാരുടെ പേരുകൾക്കു് തമിഴ് പരിവേഷം ചാർത്തി. ഉദാഹരണമായി ഫിദേലിസിനു വിശ്വാസം, പീറ്ററിനു്

34. Robert De Nobili and Adaptations:S. Rajamani Kan S. J. Indian Church History Review pp. 84-88.

35. ജോൺ: അദ്ധ്യായം 12 വാക്യം 25.

malankaralibrary.com

മൈലയപ്പൻ, ലാസറിനു് ദേവസഹായം, എലിസബത്തിനു ദേവമ്മാ എന്നിങ്ങനെയുള്ള പദങ്ങളും നൂതനമായി ഉപയോഗിച്ചു പോന്നു.

തന്റെ ഭാരതവൽക്കരണത്തെയും ഹൈന്ദവാചാരാനുഷ്ഠാനങ്ങളുടെ അനുരൂപണത്തെയും നീതീകരിച്ചുകൊണ്ടു് അദ്ദേഹം പല ഗ്രന്ഥങ്ങളും രചിച്ചു. അവയിൽ പ്രധാനം "മധുരമിഷൻ നിലനിറുത്തുന്നതിനുള്ള അടിസ്ഥാനതത്വങ്ങളുടെ വിവരണങ്ങളും[36], ഖണ്ഡനങ്ങളും എന്നിവയാണു്. അപ്പസ്തോലന്മാർ ആദിമകാല ക്രൈസ്തവരിൽ ചില നൂതന അനുഷ്ഠാനങ്ങളും നടപ്പാക്കിയല്ലോ. അപ്പസ്തോലന്മാരുടെ മനോഭാവമാണു് നോബിലിക്കുണ്ടായിരുന്നതു്. അപ്പസ്തോലന്മാർ യഹൂദന്മാരോടു് പരിഗണനയുള്ളവരായിരുന്നു. യഹൂദന്മാർക്കു് അരോചകമായവ ഉപേക്ഷിക്കുന്നതിനു് ആദിമ ക്രൈസ്തവരെ ഉദ്ബോധിപ്പിച്ചിരുന്നു[37]. വി. പൗലോസ് ശ്രീഹാ ഛേദനാചാരത്തിനു് എതിരായിരുന്നുവെങ്കിലും തിമോത്തിയെ ക്രൈസ്തവമതത്തിലേക്കു് സ്വീകരിച്ചപ്പോൾ ഛേദനാചാരകർമ്മത്തിനു് വിധേയനാക്കി. വി. ജോൺ ക്രിസോസ്റ്റം പറയുന്നതുപോലെ ഛേദനാചാരം ഉന്മൂലനംചെയ്യാൻ ഛേദനാചാരത്തെ സ്വീകരിച്ചു[38]. "ഇന്ത്യയുടെ വാതായനങ്ങളും ക്രൈസ്തവമതത്തിനായി തുറന്നിടുക" ഇതായിരുന്നു ഡി നോബിലിയുടെ ഏകാഭിലാഷം. സവർണഹിന്ദുക്കളെ ക്രൈസ്തവമതത്തിലേക്കു് പരിവർത്തനം ചെയ്യുകയോ അവരെ ജ്ഞാനസ്നാനപ്പെടുത്തുകയോ എന്നതു് അസാധ്യമായ കാര്യമായാണു് ആ കാലഘട്ടത്തിലെ പൊതുവായ ധാരണ. ഈ സവർണഹിന്ദുക്കൾക്കായി വാതായനം തുറന്നിടുക, ഈടുവഴികളെ നേരെയാക്കുക, ദൈവരാജ്യത്തിനുവേണ്ടി നിങ്ങളും വഴിതെളിക്കുക എന്നെല്ലാം അദ്ദേഹത്തിന്റെ എഴുത്തുകളിൽ ഉടനീളം കാണാമായിരുന്നു. പ്രഭാഷണങ്ങളിലും അദ്ദേഹത്തിന്റെ ജീവിതോദ്ദേശംതന്നെ സവർണഹിന്ദുക്കളെ ക്രിസ്തുവിനായി നേടുക എന്നതായിരുന്നല്ലോ. തന്റെ പതാകയിൽ ഉല്ലേഖനം ചെയ്തിരുന്ന മുദ്രാവാക്യവും മറ്റൊന്നായിരുന്നില്ല. സുവിശേഷപ്രഘോഷണം ശ്രവിക്കുവാനാഗ്രഹിക്കുന്നവർക്കായി സഭയുടെ വാതിലുകൾ തുറന്നിട്ട എന്നതായിരുന്നു നോബിലി നിർവ്വഹിച്ച മഹത്തായ കാര്യം.

പാഴാകാത്ത മാതൃരാജ്യപദ്ധതി

ഒരുപക്ഷേ ലക്ഷക്കണക്കിനു ഹൈന്ദവരെ അദ്ദേഹം ജ്ഞാനസ്നാനപ്പെടുത്തിയിട്ടില്ലായിരിക്കാം. അദ്ദേഹം കണ്ടുപിടിച്ച പുതിയ

---

36. Narratio Fundamentorum Quibus Mission Maduranensis Stabilitur.

37. ഫാ. ഗൊൺസാംവസിന്റെ ആരോപണങ്ങൾക്കുള്ള മറുപടി.

38. He circumcises in order to destroy circumcision.

malankaralibrary.com

രീതി–ഹൈന്ദവരെ രക്ഷിക്കാൻ ഹൈന്ദവ ജീവിതശൈലി ആശ്ലേഷിക്കുക എന്ന നവീനപദ്ധതി വഴി പതിനായിരക്കണക്കിനു ഹിന്ദുക്കളെ ക്രിസ്തുവിനായി നേടുവാൻ കഴിഞ്ഞു. അദ്ദേഹത്തിന്റെ സ്നേഹിതനായ ഫാ. ദാകോസ്ത 1661–ൽ എഴുതിയ കത്തിൽ പ്രസ്താവിച്ചിരിക്കുന്നതു് ഫാ. നോബിലി 30,000 പേരെ ജ്ഞാനസ്നാനപ്പെടുത്തിയെന്നാണു്. ഔദ്യോഗിക രേഖയനുസരിച്ചു് 1688–ൽ 75,000–ഉം 1705–ൽ 90,000–വും 1760–ൽ 2 ലക്ഷവും ഹൈന്ദവരെ ക്രിസ്തുമതത്തിലേക്കു് പരിവർത്തനം ചെയ്യുവാൻ സാധിച്ചതു നോബിലിയുടെ ഭാരതീയ പദ്ധതി നടപ്പിലായതോടെയാണു്. ഭാരതവൽക്കരണംവഴി സവർണ ഹിന്ദുക്കളെ ക്രിസ്തുവിനായി നേടുക എന്ന ആസൂത്രിത പദ്ധതി വിജയിപ്പിക്കുന്നതിനുവേണ്ടി നോബിലി സഹിച്ച ത്യാഗങ്ങളും അനുഭവിച്ച കഷ്ടതകളും നേരിടേണ്ടിവന്ന വിമർശനങ്ങളും അഭിമുഖീകരിക്കേണ്ടിവന്ന അപകടങ്ങളും പദ്ധതി വിജയത്തിനായി എഴുതിയ ലേഖനങ്ങളും പുസ്തകങ്ങളും ഒന്നുംതന്നെ പാഴായില്ല.

മധുരയിൽ അനശ്വരമുദ്ര

മധുരയിൽ മാത്രമല്ല ആന്ധ്രയിലും, കർണാടകമിഷനിലെ മൈസൂർ, കിട്ടൂർ, കന്നട ഭാഷാമേഖലകളും എന്നിവിടങ്ങളിലും നോബിലിയുടെ ഈ നൂതനസുവിശേഷ പദ്ധതിയനുസരിച്ചാണു് മതപരിവർത്തനം നടത്തിയിരുന്നതു്. ഫാ. നോബിലിയുടെ മിഷൻപ്രവർത്തനയം പ്രകീർത്തിച്ചുകൊണ്ടു് ഫാ. സാവുലെയർ (Sauleire): "ദക്ഷിണേന്ത്യയിലെ ക്രൈസ്തവർ തങ്ങളുടെ സ്വന്തം ജനങ്ങളിൽനിന്നു പുറംതള്ളപ്പെടാതെ, അവർ തങ്ങളുടെ ഹൈന്ദവസഹോദരരോടൊത്തു സാമൂഹ്യജീവിതം നയിക്കുവാനും അവരുടേതായ ആചാരങ്ങളും അനുഷ്ഠിക്കാനും വസ്ത്രധാരണം ചെയ്യുവാനും തങ്ങളുടെ സഹോദരങ്ങളോടൊത്തു സുഖദുഃഖങ്ങളിൽ പങ്കുവയ്ക്കാനും സാധിച്ചതു് റോബർട്ടു് ഡി നോബിലിയുടെ മഹത്തായ ആദർശങ്ങളും ത്യാഗോജ്വലമായ ജീവിതവും നിമിത്തമാണു്[39]. 17–ാം നൂറ്റാണ്ടിൽ ഇന്ത്യയിലെ ഏറ്റവും വലിയ മിഷനറിയായിരുന്ന ഫാ. നോബിലി മധുരമിഷനിൽ അനശ്വരമായ വ്യക്തിമുദ്ര പതിപ്പിച്ചു. മിഷനറി എന്ന നിലയിൽ ജനങ്ങളുടെ ജീവിതത്തോടു ഇഴുകിച്ചേർന്ന അവരിൽ ഒരുവനെപ്പോലെ അദ്ദേഹം ജീവിച്ചു. നിരുപദ്രവകരമായ പല ഹൈന്ദവ കർമ്മാനുഷ്ഠാനങ്ങളും ക്രൈസ്തവരുടെ കർമ്മങ്ങളിൽ സമന്വയിപ്പിച്ചു. പുതിയ ആരാധനക്രമം ആവിഷ്കരിച്ചു. ഹൈന്ദവവേദങ്ങളിലും ഉപനിഷത്തുകളിലും അവഗാഹമായ പാണ്ഡിത്യം നേടി. രാജ്യത്തെ മാതൃഭാഷയിൽ ഗ്രന്ഥങ്ങളും രചിച്ചും പ്രഭാഷണങ്ങളും നടത്തിയും ജനങ്ങളെ ക്രൈസ്തവമതതത്വ

39. Clergy Monthly Supplement 1956 p. 16.

malankaralibrary.com

ങ്ങളും പഠിപ്പിക്കാൻ നോബിലി അവിശ്രമം പരിശ്രമിച്ചിരുന്നുവെന്നാണു് ജെ. എസ്. ചന്ദ്രൻ പ്രസ്താവിച്ചിരിക്കുന്നതു് [40].

മോൺ. ജോസഫ് സെബസ്ത്യാനി

മലബാർ വികാരിയാത്തു് ശിലപാകിയും പ്രഥമ മെത്രാനുമായ മോൺ. ജോസഫ് സെബസ്ത്യാനി ഒ. സി. ഡി. ചരമമടഞ്ഞിട്ടു ഇക്കഴിഞ്ഞ 1979 ഒക്ടോബർ 15-നു 300 വർഷം തികഞ്ഞു. ശീശ്മക്കെതിരെ ശക്തമായ പോരാട്ടം നടത്തിയ മോൺ. സെബസ്ത്യാനിയുടെ സ്മരണ ഇന്നും ഒളിമങ്ങാതെ കേരളക്രൈസ്തവരിൽ തെളിഞ്ഞുനിൽപ്പുണ്ടു്. യുഗപ്രഭാവനായ ഈ കർമ്മധീരനിഷ്കാരിക്കു് എത്രകടപ്പെട്ടിരിക്കുന്നു എന്നു് ഇന്നത്തെ തലമുറയെങ്കിലും ഓർക്കുന്നുണ്ടോ എന്നു സംശയമാണു്.

ഫ്രാൻസിസ്കൻ സന്യാസിയായിരുന്ന മോൺ. സെബസ്ത്യാനി 1687 ഏപ്രിൽ 21-നു് കൊച്ചിയിലെത്തി. അന്നു് കേരളത്തിലെ ക്രൈസ്തവർ പോർട്ടുഗീസ് പാതിരിമാരുടെ കീഴിൽ അടിമകളെപ്പോലെ കഴിഞ്ഞുകൂടുകയായിരുന്നു. അവരുടെ ഇടയിൽ ഒരു പുതിയ ഉണർവുണ്ടാക്കുവാൻ അദ്ദേഹത്തിനു് അധികം താമസമുണ്ടായില്ല. അദ്ദേഹത്തിന്റെ ആഗമനത്തോടുകൂടി കേരളസഭയിൽ ഒരു പുതിയ യുഗം ആരംഭിക്കുകയായി. അതുവരെ കേരളത്തിലെ ക്രൈസ്തവർ പോർട്ടുഗീസ് പാതിരിമാരുടെ

കേരളത്തിൽ

മലബാറിലെ പ്രതിസന്ധികളും കഴഞ്ഞ പ്രശ്നങ്ങളും ഫലവത്തായ പരിഹാരം കണ്ടെത്താനും ശിശുമയിൽപ്പെട്ടവനെ തിരികെ മാർപാപ്പയുടെ തെക്കുഭാഗത്തേക്കു കൊണ്ടുവരാനും ഗോവയിലും കൊച്ചിയിലുമുള്ള പോർട്ടുഗീസു് അധികാരികൾക്കു സാധ്യമാകുമെന്നില്ലെന്ന മനസ്സിലാക്കിയ വൃദ്ധനും പരിക്ഷീണനുമായ ഗാർസിയ തെരുപ്പോലീത്ത റോമിന്റെ സഹായമഭ്യർത്ഥിക്കാൻ നിശ്ചയിച്ചു [41]. ഈ കാര്യ സാധ്യത്തിനായി ഫാ. ഫൊസിന്ത തെരേജിസ്സൂസ് പൂസ്. ജെ. യെ തന്റെ സന്ദേശവാഹകനായി മെത്രാപ്പോലീത്താ നിയോഗിച്ചു. ഈ വൈദികൻ മലബാറിൽ ദീർഘനാളം വസിച്ചിരുന്നു. കുറെങ്കിലും വേണ്ടവിധം സത്യസന്ധമായ കാഴ്ചപ്പാടിൽ പരി. സിംഹാസനത്തെ ഗ്രഹിപ്പിക്കുന്നതിനു് കഴിവുള്ളവനുമായിരുന്നു. ഗോവ ഫാ. ഫൊസിന്തയുടെ നിവേദനങ്ങളും, മലബാറിലെ പ്രശ്നസങ്കുലമായ സാഹചര്യങ്ങളും പരിഗണിച്ചു് ഒരു ഇടക്കാലാശ്വാസത്തെ അനുരഞ്ജനത്തിനു് നിയോഗിക്കുവാൻ ഒന്നുമ്പെട്ടില്ല. പ്രശ്നങ്ങൾ കൂടുതൽ വഷളാകുന്നതിനു മുൻപു ഈ സാഹചര്യം കൈകാര്യം ചെയ്യാൻ മറ്റാരെയെങ്കിലും കണ്ടെത്താൻ റോമാ ശ്രമിച്ചുകൊണ്ടിരുന്നു. അവസാനം കർമ്മലീത്താ സന്യാസിമാരെ മലബാറിലേക്കു് അയക്കുന്നതു ഉചിതമായിരിക്കുമെന്നു് റോമിനു ബോധ്യമായി. കർമ്മലീത്താ മിഷനറിമാരെ കഴപ്പുങ്ങാം പരിഹരിക്കുവാൻ അയച്ചതുതന്നെയെന്നു് ആവശ്യപ്പെട്ടുകൊണ്ടു് മലബാറിലെ ഏതാനും വൈദികപ്രമുഖർ ഏഴാം അലക്സാണ്ടർ മാർപാപ്പയ്ക്കു് മെമ്മോറാണ്ടം അയച്ചിരുന്നു. ഏതാനും മാസങ്ങൾക്കുമുൻപു് ഗോവയിൽനിന്നു് രണ്ടു കർമ്മലീത്തർ കൊച്ചിയിൽ ഒരാശ്രമം സ്ഥാപിക്കാൻ വന്നപ്പോഴും ഇവരുമായി സമ്പർക്കപ്പെട്ടതനുസരിച്ചും മലബാറിലെ ഏതാനും വൈദികർക്കു സാധിച്ചിരുന്നു.

പ്രശ്നപരിഹാരത്തിനു കർമ്മലീത്തർ

കർമ്മലീത്താ സന്യാസികളുടെ ഭക്തിയും വിശുദ്ധിയും വിജ്ഞാനവും പലരെയും ഓർമ്മപ്പെടുത്തിച്ചു. ഇറാലിയിലെ പ്രസിദ്ധവാഗ്മിയായ ഫാ. ഫൊസിന്ത ഓഫ് സെൻറ് വിൻസെൻറ് ഒ. സി. ഡി. യെ അപ്പസ്തോലിക്ക് കൊമ്മിസാറിയായി മലബാറിലേക്കയക്കാൻ മിഷന്റെ സൂപ്പീരിയർ നിയമിച്ചു. ജർമ്മൻകാരനായ ഫാ. മർസൽ ഓഫ് സെൻറ് ഐവോ (Ivo) യെ സഹപ്രവർത്തകനായി നൽകി. ഇവരോടു ലിസ്ബൺവഴി ഇന്ത്യയിലേക്കു പോകുവാൻ മാർപാപ്പ ആവശ്യപ്പെട്ടു. ഫാ. ജോസഫ് ഓഫ് സാൽവ മറിയ (ജോസഫ് സെബസ്ത്യാനി) യും ഫാ. വിൻസെൻറ് ഓഫ് കത്താറീനയും കൂടി ടർക്കി, പേർഷ്യ, ഗ്രെയിറ്റ് മുഗൾ രാജ്യങ്ങൾ വഴി ഇന്ത്യയിലേക്കു യാത്രയാകാനും നിയുക്തരായി.

41. Ferroli S. J.: The Jesuits in Malabar Vol II pp. 38-45.

malankaralibrary.com

ഫാ. ജോസഫും ഫാ. വിൻസന്റും 1656 ഫെബ്രുവരി 22-ന നേപ്പിംസിൽനിന്നും യാത്രയായി. സിറിയ, പേർഷ്യ എന്നീ രാജ്യങ്ങംവഴി സൂററിലെത്തി. സൂററ് ഇന്ത്യയുടെ ഒരു കവാടം. അവിടെ പോർട്ടുഗീസ്, ഇംഗ്ലീഷ്, ഡച്ച്, പേർഷ്യ, ടർക്കി, ഗ്രുജറാററ് വ്യാപാരികം പല വ്യഞ്ജനങ്ങളും മററു കച്ചവടസാധനങ്ങളും ക്രയവിക്രയം ചെയ്തിരുന്നു. സൂററിൽനിന്ന് മിഷനറിമാർ ചാവൂളിലും അവിടെനിന്ന് വിൻഗോറിയയിലും എത്തിച്ചേർന്നു. ഡച്ച് അധീനതയിലെ ഒരു നഗരം. ഡച്ചുകാർ കത്തോലിക്കരോട് അനുഭാവമില്ലാത്തവരാണെങ്കിലും, ഈ വൈദികരെ സ്നേഹപൂർവ്വം സ്വീകരിച്ചു ഡച്ചു ക്യാപ്ററന്റെ എഴുത്തുമായി അവർ കണ്ണൂരിൽപ്പോകുന്ന കപ്പലിൽ യാത്രതുടർന്നു. പിന്നീടവർ ഫ്ളെമിങ്ങ് ജനറൽ ഹാഡ്രിയൻ ടോട്സിന്റെ പക്കലേക്കുപോയി. ഈ ഹാഡ്രിയൻ രഹസ്യത്തിൽ കത്തോലിക്കാവലംബിയായിരുന്നതിനാൽ വൈദികരെ ഹാർട്ടപൂർവ്വം സ്വീകരിച്ചു. ഇവർ യാത്രചെയ്യുന്ന നൗക നയിച്ചിരുന്ന മലയാളിയെ വിളിച്ച് ഒരു വിധത്തിലും ഇവരെ ഉപദ്രവിക്കരുതെന്നു ശാസന നൽകി. വൈദികർ 1657 ജനുവരി 18-ന ഓനോർ (Onor) വഴി മംഗലാപുരത്തെത്തി. അവസാനം കണ്ണൂരിൽ സുരക്ഷിതരായി എത്തി. അവിടത്തെ ഫ്രാൻസിസ്ക്കൻ ആശ്രമത്തിൽ ഏതാനും ദിവസങ്ങം വിശ്രമിച്ചു. തെക്കെ ഇന്ത്യയിൽ ക്രിസ്ത്യാനികളുടെ ഇടയിലുള്ള കുഴഞ്ഞ പ്രശ്നങ്ങളെ പരിഹരിക്കുവാൻ മാർപാപ്പ തങ്ങളെ അയച്ചിരിക്കുകയാണെന്നും പോർട്ടുഗീസുകാരുടെ ഇടപെടലോ ഒത്താശകളോ ഒന്നുമില്ലാതെയാണ് പ്രൊപ്പഗാന്ത തിരുസംഘം തങ്ങളെ അയച്ചിരിക്കുന്നതെന്നും ഫ്രാൻസിസ്ക്കൻ സന്യാസികളെ അവർ അറിയിച്ചു.

വിലങ്ങുതടികൾ അകററാൻ വിവേകത്തോടെ

മലബാർ യാത്രാമധ്യേ ഗോവ ആശ്രമത്തിലുണ്ടായിരുന്ന ഫാ. മാത്യു ഓഫ് സെൻറ് ജോസഫിനെയും അവർ കൂടെ കൊണ്ടുപോന്നിരുന്നു. ഹോർത്തൂസ് മലബാറിക്കൂസ് 'കേരളോദ്യാനം' എന്ന പ്രസിദ്ധ സസ്യശാസ്ത്രഗ്രന്ഥത്തിനു വിലപ്പെട്ട സംഭാവനകം നൽകിയത് കർമ്മലീത്ത വൈദികനാണു്. കണ്ണൂരിൽനിന്നു് അവർ കോഴിക്കോട്ടേയ്ക്കു പോയി. അവിടെനിന്നു ഫെബ്രുവരിയിൽ ഇടപ്പള്ളിയിൽ വന്നു. അവിടത്തെ വികാരി ആർച്ചുഡീക്കൻ തോമസ് ഇ കാമ്പോയുടെ സഹോദരനായിരുന്നു. കർമ്മലീത്തമിഷനറി വൈദികർ ഡോ. ഗാർസിയായെ ചെന്നുകണ്ടു.ഡയസ് എന്നുപേരുള്ള അപ്രസിദ്ധനായ പോർട്ടുഗീസുകാരൻ.ആർച്ചുഡീക്കനിൽനിന്നു കർബാനപട്ടം സ്വീകരിച്ചവൻ. അദ്ദേഹത്തിന്റെ സെക്രട്ടറി മാന്യത കുറഞ്ഞ ഈ പോർട്ടുഗീസുകാരനെ ദ്വിഭാഷിയായി സ്വീകരിച്ചു. മലബാറിലെ പല പ്രശ്നങ്ങളെപ്പററിയും പഠിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ് ആർച്ചുഡീക്കനെന്നും തന്റെ ഭരണാധികാരം സംരക്ഷിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനാണെന്നും മിഷനറിമാർക്കു് താമസംവിനാ ഗ്രഹിക്കാൻ കഴി

malankaralibrary.com

ഞ്ഞു. ജസ്വീറ്റ് മെത്രാപ്പോലീത്ത ഡോ. ഗാർസിയായിൽനിന്നും തെറ്റിപ്പിരിഞ്ഞ മലബാറിലെ ക്രൈസ്തവസമൂഹത്തെ തിരികെ കൊണ്ടുവരികയെന്ന ദൗത്യമാണല്ലൊ മാർപാപ്പ ഇവരെ ഭരമേല്പിച്ചിരുന്നത്. ന്യായാനുസൃത ഇടയനായ ഡോ. ഗാർസിയുമായി മാർത്തോമ്മാ ക്രിസ്ത്യാനികളെ അനുരഞ്ജിപ്പിക്കുന്ന കാര്യം ഏറെക്കുറെ അസാധ്യം. മെത്രാപ്പോലീത്തയെ അകറ്റിനിർത്തി സ്വതന്ത്രമായി പ്രശ്നം കൈകാര്യം ചെയ്യുവാൻ കർമ്മലീത്തമിഷനറിമാർ സന്നദ്ധരായി. ഭാവിയിൽ ആർക്കും വൈദികപട്ടം നൽകരുതെന്നും ഭരണപരമായ ഒന്നിലും തൽക്കാലം ഏർപ്പെടരുതെന്നും ഫാ.ജോസഫ് സെബസ്ത്യാനി ആർച്ച്ബിഷപ്പിനോടാവശ്യപ്പെട്ടു. തങ്ങൾ കൈകാര്യം ചെയ്യേണ്ട പ്രശ്നം വളരെ കഴപ്പംപിടിച്ചതാണെന്ന മിഷനറിമാർക്ക് ബോധ്യമായി. മലയാളഭാഷാപരിജ്ഞാനമില്ല, ആർച്ചുഡീക്കന്റെ നിലപാടിൽ വിട്ടുവീഴ്ചയില്ല, ഈശോസഭാവൈദികരോടും, മേലദ്ധ്യക്ഷനോടും പോർട്ടുഗീസുകാർക്കും മറ്റു വൈദികർക്കുമുള്ള വിരുദ്ധമനോഭാവം പ്രസിദ്ധം. മിഷനറിമാരുടെ ദൗത്യനിർവഹണം വിജയത്തിലെത്തിക്കുന്നതിനുള്ള വിലങ്ങുതടികളായിരുന്ന ഇവ.

കർമ്മലീത്തർ വിദേശചാരൻമാരാണെന്ന്

ആർച്ചുഡീക്കനെ സന്ദർശിച്ച മിഷനറിമാർ അനുരഞ്ജനത്തിനു ശ്രമിച്ചുനോക്കി. ധർമ്മബോധത്തോടെ സഭയോടൊത്തു ചിന്തിക്കുന്നതിനു മിഷനറിമാർ ആർച്ച്ഡീക്കനെ ഉപദേശിച്ചു. അന്യായമായി അപഹരിച്ചെടുത്തതും കയ്യടക്കി വച്ചിരിക്കുന്നതുമായ ആർച്ചുഡീക്കൻ സ്ഥാനം ഉപേക്ഷിക്കണമെന്നു മിഷനറിമാർ ആവശ്യപ്പെട്ടു. ''ജനങ്ങളാണ് എന്നെ ആർച്ചുഡീക്കനായി തെരഞ്ഞെടുത്തത്. അവർക്കാണ് എന്നെ നിഷ്ക്കാസനം ചെയ്യുവാനുള്ള അധികാരം'' എന്നായിരുന്നു ആർച്ചുഡീക്കന്റെ പ്രതികരണം. ജനസമ്മേളനം വിളിച്ചുകൂട്ടാതെ കാര്യനിർവ്വഹണം ബോധ്യമാകയില്ലെന്നു മിഷനറിമാർക്കുമനസ്സിലായി. രാജാക്കന്മാർപോലും ആർച്ചുഡീക്കന്റെ അധികാരം അംഗീകരിച്ചിരുന്നു. അദ്ദേഹത്തെ സഹായിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിരുന്നു. അപരിചിതരും മലയാളഭാഷാപരിജ്ഞാനമില്ലാത്തവരുമായ ഈ വിദേശിയ മിഷനറിമാർക്ക് കേരളക്രൈസ്തവരുടെമേൽ അധികാരമുണ്ടെന്നുള്ള അവകാശവാദം എങ്ങനെ തെളിയിക്കാനാകും? മലബാറിലെ ക്രൈസ്തവർക്കു ഒരു മതാദ്ധ്യക്ഷൻ ഉണ്ടായിരിക്കുക അനിവാര്യവുമാണല്ലൊ. കർമ്മലീത്തമിഷനറിമാർ ഡച്ചുകാരുടെ ചാരന്മാരാണെന്നും, ഡച്ചു യോദ്ധാക്കളായ ഇവർ വേഷപ്രച്ഛന്നരായി ആഗതരായിരിക്കുകയാണെന്നും, ജനങ്ങളെ വഞ്ചിക്കാൻ വന്നിരിക്കുന്ന കപടവേഷധാരികളാണെന്നുമുള്ള ദുഷ്പ്രചരണങ്ങളും മിഷനറിമാർക്കെതിരെ കാട്ടുതീപോലെ പ്രചരിപ്പിച്ചു. അതേസമയം മിഷനറിമാരുടെ ക്ഷമയും സഹിഷ്ണതയും, കർത്തവ്യനിർവ്വഹണ വിശ്വസ്തതയും മറ്റും ക്രൈസ്തവരെ ആശ്ചര്യഭരിതരാക്കി.

malankaralibrary.com

ഫാ. വിൻസെന്റ് ഇടപ്പള്ളിയിൽനിന്നും കൊടുങ്ങല്ലൂരിൽചെന്ന് മെത്രാപ്പോലീത്തായെ വീണ്ടും സന്ദർശിച്ചു തങ്ങളുടെ ദൗത്യത്തെക്കുറിച്ചു സംസാരിച്ചു. മെത്രാപ്പോലീത്ത മിഷനറിമാരെ അംഗീകരിച്ചു. അനുരഞ്ജനത്തിനുവേണ്ടി കർമ്മലീത്തർ അവിശ്രമം പരിശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചു. പിശാസികളുടെ പിന്തുണ വാഗ്ദാനം ചെയ്തു. വരാപ്പുഴ, കുറവിലങ്ങാട്, കടുത്തുരുത്തി, കൊച്ചി മുതലായ സ്ഥലങ്ങളും മിഷനറിമാർ സന്ദർശിച്ചു. തെറ്റുധാരണകളുടെയും, മറ്റ് അപവാദങ്ങളുടെയും നീർച്ചുഴിൽപെട്ട് മിഷനറിമാർ വിഷമിച്ചിരുന്നു.

ഗോവയുടെ പുരുവാദൊ ഭീഷണി

ഈ സന്ദർഭത്തിൽ ഗോവയിലെ പോർട്ടുഗീസ് അധികാരികളും പ്രതിഷേധവുമായി മുന്നോട്ടുവന്നു. പുരുവാദൊ അധികാരത്തെ ധിക്കരിച്ചുകൊണ്ട് പോർട്ടുഗീസ് ഭരണാധികാരത്തിൽ ഇടപെടുന്നതു തെറ്റാണെന്നും, തങ്ങളെ ഇതിനെതിരായി നടപടിക്രമം എടുക്കാൻ നിർബന്ധിതരാക്കുമെന്നും അവർ ഭീഷണിപ്പെടുത്തി. ആഗമനകാലത്തു 44 പള്ളികളിലെ പ്രതിനിധികളും ഫാ. സെബസ്ത്യാനിയെ സമീപിച്ച് ഇപ്രകാരം അറിയിച്ചു: ഫാ. ഹൈസിന്ത് ഗോവയിൽ വന്നെത്തിച്ചേർന്നിരിക്കുന്നു. അധികം താമസിയാതെ തങ്ങളെ ഭരിക്കാൻ അദ്ദേഹം ഇവിടെ ആഗതനാകും. ഈ സന്ദർഭത്തിൽ റോമിലേക്കു പിന്തിരിയുവാനുള്ള പ്രചോദനമാണ് ഫാ. ജോസഫ് സെബസ്ത്യാനിക്കുണ്ടായതു്. മലബാറിലെ ഈ കഴഞ്ഞ പ്രശ്നങ്ങൾക്കു പരിഹാരം ഒരു മെത്രാനെ നിയമിക്കുകയാണെന്നു അദ്ദേഹം മനസ്സിലാക്കി. 44 പള്ളികളിലെ ജനങ്ങളും വൈദികരും മാർപാപ്പയുടെ തീട്ടൂരം അനുസരിച്ച് റോമിനോടു് ഐക്യപ്പെട്ട് അനുസരണയും വിധേയത്വമുള്ളവരായി ജീവിച്ചുകൊള്ളാമെന്നും അതേസമയം ഗാർസിയ മെത്രാപ്പോലീത്തയെ അനുസരിക്കുകയില്ലെന്നും പ്രഖ്യാപിച്ചു. ക്രിസ്ത്യാനികളിൽ സാമൂതിരിയുടെ രാജ്യാതിർത്തിയിൽപ്പെട്ട അഞ്ചു ഇടവകകളിലെയും മറ്റു ചില പള്ളികളിലെയും വിശ്വാസികളും അനുരഞ്ജനത്തിനു് സന്നദ്ധരായി. ഫാ. ജോസഫ് ഫാ. വിൻസന്റിനോടുകൂടി യൂറോപ്പിലേക്കു മടങ്ങി. ഫാ. മാത്യു മലബാറിൽത്തന്നെ താമസിച്ചു.

ഈശോസഭാവൈദികർക്കു വിലക്കു്

ഗോവയിൽവച്ചു് ഫാ. ഹൈസിന്ത് ഈശോസഭക്കാരോടു് സൗഹൃദം പുലർത്തി. പിന്നീടു് കഥ മാറി. അദ്ദേഹം ഈശോസഭക്കാരോടു് ദാക്ഷിണ്യമില്ലാതെ പെരുമാറിത്തുടങ്ങി. യാതൊരു ഈശോസഭാവൈദികരെയും മേലിൽ മലബാറിലേക്കയക്കരുതെന്നു ജസ്വീറ്റു പ്രൊവിൻഷ്യൽ ഫാ. ബാറോറയോടു് ആവശ്യപ്പെട്ടു. ഫാ. ഹൈസിന്ത് വീണ്ടും കർശന നടപടികൾക്കു അവലംബിച്ചു തുടങ്ങി. എല്ലാം തങ്ങളുടെ ദൗത്യനിർവഹണത്തെ മുൻനിറുത്തിയായിരുന്നു. ഡോ. ഗാർ

malankaralibrary.com

സിയായെ അനുകൂലിച്ചിരുന്നവരിൽ ചിലരെ തടവിലാക്കി. ചിലരുടെ വസ്തുവകകളും കണ്ടുകെട്ടി. ഈശോസഭക്കാർ അഹത്തള്ളായെ ലിസ്ബണിൽനിന്നും റോമിലേക്കയച്ചുവെന്നും ഫാ. ഹൈസിന്ത് ഒ. സി. ഡി. ജനങ്ങളെ അറിയിച്ചു.

മെത്രാൻസ്ഥാന മോഹികൾ

ഫാ. ഹൈസിന്ത് മലബാറിൽ എത്തിയപ്പോൾ ജസ്വീറ്റ് പ്രൊവിൻഷ്യൽ ഫാ. ബറോറെയെ കൊച്ചിരൂപതയുടെ മെത്രാനായി നിയമിച്ചുവെന്ന വാർത്ത പ്രചരിച്ചിരുന്നു. കർമ്മലീത്തമിഷനറിമാർ ഇതറിഞ്ഞപ്പോൾ, ഫാ. ബറോറെ തട്ടിപ്പുകാരനാണെന്നും ഈശോസഭോഗമായ ഫാ. ഡെമജിസ്ത്രീസ് ചമച്ചുണ്ടാക്കിയ കെട്ടുകഥയാണ് ഫാ. ബെറോറെയുടെ മെത്രാൻസ്ഥാനമെന്നുമൊക്കെ പ്രസ്താവിച്ചു. ഡോ. ഗാർസിയായുടെ സഹായമെത്രാനാകുവാൻ ഫാ. ബറോറയോട് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം അതു നിരാകരിച്ചു. പിന്നീട് കൊച്ചിരൂപതയുടെ മെത്രാനായി നിയമിക്കപ്പെട്ടമെന്ന് അറിഞ്ഞപ്പോൾ ആ മെത്രാൻപദവിയും നിരസിച്ചു. 1654-ൽ സ്റ്റീഫൻ എന്ന അർമേനിയൻ വ്യാപാരി മാർപാപ്പയുടെ ഭാഗിനേയനാണ് താനെന്നും അലക്സാണ്ടർ ഏഴാമൻ മാർപാപ്പ രാജിവച്ചെന്നും പറഞ്ഞു മലബാറിൽ വന്നു. ഇട്ടിത്തൊമ്മൻ കത്തനാർ ഇദ്ദേഹത്തെ 1650-ൽ ആർച്ച്ഡീക്കൻ തോമസിന്റെ പക്കൽ കൂട്ടിക്കൊണ്ടുവന്നു. തദവസരത്തിൽ ആർച്ച്ഡീക്കനെ, ഗാർസിയ മെത്രാപ്പോലീത്തയുടെ സ്ഥാനത്തു നിയമിച്ചിരിക്കുന്നതായുള്ള മാർപാപ്പയുടെ തീട്ടൂരം അർമേനിയൻകാരൻ സ്റ്റീഫൻ കൂടെ കൊണ്ടുവന്നിരുന്നത് മറ്റുള്ളവരെ കാണിച്ചു. അങ്ങിനെ ആർച്ച്ഡീക്കൻ മെത്രാനായി പ്രഖ്യാപിക്കപ്പെട്ടകയും ജനങ്ങളും മുട്ടുകുത്തിനിന്നു ഈ തീട്ടൂരം ചുംബിച്ചശേഷം മാറിമാറി ഭക്ത്യാദരവു പ്രകടിപ്പിക്കയുമുണ്ടായി. ഇത്തരുണത്തിൽ സ്റ്റീഫനും ആർച്ച്ഡീക്കനും തമ്മിൽ ഏന്തോ കാരണവശാൽ വാക്കുതർക്കമുണ്ടായി. ഇട്ടിത്തൊമ്മൻ ഒരു ബോട്ടുനിറയെ കുരുമുളകും പലവ്യഞ്ജനങ്ങളും സംഭരിച്ച്, സ്റ്റീഫനെ ആ ബോട്ടിൽക്കയറ്റി അർമേനിയായിലേക്ക് വിട്ടു. ഈ നാളുകളിൽ ഫാ. ഹൈസിന്ത് മാരകരോഗംമൂലം മരണമടഞ്ഞു. രോഗബാധിതനായ ഗാർസിയാ മെത്രാപ്പോലീത്തയും 1659 സെപ്റ്റംബർ 3-നു അന്തരിച്ചു. മരിക്കുമ്പോൾ അദ്ദേഹത്തിനു 80 വയസ്സും 57 വർഷങ്ങളും മിഷൻരംഗങ്ങളിലെ വിവിധ രംഗങ്ങളിൽ തീക്ഷ്ണതയോടെ ദൈവമഹത്വത്തിനുവേണ്ടി പ്രവർത്തിച്ചു. തമിഴ്, മലയാളം, സുറിയാനി ഭാഷകളിൽ നല്ല പരിജ്ഞാനം. പോർട്ടുഗീസ്-കൊങ്കിണിഗബ്ദകോശം അദ്ദേഹത്തിന്റെ രചനയാണ്[42].

---

42. Ferroli S. J: The Jesuits in Malabar op. cit. 46-49.

malankaralibrary.com

അസ്ഥാനത്തുവന്ന സ്ഥാനികമെത്രാൻ

ഗാർസിയാ മെത്രാപ്പോലീത്ത ചരമമടഞ്ഞപ്പോഴും ഗോവയിലെ പോർട്ടുഗീസുകാർ മാർപാപ്പയിൽനിന്നു ലഭിച്ചിരുന്ന പ്രത്യേക അധികാരമുപയോഗിച്ച് കാനൻ മാന്വൽ സെറാ ഷോ ഒ നാബിസിനെ മലബാറിലെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കയായി നിയമിച്ചു. ഈ നടപടിയെ ഫാ. ഫൊസിന്തിന്റെ പിൻഗാമികൂടിയായ കർമ്മലീത്ത മിഷനറി ഫാ. മാർസൽ ശക്തമായി എതിർത്തു. വേണ്ടിവന്നാൽ നിയുക്തനായ അഡ്മിനിസ്ട്രേറ്ററിനെ മഹറോൻ ചൊല്ലുവാൻ മടിക്കയില്ലെന്ന് താക്കീതു നൽകി. മലബാറിൽ പോർട്ടുഗീസുകാർക്ക് മാർപാപ്പയുടെ ബൂളയനുസരിച്ച് യാതൊരു അധികാരവും ഇല്ലായിരുന്നല്ലൊ. പോർട്ടുഗീസുകാർ തങ്ങളിൽ നിക്ഷിപ്തമായിരുന്ന പദ്വവാദൊ അധികാരത്തിന്റെ പശ്ചാത്തലത്തിൽ കർമ്മലീത്ത സന്യാസിയുടെ ഭീഷണികൊണ്ട് യാതൊരു വിലയും കല്പിച്ചില്ല. ഫാ. മർസലിനെ മെത്രാനായി വാഴിക്കാനുള്ള ചിലരുടെ സംരംഭത്തെ അദ്ദേഹംതന്നെ നിരുത്സാഹപ്പെടുത്തി [43]. 1658 ജനുവരിയിൽ അദ്ദേഹം റോമിലേക്കു മടങ്ങി.

സെബസ്ത്യാനി മെത്രാനു വരവേല്പ്

ഫാ. ജോസഫ് സെബസ്ത്യാനിയെ 7-ാം അലക്സാണ്ടർ മാർപാപ്പ 1661-ൽ അഭിഷേകം ചെയ്തു. ഹിയെറാപൊളിയിലെ സ്ഥാനികമെത്രാനും, മലബാർ വികാരിയേറ്റിലെ അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കയും, കൊട്ടങ്ങല്ലൂർ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റുമായി നിയമിച്ചു. 1661 മെയ് 14-നു മലബാറിലെത്തി. മാർപാപ്പയുടെ തീട്ടൂരം കത്തീഡ്രൽ ദേവാലയത്തിൽ വായിച്ചു. മലബാർ മുഴുവനേറെയുംമേൽ തനിക്ക് ഭരണാധികാരമുണ്ടെന്ന് മോൺ. സെബസ്ത്യാനി അവകാശപ്പെട്ടു. ഗാർസിയാ മെത്രാപ്പോലീത്തായ്ക്ക് മേലിൽ തന്റെ അതിരൂപതയുടെമേൽ ഭരണപരമായ യാതൊരു അധികാരവുമില്ലെന്നും പ്രഖ്യാപിച്ചു. ഇതെല്ലാംകേട്ട ക്രൈസ്തവവിശ്വാസികളും വൈദികരും ആനന്ദപുളകിതരായി. മലബാറിലെ ക്രൈസ്തവർ ആഡംബരപ്രിയരും ആഘോഷങ്ങൾക്കു സ്വാഗതമരുളുന്നവരുമാണെന്നറിഞ്ഞ മോൺ. സെബസ്ത്യാനി അത്യാഘോഷപൂർവ്വം വാദ്യസംഗീത മേളകളാൽ ഹർഷപുളകിതമായ അന്തരീക്ഷത്തിൽ പള്ളികൾ സന്ദർശിച്ചു. ഇതിനകം ആർച്ചുഡീക്കന്മാരായി കൂടിക്കാഴ്ചകളും സംഭാഷണങ്ങളും നടത്തിയെങ്കിലും സ്പർദ്ധയും വിരോധവും വർദ്ധിച്ചതേയുള്ളൂ. ഏതാനും ദേവാലയങ്ങൾകൂടി മോൺ. സെബസ്ത്യാനിയെ അംഗീകരിച്ചു. റോമായോടു ഐക്യപ്പെട്ടു. ഭാവിയിൽ തന്റെ നിലയ്ക്കുമല്ലെന്നു മനസ്സിലാക്കിയ ആർച്ചുഡീക്കൻ മലബാർ വിട്ട് മറെറാരു

43. Ferroli S. J: op. cit. pp. 58-62.

malankaralibrary.com

സ്ഥലത്ത് അഭയംപ്രാപിച്ചു. പോർട്ടുഗീസുകാരുടെ അടിമത്വത്തിൽ നിന്നു വിമുക്തി നേടാൻ മെത്രാൻമാരെയും മറ്റും മലബാറിലേക്ക് അയച്ചുതരണമെന്നു ''നിനിവെ'' പാത്രിയക്കീസിനു ആർച്ചുഡീക്കൻ അപേക്ഷ അയച്ചിരുന്നു.

ഡച്ചുകാരുടെ വരവ്

ഈ ഘട്ടത്തിലാണ് ഡച്ചുകാർ കൊച്ചിനഗരം കീഴടക്കിയതു്. എല്ലാ മിഷനറിമാരും നാടു വിട്ടുകൊള്ളണമെന്നു അവർ കല്പന പുറപ്പെടുവിച്ചു. മോൺ. സെബസ്ത്യാനി ധർമ്മസങ്കടത്തിലായി. ശ്രേഷ്ഠപ്രതീക്ഷകളോടുകൂടിയാണു മലബാറിലേക്കു വീണ്ടും വന്നതു്. സഭയിൽനിന്നു വേർപെട്ടുപോയ എല്ലാ ക്രൈസ്തവരെയും മാർപാപ്പയുടെ ഐക്യത്തിലേക്കാനയിക്കാൻ പരിശ്രമിക്കണം എന്ന സദുദ്ദേശമുണ്ടായിരുന്നുവെങ്കിലും വിധിവൈപരീത്യം നിമിത്തം ഇത്രവേഗം മലബാറിനോടു വിടപറയേണ്ടിവരുമെന്നു കരുതിയിരുന്നില്ല. മാർപാപ്പയിൽനിന്നു സിദ്ധിച്ചിരുന്ന പ്രത്യേക അനുവാദമനുസരിച്ചു കുറവിലങ്ങാട്ടുസ്വദേശി പറമ്പിൽ അലക്സാണ്ടർ കത്തനാരെ പിൻഗാമിയായി കടുത്തുരുത്തിയിൽവച്ചു 1663-ൽ അഭിഷേകം ചെയ്തുകടവിൽ ചാണ്ടികത്തനാരെ വികാരി ജനറാളുമായി നിയമിച്ചു.

കർമ്മലാരണ്യത്തിലെ നവീകരണക്കാറ്റ്

രണ്ടു വർഷങ്ങളോളം മലബാറിൽ മോൺ. സെബസ്ത്യാനി അനുരഞ്ജനപ്രക്രിയ വിജയിപ്പിക്കുന്നതിനു അക്ഷീണം യത്നിച്ചു. ആർച്ചുഡീക്കന്റെ കരാളമായ നീരാളിപ്പിടുത്തത്തിൽനിന്നു മാർത്തോമ്മാക്രിസ്ത്യാനികളെ മോചിപ്പിക്കുന്നതിനു മോൺ. സെബസ്ത്യാനിയുടെ ശ്രമം ഒട്ടുമുക്കാലും വിജയിച്ചു. 84 പള്ളികളും മാർപാപ്പയുടെ ഐക്യത്തിലേക്കു പിന്തിരിഞ്ഞതു വലിയ വിജയംതന്നെ[44]. ആർച്ചുഡീക്കനോടുകൂടി 32 പള്ളികളും ഐക്യത്തിനെതിരായി നിലകൊണ്ടു. ഇതിനകം മോൺ. സെബസ്ത്യാനിയെ അറസ്റ്റുചെയ്യുന്നതിനു ലിസ്ബണിൽ നിന്നു പോർട്ടുഗീസ് അധികാരികൾ കല്പന പുറപ്പെടുവിച്ചു. 1663 മാർച്ചുമാസത്തിൽ മോൺ. ജോസഫ് സെബസ്ത്യാനി കപ്പൽ മാർഗം ഇറാലിയിലേക്കു പുറപ്പെട്ടു. 1663 മെയ് 6-നു റോമിൽ തിരിച്ചെത്തി. ഡോ. സെബസ്ത്യാനി 1667-ൽ ബിസിസെനയിലെ മെത്രാനായി. തന്റെ ഏഴാമത്തെ ഗ്രന്ഥം ''ഫിലെല്ലാത്ത'' രചിക്കുന്നതിനിടയിൽ 1672-ൽ രോഗബാധിതനായി. രോഗത്തിന്റെ എല്ലാ വിധ ക്ലേശങ്ങളും വേദനകളും ക്ഷമയോടെ സഹിച്ചു. മരണം ആസന്നമായെന്നറിഞ്ഞ മോൺ. സെബസ്ത്യാനി കൈവശമുണ്ടായിരുന്ന എല്ലാ സാധനസാമഗ്രികളും സെന്റ് പംക്രേഷ്യസ് സെമിനാരിക്കും

44. G. T. Mackenzie: Christianity in Travancore p. 186.

malankaralibrary.com

മലബാർമിഷനും, കത്തീഡ്രൽ ദേവാലയത്തിലെ രണ്ടു കാനൻ വൈദികർക്കും നൽകണമെന്നു് നിർദ്ദേശിച്ചു. 1689 ഒക്ടോബർ 15-ന ദിവംഗതനായി. തന്റെ മൃതദേഹം പൊതുശ്മശാന സ്ഥലത്തെ സെമിത്തേരിയിൽ, അല്ലെങ്കിൽ കത്തീഡ്രൽ ദേവാലയത്തിന്റെ പ്രധാന കവാടത്തിൽ, അവിടെക്കൂടെ കടന്നുപോകുന്നവരുടെ കാൽപ്പാദങ്ങൾ കൊണ്ടു് ചവിട്ടപ്പെടുന്നതിനുവേണ്ടി സംസ്ക്കരിക്കപ്പെടണമെന്നു അഭ്യർത്ഥിച്ചു. കല്ലറയിൽ താഴെ പറയുന്ന ശിലാലിഖിതവും ഉണ്ടായിരിക്കണമെന്നു് നിഷ്ക്കർഷിച്ചു:

Folium
De Re formati Carmeli Silva
Per Orbem a ventis Raptim
Oviumque Pabulo Ubique Noxium
Et Sub Hoc tandem Lapide Clausum.
Pedes Hominum Conculcate

(കർമ്മലാരണ്യത്തിലെ നവീകരണ കാറ്റു് ലോകമെമ്പാടും ആഞ്ഞടിച്ചതും, ഉപദ്രവകാരണമായതിനെ വിപാടനം ചെയ്തു എല്ലായിടത്തും ആടുകൾക്കു ഭക്ഷണമായിത്തീർന്ന പത്രം (ഇല). അവസാനമീ താ ശിലയാൽ മൂടപ്പെട്ടിരിക്കുന്നു. മനുഷ്യപാദങ്ങളെ, നിങ്ങളതിനെ ചവിട്ടിമെതിച്ചാലും [45].

കേരളസഭയ്ക്കു് ഡോ. ജോസഫ് സെബസ്ത്യാനി ചെയ്ത നിസ്തുലസേവനങ്ങൾ അവിസ്മരണീയം.

കൃതികൾ

1. Prima Speditione All Indie Orientali.
2. Breve Raconto della Vita Missionis.
3. Seconda Speditione All Indie Orientali.
4. De Consolatione.
5. Viaggio Ea Navigatione Di. Monsignor Sebastiani.
6. Constitutione Secundae Synodi Evitatis Castelli.
7. Filolete.

45. Fr. Ambrose O. C. D.: Praesules Missionis Malabaricae (Series II) p. 196.

malankaralibrary.com

മുഖ്യ വൈസ്രോയിമാർ

പോർട്ടുഗലും സ്പെയിനും ഇന്ത്യയിലേക്കുള്ള കടൽമാർഗങ്ങൾ കണ്ടുപിടിക്കുന്ന കാലഘട്ടമായിരുന്നല്ലൊ പതിനഞ്ചാംനൂറ്റാണ്ട്. പോർട്ടുഗലിലെ ജോൺ ദ്വിതീയൻ രാജാവിന്റെ ഉൽക്കടമായ ആഗ്രഹം ''കറുത്ത പൊന്ന്''കളുടെ നാട്ടിലേയ്ക്കു കപ്പലുകളയച്ച് വ്യാപാരം നടത്തണമെന്നായിരുന്നു. തദനുസരണം പൗരസ്ത്യദേശങ്ങളിലേയ്ക്ക് രാജാവ് നാവികരെ അയച്ചുതുടങ്ങി. നാവികൻ ബർത്തലോമിയ ഡയസ് പരിശീലനം ലഭിച്ച മറ്റു പടയാളികളുടെ അകമ്പടിയോടെ ഏതാനും കരിങ്കൽസ്തൂപങ്ങളുമായി മൂന്നുകപ്പലുകളിൽ ഇന്ത്യാസമുദ്രത്തിലേക്ക് പുറപ്പെട്ടു. ചില സ്തൂപങ്ങൾ ആഫ്രിക്കൻ സമുദ്രതീരത്ത് സ്ഥാപിച്ചു. ആഫ്രിക്കയുടെ തെക്കുള്ള 'ഗ്രഡ്ഹോപ്' മുനമ്പിൽ എത്തിച്ചേർന്നു. പെട്ടെന്നുള്ള കൊടുങ്കാറ്റിന്റെ ഉഗ്രതാണ്ഡവത്തിൽ പെട്ട് ഒരു കപ്പൽ നശിച്ചു. ശേഷിച്ച രണ്ടു കപ്പലിലെ പടയാളികളും നാവികരും പോർട്ടുഗലിലേക്കു മടങ്ങിപ്പോകണമെന്ന് ശാഠ്യം പിടിച്ചു. അവരുടെ പ്രതിഷേധങ്ങൾ നേരിടുവാനുള്ള ആത്മശക്തി ഇല്ലാതെ ബർത്തലോമിയൊ ഡയസ് ലിസ്ബണിലേയ്ക്കു തിരിച്ചുപോയി. 'ഗ്രഡ്ഹോപ്' മുനമ്പു ചുറ്റി പൗരസ്ത്യദേശത്തേക്ക് കപ്പൽമാർഗം യാത്രചെയ്യാൻ വഴിതെളിച്ചതിനുള്ള പ്രശംസ ഗാമയുടെ മുൻഗാമി ഡയസിനാണ്. സാഹസികനാവികയാത്ര പൂർത്തിയാക്കി 'ഗ്രഡ്ഹോപ്' മുനമ്പുചുറ്റി ഇന്ത്യയിൽ എത്തിയ പ്രഥമ നാവികസേനാനി വാസ്കോഡിഗാമ തന്നെ.

വാസ്ക്കോഡിഗാമ

വാസ്കോഡിഗാമ എസ്റ്റോവ ഗാമയുടെയും ഇസബൽ സോളോയുടെയും മൂന്നാമത്തെ പുത്രൻ. പ്രഭുകുടുംബത്തിൽ 1460-ൽ ജനിച്ചു.

malankaralibrary.com

പോർട്ടുഗലിലെ സൈനസ് ഗ്രാമം ജന്മസ്ഥലം. പ്രായപൂർത്തിയായ തോട്ടക്കുടി വാസ്കോഡിഗാമ ദോം മാനുവലിന്റെ കൊട്ടാരസേവകനായി. സമർത്ഥനായ നാവികനും തന്ത്രജ്ഞനായ നേതാവുമായിരുന്നു. പരുക്കനും ക്രൂരനുമായിരുന്ന എന്നു് ചരിത്രരേഖകൾ വ്യക്തമാക്കുന്നു. കോപം വന്നാൽ അപകടകാരി. കാര്യനിർവഹണത്തിൽ അദ്വിതീയൻ. ഒന്നാമത്തെ കപ്പൽയാത്രയ്ക്കുശേഷം 1500-ൽ ഉൽകൃഷ്ടകുടുംബത്തിലെ കത്തറീനാ അലൻഡൊയൊ (Caterina de Allando) വിവാഹം ചെയ്തു. ഗാമയ്ക്കു് ആറു പുത്രൻമാരും ഒരു പുത്രിയും. രണ്ടാമത്തെ മകൻ എസ്തൊവൊ 1540-ൽ ഇന്ത്യയിലെ ഗവർണറായി. മൂന്നാമത്തെ പുത്രൻ പോളൊ 1534-ൽ നാവികയുദ്ധത്തിൽ കൊല്ലപ്പെട്ടു. നാലാമൻ ക്രസ്താവൊ ധീരനായ നാവികൻ. അഞ്ചാമത്തെയാൾ പെദ്രോ ദെ സിൽവ മലാക്കയിലെ ക്യാപ്റ്റനായി. മൂത്തമകൻ ഫ്രാൻസിസ്കൊ അച്ഛന്റെ കാലടികൾ പിൻതുടർന്നു.

പോർട്ടുഗൽരാജാവു് ദോം മാനുവൽ പൂർവികരെപ്പോലെ നാവികർക്കു ദീർഘയാത്രയ്ക്കുവേണ്ട പരിശീലനം നല്കികൊണ്ടിരുന്നു. ഡയസിന്റെ നിർഭാഗ്യകരമായ തിരിച്ചുവരവു് രാജാവിനെ വേദനിപ്പിച്ചെങ്കിലും, കൊളംബസിന്റെ ദൗത്യവിജയം ലിസ്ബൺ തുറമുഖത്തു് പ്രത്യാശയുണർത്തി. ബർത്തലൊമ്യൊ ഡയസിന്റെ സാഹസികയാത്രയെക്കാൾ സഞ്ചാരി കോയിൻഹയുടെയും സഹപ്രവർത്തകനായ അൽഫോൺസൊ പായ്വയുടെയും അനുഭവജ്ഞാനമാണു് ഇന്ത്യയിലേക്കുള്ള വാസ്കോഡിഗാമയുടെ സാഹസികനാവികയാത്രയ്ക്കു പ്രചോദനം നൽകിയതു്[1].

യാത്രക്കുമുമ്പു് കുർബാന കാണും

ഗാമയുടെ ഇന്ത്യായാത്രയെക്കുറിച്ചുള്ള വിവരങ്ങളും അദ്ദേഹത്തിന്റെ സഹയാത്രികരിൽ ഒരാളുടെ ഡയറിക്കുറിപ്പുകളിൽനിന്നു ലഭ്യമാണു്. നേരത്തെ നിശ്ചയിച്ചിരുന്ന നാലുകപ്പലുകളിൽ മൂന്നെണ്ണത്തിനു് സാൻ റാഫേൽ, സാൻ ഗബ്രിയേൽ, സാൻ മിഖെയേൽ എന്നീ പേരുകളിട്ടു. ഓരോന്നിനും പായ്മരങ്ങളിൽ 6 പായകളും. 120 ടൺ കേവുഭാരമുള്ള സാൻ ഗബ്രിയേലിലാണു ഗാമ സഞ്ചരിച്ചതു്. 1497 ജൂലായ് 8-നു എല്ലാവരും ദേവാലയത്തിൽപോയി ദിവ്യബലിയിൽ പങ്കുകൊണ്ടു. രണ്ടു് ഫ്രാൻസിസ്കൻ വൈദികരോടൊപ്പം 170 പേരോടുകൂടി ഗാമ കപ്പലിൽ കയറി ചരിത്രപ്രസിദ്ധമായ യാത്രയ്ക്കു പുറപ്പെട്ടു[2]. ഗാമയുടെ നേതൃത്വത്തിലുള്ള ധീരനാവികരെ യാത്രയാക്കാൻ കടൽത്തീരത്തു വൻപിച്ച പുരുഷാരം. അജ്ഞാത സമുദ്രത്തിന്റെ

1. Frederic Charles Danvers: The Portuguese in India Vol. I. pp. 30–33.
2. Diario De Viagen De Vasco De Gama (1945).

malankaralibrary.com

വിരിമാറിലൂടെ പുതിയ ചക്രവാളങ്ങൾ തേടി പുറപ്പെട്ട ആ സാഹസികയുവാക്കൾക്ക് ആവേശകരമായ യാത്രയയപ്പ് നൽകപ്പെട്ടു. തിരമാലകളിൽ ചാഞ്ചാടി, കാറ്റിന്റെ സഹായത്തോടെ മുന്നോട്ടുനീങ്ങിയ കപ്പൽവ്യൂഹം കണ്ണിൽനിന്നു മറയുന്നതുവരെ അവർ കടൽക്കരയിൽതന്നെ നോക്കിനിന്നു. സാഹസികർക്കു വിജയംനേർന്നുകൊണ്ട്, അവരുടെ വിജയത്തിൽ ഉറച്ച വിശ്വാസവുമായി ശ്രേഷ്ഠർത്ത ശ്രുവിക്കാനുള്ള ഭാഗ്യം കൈവരണമേ എന്നു പ്രാർത്ഥിച്ചുകൊണ്ട അവർ സ്വഗൃഹങ്ങളിലേയ്ക്കു മടങ്ങി [3].

കരകാണാൻ ആർത്തി

സമുദ്രയാത്ര സുഗമമായിരിക്കില്ലെന്നു ഗാമയ്ക്കു് അറിയാമായിരുന്നു. സഹചാരികളായ നാവികന്മാരിൽനിന്നു പ്രതിബന്ധങ്ങളും പരാതികളും ഉയരുമെന്നു ഗാമ പ്രതീക്ഷിച്ചിരുന്നു. കഷ്ടപ്പാടും ദുരിതവും പ്രതിസന്ധികളും മറുമുണ്ടായാലും ഒരിക്കലും കപ്പൽ തിരിച്ചുവിടുന്നതല്ലെന്നു അദ്ദേഹം ദൃഢനിശ്ചയം ചെയ്തു. ഈ നിശ്ചയദാർഢ്യമാണു മൊസാംബിക്കിൽവച്ചു സഹയാത്രക്കാർ തിരിച്ചുപോകാൻ മുറവിളികൂട്ടിയപ്പോഴും അതു അവഗണിച്ചുകൊണ്ടു ചഞ്ചലപ്പെടാതെ സധൈര്യം കപ്പലുകൾ മുന്നോട്ടു നയിച്ചതു. കപ്പലിൽ ലഹളകൂട്ടാൻ ശ്രമിക്കുന്നവരെ അവിടെവച്ചുതന്നെ തൂക്കിക്കൊല്ലാൻ തനിക്കു രാജാനുമതി ലഭിച്ചിട്ടുണ്ടെന്നു ഗാമ അറിയിച്ചു. തൽക്കാലം ലഹളക്കാർ ശാന്തരായി. ആകാശവും, കടലുംമാത്രം കണ്ടു മനംമടുത്ത കപ്പൽയാത്രക്കാർ കരകാണാൻ ആർത്തിയോടെ കാത്തിരുന്നു. തെക്കുകിഴക്കോട്ടു പറന്നുപോയ ഒരുകൂട്ടം പറവകൾ അവരുടെ ശ്രദ്ധയിൽപ്പെട്ടു. സമുദ്രതീരം അധികം അകലയല്ലെന്നു അവർക്കുറപ്പായി. ഗാമയുടെ കപ്പലുകളിൽ ആഹ്ലാദത്തിന്റെ പൂത്തിരികത്തി. പ്രത്യേകതരം മത്സ്യങ്ങളും, കടൽചെടികളും സമുദ്രതീരസാമീപ്യം സൂചിപ്പിച്ചു.

ഒടുവിൽ അങ്ങകലെ ആഫ്രിക്കയിലെ പടിഞ്ഞാറൻതീരം അവ്യക്തമായി കാണാറായി. കപ്പൽയാത്രക്കാർ ആഹ്ലാദംകൊണ്ടു തുള്ളിച്ചാടി. കൊടികൾ ഉയർത്തിക്കെട്ടി. പീരങ്കികൾ ഗർജ്ജിച്ചു. 4500 മൈൽ തുടർച്ചയായി സഞ്ചരിച്ചശേഷം കപ്പൽവ്യൂഹം സെന്റ് ഹെലനാ ഉൾക്കടലിനു സമീപം നങ്കൂരമുറപ്പിച്ചു. ഗ്രൂഡ്ഹോപ്പ് മുനമ്പിനു 125 മൈൽ വടക്കുള്ള സ്ഥലം. ഗാമയും കൂട്ടരും കരക്കിറങ്ങി. വേണ്ടുവോളം ശുദ്ധജലവും മറുപദാർത്ഥങ്ങളും ശേഖരിച്ചു് എട്ടുദിവസങ്ങൾക്കുശേഷം പ്രതികൂലമായ കാലാവസ്ഥയെ മല്ലിട്ടുകൊണ്ടു മുന്നോട്ടു നീങ്ങി [4]. നവംബർ 16-ന അവർ ഗ്രൂഡ്ഹോപ് മുനമ്പിലെത്തി. തുടർന്നു 'മെലീന്താ'യിൽ. അവിടെവച്ചാണു ദുബായിയ്ക്കുടുത്തുള്ള അറ

3. ആർ. ഗോപിമണി: വാസ്കോഡിഗാമ മഹച്ചരിതമാല പേജ് 85-86.

4. ആർ. ഗോപിമണി: വാസ്കോഡിഗാമ ഉദ്ധൃതഗ്രന്ഥം. പേജ്, 87.

malankaralibrary.com

ബിനാവികനുമായി പരിചയപ്പെട്ടതു്. ഡൈവൈൻ. പിന്നീടദ്ദേഹം തെയിബൊ എന്നു വിളിയ്ക്കപ്പെട്ടു. ഈ നാവികന്റെ നിർദ്ദേശങ്ങളും ഗാമയ്ക്കു് വളരെ സഹായകമായി. 1498-ലെ ഈസ്റ്റർദിവസം അവർ മെലിന്തെ തുറമുഖപട്ടണത്തിൽത്തന്നെ കഴിച്ചുകൂട്ടി. ഇവിടത്തെ മുഹമ്മദീയർ, പോർട്ടുഗീസുനാവികർക്കു സ്വാഗതമരുളി. അവരുടെ സുൽത്താൻ അകമ്പടിയോടുകൂടി സാൻ ഗബ്രിയേൽ കപ്പലിൽ കയറി ഗാമയോടും സഹയാത്രികരോടും സൗഹൃദം പുലർത്തി. ഏതാനും അറബി നാവികരെ രാജാവു് ഏർപ്പെടുത്തിക്കൊടുത്തു. സമുദ്രയാത്രയെപ്പറ്റി അറബിഭാഷയിലെ ഒരു ഗ്രന്ഥം ഇബർ മജീദു് എന്ന പുതിയ നാവികന്റെ പക്കലുണ്ടായിരുന്നു. ഈ ഗ്രന്ഥം കപ്പൽയാത്രയ്ക്കു് ഉപകരിച്ചു. ഏപ്രിൽ 26-നു മെലിന്തായിൽനിന്നു തിരിച്ചു. അറബിക്കടലിൽ ഏതാനും ദിവസത്തെ യാത്രകഴിഞ്ഞപ്പോഴം കരിനീലശൃംഗപരേഖ തെളിഞ്ഞു. തുടർന്നുള്ള ദിവസങ്ങളിൽ മലനിരകൾക്കതോഴെ പച്ചത്തഴപ്പു കൊണ്ടു് മനോഹരമായ ഭൂവിഭാഗം മെല്ലെ തെളിഞ്ഞുവന്നു. കപ്പലുകളും 1498 മെയ് 20-നു 346 ദിവസത്തെ യാത്രയ്ക്കുശേഷം കോഴിക്കോടിനടുത്തുള്ള 'കപ്പാടു്' അടുത്തു നങ്കൂരമിട്ടു. ലോകചരിത്രത്തിൽ യൂറോപ്പിന്റെ ഭാവി തിരുത്തിക്കുറിച്ച സുപ്രധാനമുഹൂർത്തം. കവി ചങ്ങമ്പുഴയുടെ ഭാഷയിൽ പറഞ്ഞാൽ,

> "ആഴിയലമാലകളിൽ തത്തിയുലഞ്ഞാടി
> കോഴിക്കോട്ടവന്നണഞ്ഞിതന്നൊരു പായ്കപ്പൽ
> ഗാമയുമനുചരന്മാരും കാലുകുത്തീമണ്ണിൽ"

വിസ്മയാവഹമായ കാഴ്ചകളാണു് കോഴിക്കോട്ടങ്ങാടിയിൽ ഗാമ കണ്ടതു്. തുറമുഖത്തു് അതിനകം കപ്പലുകളും നങ്കൂരമിട്ടിരുന്നു. അങ്ങാടിയിൽ സുഗന്ധവ്യഞ്ജനവ്യാപാരം കൊണ്ടുപിടിച്ചു നടക്കുന്നു. ഗാമയും കൂട്ടരും അങ്ങാടിയിൽ പ്രവേശിച്ചതു കാണാനിടയായ അറബികളും വിളിച്ചുപറഞ്ഞു, "എല്ലാവർക്കും സ്വാഗതം, ഈ രാജ്യത്തു നിങ്ങളെ എത്തിച്ച അല്ലാഹുവിനെ സ്തുതിയ്ക്കുക".

കോഴിക്കോടു് വിപണി

പൊന്നാനിയിലായിരുന്ന കോഴിക്കോട്ടു സാമൂതിരിയെ ഗാമയുടെയും പോർട്ടുഗീസുകാരുടെയും ആഗമനം അറിയിച്ചു. സാമൂതിരി അവരെ തന്റെ രാജ്യത്തിലേയ്ക്കു സൗഹാർദ്ദപൂർവ്വം ക്ഷണിച്ചു. കാലവർഷമായതുകൊണ്ടു് സുരക്ഷിതത്വത്തിനുവേണ്ടി കപ്പലുകളെ "പന്തലായനി" തുറമുഖത്തേക്കു് കൊണ്ടുപോകാൻ നിർദ്ദേശിച്ചു. പന്തലായനിയിൽനിന്നു വഞ്ചിയിലും പല്ലക്കിലുമായി ഗാമയും അദ്ദേഹത്തിന്റെ അനുയായികളും നഗരത്തിലെത്തി. സാമൂതിരി അവരെ പ്രത്യേക ഡർബാറിലേയ്ക്കു് ക്ഷണിച്ചു [5]. അക്കാലത്തു് കോഴിക്കോടു് നഗരം

5. Frederic Charles Danvers: The Portuguese in India Vol. I. p. 55.

malankaralibrary.com

പ്രസിദ്ധം. 1501-ലെ കോഴിക്കോട് നഗരത്തെക്കുറിച്ച് ഇപ്രകാരം പ്രസ്താവിക്കുന്നുണ്ട്. ''പോർട്ടുഗലിലെ മഹാനും പ്രശസ്തനുമായ മാനുവൽ രാജാവ് കണ്ടെത്തിയ മഹത്തായ നഗരമാണ് കോഴിക്കോട്. ഇവിടെ കുരുമുളകു്, ഇഞ്ചി, ഗ്രാമ്പൂ, ചന്ദനം, പട്ട, ഏലം തുടങ്ങിയ പലതരം സുഗന്ധദ്രവ്യങ്ങളും രത്നങ്ങളും ധാരാളമുണ്ട്. അറബികളാണ് കോഴിക്കോട്ട് വിപണിയുടെ മേധാവിത്വം പുലർത്തിയിരുന്നത്. നൂറ്റാണ്ടുകളായി അറബികൾ സാമൂതിരിയുമായി നടത്തിയ വ്യാപാരംമൂലം അറബികൾക്കു കിട്ടിയിരുന്ന ലാഭത്തിന്റെ ഒരംശവും തീരുവയും സാമൂതിരിയ്ക്കു ലഭിച്ചിരുന്നതിനാൽ സാമൂതിരി കേരളത്തിലെ പ്രതാപവാനായി.

കുരുമുളകു വാങ്ങാൻ കോവിലകത്ത്

പോർട്ടുഗീസുകാരെ ഏതുവിധേനയും ഉന്മൂലനം ചെയ്യണമെന്ന ചിന്തയായി അറബികൾക്ക്. നായർസമുദായത്തിലെ പ്രമാണികൾ പോർട്ടുഗീസുകാർക്ക് സംരക്ഷണം നൽകാമെന്നു് ഉറപ്പുകൊടുത്തിരുന്നു. ജോസഫനസ് ദുരിഭോഷിയുടെ സഹായത്തോടെ പിറ്റെദിവസം ഗാമയുടെ നേതൃത്വത്തിൽ പോർട്ടുഗീസുകാർ സാമൂതിരിയുടെ കോവിലകത്ത് ചെന്നു. ദുരിഭോഷിവഴി ഗാമ ഔത്യമറിയിച്ചു. സാമൂതിരിയ്ക്ക് കാര്യം മനസ്സിലായി. പോർട്ടുഗീസുകാർക്ക് കുരുമുളകുവേണം. അറബികൾ കൊടുക്കുന്നതിനെക്കാൾ കൂടുതൽ വില കൊടുക്കാമെന്നും, പട്ട, ഗ്രാമ്പൂ, ഏലം, ജാതിക്ക മുതലായ സുഗന്ധവ്യഞ്ജനങ്ങൾ അവർക്ക് വേണമെന്നും പറഞ്ഞപ്പോൾ സാമൂതിരി ഇതൊരു ഭാഗ്യമായി കരുതി. നൂറ്റാണ്ടുകളായി അറബികൾ തുച്ഛമായ വിലയേ വില്പനക്കാർക്ക് കൊടുത്തിരുന്നുള്ളൂ. കുരുമുളകുവിപണിയിൽ അറബികൾ ആധിപത്യം പുലർത്തിയിരുന്നതിനാൽ പോർട്ടുഗീസുകാർക്ക് നിർബാധം സമുദ്രത്തിൽക്കൂടി വ്യാപാരംനടത്തുന്നതിനു സഹായിക്കണം എന്നെല്ലാം ഗാമ സാമൂതിരിയെ അറിയിച്ചു. ഗാമ സാമൂതിരിയുമായി സഖ്യത്തിലേർപ്പെടാൻ ഇഷ്ടപ്പെട്ടില്ല. അറബികൾ ഇതിനകം പോർട്ടുഗീസുകാരുടെ മറ്റു വ്യാപാരത്തെയും വാണിജ്യസംഘത്തെയും കുറിച്ചു സാമൂതിരിയെ രഹസ്യമായി അറിയിച്ചു. പോർട്ടുഗീസുകാർക്ക് കുരുമുളകും മലഞ്ചരക്കും നൽകരുതെന്നും, അവരെ ബോയ്ക്കോട്ടുചെയ്ത് ക്രയവിക്രയം അവസാനിപ്പിക്കണമെന്നുമായിരുന്ന അറബികളുടെ മോഹം. ബലഹീനനായ സാമൂതിരിയ്ക്ക് പോർട്ടുഗീസുകാരെ സഹായിക്കാൻ കഴിഞ്ഞില്ല.

അറബികളുടെ എതിർപ്പ്, കോലത്തിരിയുടെ വരവേല്പ്

ചരക്കുകൾ ലഭ്യമാകാതെ വന്നപ്പോൾ ഗാമ ക്ഷുഭിതനായി. ''സുഗമമായി കച്ചവടം നടത്താൻ അനുവദിക്കാത്ത അറബികളെ തുരത്തണം, അതിനു സൈന്യംവേണം''. തൽക്കാലം ക്ഷമിയ്ക്കുകതന്നെ എന്നു

malankaralibrary.com

ഗാമ ആത്മഗതം ചെയ്തു. ഇതിനിടക്ക് കണ്ണൂരിലെ കോലത്തിരി രഹസ്യമായി ദൂതന്മാരെ അയച്ച് ഗാമയ്ക്ക് കുരുമുളകു് എത്രവേണമെങ്കിലും കൊടുക്കാമെന്നറിയിച്ചു. ഉടനെ ഗാമ കണ്ണൂരിലേയ്ക്ക് പുറപ്പെടാൻ തീർച്ചയാക്കി. കോലത്തിരി തുറന്ന ഹൃദയത്തോടെ പോർട്ടുഗീസുകാരെ സ്വീകരിച്ചു. മികച്ചതരം ഏലയ്ക്കായ്ക്ക് പേരുകേട്ട സ്ഥലമാണ് കണ്ണൂർ. കപ്പൽ നിറയെ മേന്മയേറിയ സുഗന്ധവ്യഞ്ജനങ്ങളുമായി വാസ്കോഡിഗാമ കേരളത്തോടു വിടപറഞ്ഞു. 1498 നവംബർ 20-നു ലിസ്ബണിനെ ലക്ഷ്യമാക്കി പോർട്ടുഗീസുകപ്പൽ കണ്ണൂരിൽനിന്നു പുറപ്പെട്ടു. 1499 സെപ്റ്റംബറിൽ അവർ ലിസ്ബണിൽ എത്തിച്ചേർന്നു. ഗാമയ്ക്കും സഹചാരികൾക്കും ഗംഭീരവും ആവേശകരവുമായ സ്വീകരണം. വെള്ളനിറത്തിലുള്ള താടി ഗാമയെ കൂടുതൽ ആകൃഷ്ടനാക്കി. രാജാവും, കുടുംബാംഗങ്ങളും കുശലപ്രശ്നങ്ങളും നടത്തി [6]. 2 വർഷവും 2 മാസവും കഴിഞ്ഞ് വിജയശ്രീലാളിതനായി തിരിച്ചെത്തിയ ഗാമയ്ക്കും സഹചരന്മാർക്കും പോർട്ടുഗൽ രാജാവ് നൽകിയ സ്വീകരണം കൊളംബസിനു സ്പെയിൻ രാജാവ് നൽകിയ സ്വീകരണംപോലെ ഊഷ്മളമായിരുന്നു.

പടിഞ്ഞാറും കിഴക്കും അടുത്തു

ഗാമ ദേശീയനേതാവായി. സമുദ്രംവഴി പൗരസ്ത്യദേശങ്ങളിലേയ്ക്ക് മാർഗം കണ്ടെത്തിയതു് ലോകഗതാഗതചരിത്രത്തിലെ സുപ്രധാന സംഭവം. കിഴക്കിനെയും പടിഞ്ഞാറിനെയും ഈ കണ്ടുപിടിത്തം കൂടുതൽ അടുപ്പിച്ചു. ഗാമ ഈ സംരംഭത്തിൽ വഹിച്ച സ്തുത്യർഹപങ്കിനെ ചില ചരിത്രകാരന്മാർ ചോദ്യം ചെയ്യാറുണ്ട്. ഇന്ത്യയിലേയ്ക്കുള്ള യാത്ര ആസൂത്രണം ചെയ്തതു് ഗാമ ആയിരുന്നില്ല. ഗ്രഡ്ഹോപ് മുനമ്പു് കണ്ടെത്തിയത് ബർത്തലൊമ്യോ ഡയസ് ആയിരുന്നവല്ലൊ. ഇന്ത്യയിലേയ്ക്കുള്ള കപ്പൽയാത്ര സുസാധ്യമാണെന്നു തെളിയിച്ചതു് അദ്ദേഹമാണു്. സുരക്ഷിതമായി കപ്പലുകൾ ഇന്ത്യയിലേയ്ക്കു നയിക്കുന്ന ദൗത്യമേ ഗാമ നിർവഹിച്ചുള്ളൂ [7].

ഹെൻറി രാജകുമാരൻ സംവിധാനംചെയ്ത യാത്രനയിക്കാൻ ദോം മാനുവൽ രാജാവ് വാസ്കോഡിഗാമയെ തെരഞ്ഞെടുത്തു് അയച്ചതു് യാദൃച്ഛികം. ഇദംപ്രഥമമായ ഈ സാഹസികസമുദ്രയാത്ര പല പ്രതിബന്ധങ്ങളെയും ധീരതയോടെ അഭിമുഖീകരിച്ച് വിജയിപ്പിച്ചതു് ഗാമയാണു്. യാത്രച്ചെലവിന്റെ അറുപതിരട്ടിവരുന്ന സാധനങ്ങളുമായാണു് ഗാമ മടങ്ങിയെത്തിയതു്. പോർട്ടുഗീസുകാരുടെ ചരിത്രത്തിൽ വ്യാപാരവിപ്ലവംതന്നെ ഈ നാവികസേനാനി സൃഷ്ടിച്ചു.

---

6. The Portuguese in India. op. cit. p. 93.
7. H. P .J Stanley: The Voyages of Vasco De Gama, Preface P. XL.

malankaralibrary.com

"എത്യോപ്യ, അറേബ്യ എന്നീ രാജ്യങ്ങളുടെ "അധിപതി" എന്ന ബിരുദം ദോം വാസ്കോഡിഗാമയ്ക്കു നൽകി.

ആദ്യയാത്രയിൽ അറുപതിരട്ടി ലാഭം

മൂന്നുവർഷത്തെ വിശ്രമത്തിനുശേഷം 1502 ഏപ്രിൽ 1-ന ഗാമ 9 കപ്പലുകളും വേണ്ടത്ര തോക്കുകളും മറ്റായുധങ്ങളോടുംകൂടി ഇന്ത്യയിലേയ്ക്കു പുറപ്പെട്ടു. മലബാറിലെ ക്രൈസ്തവരെക്കുറിച്ച് അന്വേഷിച്ച് അവരുടെ ആധ്യാത്മികവും ഭൗതികവുമായ കാര്യങ്ങളും പോർട്ടുഗീസുകാർ ശ്രദ്ധിക്കണമെന്ന മാനുവൽ രാജാവ് പ്രത്യേകം നിർദ്ദേശിച്ചിരുന്നു. കൊച്ചി, കണ്ണൂർ രാജാക്കന്മാർക്കു കൊടുക്കുവാനുള്ള എഴുത്തുകളുമേന്തി ഗാമ ലിസ്ബൺ വിട്ടു[8]. മുസ്ളീങ്ങളെ യുദ്ധംചെയ്ത് പരാജയപ്പെടുത്തണമെന്നും സാമൂതിരിയെ ഒരു പാഠം പഠിപ്പിക്കണമെന്നും സമുദ്രത്തിൽ പോർട്ടുഗീസുകാർ ആധിപത്യം സ്ഥാപിച്ച് അറബികളെ ഇന്ത്യാസമുദ്രത്തിൽനിന്നു തുരത്തണമെന്നും ഗാമ നിശ്ചയിച്ചിരുന്നു. തങ്ങളുടെ ഇന്ത്യാ വ്യാപാരത്തിന്റെ നേർക്കുള്ള വെല്ലുവിളിയെ പോർട്ടുഗൽ എങ്ങനെ നേരിട്ടുവെന്ന് ഗാമയുടെ രണ്ടാമത്തെ ഇന്ത്യാ സന്ദർശനത്തിലെ പ്രഥമസംഭവം തെളിയിക്കുന്നു[9].

വെല്ലുവിളിയോടുള്ള ക്രൂരപ്രതികരണം

മക്കയിൽനിന്നുള്ള മുസ്ളീമുകളുടെ കപ്പൽ ഗാമ പിടിച്ചടക്കി. അതിൽ സ്ത്രീകളും കുട്ടികളുമായി 300 പേരുണ്ടായിരുന്നു. കപ്പലിലെ ധനമെല്ലാം കൊടുക്കാമെന്ന് യാത്രക്കാർ പറഞ്ഞുവെങ്കിലും ഗാമ അതിനു സമ്മതിച്ചില്ല. കണ്ണുനീരും തപ്തനിശ്വാസങ്ങളും കപ്പലിൽ തളംകെട്ടി. കഠിനഹൃദയനായ ഗാമ കപ്പൽ കൈവശപ്പെടുത്തി. പീരങ്കികൾ ഗർജിച്ചു. കപ്പലിനു തീവച്ചു. കപ്പലിലുണ്ടായിരുന്നവർ കടലിൽ മുങ്ങിത്താണു. ക്രൂരമായ സംതൃപ്തിയോടെ ഗാമയും കൂട്ടരും മുന്നോട്ടു നീങ്ങി. 1502 ഒക്ടോബർ 30-ന അദ്ദേഹം കോഴിക്കോട്ടെത്തി. ഗാമയുമായി ഒത്തുതീർപ്പുണ്ടാക്കുവാനും സമാധാനം നിലനിർത്താനുമായിരുന്നു സാമൂതിരിയുടെ അഭിലാഷം. പക്ഷേ കോഴിക്കോട്ടുള്ള എല്ലാ മുസ്ളീങ്ങളെയും പുറത്താക്കുന്നതിൽ കുറഞ്ഞുള്ള ഒരു ഒത്തുതീർപ്പിനും ഗാമ ഒരുക്കമായിരുന്നില്ല. കോഴിക്കോട് തുറമുഖത്തുണ്ടായിരുന്ന സാധുക്കളായ ഏതാനും മുസ്ളീം വ്യാപാരികളെ ഗാമ തടവുകാരാക്കി. അവരുടെ തലയും കൈകാലുകളും ഛേദിച്ച് തോണിയിലിട്ട് കടലിൽ ഒഴുക്കിവിട്ടു. രാജാവിനുള്ള ഭീഷണിക്കത്തും ഒപ്പമുണ്ടായിരുന്നു. അതുകൊണ്ടും അരിശം ശമിയ്ക്കാഞ്ഞ് പീരങ്കിപ്പടയുമായി കോഴിക്കോട്ടു നഗരം ചുട്ടുകരിക്കാൻ ആജ്ഞ നൽകി. പീരങ്കികൾ തീ വർഷിച്ചു.

8. M. Mundadan: History of Christianity in India Vol. I. p. 263.
9. Thomas Lopez: Navigation India Orientalis p. 134.

malankaralibrary.com

താമസിയാതെ ഗാമ ചൂരക്കു ശേഖരിക്കുവാൻ കൊച്ചിയിലേക്കു യാത്രയായി [10].

കൊച്ചിയിൽ മാർത്തോമ്മാക്രിസ്ത്യാനികളുടെ കൂടിക്കാഴ്ച

കൊച്ചിയിൽ ഗാമയ്ക്കു ഹൃദ്യമായ സ്വീകരണം. പോർട്ടുഗീസുകാരുടെ ആഗമനത്തിൽ കൊച്ചി രാജാവിനു സന്തോഷം. തന്റെ ശത്രുവായ സാമൂതിരിയോടു പകവീട്ടുന്നതിനു പോർട്ടുഗീസുകാരുടെ സഹായം അപരിത്യാജ്യമാണെന്നു കൊച്ചിരാജാവു കരുതി. കൊല്ലം രാജ്യത്തെ റാണി പോർട്ടുഗീസുകാരുമായി വ്യാപാര ഉടമ്പടി ഉണ്ടാക്കി. കൊച്ചിയിൽ ഗാമ താമസിച്ചിരുന്ന അവസരത്തിലാണു മാർത്തോമ്മാ ക്രിസ്ത്യാനികളുമായുള്ള ചരിത്രപ്രസിദ്ധ കൂടിക്കാഴ്ച. 1502-നവംബർ 19-നു ഏതാനും കുലീന മാർത്തോമ്മാ ക്രിസ്ത്യാനികളും മംഗല്ലൂരിൽ നിന്നും [11] മറ്റു സ്ഥലങ്ങളിൽ നിന്നും ഗാമയെ സന്ദർശിക്കുന്നതിനായി കൊച്ചിയിൽ വന്നു. 1502-ൽ വന്ന ഗാമയ്ക്കു സമ്മാനിക്കുന്നതിനു നസ്രാണികളുടെ പ്രതിനിധികളും കോഴികളും പഴങ്ങളും കൊണ്ടുവന്നിരുന്നു. ഗാമയെ കണ്ട ചെങ്കോൽ സമർപ്പിച്ചു. രണ്ടറ്റത്തും വെള്ളികെട്ടിയതും ഒരറ്റത്തു മൂന്നുമണികളും ഉള്ളതുമായ ഒരു ചുവന്ന വടി. പഴയ വില്ലാർവട്ടത്തിന്റെ ചെങ്കോൽ. തങ്ങൾക്കു സംരക്ഷണം നൽകണമെന്നു അവർ ഗാമയോടഭ്യർത്ഥിച്ചു. സംരക്ഷണം നൽകാമെന്നു ഗാമ ഉറപ്പുകൊടുത്തു. പോർട്ടുഗീസു രാജാവിനു കൊടുക്കാൻ എഴുത്തും അവർ കൊണ്ടുവന്നിരുന്നു. ഇന്ത്യയിലേയ്ക്കുള്ള പോർട്ടുഗീസുകാരുടെ ആഗമനം അവർക്കു അതീവ സന്തോഷത്തിനു കാരണമായി. തങ്ങളുടെമേൽ ആധിപത്യം പുലർത്തി, തങ്ങളെ ദ്രോഹിക്കുകയും മറ്റും ചെയ്യുന്നവരിൽനിന്നു സംരക്ഷിക്കണമെന്നു അഭ്യർത്ഥിച്ചു. പോർട്ടുഗീസു രാജാവിനോടുള്ള വിധേയത്വത്തിന്റെ സൂചനയായി സമ്മാനിക്കപ്പെട്ട ചെങ്കോലും സമ്മാനങ്ങളും ഗാമ ആഘോഷപൂർവം സ്വീകരിച്ചു. കപ്പലുകൾ കൊടികളുംകൊണ്ടു അലങ്കരിച്ചു. തോക്കുകളിൽനിന്നും ആചാരവെടി മുഴങ്ങി. ക്രിസ്ത്യാനികളും മു

---

10. വാസ്കോഡിഗാമ: മഹച്ചരിതമാല ഉദ്ധൃതഗ്രന്ഥം പേജ് 94-95.
Frederic Charles Danvers: The Portuguese in India Vol. I. op. cit. pp. 84-85.

11. മംഗല്ലൂർ എന്ന സ്ഥലം സുഖലിതമാണു.
കൊടുങ്ങല്ലൂർ (Cranganore) ആണു ഇവിടെ വിവക്ഷിച്ചിരിക്കുന്നതു.
M. Mundadan: History of Christianity in India Vol. p. 256.
മംഗല്ലൂർ: കൊടുങ്ങല്ലൂർ പല പേരുകളിൽ അറിയപ്പെട്ടിരുന്നുവെങ്കിലും മംഗല്ലൂർ എന്ന പേർ അതിനു ഉണ്ടായിരുന്നില്ല. വില്ലാർവട്ടം രാജാവിന്റെ കൊട്ടാരം ചേന്ദമംഗലത്തു കോട്ടയിൽ കോവിലകത്താണു. അതിന്റെ അവശിഷ്ടങ്ങളും ഇപ്പോഴുണ്ടു. പെരിനാട്ടു എന്നാണു ചേന്ദമംഗലം അന്നു അറിയപ്പെട്ടിരുന്നതു. പെരിനാട്ടിന്റെ കൂടെ മംഗല്ലൂരും ചേർത്തതുകൊണ്ടാകാം ചേന്ദമംഗലം എന്നു അറിയപ്പെട്ടതു.

malankaralibrary.com

സ്ലീമുകളിൽനിന്നു സംരക്ഷണം വാഗ്ദാനം ചെയ്തു. അങ്ങനെ മലബാർ തീരത്തുള്ള സിറിയൻ ക്രിസ്ത്യാനികളുടെ മേൽ പോർട്ടുഗീസുകാർ സംരക്ഷണയും മേൽക്കോയ്മയും നേടി.

രാജസംരക്ഷണാധികാരം വിളിച്ചുവരുത്തി

ഈ കൂടിക്കാഴ്ച വളരെ പ്രാധാന്യമർഹിക്കുന്നു. പോർട്ടുഗൽ രാജാവിനു ഭൗതികവും ആധ്യാത്മികവുമായ അധികാരത്തിനു സ്വയം വിധേയരാക്കുകയാണു് മാർത്തോമ്മാ ക്രിസ്ത്യാനികൾ ചെയ്തതു്. ക്രൈസ്തവ ആരാധനക്രമത്തിൽ കടന്നുകൂടിയ പാഷണ്ഡതകളെയും അനാചാരങ്ങളെയും നിർമ്മാർജ്ജനം ചെയ്യുവാനുള്ള ധാർമികസാധ്യത ഇതുമൂലം രാജാവിനാൽ നിയുക്തരും തിരുസഭയുടെ സേവകരുമായ മിഷനറിമാരിൽ നിക്ഷിപ്തമായി.*

ഈ സംരക്ഷണം 160 വർഷങ്ങളോളം നിലനിന്നു. കണ്ണൂരിൽ നിന്നും കൊച്ചിയിൽനിന്നും ചരക്കുകൾ ശേഖരിച്ചശേഷം ഗാമ പോർട്ടുഗലിലേക്കു മടങ്ങി. അഞ്ചു പടക്കപ്പലുകൾ ഇന്ത്യൻ തീരങ്ങളിൽ നിർത്തിയിരുന്നു. അവയുടെ ചുമതല ഗാമയുടെ മാതൃസഹോദരൻ വിൻസൻറ് സോടെ (Vincent Sodre)ക്കു്. ഇന്ത്യയിലുള്ള പോർട്ടുഗീസുകാരുടെ സ്വത്തുക്കൾ സംരക്ഷിക്കുവാനും മുസ്ലീങ്ങളുടെ വ്യവഹാരം തടസ്സപ്പെടുത്താനും ഈ കപ്പലുകൾ ഭാരതതീരങ്ങളിൽ നിലയുറപ്പിച്ചു [12].

ഗാമ ഭാരതോപദേഷ്ടാവ്

പോർട്ടുഗലിൽ തിരിച്ചെത്തിയ ഗാമ കുറെക്കാലം പൊതുപ്രവർത്തനങ്ങളിലൊന്നും ഏർപ്പെടാതെ സ്വസ്ഥമായി കുടുംബജീവിതം നയിച്ചു. വിശ്രമകാലം സുഖമായി കഴിച്ചുകൂട്ടാൻ വേണ്ട വലിയൊരു തുക ഗാമക്കു് പോർട്ടുഗൽരാജാവ് പെൻഷനായി അനുവദിച്ചിരുന്നു. പല ബഹുമതികളും അദ്ദേഹത്തിനു ലഭിച്ചു. വിശ്രമജീവിതത്തിൽ അദ്ദേഹം തൃപ്തനായില്ല. സാഹസികതയ്ക്കു വേണ്ടിയുള്ള അദമ്യ ദാഹവും കടലിനോടുള്ള വിളിയും പലപ്പോഴും ഗാമയെ അസ്വസ്ഥനാക്കി. സ്വരാജ്യസ്നേഹം അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിറഞ്ഞു. ജീവിതകാലം മുഴുവൻ അദ്ദേഹം രാജാവുമായി അടുത്തബന്ധം പുലർത്തി. ഇന്ത്യയെ സംബന്ധിച്ച കാര്യങ്ങളിൽ രാജാവിനോടു ഉപദേഷ്ടാവ്.

ഇതിനിടയിൽ കേരളത്തിനോടു കടൽത്തീരങ്ങളിലെ നാവികശക്തിയായി പോർട്ടുഗൽ വളർന്നുകഴിഞ്ഞിരുന്നു. അൽബുക്കർക്കിന്റെ സമർത്ഥമായ ഭരണം കേരളത്തിൽ പോർട്ടുഗലിന്റെ ശക്തി വർധിപ്പിച്ചു. അൽബുക്കർക്കിന്റെ മരണശേഷം കാര്യങ്ങളൊക്കെ കഴഞ്ഞു. പിന്നീടുവന്ന ഭരണാധികാരികളുടെ നയവൈകല്യങ്ങളും പിടിപ്പു

12. കുളത്തിൽ വർഗീസ്: കേരളചരിത്രം ഒന്നാം വാല്യം.
* വരാപ്പുഴ അതിരൂപത ശതാബ്ദി സ്മരണിക പേജ് 16.

malankaralibrary.com

കേട്ടം പോർട്ടുഗീസുകാരുടെ ശക്തി ഇന്ത്യയിൽ ക്ഷയിപ്പിച്ചു. സമർത്ഥനായ വൈസ്രോയി ഇല്ലാതെ പോർട്ടുഗീസ് ഇന്ത്യയിലെ കാര്യങ്ങളും നേരെ ആവില്ലെന്നു ജോൺ തൃതീയൻ രാജാവിനു ബോധ്യമായി. വാസ്കോഡിഗാമയുടെ പേരാണ് അദ്ദേഹം പെട്ടെന്നു ഓർമ്മിച്ചതു്. അറുപത്തഞ്ചു വയസ്സുണ്ടെങ്കിലും യുവത്വം അദ്ദേഹത്തെ കൈവിട്ടിരുന്നില്ല. രാജാവ് ഗാമയെ ഇന്ത്യയിലെ വൈസ്രോയിയാക്കി.

ഗാമ വൈസ്രോയി

ഗാമ മൂന്നാംപ്രാവശ്യം ഇന്ത്യയിലേക്കു് യാത്ര തിരിച്ചു. ഇത്തവണ 14 കപ്പലുകളും. എസ്താവൊ, പാവുളൊ എന്നീ പുത്രന്മാരും. കേരളത്തിലെത്തുന്നതിനു മുൻപു് മൂന്നു കപ്പലുകളും തകർന്നു. നാലാമത്തെ കപ്പലിൽ ലഹള പൊട്ടി പുറപ്പെട്ട. കപ്പൽ ജോലിക്കാർ ക്യാപ്റ്റനെ വധിച്ചിട്ടു കപ്പലുമായി കടന്നുകളഞ്ഞു. മറ്റു് അപകടങ്ങളൊന്നും കൂടാതെ ഗാമയും അനുചരന്മാരും ഗോവയിലെത്തി[13].

ഗാമ പോർട്ടുഗീസ് ഇന്ത്യയിൽ പല പരിഷ്കാരങ്ങളും ഏർപ്പെടുത്തി. ഗോവ ഭരണത്തിൽ അടുക്കും ചിട്ടയും വരുത്തിയശേഷം ഗാമ കൊച്ചിയിലേക്കു തിരിച്ചു. അവിടെ പല പരിഷ്കാരങ്ങളും നടപ്പിലാക്കി. പെറിയ തെറ്റുകുറ്റങ്ങൾപോലും കടുത്ത ശിക്ഷ. പോർട്ടുഗീസു രാജാവിനുവേണ്ടി വിശ്രമമില്ലാതെ അധ്വാനിച്ചു.[14].

ദീർഘകാലം ഗാമക്കു വൈസ്രോയിയായി ഭരണം നടത്താൻ കഴിഞ്ഞില്ല. രോഗബാധിതനായി. മരണം ആസന്നമായെന്നു തോന്നിയതിനാൽ പോർട്ടുഗീസ് ഇന്ത്യയുടെ ഭരണചുമതല അൽഫോൺസൊ മെക്സികസ്സും, വാസ്കൊ സാംപായോസ്സും വീതിച്ചുകൊടുത്തു. ഗാമസ്സു ഒരൊറ്റ ആഗ്രഹംമാത്രമേ ശേഷിച്ചിരുന്നുള്ള. തന്റെ മരണശേഷം ഭൗതികാവശിഷ്ടങ്ങൾ പോർട്ടുഗലിലേയ്ക്കു് കൊണ്ടുപോകണം. 1524 ഡിസംബർ 24-നു ഗാമ അന്തരിച്ചു. മൃതദേഹം ഫോർട്ടുകൊച്ചിയിലെ വി. ഫ്രാൻസിസ് അസീസി ദേവാലയത്തിൽ സംസ്കരിച്ചു. അന്ത്യാഭിലാഷപ്രകാരം പുത്രന്മാർ ഗാമയുടെ അസ്ഥികളും പേടകത്തിലാക്കി പോർട്ടുഗലിലേക്കു് കൊണ്ടുപോയി[15].

ഗാമയുടെ കബറിടം

സെൻറ് ഫ്രാൻസിസ് ദേവാലയത്തിൽ ഗാമയുടെ ശവകുടീരം ഇന്നും കാണാമെന്നു കെ. എം. പണിക്കർ പ്രസ്താവിക്കുന്നു. യഥാർ

---

13. Frederic Charles Danvers: The Portuguese in India op. cit. p. 359.

14. ഗോപിമണി: വാസ്കോഡിഗാമ. ഉദ്ധൃതഗ്രന്ഥം പേജ് 97-98.

15. R. S. Whiteway: Rise of Portuguese Power in India p. 205.

malankaralibrary.com

തത്തിൽ ''ചന്തപ്പള്ളിയിൽ'' കാണുന്ന ശിലാഫലകം ഗാമയുടേതല്ലെന്നും ഏതോ ഒരു വാസ്കോ ഫെർണാണ്ടസിന്റെതാണെന്നും ബ്രിട്ടീഷ് ആർക്കിയോളജിസ്റ്റുകളും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഒരുപക്ഷേ സൂര്യപുരുഷന്റെ ചരിത്രത്തിലുള്ള അസൂയാവഹമായ സ്ഥാനം കണക്കിലെടുത്തുകൊണ്ട് ഭാരത ആർക്കിയോളജി വിഭാഗം ഈ വസ്തുത മറച്ചുവച്ചിരിക്കയായിരിക്കാം. ശവകുടീരം യുവതലമുറയെ ആവേശഭരിതമാക്കുന്നതിനായി നിലകൊള്ളുന്നു [16].

ഇന്ത്യയിലേക്കുള്ള കടൽമാർഗം കണ്ടെത്തി ചരിത്രം സൃഷ്ടിച്ച വാസ്കോഡിഗാമയെപ്പോലെ മറെറാരു പോർട്ടുഗീസു നേതാവിനും ഇത്ര പ്രസിദ്ധിയും ബഹുമതിയും ലഭിച്ചിട്ടില്ല. ഗാമ നിർഭയനായിരുന്നു. നേതൃത്വഗുണം അദ്ദേഹത്തിന്റെ സ്വഭാവത്തിൽ ജന്മനാ അലിഞ്ഞുചേർന്നിരുന്നു. ലക്ഷ്യപ്രാപ്തിക്കുവേണ്ടി എന്തു ത്യാഗമനുഷ്ഠിക്കാനും കടുംകൈ ചെയ്യാനും അദ്ദേഹത്തിന് മടിയുണ്ടായിരുന്നില്ല. സാഹസികനായ ഇതിഹാസപുരുഷൻ.

ഫ്രാൻസിസ്ക്കൊ ഡി അൽമേഡ

പോർട്ടുഗീസുനാവികർ ഇന്ത്യയിൽ വന്നു പല പ്രദേശങ്ങളിലും ആധിപത്യം സ്ഥാപിച്ചതോടെ പോർട്ടുഗീസ് താല്പര്യങ്ങളും സംരക്ഷിക്കാൻ പൂർണാധികാരമുള്ള വൈസ്രോയിയെ നിയമിക്കുന്നതിനു പോർട്ടുഗീസുരാജാവ് തീരുമാനിച്ചു. 1505-ൽ പൗരസ്ത്യദേശങ്ങളിലെ ആദ്യത്തെ പോർട്ടുഗീസുവൈസ്രോയി ആയി ഫ്രാൻസിസ്ക്കൊ ഡി അൽമേഡ നിയമിതനായി.

പലസ്തീനയിലെ പുണ്യസ്ഥലങ്ങൾക്കു ഭീഷണി

ഇന്ത്യയും പോർട്ടുഗലും തമ്മിലുള്ള സുഗന്ധദ്രവ്യ വ്യാപാരംമൂലം പോർട്ടുഗലിനു വലിയ ആദായം ലഭിച്ചു. വെനീസ് മുതലായ രാജ്യങ്ങളും അറബികളുമായി നടത്തിയ കുരുമുളകു വ്യാപാരകുത്തക പോർട്ടുഗീസുകാർ തകർത്തു. അറബികളും ആഫ്രിക്കൻ മുനമ്പുവഴിയുള്ള, പോർട്ടുഗലിന്റെ വ്യാപാരം നിറുത്തുന്നതിനുള്ള പോംവഴികളും ആലോചിച്ചുതുടങ്ങി. ഈജിപ്റ്റിലെ സുൽത്താൻ സൈനാ പർവതത്തിലെ വി. കാതറൈൻ ആശ്രമ സുപ്പീരിയർ ജനറലിനെ പ്രത്യേക ദൂതന്മാരുമായി യൂറോപ്പിലേക്കയച്ചു. ഇന്ത്യയുമായുള്ള പോർട്ടുഗലിന്റെ കുരുമുളകു വ്യാപാരം നിറുത്തിവയ്ക്കുന്നില്ലെങ്കിൽ പലസ്തീനായിലെ പുണ്യസ്ഥലങ്ങളെല്ലാം ഈജിപ്റ്റിലെ സുൽത്താൻ നശിപ്പിച്ചുകളയുമെന്ന സന്ദേശം. സുപ്പീരിയർ ജനറൽ ലിസ്ബണിലെ രാജാവിനെ നേരിട്ടുകണ്ട് ഈ സന്ദേശം അറിയിക്കുവാൻ യാത്ര തിരിച്ചു.

16. ഫ്രാൻസിസ് തകടശേരി: കപ്പിത്താൻ വാസ്കോഡിഗാമ, ചരിത്രസുരഭികം പേജ് 57.

malankaralibrary.com

പോർട്ടുഗീസുരാജാവ് മാനുവൽ വിവരം മുൻകൂട്ടി അറിഞ്ഞുകൊണ്ടു സുൽത്താന്റെ സന്ദേശവുമായി ദൂതൻ ലിസ്ബണിൽ എത്തിച്ചേരുന്നതിനു മുൻപുതന്നെ രാജകുടുംബത്തിലെ ഫ്രാൻസിസ്കൊ ഡി അൽമേഡയെ കൊച്ചി വൈസ്രോയിയായി നിയമിച്ചു. വൈസ്രോയിയെ നിയമിക്കണമെന്നു തീരുമാനമുണ്ടായപ്പോൾ പ്രഥമ വൈസ്രോയിയായി തെരഞ്ഞെടുക്കപ്പെട്ടതു് പരുഷപ്രകൃതിക്കാരനായ നാവികസേനാനി ത്രെസ്താവൊ ദെ ക്യൂഞ്ഞ (Trestao da Cunha) ആയിരുന്നു. ഇദ്ദേഹം കണ്ടെത്തിയ ഒരു ദ്വീപിനു് 'ത്രെസ്താവൊ' എന്ന പേരു നൽകി. തന്റെ നാമം അനശ്വരമാക്കിയ ജേതാവു്. വിധിവൈപരീത്യമെന്നു പറയട്ടെ ഇന്ത്യയിലേക്കു് യാത്ര പുറപ്പെട്ടുന്നതിനുമുമ്പു് അദ്ദേഹത്തിനു താൽക്കാലികതിമിരം ബാധിച്ചു. ഫ്രാൻസിസ്കൊ ഡി അൽമേഡയാണു് തൽസ്ഥാനത്തേക്കു് നിർദ്ദേശിക്കപ്പെട്ടതു്. അങ്ങനെ കൌണ്ടു് ലോപ്പസ് ഡി അൽമേഡയുടെ ഏഴാമത്തെ പുത്രനും 45 കാരനുമായ ഫ്രാൻസിസ്കൊ ഡി അൽമേഡ വൈസ്രോയി ആയി [17]. 1504-ൽ വലിയ നാവികവ്യൂഹത്തോടെ ഇന്ത്യയിലേക്കു പുറപ്പെട്ടു.

ചെല്ലുന്നിടത്തെല്ലാം കോളനി

യാത്രാമധ്യേ അൽമേഡ ആഫ്രിക്കയിലെ കിഴക്കൻ സമുദ്രതീരങ്ങളിലെ മുസ്ലീം പട്ടണങ്ങളം പിടിച്ചെടുത്തു. അവിടങ്ങളിൽ കോട്ടകളം കെട്ടി. നത്താൽ, മൊസാംബിക്കു്, സാൻസിബാർ ദ്വീപുകളിൽ 6 കോളനികളം സ്ഥാപിച്ചു. പോർട്ടുഗീസു് സാമ്രാജ്യം സ്ഥാപിക്കാൻ അൽമേഡക്കു മോഹമില്ലായിരുന്നു. ഭീകരനും ക്രൂരനുമായ നാവികയോദ്ധാവു്. ഇന്ത്യൻസമുദ്രത്തിൽ കടന്നുവന്ന അൽമേഡ മാനുവൽ രാജാവിൽനിന്നു ലഭിച്ചിരുന്ന നിർദ്ദേശങ്ങളനുസരിച്ചു അഞ്ചെൽകോട്ട ശക്തിപ്പെടുത്തിയശേഷം കൊല്ലത്തേക്കും, പിന്നീടു് കൊച്ചിയിലേയ്ക്കും യാത്രതിരിച്ചു. ഫ്രാൻസിസ്കൊ ഡി അൽമേഡയോടൊപ്പം ധീരനായ പുത്രൻ ലോറൻസോയും പിന്നീടു് ലോകപ്രസിദ്ധനായിത്തീർന്ന ലോകസഞ്ചാരി അൽമേഡാ മഗല്ലനുമുണ്ടായിരുന്നു. കൊച്ചിയിൽ വന്നശേഷം ലോറൻസോയും, മഗല്ലനും കൊല്ലത്തേക്കു് തിരിച്ചു. അവിടെനിന്നു ശ്രീലങ്കയിലേക്കും. സീലോൺ സമുദ്രതീരങ്ങളിൽ നടന്ന നാവിക സമരങ്ങളിലെല്ലാം പോർട്ടുഗലിനു വിജയം. ശ്രീലങ്ക മുഴുവൻ പോർട്ടുഗീസു് ആധിപത്യത്തിലായി. 150 വർഷക്കാലം പോർട്ടുഗലിന്റെ സാമന്ത രാജ്യമായിരുന്നു ശ്രീലങ്ക.

അൽമേഡപുത്രൻ ലോറൻസോയുടെ മരണം

സമുദ്ര മേധാവിത്വംവഴി ഇന്ത്യയിൽ പോർട്ടുഗീസുകാരുടെ വ്യാപാരാധിപത്യം യാഥാർത്ഥ്യമാക്കിത്തീർക്കയായിരുന്ന ഫ്രാൻസിസ്കൊ

17. R. S. Whitway: Rise of Portuguese Power in India 1497-1550 p. 14.

malankaralibrary.com

ഡി അൽമേഡയുടെ ലക്ഷ്യം. കേരളത്തിലെ പോർട്ടുഗീസു അധിനിവേശ പ്രദേശങ്ങളുടെ പ്രാബല്യം കോഴിക്കോട്ട രാജാവു് സാമൂതിരിയെ അസ്വസ്ഥനാക്കി. തുർക്കികളുടെയും അറബികളുടെയും നേതൃത്വത്തിലുള്ള 200കപ്പലുകളുടങ്ങിയ തന്റെ നാവികസേനയെസാമൂതിരി പോർട്ടുഗീസുകാർക്കെതിരായി യുദ്ധത്തിനയച്ചു.1508–1509 വരെ നടന്ന നാവിക യുദ്ധങ്ങളിൽ സാമൂതിരിയുടെയും ഈജിപ്റ്റുകാരുടെയും നാവികസൈന്യത്തെ അൽമേഡ തോൽപിച്ചു. ഇന്ത്യയിൽ വ്യക്തമായ ആധിപത്യം സ്ഥാപിച്ചു. ഒരു ശതാബ്ദക്കാലത്തേക്കു് ഇന്ത്യൻ സമുദ്രത്തെ പോർട്ടുഗീസു സമുദ്രമായി രൂപാന്തരപ്പെടുത്തിയെന്നതന്നെ പറയാം [18]. 1508 ജനുവരിയിൽ ചാവുകം സമുദ്രത്തിൽ നടന്ന നാവിക യുദ്ധത്തിൽ മൂന്നു മുസ്ലീം നാവികസമൂഹങ്ങളും (ഈജിപ്റ്റു്, കെയ്റോ, കോഴിക്കോടു്) അൽമേഡ നയിച്ചിരുന്ന പോർട്ടുഗീസു നാവിക സേനയെ തോൽപിക്കയും എട്ടു കപ്പലുകളിൽ അഞ്ചെണ്ണം മുക്കുകയും ലോറൻസൊ ശത്രുവെടിയേറ്റു മരിക്കയുമുണ്ടായി. ലോറെൻസോയുടെ മൃതദേഹം കൊച്ചിയിലെ വി. ഫ്രാൻസിസു് അസീസി ദേവാലയത്തിൽ സൈനിക ബഹുമതികളോടുകൂടി സംസ്ക്കരിക്കപ്പെട്ടു.കുഴിമാടത്തിൽ വച്ചിരുന്ന ശിലാഫലകം ഇന്നു് സെൻറു് ഫ്രാൻസിസു് പള്ളിയിൽ (ലന്തപ്പള്ളി) കാണാം [19].

കണ്ണൂരിൽ സെൻറു് ആഞ്ഞലോ കോട്ട

കണ്ണൂരിൽ 1506–ൽ കോട്ട പണിയുവാനുള്ള അനുമതി ഫ്രാൻസിസ്കൊ ഡി അൽമേഡക്കു് കോലത്തിരി രാജാവു് നൽകി. ഒരു വർഷത്തിനകം അവിടെ ഗംഭീരദുർഗം നിർമ്മിച്ചു. പേരു് സെൻറു് ആഞ്ഞലോ. കോട്ടയ്ക്കു് ക്യാപ്റനൻ ബ്രിട്ടോയുടെ കീഴിൽ രണ്ടു പടക്കപ്പലുകളും 150 സൈനികരും കാവൽനിന്നു.

ഇന്ത്യയിലെ പൂർവസമുദ്രതീരത്തുള്ളവരും മലാക്കയും തമ്മിലുള്ള വ്യാപാരത്തെപ്പറ്റി വിവരങ്ങളും ശേഖരിക്കാനായി 1507–ൽ നാലു പേരെ വൈസ്രോയി അൽമേഡ കൊറൊമണ്ഡൽ തീരത്തേക്കയച്ചു. മൈലാപ്പൂരിലുള്ള വി. തോമസു് അപ്പസ്തോലന്റെ കബറിടത്തെപ്പറ്റി കൂട്ടാവുന്നിടത്തോളം അറിവു ശേഖരിക്കാനും ആവശ്യപ്പെട്ടിരുന്നു. നാലു പേരിൽ രണ്ടുപേർ യാത്രാമധ്യേ മരിച്ചു. ശേഷിച്ച രണ്ടു പേർ മൈലാപ്പൂരിൽ വിശുദ്ധന്റെ കബറിടം സന്ദർശിച്ചു മടങ്ങി. വിവരങ്ങളും പോർട്ടുഗീസു രാജാവിനെ നേരിട്ടു് അറിയിക്കുവാൻ ഈ രണ്ടുപേരെയും വൈസ്രോയി പോർട്ടുഗലിലേക്കയച്ചു [20]. പോർട്ടുഗീസുരാജാവു് മാനുവൽ ഇന്ത്യയുടെ പ്രധാന ഓഫീസറും വൈസ്രോയി

18. ശ്രീധരമേനോൻ: ഇന്ത്യാചരിത്രം പേജു് 190.
19. കെ. എൽ. ബർണാർഡു്: ''പോർട്ടുഗീസുകാർ കേരളത്തിൽ''.
20. M. Mundadan: History of Christianity in India p. 405.

malankaralibrary.com

യും ആയിട്ടാണു് ഫ്രാൻസിസ്കൊ ഡി അൽമേഡയെ ഇന്ത്യയിലേക്കയച്ചതു്. അൽമേഡയിൽ ഉണ്ടായിരുന്ന സീമാതീത വിശ്വാസത്തിന്റെയും സ്നേഹാതിരേകത്തിന്റെയും ഫലമായിട്ടാണു് വൈസ്രോയി ബഹുമതി നൽകിയതു്. "എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തിൽ ഞാൻ അങ്ങേയ്ക്കു ഈ അധികാരം നൽകുന്നു. ഇന്ത്യയിലെ വൈസ്രോയി സ്ഥാനംകൊണ്ടു് അങ്ങയെ അലങ്കരിക്കുന്നു. എന്റെ ജീവിതകാലത്തു മറ്റു യാതൊരുവനും ഈ സ്ഥാനം ലഭിക്കുന്നതല്ല" എന്നു് രാജാവു് സന്തോഷപുരസ്സരം പ്രഖ്യാപിച്ചു. അൽമേഡയ്ക്കു് ലഭിച്ച അധികാരപത്രികയിൽ മൂന്നു വർഷക്കാലത്തേക്കു് വൈസ്രോയി ആയി നിയമിക്കപ്പെട്ടിരിക്കുന്നു എന്നാണു് എഴുതപ്പെട്ടിരുന്നതു്. രാജാവിന്റെ നിസ്സീമ വിശ്വാസത്തിൽ നിർവ്വ്യതിയനമെവിക്കുന്നതിനു മുൻപുതന്നെ, മാനുവൽ രാജാവു് അൽഫോൺസൊ അൽബുക്കർക്കിനെ ഇന്ത്യയിലെ വൈസ്രോയിയായി നിയമിച്ചു [21].

നാവികവിജയാനന്തരം അന്ത്യം

വൈസ്രോയി അൽമേഡയുടെ നാവികവിജയവും സാമൂതിരിയുടെ കനത്ത പരാജയവും കണ്ടു സന്തുഷ്ടനായ കൊച്ചിരാജാവു് വിപുലമായ തോതിൽ കൊച്ചിയിൽ കല്ലും കുമ്മായവും കൊണ്ടു് കോട്ടകെട്ടുന്നതിനു് വൈസ്രോയിക്കു് അനുവാദം നൽകി.

പോർട്ടുഗലിനു വേണ്ടി നാലുവത്സരം (1505–1509) അദ്ദേഹം ത്യാഗമനുഭവിച്ചു. പോർട്ടുഗൽ മുതൽ ആഫ്രിക്കാതീരംവഴി, കണ്ണൂർ, കൊച്ചി, കൊല്ലം നഗരങ്ങളിൽ സ്ഥിരതാവളങ്ങളുറപ്പിച്ചു് അറബിക്കടലിന്റെ നായകത്വം പിടിച്ചെടുത്ത അൽമേഡ 1509–ൽ ഇന്ത്യവിട്ടു. തൽസ്ഥാനത്തു അൽഫോൺസൊ ഡി അൽബുക്കർക്കു് പോർട്ടുഗീസു് വൈസ്രോയി ആയി. ഏകപുത്രൻ ലോറൻസിന്റെ മരണവും ഉദ്യോഗനഷ്ടവുംമൂലം ഹതചിത്തനും ബലഹീനനുമായ അൽമേഡ ആഫ്രിക്ക കടൽത്തീരത്തു ഗ്രഡ് ഹോപ്പു് മുനമ്പിനു സമീപം നാട്ടുകാരുമായുള്ള ഏറ്റുമുട്ടലിൽ മാരകമായ ശരവർഷം മൂലം ചരമമടഞ്ഞു.

അൽഫോൺസൊ അൽബുക്കർക്ക്

പോർട്ടുഗീസുകാർ വരുന്നതിനു മുൻപു് അറബികൾ കേരളത്തിൽ വ്യാപാരവും രാഷ്ട്രീയവും കൈകാര്യം ചെയ്തിരുന്നല്ലൊ. 1500–ൽ പോർട്ടുഗീസു് നാവികപ്പടയുടെ ക്യാപ്റ്റൻ കബ്രാളിനു കോഴിക്കോട്ടുണ്ടായ പരാജയവും, ആഘാതവും, പോർട്ടുഗീസുകാരോടു് സാമൂതിരിക്കും അറബികൾക്കുമുള്ള കടുത്ത വിരോധവും മനസ്സിലാക്കിക്കൊണ്ടു

21. Bailv W Diffie: Correa Gasper Das India – London Vol. III 532. From Discovery to Conquest – Foundation of Portuguese Empire (1415-1580) p. 239.

malankaralibrary.com

തന്നെയാണ് അൽഫോൺസൊ അൽബുക്കർക്ക് ആറു കപ്പലുകളുമായി 1503-ൽ പുറപ്പെട്ടത്. അറബികളുടെ ശക്തി ക്ഷയിപ്പിച്ച് അവരെ ഇന്ത്യൻ സമുദ്രതീരത്തു നിന്നു തുരത്തുക, പ്രധാന കച്ചവടസ്ഥലങ്ങൾ കരസ്ഥമാക്കുക, പോർട്ടുഗൽ രാജാവിന്റെ പ്രത്യേക നിർദ്ദേശമനുസരിച്ച് മലബാറിലെ പൂർവക്രിസ്ത്യാനികളുടെ ക്ഷേമം ഉറപ്പുവരുത്തുക എന്നിവ അൽബുക്കർക്കിന്റെ ലക്ഷ്യം [22].

കൊച്ചിയിൽ ആദ്യം മരക്കുറ്റികോട്ട

അദ്ദേഹം കൊച്ചിയിൽ വന്നപ്പോഴേക്കും സാമൂതിരിയാൽ പരാജിതനായിരുന്ന കൊച്ചിരാജാവ് വൈപ്പിൻകരയിലെ ഇളംകുന്നപ്പുഴ ക്ഷേത്രത്തിൽ അഭയം പ്രാപിച്ചിരുന്നു. രാജശത്രുക്കളെ അൽബുക്കർക്ക് പരാജയപ്പെടുത്തി. കൊച്ചിയിൽ കോട്ട പണിയുന്നതിനുള്ള അനുവാദം കൊച്ചിരാജാവ് അൽബുക്കർക്കിന് നൽകി. 200 പണിക്കാരും മറ്റു പോർട്ടുഗീസുകാരും ചേർന്ന് മരവും മരക്കുറ്റികളുംകൊണ്ട് കോട്ട കെട്ടി. പോർട്ടുഗീസുകാരുടെ ആദ്യത്തെ കോട്ട. കോട്ടനിർമ്മിയ്ക്കുന്ന സമയത്തു പലപ്പോഴും കൊച്ചിരാജാവ് അവിടെ വരാറുണ്ടായിരുന്നു. കോട്ടയിൽ പീരങ്കിവച്ചിട്ടുള്ള കൊത്തളങ്ങൾ കാണാൻ[23].

കൊല്ലത്ത് പാണ്ടികശാല

അൽഫോൺസൊ അൽബുക്കർക്ക് 1503-ൽ ഇന്ത്യയിൽ വന്നപ്പോൾ കൂടെ സഹോദരൻ ഫ്രാൻസിസ് അൽബുക്കർക്കുമുണ്ടായിരുന്നു. രണ്ടുപേരുംകൂടി കൊല്ലംനഗരം സന്ദർശിച്ചു. കൊല്ലം രാജാവുമായി സമാധാന ഉടമ്പടി നടത്തി. ഉടമ്പടിപ്രകാരം കൊല്ലത്ത് ഫാക്ടറി നിർമ്മിക്കുന്നതിനു അനുവാദം കിട്ടി. തദനുസരണം പാണ്ടികശാല നിർമ്മിക്കുന്നതിനു ആൻറണി ദെ സിയെയും ഏതാനും പോർട്ടുഗീസുകാരെയും നിയോഗിച്ചു. കൊല്ലംനഗരം പ്രധാന ക്രൈസ്തവ കേന്ദ്രങ്ങളിൽ ഒന്നു. പോർട്ടുഗീസുചരിത്രകാരനായ ഗൊവെയൊ (Gouvea) യുടെ പ്രസ്താവനയനുസരിച്ച് 2,000 ക്രൈസ്തവ കുടുംബങ്ങൾ അവിടെ ഉണ്ടായിരുന്നു-"നസ്രാണികൾ". നഗരത്തിൽ കാരുണ്യ മാതാവിന്റെ ഒരു ദേവാലയം. ഇതു വിശ്വസ്തരായ സാപോറും പ്രോത്തും കൂടി നിർമ്മിച്ചതായിരിക്കണം. അവരുടെ മൃതദേഹങ്ങൾ ഈ ദേവാലയത്തിലാണ് സംസ്കരിച്ചിരുന്നതു[24]. 1504-ൽ അൽബുക്കർക്ക് സഹോദരൻമാർ പോർട്ടുഗലിലേയ്ക്ക് മടങ്ങി.

---

22. M. Mundadan: Christianity in India Vol. I p. 276
23. സി. അച്യുതമേനോൻ: കൊച്ചിൻ സ്റ്റേറ്റ് മാനുവൽ 1911. പേജ് 281.
24. Correa Gasper Lenda De India II. p. 395. III. 423. Quellam No. 70.

malankaralibrary.com

അൽഫോൺസൊ അൽബുക്കർക്ക് 1507-ൽ വീണ്ടും ഇന്ത്യയിലേക്ക് തിരിച്ചു. കാറ്റും കോളും നിറഞ്ഞ ഗ്രഡ്ഹോപ്പ് മുനമ്പ് ചുറ്റി മഡഗാസ്ക്കറിൽ എത്തിച്ചേർന്നു. കിഴക്കെ ആഫ്രിക്കൻ തീരത്തെ മിലാൻഡ രാജാവുമായി സഖ്യത്തിലായി. സോമാലിലാൻഡ് തീരപ്രദേശങ്ങളും കൈവശപ്പെടുത്തി. പേർഷ്യയുടെ ഏറ്റവും വലിയ വ്യാപാരകേന്ദ്രമായ ഓർമസ് അൽബുക്കർക്ക് പിടിച്ചടക്കി. 1508-ൽ ഇന്ത്യയിൽ അദ്ദേഹം തിരിച്ചെത്തി. ആഫ്രിക്കൻ തീരങ്ങളിലും, പേഷ്യയിലുമുണ്ടായ വിജയം ലിസ്ബൺ അറിഞ്ഞപ്പോൾ രാജാവ് അൽബുക്കർക്കിനെ കൊച്ചിയിലെ രണ്ടാമത്തെ വൈസ്രോയി ആയി നിയമിച്ചു.

ഇളയതമ്പുരാനെ രാജാവാക്കി

കൊച്ചിരാജാക്കന്മാർ എന്നും പോർട്ടുഗീസുകാരുടെ ബന്ധുക്കളായിരിക്കണമെന്നു അൽബുക്കർക്ക് ആഗ്രഹിച്ചു. അതിനുവേണ്ടി ഇളയതാവഴിക്കാരനായ രാജകുമാരനെ രാജാവായി വാഴിച്ചു. തൽക്ഷണം മൂത്ത താവഴിയിൽപ്പെട്ട തമ്പുരാക്കന്മാർ തങ്ങളുടെ ആംക്കാരോട് സാമൂതിരിയുടെ കുറെ ഭടന്മാരെ ആവശ്യപ്പെട്ടതനുസരിച്ച്, കോഴിക്കോട്ടനിന്നു ഭടന്മാർ കൊച്ചിയിലെത്തി. എന്നാൽ അൽബുക്കർക്ക് മുതിർന്ന തമ്പുരാന്റെ സൈന്യത്തെ ആക്രമിച്ച് തകർത്തുകളഞ്ഞു. ബ്രാഹ്മണരല്ല, പോർട്ടുഗീസുരാജാവിന്റെ സൈന്യമായിരിക്കും കൊച്ചിയുടെ യോഗക്ഷേമങ്ങളും കാക്കുന്നതെന്നു ഇളയതമ്പുരാനെ പുതിയ വൈസ്രോയി അറിയിച്ചു.

അറബികളെ അകറ്റാൻ

ഗോവ പിടിച്ചെടുക്കാൻ അൽബുക്കർക്കിനു മോഹമുണ്ടായിരുന്നു. 1510-ൽ അതിനായി അൽബുക്കർക്ക് വിഫലശ്രമം നടത്തി. 60,000 ത്തോളം വരുന്ന വലിയ സേനയോടുകൂടി ഡെക്കാൻ സുൽത്താൻ അഡിൽഷാ അൽബുക്കർക്കിനെ പരാജയപ്പെടുത്തി. നിരാശപ്പെടാതെ ധൈര്യം വീണ്ടെടുത്തുകൊണ്ട് അതേവർഷം വലിയ നാവികപ്പടയോടുകൂടി ഗോവയെ ആക്രമിച്ചു കീഴടക്കാൻ തീരുമാനിച്ചു. ഗോവയിലെ ഹിന്ദുക്കളുടെ നേതാവും, ഹൊനാവർ കപ്പൽപടയുടെ അഡ്മിറലുമായ തിമ്മയ്യാ (Thimmaya) ഗോവയിൽനിന്നു അറബികളെ തുരത്തുന്നതിനു അൽബുക്കർക്കിനെ വളരെ സഹായിച്ചു. അവർ തമ്മിൽ പരസ്പരം സഹായിച്ചുകൊള്ളാമെന്ന സൗഹാർദ്ദ ഉടമ്പടിയുണ്ടാക്കി. ഏതുവിധേനയെങ്കിലും അറബികളെ ഗോവയിൽനിന്നും നിഷ്ക്കാസനം ചെയ്യണമെന്നു ദൃഢനിശ്ചയം ചെയ്തു. ആയിരത്തോളംവരുന്ന ഹൈന്ദവസേന തിമ്മയ്യയുടെ നേതൃത്വത്തിൽ പോർട്ടുഗീസുകാരോടൊപ്പം പോരാടി.

malankaralibrary.com

ഗോവ വളഞ്ഞു പിടിച്ചു

മൂവായിരം പടയാളികളോടുകൂടി 1509 നവംബർ 25 ന ജൊയാവൊ ദെ ലീമയുടെ (Joao De Lima) നേതൃത്വത്തിൽ 600 യോദ്ധാക്കളും ഗോവ വളഞ്ഞു, മരക്കോട്ടകൊണ്ട് നഗരം കെട്ടിയടച്ചു. മൂന്നു ദിവസത്തോളം ഘോരയുദ്ധം. പുറകിലൂടെ ചെന്ന് മുസ്ലീം സൈന്യത്തെ പോർട്ടുഗീസുകാർ ഇരുത്തി. തെരുവുയുദ്ധത്തിൽ പലരെയും അടിമകളായി പിടിച്ചു [25], ഹിന്ദുക്കളെ ദ്രോഹിച്ചിരുന്ന മുസ്ലീമുകളുടെ മോസ്ക്കുകളെല്ലാം തല്ലിത്തകർത്തു. മുസ്ലീം സ്ത്രീകളെ അടിമകളായി കൈവശമാക്കി. കുട്ടികളെ വധിച്ചു. പലായനം ചെയ്ത മുസ്ലീമുകളെ ഓടിച്ചു പിടിക്കുടി കൊന്നുകളഞ്ഞു. 6,000-ത്തിലധികം മുസ്ലീമുകളെ വധിച്ചുവെന്നാണ് കണക്ക്. 40 പോർട്ടുഗീസുഭടന്മാർ കൊല്ലപ്പെട്ടു. 200 പേർ മുറിവേറ്റ് അവശനിലയിലായി.

ജെറോണിമോ പടക്കളത്തിൽ പിടഞ്ഞുമരിച്ചു

പോർട്ടുഗീസുസേനയെ നയിച്ചിരുന്ന ജൊയാവൊ ദെ ലീമയുടെ സഹോദരൻ ജെറോണിമൊ (Jeronymo) ദെ ലീമ യുദ്ധത്തിൽ മുറിവേറ്റു നിലംപതിച്ചു. ശത്രുക്കളുടെ അസ്ത്രം നെഞ്ചത്തു തറച്ചുകയറി. മാരകമായ മുറിവേറ്റാണു നിലംപതിച്ചത്. ശുശ്രൂഷിക്കാൻ ഓടിയെത്തിയ സഹോദരനോടു യുദ്ധം തുടരാൻ ആവശ്യപ്പെട്ടു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞു ജെറോണിമൊ മരണമടഞ്ഞു. ഗോവയുടെ പോർട്ടുഗീസ് യുഗത്തിലെ അവിസ്മരണീയ സംഭവം [26]. യുദ്ധത്തോടുകൂടി വിജയനഗരംരാജാക്കന്മാർ പോർട്ടുഗലിന്റെ ഉറ്റമിത്രങ്ങളായി. കൊച്ചിക്കാരായ ക്രിസ്ത്യാനിക്കും യുദ്ധത്തിൽ സമർത്ഥമായി പോരാടിയതിന്റെ ഫലമായി പോർട്ടുഗീസുകാർക്ക് വെന്നിക്കൊടി പറപ്പിക്കാൻ കഴിഞ്ഞു. ഗോവ പിടിച്ചടക്കുന്നതിനു 40 ഹിന്ദു സേനാനായകന്മാർ അൽബുക്കർക്കിനു സഹായമേകി. യുദ്ധത്തിൽ ഹൈന്ദവരാജാവിന്റെ കാലാൾപടയും വില്ലാളികളും പങ്കെടുത്തു [27]. അറബികളും ഗോവ ഉപേക്ഷിച്ചു നാടുവിട്ടു. 1510 ഫെബ്രുവരിയിലാണ് അൽബുക്കർക്ക് ഗോവ പിടിച്ചടക്കിയത്. മുസ്ലീമുകളുടെ കീഴിൽ മർദ്ദനമനുഭവിച്ചിരുന്ന ഹിന്ദുക്കൾ അൽബുക്കർക്കിന്റെ വിജയത്തോടെ വിമോചിതരായി. ഹൈന്ദവർ പോർട്ടുഗീസുകാരെ സന്തോഷപൂർവ്വം സ്വീകരിച്ചു പോന്നു. മൂന്നു മാസങ്ങൾക്കുശേഷം 1510 ഫെബ്രുവരി അവസാനം യൂസഫിന്റെ (Yusef) പുത്രൻ, ഇസ്മയേൽ (Ismail) വലിയ യുദ്ധസ

---

25. R. S. Whiteway: Rise of Portuguese Power in India p. 139.
26. Albuquerque in his Letter of December 22nd 1510. Rise of Portuguese Power in India op. cit. P. 139. foot note 1.
27. ഇന്തോ-പോർട്ടുഗീസ് ചരിത്ര സ്രോതസ്സുകളും പ്രശ്നങ്ങളും. പേജ് 168.

malankaralibrary.com

ന്നാഹത്തോടെ ഗോവ ആക്രമിച്ചു [28]. തദ്ദേശവാസികളായവർ മുസ്ളീമുകളോട് ചേർന്നുനിന്നു യുദ്ധം ചെയ്തതിനാൽ പോർട്ടുഗീസുകാർക്ക് പിൻതിരിയേണ്ടി വന്നു.

നവംബർ മാസത്തിൽ അൽബുക്കർക്ക് ഹിന്ദുസൈന്യത്തിന്റെ സഹായത്തോടെ മുസ്ളീമുകളെ ഭയനീയമായി പരാജയപ്പെടുത്തി. കണ്ണിൽകണ്ട എല്ലാ മുസ്ളീമുകളെയും കുട്ടികളെയും സ്ത്രീകളെയും വൃദ്ധന്മാരെയും നിർദ്ദയമായി കൊന്നുകളഞ്ഞു. എണ്ണായിരംപേർ കൊല്ലപ്പെട്ടതായി കണക്കാക്കപ്പെടുന്നു. ഡിസംബർ മാസത്തിൽ അൽബുക്കർക്ക് ലിസ്ബണിലേയ്ക്ക് അയച്ച എഴുത്തിൽ ഇപ്രകാരം പ്രസ്താവിച്ചു: ഞാൻ കീഴടക്കിയ സ്ഥലങ്ങളിലെ മുസ്ളീം കുഴിമാടങ്ങളും, പള്ളികളും അഗ്നിക്കിരയാക്കി. ഗോവയിൽ ഒരു മുസ്ളീം കുഞ്ഞുപോലും ജീവിയ്ക്കുവാൻ ഞാൻ അനുവദിക്കയില്ല [29]. ഈ നയത്തിനു പിന്നീടു മാറ്റം വരുത്തി. പേർഷ്യ, അറേബ്യാപ്രദേശങ്ങളിൽനിന്നുള്ള മുസ്ളീം വർത്തകരെ അൽബുക്കർക്ക് സ്വാഗതം ചെയ്തു. അവർ കുതിരകളെ വിൽക്കുന്നതിനായി കൂട്ടംകൂട്ടമായി ഇന്ത്യയിൽ വരുമായിരുന്നു. കുതിരക്കച്ചവടം വളരെ ആദായകരമായി. മുസ്ളീമുകളും, ഹിന്ദുക്കളും കുതിരകച്ചവടംവഴി ഗോവയിലെ വാണിജ്യം വളരെ കൂടുതൽ അഭിവൃദ്ധിപ്പെടുത്തി.

ഗോവയിൽ ഒരൊറ്റ ക്രിസ്ത്യാനിയില്ലായിരുന്നു

അൽബുക്കർക്ക് ഗോവ ആക്രമിച്ചു കീഴടക്കിയപ്പോഴും ക്രിസ്ത്യാനികളായി ആരുംതന്നെ ആ രാജ്യത്തു ഉണ്ടായിരുന്നില്ല. ക്രൈസ്തവമതം ഇവിടെ പ്രചരിപ്പിക്കുക എന്നതു പോർട്ടുഗീസ് രാജാവിന്റെ പ്രധാന ഉദ്ദേശങ്ങളിൽപ്പെട്ടതായിരുന്നല്ലോ. അൽബുക്കർക്ക് 1512–ൽ ഏതാനും ബ്രാഹ്മണരെയും നായിക്കന്മാരെയും ക്രിസ്തുമതത്തിൽ ചേർത്തു. മിശ്രവിവാഹം പ്രോത്സാഹിപ്പിച്ചു തുടങ്ങി. പോർട്ടുഗലിൽനിന്നു സ്ത്രീകളെ ആരെയുംതന്നെ കപ്പൽവഴി ഇന്ത്യയിലേക്ക് അയച്ചിരുന്നില്ലല്ലോ. അതിനാൽ പോർട്ടുഗീസു പടയാളികളും, നാവികരും, മലബാറിലെയും, ആഫ്രിക്കയിലെയും, ഗോവയിലെയും സ്ത്രീകളെ വിവാഹം കഴിച്ചു ജീവിക്കണമെന്നു അൽബുക്കർക്ക് ആവശ്യപ്പെട്ടു. സൈനികരും ശില്പികളും ഗോവൻസ്ത്രീകളെ വിവാഹംകഴിച്ചു ജീവിക്കുന്നതായാൽ ഏതാനും വർഷം കഴിയുമ്പോഴേക്കും ഗോവ ക്രിസ്തീയ രാജ്യമായിത്തീരുമല്ലോ. ഗോവയിലുണ്ടായിരുന്ന അറബികളെ യുദ്ധാനന്തരം മുസ്ളീംയുവതികളെ പരിത്യജിച്ചുകളഞ്ഞു. നിരാലംബരായ അത്തരം ഇരുന്നൂറോളം യുവതികളെ പോർട്ടുഗീസ് യുവാക്കളെകൊണ്ടു അൽബുക്കർക്ക് വിവാഹം കഴിപ്പിച്ചു. അങ്ങനെ ഗോവയിൽ "മെ

28. M. Mundadan: History of Christianity in India op. cit. p. 436.
29. Albuquerque "Cartas" I. p. 26 f; VI. pp. 408-10.
M. Mundadan: Christianity in India op. cit. p. 436.

malankaralibrary.com

സ്റ്റിക്കോസ് (Mesticose) സങ്കരവർഗം'' എന്ന നവീന സമുദായം ഉടലെടുത്തു. ഗോവയിൽ ആദ്യത്തെ ക്രൈസ്തവ തലമുറ ഇപ്രകാരം ആവിർഭവിച്ചതാണു്. പരാജിതരായ മുസ്ലീമുകളിൽനിന്നും പിടിച്ചെടുക്കപ്പെട്ട സ്ത്രീകളിൽനിന്നുംനൈസ്യിയാസ് (Naistias) ഹൈന്ദവ സ്ത്രീകളിൽനിന്നും പോർട്ടുഗീസു് ഉദ്യോഗസ്ഥന്മാർക്കു ജനിച്ച സന്താനങ്ങളാണു് ഗോവയിലെ പുതിയ തലമുറ [30].

മിശ്രവിവാഹ തലമുറ

മിശ്രവിവാഹത്തെ ആക്ഷേപിച്ചുകൊണ്ടു് ഈ സംരംഭം നിരുത്സാഹപ്പെടുത്താൻ എത്രയാനും ഉദ്യോഗസ്ഥന്മാരും വൈദികരും മുന്നോട്ടുവന്നു. മിശ്രവിവാഹ സമ്പ്രദായമല്ല, വിവാഹം നടത്തുന്ന വിധമാണു് പലരുടെയും നിശിതമായ വിമർശനത്തിനു് കാരണമായതു്. അൽബുക്കർക്കിന്റെ ചാപ്ലിനായ ഫ്രാൻസിസ്കൊ ദെ റോച്ച, ഗോവയിലില്ലാത്ത അവസരത്തിൽ ഡൊമിനിക്കൻ വൈദികരാണു് ഗോവയിലെ ക്രിസ്ത്യീയസമൂഹത്തിന്റെ ആധ്യാത്മിക കാര്യങ്ങളും നോക്കിയിരുന്നതു്. സ്ഥലത്തെ വികാരി ഇപ്രകാരം ശഠിച്ചു: 'എന്റെ സാന്നിധ്യത്തിൽ നടത്തപ്പെടാത്ത വിവാഹം അസാധുവാണു്. അങ്ങനെ ആരെങ്കിലും വിവാഹം കഴിച്ചാൽ മഹറോൻശിക്ഷയിൽപ്പെടും''. അൽബുക്കർക്കു് മലാക്കയിൽനിന്നു് മടങ്ങി വന്നപ്പോഴും ഈ വികാരിയെ പോർട്ടുഗലിലേയ്ക്കു് തിരികെ പറഞ്ഞയച്ചു [31].

സ്വന്തം പോക്കറ്റു് വീർപ്പിക്കാൻ പണം സമ്പാദിയ്ക്കാനാണു് കോഴ വാങ്ങി അൽബുക്കർക്കു് വിവാഹം കഴിപ്പിയ്ക്കുന്നതെന്നും, പോർട്ടുഗീസുകാരുടെ അന്തസ്സിനെയും, കുലീനതയെയും നശിപ്പിയ്ക്കുന്ന പ്രതിഭാസമാണിതെന്നും ആരോപണമുയർന്നു. മലബാറിലെ സ്ത്രീകളെ പോർട്ടുഗീസു് യുവാക്കൾക്കു് വിവാഹം കഴിപ്പിച്ചിരുന്നില്ല. അവർക്കു് സൗന്ദര്യം കുറവു്. അവരുടെ സന്മാർഗജീവിതവും അശാസ്യമായിരുന്നില്ലത്രെ. മുസ്ലീം യുവതികളെയും, ബ്രാഹ്മണ സ്ത്രീകളെയും മിശ്രവിവാഹത്തിനു് അൽബുക്കർക്കു് തിരഞ്ഞെടുത്തതു് കുറഞ്ഞ പണമായിരുന്നു. പോർട്ടുഗീസു് യുവാക്കളെക്കൊണ്ടു് വിവാഹം കഴിപ്പിക്കുമ്പോഴും ന്യായോന്മുസ്തമായും സ്വന്തം മനസ്സാലെയും ദേവാലയത്തിൽവച്ചുമാണു് വിവാഹകർമ്മം നടത്തിയിരുന്നതു്. മുസ്ലീം, ഹിന്ദുസ്ത്രീകളെ ജ്ഞാനസ്നാനപ്പെടുത്തിയതിനുശേഷമേ കല്യാണം നടത്തിയിരുന്നുള്ളൂ. മാസങ്ങൾക്കകം നൂറിലധികം മിശ്രവിവാഹങ്ങൾ നടത്തപ്പെട്ടു. ഫാ. ഫ്രാൻസിസ്കോ ദെ റോച്ച 150 മിശ്രവിവാഹങ്ങൾ ആശീർവദിച്ചു. വിവാഹം വർധിച്ചതോടുകൂടി ഗോവയിൽ ജനങ്ങളും പെരുകി. വ്യാ

30. M. Mundadan: op. cit. p. 438.

31. A. De Silva Rego: Historia Das Missiones Oriente India p. 178.

malankaralibrary.com

പാരമ്പര്യകേന്ദ്രങ്ങളും ഷോപ്പുകളും ചെറിയതരം ബിസിനസുകളും വർധമാനമായി.

മലാക്കയും കീഴടക്കി

അറബികളുടെ പ്രധാന കേന്ദ്രമായിരുന്ന മലാക്ക. ഗോവ പിടിച്ചടക്കിയതിനുശേഷം അൽബുക്കർക്ക് 1511-ൽ മലാക്കയിലേക്ക് തിരിച്ചു. അവിടെനിന്ന് അറബികളെ തുരത്തി. 1509-ൽ അൽമേഡ മലാക്ക ആക്രമിക്കുന്നതിന് ഉദ്യമിച്ചപ്പോഴും പരാജിതരായ എത്താനും പോർട്ടുഗീസുനാവികരെ തടവുകാരായി പിടിച്ചിരുന്നു. ഇവരെ അൽബുക്കർക്ക് വിമോചിപ്പിച്ചു. അവിടെ പുതിയ നഗരം സ്ഥാപിച്ചു. മലാക്കയിൽനിന്നും മടങ്ങുന്നവഴി അൽബുക്കർക്ക് കൊച്ചി സന്ദർശിച്ചു. 1512-ൽ ഉന്നതജാതിയിലുള്ളവർക്കും, താഴ്ന്നജാതിയിൽപ്പെട്ടവർക്കുമായി കൊച്ചിയിൽ വിദ്യാലയം സ്ഥാപിച്ചിരുന്നു. അവിടെ വിദ്യാഭ്യാസം ചെയ്തിരുന്ന നൂറോളം കുട്ടികൾക്ക് പാഠപുസ്തകങ്ങൾ വിതരണം ചെയ്തു. 16 കുട്ടികൾക്ക് ഒരു ചാക്ക് അരിവീതം നൽകുന്നതിനുള്ള ഏർപ്പാടു ചെയ്തു. രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള ആശുപത്രിയും കൊച്ചിയിൽ സ്ഥാപിച്ചു. പാവപ്പെട്ടവരായ നാട്ടുകാർക്ക് ഈ ആതുരാലയം ഒരനുഗ്രഹമായി.

കീഴടങ്ങുന്നതിന്റെ പിന്നാലെ മിഷനറിമാർ

അൽബുക്കർക്ക് മരണാസന്നനായപ്പോൾ അദ്ദേഹത്തിന് 62 വയസ്സ്. ഗൊൺസാലൊ ദെ അൽബുക്കർക്കിന്റെയും ഡോണ ലിയാനോർദെ മെനേസിസിന്റെയും രണ്ടാമത്തെ പുത്രൻ. അവിവാഹിതൻ. നീണ്ട താടി അഫോൺസൊയുടെ മുഖത്തിന് അലങ്കാരമായിരുന്നു[32]. പോർട്ടുഗലിന്റെ വാണിജ്യ നാവിക താല്പര്യങ്ങൾ സംരക്ഷിക്കുകയായിരുന്നു അൽമേഡയുടെ നയം. രാജ്യങ്ങൾ പെട്ടിപ്പിടിച്ചു നയതന്ത്രം വഴി ഇന്ത്യയിൽ സാമ്രാജ്യം സ്ഥാപിക്കുക. അഫോൺസൊ അൽബുക്കർക്കിന്റെ പ്രഖ്യാപിത നയം. സമര പ്രാധാന്യമുള്ളിടത്തും, വാണിജ്യ വികസനത്തിന് അത്യന്താപേക്ഷിതങ്ങളുമായ എല്ലാ സ്ഥലങ്ങളും ആക്രമിച്ചു കയ്യടക്കി. തദ്ദേശീയ ഭരണാധികാരികളെ പോർട്ടുഗീസു രാജാവിന്റെ അധീശത്വം അംഗീകരിപ്പിക്കുന്നതിൽ അൽബുക്കർക്ക് വിജയിച്ചു. ചെങ്കടലിലേക്കുള്ള ഗതാഗതം നിയന്ത്രിച്ചിരുന്ന ഡെക്കോട്രാപ്പിപ് പിടിച്ചെടുത്തു. 1514-ൽ ബീജാപൂർ സുൽത്താനിൽനിന്നും ഗോവ പിടിച്ചെടുത്തു് ഇന്ത്യയിലെ മുഖ്യ പോർട്ടുഗീസ് താവളമാക്കി; പൗരസ്ത്യദേശത്തെ പോർട്ടുഗീസ് സാമ്രാജ്യത്തിന്റെ തലസ്ഥാനം. പേഷ്യൻ ഉൾക്കടൽതീരത്തെ പ്രധാന തുറമുഖമായ ഓർമ്മ

32. R. S. Whiteway: The Rise of Portuguese Power in India p. 167.

malankaralibrary.com

സും, മലേഷ്യയിൽ ഉംപ്പെട്ട മലാക്കയും പോർട്ടുഗീസ് അധീനത്തി ലാക്കിയതും അൽബുക്കർക്കാണ് [33],

അൽബുക്കർക്കിന്റെ ഭൗതികാവശിഷ്ടം

1515 ഡിസംബർ 16-ന കപ്പലുകളെല്ലാം ചെങ്കടലിൽനിന്നും ഗോവയിലെത്തി. വിജയശ്രീലാളിതനായി അൽബുക്കർക്കിനെ ജന ക്കൂട്ടം കരയിൽ കാത്തുനിന്നു. രോഗബാധിതനായിരുന്നു. അന്ത്യനിമി ഷം അടുത്തു. വൈദികൻ അന്ത്യകൂദാശകർമം നൽകി. അൽബുക്കർക്ക് 1515 ഡിസംബർ 21-ന അന്ത്യശ്വാസം വലിച്ചു. ഗോവ മുഴുവനും നിശ്ശബ്ദവിലാപത്തിൽ മുങ്ങിയ ദിനം. മൃതദേഹം ഗോവയിൽ അമ ലോത്ഭവമാതാവിന്റെ നാമത്തിലുള്ള ദേവാലയത്തിൽ സംസ്ക്ക രിച്ചു. അൽബുക്കർക്കിന്റെ വിൽപത്രത്തിൽ തന്റെ ഭൗതികാവശി ഷ്ടം പോർട്ടുഗലിൽ വരപ്രസാദനാഥയുടെ ദേവാലയത്തിൽ അന്ത്യ വിശ്രമം കൊള്ളണമെന്നുണ്ടായിരുന്നു. മാനുവൽ രാജാവ് അതിനു വിസമ്മതിച്ചു. ഗോവ നിവാസികൾ ഭൗതികാവശിഷ്ടം ഗോവയിൽ നിന്നും കൊണ്ടുപോകാൻ അനുവദിച്ചില്ല. മാർപാപ്പയുടെ പ്രത്യേക ബ്ലൂയനുസരിച്ചു അൽബുക്കർക്കിന്റെ ഭൗതികാവശിഷ്ടങ്ങൾ 1566 മെയ് 19-ന പോർട്ടുഗലിലെ "വരപ്രസാദനാഥ"യുടെ ദേവാ ലയത്തിൽ സംസ്ക്കരിച്ചു [34].

അൽഫോൺസൊ അൽബുക്കർക്ക് 'മഹാൻ' എന്ന ബഹുമതിയ്ക്കു തികച്ചും അർഹനാണ്. ധീരനായ യോദ്ധാവും, സമർത്ഥനായ ഭരണ തന്ത്രജ്ഞനുമായിരുന്നു. മാതൃരാജ്യമായ പോർട്ടുഗലിനെയും തന്റെ രാ ജാവിനെയും വിശ്വസ്തതയോടെ അദ്ദേഹം സേവിച്ചു. ഇന്ത്യയിൽ പോർട്ടുഗീസ് ആധിപത്യം സ്ഥാപിക്കുന്നതിനു, പൗരസ്ത്യ രാജ്യ ത്തിലെ മുസ്ളീം 'കുത്തക' പോർട്ടുഗീസുകാരുടെ അധീനതയിലും നേ തൃത്വത്തിലും കൊണ്ടുവരുന്നതിനു അദ്ദേഹം നൂറുശതമാനവും വിജയി ച്ചു. ക്രിസ്തീയചൈതന്യമുള്ള ഗവർണർ, അനാഗതരെ മതപരിവർത്ത നം ചെയ്യ ക്രൈസ്തവരാക്കുന്നതിൽ അദ്ദേഹം തീക്ഷ്ണതയോടെ പ്ര വർത്തിച്ചുപോന്നു. അൽബുക്കർക്ക് തന്റെ ശത്രുക്കളായ അറബികളെ നിർദ്ദാക്ഷിണ്യം നേരിട്ടു. പലവിധ അക്രമ പ്രവൃത്തികൾപോലും ചെ യ്തു ശത്രുക്കളെ പരാജയപ്പെടുത്തി. ജീവിതാന്ത്യഘട്ടത്തിൽ "ഓർ മ്മുസ്" മുതൽ "സിലോൺ" വരെയും കൊച്ചി, പാവുറം, കൊച്ചി, കൊല്ലം മുതൽ കന്യാകുമാരി വരെയുമുള്ള എല്ലാ സ്ഥലങ്ങളിലെയും ഭരണാധികാരികളെയും സമുദ്രവ്യാപാരികളെയും പരിപൂർണ സമാധാ നത്തിൽ ജീവിയ്ക്കുവാൻ ഇടയാക്കി.

---

33. R. S. Whiteway op. cit. p. 170.
34. Frederic Charles Danvers: The Portuguese in India. Vol. I. p. 325.

malankaralibrary.com

ഇന്ത്യാസമുദ്രം ഭയവിമുക്തം

ഇന്ത്യൻ സമുദ്രത്തിൽ കൂടി അനായാസേന നിർഭയമായി ആക്രമം യാത്ര ചെയ്യുവാനും വ്യാപാരം നടത്തുവാനും ഉള്ള സാഹചര്യം സൃഷ്ടിച്ചതും അദ്ദേഹംതന്നെ. കോഴിക്കോട്ട്, കൊച്ചി, കണ്ണൂർ, ഗോവ എന്നീ സ്ഥലങ്ങളിൽ കോട്ടകൾ നിർമ്മിച്ച് അവ സംരക്ഷിക്കുന്നതിനു് യോദ്ധാക്കളെ നിയമിച്ചു. പീരങ്കികളും മറ്റും സജ്ജീകരിച്ചു. ചെങ്കടലിന്റെ കടലിടുക്കിൽ ആദ്യമായി കടന്നുചെന്നതു് പോർട്ടുഗീസ് ക്യാപ്റ്റൻ അൽഫോൺസൊ അൽബുക്കർക്കാണു്. കൌണ്ട് ഫെർണാവൊ ഗൊൺസാൽവസ് അൽഫോൺസൊ അൽബുക്കർക്കിന്റെ ശവക്കല്ലറയിലെ ഉല്ലേഖനം: "ഇദ്ദേഹത്തിനെക്കാൾ ഉപരിയായി ഇനി ആർക്കെങ്കിലും ചെയ്യുവാൻ സാധിക്കുമെങ്കിൽ അദ്ദേഹത്തിനു മുൻഗണന നൽകുമാറാകട്ടെ" (Let him that Does more than this, Take precedence of him) [35].

ഇന്ത്യയിലെ പോർട്ടുഗീസ് വൈസ്രോയിമാരിൽ ഏറ്റവും തിളക്കമാർന്ന പ്രഗൽഭമതിയാണ് അൽഫോൺസൊ അൽബുക്കർക്ക്. പോർട്ടുഗലിന്റെ ശക്തിയേയും, പ്രഭാവത്തേയും, മഹത്വത്തേയും ഉയർത്തിക്കാട്ടിയ വീരജേതാവ്. പോർട്ടുഗീസ് ഇന്ത്യയുടെ ശ്രേയസ്സിനു വേണ്ടി അക്ഷീണം പരിശ്രമിച്ച ധീരസേനാനി.

35. Frederic Charles Danvers: The Portuguese in India op.cit. Vol. I. pp. 330-331

malankaralibrary.com

എട്ട്

നാവികയുദ്ധങ്ങൾ

ഇന്ത്യാസമുദ്രം 15–ാം നൂറ്റാണ്ടിന്റെ മധ്യംവരെ ചുരുക്കം ചില പാശ്ചാത്യ ദേശസഞ്ചാരികളെ ഒഴിച്ചാൽ പാശ്ചാത്യ ക്രൈസ്തവ രാജ്യങ്ങൾക്ക് അജ്ഞാതവും അനധിഗമ്യവുമായിരുന്നു. 'ഗ്രഡ്ഹോപ്പ്' മുനമ്പിനെപ്പറ്റി പാശ്ചാത്യ രാജ്യങ്ങൾക്കറിവുണ്ടായിരുന്നില്ല. ചെങ്കടൽ, പേർഷ്യൻ ഉൾക്കടൽ എന്നീ സമുദ്രവിഭാഗത്തിലേയ്ക്കുള്ള കവാടം മുഹമ്മദീയരുടെ ആഗമനത്തോടെ ക്രൈസ്തവനാവികർക്ക് അടയ്ക്കപ്പെട്ടിരുന്നു. പൂർവദേശത്തുള്ള ഇന്ത്യ അനേകം നൂറ്റാണ്ടുകളും മുതൽക്കേതന്നെ പരിഷ്കൃതരാജ്യം. നാഗരികതയുടെ പന്ഥാവിലൂടെ പുരോഗമിച്ചുകൊണ്ടിരുന്ന ഭൂഭാഗം. പക്ഷേ പാശ്ചാത്യരാജ്യങ്ങൾക്ക് കടൽകടന്ന് ഇന്ത്യയിലെത്താനുള്ള മാർഗം നിഷേധിക്കപ്പെട്ടിരുന്നു[1].

പേർഷ്യൻ ഉൾക്കടലിൽനിന്നു മുസ്ലീംകളെ തുരത്താൻ

പൂർവദേശങ്ങളുമായി കച്ചവടം നടത്താനുള്ള കുത്തകാവകാശം ചെങ്കടലിന്റെയും പേർഷ്യൻ ഉൾക്കടലിന്റെയും തുറമുഖങ്ങൾക്കുള്ളതാണെന്ന് മുസ്ലീങ്ങൾ ശഠിച്ചു. മുഹമ്മദീയരുടെ മതതീവ്രവാദം ഇന്ത്യാസമുദ്രത്തിലേക്ക് 'ഗ്രഡ്ഹോപ്പ്' മുനമ്പ് ചുറ്റി കപ്പൽമാർഗം കണ്ടുപിടിക്കാൻ പാശ്ചാത്യരാജ്യ തന്ത്രജ്ഞന്മാരെ പ്രേരിപ്പിച്ചു. മുഹമ്മദീയർക്ക് ഇന്ത്യാസമുദ്രത്തിലും അറേബ്യൻ കടലിലുമുള്ള ആധിപത്യം അവസാനിപ്പിക്കണമെന്നും പോർട്ടുഗീസുരാജാവിനും പ്രത്യേക താല്പര്യം. വാസ്കോഡിഗാമയുടെ നേതൃത്വത്തിൽ ഇന്ത്യയിലേക്കുള്ള

1. R. S. Whiteway: Rise of Portuguese Power in India 1497–1550. p. 13.

malankaralibrary.com

കപ്പൽമാർഗം കണ്ടുപിടിച്ചതോടെ മുസ്ലീങ്ങളുടെ ഇന്ത്യാ സമുദ്രത്തിലുള്ള ആധിപത്യവും ഇന്ത്യയുമായുള്ള വാണിജ്യ കുത്തകയും അവസാനിപ്പിക്കുന്നതിനു് 1550 വരെ അൽബുക്കർക്കു്, അംഗമേഡ, പച്ചേക്കൊ, വാസ്കോഡിഗാമ, ഡ്വാർട്ടു് ഡൊം കാസ്ത്രൊ എന്നീ പോർട്ടുഗീസു് കാപ്റ്റൻമാരുടെ നേതൃത്വത്തിൽ നാവികസേന ശ്രമിച്ചുകൊണ്ടിരുന്നു. അറബിപ്പടക്കപ്പലുകളെ എവിടെവച്ചു് കണ്ടാലും നശിപ്പിക്കുക എന്നതു് പോർട്ടുഗീസുകാരുടെ സ്വതന്ത്ര വാണിജ്യത്തിനും, ഇന്ത്യാസമുദ്രത്തിലെ ആധിപത്യത്തിനും ആവശ്യമായിവന്നു[2]. പ്രധാനമായും ചാവുകം, ഡിയു പ്രദേശങ്ങളിൽവച്ചു പോർട്ടുഗീസുകാരും തുർക്കികളും തമ്മിലുണ്ടായ ഉഗ്രപോരാട്ടത്തിന്റെ ഫലമായി തുർക്കികളുടെയും മുസ്ലീങ്ങളുടെയും ശക്തി ക്ഷയോന്മുഖമായി. ഈ രണ്ടു അവിസ്മരണീയ നാവികയുദ്ധങ്ങളാണു് ഇവിടെ പ്രതിപാദ്യം.

അറബിക്കടലിൽ പൊരിഞ്ഞ പോരാട്ടം

അറേബ്യൻ സമുദ്രത്തിൽ മുഹമ്മദീയർ സർവാധിപത്യം സ്ഥാപിച്ചിരുന്ന കാലഘട്ടത്തിൽ യൂറോപ്യൻ രാജ്യങ്ങളിൽനിന്നു് കച്ചവടത്തിനായി വന്നിരുന്ന കപ്പലുകളെ പിടിച്ചെടുത്തു് വിദേശിസംരംഭത്തെ മുഹമ്മദീയർ പലപ്പോഴും പരാജയപ്പെടുത്തിയിരുന്നു. പോർട്ടുഗീസു് നാവികസേനയെ മീർഹുസൈന്റെ നേതൃത്വത്തിൽ ഈജിപ്റ്റുകാരുടെ നാവികപ്പടയും മാലിക്കു് അസിസിന്റെ ഗുജറാറ്റു് നാവികപ്പടയും ഒത്തൊരുമിച്ചു് ആക്രമിച്ചു പരാജയപ്പെടുത്താൻ സാഹസികശ്രമംനടത്തി. സാമൂതിരിയുടെ കപ്പലുകളും ഈജിപ്റ്റു കപ്പൽപ്പടയോടു ചേർന്നു. പ്രഗത്ഭരും പ്രബലരുമായുള്ളവരുടെ വിദഗ്ധമായ നേതൃത്വത്തിൽ യുദ്ധകപ്പലുകളും നടത്തിയ ശക്തിയേറിയ മുന്നേറ്റത്തെപ്പോലെ അറബിക്കടലിൽ മറ്റൊരുപോരാട്ടം മുൻപൊരിക്കലും ഉണ്ടായിട്ടില്ല. ഇത്രയും വലിയ സംയുക്ത നാവികശക്തിയെ ഒരു വൻശക്തിക്കും നേരിടുവാൻ കഴിഞ്ഞിരുന്നില്ല. ഈ നാവികശക്തിയെ എതിരിടാൻ പോർട്ടുഗീസുകാർ സന്നദ്ധരാകുന്നില്ലെങ്കിൽ അറബിക്കടലിൽ അവരുടെ നാവികർക്കു് ദാരുണമായ പരാജയം അനുഭവിക്കേണ്ടിവരുമെന്നു് കൊച്ചിയിലെ പോർട്ടുഗീസു് വൈസ്രോയി ഫ്രാൻസിസ്കൊ അൽമേഡാ മനസ്സിലാക്കി.

അതിനാൽ 25 വയസ്സുമാത്രം പ്രായമുള്ള ഹെനിഷ്പുത്രൻ ലോറൻസൊ അൽമേഡയോടു 14 പടക്കപ്പലുകളോടുകൂടി ഇവരെ സുധീരം നേരിടാൻ ആജ്ഞാപിച്ചു. സാമൂതിരിയുടെ കപ്പലുകളും ഗുജറാത്തു സുൽത്താന്റെ നാവിക കപ്പലുകളും ഈജിപ്റ്റിലെ കപ്പലുകളോടു ചേർന്നിരുന്നു. ഇവരിൽ അഭിപ്രായവ്യത്യാസം ഉണ്ടായതിനാൽ അഡ്മിറൽ മാലിക് അസീസ് തന്റെ കപ്പലുകളെ ഡിയുവിലേക്കു പിൻവ

2. Rise of Portuguese Power in India op. cit. p. 14.

malankaralibrary.com

ലിപ്പിച്ചിരുന്നു. സാമൂതിരിയുടെ നൂറിൽപരം കപ്പലുകളും കൂട്ടുകെട്ട് ഉപേക്ഷിച്ചു കോഴിക്കോട്ടേയ്ക്കു മടങ്ങി. ക്ഷിപ്രകോപിയും തന്നാഷ്ടക്കാരനുമായ ലോറൻസൊ അൽമേഡ, നൂറുകപ്പലുകളുള്ള സാമൂതിരിയുടെ നാവികസേനയെ നേരിട്ട് ആക്രമിക്കുന്നതിനു ആജ്ഞ നൽകി. യുവാവായ പോർട്ടുഗൽ സേനാനിയുടെ പരിചയസമ്പന്നരായ ഉപദേഷ്ടാക്കൾ വെറും 14 യുദ്ധക്കപ്പലുകളോടുകൂടി ശത്രുക്കളുടെ നൂറ് പടക്കപ്പലുകളെ ആക്രമിക്കുന്നതു ആപൽക്കരവും വിവേകശൂന്യവുമായ നീക്കമായിരിക്കുമെന്നും തങ്ങൾക്ക് ദയനീയപരാജയം സംഭവിക്കുമെന്നും ലോറൻസൊ അൽമേഡയ്ക്കു മുന്നറിയിപ്പുനൽകിയിരുന്നു. സാമൂതിരിയുടെ മരയ്ക്കാർ പ്രബലന്മാരും അജയ്യന്മാരുമായതിനാൽ പോർട്ടുഗീസുകാരുടെ ചെറിയ നാവികസേനയെ ശത്രുസേന നിസ്സാരമായി പരിഗണിച്ചുകളയുകയാണെന്നും ഉപദേഷ്ടാക്കൾ ലോറൻസിനെ പറഞ്ഞു നിരുത്സാഹപ്പെടുത്തി. ഈ അഭിപ്രായംകേട്ട് ഖിന്നനായി ലോറൻസ് കൊച്ചിയിലേക്കു മടങ്ങി[3]. പിതാവ് ഫ്രാൻസിസ്കൊ അൽമേഡ സ്വപുത്രനെ കഠിനമായി ശകാരിച്ചു. നാവികസൈന്യത്തിൽനിന്നു ഭീരുക്കളായ ഉപദേഷ്ടാക്കളെ പിരിച്ചുവിട്ട. യുവാവായ ലോറൻസൊ അൽമേഡ നാവികപ്പടയോടുകൂടി യുദ്ധത്തിനു പുറപ്പെട്ട.

ഈജിപ്റ്റ് നാവികസേനയുടെ പീരങ്കിവർഷം

അറബിക്കടലിൽ കണ്ടുമുട്ടിയ അറബികളുടെയും മൂർവർഗക്കാരുടെയും കപ്പലുകളെ ആക്രമിച്ചു കീഴടക്കി ലോറൻസൊപട കൊച്ചിയിലേക്കു മടങ്ങി. പോർട്ടുഗീസ് വൈസ്രോയി ഉടനെ ലോറൻസൊ അൽമേഡയോട് അറബിക്കടലിന്റെ വടക്കുഭാഗം ലക്ഷ്യമാക്കി, ശത്രുനാവികസേനയെ തന്ത്രപൂർവ്വം ആക്രമിക്കാൻ കല്പിച്ചു. ചില പോർട്ടുഗീസ് ചരിത്രകാരൻമാർ രേഖപ്പെടുത്തിയിട്ടുള്ളതുപോലെ എട്ടു നാവികക്കപ്പലുകളോടുകൂടെ ലോറൻസ് തൽക്ഷണം യുദ്ധത്തിനുപുറപ്പെട്ട. ഗുജറാറ്റിന്റെ സമുദ്രതീരത്തുള്ള ചാവൂ (Chavul) ളിൽ സാമൂതിരിയുടെ പടക്കപ്പലുകളെ ദൃഷ്ടിയിൽപെട്ടപ്പോൾ ചാവൂരെ തുറമുഖത്തുതന്നെ കരയ്ക്കിറങ്ങുന്നതിന് ഉദ്യമിച്ചു. അപ്പോൾ ഈജിപ്റ്റിന്റെ ബൃഹത്തായ നാവികസേന മീർഹുസൈന്റെ നേതൃത്വത്തിൽ അപ്രതീക്ഷിതമായി പോർട്ടുഗീസു പടക്കപ്പലുകളുടെ മുൻപിൽ പ്രത്യക്ഷപ്പെട്ട. പീരങ്കി ഉപയോഗിച്ചു യുദ്ധം ചെയ്തു. തുടർച്ചയായി പോർട്ടുഗീസു കപ്പലുകളുടെ നേരെ പീരങ്കി ഉണ്ടകൾ വർഷിച്ച് ആക്രമണം നടത്തി. കപ്പലുകളെല്ലാം പിടിച്ചെടുത്ത് ഈജിപ്റ്റിലേക്കു കൊണ്ടുപോകുക മീർഹുസൈന്റെ പ്ലാൻ. ഗുജറാത്തിലെ സുൽത്താനും യോദ്ധാക്കളും ആക്രമണത്തിൽ പങ്കെടുക്കാതെ യുദ്ധനിരീക്ഷകരായി നിന്നതേയു

3. Frederic Charles Danvers: The Portuguese Power in India Vol. I. p. 127.

malankaralibrary.com

ള്ള. ഈജിപ്റ്റുകാരുടെ എല്ലാ പടക്കപ്പലുകളിൽനിന്നും പോർട്ടുഗീസ് പടക്കപ്പലുകളിൽനിന്നും പീരങ്കിയുണ്ടകളും തുടർച്ചയായി വർഷിച്ചു തുടങ്ങിയപ്പോൾ ഗുജറാറ് കടൽത്തീരം പ്രകമ്പനംകൊണ്ടു. സ് ഫോടനം നിമിത്തം കടൽത്തീരത്തു വൻപിച്ച നാശം. യുദ്ധത്തിൽ ആക്കംതന്നെ നിർണായകമായ ജയം ഉണ്ടായില്ല. രാത്രിയായപ്പോൾ വെടിനിറുത്തി.

ലോറൻസൊ അൽമേഡയുടെ വീരമരണം

പിറെറദിവസം രാവിലെ ഉണ്ടായ ശക്തമായ കാറ്റുമൂലം സുൽത്താന്റെ പടക്കപ്പലുകൾ തമ്മിൽ ശക്തമായി ഉരസിക്കൊണ്ടിരുന്നു. തൻമൂലം പീരങ്കികളിൽനിന്നു വർഷിച്ചിരുന്ന ഉണ്ടകൾ അധികദൂരംപോയില്ല. പോർട്ടുഗീസ് കപ്പലുകളിൽ ഘടിപ്പിച്ചിരുന്ന പീരങ്കികളിൽനിന്ന് വമിച്ചിരുന്ന ഉണ്ടകൾ വിദൂരത്തിൽ നിപതിച്ച് കടുത്ത നാശംവരുത്തി. ധീരനും പ്രഗത്ഭനുമായ കാപ്റൻ ലോറൻസും സഹചരൻമാരും സുധീരം പോരാടി. ശത്രുക്കളുടെ ഏതാനും ചെറിയ കപ്പലുകൾ നശിപ്പിച്ചു. ആരുമാരും വിജയം നേടാതെ അന്നത്തെ ദിവസവും കടന്നുപോയി.

മൂന്നാംദിവസം രാവിലെ സാമൂതിരിയുടെ നാവികസേന ശക്തമായി ആക്രമിച്ചു. ചരിത്രംസൃഷ്ടിച്ച വൻപിച്ച നാവികയുദ്ധം. പോർട്ടുഗീസു നാവികസേനയുടെ മരണമണി മുഴങ്ങിത്തുടങ്ങി. രാവിലെ ഈജിപ്റ്റുകാരുടെ രണ്ട് പടക്കപ്പലുകൾ പോർട്ടുഗീസുകാർ പിടിച്ചെടുത്തു. കപ്പലിലെ എല്ലാ ജോലിക്കാരെയും കൊന്നുകളഞ്ഞു. സുൽത്താന്റെ ഏതാനും ചെറിയ കപ്പലുകളെയും മുക്കിക്കളഞ്ഞു. എന്നാൽ പരാക്രമികളും തന്ത്രശാലികളുമായ സാമൂതിരിയുടെ കപ്പൽ പടയാളികൾ കാപ്റൻ ലോറൻസൊയുടെ കപ്പൽ ലക്ഷ്യമാക്കി പീരങ്കി ഉണ്ടകൾ വർഷിച്ചു. കപ്പൽ നിശ്ശേഷം തകർന്നു. തുടയിൽ വെടിയേറ്റു പോർട്ടുഗീസ് കാപ്റൻ നിലംപതിച്ചുവെങ്കിലും പായ്മരത്തിൽ ചാരിനിന്നുകൊണ്ട് ജീവൻ വെടിയുന്നതുവരെ യുദ്ധംചെയ്യാൻ ആഹ്വാനംചെയ്തു. ഇരുകൂട്ടരും സകലശക്തിയും സംഭരിച്ചു യുദ്ധം തുടർന്നു. ഉച്ചകഴിഞ്ഞു സാമൂതിരിയുടെ കപ്പലിൽനിന്നു ഒരു സൈനികൻ വിദഗ്ധമായി നിറയൊഴിച്ചു. ആ പീരങ്കി ഉണ്ടകൾ ലോറൻസൊയുടെ മരണത്തിനു ഇടയാക്കി.[4] അഞ്ചു പോർട്ടുഗീസ് കപ്പലുകൾ ഇതിനകം നശിപ്പിക്കപ്പെട്ട് കടലിൽ മുങ്ങിയിരുന്നു. ശേഷിച്ച മൂന്നു കപ്പലുകൾ രാത്രി അവിടെനിന്നു രക്ഷപ്രാപിച്ചു.

4. The Portuguese in India op. cit. p. 130.

malankaralibrary.com

പുത്രനെ വധിച്ചവരോടു പകരംവീട്ടാൻ

വീരപരാക്രമിയായ കാപ്പ്റന്റെ മൃതദേഹവുമായി പോർട്ടുഗീസുനാവികർ കൊച്ചിയിലേക്കു മടങ്ങി. 1507 ഡിസംബറിൽ കൊച്ചിയിൽ നടന്ന ഈ യുദ്ധം ഇന്ത്യയിലെയും ഈജിപ്തിലെയും യുദ്ധചരിത്രത്തിൽ അവിസ്മരണീയം. മൂന്നു മുസ്ലീം നാവികവ്യൂഹങ്ങളെ ഒരു യൂറോപ്യൻ ശക്തിയെ തോൽപിച്ച ഈ സംഭവത്തെപ്പറ്റി ഡോ. എ. പി. ഇബ്രാഹിം കുഞ്ഞ് ''കേരള ചരിത്രം''ന്നാം വാല്യത്തിൽ: ''ദ്രവ്യനാശത്തിലുപരി പോർട്ടുഗീസ് നാവികാധിപത്യത്തിനേറ്റ കനത്ത പ്രഹരമായിരുന്നു ഈ തോൽവി.'' അന്തരിച്ച കാപ്പ്റന്റെ മൃതദേഹം കൊച്ചിയിലേയ്ക്കു കൊണ്ടുപോന്ന ദിവസം കൊച്ചിനഗരം ദു:ഖത്തിലാണ്ടു. സൈനികബഹുമതികളോടെ ലോറൻസൊയുടെ മൃതദേഹം സംസ്ക്കരിച്ചു. ശവകുടീരത്തിലെ ശിലാഫലകം ഇന്നും സെൻറ് ഫ്രാൻസിസ് പള്ളിയിൽ കാണാം. വൈസ്രോയി ഫ്രാൻസിസ്കൊ അൽമേഡാ തന്റെ പുത്രന്റെ മരണത്തിനു കാരണമാക്കിയ ശത്രുനാവികപ്പടയെ നശിപ്പിച്ചു തരിപ്പണമാക്കുമെന്നു് അന്നു ദൃഢപ്രതിജ്ഞ ചെയ്തു. പോർട്ടുഗൽയുദ്ധത്തിലെ ഉഗ്രശപഥം. 'എന്റെ പുത്രന്റെ മരണത്തിനിടയാക്കിയ ശത്രുസമൂഹത്തെ ഒരു കൊല്ലത്തിനകം നശിപ്പിക്കുന്നതാണ്.'' ഈ ശപഥം ശത്രുക്കളും അറിഞ്ഞു. അവരും വേണ്ട ഒരുക്കങ്ങളും ചെയ്തു. പ്രത്യാക്രമണത്തിനുള്ള ഒരുക്കങ്ങളും ത്വരിതഗതിയിൽ ആരംഭിച്ചു. പുതിയകപ്പലുകളും നിർമ്മിച്ചു. ഇന്ത്യാക്കാരായ യുവാക്കളെ നാവികസൈന്യത്തിൽച്ചേർത്തു പരിശീലനം നൽകി. 1508 ഡിസംബർ 12-ന 15000 നാവികപ്പടയാളികളും സമർത്ഥരായ സേനാനികളുംകൂടി പുത്രന്റെ മരണത്തിനു് കാരണമാക്കിയ നാവികരോടു് പകരംവീട്ടാൻ യുദ്ധസന്നാഹത്തോടെ കൊച്ചിയിൽനിന്നു് വടക്കോട്ടു് കുതിച്ചു. ഗുജറാറ്റിലെ സുൽത്താൻ മാലിക്ക് അയാസ്(Ayas) രാജപുത്രരുമായി ബന്ധപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ നാവികസേന ഈജിപ്റ്റുകാരുമായി യോജിച്ചു യുദ്ധം ചെയ്യുവാൻ ഏർപ്പാടു ചെയ്തിരുന്നു. സാമൂതിരിയുടെ പടക്കപ്പലുകളെല്ലാം ഒന്നുചേർന്നു് യുദ്ധം ചെയ്യുവാൻ കച്ചിനുസമീപമുള്ള ഡിയുദ്വീപിൽ ഒരു വർഷത്തോളം കാത്തിരിക്കയായിരുന്നു.

അൽമേഡയുടെ തകർപ്പൻവിജയം

എട്ടാനും മണിക്കൂർ നേരത്തെ കടൽയുദ്ധം ഈജിപ്റ്റുകാരുടെ മിക്ക കപ്പലുകളെയും കടലിൽ താഴ്ത്തി. ശേഷിച്ച കപ്പലുകളുമായി അവർ ചെങ്കടലിലേക്കു മടങ്ങി. ഡിയു പിടിച്ചടക്കി കോട്ട നിർമ്മിച്ചു. പോർട്ടുഗീസുകാരുടെ വമ്പിച്ച വിജയം. രണ്ടാമതൊരു യുദ്ധത്തിനു് ഈജിപ്റ്റുകാർ തയ്യാറായില്ല. പിന്നീടു് 29 വർഷത്തേക്കു ഇൻഡ്യൻ സമുദ്രത്തിലേക്കു അവർ കപ്പലോടിക്കാൻ ധൈര്യപ്പെട്ടില്ല[5]. അൽമേ

5. K. L. Bernard; Flashes of Kerala History. p. 65.

malankaralibrary.com

ഡിയുടെ നാവികവിജയവും സാമൂതിരിയുടെ കനത്ത പരാജയവുംകണ്ട സന്തോഷിച്ച കൊച്ചി രാജാവ്, കൊച്ചിയിൽ വിപുലമായരീതിയിൽ കല്ലും കുമ്മായവുംകൊണ്ട് കോട്ട നിർമ്മിക്കാൻ വൈസ്രോയിക്ക അനുവാദംകൊടുത്തു. അൽമേഡ കോട്ട നിർമ്മിച്ചശേഷം അതിനു പോർട്ടുഗീസ് രാജാവ് മാനുവലിന്റെ സ്മരണയ്ക്കായി "മാനുവൽ കോട്ട" എന്നു നാമകരണം ചെയ്തു. ഇന്നും അതിന്റെ അവശിഷ്ടങ്ങൾ കടൽത്തീരത്തുണ്ട്.

ചെങ്കടൽതീരത്ത് കോട്ടയും പതാകയും

പോർട്ടുഗീസുകാർ 1514-ൽ പേർഷ്യയിലെ നാവികത്തുറമുഖമായ ഓർമസ് പിടിച്ചെടുത്തു. അവിടെ കോട്ട നിർമ്മിച്ചു. 1514-ൽ ചെങ്കടൽ തീരമുഖത്തുള്ള സൊക്കൊടായും പിടിച്ചു. 1538-ൽ പോർട്ടുഗീസുകാർ ശ്രീലങ്കയിൽ തങ്ങളുടെ പതാക ഉയർത്തി. തങ്ങളുടെ ശ്രദ്ധമുഴുവൻ പോർട്ടുഗീസുകാർ സിലോണിലേക്ക തിരിച്ചുവിട്ടിരിക്കയാണെന്നു ധരിച്ച് ഈജിപ്റ്റിലെ അഡ്മിറൽ സുലൈമാൻ പാഷ 70 കപ്പലുകളും 7000 യോദ്ധാക്കളുമായി ഇന്ത്യാസമുദ്രത്തിലേക്ക യാത്രതിരിച്ചു. തുർക്കികൾ ഇതിനകം ഈജിപ്റ്റ് പിടിച്ചടക്കിയിരുന്നു. പോർട്ടുഗീസുകാരെ അറേബ്യസമുദ്രത്തിൽനിന്നു പലായനംചെയ്യിച്ചു. ഓട്ടോമൻ സാമ്രാജ്യം, ഇന്ത്യയിലേയ്ക്കും വ്യാപിപ്പിക്കുന്നതിനു സുലൈമാൻ പാഷായ്ക്ക ടർക്കിയിലെ സുൽത്താൻ നിർദ്ദേശം നൽകിയിരുന്നു.

ടർക്കിസുൽത്താന്റെ സാമ്രാജ്യമോഹം ആകാശക്കോട്ട

ഗുജറാത്ത് സുൽത്താൻ കൊജ സഫർ (Koja Safar), സുലൈമാൻ പാഷായെ ഡിയുവിൽ സ്വീകരിച്ചു. ഡിയുവിലുള്ള പോർട്ടുഗീസ്കോട്ട ഈ രണ്ടു മുസ്ളീം ശക്തികളും ഒന്നുചേർന്ന ആക്രമിച്ചു. ഗോവയിൽനിന്നു ഒരു കപ്പൽസേന ഡിയുവിനെ സംരക്ഷിക്കുന്നതിനു അതിവേഗം സഹായത്തിനെത്തി. ശത്രുക്കളെ ഭയചകിതരാക്കി. അവർ വിദൂരത്തുനിന്നുതന്നെ പീരങ്കിഉണ്ടകൾ വർഷിച്ചു. ഭയാക്രാന്തരായ ഈജിപ്റ്റുകാർ രാത്രിതന്നെ ഡിയു വിട്ടുപോയി. സുൽത്താൻ പോർട്ടുഗീസുകാരുമായി ഒരു സഖ്യത്തിലേർപ്പെട്ടു. ഈജിപ്റ്റ് ടർക്കിയുടെ അധീനതയിലായതോടെ, ആസ്ട്രിയ, ഹങ്കറി എന്നീ രാജ്യങ്ങളും കടന്നു ആക്രമിച്ചു കീഴടക്കിയതിനുശേഷം യൂറോപ്പിൽ പ്രബലമായ ഒട്ടോമൻ (Ottoman)സാമ്രാജ്യം സ്ഥാപിക്കാനായിരുന്ന തുർക്കി സുൽത്താന്റെ വ്യാമോഹം. വിയന്നായിൽവച്ചുണ്ടായ യുദ്ധത്തിൽ ക്രൈസ്തവർ വിജയം കൈവരിച്ചതോടെ യൂറോപ്യൻ ഭൂഖണ്ഡത്തിലേക്കുള്ള ടർക്കിസാമ്രാജ്യവികസനം ആകാശക്കോട്ടപോലെ കലാശിച്ചു. മെഡിറ്ററേനിയൻ സമുദ്രത്തിൽ തുർക്കികൾക്കുണ്ടായിരുന്ന നാവികശക്തിയും പരമാധികാരവും ലിപ്പാന്റോയിലെ യുദ്ധത്തിൽ തുർക്കികളുടെ മേൽവച്ചു തകർക്കപ്പെട്ടു. ലിപ്പാന്റോയിലെ യുദ്ധംപോലെതന്നെ, അഡ്വിസ് മരണീയമാണ് ഡിയുവിലെ നാവികയുദ്ധം.

malankaralibrary.com

ഭാരതം പിടിച്ചെടുക്കാൻ ടർക്കിസുൽത്താനു മോഹം

തുർക്കിസുൽത്താന്റെ വ്യാമോഹം പേർഷ്യാ പിടിച്ചടക്കിയ ശേഷം, ഇന്ത്യയെ ആക്രമിച്ച് കീഴടക്കാനായിരുന്നു. പേർഷ്യയിലെ ഓർമ്മസും സൊക്കൊസ്ട്ര ദ്വീപും പോർട്ടുഗീസുകാർ പിടിച്ചടക്കിയതോടുകൂടി തുക്കി സുൽത്താന്റെ വ്യാമോഹം വ്യർത്ഥമായി. 1550-ൽ തുർക്കികൾ 30 നാവികപ്പടക്കപ്പലോടുകൂടി ഓർമസ് പിടിച്ചടക്കുവാനായി ഒരു ഉദ്യമംകൂടി നടത്തി. എന്നാൽ പോർട്ടുഗീസു പടക്കപ്പലുകൾ സംരക്ഷിക്കാനായി ഓർമ്മസിനെ സമീപിക്കുന്നതു തുർക്കികളുടെ ദൃഷ്ടിയിൽപ്പെട്ടതോടെ തുർക്കി അഡ്മിറൽ പീർ ബെഗന്റെ പടക്കപ്പലുകൾ നാനാദിക്കുകളിലേക്കും പാലായനംചെയ്തു. പേർഷ്യൻ ഉൾക്കടലിൽനിന്നും ഏതാണ്ടും പടക്കപ്പലുകൾ ബസ്രായിലെത്തി. പോർട്ടുഗീസ് നാവികപ്പട അവിടെവച്ചു പിറ്റേ ബെഗന്റെ കപ്പലുകളെ വേട്ടയാടി പിടിച്ചു. അതിനാൽ തുർക്കിയിലെ സുൽത്താൻ അഡ്മിറൽ ഹിസ്സൻ ബെഗിനെ കൊട്ടാരത്തിലേക്ക് തിരികെ വിളിച്ചു. അദ്ദേഹത്തിന്റെ ശിരച്ഛേദം നടത്തി സിദി അലി റെയിസിയെ (Side Ali Raiz) അഡ്മിറലായി നിയമിച്ചു. പുതിയതായി നിയമിക്കപ്പെട്ട അഡ്മിറലിന്റെ നേതൃത്വത്തിൽ അറബ് കപ്പൽപ്പട ഡാമനിലേക്ക് കുതിച്ചു. പോർട്ടുഗീസ് നാവികസേന ഡാമനിൽ യുദ്ധത്തിനു ഒരുങ്ങി നിൽക്കുന്നുണ്ടായിരുന്നു. പോർട്ടുഗീസു പടക്കപ്പലുകൾ തുർക്കികളുടെ ദൃഷ്ടിയിൽപ്പെട്ടതോടെ തുർക്കിടേൻമാർ കടലിൽ ചാടി സമുദ്രതീരത്തു അഭയംതേടി. സിദി അലി റെയിസായും സഹചരന്മാരും കോൺസ്റ്റാന്റിനോപ്പോളിലേക്കു തിരിച്ചുപോയി.

ഹൈന്ദവരെ തുരത്താൻവന്നവരെ തുരത്തി

അറേബ്യയിൽ സമുദ്രത്തിൽവച്ച് ഈജിപ്റ്റുകാരുടെയും തുക്കികളുടെയും നാവികസൈന്യത്തെ പോർട്ടുഗീസുകാർ പരാജയപ്പെടുത്തിയില്ലായിരുന്നുവെങ്കിൽ ഇന്ത്യയിൽ ഹിന്ദുക്കളുടെയും ക്രിസ്ത്യാനികളുടെയും ഭാവി എന്താകുമായിരുന്നെന്നു ഊഹിക്കാമല്ലൊ! ഡൽഹിയിൽ സുൽത്താൻമാർ രാജ്യം ഭരിച്ചിരുന്ന അവസരത്തിൽ ഒട്ടോമൻ സാമ്രാജ്യത്തിൽനിന്നു മുസ്ലീങ്ങളും ഇന്ത്യയിലേക്കു നഴഞ്ഞുകയറിയിരുന്നുവെങ്കിൽ മുസ്ലീം സാമ്രാജ്യഭരണവും മുഹമ്മദീയ ആക്രമണവും ഹൈന്ദവരെ ഇന്ത്യയിൽനിന്നു നിശ്ശേഷം തുരത്തുമായിരുന്നില്ലേ? ഇന്ത്യാസമുദ്രതീരത്തു മുസ്ലീംനാവികസേന കാലുകുത്തുവാൻപോലും അനുവദിക്കാതെ, പോർട്ടുഗീസുകാർ അവരെ പരാജയപ്പെടുത്തി. ശത്രുക്കളുടെ നീരാളിപ്പിടുത്തത്തിൽനിന്നും, കരാളദംഷ്ട്രങ്ങളിൽനിന്നും ഇന്ത്യയെ മോചിപ്പിച്ചതിനു ഇന്ത്യയിലെ ക്രൈസ്തവർ എന്നെന്നും

malankaralibrary.com

കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ പോർട്ടുഗീസുകാരെ സ്മരിക്കേണ്ടതാണ്. മുഗൾചക്രവർത്തി ഔറംഗസീബ് 49 വർഷങ്ങളോളം ഹിന്ദുക്കളെ നിഷ്ക്കരുണം മർദ്ദിക്കയും മറും ചെയ്തിരുന്ന അവസരത്തിൽ, തുർക്കികളുടെയും ഇഴജാപ്പറുകാരുടെയും നാവികസൈന്യത്തിനുകൂടി ഇന്ത്യാസമുദ്രത്തിൽ പ്രവേശനം ലഭിച്ചിരുന്നെങ്കിൽ ഒരു പക്ഷേ ഇന്ത്യ ഒരു മുസ്ലിംരാജ്യമായി പരിണമിക്കുമായിരുന്നില്ലേ? [6].

6. K. L. Bernard: The Flashes of Kerala History. pp. 65-67.

malankaralibrary.com

ഒൻപത്

ലത്തീൻ ക്രൈസ്തവ നവോത്ഥാനം

കേരളത്തിലെ ക്രിസ്തുമതവിശ്വാസികളിൽ പ്രമുഖവിഭാഗമാണ് ലത്തീൻകത്തോലിക്കർ. ആരാധനക്രമത്തിൽ ലത്തീൻഭാഷ ഉപയോഗിക്കുകയും റോമൻരീതി അനുവർത്തിക്കുകയും ചെയ്യുന്നവർ. കത്തോലിക്കസഭയുടെ പരമാദ്ധ്യക്ഷനായ മാർപാപ്പയടക്കമുള്ള ലത്തീൻ കത്തോലിക്കർ ലോകത്തിലെ ഏറ്റവും വലിയ മതവിഭാഗമാണ്. കത്തോലിക്കസഭയുടെ വിവിധ റീത്തുകളിൽപ്പെട്ട ജനങ്ങളിൽ മഹാഭൂരിപക്ഷവും ലത്തീൻറീത്ത് അനുവർത്തിക്കുന്നു. ആരാധന, ഭാഷ മുതലായ കാര്യങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും വിശ്വാസസംബന്ധമായ വിഷയങ്ങളിൽ റീത്തുകൾക്കെല്ലാം ഒരേതെറ്റിലെ കായ്കനികൾപോലെ ഐകരൂപ്യമുണ്ട്. എല്ലാവരുടെയും വിശ്വാസം ഒന്നുതന്നെ. കേരളത്തിലെ പ്രഥമ അപ്പസ്തോലൻ വി. തോമസ് ആണെന്നതത്രെ ശുക്തമായ പാരമ്പര്യവിശ്വാസം. അപ്പസ്തോലൻമാരും അവരുടെ അനുയായികളും ഓരോ നാട്ടിൽ ആ നാട്ടുകാരുടെ ഭാഷയിൽ സുവിശേഷം പ്രസംഗിക്കുക മാത്രമല്ല, ദിവ്യകർമ്മങ്ങളും നടത്തുകകൂടി ചെയ്തിരുന്നുവെന്നു സാമാന്യചരിത്രത്തിൽ പ്രാവീണ്യമുള്ളവർ തെളിയിച്ചിട്ടുണ്ട്. വി. തോമാശ്ലീഹാ ഇവിടെ ദ്രാവിഡഭാഷയിലാണ് ദൈവാരാധനക്രമങ്ങളും നടത്തിയതെന്നു അനുമാനിക്കാം.

ക്രിസ്ത്യാനികൾ അന്നു മേമ്പൊടിക്കുമാത്രം

ക്രിസ്തുവർഷം 325-ൽ കായേനി തൊമ്മൻ എന്ന വർത്തകപ്രമാണിയുടെ നേതൃത്വത്തിൽ വലിയൊരു സംഘം ക്രിസ്ത്യാനികളും കൂടിയേറക്കാരായി കൊടുങ്ങല്ലൂർ വന്നിറങ്ങിയതായി പറയുന്നുണ്ട്.

malankaralibrary.com

അവരുടെ കൂട്ടത്തിൽ എദേസായിലെ മാർ ജോസഫ് മെത്രാനും കുറെ വൈദികരുമുണ്ടായിരുന്നു. അന്നു കേരളത്തിലെ ആദിമക്രിസ്ത്യാനികൾ ഇടയനില്ലാത്ത ആടുകളെപോലെയായിരുന്നു. മാർ ജോസഫിന്റെയും, വൈദികരുടെയും ആധ്യാത്മിക നേതൃത്വം അവർ സഹർഷം സ്വീകരിച്ചു. അവർവഴിയാണു സുറിയാനിഭാഷയിലും രീതിയിലുമുള്ള ആരാധനക്രമം ഇവിടെ നടപ്പിലായതു. പിന്നീടു കേരളസഭ പേഷ്യൻസഭയുടെ ഭരണത്തിൻകീഴിലായി. നാലാംനൂറ്റാണ്ടിൽ പേർഷ്യ, ബാബിലോൺ എന്നീ രാജ്യങ്ങളിൽനിന്നു സുറിയാനി രീതിയിലുള്ള ദൈവാരാധനക്രമം അഭ്യസിച്ച വൈദികർ ഇവിടെ വന്നു ഭരണംനടത്താൻ ഇടവന്നതോടുകൂടി കേരളത്തിൽ സുറിയാനി രീതിയിലുള്ള ദൈവാരാധനക്രമം നടപ്പായെന്നു ഒരുവിഭാഗം ചരിത്രകാരൻമാർ പറയുന്നു.

പോർട്ടുഗീസുകാർ 16–ാം നൂറ്റാണ്ടിൽ കേരളത്തിൽ വന്നശേഷമാണു ലത്തീൻറീത്തു ഇവിടെ സ്ഥിരമായി സ്ഥാപിക്കപ്പെട്ടതു. അതിനുമുമ്പു ലത്തീൻറീത്തു കേരളത്തിൽ ആവിർഭവിച്ചതായി കാണുന്നുണ്ടു. കേരളസഭയെക്കുറിച്ചു ഇന്നുവരെ ലഭിച്ചിട്ടുള്ളതിൽ ഏറ്റവും പ്രാചീനമായ സാക്ഷ്യം ഗ്രീക്കുസന്യാസി കോസ്മാസു ഇൻഡിക്കൊപ്പുസ്റ്റസിനേതാണു. അദ്ദേഹം എ. ഡി. 520–നും 525–നും ഇടയിൽ കിഴക്കൻ നാടുകളിൽ നടത്തിയ യാത്രയെക്കുറിച്ചു ഒരു ഗ്രന്ഥം രചിച്ചു. 535–ലെ പ്രസ്തുത ഗ്രന്ഥത്തിൽ തെന്നിന്ത്യയിലെ ക്രൈസ്തവസമുദായത്തെക്കുറിച്ചു ഇപ്രകാരം പറയുന്നു: "സുവിശേഷം ലോകത്തിലെമ്പാടും പ്രഘോഷിക്കപ്പെട്ടിട്ടുണ്ടു. ഞാൻ സന്ദർശിച്ചിട്ടുള്ള അനവധി പ്രദേശങ്ങളിൽ കണ്ടതും കേട്ടതിലുംനിന്നു ഇതു തീർത്തും യാഥാർത്ഥ്യമാണെന്നു പ്രസ്താവിക്കുന്നു. വൈദികരും വിശ്വാസികളുടെ സമൂഹവുമുള്ള ക്രിസ്ത്യാനികളുടെ ഒരു സഭ വിശാലമായ ഇന്ത്യയിലെ ശ്രീലങ്കാതപ്രോബേനിൽ പോലും ഉണ്ടു. അതിനപ്പുറമുള്ള നാട്ടിൽ ക്രിസ്ത്യാനികളും ആരെങ്കിലും ഉണ്ടോ എന്നെനിക്കറിയില്ല. കുരുമുളകു വിളയുന്ന മാലെ (മലബാർ) എന്നറിയപ്പെടുന്ന നാട്ടിൽ ഒരു സഭയുണ്ടു. കൂടാതെ പേർഷ്യയിൽനിന്നുള്ള ഒരു മെത്രാനും കല്ല്യിയാന (കല്ല്യാൺ, ബോംബെ) എന്ന മറ്റൊരു നാട്ടിലുള്ള സഭയുമുണ്ടു"[1]. മധ്യകാലഘട്ടത്തിൽ യൂറോപ്പിലെ ക്രൈസ്തവസഭയും കേരളസഭയും തമ്മിൽ ബന്ധം ആരംഭിച്ചിരുന്നു.

മോന്തെ കൊർവിനൊയും ജൊർഡാനസു കറലാനിയും ലത്തീൻകാർ

പതിമൂന്നാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഇന്ത്യ സന്ദർശിച്ച മാർക്കൊ പോളൊയാണു മലബാറിലെ ക്രിസ്ത്യാനിസംഘങ്ങളെപ്പ

1. J. W. Crindle: Cosmas Indicopleutes: Christian Topography Book III. p. 118.

malankaralibrary.com

റെറി കൃത്യമായി യൂറോപ്പിൽ വിവരം എത്തിച്ചത്. ഇന്നസെൻറ് മൂന്നാമൻ മാർപാപ്പയുടെ പ്രതിനിധി മോൺതെ കൊർവിനൊ എന്ന ഡൊമിനിക്കൻ മിഷനറി 1281-ൽ ക്ഷിണേന്ത്യ സന്ദർശിച്ച് തിരിച്ചു പോയെന്നും തുടർന്ന് അദ്ദേഹത്തിന്റെ അഭ്യർത്ഥനപ്രകാരം ഏതാനും വൈദികരും സഞ്ചാരികളും മലബാറിൽ എത്തിയിരുന്നുവെന്നുമാണ് രേഖകൾ വ്യക്തമാക്കുന്നത് [2]. കൊർവിനൊയുടെ നിർദ്ദേശപ്രകാരം ജൊർഡാനസ് കറെലാനി സെവറക്ക് എന്ന മിഷനറി കൊല്ലത്തു് എത്തി (1320). അദ്ദേഹത്തിന്റെ അഭ്യർത്ഥന സ്വീകരിച്ച് മലബാറിലേക്കു കൂടുതൽ ഫ്രാൻസിസ്കൻ മിഷനറിമാർ വന്നുപതുതു. പേർഷ്യൻ, സിറിയൻ ഭാഷകളിൽ ആരാധന നടത്തിയിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളിൽനിന്നും വ്യത്യസ്തമായി ലത്തീൻരീതിയിലായിരുന്ന കറെലാനിയുടെ ആരാധനക്രമം. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഉദ്ഘാടനംചെയ്ത ജ്ഞാനസ്നാനദാനം ഇന്നത്തെ ലത്തീൻ കത്തോലിക്കസമുദായത്തിനു ആരംഭമിട്ടു. അന്നു് ലത്തീൻ ആരാധനക്രമങ്ങളം സ്വീകരിച്ചവരിൽ ഭൂരിഭാഗം നസ്രാണി മാപ്പിളമാർ ആയിരുന്നു [3].

ഒന്നാമത്തെ ലത്തീൻമെത്രാനെ കല്ലെറിഞ്ഞുകൊന്നു

ഈ സമൂഹത്തിന്റെ വളർച്ചയെ തുടർന്നു് 1330-ൽ കറെലാനിയെ ജോൺ ഇരുപത്തിരണ്ടാമൻ മാർപാപ്പ കേരളത്തിലെ ആദ്യത്തെ ലത്തീൻമെത്രാനായി വാഴിച്ചു. കറെലാനി മെത്രാനെ മുസ്ലീം ആക്രമണക്കാർ 1336-ൽ കല്ലെറിഞ്ഞു കൊന്നുവെന്നു് ചരിത്രരേഖകൾ സാക്ഷ്യപ്പെടുത്തുന്നു [4].

ജോൺ മരിഞ്ഞോളിക്കുശേഷം ചരിത്രത്തിൽ വിടവു്

കറെലാനിയുടെ ദാരുണമായ അന്ത്യത്തിനുശേഷം ലത്തീൻരീത്തു സ്വീകരിച്ച കൊല്ലത്തെ മാത്തോമ്മാ ക്രിസ്ത്യാനികൾക്കു നേതൃത്വം ഇല്ലാതെ വന്നുവെന്നും ഇരുപതുസംവൽസരങ്ങൾക്കുശേഷം ചൈനയിൽനിന്നും യൂറോപ്പിലേക്കുള്ള യാത്രയിൽ മാർപാപ്പയുടെ പ്രതിനിധിയായ ജോൺ മരിഞ്ഞോളി എന്ന വിദേശമിഷനറി ഒന്നര കൊല്ലത്തോളം കൊല്ലത്തു് താമസിച്ചുവെന്നും കറെലാനി പണിതീർത്ത സെൻറ് ജോർജ് ദേവാലയത്തിൽ അദ്ദേഹം മതാനുഷ്ഠാനങ്ങൾ നടത്തിയെന്നും, അദ്ദേഹം യാത്രതിരിച്ചശേഷം സെൻറ് ജോർജ് ദേവാ

2. Brown L. V: Indian Christians of St. Thomas. p. 84.
3. L M. Pylee: St. Thomas Christians and Archdiocese of Verapoly pp. 112-113.
4. Moraes George: History of Christianity in India from Early Times p. 44.

malankaralibrary.com

ലയം നാമാവശേഷമായി പോയെന്നതാണ് ചരിത്രം [5]. പുരാതന ചരിത്രത്തിൽ കാണുന്ന ഈ ആദിമ ലത്തീൻകാരുടെ സ്ഥിതി അനന്തരശതാബ്ദത്തിൽ എന്തായിത്തീർന്നുവെന്നതിനെക്കുറിച്ച് നമുക്ക് ശരിയായ വിവരം ലഭിച്ചിട്ടില്ല. പോർട്ടുഗീസുകാർ കേരളത്തിൽ സ്ഥാപിച്ച ലത്തീൻറീത്തു് കേരള കത്തോലിക്കരുടെ സംഖ്യയിൽ ഏതാണ്ടു പകുതിയോളം ഉൾപ്പെട്ടുത്തിക്കൊണ്ടു് ഇന്നു പരിശോധിക്കുമ്പോൾ കൊല്ലത്താണു് അതിന്റെ ആദ്യ ആസ്ഥാനമെന്നു് പറയേണ്ടിയിരിക്കുന്നു. കർമ്മധീരരായ പോർട്ടുഗീസുകാരോടൊപ്പം കേരളത്തിലെത്തിയ മിഷനറിമാർ പരമ്പരാഗതമായ അന്ധവിശ്വാസങ്ങളും തെറ്റായ ആചാരങ്ങളും വികലമായ സമുദായക്രമങ്ങളും നിമിത്തം കേരള ക്രൈസ്തവരുടെ സാമൂഹ്യാഭിവൃദ്ധി സ്തംഭിച്ചിരുന്ന കാലഘട്ടത്തിലാണു് പ്രേഷിതപ്രവർത്തനം തുടങ്ങിയതെന്ന വസ്തുത സ്മരിക്കേണ്ടതാണു് [6]. പോർട്ടുഗീസ് മിഷനറിമാർ 16-ാം നൂറ്റാണ്ടിൽ വിതച്ച നവീകരണത്തിന്റെ മുളകളാണു് 19-ാം നൂറ്റാണ്ടിൽ ഫലങ്ങളം പുറപ്പെടുവിച്ചതും ദേശീയ നവോത്ഥാനത്തിന്റെ ധാരയിൽ ശീതളഛായ പരത്തിയതും. അവരുടെ പ്രവർത്തനംമൂലം 16-ാം നൂറ്റാണ്ടിൽതന്നെ ക്രൈസ്തവമതനവീകരണം നടന്നിരുന്നു [7]. അവരാണു നെസ്തോറിയൻ പാഷണ്ഡതയിൽ നിപതിച്ചിരുന്ന കേരളസഭയെ കരകളഞ്ഞെടുത്തതു്.

ഇരുനൂറു വർഷങ്ങൾക്കുശേഷം പോർട്ടുഗീസുകാർ

മരിയോളി മെത്രാന്റെ പ്രേഷിതപ്രവർത്തനങ്ങളം കഴിഞ്ഞു് 200 വർഷങ്ങൾക്കുശേഷമാണു് പോർട്ടുഗീസുകാർ കേരളത്തിൽ കാലുകുത്തുന്നതു്. അവരുടെ ആഗമനം കേരളത്തിൽ ലത്തീൻറീത്തിന്റെ ശ്രേയസ്കരമായ പുരോഗതിയ്ക്കും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ ഉൽക്കർഷത്തിനും കാരണമായി, കേരളസഭയ്ക്കു് കൈവന്ന പ്രശസ്തിയുടെയും അഭ്യുന്നതിയുടെയും നിദാനവും അതുതന്നെ. കൊച്ചിയിലും കൊല്ലത്തും തിരുവിതാംകൂർ സമുദ്രതീരത്തും കണ്ണൂരും പോർട്ടുഗീസ് മിഷനറിമാരുടെ പ്രേഷിതപ്രവർത്തനങ്ങളുടെ ഫലമായി ഒട്ടനേകംപേർ ക്രൈസ്തവമതം സ്വീകരിച്ചു. അവരെല്ലാവരും ലത്തീൻരീതിയിലാണു് ജ്ഞാനസ്നാനപ്പെട്ടതു്. "തീയ്യർ, നായർ, മുക്കുവർ ആദിയായവർ കണ്ണൂർ പ്രദേശങ്ങളിൽ ക്രിസ്ത്യാനികളാകു

---

5. പ്രൊ. ജോൺ ഓച്ചന്തുരുത്തു്: 'കേരളത്തിലെ ലത്തീൻ കത്തോലിക്കർ' മാതൃഭൂമി ആഴ്ചപ്പതിപ്പു്. 1980 ജനുവരി. പേജു് 8.

6. ഫാ. ജോർജ് വെളിപ്പറമ്പിൽ: വരാപ്പുഴ അതിരൂപത ശതാബ്ദി സ്മരണിക. കേരളത്തിലെ ലത്തീൻസഭ. പേജു് 91.

7. പ്രൊ. ജോൺ ഓച്ചന്തുരുത്തു്: ലത്തീൻ കത്തോലിക്കരും കേരളത്തിന്റെ നവോത്ഥാനവും. ഫാ. വെളിപ്പറമ്പിൽ: ഷഷ്ഠിപൂർത്തി സുവ്വനീർ. പേജു് 33.

malankaralibrary.com

ന്നുണ്ട്'' എന്നു് കണ്ണൂർ രാജാവു് 1507-ൽ പോർട്ടുഗീസു് രാജാവി നെഴുതിയ എഴുത്തിൽ വിവരിക്കുന്നു. നായന്മാരും ക്രിസ്ത്യാനികളാ കുന്നു എന്നു് ലൊറെൻസൊ മൊരൊനായ എഴുതിയ (1510) കത്തിൽ സൂചിപ്പിക്കുന്നു. കൊച്ചിയിലെ ഒരു അരയനും കുടുംബവും ആയിരം അനുചരന്മാരും ക്രിസ്ത്യാനികളായി എന്നും (1510) രേഖയുണ്ടു്. കൊച്ചിയ്ക്കു ചുറ്റുമായി ഏതാണ്ടു് 6,000 പേരെ ജ്ഞാനസ്നാനപ്പെടുത്തിയെന്നു് 1514-ലെ ഒരു കത്തു സൂചിപ്പിക്കുന്നു. കൊച്ചിയിൽ ധാരാളം മതപരിവർത്തനം നടന്നുവെന്നും ഇന്ത്യയിൽ കൂടുതൽ സാധ്യത ഉണ്ടെന്നും കൊച്ചി പള്ളിവികാരി ഫാ. സെബാസ്റ്റ്യൻ പേരസ്(1518) പോർട്ടുഗീസു് രാജാവിനെ അറിയിച്ചതായി രേഖയുണ്ടു്. ഇവരിൽ കൂടുതൽ ഈഴവരിൽനിന്നുള്ളവരായിരുന്നുവത്രെ [8].

കടലോരസഹോദരങ്ങളുടെ രക്ഷകർ

വി. ഫ്രാൻസിസ് സേവ്യറിന്റെ സ്തുത്യർഹമായ പ്രേഷിതപ്രവർത്തനങ്ങളുടെ ഫലമായി കേരളത്തിന്റെ കടൽതീരത്തുള്ള പതിനായിരക്കണക്കിനു മുക്കുവസഹോദരന്മാർ ക്രിസ്ത്യാനികളായി. ക്രിസ്തുമതം സ്വീകരിച്ച ക്രൈസ്തവമുക്കുവരെയും പരവരെയും മതതത്ത്വങ്ങളും പഠിപ്പിക്കുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായി. അങ്ങനെ കേരളത്തിലെ ലത്തീൻ ക്രൈസ്തവസഭയെ വി. ഫ്രാൻസിസ് സേവ്യർ സജീവമാക്കി. ഈ സമൂഹം വളർന്നു് കാലക്രമത്തിൽ ശ്രുതികളായി ഇന്നത്തെ നില കൈവന്നു. ദുരിതങ്ങളനുഭവിച്ചു് മുസ്ലീമുകളെ ഭയന്നു കഴിഞ്ഞിരുന്ന കടൽതീരത്തെ സഹോദരങ്ങളെ കൈകൊട്ടുത്തുയർത്തുവാൻ പോർട്ടുഗീസു മിഷനറിമാരായ ഡൊമിനിക്കനും, ഫ്രാൻസിസ്കനും ഇടവക വൈദികരും ചെയ്ത സ്തുത്യർഹമായ സേവനം ഭാരത ക്രൈസ്തവസഭ എന്നും നന്ദിയോടെ സ്മരിക്കേണ്ടതാണു് [9].

കൊച്ചിരൂപത ദുർബലവിഭാഗരക്ഷക്കുവേണ്ടി

1557-ലെ കൊച്ചിരൂപതാസ്ഥാപനം ഇവിടത്തെ ലത്തീൻ കത്തോലിക്കസഭയുടെ വളർച്ചയ്ക്കു വളരെയധികം സഹായകമായി. ഫ്രാൻസിസ് സേവ്യറിനോടൊപ്പം പ്രവർത്തിച്ച ഈശോസഭാമിഷനറിമാർ ക്രൈസ്തവരെ ക്രിസ്തുമതത്തിൽ ചേർത്തുകൊണ്ടിരുന്നു. 1560-ൽ കൊച്ചിരാജാവും മറ്റു് ഇടപ്രഭുക്കന്മാരും മാനസാന്തരത്തിനുള്ള വിലക്കുനീക്കി. അതോടുകൂടി ഈശോസഭാമിഷനറിമാർ പ്രവർത്തനം ത്വരിതപ്പെടുത്തി. കൊച്ചിയിൽ മാത്രമല്ല, കൊല്ലത്തും അതിനു തെക്കും തങ്ങളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. ''ബ്രാഹ്മണന്മാരിൽനിന്നും നായന്മാരിൽനിന്നും മാസംതോറും കുറഞ്ഞതു് നൂറുപേർ

8. ജി. പേടിയത്ത്: ലത്തീൻ കത്തോലിക്കസഭ 1980. പേജ് 42-43.
9. കേരളത്തിലെ ക്രൈസ്തവസഭ. ഉദ്ഭോതഗ്രന്ഥം. പേജ് 44.

malankaralibrary.com

വീതം ക്രിസ്ത്യാനികളായിക്കൊണ്ടിരുന്നു'' എന്നാണ് റിപ്പോർട്ട്. 1598-ൽ കൊച്ചിമെത്രാൻ ദോം ആൻഡ്രെ ദെ സാൻക്ത മരിയ കൊച്ചിരൂപതയെക്കുറിച്ച് തയ്യാറാക്കിയ റിപ്പോർട്ടുകൂടി സഭയുടെ വളർച്ചയിലേക്കു വെളിച്ചം വീശുന്നു.[10].

പതിനാറാംനൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ പോർട്ടുഗീസുകാർ കേരളത്തിൽ തങ്ങളുടെ ആധിപത്യം സ്ഥാപിച്ചപ്പോഴും പുരാതന വാണിജ്യകേന്ദ്രങ്ങളിൽ തദ്ദേശീയരായ മാർത്തോമ്മാക്രിസ്ത്യാനികളെ കണ്ടുമുട്ടി. കൊടുങ്ങല്ലൂർ മാത്രമല്ല കൊച്ചി, കൊല്ലം, കോഴിക്കോട്, അർത്തുങ്കൽ, ആലപ്പുഴ എന്നീ തീരപ്രദേശങ്ങളിൽ ധാരാളം മാർത്തോമ്മാക്രിസ്ത്യാനികളും അധിവസിച്ചിരുന്നു. അവരിൽ ഭൂരിഭാഗവും താമസിച്ചിരുന്നതു മധ്യകേരളത്തിലെ വ്യാപാരകേന്ദ്രങ്ങളിലും തുറമുഖപട്ടണങ്ങളിലും, പരിസരപ്രദേശങ്ങളിലുമായിരുന്നല്ലോ. പോർട്ടുഗീസ് മിഷനറിമാർ ക്രിസ്തീയ അരുപിയോ, വിശ്വാസചൈതന്യമോ ഇല്ലാതിരുന്ന അന്നത്തെ മാർത്തോമ്മാക്രിസ്ത്യാനികളെ ലത്തീൻറീത്തിൽ ചേർത്തു റോമിനു കീഴിലാക്കുന്നതു ഉചിതമായിരിക്കുമെന്നു കരുതി.

ശീശ്മകളകറ്റാൻ ലത്തീൻറീത്ത് പ്രചാരണം

1498-ൽ വാസ്കോഡിഗാമയുടെയും, 1500-ൽ കബ്രാളിന്റെയും നേതൃത്വത്തിൽ കോഴിക്കോട്ടുവന്ന പോർട്ടുഗീസുകാരുടെ കൂട്ടത്തിൽ മിഷനറിമാരും ഉണ്ടായിരുന്നു. പിന്നീട് പല സന്ദർഭങ്ങളിലായി വന്ന മിഷനറിമാർ കേരളത്തിന്റെ നാനാഭാഗങ്ങളിൽ ക്രൈസ്തവ മതപ്രചാരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ഇവിടത്തെ കേരള ക്രിസ്ത്യാനികളുടെ മതാദ്ധ്യക്ഷനായിരുന്ന മാർ യാക്കോബിന്റെ നേതൃത്വത്തിലും സഹായത്തിലും അന്നുണ്ടായിരുന്നവരിൽ ഒരു പ്രമുഖഗണം മാർത്തോമ്മാക്രിസ്ത്യാനികളും ലത്തീൻറീത്ത് സ്വീകരിച്ചു. ഫ്രാൻസിസ്കൻ മിഷനറിമാർ കേരളക്രൈസ്തവരെ ലത്തീൻറീത്തിൽ ചേർക്കുന്നതിനു അവലംബിച്ച മാർഗം മാർത്തോമ്മാക്രിസ്ത്യാനികളിൽനിന്നും വൈദികവിദ്യാർത്ഥികളെ ലത്തീൻറീത്തിലുള്ള സെമിനാരികളിൽ ചേർത്തു ലത്തീൻറീത്തിൽ പട്ടംകൊടുത്തു അവരെ ലത്തീൻറീത്തുകാരാക്കുക എന്നതായിരുന്നല്ലോ. ഈ വൈദികർവഴി മറ്റു പുരാതന ക്രൈസ്തവരെയും ലത്തീൻറീത്തിലേക്കു പരിവർത്തനം ചെയ്യിക്കുക എളുപ്പമാകുമെന്നു കരുതി. ഇതിനു അവരുടെ മെത്രാൻ മാർ യാക്കോബിന്റെ കലവറയില്ലാത്ത സഹായസഹകരണങ്ങളും മിഷനറിമാർക്കു ലഭിച്ചിരുന്നു.

---

10. Ferroli S. J.: Jesuits in Malabar, 1939. pp. 156, 315, 375.

malankaralibrary.com

ലത്തീൻ സമുദായപൈതൃകം

മാർ ജയിക്കബ് തന്റെ അവസാനകാലത്തെ ഏഴുസംവത്സരം (1541–1548) കൊച്ചിയിലെ ഫ്രാൻസിസ്ക്കൻ ആശ്രമത്തിൽ താമസിച്ചിരുന്നപ്പോഴും ആശ്രമവാസികളോടൊപ്പം ലത്തീൻറീത്തിൽ ആയിരിക്കണമല്ലൊ ദിവ്യബലി അർപ്പിച്ചിരുന്നതു്. അങ്ങനെ മാർ തോമ്മാക്രിസ്ത്യാനികളുടെ കേന്ദ്രങ്ങളായ കൊടുങ്ങല്ലൂർ, കൊല്ലം, കോഴിക്കോട്, കൊച്ചി എന്നിവിടങ്ങളിലും പൂർണ്ണമായി മതപരിവർത്തനം നടന്ന 16–ാം നൂറ്റാണ്ടിൽ വ്യാപകവും ഫലപ്രദവുമായ തോതിൽ പ്രേഷിതസേവനം നടത്തിയതു് പ്രേഷിതവര്യൻ വി. ഫ്രാൻസിസ് സേവ്യറാണു്. 1542 മുതൽ വിശുദ്ധൻ തെക്കൻ തിരുവിതാംകൂറിലും കോട്ടാർ തുടങ്ങിയ തമിഴ്പ്രദേശങ്ങളിലും മിഷൻ പ്രവർത്തനങ്ങൾ നടത്തുകയും ഒട്ടുവളരെ മുക്കുവരെയും മറ്റു താഴ്ന്ന ജാതിയിൽപെട്ടവരെയും ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു. അവരെല്ലാവരും ലത്തീൻ ക്രൈസ്തവസഭയോടു് ചേർന്നു. കേരളത്തിലെ ലത്തീൻ കത്തോലിക്കർ മാത്രമല്ല പോർട്ടുഗീസ് നാവികർക്കും ഭടൻമാർക്കും നാട്ടുകാരായ സ്ത്രീകളിൽനിന്നു ജനിച്ച സന്തതികളും ലത്തീൻ സമൂഹത്തിൽ ഉൾപ്പെട്ടു. സമ്പത്തീരത്തു് സാമൂഹികമായി പല തട്ടുകളിൽ കഴിയുന്നവർ. യൂറോപ്യൻമാരെപോലെ ജീവിച്ചിരുന്ന മെസ്റ്റിസസ്സു്, തൊപ്പാസീസ്, മുക്കുവർ തുടങ്ങിയവരും ഹിന്ദുക്കളിൽനിന്നും മറ്റു പിന്നോക്ക സമുദായങ്ങളിൽനിന്നും മാനസാന്തരപ്പെട്ടവരും ലത്തീൻ സമുദായത്തിനു രൂപംനൽകി. ഇവരാണു് കേരളതീരപ്രദേശത്തുള്ള ലത്തീൻ സമുദായത്തിന്റെ അടിത്തറ. ഇവരും മാർത്തോമ്മാക്രിസ്ത്യാനികളിൽനിന്നു ലത്തീൻറീതി സ്വീകരിച്ചവരുംകൂടി ഇന്നത്തെ പ്രബലവും, വ്യവസ്ഥാപിതവും, പുരോഗമനോന്മുഖവുമായ ലത്തീൻ സമുദായത്തിനു ജന്മം നല്കി. ലത്തീൻറീത്തു സ്വീകരിച്ചവരുടെ എണ്ണം ഗണ്യമായി വർധിച്ചപ്പോൾ1557–ൽ പോപ്പ 4–ാമൻ മാർപാപ്പ അവർക്കായി കൊച്ചിരൂപത സ്ഥാപിച്ചുകൊടുത്തു.

തോമാശ്ലീഹാ സ്വർണവാദിയോ?

ഒന്നാംശതകത്തിൽ വിശുദ്ധ തോമാശ്ലീഹായിൽനിന്നു ക്രൈസ്തവവിശ്വാസം സ്വീകരിച്ച തങ്ങൾ ബ്രാഹ്മണരുടെ പിൻതുടർച്ചാവകാശികളാണെന്നും ലത്തീൻ കത്തോലിക്കർക്കു് പാരമ്പര്യവും, പൈതൃകവുമില്ലെന്നും ശഠിക്കുന്ന ചില സുറിയാനി പണ്ഡിതൻമാരുണ്ടു്. ഇവർ ചരിത്രപരമായ രണ്ടു് അടിസ്ഥാനപ്രമാണങ്ങളെ നിരാകരിക്കുന്നുവെന്നു് ഖേദപൂർവ്വം പ്രസ്താവിക്കട്ടെ.

---

11. ബ്ര. ലിയോപ്പോൾഡ് ടി- ഒ. സി.ഡി: കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ പേജ് 6.

malankaralibrary.com

1. വിശുദ്ധ തോമാശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്നുവെന്നു് പറയപ്പെടുന്ന കാലഘട്ടത്തിൽ ബ്രാഹ്മണർ ആരുമില്ലായിരുന്നു. ഉണ്ടായിരുന്നെങ്കിൽതന്നെ ബ്രാഹ്മണർക്കായിമാത്രം തോമ്മാശ്ലീഹാ സുവിശേഷം സംവരണം ചെയ്തിരുന്നുവെന്നു് പറയുന്നതു ബാലിശമാണു്.

2. സർവജനാശ്ലേഷിതമായ ഒരു തത്വസംഹിത ഉന്നതകുലജാതരെ മാത്രമേ അംഗീകരിക്കുന്നുള്ളുവെന്നു് പറയുന്നതു് മൗഢ്യ ജല്പനമാണു്. മനുഷ്യമഹത്വം അംഗീകരിക്കാത്ത ജാതിവ്യവസ്ഥിതിയെ ക്രിസ്തുമതം പ്രോത്സാഹിപ്പിച്ചിരുന്നു എന്നല്ലേ ഇതിന്റെ അർത്ഥം. മനുഷ്യരെ പല തട്ടുകളായി കാണുന്നതു് ക്രൈസ്തവ വീക്ഷണമാണോ?

കൊച്ചി ലത്തീൻസമുദായകേന്ദ്രം

ലത്തീൻറീത്തു സ്വീകരിച്ച മാത്തോമ്മാക്രിസ്ത്യാനികളും മറ്റും പോർട്ടുഗീസുകാരുടെ ആചാരങ്ങളും സമ്പ്രദായങ്ങളും പെരുമാറ്റരീതികളും അവലംബിച്ചതു സ്വാഭാവികം. കൊച്ചി, കൊടുങ്ങല്ലൂർ, കണ്ണൂർ, കൊല്ലം, കോഴിക്കോടു് പ്രദേശങ്ങളിൽ ലത്തീൻ സമുദായത്തിലെ അനവധി വിശ്വാസികരും അധിവസിച്ചിരുന്നുവെങ്കിലും, കൊച്ചിയായിരുന്നു ലത്തീൻസമുദായകേന്ദ്രം. പോർട്ടുഗീസുകാരുമായുള്ള സമ്പർക്കംനിമിത്തം നാട്ടുകാരായ ലത്തീൻകാരും മാംസഭക്ഷകരായി. മദ്യം സേവിക്കുന്നതിൽ ഉത്സുകരായി. തലമുടി നീട്ടിവളർത്തി, കഴുത്തിൽ കുരിശുരൂപവും ജപമാലയും ധരിച്ചു. ജപമാല സ്വർണ്ണംകൊണ്ടോ, വെള്ളികൊണ്ടോ ഉള്ളതായിരുന്നു. അവിവാഹിതരും, വിധുരന്മാരും, വൃദ്ധന്മാരും, തീർത്ഥാടകരും തലമുടി മുറിക്കുമായിരുന്നു. 25 വയസ്സുവരെ ആൺകുട്ടികളെ ആയുധാഭ്യാസം പഠിപ്പിക്കുക പതിവാണു്. കല്യാണത്തിനു തലയിൽ വെള്ളിയും സ്വർണ്ണവുംകൊണ്ടുള്ള പൂക്കരം ധരിക്കുകയും ചുവന്നനിറത്തിലുള്ള പട്ടുകെട്ടുകയും ചെയ്യാറുണ്ടായിരുന്നു. അരപ്പട്ടയിൽ നല്ല മൂർച്ചയുള്ളതും നീളമുള്ള കൈപ്പിടിയോടുകൂടിയതുമായ ഒരു വാൾ മുൻവശത്തായി തിരുകിയിരിക്കും. കൈപ്പിടി സ്വർണ്ണംകൊണ്ടും വെള്ളികൊണ്ടും കൊത്തുപണികരം ചെയ്തതുമായിരിക്കും. സ്ത്രീകളുടെ ഉടുപ്പിലും നടപ്പിലും വളരെ അടക്കം ആചരിക്കപ്പെട്ടിരുന്നു. വെള്ളവിരിപ്പാവുകൊണ്ടു് തലമുതൽ കാൽവരെ മൂടിയിരിക്കും. സ്ത്രീകരം വിലതുകയിൽ സ്വർണ്ണമോ, വെള്ളിയോ കൊണ്ടുള്ള വളകരം ധരിക്കുമായിരുന്നു. അവർ കാലിൽ വെള്ളിയോ, പിച്ചളയോ കൊണ്ടുള്ള തളയിടും. ഈ മുറകരം ഓരോരോ കാരണങ്ങരം മൂലം ഇടക്കാലങ്ങളിൽ ഇല്ലാതായി.

കൊച്ചിരാജാവിനെ രക്ഷിച്ചതു് ക്രൈസ്തവർ

പോർട്ടുഗീസുകാർ കേരളത്തിൽ ആഗതരായപ്പോരം ഇവിടെ സമത്ഥരായ യോദ്ധാക്കളുള്ളതായി കണ്ടു. പോർട്ടുഗീസുകാർക്കു് മുസ്ലീമു

malankaralibrary.com

കളോടും മറ്റും യുദ്ധംചെയ്യേണ്ടതു് ആവശ്യമായിരുന്നതിനാൽ അവർ മാർത്തോമ്മാക്രിസ്ത്യാനികളിൽനിന്നു് യോഗ്യരായവരെ സൈന്യത്തിൽ ചേർത്തു. ക്രൈസ്തവയോദ്ധാക്കളുടെ ധൈര്യവും വീര്യവും പോർട്ടുഗീസുകാരെപോലും അത്ഭുതപ്പെടുത്തി. 1502-ൽ സാമൂതിരിയാൽ പരാജിതനായ കൊച്ചിരാജാവു്, കുടുംബസമേതം വൈപ്പിനിൽ അഭയംപ്രാപിച്ചപ്പോഴും എഴുനൂറുപേരടങ്ങിയ ലത്തീൻ സമുദായത്തിലെ ഭടന്മാരാണു് കൊച്ചിരാജാവിനു് സംരക്ഷണം നല്കിയതു്. 1503 ഒക്ടോബർ 2-ന അൽബുക്കർക്കിന്റെ കീഴിൽ ആറു പോർട്ടുഗീസു കപ്പലുകളും കൊച്ചിയിലെത്തി. പിന്നീടു് സാമൂതിരിയോടുള്ള യുദ്ധത്തിൽ ക്രൈസ്തവ ഭടന്മാർ വീരോടെ പോരാടി. അതുപോലെ രാജാവിനെ സ്വതന്ത്രനാക്കുവാൻ രാമൻതുരുത്തിലും, ചെറുവൈപ്പിലും പട്ടേക്കൊ സൈന്യാധിപന്റെ നേതൃത്വത്തിൽ യുദ്ധമുണ്ടായി. ക്രൈസ്തവർ പോർട്ടുഗീസുകാരോടൊത്തു യുദ്ധം ചെയ്തു. സാമൂതിരിയോടു പോർട്ടുഗീസുകാർ നടത്തിയ യുദ്ധത്തിൽ 3,000 തദ്ദേശവാസികളായ ക്രൈസ്തവർ പൊരുതി. സാമൂതിരി പരാജയപ്പെട്ട.1510-ൽ ഗോവയിൽ നടന്ന യുദ്ധത്തിൽ കേരള ക്രൈസ്തവയോദ്ധാക്കളും പങ്കെടുത്തു. 1514-ൽ ഓർമസിൽ യുദ്ധംചെയ്ത യോദ്ധാക്കളിൽ രണ്ടു് ക്രൈസ്തവ സൈന്യാധിപരുമുണ്ടായിരുന്നു. പോർട്ടുഗീസുകാർ ഇവരുടെ വീരോചിതവും മഹനീയവുമായ സേവനങ്ങളെ പരിഗണിച്ചു പലരെയും "കപ്പിത്താൻ (Captain), കൊമ്മൻദാന്തി (Commander), ആംപിരസു (Flag holder), അരശു (Revenue officer)" മുതലായ ഉദ്യോഗസ്ഥാനങ്ങളിൽ നിയമിച്ചു [12]. ഈദൃശ ഉദ്യോഗങ്ങളും ലത്തീൻറീത്തനുസരിച്ചു് കത്തോലിക്കർക്കു മാത്രമേ നൽകിയിരുന്നുള്ളൂ. ചില ഉദ്യോഗസ്ഥപ്രമുഖന്മാരുടെ പേരുകളും:

കപ്പിത്താൻമാർ

മാടമ്പള്ളി അവര (സൗദി), കളത്തിപറമ്പിൽ ജോസഫു് (പിഴല), കോന്നോത്തു മത്തായി (വെണ്ടുരുത്തി), മുന്നിറിയിൽ അവര (പെരുമാന്തുർ) (ഇദ്ദേഹത്തെ ശക്തൻതമ്പുരാൻ മട്ടിക്കുകയും വീടിരുന്നിടത്തു് കുളംകുത്തുകയും ചെയ്തു), കോന്നോത്തു മണി (പള്ളുരുത്തി), ശാസ്ത്രാംപുരക്കൽ അവര (കുമ്പളങ്ങി), ഊനാട്ടു വക്കി (അരൂർ), കാട്ടിത്തറ ബാപ്പു (അരൂർ), കാട്ടിത്തറ തൊമ്മൻ (മട്ടാഞ്ചേരി), ഇല്ലിവാടക്കൽ മാണി (സൗദി), തെരുപാറമ്മേൽ മാണി (എറണാകുളം), തെവീട്ടിൽ ഉതുപ്പു് (മാനാശ്ശേരി), ആംപ്പെരീസുമാർ: മനയിൽ ചാണ്ടി (വടുതല), കൊരട്ടിത്തറ മാണി (തുണ്ടത്തിൽകടവു്), പുത്തൻപുരയ്ക്കൽ ചാണ്ടി (പള്ളുരുത്തി), പുത്തൻപുരയ്ക്കൽ മിഖായേൽ (സൗദി), അരശു

12. C. Achutha Menon: Cochin State Manual. 1911. p. 40. Ethiopia Orientale Lendas De Indica. p. 90.

malankaralibrary.com

മാർ: കളത്തിപ്പറമ്പിൽ കിത്തോ (ചങ്ങനാശ്ശേരി), കാട്ടിശ്ശേരി വക്കി (മാനാശ്ശേരി)[13].

ഡച്ചുകാരുടെ പീഡനങ്ങൾ, ശക്തൻതമ്പുരാന്റെ മർദ്ദനം

പൂർവകാലംമുതൽക്കെ വലിയ ഔന്നത്യം നേടി പ്രശസ്തനിലയിൽ കഴിഞ്ഞുപോന്ന ഒരു വിഭാഗമാണ് ലത്തീൻസമുദായം. സാമ്പത്തികമായും, കലാപരമായും, സാസ്കാരികമായും അവർ വളരെ പുരോഗമിച്ചിരുന്നു. ഇന്നു് ആ സമുദായത്തിന്റെ സ്ഥിതി ആശാസ്യമാണോ? അവരുടെ അധ:പതനത്തിനും ശോചനീയസ്ഥിതിക്കും പല കാരണങ്ങളും ചൂണ്ടിക്കാണിക്കാനുണ്ട്. ഡച്ചുകാരുടെ ആക്രമണത്തോടെ, വൈദികഭരണത്തിനു നേരിട്ട വിഷമതകളും രാഷ്ട്രീയമായി അനുഭവപ്പെട്ട പീഡനങ്ങളും, മർദ്ദനങ്ങളുമാണ് മുഖ്യകാരണങ്ങൾ. പോർട്ടുഗീസുകാരുടെ അധ:പതനത്തോടെ ലത്തീൻസമുദായത്തിനു ലഭിച്ചിരുന്ന അവകാശങ്ങളും നിവൃത്തലാക്കി. സെമിനാരികളും, സന്ന്യാസാശ്രമങ്ങളും, മഠങ്ങളും പൂട്ടപ്പെട്ടതോടുകൂടി ലത്തീൻസമുദായത്തിനു സാമ്പത്തികമായും സംസ്കാരികമായും അധ:പതനം നേരിട്ടു. കൊച്ചി രാജ്യത്തിനുവേണ്ടി രക്തം ചിന്തിയിട്ടുള്ളവരും, അന്നുവരെ സ്വതന്ത്രരുമായിരുന്ന ലത്തീൻ കത്തോലിക്കർ ശക്തൻതമ്പുരാന്റെ നിർദ്ദയമായ മർദ്ദനത്തിനു പലപ്പോഴും ഇരയായിട്ടുണ്ട്.

അദ്ദേഹം അവരെ പല പ്രകാരത്തിൽ ഉപദ്രവിക്കുകയും അവരുടെ വസ്തുക്കൾ കയ്യേറുകയും ചിലരെ നാട്ടിൽനിന്നു ബഹിഷ്ക്കരിക്കുകയും ചെയ്തു. പല്ലൂരും കോതമംഗലം, ചങ്ങനാശേരി മുതലായ സ്ഥലങ്ങളിലേക്കു തമ്പുരാന്റെ മർദ്ദനംകാരണം പലായനം ചെയ്തു. കേരള ഹിസ്റ്റോറിഅസോസിയേഷൻ പ്രസിഡൻറ് പി. എസ്. വേലായുധൻ കേരളചരിത്രത്തിൽ ശക്തൻതമ്പുരാന്റെ മർദ്ദനമുറകളെക്കുറിച്ചു് ഇപ്രകാരം പ്രസ്താവിക്കുന്നു: "കത്തോലിക്കരോടു് വളരെ നിഷ്ഠുരമായിട്ടാണു് ശക്തൻതമ്പുരാൻ പെരുമാറിയതു്. ഡച്ചുകാരുടെ പരിരക്ഷയിൽ ഇരുന്ന ലത്തീൻ കത്തോലിക്കർ അദ്ദേഹത്തിന്റെ ക്രോധത്തിനിരയായി. പല ലത്തീൻ ക്രിസ്ത്യാനികളെയും ഭ്രഷ്ടരാക്കി, നാട്ടിൽനിന്നും പുറത്താക്കി. ബ്രിട്ടീഷുകാർക്കു് രാജ്യകാര്യങ്ങളെക്കുറിച്ചുള്ള അറിവുകൊടുത്തു എന്നുള്ള സംശയത്തിൻമേൽ ഇടപ്പള്ളി പള്ളിവികാരിയുടെ പിതാവിനെയും, ഏറണാകുളം പള്ളിവികാരിയെയും സഹോദരനെയും 1797 ഒക്ടോബർ മുതൽ ഒരു സംവൽസരക്കാലം തൃശിവപേരൂർ പുലിക്കുട്ടിൽ ചങ്ങലയിട്ടു പൂട്ടിയിട്ടിരുന്നു. 1799 ഓഗസ്റ്റ് 15 മുതൽ തൃപ്പൂണിത്തുറയ്ക്കു് കൊണ്ടുപോകുന്നുവെന്നുള്ള വ്യാജേന അവരെ പുറത്തിറക്കി, ഉടനെതന്നെ കൊന്നുകളഞ്ഞു

13. കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ ഉദ്ധൃതഗ്രന്ഥം. പേജ്. 20.

malankaralibrary.com

വെന്നും പറയപ്പെടുന്നു[14]. 1805-ൽ ശക്തൻതമ്പുരാൻ 15 കൊല്ലത്തെ ക്രൂരഭരണത്തിനുശേഷം തീപ്പെട്ടപ്പോഴേ ലത്തീൻകത്തോലിക്കർക്ക് മർദ്ദനഭീഷണി ഒഴിവായി[14].

നായർപടയുടെ വെട്ടിക്കൊല

1803 ഡിസംബർ 19-ന പാലിയത്തച്ചനും വേലുത്തമ്പിയുടെ സഹപ്രവർത്തകനായ പത്മനാഭപിള്ളയും നായർ പടയുംകൂടി ബ്രിട്ടീഷ് റസിഡന്റ് കേണൽ മെക്കോളെയെ അർദ്ധരാത്രി വളഞ്ഞു കൊലപ്പെടുത്താൻ വിഫലശ്രമം നടത്തി. 44 ദിവസങ്ങളോളം പാലിയത്തച്ചന്റെയും വേലുത്തമ്പിയുടെയും നായർപട, ബ്രിട്ടീഷുകാരെ സഹായിച്ചെന്ന പേരിൽ ലത്തീൻകത്തോലിക്കരിൽ പലരെയും വധിച്ചു. ഈ വെട്ടിക്കൊല നടന്നത് 1808 ഡിസംബർ 18 മുതൽ 1809 ജനുവരി 31 വരെയുള്ള 44 ദിവസങ്ങളിലാണ്. ലഹള അടിച്ചമർത്തുകയും പാലിയത്തച്ചനെ നാടുകടത്തുകയും ചെയ്തെങ്കിലും തിരുവിതാംകൂറിലും കൊച്ചിയിലുമുണ്ടായിരുന്ന ലത്തീൻകത്തോലിക്കർക്ക് ഈ ഇരുളടഞ്ഞ 44 ദിവസങ്ങളും അവരുടെ ചരിത്രത്തിൽ രക്തപങ്കിലമായിരുന്നു. ലത്തീൻക്രൈസ്തവർ അനുഭവിച്ച ഉരിതങ്ങളെ പരാമർശിച്ചുകൊണ്ട് 1812 സെപ്റ്റംബർ 11-ന മദ്രാസ് ഗവൺമെന്റ്സെക്രട്ടറിയുടച്ച ലേഖനത്തിൽ: "കമ്പനിയുടെ സംരക്ഷണയിൽ 20,000 മലബാർ ക്രിസ്ത്യാനികളും താമസിക്കുന്നുണ്ട്. ഇവരിൽ സിറിയൻ വംശജരായവരെ ലത്തീനിലേക്ക് പരിവർത്തനം ചെയ്തിച്ചു. കഴിഞ്ഞ 25 സംവത്സരക്കാലമായി അവർ അതിക്രൂരമായ മർദ്ദനങ്ങളും ഏറ്റുവരുന്നു. ഈ കഴിഞ്ഞ മൂന്നു, നാലു സംവത്സരങ്ങളിൽ (1808-1812) നിയമവിരുദ്ധമായി ക്രൂരമാർഗങ്ങളും ഉപയോഗിച്ച് അവരിൽനിന്നു കരംപിരിവു നടത്തി."

മാർത്താണ്ഡവർമ്മയുടെയും വേലുത്തമ്പിയുടെയും പീഡനങ്ങൾ

1854 സെപ്റ്റംബർ 22-ന ബ്രിട്ടീഷ് കൊച്ചിയിലെയും, കൊച്ചിസർക്കാരിലെയും നിവാസികളായ ചക്രുഡ ഷെട്ടി ഗിരിയും മറ്റു 115 പേരുംകൂടി മദ്രാസ് ഗവർണർ ഹാരിഫ് പ്രഭുവിനയച്ച ഹർജിയിൽ: "കൊച്ചിരാജാവായ രവിവർമ്മയുടെ കല്പനപ്രകാരമാണെന്നു പറയുന്ന ഈ കഴിഞ്ഞ ഒരു കൊല്ലത്തിനകം ക്രിസ്ത്യാനികളും കൊങ്കണികളുമായ 19 പേരെ ആമിനും ശിപായിമാരും കൂടി വെടിവച്ചു കൊല്ലുകയും 13 പേരെ മുറിവേൽപ്പിക്കുകയും ചെയ്തു. കൊച്ചികായലിൽ കുരുമുളകുമായി തിരുവിതാംകൂറിൽനിന്നു വന്നവരെയാണ് ഇപ്രകാരം ആക്രമിച്ചത്. ഇങ്ങനെ നൂറാണ്ടുകാലം അഗ്നിപരീക്ഷയിലൂടെ

14. കെ. എൽ. ബർനാർഡ്: ലത്തീൻസമുദായം കൊച്ചിസർക്കാരിൽ നിന്നനുഭവിച്ച ഉരിതങ്ങൾ. Kerala Latin Association Souvenir 1978, p. 105.

malankaralibrary.com

കടന്നുവന്നവരുടെ സന്താനങ്ങളാണ്. ഇന്നത്തെ ലത്തീൻ ക്രിസ്ത്യാനികളും. 1517-ലും 1574-ലും തിരുവിതാംകൂർ ക്രൈസ്തവർ ചെറുകരാജ്യത്തിലെ രാജഞ്ഞിയിൽ നിന്നു തിരുവിതാംകൂർ രാജാവിന്റെ സഹോദരിയോ, മാതാവോ ആയ ആറ്റിങ്ങൽ തമ്പുരാട്ടിയിൽനിന്നു മതപീഡനം അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. തിരുച്ചന്തുരുരിൽ മതപീഡനം ശക്തിപ്പെട്ടപ്പോഴും മൂന്നു ക്രൈസ്തവ ദേവാലയങ്ങളും അഗ്നിക്കിരയായി. ക്രൈസ്തവരും, വൈദികരും കന്യാകുമാരിയിലെ ഫിഷറികോസ്റ്റിലേക്കു പലായനം ചെയ്തു. 1759-ാമാണ്ടു തിരുവിതാംകൂർ ഭരണാധിപനായ വീരമാർത്താണ്ഡവർമ്മരാജാവിന്റെ കല്പനയനുസരിച്ചു തടവിലാക്കപ്പെട്ടകയും 18 മാസത്തെ ദുരിതങ്ങളും നിശ്ശബ്ദമായി സഹിക്കുകയും ചെയ്ത ധീരയോദ്ധാവായ ദേവസഹായം പിള്ളയെ അമ്പുളിപുരത്തിൽവച്ചു കന്തംകൊണ്ടു കുത്തിക്കൊന്നു''[15]. 1780-ൽ തിരുവിതാംകൂറിൽ ഉണ്ടായ മതമർദ്ദനം നിമിത്തം 2,000 ക്രിസ്ത്യാനികളും തങ്ങൾക്കുള്ളതെല്ലാം ഉപേക്ഷിച്ചു അയൽരാജ്യങ്ങളിൽ രക്ഷ പ്രാപിച്ചു. തിരുവിതാംകൂർ ദിവാനായിരുന്ന വേലുത്തമ്പിദളവയുടെ ക്രൂരമർദ്ദനത്തിനിരയായവരിൽ 8 വൈദികരും 800 ക്രൈസ്തവരും ഉൾപ്പെടുന്നു. കായലിലേയ്ക്കു് എറിയുക, അംഗവൈകല്യങ്ങളും ചെയ്തു് കഴുത്തിൽ കുരുക്കിട്ടു് കെട്ടിത്തൂക്കുക, ആനയുടെ കാലിൽ കെട്ടി ചവുട്ടിച്ചുകൊല്ലുക മുതലായ ക്രൂരകൃത്യങ്ങളും ചെയ്തിരുന്നു. ഈ മർദ്ദനങ്ങളും കൂടാതെ പുറമെ പ്രകൃതിക്ഷോഭങ്ങളും ഈ സമുദായത്തിന്റെ സാമ്പത്തിക സ്ഥിതിയേയും മറ്റും ഏറെക്കുറെ ബാധിച്ചിട്ടുണ്ട്.

പിന്നോക്കനില മുന്നോക്കക്കാരുടെ സൃഷ്ടി

അങ്ങനെ ശ്രേഷ്ഠിച്ച ലത്തീൻസമുദായം പിന്നോക്കസമുദായമായി കണക്കാക്കപ്പെടുന്നതിനിടയായി. സർക്കാർ പട്ടികകളിലും ലത്തീൻ സമുദായം അറിയപ്പെടുന്നതു് പിന്നോക്കവിഭാഗമായാണു്. ജാതിശ്രേണിയിലെ അധികാരി വർഗമായിട്ടല്ല. വർണചട്ടക്കൂടിനു പുറത്തുള്ള പിന്നോക്കജാതി. പിന്നോക്കക്കാക്കുള്ള അവകാശങ്ങളും പിടിച്ചുപറ്റാനുള്ള ശ്രമങ്ങളും നടത്തുകയും ചെയ്യുന്നു. ഉന്നതകുലരാകയാൽ (സവർണർ) നമ്പൂതിരി വർഗത്തിന്റെ ആഭിജാത്യവും പ്രൗഢിയും അവരിൽനിന്നു് ക്രൈസ്തവ വിശ്വാസം സ്വീകരിച്ചു തങ്ങൾക്കും അവകാശപ്പെട്ടതാണെന്നു് സ്ഥാപിച്ചെടുക്കാൻ പാടുപെടുന്നു. സമുദായ ചരിത്രത്തിലെ ഊരാക്കുടുക്കു്. ശബ്ദവും ശക്തിയും ഉണ്ടെങ്കിലും കേരളത്തിലെ ലത്തീൻ കത്തോലിക്കർ തങ്ങളുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിൽ പിന്നോക്കമാണു്.

---

15. പൗളിനൂസ് പാതിരി: പൗരസ്ത്യഭാരതത്തിലെ ക്രൈസ്തവസഭ, മർദ്ദനങ്ങളും. പേജ് 180-181.

malankaralibrary.com

അവശത അകറ്റാൻ ഒറ്റക്കെട്ടായി നീങ്ങണം

ലത്തീൻറീത്തിൽ പത്തുലക്ഷം ക്രൈസ്തവരുണ്ട്. ലത്തീൻ സമുദായ സ്ഥിതിവിവരക്കണക്കിൽ എഴുപതു ശതമാനം മത്സ്യത്തൊഴിലാളികളായ ഈ സമുദായാംഗങ്ങളും അമിതച്ചെലവു ചെയ്തു ജീവിക്കുന്നു എന്ന പരാതിയുണ്ട്. ഭദ്രമായ നാളെയെപ്പറ്റി ഈ അദ്ധ്വാനിക്കുന്ന സമുദായത്തിനു ബോധമുണ്ടാക്കാൻ സാമൂഹ്യപരിഷ്ക്കരണം വേണം. ഒന്നും നഷ്ടപ്പെടാനില്ലെന്ന ബോധത്തോടെ ഏറെക്കുറെ ഉപരിപ്ലവമായി സമുദായം ചിന്തിക്കുന്നു. രാഷ്ട്രപുരോഗതിയുടെ പൊതുധാരയിൽ തങ്ങളുണ്ടെന്നു ബോധം വേണം. അർഹമായ പിന്നോക്കപ്രാതിനിധ്യംപോലും നിഷേധിക്കപ്പെടുന്ന ദാരുണാനുഭവങ്ങളും ലത്തീൻ സമുദായാംഗങ്ങളെ കർമ്മോത്സുകരാക്കണം. അടിയുറച്ച ക്രൈസ്തവ സംസ്കാരപൈതൃകം വർജിക്കാൻ ഒരിക്കലും അനുവദിച്ചുകൂടാ. ഉയരാനും വളരാനും മാത്രമേ ആ സംസ്ക്കാരം മാർഗം കാണിക്കുന്നുള്ളു. ലത്തീൻസമുദായ ചരിത്രകാരനും പണ്ഡിതനുമായ ഇ. പി. ആൻറണി ലത്തീൻകത്തോലിക്ക സമുദായത്തിനു നല്കുന്ന ഉദ്ബോധനമാണിതു [16].

ലത്തീൻ സമുദായത്തിൻെറ നില പൊതുവേ പിന്നോക്കമാണെങ്കിലും രാഷ്ട്രീയ കലാ സാംസ്കാരിക രംഗങ്ങളിലും, വിദ്യാഭ്യാസം, സാമൂഹ്യസംഘടന തുടങ്ങിയ തുറകളിലും, സംസ്ഥാനാടിസ്ഥാനത്തിൽ ചില വ്യക്തികളും വളരെ ഉന്നതസ്ഥാനത്തെത്തിയിട്ടുണ്ട്. അഖിലേന്ത്യാടിസ്ഥാനത്തിൽ വാണിജ്യമണ്ഡലങ്ങളിൽ പ്രശസ്ത സ്ഥാനം കൈവന്നിട്ടുള്ള വ്യക്തികളും ഇന്നു ലത്തീൻ സമുദായത്തിലുണ്ടെന്നതു ചാരിതാർത്ഥ്യജനകമത്രെ.

സമുദായ വിഭാഗങ്ങൾ

ലത്തീൻറീത്തിലെ മൂന്നു വിഭാഗക്കാരാണു് എഴുന്നൂറ്റിക്കാർ, അഞ്ഞൂറ്റിക്കാർ, മുന്നൂറ്റിക്കാർ എന്നിവർ. ഇവയുടെ ഉത്ഭവത്തെക്കുറിച്ചു് പല വാദപ്രതിവാദങ്ങളും നടന്നിട്ടുണ്ട്. ഇതിനുകാരണം നാഗമയ്യ ''ട്രാവൻകൂർ സ്റ്റേറ്റ് മാനുവൽ'' ഗ്രന്ഥത്തിലും ബ്രിട്ടീഷ് റസിഡൻറ് ജി.ടി. മെക്കൻസി ''ക്രിസ്ത്യാനിറ്റി ഇൻ ട്രാവൻകൂർ'' പുസ്തകത്തിലും പരാമർശിച്ചിട്ടുള്ള ചില പ്രസ്താവനകളാണ്. പതിനെട്ടാം നൂറ്റാണ്ടിൽ തിരുവിതാംകൂറിൽ സുറിയാനി ക്രിസ്ത്യാനികളെക്കൂടാതെ ലത്തീൻറീത്തു സ്വീകരിച്ച ധാരാളം റോമൻ കത്തോലിക്കരുണ്ടായിരുന്നു. പോർട്ടുഗീസുകാർ ഇന്ത്യയിൽ വന്നശേഷം കഴിഞ്ഞ നാലുനൂറ്റാണ്ടുകളായി മതപരിവർത്തനം ചെയ്യപ്പെട്ടവരുടെ

16. ഇ. പി. ആൻറണി: സെൻറ് തോമസ് ശതാബ്ദി ജൂബിലി സ്മാരക ഗ്രന്ഥം. ''ലത്തീൻ കത്തോലിക്കർ'' പേജ് 30.

malankaralibrary.com

സന്താന പരമ്പരകളാണവർ. ഈ വിഭാഗക്കാർ ഒരിക്കലും സുറിയാനിനിരീത്ത് തങ്ങളുടെ ആരാധനക്രമങ്ങളിൽ ഉപയോഗിച്ചിരുന്നില്ല[17].

മെക്കൻസിയുടെ വിഭാഗീകരണഭാഷ്യം

മെക്കൻസിയുടെ ഗ്രന്ഥം ലത്തീൻസമുദായ വിഭാഗക്കാരായ അഞ്ഞൂറ്റിക്കാരുടെയും എഴുനൂറ്റിക്കാരുടെയും ശക്തമായ എതിർപ്പിനു കാരണമായി. നാഗമയ്യ തന്റെ "ട്രാവൻകൂർ സ്റ്റേറ്റ് മാന്വൽ" വാല്യം ഒന്നിൽ, ഈ ഗ്രന്ഥംമൂലം ഉളവായ പ്രതികരണത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്. "ക്രിസ്ത്യാനിറ്റി ഇൻ ട്രാവൻകൂർ" പോലുള്ള ഔദ്യോഗിക ഗ്രന്ഥത്തിൽ അഞ്ഞൂറ്റിക്കാരെയും എഴുനൂറ്റിക്കാരെയും കുറിച്ചു പ്രതിപാദിക്കുമ്പോൾ അഞ്ഞൂറ്റിക്കാർ എന്ന വാക്കിനു മുൻഗണനയും അമിതപ്രാധാന്യവും കൊടുത്തതു അപഹാസ്യമാണെന്നു എഴുനൂറ്റിക്കാർ പരാതിപ്പെട്ടു. എന്നാൽ അഞ്ഞൂറ്റിക്കാർ റസിഡൻറ് മെക്കൻസിക്കു പരുഷമായ രീതിയിൽ പ്രതിഷേധം എഴുതി അറിയിച്ചു. അതിൽ ഉന്നയിച്ചിരുന്ന പ്രധാന ആരോപണങ്ങളിൽ, മലബാറിലെ നാട്ടു ക്രിസ്ത്യാനികളിൽപ്പെട്ട എഴുനൂറ്റിക്കാർ സുറിയാനിനിരീത്തു സ്വീകരിച്ച മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പിൻതുടർച്ചക്കാരല്ല എന്നു വാദിക്കുന്നു. ഈ വാദത്തിലൂടെ "എഴുനൂറ്റിക്കാർ സാമൂഹികമായി തങ്ങൾക്കുള്ള ശ്രേഷ്ഠത ഉയർത്തിക്കാണിക്കുന്നതു അനുചിതമായിപ്പോയി. അതു ചരിത്രത്തിനു ഉതകാത്തതും അപ്രസക്തവുമാണു"[18]. കൊച്ചി, തിരുവിതാംകൂർ രാജ്യങ്ങളുടെ സമുദ്രതീരങ്ങളിൽ വസിച്ചു മത്സ്യബന്ധനത്തിൽ ഏർപ്പെടുന്ന രണ്ടു വിഭാഗക്കാരുടെ ഇടയിൽ ആശയക്കുഴപ്പം ഉണ്ടാക്കുക എന്നതാണു എഴുനൂറ്റിക്കാരുടെ ലക്ഷ്യം.

ഇരുകൂട്ടരും മീൻപിടുത്തക്കാർ

സമുദ്രതീര ക്രിസ്ത്യാനികളിൽപ്പെട്ട രണ്ടു വിഭാഗക്കാരും ഭാഗികമായി ജാതിവഴിയോ, തൊഴിൽപരമായോ മീൻപിടുത്തക്കാരായിരുന്നു. കൊല്ലംമുതൽ കൊടുങ്ങല്ലൂർവരെ നീണ്ടുകിടക്കുന്ന സമുദ്രതീരങ്ങളിൽ പോർട്ടുഗീസുകാരുടെ വരവിനു മുമ്പു ധാരാളം സുറിയാനി ക്രിസ്ത്യാനികളുണ്ടായിരുന്നുവെന്നതു പുരാതനക്രൈസ്തവസഭയിലെ ഭരണാധികാരികളും ഐകകണ്ഠ്യേന സമ്മതിച്ചിരിക്കുന്നു. അവരുടെ ലക്ഷ്യം എഴുനൂറ്റിക്കാർ പോർട്ടുഗീസുകാരാൽ മതപരിവർത്തനം ചെയ്യപ്പെട്ടവരാണെന്നും, തദ്വാരാ അവർക്കു സാമൂഹ്യമായുള്ള ഔ

17. G. T. Mackenzie: Christianity in Travancore 1901 p. I. V. Nagam Aiya: The Travancore State Manual p. 135.

18. M. Mundadan: History of Christianity in India Vol. 1 pp. 349-350.

malankaralibrary.com

ന്നത്യം സ്ഥിരീകരിക്കുകയാണെന്നും തോന്നിപ്പോകുന്നു [19]. അഞ്ഞൂറ്റിക്കാരെക്കുറിച്ചു മെക്കൻസിയുടെ പുസ്തകത്തിൽ പരാമർശിക്കപ്പെടുന്ന വസ്തുതകളെക്കുറിച്ചു ചർച്ചചെയ്തശേഷം, അനന്തകൃഷ്ണയ്യർ താഴെപ്പറയുന്ന നിഗമനത്തിലാണ് എത്തിച്ചേർന്നിരിക്കുന്നതു്. എല്ലാ ഭരണാധികാരികളുടെയും പൊതുജനങ്ങളുടെയും അഭിപ്രായം ലത്തീൻറീത്തിൽപ്പെട്ട കത്തോലിക്കർ, പോർട്ടുഗീസു മിഷനറിമാരാൽ മതപരിവർത്തനം ചെയ്യപ്പെട്ടവരുടെ പിൻഗാമികളാണെന്നും, എഴുന്നൂറ്റിക്കാർ എന്നറിയപ്പെടുന്നവർ അവകാശപ്പെടുന്നതു് തങ്ങൾ ലത്തീൻറീത്തു സ്വീകരിച്ച മാർത്തോമ്മാ ക്രിസ്ത്യാനികളുടെ വംശപരമ്പരയിൽപ്പെട്ടവരാകുന്നുവെന്നുമത്രെ. എന്നാൽ മുന്നൂറ്റിക്കാർ എന്നറിയപ്പെടുന്ന വിഭാഗത്തിലെ അംഗങ്ങൾ ഇപ്രകാരം അതിമനോഹരമായ അവകാശവാദവുമായി മുന്നോട്ടു വരാറില്ല [20]. മലബാർ കടൽത്തീരത്തു വസിക്കുന്ന ലത്തീൻ കത്തോലിക്കരെല്ലാംതന്നെ വി. ഫ്രാൻസിസ് സേവ്യറും മറ്റു പോർട്ടുഗീസുമിഷനറിമാരും ജ്ഞാനസ്നാനപ്പെടുത്തിയവരുടെ സന്താനപരമ്പരകളാണെന്ന വാദം അസംഗതമാണെന്നാണ് ചില ചരിത്രകാരന്മാരുടെ വാദം.

എഴുനൂറ്റിക്കാർ

1954-ൽ ലത്തീൻസമുദായത്തിലെ 50 പ്രമുഖർ ഒപ്പിട്ട മെമ്മോറാണ്ടം പന്ത്രണ്ടാം പീയൂസ് മാർപാപ്പയ്ക്കു സമർപ്പിച്ചു. അതിൽ എഴുന്നൂറ്റിക്കാർ എന്നു വിളിക്കപ്പെടുന്ന തങ്ങൾ ഒന്നാം ശതകത്തിന്റെ മധ്യകാലത്തു അപ്പസ്തോലനായ വി. തോമായാൽ ഹൈന്ദവരിൽ നിന്നു മതപരിവർത്തനം ചെയ്തു ജ്ഞാനസ്നാനം സ്വീകരിച്ച പുരാതന ക്രിസ്ത്യാനികളുടെ കുടുംബത്തിൽപെട്ടവരാണെന്നു് സമർത്ഥിക്കുന്നു. അതുപോലെ 1953-ൽ കുട്ടിനാഥം തിസ്സരാങ്ങ് കേരളത്തിൽ ആഗതനായ അവസരത്തിൽ, 1953 ഡിസംബർ 3-നു കൊച്ചി രൂപതയും സന്ദർശിച്ചു. അന്നു കുട്ടിനാളിനു നൽകിയ മംഗളപത്രത്തിൽ വി. ഫ്രാൻസിസ് സേവ്യർ കൊച്ചിയിൽ വന്നപ്പോഴും മാർത്തോമ്മാ ക്രിസ്ത്യാനികളിൽനിന്നു ലത്തീൻറീത്തു് സ്വീകരിച്ചവരുടെ ഒരു സമൂഹം കാണുകയുണ്ടായെന്നും, ഈ സമൂഹമാണ് കൊച്ചിരൂപതയുടെ രൂപബിന്ദുവെന്നും രേഖപ്പെടുത്തിയിരുന്നു [21].

എഴുന്നൂറ്റിക്കാർ എന്നു വിളിക്കപ്പെടുന്ന ലത്തീൻകത്തോലിക്കരുടെ ആവിർഭാവത്തെക്കുറിച്ചു് ചരിത്രകാരനായ ബ്രദർ ലെയൊപ്പോൾഡ് ടി. ഒ. സി. ഡി. 'കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനി

19. NagamAiya: Travancore State Manual Vol. II. p. 119.
20. Anantha Krishna Ayyar: Anthropology of The Syrian Christians (1926) p. 277.
21. Thomas Tharayil: Latin Christians of Kerala 1966. p. 24.

malankaralibrary.com

കരം' എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നതു് "19-ാം നൂറാണ്ടിൽ, 1818 മുതൽ 1832 വരെ ദീർഘിച്ച വാദപ്രതിവാദാവസരത്തിൽ ആവിർഭവിച്ച ഒരു സാങ്കേതിക നാമമാണു് എഴ്നൂറ്റാർക്കാർ" എന്നാണു്. പോർട്ടുഗീസുകാർ കേരളത്തിൽവന്ന ആരംഭകാലത്തു സാമൂതിരി കൊച്ചിയെ ആക്രമിച്ചപ്പോഴും കൊച്ചിരാജാവു് വൈപ്പിനിൽ അഭയംതേടി. തദവസരത്തിൽ ഏതാനും പോർട്ടുഗീസുകാരോടുകൂടി ലത്തീൻറീതിയിലേക്കു് പരിവർത്തനംചെയ്ത 700 പേർ രാജാവിനെ കാവൽനിന്നു. അവരും അവരുടെ സന്താനപരമ്പരകളുമാണു് എഴുന്നൂറ്റാർക്കാർ എന്നു വിളിക്കപ്പെട്ടവർ [22].

ജി. ടി. മെക്കെൻസിയുടെ അഭിപ്രായം മറ്റൊന്നാണു്. 1560-ൽ പോർട്ടുഗീസു ഗവർണരുടെ അഭ്യർത്ഥനയനുസരിച്ചു് കൊച്ചിരാജാവു് ഹിന്ദുക്കളെ മതപരിവർത്തനം ചെയ്യരുതെന്നുള്ള നിരോധനാജ്ഞ പിൻവലിച്ചു. ആ കാലഘട്ടത്തിൽ 700 ഹൈന്ദവർ ജ്ഞാനസ്നാനം സ്വീകരിച്ചു ലത്തീൻറീത്തിൽ ചേർന്നു. അവരും അവരുടെ വംശാവലിയുമാണു് എഴുന്നൂറ്റാർക്കാർ [23]. മറ്റൊരഭിപ്രായം, പോർട്ടുഗീസുകാരുടെ കാലത്തു ഫാ. മാന്വൽ ടെസ്തിനാൽ 700 ഹിന്ദുക്കളെ ഒരേ ദിവസം ജ്ഞാനസ്നാനപ്പെടുത്തിയത്രെ. അന്നു ജ്ഞാനസ്നാനം സ്വീകരിച്ചവർ ലത്തീൻ റീത്തിലാണു് ചേർന്നതു്. അവരും അവരുടെ സന്താനപരമ്പരകളുമാണു് പിന്നീടു് എഴുന്നൂറ്റാർക്കാർ എന്നുവിളിക്കപ്പെട്ടവന്നതു [24]. ഡോ. ഡേയ്സ്സ് [25]മറ്റൊരഭിപ്രായമാണുള്ളതു്. പണ്ടു് കൊച്ചിരാജാവിൽനിന്നു പോർട്ടുഗീസുകാർക്കു കൊച്ചിയിൽ കോട്ട പണിയാനുള്ള അനുമതി ലഭിച്ചു. കോട്ട കെട്ടിയതിനുശേഷം കാവൽക്കാരായി 700 ലത്തീൻകാരായ നസ്രാണി പടയാളികളെ നിയോഗിച്ചു. ഈ പടയാളികളെയും അവരുടെ താവഴിക്കാരെയും പിന്നീടു് എഴുന്നൂറ്റാർക്കാർ എന്നു വിളിച്ചുപോന്നു [25].

എഴുനൂറ്റാർക്കാരിൽ എല്ലാവിഭാഗക്കാരും

എഴുന്നൂറ്റാർക്കാർ, മാർത്തോമ്മാ ക്രിസ്ത്യാനികളിൽ നിന്നും അഞ്ചൂറ്റാർക്കാരിൽ നിന്നും വ്യത്യസ്ത കത്തോലിക്കാവിഭാഗമായി നിലകൊള്ളുന്ന ഒരു സമൂഹമാണു്. എല്ലാവിധ ജാതികളെയും വർഗക്കാരെയും ഈ എഴുന്നൂറ്റാർക്കാർ എന്ന വിഭാഗം ഉൾക്കൊള്ളുന്നു. ഉന്നതകുലജാതരായ ബ്രാഹ്മണർമുതൽ താഴ്ന്ന ജാതിയിൽപെട്ട ശൂദ്രർ വരെയുള്ളവരെ ജ്ഞാനസ്നാനം സ്വീകരിച്ചവരെ ഈ സമൂഹത്തിൽ ചേർക്കുന്നു. മോൺ. ഡവറിസ് പ്രൊപ്പഗാന്ത തിരുസംഘത്തിലെ പ്രീ

22. ബ്രദർ ലെയൊപ്പോൾഡ് ടി. ഒ. സി. ഡി. കേരളത്തിലെ ലത്തീൻക്രിസ്ത്യാനികൾ 1926. പേജ്. 216.

23. G. T. Mackenzie: op. cit. p. 160.

24. D' Souza Francisco: Oriente Conquistado 1790. Vol. I. p. 27.

25. Dr. Day: Land of Perumal p. 123.

malankaralibrary.com

ഫക്ററിനു അയച്ച കത്തിൽ ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്: ലത്തീൻ റീത്തിലെ എഴുനൂററിക്കാരിൽ എല്ലാവിധ ജാതികളെയും വർഗത്തിൽപ്പെട്ടവരെയും കാണാം. ഉൽകൃഷ്ടജാതരായ ബ്രാഹ്മണർ മുതൽ താഴ്ന്നജാതിയിൽപെട്ട ശൂദ്രർ വരെയുള്ളവർ (മുക്കുവർ ഒഴികെ) എല്ലാ ജാതിക്കാരും എഴുനൂററിക്കാർ എന്ന വിഭാഗത്തിൽപ്പെടുന്നു. മതപരിവർത്തനത്തിനുശേഷം ജാതിയുടെയും വർഗവിവേചനത്തിന്റെയും ഓർമ്മപോലും എഴുനൂററിക്കാരിലില്ല. അവർ ഒരേ കുടുംബത്തിലെ അംഗങ്ങളെപ്പോലെ വ്യാപരിക്കുന്നു. രാഷ്ട്രീയമായോ സാമുദായികമായോ ആധ്യാത്മികമായോ യാതൊരു വിവേചനവും വിഭാഗീയ ചിന്തയുമില്ലാതെ ഒരേ കുടുംബത്തിലെ അംഗങ്ങളെപ്പോലെ. വിദ്യാഭ്യാസം, കഴിവു്, ധനം, സംസ്ക്കാരം എന്നീ കാര്യങ്ങളിലേ വ്യത്യാസമുള്ളു[26].

എഴുനൂററിക്കാർ, മുണ്ടകാർ എന്നും മാർഗക്കാർ എന്നും വിളിക്കപ്പെടാറുണ്ടു്. ദോത്തിയോ, വെളുത്ത മുണ്ടോ ധരിച്ചു ആയുധാഭ്യാസം നടത്തുന്നതുകൊണ്ടാണു് അവരെ മുണ്ടകാർ എന്നു വിളിക്കുന്നതു്.

മാർഗക്കാർ എന്നു പറയുന്നതു് ക്രിസ്തുമതത്തിലേക്കു മതപരിവർത്തനം ചെയ്യപ്പെട്ടവരായതുകൊണ്ടാണു്. മാർഗമെന്നാൽ നിയമം എന്നാണർത്ഥം. നീതിയുടെ പ്രമാണം അനുഷ്ഠിക്കുന്നവരാണു് മാർഗക്കാർ എന്നതു ഡോ. ഡേ രേഖപ്പെടുത്തിയിരിക്കുന്നതു[27]. എഴുനൂററിക്കാരെ ലത്തീൻ മാപ്പിളമാരെന്നും പറയാറുണ്ടു്. മാപ്പിള എന്ന പദം ബഹുമാനമുള്ള പേരായി കണക്കാക്കപ്പെടുന്നു. ഈ നാട്ടിലെ കുലീനരായ ഹിന്ദുക്കളെയും, മുഹമ്മദീയരെയും യഹൂദരെയും മാർത്തോമ്മാ ക്രിസ്ത്യാനികളെയും മാപ്പിള ചേർത്തു വിളിക്കാറുണ്ടു[28].

അഞ്ഞൂററിക്കാർ

കൊടുങ്ങല്ലൂരിൽ ചാവക്കാട്ടിനു തെക്കു് അഞ്ഞൂർ (Anjur) എന്ന സ്ഥലത്തെ ചില മാർത്തോമ്മാ ക്രിസ്ത്യാനികൾ ലത്തീൻറീത്തു സ്വീകരിച്ചു. അവർ പിന്നീടു സമുദ്രതീരങ്ങളിൽ വസിച്ചു മത്സ്യബന്ധനത്തിൽ ഏർപ്പെട്ടു. അവരെയും അവരുടെ പിൻതുടർച്ചക്കാരെയുമാണു് അഞ്ഞൂററിക്കാർ എന്നു വിളിച്ചുപോന്നതു് എന്നാണു് ഒരഭിപ്രായം[29]. അഞ്ഞൂററിക്കാരുടെ ഉത്ഭവം 1583 മുതൽക്കാണു് എന്നതു ബിഷപ്പു് ഡോ. മൈക്കിൾ ആറാട്ടുകുളത്തിന്റെ നിഗമനം. മാർ അബൂന യാക്കോ

---

26. Bishop M. Arattukulam: Inter Rite and Intra Rite, Documenta Msgr. Xaviernus de S. Anna quoted.
27. Dr. Day: Land of Perumals. p. 17.
28. അന്തോണി പാദുവാ പാതിരി: ജാതിവിഷയം 1929. പേജ 27.
29. ചാപ്പ്മാൻ: സഭാചരിത്രം പേജ് 51.
ജാതി വിഷയം. ഉദ്ധൃതഗ്രന്ഥം പേജ് 7.

malankaralibrary.com

ബിന്റെ പ്രത്യേക അനുവാദത്തോടുകൂടി ഈശോസഭക്കാർ മുത്തേടത്തു വച്ച് 500 പരിത്യക്തരായ മാർത്തോമ്മാ ക്രിസ്ത്യാനികളെ ലത്തീൻറീത്തിലേക്ക പരിവർത്തനം നടത്തി. ഈ സമൂഹ ജ്ഞാനസ്നാനത്തെ തുടർന്ന പശ്ചിമ പള്ളരുത്തിയിലും, വൈപ്പിൻ കരയിലും (വടക്കെ പള്ളിപ്പുറം മുതൽ തെക്കോട്ടുള്ള കരയിൽ) കൊടുങ്ങല്ലൂരും ജ്ഞാനസ്നാനകർമ്മം തുടർന്നുപോന്നു. ഇപ്രകാരം മാർത്തോമ്മാ ക്രിസ്ത്യാനികളിൽനിന്നു മതപരിവർത്തനം ചെയ്ത ലത്തീൻറീത്തു സ്വീകരിച്ചവരെ അഞ്ഞൂറ്റിക്കാർ എന്നു വിളിച്ചുപോന്നു. എണ്ണത്തിൽ ഏറ്റവും കൂടിയ സംഖ്യ 500 ആയിരുന്നു. 1583-ൽ മുത്തേടത്തുവച്ചാണ് ഈ ലത്തിനീകരണപ്രക്രിയ ആരംഭിച്ചത്. 1597-ൽ മാർ യാക്കോബിന്റെ നിര്യാണത്തോടെ അഞ്ഞൂറ്റിക്കാർ ഒരു സമൂഹമായി രൂപാന്തരം പ്രാപിച്ചു.അവർ അങ്കമാലി (കൊടുങ്ങല്ലൂർ) അതിരൂപതയിലെ അംഗങ്ങളായി. 1610 വരെ കൊച്ചി, കൊടുങ്ങല്ലൂർ രൂപതകളുടെ അതിർത്തി നിർണ്ണയിക്കപ്പെട്ടതുവരെ നിലനിന്നു[30]. ഇവർ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നതുകൊണ്ട് മുക്കുവൻമാരെന്നും അറിയപ്പെട്ടിരുന്നു. 18-ാം നൂറ്റാണ്ടിലെ ചരിത്രകാരനായ ഫാ. ഡിസൊസാ, ആധുനിക ചരിത്രകാരനായ ഫാ. ഫെറോളി എന്നിവർ പ്രസ്താവിച്ചിരിക്കുന്നതു മാർത്തോമ്മാ ക്രിസ്ത്യാനികളും മലകളിലും കുന്നുകളിലും ഗ്രാമങ്ങളിലുമായിരുന്നില്ല, സമുദ്രതീരങ്ങളിലും അധിവസിച്ചിരുന്നു എന്നാണ്[31]. മാർത്തോമ്മാ ക്രിസ്ത്യാനികളും മറ്റു ജാതികളിൽപ്പെട്ട ഹിന്ദുക്കളോടും മുസ്ലീമുകളോടും ഇടപഴകിയാണ് ജീവിച്ചുപോന്നതു. തുറമുഖങ്ങളും ഉള്ള കൊച്ചി, കൊല്ലം മുതലായ സ്ഥലങ്ങളിൽ വസിച്ചിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പ്രധാന തൊഴിൽ കച്ചവടമായിരുന്നു. തുറമുഖങ്ങളും വിശാലമായ സ്ഥലങ്ങളിൽ, വിശിഷ്യ കൊച്ചിമുതൽ പുറക്കാട്ടുവരെ നീണ്ടുകിടക്കുന്ന സമുദ്രതീരങ്ങളിൽ വസിച്ചിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളും സ്വാഭാവികമായും മതസ്വാതന്ത്ര്യത്തിലേർപ്പെട്ടിരിക്കണം. ഈ മാർത്തോമ്മാ ക്രിസ്ത്യാനികളും ലത്തീൻറീത്തു സ്വീകരിച്ചപ്പോഴും മത്സ്യം പിടിക്കുന്നതൊഴിൽ തുടർന്നുപോന്നു. അവരാണ് മുക്കുവർ എന്ന് പിൽക്കാലത്തു അറിയപ്പെട്ടിരുന്നതു[32]. ഇവരെ എഴുന്നൂറ്റിക്കാരും മെസ്ത്രിക്കോസുകളും അന്നു വരാപ്പുഴ വികാരിയേറ്റു ഭരിച്ചിരുന്ന കർമ്മലീത്തമിഷനറിമാരെയും മറ്റു മിഷനറിമാരെയും തെറ്റിദ്ധരിപ്പിച്ച മുക്കുവർ താഴ്ന്ന വർഗത്തിൽപ്പെട്ടവരാണെന്നു മുദ്രകുത്തിയതിനാൽ സമുദായത്തിൽ ഒറ്റപ്പെട്ട സമൂഹമായി അവർ പരിഗണിക്കപ്പെട്ടു. വികാരി അപ്പസ്തോലിക്കമാർക്കും മറ്റും ഉണ്ടായ ഈ ധാരണ തന്നെയാണ് പ്രൊപ്പഗാന്ത തിരുസംഘത്തിനും അഞ്ഞൂറ്റിക്കാ

30. Dr. M. Arattukulam: A Study of Inter Rites And Intra Rite. 1990. pp. 46-47.

31. M. Mundadan: op. cit. p. 351. footnote No. 5.

malankaralibrary.com

രായ മുക്കുവൻമാരെക്കുറിച്ചു ലഭിച്ചത്[32]. ഇവരെ കാറ്റകോറ്റിഗൽ (Catacotigal) എന്നു വിളിച്ചുപോന്നു. കടൽത്തീരത്തു മൽസ്യം പിടിക്കുന്നവർ എന്നാണീപദത്തിനു അർത്ഥം. അഞ്ഞൂറ്റിക്കാർമാത്രം ഉൾക്കൊള്ളുന്ന ശ്രുതയാണ് ആലപ്പുഴ. പോർട്ടുഗീസുകാർ കൊച്ചി, കൊല്ലം മുതലായ നഗരങ്ങളിൽ വസിച്ചിരുന്ന കാലഘട്ടത്തിൽ അഞ്ഞൂറ്റിക്കാർ പല്ലക്കു ചുമക്കുക, പത്തേമാരി, വഞ്ചി മുതലായവ തുഴയുക മുതലായ ജോലികളിൽ വ്യാപൃതരായിരുന്നു. വളരെ വിരളമായേ കൃഷിപ്പണി നടത്തിയിരുന്നുള്ളൂ. എന്നാൽ ധനവാന്മാരായ അഞ്ഞൂറ്റിക്കാർ കൊപ്ര, എണ്ണ, തുണിത്തരങ്ങൾ എന്നിവയുടെ കച്ചവടക്കാരായിരുന്നു. കലാരംഗങ്ങളിലും ശില്പവിദ്യയിലും വിദഗ്ധ യന്ത്രപണികളിലും അവർക്കു വ്യൽപത്തിയുണ്ടായിരുന്നില്ല എന്നാണ് പൊതുവായ അഭിമതം[33].

മുന്നൂറ്റിക്കാർ

ഡോ. ജോസഫ് കരിയാറ്റിൽ 18-ാം നൂറ്റാണ്ടിലെ പോർട്ടുഗീസുകാരെപ്പറ്റി എഴുതിയ ഗ്രന്ഥത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട് : മലബാറിൽ മാർത്തോമ്മാക്രിസ്ത്യാനികളെ കൂടാതെ കൊച്ചിയിലും സമുദ്രതീരങ്ങളിലുമായി വസിക്കുന്ന മൂന്നു ക്രൈസ്തവ വിഭാഗമുണ്ട്. ആദ്യത്തെ കൂട്ടർ കുപ്പായക്കാർ അഥവാ മെസ്തിക്കോസ്, മുന്നൂറ്റിക്കാർ എന്നറിയപ്പെടുന്നു.

കുപ്പായക്കാർ

എന്നു പറയുന്നതു് യൂറോപ്യന്മാരെപ്പോലെ കോട്ടും, പാൻറ്സും ധരിച്ചു നടക്കുന്നതുകൊണ്ടാണു്.

മെസ്തിക്കോസ്

ഇതു പോർട്ടുഗീസ് വാക്കാണു്. പോർട്ടുഗീസുകാരായ നാവികർ, പട്ടാളക്കാർ, ഉദ്യോഗസ്ഥർ എന്നിവക്കു ഇന്ത്യൻ സ്ത്രീകളിൽനിന്നു ജനിക്കുന്ന സങ്കരവർഗക്കാരെ, പിതാവിന്റെ തൊഴിയനുസരിച്ചു "മെസ്തിക്കോസ്" എന്നു വിളിക്കുന്നു.

തൊപ്പാസികൾ

ഇതു തമിഴ പദമാണു്. രണ്ടു ഭാഷകൾ (മലയാളം, പോർട്ടുഗീസ്) സംസാരിക്കുന്നവർ എന്നാണർത്ഥം. ദ്വിഭാഷികളെയും തൊപ്പാസികൾ എന്നു പറയുന്നു. തൊപ്പി ധരിക്കുന്നവരായതുകൊണ്ടും തൊപ്പാസികൾ എന്നു വിളിക്കാറുണ്ടു്. മെസ്റ്റിസുകാരെ ഡച്ചുകാർ തൊപ്പാസിസ് എന്നു വിളിച്ചിരുന്നതു്.

---

32. Dr. Arattukulam: op. cit. p. 48.
33. Dr. Arattukulam: op. cit. p. 230.

malankaralibrary.com

പറങ്കികം

പോർട്ടുഗീസുകാർ എന്ന വിവക്ഷയിൽ മലയാളത്തിൽ സാധാരണ പറയപ്പെടാറുള്ള പേരു് പറങ്കികം എന്നാണു്. ''ഫുറൻകായ'' എന്ന സുറിയാനിശബ്ദത്തിന്റെ തൽഭവരൂപം. പോർട്ടുഗീസുകാർ ആദ്യം മലബാറിൽ വന്നപ്പോഴും അവരെ ''ഫറസ്കായെ'' എന്നാണു് വിളിച്ചിരുന്നതു്. പിന്നീടു ആ ശബ്ദം ലോപിച്ചു പറങ്കിയായി[34].

കാസ്ക്കർഗോസ്, കൊല്ലംകാർ

കൊല്ലത്തു വസിക്കുന്ന സർനെയിമുള്ള ലത്തീൻകാരെ സൂചിപ്പിക്കാനാണു് കാസ്ക്കർഗോസ് എന്ന പറയുന്നതു് എന്നു് ഡച്ചു് പ്രൊട്ടസ്റ്റൻറുകാരനായ വൈഷർ (Vischer) അഭിപ്രായപ്പെടുന്നു[35].

കൊക്കഫൊജക്കാർ

പറങ്കികളുടെ വീട്ടിൽ ജോലി ചെയ്യാൻ മുറുകെപ്പായവും ധരിച്ചു നടക്കുന്നവരാണു കൊക്കഫൊജക്കാർ (കൊച്ചിൻ സ്റ്റേറ്റു മാന്വൽ).

മലബാറിസ്

നാട്ടപട്ടാളത്തിൽ ചേർന്നു യുദ്ധപരിശീലനം നടത്തുന്ന മാത്തോമ്മാക്രിസ്ത്യാനികളെ ''മലബാറിസ്'' എന്നാണു പറയുന്നതെന്നു റെഡകോരഗ് പെരേര എന്ന ഗ്രന്ഥകാരൻ രേഖപ്പെടുത്തിയിട്ടുണ്ടു്.

ചട്ടക്കാർ

യൂറോപ്യന്മാരുടെ രീതിയിൽ ഉടുപ്പു ധരിച്ചു നടക്കുന്നവർ, ഇന്ത്യൻ സ്ത്രീകളിൽനിന്നു ഇംഗ്ലീഷുകാക്കു ജനിച്ചവർ എന്നെല്ലാമാണു് ഇതു കൊണ്ടു വിവക്ഷിക്കുന്നതു് (ശബ്ദതാരാവലി). തൊപ്പാസികളെയും ചട്ടക്കാർ എന്നു പറയാറുണ്ടു്.

കാസഡോസ്

ഇന്ത്യൻ സ്ത്രീകളെ വിവാഹം കഴിച്ചു ജീവിക്കുന്ന പോർട്ടുഗീസുകാർ.

യൂറേഷ്യക്കാർ

ഇന്ത്യയിൽ വസിച്ചിരുന്ന പോർട്ടുഗീസ്, ഡച്ചു് മുതലായ യൂറോപ്യൻമാരുടെ പിൻതുടച്ചക്കാരെയാണു് യൂറേഷ്യൻസ്[36] എന്നു വി

34. ഫാ. ബർണാർഡ് ടി. ഒ. സി. ഡി.: മാർത്തോമ്മാ ക്രിസ്ത്യാനികം Vol. II. p. 122.
35. Padmanaba Menon P. M.: History of Kerala. II. p. 40. M. Mundadan: op. cit. p. 354.
36. M. Mundadan: op. cit. p. 381.

malankaralibrary.com

പത്ത്

മാർത്തോമ്മ ക്രിസ്ത്യാനികൾ

സുറിയാനികത്തോലിക്കർ, ലത്തീൻകത്തോലിക്കർ, സീറോമലങ്കരക്കാർ, തെക്കുംഭാഗക്കാർ, യാക്കോബായക്കാർ, ഓത്തഡോക്സ്, മാർത്തോമ്മ, കാൽഡിയൻ (സുറായി), സി. എസ്. ഐ ഉൾപ്പെടെ പല പ്രോട്ടസ്റ്റന്റ് ഉൾവിഭാഗങ്ങളും ചേർന്നതാണ് ഭാരതസഭ. സ്ലീവാ കൈവന്ന ക്രിസ്തവനുവേത്തിന്റെ സ്രോതസ്സുകളും ലത്തീൻ, സീറോ മലബാർ, സീറോ മലങ്കര എന്നീ മൂന്നു സഭകളിലൂടെ ലഭിച്ചിട്ടുള്ളതാണ്. ഇവ മൂന്നിനെയും പരസ്പരം ആദരിക്കുവാനും വിവിധ രീതികളിൽ കൈവന്നിരിക്കുന്ന പ്രത്യേക അപ്പസ്തോലികപൈതൃകം കാത്തു സൂക്ഷിക്കാനും പരസ്പരം സഹായിക്കാനും പ്രേരിപ്പിക്കുകയാണു ഭാരതസഭയുടെ ഇന്നത്തെ ആവശ്യം.

വന്നില്ലെന്നതിനു തെളിവില്ല

ക്രിസ്തുവർഷം 52-ൽ ക്രിസ്തുവിന്റെ അപ്പസ്തോലന്മാരിൽ ഒരുവനായ തോമാശ്ലീഹാ കൊടുങ്ങല്ലൂരിൽ വന്നിറങ്ങിയെന്നും അദ്ദേഹത്തിന്റെ പ്രേഷിതപ്രവർത്തനങ്ങളുടെ ഫലമായി ക്രിസ്തുമാർഗത്തിൽ ചേർന്ന നമ്പൂതിരി-ബ്രാഹ്മണരുടെ പരമ്പരകളാണു തങ്ങളെന്നും മാർത്തോമ്മാക്രിസ്ത്യാനികൾ വിശ്വസിക്കുന്നു. ഈ വിശ്വാസത്തിനു പലതരത്തിലുള്ള വ്യാഖ്യാനങ്ങളുണ്ട്. ചരിത്രപരമായ തെളിവുകളെക്കാൾ പാരമ്പര്യത്തിനാണു പ്രാമുഖ്യം. ജി. എം. മൊറായിസ്, ഡോ. മത്യാസ് മുണ്ടാടൻ എന്നിവർ ചൂണ്ടിക്കാണിക്കുന്നതുപോലെ വി. തോമ്മാശ്ലീഹായുടെ കേരളസന്ദർശനം സംബന്ധിച്ച തെന്നിന്ത്യൻ പാരമ്പര്യം വിശ്വസനീയം. ക്രിസ്തുവർഷാരംഭത്തിൽ റോമയും പൗരസ്ത്യ ദേശങ്ങളും മലബാറും തമ്മിൽ വാണിജ്യബന്ധമുണ്ടായിരുന്നു. പാരമ്പര്യം ഘോഷിക്കുന്നതുപോലെ മാർത്തോമ്മ കേരളത്തിൽ വന്നുവെന്ന വിശ്വാസത്തിനെതിരായ ഒരു തെളിവും നിലനിൽക്കുന്നില്ല.

malankaralibrary.com

ക്രിസ്തുവർഷം ആറാം നൂറ്റാണ്ടിൽ "കൊടുങ്ങല്ലൂർ നാടായ മല ബാറിൽ" ക്രസ്ത്യാനികൾ ഉണ്ടായിരുന്നുവെന്ന പൊതുവെ ചരിത്ര കാരന്മാർ അംഗീകരിച്ചിട്ടുണ്ട്. ഒൻപതാംനൂറ്റാണ്ടിൽ കേരളത്തിൽ കാണുന്ന പേർഷ്യൻ കുരിശുകളും പാഹ്ലവി ലിഖിതങ്ങളും സിറിയായിൽനിന്നുള്ള ക്രൈസ്തവകുടിയേറ്റത്തിന്റെ തെളിവുകളാണ്. മലബാർ ക്രിസ്ത്യാനികളുടെ പ്രാചീനരേഖകളും മറ്റും, സവിസ്തരം പഠിച്ച് അനേകം പ്രബന്ധങ്ങൾ രചിച്ചിട്ടുള്ള ഡോ. എ. വി. ബ്രൗണലിന്റെ അഭിപ്രായത്തിൽ 13-ാം നൂറ്റാണ്ടുവരെ മനിക്കേയിസം, നെസ്തോറിയനിസം തുടങ്ങിയ പാഷണ്ഡതകൾ കേരളത്തിൽ ഉണ്ടായിരുന്നു[1]. അറബിസഞ്ചാരി അബു സെയ്ദ് 10-ാംനൂറ്റാണ്ടിൽ ഇന്ത്യയിലെ പശ്ചിമതീരത്ത് ക്രിസ്തീയ പാഷണ്ഡരെ കണ്ടെത്തിയതായി രേഖപ്പെടുത്തി[2]. ഡോ. ക്ലോഡിയസ് ബുക്കാനൻ കേരള ക്രൈസ്തവരിൽനിന്ന് ശേഖരിച്ച് ഇപ്പോൾ ഇംഗ്ലണ്ടിലെ കേംബ്രിഡ്ജ് സർവകലാശാലയിൽ സൂക്ഷിച്ചിരിക്കുന്ന നെസ്തോറിയൻ പ്രാർത്ഥനയുടെയും മറ്റും കൈയെഴുത്തുപ്രതികൾ പരിശോധിച്ച പ്രൊഫ. എഫ്. സി. ബർണിറ് പറയുന്നത് പാശ്ചാത്യരുടെ ആഗമനത്തിനു മുൻപുള്ള കേരള ക്രിസ്ത്യാനികൾ നെസ്തോറിയൻ വിശ്വാസികളായിരുന്നുവെന്നാണ്[3]. നെസ്തോറിയൻ നേതൃത്വമാണ് കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്കുണ്ടായിരുന്നതെന്ന നിഗമനത്തിലാണ് മൊറായിസും.

നാമമാത്ര ക്രൈസ്തവർ

പതിനഞ്ചാംശതകത്തിന്റെ അവസാനഘട്ടത്തിൽ പോർട്ടുഗീസുകാർ കേരളത്തിൽ കാലുകുത്തിയപ്പോൾ ഒരു ക്രൈസ്തവസമൂഹം മലബാറിൽ ഉണ്ടായിരുന്നുവെന്ന വസ്തുത അഭിമാനത്തോടുകൂടി സ്മരിക്കേണ്ടതാണ്. അവർ നാമമാത്ര ക്രൈസ്തവർ. കച്ചവടത്തിലും കൃഷിയിലും അതീവ തൽപരർ. സവർണജാതിയിൽപ്പെട്ട ഹിന്ദുക്കളെപ്പോലെ ചാതുർവർണ്യത്തിൽ വിശ്വസിക്കുന്നവരും സമൂഹത്തിൽ സ്ഥാനമുള്ളവരും. എങ്കിലും ക്രിസ്തീയ വിശ്വാസത്തിൽ അജ്ഞരും സന്മാർഗജീവിതത്തിൽ അധ:പതിച്ചവരുമായിരുന്നു[4].

താഴെക്കാണുന്ന ചരിത്ര പ്രസ്താവനകൾ അന്നത്തെ ക്രിസ്ത്യാനികളുടെ മതാത്മകസ്ഥിതി എന്തായിരുന്നുവെന്ന് പ്രകടമാക്കുന്നു. മലബാറിലെ ക്രിസ്ത്യാനികളുടെ ഇടയിലേക്ക് പൂർവകാലംമുതൽ അർമേ

---

1. ബ്രൗൺ 1874- പേജ് 308-316.
2. G. T. Mackenzie: Christianity in Travancore p. 150.
3. ബ്രൗൺ 1874 പേജ് 310.
4. Moraes G. M.: St. Francis Xavier Apostolic Nuncio 1542-1552. In Journal of the Bombay Vol. 27. page. 284.

malankaralibrary.com

നിയായിൽനിന്നു പാത്രിയർക്കീസ്, മെത്രാന്മാരെ അയച്ചുകൊണ്ടിരുന്നു. ഈ മെത്രാന്മാർ ദ്രവ്യാഗ്രഹികളായിരുന്നതിനാൽ തങ്ങളെ അയക്കപ്പെട്ടിരിക്കുന്നതു ദൈവമഹത്വത്തിനു എന്നതിനെക്കാൾ ധനസമ്പാദനത്തിനായി കരുതിപ്പോന്നു. [5]

അഞ്ചാംനൂറ്റാണ്ടു മുതൽ 1551 വരെ എട്ടാം സൈമൺ സുലേഖ പാത്രിയാക്കീസു ഭരണംനടത്തുമ്പോഴും റോമിനോടു ഐക്യപ്പെട്ടിരുന്നു. നെസ്തോറിയസിനെ അനുകൂലിക്കുന്ന പാത്രിയാർക്കീസുമാരാണു മലബാറിലേക്കു അയച്ചിരുന്നതു. മെത്രാന്മാരെ തിരഞ്ഞെടുക്കുകയും അഭിഷേചിക്കുകയും ചെയ്തിരുന്നതു ഇത്തരം പാത്രിയാക്കീസുമാരായിരുന്നെന്നു പ്രസിദ്ധഗ്രന്ഥകാരൻ മെക്കൻസി പ്രസ്താവിക്കുന്നു [6].

മുഹമ്മദീയരും ഹിന്ദുക്കളും എതിർത്തു

അറബികളായ മുഹമ്മദീയ കച്ചവടക്കാരുടെ പ്രാബല്യം ആ കാലസന്ധിയിൽ ശ്രുദ്ധമൂലമായി. കൊച്ചിരാജ്യത്തെക്കൂടി കീഴടക്കിയിരുന്ന സാമൂതിരി മുഹമ്മദീയരുടെ പക്ഷത്തു. പോർട്ടുഗീസുകാർ കച്ചവടത്തിനായിട്ടാണല്ലോ കോഴിക്കോട്ടു വന്നതു. സാമൂതിരിയുടെ അനുമതിയോടും സഹായത്തോടുംകൂടി കച്ചവടം നടത്താൻ അവർ ശ്രമിച്ചുവെങ്കിലും മുഹമ്മദീയരുടെ ഉടക്കുമൂലം വ്യാപാരത്തിനു പോകാൻ പ്രയാസങ്ങളം നേരിട്ടു. മുഹമ്മദീയർ അന്നു പ്രബലർ. പ്രബലരായ മുഹമ്മദീയരും അക്രമികളായ ഹിന്ദുക്കളും ആ കാലഘട്ടത്തിൽ ക്രിസ്ത്യാനികളോടു ശത്രുതയിലായി. "തങ്ങളം ഹിന്ദുക്കളുടെയും മുഹമ്മദീയരുടെയും മധ്യേ വസിക്കുന്നതിനാൽ അവർ തങ്ങളെ അത്യന്തം പീഡിപ്പിച്ചുവരുന്നുവെന്നും, ക്രിസ്തുമതത്തിന്റെ അവശിഷ്ടം നിശ്ശേഷം നശിച്ചുപോകാതിരിക്കാൻ ഈ അവിശ്വാസികളിൽനിന്നു തങ്ങളെ രക്ഷിക്കണമെ" എന്നും പൂർവക്രിസ്ത്യാനികം പോട്ടുഗീസു ക്യാപ്റ്റനോടു അഭ്യർത്ഥിച്ചിരുന്നല്ലോ.

മതപീഡനത്തിൽനിന്നു സംരക്ഷിക്കാൻ

ഈ സംഭവത്തെ വിശദമാക്കാൻ ചരിത്രകാരനായ ജി. ടി. മെക്കൻസിയുടെ സാക്ഷ്യം ഉദ്ധരിക്കാം: 'മറെറാരു പ്രതിനിധിസംഘം തങ്ങളം കൊടുങ്ങല്ലൂർ ഡിസ്ട്രിക്റ്റിൽ അധിവസിക്കുന്ന ക്രിസ്ത്യാനികളാണു" എന്നു പറഞ്ഞു ഗാമയെ സന്ദർശിച്ചു. അവർ ഇപ്രകാരം നിയോഗിച്ചയക്കപ്പെട്ടതിന്റെ ഉദ്ദേശം വിശുദ്ധ തോമാ അപ്പസ്തോലനിൽനിന്നും ജ്ഞാനസ്നാനമേറെ ക്രിസ്ത്യാനികളുടെ സന്തതികളാണ അവരെന്നും അവിടെ നിവസിച്ചിരുന്ന ചില അർമേന്യൻ

5. Prof. John K. J. : Christian Heritage of Kerala page 349.
6. Mackenzie: Christianity in Travancore p. 168-190.

malankaralibrary.com

മെത്രാന്മാരാൽ അവർ ഭരിക്കപ്പെടുകയും, ആ മെത്രാന്മാർമൂലം അർമേനിയായിലെ പാത്രിയർക്കീസിനു് കീഴ്പ്പെടുകയും ചെയ്തിട്ടുള്ളതാണെന്നും ഗാമയെ അറിയിച്ചു. അവർ അജ്ഞാനികളുടെയും മൂർവർഗക്കാരുടെയും ഇടയിലാണു്. ആ ജനങ്ങൾ അവരോടു് നിർദ്ദയമായി പ്രവർത്തിച്ചിരുന്നു. അതിനാൽ അവരെ പീഡിപ്പിച്ചുവരുന്ന അജ്ഞാനികളായ ജനങ്ങളിൽനിന്നു് അവരെ രക്ഷിച്ചു്, വി. തോമായാൽ അവിടെ സ്ഥാപിക്കപ്പെട്ടിട്ടുള്ള ക്രിസ്തുമതത്തിന്റെ അവശിഷ്ടങ്ങൾ നിശ്ശേഷം നശിച്ചുപോകാതിരിക്കാൻ തക്കവണ്ണം അവരെ സംരക്ഷിക്കണമെന്നു് അദ്ദേഹത്തോടു് അവർ അപേക്ഷിച്ചു. അവർ പോർട്ടുഗീസു രാജാവിനാൽ സംരക്ഷിക്കപ്പെടുന്നതിനു് ആഗ്രഹിക്കുകയും അവരുടെ കൈവശത്തിൽ സൂക്ഷിച്ചിരുന്ന അധികാരവടി കീഴ്വഴക്കത്തിന്റെ ചിഹ്നമായി അദ്ദേഹത്തിനു കൊടുക്കുകയും ചെയ്തു[7].

പോർട്ടുഗീസുകാരുടെ കേരളപ്രവേശത്തിന്റെ ആരംഭകാലത്തു് മാത്തോമ്മാക്രിസ്ത്യാനികളും പോർട്ടുഗീസുകാരും തമ്മിൽ സൗഹാർദ്ദത്തിലായിരുന്നു. പൂർവക്രിസ്ത്യാനികളും മറ്റു വർഗങ്ങളിൽനിന്നു് അനുഭവപ്പെടുന്ന ശല്യങ്ങളും മറ്റും കണക്കിലെടുത്താൽ അവർക്കു് പോർട്ടുഗീസുകാരെപ്പോലുള്ള ക്രൈസ്തവശക്തിയുടെ പിന്തുണ അത്യന്തം ആവശ്യവുമായിരുന്നു. വാണിജ്യപരവും സൈനികവും മറ്റുമായുള്ള ഉദ്യോഗസ്ഥനിലമൂലവും പോർട്ടുഗീസുകാരോടു സഹകരിക്കുന്നതു നന്നായിരിക്കുമെന്നു് അവർ കരുതിയതിൽ അസാംഗത്യമില്ലല്ലൊ.

മാർത്തോമ്മാക്രിസ്ത്യാനികൾ കൊച്ചിയിലേക്കു്

ആ കാലസന്ധിയിൽ ചില മാർത്തോമ്മാക്രിസ്ത്യാനികളും കൊച്ചിയിൽ വന്നു് താമസിച്ചു. അവർ പോർട്ടുഗീസുകാരോടു് അടുത്തിടപെട്ടു. അവരുമായി സഹകരിച്ചുപോന്നു. പോർട്ടുഗീസുകാർ സ്ഥാപിച്ച പള്ളികളിലെ ആരാധനക്രമങ്ങളിൽ അവർ സംബന്ധിച്ചിരുന്നതും സ്വാഭാവികമാണു്. ക്രിസ്ത്യാനികളും അവരുമായി സഹകരിക്കുകയും അവരെ സഹായിക്കുകയും ചെയ്തുവന്നു. മാർത്തോമ്മാക്രിസ്ത്യാനികളെ ലത്തീൻറീത്തിൽ ചേർത്തു് മതാത്മകബന്ധം ദൃഢപ്പെടുത്തേണ്ടതു് ഇരുകൂട്ടരുടെയും ഭാവിശ്രേയസിനു ആവശ്യമാണെന്നു് പോർട്ടുഗീസുകാർക്കു തോന്നി. അന്നത്തെ ക്രിസ്ത്യാനികളും വാസ്തവത്തിൽ നെസ്തോറിയന്മാരായിരുന്നതുകൊണ്ടോ, നെസ്തോറിയന്മാരാണെന്നു പോർട്ടുഗീസുകാർ തെറ്റിദ്ധരിച്ചതുകൊണ്ടോ എന്തുമാകട്ടെ, ഈ വസ്തുത പോർട്ടുഗീസുകാരുടെ ഉദ്ദേശ്യങ്ങളെ ബല

7. Dr. Mathews De Olivera Xavier, Bishop of Cochin: From "Some Elucidations". p. 903.

malankaralibrary.com

പ്പെടുത്തുന്നു [8]. ചരിത്രകാരനായ ഡോ. സേവ്യർ കൂടപ്പുഴ ഈ പോർട്ടുഗീസു ബന്ധത്തെക്കുറിച്ചു: [9] "മാത്തോമ്മാക്രിസ്ത്യാനികളുടെ സഭാപരമായ ഭരണച്ചുമതല വഹിച്ചിരുന്നതു പ്രധാനമായി ആർച്ചുഡീക്കനാണു. സെലൂഷ്യയിൽനിന്നു വന്ന മെത്രാന്മാരാണു പട്ടംകൊടുക്കുകയുടങ്ങിയ കാര്യങ്ങളും നിർവ്വഹിച്ചിരുന്നതു."

സുറിയാനി-ലത്തീൻ സഹകരണം

ആരംഭകാലത്തു മാർത്തോമ്മാക്രിസ്ത്യാനികളും പോർട്ടുഗീസുകാരും തമ്മിൽ സൗഹൃദബന്ധം പുലർത്തി. 1503 മുതൽ മാർത്തോമ്മാക്രിസ്ത്യാനികളുടെ മെത്രാനായിരുന്ന മാർ ജയിക്കബു ഫ്രാൻസിസ്കൻ സന്ന്യാസികളുടെ സ്നേഹിതനും വി. ഫ്രാൻസിസു സേവ്യറിന്റെ ഉത്തമ സുഹൃത്തുമായിരുന്നു. മാർത്തോമ്മാക്രിസ്ത്യാനികളുടെ മെത്രാന്മാർ താമസിച്ചിരുന്നതു കൊടുങ്ങല്ലൂരാണു. അവിടെ അവക്കു മൂന്നു പള്ളികളും പോർട്ടുഗീസുകാരുടെ ഒരു കോട്ടയുമുണ്ടായിരുന്നു. മാർ ജയിക്കബു കൊടുങ്ങല്ലൂരായിരുന്നപ്പോഴും പോർട്ടുഗീസുകാരുടെ കപ്പളാൻ (Chaplain) ആയിരുന്നുവെന്നും അവർക്കുവേണ്ടി ലത്തീനിൽ കുർബാന അർപ്പിക്കുകയും അവരുടെ കുമ്പസാരം കേൾക്കുകയും ചെയ്തിരുന്നുവെന്നും വി. ഫ്രാൻസിസു സേവ്യറിന്റെ എഴുത്തിൽ പ്രസ്താവിക്കുന്നു [10]. മാർ ജയിക്കബിനോടു സൗഹാർദ്ദത്തിലായിരുന്ന പോർട്ടുഗീസുകാർ, കുറെകഴിഞ്ഞപ്പോഴേക്കും നയം മാറ്റിത്തുടങ്ങി. മാർത്തോമ്മാക്രിസ്ത്യാനികളെ തങ്ങളുടെ അധികാരത്തിൻകീഴിൽ കൊണ്ടുവരുന്നതിനും സെലൂഷ്യസു പാത്രിയർക്കീസിന്റെ ഭാരതത്തിലുള്ള അധികാരം അവസാനിപ്പിക്കുന്നതിനും അവർ വിദഗ്ധ പോംവഴികളാസൂത്രണം ചെയ്തു. ആദ്യമായി ഗോവയിലും കൊച്ചിയിലും ലത്തീൻ റീത്തു ശ്രൂപതകളും സ്ഥാപിച്ചു. നാവികശക്തി വർധിപ്പിച്ചു. ലത്തീൻ മെത്രാൻമാരെ നിയമിച്ചു. ഫ്രാൻസിസ്കൻ സഭക്കാരുടെ സഹായത്തോടെ വൈദിക സെമിനാരികളും സ്ഥാപിച്ചു. പൗരസ്ത്യ ആരാധനക്രമങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും സ്ഥാനത്തു ലത്തീൻ റീത്തിലെ ആരാധനക്രമവും ആചാരങ്ങളും നടപ്പിലാക്കാനുള്ള സംഘടിതശ്രമങ്ങളും നടത്തി [11].

---

8. ബ്രദർ ലിയോപ്പോൾദ് ടി. ഒ. സി. ഡി. ഉദ്ധൃതഗ്രന്ഥം പേജ്. 32.
9. ഡോ. സേവ്യർ കൂടപ്പുഴ: തിരുസഭാചരിത്രം. ഉദ്ധൃതഗ്രന്ഥം, പേജ്. 60.
10. Panjikaren: "The Syrian Church in Malabar," Trichinopoly. 1914. pp. 30-41.
11. ഡോ. സേവ്യർ കൂടപ്പുഴ: തിരുസഭാചരിത്രം ഉദ്ധൃതഗ്രന്ഥം. പേജ്. 62.

malankaralibrary.com

പിളർപ്പിന്റെ ആരംഭം ആർച്ചുഡീക്കനിൽ

പോർട്ടുഗീസുകാരും മാർത്തോമ്മാക്രിസ്ത്യാനികളും തമ്മിലുണ്ടായ സൗഹാർദ്ദത്തിനു് ഏതാണ്ടു് വർഷങ്ങൾ കഴിഞ്ഞപ്പോൾ ഉലച്ചിൽതട്ടി. സിറിയൻ റീത്തിന്റെ ഉപാസകരും ആരാധകരുമായ ഏതാണ്ടു പേർ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ തെറ്റുദ്ധാരണകളും അബദ്ധപ്രസ്താവനകളും പ്രചരിപ്പിച്ചു. പോർട്ടുഗീസുകാരിൽനിന്നു് അവരെ അകറ്റി നിറുത്തുന്നതിനുള്ള ശ്രമം തുടങ്ങി. മലബാർസഭയുടെ മതാനുഷ്ഠാനങ്ങളുടെയും സഭാഭരണത്തിന്റെയും ചുമതല വഹിച്ചിരുന്ന ആർച്ചുഡീക്കൻ ജോർജ്ജ്, പോർട്ടുഗീസുകാരുമായുള്ള സമ്പർക്കത്തിന്റെയും വേഴ്ചയുടെയും പരിണതഫലമായി തനിക്കുണ്ടായിരുന്ന ഔന്നത്യത്തിനും സ്ഥാനത്തിനും കോട്ടം തട്ടിയേക്കുമെന്നു കരുതി, പോർട്ടുഗീസുകാരുടെ ലത്തീനീകരണ പ്രക്രിയയെ നഖശിഖാന്തം എതിർത്തിരുന്നു. ഇപ്രകാരം അസംതൃപ്തിയും നീരസവും മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ വർധിച്ചു വന്ന കാലഘട്ടത്തിലാണു് മലബാർസഭയെ ഭരിക്കാൻ മാർ. ജോസഫ് എന്ന പേർഷ്യൻ മെത്രാൻ 1556-ൽ വന്നതു്. അദ്ദേഹവും പോർട്ടുഗീസുകാരുടെ ലത്തീനീകരണപ്രവർത്തനങ്ങളെ എതിർത്തു. കൊട്ടങ്ങല്ലൂർ സെമിനാരിയിൽ പഠിച്ചിരുന്ന വൈദിക വിദ്യാർത്ഥികൾക്കു് പൗരോഹിത്യം നൽകാൻ വിസമ്മതിച്ചു. ഈ ശെമ്മാശന്മാർക്കു് സുറിയാനിഭാഷ അറിവില്ലാത്ത കാരണത്താലാണു് പട്ടം കൊടുക്കാൻ വിസമ്മതിച്ചതു്. അദ്ദേഹം ലത്തീനീകരണത്തെ ശക്തമായി എതിർത്തു തുടങ്ങി.

നെസ്തോറിയൻസമ്പർക്കം അതിവർണനമാകാം

പാശ്ചാത്യരാജ്യങ്ങളിലെ പ്രസിദ്ധ സന്യാസസഭകളിൽപ്പെട്ട പണ്ഡിതരും വിജ്ഞരും, വിശ്വാസം പരിരക്ഷിക്കുന്നതിൽ തീക്ഷ്ണതയുള്ളവരുമായ മിഷനറിമാർ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആരാധനക്രമങ്ങളെയും ആചാരാനുഷ്ഠാനങ്ങളെയും സസൂക്ഷ്മം പരിശോധിച്ചപ്പോൾ, സീറോ കൽദായ ആരാധനക്രമങ്ങളിൽ നെസ്തോറിയൻ പാഷണ്ഡത കലർന്നിട്ടുണ്ടെന്നു മനസ്സിലായി. ഒരുപക്ഷേ, ഈ മിഷനറിമാർ മാർത്തോമ്മാക്രിസ്ത്യാനികളുടെ നെസ്തോറിയൻ സഭയോടുള്ള സമ്പർക്കത്തെ അതിവർണനം ചെയ്തതാകാം. പാഷണ്ഡതയിൽ അവർ അമർന്നു പോയെന്നു പ്രസ്താവിച്ചിട്ടുണ്ടാവാം. ഉദയംപേരൂർ സൂനഹദോസിൽവച്ചു് ഈ വിഷയത്തെക്കുറിച്ചു് അവഗാഢം പഠിച്ചു പരിശോധിച്ചതിന്റെ ഫലമായി, സീറോ കൽദായ ആരാധനക്രമങ്ങൾ വഴിയാണു് മലബാറിൽ നെസ്തോറിയൻ പാഷണ്ഡത നുഴഞ്ഞുകയറിയതെന്ന നിഗമനത്തിൽ പോർട്ടുഗീസുകാർ എത്തിച്ചേർന്നു. ഈ പാഷണ്ഡതയുടെ പ്രചാരത്തെ തടയുന്നതിനുള്ള മാർഗങ്ങളും സൂനഹദോസു് കണ്ടുപിടിച്ചു പ്രയോഗിച്ചു. പാശ്ചാത്യ ലത്തീൻസഭയിലെ ആരാധനക്രമങ്ങൾ, സിറിയൻറീത്തിനു പകരമായി ഉപയോഗിക്കാൻ

malankaralibrary.com

നിർദ്ദേശിക്കപ്പെട്ട. അങ്ങനെ മാർത്തോമ്മാ ക്രിസ്ത്യാനികളെയും ലത്തീൻ റീത്തിൽ ചേർക്കുന്നതിനുള്ള ഉദ്യമങ്ങൾ ആരംഭിച്ചു [12].

ലത്തീനീകരണം പരിഹാരമാർഗംമാത്രം

മാർ യാക്കോബ് മെത്രാൻ ലത്തീൻ (റോമൻ) റീത്തിനു് അനുകൂലമായിരുന്നുവെന്ന മാത്രമല്ല, ലത്തീൻറീത്തു സ്വീകരിക്കുകടി ചെയ്തു എന്നാണു് ചരിത്രഗവേഷകരുടെ അഭിമതം. വി. ഫ്രാൻസിസ് സേവ്യർ കൊച്ചിയിൽനിന്നു് 1549-ൽ പോർട്ടുഗീസുരാജാവിനു് അയച്ച എഴുത്തിൽ ഇതു വിശദമാക്കുന്നുണ്ടു്: That MAR JACOB who was not only inclined towards the Roman rite, but even accepted it in his old age, follows from a letter of St. Francis Xavier who wrote to John III rd, from Cochin-1549 [13].

തന്റെ കീഴിലുണ്ടായിരുന്ന ക്രൈസ്തവരെ ലത്തീനിൽ ചേർക്കുന്ന കാര്യം സംബന്ധിച്ചു് അബുന യാക്കോബിന്റെ മനഃസ്ഥിതി എന്തായിരുന്നുവെന്നു് മേലുദ്ധരിച്ച പ്രസ്താവനയിൽ നിന്നു് വിശദം. അബുന യാക്കോബിനു് ഇതുമൂലം ആനുകൂല്യം ഒന്നുംതന്നെ ലഭിച്ചിരുന്നില്ലെങ്കിൽത്തന്നെ പലരെയും ലത്തീൻറീത്തിലേക്കു് പരിവർത്തനം ചെയ്യുന്നതിനു് അനുകൂലമായ സാഹചര്യങ്ങൾ അന്നുണ്ടായിരുന്നു. മാർത്തോമ്മാക്രിസ്ത്യാനികളുടെ വിശ്വാസം ക്ഷയോൻമുഖമായിരുന്നു. "സഭയുടെ ജീർണിച്ച അവശിഷ്ടങ്ങൾ" എന്നു പറയത്തക്കവിധം അവരുടെ മതൈക്യം അത്രയ്ക്കു് അസ്തപ്രായമായി [14]. പലരും കുടുംബപാരമ്പര്യവും വംശാവലിയുംകൊണ്ടാണു് ക്രിസ്ത്യാനികൾ എന്നറിയപ്പെട്ടിരുന്നതു്. ഈ നിലക്കു് തങ്ങളുടെ ഭരണത്തിനു് സമർപ്പിതരായ ക്രൈസ്തവരെ ലത്തീൻറീത്തിലേക്കു് പരിവർത്തനം ചെയ്യുന്നതിനു് പോർട്ടുഗീസുകാർക്കു് പ്രയാസമുണ്ടായിരുന്നില്ല. ഈ യാഥാർത്ഥ്യത്തെക്കുറിച്ചു തിരുവിതാംകൂർ സ്റ്റേറ്റ്മാന്വലിൽ: 19-ാം നൂറ്റാണ്ടിൽ സിറിയൻസഭയിൽനിന്ന ആ സഭയും, സിറിയൻ റീത്തും ഉപേക്ഷിച്ചു് പ്രോട്ടസ്റ്റാന്റു മതത്തിലേക്കു് ആയിരമായിരങ്ങളായി ജനങ്ങൾ തിരിഞ്ഞുപോയപ്പോൾ, ഇംഗ്ലണ്ട്സഭയിലെ മിഷനറിമാർക്കുണ്ടായിരുന്ന സൗകര്യങ്ങളെക്കാൾ അധികം സൗകര്യത്തോടുകൂടിയാണു് പോർട്ടുഗീസ് മിഷനറിമാർ തങ്ങൾക്കുണ്ടായിരുന്ന രക്ഷാധികാരമുപയോഗിച്ചു് സെന്റ് തോമസ് ക്രിസ്ത്യാനികളെ ലത്തീൻറീത്തിലേക്കു് വഴക്കിയിരുന്നതു്. മാർത്തോമ്മാക്രിസ്

12. L. M. Pylee: St. Thomas Christians and the Archdiocese of Verapoly 1977. pp. 73-75.
13. Three Letters of Mar Jacob: Malabar Church and Rome. p. 17.
14. ബ്ല. ലെയോപ്പോൾഡ് ടി. ഒ. സി. ഡി. ഉദ്ധൃതഗ്രന്ഥം പേജ് 44.

malankaralibrary.com

ത്യാനികളുടെ മതാത്മകതയുള്ള മാർഗം ലത്തീൻറീത്തിലേക്കുള്ള പരിവർത്തനമായിരുന്നു[15].

റോമാസഭയുമായി സമ്പർക്കമില്ലായിരുന്നു

മാർത്തോമ്മക്രിസ്ത്യാനികളുടെ ആരാധനക്രമങ്ങളും മതപരമായ ആചാരങ്ങളും പാഷണ്ഡത കലർന്നതായിരുന്നുവെന്നാണ് പോർട്ടുഗീസുകാർ ധരിച്ചിരുന്നതെന്നു് ഫാ. ഫെറോളി എസ്. ജെ. അനിഷേധ്യമായ ചരിത്രരേഖകളെ അവലംബിച്ചു് പ്രതിപാദിച്ചിട്ടുണ്ടു്. ''മലങ്കരസഭയിൽ അക്കാലത്തെ വിശ്വാസം നെസ്തോറിയൻ പ്രബോധനങ്ങളും കലർന്നതായിരുന്നുവെന്നു് മാത്രമല്ല, നസ്രാണികളുടെ ഇടയിൽ പല വിധത്തിലുള്ള അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നിലനിന്നിരുന്നു. പോർട്ടുഗീസുകാരുടെ ആഗമനത്തിനു് ഏറെക്കാലം മുൻപു തുടങ്ങി യാത്രാക്ലേശങ്ങളും, മാർഗതടസ്സവും എന്നീ കാരണങ്ങളാൽ മലങ്കര നസ്രാണികളും റോമാസഭയുമായി യാതൊരു സമ്പർക്കവുമില്ലാതെയാണു് വർത്തിച്ചിരുന്നതു''[16]. ഫാ. പ്ലാസിഡ് സി. എം. ഐ. ഇപ്രകാരം പറയുന്നുണ്ടു്: അവർ (മാത്തോമ്മാക്രിസ്ത്യാനികളും) റോമാസഭയോടു് ഐക്യത്തിലായിരുന്നുവെങ്കിലും അവരുടെ ഇടയിൽ ലഘുവായ ചില നെസ്തോറിയൻ ആചാരങ്ങളും കടന്നുകൂടിയിരുന്നു. സെലൂഷ്യയുമായുണ്ടായിരുന്ന ബന്ധം വഴിയാണു് ഈ പാഷണ്ഡത കേരളത്തിൽ കടന്നുകൂടിയതു''[17]. ഡോ. ജോസഫ് ഏറുമാന്നൂർക്കാരനും ഇതിൽനിന്നും വിഭിന്നമല്ലാത്ത അഭിപ്രായമാണുള്ളതു്. ''തങ്ങളെ ഭരിച്ചിരുന്ന വൈദികമേലദ്ധ്യക്ഷരുടെ വിശ്വാസം എന്തുതന്നെയായിരുന്നാലും കേരളത്തിലെ നസ്രാണികളും മാർപാപ്പയ്ക്കു് വിധേയരായിരുന്നു. നെസ്തോറിയൻ പാഷണ്ഡത എന്തെന്നു് അവർക്കു് അറിവില്ലായിരുന്നു. തൻമൂലം പേർഷ്യയിൽനിന്നു വന്ന വൈദികമേലദ്ധ്യക്ഷന്മാരെ അവർ യഥാർത്ഥവൈദിക മേലദ്ധ്യക്ഷൻമാരാണെന്ന ഉത്തമ വിശ്വാസത്തോടുകൂടി സ്വീകരിച്ചിരുന്നു''[18]. പണ്ഡിതനും പ്രതിഭാസമ്പന്നനും ചരിത്രാന്വേഷിയും വരാപ്പുഴ വികാരി ജനറലായി ഏഴുവർഷം സേവനമനുഷ്ഠിച്ചയാളുമായ പൗളിനോസ് പാതിരി ''പുരാതന കാലങ്ങളിൽ കുറവിലങ്ങാടു്, മുട്ടുചിറ, ഇടപ്പള്ളി, അങ്കമാലി എന്നീ സ്ഥലങ്ങളിൽ കൽദായക്കാരും പേർഷ്യാക്കാരുമായ നെസ്തോറിയൻ സന്യാസികളും നിവസിച്ചിരുന്നതായി'' പ്രസ്താവിച്ചിട്ടുണ്ടു്[19]. പുരാതനകാലങ്ങളിൽ കുറവിലങ്ങാടു് കൽദായക്കാരു

15. നാഗമയ്യ: തിരുവിതാംകൂർ സ്റ്റേറ്റ്മാന്വൽ. പേജ് 131-135.

16. Fr. Ferroly S. J.: The Jesuits in Malabar Vol. I. p. 71.

17. Fr. Placid: The Syrian Church of Malabar pp. 1-9.

18. ദീപിക വിശേഷാൽപ്രതി 1952 ജൂലായ് 3. പേജ് 170.

19. Fr. Paulinus O. C. D.: A Voyage to the East India p. 123.

malankaralibrary.com

ടെ സന്ന്യാസാശ്രമം ഉണ്ടായിരുന്നതായി സുപ്രസിദ്ധ ചരിത്രാന്വേഷി കൂടിയായ ഡോ. പി.ജെ. തോമസ് "കുറവിലങ്ങാട്–ഒരു പൂവ്വ് സുറിയാനി ആശ്രമമോ" എന്ന ശീർഷകത്തിൽ ദീപികയിൽ പ്രസിദ്ധപ്പെടുത്തിയ ചരിത്രഗവേഷണ ലേഖനത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്[20]. സന്ന്യാസികളം തങ്ങളുടെ പ്രാർത്ഥനയും ധ്യാനത്തിനുംശേഷം, മതപ്രചരണത്തിനു അപ്രധാനമല്ലാത്ത സ്ഥാനം കൊടുക്കാറുണ്ടല്ലോ. "നിക്കൊളൊ ദെ കോൺടി എന്ന ഇറാലിയൻ ദേശസഞ്ചാരി അക്കാലത്തു യൂറോപ്പിൽ ഒട്ടുമിക്ക പ്രദേശങ്ങളിലും യഹൂദന്മാർ താമസിച്ചിരുന്നതുപോലെ തന്നെ, ഇന്ത്യയിൽ എവിടെയും നെസ്തോറിയന്മാർ വർത്തിക്കുന്നതായി തന്റെ സഞ്ചാരവിവരണത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്[21].

നെസ്തോറിയൻസഭയുടെ ഏഷ്യാശാഖപോലെ

നെസ്തോറിയൻ പാഷണ്ഡത കേരളത്തിലും പ്രചരിച്ചിരുന്നതുകൊണ്ടായിരിക്കും കൊച്ചിൻ സ്റ്റേറ്റ്മാന്വലിൽ സി. അച്യുതമേനോൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നത്: "മലങ്കരസഭയുടെ ഉത്ഭവത്തെപ്പറ്റിയുള്ള യാഥാർത്ഥ്യം എന്തുതന്നെയായാലും, ആ സഭാചരിത്രം വെളിച്ചത്തിലേക്കു കാലെടുത്തുവച്ചകാലത്തു നെസ്തോറിയൻസഭയുടെ ഏഷ്യാ ഭ്രഖണ്ഡത്തിലെ ശാഖയായിട്ടാണ് വർത്തിച്ചതു്. പേർഷ്യയിൽവച്ചു് അഭിഷേകം ചെയ്യപ്പെട്ട മെത്രാൻമാർ ഇവിടെ ഭരണം നടത്തിക്കൊണ്ടിരുന്ന [22]. കൃസ്താബ്ദം ടിസരാങ്ങ് കുറെ വർഷങ്ങൾക്കു മുൻപു് ഫ്രഞ്ചു ഭാഷയിൽ പ്രസിദ്ധീകരിച്ചതും ഫാ. ഹാംബ്രി എസ്. ജെ. അടുത്തകാലത്തു് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തതുമായ ചരിത്രഗ്രന്ഥത്തിൽ നിന്നു് ഇവിടെ ഉദ്ധരിക്കുന്നതു ഭാഗവും മലങ്കരസഭ അക്കാലത്തു് നെസ്തോറിയൻ വിശ്വാസത്തിലായിരുന്നുവെന്ന യാഥാർത്ഥ്യത്തിലേക്കു വിരൽ ചൂണ്ടുന്നു: "കാതോലിക്കോസ് ബാവാ" യുടെ കാലംമുതൽ എ. ഡി. 490–503 വരെ പൗരസ്ത്യ സുറിയാനിക്കാരും തൽഫലമായി ഇന്ത്യയിൽ അധിവസിച്ചിരുന്ന മെത്രാൻമാരും അവരുടെ കീഴിലുള്ള പട്ടക്കാരും നെസ്തോറിയൻ വിശ്വാസപ്രമാണം (Formulae) സ്വീകരിച്ചുവെന്നതു അനിഷേധ്യമായ വസ്തുതയാണ്[23].

സെമിനാരികൾ സ്ഥാപിച്ചതും പാഷണ്ഡത അകറ്റാൻ

ചില കേരളീയചരിത്രകാരന്മാരുടെ ഗ്രന്ഥങ്ങളിൽ പറഞ്ഞിരിക്കുന്നതു "പൗരസ്ത്യസഭകളുടെ മതപരമായ വിശ്വാസത്തെയും

---

20. എൻ. ജെ. ജോസഫ്: ദീപാർച്ചന, പേജ് 62.
21. നിക്കൊളൊ ദെ കോൺടി: പതിനഞ്ചാംനൂറ്റാണ്ടിലെ ഇന്ത്യ, പേജ് 121
22. C. AchuthaMenon: Cochin State Manual. pp. 21-151.
23. Cardinal Tesserant: Eastern Christanity in India. p. 18.

malankaralibrary.com

ആചാരാനുഷ്ഠാനങ്ങളെയും ശരിയായി പഠിച്ചറിയുന്നതിനു് അത്യന്തം പേക്ഷിതമായ സുറിയാനിഭാഷാപരിജ്ഞാനം പാശ്ചാത്യ മിഷനറിമാക്കില്ലായിരുന്നതുകൊണ്ടായിരിക്കും മാർത്തോമ്മാ ക്രിസ്ത്യാനികൾ നെസ്തോറിയൻ പാഷണ്ഡതയിൽ ഉൾപ്പെട്ടിരുന്നുവെന്നു് അവർ വിശ്വസിക്കുന്നതു്. മലങ്കരസഭ എല്ലാക്കാലങ്ങളിലും റോമാസഭയോടു് ഐക്യത്തിലാണു് നിലനിന്നിരുന്നതെന്നും മറ്റു പ്രസ്താവനകൾ അവർ ഇറക്കാറുണ്ടു്''. ഈ പ്രസ്താവന യുക്തിക്കു യോജിച്ചതല്ല. പോർട്ടുഗലിൽനിന്നു് ഇന്ത്യയിലെത്തിയ മിഷനറിമാരിലധികവും ഉയർന്ന വിദ്യാഭ്യാസം സിദ്ധിച്ചവരും മഹാപണ്ഡിതന്മാരുമാണു്. ചില പ്രത്യേകവിഷയങ്ങളിൽ അവരിൽ ചിലർ അവഗാഹം നേടിയവരുമായിരുന്നു. അത്തരത്തിലുള്ള പണ്ഡിതമിഷനറിമാരാണു കേരളസഭയുടെ സ്ഥിതിഗതികൾ മനസ്സിലാക്കി അതിനനുരൂപമായി ഓരോന്നും പ്രവർത്തിച്ചു തുടങ്ങിയതു്. കൊച്ചി, കൊട്ടങ്ങല്ലൂർ, അമ്പഴക്കാടു്, പേന്തമംഗലം, ആലങ്ങാടു് മുതലായ സ്ഥലങ്ങളിൽ അവർ സെമിനാരികൾ സ്ഥാപിച്ചു. പ്രസ്തുത സെമിനാരികളിൽ വേദവിഷയങ്ങൾക്കുപുറമെ തമിഴു്, സംസ്കൃതം, സുറിയാനി ലാറ്റിൻ, പോർട്ടുഗീസു് മുതലായ ഭാഷകളും പഠിപ്പിച്ചുപോന്നു. അന്നു് അവർ ഏർപ്പെടുത്തിയ വിദ്യാലയങ്ങളിൽ ചേർന്നു വിവിധ ഭാഷകൾ പഠിച്ച മലയാളികളിൽ ചിലരാണു് ഉദയംപേരൂർ സൂനഹദോസിൽ പാസാക്കിയ കാനോനകളുടെ മലയാള ഗദ്യ വിവർത്തനം, വേദതർക്കം, വർത്തമാനപ്പുസ്തകം, അലങ്കാരശാസ്ത്രം മുതലായ ഗദ്യകൃതികൾ പില്ക്കാലത്തു് എഴുതുവാൻ പ്രാപ്തരായിത്തീർന്നതെന്നുകൂടി ഇത്തരുണത്തിൽ പ്രസ്താവിച്ചുകൊള്ളട്ടെ. പല തെളിവുകളും പ്രതിയോഗികൾക്കെതിരാണു്. ഉദാഹരണമായി ''ട്രാവൻകൂർ സ്റ്റേറ്റ മാന്വലി'' ലെ ''തിരുവിതാംകൂറിലെ ക്രിസ്തുമതം'' എന്ന അധ്യായത്തിന്റെ കർത്താവു് ജി. ടി. മെക്കൻസി അവരുടെ പ്രതിയോഗികളുടെ ഈ ന്യായവാദങ്ങളെ ആദരിച്ചില്ല. എന്നിരുന്നാലും വാദപ്രതിവാദത്തിനു് സാധ്യതയുള്ള ഒരഭിപ്രായമാണവർ ഉന്നയിച്ചതെന്നു് അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ടു്. മലങ്കരസഭാസംബന്ധമായി ഗവേഷണം നടത്തിയ ഫാദർ ഇ. ആർ. ഹാംബി എസ്. ജെ., ''ജസ്വീറ്റ്സ് ഇൻ മലബാർ'' എന്ന ഗ്രന്ഥത്തിന്റെ കർത്താവായ പണ്ഡിതനായ ഫാ. ഫെറോളി എസ്. ജെ. എന്നിവർ ജി. ടി. മെക്കൻസിയുടെ ന്യായവാദങ്ങളെ അനുകൂലിക്കുന്നു. ''മറ്റു പൗരസ്ത്യ സഭകളെപ്പോലെ മലങ്കരസഭയും ഒരു കാലത്തു നെസ്തോറിയൻ സിദ്ധാന്തങ്ങൾ സ്വീകരിച്ചു എന്ന അഭിപ്രായത്തെയാണു് അവർ കൂട്ടുതലായി ആദരിച്ചിരിക്കുന്നതു്[24]. പണ്ഡിതനും ചരിത്രകാരനുമായ സർദാർ കെ. എം. പണിക്കരും മലങ്കരസഭ ഒരുകാലത്തു് നെസ്തോറിയൻ പാഷണ്ഡതയിൽ ഉൾപ്പെട്ടിരുന്നുവെന്നുള്ള അഭിപ്രായക്കാരനാണു്[25].

24. A Survey of Jesuits in Malabar Vol. p. 178.
25. The Clergy Monthly: November 1952 p. 381.

malankaralibrary.com

ചരിശുദ്ധി തെളിയിക്കാൻ പാടുപെടുന്നു

പോർട്ടുഗീസുകാർ കേരളത്തിൽ വന്നപ്പോഴും മലങ്കര നസ്രാണികളുടെ മതപരമായ വിശ്വാസത്തെയും ആചാരാനുഷ്ഠാനങ്ങളെയും കുറിച്ചു ചരിത്രരേഖകളെ മാത്രം അവലംബിച്ചു പ്രതിപാദിച്ചിട്ടുള്ള ഫാ. ഫെറോളി എസ്. ജെ. പറയുന്നു: "മലങ്കരസഭയുടെ അക്കാലത്തെ വിശ്വാസം നെസ്തോറിയൻ പ്രബോധനങ്ങളാൽ കലർന്നതായിരുന്നു. നസ്രാണികളുടെ ഇടയിൽ പലവിധത്തിലുള്ള അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ദൃഢമായി നിലനിന്നിരുന്നു" [26]. ഇപ്രകാരമുള്ള ചരിത്രരേഖകളുടെയും ചരിത്രവസ്തുക്കളുടെയും വെളിച്ചത്തിൽ കേരളത്തിൽ നെസ്തോറിയൻ സഭയുടെ സ്വാധീനവലയത്തിൽപ്പെടാതെ, മാർത്തോമ്മാ ക്രിസ്ത്യാനികളും ഒഴിഞ്ഞുനിന്നുവെന്നും, മലങ്കരസഭ വിശ്വാസസംബന്ധമായി അതിന്റെ ആരംഭകാല പരിശുദ്ധി എക്കാലവും സംരക്ഷിച്ചിരുന്നുവെന്നും മറ്റും തെളിയിക്കാൻ ചില്ലർ ഇക്കാലത്തു പരിശ്രമിക്കാറുണ്ട്. ഈ സാഹസികസംരംഭങ്ങളെ എതിർത്തുകൊണ്ടു പണ്ഡിതനായ ഫാ. സി. കെ. മാറം പ്രസ്താവിക്കുന്നു: "നാലാം നൂറ്റാണ്ടിൽ കേരളത്തിലെ വൈദികഭരണം വൈദേശികാധിപത്യത്തിലായിരുന്നു. ഇങ്ങനെ 4 മുതൽ 16-ാം നൂറ്റാണ്ടുവരെ പതിമൂന്നു ശതകങ്ങളിൽ ഒരൊറ്റ ഭാരതീയ മെത്രാനെങ്കിലും ഉണ്ടായിരുന്നതായി രേഖയില്ല. മെത്രാന്മാരെല്ലാം വിദേശികളും. നാട്ടുഭാഷ അറിഞ്ഞുകൂടാത്ത വിദേശിയരുടെ ഭരണം. ഇങ്ങനെ നീണ്ടുനിന്ന വിദേശഭരണം ഭാരതീയസഭയ്ക്ക് എന്താണ് വരുത്തിവച്ചതെന്നു പറയേണ്ടതില്ലല്ലോ [27]. അവ്യക്തമെങ്കിലും വേദനാനിർഭരവും അത്ഗർഭവുമായ വാക്കുകളും!

നെസ്തോറിയൻ അംശങ്ങൾ കടന്നുകൂടി

ആയുഷ്മാനായ ഫാ. ഡി. ഫെറോളി എസ്. ജെ. മലങ്കര നസ്രാണികളുടെ അക്കാലത്തെ മതപരമായ വിശ്വാസം, അവരുടെ ദേവാലയങ്ങളിലെ ആചാരാനുഷ്ഠാനങ്ങളും എന്നിവയെ സാമാന്യം ദീർഘവും വിശദവുമായി രേഖപ്പെടുത്തിയിരിക്കുന്നു. നെസ്തോറിയൻസഭ വിശ്വസ്തന്മാരായി പരിഗണിക്കുന്ന ചിലരെ മാർത്തോമ്മാക്രിസ്ത്യാനികളും വണങ്ങി. നെസ്തോറിയസ്, തിയോഡർ, സിയോഡറസ് എന്നിവരാൽ ചമയ്ക്കപ്പെട്ട കുർബാനക്രമമാണ് ഉപയോഗത്തിലിരുന്നത്. "മാർ നെസ്തോറിയസിന്റെ യോഗ്യതയാൽ പാപമോചനം നൽകണമേ" എന്നുള്ള പ്രാർത്ഥനയും അവരുടെ പ്രാർത്ഥനാപുസ്തകങ്ങളിലുണ്ടായിരുന്നു [28] ഉംനാടുകളിൽ വസിച്ചിരുന്ന മാർത്തോമ്മാക്രിസ്ത്യാനികളും നെസ്തോറിയസിന്റെ പെരുനാളും ആഘോഷിച്ചി

26. Ferroli S. J.: The Jesuits in Malabar Vol. I. p. 178.
27. സി. കെ. മാറം: കാണുന്ന മതിൽ. പേജ് 101-178.
28. Ferroli S. J: The Jesuits in Malabar. Vol I. p. 178.

malankaralibrary.com

രുന്നതായും അവരുടെ "കർബാന തക്കുകളിൽ നെസ്റ്റോറിയസിന്റെയും നെസ്തോറിയൻസഭ വിശുദ്ധരായി പരിഗണിച്ചിരുന്ന ചിലരുടെയും പേരുകൾ ഉണ്ടായിരുന്നതായും പ്രസ്താവനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്"[29].

മാർത്തോമ്മാക്രിസ്ത്യാനികൾ ലത്തീൻറീത്തു സ്വീകരിക്കുന്നു

ലത്തീൻറീത്തിന്റെ സ്ഥാപനം, പ്രാബല്യം, പ്രചാരം എന്നിവ പോർട്ടുഗീസുകാരുടെ ആഗമനത്തോടുകൂടിയാണ് മലബാറിൽ ആരംഭിച്ചതു്. 16-ാം നൂറ്റാണ്ടിൽ ഒട്ടുവളരെ മാർത്തോമ്മാക്രിസ്ത്യാനികൾ പോർട്ടുഗീസുകാരുടെ പ്രവർത്തനഫലമായി ലത്തീൻറീത്തിലേക്കു് പരിവർത്തനം ചെയ്യപ്പെട്ടു. പണ്ഡിതനും ചരിത്രകാരനുമായ സർദാർ കെ. എം. പണിക്കർ സുറിയാനിക്കാർ ലത്തീൻറീത്തു് സ്വീകരിച്ചെന്ന വസ്തുത അംഗീകരിക്കുന്നു. "നാം ഇന്നു് ധരിച്ചുവച്ചിരിക്കുന്നതിനെക്കാൾ കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒരു സംഗമമാണു് ഉദയംപേരൂരിൽ നടന്ന സൂനഹദോസു്. എന്തുകൊണ്ടെന്നാൽ ഈ സൂനഹദോസുവഴി സുറിയാനി ക്രിസ്ത്യാനികളിൽ ഭൂരിപക്ഷം വരുന്ന ഒരു വിഭാഗം കത്തോലിക്കസഭയിലേക്കു് കൊണ്ടുവരപ്പെട്ടു"[30].

സങ്കല്പങ്ങളെയും അഭ്യൂഹങ്ങളെയും ആശ്രയിക്കാതെ സത്യാന്വേഷണതല്പരതയോടെ ഈദൃശമായ ചരിത്രവസ്തുതകളും വസ്തുനിഷ്ഠമായിത്തന്നെ കൈകാര്യം ചെയ്യുന്ന ചരിത്രപടുക്കളുടെ ഉദ്ധരണികളും പ്രകടമായി തെളിയിക്കുന്ന വസ്തുതയാണു് സുറിയാനിറീത്തിൽ നിന്നു ഒട്ടുവളരെപ്പേർ ലത്തീൻറീത്തു് സ്വീകരിച്ചു് ലത്തീൻ ക്രൂപതയുടെ അംഗങ്ങളായി ജീവിച്ചുപോന്നു എന്നതു്. ചരിത്രരേഖകളും അനിഷേധ്യങ്ങളായ സാക്ഷ്യങ്ങളും ഇത്രയേറെ ഉണ്ടായിട്ടും അവയെല്ലാം കണ്ടിട്ടും കണ്ടില്ലെന്നു നടിച്ചു കണ്ണടച്ചു് ഇരുട്ടാക്കുന്ന ചില സുറിയാനി ചരിത്രകാരൻമാരെ കേരളത്തിൽ ഇന്നും കാണാം. റീത്തു മാറി ലത്തീൻകാരായിത്തീർന്ന ക്രിസ്ത്യാനികളും വീണ്ടും സുറിയാനിറീത്തിലേക്കുപോയി എന്നും മറ്റും എഴുതിപ്പിടിപ്പിക്കാൻ അവർ ശ്രമിക്കുന്നു. ഇതെല്ലാം സത്യത്തിനു് നിരക്കാത്തവയാണു്. ചരിത്രത്തിലും സത്യമേ ജയിക്കൂ എന്നു്, ചരിത്രം സൃഷ്ടിക്കുന്നവർ അറിഞ്ഞിരിക്കേണ്ടതല്ലെ?

29. Ferroli S. J: Christianity in India Vol I p. 187.
30. K. M. Panicker: A Survey of Indian History p. 226.

malankaralibrary.com

പത്തൊന്ന്

ലത്തീനീകരണം

ഫ്ലഷ്യയിൽ പാശ്ചാത്യാധിപത്യത്തിന്റെ തുടക്കം കുറിച്ചുകൊണ്ട് പതിനാറാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ പോർട്ടുഗീസുകാരുടെ ശക്തി ഇന്ത്യയുടെ പശ്ചിമതീരത്തു പ്രബലമായി. മലബാറിലെ മലഞ്ചരക്കുകൾ തേടിവന്ന പോർട്ടുഗീസുകാർക്ക് ക്രിസ്ത്യാനികളെ ഇണ്ടാട്ടിൽ കണ്ടെത്തുകയെന്നതു് സന്തോഷകരം. കൊട്ടങ്ങല്ലൂരിലെ ക്രിസ്ത്യാനികൾ വാസ്കോഡി ഗാമയെയും കൊല്ലത്തുള്ളവർ അൽബുക്കർക്കിനെയും സമീപിച്ചു് ക്രിസ്തീയ സംരക്ഷണത്തിനും അംഗീകാരത്തിനും വേണ്ടി അഭ്യർത്ഥിച്ചു. തങ്ങൾക്കു് ആനുകൂല്യങ്ങൾ നേടിത്തരണമെന്നു് അപേക്ഷിച്ചു [1]. നാട്ടു ക്രിസ്ത്യാനികളുടെ ആധ്യാത്മിക പരിപാലനത്തിനായി മെത്രാന്മാരെ അയച്ചിരുന്നതു് സെലൂക്യായിലെ നെസ്തോറിയൻ പാത്രിയർക്കീസാണെന്നും അവരുടെ ആചാരാനുഷ്ഠാനങ്ങൾ അകത്തോലികമാണെന്നും കഴിഞ്ഞ അധ്യായത്തിൽ കണ്ടല്ലോ.

ലത്തീനീകരണം ധാർമ്മികം

ഇപ്രകാരം മാർത്തോമ്മാക്രിസ്ത്യാനികളുടെ ആരാധനക്രമങ്ങളിലും മറ്റും നെസ്തോറിയൻ പാഷണ്ഡത നുഴഞ്ഞുകയറിയിട്ടുണ്ടെന്നു പോർട്ടുഗീസുകാർക്കു ബോധ്യമായതോടെ കൊല്ലത്തും കൊട്ടങ്ങല്ലൂരിലും മറ്റിടങ്ങളിലും ചിന്നിച്ചിതറിക്കിടന്ന ക്രൈസ്തവസഭയെ ഒന്നിപ്പിക്കാനും കത്തോലിക്കവൽക്കരിക്കാനുമുള്ള ശ്രമങ്ങൾ പോർട്ടുഗീസു മിഷനറിമാർ ആരംഭിച്ചു, "ലത്തീനീകരണം" എന്ന പദമാണു് ഈ നടപടിക്കു് ചില ചരിത്രകാരന്മാർ ഉപയോഗിച്ചു വരുന്ന

1. മൊറായിസ് 1964. പേജ് 204–207.

malankaralibrary.com

തു്. വാസ്തവത്തിൽ ലത്തീനീകരണം എന്നതു ആരാധനക്രമത്തിലുള്ള ഭാഷാവ്യതിയാനം മാത്രമാണു്. യഥാർത്ഥത്തിൽ സംഭവിച്ചതു് ലത്തീനീകരണത്തിലൂടെയുള്ള ''കത്തോലിക്കവത്ക്കരണ'' മാണു്. വഴിതെറ്റിയവരെന്നു് തങ്ങൾക്കു് ബോധ്യമുള്ളവരെ കത്തോലിക്കസഭയിലേക്കു് ആനയിച്ച ധാർമ്മിക നടപടി [2].

മാർത്തോമ്മാക്രിസ്ത്യാനികളും അന്നുഷ്ഠിച്ചിരുന്ന കൽദായ ആരാധനക്രമങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും സ്ഥാനത്തു ലത്തീൻ റീത്തു സ്ഥാപിക്കുന്നതിനും പൂർവക്രിസ്ത്യാനികളെ ലത്തീൻ റീത്തിലേക്കു് ചേർക്കുന്നതിനും മൂന്നു പദ്ധതികളാണു് പ്രധാനമായും പോർട്ടുഗീസുമിഷനറിമാർ ആസൂത്രണം ചെയ്തതു്. 1. പൂർവ ക്രിസ്ത്യാനികളുടെ ആധ്യാത്മികജീവിതം മെച്ചപ്പെടുത്തുക. ഇതുവഴി പരോക്ഷമായി ലത്തീൻറീത്തു് ആശ്ലേഷിക്കുന്നതിനു ഇടവരുത്തുക. 2. മാർത്തോമ്മാക്രിസ്ത്യാനികളെ പോർട്ടുഗീസു സൈന്യത്തിൽ ചേർത്തു് അവർക്കു് ഉന്നതപദവികളും സ്ഥാനമാനങ്ങളും നൽകുക. 3. സെമിനാരികളിൽ മാർത്തോമ്മാക്രിസ്ത്യാനിയുവാക്കളെ ചേർത്തു ലത്തീൻറീത്തനുസരിച്ചു പൗരോഹിത്യത്തിലേയ്ക്കുയർത്തുക. ഈ പദ്ധതികളും പ്രയോഗത്തിൽ വരുമ്പോൾ മാർത്തോമ്മാക്രിസ്ത്യാനികളെ എളുപ്പം ലത്തീനീകരിക്കുവാൻ സാധിക്കുമെന്നു പോർട്ടുഗീസുകാർ പ്രത്യാശിച്ചു.

ആധ്യാത്മികജീവിതം മെച്ചപ്പെടുത്താൻ

മാർത്തോമ്മാക്രിസ്ത്യാനികളെ പോർട്ടുഗീസുകാരോടു് സമ്പർക്കത്തിലാക്കുവാനും, അവരെ ലത്തീൻ റീത്തിലേക്കു പരിവർത്തനം ചെയ്യിക്കുവാനും എളുപ്പമായിരുന്നു. സാഹചര്യം അതിനു് അനുകൂലമായിരുന്നല്ലോ. അവരുടെ മതചൈതന്യം അത്രയ്ക്കു അസ്തപ്രായമായിരുന്നു. കുടുംബപാരമ്പര്യവും വംശാവലിയുംകൊണ്ടാണു് ക്രിസ്ത്യാനികളെന്നറിയപ്പെട്ടിരുന്നതു്. ഈ നിലയിൽ തങ്ങളുടെ ഭരണത്തിനു സമർപ്പിക്കപ്പെട്ട ക്രൈസ്തവരെ ലത്തീൻറീത്തിലേക്കു് പരിവർത്തനം ചെയ്യുക പോർട്ടുഗീസുകാർക്കു ബുദ്ധിമുട്ടുള്ള കാര്യമായിരുന്നില്ല. മുസ്ലീമുകളുടെയും ഹിന്ദുക്കളുടെയും ഇടയിൽ സമ്മിശ്രമായി വസിച്ചിരുന്നതിനാൽ അക്രൈസ്തവരുടെ ദുരാചാരങ്ങളും അന്ധവിശ്വാസങ്ങളും പൂർവ ക്രൈസ്തവരുടെ ജീവിതത്തിലേക്കു നഴഞ്ഞു കയറി. ക്ലേശകരം പരികർമ്മം നടത്തിയിരുന്നതു് തെറ്റായ രീതിയിലോ അർത്ഥശൂന്യമായ ആചാരങ്ങളം ഇടകലർത്തിയോ ആയിരുന്നു. ചരിത്രകാരനായ മെക്കെൻസി പ്രസ്താവിച്ചിരിക്കുന്നതിപ്രകാരമാണു്: ''ദിവ്യബലി അർപ്പിക്കുന്നതിനു് ചോറും കള്ളുമാണു് അപ്പത്തിന്റെയും വീഞ്ഞിന്റെയും സ്ഥാനത്തു് ഉപയോഗിച്ചിരുന്നതത്രെ'' [3].

---

2. ജോൺ ഓച്ചൻതുരുത്തു്: ''കേരളത്തിലെ ലത്തീൻ കത്തോലിക്കർ'' മാതൃഭൂമി ആഴ്ചപതിപ്പു് 1980 ജനുവരി 20. പേജു് 9.
3. G. T. Mackenzie: Christianity in India. p. 159.

malankaralibrary.com

വിവാഹത്തിലൂടെ

മാർത്തോമ്മാക്രിസ്ത്യാനികളുടെ മതാത്മകജീവിതം മെച്ചപ്പെടുത്തുന്നതിനു് ജ്ഞാനസ്നാനവും മറ്റു ക്ലേശകളും ലത്തീൻ റീത്തിൽ നൽകുക ഉചിതമായിരിക്കുമല്ലോ. കൊടുങ്ങല്ലൂരും, കൊച്ചിയിലും, കൊല്ലത്തും ദേവാലയങ്ങൾ പണിയിച്ചും ആശ്രമങ്ങളും കോൺവെന്റുകളും സ്ഥാപിച്ചും മാർത്തോമ്മാക്രിസ്ത്യാനികളെ ലത്തീൻ റീത്തിലേക്കു് ആകർഷിച്ചു. അവമൂലം പരിവർത്തനം എളുപ്പം സാധിക്കുമെന്നു് പോർട്ടുഗീസുകാർ ആശിച്ചിരുന്നു. പോർട്ടുഗീസു് പ്രധാനികളിൽ ചിലർ മാർത്തോമ്മാക്രിസ്ത്യാനി വിഭാഗത്തിൽപ്പെട്ട സുന്ദരിവനിതകളെ വിവാഹംചെയ്തു ലത്തീൻ റീത്തിലേക്കു പരിവർത്തനം ചെയ്യുവാൻ നയതന്ത്രപരമായി പരിശ്രമിച്ചിരുന്നു. ധനവും സ്ഥാനമാനങ്ങളും കാംക്ഷിച്ചു എതാനും മാർത്തോമ്മാ വനിതകളും ഈ പ്രലോഭനത്തിനു വഴിപ്പെട്ടു. അവരെല്ലാം കൊച്ചിയും പരിസരപ്രദേശങ്ങളും കേന്ദ്രീകരിച്ചു താമസിച്ചുപോന്നു [4].

പോർട്ടുഗീസുകാർക്കു മലബാറിലെ ക്രിസ്ത്യാനികളെക്കൊണ്ടു ആവശ്യമുണ്ടായിരുന്നതുപോലെ അവർക്കും ക്രിസ്തീയശക്തിയായ പോർട്ടുഗീസുകാരെക്കൊണ്ടു ആവശ്യവും ഉപകാരവും ഉണ്ടായിരുന്നു. പോർട്ടുഗീസുകാരെക്കൊണ്ടു് ചരക്കെടുപ്പിക്കാതിരിക്കാൻ മുഹമ്മദീയർ കണ്ടുപിടിച്ച മാർഗം ക്രിസ്ത്യാനികളെ മലബാറിൽനിന്നും ബഹിഷ്ക്കരിക്കുകയാണു്. പോർട്ടുഗീസുകാരും മാർത്തോമ്മാ ക്രിസ്ത്യാനികളും തമ്മിൽ മതാത്മകമായുണ്ടായിരുന്ന ഐകരൂപ്യം തന്നെയാണു് അവർ തമ്മിൽ അടുക്കുവാൻ പ്രേരിപ്പിച്ചതു്. ക്രിസ്ത്യാനികളിൽ ചില പ്രധാനികളും തങ്ങളെ പോർട്ടുഗീസുകാരുടെ മേൽക്കോയ്മയ്ക്കു സമർപ്പിക്കയുണ്ടായല്ലോ. അതിനാൽ വാണിജ്യവും സൈനികസേവനവും മറ്റു ഉദ്യോഗലബ്ധിയുംവഴി പോർട്ടുഗീസുകാരോടു് ഒന്നുചേർന്ന ലത്തീൻറീത്തു് സ്വീകരിക്കാൻ അവർ സന്നദ്ധരായതിൽ അസാംഗത്യമില്ലല്ലോ. ആ കാലഘട്ടത്തിൽ കുറെ മാർത്തോമ്മാക്രിസ്ത്യാനികളും കൊച്ചിയിലും വന്നു വസിച്ചു. പോർട്ടുഗീസുകാരോടു് കൂട്ടുതൽ അടുത്തും സഹകരിച്ചും വന്ന ക്രിസ്ത്യാനികളും പോർട്ടുഗീസുകാർ സ്ഥാപിച്ച പള്ളികളിലെ ആരാധനക്രമങ്ങളിൽ സംബന്ധിക്കുകയും ചെയ്തിരുന്നു. അന്നത്തെ മാർത്തോമ്മാക്രിസ്ത്യാനികളെ ലത്തീൻറീത്തിലേക്കു് ചേർത്തു അവരെ നെസ്തോറിയൻ പാഷണ്ഡതയിൽപ്പെടാതെ സംരക്ഷിക്കേണ്ടതു് അഭിലഷണീയ പ്രവൃത്തിക്കുടിയായിരിക്കുമെന്നും പോർട്ടുഗീസുകാർ ധരിച്ചു. പൂർവ ക്രിസ്ത്യാ

4. ക്രൈസ്തവ വിജ്ഞാനകോശം: പ്രകാശം പബ്ലിക്കേഷൻസു് 1975. പേജു്. 117.

malankaralibrary.com

നികളുടെ വൈദിക മേലദ്ധ്യക്ഷനും പോർട്ടുഗീസുകാരും തമ്മിലുള്ള സ്നേഹബന്ധവും തൽക്കാര്യ സാദ്ധ്യത്തിനു് ഉപോൽബലകമായി.[5]

മെത്രാൻ അബുനാ യാക്കോബിന്റെ സഹകരണം

ഇന്ത്യയിൽ പോർട്ടുഗീസുകാർ വരുന്നതിനു് ഏതാനും സംവത്സരങ്ങൾക്കു മുൻപു് അർമ്മേന്യാ പാത്രിയർക്കീസു് നാലു മെത്രാൻമാരെ ഈ പൂർവ ക്രിസ്തീയ സമൂഹത്തിന്റെ മതാത്മകമായ ഭരണത്തിനായി അയച്ചിരുന്നു. അവരിൽ ഒരുവനായിരുന്ന അബുനാ യാക്കോബു്. അദ്ദേഹം പോർട്ടുഗീസു ഗവർണരുടെ ആദരവിനു് പാത്രീഭവിച്ചിരുന്നു. കാരണം അദ്ദേഹത്തിനു് പോർട്ടുഗീസു് പക്ഷക്കാരായ വൈദികരോടു് ബഹുമാനവും മൈത്രിയുമുണ്ടായിരുന്നു[6]. മഹാമനസ്കനായ അബുന യാക്കോബു് തന്റെ ജനത്തെ പോർട്ടുഗീസുകാരുടെ കീഴിലാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവരുടെ മതാത്മകമായ ഗുണോൽക്കർഷത്തിനു മാത്രമല്ല, ഭൗതികമായ ഭദ്രതയ്ക്കും അഭ്യുന്നതിക്കും ഉള്ള മാർഗം ഇപ്രകാരമെന്നായിരുന്നു അദ്ദേഹത്തിന്റെ ബോധ്യം[7]. മാർത്തോമ്മാക്രിസ്ത്യാനികളെ ലത്തീൻറീത്തു സ്വീകരിക്കാൻ പോർട്ടുഗീസു മിഷനറിമാർ പ്രേരിപ്പിച്ചിരുന്നു. സുറിയാനിഭാഷയാണു് പല പാഷണ്ഡതകളുടെയും ഉറവുചാലു്. ക്രമേണ സുറിയാനിഭാഷയുടെ സ്ഥാനത്തു് ലത്തീൻഭാഷയും ലത്തീൻറീത്തും സ്ഥാപിക്കുന്നതിനു് പോർട്ടുഗീസുകാർ പരിശ്രമിച്ചു. അതിനു സഹായമായി ലത്തീൻറീത്തിന്റെ പ്രചാരത്തിനു വേണ്ടി കൊച്ചി, പള്ളുരുത്തി, ഇടക്കൊച്ചി എന്നീ സ്ഥലങ്ങളിൽ അവർക്കു പള്ളികളും സ്ഥാപിച്ചു. കൊടുങ്ങല്ലൂരിലും അതിനടുത്തും അവർ പള്ളികളും സ്ഥാപിച്ചിരുന്നു. യുദ്ധത്തിനും കച്ചവടത്തിനുമായി പോർട്ടുഗീസുകാരോടുകൂടി ചേർന്ന ക്രിസ്ത്യാനികളും ലത്തീൻറീത്തു് സ്വീകരിക്കുക മാത്രമല്ല സ്ഥാനമാനങ്ങളും സ്വീകരിച്ചു. യൂറോപ്യൻ പേരുകളുംപോലും സ്വീകരിച്ചു തുടങ്ങി. ഇങ്ങനെ ലത്തീൻറീത്തു സ്വീകരിക്കുന്നവർക്കു ലഭിക്കുന്ന ആകർഷണീയ സമ്മാനങ്ങളും, ഉദ്യോഗങ്ങളും, ശമ്പളം, കച്ചവടത്തിനുള്ള സൗകര്യം, മുസ്ലീമുകളുടെ ഉപദ്രവങ്ങളിൽനിന്നും ഭീഷണികളിൽനിന്നുമുള്ള മോചനം എന്നിവയാൽ ആകൃഷ്ടരായി പൂർവക്രിസ്ത്യാനികളിൽ പലരും ലത്തീൻറീത്തു് സ്വീകരിച്ചു.

സൈന്യത്തിൽ മാർത്തോമ്മാക്രിസ്ത്യാനികൾ

ലത്തീൻറീത്തു പ്രചരിപ്പിക്കാൻ പോർട്ടുഗീസുകാർ അവലംബിച്ച രണ്ടാമത്തെ മാർഗം പൂർവ ക്രിസ്ത്യാനികളെ സൈന്യത്തിൽ

---

5. ലെയോപ്പോൾഡ് ടി. ഒ. സി. ഡി: കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ. അദ്ധ്യായം 4. പേജ് 33.

6. Dr. Mathews De Olivere Xavier, Bishop of Cochin: Some Elucidations. pp. 4-5.

7. Three Letters of Mar Jacob-Malabar Church and Rome. p. 13.

malankaralibrary.com

ചേക്കുക, ഉന്നതപദവികളും നൽകുക എന്നിവയാണു്. തെക്കെ ഇന്ത്യയിലെ കടൽത്തീരത്തു തുടർച്ചയായി മുഹമ്മദീയരോടും മറ്റു ഹിന്ദു രാജാക്കന്മാരോടും യുദ്ധം ചെയ്യേണ്ടിയിരുന്നതിനാൽ മാത്തോമ്മാ ക്രിസ്ത്യാനികളിൽനിന്നു് ഒട്ടുവളരെപ്പേരെ സൈന്യത്തിൽ മന:പൂർവം ചേർത്തു. അവരുടെ ധൈര്യവും ശക്തിയും പോർട്ടുഗീസുകാരെ അതിശയിപ്പിച്ചിരുന്നു.

അബൂന യാക്കോബ് 1523 – ൽ പോർട്ടുഗീസ് രാജാവിനു് 25,000–ൽ പരം യോദ്ധാക്കളെ ആവശ്യമുണ്ടെങ്കിൽ ലഭ്യമാക്കാമെന്നു ഒരു കത്തിൽ അറിയിച്ചിരുന്നു [8]. പോർട്ടുഗീസുകാരുമായി സഹകരിച്ച ഇവർക്കു പല സ്ഥാനമാനങ്ങളും അവർ കൊടുത്തതായി പോർട്ടുഗീസു ചരിത്രകാരന്മാർ പ്രസ്താവിച്ചിട്ടുണ്ടു് [9]. പോർട്ടുഗീസു് ആധിപത്യകാലത്തു് ക്രൈസ്തവസമൂഹം ലഭിച്ച സ്ഥാനത്തെപ്പറ്റി കൊച്ചിൻ സ്റ്റേറ്റു മാന്വലിൽ: "പട്ടാളത്തിൽ അവരെ വലിയ ഉദ്യോഗനിലയിൽ ഉയർത്തുന്നതിനു് തടസ്സമൊന്നും ഉണ്ടായിരുന്നില്ല. അന്തോനി ഫെർണാണ്ടസ് എന്ന കൊച്ചിക്കാരൻ സൈന്യാധിപന്മാരുടെ കീഴിൽ പ്രധാന ഉദ്യോഗം വഹിച്ചിരുന്നു" [10].

1510 ഫെബ്രുവരി 16–ന ഗോവ പിടിച്ചെടുക്കാൻ പുറപ്പെട്ട സൈന്യത്തിൽ 200 ക്രിസ്ത്യാനികളായ യോദ്ധാക്കളുണ്ടായിരുന്നു. 1516–ൽ ലോപ്പസ് സാരസ് കൊച്ചിയിൽ ഗവർണരായിരുന്നപ്പോഴും റുമ്മിസുൽത്താന്റെ സൈന്യത്തോടെതിർക്കാൻ പുറപ്പെട്ട പോർട്ടുഗീസു കപ്പലിൽ 800 മലയാളികളായ സൈനികർ. 1599–ൽ മെനേസിസ് മെത്രാപ്പോലീത്താ ഉദയംപേരൂർ സൂനഹദോസ് കഴിഞ്ഞു കൊച്ചിയിൽനിന്നു് മടങ്ങിപ്പോയപ്പോഴും മാർത്തോമ്മാക്രിസ്ത്യാനികളിൽ രണ്ടു സമർത്ഥരായ കപ്പിത്താന്മാരെയും അവരുടെ ജനത്തെയും ഗോവയിലേക്കു കൊണ്ടുപോയി. അവർക്കു രണ്ടു കപ്പലുകളും കൊടുത്തു. "കുഞ്ഞാലൊ" എന്ന ദേശത്തിലെ യുദ്ധത്തിൽ അവർ ധീരതയോടെ പോരാടി.

പണ്ടേതന്നെ രണശൂരരായ മാർത്തോമ്മാക്രിസ്ത്യാനികളുടെ തങ്ങളുടെ സൈനിക പാരമ്പര്യം പ്രശസ്തമാക്കി പുലർത്തുന്നതിനുള്ള അവസരങ്ങളും പോർട്ടുഗീസുകാരുടെ കീഴിൽ സുലഭമായി. സ്വദേശത്തും, ഗോവ, സിലോൺ, ഓർമ്മസ് തുടങ്ങിയ വിവിധ സ്ഥലങ്ങളിലും നടന്ന യുദ്ധങ്ങളിലെല്ലാം പോർട്ടുഗീസുകാരോടൊപ്പം അഭിമാനകരമാംവണ്ണം ഇവരും പങ്കെടുത്തു [11]. ആധ്യാത്മികോന്നമനം പ്രാപി

8. Three Letters of Mar Jacob–Malabar Church and Rome. p. 13.
9. Achutha Menon: Cochin State Manuel. p. 108.
10. സുറിയാനി ക്രിസ്ത്യാനികളിൽ ചിലർക്കു കപ്പിത്താൻ, ആൽപ്പെരീസ്, അരശു എന്നീ സ്ഥാനപ്പേരുകളും കൊടുത്തിരുന്നു.
11. C. Achutha Menon: Cochin State Manuel. p. 116.

malankaralibrary.com

ക്കാൻ അവർക്ക സാധിച്ചു. പണ്ടേതന്നെയുണ്ടായിരുന്ന പോർട്ടുഗൽ രാജാവിന്റെ സംരക്ഷണം തുടർന്നും അനുഭവിച്ചുവന്നതിനു പുറമെ പല സ്ഥാനമാനങ്ങളും ലഭിച്ചു.

സെമിനാരികളിൽ മാർത്തോമ്മാക്രിസ്ത്യാനികൾ

മേലുദ്ധരിച്ച ഉപാധികളെക്കാൾ ഏറ്റവും പ്രാധാന്യമേറിയ മാർഗം മാത്തോമ്മാക്രിസ്ത്യാനികളിൽനിന്നു ലത്തീൻറീത്തിലുള്ള സെമിനാരികളിൽ വൈദികവിദ്യാർത്ഥികളെ സ്വീകരിച്ചു പരിശീലനം പൂർത്തിയാകുമ്പോൾ ലത്തീൻറീത്തിൽ പട്ടം കൊടുക്കുകയെന്നതാണ്. ഈ ഉദ്ദേശസാധ്യത്തിനായി 1541-ൽ ഫ്രാൻസിസ്ക്കൻ സന്യാസികൾ കൊടുങ്ങല്ലൂരിൽ സെമിനാരി സ്ഥാപിച്ചു സീറോ മലബാർ കുടുംബങ്ങളിൽനിന്നു യുവാക്കളെ സ്വീകരിക്കാൻ തുടങ്ങി. വി. ഫ്രാൻസിസ് സേവ്യർ ഇത് സന്ദർശിച്ചശേഷം എഴുതിയ മൂന്നു കത്തുകളിൽ സെമിനാരിയെ പ്രശംസിച്ചു എഴുതി. 60 വില്ലേജുകളിൽനിന്നു നൂറോളം വൈദിക വിദ്യാർത്ഥികൾ ഈ സെമിനാരിയിൽ ചേർന്നു പഠിച്ചിരുന്ന വിവരം എഴുത്തുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്[12]. 1577-ൽ വൈപ്പിക്കോട്ടയിൽ ഈശോസഭക്കാർ സെമിനാരി ആരംഭിച്ചു. കൊച്ചിയിലെ മറെറാരു സെമിനാരിയിൽ ധാരാളം മാർത്തോമ്മാ ക്രിസ്ത്യാനികൾ പഠിക്കുന്നുണ്ടായിരുന്നു[13]. ലത്തീൻറീത്തിൽ വൈദികപട്ടം സ്വീകരിച്ച മാർത്തോമ്മാക്രിസ്ത്യാനികൾ പൂർവ ക്രിസ്ത്യാനികളെ ലത്തീൻരീതി അനുവർത്തിപ്പിക്കാൻ ശക്തമായ ഉപാധിയായി. മാർത്തോമ്മാക്രിസ്ത്യാനികളിൽ നിന്നു പ്രബലമായ എതിർപ്പുണ്ടായിരുന്നതിനാൽ ഈ പോംവഴി വിജയപ്രദമായില്ല. എന്നിരുന്നാലും മാത്തോമ്മാ ക്രൈസ്തവരിൽനിന്നു ലത്തീൻ സെമിനാരികളിൽ പഠിച്ച ഉന്നതബിരുദം സമ്പാദിച്ച ഒട്ടുവളരെ പ്പേർ അക്കാലത്തു മലബാറിലും മറ്റു രാജ്യങ്ങളിലുമുണ്ടായിരുന്നു. കൊച്ചി സ്വദേശിയായ ഫാ. മാനുവൽ ഡി ഗാമയെ 1605-ൽ സിലോണിലേക്കു അയച്ചു[14]. കൊച്ചിക്കാരനായ ഫാ. ഡൊമിനിക്കൊ പീക്കോ സിലോണിലെ വികാരി ജനറലായി. പീറർ ലൂയിസ് എന്ന മാത്തോമ്മാക്രിസ്ത്യാനി വൈദികപട്ടം സ്വീകരിച്ചു സീറോ മലബാർ ക്രിസ്ത്യാനികളെ പഠിപ്പിക്കുന്നതിനു ഈശോസഭാംഗങ്ങളോടു ചേർന്നു സെമിനാരിയിലെ പ്രൊഫസറായി[15]. ആർച്ചുഡീക്കൻ ജോർജിന്റെ ബന്ധു ലത്തീൻറീത്തിൽ ചേർന്നു വൈദികനായി.

---

12. L. M. Pylee, Achutha Menon: Cochin State Manuel page. 110.
13. L. M. Pylee: St. Thomas Christians and Archdiocese of Verapoly p. 81.
14. Ethiopia Orientale. vol. IV. p. 142.
15. Francisco D'Souza: Oriente Conquestado. vol. I. p. 60.

malankaralibrary.com

1599-ലെ ഉദയമ്പേരൂർ സൂനഹദോസിൽ സംബന്ധിച്ചു. പറവൂർ സ്വദേശി ഭോം ജോർജ് ഡി റോമിൽ ഉന്നത വിദ്യാഭ്യാസം കഴിഞ്ഞു മലബാറിലേക്കു മടങ്ങിയ അവസരത്തിൽ പോർട്ടുഗീസു മിഷനറിമാർ കൊടുങ്ങല്ലൂരിൽ ആരംഭിച്ചതുപോലുള്ള വിദ്യാലയം കൊച്ചിയിലും കൊല്ലത്തും സ്ഥാപിച്ചു. അവർ കൊല്ലത്തു സ്ഥാപിച്ച കോളജിൽ അധ്യയനം നടത്തിയിരുന്ന 150 വിദ്യാർത്ഥികളിൽ ഒരു വിഭാഗം മാർത്തോമ്മാക്രിസ്ത്യാനികളായിരുന്നു[16]. 1577-ൽ കൊടുങ്ങല്ലൂരിൽ നിന്നു 6 കിലോമീറ്റർ അകലെയുള്ള ചേന്ദമംഗലത്തു പോർട്ടുഗീസുകാർ വൈപ്പിൻകോട്ട സെമിനാരി സ്ഥാപിച്ചു.

ഈശോസഭക്കാരുടെ ഈ സ്ഥാപനത്തിലെ അധ്യയനപരിപാടികളും കൊടുങ്ങല്ലൂർ സെമിനാരിയിലേതിൽനിന്നു വ്യത്യസ്തം. ഇവിടെ ലത്തീൻ, സുറിയാനി ഭാഷകളും പഠിപ്പിച്ചിരുന്നു. വൈദിക വിദ്യാർത്ഥികളെ യഥേഷ്ടം റീത്തു തിരഞ്ഞെടുക്കുകയും വൈദിക പട്ടം സ്വീകരിക്കുകയും ചെയ്യുന്നതിനു സ്വാതന്ത്ര്യമുണ്ടായിരുന്നുവെന്ന വസ്തുത വൈപ്പിൻകോട്ട സെമിനാരിയുടെ റെക്ടറും പിന്നീടു അങ്കമാലി രൂപതയുടെ മെത്രാനുമായ റോസു തിരുമേനി രേഖപ്പെടുത്തിയിട്ടുണ്ട്[17].

ലത്തീൻറീത്തു സ്വീകരിച്ചതിനു തെളിവുകൾ

ക്രൈസ്തവരുടെ മേലധ്യക്ഷനായിരുന്ന അബുന യാക്കോബു പോർട്ടുഗൽ രാജാവിനയച്ച കത്തുകളും പല ചരിത്രരേഖകളും പരിശോധിച്ച പ്രസിദ്ധ പണ്ഡിതൻ ഫാ. ജോർജ് ഷൂറാമർ എസ്. ജെ. പ്രസ്താവിച്ചിരിക്കുന്നതു പതിനാറാം ശതാബ്ദത്തിന്റെ പ്രഥമ പാദത്തിലും അതിനുശേഷവും പോർട്ടുഗീസു മിഷനറിമാർക്കു ആദ്യപരമായി ഉണ്ടായിരുന്ന ഒരു പ്രക്രിയ മാർത്തോമ്മാക്രിസ്ത്യാനികളെ ലത്തീൻറീത്തിലേക്കു നേടുക എന്നതാണു. അതിനുപയോഗിച്ചിരുന്ന മാർഗങ്ങളും മലബാറിലെ സുറിയാനി ക്രിസ്ത്യൻ യുവാക്കളെ ലത്തീൻ സെമിനാരികളിൽ ചേർത്തു പഠിപ്പിച്ചു ലത്തീൻറീത്തിൽ പൗരോഹിത്യപട്ടം കൊടുത്തു ലത്തീൻകാരാക്കുക എന്നതായിരുന്നു. അങ്ങനെ ലത്തീൻ വൈദികരുടെ പ്രത്യേകിച്ചു ഫ്രാൻസിസ്ക്കൻ മിഷനറിമാരുടെ മേൽനോട്ടത്തിൽ ഒരു ഏതദ്ദേശീയ വൈദികഗണം രൂപവൽക്കരിക്കുക ലക്ഷ്യം[18].

മാർത്തോമ്മാക്രിസ്ത്യാനികളിൽ ഒരു ഭാഗം മാർ യാക്കോബു മെത്രാന്റെയും അദ്ദേഹത്തിന്റെ സഹായികളായ ഫ്രാൻസിസ്ക്കൻ

16. Msgr. Zaleski: Martyrs of India. p. 731.

17 Oriente Conquistado. vol II. p. 126.

18. കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികൾ, ഉദ്ധൃതഗ്രന്ഥം പേജ് 50.

malankaralibrary.com

സഭക്കോരുടെയും അപേക്ഷയനുസരിച്ചു ലത്തീൻറീത്തു സ്വീകരിച്ചു[19]. മാർ യാക്കോബ് മെത്രാന്റെ നിര്യാണത്തിനു ശേഷവും അനന്തരഗാമികളായ മാർ ഏലിയാസ്, മാർ ജോസഫ് എന്നിവർ റീത്തു പരിവർത്തനത്തെ പ്രോത്സാഹിപ്പിച്ചു. അവർ ലത്തീൻറീത്തിൽ ദിവ്യബലി അർപ്പിച്ചിരുന്നു. ഫ്രാൻസിസ്ക്കൻ മിഷനറിമാരെ പ്രോത്സാഹിപ്പിച്ചിരുന്നു[20].

ഉത്തമവിശ്വാസത്തോടും അതിലേറെ തീക്ഷ്ണതയോടും കൂടി പോർട്ടുഗീസുമിഷനറിമാർ നടത്തിയിരുന്ന റീത്തു പരിവർത്തനശ്രമം ഏകീകരിക്കുകയും ഊർജ്ജിതപ്പെടുത്തുകയും ചെയ്തിരുന്നതിന്റെ ഫലമായി അക്രൈസ്തവരുടെ മാനസാന്തര പ്രവർത്തനങ്ങളും ഒന്നും തന്നെ അവർ ചെയ്തിരുന്നില്ലത്രേ. റീത്തു പരിവർത്തനം എല്ലാവിധത്തിലും വലിയൊരു വിജയമായിരുന്നു. കൊച്ചി,കൊടുങ്ങല്ലൂർ എന്നീ തുറമുഖപട്ടണങ്ങളെ വലയം ചെയ്തു കിടക്കുന്ന അനേകം ഗ്രാമങ്ങളിലും ചെറു ദ്വീപുകളിലുമുള്ള മാർത്തോമ്മാക്രിസ്ത്യാനികളും റീത്തുമാറി ലത്തീൻ ക്രിസ്ത്യാനികളായിത്തീർന്നതിന്റെ ഫലമായി ഇപ്പോഴും ലത്തീൻ കത്തോലിക്കർ മാത്രമേ അവിടെയുള്ളൂ.[21]. അവരിൽ പല കുടുംബങ്ങളുടെയും തായ്വേര് പരിശോധിച്ചാൽ പോർട്ടുഗീസു കാലഘട്ടത്തിൽ തങ്ങളുടെ പഴയ സുറിയാനി റീത്തു മാറി ലത്തീൻകാരായിത്തീർന്നതാണെന്നു കാണാം.

ഉദയമ്പേരൂർ സൂനഹദോസും റീത്തുമാറ്റവും

റീത്തുമാറ്റ പ്രക്രിയയുടെ പ്രാരംഭഘട്ടത്തിൽ 1589-ൽ നടന്ന ഉദയംപേരൂർ സൂനഹദോസിൽ പ്രതിനിധികളായി അയക്കപ്പെട്ടവരിൽ കേരളത്തിലെ 128 പള്ളികളിൽ 15-ലേറെ പള്ളികളും അവയുടെ പ്രതിനിധികളും മാർത്തോമ്മാ ലത്തീൻ ക്രിസ്ത്യാനികളുടേതായിരുന്നുവെന്ന് സൂനഹദോസ് ചരിത്ര പണ്ഡിതനായ ജെ. എഫ്. റോജിൻ രേഖപ്പെടുത്തിയിട്ടുണ്ട്. സി. എ. ആഗുറും ഈ വസ്തുത എടുത്തു പറയുന്നു[22]. ഉദയംപേരൂർ സൂനഹദോസിൽ കത്തനാരന്മാരെയും, പോർട്ടുഗീസ് പ്രധാനികളെയും കൂടാതെ റോമൻ ക്ലേരിമാരുടെ(വൈദിക സമൂഹം) ഗണ്യമായ ഒരു സംഘമുണ്ടായിരുന്നു.റീത്തുമാറ്റപ്രക്രിയ ക്നനൻകുരിശുസത്യം വളരെ ഊർജ്ജസ്വലമായി നടത്തി. ക്നനൻകുരിശു ശപഥത്തിനുശേഷവും റീത്തു പരിവർത്തനം നടത്തിയിരുന്നതായി സാക്ഷ്യങ്ങളുണ്ട്. മാർത്തോമ്മാ ക്രിസ്ത്യാനികളിൽനിന്ന് ഒട്ട വളരെപ്പേർ ലത്തീൻരീതി സ്വീകരിച്ചിരുന്നുവെന്നു ചരിത്രസാക്ഷ്യങ്ങളും ഉണ്ട്.ഉ

19. The Malabar Church and Rome during the Early Portuguese Period and Before.
20. കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികളും, ഉദ്ധൃതഗ്രന്ഥം പേജ് 50.
21. V. C. George: Centenary Souvenir 1952. St. Francis Xavier and St. Thomas Christians.
22. C. A. Augur: The Church History of India. p. 224.

malankaralibrary.com

ദാഹരണമായി ഡോ.ഫ്രാൻസിസ്, ഡോ.എം. ശങ്കരമേനോൻ(Cochin Law Reports), ഫാ. സി. കെ. മറ്റം, ഫാ. ബർണാഡ് ടി. ഒ. സി. ഡി. (മാർത്തോമ്മാക്രിസ്ത്യാനികൾ), വി. എ.പാസ്കൽ (Latin and Syrian Hierarchies of Malabar), Fr. Francis D'Souza (Oriente Conquistado part II.) എന്നിവരുടെ സാക്ഷ്യങ്ങൾ കാണുക. സുറിയാനി സഭാ ചരിത്രകാരനായ ഡോ. പി. ജെ. തോമസ് പറയുന്നു: കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളിൽ വളരെ പേർ ലത്തീൻ റീത്തിലേക്ക് പോയിട്ടുണ്ട് [23].

കേരളത്തിലെ മൂന്ന് സുറിയാനി അപ്പസ്തോലിക വികാരിയേറുകളിൽ ഉൾപ്പെട്ടിരുന്ന സുറിയാനിക്കാരായ വൈദികർ ഒന്നു ചേർന്നു അച്ചടിപ്പിച്ച് പത്താം പീയൂസ് മാർപാപ്പ തിരുമേനിക്കും, കർദ്ദിനാൾമാക്കും സമർപ്പിച്ച ചെറുപുസ്തകത്തിലും ലത്തീൻറീത്തിലേക്കു പരിവർത്തനം ഉണ്ടായിട്ടുള്ളതായി പറയുന്നു. അതിലെ പ്രസക്ത ഭാഗങ്ങൾ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ: സമ്മർദ്ദം, നിർബന്ധം, വാഗ്ദാനങ്ങൾ മുതലായവയാൽ വിശ്വാസികളെ ലത്തീൻറീത്തു സ്വീകരിക്കത്തക്കവിധം വശീകൃതരായി പല പള്ളികളും ലത്തീൻപള്ളികളായി പരിവർത്തനം ചെയ്തു. സുറിയാനി സമുദായം ശോചനീയമാംവിധം ശോഷിച്ചുപോയി [24]. ഒരു സിറിയൻ ചരിത്രകാരൻ ഇപ്രകാരമാണ് സിനോപ്പിസ് ഓഫ് ഹിസ്റ്ററി ഓഫ് സിറിയൻ ചർച്ച് എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നത്: "Many of Syrian rites were Latinised by the Portuguese" സുറിയാനിറീത്തിൽപ്പെട്ട അനേകം പേരെ പോർട്ടുഗീസുകാർ ലത്തീൻകാരാക്കി. സുറിയാനിക്കാരിൽ പലരും ലത്തീൻറീത്തു സ്വീകരിച്ചു. സുറിയാനിപ്പള്ളികളിൽ പലതും ലത്തീൻ പള്ളികളായി. ('മാർത്തോമ്മാക്രിസ്ത്യാനികൾ') മിഷനറിമാരുടെ അവിശ്രമപരിശ്രമത്താലും അവർക്ക മാർ അബ്യൂനയാക്കോബ് നൽകിക്കൊണ്ടിരുന്ന പ്രോത്സാഹനത്താലും കൊടുങ്ങല്ലൂർ, കൊച്ചി, കൊല്ലം എന്നീ സ്ഥലങ്ങളിലും സമീപപ്രദേശങ്ങളിലും വസിക്കുന്ന മാർത്തോമ്മാക്രിസ്ത്യാനികളുടെ ഗണ്യമായ ഭാഗം ലത്തീൻറീത്തു സ്വീകരിച്ചു [25]. മറ്റു മിഷനറിമാർക്കുണ്ടായിരുന്ന സൗകര്യങ്ങളെക്കാളും അധികം സൗകര്യത്തോടുകൂടിയാണ് പോർട്ടുഗീസ് മിഷനറിമാർ തങ്ങൾക്കുണ്ടായിരുന്ന രക്ഷാധികാരം മൂലം മാത്തോമ്മാക്രിസ്ത്യാനികളെ ലത്തീൻറീത്തിലേക്ക മാറ്റിയത് [26].

ഒരു റീത്തിൽ ഉൾപ്പെട്ടവരെ മറ്റൊരു റീത്തിലേക്ക പരിവർത്തനം ചെയ്യിക്കേണ്ടതാവശ്യമാണോ? മതപരിവർത്തനം നടത്തുന്നതു

23. Dr. P. J. Thomas: The Traditions of St. Thomas Christians, 1952.
24. Libellus Suppler (S. S. MO. D. N.) P. 10. Summer Pontfici et Emimenton Cardinal SRE.
25. Synopses of the History of Syrian Church Malabar.
26. തിരുപിതാംക്കൾ സ്റ്റേറ്റ് മാന്വൽ.

malankaralibrary.com

സഭയുടെ നയത്തിനു ചേർന്നതാണോ? ചരിത്രാന്വേഷകനായ മെക്കെൻസി ദീർഘപരിശോധനയ്ക്കുശേഷം അതിനു് ഇങ്ങനെയാണു് പ്രത്യുത്തരം നൽകുന്നതു്: "നാന്നൂറുവർഷങ്ങൾക്കു മുൻപു് പോർട്ടുഗീസുകാർക്കു് റോമിൽനിന്നു അത്ര നിശ്ചിതമായ നിർദ്ദേശങ്ങളും ഇതു സംബന്ധിച്ചു ലഭിച്ചിരുന്നില്ല. അവർ ഇവിടെ എത്തിയതു മുതൽ ഉദയംപേരൂർ സൂനഹദോസ്വരെ മാർത്തോമ്മാക്രിസ്ത്യാനികളെ ലത്തീൻ റീത്തിലേക്കാനയിക്കാൻ ശ്രമിച്ചിരുന്നില്ല [27]". ഉദയംപേരൂർ സൂനഹദോസിനുശേഷം ഏറെറം ആധുനികരായ സുറിയാനി ചരിത്രപണ്ഡിതന്മാരിൽ ചിലർ ഈ റീത്തുമാറ്റ പ്രക്രിയയെ അംഗീകരിച്ചു രേഖപ്പെടുത്തിയിട്ടുണ്ടു്. തൃശ്ശൂർ സെൻറ് തോമസ് കോളജിലെ പ്രിൻസിപ്പൽ മോൺ. തോമസ് മൂത്തേടൻ: "തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴര പള്ളികളിൽ രണ്ടെണ്ണം (കൊടുങ്ങല്ലൂരും കൊല്ലവും) ലത്തീൻ മെത്രാന്മാരുടെ കീഴിലാണല്ലോ. സുറിയാനി ക്രിസ്ത്യാനികളും പോർട്ടുഗീസുകാരുമായി തെറ്റിപ്പിരിഞ്ഞശേഷം ഒരു വിഭാഗം കിഴക്കൻ ഉൾപ്രദേശങ്ങളിൽ കുടിയേറിപ്പാർത്തു. മറെറാരു വിഭാഗം ലത്തീൻറീത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ടന്നതിനിടയായി" [28] നസ്രാണികളിൽ ഗണ്യമായ ഒരു വിഭാഗം (Syro Malabar Church) മാർ ജയിക്കബിന്റെയും അദ്ദേഹത്തിന്റെ സഹായികളായ ഫ്രാൻസിസ്കൻ മിഷനറിമാരുടെയും പ്രേരണയിൽ ലത്തീൻറീത്തു് സ്വീകരിച്ചു എന്നു് ഗ്രിഗോറിയൻ സർവകലാശാല (റോം) യിലെ പ്രസിദ്ധ ചരിത്രകാരനായ ഫാ. ജോർജ് ഷൂറാമർ എസ്. ജെ. രേഖപ്പെടുത്തിയിരിക്കുന്നതു് ഇവിടെ സ്മരണീയമാണു്. കത്തോലിക്കവൽക്കരണത്തെപ്പററി ഫാ. സി. കെ. മറേം: അന്നുവരെ ഏക റീത്തിൽ കഴിഞ്ഞുകൂടിയിരുന്ന ക്രിസ്ത്യാനികളിൽ ഒരു വിഭാഗം സൗകര്യാർത്ഥം ലത്തീൻ റീത്തിനെ അഭയം പ്രാപിച്ചതായി ചരിത്രരേഖകളുണ്ടു്. കൂനൻകുരിശു ശപഥത്തെ തുടർന്നു് ഒരു ഭാഗം യാക്കോബായ റീത്തിലും ചേർന്നു. ഇവർക്കു പുത്തൻകൂറുകാർ എന്ന നാമധേയവും സിദ്ധിച്ചു. ലത്തീനിൽച്ചേർന്ന ക്രിസ്ത്യാനികൾക്കു "ലത്തീൻ സുറിയാനി" ക്കാരെന്നു കുറെനാൾ പേരുണ്ടായിരുന്നു. എങ്കിലും ലത്തീൻ സമുദായത്തിന്റെ വികാസത്തോടുകൂടി ആ പേരു് കാലാന്തരത്തിൽ മാഞ്ഞുപോയി [29]. ലത്തീൻ സുറിയാനിക്കാരെന്ന പദം സമകാലീന പോർട്ടുഗീസു ഗ്രന്ഥങ്ങളിൽ പലയിടങ്ങളിലും കാണപ്പെടുന്നുണ്ടെന്നും കെ. ഇ. ജോബും രേഖപ്പെടുത്തിയിട്ടുണ്ടു് [30].

പോർട്ടുഗീസുകാരുടെ ആഗമനഘട്ടത്തിൽ കൊടുങ്ങല്ലൂരും സമീപപ്രദേശങ്ങളിലുമായി മുപ്പതിനായിരത്തോളവും കൊല്ലത്തും സമീപപ്രദേ

27. Mackenzie: Christianity in Travancore. P. 31.
28 Malabar Church and Rome during the Early Portuguese Period and Before p. 19.
29. കത്തോലിക്ക ജീവിതം, ആലപ്പുഴ, ഏപ്രിൽ 1951. പുറം. 173.
30. K. E. Job: The Malabar Cultural Contributions. p. 20.

malankaralibrary.com

ദേശങ്ങളിലുമായി ഇരുപതിനായിരത്തോളവും മാർത്തോമ്മാക്രിസ്ത്യാനികളും താമസിച്ചിരുന്നതായി ചരിത്രരേഖകളെ ആധാരമാക്കി ഫാ. ഫെറോളി എസ്. ജെ. പ്രസ്താവിച്ചിട്ടുണ്ട്. ഫാ. അന്തോണിയോ ഡി. ഹെറോദിയ(Fr. Antonio De Herodia) എന്ന പോർട്ടുഗീസു മിഷനറി കൊച്ചിയിൽ നിന്നു വി. ഇഗ്നേഷ്യസ് ലെയോളക്കയച്ച കത്തിൽ ഇപ്രകാരം പറയുന്നു: "കൊച്ചി പട്ടണത്തിലും അതിന്റെ അയൽപ്രദേശങ്ങളിലുമായി അനേകം മാത്തോമ്മാക്രിസ്ത്യാനികളും വസിക്കുന്നുണ്ട്. അവർക്ക് മനോഹരമായ പല ദേവാലയങ്ങളുമുണ്ട്[31]. ആ കാലഘട്ടത്തിൽ കൊച്ചി മാർത്തോമ്മാക്രിസ്ത്യാനികളുടെ മറെറാരു പ്രബലകേന്ദ്രമായിരുന്നുവെന്നു ഈ പ്രസ്താവന വെളിപ്പെടുത്തുന്നുണ്ടല്ലോ.

കൊട്ടങ്ങല്ലൂരും അയൽപ്രദേശങ്ങളിലും വസിച്ചിരുന്ന മാർത്തോമ്മാക്രിസ്ത്യാനികളുടെ പള്ളികളെല്ലാം ലത്തീൻറീത്തിലേക്കു ചേർക്കപ്പെടുകനിമിത്തം എ. ഡി. 1701-ൽ അതായതു പോർട്ടുഗീസുകാർ കൊട്ടങ്ങല്ലൂർ വിട്ടുപോയതിനുശേഷം ദീർഘകാലം കഴിഞ്ഞു ഏതാനും ചിലർ കൂടി വിട്ടുപോയി. ശേഷിച്ചവർ ലത്തീൻറീത്തുകാരായിത്തീർന്നുവെന്ന ചരിത്ര പണ്ഡിതനായ ഫാ. ബർണാഡ് ടി. ഒ. സി. ഡി. രേഖപ്പെടുത്തിയിരിക്കുന്നു[32]. കൊട്ടങ്ങല്ലൂർ. കാര, മതിലകം, തിരുത്തിപ്പുറം, വടക്കൻ പള്ളിപ്പുറം, മാള എന്നീ പ്രദേശങ്ങളിൽ ഇന്നു അധിവസിക്കുന്ന ലത്തീൻറീത്തുകാരിൽ പലരുടെയും കുടുംബപേരുകളും ഉത്തനാടുകളിൽ അധിവസിക്കുന്ന ചില സുറിയാനിക്കാരുടെ കുടുംബപ്പേരുകളിൽനിന്നു വിഭിന്നമല്ലയെന്നതു മാത്തോമ്മാക്രിസ്ത്യനികളിൽ ധാരാളംപേർ ലത്തീൻറീത്തു സ്വീകരിക്കുകയുണ്ടായി എന്ന യാഥാർത്ഥ്യത്തിനു ഉപോൽബലകമാണു.

പതിനെട്ടാം നൂറാണ്ടിൽ കൊല്ലത്തു വി. തോമ്മായുടെ നാമത്തിൽ പ്രതിഷ്ഠിതമായ ഒരു സുറിയാനിപ്പള്ളി ഉണ്ടായിരുന്നതായി പണ്ഡിതനും ചരിത്രാന്വേഷിയുമായ പൗളിനോസ് പാതിരി രേഖപ്പെടുത്തിയിട്ടുണ്ട്. അക്കാലത്തു ഒട്ടുവളരെ സുറിയാനിക്കാർ കൊല്ലത്തു പാർത്തിരുന്നതായിട്ടാണല്ലോ ഈ രേഖയിൽനിന്നു തെളിയുന്നതു. സുറിയാനിക്കാരുടേതായി ഒരു ദേവാലയവും ഇക്കാലങ്ങളിലില്ലാത്തതിനാൽ അതു പതിനെട്ടാംനൂറാണ്ടിലോ അതിനടുത്ത കാലഘട്ടത്തിലോ ലത്തീൻറീത്തിലായിപ്പോയെന്നും ജനങ്ങളിലൊരു ഭാഗം ലത്തീൻറീത്തിൽ ലയിച്ചുപോയെന്നും ഫാ. ബർണാഡ് ടി. ഒ. സി. ഡി. പ്രസ്താവിച്ചിരിക്കുന്നതു ചിന്താർഹമാണു[33].

---

31. George Mark Moraes: St. Francis Apostolic Nuncio (1542-52). p 9.

32. ഫാ. ബർണാർഡ് ടി. ഒ. സി. ഡി: മാർത്തോമ്മാക്രിസ്ത്യാനികളും. പുസ്തകം 2. പേജ് 162.

33. മാർത്തോമ്മാക്രിസ്ത്യാനികളും ഉദ്ധൃതഗ്രന്ഥം. വാല്യം 2. പേജ് 263.

malankaralibrary.com

പന്ത്രണ്ട്

ഉദയംപേരൂർ സൂനഹദോസ്

കേരളത്തിൽ ജാതിക്കും അന്ധവിശ്വാസങ്ങൾക്കുമെതിരായി ഒരു നൂറ്റാണ്ടുകാലം പോർട്ടുഗീസ് മിഷനറിമാർ നടത്തിപ്പോന്ന നവീകരണപ്രവർത്തനങ്ങൾക്ക് ജനസമ്മതിയും നിയമപരമായ അംഗീകാരവും നേടുന്നതിനായി ക്രൈസ്തവരുടെയും വൈദികരുടെയും പ്രതിനിധികളെ വിളിച്ചുകൂട്ടുന്നതിനു മിഷനറിമാർ തയ്യാറായി. "ഉദയംപേരൂർ സൂനഹദോസ്" എന്ന പ്രഖ്യാതസമ്മേളനത്തിന്റെ സംഘാടകനും അദ്ധ്യക്ഷനും ഡോ. അലക്സ് മെനേസിസ് മെത്രാപ്പോലീത്ത. സൂനഹദോസ് വഴി അദ്ദേഹം നിർവഹിച്ച മഹത്തായ കാര്യങ്ങൾ കേരളസഭയുടെ ബഹുമാനാദരങ്ങൾ ആർജ്ജിക്കുന്നു. "കേരളത്തിൽ പോർട്ടുഗീസു ഭരണകാലത്തു ക്രൈസ്തവസഭയുടെ ചരിത്രത്തിലുണ്ടായ ഏറ്റവും പ്രധാന സംഭവമാണു 1599 ജൂൺ 20-നു സമ്മേളിച്ച ഉദയംപേരൂർ സൂനഹദോസ്" എന്നത്രെ കേരളചരിത്രകാരൻ എ. ശ്രീധരമേനോൻ പ്രസ്താവിച്ചിരിക്കുന്നത്. നെസ്റ്റോറിയൻ മിഥ്യാധാരണ ഉന്മൂലനം ചെയ്യുകയും കേരളത്തിലെ ക്രൈസ്തവസമുദായത്തെ റോമാസഭയുടെ ആധിപത്യത്തിൽ കൊണ്ടുവരികയും ചെയ്യുക എന്നതായിരുന്നു സൂനഹദോസിന്റെ പ്രധാനലക്ഷ്യം.

ഡോ. ജോനാസ് തളിയത്ത് സി. എം. ഐ. യുടെ അഭിപ്രായത്തിൽ സൂനഹദോസ് കേരളസഭാചരിത്രത്തിലെ വഴിത്തിരിവാണ്, അത് ലത്തിനീകരണത്തിനു വഴിതെളിച്ചു. ജനങ്ങളുടെ അജ്ഞത കൊണ്ടുണ്ടായ പലതെറ്റുകളും തിരുത്തുകയും മലബാർസഭയും ബാബിലോണും തമ്മിൽ നൂറ്റാണ്ടുകളോളം നിലനിന്നിരുന്ന ബന്ധം, സൂനഹദോസ് വിഛേദിക്കയും ചെയ്തു[1]. പ്രൊഫ. ജോൺ ഓച്ചൻതുരുത്ത്

1. Jonas Thaliyath C. M. I.: Synod of Diamper pp. 173-74.

malankaralibrary.com

ഉദയംപേരൂർ സൂനഹദോസിനെക്കുറിച്ച് പ്രൗഢമായ ഭാഷയിൽ ഇപ്രകാരം പ്രകീർത്തിച്ചിരിക്കുന്നു: ''കത്തോലിക്കാ പള്ളികളും സ്ഥാപിച്ചും, പള്ളിക്കൂടങ്ങളും വഴിയും പാശ്ചാത്യവിദ്യാഭ്യാസം പകർന്നതിനും, നവോത്ഥാനത്തിനു പശ്ചാത്തലം ഒരുക്കി. ലാറിൻമിഷനറിമാരുടെ ദൗത്യനിർവഹണം വിജയസോപാനത്തിലെത്തിച്ചതു ഡോ. അലക്സ് മെനേസിസിന്റെ അദ്ധ്യക്ഷതയിൽനടന്ന 1599-ലെ ഉദയംപേരൂർ സൂനഹദോസാണെന്നു പറയാം. കേരളത്തിലെ ഫ്യൂഡൽ വ്യവസ്ഥിതിക്കു ലഭിച്ച ആദ്യത്തെ മുഖ്യമായ ആഘാതം ഈ സൂനഹദോസ് എടുത്ത തീരുമാനങ്ങളും തുടർന്നുള്ള നടപടികളുമാണു്. നിലവിലിരുന്ന ജാതിഭേദങ്ങൾക്കും, തീണ്ടൽ,തൊടീൽ തുടങ്ങിയ അനാചാരങ്ങൾക്കും എതിരായ ആദ്യത്തെ ചരിത്രരേഖയാണു സൂനഹദോസ് പാസാക്കിയ നിയമാവലികൾ.അന്നത്തെ ക്രൈസ്തവസഭയിൽ നടമാടിയിരുന്ന വികലാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ദൂരീകരിച്ചു് ശുദ്ധീകരിച്ചെടുക്കുക എന്നതായിരുന്നു ഡോ. അലക്സ് മെനേസിസ് മെത്രാപ്പോലീത്തയുടെ രണ്ടാമത്തെ ഉദ്ദേശ്യം. അക്കാലത്തു കേരളത്തിൽ നിലനിന്നിരുന്ന കക്ഷ്യമായ ജാതിവ്യവസ്ഥിതി എത്രയും നിന്ദ്യമായിരുന്നുവെന്നു താഴെപ്പറയുന്ന ഉദാഹരണങ്ങൾ വിളിച്ചുപറയുന്നു: മുക്കുവനു മൂന്നടിയിൽകൂടുതൽ വീടുവയ്ക്കാൻ പാടില്ല. ശൂദ്രനു വിദ്യയഭ്യസിച്ചുകൂടാ. നമ്പൂതിരിക്കും ക്ഷത്രിയനുമൊഴികെ മറ്റാർക്കും പല്ലക്കു കാച്ചാൻ പാടില്ല. സവർണരെ കീഴ്ജാതിക്കാരൻ തീണ്ടിയാൽ അവനെ ഉടനെ കൊന്നുകളയണം. ക്രിസ്ത്യാനിക്കു അവനെ ''വരകാം''- എന്നുവച്ചാൽ കത്തികൊണ്ടു ദേഹംകീറി ഉപ്പും മുളകും തേയ്ക്കാം എന്നിങ്ങനെയുള്ള കഠിനശിക്ഷകളും മതത്തിന്റെയും ദൈവത്തിന്റെയും സാമൂഹ്യപദവിയുടെയും പേരിൽ നല്കാൻ അനുവദിച്ചിരുന്നുവത്രെ! കേരളത്തിൽ കർക്കശമായ ജാതിവ്യവസ്ഥകളും നിലനിന്നിരുന്നു. നാലുനൂറ്റാണ്ടുകൾക്കുമുൻപു് ഡോ. മെനേസിസ് ഇതിനെതിരായി ശബ്ദമുയർത്തുകയും സൂനഹദോസിൽ ഇതിനെതിരായി നിയമങ്ങൾ ഉണ്ടാക്കുകയും ചെയ്തു. വിപ്ലവകരമായ പല കർശനതീരുമാനങ്ങൾവഴി കേരളത്തിൽ ആധുനികജീവിതത്തിനും മാനവസമുദായത്തിന്റെ സുസ്ഥിതിക്കും അടിത്തറയുറപ്പിച്ചതു ലാറിൻ മിഷനറി മെത്രാപ്പോലീത്ത ഡോ. അലക്സ് മെനേസിസ് ആണു്. ഇതിന്റെ ഫലമായിട്ടാണു് ഇന്നു് വടക്കെ ഇന്ത്യയിൽ ഉടനീളം മിഷൻകേന്ദ്രങ്ങളും പുതിയ രൂപതകളും സ്ഥാപിക്കുവാൻ കേരള സീറോ മലബാർ സഭയ്ക്കു സാധിച്ചതു്'' [2].

സമ്മേളന സ്ഥലം

സൂനഹദോസ് സമ്മേളിച്ചതു് ക്രൈസ്തവ കേന്ദ്രമായ ഉദയംപേരൂർ ഗ്രാമത്തിലാണു്. പോർട്ടുഗീസ് നഗരമായ കൊച്ചിയിൽനി

---

2. ഒരു സംസ്കാരത്തിന്റെ സ്രോതസ്സുകൾ-മാതൃഭൂമി ആഴ്ചപ്പതിപ്പ്.

malankaralibrary.com

ന്നു് പതിനാലു മൈൽ തെക്കു് കിഴക്കു്, കൊച്ചി രാജ്യത്തിന്റെ കിഴക്കുഭാഗത്തായുള്ള കായൽത്തീരത്താണു ഈ ഗ്രാമം. ഒരു കാലത്തു് "വില്വാർവട്ടം രാജാവിന്റെ" ആസ്ഥാനമായിരുന്നു ഇവിടം. പതിനഞ്ചാംനൂറാണ്ടിൽ മാർത്തോമ്മാ ക്രിസ്ത്യാനികളെ ഭരിച്ചിരുന്ന കുനായിതൊമ്മന്റെ നേതൃത്വത്തിൽ രൂപീകൃതമായ "തെക്കുംഭാഗ സുറിയാനി ക്രിസ്ത്യാനികൾ" * ഒമ്പതാംനൂറാണ്ടിൽ കൊടുങ്ങല്ലൂരിൽ നിന്നു് ഈ ഗ്രാമത്തിലേയ്ക്കു കുടിയേറിപ്പാർത്തു. ഉദയംപേരൂരിൽ സ്ഥിരതാമസമാക്കിയിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളും നവാഗതരും തമ്മിൽ പലപ്പോഴും വഴക്കും വക്കാണവും ഉണ്ടായിക്കൊണ്ടിരുന്നതിനാൽ കുറെകൊല്ലങ്ങൾക്കുശേഷം ഈ ശല്യം ഒഴിവാക്കാൻ തെക്കുംഭാഗക്കാർ പിന്നീടു് അയൽസ്ഥലങ്ങളിലേക്കു് മാറിത്താമസിച്ചു. ദേവാലയങ്ങളും അവിടെ സ്ഥാപിച്ചു. ഈ ദേവാലയങ്ങളെ പ്രത്യേകിച്ചു്, 1911-ൽ നിർമ്മിക്കപ്പെട്ട പള്ളികളെ ഇപ്പോൾ കോട്ടയം രൂപതയിൽപ്പെടുന്നു [3].

ദേവാലയ മദ്ധ്യസ്ഥർ

സൂനഹദോസു് ഇവിടെ സമ്മേളിക്കുന്നതിനു് വളരെനാളും മുമ്പുതന്നെ ഇവിടത്തെ ക്രിസ്ത്യാനികളെ നെസ്തോറിയൻ പാഷണ്ഡതയെ ആശ്ലേഷിച്ചിരുന്നു. ഒരുപക്ഷേ നെസ്തോറിയൻ മെത്രാന്മാരായ മാർ സാബോറിന്റെയോ, മാർ പ്രോത്തിന്റെയോ സാന്നിദ്ധ്യം കൊണ്ടായിരിക്കാം ഇതു്. ഒമ്പതാം നൂറാണ്ടിനോടടുത്തു മാർ സാബോർ ഉദയംപേരൂരിൽ ദേവാലയം നിർമ്മിച്ചെന്നു കരുതുന്നു. ഉദയംപേരൂർ സൂനഹദോസിലെ തീരുമാനങ്ങളെ നടന്നതു് പുരാതനമായ ഈ ദേവാലയത്തിൽ വച്ചാണു്. ദേവാലയത്തിന്റെ മദ്ധ്യസ്ഥന്മാരായി മാർ സാബോറിനെയും മാർ പ്രോത്തിനെയുമാണു് സ്വീകരിച്ചിരുന്നതു്. പോർട്ടുഗീസുകാർ പൗരസ്ത്യരായ മാർ ഗെർവാസിനെയും മാർ പ്രോത്താസിസിനെയും ഈ ദേവാലയത്തിന്റെ മദ്ധ്യസ്ഥരായി പുനർനിർണയം ചെയ്തു. സ്ഥലവാസികളെ ഇപ്പോഴും വിശ്വാസത്തെ വണങ്ങുകയും ക്ഷേത്രം പ്രകടിപ്പിക്കുകയും ചെയ്യുവരുന്നു [4]. സൂനഹദോസു് സമ്മേളിച്ച അവസരത്തിൽ ഉണ്ടായിരുന്ന ദേവാലയം ഇപ്പോൾ ഇല്ല. കാലചക്രത്തിന്റെ അപ്രതീക്ഷിതമായ തിരിച്ചിലിൽ ഈ ദേവാലയം ജീർണ്ണിച്ചിരിക്കണം. ഇപ്പോഴത്തെ ദേവാലയം കായൽത്തീരത്തിനു അഭിമുഖമാണു്. പഴയ ദേവാലയമായി കാണപ്പെടുന്ന ഈ പള്ളി "സകല

---

* ഇവർ തെക്കുംഭാഗക്കാർ, സൗത്തിസ്ഥുകാർ എന്നീ പേരുകളിൽ ഇന്നറിയപ്പെടുന്നു.

3. L. M. Pylee: St. Thomas Christians and Archdiocese of Verapoly p. 128.

4. L. M. Pylee: St. Thomas Christians and Archdiocese of Verapoly op. cit. p. 124.

malankaralibrary.com

വിശുദ്ധന്മാരുടെ ''ദേവാലയമെന്നും, ''സൂനഹദോസ് പള്ളി''യെന്നു മാണ് ഇന്നറിയപ്പെടുന്നതു്. ദേവാലയത്തിന്റെ പിന്നിലായി കരികൽ സ്തൂപത്തിൽ പടുത്തുയർത്തിയ വലിയ കരിങ്കൽ കുരിശുകാണാം. ഈ സ്തംഭത്തിന്റെ പീഠം പല കൊത്തുപണികൾകൊണ്ടു് സമലംകൃതമാണു്. ദിവ്യ ഉണ്ണിയെ കരങ്ങളിൽ വഹിച്ചുകൊണ്ടിരിക്കുന്ന പരി: കന്യകാമറിയത്തിന്റെ ശില്പകലാസുന്ദരമായ കൊത്തുരൂപം ഇന്നും അവിടെ കാണാം.

അപ്രധാനവും വിദൂരസ്ഥവുമായ ഈ ഗ്രാമപ്രദേശത്തു സൂനഹദോസ് വിളിച്ചുകൂട്ടുവാൻ ഡോ. മെനെസിസിനെ പ്രേരിപ്പിച്ച കാരണമെന്തായിരിക്കും? ഒരുപക്ഷേ, ''ശത്രു പാളയത്തിൽ വച്ചുതന്നെ ശത്രുവിനെ നാമാവശേഷമാക്കുക'' എന്ന തത്വമനുസരിച്ചു് നെസ്റ്റോറിയൻ പാഷണ്ഡമതക്കാരുടെ കേന്ദ്രമായിരുന്ന ഈ പ്രദേശത്തു് സമ്മേളനം നടത്തി പാഷണ്ഡത ഉന്മൂലനം ചെയ്യുകയെന്നതായിരിക്കാം ഡോ. മെനേസിസിന്റെ ഉദ്ദേശം. ഏതായാലും ഈ സംരംഭത്തിൽ അദ്ദേഹം നൂറു ശതമാനവും വിജയിച്ചു.

കേരളത്തിലെ മാർത്തോമ്മാക്രിസ്ത്യാനികളുമായി 1585 മുതലുള്ള സമ്പർക്കത്തിൽനിന്നു് പോർട്ടുഗീസ് അധികൃതർക്കു ഒരു കാര്യം വ്യക്തമായി. ''പേർഷ്യയിൽനിന്നും ഇടക്കിടെ വന്നുകൊണ്ടിരുന്ന മെത്രാന്മാ (ഇവരിൽ ചിലർ റോമാ സിംഹാസനത്തിനു് കീഴ്പ്പെട്ടവരായിരുന്നെങ്കിലും ബഹുഭൂരിപക്ഷവും നെസ്തോറിയന്മാരോ വൈദിക പട്ടംപോലും ലഭിച്ചിട്ടില്ലാത്ത കപടനാട്യക്കാരൊ ആയിരുന്നു) രുമായുള്ള ബന്ധം വിച്ഛേദിക്കാതെ കേരളസഭയെ നെസ്തോറിയൻ പാഷണ്ഡതയിൽനിന്നു മോചിക്കുവാനാവില്ല. അതിനുള്ള ഏകപോംവഴി മാർത്തോമ്മാക്രിസ്ത്യാനികളുടെ ആരാധനക്രമത്തിലെ നെസ്തോറിയൻ അംശങ്ങളും തുടച്ചുനീക്കുകയും പൗരസ്ത്യമെത്രാന്മാരുടെ വരവിനെ തടയുകയും, പകരം യൂറോപ്യൻ മെത്രാന്മാരെ അങ്കമാലിയിൽ നിയമിക്കുകയും ചെയ്യുക എന്നതാണെന്നു് കർമ്മധീരനായ ആർച്ചു്ബിഷപ്പു് മെനേസിസിനു് കണ്ടു.

ഒരുക്കം കുരുതലോടെ

മേൽപ്പറഞ്ഞ കാര്യങ്ങളും ചെയ്തു പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെ മാർപ്പാപ്പയുടെ സമ്പൂർണ അധികാരപത്രത്തോടുകൂടി, പോർട്ടുഗൽ രാജാവിന്റെ വൈസ്രോയി എന്ന നിലയിൽ 1599 ഫെബ്രുവരി ഒന്നിനു ഡോ. മെനേസിസ് കൊച്ചിയിൽ എത്തിച്ചേർന്നു. രാജോചിതമായ സ്വീകരണമാണു് അദ്ദേഹത്തിനു് അന്നു ലഭിച്ചതു്. ഫെബ്രുവരി മുതൽ ജൂൺ വരെ അദ്ദേഹം കണ്ണൂർ മുതൽ കൊച്ചി വരെയുള്ള സുറിയാനി, ലത്തീൻ ഇടവകകളും സന്ദർശിച്ചു് വിശ്വാസികളുടെയും വൈദികരുടെയും ആദരവും ഭക്തിയും ആജ്ജിച്ചു. സമ്മേളനം സമാരംഭിക്കുന്നതിനു് ഏതാനും ആഴ്ചകൾക്കു് മുമ്പു കടുത്തുരു

malankaralibrary.com

ത്തി പള്ളിയിൽവച്ചു അത്യാഡംബരപൂർവ്വം സർവ്വവിധ ആഘോഷങ്ങളോടെ വിശുദ്ധവാരത്തിൽ തിരുക്കർമ്മങ്ങളും അദ്ദേഹത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ ലത്തീൻരീതിയിൽ നടത്തി. പ്രമുഖ സിറിയൻ വൈദികരുടെ നേതൃത്വത്തിൽ സുറിയാനി റീത്തിലും തിരുക്കർമ്മങ്ങളും നടത്തി. ഈ തിരുക്കർമ്മങ്ങളിൽ ക്രിസ്ത്യാനികളും ഭക്തിപൂർവ്വം പങ്കെടുത്തു. തൽഫലമായി ശതക്കണക്കിനു ക്രൈസ്തവർ നെസ്തോറിയൻ പാഷണ്ഡത ഉപേക്ഷിച്ചു വീണ്ടും ജ്ഞാനസ്നാനപ്പെടുകയും മറ്റു ക്രൂദാശകളും സ്വീകരിക്കയുമുണ്ടായത്രെ. അവരെല്ലാം അലക്സ് മെനേസിസിന്റെ അനുഭാവികളും വിശ്വസ്ത അനുയായികളുമായിത്തീർന്നു [5]. കൊച്ചി രാജാവിന്റെയും, സാമൂതിരിയുടെയും മറ്റു നാടുവാഴികളുടെയും സഹായങ്ങളും സ്നേഹാദരങ്ങളും അദ്ദേഹം സമ്പാദിച്ചു. അതിനായി അദ്ദേഹം രാജ്യതന്ത്രജ്ഞതയും ചിലപ്പോൾ ഭീഷണികളും സമ്മാനങ്ങളും പ്രയോജനപ്പെടുത്തി. വൈപ്പിക്കോട്ടയിലും കൊച്ചിയിലും പരിശീലനം ലഭിച്ച മാർത്തോമ്മാ ക്രിസ്ത്യാനികളായ 100 ശമ്മാശന്മാർക്കു വൈദികപട്ടം നൽകി. സൂനഹദോസ് നടത്തിപ്പിനു മുന്നിട്ട സഹായിച്ചവരിൽ പ്രധാനികളും ഈ യുവ വൈദികരാണു. സുറിയാനി ക്രിസ്ത്യാനികളുടെ സമുദായ തലവനായ ആർച്ച്ഡീക്കൻ ജോർജ്ജിനെയും മെനേസിസ് വശത്താക്കി.

സൂനഹദോസ് ഏഴുദിവസം.

തുടർച്ചയായി 1599 ജൂൺ 20 മുതൽ ഏഴു ദിവസം നീണ്ടുനിന്ന സൂനഹദോസിൽ ആർച്ചു ബിഷപ്പു അലക്സു മെനേസിസ് ''ആർച്ച് ഡീക്കനെ''ക്കൊണ്ടു ചില വ്യവസ്ഥകളും സമ്മതിപ്പിച്ചു. അതിനു ശേഷം വിശ്വാസപ്രഖ്യാപനം നടത്തി. നെസ്തോറിയൻ പാഷണ്ഡത ഉപേക്ഷിക്കുക, സുറിയാനിയിലുള്ള ഗ്രന്ഥങ്ങളിൽ നുഴഞ്ഞു കയറിയ പാഷണ്ഡതകളും തിരുത്തുകയോ ആ ഗ്രന്ഥങ്ങളും നശിപ്പിക്കുകയോ ചെയ്യുക, മാർപാപ്പയുടെ പരമാധികാരം അംഗീകരിക്കുക, പോർട്ടുഗീസു രാജാവിനെയും മാർപാപ്പയുടെ അംഗീകാരത്തോടെ വരുന്ന മെത്രാന്മാരെയും മാത്രം സ്വീകരിക്കുക എന്നീ വ്യവസ്ഥകളും ആർച്ച്ഡീക്കൻ സ്വീകരിച്ചു. സൂനഹദോസിൽ സംബന്ധിച്ചിരുന്നവർ നടത്തിയ വിശ്വാസപ്രഖ്യാപനം ഇപ്രകാരമാണു: ''ഈ കുരിശും വിശുദ്ധ ഗ്രന്ഥവും പിടിച്ചുകൊണ്ടു ഞാൻ സത്യം ചെയ്യുന്നു. ഇനി മേലിൽ റോമിൽനിന്നു മാർപാപ്പ അയക്കുന്ന മെത്രാപ്പോലീത്തമാരെയും മെത്രാന്മാരെയും വൈദികരെയുമല്ലാതെ, ബാബിലോൺ പാത്രിയർക്കീസയക്കുന്നവരെ ഞങ്ങളും സ്വീകരിക്കുന്നതല്ല'' (കാനോൻ 17. 18. 19).

5. L. M. Pylee: St. Thomas Christians and Archdiocese of Verapoly op. cit. p. 130.

malankaralibrary.com

സൂനഹദോസിൽ സന്നിഹിതരായിരുന്ന ആർച്ച്ഡീക്കനും വൈദികരും ഇതുപോലെ പ്രഖ്യാപനം നടത്തി. [6].

ശരിയായ നിയമനമോ, അധികാരസാക്ഷ്യപത്രങ്ങളോ ഇല്ലാതെ കേരളത്തിൽ അനധികൃതമായി വന്നുകൊണ്ടിരുന്ന മെത്രാൻസ്ഥാനികളെ ഒഴിവാക്കാൻ മേൽ പ്രസ്താവിച്ച കാനോനവഴി സാധിച്ചു. 1599 ജൂൺ 20 മുതൽ 26 വരെയാണ് സൂനഹദോസ് നടന്നതു്. സുറിയാനി റീത്തിലെ 153 വൈദികരും 660 അത്മായ പ്രതിനിധികളും പങ്കെടുത്ത ഈ സമ്മേളനം ഡോ. മെനേസിസിന്റെ മതതീക്ഷ്ണതയുടെയും ബുദ്ധിസാമർത്ഥ്യത്തിന്റെയും നിത്യസ്മാരകമായി പരിഗണിക്കപ്പെടുന്നു. സമ്മേളനത്തിനു വേണ്ടി 2000–ൽ പരം പേർക്കു് താമസിക്കാൻ സജ്ജീകരണങ്ങളും ചെയ്തിരുന്നു. സമ്മേളനപരിപാടികളും 1599 ജൂൺ 20 മുതൽ എല്ലാദിവസവും രാവിലെ 7 മുതൽ 11 വരെയും ഉച്ചതിരിഞ്ഞു 2 മുതൽ 6 മണിവരെയുമായിരുന്നു. ആദ്യത്തെ ദിവസം രാവിലെ 6 മണിക്കു ദിവ്യബലി ആരംഭിച്ചു. പ്രാതൽ ഭക്ഷണം കഴിഞ്ഞു 7. 30–നു സൂനഹദോസിനു പ്രാരംഭമായി മെനെസിസ് മെത്രാപ്പോലീത്താ ഇപ്രകാരമൊരു പ്രസ്താവന ചെയ്തു: "അങ്കമാലിയിൽ മെത്രാൻ ഇല്ലാതെയുംകൊണ്ടും, ആ രൂപത ഗോവൻ ആധിപത്യത്തിലായതുകൊണ്ടും ഗോവാ മെത്രാപ്പോലീത്ത എന്ന നിലയ്ക്കു ഒരു സൂനഹദോസ് നടത്താൻ എനിക്കധികാരമുണ്ടു്." പോർട്ടുഗീസ് ഭാഷയിൽ പറയുന്നതു മലയാളത്തിലേക്കു തർജ്ജിമ ചെയ്തതു് കൊച്ചി രൂപതയിലെ പള്ളരുത്തി ഇടവകാംഗമായ യാക്കോബ് വെളിപ്പറമ്പിൽ അച്ചനാണു്. പണ്ഡിതനായ ഈ വൈദികന്റെ അക്കാലത്തെ തർജ്ജിമയുടെ തുടക്കം ഇങ്ങനെയാണു്: "ശുദ്ധമായ കത്തോലിക്ക വിശ്വാസത്തിന്റെ മുഴുപ്പിനും തെളിവിനും ഈ ഏടവകയിലെ പട്ടക്കാരുടെയും എണ്ണങ്ങരുടെയും മര്യാദകൊണ്ടും വേണ്ടുന്ന വെടിപ്പിനും നസ്രാണികൾ ഒക്കെക്കും തലവനായ ശുദ്ധമാന പാപ്പായെ വേണ്ടുന്ന വഴക്കത്തിനു വേണ്ടീട്ടു, ഈ സൂനഹദോസു് മിശിഹായാലെ സ്നേഹിക്കപ്പെട്ട എന്റെ പുത്രരും ജ്യേഷ്ഠാനുജന്മാരുമാകുന്ന എല്ലാവരോടും ചോദിച്ചാറെ, വേണമെന്നു അവർ പൊല്ലുകയും ചെയ്തു." മഹാകവി ഉള്ളൂർ "സാഹിത്യചരിത്രം" എന്ന പുസ്തകം രണ്ടാം വാല്യത്തിൽ 16–ാം നൂറ്റാണ്ടിലെ മലയാള ഭാഷാശൈലി പ്രകടമാക്കിയിരിക്കുന്നു എന്ന നിലയിൽ ഈ കാനോനകൾക്കു ഭാഷാചരിത്രത്തിൽ ഗണനീയമായ സ്ഥാനമുണ്ടെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു.

ഇങ്ങനെ സൂനഹദോസ് പാസ്സാക്കിയ കാനോനകൾ എന്നു നിർദ്ദേശിക്കപ്പെട്ടുള്ളെല്ലാം മലയാളത്തിൽ ഭാഷാന്തരപ്പെടുത്തിയതിനെപ്പറ്റി കേരള യൂണിവേഴ്സിറ്റിയിലെ ഡോ. പി. പി. വേലായുധൻപിള്ള

---

6. കെ. എൽ. ബർണാഡ്: ഉദയംപേരൂർ സൂനഹദോസ് ക്രമൻകുരിശു സത്യം പേജ് 16.

malankaralibrary.com

പറയുന്നു: പള്ളരുത്തിക്കാരനായ പാണ്ടിയച്ചനാണ്‌ ഈ തർജ്ജമ നിർവ്വഹിച്ചതു്. ഇതു ആധുനിക മലയാള ഗദ്യ ചരിത്രത്തിലെ ഒരു നാഴികക്കല്ലാണു[7]. തർജ്ജമ ശരിയാണോ എന്നു പരിശോധിക്കാൻ രണ്ടു ഭാഷകളും വശമുള്ള ഫാ. ഫ്രാൻസിസ്‌ റോസ്‌ എസ്‌. ജെ, ഫാ. ആൻറണി ടൊസ്‌ക്കാനൊ എന്നീ വിദേശ വൈദിക പണ്ഡിതന്മാരെയും നിയമിച്ചിരുന്നു[8]. ഇതു കൂടാതെ അവിടെ സന്നിഹിതരായിരുന്നവരിൽ രണ്ടു ഭാഷകളുമറിയാവുന്നവർക്കു നേരിട്ടു സംശയങ്ങളും ചോദിക്കുവാനും ഭേദഗതിവരുത്തുവാനും അവകാശമുണ്ടായിരുന്നു[9].

സമ്മേളനം ആരംഭിക്കുന്നതിനുമുമ്പു് ഏതാനും കത്തനാർമാരിൽ നിന്നു ശക്തമായ പ്രതിഷേധങ്ങളും കരുത്തേറിയ എതിർപ്പുകളും ഡോ. മെനേസിസിനു അഭിമുഖീകരിക്കേണ്ടിവന്നു. പുരാതനകാലം മുതൽക്കു തന്നെ മതാനുഷ്ഠാന കർമ്മങ്ങളും നടത്തിപ്പോന്നു സുറിയാനി റീത്തിൽ എന്തെങ്കിലും മാറ്റം വരുത്തേണ്ടിവരുമ്പോൾ മാർത്തോമ്മാക്രിസ്‌ത്യാനികളുടെ ഭാഗത്തുനിന്നു് സംഘോടകമായ എതിർപ്പുകൾ തന്നെ ഒമെനേസിസ്‌ മെത്രാപ്പോലീത്ത പ്രതീക്ഷിച്ചിരുന്നു. പ്രതിബന്ധങ്ങളെ സുധീരം നേരിടാനുള്ള മനഃക്കരുത്തും കരളുറപ്പും ഡോ. മെനെസിസിനുണ്ടായിരുന്നു. സൂനഹദോസിൽ പാസാക്കിയ 200-ൽപരം കാനോനകൾ (തീർപ്പുകൾ) ഡോ. മെനെസിസ്‌ തന്നെ എഴുതി ഉണ്ടാക്കിയതാണു്. കാനോനകളുടെയും നടപടികളുടെയും മൂലഭാഷ്യം മലയാളത്തിലായിരുന്നു. അതു് തയ്യാറാക്കിയതു് മുൻപു് സൂചിപ്പിച്ചതുപോലെ പള്ളരുത്തി ഇടവകാംഗം ജേക്കബ്‌ വെളിപ്പറമ്പിൽ അച്ചനാണു്. ഡോ. മെനെസിസിന്റെ സെക്രട്ടറിയും ദിഭാഷിയും അദ്ദേഹം തന്നെ.

കൽദായ ആരാധനക്രമങ്ങൾ

സീറോ കൽദായ ആരാധന ക്രമത്തിലെ നിർണ്ണായകമായ പല പ്രശ്നങ്ങളെക്കുറിച്ചും സൂനഹദോസ്‌ ചർച്ച നടത്തി. ഡോ. മെനേസിസ്‌ ആഗ്രഹിച്ചിരുന്നതും നിശ്ചയിച്ചിരുന്നതും സീറോ കൽദായ ആരാധനക്രമങ്ങളും പാടെ നിറുത്തൽചെയ്യുക എന്നതായിരുന്നുവെങ്കിലും അതിനു മുതിരാതെ സുറിയാനിഭാഷമാത്രം നിലനിറുത്തിക്കൊണ്ടു് റീത്തിന്റെ നന്മയായ കുർബ്ബാനക്രമം, കൂദാശകളും എന്നിവയും വിശുദ്ധ ആഴ്ചയിലെ ദിവ്യകർമ്മങ്ങളും, പട്ടംകൊടുക്കൽ, മെത്രാഭിഷേകം എന്നിവയും ലത്തീൻരീതിയിലാക്കി. വൈദികരുടെ വസ്ത്രധാരണം, അവ

7. P. V. Velayudhan Pillai: Emergence of Modern Malayalam Prose: Heritage of Kerala p. 130.

8. കെ. എൽ. ബർണാഡ്‌: ഉദയംപേരൂർ സൂനഹദോസ്‌-കുനൻകുരിശുസത്യം പേജ്‌. 18-20.

9. മോൺ. തോമസ്‌ പുത്തൻവീട്ടിൽ, കൊച്ചി. ഉദയംപേരൂർ സൂനഹദോസ്‌ ഒരു വിഹഗവീക്ഷണം-വരാപ്പുഴ അതിരൂപത ശതാബ്ദി സ്‌മരണിക 1886-1986. പേജ്‌. 106-108.

malankaralibrary.com

ത്താരയിലെ അലങ്കാരങ്ങളും എന്നിവയെല്ലാം ലത്തീൻരീതിയിലേതു പോലെയാക്കി. വൈദികർ മത്സ്യബന്ധനത്തിനോ, നായാട്ടിനോ പോകുകയാണെങ്കിൽ നല്ലരീതിയിൽ വസ്ത്രം ധരിക്കണം, സ്ത്രീകൾ കുളിക്കുന്ന കുളത്തിൽ വൈദികർ കുളിക്കരുതു് എന്നും മറ്റും സൂനഹദോസ് കല്പിച്ചു. കത്തനാരന്മാർ പിന്നീടു് അർദ്ധനഗ്നരായി മേല്പറഞ്ഞ കാര്യങ്ങൾക്കായി പോയിരുന്നില്ല.വൈദികർ വിവാഹം ചെയ്യരുതെന്നും, വിവാഹം കഴിച്ചവർ ഭാര്യയോടും കുട്ടികളോടുമുള്ള ബന്ധം വിടത്തണമെന്നും സൂനഹദോസ് അനുശാസിച്ചു. ഇതു് പലർക്കും മനഃക്ലേശത്തിനു കാരണമായി. എങ്കിലും അതു് ഉടൻ പരിഹരിക്കപ്പെട്ടു.പള്ളികളിൽ വൈദികരുടെ ഭാര്യമാർക്കായിരുന്ന പ്രഥമസ്ഥാനം. പള്ളിയിലെ വരുമാനത്തിന്റെ വലിയ പങ്കു് ഭാര്യമാർ കൈപ്പറ്റി. വിവാഹബന്ധം വേർപെടുത്തിയതോടെ ഭാര്യമാർക്കും കുട്ടികൾക്കും ജീവിതചിലവിലേക്കായി പള്ളിവരവിൽനിന്നു് ഒരു സംഖ്യ നീക്കി വയ്ക്കുവാൻ അനുവദിക്കപ്പെട്ടു.ഇതുനിമിത്തം വൈദികരുടെ വരുമാനത്തിൽ കുറവു വരുമെന്നു ചില വൈദികർ വാദിച്ചു. പോർട്ടുഗീസുരാജാവു് ആണ്ടുതോറും 1500 സ്വർണനാണയം അയച്ചുകൊടുത്തിരുന്നതുകൊണ്ടു് ഈ നഷ്ടം പരിഹൃതമായി. ഈ സംഖ്യ 1653 വരെ അതായതു ക്നാനൻ കുരിശുസത്യംവരെ കേരളത്തിലെ എല്ലാ മാത്തോമ്മാ വൈദികർക്കും ലഭിച്ചുകൊണ്ടിരുന്നു [10]. അയിത്താചാരങ്ങൾക്കും അന്ധവിശ്വാസത്തിനും എതിരായി ഏറ്റവും കർശനമായ നിയമങ്ങൾ പാസാക്കി.അയിത്തം ആചരിക്കുന്നവരെ പള്ളിക്കും, പള്ളിക്കടുത്ത വസ്തുക്കളിൽനിന്നും പുറത്തുനിറുത്തണം എന്നു സൂനഹദോസ് അനുശാസിച്ചു. മതപരമായ കർമ്മങ്ങളിൽ സംബന്ധിക്കാതെ ദേവാലയത്തിനു വെളിയിൽ നിൽക്കുക വലിയ ശിക്ഷയായിരുന്നു.പ്രധാന ജാത്യാചാരങ്ങൾ,മന്ത്രവാദം, മൂത്തിസേവ, ജന്തുക്കളുടെ ബലി, തിളച്ച എണ്ണയിൽ കൈമുക്കി സത്യപരീക്ഷണം നടത്തുക, അടിമ സമ്പ്രദായം, ബഹുഭാര്യാത്വം,ശൈശവവിവാഹം, അധികപലിശ വാങ്ങുക എന്നിങ്ങനെയുള്ള സാമൂഹ്യതിന്മകൾ സൂനഹദോസിന്റെ തീർപ്പുകൾ-കാനോനകൾവഴി നിരോധിച്ചു.

ഗ്രന്ഥങ്ങൾ കത്തിച്ചുത് സ്വമനസ്സാലെ

പോർട്ടുഗീസുകാരനും സുറിയാനിഭാഷയിൽ വ്യൽപത്തി നേടിയ ആളുമായ ഫാ. റോസിന്റെ മേൽനോട്ടത്തിൽ നെസ്റ്റോറിയൻ പാഷണ്ഡത ഉൾക്കൊള്ളുന്ന പല പുസ്തകങ്ങളും കൈയ്യെഴുത്തു് പ്രതികളും അഗ്നിക്കിരയാക്കി. സൂനഹദോസ് സമ്മേളനത്തിനു് മുൻപു് ഡോ. മെനേസിസു് പടയാത്ര നടത്തി ഓരോ പള്ളിയും സന്ദർശിച്ചപ്പോഴും കാണാനിടയായ ചില ഗ്രന്ഥങ്ങളിൽ നെസ്തോറിയൻ തത്വങ്ങളും

10. D. Ferroli S. J.: Jesuits in Malabar Vol. I. p. 187.

malankaralibrary.com

മന്ത്രവാദക്കുറിപ്പുകളും മറ്റും ഉണ്ടായിരുന്നു. അങ്ങനെയുള്ള ഗ്രന്ഥങ്ങളും വൈദികർ തന്നെ സ്വമനസ്സാലെ ഉദയംപേരൂരിൽ കൊണ്ടുവന്നു കത്തിച്ചു.

സൂനഹദോസ് തീരുമാനങ്ങളുടെ സംക്ഷിപ്തരൂപം:

1. സുറിയാനി ഗ്രന്ഥങ്ങളിലെ തെറ്റുകളും നീക്കം ചെയ്തു. സുറിയാനി ഭാഷ നിലനിറുത്തിക്കൊണ്ട്, കുർബ്ബാനക്രമം, കൂദാശകളും, മറ്റു തിരുക്കർമ്മങ്ങളും എന്നിവ ലത്തീൻറീത്തിലെ രീതിയിൽ നടപ്പാക്കി.
2. മാർപാപ്പയുടെ അധികാരമില്ലാത്ത മെത്രാന്മാരെ സ്വീകരിക്കയില്ലെന്നു ശപഥംചെയ്തു.
3. പട്ടക്കാർക്കു ബ്രഹ്മചര്യം നിർബന്ധമാക്കി.
4. ക്രൈസ്തവരുടെ ഇടയിൽ നടപ്പുണ്ടായിരുന്ന അന്ധവിശ്വാസങ്ങളും, ക്ഷുദ്രപ്രവൃത്തികളും ദുരാചാരങ്ങളും വിലക്കി.
5. അയിത്തവും തീണ്ടലും നിരോധിച്ചു.
6. ബഹുഭാര്യാത്വവും, ബഹുഭർതൃത്വവും, വെപ്പാട്ടി വ്യവസ്ഥിതിയും, അടിമക്കച്ചവടവും, രാജി, വെള്ളം എന്നിവ കൊണ്ടുള്ള സത്യപരീക്ഷയും, ശിശുവാണിഭവും ചാവുപിള്ള സമ്പ്രദായവും നിരോധിച്ചു.
7. വസ്ത്രധാരണത്തിലും ആഭരണത്തിലും ക്ഷേത്രസമ്പ്രദായത്തിലും പരിഷ്കാരം വരുത്തി.
8. ദായക്രമം പരിഷ്ക്കരിച്ചു.
9. ജന്മിത്വത്തിനു എതിരായി നിയമങ്ങളും ഉണ്ടാക്കി.*

സൂനഹദോസ് തീരുമാനങ്ങളും പരിശോധിച്ചാൽ അന്നത്തെ കേരളസമൂഹത്തിന്റെ സാമൂഹ്യനിലവാരം എന്തായിരുന്നുവെന്നു കാണാം. ജനങ്ങളുടെ സദാചാരബോധം വല്ലാതെ തകർന്നുപോയ കാലഘട്ടം. ജാതിയുടെയും ജന്മിസമ്പ്രദായത്തിന്റെയും ദുഷ്ടമായ സ്വാധീനശക്തി അതിനു കാരണം.[11] ഉദയമ്പേരൂർ സൂനഹദോസിന്റെ മതപരവും സാംസ്കാരികവും ചരിത്രപരവുമായ നേട്ടങ്ങളും നിഷ്പക്ഷബുദ്ധികളും അംഗീകരിക്കുതന്നെ ചെയ്യും.

കത്തിച്ചുഗ്രന്ഥങ്ങൾ

ഡോ. മെനേസിസിന്റെ സാന്നിധ്യത്തിൽ ജനങ്ങളും വൈദികരും കത്തിച്ച ഗ്രന്ഥങ്ങൾ[12].

1. പാർസിമാൻ–പാർസി വൈദ്യപുസ്തകം: ശത്രുസംഹാരവും പരസ്ത്രീ വശീകരണവും മാരണവിധി ദുഷ്കർമ്മങ്ങളും പിശാചിന്റെ

---

* Skaria Zacharia: Christian Heritage of Kerala. 1981. pp. 83-91.

11. A. Sreedharamenon. Survey of Kerala History p. 233.

12. കെ. എൽ. ബർണാർഡ്: പോർട്ടുഗീസുകാർ കേരളത്തിൽ പേജ് 75–76.

malankaralibrary.com

പ്രേരണയാൽ നടപ്പിലാക്കിയ മന്ത്രങ്ങളം അടങ്ങിയതാണു് ഈ ഗ്രന്ഥം.

2. മറെറാരു ഗ്രന്ഥം "മാർഗസീശ", നെസ്തോറിയസിനെ മഹാറോൻ ചൊല്ലുന്നതു് പ്രവാചകന്മാരെയും അപ്പസ്തോലന്മാരെയും മഹാറോൻ ചൊല്ലുന്നതിനു് തുല്യമാണു്. നെസ്തോറിയസിന്റെ പഠനങ്ങളം സ്വീകരിക്കാത്തവക്കു് രക്ഷയില്ലെന്നും മറും പ്രസ്താവിക്കുന്നതാണു് ഈ ഗ്രന്ഥം.

3. "പിതാക്കന്മാരുടെ പുസ്തകം"
4. പഴയനിയമത്തിന്റെ പുസ്തകം (അബ്ദീശോ).
5. മാഷ്മൊത്തു് (പൂദീസാ)
6. മിശിഹായുടെ തിരുബാല പുസ്തകം
7. സൂനഹദോസുകളുടെ പുസ്തകം
8. സ്വർഗത്തിൽനിന്നു വന്ന കത്തു്
9. കുമിസിന്റെ പാട്ടുകം
10. നർസായുടെ പുസ്തകം
11. പുണ്യവാന്മാരുടെ ചരിത്രം
12. ശകുൻപുസ്തകം

ഇവ സിറിയായിലും പരിസരങ്ങളിലും അച്ചടിച്ചതാകകൊണ്ടു് ഇതിന്റെ പ്രതികം ഇറാക്കിലും സിറിയായിലും കാണാൻ സാദ്ധ്യതയുണ്ടെന്നു് അസ്സെമാൻ പറയുന്നു. കത്തിച്ച പുസ്തകങ്ങളെല്ലാം തന്നെ ക്ഷുദ്രപ്രയോഗങ്ങളാൽ വികലങ്ങളാണു്. ഫാ. ഫെറോളി എസ്. ജെ. പ്രസ്താവിച്ചിരിക്കുന്നതു് 18 പുസ്തകങ്ങംകൂടി മെനേസിസ് കത്തിച്ചുവെന്നാണ്[14]. പാഷണ്ഡതയും ക്ഷുദ്രപ്രയോഗങ്ങളും അടങ്ങിയ ഗ്രന്ഥങ്ങം കത്തിച്ചുകളഞ്ഞ ഡോ. മെനേസിസിന്റെ പ്രവൃത്തിയെ ചില ചരിത്രകാരന്മാർ വിമർശിക്കാറുണ്ടു്. വി. പൗലോസ് ശ്ലീഹാ എഫസൂസിൽ ചെയ്തതിൽ കൂടുതലായി ഡോ. മെനേസിസ് പ്രവർത്തിച്ചിട്ടില്ല. "കൂടാതെ വിശ്വാസം സ്വീകരിച്ച പലരും വന്നു് തങ്ങളുടെ ദുർനടപടികം ഏറ്റു പറഞ്ഞു. കുറെ സമ്മതിച്ചു അനേകമാളുകം ക്ഷുദ്രഗ്രന്ഥച്ചുരുളുകം കൊണ്ടുവന്നു് അഗ്നിക്കിരയാക്കി. അതിന്റെ വില 50,000 വെള്ളിനാണയങ്ങം വരുമെന്നു് കണ്ടു"[15].

---

13. ഡോ. പി. ജെ. തോമസ്: മലയാളസാഹിത്യവും ക്രിസ്ത്യാനികളും 1961--കോട്ടയം സൂനഹദോസിൽ വച്ചു് കത്തിച്ച പുസ്തകങ്ങം പേജ്. 120.
14. Fr. Ferroli S. J: The Jesuits in Malabar. ഫ്രാൻസിസ് തക്കശേരി-ചരിത്രസൂചികം. പേജ്. 12.
15. അപ്പസ്തോലന്മാരുടെ നടപടി. അധ്യായം. 19. വാക്യം 18--19.

malankaralibrary.com

ഇങ്ങനെ കേരളത്തിലെ ക്രൈസ്തവ ജനങ്ങളുടെയും വൈദികരുടെയും ജീവിതനിലവാരവും വിശ്വാസാചാരാനുഷ്ഠാനങ്ങളും സമൂലം ശുദ്ധീകരിച്ചു, യഥാർത്ഥ കത്തോലിക്കവിശ്വാസത്തിന്റെ അടിസ്ഥാനം ഉറപ്പിക്കയും ഉത്തേജിപ്പിക്കയും ചെയ്യുവാനായി 265 കാനോനകൾ (ഡിക്രീകൾ) സൂനഹദോസ് ഏഴു ദിവസത്തെ സമ്മേളനങ്ങളിൽവച്ചു ചർച്ച ചെയ്കയും സർവ്വസമ്മതത്തോടെ പാസാക്കുകയും ചെയ്തു.

അവസാനദിവസം വൈകുന്നേരം, ഒടുവിലത്തെ ചടങ്ങായി മരിച്ചവർക്കുവേണ്ടി പ്രത്യേക പ്രാർത്ഥനകൾ നടത്തി. ഈ രണ്ടു പേരായി പള്ളിക്കു ചുറ്റും പ്രദക്ഷിണം നടത്തി. ഡോ. അലക്സ് മെനേസിസ് ദേവാലയത്തിൽ പ്രവേശിച്ചപ്പോൾ ഉജ്ജ്വല പ്രസംഗം ചെയ്തു ശുദ്ധീകരണക്കാരോടുള്ള ഭക്തി സ്ഥിരീകരിച്ചു. തുടർന്നു സൂനഹദോസിന്റെ മുമ്പും പിമ്പും പലവിധ അത്ഭുത സംഭവങ്ങളും നടന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മഹത്തായ ആദ്ധ്യാത്മിക നവീകരണത്തിനും പുനരൈക്യ പ്രക്രിയക്കും ദൈവത്തിന്റെ അത്ഭുതാംഗീകാരം ലഭിച്ചതിൽ വിസ്മയഭരിതരാകേണ്ടതില്ല എന്നത്രെ ഫാ. ഫെറോളി എസ്. ജെ. പ്രസ്താവിച്ചിരിക്കുന്നത്.[16]

അവകാശാധികാരങ്ങൾ വീണ്ടെടുക്കാൻ

ബാബിലോൺ പാത്രിയക്കീസിനു കേരളത്തിലെ ക്രിസ്ത്യാനികളുടെ മേൽ ഉണ്ടായിരുന്ന ഭരണാധികാരം നിർത്തലാക്കി. തൽസ്ഥാനത്തു ഈശോ സഭക്കാരായ ഡോ. ഫ്രാൻസിസ് റോസ്, ബ്രിട്ടൊ, ഗാർസിയ എന്നീ ലത്തീൻ മെത്രാന്മാരെ നിയമിച്ചു. ഇതിനിടയിൽ തങ്ങളുടെ പഴയ അവകാശാധികാരങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരുന്ന ആർച്ച് ഡീക്കനും കൂട്ടരും തങ്ങളുടെ അധികാരം കൈക്കലാക്കാനുള്ള ശ്രമം തുടങ്ങി. ഈ അധികാരസ്ഥാനത്തിനുള്ള വടംവലിയും കുതന്ത്രങ്ങളും സ്ഫോടനത്തിലെത്തിച്ചു. "കുനൻ കുരിശു സത്യത്തിൽ" ചെന്നു അതു പൊട്ടിത്തെറിച്ചു. ഉദയംപേരൂർ സൂനഹദോസ് വിളിച്ചു കൂട്ടുന്നതിനു മാർപാപ്പയുടെ അധികാരം ലഭിച്ചിരുന്നില്ലെന്നു ചില ചരിത്രകാരന്മാർ ആരോപിച്ചിട്ടുണ്ട്. പ്രാദേശിക സൂനഹദോസ് വിളിച്ചു കൂട്ടുന്നതിനു മാർപാപ്പയുടെ അനുവാദമോ അംഗീകാരമോ ആവശ്യമില്ലല്ലോ.

മാർപാപ്പയുടെ അനുമോദനം

ആർച്ചുഡീക്കൻ ജോർജ് 1599 നവംബറിൽ മാർപാപ്പക്കു എഴുതി അയച്ച ലേഖനത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരുന്നു: "ബാ

16. D. Ferroli S. J.: op. cit. p. 201.

malankaralibrary.com

ബാബിലോൺ പാത്രിയക്കീസിനെ ഞങ്ങൾ ശപിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നു. ഇനി ഞങ്ങൾ മെനേസിസ് മെത്രാപ്പോലീത്തായുടെ മുൻപിൽ സത്യം ചെയ്തതുപോലെ ഇനി മേലിൽ പ. പിതാവിനെ മാത്രം അനുസരിക്കുന്നതായിരിക്കും. മാർ അബ്രഹാം മരിച്ചശേഷം അങ്കമാലിയിൽആരെയും അവരോധിച്ചിട്ടില്ല. കഴിയുമെങ്കിൽ മെനേസിസിനെ മെത്രാപ്പോലീത്തായായി നിയമിക്കുക, അതു സാദ്ധ്യമല്ലെങ്കിൽ ഫാദർ ഫ്രൻസിസ് റോസ് എസ്. ജെ. യെ ഞങ്ങളുടെ മെത്രാനായി വാഴിക്കുക." 1601 -മെയ്മാസത്തിൽ മാർപാപ്പയുടെ മറുപടിയിൽ പ്രസ്താവിച്ചിരുന്നതു് ഇപ്രകാരമാണു്: ഗോവയിലെ മെത്രാപ്പോലീത്ത അവിടെ ഒരു സൂനഹദോസ് നടത്തിയെന്നും അതിൽ ധാരാളം അൽമായരും വൈദികരും സമ്മേളിച്ചെന്നും പരിശുദ്ധാത്മാവിനാൽ പ്രേരിതരായി നിങ്ങൾ ഒന്നടങ്കം നെസ്തോറിയസിന്റെ തെറ്റുകളെ ശപിച്ചുവെന്നും, നെസ്തോറിയൻ അബദ്ധങ്ങൾ അടങ്ങിയ ഗ്രന്ഥങ്ങളെ തിരുത്തുകയോ ചുട്ടെരിക്കയോ ചെയ്തെന്നും ക്രൈസ്തവരുടെ തലവനായ റോമാ മാർപാപ്പയെ നിങ്ങൾ അംഗീകരിച്ചെന്നും കേട്ടു് സന്തോഷിക്കുകയും നിങ്ങളെ അനുമോദിക്കുകയും ചെയ്യുന്നു[17].

ഒപ്പിട്ടതിനുശേഷം സ്തോത്രഗീതം

സൂനഹദോസു മൂലം കേരളസഭയ്ക്കു് കൈവന്ന നൻമകളെ പുരസ്കരിച്ചു ഫാ. സെബാസ്ത്യൻ നടക്കൽ (പാലാ) ഇപ്രകാരമാണു് പ്രസ്താവിച്ചിരിക്കുന്നതു്: കേരള സമുദായത്തിൽ ഒരിക്കലും ഉണങ്ങാത്ത മുറിവുകൾ സൂനഹദോസ് ഏല്പിച്ചിട്ടുണ്ടെങ്കിലും വികലമായ ചാതുർവർണ്യത്തിൽ നിന്നു സമുദായത്തെ രക്ഷിക്കുകയും സാക്ഷരത വർദ്ധിപ്പിക്കുകയും സഭൈരണം ക്രമീകരിക്കുകയും അന്ധവിശ്വാസം സമൂലം തുടച്ചു മാറ്റുകയും ചെയ്തു സമുദായത്തെ വളർത്തി എന്ന സത്യം ആർക്കും നിഷേധിക്കാനാവില്ല. ചടങ്ങുകളുടെ സമാപനത്തിൽ നടപടികളിൽ ഒപ്പുവച്ചു. അനന്തരം ഡോ. മെനേസിസ് സ്തോത്രഗീതം (Tedevum) തേദേവും ആരംഭിച്ചു. ഈ സ്തോത്രഗീതം പോർട്ടുഗീസുകാർ ലത്തീനിലും തദ്ദേശവൈദികർ സുറിയാനി ഭാഷയിലും വിശ്വാസികൾ മലയാളത്തിലും പ്രഭക്ഷിണ സമയത്തു് ആലപിച്ചു. ഇടവക വൈദികർ വീടുകളിൽ മടങ്ങിപ്പോകുന്നതിനു മുൻപു് താഴെപ്പറയുന്നവ മെത്രാപ്പോലീത്തായിൽ നിന്നു സ്വീകരിച്ചു: വെഞ്ചരിച്ച കർബാനക്കല്ലു്, വിശുദ്ധ തൈലം സൂക്ഷിക്കുന്നതിനുള്ള പാത്രങ്ങൾ, സുറിയാനിയിലേക്കു് വിവർത്തനം ചെയ്യപ്പെട്ട വിവിധ ക്രമങ്ങൾ അടങ്ങിയ പുസ്തകം, എല്ലാ പള്ളികളിലേക്കും അംശത്താര വിരി, തിരുവസ്ത്രങ്ങൾ തുടങ്ങിയവ. ഇതിനെറ ശേഷം താൻ എല്ലാവരാലും

17. Fr Ferroli S. J: Jesuits in Malabar Vol. I. p. 2-4.

malankaralibrary.com

സ്വാഗതം ചെയ്യപ്പെടുന്നുണ്ടെന്നേ ബോധ്യത്തോടെ ഡോ. അലക്സ് മെനേസിസ് തന്റെ ശ്ലൈഹികസന്ദർശനം പുനഃരാരംഭിച്ചു[18].

കാനോനപ്രബോധനം

സൂനഹദോസ് പര്യവസാനിച്ചതിനുശേഷം ഡോ. മെനേസിസ് താൻ ഇതിനു മുൻപ് സന്ദർശിച്ച ഇടവകകളിലെ തിരുക്കർമ്മാദികളിൽ പങ്കുകൊണ്ടു. സ്ഥൈര്യലേപനം സ്വീകരിക്കാത്തവർക്ക് അതു നൽകി. ജ്ഞാനസ്നാന ശുശ്രൂഷകളും നടത്തപ്പെട്ടു. മിക്കപ്പോഴും സൂനഹദോസിന്റെ പ്രധാന കാനോനകൾ വായിച്ചു അവ അനുസരിക്കുവാൻ ഉപദേശിച്ചുകൊണ്ടുള്ള പ്രബോധനങ്ങളും ഡോ. മെനേസിസ് നൽകിയിരുന്നു. തിരുക്കർമ്മസംബന്ധമായ ഗ്രന്ഥങ്ങളും മറ്റു സുറിയാനിഗ്രന്ഥങ്ങളും വിതരണം ചെയ്തു. ദൈവാനുഗ്രഹത്താൽ ഏതാനും ആഴ്ചകൾക്കുശേഷം യഥാർത്ഥ മാനസാന്തരം ഉളവാക്കുന്നതിനു ഈ സന്ദർശനങ്ങളും ഇടയാക്കി.

സൂനഹദോസ് നടപടികൾക്കു അംഗീകാരം

രോഗികളെപ്പറ്റി അറിവുകിട്ടിയാൽ സന്തോഷത്തോടെ അവരെ സന്ദർശിക്കയും സുവിശേഷത്തിൽനിന്ന് ഏതാനും ഭാഗങ്ങൾ വായിച്ചു കേൾപ്പിക്കയും ചെയ്തിരുന്നു. ഇപ്രകാരം ജൂലൈ ആരംഭംമുതൽ നവംബർ പതിനാറുവരെ മെത്രാപ്പോലീത്തായുടെ സന്ദർശനം നീണ്ടുനിന്നു. അതോടൊപ്പം എട്ടാം ക്ലമന്റ് പാപ്പായുടെ പ്രോത്സാഹജനകമായ ഒരു ബൂളാ[19] മെത്രാപ്പോലീത്തായ്ക്ക് ലഭിച്ചു. തനിക്കു ലഭിച്ച ഈ ബൂളാ തന്റെ പ്രവൃത്തി ശരിവച്ചുകൊണ്ടുള്ള ദൈവപരിപാലനയുടെ സാക്ഷ്യമായി അദ്ദേഹത്തിനു തോന്നി. സൂനഹദോസിലെ കാനോനകൾ പ്രയാസത്തോടെയെങ്കിലും നടപ്പാക്കിയതിന്റെ വിജയ നാന്ദിയായും അദ്ദേഹം ബൂളയെ കരുതി. സൂനഹദോസ് നിയമാനുസൃതം[20] നടത്തപ്പെട്ടില്ല എന്ന ഒരാരോപണം ഡോ. സേവ്യർ കൂടപ്പുഴ ഉന്നയിക്കുന്നുണ്ട്[21]. സൂനഹദോസിന്റെ നടത്തിപ്പിൽ പല ക്രമരാഹിത്യങ്ങളും കടന്നുകൂടിയിട്ടുണ്ടെന്നും ഡോ. മെനേസിസിന്റെ ഉത്തമ സഹചാരികൾ

---

18. കാർഡിനൽ തിസ്സറാങ്ങ്: ഇന്ത്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ. പേജ് 67-68.

19. Divinum Dei Ommipotenti എന്ന ഈ ബൂളവഴി മാർപാപ്പയാൽ സൂനഹദോസ് അംഗീകരിക്കപ്പെട്ടതായി അൽവാറൊ തെളിയിക്കാൻ ശ്രമിക്കുമ്പോഴും ഡോ. ജോസസ് തളിയത്തു പ്രസ്താവിച്ചിരിക്കുന്നതു ഈ ബൂള വഴി മെനേസിസിന്റെ പ്രവൃത്തികൾക്കു റോമിൽനിന്നു കാനോനികമായ അംഗീകാരം ലഭിച്ചിട്ടില്ലെന്നാണ്.

20. കാർഡിനൽ തിസ്സറാങ്ങ്: ഇന്ത്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ. ഉദ്ധൃതഗ്രന്ഥം. പേജ് 68-69.

21. ഡോ. സേവ്യർ കൂടപ്പുഴ: ഭാരതസഭാചരിത്രം. പേജ് 247-252.

malankaralibrary.com

പോലും സമ്മതിച്ചിരിക്കുന്നു. മെനേസിസിൽനിന്നു പട്ടം ലഭിച്ചവരായിരുന്ന സൂനഹദോസിൽ പങ്കെടുത്തവരിൽ ഭൂരിഭാഗവും. ഭീഷണിയും കൊച്ചിരാജാവിന്റെ പിൻബലവും സ്വാധീനവും ഉപയോഗിച്ചുകൊണ്ടാണത്രെ മെനേസിസ് സൂനഹദോസ് വിളിച്ചുനടത്തിയത്[22]. ഔപചാരിക സൂനഹദോസ് വിളിച്ചുകൂട്ടുന്നതിനു് അദ്ദേഹത്തിനു് ഉദ്ദേശമില്ലായിരുന്നു. കൂടാതെ രക്ഷയുടെ മാർഗം കാണിക്കാൻ മാർഗനിർദ്ദേശങ്ങളായ ചില ചട്ടങ്ങളും നൽകുക മാത്രമായിരുന്നു ലക്ഷ്യം. ഡോ. മെനേസിസ് നേരത്തെ തയ്യാറാക്കിയ കാനോനകളും ചർച്ചചെയ്യുകയോ ഭേദഗതി ചെയ്യുകയോ ഉണ്ടായില്ല എന്നതു് ശ്രദ്ധേയമത്രെ. സൂനഹദോസ് നടത്തിയ രീതിയിൽ കാതലായ ക്രമക്കേടുകളും ഉണ്ടായിരുന്നു. വേറെയും ഉണ്ടു് ആരോപണങ്ങളും. സൂനഹദോസിലെ കാനോനകളും പരിശോധിച്ചാൽ പോർട്ടുഗീസു മിഷനറിമാർക്കു് പൗരസ്ത്യറീത്തിനെ സംബന്ധിച്ചു് അജ്ഞത എത്ര വലുതാണെന്നു് വ്യക്തമാകും. ലത്തീൻറീത്തിനു് അനുരൂപപ്പെടാത്തതെല്ലാം പാഷണ്ഡതയായിരുന്നു അവരുടെ ദൃഷ്ടിയിൽ. ബാബിലോണിൽനിന്നു് വരുന്നതെന്തും നെസ്റ്റോറിയൻ പാഷണ്ഡതകളും ആണുപോലും!

അപ്പസ്തോലികസഭയെ വികലമാക്കിയെന്നു്

ഭാരതീയരും പാശ്ചാത്യരുമായിരുന്ന അപ്പസ്തോലികസഭയെ പാശ്ചാത്യസംസ്ക്കാരത്തിനു് അനുരൂപപ്പെടുത്തുകയാണു് സൂനഹദോസ് വഴി ചെയ്തതു്. ഇവിടെയുണ്ടായിരുന്ന പല ദുരാചാരങ്ങളും അവരുടെ പ്രവർത്തനങ്ങളിലൂടെ ദൂരീകരിക്കാൻ കഴിഞ്ഞു എന്നു ഡോ. കുടപ്പുഴ സമ്മതിക്കുന്നുണ്ടു്. എന്നാൽ ഗുണങ്ങളെക്കാളും അധികം കനത്ത ആഘാതങ്ങൾക്കു പോർട്ടുഗീസുകാരുടെ ഇവിടത്തെ പ്രവർത്തനം കാരണമായി എന്നതു ഒരു ദുഃഖസത്യമാണെന്നു് അദ്ദേഹം വ്യസനസമേതം രേഖപ്പെടുത്തിയിരിക്കുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സഭയുടെ സ്വന്തമായ വ്യക്തിത്വവും വിലയേറിയപാരമ്പര്യവും ശ്രാഘനീയങ്ങളായ ആചാരങ്ങളും പുരാതനമായ ആരാധനക്രമങ്ങളുമെല്ലാം വികലമാക്കി. എല്ലാറ്റിലുമുപരി ഒന്നായിരുന്ന സഭയെ വെട്ടിമുറിച്ചു കുനൻകുരിശുസത്യത്തിലേക്കു് നയിച്ചു. മലബാർ സഭയുടെ പൈതൃകം പറങ്കികൾ നശിപ്പിച്ചു കളഞ്ഞു എന്നു് ഡോ. കുടപ്പുഴ പോർട്ടുഗീസുകാരെ വിമർശിക്കുന്നു. ഈ "സൂനഹദോസ്" അസാധുവാണെന്നുള്ള ഗവേഷണങ്ങളിൽ നിന്നും തെളിഞ്ഞു. റോം അപ്രകാരം അംഗീകരിക്കയും ചെയ്തിരിക്കുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ അന്തസ്സിനും പൈതൃകത്തിനും ചേരാത്തപലതും എടുത്തു നീക്കേണ്ടിയിരിക്കുന്നു. സൂനഹദോസ് വികലവും വിരൂപവുമാക്കിയ സങ്കര

22. Jose Kuriedeth: Authority in The Catholic Community in Kerala p. 110.

malankaralibrary.com

റീത്തു പുനരുദ്ധരിക്കാൻ റോമിൽനിന്നുതന്നെ നീക്കങ്ങൾ ആരംഭിച്ചിരിക്കുന്നുവെന്നുള്ളതു് ആശാവഹമാണു്[23].

തെറ്റുകൾ തിരുത്തൽ

ഉദയംപേരൂർ സൂനഹദോസിനെപ്പറ്റി കാർഡിനൽ തിസ്സറാങ്ങ് "ഇന്ത്യയിലെ പൗരസ്ത്യ ക്രൈസ്തവസഭ എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു: ഉദയംപേരൂർ സൂനഹദോസ് നടപടികൾ ഒരിക്കലും ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിട്ടില്ല. യഥാർത്ഥത്തിൽ അവയുടെ അംഗീകാരം ആവശ്യമായിരുന്നില്ല. കാരണം ശ്രുപതാ സൂനഹദോസുകൾക്ക് റോമിന്റെ പരിശോധന ആവശ്യമാണെന്ന നിയമമില്ല."

പതിനാറാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിൽ ഇവിടെ വന്ന കത്തോലിക്കാ മിഷനറിമാർക്ക് ഇവിടെ പാഷണ്ഡതയുള്ള ജനതയെയാണു് നേരിടേണ്ടി വന്നതു്. യഥാർത്ഥത്തിൽ പാഷണ്ഡികളാണോ എന്ന കാര്യം ഇവിടെ പ്രശ്നമല്ല. പരിതഃസ്ഥിതികൾ ഇപ്രകാരമായിരിക്കെ ശ്രെന്ത്രോസ് സൂനഹദോസ് വിഭാവനം ചെയ്ത നവീകരണം നടപ്പിലാക്കാൻ അവർക്ക് തോന്നിയതിൽ അത്ഭുതമില്ല. അവർ ആരാധനാ പുസ്തകങ്ങളിൽ തെറ്റായ പ്രയോഗം കണ്ടു. അനധികൃതമായ പല ആരാധനാ പുസ്തകങ്ങളും കണ്ടെത്തി.

സഭാഭരണത്തിൽ പല പോരായ്മകളും ഉണ്ടായിരുന്നു. സാന്മാർഗിക നിലവാരം കുറെമറെതായിരുന്നില്ല. ചാൾസ് ബൊറോമിയൊ മിലാൻ ശ്രുപതയിൽ ചെയ്തതുപോലെയുള്ള കൃത്യമാണു് തനിക്കു് അങ്കമാലി അതിശ്രുപതയിൽ നിർവ്വഹിക്കാനുള്ളതു് എന്നു് മെനേസിസ് കരുതി. എന്നാൽ അതേ വിജയം മെനേസിസിനു് ലഭിക്കാത്തതിനു് കാരണം ഭാഷയിലും റീത്തിലുമുള്ള വ്യത്യാസങ്ങളായിരുന്നു. യഥാർത്ഥ ഭക്തിയും തീക്ഷ്ണതയും മെനേസിസ് പ്രകടമാക്കി.

കത്തോലിക്കവൽക്കരണം സാധിച്ചു

നിലവിലിരുന്ന സുറിയാനി ഗ്രന്ഥങ്ങളെ നശിപ്പിക്കാതെ അവ അദ്ദേഹത്തിനു് തിരുത്താമായിരുന്നു. കൂടുതൽ അസന്ദിഗ്ദ്ധ മാർഗമാണു് തിരഞ്ഞെടുത്തതു്. അതുമൂലം ഭാവിയിലെങ്കിലും പാഷണ്ഡത എളുപ്പം ഒഴിവാക്കാൻ കഴിഞ്ഞു[24]. കത്തോലിക്കാവൽക്കരണത്തിന്റെ പൂർത്തീകരണമായിരുന്നു 1599-ലെ ഉദയംപേരൂർ സൂനഹദോസ്. അന്ധവിശ്വാസങ്ങളെ തിരസ്ക്കരിച്ചുകൊണ്ടും, കത്തോലിക്കാ വി

23. ഡോ. സേവ്യർ കൂടപ്പുഴ: ഭാരതസഭാചരിത്രം, ഉദ്ധൃതഗ്രന്ഥം പേജ് 250-252.

24. കാർഡിനൽ തിസ്സറാങ്ങ്: ഇന്ത്യയിലെ പൗരസ്ത്യ ക്രൈസ്തവരുടെ കഥ: ഉദ്ധൃത ഗ്രന്ഥം പേജ് 89-91.

malankaralibrary.com

ശ്ശാസങ്ങളോടും മാർപാപ്പയോടും വിധേയത്വം പ്രഖ്യാപിച്ചുകൊണ്ടും സമാപിച്ച പ്രസ്തുത സൂനഹദോസിലെ ഡിക്രീകരം മാത്തോമ്മാ ക്രിസ്ത്യാനികളുടെ മേലുള്ള റോമിന്റെ ആധിപത്യത്തിനു അടിത്തറ ഇട്ടു. ചുരുക്കത്തിൽ നെസ്തോറിയൻ വിശ്വാസ രീതിയിൽ മുങ്ങിപ്പോയിരുന്ന സെലൂക്യൻ പാരമ്പര്യമുള്ള കേരള സുറിയാനിസഭകളുടെ കത്തോലിക്കവൽക്കരണം ഉദയംപേരൂർ സൂനഹദോസോടെ സാധിതമായി എന്നു കരുതുന്നതിൽ തെറ്റില്ല.

malankaralibrary.com

പതിമൂന്ന്

കൂനൻകുരിശുസത്യം

മട്ടാഞ്ചേരിയിലെ കൂനൻകുരിശിൽ 1653 ജനുവരി 3–ന ആലാത്തുകെട്ടി മാർത്തോമ്മാക്രിസ്ത്യാനികളും ഒന്നടങ്കം ചെയ്ത പ്രതിജ്ഞയും അതേവർഷം മെയ് 22–ന കൊച്ചിയിൽ നിന്നു 20 മൈൽ വടക്കുള്ള ആലങ്ങാട്ടുവച്ച് പന്ത്രണ്ട് വൈദികർ കൂടി ആർച്ചുഡീക്കൻ തോമസിനെ ശിരസ്സിൽ കൈവച്ച് "മാർത്തോമ്മാക്രിസ്ത്യാനികളുടെ മെത്രാനായി" വാഴിച്ചതും കേരളക്രൈസ്തവചരിത്രത്തിലെ പ്രധാന സംഭവങ്ങളാണ്. സാർവത്രിക കത്തോലിക്കസഭയുടെ ഒരു വിഭാഗമായ കേരള കത്തോലിക്കാസഭാചരിത്രത്തെ കളങ്കം ചാർത്തി അപഹാസ്യപ്പെടുത്തിയ സംഭവങ്ങളാണ് അവ[1]. 15 ആറാണ്ടുകളോളം റോമാകത്തോലിക്കാസഭയുമായി ഐക്യത്തിൽ നിലകൊണ്ടിരുന്ന കേരള കത്തോലിക്കസഭ 16–ാം നൂറാണ്ടിൽ ശോചനീയമായ വിധം രണ്ടായി പിളരുന്നതിനു ഇതു കാരണമാക്കി. ഈ ദുരന്തസംഭവങ്ങളും ഉളവാക്കിയ പ്രത്യാഘാതങ്ങളും ഇനിയും കെട്ടടങ്ങിയിട്ടില്ല.

മാർത്തോമ്മാക്രിസ്ത്യാനികളുടെ ജീവിതത്തിൽ ദൂരവ്യാപകമായി പ്രതിഫലനം ഉണ്ടാക്കിയ സംഭവമാണ് ഉദയമ്പേരൂർ സൂനഹദോസ്. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ആരാധനക്രമത്തിൽ ലത്തീൻ രീതി ചേർക്കുവാനുള്ള വ്യഗ്രത സൂനഹദോസിനുശേഷം തുടർന്നുകൊണ്ടിരുന്നു.

അധികാരം നഷ്ടപ്പെട്ട ആർച്ചുഡീക്കൻ

തന്റെ അധികാരം നഷ്ടപ്പെട്ടതിനാൽ ആർച്ചുഡീക്കൻ തോമസിനു ജസ്വീറ്റു വൈദികരോട് ഉണ്ടായിരുന്ന അമർഷവും പരമകോ

1. L. M. Pylee: St. Thomas Christians and Arch Diocese of Verapoly p. 144.

malankaralibrary.com

ഷയിലെത്തി. മാർത്തോമ്മാ ക്രിസ്ത്യാനികളെ കൽദായ മെത്രാൻമാരെ സ്വീകരിക്കുന്ന പതിവിനു പൂർണ വിരാമമിട്ടതിനു പോർട്ടുഗീസുകാരും അവിശ്രമം പരിശ്രമിച്ചുകൊണ്ടിരുന്നു. ഇവയെല്ലാം ഉദയമ്പേരൂർ സൂനഹദോസിന്റെ പ്രത്യാഘാതങ്ങളായിരുന്നു. പ്രസിദ്ധ ചരിത്രകാരനായ ഡോ. സേവ്യർ കുടപ്പുഴയുടെ അഭിപ്രായം [2]: നസ്രാണിക്രിസ്ത്യാനികളുടെ അനിഷേധ്യനേതാവ് ആച്ചുഡീക്കന്റെയും അദ്ദേഹത്തിന്റെ അനുയായികളായ കത്തനാരന്മാരുടേയും അഭിമാനത്തിനു ക്ഷതമേൽപിക്കുന്ന രീതിയിലുള്ള പോർട്ടുഗീസു മിഷനറിമാരുടെ നയവൈകല്യം നിമിത്തം മാർത്തോമ്മാ ക്രിസ്ത്യാനികളും പോർട്ടുഗീസ് മിഷനറിമാരും തമ്മിലുള്ള ബന്ധത്തിനു ഉലച്ചിൽ തട്ടി. വളരെ ജനസ്വാധീനതയുള്ള കുടുംബത്തിൽ പരമ്പരാഗതമായി ലഭിക്കുന്ന സ്ഥാനമാണ് ആർച്ച് ഡീക്കന്റെ പദവി. നാടുവാഴികൾപോലും ഇതു അംഗീകരിച്ചിരുന്നു. പക്ഷേ, പഠുവാദോ അധികാരത്തിൽ പ്രബുദ്ധരായ ചില പോർട്ടുഗീസു മിഷനറിമാരും മെത്രാന്മാരും ഇതു് വകവച്ചു് കൊടുക്കാൻ തയ്യാറായില്ല. 1606-ൽ ശ്രുപതാനിയമ സംഹിത (Diocesan statutes) ക്രോഡീകരിച്ചപ്പോൾ ആർച്ച് ഡീക്കന്റെ പരമ്പരാഗതമായ അധികാരത്തെ മുഴുവനായിട്ടല്ലെങ്കിലും ഭാഗികമായി പോർട്ടുഗീസു മിഷനറി മെത്രാന്മാർ നിഷേധിക്കയും അതേസമയം മെത്രാന്മാരുടെ സർവ്വാധിപത്യം സ്ഥാപിക്കയും ചെയ്തു.

അങ്കമാലി-കൊടുങ്ങല്ലൂർ രൂപതകൾ ഇല്ലാതായി

മെത്രാനില്ലാതെ ഒഴിഞ്ഞുകിടന്നിരുന്ന അങ്കമാലി അതിരൂപത ഗോവ അതിരൂപതയുടെ കീഴിലാക്കി. പിന്നീടതു പുനഃസ്ഥാപിക്കുകയും അതിരൂപതയായി ഉയർത്തുകയും ചെയ്തു. കൊടുങ്ങല്ലൂർ അതിരൂപത ഉടലെടുത്തതോടെ അങ്കമാലി അതിരൂപത നിലനിലക്കാതായി [3]. പോർട്ടുഗീസുകാരുടെ ശക്തി ഉർവ്വരമായിരുന്ന ഈ അതിരൂപതയിൽ മാർത്തോമ്മാക്രിസ്ത്യാനികളുടെ അജപാലകനായി നിയമിതനായതു അന്നത്തെ വൈപ്പിക്കോട്ടെ സെമിനാരി റെക്ടറും പ്രസിദ്ധ സുറിയാനി ഭാഷാപണ്ഡിതനുമായ ഫ്രാൻസീസ് റോസ്. എസ്. ജെ. ആണു്. ആദ്യമായാണു് ഒരു പാശ്ചാത്യ മിഷനറി മാർത്തോമ്മാക്രിസ്ത്യാനികളുടെ മെത്രാനായി നിയമിതനാകുന്നതു്. പോർഷ്യൻ പക്ഷക്കാർക്കു് പോർട്ടുഗീസ് അധികൃതരുടെ ഈ നടപടി രുചിച്ചില്ലെങ്കിലും ജനങ്ങൾ പൊതുവെ ഇതു് സ്വാഗതം ചെയ്തു. താമസിയാതെ ബിഷപ്പു് റോസ് തന്റെ ആസ്ഥാനം അങ്കമാലിയിൽനിന്നു് കൊടുങ്ങല്ലൂ

---

2. ഡോ. സേവ്യർ കുടപ്പുഴ: തിരുസഭാചരിത്രം – ഭാരതസഭയും പോർട്ടുഗീസുകാരും. പേജ്. 210.

3. ഡോ. സേവ്യർ കുടപ്പുഴ: തിരുസഭാചരിത്രം, ഭാരതസഭയും പോർട്ടുഗീസുകാരും.

malankaralibrary.com

രിലേക്കു് മാറ്റി. ഈ നടപടി മാത്തോമ്മാക്രിസ്ത്യാനികളിൽ ഒരു വിഭാഗത്തെ അസംതൃപ്തരാക്കി. ഇതു് ഭരണീയരും ഭരണകർത്താക്കളും തമ്മിലുള്ളഭിന്നതകൊണ്ടും തെറ്റിദ്ധാരണകൊണ്ടും കാരണമായി. ഡോ. മെനേസിസ് കേരളത്തോടു വിട വാങ്ങുന്നതിലും മാർത്തോമ്മാക്രിസ്ത്യാനികൾക്കു് അതൃപ്തി ഉണ്ടായിരുന്നു.

സ്വന്തംറീത്തിൽ മെത്രാൻമാരെ കിട്ടാൻ

ഈശോസഭാംഗങ്ങളായ മെത്രാന്മാരുടെ സ്നേഹശൂന്യമായ പെരുമാറ്റവും, വാശിയും അവർ നടപ്പാക്കിയ കർക്കശമായ നിയമങ്ങളും നടപടിക്രമങ്ങളും മാത്തോമ്മാ ക്രിസ്ത്യാനികളെ അവരിൽ നിന്നകറ്റി. തങ്ങളുടെ റീത്തിൽപ്പെട്ട മെത്രാന്മാരെ ലഭിക്കാൻ മാത്തോമ്മാ ക്രിസ്ത്യാനികൾ ആഗ്രഹിച്ചുവെങ്കിൽ അതു് സ്വാഭാവികം മാത്രം. പോർട്ടുഗീസുകാരുടെ ഭരണനുകത്തിൽ നിന്നു വിമോചിതരാകാൻ അവർ ആഗ്രഹിച്ചിരുന്ന കാലസന്ധിയിലാണു് പേർഷ്യയിൽനിന്നു് മാത്തോമ്മാ ക്രിസ്ത്യാനികളുടെ മെത്രാനാണു് എന്നു പറഞ്ഞുകൊണ്ടു് മൈലാപ്പൂരിൽ അഹത്തുള്ളാ ആഗതനായതു്. ഈ നവാഗതനെ മലബാറിൽ പ്രവേശിക്കാതെ പോർട്ടുഗീസുകാർ ഗോവയിലേക്കു് നാടുകടത്തി. അതേ തുടർന്നുണ്ടായ നിർഭാഗ്യകരമായ സംഭവമാണു് കൂനൻകുരിശു സത്യം. പിന്നീടതു് ഒരു കൊടുങ്കാറ്റായി [4].

ആർച്ചുഡീക്കന്റെ വിമോചനസമരം

സകല അധികാരങ്ങളും നഷ്ടപ്പെട്ട ആർച്ചുഡീക്കൻ 1609-ൽ റോസ് മെത്രാപ്പോലീത്തയ്ക്കെതിരായി പ്രതിഷേധിച്ചു. 1618-ൽ തന്റെ അധികാരാവകാശങ്ങൾ നിഷേധിച്ചുകൊണ്ടു് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചപ്പോൾ ആർച്ചുഡീക്കൻ പ്രക്ഷോഭണത്തിനു സന്നദ്ധനായി. ആർച്ചുബിഷപ്പു് സ്റ്റീഫൻ ബ്രിട്ടൊ ആർച്ചുഡീക്കനു് ഏതാനും അധികാരങ്ങൾ അനുവദിച്ചുകൊടുത്തെങ്കിലും പിന്നീടു് അധികാരമേറ്റ ആർച്ചുബിഷപ്പു് ഫ്രാൻസിസ് ഗാർസിയ ആർച്ചുഡീക്കന്റെ സകല അവകാശങ്ങളും നിഷേധിച്ചു [5]. നഷ്ടപ്പെട്ട അധികാരാവകാശങ്ങൾ വീണ്ടെടുക്കുന്നതിനു ആർച്ചുഡീക്കൻ നാനാവിധ മാർഗങ്ങൾ പ്രയോഗിച്ചു തുടങ്ങി. ചില കാര്യങ്ങളിൽ നിസ്സംഗതയും നിസ്സഹകരണവും പ്രകടിപ്പിച്ച രാജാക്കൻമാരുടെ ഇടപെടലും സഹായവും തേടി. കൂടാതെ റോമിൽ നിന്നു് തനിക്കു് അനുകൂലമായ നടപടികൾ ഉണ്ടാകുന്നതിനു് മറ്റു് സന്ന്യാസ സഭാംഗങ്ങളുടെ മേൽ പ്രേരണ ചെലുത്തി. ഈശോസഭാംഗങ്ങളല്ലാത്ത മിഷനറിമാരെ മെത്രാ

4. L. M. Pylee: St. Thomas Christians and Arch Diocese of Verapoly p. 129.

5. Dr. Thekkedath J. S. D. B: The Troubled Days p. 22.

malankaralibrary.com

പ്പോലീത്തമാരായി ലഭിക്കാൻ പോർട്ടുഗീസുരാജാവിനോടുപോലും ആർച്ചുഡീക്കൻ അഭ്യർത്ഥിച്ചു [6]. ആർച്ചുബിഷപ്പ് ഗാർസിയ അധികാരങ്ങളും എല്ലാം കയ്യടക്കി ആർച്ചുഡീക്കനെ അവഗണിച്ചുകൊണ്ട് സ്വൈമേധാവിത്വം സ്വീകരിച്ചതു മാർത്തോമ്മാ ക്രിസ്ത്യാനികളെയും ആർച്ചുഡീക്കനെയും പ്രകോപിപ്പിച്ചു. ഒരു വിപ്ലവം തന്നെ പൊട്ടിപ്പുറപ്പെടാനുള്ള സാഹചര്യം ഉളവായി. പോർട്ടുഗീസുകാർ വരുന്നതിനു മുൻപു് ഒരായിരം സംവത്സരങ്ങളോളം കേരള ക്രിസ്ത്യാനികൾ അനുഭവിച്ചിരുന്ന ദുരിതങ്ങളും പോർട്ടുഗീസുകാരിൽനിന്നു് അവർക്കു് ലഭിച്ച നിരവധി ആനുകൂല്യങ്ങളും തമ്മിൽ തട്ടിച്ചുനോക്കിയിരുന്നെങ്കിൽ വീണ്ടും പൗരസ്ത്യ മെത്രാൻമാരെ കേരളത്തിലേക്കു് ക്ഷണിക്കയില്ലായിരുന്നു എന്നു് സുപ്രസിദ്ധചരിത്രകാരനും ചരിത്രഗ്രന്ഥ കർത്താവുമായ എൻ. കെ. ജോസു് വിവരിക്കുന്നതു് ശ്രദ്ധേയമാണു്. മദ്ധ്യപൂർവ്വ ദേശങ്ങളിൽ നിന്നുള്ള മെത്രാൻമാരാരും ഇന്ത്യയിൽ കാലുകുത്താതിരിക്കുന്നതിനുള്ള നിത്യജാഗ്രത പോർട്ടുഗീസുകാർ പാലിച്ചിരുന്നു.

അഹത്തള്ളയുടെ ആഗമനം

അഹത്തള്ള എന്ന പേരിൽ 1653-ൽ ഒരു സന്യാസ വൈദികൻ മലബാറിലേക്കുള്ള യാത്രാമദ്ധ്യേ മൈലാപ്പൂരിലെത്തി. മാർപാപ്പയാൽ അയയ്ക്കപ്പെട്ടവനാണെന്നും മാർത്തോമ്മാക്രിസ്ത്യാനികളുടെ മെത്രാനായി പാത്രിയർക്കീസു് തന്നെ അവരോധിച്ചിരിക്കുകയാണെന്നും അദ്ദേഹം അവകാശപ്പെട്ടു. വാസ്തവത്തിൽ ആർച്ചുഡീക്കൻ തോമസിന്റെ അഭ്യർത്ഥനയനുസരിച്ചു് അന്തോക്യായിലെ യാക്കോബായ പാത്രിയാർക്കീസാണു് അഹത്തള്ളയെ കേരളത്തിലേയ്ക്കയച്ചതു്. ഇഗ്നേഷ്യസെന്നു് സ്വയം സംബോധന ചെയ്ത ഈ വ്യക്തി ഇന്ത്യ മുഴുവന്റെയും ചൈനയുടെയും പാത്രിയാർക്കീസാണെന്നു് അവകാശപ്പെട്ടു [7].

മൈലാപ്പൂരിലായിരുന്നയവസരത്തിൽ അഹത്തള്ള സുറിയാനി ഭാഷയിൽ മാർപാപ്പയാൽ താൻ അയയ്ക്കപ്പെട്ടവനാണെന്നും, മാർത്തോമ്മാ ക്രിസ്ത്യാനികളുടെ പാത്രിയാർക്കീസാണു് താനെന്നും അവകാശപ്പെട്ടുകൊണ്ടു ഒരെഴുത്തു ആർച്ചുഡീക്കൻ തോമസിനു രണ്ടു ശമ്മാശൻമാർ വഴി കൊടുത്തയച്ചിരുന്നു [8]. അഹത്തള്ളയുടെ ആഗമനവാർത്ത മാർത്തോമ്മാ ക്രിസ്ത്യാനികൾ ഗ്രഹിച്ചതോടെ അവർ ഒന്നടങ്കം ആവേശഭരിതരായി. അഹത്തള്ളയുടെ സാന്നിദ്ധ്യം പട്ടുവാടൊ അധി

---

6. കെ. എൽ. ബർണാർഡ്: പോർട്ടുഗീസുകാർ കേരളത്തിൽ പേജ് 70.

7. L. M. Pylee: St. Thomas Church and Arch Diocese of Verapoly op. cit. p. 139.

8. ഈ എഴുത്തിന്റെ ലാറ്റിൻ പരിഭാഷ റോമിലെ പ്രൊപ്പഗാന്ത അർക്കീവിൽ സൂക്ഷിക്കുന്നു.

malankaralibrary.com

കാരത്തിനു കണ്ണുകോടാലിയും ഈശോസക്കോരുടെ സർവ്വാധിപത്യത്തിനു് തുരങ്കം വയ്ക്കുലുമാണെന്നു ഭയപ്പെട്ട പോർട്ടുഗീസുകാർ അഹത്തള്ളയെ മലബാറിൽ നിന്നു് നിഷ്ക്കാസനംചെയ്യുവാൻ ദൃഢനിശ്ചയം ചെയ്തു. അഹത്തള്ളയെ മലബാറിൽ കാലുകുത്താൻ അനുവദിച്ചാൽ മാർത്തോമ്മാക്രിസ്ത്യാനികളെ ഒന്നടങ്കം അദ്ദേഹത്തെ പിഞ്ചെല്ലും, ആർച്ചുഡീക്കനു സ്വു് അധികാരങ്ങളും തിരിച്ചു നൽകേണ്ടിവരും, ഈശോസഭാംഗങ്ങളെ പുറംതള്ളപ്പെടുകയുംചെയ്യും. അതുകൊണ്ടു് അഹത്തള്ള കേരളത്തിൽ വരുന്നതിനെ ഏതുവിധേനയും തടയുന്നതിനു പോർട്ടുഗീസുകാർ തീരുമാനിച്ചു. അഹത്തള്ളയെ മലബാറിലേക്കു കൊണ്ടുവരുന്നതിനു് രണ്ടു് വൈദികരും 46 അകമ്പടിക്കാരും കേരളത്തിൽ നിന്നു് പുറപ്പെട്ടു കഴിഞ്ഞിരുന്നു. അഹത്തള്ളയെ കപ്പലിൽ കയറ്റി പോർട്ടുഗീസുകാർ കൊച്ചിയിലേക്കു വിട്ടു. കപ്പൽ ജോലിക്കാർ ക്രിസ്മസും, നവവത്സരവും കൊച്ചിയിൽ കഴിച്ചു കൂട്ടണമെന്നു് നിർബ്ബന്ധം പിടിച്ചതിനാലാണു് കപ്പൽ കൊച്ചി തുറമുഖത്തേക്കു് വിട്ടതു്. കപ്പൽ കൊച്ചിയിൽ അടുക്കാതെ അഹത്തള്ളയെ ഗോവയിൽ കൊണ്ടുപോകാനായിരുന്ന പ്ലാൻ. 1652 ഡിസംബർ 24-നു കപ്പൽ കൊച്ചിതുറമുഖത്തിൽനിന്നു കുറച്ചകലെ വന്നപ്പോഴും കൊച്ചികോട്ടയ്ക്കു് തെക്കും കിഴക്കുമായി 25000 സായുധരായ മാർത്തോമ്മാക്രിസ്ത്യാനികളുടെ അകമ്പടിയോടെ ആർച്ചുഡീക്കൻ ആഗതനായി. അഹത്തള്ളായെ നേരിട്ടു് കണ്ടു് സംസാരിക്കണമെന്നു് പോർട്ടുഗീസു ക്യാപ്റ്റനോടു് ആവശ്യപ്പെട്ടു. അപേക്ഷ നിരസിക്കപ്പെട്ടു.

അഴിമുഖത്തിനു അഭിമുഖമായുള്ള കുരിശിൽ

കപ്പൽ 1653 ജനുവരി 2-നു അഹത്തള്ളായെ വഹിച്ചുകൊണ്ടു് ഗോവയിലേക്കു പോയി. കപ്പൽ കൊച്ചി വിട്ടുപോകുന്നതുകണ്ടു നിരാശരായ ജനങ്ങൾ ക്ഷുഭിതരായി അഴിമുഖത്തിനു അഭിമുഖമായി നിന്നിരുന്ന മട്ടാഞ്ചേരിയുടെ കുരിശ്തൊട്ടു് ഈശോസഭക്കാരായ മെത്രാന്മാർക്കെതിരായി ശപഥംചെയ്യുവാൻ തീരുമാനിച്ചു. അഹത്തള്ളയുടെ അറസ്റ്റിനെയും അദ്ദേഹത്തിന്റെ തിരോധാനത്തെയും കുറിച്ചു് പണ്ഡിതനും സുപ്രസിദ്ധ ചരിത്രകാരനുമായ കർത്താനാർ തിസ്സറാങ്ങിന്റെ വാക്കുകൾ ഇവിടെ വിവരിച്ചുകൊള്ളട്ടെ: കൊച്ചി നഗരത്തിന്റെ കവാടത്തിൽ ആയിരക്കണക്കിനു മാർത്തോമ്മാ ക്രിസ്ത്യാനികൾ തടിച്ചുകൂടി. ബന്ധനസ്ഥനായ അഹത്തള്ളായെ വിട്ടുകിട്ടണം, അദ്ദേഹത്തോടു സംസാരിക്കാൻ സന്ദർഭം ഉണ്ടാക്കണം, അദ്ദേഹത്തിന്റെ ആവശ്യങ്ങളെന്തെല്ലാമെന്നാരായണം. ഇതാണു മാത്തോമ്മാ ക്രിസ്ത്യാനികൾ ആവശ്യപ്പെട്ടതു്. നയതന്ത്രപരമായി പരിഹാരം കാണേണ്ടതിനു്

malankaralibrary.com

പകരം രാത്രിതന്നെ അഹത്തള്ളയെ ഗ്രോവയിലേക്കു നാടുകടത്തുകയാണു ചെയ്തതു [9].

കപടമെത്രാന്മാരുടെ വസന്തകാലം

മാർ സൈമൺ എന്നൊരു നെസ്തോറിയൻ മെത്രാൻ 1578-ൽ കേരളത്തിൽ വന്നതും സുറിയാനിക്കാരുടെ മെത്രാപ്പോലീത്തയാണെന്നു സ്വയം അവകാശപ്പെട്ടതും റോമിൽ കൊണ്ടുപോയി ഈ കപടമെത്രാനെ വിസ്തരിച്ചപ്പോഴാണ് അദ്ദേഹം വൈദികൻ പോലുമല്ലെന്നതെളിഞ്ഞതും കൊച്ചിയിലെ ഈശോസഭക്കാർക്കറിയാമായിരുന്നു. അതുകൊണ്ടു് അഹത്തള്ളയെ അവർ ജനങ്ങളെ കാണിച്ചതേയില്ല. നഗരത്തിൽ കൂടുതൽ കുഴപ്പത്തിനും ബഹളത്തിനും ഇടവരാതിരിക്കാൻ "നിർഭാഗ്യവശാൽ പാത്രിയർക്കീസ് യാദൃച്ഛികമായി കടലിൽ മുങ്ങി മരിച്ചു" എന്നൊരു വാർത്ത നാട്ടിലെങ്ങും പോർട്ടുഗീസുകാർ പ്രചരിപ്പിച്ചു. അഹത്തള്ളയെ പോർട്ടുഗീസുകാർ കടലിൽ കെട്ടിത്താഴ്ത്തി എന്ന കുറ്റം ആരോപിച്ചുകൊണ്ടു് മാർത്തോമ്മാ ക്രിസ്ത്യാനികൾ നാട്ടിലെങ്ങും ബഹളമുണ്ടാക്കി. മട്ടാഞ്ചേരിയിൽ ഏകദേശം 25000 മാർത്തോമ്മാ ക്രിസ്ത്യാനികൾ തടിച്ചുകൂടി. ക്ഷുഭിതരായ അവർ ക്രൂനൻകുരിശിൽ ആലാത്തുകൾ കെട്ടി അതിൽ തൊട്ടുകൊണ്ടു് തങ്ങൾ മേലിൽ ഒരിക്കലും ജസ്വീറ്റ് മെത്രാന്മാരുടെ കീഴിൽ ആയിരിക്കുന്നതല്ല, ഭാവിയിൽ ആർച്ചുബിഷപ്പു് ഗാർസിയായെ അനുസരിക്കുന്നതല്ല എന്നു് ശപഥംചെയ്തു.

തദവസരത്തിൽ ആർച്ചുഡീക്കൻ തോമസ് തെ കാംപോ അഹത്തള്ളയുടെതെന്നു പറയപ്പെടുന്ന ഒരു എഴുത്തു് അവിടെ പ്രസിദ്ധപ്പെടുത്തി. അതിൽ പ്രസ്താവിച്ചിരുന്നതു് സീറൊ മലബാർ സഭയിലെ ക്രൈസ്തവർക്കു തങ്ങൾക്കിഷ്ടമുള്ള മെത്രാനെ തെരഞ്ഞെടുക്കാൻ റോമിൽനിന്നു അനുവദിച്ചിരിക്കുന്നുവെന്നാണ്. ഈ വ്യാജലിഖിതം വായിച്ചുകേട്ട മാത്തോമ്മാ ക്രിസ്ത്യാനികൾ തൽക്ഷണം ആർച്ചുഡീക്കനെ മെത്രാനായി അഭിഷേകംചെയ്യുന്നതിനു് ത്വരിതപ്പെട്ടു.

മെത്രാനെ വാഴിക്കാൻ വൈദികർ!

ആലങ്ങാട്ടു വച്ചു് 12 വൈദികർ അവരുടെ കരങ്ങൾ ആർച്ചുഡീക്കൻ തോമായുടെ ശിരസ്സിൽ വച്ചു് അദ്ദേഹത്തെ മെത്രാനായി വാഴിച്ചു. 1970 ജൂൺ മാസത്തിൽ പ്രസിദ്ധീകരിച്ച "കേരളസഭാചരിത്രത്തിലൂടെ" എന്ന ഗ്രന്ഥത്തിൽ ഒരു ചോദ്യമുണ്ടു്. ഇഗ്നേഷ്യസ് അഹത്തള്ള ആരായിരുന്നു? 1971-ൽ ഫാ. തോമസ് മളവരിക്കൽ പ്രസിദ്ധീകരിച്ച "മാർത്തോമ്മാ ശ്ലീഹായും കേരള ക്രൈസ്തവസഭയും" എന്ന ഗ്രന്ഥത്തിൽ പ്രസ്തുത ചോദ്യത്തിനു ഇപ്രകാര

9. L. M. Pylee: St. Thomas Church op. cit. p. 140.

malankaralibrary.com

മാണു് ഉത്തരം കൊടുത്തിരിക്കുന്നതു്. "ഒരു സുറിയാനിമെത്രാനെ കിട്ടാനുള്ള മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഉൽക്കടമായ അഭിലാഷത്തെപ്പറ്റി ലഭിച്ച അറിവിനെ ചൂഷണം ചെയ്തു് അവരുടെ നേതൃത്വം പിടിച്ചു പറ്റാൻ എത്തിയ ഏതോ ഒരു തട്ടിപ്പുകാരൻ (Imposter) ആയിരുന്നു അഹത്തള്ള. അദ്ദേഹം മെത്രാനൊ വൈദികനൊ ആയിരുന്നുവെന്നു് യാതൊരു തെളിവുമില്ല." Imposter എന്ന പദത്തിനു് വഞ്ചകൻ, കള്ളസന്യാസി എന്നൊക്കെ അർത്ഥമുണ്ടു്. ഒരു വഞ്ചകനുവേണ്ടി ആയിരുന്നോ ഈ കോലാഹലങ്ങളെല്ലാം? കർട്ടിനാൾ തിസ്സറാങ്ങു് അഹത്തള്ളയുടെ മരണത്തെക്കുറിച്ചു് വിവരിക്കുമ്പോഴും പോർട്ടുഗീസുകാർ അദ്ദേഹത്തെ കടലിൽ കെട്ടിത്താഴ്ത്തിയെന്നു് അസന്ദിഗ്ദ്ധമായി പ്രസ്താവിക്കുന്നുണ്ടു് [10]. എന്നിരുന്നാലും ഈ കപടമെത്രാന്റെ അന്ത്യനിമഗ്നത്തെപ്പറ്റി ചരിത്രകാരന്മാരുടെ ഇടയിൽ വ്യത്യസ്ത അഭിപ്രായമാണുള്ളതു്. ചില ചരിത്രകാരന്മാർ പറയുന്നതു് ഗോവയിലെ വിചാരണയ്ക്കുശേഷം അദ്ദേഹത്തെ പോർട്ടുഗലിലേയ്ക്കു് കൊണ്ടുപോയെന്നും അവിടെനിന്നു് റോമിലേയ്ക്കു് അയച്ചെന്നുമാണു്.

എവുസ്താക്കു് എന്ന ചരിത്രകാരൻ പറയുന്നതു് ലിസ്ബണിലേയ്ക്കു് പോകുന്നവഴി പാരീസിൽ വച്ചു് അദ്ദേഹം ചരമമടഞ്ഞുവെന്നാണു്. എന്നാൽ മലബാറിലെ ചരിത്രകാരന്മാരിൽ ചിലർ ഖണ്ഡിതമായി അഭിപ്രായപ്പെടുന്നതു് അഹത്തള്ളയെ കടലിൽ കെട്ടിത്താഴ്ത്തിയെന്നത്രെ[11].

അഹത്തള്ളയുടേതു് വ്യാജരേഖ

ഏഴാം അലക്സാണ്ടർ മാർപ്പാപ്പ 1660 ജനുവരി 20-നു "ഗ്രാത്തും നോബിസു്" (Gratum Nobis) എന്ന തിരുവെഴുത്തുവഴി ഈ കുഴഞ്ഞ പ്രശ്നത്തിനു് പരിഹാരം കണ്ടെത്തി. വാദപ്രതിവാദങ്ങൾക്കു് വിരാമമിട്ട. തിരുവെഴുത്തിൽ ഇപ്രകാരമുള്ള ഒരു പ്രസ്താവന കാണുന്നു: "ഇഗ്നേഷ്യസു് കൽദ്വി മെൻസിസു് അഹത്തള്ള അഥവാ അദയെ ദാത്തുസു് എന്ന പേരുള്ള ഒരു ശീശുമക്കാരൻ, താൻ പാത്രിയാർക്കീസാണെന്നു് സ്വയം പ്രഖ്യാപിച്ചതിനു് മൈലാപ്പൂരിൽവച്ചു് അറസ്റ്റു ചെയ്യപ്പെട്ട. അദ്ദേഹത്തെ മൈലാപ്പൂരിലേക്കയച്ചതു് പത്താം ഇന്നസന്റു് മാർപാപ്പയോ മറേതെങ്കിലും റോമൻ മാർപാപ്പയോ, എന്റെ മുൻഗാമിയോ അല്ല. അപ്പസ്തോലിക്കു് ഡലിഗേഷനു തനിക്കുണ്ടെന്നു വ്യാജരേഖയോടുകൂടി, നിങ്ങളുടെ ആത്മാർത്ഥതയെ വഞ്ചിക്കാൻ അദ്ദേഹം ശ്രമിച്ചു. അദ്ദേഹം അതുവഴി ദയനീയമായ വിധം തെറ്റിൽ ഉഴപ്പെട്ടുകയായിരുന്നു[12].

10. Tisserant, Cardinal Eugene: Eastern Christianity in India op. cit. pp. 79-80.
11. L. M. Pylee: Arch Diocese of Verapoly op. cit. p. 41
12. Mackenzie G. T: Christianity in Travancore pp. 183-184.

malankaralibrary.com

ശിരസിൽ വ്യാജരേഖ

ആർച്ചുഡീക്കൻ തോമസിന്റെ ശിരസ്സിൽ കൈവച്ച് മെത്രാനായി വാഴിച്ചു. മാർ തോമ പ്രഥമൻ മെത്രാപ്പോലീത്ത എന്നു് സ്വയം സംബോധന ചെയ്തു. മെത്രാനായി വാഴിച്ചവസരത്തിൽ അഹത്തള്ളയുടെ എന്നു് പറയപ്പെടുന്ന വ്യാജരേഖ ആർച്ചുഡീക്കന്റെ ശിരസ്സിൽ കുറെനേരം വച്ചു. വാസ്തവത്തിൽ അതു് ആഞ്ഞിലിമൂട്ടിൽ ഇട്ടിത്തൊമ്മൻ കത്തനാർ നിർമ്മിച്ച വ്യാജരേഖയായിരുന്നു. ആലങ്ങാട്ടു് സമ്മേളനത്തിൽ വച്ചു് അഹത്തള്ളയുടേതായി വായിക്കപ്പെട്ട കത്തു് യഥാർത്ഥത്തിൽ അദ്ദേഹത്തിന്റേതല്ലായിരുന്നു. ഫാ. ഇട്ടിത്തൊമ്മൻ ആഞ്ഞിലിമൂട്ടിൽ നിർമ്മിച്ച ഒരു കൃത്രിമരേഖ. ഈ വാർത്ത പുറത്തുവന്നതോടെ തങ്ങളും വഞ്ചിതരായെന്നറിഞ്ഞ ജനങ്ങളും ക്ഷുഭിതരായി എന്നു പറയേണ്ടതില്ലല്ലോ[13]. അതിനുശേഷം മെത്രാൻമാരുടെ ജോലികളും അദ്ദേഹം നിർവ്വഹിച്ചുതുടങ്ങി. വിവാഹം വിളിച്ചു ചൊല്ലുന്നതിനു് ഒഴിവു് നൽകുക, വിവാഹതടസ്സങ്ങളിൽ നിന്നു് ഒഴിവുകൊടുക്കുക, ശെമ്മാശൻമാർക്കു് വൈദികപട്ടം നൽകുക മുതലായ ദിവ്യകർമ്മങ്ങളും അദ്ദേഹം അനുഷ്ഠിച്ചു തുടങ്ങിയതോടെ കേരളസഭ മുഴുവനും പിളർപ്പിന്റെ വക്കിലായി. ഇതിനകം അഹത്തള്ള ഗോവയിലുള്ള മതവിശ്വാസവിചാരണ കോടതിയിൽ (Inquisition) വച്ചു് പാഷണ്ഡകനായി വിധിക്കപ്പെട്ടു.

പഴയകൂറും പുത്തൻകൂറും

വിപ്ലവം അതിവേഗം രാജ്യമെല്ലാം പടർന്നു. 200,000 മാർത്തോമ്മാക്രിസ്ത്യാനികളിൽ എണ്ണൂറോ, എഴുന്നൂറോ കത്തോലിക്കർ മാത്രമേ ഈശോസഭോംഗമായ ആർച്ചുബിഷപ്പിനോടു വിശ്വസ്തതയോടെ നിലനിന്നുള്ളൂ. മലബാറിലെ ക്രൈസ്തവരുടെ ഐക്യത്തിനു് ക്നനൻകൂറിശ്ശ സത്യം ഉലച്ചിൽ തട്ടിച്ചു. പിളർപ്പിന്റെ പരിണതഫലം ഇന്നും സഭ അനുഭവിച്ചു വരുന്നു. ക്നനൻകൂറിശ്ശ സത്യം മൂലമുണ്ടായ ശീശ്മ മലബാർ സഭയെ ആകമാനം ബാധിച്ചു. അഭിമാന വിജൃംഭിതരായ ഒരു വിഭാഗം കേരള ക്രിസ്ത്യാനികൾ സ്വീകരിച്ച നടപടി മലബാറിലെ സുറിയാനി ക്രിസ്ത്യാനി സമൂഹത്തെ ഭിന്നിപ്പിച്ചു. റോമിന്റെ ഭാഗത്തുനിന്നു് അനുരഞ്ജനത്തിനുള്ള ശ്രമങ്ങളും ഉണ്ടായെങ്കിലും കൊടുങ്ങല്ലൂർ അതിരൂപത റോമാ പ്രതിനിധിയായ കത്തോലിക്കാ മെത്രാനോടു ഭിന്നിച്ചുനിന്ന പറമ്പിൽ തോമ്മാ എന്നപേരുള്ള ആർച്ചുഡീക്ക (Archdeacon) ന്റെ നേതൃത്വത്തിൽ തങ്ങളുടെ തീരുമാനത്തിൽ ഉറച്ചു നിൽക്കാൻ ഏതാനും ക്രൈസ്തവർ തീരുമാനിച്ചു. അങ്ങനെയാണു് "പഴയ കൂറുകാരെന്നും" "പുത്തൻ കൂറുകാ

13. ഫാ. തോമസ് മുളവരിക്കൽ: മാർത്തോമ്മാശ്ലീഹായും കേരള ക്രൈസ്തവരും പുറം 134.

malankaralibrary.com

രെന്നും'' രണ്ടു വിഭാഗക്കാർ രൂപംകൊണ്ടതു്. മാർപാപ്പയോടുള്ള വിധേയത്വത്തിലും കത്തോലിക്കവിശ്വാസത്തിലും അടിയുറച്ചുനിന്നു കത്തോലിക്കവൽക്കരിക്കപ്പെട്ട മാർത്തോമ്മാക്രിസ്ത്യാനികളും കുനായ ക്രിസ്ത്യാനികളും പുതുതായി ക്രിസ്തുമാർഗത്തിൽ ചേർന്നവരും പഴയകൂറുകാരായും, അന്ത്യോക്യയിലെ പാത്രിയാർക്കീസിനോടു കൂറു പ്രഖ്യാപിച്ചു കത്തോലിക്കർ (അതോടെ അവർ അകത്തോലിക്കരായി) പുത്തൻകൂറുകാരായും നിലകൊണ്ടു[14].

വിമതരുടെ മെത്രാൻ

ആർച്ചുഡീക്കൻ തോമാ ഏതെങ്കിലുമൊരു മെത്രാനിൽനിന്നു തനിക്കു പട്ടം നൽകുവാൻ ആവശ്യപ്പെട്ടുകൊണ്ടു് അന്ത്യോക്യായിലെ പാത്രിയർക്കീസിനു് എഴുത്തുകളയച്ചു. അതിന്റെ ഫലമായി മാർ ഗ്രിഗോറിയോസു് എന്ന യാക്കോബായ മെത്രാൻ കേരളത്തിലേക്കു വന്നു. മാർ ഗ്രിഗോറിയോസു് ആർച്ചുഡീക്കൻ തോമ്മായെ മെത്രാനായി വാഴിച്ചു. അദ്ദേഹം സഭയിൽനിന്നു വിഘടിച്ചു നിന്നവരുടെ വൈദിക മേലദ്ധ്യക്ഷനായി സ്വയം പ്രഖ്യാപിച്ചു. ആർച്ചുഡീക്കൻ തോമാ ഗ്രിഗോറിയോസിന്റെ കീഴിൽ ''ഒന്നാം മാർത്തോമ്മാ മെത്രാൻ'' എന്ന നിലയിൽ തുടർന്നു. ഇങ്ങനെ കൂനൻകുരിശു സത്യത്തിന്റെ പരിണതഫലമായി കേരളത്തിലെ പുത്തൻകൂറുകാർ യാക്കോബായ സഭ ആരംഭിച്ചു[15].

പുരാതനകാലംമുതൽക്കുതന്നെ മാർത്തോമ്മാ ക്രിസ്ത്യാനികളും പൗരസ്ത്യസഭയിൽനിന്നോ പശ്ചിമ ഏഷ്യയിൽനിന്നോ മെത്രാനെ ലഭിക്കണമെന്നു് തീവ്രമായ അഭിവാഞ്ഛയുണ്ടായിരുന്നു. ഈ മെത്രാന്മാർ കത്തോലിക്കരാണോ നെസ്തോറിയൻ പാഷണ്ഡതയിൽപെട്ട വരാണോ അഥവാ യാക്കോബായ സഭയിൽ ഉൾപ്പെട്ടവരാണോ എന്നവർ അന്വേഷിക്കാറില്ലായിരുന്നു. പ്രശസ്ത പണ്ഡിതനും ചരിത്രകാരനുമായ പി. തോമസു് പ്രസ്താവിക്കുന്നതുപോലെ പുരാതന ക്രൈസ്തവസഭകളെ തമ്മിൽ വേർതിരിക്കുന്ന ദൈവശാസ്ത്രപരമായ പ്രശ്നങ്ങളെപ്പറ്റി അവർ ചിന്തിക്കാറില്ലായിരുന്നു. മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു് ആവശ്യം പശ്ചിമേഷ്യയിൽ നിന്നുള്ള മെത്രാനെയാണു്. ഒരുപക്ഷേ ഇവിടെ ആഗതനാകുന്ന മെത്രാനു് മലബാറിലെ ഭാഷ അറിവില്ലായിരിക്കാം. അവർ ഏതു് മതവിഭാഗത്തിൽപ്പെട്ടവരാണെന്നുപോലും അന്വേഷിക്കാറില്ല. കൂടാൻ കൊള്ളാവുന്ന യോഗ്യനായ ഒരു പേർഷ്യക്കാരനെയോ സ്വീ

14. ജോൺ ഓച്ചൻതുരുത്തു്: കേരളത്തിലെ ലത്തീൻ കത്തോലിക്കർ, മാതൃഭൂമി ആഴ്ചപ്പതിപ്പു് 1980 ജനുവരി പേജു് 9.

15. L. M. Pylee: St. Thomas Christians and Archdiocese of Verapoly op. cit. p. 174.

malankaralibrary.com

യാക്കാരനെയോ – ആ വ്യക്തിക്കു് നീണ്ട താടിയുണ്ടെങ്കിൽ അത്രയും നല്ലതു് – കടൽക്കള്ളന്മാർ പിടികൂടി മലബാറിലെ മെത്രാനായി വാഴിച്ചുകൊടുത്താൽ അദ്ദേഹത്തെ മലബാർ ക്രിസ്ത്യാനികൾ മെത്രാനായി സ്വീകരിച്ചുകൊള്ളുമെന്നാണു് തോമസ് അഭിപ്രായപ്പെടുന്നതു്[16].

കർമ്മലീത്തരുടെ അനുരജ്ഞനശ്രമങ്ങൾ

മാർത്തോമ്മാക്രിസ്ത്യാനികളുടെ ഇടയിൽ ആവിർഭവിച്ച ശീശ്മ അവസാനിപ്പിക്കുന്നതിനും അന്നത്തെ വിഷമ സങ്കുലിതമായ പരിതഃസ്ഥിതി നേരിടുന്നതിനുമായി പ്രൂസ്സിയ സമുദായത്തിലെ പ്രമാണികൾ കർമ്മലീത്ത സന്ന്യാസികളെ തങ്ങൾക്കു് അയച്ചുതരണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഒരപേക്ഷ അന്നത്തെ മാർപാപ്പ അലക്സാണ്ടർ ഏഴാമനു് അയച്ചു. മാർപാപ്പ അതു് സ്വീകരിച്ചു. നിഷ്പാദുക കർമ്മലീത്ത വൈദികനായ ഫാ. ജോസഫ് സെബസ്ത്യാനിയുടെയും മറെറാരു കർമ്മലീത്തവൈദികനായ ഫാ. ഹൈസിന്തിന്റെയും നേതൃത്വത്തിൽ രണ്ടു് കർമ്മീഷനുകളെ നിയമിച്ചു് മലബാറിലേക്കയച്ചു. ഫാ. സെബസ്ത്യാനിയും കൂട്ടരും 1656 ഫെബ്രുവരി 19–നു മാർപാപ്പ നൽകിയ അപ്പസ്തോലിക്ക ലേഖനമനുസരിച്ചു് മലബാറിലേക്കു് പുറപ്പെട്ടു. നിരവധി ക്ലേശങ്ങളും അനുഭവിച്ചും പല വിപത്തുകളും തരണം ചെയ്തും കരമാർഗം ഒരു വർഷം കൊണ്ടാണു് അവർ കേരളത്തിൽ എത്തിച്ചേർന്നതു്. അവർ 1657 ഫെബ്രുവരി 22–നു കേരളത്തിലെത്തി. കടൽയാത്ര ചെയ്ത ഫാ. ഹൈസിന്തും സഹപ്രവർത്തകരും 1658 മാർച്ചു് 10–നു ഇവിടെ എത്തി[17].

പൈതൃകം വീണ്ടെടുത്ത കർമ്മലീത്തർ

കർമ്മലീത്തമിഷനറിമാരുടെ ഊർജ്ജസ്വലമായ പ്രവർത്തനങ്ങളുടെ ഫലമായി 30 ഇടവകകളിലെ ക്രൈസ്തവരൊഴികെയുള്ള വിവിധ സമൂഹങ്ങളും സെബസ്ത്യാനിയെ ആദരപൂർവ്വം സ്വീകരിച്ചു. മെത്രാൻസ്ഥാനം വഹിക്കുന്ന ആർച്ചുഡീക്കനോടു് രമ്യപ്പെടാൻ അവർക്കു് സാധിച്ചില്ല. ഈ അപകടസന്ധിയിൽ ആർച്ചുഡീക്കനിൽ പക്ഷത്തുനിന്നും പിന്തിരിഞ്ഞുപോന്ന വൈദികരായ പറമ്പിൽ ചാണ്ടിയും കടവിൽ ചാണ്ടിയും ഫാ. സെബസ്ത്യാനിയുടെ സഹപ്രവർത്തകരായിത്തീർന്നുവെന്നതു് ശ്രദ്ധേയമാണു്. കർമ്മലീത്ത മിഷനറിമാരുടെ തുടർന്നുള്ള പരിശ്രമഫലമായി കേരളസഭയിൽ വീണ്ടും സമാധാനം

16. P. Thomas: Christianity in India and Pakistan, George Allen & Unwin, Chapter III p. 40.
L. M. Pylee: St. Thomas Christians and Archdiocese of Verapoly op cit p. 147
17. Albim Grafico Discriptivo De Malabar pp. 3–4.

malankaralibrary.com

സ്ഥാപിതമായി. റോമിനോട്ട് ഒട്ടുമിക്ക ക്രൈസ്തവരും ഐക്യപ്പെട്ടു[18].

കർമ്മലീത്തമിഷനറിമാർ ഇപ്രകാരമുള്ള അന്തരഞ്ജനം തുടർന്നു കൊണ്ടുപോയില്ലായിരുന്നുവെങ്കിൽ സിറിയൻ കത്തോലിക്കസമൂഹം നിശ്ശ്രേഷം നശിച്ചുപോകുകയോ അവഗണിക്കപ്പെട്ട സമൂഹമായിത്തീരുകയോ ചെയ്യുമായിരുന്നു. കേരളസഭയുടെ പൈതൃകത്തിന്റെ വേരുകളും മിഷനറിമാർ പിഴുതുകളഞ്ഞുവെന്നു ധർമ്മരോഷം കൊള്ളുന്ന സുറിയാനി ലേഖകൻമാരും ചരിത്രകാരൻമാരും തങ്ങളുടെ സഭയുടെ അസ്തിത്വത്തിനു ഹേതുഭൂതർ കർമ്മലീത്തമിഷനറിമാരാണെന്ന യാഥാർത്ഥ്യം വിസ്മരിക്കുന്നു. കേരളസഭാചരിത്രത്തെപ്പറ്റി ആധികാരികമായി സംസാരിക്കുവാൻ കഴിവുള്ള കട്ടിനാലം തിസ്സറാങ്ങ്: "17-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കർമ്മലീത്ത മിഷനറിമാരുടെ ആഗമനം സുറിയാനിക്കാരെ സംബന്ധിച്ചിടത്തോളം പ്രത്യേക ദൈവാനുഗ്രഹമായിരുന്നു. അനന്തരകാലത്തു പല ഘട്ടങ്ങളിലായി നടന്ന സംഭവങ്ങളും നോക്കിയാൽ ഈ മിഷനറിമാർവഴി ദൈവം കേരളസഭയ്ക്ക് ചെയ്ത സഹായങ്ങളുടെ സ്ഥിതി വ്യക്തമായിക്കാണാം"[19].

18. L. M. Pylee: St. Thomas Christians and Archdiocese of Verapoly op. cit. p. 157.

19. ബ്ര. ലെയൊപ്പോൾഡ് ടി. ഒ. സി. ഡി: കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികളും, ഉദ്ധൃതഗ്രന്ഥം, പേജ് 117-118.

malankaralibrary.com

പതിനാല്

പദ്രുവാദൊ സംവിധാനം

പോർട്ടുഗീസുകാർ പതിനഞ്ചാംനൂറ്റാണ്ടിൽ നാവികസേനയുടെ പിൻബലത്തോടെ പല പുതിയ രാജ്യങ്ങളും കണ്ടെത്തുകയും അവ അധീനപ്പെടുത്തുകയുമുണ്ടായല്ലൊ. ഇപ്രകാരം ആധിപത്യം സ്ഥാപിച്ച രാജ്യങ്ങളിൽ ക്രിസ്തീയ വിശ്വാസം പ്രചരിപ്പിക്കുന്നതിനു് അവകാശം നൽകുന്ന ഉടമ്പടികളും റോമാ സിംഹാസനവും പോർട്ടുഗൽ ഗവൺമെന്റും തമ്മിൽ നടത്തി. ഈ സംവിധാനമാണു പദ്രുവാദൊ എന്നറിയപ്പെടുന്നതു്. പരിശുദ്ധ സിംഹാസനം പോർട്ടുഗീസു് ഗവൺമെന്റിനു അനുവദിച്ചിരുന്ന അവകാശങ്ങളുടെ ഉടമ്പടിയാണു് പദ്രുവാദൊ (രാജസംരക്ഷണാധികാരം).

കണ്ടെത്തുന്ന രാജ്യങ്ങളിൽ ഭരണാധികാരം

ഉടമ്പടിപ്രകാരം പുതിയ മിഷൻ രാജ്യങ്ങളിൽ, ദേവാലയങ്ങളും നിർമ്മിക്കുന്നതിനും മെത്രാന്മാരുടെ ഒഴിവിൽ, പുതിയ മെത്രാൻമാരെ നാമനിർദ്ദേശം ചെയ്യുന്നതിനുമുള്ള അവകാശം പ്രസ്തുത രാജ്യങ്ങളിലെ ഭരണാധിപന്മാർക്കുള്ളതാണു്. പോർട്ടുഗലിന്റെ അധീനതയിലുള്ള മിഷൻ രാജ്യങ്ങളിൽ ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനു മിഷനറിമാരെ സാമ്പത്തികമായി സഹായിക്കുക, ദൈവാരാധനസ്ഥായി ദേവാലയങ്ങളും നിർമ്മിക്കുക, വിദ്യാലയങ്ങളും ആതുരാലയങ്ങളും സ്ഥാപിക്കുക, മെത്രാന്മാരെയും വൈദികരെയും സാമ്പത്തിക സഹായം നൽകി സംരക്ഷിക്കുക ഇങ്ങനെ ഉത്തരവാദിത്വമുള്ള പല കാര്യങ്ങളും പദ്രുവാദൊ കരാറുമൂലം പോർട്ടുഗീസു് ഗവൺമെന്റിനു ലഭിച്ചു. വിവിധ സന്ന്യാസാശ്രമങ്ങളും സ്ഥാപിക്കുന്നതിനും മറ്റും സ്വർണനാണയങ്ങളും ധാരാളമില്ലാതെ ചെലവുചെയ്തു. പ്രേഷിത പ്രവർത്തനങ്ങൾക്കു് മറ്റു പ്രോത്സാഹനം ഇല്ലാതിരുന്ന ആ കാലഘട്ടത്തിൽ ഇതുപോ

malankaralibrary.com

ലുള്ള സംവിധാനം എത്രമാത്രം ഉപകാരപ്രദമായിരുന്നു എന്നു് പറയേണ്ടതില്ലല്ലോ.

പോർട്ടുഗീസു് രാജാക്കന്മാക്കു് പരിശുദ്ധ സിംഹാസനം അനുവദിച്ചിരുന്ന പ്രത്യേക അവകാശമാണു് പട്രുവാദൊ. ഈ അവകാശം സഭയ്ക്കുവേണ്ടി ചെയ്യപ്പെട്ട സേവനങ്ങളുടെ മാത്രമല്ല, പ്രത്യുത ചെയ്യപ്പെടാനുള്ള സേവനങ്ങളുടെ പ്രതിഫലമായിരുന്നു. രാഷ്ട്രീയാഭിലാഷം സാധിതമാകുന്നതിനുള്ള പുറംകൂപ്പായം ആയിരുന്നില്ല അതു്.

മൂർവർഗക്കാരെ ഒതുക്കിയ പാരമ്പര്യം

സ്പെയിൻ രാജ്യംപോലെ, തിരുസഭയുടെ അവകാശങ്ങളെ സംരക്ഷിക്കുന്നതിനും, മൂർജാതിക്കാർക്കെതിരായി കുരിശുയുദ്ധം നടത്തുന്നതിനും പോർട്ടുഗലും മുന്നോട്ടുവന്നു. 1138 – ൽ അൽഫോൺസു് ഹെൻറിക്കസു് മൂർ സൈന്യത്തിനെതിരായി യുദ്ധം ചെയ്തു. കപിർക്കാ എന്ന സ്ഥലത്തുവച്ചു് അവരെ പരാജിതരാക്കി. മൂർ സൈന്യം പിടിച്ചടക്കിയ രാജ്യങ്ങളെല്ലാംതന്നെ തിരിച്ചെടുത്തു. 1250–ൽ ആംജിയേഴ്സിൽനിന്നു മൂർസൈന്യത്തെ പരാജിതരാക്കി നിഷ്ക്കാസനം ചെയ്തു.

സ്പാനിഷ് ഗ്രാനഡ ലിബെറിയൻ പെനിൻസുലായിലെ മൂർ സൈന്യശക്തി കേന്ദ്രവും പിടിച്ചെടുത്തതോടുകൂടി ആക്രമണങ്ങൾക്കെല്ലാം ഒരുതി വന്നു. 1454–ൽ നിക്കളാവുസു് അഞ്ചാമൻ മാർപാപ്പ ഏഴാം അൽഫോൺസു് രാജാവിനു് "റോമാന്യസു് പൊന്തിഫിച്ചിസു്" എന്നഭിധാനത്തിൽ ഒരു ബൂളാ അയച്ചിരുന്നു[1]. അതിൽ ക്രൈസ്തവവിശ്വാസം പ്രചരിപ്പിക്കുന്നതിനു് പോർട്ടുഗൽ ചെയ്ത മഹത്തായ സേവനങ്ങളെ അനുസ്മരിച്ചശേഷം പശ്ചിമആഫ്രിക്കയിലെ കണ്ഡാജൊറൊസ മുനമ്പു മുതൽ ഗിനിയാ വരെയുള്ള സ്ഥലങ്ങളിലെ രാജ്യങ്ങളെ ആക്രമിച്ചു പിടിച്ചെടുക്കുന്നവക്കു് കച്ചവടം നടത്തുന്നതിനും അവിടെ മാനസാന്തരവേല നിർവഹിക്കുന്നതിനുമുള്ള അവകാശം (രാജാവിനും അദ്ദേഹത്തിന്റെ പിൻഗാമികൾക്കും) നൽകി. 1172–ൽ നാലാം സിക്സ്റ്റസു് മാർപാപ്പ "ക്വാരെ ദെ വൊസിയോനസു്" എന്ന ബൂളവഴി ഇന്ദൻജായിലും അർസിലിയായിലും പോർട്ടുഗീസുകാർ പിടിച്ചെടുത്ത മറ്റു രാജ്യങ്ങളിലും ശ്രുതകം സ്ഥാപിക്കുന്നതിനു അനുവാദം നൽകി.

രാജസംരക്ഷണാധികാര തർക്കം

ഏഴാം അലക്സാണ്ടർ മാർപാപ്പ 1493–ൽ സ്പെയിനും പോർട്ടുഗലും തമ്മിലുള്ള തക്കങ്ങൾക്കു പൂർണ വിരാമമിടുന്നതിനു് ഒരു നിർ

---

1. ഷൂമർ: ഫ്രാൻസിസു് സേവ്യർ ശതാബ്ദി സ്മാരകം, പേജു്–138
2. Buellarium Patronatus I pp 45-46.

malankaralibrary.com

ദ്ദേശം നൽകി. സ്പെയിനിന്റെയും പോർട്ടുഗലിന്റെയും അധീനതയിലുള്ള രാജ്യങ്ങളും ദ്വീപുകളും ഏവയെന്നു് നിർണ്ണയിക്കുക, അവയുടെ അതിർത്തികളും ഏതെല്ലാമെന്നു് നിശ്ചയിക്കുക. അതനുസരിച്ചു, മാർപാപ്പയുടെ തീരുമാനം ഇപ്രകാരമായിരുന്നു: കേപ്പു് വെർഡാ ദ്വീപുകളുടെയും അസോറെസിയുടെയും ആറു ലീഗു് പടിഞ്ഞാറായിരിക്കും ഒരു അതിർത്തി സ്ഥാനം. ഈ അതിർത്തിക്കകമുള്ളതെല്ലാം [3] സ്പെയിനും കിഴക്കോട്ടുള്ളതെല്ലാം പോർട്ടുഗലിനും സ്വന്തമാക്കാൻ അനുവദിച്ചു [4].

1514 ജൂൺ 12-നു എക്സ്പെല്ലന്തി പ്രീഎമിനെൻന്തിസ് (Excellenti Praeeminentis) എന്ന ബൂള വഴി ഒന്നാമത്തെ പട്രുവാദാരൂപത, മഡെയിൻ ദ്വീപിന്റെ തലസ്ഥാനമായ 'ഫുഞ്ചനിൽ' സ്ഥാപിക്കുന്നതിനുള്ള അനുവാദം പോർട്ടുഗൽരാജാവിനു നൽകി. മെത്രാന്മാരെ നാമനിർദ്ദേശം ചെയ്യുക എന്ന അവകാശം "ഓർഡർ ഓഫ് ക്രൈസ്റ്റിനു"ള്ളതായിരുന്നു. ഇതിന്റെ കാലാകാലത്തോളമുള്ള അഡ്മിനിസ്ട്രേറ്റർ പോർട്ടുഗീസു രാജാവു് തന്നെ [5].ഈ നടപടിവഴി പോർട്ടുഗീസു് കോളനികളിലെ ദേവാലയങ്ങളും എല്ലാം പോർട്ടുഗീസു സ്റ്റേറ്റിനേറെതാകും. തന്മൂലം ക്രിസ്തുവിന്റെ സൈന്യത്തിന്റെ (മിലിസിയ ക്രിസ്റ്റി) യുടെ ഗ്രാൻറ് മാസ്റ്റർ എന്ന ഉന്നത സ്ഥാനത്തിനു പോർട്ടുഗീസു രാജാവു് അർഹനായി [6].

പോർട്ടുഗലിൽനിന്നു തലയൂരാൻ

പത്താം ലിയൊ മാർപാപ്പ 1514 നവമ്പർ 3-നു പ്രസിദ്ധീകരിച്ച "പ്രെക്ലാര ദെവൊസിയൊനിസ്" (Praeclara Devotionis) എന്ന ബൂള പ്രകാരം പോർട്ടുഗൽരാജാവിനു കൂടുതൽ അധികാരങ്ങളും നല്കി. കോപ്പുബൊജാനൊർ മുതൽ ഇൻഡ്യാ ഉൾപ്പെടെയുള്ള എല്ലാ രാജ്യങ്ങളിലും, പോർട്ടുഗീസുരാജാവിന്റെ അധീനതയിലുള്ള മറ്റു രാജ്യങ്ങളിലും ഈ അധികാരം ഉപയോഗിക്കാനുള്ള അവകാശം നൽകപ്പെട്ടിരുന്നു. 1576-ൽ പ്രസിദ്ധീകരിച്ച "കോൺസ്റ്റാൻസിസ് ഫീദെയി" എന്ന ബൂളയനുസരിച്ചു് (Constanses fidei) പോർട്ടുഗീസുരാജാവായ മാനുവലിനു ഹോസ്പിറ്റലേഴ്സ്, ടെമ്പ്ലേഴ്സ്, ടെവുടോസിക് എന്നിങ്ങനെയുള്ള ഓർഡേഴ്സിന്റെ ഗ്രാൻറ് മാസ്റ്റർമാരുടെ നാമനിർദ്ദേശം നടത്തുന്നതിനുള്ള അവകാശവും നല്കി. പിന്നെക്കൊല്ലം, സുപ്പീരിയർമാരെ നിയമിക്കപ്പെട്ടിട്ടില്ലാത്ത ആശ്രമങ്ങളിൽ പുതിയ ആശ്രമശ്രേഷ്ഠന്മാരെ നാമനിർദ്ദേശം നടത്തുന്നതിനു് അവകാശം നൽകിയിരുന്നു.

---

3. Buellrium Patronatus pp 45-46.
4. Schurhammer: St. Francis Xavier pp. 141-145.
5. Documenta Indica Vol I. p. 17.
6. Glask: The Missionary Works of the Mendicants p. 584.

malankaralibrary.com

മാനുവൽ രാജാവിന്റെ മരണശേഷം അദ്ദേഹത്തിന്റെ പിൻഗാമി ജോൺ രാജാവിനും മേല്പറഞ്ഞ എല്ലാ അധികാരങ്ങളും ആദ്ധ്യാത്മിക വും ഭൗതികവുമായ അവകാശങ്ങളും ആജീവനാന്തം സ്വന്തം പിതാവി ന് ലഭിച്ചിരുന്നതുപോലെ നൽകപ്പെട്ടു. അങ്ങനെയാണ പോർട്ടുഗീസു സംരക്ഷണം അഥവാ പട്രുവാദൊ അധികാരം നടപ്പിലായതു്. മുന്നൂറു വർഷങ്ങളോളം ഇന്ത്യയിൽ പട്രുവാദൊ പ്രാബല്യത്തിലിരുന്നു.

വാസ്കോഡിഗാമ 1498-ൽ കോഴിക്കോട്ട് വന്നെത്തിയെങ്കിലും 1505-ൽ മാത്രമാണ പോർട്ടുഗീസുകോളനി കൊച്ചിയിൽ സ്ഥാപിത മായതു്. 1510-ൽ ഗോവ പിടിച്ചടക്കിയെങ്കിലും അതു് രൂപതയായി ഉയർത്തിയതു് 1558-ൽ മാത്രമാണു്. 1557-ൽ കൊച്ചി രൂപത സ്ഥാ പിക്കപ്പെട്ടു. കൊച്ചിയും ബംഗാളും ഗോവയുടെ കീഴിലായി. കൊച്ചി, ഗോവ എന്നീ രണ്ടു് കേന്ദ്രങ്ങളിൽനിന്നാണു് ഇന്ത്യയിൽ പട്രുവാദൊ പ്രേഷിതപ്രവർത്തനങ്ങളും മുന്നേറിയതു്. 1538 മുതൽ 1660 വരെ, അതായതു ഡച്ചുകാർ പോർട്ടുഗീസുശക്തി ക്ഷയിപ്പിക്കുന്നതുവരെ 120 വഷ്ത്തെ സുശക്ത പ്രേഷിതപ്രവത്തനമാണു് പോർട്ടുഗീസു സിവിൽ അധികാരികളും വൈദിക നേതൃത്വവും കാഴ്ചവച്ചതു്. ചില സ്ഥല ങ്ങളിലും ഘട്ടങ്ങളിലും കൈയേറ്റങ്ങളും അനാശാസ്യ പ്രവർത്തനങ്ങ ളും ഉണ്ടായിട്ടുണ്ടെങ്കിൽപോലും, വിശ്വാസപ്രചരണത്തിലും സഭാ പുനഃസംഘടനയിലും സാമൂഹികപരിഷ്ക്കരണത്തിലും വിദ്യാഭ്യാസ പുരോഗതിയിലും മറ്റും പോർട്ടുഗീസു് അധികൃതർ അത്ഭുതാവഹമായ വിജയങ്ങളും കൈവരിച്ചു് എന്നു് നിർമ്മത്സര ബുദ്ധികം സമ്മതി ക്കും. വിശ്വാസ പ്രചാരണംവഴിയും വിദ്യാഭ്യാസരംഗത്തും പോർട്ട ഗീസുകാർ മഹത്തായ സേവനം ചെയ്തിട്ടുണ്ടു്.

പിടിവിടാത്ത പോർട്ടുഗൽ

മാർപാപ്പമാരും പോർട്ടുഗൽ രാജാക്കന്മാരും തമ്മിലുള്ള ഉറ്റസ്നേ ഹബന്ധം ഇന്നസൻറ് രണ്ടാമൻ മാർപാപ്പ മുതൽക്കാണു് ആരംഭിച്ച തു്. ഈ ബന്ധം പ്രബലപ്പെട്ടതു് 1147 ഡിസംബർ 12-ന പോർട്ട ഗലിലെ പ്രഭു അൽഫോൺസ ഹെൻട്രിക്കു് തന്റെ രാജ്യത്തിന്റെ ഒരു ഭാഗം മാർപാപ്പയുടെ നിയന്ത്രണമേഖലയായി പ്രഖ്യാപിച്ചപ്പോ ഴാണു് [7]. ക്രിസ്തീയ വിശ്വാസം സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കു ന്നതിനും പോർട്ടുഗീസുകാർ നിർവ്വഹിക്കുന്ന മഹത്തായ സേവനത്തെ നിക്കളാവുസു് അഞ്ചാമൻ മാർപാപ്പ 1454-ൽ അൽഫോൺസു് രാജാ വിനു് അയച്ച റൊമാനുസു് പൊന്തിഫിച്ചസു് (Romanus Pontifices) ബുളയിൽ മുക്തകണ്ഠം പ്രശംസിച്ചു. മറ്റുള്ള രാജ്യശക്തികളുടെ ഉപദ്രവ ങ്ങളിൽനിന്നു വിമുക്തി നേടുന്നതിനു തങ്ങളും പിടിച്ചടക്കിയ രാജ്യ ങ്ങളിലെ ജനങ്ങളുടെയും വാണിജ്യത്തിന്റെയും കുത്തവകാശം പോർ

7. Documenta Medievales Portugueses, Lisbon. 1856.

malankaralibrary.com

ട്ടുഗീസുകാർക്കു നൽകിയിരുന്നു. ക്രൈസ്തവവിശ്വാസം പ്രചരിപ്പിക്കുന്നതിനു പോർട്ടുഗൽ ഗവൺമെൻറു ചെയ്യുന്ന മഹത്തായ സേവനങ്ങൾക്കു പാരിതോഷികമായി മാർപാപ്പ അൽഫോൺസു രാജാവിനു 1453 ഏപ്രിൽ 13-നു "കോൺസിദെരാൻതെസു പ്രെക്ലാരെസു ചേത്തരാസു" (Considerantes Praeclares Ceteras) എന്ന ബൂളയോടുകൂടി ഒരു സ്വർണ റോസും പാരിതോഷികമായി സമ്മാനിച്ചു [8]. ബെജനൊർ മുതൽ ഇന്ത്യാ ഉൾപ്പെടെയുള്ള രാഷ്ട്രങ്ങൾ മാത്രമല്ല, പോർട്ടുഗീസുകാർ കരസ്ഥമാക്കിയ മറ്റു രാജ്യങ്ങളിലും പോർട്ടുഗൽ രാജാവിനു അധികാരമുണ്ടായിരുന്നു.

പിറെക്കൊല്ലം നുപ്പർ കും സ്റ്റാറ്റസു (Nuper Cum Status) ബൂള വഴി അഗസ്തീനിയൻ സന്ന്യാസസഭകളുടെ മേലധികാരികളുടെ ഒഴിവു വരുമ്പോൾ ഈ സഭയുടെ സുപ്പീരിയർമാരെ നാമം നിർദ്ദേശം ചെയ്യുന്നതിനുള്ള അവകാശം മാനുവൽ രാജാവിനു നൽകിയിരുന്നു. മിഷൻപ്രവർത്തനങ്ങളുടെ സ്വതന്ത്രനിർവഹണത്തിനു ഈ സംരക്ഷണാധികാരം വിലങ്ങുതടിയായി നിന്നപ്പോൾ പദ്രുവാദൊനകത്തിൽനിന്നു വിടുതൽ പ്രാപിക്കാൻ റോമിനു കഠിനാദ്ധ്വാനം ചെയ്യേണ്ടിവന്നു.

റോമും പോർട്ടുഗലും അകലുന്നു

അന്നു പൗരസ്ത്യദേശങ്ങളിൽ മിഷനറിവേല ആരംഭിക്കാൻ മിഷനറികളുടെ നേതാവു മാർപാപ്പയ്ക്കുപോലും സാദ്ധ്യമായിരുന്നില്ല. മാർപാപ്പമാർ പശ്ചിമകത്തോലിക്ക ലോകത്തിന്റെ പ്രാദേശിക ദേശീയ പ്രശ്നങ്ങളിൽ വ്യാപൃതരായിരുന്നു. പോർട്ടുഗീസു രാജാക്കന്മാർ മതപ്രചരണാസക്തരും, പുതുതായി കണ്ടെത്തിയ ഭൂഭാഗങ്ങളിൽ മതപ്രചരണം നടത്തുന്നതിനു പോർട്ടുഗൽ നാടുവാഴികളെപ്പോലെ മറെറാരു രാജാവും അക്കാലത്തു ശ്രമിച്ചിരുന്നില്ല. മതപ്രചരണമായിരുന്നു പോർട്ടുഗീസു കപ്പൽയാത്രക്കാരുടെ മുഖ്യ ലക്ഷ്യമെന്നു പറഞ്ഞുകൂടാ. വാണിജ്യലക്ഷ്യത്തോടൊപ്പം മതപ്രചരണവും നടത്തിപ്പോന്നുവെന്നുമാത്രം.

മദ്ധ്യയുഗങ്ങളിൽ രാഷ്ട്രവും സഭയും തമ്മിൽ ഉണ്ടായിരുന്ന ബന്ധം ആസ്പദമാക്കി വേണം പദ്രുവാദൊയെപ്പററി വിധികൽപിക്കാൻ. ഭൗതികവും ആദ്ധ്യാത്മികവുമായ ശക്തികൾ തമ്മിൽ സൗഹാർദ്ദപരമായ ബന്ധം നിലനിന്നു. പരസ്പര സഹകരണത്തിൽ അധിഷ്ഠിതം. മാടമ്പികൾ ക്രിസ്ത്യാനികളെ സംരക്ഷിക്കുകയും ക്രിസ്തുമതം പ്രചരിപ്പിക്കുകയും ചെയ്യുന്നതിനു ഞങ്ങൾക്കു ലഭിച്ച ഉന്നതപദവി വിനിയോഗിച്ചു. അതിനാൽ ചില ആദ്ധ്യാത്മീക അധികാരങ്ങൾ അവർക്കു മാർപാപ്പ നൽകിപ്പോന്നു. കപ്പൽ സഞ്ചാരി

8. Documenta Indica Vol. I P. 17.

malankaralibrary.com

ഹെൻറിയാൽ സ്ഥാപിതമായ മാടമ്പിമാരുടെ തലവൻ പോർട്ടുഗൽ രാജാവ്. വിദൂരവ്യാപകമായ ഫലങ്ങളോടുകൂടിയ മിഷൻപ്രവർത്തനങ്ങളുടെ നേതൃത്വവും പോർട്ടുഗൽ രാജാവു ഏറെറടുത്തു. മിഷൻകർത്തവ്യങ്ങളും അവകാശങ്ങളും പോർട്ടുഗൽ രാജാവിനു നൽകിക്കൊണ്ടു പേപ്പൽ ബൂളുകളും പുറപ്പെടുവിച്ചതിൽ അതിശയിക്കാനില്ല. ഇന്ത്യൻ മിഷനുകളും അനേകം ദേശങ്ങളും പോർട്ടുഗൽ രാജാവിന്റെ രക്ഷാകർതൃത്വത്തെ ആശ്രയിക്കേണ്ടി വന്നു. ഇതു വിശ്വാസപ്രചരണാർത്ഥം ഉദ്ദേശിക്കപ്പെട്ടിരുന്നതാണു്. ഈ കാര്യത്തിൽ രാഷ്ട്രം സഭയുടെ ഉപകരണമായി. സഭ ഒരിക്കലും രാഷ്ട്രത്തിന്റെ ഉപകരണമായിരുന്നില്ല.

പോർട്ടുഗൽശൈലി കാലഹരണപ്പെടുന്നു

ഇന്ത്യൻ ക്രൈസ്തവരെ വിശ്വാസത്തിലും ജീവിതരീതികളിലും പദ്രുവാദൊ സ്ഥിരപ്രതിഷ്ഠിതരാക്കി. അവരുടെ വിശ്വാസതീക്ഷ്ണതയും ആത്മാർത്ഥതയും അതിരററതായി. ക്രൈസ്തവനാഗരികതയുടെ മാനദണ്ഡം അഭികാമ്യമായി ഉയർന്നു.

ഫുഞ്ചം രൂപതാ സ്ഥാപനത്തിനുശേഷം ഗോവാ രൂപത (1532) അതിരൂപത (1557), കൊച്ചി (1557) മൈലാപ്പൂർ (1606) എന്നിങ്ങനെ ഇന്ത്യയിൽ സഭയുണ്ടായിരുന്നകാലം സ്ഥാപിതമായി. അങ്കമാലി രൂപത പദ്രുവാദൊയുടെ കീഴിലുമായി. കൊടുങ്ങല്ലൂർ അതിരൂപത മാത്രം ഈ ഭരണപദവി കൈവന്നു.

വിശ്വാസപ്രചരണത്തിനു പോർട്ടുഗീസ് അധികൃതർ പ്രതിജ്ഞാബദ്ധരായിരുന്നു. ഫ്രാൻസിസ്കൻ (1510), ഈശോസഭ (1542), ഡൊമിനിക്കൻ (1548), അഗസ്തീനിയൻ (1572), കർമ്മലീത്തർ (1640) എന്നീ സഭകളിൽപ്പെട്ട മിഷനറിമാർ ഇന്ത്യൻ തീരങ്ങളിലെ പോർട്ടുഗീസ് നിവേശിത കേന്ദ്രങ്ങളിലും ബന്ധപ്പെട്ട ഉൾപ്രദേശങ്ങളിലും സുസംഘടിത പ്രേഷിത പ്രവർത്തനങ്ങളും നടത്തി. തൽഫലമായി ഗോവാ, കൊച്ചി, ബസായി, തൂത്തുക്കുടി, മൈലാപ്പൂർ എന്നീ പ്രദേശങ്ങളിൽ പതിനായിരക്കണക്കിനു് അംഗസംഖ്യയുള്ള ക്രൈസ്തവ സമൂഹങ്ങളും ആവിർഭവിച്ചു. ഭാരതത്തിലെ ലത്തീൻ കത്തോലിക്കാസഭയുടെ ബലിഷ്ഠമായ അടിത്തറ.

പദ്രുവാദൊ സമ്പ്രദായത്തിന്റെ ചില ന്യൂനതകളും അചിരേണ പ്രത്യക്ഷപ്പെട്ടു തുടങ്ങി. പദ്രുവാദൊപോലുള്ള കൂത്തക സമ്പ്രദായം, സുഗമമായ മിഷൻ പുരോഗതിക്കു വിഘാതമായി. പോർട്ടുഗീസുകാരുടെ രാഷ്ട്രീയവും സൈനികവും വാണിജ്യപരവുമായ പ്രസ്ഥാനങ്ങളുമായി പദ്രുവാദൊ ഘടിപ്പിക്കപ്പെട്ടിരുന്നതിനാൽ അതിനോടു അവജ്ഞ സംജാതമായി. പോർട്ടുഗീസുകാരുടെ സാമ്പത്തികവും രാഷ്ട്രീയവുമായ ശക്തി ക്ഷയിച്ചും തുടങ്ങി.

പ്രാചീന സംസ്കാര സമ്പുഷ്ടമായ ഇന്ത്യയിൽ മറെറാരു സംസ്കാരം ആഴമായി വേരുന്നുക എളുപ്പമായിരുന്നില്ല. പുരാതന സി

malankaralibrary.com

റിയൻ ക്രിസ്ത്യാനി സമുദായത്തോടുള്ള പദ്രുവാദൊയുടെ സമീപനം പരാജയമായിരുന്നു.സിറിയൻ ക്രിസ്ത്യാനികളും പദ്രുവാദൊയോടു് വിപ്രതിപത്തി പ്രകടിപ്പിച്ചു [9].

120 വർഷത്തെ പദ്രുവാദൊ ഭരണംകൊണ്ടു് പോർട്ടുഗീസു് അധികൃതരും വൈദിക നേതൃത്വവും ഭാരതസഭയ്ക്കു് ചെയ്തിട്ടുള്ള സേവനങ്ങളും നിസ്തുലം. ഇന്ത്യയിൽ പൊതുവേയും കേരളത്തിൽ പ്രത്യേകിച്ചും നിലവിലുള്ള പല പരിഷ്കാരങ്ങളും പുരോഗമനപരമായ പ്രവർത്തനങ്ങളും പോർട്ടുഗീസുകാരിൽ നിന്നു സ്വായത്തമാക്കിയതാണു്.

ഭാരതസംസ്ക്കാരത്തിനു പോർട്ടുഗൽ അധികപ്പറ്റു്

പരിശുദ്ധ സിംഹാസനവും പോർട്ടുഗീസു് രാജാവും തമ്മിലുള്ള "പദ്രുവാദൊ കരാർ" പ്രകാരം ഇന്ത്യയിലെ മിഷൻ പ്രവർത്തനങ്ങളും ഫലവത്തായി നടത്തിക്കൊണ്ടു പോകുവാൻ ആവശ്യമായ ആളും അർത്ഥവുമില്ലാതെ വന്നപ്പോഴും പോർട്ടുഗൽ ഗവൺമെന്റു വിഷമസന്ധിയിലായി. ഈ സാഹചര്യത്തിൽ പ്രൊപ്പഗാന്തയുടെ കീഴിലുള്ള രാജ്യങ്ങളിൽ നേരിട്ടു് പ്രേഷിതപ്രവർത്തനങ്ങളും ഏറ്റെടുത്തു് നടത്താൻ പരി. സിംഹാസനം തീരുമാനിച്ചു. പ്രൊപ്പഗാന്തായുടെ കീഴിൽ റോമ അപ്പസ്തോലിക്ക് വികാരിയേറുകളും സ്ഥാപിച്ചു തുടങ്ങി. അങ്ങനെ 1659-ൽ സ്ഥാപിതമായതാണു് ഇന്ത്യയിലെ മലബാർ വികാരിയാത്തു്. വികാരിയേറുകളിൽ വികാരി അപ്പസ്തോലിക്കാമാരെ നിയമിച്ചു പദ്രുവാദൊ പക്ഷക്കാർ ഇതിൽ എതിർപ്പു പ്രകടിപ്പിച്ചു[10].

വരാപ്പുഴ സെമിനാരി റെക്ടറായിരുന്ന ഫാ. ആഞ്ചലോ ഫ്രാൻസിസിനെ 1700-ൽ മലബാർ വികാരിയേറ്റിലെ വികാരി അപ്പസ്തോലിക്കയായി പരി. സിംഹാസനം നിയമിച്ചു. ഈ നിയമനത്തെയും പോർട്ടുഗീസു ഭരണാധികാരികളും എതിർത്തു. പദ്രുവാദൊ ഉടമ്പടിയുടെ സ്പഷ്ടമായ ലംഘനമാണതെന്നു് അവർ വാദിച്ചു. പോർട്ടുഗീസു് ഗവൺമെന്റിന്റെ അധീനതയിലുള്ള രാജ്യത്തു് പ്രൊപ്പഗാന്ത തിരുസംഘം മെത്രാൻമാരെ നിയമിക്കുന്നതു് ആശാസ്യമല്ലെന്നു അവർ ശഠിച്ചു. ഫാ. ആഞ്ചലോ ഫ്രാൻസിസിനെ മെത്രാനായി അഭിഷേകം ചെയ്യുവാൻ കൊച്ചിമെത്രാനും ഗോവാമെത്രാപ്പോലീത്തായും വിസമ്മതിച്ചു. മെസൊപ്പൊട്ടേമിയയിൽ നിന്നു വന്ന കത്തോലിക്കാ മെത്രാൻ മാർ സൈമണെക്കൊണ്ടു 1701 മെയ് 22-നു അഭിഷേക

9. ഫാ. ഈ. ആർ. ആംബേ, എസ്. ജെ: സെൻറ് ഫ്രാൻസിസ് സേവ്യർ സ്മാരകം ദീപിക പേജ് 144.

10. L. M. Pylee: St. Thomas Christians and Archdiocese of Verapoly p. 256-257.

malankaralibrary.com

കമ്മീഷനടത്തി. 49 വർഷങ്ങൾക്കുമുമ്പ് ആർച്ചുഡീക്കൻ തോമസിനെ അനധികൃതമായി മെത്രാനായി വാഴിച്ച ആലങ്ങാട്ട വച്ച്.

പദ്രുവാദൊ പ്രൊപ്പഗാന്ത സംഘർഷം

പ്രൊപ്പഗാന്ത തിരുസംഘത്തിന്റെ ഈ പ്രവൃത്തി തിരസ്ക്കരിച്ചുകൊണ്ട് അമ്പഴക്കാട്ട് ഈശോസഭാ സെമിനാരി റെക്ടർ ഫാ. ജോൺ റിബേറെയെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി 1701-ൽ നിയമിച്ചു 1704-ൽ മെത്രാനായി അഭിഷേകം ചെയ്തു. എന്നാൽ ഡച്ചു ഗവൺമെന്റ് 1704 ജൂലൈ 17-ന ഒരു ഡിക്രിവഴി കൊടുങ്ങല്ലൂരിൽ ഡോ. ജോൺ റിബേറോ മെത്രാൻ സ്ഥാനം ഏറെറടുക്കുന്നതിനെ നിരോധിച്ചു. ഇതിനെതിരായി മെത്രാനെ പ്രേരിപ്പിക്കുന്നവരെ കഠിനമായി ശിക്ഷിക്കുന്നതാണെന്നും പ്രസ്താവിച്ചു. അതിനാൽ ജോൺ റിബേറോ ഡച്ചുകാരുടെ അധീനതയിൽപ്പെടാത്ത മറു രൂപതകളിൽ പോയി മിഷൻ പ്രവർത്തനം നടത്തിപ്പോന്നു. ഇതിനകം ഡോ. ആഞ്ചലോ ഫ്രാൻസിസ് തനിക്ക് മാത്തോമ്മാ ക്രിസ്ത്യാനികളുടെ മേൽ യാതൊരു അധികാരവും ഇല്ലാത്തതിനാൽ കൊടുങ്ങല്ലൂർ രൂപത തന്റെ കീഴിൽ അല്ലെന്നറിയിച്ചു. ഈശോസഭയിൽപ്പെട്ട മെത്രാൻമാരുടെ കീഴിൽ ആയിരിക്കുവാൻ തങ്ങൾക്ക ഇഷ്ടമില്ലെന്നും കർമ്മലീത്താമെത്രാന്മാരെ സ്വീകരിച്ചുകൊള്ളാമെന്നും 1804-ൽ കടുത്തുരുത്തി പള്ളിയിൽ വച്ച് സമ്മേളിച്ച യോഗത്തിൽ വൈദികരും അല്മായ പ്രമുഖരും തീരുമാനിച്ചിരുന്നു. ഇതു് മാർപാപ്പായെ അറിയിച്ചിരുന്നു. 17 പള്ളികളും റോമിന്റെ അധീനതയിൽ ആണെന്നും 28പള്ളികളും മാത്രം ശീശ്മയിൽ വർത്തിക്കുന്നുവെന്നുമുള്ള കാര്യം അവർ വ്യക്തമാക്കി. അതിനാൽ മാർപാപ്പയുടെ നിർദ്ദേശമനുസരിച്ച് ഡോ. ആഞ്ചലോ ഫ്രാൻസിസ് മാർത്തോമ്മാ ക്രിസ്ത്യാനികളുടെയും മെത്രാനായി മലബാർ വികാരിയേറ്റു ഭരിച്ചുപോന്നു.

മധുരമിഷനിലെ ഈശോസഭാ പ്രൊവിൻഷ്യൽ ഫാ. സംബദോർ ജോസ് റെജിസിനെ 1758-ൽ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയായി പോർട്ടുഗീസുകാർ നിയമിച്ചു. കൊച്ചി മെത്രാൻ അദ്ദേഹത്തെ അഭിഷേകം ചെയ്തു. എന്നാൽ മലബാർ വികാരിയേറ്റിലെ വികാരി അപ്പസ്തോലിക്ക ഡോ. ഫ്ളോറൻറീൻ ഇപ്രകാരം അറിയിച്ചു: "മാർത്തോമ്മാക്രിസ്ത്യാനികളെ മലബാർ വികാരിയേറ്റിൽപ്പെട്ടവരാണ്. അവരെ മാർപാപ്പ ഇല്ലാതാക്കിയ കൊടുങ്ങല്ലൂർ രൂപതയുടെ കീഴിൽ കൊണ്ടുവരുന്നതും ഡോ. സംബദോറിനെ അതിന്റെ മെത്രാനാക്കാൻ ശ്രമിക്കുന്നതും പരിശുദ്ധസിംഹാസനത്തിന്റെ ആജ്ഞകളോടുള്ള പ്രത്യക്ഷമായ ലംഘനമായിരിക്കും." 1758-ൽ ഡോ.സംബദോർ അന്തരിച്ചതോടുകൂടി ഈ പ്രശ്നം അവസാനിച്ചു. 1759-ൽ പോർട്ടുഗൽ ഗവൺമെന്റ് ഈശോസഭക്കാരെ ബഹിഷ്ക്കരിച്ചു. കത്തോലിക്കാസഭ തന്നെ 1773-ൽ ഈശോസഭയെ നിരോധിച്ചു. പോർട്ടുഗീസുകാർ പിന്നീട് പുതിയ മെത്രാന്മാരെ നിയമിച്ചില്ല.

malankaralibrary.com

ഇന്ത്യയിലെ കത്തോലിക്കവിശ്വാസികളുടെ ആദ്ധ്യാത്മിക ഉന്നമനം മുൻനിറുത്തി ഭാരതസഭയിലെ ഭരണസംവിധാനത്തിനു് വ്യതിയാനം വരുത്തുവാനും പുനഃസംഘടിപ്പിക്കുവാനും പരി. സിംഹാസനം തീരുമാനിച്ചു. അതിന്റെ ഭാഗമായി കൽക്കട്ട മദ്രാസു്, മധുര, സിലോൺ എന്നീ രാജ്യങ്ങളിൽ വികാരി അപ്പസ്തോലിക്കമാരെ നിയമിച്ചു. ഈ വികാരിയേറുകയും പോർട്ടുഗലിന്റെയോ ഗോവാ അതിരൂപതയുടേയോ ഭരണാധികാരത്തിൽ ഉൾപ്പെടുന്നതല്ല എന്നു വ്യക്തമാക്കി. റോമിൽ നിന്നുള്ള ഈ പ്രഖ്യാപനം പദ്രുവാദൊ അവകാശത്തിന്റെ പ്രത്യക്ഷമായ ലംഘനമാണെന്നു് പ്രഖ്യാപിച്ചുകൊണ്ടു പോർട്ടുഗീസുകാർ എതിർപ്പു് പ്രകടിപ്പിച്ചു. വിശ്വാസികളാരും പുതിയ വികാരി അപ്പസ്തോലിക്കമാരെ അംഗീകരിക്കരുതെന്നു് മഹറോൻ ശിക്ഷയ്ൻകീഴു് പോർട്ടുഗീസു് ഗവൺമെൻറു് അനുശാസിച്ചു[11].

ലിസ്ബണും ഗോവയും റോമിനെതിരേ

മലബാറിലും ഇൻഡ്യയിലെ മറ്റു രൂപതകളിലും ക്രൈസ്തവ മേലദ്ധ്യക്ഷന്മാരെ സംബന്ധിച്ച കാര്യങ്ങളും തകരാറിലാകുന്നതു കണ്ടു പ്രതിസന്ധി തരണം ചെയ്യുവാൻ 16-ാം ഗ്രിഗോറിയോസു് മാർപാപ്പ 1838-ൽ മുംബൈപ്രൈക്കാര എന്ന തിരുവെഴുത്തു് പ്രസിദ്ധീകരിച്ചു. ഇതു പദ്രുവാദൊ സമ്പ്രദായത്തിനു് കനത്ത ക്ഷതമേല്പിച്ചു. ഗോവ അതിരൂപതയ്ക്കു് വെളിയിൽ പദ്രുവാദൊ അധികാരം റദ്ദാക്കി[12]. കൊച്ചി രൂപതയും കൊടുങ്ങല്ലൂർ അതിരൂപതയും വരാപ്പുഴ വികാരിയേറ്റിൽ ലയിപ്പിച്ചു. റോമിന്റെ ഈ നടപടികളും ലിസ്ബണും ഗോവയും സ്വീകരിച്ചില്ല. പോർട്ടുഗൽ ഗവൺമെൻറിന്റെ തീരുമാനങ്ങളും ഒന്നും അംഗീകരിക്കേണ്ടതില്ലെന്നു് ശഠിച്ചുകൊണ്ടു് മെത്രാന്മാരും വൈദികരും ജനങ്ങളും തമ്മിൽ തുറന്ന മത്സരംതന്നെ നടന്നു[13]. ബോംബെയിലും മലബാറിലും ഒരേസമയം ഡബിൾ ജൂറിസ്ഡിക്ഷൻ (ഇരട്ട ഭരണാധികാരം) നിലവിൽവന്നു. പല ദേവാലയങ്ങൾക്കുവേണ്ടി ഇരുകൂട്ടരും അവകാശം ഉന്നയിച്ചു. പുതിയ പള്ളികളും ഇരുകൂട്ടരും നിർമ്മിച്ചുതുടങ്ങി. പദ്രുവാദൊയും പ്രൊപ്പഗാന്തയും തമ്മിലുണ്ടായ അധികാര വടംവലി (ഇരുഭരണാധികാരി) പത്തു വർഷത്തോളം നീണ്ടുനിന്നു. 1849-ൽ ഒമ്പതാം പീയൂസു് മാർപാപ്പയുടെ കാലത്തു് പോർട്ടുഗലുമായി ഉണ്ടാക്കിയ കരാർ പ്രകാരം ഈ പ്രശ്നം ഭാഗികമായി പരിഹരിക്കപ്പെട്ടു. പോർട്ടുഗലിന്റെ അഭ്യർത്ഥനയനുസരിച്ചു് ലിയൊ പതിമൂന്നാമൻ മാർപാപ്പ 1886-ൽ പുതിയ കരാർ ഉണ്ടാക്കുക

---

11. L. M. Pylee: St. Thomas Christians and Arch diocese of Verapoly p. 258.
12. Moraes George: Christianity in India - Alleppy 1872 p. 258.
13. L. M. Pylee: St. Thomas Christians Arch diocese of Verapoly. p. 258.

malankaralibrary.com

യും ഗോവാ മെത്രാപ്പോലീത്തായ്ക്ക് ബഹുമാന്യ (Ad honorem) "പാത്രിയർക്കീസ് ഓഫ് ദ ഈസ്റ്റ്" എന്ന പദവി നൽകുകയുംചെയ്തു. കൊച്ചി, മൈലാപ്പൂർ രൂപതകളും ഗോവയുടെ കീഴിൽ പുന: സ്ഥാപിക്കപ്പെട്ടു[14].

ഒത്തുതീർപ്പിനു ഭരണമാറ്റങ്ങൾ

ബോംബെ, മംഗലാപുരം, കൊല്ലം, മധുര എന്നിവിടങ്ങളിൽ ഭാവിയിൽ നിയമനം നടത്താനുള്ള അവകാശം പോർട്ടുഗലിനു നൽകി. അതുകൊണ്ട് പ്രശ്നങ്ങളും പൂർണമായി പരിഹരിക്കപ്പെട്ടില്ല. "ഇരട്ട ഭരണാധികാരം" നിലനിൽക്കുന്ന പരിതഃസ്ഥിതിയിൽ തർക്കങ്ങളും പരിഹൃതമാകയില്ലെന്നു വ്യക്തം. 1926-ലെ ഒത്തുതീർപ്പു പ്രകാരം പോർട്ടുഗൽഗവൺമെന്റു ഏതാനും ഭാഗങ്ങളിൽനിന്നു പിൻവാങ്ങി[15].

1950-ലെ ഒത്തുതീർപ്പനുസരിച്ച് കൊച്ചി, മൈലാപ്പൂർ രൂപതകളിൽ മെത്രാന്മാരെ നാമനിർദ്ദേശം ചെയ്യാനുള്ള അവകാശം പോർട്ടുഗീസു ഗവൺമെന്റ് ഉപേക്ഷിച്ചു. 1954 ഡിസംബറിൽ അതനുസരിച്ച് ഇന്ത്യയിലെ പോർട്ടുഗീസ് കോളനികളുടെ മേലുള്ള പരമാധികാരം പരിത്യജിച്ചു. ഗോവാ അതിരൂപതയുടെ പാത്രിയാർക്കീസിനെ നാമനിർദ്ദേശം ചെയ്യുവാനുള്ള അധികാരവും പോർട്ടുഗീസ് ഗവൺമെന്റ ഉപേക്ഷിച്ചു[16]. ഗോവ, ഡാമൻ, ഡിയു എന്നീ സ്ഥലങ്ങളെ ഉൾപ്പെടുത്തി ഗോവാ അതിരൂപതയിൽ ഭരണാധികാരികളെ നിയമിക്കാനും നാമനിർദ്ദേശം ചെയ്യാനുമുള്ള അവകാശം 1975 മെയ് 19-ന പോർട്ടുഗീസ് ഗവൺമെന്റ് കൈവിട്ടു[17]. പദ്രുവാദൊ അധികാരാവകാശങ്ങളും ഇന്നു ഓർമ്മയിൽ മാത്രം.

I4 Moraes George: Catholic Church under Portuguese Patronage p. 167.

I5. Moraes George: op. cit. p. I69.

I6 Press Trust of India News. dated May 22nd I975.

I7. L. M. Pylee: St. Thomas Christians and Archdiocese of Verapoly. op. cit. pp. 432-433.

malankaralibrary.com

പതിനഞ്ച്

മതവിചാരണ കോടതി

പണ്ഡിതനായ തെർത്തുല്യൻ പ്രസ്താവിക്കുന്നതു് ഓരോ മനുഷ്യനും അവന്റെ മനസ്സാക്ഷി അനുസരിച്ചു് ജീവിക്കാനുള്ള അവകാശമുണ്ടെന്നാണു്. ഒരു മതവും അവന്റെ ഈ സ്വകാര്യ പ്രശ്നത്തിൽ ഇടപെടരുതു്[1]. ലക്ത്താൻസിയൂസ് ബലപ്രയോഗത്തിനെതിരായിരുന്നു: "പറഞ്ഞു മനസ്സിലാക്കുകയാണു് വേണ്ടതു്, പ്രഹരമല്ല അതിനുപയുക്തമാക്കേണ്ടതു്." ഈ അഭിജ്ഞ സൂക്തങ്ങളെ മറികടന്നുള്ള വിധത്തിലായിരുന്നു ഗോവയിലെ മത വിചാരണ കോടതി (ഇൻക്വിസിഷൻ) പ്രവർത്തിച്ചിരുന്നതു്. ഗോവൻ ഇൻക്വിസിഷനെ ഭീതിയോടും പരിഭ്രാന്തിയോടുകൂടിയാണു് ചരിത്രകാരന്മാർ വീക്ഷിക്കുന്നതു്. കുറ്റം ചെയ്യുവക്കുവേണ്ടി വാദിക്കാനോ വക്കീലിനെ ഏർപ്പാടു ചെയ്യാനോ അനുവാദമില്ല. കുറ്റപത്രം ലഭിച്ചവർക്കു് യാതൊരു സംരക്ഷണവും നൽകിയിരുന്നില്ലത്രെ. ഇതാണു ഗോവൻ ഇൻക്വിസിഷന്റെ പ്രത്യേകത. കോടതി അംഗങ്ങളും തന്നെയാണു് ജഡ്ജിമാരും പ്രതികളെ വിചാരണചെയ്യുവാനുള്ളവരും.

വിശ്വാസപരിശുദ്ധി കാക്കാൻ

ഗോവയിൽ 1560-ലാണു് ഈ കോടതി സ്ഥാപിതമായതു്. പോർട്ടുഗീസുകാർക്കു് ആധിപത്യവും അധികാരവുമുണ്ടായിരുന്ന പൂവ്വ് ദേശങ്ങളെല്ലാം കോടതിയുടെ അധികാരസീമയിൽപ്പെട്ട. കത്തോലിക്കവിശ്വാസം അതിന്റെ പരിശുദ്ധിയിൽ സംരക്ഷിക്കുക അതിന്റെ പരമലക്ഷ്യം. ജ്ഞാനസ്നാനം സ്വീകരിച്ചുവെങ്കിലും രഹസ്യത്തിൽ യഹൂദരായിക്കഴിയുന്നവരെ ശിക്ഷിക്കുക, ജനങ്ങളുടെ സാന്മാർഗിക

1. ലീബർ അഡ് സ്കപുലാം (Liber Ad Scapulam) പേജ് 88.

malankaralibrary.com

നിലവാരം മെച്ചപ്പെടുത്തുക, മന്ത്രവാദം തടയുക, അന്ധവിശ്വാസം ഉച്ചാടനം ചെയ്യുക, ബഹുഭാര്യാത്വം നിരോധിക്കുക, കള്ളസാക്ഷി പറയുന്നതു് തടയുക, കത്തോലിക്കവിശ്വാസികൾ എഴുതി പ്രസിദ്ധീകരിക്കുന്ന പുസ്തകങ്ങളിൽ വിശ്വാസത്തിനും സൻമാർഗത്തിനും എതിരായ തത്വങ്ങളുണ്ടോ എന്നു് പരിശോധിക്കുക മുതലായവ കോടതിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരുന്നു [2]. പോർട്ടുഗലിൽനിന്നു അയക്കപ്പെട്ട രണ്ടു ഇടവക വൈദികരായിരുന്നു പ്രധാന വിചാരണക്കാർ [3]. ആരംഭത്തിൽ ഈശോസഭക്കാരും കോടതിയുമായി ബന്ധപ്പെട്ടിരുന്നു. കുറവാളികളെ വിചാരണചെയ്യുന്നതിനു് സഹായിക്കുക, കുറപത്രത്തിൽ ഒപ്പിടുക മുതലായവയായിരുന്നു ഈശോസഭക്കാർ നിർവ്വഹിക്കേണ്ടിയിരുന്നതു്.

കോടതി കൊട്ടാരത്തിൽ

ആദിൽഖാന്റെ കൊട്ടാരമാണു് ഇൻക്വിസിഷന്റെ പാലസായി ഉപയോഗപ്പെടുത്തിയിരുന്നതു്. മനോഹരമായ വെണ്ണക്കല്ലുകൊണ്ടു നിർമ്മിച്ച കൊട്ടാരം. ഓർലോംഗോർ (ഗ്രേറ്റ് ഹൗസ്).മൂന്നു ഇൻക്വസ്റ്റുമാരാണു് പ്രധാനമായും ഉണ്ടായിരുന്നതു. സാന്തഒഫിഷ്യോ എന്നാണതിന്റെ പൊതുനാമം. സാന്തഓഫീഷ്യോയിൽ സ്വർണ്ണമെഡലുകൾ ധരിച്ച ഓഫീസർമാരായി കുലീന കുടുംബങ്ങളിൽ നിന്നുള്ളവരെ മാത്രമേ സ്ഥിരീകരിച്ചിരുള്ളൂ.കാളിഫിക്കത്തോരെസ് (Qualificatores) എന്നൊരു കൂട്ടം ആളുകളുമുണ്ടു് (ഒരുതരം ചാരപ്പണി ചെയ്യുന്നവർ എന്നാണു് ഈ വാക്കിനർത്ഥം). കത്തോലിക്കസഭയുടെ പഠനങ്ങൾക്കെതിരായി തെറ്റുകൾ എന്തെങ്കിലും പുസ്തകത്തിൽ കടന്നുകൂടിയിട്ടുണ്ടോ എന്നു് പരിശോധിക്കയാണു് ഇവരുടെ ജോലി. ഒരു പ്രൊമോട്ടർ, നാലു നോട്ടറിമാർ, രണ്ടു് അറേറാർണിമാർ എന്നിവർ തടവുകാർക്കുവേണ്ടി വാദിക്കാൻ ഉണ്ടായിരിക്കും. ഒരു കപ്യാർ, നാലു ഗാർഡുകൾ, ഒരു പോർട്ടർ, ഒരു ചാപ്പലെയിൻ പിന്നെ ഒരു ക്ഷുരകൻ. ഇവർക്കെല്ലാം പൊതുട്രഷറിയിൽ നിന്നാണു് വേതനം [4].

തടവുകാരുടെ യാതനകൾ

ഫ്രാൻസിസ് പൈരാർഡ് എന്ന ഫ്രഞ്ചുയാത്രക്കാരൻ 1608 മുതൽ 1610 വരെ ഗോവയിൽ താമസിക്കയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ചു പോർട്ടുഗലിലെ വിചാരണകോടതിയെക്കാൾ ഭീതിജനകമാണു് ഗോവയിലെ ഇൻക്വിസിഷൻ. കുറപത്രം ലഭിച്ചു

---

2. M. J. Gabrael de Saldonha: Wickie p. 279.
3. Antony D. Bruz S. J.: The Christian Mission of Goa. p. 197.
4. ഫ്രാൻസിസ് തങ്കശേരി: ഇൻക്വിസിഷൻ, ചരിത്രസുരഭികം പേജ് 16-17.

malankaralibrary.com

വർക്കു യാതൊരു സംരക്ഷണയും ലഭിച്ചിരുന്നില്ല. പ്രതികളെ ചില പ്പോഴും രണ്ടും മൂന്നും വർഷങ്ങളും തന്നെ തടവുമുറിയിൽ താമസിപ്പിക്കും. പ്രതികളെ വിചാരണ ചെയ്യാതെയും അവർ ചെയ്ത കുറ്റമെന്തെന്നുപോലും ആരായാതെയുമായിരിക്കും തടവിലാക്കുക. സന്ദർശകരെ അനുവദിച്ചിരുന്നില്ല. ഓഫീസർമാർമാത്രം കുറ്റവാളികളെ സന്ദർശിക്കും. മറ്റു ജീവികംപോലും അധിവസിക്കാത്ത വിജനവും ഏകാന്തവുമായ പ്രദേശങ്ങളിലായിരിക്കും തടവറകൾ. സാധാരണ കുറ്റക്കാരെ ശിക്ഷിക്കുന്നതു് പൊതു ആഘോഷദിനത്തിലാണു്. പ്രധാന ദേവാലയത്തിലോ കത്തീഡ്രൽ പള്ളിയിലോ ആയിരിക്കും ശിക്ഷ നടപ്പിലാക്കുക. തിരുക്കർമ്മങ്ങൾ നടത്തുന്നവർ സുവിശേഷവായന കഴിഞ്ഞു് പ്രസംഗം പറയുന്ന പതിവുണ്ടു്. അതിനുശേഷം കാംപൊ/ ദെ സാന്തൊ ലാസരൊ ലാസറിയ (വിശ്രുത പറമ്പു്) എന്ന സ്ഥലത്തു് മരണത്തിനു് വിധിക്കപ്പെട്ട ധനവാന്മാരെ വധിക്കുക പതിവാണു്. പാവപ്പെട്ടവരെ പ്രായശ്ചിത്ത ശിക്ഷ നൽകിയശേഷം വിട്ടയക്കുന്നു. മരണത്തിനു് വിധിക്കപ്പെട്ട കുറ്റവാളികളെ കപില വസ്ത്രം ധരിപ്പിച്ചു് പ്രേക്ഷകരുടെ മുൻപിൽ അഗ്നിക്കിരയാക്കാറുണ്ടു് [5]. ഡോ. പ്രയൊഗോവ വിചാരണകോടതിയിൽ മരണത്തിനു വിധിക്കപ്പെട്ട കുറ്റവാളിക്കു ലഭിക്കുന്ന ശിക്ഷയെക്കുറിച്ചു് ഇപ്രകാരമാണു് വിവരിച്ചിരിക്കുന്നതു്:

കുറ്റക്കാർക്കു ചെകുത്താന്റെ കുപ്പായം

സഭാ ചൈതന്യ പ്രതീകമായ "ഓട്ടൊ ദെ ഫേ" സാധാരണയായി രണ്ടോ മൂന്നോ കൊല്ലത്തിലൊരിക്കൽ ഗംഭീരമായി കൊണ്ടാടുമായിരുന്നു. വിസ്തൃതമായ ഇൻക്വിസിഷൻ പാലസിന്റെ ഗാലറിയിൽനിന്നും തടവുകാരെ പ്രദക്ഷിണമായി പുറത്തുകൊണ്ടുവരും. തടവുകാർ കുറ്റത്തിന്റെ, ഏറ്റക്കുറച്ചിലനുസരിച്ചു പലനിറത്തിലുള്ള വസ്ത്രങ്ങളാണു് അണിഞ്ഞിരുന്നതു്. മരണശിക്ഷയ്ക്കു് വിധിക്കപ്പെട്ട നിർഭാഗ്യ മനുഷ്യജീവികൾ തവിട്ടുനിറത്തിലുള്ള നീണ്ട കുപ്പായം ധരിച്ചിരുന്നു. അതിനു പുറമെ ഓപ്പപോലുള്ള ചെകുത്താന്റെ ചിത്രങ്ങൾ പതിച്ച ഉടുപ്പുകൾ ധരിപ്പിക്കും. തലയിൽ മുതലത്തൊപ്പിയുണ്ടായിരിക്കും. അതിലും ചെകുത്താന്റെ ചിത്രങ്ങൾ മുദ്രണം ചെയ്തിട്ടുണ്ടാവും. എല്ലാം തയ്യാറായിക്കഴിഞ്ഞാൽ കത്തീഡ്രലിന്റെ മണിഗോപുരം സജീവമായി. വിലാപസ്വരത്തിൽ ആ മണിനാദം കേട്ടു് വിശ്വാസികൾ "ഓട്ടോ ദെ ഫേ" നടക്കുന്നസ്ഥലത്തു് ഓടിക്കൂടുന്നു. ഡൊമിനിക്കൻസഭക്കാരുടെ നേതൃത്വത്തിൽ കുരിശും ദർശനസമൂഹവും മുന്നോട്ടു നീങ്ങുന്നു. "യൂസ്തീസിയ എത്തു് മിസറികോർദിയ" (നീതി

5. Asan Kakba Prio Kalkai: The Goan Inquisition pp. 28-30.
Joseph Thekedeth: Inquisition of Goa, History of Christianity in India Vol. II p. 407.

malankaralibrary.com

യും കരുണയും) എന്നെഴുതിയ ഫലകം മുന്നിൽ ഉയർത്തി കാട്ടിയിരിക്കും.

പ്രദക്ഷിണം വി. ഫ്രാൻസിസ് അസ്സീസിയുടെ ദേവാലയത്തിൽ എത്തിച്ചേരുമ്പോൾ കുറവാളികളും കുമ്പസാരം നടത്തുന്നു. മതദ്രോഹവിചാരണയിൽനിന്നു വിമുക്തരാക്കപ്പെട്ടവരുടെ പേരുകളും വായിക്കുന്നു. തീയിൽ ദഹിപ്പിച്ചു കൊല്ലാൻ വിധിക്കപ്പെട്ടവരെ വൈസ്രോയിമാരുടെ സാന്നിധ്യത്തിൽവച്ചു കാമ്പോ ദെ സാൻ സറേയിൽ എത്തിക്കുന്നു. ഇങ്ങനെ അഗ്നിക്കിരയാക്കപ്പെട്ടവരുടെ പേരു്, സ്ഥലം, കുറ്റങ്ങൾ എന്നിവ വി. ഡൊമിനിക്കിന്റെ ദേവാലയഭിത്തിയിൽ പതിക്കുന്നു. ഈ ഇൻക്വിസിഷൻ പോർട്ടുഗീസുകാരുടെ ശക്തിദുർഗമായ ഗോവയെ തളർത്തിക്കളഞ്ഞുവെന്നു ചിലർ ചരിത്രകാരന്മാരും സമ്മതിക്കുന്നുണ്ടു്. ഇൻക്വിസിഷൻ ക്രിസ്ത്യാനികളെ മാത്രമേ ബാധിച്ചിരുന്നുള്ളൂ. 1600 മുതൽ 1772വരെ 72 "ഓട്ടോ ദെ ഫേ" നടത്തിയിട്ടുണ്ടു്. 4616 പേരെ പല കുറ്റങ്ങൾക്കായി 175 വർഷങ്ങൾക്കകം ശിക്ഷിച്ചിട്ടുണ്ടു്. 57 പേരെ ജീവനോടെ ദഹിപ്പിച്ചിട്ടുണ്ടു് [6].

6. ഇൻക്വിസിഷൻ: ചരിത്രസൂചികയും ഉദ്ധൃതഗ്രന്ഥവും പേജു് 17-19

malankaralibrary.com

പതിനാറ്

പതനകാരണങ്ങൾ

ഇന്ത്യയിൽ സ്ഥിരമായ സാമ്രാജ്യം സ്ഥാപിക്കാൻ പോർട്ടുഗീസുകാക്ക് സാധിച്ചില്ല. അവരുടെ ഭരണത്തിനു നേരിട്ട പരാജയത്തിനും പോർട്ടുഗീസ്-ഇന്ത്യയുടെ അധ:പതനത്തിനും പല കാരണങ്ങളുണ്ട്. ആദ്യകാലത്തു പോർട്ടുഗീസുകാർക്കുണ്ടായ വിജയങ്ങൾക്കു മുഖ്യകാരണം ഇന്ത്യാസമുദ്രത്തിലെ അവരുടെ നാവിക ശക്തിയായിരുന്നു. ഡച്ചുകാർ, ഇംഗ്ലിഷുകാർ തുടങ്ങിയ മറ്റു യൂറോപ്യൻ ശക്തികളും ഈ രംഗത്തു പ്രത്യക്ഷപ്പെടുകയും പോർട്ടുഗീസ് ആധിപത്യത്തെ വെല്ലുവിളിക്കുകയും ചെയ്തതോടെ അധ:പതനമാരംഭിച്ചു. ഡച്ചുകാരുമായി പല സ്ഥലങ്ങളിലുംവച്ചുണ്ടായ യുദ്ധത്തിൽ പോർട്ടുഗീസ് നാവികശക്തിയുടെയും വ്യാമോഹമാണെന്നു തെളിഞ്ഞു.

നാവികശക്തിയുടെ ക്ഷയം

ഇന്ത്യയിലെ രാജാക്കൻമാരും നാട്ടുവാഴികളും പോർട്ടുഗീസുകാരെ കൈവെടിഞ്ഞു ഡച്ചുകാരുമായി ബന്ധപ്പെട്ടു സൗഹൃദം പുലർത്താൻ സന്നദ്ധരായി [1]. അങ്ങനെ 1663 ജനുവരി 12-നു കൊച്ചിനഗരത്തോടു പോർട്ടുഗീസുകാർക്കു വിട പറയേണ്ടി വന്നു. ഡച്ചു സൈന്യാധിപൻ വാസുഗോയസിന്റെ നേതൃത്വത്തിൽ കൊടുങ്ങല്ലൂരും പിടിച്ചെടുത്തു.

ഡച്ചുകാരും പോർട്ടുഗീസുകാരും തമ്മിലുണ്ടായ യുദ്ധം കൊച്ചി നഗരത്തിൽ രണ്ടു മാസക്കാലം നീണ്ടുനിന്നു. വെടിയുണ്ട, കല്ല്, വെടിമരുന്നു നിറച്ച തീക്കുഴൽ എന്നിവയെല്ലാം കൊച്ചി കോട്ടയിലേക്കു

1. ശ്രീധരമേനോൻ: ഇന്ത്യാചരിത്രം രണ്ടാംഭാഗം പോർട്ടുഗീസ് കാലഘട്ടം പേജ് 197.

malankaralibrary.com

സ്ഥാപിഞ്ഞുകൊണ്ടിരുന്നു. പോർട്ടുഗീസുകാർ ഈ ആക്രമണങ്ങളെ ചെറുത്തുനിന്നുവെങ്കിലും 1663 ജനുവരി 6-ന് ഡച്ചുകാർ കോട്ടയ്ക്കുള്ളിൽ പ്രവേശിച്ചു.

ഡച്ചുകാർ കൊച്ചിക്കോട്ടയിൽ

കോട്ട ഇടിഞ്ഞു വീണ ഭാഗങ്ങളിലൂടെയാണ് അവർ അകത്തു് കടന്നതു്. അവിടെ ഘോരസമരംതന്നെ നടന്നു. പോർട്ടുഗീസുകാർ രാത്രിവരെ ഡച്ചുകാരുടെ പുരോഗമനത്തെ പ്രതിരോധിച്ചുകൊണ്ടു നിന്നു. രാത്രിയായപ്പോഴും കൊച്ചി പട്ടണവാസികളും വളരെ ഭീതിതങ്ങളും അനുഭവിക്കേണ്ടിവന്നു. സ്ത്രീകളുടെയും കുട്ടികളുടെയും ദീനദീനമായ രോദനം ദിക്കെങ്ങും മുഖരിതമായി. പീരങ്കി വമിക്കുന്ന മിന്നലല്ലാതെ മറ്റു വെളിച്ചമൊന്നും ഈ ക്രൂരിരുട്ടിൽ പ്രകാശിച്ചില്ല. ഡച്ചുകാർ പട്ടണം മുഴുവൻ കൊള്ളിവച്ചും കൊള്ളചെയ്തും നശിപ്പിച്ചു. എല്ലാ ദേവാലയങ്ങളും സ്ഥാപനങ്ങളും അവർ നശിപ്പിച്ചു. വി. ഫ്രാൻസിസ് അസ്സീസിയുടെ നാമത്തിലുള്ള ദേവാലയം സ്വന്തം മതകർമ്മങ്ങൾ നടത്തുന്നതിനു് സംരക്ഷിച്ചു. പിന്നീടതു "ലന്തപ്പള്ളി" എന്ന പേരിൽ അറിയപ്പെട്ടു. 1557-ൽ കത്തീഡ്രൽ പദവിയിലേക്കുയർത്തപ്പെട്ട സാന്തക്രൂസ് ദേവാലയം ഡച്ചുകാരുടെ ആയുധപ്പുരയാക്കി. മിഷനറിമാരെയെല്ലാം നാടുകടത്തി. കൊല്ലുത്തും കത്തോലിക്ക മതാനുഷ്ഠാനങ്ങളും പാടെ നിരോധിച്ചു. ഗോവ, ഡാമൻ, ഡിയു എന്നീ സ്ഥലങ്ങളും ഒഴിച്ചു മറ്റു രാജ്യങ്ങളെല്ലാം ക്രമേണ പോർട്ടുഗലിനു് നഷ്ടപ്പെട്ടു.

കുഴിവിലേറെ കോളനികൾ

പോർട്ടുഗീസു് ക്യാപ്റ്റൻ ജൊയാവൊ റിബെയിരയുടെ പ്രസ്താവനയനുസരിച്ചു് പോർട്ടുഗൽ അതിന്റെ കുഴിവിനും ശക്തിക്കും അതീതമായി വിദൂര പൗരസ്ത്യ രാജ്യങ്ങളിൽ വിപുലമായ ആധിപത്യം സ്ഥാപിക്കുന്നതിനു കാണിച്ച സാഹസമാണു് അധഃപതനകാരണങ്ങളിലൊന്നു്. പോർട്ടുഗീസു രാജ്യം മറ്റു യൂറോപ്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ചു് ചെറിയ രാജ്യമാണല്ലോ. അതിനുള്ള ധനാഗമമാർഗങ്ങളും സ്വത്തുക്കളും പരിമിതമായിരുന്നു. ജനങ്ങളും എണ്ണത്തിൽ കുറവു്. പോർട്ടുഗലിൽ നിന്നു് അനേകായിരം ലീഗ് അകലെയുള്ള ആഫ്രിക്ക, മലാക്ക, ഇന്ത്യ, ജപ്പാൻ എന്നീ രാജ്യങ്ങളിൽ ആധിപത്യം സ്ഥാപിച്ചു് ദീർഘകാലം ഭരണം നടത്തുകയും കോട്ടകളെ സംരക്ഷിക്കുകയും ചെയ്യുക ദുഷ്കരമാണല്ലോ.

സൈന്യവും സമ്പത്തും കുറവു്

ആഫ്രിക്കയിൽ സൊഫാലസു്, മൊസാംബിക്കു് എന്നിവയ്ക്കും ചെങ്കടലിന്റെ പ്രവേശനഭാഗത്തും പേർഷ്യൻ ഉൾക്കടലിലും, ഓർമസിലും, ബസ്സൊറയിലും, ഇന്ത്യാ ഉപദ്വീപിലും ബാൻഡൽ, ഡിയു,

malankaralibrary.com

സ്ഥലങ്ങളിലും 1640-ൽ കോട്ടകളുണ്ടായിരുന്നു. കന്യാകുമാരിവരെ ഡാമൻ, അസാരിം, ഡാന്ദ, അഗാഷി, മാഹി, മനോറ, ത്രാപ്പുർവ സായി, താന, കരഞ്ജ, ചാവുൽ, മോറൊ എന്നീ സ്ഥലങ്ങളിലും ഗോവയിലും പല കോട്ടകളും കൊത്തളങ്ങളും പോർട്ടുഗീസുശക്തി വിളിച്ചറിയിച്ചു. ബാർഡസിലും സാൽസെറ്റിൽ റാക്കോളിലും, ദക്ഷിണഭാഗത്തു മംഗലാപുരം, കണ്ണൂർ, കൊടുങ്ങല്ലൂർ, കൊച്ചി, കൊല്ലം എന്നീ സ്ഥലങ്ങളിലും പോർട്ടുഗീസുകാർക്കു കനത്ത ദുർഗങ്ങളുണ്ടായിരുന്നു. കന്യാകുമാരിക്കും ഗംഗാനദീതടത്തിനുമിടയ്ക്കു പോർട്ടുഗീസുകാർ നാഗപട്ടണം, മൈലാപ്പൂർ, മസ്സൂലിപട്ടണം എന്നിവിടങ്ങളിൽ കോട്ടകെട്ടി സംരക്ഷിച്ചിരുന്നു. മലാക്കാ, മക്കാവൊ, തിമൊർ എന്നീ ദ്വീപുകളിലും ദുർഗങ്ങൾ കെട്ടിയിരുന്നു. സിലോണിൽ കൊളൊമ്പോ, മാതാര, ഗാല്ലെ, നെഗുമ്പോ, ജാഫ്ന, പാട്ടാം എന്നീ സ്ഥലങ്ങളിലും കോട്ടകൾ തീർത്തിരുന്നു. ഈ കോട്ടകളെല്ലാം സംരക്ഷിക്കുന്നതിനു ആവശ്യമായ സൈന്യമോ, ആയുധശേഖരങ്ങളോ ഇല്ലാതെ പോയതാണ് പോർട്ടുഗീസ് കോളനികളുടെ അധഃപതനത്തിനു മുഖ്യ കാരണം.

കോട്ടകൾ നഷ്ടപ്പെട്ടപ്പോൾ വ്യാപാരം നിലച്ചു

പോർട്ടുഗീസുകാർക്ക് 1623-ൽ ഓർമസ് നഷ്ടപ്പെട്ടു. ഇതു പോർട്ടുഗീസ് സാമ്രാജ്യത്തിനു വലിയ ആഘാതമായി. 1640-ൽ ഇമ്മാവിന്റെ നേതൃത്വത്തിൽ അറബികൾ ഷുൻഗംഹിലെ പല കോട്ടകളും പിടിച്ചെടുത്തു. 1640 ജനുവരിയിൽ ഡച്ചുകാർ 12 കപ്പലുകളോടുകൂടി കൊളമ്പോ കീഴടക്കി. ഏതാനും വൃദ്ധരായ പട്ടാളക്കാർ അടങ്ങിയ സേനാവിഭാഗമേ ഡച്ചുകാരെ നേരിടാൻ ഉണ്ടായിരുന്നുള്ളൂ[2]. 1639-ൽ ഡച്ച് നാവികപടയോടു ബട്ടാവിലെ 6 പടക്കപ്പലുകൂടി ചേർന്നു. ബറിക്കേള, ട്രൻകോമാലി എന്നീ സ്ഥലങ്ങളിലെ പോർട്ടുഗീസ് ദുർഗങ്ങളും ശത്രുനിര പിടിച്ചടക്കി. 1633-ൽ ഡച്ചുകാർ മലാക്കയിൽ നിരന്തരമായ പ്രതിരോധനം നടത്തി. പോർട്ടുഗീസ് വ്യാപാരം നിലച്ചു. 1640 ജൂലൈയിൽ ജൊഹോർ രാജാവിന്റെ 1400 പടയാളികളും, അതുപോലെ തന്നെ ഡച്ചുയോദ്ധാക്കളും ചേർന്നു സംയുക്തമായി നടത്തിയ യുദ്ധത്തിൽ മലാക്ക നിഷ്പ്രയാസം പിടിച്ചെടുക്കപ്പെട്ടു. ഭയന്നോടിയ പോർട്ടുഗീസ് സൈന്യത്തെ അവർ പലായനം ചെയ്യിച്ചു. പിന്നീടു പോർട്ടുഗീസ് സൈന്യം ഡച്ചുകാരെ ഇവിടെനിന്നു തുരത്തി. പക്ഷേ പ്ലേഗ് വസന്തയും പട്ടിണിയുംമൂലം ഡച്ചുസൈന്യത്തിനും പോർട്ടുഗീസുകാർക്കും വലിയ നാശമുണ്ടായി. കർട്ടെക്കൊ എന്ന ഡച്ചു സൈന്യാധിപന്റെ നേതൃത്വത്തിൽ ജൊഹോർ രാജാവിന്റെ സൈന്യസഹായത്തോടെ വീണ്ടും ആക്രമണം. 1641 ജനുവരി 14-നു മലാക്ക ഡച്ചുകാർ കീഴടക്കി.

2. Fredrick Charles Danvers: Portuguese in India. Vol. II. Chap. X pp. 272-282.

malankaralibrary.com

അറബികളുടെ പകപോക്കൽ

1643-ൽ ഡച്ചുകാർ 600 യോദ്ധാക്കളോടുകൂടി നാഗപട്ടണം പിടിച്ചടക്കി. 1650-ൽ അറബികൾ രാത്രി മസ്ക്കറ്റ് നഗരത്തിൽ പാഞ്ഞുകയറി. നഗരവാസികളെ കൂട്ടക്കൊല ചെയ്തു. 1650-ൽ നിഷ്പ്രയാസം മസ്ക്കറ്റ് കരസ്ഥമാക്കി. പോർട്ടുഗീസുകാരെ അവിടെ നിന്നു തുരത്തി. അതോടുകൂടി പേർഷ്യൻ ഉൾക്കടലിലെ അവസാന ശക്തികേന്ദ്രവും നഷ്ടപ്പെട്ടു.

പോർട്ടുഗീസ് വൈസ്രോയി കോൺഡെ ദാ ഈഗാ (Conda da Ega) പൗരസ്ത്യദേശത്തു പോർട്ടുഗീസുകാർക്കു നേരിട്ടുകൊണ്ടിരിക്കുന്ന അധ:പതനത്തെയും പരാജയത്തെയും കുറിച്ചു പോർട്ടുഗീസുരാജാവിനു എഴുത്തു് അയച്ചു. 1781-ൽ ലിസ്ബണിലേക്കു വൈസ്രോയി ഇപ്രകാരം എഴുതി അറിയിച്ചു: ഇംഗ്ലീഷുകാർ മഹ്റാട്ടാ സൈന്യത്തിനു ആയുധങ്ങളും വെടിക്കോപ്പുകളും മറ്റു യുദ്ധോപകരണങ്ങളും നിർലോഭം നൽകിയതിന്റെ ഫലമായി സാൽസെറ്റ്, ബാർഡസ്, ചാവുലം എന്നീ ദ്വീപുകളും പോർട്ടുഗീസുകാർക്കു നഷ്ടപ്പെട്ടു [3].

ഇംഗ്ലീഷുകാർ ടിപ്പുസുൽത്താനുമായി സഖ്യത്തിലേർപ്പെട്ടതിന്റെ ഫലമായി കാനായിൽനിന്നു മുപ്പതിനായിരം ക്രിസ്ത്യാനികളെ അടിമകളായി പിടിച്ചുകൊണ്ടു പോയി. തങ്ങളുടെ സൈനികശക്തിയും ജനസംഖ്യയും വിഭവസമ്പത്തും കണക്കിലെടുക്കാതെ, വിസ്തൃതമായ പൗരസ്ത്യദേശത്തു പല ഭാഗങ്ങളിൽ അങ്ങിങ്ങായി ചിന്നിച്ചിതറി കിടന്നിരുന്ന പോർട്ടുഗീസു പ്രദേശങ്ങളെ അധികകാലം സംരക്ഷിച്ചു പോരുന്നതിനുള്ള ഒസൈനികശക്തിയോ സാമ്പത്തികശേഷിയോ പോർട്ടുഗലിനു ഇല്ലാതെ പോയി [4]. എല്ലാറ്റിനും ഉപരി 1580-ൽ ഫിലിപ്പ് രണ്ടാമന്റെ നേതൃത്വത്തിൽ പോർട്ടുഗൽ സ്പെയിനിന്റെ ആധിപത്യത്തിലായപ്പോൾ പോർട്ടുഗീസു രാജാവിന്റെ വ്യക്തിപരമായ താല്പര്യവും തിരോഭവിച്ചു. പോർട്ടുഗീസു ഉദ്യോഗസ്ഥന്മാർക്കു തങ്ങളുടെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനാവശ്യമായ നിർദ്ദേശങ്ങളും മാർഗദർശനങ്ങളും ലഭിക്കാതെയായി.

ഗോവയുടെ വിമോചനം

പോർട്ടുഗീസു ഇന്ത്യയുടെ പ്രതാപവും സൈനികാധിപത്യവുമെല്ലാം 1663-ാമാണ്ടോടെ നശിച്ചുപോയെങ്കിലും പോർട്ടുഗീസു ശക്തി ഇന്ത്യയിൽനിന്നു പൂർണമായി തിരോധാനം ചെയ്തില്ല. ഗോവ, ഡാമൻ, ഡിയു പ്രദേശങ്ങളിൽ അതു് ഒരുങ്ങിനിന്നു. അടുത്ത കാലംവ

---

3. The Portuguese in India op. cit. pp. 436-440.
4. ക്യാപ്റ്റൻ ജൊയാവെ റിബെയിറോ 18 വർഷം സിലോണിൽ സേവന മനുഷ്ഠിച്ചിട്ടുള്ള സൈന്യാധിപനാണ്.

malankaralibrary.com

രെ പോർട്ടുഗീസു ഭരണകൂടം തങ്ങളുടെ ഭൂതകാലസാമ്രാജ്യ പദവിയുടെയും പ്രതാപത്തിന്റെയും പ്രതീകമെന്ന നിലയിൽ ഈ പ്രദേശങ്ങളെ കൈവശം വച്ചിരുന്നു. ഇന്ത്യ സ്വതന്ത്രമായിട്ടും പോർട്ടുഗീസുകാർ ഈ പ്രദേശങ്ങളെ സ്വതന്ത്ര ഭാരതത്തിനു് കൈമാറിയില്ല. സമാധാനപരമായ മാർഗങ്ങളിലൂടെ ഈ പ്രദേശങ്ങളെ ഇന്ത്യയുമായി സംയോജിപ്പിക്കാൻ ഇന്ത്യയിലെ ദേശീയ നേതൃത്വം നടത്തിയ ശ്രമങ്ങളെ നിഷ്ഫലമായി. തുടർന്നു 1961 ഡിസംബറിൽ ഇന്ത്യൻ സേനാവിഭാഗങ്ങളെ ഗോവ, ഡാമൻ, ഡിയു സ്ഥലങ്ങളിലേക്കു് കടന്നുചെന്നു അവ മോചിപ്പിച്ചു. അങ്ങനെ ഗോവ, ഇന്ത്യൻ യൂണിയനിലെ പ്രത്യേക ഭരണവിഭാഗമായി.

പത്തുകോടിയുടെ സ്വർണം

ഗോവ 1961 ഡിസംബർ 19-നു വിമോചിക്കപ്പെട്ടതിനു ഏഴു ദിവസം മുൻപു് പത്തു കോടിയോളം വിലവരുന്ന സ്വർണ ഉരുപ്പടികളും 6000 ബുക്കുകളും ഗോവയിൽനിന്നു ഡിസംബർ 12-നു രാത്രി കപ്പലിൽ കയറ്റി പോർട്ടുഗലിലേക്കു കൊണ്ടുപോയി. ബി. എൻ. യൂസിന്റെ ഉപദേഷ്ടാവു വിഡ്ഢിക്കോന്താ മോർസിയസിന്റെ നിർദ്ദേശപ്രകാരമാണു് ഗോവയിലെ ജനറൽ മാനേജർ ജോർജ് അനസ്താസിയെ സ്വർണക്കടത്തിനു നേതൃത്വം നൽകിയതു്. ഇതു് ഇന്തോ-പോർട്ടുഗീസു് ബന്ധങ്ങളെ ഏറെ ശിഥിലമാക്കി. ഇന്ത്യാക്കാർക്കു പോർട്ടുഗൽവിസ ലഭിക്കുക ക്ലേശകരമായി.

ഇന്ത്യയും പോർട്ടുഗലും രമ്യതയിൽ

സ്വർണത്തിനു വേണ്ടി ഇന്ത്യാ ഗവൺമെന്റു് അവകാശവാദമുന്നയിച്ചപ്പോഴും പോർട്ടുഗൽ എതിർ വാദങ്ങളുന്നയിച്ചു. ഇന്ത്യാ ഗവണ്മെന്റു് ഏറെറടുക്കുന്ന ഗോവയിലുള്ള തങ്ങളുടെ സ്വത്തുക്കൾക്കു നഷ്ടപരിഹാരം കിട്ടണമെന്നായിരുന്നു അവരുടെ പ്രധാന ആവശ്യം. രാജീവ് ഗാന്ധി പ്രധാനമന്ത്രി ആയിരിക്കെയാണു് ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെട്ടതു്. ഗോവാ സ്വർണം തിരികെതരാമെന്നു പോർട്ടുഗൽ സമ്മതിച്ചു. മുൻ കേന്ദ്ര മന്ത്രിയും എ. ഐ. സി. സി. ജനറൽ സെക്രട്ടറിയുമായ ഡോ. ഹെൻറി ഓസ്റ്റിൻ ആയിരുന്നു ഇക്കാലത്തു പോർട്ടുഗലിലെ ഇന്ത്യൻ അമ്പാസിഡർ. മറ്റു പ്രശ്നങ്ങളുമായി സ്വർണത്തിന്റെ കാര്യം കൂട്ടിക്കുഴക്കരുതെന്നും അതു അടിയന്തിര പ്രാധാന്യമുള്ള മാനുഷിക പ്രശ്നമായി കാണണമെന്നുമുള്ള ഇന്ത്യയുടെ നിലപാടു് പോർട്ടുഗൽ അംഗീകരിച്ചു. ഇതോടെ ഉഭയകക്ഷി ബന്ധങ്ങളിലെ വലിയൊരു കടുംകെട്ടു് അഴിഞ്ഞുകിട്ടി. 1991 ഏപ്രിലിൽ രാഷ്ട്രപതി ആർ. വെങ്കട്ടരാമൻ ലിസ്ബൺ സന്ദർശിക്കുന്നതിനു മുൻപുതന്നെ ഇക്കാര്യത്തിൽ പോർട്ടുഗൽ പ്രസിഡൻറു് ഡോ. മാരിയോ സോറേസും, പ്രധാനമന്ത്രി ഹാനിബാൽ കവാക്കൊ

malankaralibrary.com

സിൽവയും ഇന്ത്യയ്ക്കനുകൂലമായ നിലപാടാണ് എടുത്തിരുന്നു രാഷ്ട്രപതിയുടെ സന്ദർശനകാലത്തു ഔദ്യോഗിക പ്രഖ്യാപനമുണ്ടായി.

അടുത്തകാലത്തു പോർട്ടുഗൽ ധാരാളം ചെമ്പ്, ടിൻ നിക്ഷേപങ്ങളും കണ്ടെത്തി. കടൽവിഭവങ്ങളുടെ സമാഹരണത്തിൽ മുൻപന്തിയിൽ എത്തി. അതോടെ സാമ്പത്തിക സമൂഹത്തിൽ പോർട്ടുഗലിനു പ്രാമുഖ്യംകൈവന്നു. യൂറോപ്യൻ സാമ്പത്തിക സമൂഹത്തിലേക്കു ഇന്ത്യയുടെ കവാടമാകാൻ പോർട്ടുഗലിനു കഴിയും. അങ്ങനെ, ഏഷ്യയിലും വിദൂര പൂർവ്വദേശങ്ങളിലും പോർട്ടുഗീസ് വാണിജ്യത്തിന്റെ താവളമാക്കാൻ ഇന്ത്യക്കും സാധിക്കും. ഈ പ്രതീക്ഷയാണ് ഇരുകൂട്ടർക്കുമുള്ളതു [5].

ഗോവയുടെ ക്രൈസ്തവപ്രഭാവം

ക്രൈസ്തവ സഭാതലത്തിലും രാഷ്ട്രീയരംഗത്തും അക്ഷയപ്രകാശം പരത്തി. നാല്പ നൂറാണ്ടുകാലത്തെ അതിന്റെ ഭാസുരമായ അവസ്ഥാവിശേഷം മറഞ്ഞു. ബ്രഹ്മാണ്ഡങ്ങളും അംബരചുംബികളുമായ ദേവാലയങ്ങളും ഗോപുരങ്ങളും മണിമാളികകളും മറ്റനേകം സ്ഥാപനങ്ങളും ഇന്നു ജീർണ്ണാവസ്ഥയിലാണ്. ക്രൈസ്തവപ്രഭാവത്തിനു കോട്ടം തട്ടിയിട്ടില്ല. ക്രൈസ്തവ മൂല്യങ്ങളും ഇൻഡ്യൻ കത്തോലിക്കർക്കെന്നും ആശാകേന്ദ്രമായിരിക്കും. ക്രൈസ്തവ ദൃഷ്ടിയിൽ പോർട്ടുഗീസ് ഇൻഡ്യയുടെ കേന്ദ്രസ്ഥാനമായിരുന്ന ഗോവയ്ക്കുള്ള വിശേഷത ഈ മൂല്യാധിഷ്ഠിതപ്രതീക്ഷയാണ്.

അൽബുക്കർക്കിനുശേഷം നേതൃത്വം ബലഹീനം

ഭരണരംഗത്തെ അനഭിലഷണീയമായ പല പ്രവണതകളും പോർട്ടുഗീസ് അധ:പതനത്തിനു വഴി തെളിച്ചിട്ടുണ്ട്. കാര്യക്ഷമമായ ഭരണക്രമം സ്ഥാപിക്കുന്നതിൽ അൽബുക്കർക്കിനുശേഷം വന്ന പോർട്ടുഗീസു ഭരണാധികാരികളും പരാജയപ്പെട്ടു. ദുർമോഹികളും അഴിമതിക്കാരും ഭരണപരിചയമില്ലാത്തവരുമായിരുന്നു അവർ. നിർബന്ധിത മതപരിവർത്തനവും മതപീഡനവും പ്രഖ്യാപിതനയങ്ങളായിരുന്നല്ലൊ. ഹിന്ദുക്കളോടും മുസ്ലീങ്ങളോടും ക്രൂരമായി പെരുമാറിയതിന്റെ ഫലമായി ജനഹൃദയങ്ങളിൽ വെറുപ്പും വിദ്വേഷവും ഉളവായി.

അഴിമതിയും കെടുകാര്യസ്ഥതയും

പോർട്ടുഗീസുകാർക്കു കെട്ടുറപ്പുള്ള സൈനികശക്തി ഉണ്ടായിരുന്നില്ല. സൈന്യത്തിൽ സേവനമനുഷ്ഠിച്ചിരുന്ന പോർട്ടുഗീസു ഭടന്മാരിൽ പലരും അച്ചടക്കമോ പരിചയമോ ഇല്ലാത്തവരായിരുന്നു. ഉദ്യോഗവൃത്തങ്ങളിലും പൊതുജീവിതത്തിലും അഴിമതി സ്ഥിരപ്രതിഷ്ഠ നേടി. സ്വഭാവശുദ്ധിയില്ലാത്ത പോർട്ടുഗീസു ഉദ്യോഗസ്ഥന്മാരുടെ ഒരു പരമ്പരതന്നെ ഇന്ത്യയിലുണ്ടായിരുന്നു. അഴിമതിയും സ്വജന

5. മലയാള മനോരമ 1991 ജൂലൈ 29, പേജ് 1-7

malankaralibrary.com

പക്ഷപാതവും സാർവ്വത്രികമായി. ഉദ്യോഗസ്ഥന്മാർക്കിടയിലെ ധാ
മ്മികാധ:പതനം വഴിപിഴച്ച നയങ്ങളുടെ ഉറവിടമായി [6].

പോർട്ടുഗീസു ഭരണാധികാരികളും മതമേധാവികളും തമ്മിലും ഗുരുതരമായ ഭിന്നതകളുണ്ടായി. പോർട്ടുഗീസു ഭരണത്തിൽ പലപ്പോ
ഴും ഇതു സംഘർഷത്തിനു വഴിതെളിച്ചു. പോർട്ടുഗീസു ഭരണത്തിന്റെ അപരിഹാര്യമായ ദ്വൈണബാദ്ധ്യതയും, ഭരണ കാര്യങ്ങളെ കൂടുതൽ കുഴ
പ്പത്തിലാക്കി. ധനപരമായ ബുദ്ധിമുട്ട നിമിത്തം വൈസ്രോയിമാക്ക
തങ്ങളുടെ നയപരമായ പരിപാടികളും നടപ്പിലാക്കാൻ സാധിക്കാതെ വന്നു.

ഭാരതീയരുടെ വെറുപ്പു നേടിയ നടപടികൾ

ഇന്ത്യയിലെ ജനങ്ങളുടെ വിശ്വാസവും പിന്തുണയും നേടുന്നതിനു പോർട്ടുഗീസുകാർ പരാജയപ്പെട്ടതാണു മറെറാരു പതനകാരണം. പോ
ർട്ടുഗീസ് ഭരണാധികാരികളും മനസ്സാക്ഷിക്കു യാതൊരു വേദനയുമി
ല്ലാതെ കൊള്ള, കൊല മുതലായ ക്രൂരപ്രവൃത്തികളിൽ ഏർപ്പെട്ടു. ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും അമ്പലങ്ങളും ദേവാലയങ്ങളും അവർ കൊള്ളിവച്ചു. 1560-ൽ സ്ഥാപിതമായ സ്മാർത്ത കോടതി (ഇൻക്വി
സിഷൻ) മൂലം നാട്ടുകാർക്കെതിരായി പോർട്ടുഗീസുകാർ സ്വീകരിച്ച മർദ്ദന മുറകളും അവരെക്കുറിച്ചു പൊതുവെ അതൃപ്തി ഉളവാക്കി. പോർട്ടു
ഗീസു ഉദ്യോഗസ്ഥൻമാരുടെ അക്ഷന്തവ്യമായ അലസമനോഭാവവും അതിരു കടന്ന ആത്മവിശ്വാസവും അധികാരദുർമോഹവും ഇന്ത്യയി
ലെ പോർട്ടുഗീസ് ആധിപത്യത്തിന്റെ അധ:പതനത്തിനു വഴി തെ
ളിച്ചു. അത്യാവശ്യകാര്യങ്ങളും നിർവ്വഹിക്കേണ്ട അവസരങ്ങളിൽ ഖണ്ഡിതമായ തീരുമാനങ്ങളും എടുക്കാതെ നീട്ടിക്കൊണ്ടു പോകുന്ന പ്രവണത പലപ്പോഴും ഉദ്യോഗസ്ഥൻമാരിൽ കണ്ടിരുന്നു. രണ്ടു മണി
ക്കൂർ കൊണ്ടു നിർവ്വഹിക്കേണ്ട ചില കാര്യങ്ങളും രണ്ടു മാസങ്ങളും കൊണ്ടേ ചെയ്തു തീർക്കാറുണ്ടായിരുന്നുള്ളൂ.

അത്യാവശ്യ സന്ദർഭങ്ങളിൽപോലും ലിസ്ബണിൽ നിന്നു മറുപടി കിട്ടാൻ വളരെ കാലതാമസം നേരിട്ടിരുന്നു. എഴുത്തിനു മറുപടി കിട്ടാൻ പതിനെട്ടുമാസം മുതൽ മൂന്നു വർഷങ്ങളും തന്നെ കാത്തിരി
ക്കേണ്ട സന്ദർഭങ്ങളുണ്ടായി. ''സ്പെയിനിൽ നിന്നു സഹായം ലഭിക്കു
ന്നതു വളരെ വൈകിയാണു്. ഒരുപക്ഷേ കിട്ടിയില്ലെന്നും വരും'' എന്നൊരു ആപ്തവാക്യമുണ്ടു്. പോർട്ടുഗീസ് ഗവൺമെൻറിനെക്കുറി
ച്ചു് ഇതു് അന്വർത്ഥമത്രെ. നീതി നിർവ്വഹണത്തിലും പോർട്ടുഗീസ് ഉദ്യോഗസ്ഥൻമാർ അനാസ്ഥകാണിച്ചിരുന്നു. ദുഃഖപര്യവസായിയായ രംഗത്തോടെ പോർട്ടുഗീസ്-ഇന്ത്യയുടെ അധ:പതന യവനിക വീഴുന്നതു് സ്വാഭാവികംമാത്രം.

---

9. എ ശ്രീധരമേനോൻ: ഇന്ത്യാചരിത്രം. ഉദ്ധൃതഗ്രന്ഥം. പേജ് 197-198.

malankaralibrary.com

പതിനേഴ്

സംഭാവനകൾ, സാക്ഷ്യങ്ങൾ

പോർട്ടുഗീസുകാർ 160 വർഷത്തോളം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആധിപത്യം സ്ഥാപിച്ചു ഭരണം നടത്തുകയുണ്ടായല്ലൊ. ഈ കാലഘട്ടത്തിൽ മതപരമായും വിദ്യാഭ്യാസപരമായും സാംസ്കാരികവും കലാപരവുമായും അവിസ്മരണീയ നേട്ടങ്ങളാണ് ഇന്ത്യക്കും വിശിഷ്യാ കേരളത്തിനും ഉണ്ടായിട്ടുണ്ട്.

രക്തം ചിന്തിയും മിഷനറിവേല

പോർട്ടുഗീസുകാർ ഇന്ത്യയിൽ കാലുകുത്തിയ ദിവസം മുതൽ ക്രിസ്തുരാജ്യം ഇവിടെ വിപുലമായിക്കൊണ്ടിരുന്നു. കൊച്ചി, കൊടുങ്ങല്ലൂർ, കൊല്ലം, ഗോവ, മൈലാപ്പൂർ എന്നീ പ്രദേശങ്ങളാണ് പോർട്ടുഗീസു മിഷനറിമാരുടെ അക്ഷീണശ്രമം നിമിത്തം സുവിശേഷപ്രകാശത്താൽ പ്രഭാപൂരിതമായി. കിഴക്കോട്ട് കൽക്കട്ട വരെയുള്ള പ്രദേശങ്ങളിലും പോർട്ടുഗീസു മിഷനറിമാരുടെ അവിശ്രമ പ്രയത്നംമൂലം സുവിശേഷപ്രചരണത്തിനു അധികനാൾ വേണ്ടി വന്നില്ല. മിഷനറിമാർ തീക്ഷ്ണത്യോടെ ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനു ശ്രമിച്ചു. ഭാരതത്തിന്റെ പശ്ചിമതീരത്തു് അങ്ങോളമിങ്ങോളം ഉയർന്നു കാണുന്ന കുരിശുകളും ദേവാലയങ്ങളും അവയുടെ പരിവേഷം ചാർത്തുന്ന ഭക്തി പ്രകടനങ്ങളും ഈ വിജയത്തിനു സാക്ഷ്യം വഹിക്കുന്നു. വിശുദ്ധൻമാരുടെ ബഹുമാനാർത്ഥമുള്ള പെരുന്നാളാഘോഷങ്ങളും തിരുസ്വരൂപ പ്രദക്ഷിണങ്ങളും പോർട്ടുഗീസുകാരുടെ മതസംസ്ക്കാരത്തെ പ്രത്യേതിപ്പിക്കുന്നു[1]. കലാലയങ്ങളും സന്യാസമഠങ്ങളും പോർട്ടുഗൽ രാജസ്ഥാനത്തിന്റെ പിൻബലത്തോടുകൂടി കൊച്ചിയിൽ സ്ഥാപിതമാ

1. എൻ. ജെ. ജോസഫ്: ദീപാർച്ചന പേജ് 201.

malankaralibrary.com

യി. രണ്ടു വലിയ ദേവാലയങ്ങളും നിർമ്മിക്കുന്നതിനും അവർ ഉദ്യമിച്ചു. അങ്ങനെ സാന്താക്രൂസും ദേവാലയവും വി. ഫ്രാൻസിസും അസ്സീസിയുടെ പള്ളിയും നിർമ്മിക്കപ്പെട്ടു.

പള്ളികൾ പള്ളിക്കൂടങ്ങളും

പോർട്ടുഗീസുകാർ കൊച്ചിയിലും പരിസരപ്രദേശങ്ങളിലുമായി 23 പള്ളികളും നിർമ്മിച്ചിട്ടുണ്ടെന്നാണും കേരള ചരിത്രം ഒന്നാം വാല്യത്തിൽ കെ. പി. പത്മനാഭമേനോൻ രേഖപ്പെടുത്തിയിരിക്കുന്നതും. ദേവാലയങ്ങളുടെ പുറമെ താഴെപ്പറയുന്ന സ്ഥാപനങ്ങളും അവർ നിർമ്മിച്ചു:

1. കരുണാലയം
2. ആസ്പത്രികളും
3. വി. ഡൊമിനിക്കിന്റെ ആശ്രമം
4. വി. അഗസ്നസിന്റെ ആശ്രമം
5. വി. അഗസ്റ്റിന്റെ ആശ്രമം
6. കൊച്ചിയിലെ വി. ഫ്രാൻസിസ് അസ്സീസിയുടെ ആശ്രമം
7. വൈപ്പിൻകരയിൽ വി. ഫ്രാൻസിസ് അസ്സീസിയുടെ ആശ്രമം.

പ്രോട്ടസ്റ്റാന്റുകാരനായ ഒരു ബ്രിട്ടീഷു ചരിത്രകാരൻ പോർട്ടുഗീസു മിഷനറിമാരെ പ്രശംസിച്ചുകൊണ്ടു പ്രസ്താവിച്ചിരിക്കുന്നു: അവിടെ സെൻറ് പോൾസ് സെമിനാരി നിലകൊള്ളുന്നു. അഗസ്റ്റീനിയൻ സഭക്കാരുടെ ആശ്രമം മട്ടാഞ്ചേരിയിലുള്ള പാലസിനു സമീപം നിലകൊള്ളുന്ന വി. ഫ്രാൻസിസ് അസ്സീസിയുടെ ദേവാലയത്തിനു സമീപം സ്ഥിതി ചെയ്യുന്നു. മെത്രാസന മന്ദിരത്തിനു വടക്കായിട്ടാണു ഡൊമിനിക്കൻ ആശ്രമം. അവിടെനിന്നു നോക്കിയാൽ സെൻറ് പോൾസ് കോളജിന്റെ മൂന്നു നില കെട്ടിടം കാണാം. ഇവിടത്തെ ആശ്രമങ്ങളും ദേവാലയങ്ങളും കോട്ടകളും ശിൽപകലാസുന്ദരങ്ങളാണു. പോർട്ടുഗീസ് ഭാഷയിൽ എഴുതപ്പെട്ടതും പോർട്ടുഗീസിൽ നിന്നു മോൺ. ഫ്രാൻസിസ് ഫിഗരേദോ തർജ്ജിമ ചെയ്തു 1965-ൽ ഫോർട്ട കൊച്ചി മുനിസിപ്പാലിറ്റി ശതാബ്ദജൂബിലി സ്മരണികയിൽ പ്രസിദ്ധീകരിച്ചതുമായ പ്രസ്താവനകളും ശ്രദ്ധേയങ്ങളാണു.

ദേവാലയങ്ങൾ, ആശ്രമങ്ങൾ

കൊച്ചിനഗരത്തിൽ നീതിന്യായക്കോടതിയും ധനകാര്യാലയവും ധർമ്മസ്ഥാപനങ്ങളും ആസ്പത്രിയും സ്നേഹവേനങ്ങളും (കരുണാലയം) പോർട്ടുഗീസുകാരാണു സ്ഥാപിച്ചതു. മെത്രാന്മാരും വൈദികരും തങ്ങളുടെ ദേവാലയ മന്ദിരങ്ങളിൽ വസിച്ചുകൊണ്ടു പാവപ്പെട്ടവരെ സഹായിച്ചുപോന്നു. പോർട്ടുഗീസു മിഷനറിമാർ യൂറോപ്പിൽ

malankaralibrary.com

നിന്നു് അവരുടെ ക്രൈസ്തവവിശ്വാസം മാത്രമല്ല കൊച്ചി നഗരത്തിനു് നൽകിയതു്. അവരുടെ സംസ്കാരവും വിദ്യാഭ്യാസ സമ്പത്തും, വ്യവസായശാലകളും കൊച്ചിനഗരത്തിലെത്തിച്ചു. പരോപകാര പ്രവൃത്തികളും അവർ നിർമ്മിച്ച സ്ഥാപനങ്ങളും അവരുടെ നാമം ആചന്ദ്രതാരം നിലനിൽക്കുന്നതിനിടയാക്കി[2].

രൂപതകൾ, കോൺവെൻറുകൾ

കൊച്ചിരൂപത 1558 ഫെബ്രുവരി 4-ന സ്ഥാപിതമാകുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിയതു് പോർട്ടുഗീസുകാരാണു്. പോർട്ടുഗീസു് രാജാവു് ദോം സെബാസ്റ്റ്യന്റെ അഭ്യർത്ഥനയനുസരിച്ചാണു്[3] പോപ്പ് നാലാമൻ മാർപാപ്പ ഗോവയെ അതിരൂപതയായി ഉയർത്തുകയും കൊച്ചിരൂപത ഗോവയുടെ സാമന്ത രൂപതയായി സ്ഥാപിക്കയും ചെയ്തതു്. മെത്രാൻമാരെ നാമനിർദ്ദേശം ചെയ്യാനുള്ള അവകാശം (പദ്രുവാദൊ) ലോകത്തു മറെറാരു രാജാവിനും ലഭിച്ചിട്ടില്ല. കൊച്ചിരൂപതയിൽ കേരളക്കരയും ഇന്ത്യയുടെ പൂർവ്വതീരവും ബമ്മയിലെ പെഗുവും ശ്രീലങ്കയിലെ കാണ്ടിയും ഉൾപ്പെട്ടിരുന്നു. മൈലാപ്പൂരിൽ വലിയ ദേവാലയം നിർമ്മിച്ചു. അവിടെ രൂപത ഉടലെടുത്തപ്പോൾ അതിനെ കൊച്ചിരൂപതയുടെ കീഴിലാക്കി. മൈലാപ്പൂർ തീർത്ഥാടന കേന്ദ്രമാക്കിയതും പോർട്ടുഗീസുകാരാണു്, "പൂവ്വ് ദേശത്തെ വത്തിക്കാൻ" എന്നു ഗോവ അറിയപ്പെടാൻ ഇടയാകുന്നതിനു മുമ്പുതന്നെ കൊച്ചിരൂപതയുടെ കീഴിൽ അനവധി ദേവാലയങ്ങളും കോൺവെൻറുകളും സെമിനാരികളും കോളജുകളും സ്ഥാപിച്ചതു പോർട്ടുഗീസു മിഷനറിമാരാണു്.

ജീവൻ ബലികൊടുത്ത മിഷനറിമാർ

മതപ്രചാരണത്തിനായി വന്ന മിഷനറിമാർ ജീവൻ ബലിയർപ്പിച്ചതു് പോർട്ടുഗീസു് സംഭാവനകളിൽ ഏറെറം പ്രധാനം. സുവിശേഷം പ്രസംഗിക്കുന്നതിനും ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനും ഇന്ത്യയിൽ വന്ന അനേകം മിഷനറിമാർ ക്രൂരമായി വധിക്കപ്പെട്ടു. 1498-ൽ വാസ്കോഡിഗാമയോടൊപ്പം കോഴിക്കോട്ടിറങ്ങിയ പീറെറർ കോവിലാൽ വൈദികനെ അപ്പെയ്തു് കൊന്നു. രണ്ടു വർഷങ്ങൾക്കുശേഷം കോഴിക്കോട്ടു് വന്നിറങ്ങിയ മൂന്നു് ഫ്രാൻസിസ്കൻ വൈദികരെ മൂർവർഗക്കാർ വെട്ടിക്കൊന്നു. 1568-ൽ ഒരു പോർട്ടുഗീസു പടക്കപ്പൽ കൊച്ചിയിൽനിന്നു് ഗോവയിലേക്കു് പോകുന്നവഴി കോഴിക്കോടു് വച്ചു് 15 ശത്രുക്കപ്പലുകളെ നേരിട്ടു വെടിവച്ചു. രക്ഷപ്പെടുവാൻ വളരെ

2. P. S. Velayudhan: Foreign Missionaries and Malayalam Lexicography, Christian Heritage of Kerala. p. 147.
3. Whitehouse: Notices on Cochin-Lingerings of Light in a Dark Land, London 1873.

malankaralibrary.com

പേർ കടലിൽ ചാടിയെങ്കിലും അവരെല്ലാവരും കൊല്ലപ്പെട്ടു. ഒരു ഫ്രാൻസിസ്ക്കൻ വൈദികനെ വെട്ടിക്കൊന്നു. നാലു ജസ്വീറ്റ് വൈദികർ ആളിക്കത്തുന്ന കപ്പലിൽപെട്ടു മരിച്ചു. പല ക്രിസ്ത്യാനികളും ദയനീയമായി വെന്തു മരിച്ചു. കൊല്ലത്തെ വിദ്യാലയ റെക്ടർ ഫാ. അന്റോണിയോ ക്രൈസ്തവമതം ഉപേക്ഷിച്ചു് ഇസ്ലാംമതം സ്വീകരിക്കാൻ ശത്രുക്കൾ നിർബന്ധിച്ചുവെങ്കിലും "ദൈവമായ ക്രിസ്തുവിനു വേണ്ടി ജീവൻ ബലികഴിക്കാൻ താൻ സന്നദ്ധനാണെ"ന്നു് പറഞ്ഞപ്പോൾ ഈ വൈദികനെ വാളുകൊണ്ടു് വെട്ടി. കുന്തംകൊണ്ടു് കുത്തി. അവസാനം തലവെട്ടി. മൃതശരീരം കടലിൽ എറിഞ്ഞു. ഗോവയുടെ വടക്കുള്ള സാൽസെറ്റ് ഉപദ്വീപിൽ ഈശോസഭക്കാരാണു് മിഷൻ പ്രവർത്തനം നടത്തിയിരുന്നതു്. മുഗൾ രാജധാനിയിൽ താമസിച്ചിരുന്ന ഫാ. അക്വാവിവാ, ഫാ. പച്ചേക്കോ, ഫാ. പീറ്റർ ബെർണൊ, അന്റോണിയൊ ഫ്രാൻസിസ്കൊ, ബ്രദർ ഫ്രാൻസിസ്കൊ എന്നീ അഞ്ചു പേരെ ഹിന്ദുക്കൾ 1583-ൽ വെട്ടിയും കുത്തിയും കൊലപ്പെടുത്തി. തുടർന്നു "രക്തസാക്ഷികളുടെ രക്തം ക്രിസ്തുമതപ്രചരണത്തിനുള്ള വിത്ത്" ആണെന്ന തെർത്തുല്യന്റെ വാക്യം അന്വർത്ഥമാക്കുമാറു് സാൽസെറ്റിലെ 67 ഗ്രാമങ്ങൾ ക്രിസ്തുമതം സ്വീകരിച്ചു. കൊല നടത്തിയവർപോലും ക്രിസ്തുമതം സ്വീകരിച്ചു് ക്ഷേ ക്രിസ്ത്യാനികളായി. ലിയൊ 13-ാമൻ മാർപാപ്പ ഈ അഞ്ചു രക്തസാക്ഷികളെ വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിച്ചു. അവരുടെ തിരുനാൾ ജൂലായ് 27-നാണു്. ഇതുപോലെ അനേകായിരം പോർട്ടുഗീസ് മിഷനറിമാരും, മതപ്രചരണ സംഘത്തിൽപ്പെട്ടവരും ക്രിസ്തുവിനുവേണ്ടി ജീവത്യാഗം ചെയ്തിട്ടുണ്ടു്.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ നേട്ടങ്ങൾ

പോർട്ടുഗീസു ഭരണംകൊണ്ടു മാർത്തോമ്മാ ക്രിസ്ത്യാനികൾക്കു ആദ്ധ്യാത്മിക നന്മകളും കൈവന്നു. ഒരു സഹസ്രാബ്ദം നീണ്ടുനിന്ന കേരളസഭയും കൽദായസഭയും തമ്മിലുള്ള ബന്ധം വിച്ഛേദിക്കപ്പെട്ടു. അവർ മാർപാപ്പയുടെ പൂർണമായ ഐക്യത്തിലേക്കു ആനയിക്കപ്പെടാനുള്ള സന്ദർഭം സൃഷ്ടിച്ചു. "ലിറ്റർജി എന്റെ ദൃഷ്ടിയിൽ" എന്ന തന്റെ ഗ്രന്ഥത്തിന്റെ 96-ാമത്തെ പേജിൽ അത്യുന്നത കർദ്ദിനാൾ ജോസഫ് പാറേക്കാട്ടിൽ: കൽദായക്കാർ തോമ്മായ്ശ്ലീഹായുടെ നാമവുമായി നമ്മുടെ സഭയെ ഘടിപ്പിച്ചിരുന്നതുകൊണ്ടു് കേരളക്രൈസ്തവസഭയുമായുള്ള ബന്ധം അരക്കിട്ടുറപ്പിക്കാൻ എളുപ്പമായി. 15-ാം നൂറ്റാണ്ടുവരെയുള്ള അവരുടെ ഭരണകാലത്തു കേരള ക്രൈസ്തവസഭയ്ക്കുവേണ്ടി അവർ എന്തു ചെയ്തു? ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മിക നിലവാരം ഉയർത്തുന്നതിൽ അവർ എത്രമാത്രം വിജയിച്ചു? അന്വേഷണ വിധേയമാക്കേണ്ട വിഷയങ്ങളാണിവ. ഈ കാലഘട്ടത്തിൽ കേരള മണ്ണിന്റെ ഒരു സന്താനത്തിനുപോലും പൗരോഹിത്യത്തിന്റെ പൂർണ്ണതയായ മെത്രാൻപട്ടം കൊടുത്തതായി അറിവില്ല. പിന്നീടു്

malankaralibrary.com

വന്ന ലത്തീൻ മിഷനറിമാർ പറമ്പിൽ ചാണ്ടിമെത്രാനും മറ്റും ആ പദവി നൽകിയെന്ന അനുസ്മരിക്കേണ്ടതാണ്. കൽദായക്കാരെ അനുഗ്രഹസ്തം ചെയ്യുന്ന പുരത്താക്കിയില്ലായിരുന്നുവെങ്കിൽ സീറോ മലബാർസഭയുടെ സ്ഥിതി എന്തായിരുന്നേനെ എന്നു അറിഞ്ഞുകൂടാ [4].

പോർട്ടുഗീസുരാജാവ് ജോൺ മൂന്നാമൻ 1528-ൽ വി. തോമ്മാശ്ലീഹായെ അടക്കം ചെയ്തിരുന്ന സ്ഥലം കണ്ടുപിടിക്കണമെന്നും അതൊരു തീർത്ഥാടനകേന്ദ്രമാക്കണമെന്നും ഗോവയിലെ വൈസ്രോയിയെ അറിയിച്ചിരുന്നു. അങ്ങനെയാണ് വിശുദ്ധന്റെ കുഴിമാടം തുറന്നതും ഭൗതികാവശിഷ്ടം കണ്ടെടുത്തതും. മൈലാപ്പൂരിൽ വലിയ പള്ളി നിർമ്മിക്കുന്നതിനു മുൻകൈ എടുത്തതു പോർട്ടുഗീസുകാരാണ്. അധികം ജനങ്ങളാൽ അറിയപ്പെടാതിരുന്ന വി. തോമ്മാശ്ലീഹായുടെ ശവകുടീരം തീർത്ഥാടന കേന്ദ്രമാക്കിയതു പോർട്ടുഗീസുമിഷനറിമാരാണ്. കൽദായ സുറിയാനി സഭയിലെ ഇരുന്നൂറിൽപരം വൈദികർക്കു മാസന്തോറും പോർട്ടുഗീസുരാജാവ് ഒരു സംഖ്യ കൊടുത്തയച്ചിരുന്നു. ക്രൂനൻകുരിശുസത്യം (1653) വരെ പോർട്ടുഗലിൽനിന്നും ഈ സംഖ്യ അവർക്കു ലഭിച്ചിരുന്നു [5].

സാക്ഷരതയും നാഗരികതയും

അജ്ഞതയും അന്ധവിശ്വാസവും കേരള ക്രൈസ്തവ സമൂഹത്തിൽ നിലനിന്നിരുന്ന 16-ാം നൂറ്റാണ്ടിൽ പോർട്ടുഗീസു മിഷനറിമാർ മലബാറിൽ ജ്ഞാനത്തിന്റെ കൈത്തിരിയുമായി വന്നെത്തി. കേരള ക്രൈസ്തവരുടെ ആത്മീയ പ്രബുദ്ധതയുടെ കൊട്ടമുടിയിലേക്കു ആനയിച്ചു. വിശാലാടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളും അനുപേക്ഷണീയമാണെന്ന ഉൾക്കാഴ്ചയോടെ നാനാഭാഗങ്ങളിലായി വിദ്യാലയങ്ങളും സെമിനാരികളും മഠവും കലാശാലകളും മുദ്രണാലയങ്ങളും സ്ഥാപിച്ചു.

മിഷൻപ്രവർത്തനങ്ങളിൽ വ്യാപൃതരായിരുന്ന അവർ. നിരക്ഷരരും നിരാലംബരുമായ നാട്ടുകാർക്കു വിദ്യാഭ്യാസസൗകര്യങ്ങളും നൽകുകയെന്നതോരിച്ച ഉത്തരവാദിത്വം സ്വയമേവ ഏറ്റെടുത്തു. പോർട്ടുഗീസ് വൈസ്രോയി അൽമേഡ ഇക്കാര്യത്തിൽ അതീവ ശ്രദ്ധാലുവായിരുന്നു. പോർട്ടുഗീസുകാർ താവളമടിച്ച സ്ഥലങ്ങളിൽ വിദ്യാലയങ്ങളും ഉയർന്നുവന്നു. 1542 മുതൽ വിദ്യാഭ്യാസസ്ഥാപനങ്ങളെല്ലാം തന്നെ ജെസ്യൂട്ടുകാർ ഏറ്റെടുത്തു. ഗോവയിലും കൊച്ചിയിലും വെച്ചു രണ്ടു സ്കൂളുകൾ ആരംഭിച്ചു. 1511-ൽ ആൽബുക്കർക്കിന്റെ നിർദ്ദേശപ്രകാരം കൊച്ചിയിൽ പാശ്ചാത്യ മോഡലിലുള്ള ഹൈസ്കൂൾ സ്ഥാ

4. കട്ടിനാംതാഴേക്കാട്ടിൽ: ''ലിറ്റർജി എന്റെ ദൃഷ്ടിയിൽ''. പേജ് 8.
5. കെ. എൽ. ബർണാർഡ്:പോർട്ടുഗീസുകാർ കേരളത്തിൽ. പേജ് 65-66.

malankaralibrary.com

പിച്ചു. പോർട്ടുഗീസു താവളങ്ങളുടെ പരിസരത്തു് ഉയർന്നു വന്ന ദേവാലയങ്ങളോടനുബന്ധിച്ചു് പള്ളിക്കൂടങ്ങളും സ്ഥാപിതങ്ങളായി. 1541-ൽ വിൻസൻറ് ലാഗോസ് എന്ന ഫ്രാൻസിസ്കൻ വൈദികൻ കൊട്ടങ്ങല്ലൂരിൽ സെൻറ് ജയിംസ് കോളജ് ആരംഭിച്ചു.

സ്കൂളുകൾ, കോളജുകൾ

സമർത്ഥരായ വിദ്യാർത്ഥികളെ പോർട്ടുഗലിലെ കൊയിമ്പ്ര സർവ്വകലാശാലയിലേക്കയച്ചു ഉപരി വിദ്യാഭ്യാസം നൽകി. കൊയിമ്പ്രായിൽ പഠിച്ചിരുന്ന ഒരു വിദ്യാർത്ഥി രാജകുടുംബത്തിലെ അംഗമായിരുന്നു. 1577-ൽ മേന്ദമംഗലത്തു സ്ഥാപിച്ച കോളജിൻെറ അവശിഷ്ടങ്ങം അവിടെ കാണാം. കേരളത്തിലെ ദുരാചാരങ്ങളെ നിഷ്കാസനം ചെയ്യാൻ വിദ്യാഭ്യാസംമൂലം സാധിച്ചു. കൊച്ചി മെത്രാൻെറ അരമനസ്ഥലത്തു് തെക്കുവശം "ബിഷപ്പ്സ് ഗാർഡൻ" എന്ന സ്ഥലത്തു് ഈശോസഭക്കാർ സ്ഥാപിച്ച സെൻറ് പോൾസ് കോളജിനു് മൂന്നു് നിലകളുണ്ടായിരുന്നു. ഇവിടെ ലത്തീൻറീത്തു സ്വീകരിച്ച മാർത്തോമ്മാ ക്രിസ്ത്യാനികളുടെ സന്താനങ്ങളാണു പഠിച്ചിരുന്നതു്. 1599-ൽ ഡോ. അലക്സു് മെനേസിസ് മെത്രാപ്പോലീത്ത കൊച്ചിയിൽ വന്നപ്പോൾ കോളജിലെ വിദ്യാർത്ഥികളും മലിയററി യൂണിഫോം ധരിച്ചുകൊണ്ടാണു് സ്വീകരണം നൽകിയതു്. 1600-ൽ ജസ്വീറ്റ് സുപ്പീരിയർ ജനറൽ ഫാ. നിക്കളാവുസ് പിമെൻറ കൊച്ചി സന്ദർശിച്ചപ്പോൾ സെൻറ് പോൾസ് കോളജിലെ വിദ്യാർത്ഥികളും ഒരു നാടകം അഭിനയിച്ചു. നടന്മാരുടെ മാതാപിതാക്കന്മാർ സമ്മാനമായി നൽകിയ വിലയേറിയ പട്ടുവസ്ത്രങ്ങളും മുത്തുകളും മറ്റു രത്നങ്ങളും കൊണ്ടുണ്ടാക്കിയ ഉടുപ്പുകളാണു് അഭിനേതാക്കളും ധരിച്ചിരുന്നതു്. ഉദയംപേരൂർ സൂനഹദോസു് നടന്ന 8 ദിവസങ്ങളിലും സെൻറ് പോൾസ് കോളജിലെ വിദ്യാർത്ഥികളും നാടകം അഭിനയിച്ചു.

സെമിനാരികൾ, ഗുരുകുലങ്ങൾ

1561-ൽ മേന്ദമംഗലത്തു് ആരംഭിച്ച വൈപ്പിക്കോട്ട സെമിനാരി യൂറോപ്പിലെ ഏതു് സെമിനാരിയോടും കിടപിടിക്കുന്നതായിരുന്നു. ഇവിടെ 12 പണ്ഡിതരായ പ്രൊഫസർമാരും 45 വൈദിക വിദ്യാർത്ഥികളും 18 ശമ്മാശൻമാരും അദ്ധ്യയനം നടത്തിയിരുന്നു. ഈ സ്ഥാപനങ്ങൾക്കു പുറമെ ഗോവയിൽ സെൻറ് പോൾസ് കോളജ്, സാൽസെറ്റയിൽ- സെൻറ് പീറ്റേഴ്സ് കോളജ്, ബസെയിനിൽ സെൻറ് പീറ്റേഴ്സ് കോളജ്, ചാവുളിൽ സെൻറ് പീറ്റർ ആൻറ് പോൾ കോളജ്, ടികോയിൽ ആയിരം കന്യകകളുടെ കോളജ് എന്നിവ ജസ്വീറ്റ് സഭക്കാരുടെ മേൽനോട്ടത്തിൽ നടത്തിയിരുന്നു. 1850-ൽ വനിതകൾക്കായി ഫോർട്ടുകൊച്ചിയിൽ ഒരു വിദ്യാലയം സ്ഥാപിക്കപ്പെട്ടു. മേന്ദമംഗലത്തു് സാന്താക്രൂസ് കോളജ്, കൊല്ലത്തു് ഒരു കോള

malankaralibrary.com

ങ്ങൾ മതബോധനാദ്ധ്യാപകർക്കായുള്ള വിദ്യാഭവനം, മൈലാപ്പൂരിൽ സാൻതോം കോളജ്, തൃത്തുക്കുടിയിൽ കോളജ് ഓഫ് ട്യൂട്ടിക്കോറിൻ, കൊടുങ്ങല്ലൂരിൽ സെൻറ് ജയിംസ് കോളജ് എന്നീ സ്ഥാപനങ്ങളും പോർട്ടുഗീസു മിഷനറിമാരുടെ സംഭാവനകളാണ്. വിദ്യാഭ്യാസരംഗത്തു് പോർട്ടുഗീസുകാർ ചെയ്ത മഹത്തായ സേവനങ്ങളെപ്പറ്റി ഡോ. എ. പി. ഇബ്രാഹിം കുഞ്ഞു്: 'വിദ്യാഭ്യാസ സാംസ്ക്കാരിക മണ്ഡലങ്ങളിൽ ലാറ്റിൻ, പോർട്ടുഗീസ് ഭാഷകളും, യൂറോപ്യൻ വിജ്ഞാനവും കോളജുകളിൽ പ്രചരിപ്പിച്ചു. ബാർബോസ, കൊറയ തുടങ്ങി പോർട്ടുഗീസു ഗ്രന്ഥകാരന്മാർ കേരളചരിത്രത്തെക്കുറിച്ചും ജനങ്ങളെക്കുറിച്ചും നൽകുന്ന വിവരങ്ങൾ വിലപ്പെട്ടതാണു്. ഇക്കാലത്തെ കേരളചരിത്രത്തിന്റെ മൂലപ്രമാണങ്ങളാണവ.[6]

വിദ്യാഭ്യാസം സാർവത്രികമാക്കി

മിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ കേരള സമൂഹത്തിലെ സമസ്തമേഖലകളെയും സമാശ്ലേഷിച്ചിരുന്നു. സാംസ്കാരിക വിപ്ലവത്തിന്റെ നാന്ദി കുറിച്ചുകൊണ്ടു് അന്നുവരെ നിലനിന്നിരുന്ന വർഗവിവേചനാധിഷ്ഠിതമായ ഫ്യൂഡൽ വിദ്യാഭ്യാസരീതി ഉന്മൂലനം ചെയ്യാൻ തൽസ്ഥാനത്തു സാർവത്രിക വിദ്യാഭ്യാസത്തിന്റെ സുവർണ ഗോപുരം പടുത്തുയർത്തിയ മഹാശിൽപികളാണു മിഷനറിമാർ. പാശ്ചാത്യ സംസ്കാരത്തിന്റെ നൂതന ചക്രവാളങ്ങൾ വിടർത്തിക്കാട്ടിയതും പോർട്ടുഗീസുകാർതന്നെ.

നമ്പൂതിരിമാർ ഉൾപ്പെടെ ഉൽകൃഷ്ടരായ സാമാന്യജനത്തിനു വിദ്യാഭ്യാസം വിലക്കപ്പെട്ടിരുന്നു. ചാതുർവർണ്യത്തിന്റെ ചാതുര്യവും ചാരുതയും ഇണങ്ങിച്ചേർന്നു് ഉൽവേമെടുത്ത വികലവിദ്യാഭ്യാസസമ്പ്രദായത്തിന്റെ ഊടും പാവും ഉടച്ചുവാർക്കുവാൻ മിഷനറിമാർ തീർച്ചയാക്കി. വിദ്യാഭ്യാസ രംഗത്തു വിപ്ലവം സൃഷ്ടിച്ചു. ക്രൈസ്തവ ധർമ്മാചരണ ഉദ്ദേശത്തോടെയാണു് അവർ സാർവത്രിക വിദ്യാഭ്യാസം ഏർപ്പെടുത്തിയതു്. സവർണരോടൊപ്പം അവർണർക്കും മിഷനറിമാർ ക്രൈസ്തവ വിദ്യാലയങ്ങളിൽ പ്രവേശനം നൽകി. പ്രാഥമിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനു് മിഷനറിമാർ സൗജന്യമായി പുസ്തകങ്ങളും വിതരണം ചെയ്തു. ഭക്ഷണത്തിനു് അരിയും മറ്റും നൽകി. അൽഫോൺസൊ അൽബുക്കർക്ക് ഇന്ത്യയിലെ പോർട്ടുഗീസു ഗവർണരായിരുന്നയവസരത്തിലാണു് സൗജന്യ വിദ്യാഭ്യാസം നടപ്പിലാക്കിയതു്[6]. പോർട്ടുഗീസുകാരുടെ അധിവാസ സ്ഥലങ്ങളിൽ ഉയർന്നുവന്ന ദേവാലയങ്ങളോടു് അനുബന്ധിച്ചു പ്രാഥമിക വിദ്യാലയങ്ങളും സ്ഥാപിച്ചു. 1542-ൽ സ്ഥാപിക്കപ്പെട്ട പ്രാഥമിക വിദ്യാലയങ്ങൾ ജസ്വീറ്റ് വൈദികർ ഏറ്റെടുത്തു

6. K. J. John: Christian Heritage of Kerala. pp. 352-362.

malankaralibrary.com

ഹൈസ്കൂളുകളായി ഉയർത്തി. ഇതു് ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള ആദ്യത്തെ കാൽവെപ്പായി കണക്കാക്കണം [7]- ഗോവയിൽ സെൻറ് പോൾസ് കോളജ്,സാൽസെറ്റിൽ കോളജ് ഓഫ് ഹോളിഗോസ്റ്റ്, ബസെയിൽ സെൻറ് പീറേഴ്സ് കോളജ്,ദാമനിൽ മാതെദേവൂസ് കോളജ്, ദിയുവിൽ കന്യകകളുടെ കോളജ്, ചാവൂളിൽ സെൻറ് പീറ്റർ ആൻറ് പോൾ കോളജ് ഇവയെല്ലാം ഈശോസഭോമിഷനറിമാരുടെ സംഭാവനകളാണു് [8].

മുദ്രണാലയങ്ങളും പുസ്തകപ്രസാധനവും

ജോൺ ഗുട്ടൻബർഗ് അച്ചടിയന്ത്രം കണ്ടുപിടിച്ചു നൂറുവർഷം കഴിഞ്ഞപ്പോഴേക്കും 1556-ൽ ഇന്ത്യയിൽ ആദ്യത്തെ അച്ചടിയന്ത്രം സ്ഥാപിതമായി. പോർട്ടുഗീസ് രാജാവ് ജൊവാവൊയുത്തീയൻ ലിസ്ബണിൽ നിന്നു അബിസീനിയയിലേക്കു അച്ചടിയന്ത്രം കപ്പലിൽ കയറ്റി അയച്ചു. കാറ്റിനാൽ കപ്പലിൻറെ ഗതി മറ്റൊരു സ്ഥലത്തേക്കായി. യാദൃശ്ചികമായി കപ്പൽ ഗോവയിൽ വന്നുചേർന്നു. ഇങ്ങനെ അച്ചടിയന്ത്രം ഗോവയിൽ സ്ഥാപിക്കപ്പെട്ടു. റഷ്യയിലും, അമേരിക്കയിലും അച്ചടിശാലകൾ സ്ഥാപിക്കപ്പെട്ടതിനു മുമ്പുതന്നെ ഇന്ത്യയിൽ അച്ചടിയന്ത്രം സ്ഥാപിതമായി. വി. ഫ്രാൻസിസ് സേവ്യർ രചിച്ച ദൊ കൃത്രീന ക്രെസ്തൗവൊ എന്ന പുസ്തകം 1556-ൽ ഗോവയിൽ നിന്നു പ്രസിദ്ധീകൃതമായി. ഇന്ത്യയിൽനിന്നു ഇദംപ്രഥമമായി പ്രസിദ്ധീകൃതമായ ഗ്രന്ഥം [9].

വിജ്ഞാനവ്യാപനയത്നങ്ങൾ

വിജ്ഞാന പോഷണത്തിൽ അതീവ തല്പരരായിരുന്ന പോർട്ടുഗീസുകാർ ഇന്ത്യയിൽ പലസ്ഥലങ്ങളിലും മുദ്രണാലയങ്ങൾ സ്ഥാപിച്ചു. കേരളത്തിൽ പ്രസാധനശാല സ്ഥാപിച്ചു. ഈശോസഭക്കാരാണു് കൊച്ചിനഗരത്തിൽ പ്രിൻറിംഗ് പ്രസ്സു് ആരംഭിച്ചതു്. 1577-ൽ മലയാളഭാഷയിൽ ആദ്യമായി ഒരു പുസ്തകം കൊച്ചിയിൽ പ്രസിദ്ധീകരിച്ചു. ബ്രദർ ജോൺ ഗോൺസാൽവസ് എസ്. ജെ. യാണു് ഇതിനു് ആവശ്യമായ ടൈപ്പുകൾ തയ്യാറാക്കിയതു്. കുട്ടികളെ ഉദ്ദേശിച്ചു് വി. ഫ്രാൻസിസ് സേവ്യർ രചിച്ച ക്രിസ്തുമതതത്ത്വങ്ങളുടെ ബാലപാഠങ്ങൾ ആയിരുന്നു ഈ പ്രഥമ മലയാള ഗ്രന്ഥത്തിൻറെ ഉള്ളടക്കം. ഇന്ത്യയിലെ വിദ്യാഭ്യാസസമ്പ്രദായത്തെക്കുറിച്ചു് ഡോ. നരേന്ദ്രനാഥ് എഴുതിയ വിശ്രുത ഗ്രന്ഥത്തിൽ ഗോവയിലെ മുദ്രണാലയത്തിനു

---

7. പ്രൊഫ. ജോൺ ഓച്ചൻതുരുത്തു്: മാതൃഭൂമി ആഴ്ചപ്പതിപ്പു് 1980 ജനുവരി പേജു് 10.
8. കേരളചരിത്രം: പോർട്ടുഗീസുകാർ കേരളത്തിൽ ഒന്നാം വാല്യം.
9. Fr. George Veliparambil:Early Printing Press in Kerala-Christian Heritage of Kerala. p. 16.

malankaralibrary.com

പുറമെ അമ്പഴക്കാട്ടെ മുദ്രണാലയത്തിൽ തമിഴ് കൃതികൾ അച്ചടിച്ചിരുന്നതായി പറയുന്നു. അച്ചടിപ്രസ്സുകൾ കൊല്ലത്തും, വൈപ്പിൻ കോട്ടയിലും, കൊടുങ്ങല്ലൂരും പോർട്ടുഗീസുകാർ സ്ഥാപിച്ചു. പോർട്ടുഗീസുകാരെപ്പറ്റി എന്തൊക്കെ ആക്ഷേപമുണ്ടായാലും ചരിത്രകാരനായ കെ. പി. പത്മനാഭമേനോൻ പ്രസ്താവിച്ചതുപോലെ അച്ചടിരംഗത്തു അവർ നൽകിയ സംഭാവന എന്നും അവിസ്മരണീയം.

ആസ്പത്രികൾ, ആതുരാലയങ്ങൾ

കൊച്ചിയിൽ 1503-ൽ കോട്ടനിർമ്മാണം ആരംഭിച്ചപ്പോൾ ഒരാസ്പത്രിക്കുടി ആരംഭിച്ചു. ഇന്ത്യയിൽ പാശ്ചാത്യരീതിയിലുള്ള ആദ്യത്തെ ആസ്പത്രി. ഗോവ, കൊല്ലം, മൈലാപ്പൂർ, ചേന്ദമംഗലം പ്രദേശങ്ങളിൽ ചികിത്സാ കേന്ദ്രങ്ങളും സ്ഥാപിച്ചു. ഈ സൗജന്യ ചികിത്സാലയങ്ങൾ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായി. പോർട്ടുഗീസുകാർ ഭരണം നടത്തിയ പ്രദേശങ്ങളിൽ ആതുരാലയങ്ങൾ, ദൂരിതാശ്വാസകേന്ദ്രങ്ങൾ (മിസരി കോർദിയ), അനാഥശാലകൾ എന്നിവ ഏർപ്പെടുത്തി. കുഷ്ഠരോഗികളെ ചികിത്സിക്കാൻ "ലാസറസ്" എന്ന പേരിൽ കൊച്ചിയിലും പള്ളിപ്പുറത്തും കുഷ്ഠരോഗാസ്പത്രി സ്ഥാപിച്ചു. പള്ളിപ്പുറത്തെ കുഷ്ഠരോഗാസ്പത്രി സ്ഥാപിച്ചിരുന്ന സ്ഥലത്താണ് ഇപ്പോൾ "ലിറ്റിൽ ഫ്ളവർ കോൺവെന്റ് സ്കൂൾ".

പോർട്ടുഗീസുകാർ കൊച്ചിയിൽ പത്തു കപ്പൽ നിർമ്മാണശാലകൾ സ്ഥാപിച്ചു. അവിടെ നാട്ടുകാർക്ക് ജോലി നൽകി. 1509-ലെ നാവികയുദ്ധത്തിൽ മലബാർ യോദ്ധാക്കൾ ആയുധധാരികളായി പോർട്ടുഗീസ് സേനകളിൽ സേവനമനുഷ്ഠിച്ചു. ഓർമസിലും ചെങ്കടലിലും നടന്ന യുദ്ധത്തിൽ 500 മലബാർ യോദ്ധാക്കളുടെ സേവനം ലഭിച്ചു.

ഗോഥിക്, ബൈസന്റയിൻ ശൈലികൾ

യൂറോപ്യൻ കലാസാംസ്കാരിക രംഗങ്ങളിൽ 15, 16 ശതകങ്ങളിലുണ്ടായ അത്ഭുതകരമായ ഉത്തേജനത്തിന്റെ പശ്ചാത്തലത്തിലാണ് പായ്ക്കപ്പലുകളിൽ ധീരനാവികനായ വാസ്കോഡിഗാമയും സഹപ്രവർത്തകരും മിഷനറിമാരും കേരളക്കരയിൽ എത്തുന്നത്. തുടർന്നു യൂറോപ്യൻ നവോത്ഥാന ചൈതന്യത്തിന്റെ അലകും ഒന്നൊന്നായി കേരളത്തിൽ പ്രവേശിക്കുന്ന ഹൃദയഹാരിയായ കാഴ്ചയാണ് നാം കാണുന്നത്. യവന-റോമാ വാസ്തുശില്പം അനുകരിച്ച കേരളത്തിലെ ക്രൈസ്തവ ദേവാലയങ്ങൾ പോർട്ടുഗീസുകാർ പണിതു തുടങ്ങി. ശില്പകലാസുന്ദരമായ ഗോത്തിക്ക് മാതൃകയിൽ വളച്ചുവാതിലുകളോടുകൂടി കൽത്തീഡലുകളും ബൈസന്റയിൻ ശില്പരീതിയിൽ ഡോമുകളോടുകൂടിയ ബസ്സിലിക്കകളും കപ്പേളകളും ധാരാളമായി കേരളത്തിൽ ഉയർന്നു. വാസ്തുവിദ്യയിൽ ബംഗ്ലാവ് മാതൃകയി

malankaralibrary.com

ല്ലുള്ള വേനങ്ങളും പോർട്ടുഗീസുകാരുടെ സംഭാവനയാണു്. അവരുടെ വ്യാപാരപ്രവർത്തനംനിമിത്തം പുറക്കാട്ടു്, കൊച്ചി, കണ്ണൂർ നഗരങ്ങളും ഉയർന്നുവന്നു.

മണവാട്ടിയൊരുക്കം, പലഹാരങ്ങൾ

മണവാട്ടിയെ ചേതോഹരമാക്കി അണിയിച്ചൊരുക്കുന്ന രീതി പോർട്ടുഗീസുകാരാണു് നടപ്പിലാക്കിയതു്. മൂന്നുപേർ മുമ്പാകെ ഒരു പൂടവ കൊടുത്താൽ മലയാളിയുടെ വിവാഹം പൂർത്തിയായി. ഇതായിരുന്നില്ല പോർട്ടുഗീസുകാരുടെ രീതി. വിവാഹസദ്യയിൽ ഉപയോഗിക്കുന്ന പലതരം പലഹാരങ്ങളും, കറികളും, വിഭവങ്ങളും ഇന്നും കൊച്ചിയിലും തങ്കശേരിയിലും പ്രചാരത്തിലുണ്ടു്. കേക്കു്, ബോംബൊട്ടി, ബ്രൂദേർ ബിസ്ക്കറ്റു്, കടലറ്റു്, സ്റ്റ്യൂ എന്നീ വിശിഷ്ടവിഭവങ്ങളും പോർട്ടുഗീസുകാരുടേതാണു്. താത്തി, ആൻറി, മാമി, കുഞ്ഞാത (നാത്തൂൻ), നെറെറാ, മോളി-നോറ (മരുമകൾ), ഫിയസ്ത (ഉത്സവം), കവാത്തു് നവാലി (ക്ഷൗരക്കത്തി), റാന്തൽ (ചിമ്മിണിവിളക്കു്), വില്ലീസു് (വെൽവറ്റു്), തമ്പാക്കു (പുകയില), കട്ടാശക്കളി (ചീട്ടുകളി), തമ്പോർ, മേൺസിഞ്ഞോർ, മെലിഞ്ഞി, വെന്തീഞ്ഞ, കാറ്റ്, പാതിരി-സഞ്ഞോൺ ദിനം, ബൗത്തീസു്, പതരീണ (തലതൊട്ടപ്പൻ) മതരീണ (തലതൊട്ടമ്മ), ദോം (ബഹുമതി) എന്നീ പദങ്ങളും പോർട്ടുഗീസുകാർ ഇറക്കുമതി ചെയ്തതാണു്[10].

കാർഷികരംഗത്തു് വൈവിധ്യം

കൃഷിയിൽ അത്ഭുതകരമായ വികസനമാണു് കേരളത്തിലുണ്ടായതു്. കുരുമുളകു്, ഇഞ്ചി, ഏലക്ക തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങളുടെയും മറ്റു വാണിജ്യ വിളകളുടെയും കൃഷിയിൽ കേരളീയർ കൂടുതൽ താല്പര്യം പ്രദർശിപ്പിച്ചു തുടങ്ങി. പുകയില, ആപ്പിൾ, കൈതച്ചക്ക, പറ്റ്പായ എന്നിവ പോർട്ടുഗീസുകാർ പ്രചരിപ്പിച്ച പുതിയ കാർഷിക വിളകളാണു്. 16-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കശുമാവു് കേരളത്തിൽ പ്രചാരത്തിലായി. ഇതേപ്പറ്റി മനോരമയുടെ "The Week" എന്ന ഇംഗ്ലീഷു് വാരികയിൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ സംഗ്രഹം: വിത്തു് അഥവാ അണ്ടി, പഴത്തിനു പുറമെ കാണുന്ന ഒരേ ഒരു ഫലം ഇതു മാത്രമാണു്. ബ്രസ്സീലിൽനിന്നാണു് പോർട്ടുഗീസുകാർ കശുവണ്ടി കേരളത്തിൽ കൊണ്ടുവന്നതു്. 400 വർഷങ്ങൾക്കുശേഷം മാത്രമാണു് ഇതിന്റെ പരിപ്പിൽ അടങ്ങിയിരിക്കുന്ന പോഷകാംശത്തെപ്പറ്റി അമേരിക്കയിലെ ശാസ്ത്രജ്ഞൻമാർ ബോധവാന്മാരായതു്. ഇന്നു് കേരളത്തിൽ കൊല്ലം കേന്ദ്രമായുള്ള പ്രദേശത്തു് മാത്രം അരഡസനോളം "കശുവണ്ടി കോടീശ്വരൻമാർ"

---

10. കെ. എം. വർഗീസു് ചിത്രമെഴുത്തു്: മലയാളമനോരമ 1962.

malankaralibrary.com

ഉണ്ടെന്നു! അവരെ കാഷ്യൂബാറൻസ് എന്നാണു വിളിക്കുക. കേരളത്തിനു പുറത്തു തമിഴ്നാട്ടിലും, കർണാടകത്തിലും ഗോവയിലും കശുമാവ് പ്രചരിച്ചിട്ടുണ്ട്. അനേകലക്ഷം തൊഴിലാളികളാണ് കശുവണ്ടി ഫാക്ടറികളിൽ ഇന്നു ജോലി ചെയ്യുന്നതു്. ചുരുക്കം പേർ മാത്രമേ ഈ വിള കേരളത്തിൽ കൊണ്ടുവന്ന പോർട്ടുഗീസുകാരെ സ്മരിക്കുന്നുള്ളൂ.

പഴവർഗങ്ങൾ, നാണ്യവിളകൾ

പേർത്തുച്ചക്ക, കൈതച്ചക്ക, അണ്ണാറച്ചക്ക, പൈൻ ആപ്പിൾ എന്നെല്ലാം പറയുന്ന ചക്ക പോർട്ടുഗീസുകാരാണു് കേരളത്തിൽ കൊണ്ടുവന്നതു്. പോർട്ടുഗീസ് ഭാഷയിൽ ഇതിനെ "അണാനസ്" എന്നു പറയുന്നു. ഇതു പോർട്ടുഗീസുകാർ കൊണ്ടുവന്നതിനാൽ നാം അതിനെ "പൊർത്തുച്ചക്ക" എന്നാണു പറയുക. കപ്പൽകിഴങ്ങ്, കപ്പലണ്ടി, കപ്പൽ മുളകു്, കടച്ചക്ക (കടൽച്ചക്ക) ഇവയെല്ലാം കേരളവിഭവങ്ങളായതു് പോർട്ടുഗീസുകാർമൂലമാണു്. പോർട്ടുഗലിൽനിന്നു യാത്രയാകുന്ന കപ്പലുകളിൽ ചിലതെല്ലാം ബ്രസീലിൽ അടുത്തിരുന്നതുകൊണ്ടു അവിടെനിന്നു നല്ലതരം കാപ്പിവിത്തുകളും കേരളത്തിൽ പോർട്ടുഗീസുകാർ കൊണ്ടുവന്നു. ബ്രസീലിൽ മാത്രം കണ്ടിരുന്ന റബർ മരം കേരളത്തിലും വ്യാപിപ്പിച്ചതു പോർട്ടുഗീസുകാരാണു്. ഫലവൃക്ഷങ്ങളും കൂടാതെ മേശ, കസേര, ബഞ്ച്, സ്റ്റൂൾ, അലമാര, വസ്ത്രം, പീലാസ്, കോപ്പ എന്നിങ്ങനെ ഇക്കാലത്തു് അപരിത്യാജ്യമായിരിക്കുന്ന ഗൃഹോപകരണങ്ങളും കോട്ട്, കമ്മീസ്, കളസം, കൈലേസ് തുടങ്ങിയ പാശ്ചാത്യ രീതിയിലുള്ള വസ്ത്രങ്ങളും കേരളത്തിൽ പോർട്ടുഗീസുകാരാണു് പ്രചരിപ്പിച്ചതു്.

ബ്രസീൽബന്ധം

പോർട്ടുഗീസുനാവികർ ഇന്ത്യയിലേക്കുള്ള യാത്രാമധ്യേ ബ്രസീലിൽ ഇറങ്ങി അവിടെ അപൂർവ്വമായി കണ്ടെത്തിയ ചെടികളും വിത്തുകളും ശേഖരിച്ചു കൊച്ചിയിൽ കൊണ്ടുവന്നു നട്ടുവളർത്തി. ഇവിടെനിന്നു കാലക്രമേണ കേരളത്തിലെങ്ങും പിന്നീടു് ഇന്ത്യയിലെ മറ്റു പ്രവിശ്യകളിലും വ്യാപിച്ചു. കശുവണ്ടി, കാപ്പി, റബ്ബർ, പുകയില, തുടങ്ങിയവയുടെ കയറ്റുമതിയിൽനിന്നു കോടിക്കണക്കിനു ഡോളറും പവനും ഇന്നും കിട്ടിക്കൊണ്ടിരിക്കുന്നു. സ്പെയിനിൽനിന്നു ലഭിച്ച സ്വർണം ഉരുകി ചെലവായി. പക്ഷേ ഇന്ത്യയ്ക്കു ഇന്നും കിട്ടിക്കൊണ്ടിരിക്കുന്ന സ്വർണത്തെപ്പറ്റിയും അതിനു കാരണക്കാരായ പോർട്ടുഗീസ് നാവികരുടെ സേവനങ്ങളെപ്പറ്റിയും ആരും ചിന്തിക്കാറില്ല. പ്രത്യേകിച്ചു ഇന്ത്യയിലെ പുകയില പ്രദേശം, കശുവണ്ടിക്കേസരികം, കാപ്പിക്കോടീശ്വരന്മാർ, റബ്ബർത്തോട്ടയുടമകം. കപ്പൽവഴി കേരളത്തിലിറക്കിയ കപ്പലണ്ടി, കപ്പക്കിഴങ്ങ്, കപ്പൽ മുളകു്, കപ്പത്തോങ്ങ എന്നിവ കൃഷിചെയ്യുന്നവരും ലക്ഷപ്രഭുക്കളായിത്തീർന്നിട്ടുണ്ട്.

malankaralibrary.com

ചില വിഭവങ്ങൾക്ക് പോർട്ടുഗീസ് നാമങ്ങളാണ്– ളോവിക്ക എന്ന പുവന്നപഴം, കമ്പോമ്മസ്, നാരങ്ങ,

കലാരംഗപോഷണം

നമ്മുടെ കലാസമ്പത്തിനു പോർട്ടുഗീസുകാരിൽനിന്നു നല്ല സംഭാവനകളും ലഭിച്ചിട്ടുണ്ട്. ''ജനോവ നാടകം, യാക്കോബ നാടകം'' എന്നിവ നമുക്കു ലഭിച്ചതു പോർട്ടുഗീസുകാരിൽനിന്നാണ്. ''ചവിട്ടു നാടകം'' നമ്മുടെ കലാസമ്പത്തിനുള്ള മറെറാരു മികച്ച സംഭാവന. കൊച്ചി നിവാസികളായ ചില ക്രൈസ്തവർ പോർട്ടുഗീസ് ഭാഷയിൽനിന്നുള്ള കാരൽമാൻ ചക്രവർത്തിയുടെ വീരചരിതത്തെ അവലംബിച്ചാണ് ഈ നാടകങ്ങളും മിക്കവാറും രചിക്കപ്പെട്ടിട്ടുള്ളതു്. പരിചമുട്ടുകളി, നോമ്പുകാലത്തെ ദേവാസുവിളി മുതലായവയും പോർട്ടുഗീസുകാരിൽനിന്നാണ് ലഭിച്ചിട്ടുള്ളതു്. ഭൂമിശാസ്ത്രപരമായി പല കാര്യങ്ങളും പോർട്ടുഗീസുകാരിൽനിന്നും കിട്ടിയിട്ടുണ്ട്. ഭൂപടം വരയ്ക്കാനും ചാർട്ട് ഉണ്ടാക്കുവാനും ഭൂമിശാസ്ത്രപരമായ സർവ്വേ നടത്താനും മറ്റും കേരളീയർ പഠിച്ചതു് പോർട്ടുഗീസുകാരിൽനിന്നാണ്.

വേഷവും ആയുധവും

നമ്മുടെ വൈദികരുടെ റോമൻരീതിയിലുള്ള വസ്ത്രധാരണം പോർട്ടുഗീസുകാരുടെ സംഭാവനയാണ്. കപ്യാർ, ചെമ്മദോർ, പ്രസുദേന്തി, ദെസ്ദേർ, ഇസ്ക്രമാൻ, പ്രൊക്കദോർ, കൊമ്പ്രര്യ എന്നീ കത്തോലിക്ക ദേവാലയം സംബന്ധിച്ച ഉദ്യോഗങ്ങളും സ്ഥാനങ്ങളും പോർട്ടുഗീസുകാരിൽനിന്നു ലഭിച്ചവയാണ്[11] അമ്പും വില്ലും, വാളും പരിചയും മറ്റും ഉപയോഗിച്ചു യുദ്ധം ചെയ്തിരുന്ന ഇന്ത്യൻ സേനയ്ക്ക് ആദ്യമായി വെടിമരുന്നും, പീരങ്കിയും കൊണ്ടുവന്നതു് പോർട്ടുഗീസുകാരാണ്. കൊച്ചി അഴിമുഖത്തു് നടന്ന നാവികയുദ്ധത്തിൽ (1503) സാമൂതിരിയുടെ വമ്പിച്ച നാവികപ്പടയെ തകർത്തതു കൊച്ചിയിൽ ഒന്നരണ്ട് കൊല്ലത്തിനുള്ളിൽ നിർമ്മിച്ച പീരങ്കിയും, വെടിമരുന്നും ഉപയോഗിച്ചാണ്. പിന്നീടു് തുടർച്ചയായി 160 സംവത്സരം വരെ പീരങ്കിനിർമ്മാണ ഫാക്ടറിയും വെടിമരുന്നു ശാലയും കൊച്ചിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. യുദ്ധസംബന്ധമായ അച്ചടക്കം, ആയുധനിർമ്മാണം, ആയോധനമുറകൾ എന്നിങ്ങനെ പലതും കേരള രാജാക്കന്മാർ പോർട്ടുഗീസുകാരിൽനിന്നാണ് പഠിച്ചതു്.

അടിമത്തം നിർത്തലാക്കി

പോർട്ടുഗീസുകാർ ചെയ്ത മറെറാരു മഹത്തായ കാര്യമാണ് അടിമത്തം എന്ന ഒരാചാരം നിറുത്തലാക്കിയതു്. സതി എന്ന ദുഷിച്ച ആ

---

11. എൻ. ജെ ജോസഫ്: ദീപാർച്ചന–ഉദ്ധൃതഗ്രന്ഥം. പേജ് 196.

malankaralibrary.com

ചാവും 1567-ൽ ആന്റണി നൊറോഞ്ഞ എന്ന ഗോവാ വൈസ്രോയി നിരോധിച്ചു. ബ്രിട്ടീഷുകാർ ഏകദേശം മൂന്നു നൂറാണ്ടുകൾക്കു ശേഷമാണു ''സതി'' ഇന്ത്യയിൽ നിരോധിച്ചതു്. അന്ധവിശ്വാസങ്ങളും അജ്ഞതയും ക്രൈസ്തവരുടെ ഇടയിൽ പരന്നിട്ടുണ്ടായിരുന്നു. കേരള ക്രൈസ്തവരെ പ്രബുദ്ധരാക്കാനും അന്യസമുദായത്തിൽ നിലവിലിരുന്ന ഹൈന്ദവ ദുരാചാരങ്ങളെ ഉച്ചാടനം ചെയ്യാനും മിഷനറിമാർ മുന്നോട്ടു വന്നു. പ്രാചീനകാലം മുതൽക്കെ ക്രൈസ്തവർ തീണ്ടൽ,തൊടീൽ, ശുദ്ധീകരണത്തിനായുള്ള മുങ്ങിക്കുളി എന്നിങ്ങനെയുള്ള സവർണാചാരങ്ങളും പാലിച്ചിരുന്നു. ഹിന്ദുക്കളെപ്പോലെ അവർ ഗണപതി പൂജയും സരസ്വതി പൂജയും നടത്തി. ക്ഷേത്രങ്ങളിൽ ദേവബലി കഴിച്ചു. ഉത്സവങ്ങളിൽ പങ്കെടുത്തു [12].

ദുരാചാരങ്ങൾ അകറ്റി

പുരാതന കേരളീയ സമൂഹത്തിൽ നിലവിലിരുന്ന തീണ്ടൽ,തൊടീൽ തുടങ്ങിയ ആചാരങ്ങളുടെ നിരർത്ഥകത തുറന്നു കാട്ടുക മിഷനറിമാരുടെ പ്രവർത്തനങ്ങളുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നായിരുന്നു.പൊതു വീഥികളിൽകൂടി അവർണക്കും മതപരിവർത്തനംചെയ്ത അധ:കൃതർക്കും സ്വതന്ത്രമായി സഞ്ചരിക്കാൻ അക്കാലഘട്ടത്തിൽ അവകാശമുണ്ടായിരുന്നില്ല. ക്രൂരവും പ്രാകൃതവുമായ ഈ ഏർപ്പാടിനെ മിഷനറിമാർ പ്രസംഗിച്ചും ലേഖനങ്ങൾ പ്രസിദ്ധീകരിച്ചും എതിർത്തുപോന്നു. ദൈവദൃഷ്ടിയിൽ എല്ലാ മനുഷ്യരും സമന്മാരാണെന്നും അവർ സമർത്ഥിച്ചു. വിദ്യാഭ്യാസ രംഗത്തും അവർ ഈ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനു് ശ്രമിച്ചുകൊണ്ടിരുന്നു. മിഷനറിമാർ സ്ഥാപിച്ച വിദ്യാലയങ്ങളിൽ സവർണാവർണഭേദം കൂടാതെ സകലർക്കും പ്രവേശനം നൽകി. തീണ്ടലിന്റെ നീരാളിപ്പിടുത്തത്തിൽനിന്നു് കേരള സമൂഹത്തെ വിമുക്തമാക്കി.

സ്ത്രീമഹത്വം ഉയർത്തിപ്പിടിച്ചു

സ്ത്രീത്വത്തിന്റെ പരമോന്നതമാതൃക സമ്മാനിച്ചുകൊണ്ടു് ബഹുഭർത്തൃത്വത്തെയും സതിയെയും മിഷനറിമാർ എതിർത്തു. സ്ത്രീത്വത്തിന്റെ മഹത്വത്തിനു തീരാകളങ്കമായിരുന്ന ചില ദുരാചാരങ്ങളെ ഉച്ചാടനം ചെയ്യുവാൻ അവർ ബദ്ധശ്രദ്ധരായി. സ്ത്രീകൾ മാറു മറച്ചു നടക്കേണ്ടതു് അവരുടെ നൈസർഗിക ലാവണ്യത്തിനും സദാചാരത്തിനും അത്യാവശ്യമാണെന്നു ശക്തമായ ശൈലിയിൽ മിഷനറിമാർ ഉദ്ബോധിപ്പിച്ചു. സൻമാർഗശാസ്ത്രത്തിലധിഷ്ഠിതമായ ഈ പരിഷ്കൃതാചാരങ്ങൾക്കു തിരുവിതാംകൂർ ഗവൺമെന്റിൽനിന്നു അംഗീകാരം ലഭിച്ചു.

---

12. കെ. എം. വർഗീസ്, ചിത്രമെഴുത്തു്: മലയാള മനോരമ 1963.

malankaralibrary.com

കൊച്ചി നഷ്ടപ്പെട്ടപ്പോൾ ബ്രസീൽ

മതപ്രചരണാർത്ഥം അനേകായിരം പോർട്ടുഗീസുകാർ ജീവത്യാഗം ചെയ്തിട്ടുണ്ടെന്നു വസ്തുത ഒരിക്കലും വിസ്മരിക്കാവുന്നതല്ല. പോർട്ടുഗീസുകാരെ 1662-ൽ കൊച്ചിയിൽനിന്നു ഓടിച്ച ഡച്ചുകാർ വിദ്യാലയങ്ങളും സ്ഥാപിക്കുന്നതിനോ അച്ചടിശാലകളും നിർമ്മിക്കുന്നതിനോ ഒരു ചെറുവിരൽപോലും അനക്കിയില്ല. പോർട്ടുഗീസുകാർക്കു കൊച്ചി, കൊല്ലം, എന്നീ സ്ഥലങ്ങളും കൈവെടിയേണ്ടിവന്ന സമയത്തു ഇന്ത്യയുടെ മൂന്നിരട്ടി വലിപ്പമുള്ള ബ്രസീൽ അധീനമായി. ആഫ്രിക്കയിലും വിസ്തീർണമേറിയ കോളനികളും ലഭിച്ചു. ഇന്ത്യയിൽ പോർട്ടുഗീസുകാർ ചെയ്ത ത്യാഗസേവനത്തിന്റെ പ്രതിഫലമായി ഇവർക്കു ലഭിച്ച വിലയേറിയ ഈ നേട്ടങ്ങളെ പരിഗണിക്കാം.

കേരളതീരത്തെ ചാലകശക്തി

കേരളത്തിന്റെ ഇന്നത്തെ സാംസ്കാരികവും സാമൂഹികവുമായ ഉന്നമനത്തിനു ചാലകശക്തിയായതു പോർട്ടുഗീസ് ബന്ധമാണു്. കേരളത്തിന്റെ വൈജ്ഞാനിക നവോത്ഥാനത്തിനു പോർട്ടുഗീസുകാർ നൽകിയ സംഭാവനകളും അവികലമായിത്തന്നെ നിലകൊള്ളുന്നു. ഈ രംഗങ്ങളിൽ കേരളം ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ചു മുൻപന്തിയിൽ നിൽക്കുന്നുവെങ്കിൽ അതിനു കാരണം പോർട്ടുഗീസ് മിഷനറിമാരാണു്. അൽബുക്കർക്കിന്റെ നിർദ്ദേശപ്രകാരമാണു് 1511-ൽ കൊച്ചിയിൽ ഒരു വനിതാവിദ്യാലയംസ്ഥാപിച്ചതു്. സ്ത്രീ സ്വാതന്ത്ര്യം, വനിതാവിമോചനം തുടങ്ങിയ നവീനാശയങ്ങളും അന്നു് ആരുടെയും സ്വപ്നങ്ങളിൽ ഉണ്ടായിരുന്നില്ല. സാർവത്രിക വിദ്യാഭ്യാസം ജാതിവ്യവസ്ഥയുടെ അടിവേരറുത്തു. അവർ നൽകിയ വിദ്യാഭ്യാസമാകട്ടെ ആധുനിക വിജ്ഞാന ശാഖകളെയെല്ലാം ഉൾപ്പെടുത്തിയിട്ടുള്ളതായിരുന്നു. 1574 ജനുവരി 10-നു സെബാസ്റ്റ്യൻ രാജാവു് കേരളത്തിലെ കലാലയങ്ങൾക്കുള്ള പഠനവു് ഗ്രാൻറു് അയച്ചപ്പോൾ എഴുതി: "പഠനവിഷയങ്ങളിൽ ഗണിതശാസ്ത്രം, ഭൂഗോളശാസ്ത്രം, ലത്തീൻ ഭാഷ എന്നിവയും കൂട്ടിച്ചേർക്കണമെന്നു്." ഗാർഷ്യ ഓർട്ടായുടെ "ഇന്ത്യയിലെ ഔഷധച്ചെടികളെ"ക്കുറിച്ചുള്ള പഠനമാണു പിന്നീടു് "ഹോർത്തൂസു് മലബാറിക്കുസു്" (കേരളോദ്യാനം) എന്ന ഗ്രന്ഥത്തിന്റെ മാതൃകയായിത്തീർന്നതു്.

യൂറോപ്യൻ രാജ്യങ്ങൾക്കു ഇന്ത്യയിലേക്കുള്ള കവാടം തുറന്നു കൊടുത്തതു പോർട്ടുഗലാണു്. അതുപോലെ ഇന്നു് നിർണായകവും സുപ്രധാനവുമായ യൂറോപ്യൻ സാമ്പത്തിക സമൂഹത്തിലേക്കു ഇന്ത്യയുടെ കവാടമാകാൻ പോർട്ടുഗലിനു കഴിയും.

malankaralibrary.com

പതിനെട്ട്

അനശ്വര നേട്ടങ്ങൾ

ജലമാർഗം ഇന്ത്യയിൽ എത്തിയ പ്രഥമ നാവികർ എന്ന പ്രശസ്തി പോർട്ടുഗലിനാണ്. ഹെൻറി രാജകുമാരന്റെയും പിൻഗാമികളുടെയും നേതൃത്വം ഈ സാഹസയാത്രകൾക്ക് ഉത്തേജനം നല്കി. പോർട്ടുഗീസുകാർ കൊച്ചിയിൽ 163 കൊല്ലവും ഗോവയിൽ 450 വർഷവും ആധിപത്യം സ്ഥാപിച്ചു.

പോർട്ടുഗീസുകാരുടെ സാമ്രാജ്യ ദുർമോഹത്തെ പഴി പറയുന്ന രാഷ്ട്രതന്ത്രം ആധുനികയുഗത്തിലുണ്ടായിരിക്കാം. ഇന്ത്യയിൽ അവർ കാലുകുത്തിയ നിമിഷംമുതൽ ക്രിസ്തുമതം ഇവിടെ വളർന്നില്ലേ? കൊച്ചി, കൊല്ലം, ഗോവ, കൊറമണ്ഡൽ എന്നിവിടങ്ങളിൽ പോർട്ടുഗീസു മിഷനറിമാരുടെ ആഗമനത്തോടുകൂടിയാണ് ക്രൈസ്തവസഭയ്ക്ക് പുതുജീവൻ സിദ്ധിച്ചതു്.

തെറ്റുദ്ധാരണകൾ, പ്രചാരണങ്ങൾ

പോർട്ടുഗീസുകാരുടെ സേവനങ്ങളെപ്പറ്റി തെറ്റുദ്ധാരണകൾ ജനിപ്പിക്കുന്നതിനും ഉദ്ദേശശുദ്ധി ചോദ്യം ചെയ്യുന്നതിനും അവർ നിർവ്വഹിച്ച മഹൽകൃത്യങ്ങളെ അപലപിക്കുന്നതിനുമുള്ള ഉത്സാഹം ചിലമാത്തോമ്മാ ക്രിസ്ത്യാനികളിൽപ്പോലും പ്രകടം. ഉദാഹരണമായി എൻ. വി. ജോസഫ് പ്രസിദ്ധീകരിച്ച ലേഖനത്തിൽ നിന്ന്: സാമൂതിരിയുടെ ആക്രമണത്തിൽനിന്നു പലപ്പോഴും കൊച്ചിരാജ്യത്തെ രക്ഷിച്ചതു് പറങ്കികളാണ്. ഇവരുടെ രാഷ്ട്രീയശക്തികളൊന്നും നസ്രാണികളുടെ അഭിവൃദ്ധിക്കു് ഉതകിയില്ല. അതു് അവരുടെ അധഃപതനത്തിനു കാരണമായാണ് തീർന്നതെന്നുവേണം പറയുവാൻ. കച്ചവടത്തിനായി വന്ന പോർട്ടുഗീസുകാർ ഒരു ക്രൈസ്തവസമൂഹത്തെ

malankaralibrary.com

കേരളത്തിൽ കണ്ടു.ഈ ക്രിസ്ത്യാനികൾക്കു ആദ്ധ്യാത്മിക സേവനം നൽകുവാനും കേരളത്തിൽ ക്രിസ്തുമതം പ്രചരിപ്പിക്കുവാനുമായി മിഷനറിമാരും വന്നുചേർന്നു. കേരളത്തിലെ ക്രിസ്ത്യാനികൾ പശ്ചിമേഷ്യയിലെ സുറിയാനി റീത്തിൽപെട്ടവരായിരുന്നു. അവരുടെ വിശ്വാസാചാരങ്ങളിൽ നെസ്തോറിയൻ ഇടത്തൂട്ട കലർന്നിട്ടുണ്ടെന്നും അവർ നെസ്തോറിയൻ മതശാഖയിൽപെട്ടവരാണെന്നും ഈ മിഷനറിമാർ ധരിച്ചുവശായി. നസ്രാണികളെ ശുദ്ധീകരിക്കാൻ ഈ മിഷനറിമാർ വിചാരിച്ചുറച്ച ഒറ്റമൂലി ലത്തിനീകരണമാണു്.

മതപരിവർത്തന സാഹസികതകൾ

ഈ സംരംഭത്തെ നസ്രാണികൾ എതിർത്തു. കേരളത്തിലെ ഹീനജാതി ഹിന്ദുക്കളിൽനിന്നു ഒട്ടുവളരെപ്പേരെ പോർട്ടുഗീസുകാർ മതപരിവർത്തനം ചെയ്തു് ക്രിസ്ത്യാനികളാക്കി. ഈ പുതുക്രിസ്ത്യാനികളും പഴയ നസ്രാണികളും തമ്മിൽ ഒന്നായി കാണുവാൻ പോർട്ടുഗീസുകാർ ആഗ്രഹിച്ചു. വളരെ ആദരണീയമായി തോന്നുന്ന ഈ പദ്ധതി എത്ര അന്യായവും അക്രമവുമായിട്ടായിരിക്കണം അക്കാലത്തെ സുറിയാനിക്കാർ വീക്ഷിച്ചിരുന്നതെന്നു ഊഹിക്കാമല്ലോ. കേരളം അത്രമാത്രം ജാതിമയമായിരുന്നു. സുറിയാനിക്കാരും പറങ്കികളുമായി നടത്തുന്ന വടംവലി ഉദ്ദേശം ഒന്നര നൂറ്റാണ്ടുകാലം നീണ്ടുനിന്നു. പോർട്ടുഗീസുകാരുടെ സമ്പർക്കം കേരളത്തിനുണ്ടായെങ്കിലും, ക്രൈസ്തവ മതത്തിന്റെയോ, ക്രൈസ്തവമതാചാരധർമ്മങ്ങളുടെയോ, ക്രൈസ്തവ കുടുംബജീവിതത്തിന്റെയോ ആകർഷണീയബോധം കേരളത്തിലെ ഹിന്ദുജനതയിൽ വളർത്താൻ അവർക്കു സാധിച്ചില്ല [2].

സുറിയാനിക്കാരുടെ ഈ ആഭിജാത്യബോധം ആയിരത്തഞ്ഞൂറുകൊല്ലങ്ങളോളം മലങ്കരസഭയുടെ വളർച്ചയ്ക്കൊരു വിലങ്ങുതടിയായി നിലനിന്നിരുന്നുവെന്ന പരമാർത്ഥം ലേഖകന്റെ പ്രസ്താവനകളിൽ ഉടനീളം നിഴലിക്കുന്നു. ഫാ. ഹാംബി എസ്. ജെ: "ചരിത്രം എന്തു വിധിച്ചിരുന്നാലും പശ്ചിമാശയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന പോർട്ടുഗീസ് മുതലായ വിദേശമിഷനറിമാർ ജാതിയമായോ സാമുദായികമായോ യാതൊരു വിദ്വേഷവും ഇന്ത്യക്കാരോടു പ്രകടിപ്പിച്ചിരുന്നില്ല. ക്രൈസ്തവമതത്തിന്റെ സാഹോദര്യം, സമത്വം എന്നീ തത്വങ്ങളിൽ അടിയുറച്ച വിശ്വാസികളായിരുന്ന അവർ സംസ്കാരത്തെ മറുള്ളവർക്കുകൂടി വീതിക്കുന്നതിൽ ഉത്സുകരായിരുന്നു. ഇന്ത്യൻ ക്രിസ്ത്യാനികൾ അവരുടെ വിശ്വാസത്തിലും നടപടികളിലും സ്ഥിരപ്രതിഷ്ഠരായി. ചില പോർട്ടുഗീസ് ആചാരങ്ങൾ അവരുടെ ഇടയിൽ കടന്നുകൂടിയെങ്കിലും വിശ്വാസം ശുദ്ധമൂലമായി, തീക്ഷ്ണതയും ആ

2. സെൻറ് ഫ്രാൻസിസ് സേവ്യർ സ്മാരകം–ദീപിക വിശേഷാൽ പ്രതി 1952, ഡിസംബർ 3. പേജ് 122–124.

malankaralibrary.com

ത്മാർത്ഥതയും അനപത്യമായി. അങ്ങിങ്ങായി ചില ചോർച്ചകളും പാളിച്ചകളും സംഭവിച്ചിരിക്കാം. അങ്ങനെയുള്ള പോരായ്മകളും എവിടെയും മനുഷ്യസഹജമാണല്ലോ. ക്രൈസ്തവ നാഗരികതയുടെ മാനദണ്ഡം അഭികാമ്യമായി ഉയർന്നുവെന്നുള്ളതു് മറക്കാനാവാത്ത സത്യമാണു്[3]. എൻ. വി. ജോസഫിന്റെ അഭിപ്രായത്തിൽനിന്നു് എത്രയോ വിഭിന്നമായ ഒരാശയവും വീക്ഷണവുമാണു് ഫാ. ഹാംബിയുടേതു്.

പൈതൃകവ്യാഖ്യാനം ആധുനികം

കത്തോലിക്കസഭയുടെ ഉന്നമനത്തിനുവേണ്ടി പോർട്ടുഗീസുകാർ ഒന്നും ചെയ്തില്ല, പുരാതന ക്രിസ്ത്യാനികളെ നെസ്തോറിയൻ പാഷണ്ഡതയിൽ ഉഴപ്പെട്ടവരാണെന്ന മുദ്ര കുത്തി, അനേകം മാത്തോമ്മാ ക്രിസ്ത്യാനികളെ ലത്തീൻറീത്തിൽ ചേർത്തുകൊണ്ടു് സുറിയാനി പൈതൃകം കളഞ്ഞുകുളിച്ചു എന്നു പറഞ്ഞു് പോർട്ടുഗീസുകാരെ ചില ചരിത്രകാരന്മാർ പഴിക്കുന്നു. കൽദായ മെത്രാന്മാരുടെ സേവനങ്ങളെ ഉയർത്തിക്കാണിക്കുന്ന ചരിത്രകാരന്മാരോട് ഒരു ചോദ്യം:

പതിനാറാംനൂറ്റാണ്ടുവരെ കൽദായ മെത്രാന്മാരും അവരുടെ സിൽബന്ധികളും മാത്തോമ്മാ ക്രിസ്ത്യാനികളുടെ ആദ്ധ്യാത്മകോന്നമനത്തിനുവേണ്ടി എന്തു ചെയ്തു? പോർട്ടുഗീസുകാർ കേരളത്തിൽ വരുന്നതിനു മുൻപു് മാർത്തോമ്മാക്രിസ്ത്യാനികളും അനുഭവിച്ചിരുന്ന ആത്മീയ യാതനകളെക്കുറിച്ചു് എൻ. കെ. ജോസു് വിവരിക്കുന്നു[4]. കേരളസഭയുടെ അറിയപ്പെടുന്ന ചരിത്രകാലത്തു പേർഷ്യയിൽനിന്നു വന്നിരുന്ന കൽദായമെത്രാന്മാരാണു് സഭയെ നയിച്ചിരുന്നതു്. അന്നു് കേരളത്തിൽ ക്രൈസ്തവരുടെ മക്കൾക്കു് മാമോദീസ ലഭിക്കണമെങ്കിലും, ഒരു ശെമ്മാശനു പട്ടം ലഭിക്കണമെങ്കിലും, പുതിയ പള്ളി സ്ഥാപിക്കണമെങ്കിലും കൽദായ മെത്രാന്മാർ വേണമായിരുന്നു. അവർ ഇവിടെ വരുന്നതിനും തിരികെ പോകുന്നതിനുമുള്ള യാത്രച്ചിലവും, പട്ടത്തിനും അംശത്താര വെഞ്ചരിപ്പിനുമുള്ള കാഴ്ചദ്രവ്യവും പാത്രിയർക്കീസിനുള്ള വിഹിതവും നൽകി അവരെ തൃപ്തിപ്പെടുത്തിയാൽ മാത്രമേ നമ്മുടെ പൂർവ്വികർക്കു് ക്രൈസ്തവരുടെയിടയിൽ ജീവിക്കാൻ കഴിയുമായിരുന്നുള്ളൂ.

കുദാശ സ്വീകരിക്കാൻ പണം

കൊടുക്കാൻ പണമില്ലാത്തതുകൊണ്ടു് മാമോദീസാ ലഭിക്കാൻ അൻപതും അറുപതും വയസ്സുവരെ ജീവിച്ച ക്രൈസ്തവർ ഇവിടെ ഉണ്ടാ

---

3. സെൻറ് ഫ്രാൻസിസ് സേവ്യർ സ്മാരകം– ദീപിക വിശേഷാൽപ്രതി 1952 ഡിസംബർ 3. പേജ് 143–144.

4. എൻ. കെ. ജോസ്: സത്യദീപം 1983 ആഗസ്റ്റ് 31–ലെ ലേഖനം.

malankaralibrary.com

യിരുന്നു. ഇവരെ ഉദ്ദേശിച്ചാണു് കർബ്ബാനയുടെ ഇടയ്ക്കു് "കാഴ്ച വയ്പിനുമുമ്പു് മാമോദീസാ സ്വീകരിക്കാത്തവർ പുറത്തു പോകട്ടെ" എന്നു വൈദികർ വിളിച്ചുപറഞ്ഞുകൊണ്ടിരുന്നതു്. നാടുവാഴിയുടെ അനുവാദം കിട്ടി പള്ളി നിർമ്മിച്ചിട്ടും, അംഗത്താര വെഞ്ചരിക്കാൻ മെത്രാനില്ലാതെ, മെത്രാന്റെ വിഹിതം കൊടുക്കാൻ കഴിവില്ലാതെ, ദശാബ്ദങ്ങളല്ല ശതാബ്ദങ്ങളാണു തന്നെ കടന്നുപോയ സംഭവങ്ങളും കഴിഞ്ഞകാലചരിത്രത്തിലുണ്ടു്. ഒരു സഹസ്രാബ്ദം നീണ്ടുനിന്ന കേരളീയ കൽദായ സഭാ ബന്ധം പുഷ്ക്കലമായിരുന്ന കാലഘട്ടത്തിൽ, ഈ വിഷമങ്ങളെല്ലാം കണ്ടിട്ടും ഒരിക്കലെങ്കിലും ഒരു കേരളീയ വൈദികനു് മെത്രാൻപട്ടം കൊടുക്കാൻ തയ്യാറാകാതെ, മെത്രാൻ സ്ഥാനവും കൈവയ്പും അവർ പിടിച്ചുവച്ചിരുന്നു. ജനതയെ ഞെക്കിപ്പിഴിഞ്ഞു ജീവിച്ച പാരമ്പര്യമാണു് പോർഷ്യയിലെ കൽദായ പാത്രിയക്കീസുമാക്കുണ്ടായിരുന്നതു്. നൂറുകണക്കിനു് ക്രൈസ്തവരുമായി കഴിഞ്ഞുപോന്ന ആ പൗരസ്ത്യസഭാ കേന്ദ്രങ്ങളിലെ പാത്രിയക്കീസുമാർ അന്നു് ജീവിക്കുവാൻ കേരള ക്രൈസ്തവരെ ആശ്രയിച്ചിരുന്നുവത്രെ. മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ദയനീയ ചിത്രമാണു് എൻ. കെ. ജോസ് വരച്ചു കാണിച്ചതു്. ഈ ദുരവസ്ഥയിൽ നിന്നു് അവരെ മോചിപ്പിക്കുന്നതിനു പോർട്ടുഗീസു രാജാക്കന്മാർ 1500 മുതൽ 1653 വരെ ദേവാലയങ്ങളും സെമിനാരികളും നിർമ്മിച്ചു കൊടുത്തു. അതിനുവേണ്ടി ഒന്നര നൂറ്റാണ്ടോളം കോടിക്കണക്കിനു് പണം അവർ ചെലവഴിച്ചു.

വിദ്യാഭ്യാസം, നാഗരികനവോത്ഥാനം

മാർത്തോമ്മാക്രിസ്ത്യാനികളുടെ ആരാധനക്രമത്തെ ശുദ്ധീകരിച്ചതും, വൈദിക ബ്രഹ്മചര്യം നിലനിറുത്തിയതും ദേവാലയങ്ങളിൽ തിരുസാന്നിദ്ധ്യം പ്രതിഷ്ഠിച്ചതും, ദിവ്യപൂജയ്ക്കു ഉപയോഗിക്കുന്ന പുസ്തകത്തിൽ നിന്നു് (തക്സ) നെസ്റ്റോറിയൻ മെത്രാന്മാരുടെ പേരുകൾ വെട്ടിക്കളഞ്ഞതും, അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും നിറുത്തലാക്കിയതും പോർട്ടുഗീസുകാർ. കൊടുങ്ങല്ലൂരിലും കൊല്ലത്തുമുള്ള തീരപ്രദേശങ്ങളിലായി താമസിച്ചിരുന്ന മാർത്തോമ്മാക്രിസ്ത്യാനികളെ വിദ്യാസമ്പന്നരാക്കുന്നതിനും മതപരവും വിദ്യാഭ്യാസപരവുമായി അഭിവൃദ്ധി നേടുന്നതിനും പോർട്ടുഗീസുകാർ ലക്ഷക്കണക്കിനു് പണം ചെലവഴിച്ചു. കൊടുങ്ങല്ലൂരും മേന്ദമംഗലത്തും കൊച്ചിയിലും കോളജുകൾ സ്ഥാപിച്ചു് നസ്രാണിയുവാക്കളെ ലത്തീൻ രീതിയിൽ പഠിപ്പിച്ചു പുരോഹിതൻമാരാക്കിയതും, വിശുദ്ധ തോമാശ്ലീഹായുടെ കബറിടം കണ്ടുപിടിച്ചതും പോർട്ടുഗൽ രാജാവിന്റെ മഹിമസ്സായിരുന്നോ? മൈലാപ്പൂരിൽ ശില്പകലാസുന്ദരമായ ദേവാലയം പണിതു തീർത്ഥാടനകേന്ദ്രമാക്കിയതു് പോർട്ടുഗീസുകാരല്ലെ! [5].

5 K. L. Bernard: Flashes of Kerala History, Portuguese Contributions p. 109.

malankaralibrary.com

ആരാധനാലയനിർമ്മാണം

മിഷനറിമാരുടെ കൃത്യനിർവ്വഹണം വിജയസോപാനത്തിലെത്തിച്ചതു് ഡോ. അലക്സ് മെനേസിന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദയംപേരൂർ സൂനഹദോസാണു്. കേരളത്തിൽ ഫ്യൂഡൽവ്യവസ്ഥിതിക്കു ലഭിച്ച ആദ്യത്തെ ആഘാതം. അടിമവ്യാപാര അനാചാരങ്ങൾക്കു് എതിരായ ആദ്യത്തെ ചരിത്രരേഖയാണു് സൂനഹദോസ് പാസാക്കിയതു്. ഓരോ പള്ളിയും സന്ദർശിച്ച സമയത്തു് കാണാനിടയായ ചില ഗ്രന്ഥങ്ങളിൽ നെസ്തോറിയൻ തത്വങ്ങളും മന്ത്രവാദക്കുറിപ്പുകളും മറ്റും കണ്ടു. അങ്ങനെയുള്ള ഗ്രന്ഥങ്ങൾ സമ്മനസ്സാലെ ഉദയംപേരൂർ സൂനഹദോസിൽ കൊണ്ടുവന്നു കത്തിച്ചു. ഇതു് വാളിൻ മുനയിലോ ബലം പ്രയോഗിച്ചോ ചെയ്തതല്ല. പോർട്ടുഗീസു മിഷനറിമാർ സുറിയാനിഭാഷ പരിജ്ഞാനമില്ലാത്തവരായിരുന്നു. തൽഫലമായി പൗരസ്ത്യ റീത്തിൽപ്പെട്ടവരുടെ ആരാധനക്രമങ്ങൾ മനസ്സിലാക്കാതെ പോർട്ടുഗീസു മിഷനറിമാർ മാർത്തോമ്മാക്രിസ്ത്യാനികളെ തെറ്റിദ്ധരിക്കയാണുണ്ടായതെന്നു് ചില മാത്തോമ്മാ ചരിത്രകാരൻമാർ എഴുതിവിട്ടുന്നു.

പണ്ഡിതോചിതം, വിജ്ഞാനാധിഷ്ഠിതം

പോർട്ടുഗീസു മിഷനറിമാർ, ബുദ്ധിഹീനരായിരുന്നില്ല. ഉയർന്ന വിദ്യാഭ്യാസം സിദ്ധിച്ചവരും മഹാപണ്ഡിതൻമാരുമായിരുന്ന പലരും. 1542-ൽ ഇന്ത്യയിൽ വന്ന വി. ഫ്രാൻസിസ് സേവ്യർതന്നെ ഉദാഹരണമാണു്. ഈ വിശുദ്ധൻ ഉന്നത ബിരുദധാരിയും പണ്ഡിതശ്രേഷ്ഠനുമായിരുന്നു. വേദഗ്രന്ഥപഠനത്തിൽ അവഗാഹം നേടിയവരും മിഷനറിമാരിലുണ്ടായിരുന്നു. തമിഴ്, മലയാളം, സംസ്കൃതം ഭാഷകളും പഠിച്ചു. വ്യാകരണവും ശബ്ദകോശവും എഴുതിയുണ്ടാക്കിയതു പാശ്ചാത്യ മിഷനറിമാരായിരുന്നില്ലേ? ഡോ. അലക്സ് മെനേസിസ്, കൊടുങ്ങല്ലൂരിലെ മെത്രാൻ ഡോ. റോസ് എസ്. ജെ. എന്നിങ്ങനെ പ്രഗത്ഭരായ മിഷനറിമാരാണു് സുവിശേഷപ്രചരണത്തിനു വന്നതു്. ചേന്ദമംഗലത്തെ വൈപ്പിക്കോട്ട സെമിനാരി, ഫോർട്ടുകൊച്ചിയിലെ കോളജ്, കൊടുങ്ങല്ലൂരിലെ സെൻറ് ജയിംസ് കോളജ് എന്നീ സ്ഥാപനങ്ങളുടെ റെക്ടർമാർ പ്രശസ്ത പണ്ഡിതരും സമർത്ഥരുമായിരുന്നില്ലേ?

ഇതരസഭക്കാർ കയ്യേറിയേനെ

പോർട്ടുഗീസ് നാവികസേന കേരളത്തിൽ വന്നു യുദ്ധം ചെയ്തില്ലായിരുന്നുവെങ്കിൽ, അറബിക്കടലിന്റെ ആധിപത്യം അറബികളും തുർക്കി സുൽത്താൻമാരും കൈയടക്കിക്കൊണ്ടു് കുഞ്ഞാലിമരക്കാരുടെ പിൻബലത്തോടെ കേരളം മുസ്ലീം പ്രവിശ്യയാകുമായിരുന്നു. ഡച്ചു സൈന്യം പോർട്ടുഗീസുകാരെ പരാജയപ്പെടുത്തിയതുപോലെ അറ

malankaralibrary.com

ബീകളെ തുരത്തുവാൻ ഡച്ചുകാർക്കു സാധിക്കുമായിരുന്നില്ല. തോല്പിച്ചാൽതന്നെ പ്രൈസ്ബറേറിയൻ, ആഗ്ലിക്കൻ സഭകളും കേരളത്തിൽ ഉടനീളം വ്യാപിക്കുമായിരുന്നു. കൽദായക്കാരെല്ലാം പ്രോട്ടസ്റ്റാൻറു മതാനുയായികളുമായേനെ.

കേരളത്തിൽ അങ്ങോളമിങ്ങോളം സ്ഥാപിക്കപ്പെട്ടിരുന്ന കത്തോലിക്കാദേവാലയങ്ങളും, ആശ്രമങ്ങളും, കന്യകാമഠങ്ങളും, വിദ്യാമന്ദിരങ്ങളും മുതലായവ പാശ്ചാത്യ വിദ്യാഭ്യാസം കേരളക്രൈസ്തവർക്കു പകർന്നുകൊടുത്തുകൊണ്ടു് നവോത്ഥാനത്തിനു് പശ്ചാത്തലമൊരുക്കി. പണ്ഡിതനും വിശാലഹൃദയനുമായ ഫാ. സി. കെ. മറേറം: ആ ശതാബ്ദങ്ങളിൽ ഉത്തമ പ്രേഷിതരായ ക്രിസ്ത്യാനികളും പോർട്ടുഗീസുകാരും ഈശ്വരഭക്തന്മാരായ വൈദികരും ഇവിടെ വന്നു ക്രിസ്തുമതം സുദൃഢമാക്കുകയും അർത്ഥംകൊണ്ടും, വേദപ്രചാര തീക്ഷ്ണതകൊണ്ടും സഭയെ പരിപുഷ്ടമാക്കുകയും ചെയ്തിരുന്നില്ലെങ്കിൽ നമ്മുടെ സഭയുടെ ഇന്നത്തെ നില എന്തായിത്തീരുമായിരുന്നുവെന്നു് നാം സ്ഗാഢം ചിന്തിക്കേണ്ടതാണു്. ദിവംഗതരും പുണ്യശ്ലോകരുമായ പോർട്ടുഗീസു രാജാക്കന്മാരോടും നാം അനന്യസ്യൂതം കൃതജ്ഞതയുള്ളവരായിരിക്കണം. ഫ്രാൻസിസ്കൻ, ജസ്വിറേറ, അഗസ്റ്റീനിയൻ, ഡൊമിനിക്കൻ, കർമ്മലീത്തർ തുടങ്ങിയ പ്രസിദ്ധ സഭകളിലെ എത്രയെത്ര വീരപുരുഷന്മാർ നാടും വീടും ഉപേക്ഷിച്ചു നിരവധി ത്യാഗങ്ങളും സഹിച്ചു നമ്മുടെ ഉഷ്ണഭൂമിയിൽ താമസിച്ചു് നമ്മുടെ വിഷമപൂർണമായ ഭാഷ പഠിച്ചു് മിശിഹായുടെ ദ്രാക്ഷാവാടിയിൽ സേവനം ചെയ്തു് മരണമടഞ്ഞു! ചിത്രമെഴുത്തു് കെ. എം. വർഗീസിൻെറ പ്രസ്താവന: പറങ്കികളെ സംബന്ധിച്ചു് മറെറന്തെല്ലാം ദോഷങ്ങളുണ്ടായിരുന്നാലും അവർ മാർത്തോമ്മാനസ്രാണികളുടെ മതാചാരങ്ങളെ അക്രൈസ്തവമതത്തിൽനിന്നും ഇതര മതാചാരസങ്കരത്തിൽനിന്നും രക്ഷിക്കാൻ ശ്രമിച്ചുവെന്നതു് അഭിനന്ദനാർഹമാണു്[6].

പോർട്ടുഗീസുമിഷനറിമാരുടെ ആ മഹനീയോദ്യമങ്ങളുടെ മധുരഫലങ്ങളാണു് കേരളത്തിലെ കത്തോലിക്കസഭ അനുഭവിച്ചുകൊണ്ടിരിക്കുന്നതു്. കെ. എം. പണിക്കർ ഉദയംപേരൂർ സൂനഹദോസിനെ സംബന്ധിച്ചു് പ്രസ്താവിക്കുന്നതു് നോക്കുക: "അവരുടെ (പോർട്ടുഗീസുകാരുടെ) തീക്ഷ്ണതയേറിയ മിഷനറിപ്രവർത്തനങ്ങളുടെ ഫലമായാണു് ഏഷ്യാ ഭൂഖണ്ഡത്തിൽ ഫിലിപ്പൈൻ ദ്വീപുകളെ ഒഴിച്ചുനിറുത്തിയാൽ ഏറെറവും അധികം കത്തോലിക്കരുള്ള രാജ്യമായി ഇന്ത്യ വളർന്നതു്.[7]

ചരിത്രകാരനായ ജി. ടി. മെക്കൻസി: "നാന്നൂറു് കൊല്ലങ്ങൾ മുമ്പു് ഒരു രീത്തിൽ നിന്നു മറെറാരു രീത്തിലേക്കു് വിശ്വാസികളെ

6. കത്തോലിക്കാജീവിതം – വിശേഷാൽപ്രതി–ഏപ്രിൽ 1951 പേജു് 157.
7. K. M. Panickar: A Survey of Indian History, p. 226.

malankaralibrary.com

പരിവർത്തനം ചെയ്യുന്നതിനു് റോമ ഖണ്ഡിതമായ നിർദ്ദേശങ്ങളും നൽകിയിരുന്നില്ല. തൻനിമിത്തം അവർ ഇവിടെ വന്നതുമുതൽ മാർത്തോമ്മാ ക്രിസ്ത്യാനികളെ സുറിയാനിറീത്തിൽ നിന്നു് ലത്തീൻറീത്തിലേക്കു് ചേർക്കുന്നതിനു് യത്നിച്ചിരുന്നു [8].

ജാതിമതാതീത കാഴ്ചപ്പാടുകൾ

ചരിത്രം എന്തുതന്നെ വിധിച്ചാലും പദ്രുവാദ്വോയുടെ കീഴിൽ പ്രവർത്തിച്ചിരുന്ന പോർട്ടുഗീസു മിഷനറിമാർ ജാതിയൊ, സമുദായമൊ നോക്കി യാതൊരു വിദ്വേഷവും ഇന്ത്യക്കാരോടു് പ്രകടിപ്പിച്ചിരുന്നില്ല. ക്രൈസ്തവമതത്തിന്റെ സാഹോദര്യവും സമത്വവും അവർ തങ്ങളുടെ സംസർക്കാരത്തിലൂടെ പങ്കുവയ്ക്കുന്നതിനു് ഉത്സുകരായി. പോർട്ടുഗീസുകാരുടെ സേവനത്തെ വിശിഷ്യാ പരസ്നേഹ പ്രവൃത്തികളെ പരാമർശിച്ചുകൊണ്ടു് ഫാ. ഹാംബി: 'ഇവിടെ പോർട്ടുഗീസുകാരുടെ അധീനതയിലിരുന്ന എല്ലാ പട്ടണങ്ങളിലും കരുണാലയം "മിസെരി കോർദിയ" എന്ന ധർമ്മസ്ഥാപനങ്ങളുണ്ടായിരുന്നു. ജയിൽ പുള്ളികളെ സന്ദർശിച്ചു് ആശ്വസിപ്പിക്കുക, അവരുടെ ശവസംസ്കാരാദികളും നടത്തിക്കൊടുക്കുക, ദരിദ്രയുവതികളുടെ വിവാഹത്തിനു് ധനസഹായം ചെയ്യുക എന്നിങ്ങനെയുള്ള സാമൂഹ്യസേവനങ്ങളും പോർട്ടുഗീസുകാരുടെ ധർമ്മസ്ഥാപനങ്ങളും ഇവിടെ ചെയ്തുപോന്നു [9].

വിശ്വത്തെ കണ്ടെത്താൻ വിജ്ഞാനജാലകം

കത്തോലിക്കസഭയുടെ കൂവാടം ജാതിമതഭേദമെന്യെ എല്ലാവർക്കും പോർട്ടുഗീസു മിഷനറിമാർ തുറന്നുകൊടുത്തു. 1510-ന മുമ്പു് ഒരൊറ്റ ക്രിസ്ത്യാനിപോലുമില്ലാതിരുന്ന ഗോവയിൽ ക്രിസ്തുമതം അതുല്യ പ്രഭാവത്തോടെ പ്രകാശമാനമാക്കി. ബ്രഹ്മാണ്ഡങ്ങളും അംബരചുംബികളുമായ ദേവാലയങ്ങളും, വിവിധ സ്ഥാപനങ്ങളും, ആശ്രമങ്ങളും എന്നിവ ഉയർന്നുവന്നു. അവ ഗോവയിലെ ക്രൈസ്തവ പ്രഭാവത്തെ പ്രഘോഷിക്കുന്നതായി നിലകൊള്ളുന്നു.

എവറസ്റ്റു് കൊടുമുടി കയറാൻ പലരും ശ്രമിച്ചു പരാജയപ്പെട്ടു. ഒടുവിൽ ടെൻസിങ്ങും ഹിലാരിയും കൊടുമുടി കീഴടക്കി കൊടിനാട്ടിയപ്പോഴും ആ പാതയിൽകൂടി പലരും കയറി. ഒമ്പതുമാസം കൊടുങ്കാറ്റിനോടും കപ്പൽക്ഷോഭത്തോടും മല്ലിട്ടു് കുരുമുളകിനുവേണ്ടിയുള്ള സമുദ്രയാത്രയിൽ വിജയം കൈവരിച്ചു വെന്നിക്കൊടി നാട്ടിയ പോർട്ടുഗീസു് നാവികർ തെളിച്ച പാതയിൽകൂടിയല്ലേ ഡച്ചു്, ബ്രിട്ടീഷു്, ഫ്രഞ്ചു് നാവികർ കേരളത്തിലേക്കു കുതിച്ചതു്.

---

8. G. T. Mackenzie: Christianity in Travancore, p. 224.
9. Ferroli S. J: The Jesuits in Malabar Vol. I. p. 33.

malankaralibrary.com

രാജസംരക്ഷണാധികാരസംവിധാനം

തിന്മയിൽ മുഴുകി വിശ്രുതി നഷ്ടപ്പെട്ടിരുന്ന ഏതാനും പോർട്ടുഗീസുകാർ ഇന്ത്യാ രാജ്യത്തു് മതജീവിതം പരിപാലിക്കുന്നതിൽ ഒട്ടും അർഹരല്ലാതായ സാഹചര്യത്തിൽ അവർ അധികാരത്തിൽ നിന്നു് നിഷ്ക്കാസിതരായി. അക്രൈസ്തവരും രാജാക്കന്മാരും സഹിഷ്ണതയോടെ അവരെ സ്വീകരിച്ചു് അധികാര കടക്കീഴിൽ സംരക്ഷിക്കാൻ ഇടവന്നതു് ദൈവപരിപാലനകൊണ്ടാണു് [10].

യൂറോപ്പിലെ രാജ്യങ്ങളിൽ ചെറുതും കേരളത്തെക്കാളും വലിപ്പം കുറഞ്ഞതുമാണു പോർട്ടുഗൽ. ഇംഗ്ലണ്ടിലെയും ഫ്രാൻസിലെയും നാവികർ സമുദ്രസഞ്ചാരത്തിനു ഒരുമ്പെടുന്നതിനു മുമ്പുതന്നെ പോർട്ടുഗീസു് നാവികർ സാഹസികമായി സമുദ്രസഞ്ചാരം നടത്തി വിദൂര പൗരസ്ത്യ ദേശങ്ങളായ കൊളംബൊ, മലാക്കാ, ഇന്ത്യ എന്നിവിടങ്ങളിൽ ആധിപത്യം സ്ഥാപിച്ചു വിദേശവാണിജ്യം ആരംഭിച്ചു.

തുർക്കിപ്പടകളെ തകർത്തില്ലായിരുന്നെങ്കിൽ

ഈജിപ്റ്റു് മുഴുവനും തുർക്കി സുൽത്താന്റെ അധീനതയിലായ കാലം മുതൽ മഹത്തായ മുസ്ലീം സാമ്രാജ്യം കെട്ടിപ്പടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ഓസ്ട്രിയായും ഹങ്കറിയും കൈവശപ്പെടുത്താൻ സുൽത്താൻ സുലേമാൻ പാഷാ വ്യാമോഹിച്ചു. അതിനുവേണ്ടി പരിശ്രമിച്ചു. വിയന്നായുദ്ധത്തിൽ തുർക്കി സുൽത്താനുണ്ടായ കനത്ത പരാജയം മൂലം ക്രിസ്തുമതം യൂറോപ്പിൽ രക്ഷപ്പെട്ടു. 1571-ൽ മധ്യധരണ്യാഴിയിൽ നടന്ന ലെപ്പോന്റെ നാവികസമരത്തിൽ സ്പെയിനിന്റെ യുദ്ധക്കപ്പലുകളും തുർക്കിപ്പടയെ തകർത്തു. അതുപോലെ പ്രാധാന്യമർഹിക്കുന്ന നാവിക സമരങ്ങളും അറബിക്കടലിൽ പോർട്ടുഗീസുകാരുടെ നേതൃത്വത്തിൽ നടന്നു. തുർക്കി ഈജിപ്ഷ്യൻകപ്പലുകളെ തുരത്തി. അറബികളുടെ ക്രൂര ദംഷ്ട്രങ്ങളിൽനിന്നു ക്രിസ്ത്യാനികളെയും ഹിന്ദുക്കളെയും രക്ഷിച്ചു. ആയുധശക്തികൊണ്ടു പലവ്യഞ്ജന വ്യാപാരം കുത്തകയാക്കാൻ ശ്രമിച്ചു. കേരളത്തിലെ കയറ്റുമതി വ്യാപാരം പൂർവ്വാധികം വർദ്ധിപ്പിച്ചതു പോർട്ടുഗീസുകാർ തന്നെ.

കൊച്ചിയിൽ ഗംഭീരമായ കോട്ടയും വലിയ പീരങ്കികളും ഘടിപ്പിച്ചിട്ടുള്ള ഏഴു കൊത്തളങ്ങളും കോട്ടക്കുള്ളിൽ യൂറോപ്യൻ മാതൃകയിലുള്ള തെരുവീഥികളും ഇരുവശത്തും രണ്ടു നിലയുള്ള മാളികകെട്ടിടങ്ങളും, ദേവാലയങ്ങളും, കോളജുകളും, ആസ്പത്രികളും, കരുണാലയങ്ങളും സ്ഥാപിച്ചു കൊച്ചിയെ യൂറോപ്പിലെ ഏതു നഗരത്തോടും കിടപിടിക്കുന്നതാക്കിയതു പോർട്ടുഗീസുകാരാണല്ലോ.

---

10. പൗളീനോസ് പാതിരി: പൗരസ്ത്യ ഭാരതത്തിലെ ക്രിസ്തുമതം, അന്തമാനങ്ങൾ. പേജ് 209.

malankaralibrary.com

സാമ്രാജ്യസ്ഥാപനത്തിനുപുറമെ, വാണിജ്യ വികസനത്തിനും ക്രിസ്തുമതപ്രചരണത്തിനും അനുകൂലമായ സാഹചര്യങ്ങളാണ് 15 ഉം 16-ഉം നൂറ്റാണ്ടുകളിൽ ഇന്ത്യയിൽ നിലനിന്നിരുന്നത്. ഉത്തരേന്ത്യയിൽ ഹിന്ദു-മുസ്ലീം സമുദായങ്ങൾ വഴക്കടിച്ചിരുന്നു. മുഹമ്മദ് തുഗ്ലക്കിന്റെ പരീക്ഷണങ്ങളുടെ ഫലമായി ഡൽഹിസാമ്രാജ്യത്തിന്റെ പലഭാഗങ്ങളിലും രാഷ്ട്രീയസംഘട്ടനങ്ങളും സാമ്പത്തിക സ്തംഭനവും ആന്തരിക കലാപങ്ങളും അരങ്ങേറി. ദക്ഷിണേന്ത്യയിൽ വിജയനഗരരാജാവും സുൽത്താനും തമ്മിൽ കടുത്ത ശത്രുത. അവർ വിദേശിയ ആക്രമണങ്ങളിൽ ശ്രദ്ധിച്ചിരുന്നില്ല. പ്രബലമായ കേന്ദ്രശക്തി ഉണ്ടായിരുന്നെങ്കിലും ചെറുകിട രാജ്യങ്ങൾ പരസ്പരം കലഹിച്ചുകഴിഞ്ഞു. നാടുവാഴിത്തത്തിന്റെ പിടിയിൽ നാശോൻമുഖമായിരുന്ന ഹിന്ദുരാജാക്കന്മാർ. മതസഹിഷ്ണുതാനയം തുടർന്നുകൊണ്ടുപോന്നതിനാൽ പോർട്ടുഗീസുമിഷനറിമാർക്ക മതപരിവർത്തനം നടത്തുന്നതിനു പ്രതിബന്ധമൊന്നും സൃഷ്ടിച്ചില്ല.

പ്രബല രാജാക്കന്മാരെ ക്ഷയിപ്പിച്ച് ചെറുകിട രാജാക്കന്മാരുടെ ശക്തിയും പ്രതാപവും വളർത്തുക, അവർതമ്മിലുള്ള ഭിന്നിപ്പ് തുടരാൻ സഹായിക്കുക എന്നതു പോർട്ടുഗീസ് നയത്തിന്റെ അടിസ്ഥാന ലക്ഷ്യം. ഈ അനൈക്യവും രാഷ്ട്രീയ ന്യൂനതയും പിന്നീട് ഇംഗ്ലീഷുകാക്കു കേരളം ആക്രമിക്കാൻ വഴി തെളിച്ചു[11].

കേരളനാടുവാഴികളുടെ അനൈക്യം

കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക സാമ്പത്തിക മണ്ഡലങ്ങളിൽ വ്യക്തമായ ചില മുദ്രകൾ പതിക്കാൻ പോർട്ടുഗീസുകാക്കു സാധിച്ചു. കേരളത്തിന്റെ രാഷ്ട്രീയ അനൈക്യം പരിപൂർണമായി. സാമൂതിരിയുടെ നേതൃത്വത്തിൽ കേരളത്തെ രാഷ്ട്രീയമായി ഏകീകരിക്കുവാനുള്ള പരിശ്രമം പോർട്ടുഗീസുകാർ പരാജയപ്പെടുത്തി.

പുരാതനകാലം മുതൽക്കേ അറേബ്യയും ഈജിപ്റ്റുമായി പുലർത്തിയിരുന്ന വാണിജ്യബന്ധം പോർട്ടുഗീസ് കാലഘട്ടത്തിൽ അസ്തമിച്ചു. യൂറോപ്പുമായുള്ള പുതിയ വാണിജ്യം വളർന്നു. പാശ്ചാത്യ രാജ്യങ്ങളിലെ പരിഷ്കൃത മാതൃകകളും സുഖഭോഗസാധനങ്ങളും കേരളത്തിൽ പ്രചരിക്കാൻ തുടങ്ങി. പറങ്കി (പോർട്ടുഗീസു) ചേർന്ന പദങ്ങൾ ഉദ്ധരിച്ചുകൊള്ളട്ടെ: പറങ്കിച്ചക്ക, പറങ്കിമാങ്ങ, പറങ്കിയണ്ടി, പറങ്കി സാമ്പ്രാണി, പറങ്കിപ്പ തുടങ്ങിയ പലതും പോർട്ടുഗീസുകാരുടെ സംഭാവനകളാണ്. ''കബരാശം എന്ന അമരാശം കൊണ്ടു വന്നതാണ് പേര'' എന്നു അപ്പൻ തമ്പുരാൻ മംഗളമാലയിൽ പറയുന്നു.

---

11. ശ്രീധരമേനോൻ: ഇന്ത്യാചരിത്രം വാല്യം II പേജ് 203.

malankaralibrary.com

യൂറോപ്യൻ യുദ്ധമുറകളും സമരായുധങ്ങളും പോർട്ടുഗീസുകാരിൽ നിന്നാണു് തദ്ദേശിയ രാജാക്കന്മാർക്കു ലഭിച്ചതു്. പീരങ്കിപ്പടയ്ക്കു പ്രത്യേക പ്രാധാന്യം ലഭിച്ചു. പാശ്ചാത്യ പണ്ഡിതന്മാർ ഭാരതീയ വിഷയങ്ങളെ ആസ്പദമാക്കി പഠനങ്ങളും ഗവേഷണങ്ങളും ആരംഭിക്കുന്നതും പോർട്ടുഗീസുകാരുടെ കാലത്താണു്. ഡ്വാർത്തെ, ബാർബോസ, ഗാസ്പർ കൊറയ തുടങ്ങിയവർ കേരളത്തെക്കുറിച്ചു് രചിച്ച ഗ്രന്ഥങ്ങൾ എക്കാലവും നിലനിൽക്കുന്ന രാജ്യവിവരണങ്ങളാണു്.

പൗരസ്ത്യദേശത്തു് ഒരു സാമ്രാജ്യം സ്ഥാപിക്കാൻ വെമ്പിയ പോർട്ടുഗീസുകാർ ഭാരതത്തിനു യൂറോപ്പിലേക്കുള്ള വിപണി തുറന്നിട്ടു. ഇതിനു വിഘാതമായി നിന്ന അറബികളോടു മൂർവർഗക്കാരോടുള്ള മൻവിരോധപശ്ചാത്തലത്തിൽ ഏറുമുട്ടി. ഡച്ചുകാരും പിന്നീടു് ബ്രിട്ടീഷുകാരും ഭാരതത്തിൽ വേരുറപ്പിച്ചപ്പോഴും പോർട്ടുഗീസുകാരെ യുഗങ്ങളായി പഴിപറഞ്ഞുപോന്നു. അവരുടെ രേഖകളും ഗ്രന്ഥങ്ങളുമാണു് പിൽക്കാലത്തു് പോർട്ടുഗീസിന്ത്യ ചരിത്രകാരന്മാർ ഉപയോഗിച്ചുപോന്നതു്. പ്രൊട്ടസ്റ്റാൻറുകാരായ അവരുടെ പകയും പ്രചാരണവും സമീപകാലംവരെ പൊതുധാരയിൽ സ്ഥാനംപിടിച്ചിരുന്നു. സ്ഥാപിതതാല്പര്യംവച്ചുള്ള അത്തരം ഗ്രന്ഥങ്ങളെ ആസ്പദമാക്കി കേരളത്തിൽ സ്റ്റോറ്മാന്വലുകളും സഭാചരിത്രങ്ങളും ചമച്ചവരുണ്ടു്. മുസ്ലീം സമുദായത്തെ ഏതാണ്ടിതേ രീതിയിൽ കരിതേച്ചിരുന്ന മലബാർചരിത്രങ്ങളെ പ്രബുദ്ധമായ ആധുനികമുസ്ലീംസമുദായം തങ്ങൾ അധികാരത്തിൽ വന്നപ്പോഴും തിരുത്തിയതും പൊളിച്ചെഴുതിയതും ഓർക്കുമല്ലോ. അത്രയുള്ള ജനസംഖ്യയും അധികാരപീഠിയുമില്ലാത്തതുകൊണ്ടല്ലേ ലത്തീൻക്രൈസ്തവരുടെ നേരെ തെറ്റായ പ്രചരണം തുടരുന്നതു്?

പോർട്ടുഗീസ് യുഗത്തിലെ ഔദ്യോഗികവും അനൗദ്യോഗികവുമായ എഴുത്തുകൾ രേഖകളാണു പോർട്ടുഗീസ് ഭാഷയിലുള്ളതു്. അന്തർദേശീയതലത്തിൽ അത്തരം പഠനങ്ങൾ നടക്കുമ്പോഴും കേരളത്തിൽ തിരിഞ്ഞുനിന്നു പഴയ ചരിത്ര പല്ലവി ആവർത്തിച്ചുകൊണ്ടിരിക്കുന്നതു് അപഹാസ്യമാണു്. പ്രൊട്ടസ്റ്റൻറുകാരും നേരത്തെ മുസ്ലീംകളും സ്വീകരിച്ചിരുന്ന ആക്രമണശൈലി ചില മാർത്തോമ്മ ക്രിസ്ത്യാനി കേന്ദ്രങ്ങളിൽനിന്നുണ്ടാകുന്നതു് ഖേദകരമല്ലേ. കേരളത്തിൽ സഭക്കു അസ്ഥിവാരം ഉറപ്പിക്കുകയും തളിരിട്ട നാമ്പുകളെ വളർത്തിയെടുക്കയും യൂറോപ്യൻ സംസ്ക്കാര വ്യാപനത്തിലൂടെ ആധുനികവൽക്കരിക്കയും ചെയ്ത പോർട്ടുഗീസ് സേവനങ്ങൾ ശാശ്വത ധാവല്യം പരത്തിയവയാണു്. ഭാരതത്തിലെ തീരദേശ സംസ്ഥാന പാഠങ്ങളിൽ പോർട്ടുഗീസ് ഭരണനടപടികൾ ഇന്നും മികച്ചു നിൽക്കുന്നു. ജാതിക്കോട്ടകൾ തകർക്കുകയും മനുഷ്യസമത്വം ഉയർത്തിപ്പിടിക്കയും ചെയ്തതു് അനശ്വരത നേടിയ കാൽവയ്പുകളാണു്. സത്യാത്മകതയില്ലാത്ത ചരിത്രപരീക്ഷണങ്ങളാണു് ഭാരതത്തിൽ പ്രത്യേകിച്ചു് കേരള

malankaralibrary.com

ത്തിൽ പോർട്ടുഗീസുകാരെക്കുറിച്ചുള്ളത്. പോർട്ടുഗീസുഭാഷ പഠിച്ചു യഥാർത്ഥ വിവരങ്ങൾ അടിസ്ഥാനമാക്കി ഗ്രന്ഥമെഴുതുന്നവർ വളരെ കുറവ്. പ്രൊട്ടസ്റ്റന്റു ചരിത്രകാരന്മാരുടെയും അവരുടെ മിഷനറിമാധ്യമങ്ങളുടെയും അതിപ്രസരമാണു കൂടുതലും.

പത്തുലക്ഷം അംഗങ്ങളും പവിത്രമായ പാരമ്പര്യവുമുള്ള കേരള ലത്തീൻ ക്രൈസ്തവർ ഒറക്കെട്ടായി ഈ പ്രചരണകോലാഹലങ്ങൾ തിരുത്തുവാൻ തയ്യാറാകേണ്ടിയിരിക്കുന്നു. സഭൈക്യവും മാനവൈക്യവും സമുദായസൗഹാർദ്ദവും വേരുറച്ചു കാണാനാഗ്രഹിക്കുന്ന ഏവരുടെയും ചിന്ത ഈ വീക്ഷണത്തിലൂടെ ചരിക്കട്ടെ. വാസ്കോഡിഗാമ കേരളത്തിൽ വന്നിട്ട് അരസഹസ്രാബ്ദം തികയുന്ന ഈ ദശകത്തിലെങ്കിലും ഇത്തരം ഒരു പുനരാഖ്യാനവും പുനർവിചിന്തനവും നടക്കുമെന്നു പ്രതീക്ഷിക്കാം. ടിപ്പുസുൽത്താന്റെയും ഹൈദരാലിയുടെയും മറ്റും ചില യുഗപുരുഷീകരണങ്ങളോടനുബന്ധിച്ചാണല്ലൊ മലബാർ മുസ്ലീംങ്ങളുടെ ചരിത്രത്തിൽ സത്യാത്മകതവാദം ഉയിർക്കൊണ്ടതു്. ആ രീതിയിലുള്ള സത്യാന്വേഷണപരീക്ഷണങ്ങൾ ലത്തീൻ ക്രൈസ്തവ ചരിത്രത്തിലും ഉണ്ടായാലേ യഥാർത്ഥ പൈതൃകത്തിന്റെ അനശ്വര നേട്ടങ്ങൾ സ്ഥിരപ്രതിഷ്ഠ നേടുകയുള്ളൂ.

malankaralibrary.com

Bibliography

Achilles Meersman O. F. M: "Ancient Sunda Mission of India" 1971.

Achutha Menon C.: "Cochin State Manuel" Cochin, 1919.

Ambrose a S: Theresa O. C. D. "Hierachia Carmelitana", "A Chronicle of Carmelite Order", Rome, 1939.

Arnulf F. Camps O. F. M.: "Franciscan Mission to the Mogul Court" 1957.

Assemanus J. S.: "Bibliotheca Orientali Clementino Vaticano" 4 Vols Rome, 1719-28.

Augur C. M.: "The Church History".

Baily W. Diffie and George D. Winino: "Foundation of Portuguese Empire" (1411-1558).

Barbosa Duarte: "The Book of Barbosa" 1918.

Brown L. W.: "Indian Church of St. Thomas Christians" Cambridge, 1956.

Carmelite Missionaries of Verapoly: "Album Grafico Descriptivum Missio de Verapoly".

Chandran L. K.: Maharashtra State Gazetteer, Greater Bombay.

Correa Afonso John S. J.: "Jesuit Letters and Indian History" Bombay, 1919.

Correa Gasper: "Lenda de India" 4 Vols, Lisbon, 1924.

Cosmas Indicoplestes "The Christian Topography of Cosmas" edited by J. W. Macrinde, 1897.

Danvers Frederick Charles: "The Portuguese in India" 2 Vols New Delhi, 1981.

Fetroli S. J.: "The Jesuits in Malabar" 2 Vols, Bangalore, 1950.

Francis Day: "The Land of Perumals" 1862.

Francis De Souza: "Oriente Conquistado a Jesu Christo" 2 parts Bombay, 1880.

Gabriel de Souza: "History of Goa" 1862.

Gervasis J. Mulakkara: History of the "Diocese of Cochin - Missionaries of Cochin" Rome, 1986.

Goveo-Antonio de. D. E. S. A: "Jornada de Archbispo de Goa", 1606.

Hambye E. R. S. J.: "Christianity in India".

malankaralibrary.com

Hosten H. S. J.: Christianisque in hac India Oriente Versantur, Rome, 1978.

Howard G. B.: "Christians of St. Thomas and Liturgies" London, 1864.

Hutting J. W.: "St. Thomas Christians in Malabar" (1480-1504).

John K. J. "Christian Heritage of Kerala", Cochin, 1981.

John Stuvart: "Nestorian Missionary Enterprises".

Jonas Thaliath C. M. I.: "The Synod of Diamper", 1958.

Jose Kuriadeth C. M. I.: "Authority in Catholic Community in Kerala", Bangalore, 1989.

Joseph Thekkedeth S. D. B: "Christianity in India" Vol. II. Bangalore 1988.

Joseph T. K: "Malabar Christians and the Ancient Documents" Trivandrum, 1929.

Joseph Wicki S. J: "Documenta Indica", 16 Vols, Rome, 1949.

K. K. Krishna Swami: Tamil Country, Vijayanagar.

Leon Blasse: 'La Mission du Madurai".

Libellus Supplex 1908.

Mathew de Olivere Xavier, Bishop of Cochin, "Some Elucidations" 1903.

Mackenzie G. T: "Christianity in Travancore", Trivandrum, 1901.

Medlycott A. E: "India and Apostle St. Thomas", London, 1905.

Menon C. Achuthan: "The Cochin State Manuel",Ernakulam, 1911.

Menon A. Sreedharan: "A Survey of Kerala History", Kottayam, 1969

Menon K. N: "Portuguese Pockets in India", 1953.

Mingana: "Early Spread of Christianity in Ancient India and Far East" 1925.

Mingana Alphonse: "Early Spread of Christianity in India", Manchester, 1926.

Moraes George Mark: "History of Christianity in India, Early Times to St. Francis Xavier", A. D. 52-1552.

M. Mundadan C M. I: "Arrival of Portuguese in India",Bangalore, 1967.

M. Mundadan C. M. I: "History of Christianity in India", Vol. I Bangalore, 1961.

Panickar K. M: "Malabar and Portuguese", Bombay, 1979.

Panickar K. M: "A Survey of Indian History".

Panjikaren: "The Syrian Church of Malabar", Trichur, 1914.

Paschal V. A: Latins&Syrian Hierarchy of Malabar, 1937.

Paul de Trinidade O. F. M. "Conquista Espiritual de Oriente" 3 Vols, Lisbon, 1962.

malankaralibrary.com

Paulinus a S. Barthelemeo O. C. D: "India Orientalis Christiana" 1704.

Paulinus a S. Barthelemeo O. C. D: "A Voyage to East".

P. J. Thomas: "Traditions of St. Thomas Christians", 1953.

Placid Podipara C. M. I: "Syrian Church of Malabar".

Pylee L. M: "St. Thomas Christians and Archdiocese of Verapoly" Cochin, 1977.

Raulinson H. G. A: "Concise History of Indian People", Madras, 1965.

Schurhammer George S. J: "St. Francis, His Life, His Times". Vol. 2, Rome, 1971.

Schurhammer George S. J: Malabar Christian Church and Rome during Early Portuguese Period and Before, Trichinoply.

Silva Rego: "Documentecao para Historia das Misseos de Padroado Portuguese", Lisbon, 1958.

Whiteway R. S: "The Rise of Portuguese Power in India", New Delhi, 1989.

Wickie Joseph S. J: Documenta Indica, 13 Vols, Rome, 1975.

Zaleski L. M: "The Saints in India", Mangalore, 1910.

Zaleski L. M: "The Apostle St. Thomas in India", Mangalore, 1912.

ഫാ. ബർനാർഡ് ടി. ഒ. സി. ഡി: മാർത്തോമ്മാക്രിസ്ത്യാനികൾ.

എൻ. ജെ. ജോസഫ്: ദീപാർച്ചന.

ഫാ. ജോൺ പള്ളത്ത് ഒ. സി. ഡി: പൗരസ്ത്യഭാരതത്തിലെ ക്രിസ്തുമതം.

കെ. പി. പത്മനാഭമേനോൻ: കൊച്ചിരാജ്യ ചരിത്രം 1958.

കെ. എൽ. ബർനാർഡ്: പോർട്ടുഗീസുകാർ കേരളത്തിൽ.

ശ്രീധരമേനോൻ: ഇന്ത്യാചരിത്രം വാല്യം 2.

പി. എസ്. വേലായുധൻ: കേരളചരിത്രം.

ഫ്രാൻസിസ് തെങ്കശ്ശേരി: ചരിത്രസുരഭികൾ.

ബ്രദർ ലിയൊപ്പോൾഡ് ടി. ഒ. സി. ഡി: കേരളത്തിലെ ലത്തീൻക്രിസ്ത്യാനികൾ, തുഞ്ചത്ത് 1936.

ഫാ. സി. കെ. മാറേം: കരയുന്ന മതിൽ.

ഫാ. തോമസ് മുളവരിക്കൽ: മാർത്തോമ്മാശ്ലീഹായും കേരള ക്രൈസ്തവരും.

ഡോ. പി. ജെ. തോമസ്: മലയാളസാഹിത്യവും ക്രിസ്ത്യാനികളും.

ഡോ. സേവ്യർ കുടപ്പുഴ: ഭാരതസഭാചരിത്രം.

ജി. പേടിയത്ത്: കേരളത്തിലെ ക്രൈസ്തവസഭകൾ 1989.

ഫാ. ജോൺ ഫ്രാൻസിസ് ഒ. സി. ഡി: മിഷനറിമാരുടെ സാഹിത്യസേവനങ്ങൾ 1985.

സെൻറ് സേവ്യർ സ്മാരകം: ദീപിക വിശേഷാൽപ്രതി 1952.


സെൻറ് തോമസ് ചരമ ശതാബ്ദി സ്മാരകം 1952.

കത്തോലിക്കാജീവിതം 1952.

വരാപ്പുഴ അതിരൂപത ശതാബ്ദി സ്മരണിക 1988.

000

malankaralibrary.com



★ 1498-ലെ വാസ്ക്കോഡിഗാമയുടെ നാവിക യാത്ര

ഭാരത മാനസാന്തര ജൈത്രയാത്ര അഞ്ഞൂറാം വർഷ ദശകം





malankaralibrary.com



MALANKARA
LIBRARY

malankaralibrary.com